www.malankaralibrary.com

ജി. ചേടിയത്ത് - കെ.വി. ജോസഫ്

# സിനോഡിക്കോൺ ഓറിയെന്താളെ

കോട്ടയം
1996

51

www.malankaralibrary.com

# സിനോഡിക്കോൻ ഓറിയെന്താലെ

(പൗരസ്ത്യസുറിയാനിസഭയുടെ
കാനോനിക സമാഹാരം)

മലയാള വിവർത്തനം

റവ. പ്രൊഫ. ഡോ. ജി. ചേടിയത്ത് –
പ്രൊഫ. കെ. വി. ജോസഫ്

No. 179

കോട്ടയം

1996

www.malankaralibrary.com

Charivuparamp'l Sijo James
Manneera, Thannithode.

# അവതാരിക

പൗരസ്ത്യ സുറിയാനി സഭയുടെ കാനോനിക സമാഹാരമാണ് ''സിനോഡിക്കോൺ ഓറിയെന്താളെ'' എന്നപേരിൽ അറിയപ്പെടുന്ന ഗ്രന്ഥം. ക്രി. വ. 410 മുതൽ 790 വരെയുള്ള കാനോനികരേഖകളാണ് ഇതിന്റെ ഉള്ളടക്കം. സഭാകാനോൻനിയമസംബന്ധമായ പഠനങ്ങളിൽ വളരെ പ്രധാനപ്പെട്ട ഒരു സമാഹാരമായ ഇതിന്റെ ക്രോഡീകരണത്തിൽ, പുരാതന പേർഷ്യൻ സാമ്രാജ്യത്തിൽ വളർന്നു വികസിച്ച പൗരസ്ത്യ സുറിയാനിസഭയ്ക്കു് പ്രത്യേക പങ്കുണ്ട്. സെലൂഷ്യൻസഭ, പേർഷ്യൻസഭ എന്നീ പേരുകളിൽ പ്രസ്തുത സഭ അറിയപ്പെടുന്നുവെങ്കിലും ''അസ്സീറിയൻ-കൽദായസഭ'' എന്നു വിളിക്കപ്പെടാനാണ് ഈ സഭാംഗങ്ങൾ ഇപ്പോൾ ആഗ്രഹിക്കുന്നത്. മറ്റുള്ളവർ ഇവരിൽ നെസ്തോറിയൻ പാഷണ്ഡത ആരോപിച്ച് ''നെസ്തോറിയൻ സഭ'' എന്നു വിളിക്കാറുണ്ട്. എന്നാൽ ആ പേരിൽ അറിയപ്പെടാൻ ഇവർ ആഗ്രഹിക്കുന്നില്ല. ഈ സഭയുടെ ക്രിസ്തുശാസ്ത്രം അംഗീകരിക്കുകവഴി പരിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ ഇവരുമായുള്ള കത്തോലിക്കാ സഭയുടെ ബന്ധം പുതുക്കുകയുണ്ടായി. അസ്സീറിയൻ-കൽദായ സഭകളുടെ കാനോനിക സമാഹാരവും, ആരാധനക്രമങ്ങളും, ക്രിസ്തുശാസ്ത്രകൃതികളും പഠിച്ചശേഷമാണ് പരിശുദ്ധ പിതാവ് അപ്രകാരം ചെയ്തത്.

പൗരസ്ത്യസഭകൾ തമ്മിലുള്ള ബന്ധം മെച്ചപ്പെടുകയും, ഇതരസഭകളുമായുള്ള സഹകരണം വ്യാപിക്കുകയും ചെയ്തിരിക്കുന്ന ആധുനിക സാഹചര്യത്തിൽ വിവിധ സഭകളുടെ കാനോൻ നിയമങ്ങളെപ്പറ്റിയും, ആരാധനക്രമങ്ങളെപ്പറ്റിയും ആഴത്തിലുള്ള പഠനങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു. സഭാവിജ്ഞാനീയ ഗ്രന്ഥങ്ങൾക്ക് സുപ്രധാനമായ ഒരു പങ്കാണ് വഹിക്കാനുള്ളത്. പരസ്പരം മനസ്സിലാക്കുന്നതിനും, അതുവഴി അന്യോന്യം അംഗീകരിക്കുന്നതിനുമുള്ള പരിശ്രമങ്ങൾ ശക്തിപ്പെടുമ്പോൾ, കേവലം പദപ്രയോഗങ്ങളെച്ചൊല്ലിയുള്ള ഭിന്ന

www.malankaralibrary.com

തകരം മൂലം ഉണ്ടായ മുറിവുകരം സഭാഗാത്രത്തിൽ നിന്ന് താനേ അപ്രത്യക്ഷമാകം. അതിനു വഴിതെളിക്കുന്നവ ആയിരിക്കണം നമ്മുടെ വിജ്ഞാന സ്രോതസ്സുകരം.

സഭാപരവും, ദൈവശാസ്ത്രപരവുമായ ഗ്രന്ഥങ്ങളുടെ രചനയിലൂടെയും, വിവർത്തനത്തിലൂടെയും ഏവർക്കും സുപരിചിതനായ ബഹു. ഗീവർഗീസ് ചേടിയത്തച്ചന്റെ ഈ പുതിയ ഗ്രന്ഥം ബഹുജനസമക്ഷം സന്തോഷപൂർവ്വം അവതരിപ്പിക്കുന്നു. അച്ചന്റെ പ്രയത്നങ്ങളെ ആത്മാർത്ഥമായി അഭിനന്ദിക്കുകയും, വിജയാശംസകരം നേരുകയും പുസ്തകരചനയിലൂടെയുള്ള സഭാസേവനത്തിന് പ്രത്യേകം നന്ദിപറയുകയും ചെയ്യുന്നു. ബഹു. അച്ചനോട് സഹകരിച്ച പ്രൊഫ. കെ. വി. ജോസഫ് സാറിനെയും അഭിനന്ദിക്കുന്നു. 'സിനോഡിക്കോൺ ഓറിയെന്താളെ'' യുടെ മലയാള വിവർത്തനം വിജ്ഞാനകുതുകികരംക്ക്, പ്രത്യേകിച്ച് വേദശാസ്ത്ര വിദ്യാർത്ഥികരംക്ക്, സഭാവിജ്ഞാനീയത്തിൽ മുന്നേറുന്നതിന് സഹായകരമാകട്ടെ എന്ന് ആശംസിക്കുന്നു.

എന്ന്

**സിറിൽ മാർ ബസേലിയോസ്**
തിരുവനന്തപുരം മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്
മലങ്കര കത്തോലിക്കാ മെത്രാപ്പോലീത്താ

പട്ടം,
ഏപ്രിൽ 7, 1996.

# ആമുഖം

ഇക്കഴിഞ്ഞ കാലയളവിൽ പല സിനഡൽ രേഖകരം മലയാള ഭാഷയിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്. 1980_ൽ നിഖ്യാവിശ്വാസപ്രമാണവും കാനോനകളും പ്രസിദ്ധീകരിച്ചു.[1] 1987 ൽ അതു വീണ്ടും അച്ചടിച്ചു.[2] അതോടൊപ്പം രണ്ടാം സാർവത്രിക സൂനഹദോസുമായി ബന്ധപ്പെട്ട രേഖകളും പ്രസിദ്ധീകരിച്ചു.[3] അൻസീറാ (314), നെയോചെസാറിയാ (315), ഗാംഗ്ര (325/331) എന്നിവിടങ്ങളിൽ വച്ചു നടന്ന സിനഡുകളുടെ കാനോനകളും ഇന്നു മലയാളത്തിൽ ലഭ്യമാണ്.[4] 341 ലെ അന്ത്യോക്യൻ സിനഡിന്റെ രേഖകളും മലയാളത്തിലായിട്ടുണ്ട്.[5] സാർദിക്കാ (342/3) ലവദീക്യ (343/81) എന്നീ സിനഡുകളുടെ ഡിക്രികരം പ്രസിദ്ധീകൃതമായവയിൽപ്പെടുന്നു.[6] അപ്പസ്തോലിക കാനോനകരം 85 എണ്ണവും അതേ ഗ്രന്ഥത്തിൽ തന്നെ കാണാം.[7] പാശ്ചാത്യ പൗരസ്ത്യ സുറിയാനി സഭകളിലെ പ്രാചീന സന്യാസ നിയമങ്ങരം രണ്ടു പ്രാവശ്യം മലയാളത്തിൽ അച്ചടിച്ചിട്ടുണ്ട്.[8] മാർ മാറൂഥായുടെ പേരിൽ അറിയപ്പെടുന്ന കാനോനിക സമാഹാരം 1989 ൽ മലയാളത്തിൽ പ്രസിദ്ധീകരിച്ചു.[9]

മെസൊപ്പോട്ടേമിയായിലെ പൗരസ്ത്യ സുറിയാനി സഭയുടെ കാനോനിക സമാഹാരം നമ്മുടെ നാട്ടിൽ വളരെ

1. ജി. ചേടിയത്ത്, സഭാപിതാക്കന്മാർ, കോട്ടയം, 1980, പേ. 198ff
2. ജി. ചേടിയത്ത്, സഭാപിതാക്കന്മാർ, 1 കോട്ടയം, 1987, പേ. 50ff
3. Ibid. 106ff.
4. ജി ചേടിയത്ത്, ആദിമ സഭാപിതാക്കന്മാർ, കോട്ടയം, 1983, പേ. 361ff.
5. ജി. ചേടിയത്ത്, അന്ത്യോക്യൻസഭ, കോട്ടയം, 1986, പേ. 238ff
6. ജി. ചേടിയത്ത്, സഭാപിതാക്കന്മാർ 1. പേ. 86ff.
7. Ibid. 178ff.
8. Ibid. 122ff; OIRSI 43. പേ. 233ff.
9. ജി. ചേടിയത്ത്, മാർ മാറൂഥായുടെ കാനോനാകരം, കോട്ടയം, 1989

www.malankaralibrary.com

നേരത്തെ എത്തിയെങ്കിലും[10] 1988 ലാണ് ആദ്യമായി മലയാളത്തിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങിയത്. സുറിയാനി പതിപ്പ് ഫ്രഞ്ചു വിവർത്തനത്തോടുകൂടി 1902–ലും[11] ജർമ്മൻ പതിപ്പ് അതിനുശേഷവും പ്രസിദ്ധീകൃതമായി.[12] പ്രസ്തുത രേഖ പൂർണ്ണമായി ഇപ്പോൾ പ്രസിദ്ധീകരിക്കയാണ്. 1988–ലെ വിവർത്തനത്തിൽ വന്ന കുറവുകൾ ഇതിൽ പരിഹരിച്ചിട്ടുണ്ട്.

കേരളത്തിലെ മാർത്തോമാ നസ്രാണികളുടെ സഭ പുരാതന കാലം മുതൽ മെസൊപ്പൊട്ടേമിയൻ പാരമ്പര്യങ്ങളുമായി ബന്ധം പുലർത്തിയിരുന്നെങ്കിലും അവരുടെ കാനോനിക സമാഹാരം ഒന്നും കാര്യമായി ഈ സഭയെ സ്വാധീനിച്ചിട്ടില്ല എന്നു തോന്നുന്നു. ഈ സഭ ആർച്ചുഡീക്കന്റെ കീഴിൽ ഭാരതീയ രീതികൾ അനുവർത്തിച്ചു മുന്നോട്ടുപോയി. മേൽ പറഞ്ഞ കാനോനിക സമാഹാരങ്ങളിൽ ഭാരത സഭയെപ്പററി പരാമർശമില്ല. ലിററർജിക്കൽ ബന്ധമോ, ഹയരാർക്കിക്കൽ ബന്ധമോ ഒന്നും നസ്രാണികളുടെ സഭയെ പേർഷ്യൻ സഭയുടെ ഭാഗമാക്കിയില്ല.

മററു സഭകളുടേതെന്നപോലെ മെസൊപ്പൊട്ടേമിയൻ പാരമ്പര്യം പുലർത്തുന്ന സുറിയാനി സഭയുടെ കാനോനിക സമാഹാരം പഠന വിഷയമാക്കുന്നത് ചരിത്ര വിദ്യാർത്ഥികളെ സംബന്ധിച്ച് പ്രധാനപ്പെട്ട കാര്യം തന്നെയാണ്. ഇതിന്റെ അച്ചടി ഭംഗിയായി നിർവഹിച്ച നെടുമങ്ങാട് ബഥനി പ്രസ്സിന്റെ അധികാരികൾക്കും എല്ലാ പ്രവർത്തകർക്കും കൃതജ്ഞതയുടെ കൂപ്പുകൈ.

ഈ കൃതി സഹൃദയസമക്ഷം സാദരം സമർപ്പിച്ചുകൊള്ളുന്നു.

പ്രൊഫ. ഡോ. ഗീവർഗീസ് ചേടിയത്ത്
സെൻറ് അലോഷ്യസ് സെമിനരി

പട്ടം, തിരുവനന്തപുരം
11—4—1996.

---

10. J.P.M. Van der Ploeg, The Syriac Manuscripts of St. Thomas Christians, Bangalore, 1983, P. 126—8: 139.
11. J.B. Chabot, Synodicon Orientale, Paris, 1902.
12. O. Braun, Das Buch der Synhados oder Synodicon Orientale, Amsterdam, 1975 (Reprint).

# ഉള്ളടക്കം


അവതാരിക
ആമുഖം

1. മാർ ഇസഹാക്കിന്റെ സിനഡ് (410) 9
   ആമുഖം—9. സെലൂഷ്യൻ സിനഡ്—10.
   318 എപ്പിസ്കോപ്പാമാരുടെ വിശ്വാസപ്രമാണം—20.
   സിനഡിൽ പാസാക്കിയ 21 കാനോനാകൾ—21.
2. മാർ യാബാലാഹായുടെ സിനഡ് (420) 41
   ആമുഖം—41. ബേത് അർദഷീർസിനഡ് 41
3. മാർ ദാദീശോയുടെ സിനഡ് (424) 52
   ആമുഖം—52. മർകബ്താ സിനഡ്
4. മാർ അകാചിയുസിന്റെ സിനഡ് (486) 72
   ആമുഖം—72. സെലൂഷ്യാ സിനഡ് 73.
   കാനോനാകൾ—74.
5. ബർസൗമായുടെ സിനഡ് 84.
   ആമുഖം—84. ബേത്–ലാപാത് സിനഡ്—84.
6. മാർ ബാബായിയുടെ സിനഡ് (498) 86
   ആമുഖം—86. സെലൂഷ്യാ സിനഡ്—86.
7. മാർ ആബായുടെ സിനഡ് (544) 98
   ആമുഖം—98. സിനഡ്—100.
   ഒന്നാമത്തേത് —102. രണ്ടാമത്തേത് —441—6.
   മൂന്നാമത്തേത് —121. നാലാമത്തേത് —130.
   അഞ്ചാമത്തേത്—139. ആറാമത്തേത് —447—50.
8. മാർ യൗസേപ്പിന്റെ സിനഡ് (554) 149
   ആമുഖം—149. സെലൂഷ്യൻ സിനഡ്—149.
   കാനോനാകൾ—155.
9. മാർ ഹെസക്കിയേലിന്റെ സിനഡ് (576) 177
   ആമുഖം—177. സിനഡൽരേഖ—177.
   കാനോനാകൾ—188.
10. മാർ ഈശോയാബിന്റെ സിനഡ് (587) 214
   കാനോനാകൾ 219—279.
   ദാറായ് ദ്വീപിലെ മെത്രാനായ യാക്കോബിനു വേണ്ടി മാർ ഈശോയാബ് രചിച്ച കാനോനാകൾ 281. കത്തിന്റെ പകർപ്പ് —281. കാനോനാകൾ 287—331. മാർ ഈശോയാബിന്റെ വിശ്വാസ പ്രമാണം—332.

www.malankaralibrary.com

11. മാർ സാബാറീശോയുടെ സിനഡ് (596) 338

ബർ കൈതായ് എന്നു വിളിക്കപ്പെടുന്ന ഏകാന്ത വാസ സഹോദരരുടെ ധാരണയും ഉടമ്പടിയും 344—349.
ബർ കൈതായ് സന്യാസികൾക്കുള്ള കത്ത് 350—7.

12. മാർ ഗ്രിഗറിയുടെ സിനഡ് (605) 358

13. മാർ ഗീവർഗീസിൻെറ സിനഡ് (674) 370

കാനോനാകൾ 373—387.
മാർ ഗീവർഗീസിൻെറ കത്ത് 388—420.

14. മാർ ഹനാനീശോയുടെ സിനഡ് (776) 421

## അനുബന്ധം

1. ബർസൗമായുടെ സിനഡിൻെറ അനുബന്ധം 482

ബർസൗമായുടെ ആറു കത്തുകൾ—1:432; 2:433; 3:435; 4:437; 5:439; 6:440.

2. മാർ ആബായുടെ സിനഡിൻെറ അനുബന്ധം 441

രണ്ടാമത്തേത് : സത്യവിശ്വാസ പ്രഖ്യാപനം—441
ആറാമത്തേത് : സഭാധ്യക്ഷനെപ്പററി—447
കാനോനാകൾ 450—8.

3. അറുനൂററിപന്ത്രണ്ടിലെ സിനഡ് 458

ആമുഖം—458; സിനഡിൻെറ നടപടി—458.
രാജാവിനുള്ള കൃതജ്ഞതാ പ്രകടനവും ന്യായീകരണവും—459. വിശ്വാസപ്രമാണം—461.
ആറ് ന്യായീകരണങ്ങൾ 468—78.
രാജാവിൻെറ ചോദ്യങ്ങൾക്കുത്തരം 479—490.

4. മാർ തിമോത്തിയുടെ സിനഡ് (490) 491

കാനോനാകൾ 493—6.

## സൂചികകൾ

1. പേരുകൾ അകാരാദി ക്രമത്തിൽ 497
2. സ്ഥലനാമങ്ങൾ അകാരാദി ക്രമത്തിൽ 507
3. BIBLIOGRAPHY 512

# 1

# മാർ ഇസഹാക്കിൻെറ സിനഡ് (410)

## ആമുഖം

പേർഷ്യയിലെ പൗരസ്ത്യസഭയിൽ 399_ൽ മാർ ഇസഹാക്ക് സെലൂഷ്യൻ മെത്രാനായിത്തീർന്നു. അക്കാലത്തും പേർഷ്യൻ സാമ്രാജ്യത്തിലെ സഭകളെല്ലാം ഒരു നേതൃത്വത്തിൻ കീഴിലല്ലായിരുന്നു. വിവിധ സ്ഥലങ്ങളിലെ മെത്രാന്മാരെയെല്ലാം സെലൂഷ്യൻ മെത്രാൻെറ നേതൃത്വത്തിൽ കൊണ്ടുവരുവാനുള്ള ഒരു ശ്രമം 410_ലെ സെലൂഷ്യൻ സിനഡിൽ വച്ചുണ്ടായി. മാർ ഇസഹാക്കിനു പല മെത്രാന്മാരുടെയും എതിർപ്പിനെ നേരിടേണ്ടിവന്നു. റോമൻ സാമ്രാജ്യത്തിലെ ചില മെത്രാന്മാർ ഇതറിയാനിടയായി. അവർ 'പാശ്ചാത്യ പിതാക്കന്മാർ, എന്നാണ് പേർഷ്യൻ സിനഡുകളിൽ വിളിക്കപ്പെടുന്നത്. അവർ മാർ മാറൂഥാ എന്ന മെത്രാനെ പേർഷ്യയിലേക്കയച്ചു. മീഫർക്കീൻ (മൈഫർക്കാട്ട്) എന്ന രൂപതാധ്യക്ഷനായിരുന്ന മാറൂഥാ. അദ്ദേഹം പാശ്ചാത്യ പിതാക്കന്മാരുടെ ഒരു ശിപാർശക്കത്തുമായിട്ടാണ് പേർഷ്യയിലെത്തിയത്. ഒന്നിലേറെ പ്രാവശ്യം പേർഷ്യൻ രാജാവിൻെറ പക്കൽ ബിസൻറയിൻ ചക്രവർത്തിയുടെ പ്രതിപുരുഷനായി മാറൂഥാ വന്നിട്ടുമുണ്ട്.

മാർ ഇസഹാക്കും മാർ മാറൂഥായും കൂടി 410_ൽ സെലൂഷ്യയിൽ വച്ച് ഒരു സിനഡുകൂടി. ഈ സിനഡിൽ വച്ച് നിഖ്യാവിശ്വാസപ്രമാണം ഔദ്യോഗികമായി പേർഷ്യൻ സഭ അംഗീകരിച്ചു. പൗരസ്ത്യരും പാശ്ചാത്യരെപ്പോലെ പ്രധാന തിരുനാളുകൾ ഒരേദിവസം ആചരിക്കണമെന്നു തീരുമാനിച്ചു. സഭാജീവിതത്തെ സ്പർശിക്കുന്ന 21 കാനോനകളും അവർ പാസാക്കി. സെലൂഷ്യൻ മെത്രാൻെറ നേതൃത്വം അംഗീകരി

www.malankaralibrary.com



ക്കുന്ന കാനോനകളും അക്കൂട്ടത്തിൽപെടുന്നു. ഈ സിനഡിന്റെ നടപടികളും കാനോനകളുമാണ് ചുവടേ ചേർക്കുന്നത്.[1]

## സെലൂഷ്യൻ സിനഡ്

സെലൂഷ്യാ സ്റ്റെസിഫണിൽ ഭരിച്ച കാതോലിക്കോസ് മാർ ഇസഹാക്കിന്റെയും യസ്ദ്ഗേർദ് രാജാവിന്റെയും കാലത്ത് മൈഫർക്കാട്ടിലെ മെത്രാൻ മാർ മാറൂഥാ പേർഷ്യക്കാരുടെ ഇടയിൽ ദൂതനായി വന്നപ്പോൾ ക്രോഡീകരിച്ച കാനോനാകളും നമ്മുടെ വിശുദ്ധ പിതാക്കന്മാർ പൗരസ്ത്യദേശത്ത് വിവിധ കാലഘട്ടങ്ങളിൽ നടപ്പാക്കിയ സിനഡൽ തീരുമാനങ്ങളും സജീവനായ ദൈവത്തിന്റെ സഹായത്താൽ നാം പകർത്തിയെഴുതുന്നു.

പേർഷ്യയിൽ ആദ്യമായി സമ്മേളിച്ച മെത്രാന്മാരുടെ യോഗത്തിൽ ക്രമീകരിച്ച സംഗതികളുടെ വിവരണം; റോമൻ സാമ്രാജ്യത്തിലെ മെത്രാന്മാർ പടിഞ്ഞാറ് ക്രോഡീകരിച്ച നിയമങ്ങളും കാനോനാകളും പേർഷ്യയിലെ മെത്രാന്മാരും അംഗീകരിച്ചതിനെക്കുറിച്ച്; എപ്പിസ്കോപ്പാമാർ, മെത്രാപ്പോലീത്താമാർ എന്നിവരുടെ സ്ഥാനക്രമത്തെയും പാത്രിയർക്കീസിനെയും അദ്ദേഹത്തിന്റെ സ്ഥാനത്തെയും സംബന്ധിച്ച് അവർ ക്രമീകരിക്കയും തീരുമാനിക്കയും ചെയ്ത സംഗതികളെ സംബന്ധിച്ച്; സഭാശുശ്രൂഷകരെ സംബന്ധിച്ച് അവർ നടപ്പാക്കിയ തീരുമാനങ്ങളെക്കുറിച്ച്; 318 പിതാക്കന്മാരുടെ വിശ്വാസപ്രമാണം; അതോടുകൂടി പേർഷ്യയിലുണ്ടായിരുന്ന നാല്പതു മെത്രാന്മാർ കൂട്ടിച്ചേർത്ത സംഗതികൾ; ഇവയെല്ലാം അംഗീകരിക്കയും സ്വീകരിക്കയും ഉറപ്പിക്കയും മററ് കാനോനാകൾ ക്രോഡീകരിക്കയും ചെയ്തതിനെക്കുറിച്ച്; അവരുടെ ഒപ്പുകൾ.

കാതോലിക്കോസ് ഇസഹാക്കിന്റേതാണ് ആദ്യസിനഡ്

വിജയശ്രീലാളിതനും രാജാക്കന്മാരുടെ രാജാവുമായ യസ്ദ്ഗേർദിന്റെ വാഴ്ചയുടെ പതിനൊന്നാംവർഷം; കർത്താ

1. ജി. ചേടിയത്ത്, പൗരസ്ത്യ കാതോലിക്കോസ്, കോട്ടയം, 1985, 37—44; J. B. Chabot, Synodicon Orientale, Paris 1902, P. 17-36/253-275.



വിന്റെ സഭകൾക്ക് സമാധാനവും ശാന്തതയും പുനഃസ്ഥാപിക്കപ്പെട്ടപ്പോൾ അദ്ദേഹം മിശിഹായുടെ സമൂഹങ്ങൾക്ക് സ്വാതന്ത്ര്യവും വിശ്രമവും നൽകി. ജീവിച്ചിരിക്കുമ്പോഴും മരിക്കുമ്പോഴും തങ്ങളുടെ ശരീരത്തിൽ മിശിഹായെ പരസ്യമായി പുകഴ്ത്തുവാൻ അദ്ദേഹം അവരെ അനുവദിച്ചു. ദൈവത്തിന്റെ എല്ലാ സഭകളിൽ നിന്നും മതമർദ്ദനത്തിന്റെ ഇരുണ്ട കാർമേഘങ്ങൾ അദ്ദേഹം ചുരുട്ടിമാററി. പീഡനത്തിന്റെ കറുത്തപാടുകൾ എല്ലാ സഭാസമൂഹങ്ങളിൽ നിന്നും അദ്ദേഹം നീക്കിക്കളഞ്ഞു. തന്റെ മുൻഗാമികൾ തകർത്ത പള്ളികൾ തന്റെ കാലത്ത് മനോഹരമായി പുതുക്കി പണിയണമെന്നും പൊളിച്ചുമാററപ്പെട്ട ബലിപീഠങ്ങൾ വളരെ ശ്രദ്ധാപൂർവ്വം പുനഃസ്ഥാപിക്കണമെന്നും പേർഷ്യൻ സാമ്രാജ്യത്തിലുടനീളം അദ്ദേഹം പ്രസിദ്ധപ്പെടുത്തി. ദൈവനാമത്തെപ്രതി പരീക്ഷണ വിധേയരായവരെയും ജയിലിൽ കിടന്ന് പീഡനങ്ങളനുഭവിച്ചവരെയും സ്വതന്ത്രരായി വിട്ടയച്ചു. വൈദികർക്കും നേതാക്കന്മാർക്കും സന്യാസികൾക്കും ഭയം കൂടാതെ സ്വതന്ത്രമായി സഞ്ചരിക്കാമെന്ന നിലവന്നു.

സെലൂഷ്യാ സ്റ്റെസിഫൺ എപ്പിസ്കോപ്പായും പൗരസ്ത്യം മുഴുവന്റെയും ആർച്ചുബിഷപ്പും കാതോലിക്കായും ആയി ശ്രേഷ്ഠനും ദൈവഭക്തനും നമ്മുടെ പിതാവുമായ മാർ ഇസഹാക്ക് ഉന്നത നേതൃസ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടപ്പോൾ മുതലാണ് ഇവ സംഭവിച്ചത്. പൗരസ്ത്യം മുഴുവന്റെയും അദ്ധ്യക്ഷസ്ഥാനത്ത് അവരോധിക്കപ്പെടാൻ അദ്ദേഹത്തെ ദൈവം യോഗ്യനായി കണ്ടു; കാരണം, അദ്ദേഹത്തിന്റെ ഭരണകാലത്ത്, തന്റെ നേതൃത്വം വഴി, ദൈവത്തിന്റെ സഭയുടെയും ജനങ്ങളുടെയും സമാധാനത്തിനും ശാന്തിക്കുമായി കരുണയുടെ വാതിൽ തുറന്നു; അദ്ദേഹത്തിന്റെ വിശുദ്ധി മുൻഗാമികളായ പൗരസ്ത്യ എപ്പിസ്കോപ്പാമാരേക്കാൾ വളരെ കൂടുതൽ ശോഭയോടെ തെളിഞ്ഞു പ്രകാശിച്ചു.

അദ്ദേഹത്തിന്റെ പരിശ്രമത്താലും മാർ മാറൂഥായുടെ പ്രോത്സാഹനത്താലുമാണ് താഴെപ്പറയുന്നവ നടന്നത്. മാർ മാറൂഥാ എപ്പിസ്കോപ്പാ ബഹുമാന്യനായ നേതാവും പണ്ഡി

www.malankaralibrary.com



തനായ പിതാവും ദൈവം തൻെറ കരുണയാൽ പൗരസ്ത്യ
ദേശത്തേക്കയച്ച ശ്ലീഹായും സമാധാന ദൂതനും ആയിരുന്നു.
കിഴക്കും പടിഞ്ഞാറും തമ്മിൽ സമാധാനവും പരസ്പര ധാര
ണയും ഉണ്ടാക്കുവാൻ മദ്ധ്യസ്ഥനായി വർത്തിച്ചതു് അദ്ദേഹ
മാണ്. മിശിഹാ കർത്താവിൻെറ സഭകളുടെ പുനർനിർമ്മാ
ണാർത്ഥം അദ്ദേഹം അത്യധ്വാനം ചെയ്തു. ബഹുമാന്യപിതാ
ക്കന്മാരായ മെത്രാന്മാർ പടിഞ്ഞാറു് നടപ്പാക്കിയ ദിവ്യ
കല്പനകളും പ്രമാണങ്ങളും, യഥാർത്ഥവും ചൊവ്വുള്ളവയുമായ
കാനോനാകളും നീതിക്കും സത്യത്തിനും വേണ്ടിയും എല്ലാ
ദൈവജനത്തിൻെറയും ശിക്ഷണത്തിനുവേണ്ടിയും പൗരസ്ത്യ
ദേശത്തും നടപ്പാക്കുവാൻ അദ്ദേഹം അശ്രാന്തപരിശ്രമം നടത്തി.

റോമൻ പ്രദേശത്തുള്ള മെത്രാന്മാരായ പിതാക്കന്മാരും
പ്രമാണികളും കൂടി ഇതിനായി പരിശ്രമിച്ചു. അവർ: അന്ത്യോ
ക്യായിലെ എപ്പിസ്കോപ്പായും കാതോലിക്കായുമായ
പൊർഫീരിയസ്; അലെപ്പോയിലെ എപ്പിസ്കോപ്പാ
അകാചിയസ്; എഡേസ്സയിലെ എപ്പിസ്കോപ്പാ പെഖീദ;
തെല്ലായിലെ എപ്പിസ്കോപ്പാ എവുസേബിയസ്; അമീ
ദിലെ എപ്പിസ്കോപ്പാ അകാചിയസ്—അവർ പിതാവിൻെറ
യും പുത്രൻെറയും പരിശുദ്ധാത്മാവിൻെറയും പൗരസ്ത്യദേശ
ത്തുള്ള നമ്മുടെ സഭകളുടെയും സമൂഹങ്ങളുടെയും മുൻപാകെ
നല്ല ഓർമ്മയ്ക്കർഹരാണ്. നമ്മുടെ സഭയുടെ മഹത്വവും
അവരുടെ ബഹുമാന്യ സഹോദരനുമായ മാറൂഥായ്ക്കു് അവർ ഒരു
കത്തെഴുതി. ആ കത്തു് വിജയശ്രീലാളിതനും ഭുവനപ്രശസ്തനു
മായ മഹാരാജാവിൻെറ മുമ്പാകെ എത്രയും വേഗം വായിക്ക
ണമെന്ന് ഉറപ്പായ ശപഥത്തോടുകൂടി അവനോടാവശ്യപ്പെട്ടു.
ശാരീരികമായി നമ്മിൽ നിന്നകലെയാണെങ്കിലും നമ്മോടുള്ള
അവരുടെ മഹനീയസ്നേഹവും അകല്ച്ചയുടെ വേദനയും ഇതു
വഴി അവർ വ്യക്തമായി സ്പഷ്ടമാക്കുന്നു.

ബഹുമാന്യനായ എപ്പിസ്കോപ്പാ മാർ മാറൂഥാ തൻെറ
സഹോദരനും സഹപ്രവർത്തകനും വത്സലസ്നേഹിതനും നമ്മുടെ
പിതാവും ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവനും സെല്യൂഷ്യാ
സ്റ്റെസിഫണിലെ മെത്രാനും പൗരസ്ത്യം മുഴുവൻെറയും ആർച്ച



ബിഷപ്പും കാതോലിക്കോസുമായ മാർ ഇസഹാക്കിനെ
രഹസ്യമായി ആ എഴുത്തു കാണിച്ചു. അവരൊന്നിച്ച് ഏകാഭി
പ്രായത്തോടും ഏകമനസ്സോടുംകൂടെ ഗ്രീക്കിൽ നിന്നു
പേർഷ്യൻഭാഷയിലേക്കു് ഈ കത്തു് വിവർത്തനം ചെയ്തു.
വിജയശ്രീലാളിതനും വിശ്വവിഖ്യാതനുമായ മഹാരാജാ
വിൻെറ മുൻപാകെ അതു വായിച്ചു കേൾപ്പിച്ചു. "കർത്താ
വിൻെറ കയ്യിലെ ഒരു നീർച്ചാലാണ് രാജാവിൻെറ ഹൃദയം:
അവൻ അതു് ഇഷ്ടമുള്ളിടത്തേക്കു് തിരിച്ചുവിടും" (സുഭാ.21:1)
എന്നു് എഴുതപ്പെട്ടിരിക്കുന്നതുപോലെ എല്ലാവിധ നന്മ
ചെയ്യാനും എല്ലാവിധ ശ്രേഷ്ഠകാര്യങ്ങളും നൽകുവാനും
രാജാക്കന്മാരുടെ രാജാവായ യസ്ദഗേർദിൻെറ ഹൃദയത്തെ
ദൈവേഷ്ടം സജ്ജമാക്കി. അതു കേട്ട നിമിഷം തന്നെ
സന്തോഷാധിക്യത്താൽ യസ്ദ്ഗേർദ് ഇപ്രകാരം പറഞ്ഞു:
എൻെറ രാജത്വത്തിൻ കീഴിൽ കിഴക്കും പടിഞ്ഞാറും ഒരൊററ
ആധിപത്യത്തിലമർന്നിരിക്കുന്നു. എപ്പിസ്കോപ്പാമാരെ അറി
യിക്കാനുള്ള രാജകല്പനയുമായി രാജ്യത്തിൻെറ വിവിധ ഭാഗ
ങ്ങളിലുള്ള ഗവർണർമാരുടെ പക്കലേക്ക് അഞ്ചലോട്ടക്കാരെ
അയയ്ക്കണമെന്ന് വളരെ താല്പര്യമായി അദ്ദേഹം കല്പിച്ചു.
താഴെപ്പറയുന്ന മെത്രാന്മാരെ വരുത്താനായിരുന്നു കല്പന:
നിസിബിസിലേയും ആ പ്രോവിൻസിലെയും; ഹെദിയാബി
ലെയും ആ പ്രോവിൻസിലെയും; ബേത്ഗർമായിലെയും
ആ പ്രോവിൻസിലെയും; ബേത്ഹൂസായേയിലെയും, ആ
പ്രോവിൻസിലെയും; മൈശാനിലേയും ആ പ്രോവിൻസിലെ
യും, കശ്കാറിലെയും. നാല്പതു മെത്രാന്മാരുടെ പേർക്കെഴുതി
ആളെ അയച്ചു. അവർ ഒന്നിച്ചു വന്നുകൂടി യോഗം ചേർന്നു്
തർക്കങ്ങളും അവസാനിപ്പിക്കാനും ശീശ്മകളും വിഭജനങ്ങളും
ഇല്ലാതാക്കാനും കത്തോലിക്കാ സഭയുടെ നീതിപൂർവ്വകവും
ഉചിതവുമായ ക്രമീകരണത്തിനാവശ്യമായ സംഗതികളും
തീരുമാനിച്ചുറപ്പിക്കാനും വേണ്ടിയായിരുന്നിതു്. ഫാർസിലും
മററ് വിദൂര സ്ഥലങ്ങളിലും നിന്നു് സഹോദര മെത്രാന്മാർ
സന്നിഹിതരായിരുന്നില്ലെങ്കിലും ഇതേപ്പററി അറിയിപ്പ് ലഭി
ച്ചപ്പോഴും ഇവയെല്ലാം അവരും അംഗീകരിച്ചു.

കാനോൻ മാസത്തിൽ പരിശുദ്ധ ദനഹത്തിരുനാളിൽ
പൗരസ്ത്യ പട്ടണങ്ങളുടെയെല്ലാം തലസ്ഥാനമായ മഹാനഗര

www.malankaralibrary.com



ത്തിൽ അവരെല്ലാവരും ഒന്നിച്ചുകൂടി. ഉടനെ അവരുടെ വരവിനെക്കുറിച്ച് വിജയശ്രീലാളിതനും വിശ്വപ്രശസ്തനുമായ മഹാരാജാവ് അറിഞ്ഞു. എപ്പിസ്കോപ്പാമാരെയെല്ലാം വലിയ ദേവാലയത്തിൽ ഒന്നിച്ചുകൂട്ടി പാശ്ചാത്യ എപ്പിസ്കോപ്പാമാർ അയച്ച കത്ത് അവരുടെ മുമ്പാകെ വായിക്കണമെന്നും ശ്രദ്ധിച്ചുകേട്ട് അതിലെഴുതിയിരിക്കുന്നതുപോലെ എല്ലാകാര്യങ്ങളും ചെയ്യണമെന്നും, സെലൂഷ്യാസ്റ്റെസിഫണിലെ എപ്പിസ്കോപ്പായും പൗരസ്ത്യദേശത്തെ ആർച്ചുബിഷപ്പും കാതോലിക്കായും നമ്മുടെ ബഹുമാന്യ പിതാവുമായ മാർ ഇസഹാക്കിനോടും അദ്ദേഹത്തിന്റെ സഹോദരമെത്രാൻ മാർ മാറൂഥായോടും രാജാവു കല്പിച്ചു.

ശ്ബോത് മാസം ഒന്നാം തീയതി ചൊവ്വാഴ്ച ഞങ്ങൾക്ക് നവജീവന്റെയും മൃത്യുവിൽ നിന്നുള്ള ഉത്ഥാനത്തിന്റെയും ദിവസമായിരുന്നു. ഞങ്ങൾക്ക് അന്നു സുരക്ഷിതത്വം കൈവന്നു. സമാധാനം കരഗതമായി. നമ്മുടെ പിതാവും കാതോലിക്കോസും ആർച്ചുബിഷപ്പുമായ മാർ ഇസഹാക്കിന്റെ നേതൃത്വത്താലും അദ്ദേഹത്തിന്റെ കാലത്തും സമാധാന പുനഃസ്ഥാപനാർത്ഥം അദ്ധ്വാനിക്കയും ഐക്യം വിതയ്ക്കുകയും ചെയ്ത മാർ മാറൂഥാ എപ്പിസ്കോപ്പായുടെ പരിശ്രമത്താലും പൗരസ്ത്യദേശത്ത് എപ്പിസ്കോപ്പാമാരുടെ സിനഡ് അദ്ദേഹം വിളിച്ചുകൂട്ടിയ ദിവസം ഞങ്ങളുടെ ഇടയിൽ അത്ഭുതകരമായ സംഗതികൾ സംഭവിച്ചു. ദൈവസ്തുതികൾക്കായി ഞങ്ങൾ അധരങ്ങൾ തുറന്നു. ഞങ്ങളുടെ ഹൃദയം സന്തോഷംകൊണ്ട് തുടിച്ചു. ഞങ്ങളുടെ നാവുകൾ ദിവ്യസ്തുതികൾ പാടി. വിശ്വാസത്തോടും തികഞ്ഞ ഭക്തിയോടും കൂടെ സജീവ ദൈവത്തെയും രക്ഷകനായ മിശിഹായെയും പരിശുദ്ധാത്മാവിനെയും ഞങ്ങൾ മഹത്വപ്പെടുത്തി. കാരണം അവിടുന്ന് ഈ മഹനീയ സംഗതികൾ ഞങ്ങളുടെ ഇടയിൽ, ചെയ്യുകയും വർദ്ധിപ്പിക്കുകയും ചെയ്തിരിക്കുന്നു; അവിടുത്തേക്ക് കൃതജ്ഞത അർപ്പിക്കാൻ ഒരു രീതിയിലും നമ്മെക്കൊണ്ടാവില്ല. മഹാരാജാവും വിജയശ്രീലാളിതനും വിശ്വപ്രശസ്തനുമായ യദ്സ്ഗേർദ് രാജാവിനു ദീർഘായുസ് നൽകട്ടെ എന്ന് കാരുണ്യവാനായ ദൈവത്തോട് ഏകസ്വരത്തിൽ ഞങ്ങൾ അപേക്ഷിച്ചു. തലമുറതലമുറയോളവും



യുഗയുഗാന്തരങ്ങളോളവും അദ്ദേഹത്തിന്റെ ആയുസ് ദീർഘിക്കട്ടെ. മെത്രാന്മാരുടെ സിനഡിന്റെ ഈ മഹനീയദർശനത്താൽ മിശിഹായുടെ മഹിമാസനത്തിൻ മുമ്പാകെ എന്നവണ്ണം നമ്മുടെ ഹൃദയം സന്തോഷഭരിതമായി. പൗരസ്ത്യദേശത്ത് ഇപ്പോൾ പുതുതായി ഒന്നിച്ചുകൂടിയിരിക്കുന്ന ഈ സിനഡിൽ പാശ്ചാത്യദേശത്തുനിന്നുള്ള കത്ത് എല്ലാവരുടെയും മുൻപാകെ വായിക്കണമെന്ന് തെരഞ്ഞെടുക്കപ്പെട്ട പിതാക്കന്മാരും സിനഡിന്റെ പ്രധാനികളും കല്പിച്ചു. വിവിധ സ്ഥലങ്ങളിൽനിന്ന് വന്നുചേർന്നിരിക്കുന്ന നാല്പതോളം മെത്രാന്മാരായ ഞങ്ങൾ ശ്രദ്ധാപൂർവം സന്തോഷത്തോടുകൂടി ഈ കത്തു വായിച്ചുകേൾക്കുകയും അതിലെഴുതിയിരിക്കുന്നത് പൂർണ്ണമായി അംഗീകരിക്കുകയും ചെയ്തു.

ഒന്നാമതായി മെത്രാന്മാരെ സംബന്ധിച്ച്: മേലിൽ ഒരേ പട്ടണത്തിൽ രണ്ടോ മൂന്നോ മെത്രാന്മാർ ഉണ്ടായിരിക്കാൻ പാടില്ല, പിന്നെയോ ഓരോ പട്ടണത്തിലും ഓരോ മെത്രാനും അദ്ദേഹത്തിന്റെ ഭരണാധികാരവും മതി. ഒരു മെത്രാൻ മരിക്കുന്നതിനുമുമ്പ് മറ്റൊരാളെ വാഴിക്കാൻ അയാൾക്ക് അധികാരമില്ല: അയാൾ ജീവിച്ചിരിക്കുമ്പോഴും മരിക്കുന്ന അവസരവും പാടില്ല. ഒരു മെത്രാൻ തനിച്ചോ രണ്ടു മെത്രാന്മാർ കൂടിയോ മറ്റൊരു മെത്രാനെ വാഴിക്കുന്നത് നിയമാനുസൃതമല്ല. പിന്നെയോ ദൂരെയുള്ള മെത്രാന്മാർ ആയിരുന്നാൽ തന്നെയും മൂന്നുപേർ കൂടി വാഴിക്കുന്നതാണ് ശരി. ആർച്ചുബിഷപ്പ് മെത്രാപ്പോലീത്തായുടെ അധികാരപത്രത്തോടുകൂടിയേ ഇപ്രകാരം വാഴിക്കാവു.

രണ്ടാമതായി, ഞങ്ങളെല്ലാവരും, വാഴ്ത്തപ്പെട്ട തിരുനാളുകളുടെ ആദ്യത്തെ വിശുദ്ധ തിരുനാളായ, നമ്മുടെ രക്ഷകന്റെ സ്തുത്യർഹമായ യൽദായും ദനഹായും ഐകരൂപ്യമായി ആചരിക്കും എന്നു തീരുമാനിക്കുന്നു. അതുപോലെ നാല്പതു ദിവസത്തെ നോമ്പ് ഏഴാഴ്ചകളിലായി ഒരേകാലഘട്ടത്തിൽ ഞങ്ങളെല്ലാവരും ആചരിക്കും. നമ്മുടെ രക്ഷകന്റെ വിശുദ്ധ പെസഹാ തിരുനാളും, പീഡാനുഭവത്തിന്റെയും കുരിശുമരണത്തിന്റെയും ഉത്ഥാനത്തിന്റെയും ദിവസവും ആചരിക്കും. അതുപോലെ ഞങ്ങളുടെ എല്ലാ ദേവാലയങ്ങളിലും ജീവിച്ചി

www.malankaralibrary.com



രിക്കുന്നവരുടെ വിശുദ്ധിക്കും മരിച്ചവരുടെ ഉത്ഥാനത്തിനും വേണ്ടി, മിശിഹായുടെ ശരീരത്തിന്റെയും രക്തത്തിന്റെയുമായ വിശുദ്ധബലി ദൈവത്തിന് അർപ്പിക്കും.

മൂന്നാമതായി, എല്ലാററിനെയും പൂർണമാക്കിക്കൊണ്ടും അലങ്കരിച്ചുകൊണ്ടും ബഹുമാന്യനായ മാറൂഥാ എപ്പിസ്കോപ്പാ പാശ്ചാത്യപിതാക്കന്മാർ എഴുതിയത്:

"നമ്മുടെ കർത്താവ് തിരുമനസ്സായി നമ്മുടെ അപേക്ഷകേൾക്കുകയും വിജയശ്രീലാളിതനായ മഹാരാജാവ് കല്പിച്ച് സിനഡ് നടക്കുകയും ചെയ്യും എന്ന പ്രതീക്ഷയിൽ നീതിമാനും ദൈവസ്നേഹിതനും വിജയശ്രീലാളിതനുമായ കോൺസ്റ്റൻറയിൻ ചക്രവർത്തിയുടെ കാലത്ത് നിഖ്യാ നഗരത്തിൽവച്ച് 318 മെത്രാന്മാർ കൂടിയ വലിയ സൂനഹദോസിൽ തീരുമാനിച്ചുറച്ച എല്ലാ കാനോനാകളും ഞങ്ങൾ അങ്ങേക്കയയ്ക്കുന്നു. അവരുടെ ദൈവവിശ്വാസമനുസരിച്ച്, സത്യപ്രമാണങ്ങളും വിശുദ്ധ നിയമങ്ങളും ശരിയായ നിബന്ധനകളും മഹനീയ കാനോനാകളും വ്യക്തമായ ക്രമങ്ങളും അവർ തയ്യാറാക്കി നടപ്പാക്കി".

നമ്മുടെ വിശുദ്ധപിതാക്കന്മാരും ഭാഗ്യസ്മരണാർഹരുമായ ബഹുമാന്യ വ്യക്തികളുടെ കത്തിലെ ഈ വാചകം കേട്ടപ്പോൾ നമ്മുടെ പിതാവും ഭാഗ്യസ്മരണാർഹനും സെലൂഷ്യസ്റ്റെസിഫണിലെ എപ്പിസ്കോപ്പായും കാതോലിക്കോസും ആർച്ചുബിഷപ്പുമായ മാർ ഇസഹാക്ക്, സഹപ്രവർത്തകരിൽ പ്രധാനി എന്ന നിലയിൽ ആദ്യമായി സംസാരിച്ചു. അവരുടെ കാലത്താണ് നമ്മുടെ കുനിഞ്ഞ തലകൾ നിവർന്നതും നമുക്ക് സമാധാനവും ശാന്തിയും കൈവന്നതും.–മിശിഹായുടെ സമാധാനത്തിലും സ്നേഹത്തിലും പങ്കുചേരുന്ന തന്റെ സഹോദരനായ മാർ മാറൂഥാഎപ്പിസ്കോപ്പായോട് മാർ ഇസഹാക്ക് പറഞ്ഞു: "ഈ കാനോനാകൾരേഖപ്പെടുത്തിരിക്കുന്ന വാല്യം ഇവിടെ കൊണ്ടുവന്ന് മെത്രാന്മാരുടെ സിനഡിന്റെ മുൻപാകെ വായിക്കാവുന്നതാണ്". ഉടനെ അതു കൊണ്ടുവന്നു വായിച്ചു. മിശിഹായുടെ സഭയിലെ ശുശ്രൂഷയെ ക്രമീകരിക്കാനായി നിർമ്മിക്കപ്പെട്ട നിയമങ്ങളെല്ലാം ഞങ്ങൾ കേട്ടു. പാശ്ചാത്യലോകത്തെ പരിശുദ്ധവും മഹനീയവുമായ സിനഡിൽ വച്ച



മെത്രാന്മാരായ പിതാക്കന്മാരിലൂടെ ദൈവികവിജ്ഞാനം സംസാരിച്ച എല്ലാ കാനോനാകളും ഞങ്ങൾ ഗ്രഹിച്ചു. പരിപൂർണ്ണസന്തോഷത്താൽ ഞങ്ങൾ സന്തോഷചിത്തരായി. ഒന്നാമതായി മാർ ഇസഹാക്ക് എപ്പിസ്കോപ്പാ, തന്റെ സഹപ്രവർത്തകരുടെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധി എന്ന നിലയിൽ പറഞ്ഞു: "ഈ മഹനീയ നിയമങ്ങളും ഈ സത്യ കാനോനാകളും സ്വീകരിച്ച് അംഗീകരിക്കാത്തവരെല്ലാം ദൈവജനത്തിന് ശപിക്കപ്പെട്ടവരായിരിക്കും; മിശിഹായുടെ സഭയിൽ അവർക്കൊരധികാരവും ഉണ്ടായിരിക്കുന്നതല്ല". അദ്ദേഹത്തിനുശേഷം മെത്രാന്മാരായ ഞങ്ങളെല്ലാവരും ഏകസ്വരത്തിൽ അദ്ദേഹം പറഞ്ഞതുപോലെ പറയുകയും തീർപ്പുകല്പിക്കുകയും ചെയ്തു.

അതിനുശേഷം മാർ മാറൂഥാ ഞങ്ങളെല്ലാവരോടുമായി പറഞ്ഞു: 'ഈ ചട്ടങ്ങളും ഈ നിയമങ്ങളും ഈ കാനോനാകളും എഴുതിസൂക്ഷിക്കണം'. പിന്നീട് ഡിക്രിയുടെ അവസാനം ഞങ്ങളെല്ലാവരും ഒപ്പിടുകയും മാററമില്ലാത്ത ഉടമ്പടിയാൽ ഉറപ്പിക്കയും ചെയ്തു. ആദ്യമായി കാതോലിക്കോസ് മാർ ഇസഹാക്ക് പറഞ്ഞു: 'എല്ലാവർക്കും മുൻപ് എന്റെ സ്വന്തം കൈകൊണ്ട് ഞാൻ ഒപ്പുവയ്ക്കുന്നു'. അതിനുശേഷം വിവിധ സ്ഥലങ്ങളിൽ നിന്നുള്ള മെത്രാന്മാരായ ഞങ്ങൾ ഇപ്രകാരം പ്രഖ്യാപിച്ചു: "ഞങ്ങളും ഇവ സന്തോഷപൂർവം അംഗീകരിക്കുന്നു; മുകളിൽ എഴുതപ്പെടുന്നതിന്റെയെല്ലാം അവസാനം ഞങ്ങൾ ഒപ്പുവച്ച് ഇവയെല്ലാം അംഗീകരിക്കുന്നതാണ്".

കുറേ ദിവസങ്ങൾക്കുശേഷം ഞങ്ങളുടെ പിതാക്കന്മാർ,– പൗരസ്ത്യ കാതോലിക്കോസ് മാർ ഇസഹാക്കും മാർ മാറൂഥാ എപ്പിസ്കോപ്പായും,– വിജയശ്രീലാളിതനും ഭുവനപ്രശസ്തനുമായ രാജാക്കന്മാരുടെ രാജാവിനോടു സംസാരിച്ചു. അദ്ദേഹം വിജ്ഞാനത്തോടും സ്വാതന്ത്ര്യത്തോടും കൂടെ ഒരു കല്പന എഴുതി. സർവസൈന്യാധിപനായ മിഹ്റ് ശബൂറിനും വലിയ വസീർ ഖുസ്രോ യെസ്ദ്ഗേറിനും കൊടുത്തു. ഞങ്ങൾ അവരുടെ സന്നിധിയിൽ പ്രവേശിച്ചു. ഞങ്ങളെല്ലാവരുംകൂടി അവരെ ശ്രവിച്ചു. അവർ ഇപ്രകാരം ചുരുക്കത്തിൽ പറഞ്ഞു: "മുമ്പ് നിങ്ങൾക്കെതിരായി വലിയ മതപീഡനം

www.malankaralibrary.com



നടന്നു. നിങ്ങൾ രഹസ്യമായിട്ടത്രേ സഞ്ചരിച്ചിരുന്നത്; ഇപ്പോൾ മഹാരാജാവ് നിങ്ങൾക്ക് വലിയ സമാധാനവും ശാന്തിയും നല്കിയിരിക്കുന്നു. അദ്ദേഹം ഇസഹാക്ക് കാതോലിക്കോസിനെ പൗരസ്ത്യദേശത്തുള്ള എല്ലാ ക്രിസ്ത്യാനികളുടെയും തലവനായി ആക്കിയിരിക്കുന്നു. മഹാരാജാവിന്റെ സന്നിധിയിൽ മാർ ഇസഹാക്ക് കാതോലിക്കോസ് ചെയ്ത മാധ്യസ്ഥ്യം മൂലവും വിശേഷവിധിയായി മഹാരാജാവിന്റെ സ്നേഹിതനായി ഇവിടെയുള്ള മെത്രാന്മാരോടുള്ള പരിഗണനയാൽ റോമൻ പ്രദേശത്തു നിന്നുള്ള കത്തുമായി മാറൂഥാ എപ്പിസ്കോപ്പാ ഇവിടെ വന്ന ദിവസം മുതൽ നിങ്ങൾക്ക സമാധാനവും ശാന്തിയും കൈവന്നിരിക്കുന്നു. മഹാരാജാവായ യസ്ദ്ഗേർദ് ഇപ്രകാരം കല്പിക്കുന്നു: സഭാദ്ധ്യക്ഷന്മാരാകുവാനും ദൈവജനത്തെ നയിക്കാനും യോജിച്ച ആളുകളായി നിങ്ങൾ തെരഞ്ഞെടുക്കുന്നവരെയെല്ലാം ഇസഹാക്ക് എപ്പിസ്കോപ്പായും മാറൂഥായുംകൂടെ നിയമിക്കും. അവർ അദ്ധ്യക്ഷന്മാരായിരിക്കയും ചെയ്യും. ആരും അവരിൽ നിന്നു വേർപെട്ടുപോകാൻ പാടില്ല. ആരെങ്കിലും അവരെ എതിർക്കുകയോ അവരുടെ ഹിതത്തിനെതിരായി പ്രവർത്തിക്കുകയോ ചെയ്താൽ അവർ അക്കാര്യം ഞങ്ങളോടു പറയണം. ഞങ്ങൾ അതു മഹാരാജാവിനെ അറിയിക്കും. പ്രസ്തുത വ്യക്തി ആരായിരുന്നാലും തന്റെ ദുഷ്ടതയ്ക്കു ശിക്ഷിക്കപ്പെടുകതന്നെ ചെയ്യും എന്നറിഞ്ഞിരിക്കട്ടെ'' – ഞങ്ങളെല്ലാവരും ഒന്നിച്ച് അവിടെ നിന്നിറങ്ങി.

വീണ്ടും പൗരസ്ത്യകാതോലിക്കോസ് മാർ ഇസഹാക്കും അദ്ദേഹത്തിന്റെ ബഹുമാന്യ സഹോദരനും മെത്രാനുമായ മാർ മാറൂഥായും ഞങ്ങളോട് ഇപ്രകാരം പറഞ്ഞു: വിവിധ പട്ടണങ്ങളിലുള്ള മെത്രാൻമാർ ഓരോരുത്തരെപ്പററിയുള്ളനിയമങ്ങൾ, അധികാര പരിധികൾ, അധികാരവ്യവസ്ഥിതി എന്നിവയെ സംബന്ധിച്ച് ഇവിടെ സിനഡിൽ നിങ്ങളുടെ മുൻപാകെ വായിക്കപ്പെട്ട കാനോനാകളും നിയമങ്ങളും നിങ്ങളെല്ലാവരും കേട്ട് അംഗീകരിച്ചതാണല്ലോ. ഇപ്പോൾ, കത്തോലിക്കാസഭയുടെ ശുശ്രൂഷയ്ക്കാവശ്യമായ സംഗതികൾക്കുവേണ്ടിയുള്ള തീരുമാനത്തിൽ എല്ലാവരും ഒപ്പുവയ്ക്കണം. നിങ്ങളുടെ സ്വന്തംകൈകൊണ്ട് ഒപ്പിട്ട്, മാററമില്ലാത്തതും അഴിവില്ലാത്തതുമായ ഒരു



ഉടമ്പടിയാൽ അതുറപ്പിക്കണം.'' ഉടനെ ഉയർന്ന ശബ്ദത്തിൽ ഞങ്ങളെല്ലാവരും പറഞ്ഞു: തീർച്ചയായും ഞങ്ങൾ അപ്രകാരം ചെയ്യും. സന്തോഷപൂർവ്വം ഞങ്ങൾ അതിൽ ഒപ്പിടും. ഇതംഗീകരിക്കാതെയും ഈ തീരുമാനത്തിനെതിരായി പിന്നീട് കലഹം ഉണ്ടാക്കുന്ന രീതിയിൽ പ്രവർത്തിക്കയുംചെയ്യുന്നയാൾ, ന്യായമായി, മിശിഹായുടെ സഭ മുഴുവനിലും നിന്ന് പൂർണമായുംപുറന്തള്ളപ്പെടും എന്നറിഞ്ഞുകൊള്ളട്ടെ; ആ മുറിവിന് ഒരു മരുന്നുമില്ല. കൂടാതെ മഹാരാജാവിന്റെ കഠിനമായ വിധിക്കും അവൻ വിധേയനാകും; പീഡനസ്ഥലത്തേക്ക് അവൻ എറിയപ്പെടുകയും ചെയ്യും; അവിടെ ലജ്ജയും നിന്ദയും അവൻ അനുഭവിക്കും.

മാററമില്ലാത്ത ഉടമ്പടിയാലും മാററിക്കൂടാത്ത പ്രതിജ്ഞയാലും അഴിവില്ലാത്ത നിശ്ചയത്താലും, വ്യതിയാനരഹിതമായ തീരുമാനത്താലും എല്ലാ സംഗതികളും പൂർണ്ണമായി ഞങ്ങൾ അംഗീകരിച്ചു. ഇപ്രകാരം രേഖപ്പെടുത്താൻ എഴുത്തുകാരനെ ഞങ്ങൾ ചുമതലപ്പെടുത്തി.

രാജാക്കന്മാരും ഉന്നതസ്ഥാനീയരും പ്രശാന്തവും സമാധാനപൂർണവുമായി ജീവിക്കുന്നതിനും ദൈവത്തിന്റെ സഭയ്ക്കും ജനത്തിനും എതിരെ ക്രൂരവും അഹങ്കാരപൂർണവുമായ പദ്ധതികൾ രൂപീകരിക്കാതിരിക്കാനുമായി ''എല്ലാററിനും മുമ്പ് സഭ മുഴുവൻ യാചനകളും പ്രാർത്ഥനകളും അപേക്ഷകളും ദൈവത്തിനും, തന്റെ മിശിഹായ്ക്കും തന്റെ ജീവനുള്ള പരിശുദ്ധാത്മാവിനും അർപ്പിക്കണം''.

1 തിമോ. 2: 1f

www.malankaralibrary.com

# മുന്നൂററിപതിനെട്ട് എപ്പിസ്കോപ്പാമാരുടെ വിശ്വാസപ്രമാണം

സർവ്വശക്തിയുള്ള പിതാവായി ആകാശത്തിന്റെയും ഭൂമിയുടെയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റെയും സ്രഷ്ടാവായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. ദൈവത്തിന്റെ പുത്രനും പിതാവിൽ നിന്നു ജനിച്ചവനും ഏകജാതനും പിതാവിന്റെ സത്തയിൽ നിന്നുള്ളവനും ദൈവത്തിൽ നിന്നുള്ള ദൈവവും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാത്തവനും സത്തയിൽ പിതാവിനോടു സമത്വമുള്ളവനും തന്നാൽ ആകാശത്തിലും ഭൂമിയിലുമുള്ള സകലവും നിർമ്മിക്കപ്പെട്ടവനുമായ ഏക കർത്താവേശുമിശിഹായിലും ഞങ്ങൾ വിശ്വസിക്കുന്നു. അവൻ മനുഷ്യരായ നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി സ്വർഗ്ഗത്തിൽ നിന്നിറങ്ങി ശരീരമെടുത്തു മനുഷ്യനായി. അവൻ കഷ്ടപ്പെട്ടു മരിക്കയും മൂന്നാംനാൾ ഉയിർത്തെഴുന്നേൽക്കുകയും സ്വർഗ്ഗത്തിലേക്ക് കയറുകയും ചെയ്തു. ജീവനുള്ളവരെയും മരിച്ചവരെയും വിധിക്കാൻ അവൻ വരും. പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു. 'അവൻ ഇല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നു' എന്നോ, 'ജനിക്കുന്നതിനു മുമ്പ് അവൻ ഇല്ലായിരുന്നു' എന്നോ, 'ഇല്ലാതിരുന്ന അവസ്ഥയിൽ നിന്ന് അവനുണ്ടായി' എന്നോ, 'അവൻ മറെറാരു സാരാംശത്തിൽ അഥവാ സത്തയിൽ നിന്നാണ്' എന്നോ, 'മാററത്തിനും വ്യതിയാനത്തിനും വിധേയനാണ്' എന്നോ ദൈവപുത്രനെപ്പററി പറയുന്ന എല്ലാവരെയും കാതോലികവും ശ്ലൈഹികവുമായ സഭ പുറന്തള്ളുന്നു.

# സിനഡിൽ പാസാക്കിയ 21 കാനോനകൾ

കാനൻ 1

മെത്രാന്മാരുടെ തെരഞ്ഞെടുപ്പ്, കൈവയ്പ് എന്നിവ സംബന്ധിച്ച ക്രമീകരണം.[1]

ഒരു മെത്രാൻ തനിച്ചോ, രണ്ടു മെത്രാന്മാർ മാത്രം കൂടിയോ ഒരാളെ മെത്രാനായി വാഴിച്ചാൽ, പട്ടം നല്കിയ ആളും പട്ടം സ്വീകരിച്ചയാളും സ്ഥാനഭ്രഷ്ടരാക്കപ്പെടണം. മെത്രാനെ വാഴിക്കേണ്ട അവസരങ്ങളിലെല്ലാം, മെത്രാന്മാർ പട്ടണത്തിൽ ഒന്നിച്ചുകൂടി ആലോചിച്ച് വ്യക്തിയെപ്പററി വേണ്ട അന്വേഷണം നടത്തണം: ദരിദ്രരെ പരിഗണിക്കുകയും, അപരിചിതരെ സ്വീകരിക്കുകയും, പീഡിതരെ ആശ്വസിപ്പിക്കുകയും, അനാഥരെയും വിധവകളെയും തീററിപ്പോററുകയും, അമിത പലിശയ്ക്ക് പണം കൊടുക്കാതിരിക്കയും, കൈക്കൂലി വാങ്ങാതിരിക്കയും വിധിക്കുമ്പോൾ മുഖം നോക്കാതിരിക്കയും, അഹങ്കാരത്തിൽ നിന്നും ഭോജനപ്രിയത്തിൽ നിന്നും അകന്നിരിക്കയുംചെയ്യുന്നവനും, കല്പനകളിലും ദിവ്യജ്ഞാനത്തിലും തിരുലിഖിത പ്രബോധനങ്ങളിലും ധ്യാനനിഷ്ഠയുള്ളവനും, സഭാശുശ്രൂഷയ്ക്കാവശ്യമായവ നിയന്ത്രിച്ച് നയിക്കാൻ ഉള്ള ബുദ്ധിശക്തിയും വിവേചനാശക്തിയും ഉള്ളവനും ആയ വ്യക്തിയെ കണ്ടുപിടിക്കണം.

മെത്രാന്മാർ വിശ്വാസികളോടും സഭ മുഴുവനോടും കൂടി ദേവാലയത്തിൽ ഒന്നിച്ചുകൂടി കുർബാനയുടെ മധ്യത്തിൽ, മിശിഹായുടെ ബലിപീഠത്തിന്റെ മുമ്പിൽവച്ച് അർത്ഥിയുടെ തലയിൽ സുവിശേഷം വച്ചുകൊണ്ട് വലത്തുകൈ അയാളുടെ മുകളിലേക്ക് നീട്ടുക. അവരിൽ പ്രധാന കാർമ്മികൻ കൈവയ്പിന്റെ പ്രാർത്ഥന ചൊല്ലണം. അതിനുശേഷം, മെത്രാനായി അഭിഷിക്തനായ വ്യക്തി പൂർത്തീകരണത്തിനായി സെലൂഷ്യാ_സ്റ്റെസിഫണിലെ കാതോലിക്കായായ വലിയ

1. നിഖ്യാ കാനൻ 4: ജി. ചേടിയത്ത് സഭാപിതാക്കന്മാർ, 1 59—60

www.malankaralibrary.com



മെത്രാപ്പോലീത്തായുടെ അടുക്കലേക്ക് പോകണം. പട്ടം കൊടുത്ത മെത്രാന്മാരുടെ കത്തും അയാറ് കൊണ്ടുപോകണം. എന്നാൽ നമ്മിലാരെങ്കിലും, ജീവിതകാലത്തോ മരണാവസരമോ, മറെറാരു മെത്രാനെ വാഴിക്കാൻ തുനിഞ്ഞാൽ, 318 മെത്രാന്മാരുടെ വിശുദ്ധ സിനഡിൽ പാസ്സാക്കിയ തീരുമാനമനുസരിച്ച്, പട്ടം കൊടുത്തയാളും പട്ടം സ്വീകരിച്ചയാളും സഭയിലെ എല്ലാ വൈദികഗണത്തിൽ നിന്നും ദയ കൂടാതെ തള്ളപ്പെടണം.

കാനൻ 2

അംഗവൈകല്യം വരുത്തുകയോ, അവയവങ്ങൾ നശിപ്പിക്കുകയോ ചെയ്യുന്ന ഷണ്ഡന്മാരെക്കുറിച്ച്:[1]

ഷണ്ഡന്മാരെ സംബന്ധിച്ച് സിനഡിൻെറ തീരുമാനം തന്നെ ഞങ്ങളും അംഗീകരിക്കുന്നു: അതായത്, സ്വന്ത ഇഷ്ടത്താൽ വൃഷണഛേദനം നടത്തി ഷണ്ഡരായവരെ സഭയിൽ സ്വീകരിക്കാൻ പാടില്ല. എന്നാൽ ചെറുപ്പത്തിലോ തങ്ങളുടെ യജമാനന്മാരുടെയും, അപരിഷ്കൃതരുടെയും നിർബന്ധംമൂലമോ അംഗവിച്ഛേദനത്തിനിടയായവരെയും ഏതെങ്കിലും രോഗം നിമിത്തം ഭിഷഗ്വരന്മാർ ഓപ്പറേഷനു വിധേയരാക്കിയവരെയും സഭയിലെ വൈദികഗണത്തിൽ ചേർക്കാവുന്നതാണ്; ഭാഗ്യവാന്മാരായ പിതാക്കന്മാരുടെ കാനോനായും ഇതംഗീകരിക്കുന്നുണ്ട്.

കാനൻ 3

മുൻകാല രീതിയനുസരിച്ചുള്ള "സുബ് ഇൻട്രൊഡുക്തേ"[2] വൈദിക സ്ഥാനത്തുള്ളവരോടുകൂടെ പാർക്കുവാൻ പാടില്ല എന്നതിനെ സംബന്ധിച്ച്— "സുബ് ഇൻട്രൊഡുക്തേ"യെ സംബന്ധിച്ച് സിനഡ് ചൂണ്ടിക്കാണിച്ചതു് ഞങ്ങൾ അനുവർത്തിക്കുന്നു. ഒററക്കു് സഭാശുശ്രൂഷകർക്കു് യോജിച്ച രീതിയിൽ വിശുദ്ധമായും ശുദ്ധതയോടുകൂടിയും പുരുഷന്മാർ പുരുഷന്മാരോടുകൂടെ വെവ്വേറെയല്ലാതെ സ്ത്രീകളോടുകൂടെ

1. നിഖ്യാ കാനൻ 1; ജി. ചേടിയത്തു്, പേ. 57.
2. നിഖ്യാ കാനൻ 3; ജി. ചേടിയത്തു്, പേ. 59



പാർക്കുന്ന മെത്രാന്മാരെയും വൈദികരെയും ഡീക്കന്മാരെയും സബ് ഡീക്കന്മാരെയും ഉടമ്പടിയുടെ പുത്രന്മാരെയും സഭാശുശ്രൂഷകർക്കു് മേലിൽ അനുവദിക്കാൻ പാടില്ല.

കാനൻ 4

അന്യായ ലാഭത്തിനു പരിശ്രമിക്കുന്ന വൈദികസ്ഥാനീയരെക്കുറിച്ച്:[1] അന്യായനേട്ടം, അമിതലാഭം, അന്യായ പലിശ എന്നിവ സംബന്ധിച്ച് സിനഡിൽ തീരുമാനിച്ചതു തന്നെ സ്വേച്ഛയാ ഞങ്ങളും അംഗീകരിക്കുന്നു. സഭാശുശ്രൂഷയിലേർപ്പെട്ടിരിക്കുന്ന വ്യക്തികൾ അവർ ഏതു് ഗണത്തിൽ പെട്ടവരായിരുന്നാലും ശരി മേലിൽ അമിതപ്പലിശ വാങ്ങുകയോ, അന്യായമായ ലാഭമുണ്ടാക്കുകയോ ചെയ്താൽ ശുശ്രൂഷയിൽ നിന്നു് അന്യരായിരിക്കും; നമ്മോടുകൂടെ അവർക്കു ഭാഗഭാഗിത്വം ഉണ്ടായിരിക്കുന്നതല്ല.

കാനൻ 5

ലക്ഷണം പറയിക്കൽ, ശകുനംനോട്ടം, മററ് വിജാതീയ പ്രവൃത്തികൾ എന്നിവ വിശ്വാസികൾക്കുചിതമല്ല എന്നതു സംബന്ധിച്ച്: ലക്ഷണം പറയുക, ശകുനം നോക്കുക, പുറജാതികൾക്കു ചേരുന്ന അഭക്തവും പാപകരവുമായ രഹസ്യകർമ്മങ്ങൾ, ചരടുകെട്ട്, രക്ഷകെട്ട്, മന്ത്രവാദം, പൈശാചികാരാധന തുടങ്ങിയ സംഗതികൾ ചെയ്യുന്നവർ സഭാഭ്രഷ്ടരും ശപിക്കപ്പെട്ടവരുമായിരിക്കും. ഇവയിലേതെങ്കിലും പ്രവർത്തിക്കുന്നതായി കാണപ്പെടുന്ന വ്യക്തികൾ, കരുണകൂടാതെ, മിശിഹായുടെ സഭ മുഴുവനിലും നിന്നു പുറന്തള്ളപ്പെടും; അവരുടെ മേൽ പിന്നൊരിക്കലും കരുണ ഉണ്ടായിരിക്കുന്നതല്ല.

കാനൻ 6

മെത്രാന്മാരുടെ യോഗങ്ങൾ: എപ്പോൾ എവിടെ, എന്തിനുവേണ്ടി കൂടണം എന്നതു സംബന്ധിച്ച്: 'മെത്രാന്മാരുടെ സിനഡിൽ വച്ച് എല്ലാ കലഹങ്ങളും കുററാരോപണങ്ങളും അവസാനിപ്പിക്കുന്നതിനു് ആണ്ടിൽ രണ്ടു

1. നിഖ്യ. 17, ചേടിയത്തു് 74.

www.malankaralibrary.com



പ്രാവശ്യം മെത്രാന്മാരുടെ യോഗം കൂടണം':— ഈ കാനൻ സീനഡ് പാസാക്കിയതാണ്.[2] രാജാവ് സെലൂഷ്യാസ്റ്റെസിഫണിലായിരിക്കുകയും രണ്ടുവർഷത്തിലൊരിക്കൽ കോക്കേ സിംഹാസനത്തിൽ അദ്ധ്യക്ഷനായിരിക്കുന്ന വലിയ മെത്രാപ്പോലീത്താ, നമുക്കെഴുതുകയും ചെയ്യുമ്പോൾ നാം സന്തോഷപൂർവ്വം ഒന്നിച്ചുകൂടുന്നതിനും അദ്ദേഹത്തെ ബഹുമാനിക്കുന്നതിനും എത്തുമെന്ന് ഞങ്ങൾ സീനഡിന്റെ പ്രമാണികളെ അറിയിക്കുന്നു. അദ്ദേഹം കല്പിക്കുന്നവയെല്ലാം ദൈവഭയത്തോടുകൂടി താല്പര്യപൂർവ്വം നാം ചെയ്യുന്നതാണ്. അദ്ദേഹം നമുക്കുവേണ്ടി നടപ്പാക്കുന്ന നമ്മുടെ കർത്താവായ മിശിഹായുടെ നിയമങ്ങൾ സ്വീകരിച്ച് ഭയത്തോടും വിറയലോടുംകൂടെ നാം നടപ്പാക്കും.

കാനൻ 7

പരദേശികളെ സ്വീകരിക്കാനുള്ള ഭവനങ്ങളെപ്പററി; പാവപ്പെട്ടവരെ സംബന്ധിച്ച്; ശിപാർശക്കത്തുകളുമായി അവരെ സ്വീകരിക്കണം. വീണ്ടും ദരിദ്രരെയും പരദേശികളെയും സ്വീകരിക്കാൻ എല്ലാ പള്ളികളോടുംചേർന്ന് ഒരു പ്രത്യേക ഭവനം ഉണ്ടായിരിക്കണമെന്ന് നാം തീരുമാനിക്കുന്നു. ഒരു മെത്രാനിൽനിന്ന് മറെറാരു സഹോദരമെത്രാനും, ഒരു വൈദികനിൽ നിന്നു വേറൊരു വൈദികനും ഉള്ള ശിപാർശക്കത്തോടുകൂടി വരുന്നവരെ സ്വീകരിക്കണം.

കാനൻ 8

ഒരു വിരുന്നിനോ, അടിയന്തിരത്തിനോ ക്ഷണിക്കപ്പെട്ട വൈദികസ്ഥാനി ഒരു ഭാഗം ആവശ്യപ്പെടുകയോ എടുത്തുകൊണ്ടുപോകുകയോ ചെയ്യാൻ പാടില്ല; അതു ചോദിക്കാനും പാടില്ല; അവർ ഷാപ്പുകളിൽ നിന്നു ഭക്ഷിക്കരുത്; ക്ലബ്ബുകൾക്ക് പോകയുമരുത് എന്നതു സംബന്ധിച്ച്.— വൈദികർക്കുവേണ്ടിയുള്ള ഒരു പ്രത്യേക വിരുന്നല്ലെങ്കിൽ വൈദികരും ഡീക്കന്മാരും സബ്ഡീക്കന്മാരും പാവപ്പെട്ടവർക്കുവേണ്ടിയുള്ള അടിയന്തിരങ്ങൾക്കു പോകുകയോ ഒരു ഭാഗം

2. നിഖ്യകാനൻ. 5; ചേടിയത്ത് 60—61.



എടുത്തുകൊണ്ടുപോവുകയോ അരുത്. സഭയുടെ ഔന്നത്യത്തിന് കളങ്കവും അപമാനവും വരുത്തുന്ന സംഗതിയാണിത്. ക്ലബ്ബുകളിൽ വച്ചുള്ള വിരുന്നുകളിലും പങ്കെടുക്കരുത്.— മരിച്ച വീട്ടിലോ, ഷാപ്പിലോ ഉള്ള സദ്യകളിൽ വൈദികസ്ഥാനികളാരും തന്നെ—വൈദികർ, ഡീക്കന്മാർ, സബ്ഡീക്കന്മാർ, ഉടമ്പടിയുടെ പുത്രന്മാർ, ദൈവസമർപ്പിതർ— ഒരു കാരണവശാലും പോയി പങ്കെടുക്കാൻ പാടില്ല.

കാനൻ 9

ഞായറാഴ്ചയിലെ ശുശ്രൂഷ ഉചിതമാംവിധം ആചരിക്കേണ്ടതിന്റെ ആവശ്യകതയെപ്പററി:— ഞായറാഴ്ചതോറും മൂന്നാം മണിക്കൂർ വരെയോ, നാലാം മണിക്കൂർ വരെയോ തിരുലിഖിതങ്ങളോടുകൂടെ സുവിശേഷവും വായിച്ച് വ്യാഖ്യാനിക്കണം. അതിനുശേഷം കുർബാന അർപ്പിക്കണം.

കാനൻ 10

ഈ കാനോനകൾ പഠിക്കാനും അവ അനുസരിച്ചുകൊള്ളാമെന്നുള്ള ഉടമ്പടിപ്രകാരം ഉചിതമായി എല്ലാം ക്രമീകരിക്കാനും വേണ്ടി ഓരോ മെത്രാപ്പോലീത്തായ്ക്കും ഈ കാനോനാകളുടെ ഓരോ കോപ്പി ഉണ്ടായിരിക്കണം.

ഈ കാനോനകളിലെ വിഷയങ്ങളുടെ ബാഹുല്യം നിമിത്തം മൂന്നോ, നാലോ, അഞ്ചോ എപ്പിസ്കോപ്പാമാരുടെ മേൽ അധികാരമുള്ള എല്ലാ മെത്രാപ്പോലീത്താമാരും ഈ കാനോനകൾ എഴുതി വയ്ക്കണം. അവ അങ്ങനെ എപ്പോഴും കൺമുമ്പിൽ ഉണ്ടായിരിക്കും. അവ അനുസരിച്ച് സഭാഭരണവും ക്രമങ്ങളും ഉചിതമായി ക്രമീകരിക്കുകയും നിയന്ത്രിക്കുകയും ചെയ്യണം. മഹനീയമായ ഈ നിയമങ്ങളും ശ്രേഷ്ഠങ്ങളായ ഈ ചട്ടങ്ങളും ഞങ്ങളോ ഞങ്ങളുടെ പിൻഗാമികളോ ഒരിക്കലും ലംഘിക്കയില്ലെന്ന് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും മുൻപാകെ ആത്മാർത്ഥമായി ഞങ്ങൾ പ്രതിജ്ഞ ചെയ്യുന്നു. നമുക്ക് ഒരേ ഒരു വിശ്വാസവും ഒരു മാമോദീസായും ഒരു സഭയും മാത്രമേയുള്ളു; പരിശുദ്ധ ത്രിത്വത്തിന്റെ ഒരേ ഒരു സത്തയെ നാം ആരാധിക്കുന്നു.; അതുപോലെ ഇപ്പോഴും, എന്നേയ്ക്കും നമ്മുടെ എല്ലാ പള്ളി

www.malankaralibrary.com



കളിലും രൂപതകളിലും നമ്മുടെ പിൻഗാമികളും കർത്താവായ മിശിഹായിലുള്ള വിശ്വാസത്തിൽ ജാതരാകുകയും വളർത്തപ്പെടുകയും ചെയ്യും.

കാനൻ 11

ഒരു മെത്രാൻ തനിച്ച് മറെറാരു മെത്രാന് കൈവയ്പ് കൊടുക്കരുത്; മെത്രാന്മാർ മുടക്കിയ വൈദികരെപ്പററി:

നമ്മുടെ ഇടയിൽ ഉണ്ടായിരുന്ന കലഹം മേലിൽ തുടരാൻ പാടില്ല. ഒരു മെത്രാൻതന്നെ വേറൊരാളെ വാഴിക്കാൻ പാടില്ല. പിന്നെയോ മുകളിൽ എഴുതിയിരിക്കുന്നത് നാം പാലിക്കും. വീണ്ടും, ഒരു മെത്രാനും ക്രമരഹിതമായി തന്റെ സഹപ്രവർത്തകന്റെ അതിർത്തി ലംഘിക്കരുത്. താൻ സ്വന്തമായി അംഗീകരിക്കാത്തവ തന്റെ സഹപ്രവർത്തകനോട് ചെയ്യരുത്. ഏതെങ്കിലും മെത്രാൻ മുടക്കിയ വൈദികരും ഡീക്കന്മാരും മത്സരിച്ച് മറെറാരു മെത്രാനെ സമീപിച്ചാൽ സ്വീകരിക്കാൻ പാടില്ല.

**കാനൻ 12**

**സെലൂഷ്യാ—സ്റ്റെസിഫണിലെ കാതോലിക്കായ്ക്ക് അർഹമായ ബഹുമാനം നൽകുന്നതിനെക്കുറിച്ച്:**

സെലൂഷ്യാ സ്റ്റെസിഫണിലെ മെത്രാപ്പോലീത്തായും ആർച്ചുബിഷപ്പും എപ്പിസ്കോപ്പായുമായ കാതോലിക്കായെ മിശിഹായുടെ വരവുവരെ നാമെല്ലാവരും—ഈ കോക്കേ പള്ളിയിലെ മഹനീയ സിംഹാസനത്തിൻ കീഴിലുള്ള എല്ലാ മെത്രാന്മാരും, അതായത്, പൗരസ്ത്യദേശത്തെ മെത്രാന്മാരായ നാമും നമ്മുടെ പിൻഗാമികളും—നീതിപൂർവകവും കാനോനികവുമായ എല്ലാ കാര്യങ്ങളിലും പൂർണ്ണഹൃദയത്തോടെ അനുസരിക്കുന്നതാണ്. മഹാരാജാവായ യസ്ദ്ഗേർദിൽ നിന്ന് ഇക്കാര്യം സംബന്ധിച്ച് നമുക്ക് കല്പനയും കിട്ടിയിട്ടുണ്ട്.

**കാനൻ 13**

സഭാശുശ്രൂഷകരം, വിശുദ്ധരഹസ്യങ്ങരം, നമ്മുടെ രക്ഷകന്റെ മഹനീയ തിരുനാളുകരം എന്നിവ സംബന്ധിച്ചുള്ള കാനോനാകളും നിയമങ്ങളും:



എപ്പിസ്ക്കോപ്പാമാരായ ഇസഹാക്കും മാറൂഥായും നമ്മെ പഠിപ്പിച്ചതുപോലെയും ഈ സെലൂഷ്യാ ദേവാലയത്തിൽ അർപ്പിക്കുന്നതായി നാം കണ്ടതുപോലെയും പാശ്ചാത്യ ലിററർജി ഒന്നിച്ച് നാമെല്ലാവരും ഇപ്പോഠ മുതൽ പരികർമ്മം ചെയ്യണം. ഇവിടുത്തേതുപോലെ എല്ലാ പട്ടണങ്ങളിലും ഡീക്കന്മാർ കാറോസൂസാ പ്രാർത്ഥനയും ചൊല്ലണം. വിശുദ്ധ ഗ്രന്ഥവായനയും അപ്രകാരം തന്നെ നടത്തണം. എല്ലാ പള്ളികളിലും ഏക ബലിപീഠത്തിൽ പരിശുദ്ധവും പരിപാവനവുമായ ബലി അർപ്പിക്കപ്പെടണം. പുരാതന രീതി മേലിൽ നമ്മുടെ ഇടയിൽ ഉണ്ടായിരിക്കാൻ പാടില്ല. ആരും ഭവനങ്ങളിൽ കർബാന അർപ്പിക്കാൻ പാടില്ല. —സെലൂഷ്യാ സ്റ്റെസിഫണിലെ ആർച്ചുബിഷപ്പും കാതോലിക്കായുമായ മെത്രാപ്പോലീത്താ നമ്മെ അറിയിക്കുന്നതുപോലെ ഒരുപോലെ നാമെല്ലാവരും നമ്മുടെ കർത്താവിന്റെ ദനഹാ തിരുനാളും നമ്മുടെ കർത്താവിന്റെ ഉത്ഥാനത്തിന്റെ മഹാദിവസവും ആചരിക്കണം. തന്റെ സഭയിലും തന്റെ ജനങ്ങളുടെ ഇടയിലും, പൗരസ്ത്യവും പാശ്ചാത്യവുമായ സഭകളോടൈക്യമില്ലാതെ തനിയെ യൽദാപ്പെരുനാളും, നോമ്പും, പെസഹാ തിരുനാളും ആചരിക്കുന്നവർ, ദുഷിച്ചവർ എന്ന രീതിയിൽ, കാരുണ്യം കൂടാതെ, എല്ലാ സഭാ ശുശ്രൂഷകളിൽനിന്നും പുറന്തള്ളപ്പെട്ടവരായിരിക്കും; അവർക്ക് ഒരു ചികിത്സയുമില്ല.

കാനൻ 14

**കോറെപ്പിസ്ക്കോപ്പാമാരെപ്പററി:**

ഒരു മെത്രാന് ഒന്നിലധികം കോറെപ്പിസ്കോപ്പാമാർ ഉണ്ടായിരിക്കുക എന്ന ക്രമരാഹിത്യം തുടരരുത്. ഓരോ മെത്രാനും ഓരോ കോറെപ്പിസ്ക്കോപ്പാ മതിയാകും. കൂടുതൽ പേരുള്ളിടത്ത് അവരുടെ സ്ഥാനം പിൻവലിക്കണം.

കാനൻ 15

**ആർച്ചുഡീക്കന്റെ തെരഞ്ഞെടുപ്പ് സംബന്ധിച്ച്: അയാളുടെ ശുശ്രൂഷയും ഭരണവും സംബന്ധിച്ചുള്ള ക്രമീകരണങ്ങരം എന്നിവയെക്കുറിച്ച്: ഇക്കോണോമൂസിനെക്കുറിച്ച്: വിധേയത്വത്തിന് കൂട്ടാക്കാത്തവരെ തിരുത്തുന്നതിനെക്കുറിച്ച്:**

www.malankaralibrary.com



ഓരോ മെത്രാനും തൻെറ പട്ടണത്തിൽ ഓരോ ആർച്ച്ഡീക്കനുണ്ടായിരിക്കണം. അയാൾ വാക്ചാതുരി ഉള്ളവനും പ്രബോധനങ്ങളിൽ പാണ്ഡിത്യം ഉള്ളവനും ആയിരിക്കണം. അവൻ ദരിദ്രരെ സംരക്ഷിക്കുന്നവനും പരദേശികളെ സൽക്കരിക്കുന്നവനും ആയിരിക്കണം. സഭാശുശ്രൂഷസംബന്ധിച്ചുള്ള എല്ലാ സംഗതികളും നിയന്ത്രിക്കുകയും ക്രമീകരിക്കുകയും ചെയ്യുന്നതിന് കഴിവുള്ളവനുമായിരിക്കണം. ഞായറാഴ്ച ദിവസം, മെത്രാൻെറ സാന്നിധ്യത്തിൽ ബേമായിൽ നിന്നുകൊണ്ട് ഡീക്കൻെറ കാറോസൂസ ചൊല്ലുന്നതും സുവിശേഷം വായിക്കുന്നതും ആർച്ച്ഡീക്കനാണ്. അയാൾ സഭാശുശ്രൂഷ സംബന്ധിച്ച സർവ്വ സംഗതികളും ക്രമീകരിക്കുന്നു. മെത്രാൻെറ കൈയായും നാവായും അയാൾ വർത്തിക്കുന്നു. മെത്രാനെ അയാൾ ബഹുമാനിക്കണം. മെത്രാൻെറ രഹസ്യമായ ആഗ്രഹങ്ങൾ അയാൾ പരസ്യമായി അറിയിക്കുന്നു. വൈദികർക്ക് ഇരിപ്പിടം ക്രമീകരിച്ചുകൊടുക്കുന്നതു് അയാളാണ്. മെത്രാൻ, തൻെറ സിംഹാസനത്തിലിരിക്കുമ്പോൾ ക്രമമനുസരിച്ച് ഡീക്കൻമാരിൽ ഒന്നാമനായി ആർച്ച്ഡീക്കൻ വർത്തിക്കുന്നു. ശുശ്രൂഷാവസരം അയാൾ സബ്ഡീക്കൻമാരെ വാതിൽക്കൽ നിറുത്തുന്നു — നമ്മുടെ ഇടയിൽ അവർ 'പിശാചിനെ ഓടിക്കുന്നവർ' എന്നറിയപ്പെടുന്നു. — വായനക്കാർക്ക് വായിക്കുവാനുള്ള പുസ്തകങ്ങൾ അയാൾ നൽകുന്നു. മാമോദീസായ്ക്കും മദ്ബഹായിലെ ശുശ്രൂഷയ്ക്കും പള്ളിയിലെ വെടിപ്പിനും അലങ്കാരത്തിനും മററുമായി വൈദികർക്കും, ഡീക്കൻമാർക്കും സബ്ഡീക്കൻമാർക്കും ആഴ്ചതിരിച്ചുകൊടുക്കുന്നതും അയാളാണ്.

മെത്രാനുള്ള എല്ലാ പള്ളികളിലും ഇപ്രകാരമായിരിക്കണം ക്രമീകരണം. ആഴ്ചശുശ്രൂഷകൾക്കായി തെരഞ്ഞെടുക്കപ്പെടുന്നവർ പള്ളികൊണ്ടുപജീവനം കഴിക്കണം; 'ദിയാക്കോണിയത്തിൽ' തന്നെ താമസിക്കണം. എല്ലാ പള്ളികളിലും എല്ലാ പട്ടണങ്ങളിലും ഇപ്രകാരമായിരിക്കണം പങ്കിട്ടുകൊടുക്കേണ്ടതു്.

പള്ളിയിലെ ധനശേഖരണവും വരവിനവും സംബന്ധിച്ച്: വിശ്വസ്തനായ ഒരു എക്കൊണോമൂസിനെ അതു്



ഏല്പിക്കണം. ഇപ്പോൾ മുതൽ ഇപ്രകാരമായിരിക്കണം നിയമം. ധനകാര്യമുറിയുടെ താക്കോൽ ബലിപീഠത്തിൽ വയ്ക്കണം. എക്കൊണോമൂസ് ആകുന്നയാൾ അതു് അവിടെ നിന്നെടുക്കണം. ആ ജോലി വിട്ടുപിരിയുമ്പോൾ അഥവാ അതു് വിട്ടിട്ട് പോകാൻ മെത്രാൻ ആവശ്യപ്പെടുമ്പോൾ, താക്കോൽ അൾത്താരയിൽ കൊണ്ടുവച്ചിട്ടു പോകണം. അവൻ അർഹിക്കുന്നതുപോലെ വിശുദ്ധ ബലിപീഠത്തിൽ നിന്നു് നന്മയോ തിന്മയോ അവൻ സ്വീകരിക്കട്ടെ.

പട്ടണത്തിലെ വൈദികർ ഗൗരവമായ രോഗാവസ്ഥയിലല്ലെങ്കിൽ തങ്ങളുടെ സഹോദരങ്ങളോടുകൂടി പ്രാർത്ഥനാവസരം തങ്ങളുടെ ഇരിപ്പിടങ്ങളിലോ, കുർബാനാവസരം മദ്ബഹായിലോ സന്നിഹിതരാകാതിരുന്നാൽ തങ്ങളുടെ സ്ഥാനത്തുനിന്നു് ഭ്രഷ്ടരാക്കപ്പെടണം. മെത്രാൻ സന്നിഹിതനാകാതിരിക്കുമ്പോൾ, കുർബാന അർപ്പിക്കേണ്ട വൈദികനെ നിർദ്ദേശിക്കുന്നതു് ആർച്ച്ഡീക്കനാണ്. മെത്രാൻ സന്നിഹിതനാണെങ്കിൽ, അദ്ദേഹത്തിനിഷ്ടമുള്ളയാളെ നിർദ്ദേശിക്കാം.

ഡീക്കന്മാരെ സംബന്ധിച്ചും ഇപ്രകാരം തന്നെ. പട്ടണത്തിലെ ഡീക്കന്മാർ, ഗൗരവമായ രോഗാവസ്ഥയിലല്ലെങ്കിൽ, ഡീക്കന്മാരുടെ ഗണത്തിൽ ജനങ്ങളുടെ കൂടെ പ്രാർത്ഥനാ സമയങ്ങളിൽ സന്നിഹിതരായിരിക്കണം. പുസ്തകമെടുത്തു് ബേമായിൽ കയറി വായിക്കാൻ ആർച്ച്ഡീക്കനിൽനിന്നു് നിർദ്ദേശം കിട്ടുമ്പോൾ വായിച്ച ശേഷം, രോഗാവസ്ഥയിലല്ലെങ്കിൽ, ജനങ്ങളെ വിട്ട് വിശ്രമിക്കാനായി ഡിയാക്കോണിയത്തിൻെറ ഉള്ളിലേക്കു് പോകാൻ പാടില്ല. പിന്നെയോ ബാക്കിയുള്ള സമയം മററുള്ളവരോടുകൂടി തൻെറ സ്ഥാനത്തു തന്നെ നില്ക്കേണ്ടതാണ്. ഈ നിശ്ചയങ്ങൾ ലംഘിക്കുന്ന ഡീക്കന്മാരെ ശരിയായ രീതിയിൽ ആർച്ച്ഡീക്കനു ശിക്ഷിക്കാവുന്നതാണ്.

സബ്ഡീക്കന്മാരെ സംബന്ധിച്ചും ഇപ്രകാരം തന്നെ. രോഗാവസ്ഥയിലായിരിക്കുകയോ യാത്രയിലായിരിക്കുകയോ മറെറന്തെങ്കിലും തടസ്സമുണ്ടായിരിക്കുകയോ ചെയ്യാതെ

www.malankaralibrary.com



പ്രാർത്ഥനാവസരം പള്ളിയിൽ കാണാതിരിക്കുകയോ സങ്കീർത്തനങ്ങൾക്ക് സന്നിഹിതനാകാതിരിക്കുകയോ, പ്രാർത്ഥനാവസരം പള്ളിയുടെ വാതിൽക്കൽ ജാഗരണം നോക്കാതിരിക്കുകയോ ചെയ്യുന്നവർ പുറന്തള്ളപ്പെടണം. കാരണം ഈ അശ്രദ്ധ കൂടുതൽ പേരെ വഴിതെറ്റിക്കാൻ പാടില്ല.

ഈ നിയമങ്ങളനുസരിച്ച് ഓരോരുത്തരെയും ചോദ്യം ചെയ്യാനും അന്വേഷണം നടത്താനും ആർച്ചുഡീക്കന് അധികാരമുണ്ട്. അയാളുടെ അനുവാദംകൂടാതെ വൈദികരും, ഡീക്കന്മാരും സബ്ഡീക്കന്മാരും ഗ്രാമപ്രദേശങ്ങളിലേക്കു പോകാൻ പാടില്ല. ആർച്ചുഡീക്കന് വളരെയധികം ശ്രദ്ധയാവശ്യമാണ്. മറ്റുള്ളവർക്ക് സന്മാതൃക ആയിരിക്കത്തക്ക രീതിയിൽ തീക്ഷ്ണതയോടും താല്പര്യത്തോടും കൂടെ മിശിഹായുടെ സഭയിൽ അവൻ ശുശ്രൂഷ നിർവഹിക്കണം. കാരണം തന്റെ വാക്കുകൾ കൊണ്ടും പ്രബോധനം കൊണ്ടും അയാൾ സഭയുടെ വിളക്കും മെത്രാന്റെ മുമ്പാകെ പ്രകാശവുമായിരിക്കണം.

പ്രായമുള്ള ഒരു വൈദികൻ സന്നിഹിതനായിരിക്കുമ്പോൾ പ്രായം കുറഞ്ഞ ഒരു വൈദികൻ കുർബാനയർപ്പിക്കാൻ പാടില്ല എന്ന പുരാതന രീതി ഇപ്പോൾ നിലവിലില്ല. ഇക്കാരണത്താൽ ചെറുപ്പക്കാർക്കു വഴിമാറിക്കൊടുക്കുന്ന എന്ന വ്യാജേന എല്ലാ വൈദികരും ഡീക്കന്മാരും സ്ഥലം വിടുന്നു. അനുവാദം ലഭിച്ചാൽ മെത്രാനേക്കാൾ പ്രായം കുറഞ്ഞ വൈദികനും മെത്രാന്റെ സന്നിധിയിൽ ബലിയർപ്പിക്കാവുന്നതാണ്.

മെത്രാന്റെ അഭാവത്തിൽ, പ്രായമുള്ളവനോ ചെറുപ്പക്കാരനോ ആയ ഒരു വൈദികൻ ബലിയർപ്പിച്ചുകൊണ്ടിരിക്കുമ്പോൾ വൈദികരും ഡീക്കന്മാരും മദ്ബഹായിൽ നിന്നിറങ്ങിപ്പോകാൻ പാടില്ല എന്നു മാത്രം. 'ഓരോരുത്തനും തന്റെ സഹോദരനെ, തന്നെക്കാൾ, ശ്രേഷ്ഠനെന്നു കരുതണം' എന്ന് ഭാഗ്യവാനായ പൗലോസ് പറഞ്ഞതനുസരിച്ച് (ഫിലി. 2:3) എല്ലാവരും പരസ്പരം ബഹുമാനിക്കണം.



കാനൻ 16

വിളിക്കപ്പെടുകയും കൈവയ്പ് സ്വീകരിക്കാനായി അടുത്തുവരുകയും ചെയ്യുന്ന വൈദികസ്ഥാനികളെ സംബന്ധിച്ച് പാലിക്കേണ്ട നിയമം:

വിശുദ്ധ ഗ്രന്ഥപ്രബോധനമറിവില്ലാത്തവരും പ്രായം കുറഞ്ഞവരുമായ യുവാക്കന്മാർ വളരെ എളുപ്പത്തിലും ധൃതി പിടിച്ചും കൈവയ്പ് സ്വീകരിക്കുന്ന എന്ന ഒരു കുറ്റകരവും അയഞ്ഞതുമായ രീതിയുണ്ട്; അതു പ്രശ്നമുണ്ടാക്കുന്നുണ്ട്. സിനഡിന്റെ തീരുമാനവുമായി യോജിച്ചുകൊണ്ടും[1] പരിധിവച്ചുകൊണ്ടും മുപ്പതുവയസ്സിൽ താഴെയുള്ളവർക്ക് മേലിൽ വൈദിക പട്ടം നൽകാൻപാടില്ല എന്ന് ഞങ്ങൾ തീരുമാനിക്കുന്നു.

സാധാരണ സ്ഥലങ്ങളിൽവച്ച് വൈദികർക്കോ ഡീക്കന്മാർക്കോ പട്ടം കൊടുക്കാൻ പാടില്ല. പിന്നെയോ പള്ളികളിലും ആശ്രമങ്ങളിലും ബലിപീഠത്തിന്റെ മുൻപിൽവച്ച് വി. കുർബാന അർപ്പിക്കുമ്പോൾ മാത്രം നൽകണം. പ്രബോധനങ്ങൾ അറിവില്ലാത്തവനും ദാവീദിന്റെ സങ്കീർത്തനങ്ങൾ മനഃപാഠം ഹൃദിസ്ഥമാക്കി ചൊല്ലാൻ കഴിവില്ലാത്തവനുമായ വ്യക്തി സബ് ഡീക്കനാകാൻപോലും പാടില്ല. സങ്കീർത്തനങ്ങൾ മുഴുവൻ മനഃപാഠം ചൊല്ലുന്നതുവരെ അവനെ സ്വീകരിക്കരുത്. ഈ അശ്രദ്ധ മൂലം പള്ളികളിൽ അന്ധകാരം കയറിപ്പററിയിരിക്കുന്നു. ഇവ അറിയാൻ പാടില്ലാത്ത ആരെങ്കിലും ഏതെങ്കിലും കാരണത്താൽ വൈദികനോ ഡീക്കനോ ആയി നേരത്തെ പട്ടം സ്വീകരിച്ചിട്ടുണ്ടെങ്കിൽ അവൻ ധ്യാനിച്ചു പഠിക്കട്ടെ; കാരണം, തങ്ങളുടെ പ്രബോധനങ്ങളിലും പ്രഘോഷണങ്ങളിലും മിശിഹായുടെ ശുശ്രൂഷകർ അജ്ഞരായ അൽമായരെ അനുകരിക്കുന്നവരാകരുത്.

കാനൻ 17

ഈ കാനോനാകൾ അനുസരിക്കുന്നതിനെ സംബന്ധിച്ച് മെത്രാന്മാരുണ്ടാക്കിയ ഉടമ്പടിയും വ്യവസ്ഥയും. ഇവ അനുസരിക്കാത്ത നിന്ദകർക്കെതിരെ പാസാക്കിയ താക്കീത്:

1. നിഖ്യ കാനൻ, 2.9; നെയോ ചെസാറിയ, 11

www.malankaralibrary.com



വിജയശ്രീലാളിതനും വിശ്വവിഖ്യാതനുമായ യസ്ദ്ഗേർദ് മഹാരാജാവിന്റെ കല്പനയാൽ വിവിധസ്ഥലങ്ങളിൽ നിന്ന് ഇവിടെ ഒന്നിച്ചുകൂടിയിരിക്കുന്ന മെത്രാന്മാരായ നാം എല്ലാവരും എല്ലാ സംഗതികളും അംഗീകരിച്ചു: ആദ്യമായി നമ്മുടെ പിതാവും നേതാവും എപ്പിസ്കോപ്പായും മെത്രാപ്പോലീത്തായും കാതോലിക്കായും ആർച്ചുബിഷപ്പുമായ മാർ ഇസഹാക്ക്; അതുപോലെ നാമെല്ലാവരും —ഈ കല്പനകൾ ലംഘിക്കുന്നവന്റെ മേൽ ദൈവത്തിന്റെ അഗ്നി ഇറങ്ങട്ടെ. ദൈവകോപം അവന്റെ മേൽ വസിക്കട്ടെ. ലോകത്തിന്റെ നാലു ഭാഗങ്ങളിലുമുള്ള, മിശിഹായുടെ സഭ മുഴുവനിലും അവൻ ശപിക്കപ്പെട്ടവനും ഭ്രഷ്ടനുമായിരിക്കട്ടെ.

പ്രാചീന പതിവുകൊണ്ട് മുമ്പുണ്ടായിട്ടുള്ള കുഴപ്പം നിമിത്തം പൗരസ്ത്യ സഭകളുടെയും മെത്രാന്മാരുടെയും നവീകരണത്തിനുവേണ്ടി ഈ ചട്ടങ്ങളെല്ലാം വരുംതലമുറകൾക്കായി ഇപ്രകാരം എഴുതി രേഖപ്പെടുത്തേണ്ടത് ആവശ്യമായിരുന്നു. ഇപ്പോൾ മുതൽ മേലിൽ ഈ പ്രാചീന കലക്കത്തിന് ഒരു സ്ഥാനവുമില്ല. അതുകൊണ്ട് ഇപ്പോഴത്തെ മെത്രാന്മാരുടെ പേരുകളും സിനഡിന്റെ കല്പനയാൽ അവർക്കു ലഭിച്ചതും അവർക്കുണ്ടായിരുന്നതുമായ അധികാരവും രേഖപ്പെടുത്തുന്നു. അവരുടെ പിൻഗാമികൾക്കും ഈ തീരുമാനം ബാധകമായിരിക്കും.

ഈ കാനൻ ലംഘിക്കാൻ മുതിരുന്നവർക്ക് മുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന ശാപവും നീക്കലും മഹാരാജാവിന്റെ ശിക്ഷയും ഉണ്ടായിരിക്കും. സഭയുടെ ശരിയായ ക്രമീകരണം അംഗീകരിക്കുന്ന മറ്റൊരാളെ അയാളുടെ സ്ഥാനത്തു നിയമിക്കാൻ സെലൂഷ്യാസ്സെസിഫണിലെ എപ്പിസ്കോപ്പായ്ക്ക് പൂർണ്ണ സ്വാതന്ത്ര്യം ഉണ്ടായിരിക്കും. എന്നാൽ ഈ എപ്പിസ്കോപ്പാ-മെത്രാപ്പോലീത്താ തനിയെ അപ്രകാരം ചെയ്യാൻ പാടില്ല, പിന്നെയോ അഞ്ചു മെത്രാന്മാർ— കുറഞ്ഞതു മൂന്നു പേരെങ്കിലും അദ്ദേഹത്തോടുകൂടെ ഉണ്ടായിരിക്കണം. —സഭയുടെ അംഗീകാരത്തിനു യോഗ്യനാണെന്ന് തെളിയിക്കുകയും മുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന കാനോനകളനുസരിച്ച് ഭരിക്കയും ചെയ്യുന്ന മെത്രാന് എല്ലാ പള്ളികളിലും മിശിഹായുടെ സഭ



മുഴുവനിലും നല്ല അനുസ്മരണമുണ്ടായിരിക്കും; കടന്നുപോകാത്ത രാജ്യത്തിൽ അവൻ മഹത്വം പ്രാപിക്കും; അവൻ ജീവൻ സമ്പാദിക്കും; വിശ്വസ്തതാപൂർവം ശുശ്രൂഷിക്കുകയും സ്വർഗരാജ്യത്തിൽ വലിയ ആത്മവിശ്വാസത്തോടുകൂടെ നല്ല സ്ഥാനം നേടുകയും ചെയ്യുവരോടുകൂടെ അവൻ പ്രതിഫലം പ്രാപിക്കുകയും ചെയ്യട്ടെ.

കാനൻ 18

മെത്രാപ്പോലീത്താമാരുടെ മുൻഗണന സംബന്ധിച്ച്; അവരുടെ കീഴിലുള്ള മെത്രാന്മാർ അവരോടു കടപ്പെട്ടിരിക്കുന്നവ സംബന്ധിച്ച്;

അധികാരികൾ സ്ഥിരീകരിക്കപ്പെട്ട പട്ടണങ്ങളുടെ പേരുകൾ; മെത്രാന്മാരെ ഓരോരുത്തരെ പ്രത്യേകമായി നിയമിച്ചുറപ്പിച്ചിട്ടുള്ള പട്ടണങ്ങളുടെ പേരുകൾ[1]. മെത്രാൻ തലവനായുള്ള പ്രശസ്ത നഗരങ്ങൾ. മററുള്ളവരുടെ മേൽ അധികാരമുള്ള മെത്രാൻ അവരെ സഹായിക്കുകയും എല്ലാ ന്യായമായ കാര്യങ്ങളിലും അവരെ പ്രോത്സാഹിപ്പിക്കുകയും വേണം. അവരുടെ ഇടയിൽ എന്തെങ്കിലും തർക്കമുണ്ടായാൽ, അധികാരത്തിന്റെ ശക്തി ഉപയോഗിച്ചല്ല, സ്നേഹപൂർണ്ണമായ ഉപദേശംകൊണ്ട് അവരെ രമ്യപ്പെടുത്തണം.

തങ്ങളുടെ സ്വന്തം രൂപതകളിലോ പട്ടണങ്ങളിലോ വൈദികരെയും ഡീക്കൻമാരെയും വാഴിക്കുന്നതിനും, പ്രസംഗിക്കുന്നതിനും, പള്ളികൾ പണിയുന്നതിനും തനിക്കിഷ്ടമുള്ള മഹനീയ കാര്യങ്ങൾ ചെയ്യുന്നതിനും ഓരോ മെത്രാനും അധികാരമുണ്ടായിരിക്കും. ഓരോരുത്തനും തന്റെ സഹപ്രവർത്തകനു സന്മാതൃകയായിരിക്കണം. വിവിധ സ്ഥലങ്ങളിലുള്ള സഹോദര മെത്രാന്മാരുടെമേൽ നിയമിതനായിരിക്കുന്ന എപ്പിസ്കോപ്പാ-മെത്രാപ്പോലീത്തായുടെ സ്ഥാനത്തെ അവർ ബഹുമാനിക്കണം; തന്റെ ഭരണാധികാരത്തിൻകീഴിലുള്ള സമീപ പ്രദേശങ്ങളിലെ മെത്രാന്മാരുടെ ഇടയിൽ സംഭവിക്കുന്ന എല്ലാ കാര്യങ്ങളെക്കുറിച്ചും അദ്ദേഹം വലിയ മെത്രാപ്പോലീത്തായ്ക്ക് എഴുതിക്കൊണ്ടിരിക്കണം. രണ്ടു മെത്രാന്മാർ തമ്മിലോ,

1. ഇത് കാനൻ 21 ന്റെ തലക്കെട്ടാണെന്ന് തോന്നുന്നു.

www.malankaralibrary.com



മെത്രാനും വൈദികനും തമ്മിലോ, ഒരു ഡീക്കനും തന്റെ മെത്രാനും തമ്മിലോ തർക്കം ഉണ്ടാകുകയാണെങ്കിൽ, നിയമങ്ങളനുസരിച്ച് ഏതെങ്കിലും മെത്രാൻ സഭാശുശ്രൂഷ ചെയ്യാതിരുന്നാൽ, അവരുടെമേൽ ചുമതലക്കാരനായി നിയമിതനായിരിക്കുന്ന മെത്രാപ്പോലീത്താ വലിയ സിനഡിലെ കാനോനാകൾക്കനുസൃതം സ്നേഹത്തോടും വിവേകത്തോടും കരുണയോടുംകൂടെ ഇടപെടണം. എന്നാൽ ഏതെങ്കിലും സംഗതി സമാധാനപരമായി തീർക്കാൻ കഴിയാതെ വരികയും തന്റെ പരിധിക്കപ്പുറത്തായി കാണുകയും ചെയ്താൽ വലിയ മെത്രാപ്പോലീത്തായെ അദ്ദേഹം എഴുതി അറിയിക്കണം; അങ്ങനെ അദ്ദേഹത്തിനു കുറ്റം ഒഴിവാക്കാം. പ്രശ്നം പരിഹരിച്ച് പരിപക്വമായ തീർപ്പു കല്പിക്കുക കാതോലിക്കോസിന്റെ ചുമതലയാണ്.

കാനൻ 19

സ്വേച്ഛാധിപത്യപരമായി പ്രവർത്തിക്കാൻ മെത്രാന് അനുവാദമില്ല; തന്റെ സഹപ്രവർത്തകരായ മെത്രാന്മാരോട് അക്രമം കാട്ടുവാനും പാടില്ല.

തന്റെ കീഴിലുള്ള മെത്രാന്മാരുടെ രൂപതാഭരണത്തിൽ അതിക്രമിച്ചുകടക്കാനോ അധികാരം പ്രയോഗിക്കാനോ മെത്രാപ്പോലീത്തായ്ക്കു് അനുവാദമില്ല; അതുപോലെ നിർബന്ധിച്ച് എന്തെങ്കിലും ചെയ്യിക്കാനായി എഴുതാനും പാടില്ല. പിന്നെയോ, അദ്ദേഹത്തെ പ്രേരിപ്പിക്കാം എന്ന പ്രതീക്ഷയിൽ, കേട്ട ആരോപണവിഷയം സംബന്ധിച്ച് തന്റെ രൂപതയിൽനിന്ന് സ്ഥലത്തെ മെത്രാന് എഴുതുകയാണ് വേണ്ടതു്. അല്ലെങ്കിൽ വലിയ മെത്രാപ്പോലീത്തായെ അറിയിക്കുക; മെത്രാന് എഴുതിയാലും ഇപ്രകാരം ചെയ്യാവുന്നതാണ്. — രക്തസാക്ഷികളുടെ ഓർമദിവസം, സ്ഥലത്തെ മെത്രാന് ഇഷ്ടമാണെങ്കിൽ, തന്റെ മേലുള്ള മെത്രാപ്പോലീത്തായോട് വന്നു പങ്കെടുക്കാൻ ആവശ്യപ്പെടാവുന്നതാണ്. തന്റെ അധികാരിയായ മെത്രാനെ ബഹുമാനിക്കുക ഓരോ മെത്രാന്റെയും കടമയാണ്.

കാനൻ 20

തങ്ങളുടെ അധികാരത്തിൻ കീഴിലുള്ള മെത്രാന്മാരുടെ തെരഞ്ഞെടുപ്പും കൈവയ്പ്പും സംബന്ധിച്ച് മെത്രാപ്പോലീത്താ പാലിക്കേണ്ടവയെ കുറിച്ച്:



തന്റെ അധികാരത്തിൻ കീഴിലുള്ള ഒരു രൂപതയിലെ മെത്രാൻ മരിക്കുമ്പോൾ മെത്രാപ്പോലീത്താ മറ്റു മെത്രാന്മാരെ വിളിച്ചുകൂട്ടി ആ രൂപതയിലേക്ക് ഒരു മെത്രാനെ വാഴിക്കണം. പട്ടം കൊടുത്തശേഷം ഒരു കത്തോടുകൂടി മെത്രാപ്പോലീത്താ അദ്ദേഹത്തെ വലിയ മെത്രാപ്പോലീത്തായുടെ പക്കലേക്ക് അംഗീകാരത്തിനായി അയയ്ക്കണം. ഇവയല്ലാതെ മെത്രാപ്പോലീത്തായ്ക്കു് തന്റെ കീഴിൽ വയ്ക്കപ്പെട്ടിരിക്കുന്ന മെത്രാന്മാരുടെ മേൽ അധികാരം ഉണ്ടായിരിക്കുന്നതല്ല; ദുരാഗ്രഹം കൊണ്ടോ ഭോജനപ്രിയംകൊണ്ടോ എന്തെങ്കിലും കൊടുക്കാനോ വാങ്ങാനോ അവരെ നിർബന്ധിക്കാൻ പാടില്ല.

കാനൻ 21

പ്രോവിൻസുകളുടെയും മെത്രാപ്പോലീത്തൻ സിംഹാസനങ്ങളുടെയും ഒന്നിനുപിറകെ ഒന്നായി അവയുടെ കീഴിലുള്ള മെത്രാന്മാരുടെയും ക്രമവും ബഹുമാനസ്ഥാനവും സംബന്ധിച്ച്:

ഒന്നിനു പിറകെ ഒന്നായി പ്രധാന നഗരങ്ങളിലെ മെത്രാന്മാരുടെയും മെത്രാപ്പോലീത്തൻ സിംഹാസനങ്ങളുടെയും അവയുടെ കീഴിലുള്ള മെത്രാന്മാരുടെയും പേരുകൾ ഈ ഡിക്രീയിൽ രേഖപ്പെടുത്തിയിരിക്കുന്നു. പട്ടണത്തിന്റെ വലിപ്പമനുസരിച്ച് രൂപതയും ബഹുമാനിക്കപ്പെടുന്നു. മെത്രാന്മാർ പുറംതള്ളപ്പെടുകയും നീക്കപ്പെടുകയും ചെയ്യേണ്ട പട്ടണങ്ങളിലെ രൂപതകളിലെല്ലാം കുഴപ്പവും കലക്കവും നിലനിൽക്കുന്നുണ്ട്. ഒരു അഗപ്തായും മാറായും അടുത്തുതന്നെ ഇവിടെ ഉണ്ടായിരുന്നു. ബേത് ലാപാതിലും കർകായിലും, മെത്രാന്മാർ... അഗപ്താ, മാറാ, ബർശബ്ബ്താ, ശീലാസ്; അവർക്ക് നിരർത്ഥകമായ പട്ടം കൊടുക്കാൻ അവർ ചങ്കൂറ്റം കാണിച്ചു. അവരിലോരോരുത്തനും സ്വന്തം നേട്ടത്തിനായി അധികാരം പിടിച്ചെടുക്കാൻ ശ്രമിക്കുന്നു. ഈ കലക്കത്തിൽ അൽമായരും വലിച്ചിഴക്കപ്പെട്ടിരിക്കുന്നു. കാരണം, ഓരോ വിഭാഗവും വ്യർത്ഥാഭിമാനത്താൽ ആളുകളെ വലിച്ചടുപ്പിക്കുന്നു. ഇക്കാരണത്താൽ ഒന്നിനുപുറകേ ഒന്നായി ഓരോ രൂപതയും വേർതിരിച്ച് അറിയിക്കുന്നതു് ആവശ്യമാണ്.

ബേത് ലാപാത്, കർക്കാ എന്നിവിടങ്ങളിലെ മെത്രാന്മാരെ സംബന്ധിച്ച് സിനഡ് ഇപ്രകാരം തീരുമാനിക്കുന്നു:

www.malankaralibrary.com



അവർ തങ്ങളുടെ സഭയും സമൂഹവുംകൊണ്ട് തൃപ്തിപ്പെടണം; അവരിലാർക്കും മററാളുകളുടെ മേൽ അധികാരമില്ല. അവരുടെ മരണം വരെ അവർ പട്ടണത്തിലോ ഗ്രാമങ്ങളിലോ, വൈദികരെയോ ഡീക്കന്മാരെയോ വാഴിക്കാൻ പാടില്ല. മെത്രാന്മാരെ സംബന്ധിച്ച്, ഇവിടെ മുകളിൽ പ്രഖ്യാപിക്കപ്പെട്ട മെത്രാന്മാർക്കെതിരെ അവർ പ്രവർത്തിച്ചു കൂടാ. ശാപത്തിൻ കീഴിലാണ് ഈ തീരുമാനം പാസാക്കിയിരിക്കുന്നത്.

പട്ടണത്തിന്റെ ശ്രേഷ്ഠത അനുസരിച്ച് ബഹുമാനിക്കപ്പെടുകയും ഒന്നിനു പിറകെ ഒന്നായി പേരുപറയുകയും ചെയ്യുന്ന സിംഹാസനങ്ങളാ: ഏതു രൂപതയിലെ മെത്രാനായാലും പ്രായ പരിഗണനകൂടാതെ ആ രൂപതയിലെയും ആ പട്ടണത്തിലെയു ബഹുമാനം പ്രാപിക്കുന്നു.

ഒന്നാമത്തേയും പ്രധാനപ്പെട്ടതുമായ സിംഹാസനം സെലൂഷ്യാ—സ്റെറസിഫണിലേതാണ്: ആ സിംഹാസനത്തിലെ മെത്രാൻ വലിയ മെത്രാപ്പോലീത്തായും എല്ലാ മെത്രാന്മാരുടെയും പ്രധാനിയുമായിരിക്കും. കശ്കാറിലെ മെത്രാൻ ഈ മെത്രാപ്പോലീത്തായുടെ അധികാരത്തിൽ ഉൾപ്പെട്ടിരിക്കുന്നു. അയാൾ അദ്ദേഹത്തിന്റെ വലതുകൈയും ശുശ്രൂഷകനുമാണ്. കശ്കാർ മെത്രാൻ മരിക്കുമ്പോൾ അദ്ദേഹം ആ രൂപത ഭരിക്കും. സെലൂഷ്യാസ്റ്റെസിഫൺ സിംഹാസനത്തിലെ ഈ വലിയ മെത്രാപ്പോലീത്തായുടെ അധികാരത്തിൻ കീഴിലാണ് ആ പ്രോവിൻസിലെ മെത്രാപ്പോലീത്താ.

അതിനുശേഷം ബേത്—ഹൂസായേയുടെ മെത്രാപ്പോലീസായ ബേത്—ലാപാത് സിംഹാസനമാണ്. മുകളിൽ തീരുമാനിക്കപ്പെട്ട മെത്രാന്മാർ മരിക്കുമ്പോൾ സെലൂഷ്യയിലെ മെത്രാപ്പോലീത്താ വഴിക്കുന്ന ആളായിരിക്കും തന്റെ സഹപ്രവർത്തകരായ മെത്രാന്മാരുടെ മുകളിലുള്ള മെത്രാപ്പോലീത്താ.

അതിനുശേഷം നിസിബിസ് മെത്രാസനമാണ്: അവിടത്തെ മെത്രാൻ, അർസൂൻ, കർദ്ദ, ബേത്—സബ്ദായ്, ബേത്—റാഹീമായ്, ബേത്—മോക്സായെ എന്നീ രൂപതകളുടെയും അവിടെയുള്ള മെത്രാന്മാരുടെയും മെത്രാപ്പോലീത്താ ആയിരിക്കും.



പേരാത്തും മൈശാനുമാണ് പിന്നീടുള്ള മെത്രാസനം; അവിടത്തെ, മെത്രാൻ കർകാ, റീമാ, നെഹർഗുർ എന്നിവിടങ്ങളിലെയും അവിടെയുള്ള മെത്രാന്മാരുടെയും മെത്രാപ്പോലീത്താ ആയിരിക്കും.

അർബേലാണ് അടുത്ത മെത്രാസനം; അവിടത്തെ മെത്രാൻ ബേത്നൂഹദ്രാ, ബേത് ബാഗാശ്, ബേത്ദാസെൻ ബേത് റമോനീൻ, ബേത് മഹ്ക്രത്, ബെറിയാനോസ് എന്നിവിടങ്ങളിലെയും അവിടെയുള്ള മെത്രാന്മാരുടെയും മെത്രാപ്പോലീത്താ ആയിരിക്കും.

അതിനുശേഷം വരുന്ന മെത്രാസനം കർകാ ദ് ബേത് സ്ലോകാണ്; അവിടത്തെ മെത്രാൻ ശെഹർഖർത്, ലാശോം, അരേവാൻ, ദാറാ, ഹർബഗെലാൽ എന്നിവിടങ്ങളിലെ മെത്രാപ്പോലീത്താ ആയിരിക്കും.

ഇപ്പോൾ വിവിധ സ്ഥലങ്ങളിലുള്ള മെത്രാന്മാരുടെയും മെത്രാപ്പോലീത്താമാരുടെയും പേരുകൾ.

മെത്രാപ്പോലീസായ ബേത്ലാപാതിൽ, തന്റെ സഹപ്രവർത്തകരായ മെത്രാപ്പോലീത്താമാരുടെ കൂടെ പേരു് ചേർക്കാൻ സാധിക്കുന്ന മെത്രാനില്ല; കാരണം, രണ്ടോ മൂന്നോ മെത്രാന്മാരുള്ള പട്ടണങ്ങളിലെ മെത്രാന്മാരെ സിനഡ് അംഗീകരിക്കുന്നില്ല. ബേത്ലാപാതിൽ ഒരു മെത്രാൻ മാത്രം ഉണ്ടാകുമ്പോൾ, അദ്ദേഹം കർകാ ദ് ലേദാൻ, ഹൊർമിസ്ദ് അർദഷീർ, ശൂശ്തെർ, സൂസ് എന്നിവിടങ്ങളിലെയും അവിടെയുള്ള മെത്രാന്മാരുടെയും മെത്രാപ്പോലീത്താ ആയിരിക്കും. ഈ മൂന്നു പട്ടണങ്ങളിലെ മെത്രാന്മാരെ ഓരോ പട്ടണത്തിനുമായി ഉറപ്പിക്കുന്നു; യോഹന്നാൻ – ഹൊർമിസ്ദ് അർദഷീർ മെത്രാൻ; അബ്ദീശോ – ശൂശ്തെർ മെത്രാൻ; സൂഖാ – സൂസിലെ മെത്രാൻ.

അടുത്ത മെത്രാപ്പോലീത്താ: ഹോശിയാ – നിസിബിസ് മെത്രാൻ; അദ്ദേഹത്തിന്റെ കീഴിൽ ഉള്ള മെത്രാന്മാർ:, ദാനിയേൽ – അർസൂൻ മെത്രാൻ; ശാമുവേൽ–ബ യ്താമ് ഔസ്ഥാനുവേണ്ടി അർസൂൻ മെത്രാൻ; ദാനിയേൽ – ബേത് മോക്സായേ മെത്രാൻ; അബ്രഹാം – ബേത് റാഹീമായ് മെത്രാൻ.

www.malankaralibrary.com



മൈശാനിലെ മെത്രാപ്പോലീത്താ —ഫേരാതിലെ മെത്രാനായ സബ്ദാ; അദ്ദേഹത്തിന്റെ കീഴിൽ മാറി—കർകാ (ദ് മൈശാനിലെ) മെത്രാൻ; അബ്രഹാം—റീമാ മെത്രാൻ; യോഹന്നാൻ—നെഹർഗൂർ മെത്രാൻ.

ഹെദ്യാബിലെ മെത്രാപ്പോലീത്താ: ദാനിയേൽ—അർബേൽ മെത്രാൻ; അദ്ദേഹത്തിന്റെ കീഴിൽ ഇസഹാക്ക്—ബേത്നൂഹദ്രാ മെത്രാൻ; ബർയാനോസ്—ബേത് ബാഗാശ്ശ് മെത്രാൻ; ആഹാദാബൂയ് — ബേത്ദാസെൻ മെത്രാൻ; അഖ്ബാലാഹാ — റമോനീൻ മെത്രാൻ; നോഹ — റബ്ബ നഹ്സൻ മെത്രാൻ.

ബേത്ഗർമായിലെ മെത്രാപ്പോലീത്താ: അഖ്ബാലാഹ—കർകാ (ദ്ബേത്സ്ലോക്)മെത്രാൻ; മെത്രാന്മാർ; പൗലോസ്—ശർഖർത് മെത്രാൻ; ബാതാ—ലാശോം മെത്രാൻ; യോഹന്നാൻ — അരേവാൻ മെത്രാൻ; നർസെ — ദാറാ മെത്രാൻ; യൗസേഫ്—ഹർബഗെലാൽ മെത്രാൻ.

വിദൂരസ്ഥപ്രദേശങ്ങളായ പേർഷ്യാ, ദ്വീപുകൾ[1] മേദ്യ, ബേത് റിഖായേ എന്നിവിടങ്ങളിലെയും അബ്രാശഹർപ്രദേശങ്ങളിലേയും മെത്രാന്മാർ ഈ കൗൺസിലിന്റെ തീരുമാനങ്ങൾ പിന്നീട് അംഗീകരിക്കേണ്ടതാണ്. അവർ ഇനിയും ആദ്യമായി വരുമ്പോൾ തന്നെ അംഗീകരിച്ച് സ്വന്തം കൈപ്പടയിൽ ഒപ്പിടുകയും ഈ കാനോനകൾ സ്വീകരിക്കയുംവേണം. അർദായ്, തൂറു[2] ദ്വീപുകൾക്കായി വലിയ മെത്രാപ്പോലീത്താ ഒരു മെത്രാനെ വാഴിച്ചു; പൗലോസ് എന്നാണ് അദ്ദേഹത്തിന്റെ പേര്. അദ്ദേഹം ഇവ അംഗീകരിച്ച് തന്റെ സഹപ്രവർത്തകരായ മെത്രാന്മാരോടു കൂടെ ഒപ്പിട്ടിട്ടുണ്ട്.

നേരത്തെ മുടക്കപ്പെട്ട് സ്ഥാനഭ്രഷ്ടനാക്കപ്പെട്ട, മശ്മാഹിഗിലെ ബാതിയെ സിനഡ് വീണ്ടും ശപിച്ച് മുടക്കി ഭ്രഷ്ടനാക്കി സ്ഥാനത്തു നിന്നു നീക്കി. അതുപോലെ അയാളിൽ നിന്നു കൈവയ്പു സ്വീകരിക്കുന്നവരെയും.

അക്രമംകാട്ടി മെത്രാനെന്ന പേരു സ്വീകരിക്കുകയും അനേകരെ ചതിക്കുകയും ചെയ്ത കുഴപ്പക്കാരും ധിക്കാരികളുമായ മററാ

1. ഖത്തർ
2. തോഡൂറ (തോറൂട്ട; താറൂദ്)?



ളുകളെ സംബന്ധിച്ച്: ആകാശത്തിലും ഭൂമിയിലും അവർ ശപിക്കപ്പെട്ടവരും ഭ്രഷ്ടരും ആയിരിക്കും എന്ന് മെത്രാന്മാരുടെ സിനഡ് തീരുമാനിക്കുന്നു. അവരെ സ്വീകരിക്കയോ, അവരോടു സഹകരിക്കയോ, അവരോടൊത്തു പ്രാർത്ഥിക്കുകയോ ഭവനത്തിൽ സ്വീകരിക്കയോ ചെയ്യുന്നവരും ഇപ്രകാരമായിരിക്കും. സഭ മുഴുവനിൽനിന്നും ക്രിസ്തുവിന്റെ അജഗണങ്ങളിൽനിന്നും അവർ തള്ളപ്പെട്ടവരായിരിക്കും. ആകാശത്തിൻ കീഴിൽനിന്നു് അവരുടെ ഓർമ്മ നീങ്ങിപ്പോകട്ടെ. അവർ അനുതാപത്തിന്റെ ഫലങ്ങൾ കാണിക്കുകയും മററുള്ളവരെപ്പോലെ പെരുമാറുകയും മെത്രാപ്പോലീത്തായുടെ അടുത്തുവന്നു് സ്ഥാനത്യാഗം ചെയ്യുന്നു എന്നു് എഴുതിക്കൊടുക്കുകയും അവരോട് പറയുന്നവയെല്ലാം ചെയ്യുകയും ചെയ്താൽ അവരോട് കരുണ കാണിക്കണം.

അവരിലാരെങ്കിലും ഈ തീരുമാനത്തെ എതിർക്കാൻ മുതിർന്നാൽ, അക്കാര്യം രാജാവിനെ ധരിപ്പിക്കണം; അവന് രാജാവിൽ നിന്നും സിനഡിൽ നിന്നും ഉള്ള ശിക്ഷ കിട്ടും. അവനു് മരുന്നില്ല; അവനോടു് ക്ഷമിക്കേണ്ടതുമില്ല.

സിനഡിന്റെ, ശപിച്ചും മുടക്കിയും ഉള്ള കത്തിനുശേഷം അവർ എവിടെയായിരുന്നാലും പ്രത്യേകമായി ശപിക്കപ്പെട്ടവരും മുടക്കപ്പെട്ടവരും സ്ഥാനഭ്രഷ്ടരുമായിരിക്കും. കലഹക്കാരിൽ, ദാനിയേൽ എന്നു പേരുള്ളയാൾ ഇപ്പോൾ സന്നിഹിതനാണ്; ശപിക്കപ്പെട്ട് പുറന്തള്ളപ്പെട്ട ബാതിയിൽ നിന്ന് അയാൾ വ്യർത്ഥമായ കൈവയ്പു സ്വീകരിച്ചിട്ടുണ്ട്. ഈ സിനഡിൽ അയാളെയും ശപിച്ച് സഭാഭ്രഷ്ടനാക്കുന്നു. അയാൾ കുഴപ്പം ഉണ്ടാക്കിയ സ്ഥലത്തു നിന്നു പുറപ്പെട്ടുപോകണം. അവിടെയെങ്ങും അയാളെ കാണാൻ പാടില്ല. ശപിക്കപ്പെട്ട് പുറന്തള്ളപ്പെട്ട് സ്ഥാനഭ്രഷ്ടനാക്കപ്പെട്ട് അയാൾ തന്റെ സ്വന്തം നാട്ടിലേക്കു പോകണം.

കാതോലികവും അപ്പസ്തോലികവുമായ സഭയുടെ സത്യവിശ്വാസമാകുന്ന നേരേയുള്ള പാതയിലൂടെ സഞ്ചരിക്കുന്നവരോടുകൂടെ മിശിഹാകർത്താവിന്റെ സമാധാനം ഉണ്ടായിരിക്കട്ടെ.

www.malankaralibrary.com



**ഒപ്പുകൾ**

1. ഞാൻ, ഇസഹാക്ക് — മെത്രാൻ, കാതോലിക്കോസ്
   മുകളിൽ എഴുതപ്പെട്ടവയെല്ലാം ഞാൻ അംഗീകരിക്കുന്നു.
2. ഞാൻ, മാറൂഥാ — മെത്രാൻ ,,
3. ,, ഹോശിയാ — നിസിബിസ് മെത്രാൻ ,,
4. ,, സബ്ദാ — പേരാത് ,, ,,
5. ,, ദാനിയേൽ — അർബേൽ ,, ,,
6. ,, അഖ്ബാലാഹാ — കർക്കാ ,, ,,
7. ,, യസ്ദയ്ദായ് ,, ,,
8. ,, അഗാപീററസ് ,, ,,
9. ,, മീലെസ് ,, ,,
10. ,, ബർ ശബ്താ ,, ,,
11. ,, മാറാ ,, ,,
12. ,, ശീലാസ് ,, ,,
13. ,, അബ്ദീശോ ,, ,,
14. ,, സൂഖാ ,, ,,
15. ,, ബർഹെലാ ,, ,,
16. ,, ദാനിയേൽ — അർസൂൻ ,, ,,
17. ,, ശാമുവേൽ — അർസൂൻ ദ് ബൈതാ
   ദ് ഔസ്ഥാൻ മെത്രാൻ
18. ,, മീഹ്റ്ബോസിയാദ് മെത്രാൻ ,,
19. ,, മാറി — കർക്കാ ദ് മൈശാൻ ,, ,,
20. ,, അബ്രഹാം — റീമാ ,, ,,
21. ,, യോഹന്നാൻ — നഹർഗ്ഗുർ ,, ,,
22. ,, ഇസഹാക്ക് — മെത്രാൻ,
23. ,, ബർയാനോസ് ,,
24. ,, പൗലോസ് ,, ,,
25. ,, ... ... ,, ,,
26. മാറി—കശ്കാർ ,, ,,
27. ,, ബാതാ ,, ,,
28. ,, യൗസേപ്—അരേവാൻ ,, ,,
29. ,, യോഹന്നാൻ—ഗർയാതാൻ ,, ,,
30. ,, അബ്രഹാം ,, ,,
31. ,, മാറാ ,, ,,
32. ,, മീലെസ് — ഫേരാത് ,, ,,
33. ,, അബ്ബി — റീമാ മെത്രാൻ ഈ വിശുദ്ധ സിനഡിൽ വച്ച്
   മുകളിൽ എഴുതപ്പെട്ടവയെല്ലാം ഞാൻ അംഗീകരിക്കുന്നു,
34. ,, അബ്ദീശോ — നെഹർഗ്ഗുർ ,, ,,
35. ,, മീലെസ് — സാബേ ,, ,,
36. ,, ഹോശിയ — ഹിർതാ ,, ,,
37. ,, ശീമയോൻ ബർഉഖ്—ശ്ശുശ്തെർ ,, ,,
38. ,, ഏലിയാസ് — മ്ശംഹിഗ് ,, ,,

മാർ ഇസഹാക്കിൻെറ സിനഡിൻെറ അവസാനം.

# 2

# മാർ യാബാലാഹായുടെ സിനഡ് (420)[1]

**ആമുഖം**

റോമൻ സാമ്രാജ്യത്തിൽനിന്ന് 420_ൽ ബിസൻറയിൻ ചക്രവർത്തിയുടെ ദൂതനായി അമീദിലെ മാർ അകാചിയൂസ് മെത്രാൻ പേർഷ്യയിൽ വന്നു. പേർഷ്യൻ_റോമൻ സാമ്രാജ്യങ്ങൾ തമ്മിൽ സ്നേഹത്തിൽ കഴിഞ്ഞിരുന്ന കാലമായിരുന്നത്. മാർ അകാചിയൂസ് ദൂതനായി വരുന്നതിനുമുമ്പ് (417 418_ൽ) പേർഷ്യൻ രാജാവ് യസ്ദ്ഗേർദ് ഒന്നാമൻ, തൻെറ ദൂതനായി മാർ യാബാലാഹായെ കോൺസ്റ്റാൻറിനോപ്പാളിൽ ബിസൻറയിൻ ചക്രവർത്തിയുടെ പക്കലേക്ക് അയച്ചിരുന്നു. അമീദിലെ മാർ അകാചിയൂസ് പേർഷ്യയിൽ വന്നപ്പോൾ ബേത്-അർദഷീറിൽ വച്ച് പേർഷ്യൻ മെത്രാന്മാരുടെ ഒരു സിനഡു നടന്നു. പത്തു മെത്രാന്മാർ ഈ സിനഡിൽ സംബന്ധിച്ചു. മത്സരിക്കുകയും, സഭയിൽ കലഹവും പിളർപ്പും ഉണ്ടാക്കുകയും ചെയ്തവരെ സിനഡ് കുററപ്പെടുത്തി. ബിസൻറയിൻ സാമ്രാജ്യത്തിൽ വച്ചുനടന്ന അൻസീറാ (314), നെയോചെസാറിയ (315), ഗാംഗ്ര (325/331) അന്ത്യോക്യ (341), ലവദിക്യ (343/381) സിനഡുകൾ പേർഷ്യൻ സഭ സ്വീകരിച്ചു. 410—ലെ സിനഡിൻെറ തീരുമാനങ്ങളും അംഗീകരിക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടു.

### ബേത്—അർദഷീർ സിനഡ്

ബേത്ലാപാത്, നിസിബിസ്, പേഷ്യ, അർമേനിയ, ഫേരാത്—മൈശാൻ, ഹദിയാബ്, ബേത്—ഗർമായ്, ഗോർസാൻ, മേദ്യ, ആറാൻ, അബ്രാശഹർ, അസർബൈജാൻ, ദ്വീപുകൾ, ഇഷ്തഹർ, കർക്കാ, അർസൂൻ, സൂസ്, ശ്ശുശ്തെർ

1. J. B. Chabot, Synodicon Orientale, P. 37—42/276—284

www.malankaralibrary.com



ബെലാഷ്ഫർ, ദാസ്കർതാ, സാബേ, പേറോശ്-ഷപ്പൂർ, ദർഗദാദ്, ബേത് – ദാറായേ, ഷപ്പൂർ – കവസ്സ്. അർദഷീർ-പ്രിഹാദ്, ബേത്-ഷപ്പൂർ, സീമാർത്, എന്നിവയുടെ കാതോലിക്കോസ് മാർ യാബാലാഹായുടെ സിനഡ്.

രാജാക്കന്മാരുടെ രാജാവും വിജയശ്രീലാളിതനുമായ യസ്ദ്ഗേർദിന്റെ ഭരണത്തിന്റെ ഇരുപത്തിഒന്നാംവർഷം (ഈ സിനഡ് നടന്നു). ലോകം മുഴുവന്റെയും സുസ്ഥിതിക്കു വേണ്ടി ദൈവകൃപ അദ്ദേഹത്തിന്റെ ഭരണകാലം നീട്ടിക്കൊടുത്തു. അദ്ദേഹത്തിന്റെ മഹാമനസ്കതയാൽ പൗരസ്ത്യം മുഴുവനുമുള്ള ക്രിസ്തുവിന്റെ അജഗണങ്ങൾക്കും പള്ളികൾക്കും ഉയർച്ച ഉണ്ടായി. മെത്രാനും, കിഴക്കിന്റെ ആർച്ചുബിഷപ്പും കാതോലിക്കോസും ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവനും മഹാനും അഭിവന്ദ്യനും വാഴ്ത്തപ്പെട്ടവനും ആയ മാർ യാബാലാഹായുടെ പ്രധാനാചാര്യശുശ്രൂഷയുടെ അഞ്ചാം വർഷമാണ് ഇതു സംഭവിച്ചത്. പൗരസ്ത്യ ദേശത്തുള്ള ക്രിസ്തുവിന്റെ സമൂഹങ്ങളുടെയും സഭകളുടെയും സമാധാനത്തിനും ഐശ്വര്യത്തിനും വേണ്ടി, വിജയശ്രീലാളിതനും സമാധാനപ്രേമിയുമായ രാജാക്കന്മാരുടെ രാജാവിന്റെ പക്കലേക്കു് റോമൻ ചക്രവർത്തി, അമീദ് നഗരത്തിലെ ബഹുമാന്യ മെത്രാനായ മാർ അകാചിയുസിനെ പ്രതിനിധിയായി അയച്ച അവസരം. മെത്രാനും കാതോലിക്കോസും പൗരസ്ത്യ മെത്രാന്മാരുടെയെല്ലാം തലവനും വിശുദ്ധ പുരോഹിതനും നമ്മുടെ പിതാവും വന്ദ്യനുമായ മാർ യാബാലാഹായെ അദ്ദേഹത്തിന്റെ പ്രധാനാചാര്യശുശ്രൂഷയുടെ മൂന്നാംവർഷം, വിജയശ്രീലാളിതനും സമാധാനപ്രേമിയും ഭുവനപ്രശസ്തനുമായ മഹാരാജാവ് തന്റെ വാഴ്ചയുടെ പത്തൊൻപതാം വർഷം, പ്രപഞ്ചത്തിന്റെ ബലിഷ്ഠസ്തംഭങ്ങളായ ഈ രണ്ടു സാമ്രാജ്യങ്ങളുടെ സമാധാനത്തിനും സുസ്ഥിതിക്കുമായി വലിയ ആഡംബരത്തോടും സമാധാനത്തോടുംകൂടെ റോമൻചക്രവർത്തിയുടെ പക്കലേക്കു് പ്രതിനിധിയായി അയച്ചതിന്റെ പ്രതിസന്ദർശനമായിട്ടാണ് അകാചിയുസ് അയയ്ക്കപ്പെട്ടത്. അംബാസഡർമാരും നമ്മുടെ പിതാക്കന്മാരുമായ ഈ രണ്ടു മെത്രാന്മാർ ബേത്— അർദഷീർ നഗരത്തിൽ വച്ച് മഹാരാജസമക്ഷം ഒന്നിച്ചുകൂടിയ അവസരമായിരുന്നതു്.



മെത്രാനും പൗരസ്ത്യ കാതോലിക്കോസും ഞങ്ങളുടെ ബഹുമാന്യ പിതാവുമായ മാർ യാബാലാഹായെ ബഹുമാനിച്ചുവണങ്ങുന്നതിനും അദ്ദേഹത്തിന്റെ ബഹുമാന്യ സഹോദരനും മെത്രാനും അംബാസഡറുമായ അകാചിയുസിനെ സന്ദർശിക്കുന്നതിനുമായി, പൗരസ്ത്യദേശങ്ങളിലെല്ലാം ഉള്ള മെത്രാന്മാരായ ഞങ്ങൾ ഒന്നിച്ചുകൂടിയിരിക്കുന്നു. ഞങ്ങളെല്ലാവരും കൂടി ഒത്തൊരുമിച്ച് ഏകയോഗമായി കാതോലിക്കോസിനും, മെത്രാനും അംബാസഡറും ബഹുമാന്യനുമായ മാർ അകാചിയുസിനും ഈ അപേക്ഷ സമർപ്പിച്ചു:

''പരിശുദ്ധ പിതാവായ അവിടുന്ന് പാശ്ചാത്യദേശത്തേക്കു് അംബാസഡറായി പോകുകയും ആ പ്രദേശങ്ങളിലെ വിഖ്യാത നഗരങ്ങളിലെ വിശുദ്ധ പിതാക്കന്മാരോടുകൂടി കത്തോലിക്കാസഭയുടെ എല്ലാ ശുശ്രൂഷകളിലും പങ്കെടുക്കുകയും ചെയ്തുവല്ലോ. അതുപോലെ അങ്ങയുടെ ബഹുമാന്യസഹോദരൻ മാർ അകാചിയുസ് മെത്രാൻ അംബാസഡറായി ഇവിടെ വരികയും, വൈദികക്രമം സംബന്ധിച്ച് സകല സംഗതികളിലും അങ്ങുമായും ഞങ്ങളുമായും യോജിപ്പിൽ ആയിരിക്കയും ചെയ്യുന്നു. ഈ അവസരം, പാശ്ചാത്യലോകത്തു് വിവിധ അവസരങ്ങളിലായി നടന്ന മെത്രാന്മാരുടെ സിനഡുകളിൽ നിശ്ചയിച്ചുറപ്പിച്ച കാനോനാകളും, നിയമങ്ങളും, വൈദികക്രമസംബന്ധമായി ഭാഗ്യവാന്മാരായ ശ്ലീഹന്മാരുടെ പാരമ്പര്യമനുസരിച്ച് നമ്മുടെ പിതാക്കന്മാർ ഉചിതമാംവിധം നിശ്ചയിച്ച കോൺസ്റ്റിറ്റ്യൂഷനുകളും വിചിന്തനം നടത്തി പകർത്തിയെഴുതി നമ്മുടെ ഒപ്പും മുദ്രയും കൊണ്ട് ഉറപ്പിക്കുകയും അംഗീകരിക്കയും ചെയ്യുക എല്ലാംകൊണ്ടും സമുചിതമാണ്.''

ദൈവത്തിന്റെ യഥാർത്ഥ സ്നേഹിതനും വിജയശ്രീലാളിതനും ആയ കോൺസ്റ്റൻടൈൻ ചക്രവർത്തിയുടെ കാലത്തു് 318 പിതാക്കന്മാർ നിഖ്യാനഗരത്തിൽ കൂടി പാസ്സാക്കിയ കാനോനാകൾ; ഗലാത്യയിലെ അൻസീറയിൽ വച്ചും കപ്പദോചിയായിലും സിറിയായിലും വച്ചും പാസ്സാക്കിയ കാനോനാകൾ; നെയോചെസാറിയ നഗരത്തിൽവച്ച് പാസ്സാക്കിയ കാനോനാകൾ; ഗാംഗ്രാ നഗരത്തിൽവച്ചു പാസ്സാക്കിയ കാനോനാകൾ; അന്ത്യോക്യയിലെ ദേവാലയ

www.malankaralibrary.com



ക്കൂദാശയോടനുബന്ധിച്ച് അന്ത്യോക്യാ പട്ടണത്തിൽ വച്ചു നടന്ന സിനഡിന്റെ കാനോനാകൾ; ഫ്റീജിയായിലെ ലവദീക്യയിൽ വച്ചു നടന്ന സിനഡിന്റെ കാനോനാകൾ.

എല്ലാവരുടെയും സമ്മതത്തോടും ഞങ്ങളുടെ സമൂഹത്തിന്റെ ഏകയോഗമായ തീരുമാനത്തോടും കൂടെ ഞങ്ങളുടെ അഭിപ്രായങ്ങൾ ശേഖരിച്ച് രേഖപ്പെടുത്തുന്ന എഴുത്തുകാരനോട് എഴുതാൻ അദ്ദേഹം കല്പന കൊടുത്തു.

നമ്മുടെ ആരാധ്യനായ ദൈവം വിവിധ രീതികളിൽ വിവിധ അവസരങ്ങളിൽ നമ്മുടെ പിതാക്കന്മാരോടു സംസാരിച്ചു (എബ്രാ. 1:1). അവിടുന്ന് തന്റെ സഹായം സമൃദ്ധമാംവിധം മനുഷ്യകുലത്തിന്മേൽ വർഷിച്ചു. ഇപ്പോഴും, തന്റെ നാമം വിളിച്ചപേക്ഷിക്കുന്നവരുടെ മേൽ തനിക്ക് പതിവായിരിക്കുന്നതുപോലെ തന്റെ കരുണ ചൊരിയുന്നു. ഇടയന്മാരെയും സഹായികളെയും കൊണ്ട് എല്ലാവിധ നന്മകളാലും അവിടുന്ന് തന്റെ സഭയെ സന്ദർശിക്കുന്നു. തന്റെ സ്വന്തം രക്തം കൊണ്ട് താൻ വിലയ്ക്കു വാങ്ങിയ അജഗണത്തിന് സൗഖ്യദായകമായ പ്രതിവിധികൾ അവിടുന്ന് പ്രദാനം ചെയ്യുന്നു. വിവിധ അവസരങ്ങളിൽ ശുദ്ധനിയോഗത്തോടുകൂടി പിതാക്കന്മാരായ മെത്രാന്മാർ സിനഡുകളിൽ ഒന്നിച്ചുകൂടിയതിനാൽ സഭകളുടെ നവീകരണത്തിനും സുസ്ഥിതിക്കും ക്രമീകരണത്തിനും ആവശ്യമായ സംഗതികൾ അവിടുന്ന് അവരുടെ അധരങ്ങളിൽ വച്ചുകൊടുത്തു. സീമാതീതവും അനന്തവുമായ മഹനീയ ത്രിത്വത്തിന്റെ സത്യം അംഗീകരിച്ചവർക്കു വേണ്ടി, പരിശുദ്ധാത്മാവിന്റെ ശക്തിയാൽ, സുരക്ഷിതവും സജീവവും സഹായകരവുമായ നിയമങ്ങൾ നിർമ്മിച്ചുറപ്പിക്കാൻ അവർക്കു കഴിഞ്ഞു. അധികാരം ക്രമീകരിക്കുന്നതിനും, പൗരോഹിത്യം സംരക്ഷിക്കുന്നതിനും, 'ഉടമ്പടി' ഉറപ്പിക്കുന്നതിനും, അൽമായർ പാപക്കുഴിയിൽ നിന്നു വിടുവിക്കപ്പെടുന്നതിനുമായിരുന്നിത്. മനുഷ്യകുലത്തിന്റെ ശത്രുവായ പിശാച് ആർക്കെതിരെ ദുർമോഹം ഉജ്ജ്വലിപ്പിക്കുകയും വിനാശം വർദ്ധിപ്പിക്കുകയും, ആരെ തന്റെ നിഗൂഢ വഞ്ചനകളാൽ വിഷമിപ്പിക്കുകയും ചെയ്യുമോ അവർക്ക് വീണ്ടും എഴുന്നേല്ക്കാനുള്ള മാധ്യമമായി അവിടുന്ന് അനുതാപത്തിന്റെ ക്രമത്തെ സ്ഥാപിച്ചിരി



ക്കുന്നു. പിശാചിന്റെ ദുഷ്ടത മൂലം ലോകത്തിനു വന്നു ഭവിച്ച നാശനഷ്ടങ്ങൾ പരിഹരിക്കാൻ വിമോചകരും സംരക്ഷകരും എന്ന നിലയിൽ അവർ നിയമം ഉണ്ടാക്കിയിരിക്കുന്നു. ഉതക്കിനേക്കാൾ ബലിഷ്ഠമായ പാപം പിശാചിന്റെ കല്പനകളനുസരിച്ച് കൂടുതൽ പ്രവർത്തിക്കാതെ അതിനെ നിരോധിക്കാനാണിത്. വിശ്വാസം കൊണ്ടും പ്രതികാര ഭീതികൊണ്ടും പിശാചിന്റെ കുലം ഉണങ്ങി വരണ്ടുപോകും. ഇന്ദ്രിയ സന്തോഷങ്ങളാൽ നനയ്ക്കപ്പെട്ട് ദുഷ്കാമത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കാൻ അവർക്കു കഴിവില്ലാതെ വരും. അങ്ങനെ മനുഷ്യകുലത്തിന്റെ ശത്രു ശക്തമായ ആഘാതത്താൽ പൂർണ്ണമായും അടിക്കപ്പെടുകയും ഭയാരഹിതമായി അമർച്ച ചെയ്യപ്പെടുകയുംചെയ്യും.

നമ്മുടെ കർത്താവായ മിശിഹായുടെ റോമാസാമ്രാജ്യത്തിലെ എല്ലാ സഭകളും അവയുടെ അദ്ധ്യക്ഷന്മാരും, പരിശുദ്ധാത്മാവിനാൽ നിവേശിതരായി വിശുദ്ധ ശ്ലീഹന്മാരുടെ പാരമ്പര്യമനുസരിച്ച് മെത്രാന്മാരായ പിതാക്കന്മാരാൽ, വാഴ്ത്തപ്പെട്ട സിനഡിൽവച്ച് അംഗീകരിച്ചുറപ്പിക്കപ്പെട്ട എല്ലാ സംഗതികളും വളരെക്കാലങ്ങൾക്കു മുമ്പുതന്നെ സന്തോഷപൂർവ്വം അംഗീകരിച്ചിരിക്കുകയാണ്. സഹായകരമായ ഈ നിയമങ്ങൾ അവർ വളരെ ശ്രദ്ധാപൂർവ്വം ആചരിക്കുന്നു. എന്നാൽ ഇവയുടെ അഭാവത്താൽ നമ്മുടെ നാടുകളിലെ സഭകളിൽ പല കുഴപ്പങ്ങളും സംഭവിച്ചിരിക്കുന്നു. അദ്ധ്യക്ഷന്മാരുടെ പക്കൽ നിയമാവലികൾ ഇല്ലാത്തതിനാൽ അവിടെയും ഇവിടെയും തർക്കങ്ങളും ശീശ്മകളും ഉണ്ടാകുന്നു; കാലുകൊണ്ട് ചവിട്ടിത്തേച്ച പുൽമേട്ടിൽ മിശിഹായുടെ അജഗണം മേയുകയും വിഭജനത്താൽ കലങ്ങിമറിഞ്ഞ ജലം കുടിക്കയും രോഗങ്ങളും വ്യാധികളും അവരുടെയിടയിൽ പെരുകുകയും ചെയ്തു. രക്ഷാകര നിയമങ്ങളും ചട്ടങ്ങളും ഇല്ലാത്തതിനാൽ കഷ്ടവും പാപംമൂലമുള്ള നിറഭേദവും അവരിൽ പ്രത്യക്ഷമായി. ശ്രേഷ്ഠ ശ്ലീഹന്മാരുടെ പാരമ്പര്യങ്ങൾക്കും മെത്രാന്മാരായ പിതാക്കന്മാരുടെ വിശുദ്ധ സിനഡിന്റെ പ്രബോധനങ്ങൾക്കും എതിരായി ഈ കാര്യങ്ങൾ നിലനിന്നതിനാൽ ദൈവകോപം ഉജ്ജ്വലിച്ചു. അസൂയയിലും കലഹത്തിലും നിലനിന്ന

www.malankaralibrary.com



അദ്ധ്യക്ഷന്മാർ നിയമരഹിതരായി; ആത്മീയരായി വ്യാപരിക്കാതെ ജഡികരായി.

അപ്പോൾ, അന്ന് സെലൂഷ്യാ—സ്റ്റെസിഫണിൽ ഭരിച്ചിരുന്ന ഭാഗ്യവാനായ മാർ ഇസഹാക്കും വിശ്വസ്തനായ മാർ മാറൂഥാ മെത്രാനും കൂടി മിശിഹായുടെ സഭയിൽ കുറെ തിരുത്തലുകൾ വരുത്തി. എന്നാൽ നിയമങ്ങൾ അവയുടെ പൂർണതയിൽ അവർക്കു സുപരിചിതമല്ലാത്തതിനാലും വിശുദ്ധ സിനഡിന്റെ പൂർണതയിലും കൃത്യമായ വിവർത്തനത്തിലും പ്രത്യേകമായി മെത്രാന്മാരായ പിതാക്കന്മാരുടെ കാനോനാകൾ രൂപീകൃതമാകാത്തതിനാലും അക്കാലത്ത് ആവശ്യമായ കുറേ കാര്യങ്ങൾ അവർ ഒരു രേഖയിൽ എഴുതിവച്ചു. എന്നാൽ സന്നിഹിതരായിരുന്ന നമ്മുടെ സഹോദരമെത്രാന്മാരിൽ ഭൂരിഭാഗവും മരിച്ച് മൺമറഞ്ഞു പോയതിനാൽ അവ നടപ്പിലായില്ല; അജ്ഞതയുടെ ആദ്യരോഗത്തിന് പരിപൂർണ്ണമായ പ്രത്യൗഷധം പരക്കെ വ്യാപിച്ചുമില്ല. കൃപയെ നിരസിക്കുകയും സുസ്ഥിതിയെ അവഗണിക്കുകയും ചെയ്യുന്ന ധിക്കാരികളും അഹങ്കാരികളുമായ ആളുകൾ മൂലം പല സ്ഥലങ്ങളിലും, പണ്ട് അജ്ഞതയിൽ ചെയ്തിരുന്നവണ്ണം, കലഹങ്ങളും പിളർപ്പുകളും ഇപ്പോഴും നിലനിൽക്കുന്നു.

ഇക്കാരണത്താലാണ് മെത്രാൻമാരായ ഞങ്ങളെല്ലാവരും ഞങ്ങളുടെ സഹശുശ്രൂഷകരോടു കൂടി വിവിധ സ്ഥലങ്ങളിൽ നിന്ന്, ആരാധ്യനായ നമ്മുടെ ദൈവത്തിന്റെയും നമ്മുടെ പ്രത്യാശയായ മിശിഹായുടെയും നമ്മുടെ പ്രതീക്ഷയായ പരിശുദ്ധാത്മാവിന്റെയും ഇഷ്ടത്താൽ സെലൂഷ്യാ– സ്റ്റെസിഫണിൽ, മെത്രാനും പൗരസ്ത്യ കാതോലിക്കോസും ആർച്ചുബിഷപ്പും നമ്മുടെ ബഹുമാന്യ പിതാവുമായ മാർ യാബാലാഹായുടെയും അദ്ദേഹത്തിന്റെ സഹോദരനും മെത്രാനും അംബാസഡറും ശ്രേഷ്ഠനുമായ അകാചിയൂസിന്റെയും സന്നിധിയിൽ ഏകയോഗമായി, ഒരേ ദിവ്യസ്നേഹത്തോടും ഒരേ സത്യവിശ്വാസത്തോടും, ഒരേ പൂർണ്ണ പ്രത്യാശയോടും കൂടെ ഒന്നിച്ചുകൂടിയിരിക്കുന്നത്.

ശ്രേഷ്ഠരായ പിതാക്കന്മാരും ഭാഗ്യവാന്മാരായ മെത്രാൻമാരും റോമാസാമ്രാജ്യത്തിലെ കത്തോലിക്കാസഭയ്ക്കുവേണ്ടി



ഉണ്ടാക്കുകയും അവർ ഇന്നുവരെ ശ്രദ്ധയോടും താല്പര്യത്തോടും കൂടെ പാലിച്ചുവരികയും ചെയ്തിരിക്കുന്ന നിയമങ്ങൾ, മഹനീയനും, ശക്തനും, സമാധാനപ്രിയനും ആയ യസ്ദ്ഗേർദ് മഹാരാജാവിന്റെ സാമ്രാജ്യം മുഴുവനുമുള്ള മെത്രാന്മാരായ ഞങ്ങളുടെയും ഞങ്ങളുടെ സഹോദര മെത്രാന്മാരുടെയും തലവനും നേതാവും ഞങ്ങളുടെ ബഹുമാന്യപിതാവുമായ അങ്ങ്, ഞങ്ങൾക്കോരോരുത്തർക്കും നൽകണമെന്ന് അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു. നമ്മുടെ പിതാക്കന്മാരുടെ നിയമങ്ങളുടെ യഥാർത്ഥ പാരമ്പര്യം അങ്ങയുടെ കൈകളിൽ നിന്നു ഞങ്ങൾ സ്വീകരിക്കട്ടെ. അവ ഞങ്ങൾ ശ്രദ്ധാപൂർവം അനുസരിക്കുകയും രാവും പകലും അവയെപ്പററി ധ്യാനിക്കയും ചെയ്യും. അവ ഞങ്ങൾക്കും ഞങ്ങളുടെ സമൂഹങ്ങൾക്കും ഗുരുവും മാർഗദർശിയും ആയിരിക്കും. അങ്ങു ഞങ്ങൾക്കു നേടിത്തരുന്ന നന്മയ്ക്ക് ഞങ്ങളും ഞങ്ങൾക്കുശേഷം ഞങ്ങളുടെ സ്ഥാനങ്ങളിൽ ഞങ്ങളുടെ സിംഹാസനങ്ങളിൽ ഇരിക്കുന്നവരും, ആരാധ്യനായ ദൈവത്തിന്റെ മുൻപാകെ പൂർണഹൃദയത്തോടെ അങ്ങയുടെ തീക്ഷ്ണതയെ പ്രകീർത്തിക്കും; അങ്ങയുടെ നേതൃത്വത്തിൽ ഞങ്ങളുടെ പാദങ്ങൾ നേരായ പാതയിലേക്കു വലത്തേക്കു തിരിഞ്ഞിരിക്കും; അങ്ങയുടെ വാക്കുകളിലൂടെ ഭാഗ്യവാന്മാരായ മെത്രാന്മാരായ നമ്മുടെ ശ്രേഷ്ഠപിതാക്കന്മാരുടെ സംരക്ഷിക്കുന്ന ചട്ടങ്ങളും സ്വതന്ത്രരാക്കുന്ന നിയമങ്ങളും ഞങ്ങൾ കണ്ടെത്തും. ശ്രേഷ്ഠശ്ലീഹൻമാരിൽ നിന്നുത്ഭവിച്ച, മെത്രാന്മാരായ ഈ പിതാക്കന്മാരുടെ ഏകസത്യവിശ്വാസം പ്രഖ്യാപിച്ചുകൊണ്ട്, വിവിധ കാലത്ത് അവർ നിശ്ചയിച്ചിട്ടുള്ള നിയമങ്ങളാൽ ഞങ്ങൾ നയിക്കപ്പെടും. അങ്ങനെ ഞങ്ങളും അവരും തമ്മിൽ ഏററം ചെറിയ കാര്യത്തിൽപോലും ഒരു വ്യത്യാസവും ഉണ്ടായിരിക്കുന്നതല്ല. അതുപോലെ, സഭാഭരണത്തിൽ അവരുടെ ദിവ്യസ്നേഹത്തിന്റെ അതേ പരിപൂർണ്ണതയും, അവരുടെ പൂർണ്ണമായ ക്രമത്തിന്റെ പൂർണ്ണതയും മിശിഹായുടെ ഏക ശരീരത്തിലെ അവയവങ്ങളായ ഞങ്ങളും സ്വീകരിക്കുന്നു. എന്നാൽ ആരാധ്യനായ ദൈവത്തിൽ നിന്നകന്ന് അഹങ്കാരമനസ്ഥിതിയോടുകൂടെ ഞങ്ങളിലാരെങ്കിലും, മെത്രാന്മാരായ പിതാക്കന്മാർ നിശ്ചയിച്ചുറപ്പിച്ച ഈ നിയമങ്ങൾ ലംഘിക്കാൻ മുതിരുകയോ അയാളുടെ ചിന്താ

www.malankaralibrary.com



ഗതികൾ ആരെങ്കിലും സമ്മതിക്കുകയോ ചെയ്താൽ അയാൾ
ദൈവത്തിന്റെയും തന്റെ മിശിഹായുടെയും തന്റെ പരിശു
ദ്ധാത്മാവിന്റെയും മുമ്പാകെ എന്നേക്കും ശപിക്കപ്പെട്ടവനും
ഭ്രഷ്ടനുമായിരിക്കും.

അപ്പോൾ ഞങ്ങളുടെ ബഹുമാന്യപിതാവും എപ്പിസ്കോ
പ്പായും പൗരസ്ത്യ കാതോലിക്കോസുമായ മാർ യാബാലാഹാ,
തന്റെ ബഹുമാന്യ സഹോദരനും എപ്പിസ്കോപ്പായും
അംബാസഡറുമായ മാർ അകാചിയൂസിന്റെ മുൻപാകെ
തന്റെ വിജ്ഞാന ഭണ്ഡാഗാരത്തിൽ നിന്നും തന്റെ മഹ
ത്തായ ബുദ്ധികൂർമ്മതയിൽ നിന്നും മെത്രാന്മാരോട് ഇപ്രകാരം
പറഞ്ഞു:

നിങ്ങൾ ഇപ്രകാരമുള്ള രക്ഷാകരവും നല്ലതുമായ ചിന്ത
കൾ പുലർത്തുന്നതിനാൽ ഞാൻ തന്നെ ഈ സംഗതികൾ
യഥാർത്ഥമായി നടപ്പിലാക്കുന്നതാണ്. നിങ്ങളാകട്ടെ, നിങ്ങ
ളുടെ ചിന്തകളും നിങ്ങളുടെ സദുദ്ദേശങ്ങളും നിങ്ങളുടെ വാഗ്ദാ
നങ്ങളും നടപ്പാക്കണം. അജഗണത്തിന്റെ ഇടയന്മാർ
വിശുദ്ധിയും ശുദ്ധതയും ജാഗ്രതയും ഉള്ളവരായിരിക്കുന്നതിനും
വിശുദ്ധ ശുശ്രൂഷകൾ പരികർമ്മം ചെയ്യുന്നവർ പ്രശോഭിത
രാകുന്നതിനും ശുദ്ധതയിൽ സംരക്ഷിക്കപ്പെടുന്നതിനും അൽ
മായർ ദുഷ്ടന്റെ കെണികളിൽ നിന്നും ബന്ധനങ്ങളിൽ
നിന്നും ഓടിയകലുന്നതിനും വേണ്ടി, എല്ലാ മനുഷ്യരുടെയും
രക്ഷ ആഗ്രഹിക്കുന്ന നമ്മുടെ ആരാധ്യനായ ദൈവം തന്റെ
സഭയുടെ സുസ്ഥിതിക്കും ക്രമീകരണത്തിനും വേണ്ട സംഗതി
കൾ ചെയ്യുന്നു. പ്രശസ്തരും ഭാഗ്യവാന്മാരും സൽസ്മര
ണാർഹരും മെത്രാന്മാരുമായ പിതാക്കന്മാർ തങ്ങളുടെ വിശുദ്ധ
നിയമങ്ങളാൽ മിശിഹായുടെ സഭകൾക്ക് നിയമദാതാക്കളാ
യിത്തീർന്നു. അവരുടെ സത്യപ്രബോധനമാകുന്ന പുളിപ്പു
സ്വീകരിച്ച സ്ഥലങ്ങളിലെല്ലാം വിശുദ്ധ ശ്ലീഹന്മാരിൽ
നിന്നു ലഭിച്ച സത്യവിശ്വാസം ഉറപ്പായി നിലനിൽക്കുന്നു.
അവരുടെ സത്യപാരമ്പര്യമാകുന്ന, കലർപ്പില്ലാത്ത നല്ല ഉപ്പ്
നാം വരെ എത്തിച്ചേർന്നിട്ടുണ്ട്.

സത്യത്തെ സ്നേഹിക്കുന്നവരും നീതി പാലിക്കുന്നവരും
മഹനീയത്രിത്വത്തിന്റെ സത്യം പ്രസംഗിക്കുന്നവരും എന്ന



നിലയിൽ നിങ്ങളുടെ അപേക്ഷ നിങ്ങൾ എഴുതി സമർപ്പി
ച്ചല്ലോ. സഭകളുടെ കെട്ടുറപ്പിനുവേണ്ടി പാശ്ചാത്യലോകത്തു
വച്ച് വിവിധ കാലഘട്ടങ്ങളിൽ നടന്ന സിനഡുകളിൽ
പാസ്സാക്കിയ നിയമങ്ങൾ നിങ്ങൾക്കു ഞാൻ നൽകണമെന്ന്
നിങ്ങൾ അപേക്ഷിക്കുന്നു എന്ന് നിങ്ങൾ അറിയിക്കുകയുണ്ടായി.
നിങ്ങളുടെ ഏകയോഗമായ നല്ല താല്പര്യം നാം സ്വാഗതം
ചെയ്യുന്നു. കാരണം, ചിട്ടയുള്ളവരും, ബുദ്ധിയുള്ളവരും, ശുദ്ധത
യുള്ളവരും, പരിശുദ്ധരും തങ്ങളുടെ വ്യാപാരങ്ങളാൽ ബഹുമാ
നിതരുമായ മനുഷ്യരെപ്പോലെയാണ് നിങ്ങൾ ആവശ്യപ്പെട്ടി
രിക്കുന്നത്. ഈ നിയമങ്ങൾ പാലിച്ചുകൊള്ളാമെന്ന് നിങ്ങൾ
ഉറപ്പായി വാഗ്ദാനം ചെയ്തിരിക്കുന്നു. ഇവ ലംഘിക്കുന്നവർ
മുടക്കപ്പെട്ടുമെന്നും ഭ്രഷ്ടരാക്കപ്പെട്ടുമെന്നും നിങ്ങളെന്നോട്
പ്രഖ്യാപിച്ചിരിക്കുന്നു. ദൈവകൃപയാൽ നാം ഈ സ്ഥാനത്ത്
വന്നപ്പോൾ മുതൽ നമുക്കും ഇതേ മന:സ്ഥിതി തന്നെയാണ്.
ദൈവാനുഗ്രഹത്താൽ നിങ്ങൾ എന്റെ സന്നിധിയിൽ ഒന്നിച്ചു
കൂടിയിരിക്കുകയും നിങ്ങളുടെ അഭ്യർത്ഥനയിലൂടെ ഏകയോഗ
മായി എന്നോടപേക്ഷിക്കുകയും ജാഗ്രതാപൂർവ്വം നിങ്ങൾ അനു
സരിക്കാമെന്ന് നിശ്ചയിക്കുകയും ചെയ്തിരിക്കുന്ന ഇന്ന്
പാശ്ചാത്യ പിതാക്കന്മാരായ മെത്രാന്മാർ സ്ഥാപിച്ചുറപ്പിച്ചിരി
ക്കുന്ന ഈ കാനോനാകൾ നിങ്ങൾക്കോരോരുത്തർക്കുമായി
നാം നല്കുന്നു. ഇവയിലൊന്നുപോലും ലംഘിക്കാൻ ആരും
മുതിരാതിരിക്കട്ടെ: നാമാകട്ടെ, ആദ്യമായി പൂർണ്ണ ഹൃദയ
ത്തോടെ ഇവ അംഗീകരിക്കുകയും നിങ്ങളോടുകൂടെയും നിങ്ങ
ളെപ്പോലെയും ശ്രദ്ധാപൂർവ്വം ഇവ കാത്തുസൂക്ഷിക്കാൻ പരി
ശ്രമിക്കുകയും ചെയ്യും. ഈ സത്യകാനോനാകൾ ലംഘിക്കുന്ന
വരെല്ലാം മുടക്കപ്പെട്ടവരും ശപിക്കപ്പെട്ടവരും ആയിരിക്കു
മെന്നു പ്രഖ്യാപിച്ചുകൊള്ളുന്നു. ദൈവികജ്ഞാനത്തിനെതി
രായി ഉയരുന്ന എല്ലാ അഹങ്കാരവും അമർച്ച ചെയ്യപ്പെടുന്ന
തിനും ദുഷ്ടന്റെ വലകളെ കീറി, കെട്ടുകളെ പൊട്ടിച്ചു്
അവന്റെ എല്ലാ ദുഷ്ടപദ്ധതികളെയും ഇല്ലായ്മ ചെയ്യുന്നതി
നുമാണിത്.

വിശുദ്ധ സിനഡിൽ പിതാക്കന്മാർ സ്ഥാപിച്ചുറപ്പിച്ച
നിയമങ്ങൾ ഏവയാണെന്ന് ഈ എഴുത്തിൽ നൽകിയിട്ടുള്ള
സംഗതികളിൽ നിന്ന് നിങ്ങൾക്ക് ഗ്രഹിക്കാൻ സാധിക്കും.

www.malankaralibrary.com



വിജയശ്രീലാളിതനായ മഹാരാജാവിന്റെ വാഴ്ചയുടെ പതിനൊന്നാമാണ്ടിൽ, മാർ ഇസഹാക്കിന്റെ ഭരണകാലത്തു് ഒരു ഡിക്രിവഴി എഴുതിയ നിയമങ്ങളെല്ലാം അന്നത്തെ കാലത്തിനും സാഹചര്യത്തിനും അനുസൃതമായി എഴുതപ്പെട്ടവയാണു്. വിവിധ പ്രദേശങ്ങളിൽ വലിയ കലക്കവും ക്രമരഹിതമായി ബഹളങ്ങളും ഉണ്ടായിരുന്നതിനാൽ ധിക്കാരികളെ നിയന്ത്രിക്കാൻ ഭീതിജനകമായ നിയമങ്ങൾ നടപ്പാക്കേണ്ടിവന്നു. അക്കാലത്തെ തർക്കങ്ങൾക്കു ഭരണാധിപന്മാരുടെ നിയമങ്ങൾക്കു മറ്റുള്ളവർക്കു് അവ ഭയകാരണമാകുന്നതിനും, മുമ്പുള്ള കലഹം വീണ്ടും കത്തിപ്പൊക്കാൻ ആരും ഒരുമ്പെടാതിരിക്കുന്നതിനും അവ നീക്കം ചെയ്യാതെ നിലനിറുത്തുകതന്നെ വേണം.

അപ്പോൾ ബഹുമാന്യനും ശ്രേഷ്ഠനുമായ അംബാസഡർ, അകാചിയൂസ് എപ്പിസ്കോപ്പാ, മെത്രാന്മാരായ ഞങ്ങളെല്ലാവരോടുമായി ഇപ്രകാരം പറഞ്ഞു: "മുമ്പ് എഴുതിയവ നീക്കം ചെയ്യാതെ കാത്തുസൂക്ഷിക്കുകതന്നെ വേണം. കാരണം, ഇന്നും അവ ശിക്ഷണത്തിനും ക്രമരഹിതമായി ജീവിക്കുന്നവരെയും സൽപ്രമാണങ്ങളെ ലംഘിക്കാനുള്ള മനസ്ഥിതിയുള്ളവരെയും ഭയപ്പെടുത്തുന്നതിനും ഉപകരിക്കും".

അവിടെയുണ്ടായിരുന്ന മെത്രാന്മാരായ ഞങ്ങളെല്ലാവരും, പൗരസ്ത്യ കാതോലിക്കോസും എപ്പിസ്കോപ്പായും ഞങ്ങളുടെ ബഹുമാന്യ പിതാവുമായ മാർ യാബാലാഹായുടെയും, ഞങ്ങളുടെ ബഹുമാന്യസഹോദരനും എപ്പിസ്കോപ്പായും അംബാസഡറുമായ മാർ അകാചിയൂസിന്റെയും സാന്നിധ്യത്തിൽ, ഏകയോഗമായി എഴുതിയവയെല്ലാം ഒപ്പിട്ടു മുദ്രവച്ചു. എല്ലാം ഭംഗിയായി ക്രമീകരിക്കാനായി ഞങ്ങൾക്കോരോരുത്തർക്കും കാനൻ പുസ്തകത്തിന്റെ ഓരോ കോപ്പി ലഭിച്ചു. ഞങ്ങളിലാരെങ്കിലുമോ, ഞങ്ങൾക്കു ശേഷം വരുന്നവരോ, ഇവയ്ക്കെതിരായി നിന്നാൽ അയാൾ മിശിഹായുടെ ശുശ്രൂഷയ്ക്കു് അന്യനായിരിക്കും.



## ഒപ്പുകൾ

1. ഞാൻ, യാബാലാഹാ എപ്പിസ്കോപ്പാ, പൗരസ്ത്യ കാതോലിക്കോസ്, മുകളിൽ എഴുതപ്പെട്ടവയെല്ലാം അംഗീകരിക്കുന്നു.
2. ഞാൻ, അകാചിയൂസ് എപ്പിസ്കോപ്പാ ,,
3. ,, അഗാപീറ്റസ്, ബേത് — ലാപാതിലെ എപ്പിസ്കോപ്പാ, ,,
4. ,, ഹോശിയ, നിസിബിസിലെ എപ്പിസ്കോപ്പാ ,,
5. ,, സൗമാ, കർകാ ദ്‌ലേദാനിലെ എപ്പിസ്കോപ്പാ ,,
6. ,, തിയഡോർ, എപ്പിസ്കോപ്പാ ,,
7. ,, ദൂഖാ, സൂസിലെ എപ്പിസ്കോപ്പാ ,,
8. ,, ഹൂറാ, ശുശ്തെറിലെ ,, ,,
9. ,, ശത്മൻ ,, ,,
10. ,, ഗർയാൻ ,, ,,
11. ,, ബർശേമാ ,, ,,
12. ,, നർസായ് ,, ,,

മാർ യാബാലാഹായുടെ സിനഡിന്റെ അവസാനം

www.malankaralibrary.com

# 3

# മാർ ദാദീശോയുടെ സിനഡ്
# (424)[1]

## ആമുഖം

ദാദീശോ സെലൂഷ്യയിൽ കാതോലിക്കോസായപ്പോൾ സഭയിൽ ശീശ്മയും കലഹവും ഉണ്ടാക്കിയ മെത്രാന്മാരിൽ നിന്നുള്ള എതിർപ്പിനെ നേരിടേണ്ടിവന്നു. ഈ ശീശ്മക്കാർ ദാദീശോയ്ക്കെതിരെ നിരവധി ആരോപണങ്ങളുന്നയിച്ചു. ദാദീശോ ജയിലിലടയ്ക്കപ്പെട്ടു. അമീദിലെ മെത്രാൻ മാർ അകാചിയൂസ് ഇടപെട്ട് ദാദീശോയെ ജയിൽ വിമുക്തനാക്കി. എന്നാൽ തുടർന്ന് സഭാനേതൃത്വം ഏറ്റെടുക്കാൻ അദ്ദേഹം കൂട്ടാക്കിയില്ല. അദ്ദേഹം രാജിവച്ചു് സെലൂഷ്യയ്ക്കടുത്ത് മർകബ്താ എന്ന സ്ഥലത്തു താമസമായി. ഈ അവസരത്തിൽ (424-ൽ) പേർഷ്യൻ സഭയിലെ 36 മെത്രാന്മാർ ഒന്നിച്ചുകൂടി അദ്ദേഹത്തിന്റെ പക്കലെത്തി. അവിടെ വച്ച് ഒരു സിനഡ് നടന്നു. സിനഡിൽ സംബന്ധിച്ച മെത്രാന്മാർ ദാദീശോയ്ക്ക് അനുകൂലമായ സമീപനം സ്വീകരിച്ചു. ദാദീശോ സഭാനേതൃസ്ഥാനത്തു തുടരണം എന്ന് അവർ ഐകകണ്ഠ്യേന അഭ്യർത്ഥിച്ചു. സഭാദ്ധ്യക്ഷനെ വിധിക്കാനും നീക്കാനും കീഴുള്ളവർക്ക് അധികാരമില്ലെന്നും അനുസരണവും വിധേയത്വവും കാണിക്കാത്തവരെ സഭയ്ക്കു പുറത്താക്കണമെന്നും സിനഡ് തീരുമാനിച്ചു. ആർക്കും കാതോലിക്കോസിനെ വിധിക്കാൻ പാടില്ല എന്നു മാത്രമല്ല, അദ്ദേഹത്തിനെതിരെ റോമൻ സാമ്രാജ്യത്തിലെ പാത്രിയർക്കീസുമാരുടെ പക്കൽ പരാതിപ്പെടാനും പാടില്ല എന്ന് അവർ അംഗീകരിച്ചു. മെത്രാന്മാർ ഇപ്രകാരം വിധേയത്വം പ്രഖ്യാപിച്ച സാഹചര്യത്തിൽ ദാദീശോ തുടർന്ന് നേതൃത്വം ഏറ്റെടുത്തു. ഈ സിനഡിന്റെ നടപടികളാണ് താഴെ കൊടുക്കുന്നത്.

1. J. B. Chabot, Synodicon Orientale, P. 43-58,285-98



## മർകബ്താ സിനഡ്

രാജാക്കന്മാരുടെ രാജാവായ വഹ്റമിന്റെ കാലത്ത്, കാതോലിക്കേറ്റിന്റെ ഭരണം രാജിവച്ചൊഴിയാൻ മാർ ദാദീശോ കാതോലിക്കോസ് ആഗ്രഹിച്ചപ്പോൾ അറബികളുടെ മർക്കബ്തായിൽ വച്ച് മെത്രാപ്പോലീത്താമാരും എപ്പിസ്കോപ്പാമാരും ഒന്നിച്ചുകൂടിയ സഭായോഗം.

മഹാരാജാവായ വഹ്റമിന്റെ ഭരണത്തിന്റെ നാലാം വർഷം; പൗരസ്ത്യദേശത്തെ ക്രിസ്ത്യാനികളുടെയെല്ലാം ഭരണാധികാരിയും മെത്രാന്മാരുടെയെല്ലാം ഉന്നതാധികാരിയും കാതോലിക്കോസുമായ മാർ ദാദീശോയുടെ സാന്നിദ്ധ്യത്തിൽ അറബികളുടെ മർകബ്തായിൽ സമ്മേളിച്ച മെത്രാന്മാർ:

1. അഗാപീറസ്, ബേത് ലാപാത് എപ്പിസ്കോപ്പാ
2. ഹോശിയാ, നിസിബിസ് ,,
3. സബ്ദാ, പേരാത് ,,
4. ദാനിയേൽ, അർബേൽ ,,
5. അക്ബാലാഹാ, കർകാ ദ്ബേത് സ്ലോക്ക് ,,
6. യസ്ദാദ്, റിവ് അർദഷീർ ,,
7. മീലെസ്, കർദ്ദ ,,
8. അബ്ദീശോ, ശുശ്തെർ ,,
9. ദാനിയേൽ, അർസൂൻ ,,
10. ശിമയോൻ, അറബികളുടെ ഹിർതാ ,,
11. അബ്രഹാം, റീമാ ,,
12. യോഹന്നാൻ, നെഹർഗൂർ ,,
13. നർസാ, കർകാ ദ്മൈശാൻ ,,
14. നർസ, റായ് ,,
15. മാറി, കശ്കാർ ,,
16. ബാതാ, ലാശോം ,,
17. യൗസേപ്, ഹർബ്ഗെലാൽ ,,
18. യോഹന്നാൻ, ഔസ്ഥാൻ ദ് അർസൂൻ ,,
19. മീലെസ്, ശുശ്തെർ ,,
20. ബർ സാബാ, മേർവ് ,,
21. യസ്ദ്വി, ഹേരാത് ,,
22. അഫ്രീദ്, സേജസ്ഥാൻ ,,

www.malankaralibrary.com



23. ദാവീദ്, അബ്രാശഹർ എപ്പിസ്കോപ്പാ
24. ഡൊമാത്, ശാവീതാ ദ് ഗുർഗാൻ ,,
25. ദാവീദ്, റായ് ,,
26. ആദായ്, അരേവാൻ ദ് അബ്രാം ,,
27. സാസർ, ബേത്ദാറായേ ,,
28. അററിക്ക്, ബേത് മോക്സായേ ,,
29. അർതാഷഹർ, അർമേനിയാ ,,
30. കീറിസ്, ദാസൻ ,,
31. മാറി, ബേത്_ബാംഗാശ് ,,
32. അഫ്രാത്, ഇഷ്ഫഹാൻ ,,
33. അർദാക്, മശ്കേനാ ദ് കർദ്ദു ,,
34. യസ്ദ്വി, ഇഷ്തഹർ ,,
35. യോഹന്നാൻ, മംസോൻ ,,
36. ഹതാ, ശ്ബീതാ ദ് ബെലാശ്ഫർ ,,

ഈ മെത്രാന്മാർ എല്ലാവരും കൂടി പിതാവും നേതാവും പൗരസ്ത്യ മെത്രാന്മാരുടെയെല്ലാം തലവനും കാതോലിക്കോസും വാഴ്ത്തപ്പെട്ടവനും വിശുദ്ധനുമായ മാർ ദാദീശോയ്ക്ക് ഒരപേക്ഷ സമർപ്പിച്ചു. അദ്ദേഹം തന്റെ സിംഹാസനത്തിൽ തിരികെ വരണമെന്നും ദൈവത്തിന്റെ സഭയുടെ നേതൃസ്ഥാനം വീണ്ടും ഏറ്റെടുക്കണമെന്നും മിശിഹായുടെ പൗരസ്ത്യദേശം മുഴുവനുമുള്ളതും ശ്ലീഹന്മാരിൽ പ്രധാനിയായ പത്രോസിനെപ്പോലെ അദ്ദേഹം സ്വീകരിച്ച ഉന്നത പൗരോഹിത്യത്താൽ മിശിഹാ അദ്ദേഹത്തെ ഭാരമേല്പിച്ചതുമായ അജഗണത്തിന്റെ നേതൃത്വം തുടർന്നും നടത്തണമെന്നും അവർ അപേക്ഷിച്ചു.

"വിശുദ്ധരുടെയും വിശ്വാസസാക്ഷികളുടെയും ആർച്ചുബിഷപ്പുമാരുടെയും പൊതുസമ്മതത്താലും പൊതുവായ തീരുമാനത്താലും, മല്പാന്മാരുടെ എഴുത്തുകളാലും പ്രശസ്തരുടെയും ഞങ്ങളുടെ നാഥനായ മിശിഹായ്ക്കു സാക്ഷ്യം നൽകുന്നതിൽ കിരീടം ധരിപ്പിക്കപ്പെട്ട രക്തസാക്ഷികളുടെയും സഹനത്താലും കോക്കെയിലെ വലിയ ദേവാലയത്തിലെ ഈ വാഴ്ത്തപ്പെട്ട സിംഹാസനത്തിന് പാത്രിയാർക്കാസ്ഥാനം എന്ന ദാനം നൽകപ്പെടുകയും ഉറപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു. മാർ കാതോലിക്കോസ്, ഈ സിംഹാസനത്തിന്റെ



പിതാവും, നേതാവും പൗരസ്ത്യദേശത്തുള്ള ക്രിസ്ത്യാനികളുടെയെല്ലാം തലവനും ആയി അങ്ങ് നിയമിക്കപ്പെടുകയും ഉറപ്പിക്കപ്പെടുകയും ചെയ്തിരിക്കുന്നു. അങ്ങയുടെ സിംഹാസനത്തിൽ നിന്ന് ഈ ദാനം ഈ സാമ്രാജ്യത്തിലെ മാത്രമല്ല, ഇതിനപ്പുറത്തും ഉള്ള എല്ലാ എപ്പിസ്കോപ്പൽ സിംഹാസനങ്ങളിലേക്കും വ്യാപിക്കയും ചൊരിയപ്പെടുകയും ചെയ്തിരിക്കുന്നു. ഇപ്പോഴും അനുസ്യൂതം വ്യാപിക്കയും പരക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. ശക്തരായ രാജാക്കന്മാരുടെ കല്പനകൾക്കോ, ക്രൂരരായ അധികാരികളുടെ താഡനങ്ങൾക്കോ, പീഡനങ്ങൾക്കോ അതിനെ തടയാൻ സാധ്യവുമല്ല."

മെത്രാന്മാരായ ഞങ്ങൾ ഇപ്രകാരം പറഞ്ഞുകഴിഞ്ഞപ്പോൾ, പൗരസ്ത്യദേശം മുഴുവന്റെയും തലവനും നേതാവും ശ്രേഷ്ഠനായ വിശ്വാസസാക്ഷിയുമായ ഞങ്ങളുടെ പിതാവ് സംസാരിക്കാൻ തുടങ്ങി. അദ്ദേഹം ഞങ്ങളുടെ കൗൺസിലിനോട് ഇപ്രകാരം പറഞ്ഞു:

തങ്ങൾക്കുപരിയായി ഒരധ്യക്ഷനുണ്ടായിരിക്കുന്നത് നമ്മുടെ ഇടയിലെ ധിക്കാരികൾക്കിഷ്ടമില്ല. നമ്മുടെ ഗുരുക്കന്മാരും പിതാക്കന്മാരും വി. കാതോലിക്കാമാരുമായ മാർ ഇസഹാക്കും മാർ യാബാലാഹായും അവരുടെ കൂടെയുണ്ടായിരുന്ന മെത്രാന്മാരുംകൂടി സിനഡുകളിൽ ഈയാളുകളെ പല പ്രാവശ്യം മുടക്കുകയും സ്ഥാനഭ്രഷ്ടരാക്കുകയും ചെയ്തിട്ടുള്ളതാണ്. അവരിൽ ചിലർ ഈ ലോകത്തിൽ നിന്നു കടന്നുപോയിരിക്കുന്നു. ഇപ്പോൾ ഇവിടെ സന്നിഹിതരായിരിക്കുന്ന നിങ്ങൾക്ക്, ഈ അഹങ്കാരികളുടെ ദുഷ്ടതയെപ്പററി നന്നായറിയാവുന്നതാണല്ലോ: ബാതി ദ്ഹൊർമിസ് ദ് അർദഷീർ ബർസബ്താ ദ്സൂസ്; സബീദാ ദ്സാബോ; ദൈശാ ദ്കോനി; ശർബീൽ ദ്ദാസ്തർതാ ദ്മല്ലാ; അബ്നേർ ദ്കശ്ക്കാർ; ശലോമോൻ ദ്നൂഹദ്രാ; ബർഹയ്ലേ ദ്തഹാൽ,; ബർയക്പി ദ്ബെലാശ്ഫർ; ഫർബോക്ത് ദ്അർദഷീർ ക്കുറാഹ്; യസിദ്ബോസേദ് ദ്ദബ്ഗരാദ്;—ബാക്കിയുള്ള അവരുടെ അനുയായികളെ നിങ്ങൾക്കറിയാമല്ലോ. അവരെ താക്കീതുചെയ്ത് സ്ഥാനഭ്രഷ്ടരാക്കി, എല്ലാ വൈദികസ്ഥാനങ്ങളും എടുത്തുകളഞ്ഞ്, ഒരു ഡിക്രിവഴി വിശുദ്ധ രഹസ്യങ്ങ

www.malankaralibrary.com



ളിൽ ഉള്ള സംസർഗത്തിൽ നിന്ന് അവരെ നീക്കിയപ്പോൾ, പുറജാതികളായ ലൗകികാധികാരികളുടെ പക്കൽ സഹായം തേടുവാൻപോയി. അവരെപ്പോലെ മത്സരിച്ച ചില മനുഷ്യരും അവരുടെകൂടെ കൂടി. അവരിൽ ചിലരെ നാം മുടക്കി; മററുള്ളവരുടെ സ്ഥാനം എടുത്തുകളഞ്ഞു. അവർ വിശ്വാസികളുടെ മനസ്സാക്ഷിയെ കലക്കിമറിച്ചു. അവർ ജനങ്ങളെ വഴി തെററിച്ചുകൊണ്ട് ഇപ്രകാരം പറയുന്നു: "കാരണം കൂടാതെയാണ് വൈദികസ്ഥാനത്തുനിന്ന് ഞങ്ങളെ അവർ മുടക്കിയതും സ്ഥാനങ്ങൾ എടുത്തുകളഞ്ഞതും; മാർ ഇസ്ഹാക്കും മാർ യാബാലാഹായും അവരുടെ കൂടെയുള്ള മെത്രാന്മാരും ഞങ്ങളോട് നീതിരഹിതമായിട്ടാണ് പെരുമാറിയിട്ടുള്ളത്. ഞങ്ങളുടെ മനസ്സാക്ഷിയിൽ ഞങ്ങൾ കുററക്കാരല്ലാത്തതിനാൽ ഞങ്ങൾക്കെതിരെയുള്ള മുടക്കുകളും സ്ഥാനഭ്രഷ്ടമാക്കലും ഞങ്ങൾ കൂദാശസ്സുണയരുതെന്നും ഞങ്ങൾ ക്രിസ്ത്യാനികളുമായി സംസർഗം ചെയ്യരുതെന്നും മററുമുള്ള വിലക്കുകളും ഞങ്ങൾ അംഗീകരിക്കുന്നില്ല."

അവരുടെ ദുഷ്ടത നിമിത്തം അവർക്കെതിരായി ഞാൻ വിധിതീർപ്പ് എഴുതി അവരുടെ രൂപതകളിൽ അറിയിക്കയുണ്ടായി. അതു കണ്ടപ്പോൾ അവർ ഇപ്രകാരം പറഞ്ഞു "ദാദീശോയുടെ വിധിതീർപ്പ് ഞങ്ങൾ അംഗീകരിക്കുന്നില്ല: കാരണം, അദ്ദേഹത്തിനു കാതോലിക്കേററ് നൽകപ്പെട്ടിട്ടില്ല. മെത്രാനെന്നു പേരുള്ള ഒരു മനുഷ്യൻ അയാളുടെ തലയിൽ കൈവച്ച് ക്രമരഹിതമായി കാതോലിക്കോസ് എന്നു പ്രഖ്യാപിക്കയാണ് ചെയ്തിട്ടുള്ളത്. കൂടാതെ അയാൾ പേഷ്യൻ മാജികൾക്ക് ഇപ്രകാരം എഴുതി ഒപ്പിട്ടു (എന്നും അവർ പറയുന്നു): 'ഞാൻ ക്രിസ്ത്യാനികളുടെ തലവനല്ല, ഞാൻ മെത്രാനെയോ വൈദികനെയോ ഡീക്കനെയോ വാഴിക്കുന്നില്ല'. അയാൾ അഗ്നിയേയും ജലത്തെയും വന്ദിക്കുന്നു. അയാൾ എല്ലാ ക്രിസ്തുമതാചാരാനുഷ്ഠാനങ്ങളിൽ നിന്നും അന്യനാണ്. വലിയ ദുർമാർഗത്തിൽ ആണ്ടുപോയി. അയാൾ ധാരാളം പണം പലിശയ്ക്കു കൊടുക്കുന്നു; പള്ളികളേയും ആശ്രമങ്ങളേയും കൊള്ളയടിക്കുന്നു; വലിയ കാഴ്ചകൾ നൽകുന്നവർക്കേ അയാൾ പട്ടം കൊടുക്കുന്നുള്ളു. താൻ സ്വീകരിച്ച സമ്മാനങ്ങൾ മൂലവും



നീതിരഹിതമായ വിധിതീർപ്പുകൾ മൂലവും അനേകമാളുകൾ ഇന്നു നിരാശയിലാണ്. തന്റെ എല്ലാ വ്യാപാരങ്ങളിലും അയാൾ വഞ്ചകനാണ്. അയാൾക്ക് വിദ്യാഭ്യാസമില്ലാത്തതിനാൽ പുസ്തകങ്ങൾ വായിക്കാറില്ല. അയാൾ അജ്ഞനും വിഡ്ഢിയുമാണ്. വിശുദ്ധ ഗ്രന്ഥങ്ങൾ വായിക്കാനറിയില്ല. അയാളുടെ ദുരാരോപണം നിമിത്തമാണ് ഇപ്പോൾ ക്രിസ്ത്യാനികൾക്കെതിരായി മതപീഡനം ഉണ്ടായിരിക്കുന്നത്." അവർ ഇങ്ങനെയൊക്കെ ക്രിസ്ത്യാനികളോട് പറഞ്ഞു. അവരിൽ വിവേചനാ ശക്തിയില്ലാത്ത അനേകർ അവരുടെ പിറകെ പോയി. ഈ ദുഷ്ടത പറഞ്ഞുപരത്തിയവരെക്കാൾ ശ്രോതാക്കളായിരുന്ന ചിലർ തങ്ങളുടെ സഹോദരങ്ങൾക്ക് ഇടർച്ച വരുത്തിക്കൊണ്ട് നമ്മെ സംബന്ധിച്ച് ദുഷ്പ്രചരണം നടത്തി. മുടക്കപ്പെട്ട ആളുകളിൽ നിന്ന് കേട്ട രീതിയിലല്ല, പിന്നെയോ നമ്മെപ്പററി അവർ പറയുന്നവ, നാം ചെയ്യുന്നവ നേരിൽ കണ്ടവരെപ്പോലെ നമുക്കെതിരെ എല്ലാ ദുഷ്ടതയും അവർ പറഞ്ഞുപരത്തി.

ആദ്യവർഷം തന്നെ പ്രഭുക്കന്മാരുടെയും പുറജാതികളുടെയും പക്കൽ നമുക്കെതിരെ അവർ ദുരാരോപണങ്ങളും അപവാദങ്ങളും ഉന്നയിച്ചു. എന്നെ അവർ ജയിലിലടച്ച് കഠിനമായി പീഡിപ്പിച്ചു. ഈ അഹങ്കാരികളുടെ പ്രചരണത്താൽ എന്നെപ്രതി ക്രിസ്ത്യാനികളിൽ അധികംപേർ ഇടറുകയുണ്ടായി. ജയിൽ മർദ്ദനങ്ങളാലും കഠിന മർദ്ദനങ്ങളാലും പീഡകളാലും എനിക്കുണ്ടായ വേദനയിലും അത്യാഹിതത്തിലും എന്നെ ആശ്വസിപ്പിക്കാൻ ആരുമുണ്ടായിരുന്നില്ല. അതുകൊണ്ട് പീഡകർ കൂടുതൽ ക്രുദ്ധരായിത്തീർന്നു; മാജികൾ പള്ളികളെയും ആശ്രമങ്ങളെയും തകർക്കുന്നതിൽ കൂടുതൽ തീക്ഷ്ണത കാട്ടി. അനേകർ വിശ്വാസം ത്യജിക്കയും നമ്മുടെ സമൂഹത്തിൽ നിന്ന് വിട്ടുപോകുകയും ചെയ്തു. അവർ സ്വയം ഒററുകാരായിത്തീർന്നു. അനേകർ ഓടി ഒളിച്ചു.

ഈ മുടക്കപ്പെട്ട വ്യക്തികൾ, സഭയിലെ വലിയ ഇടയന്മാർ വഴി പരിശുദ്ധാത്മാവ് അവരുടെമേൽ ഉച്ചരിച്ച നീതിപൂർവ്വകമായ വിധിവാചകം അംഗീകരിക്കാതെ, ക്രിസ്തുമതത്തിന്റെ നാശത്തിനായി ഇപ്പോഴും തങ്ങളുടെ ദുഷ്ടമനസ്

www.malankaralibrary.com



അനുസരിച്ചു നടക്കാൻ ആഗ്രഹിക്കുന്നു. ഇങ്ങനെ അവർ കൂടുതൽ ദുഷ്ടരായിത്തീർന്നു. കാരണം പാപത്തിന്റെ ചെളിക്കുണ്ടിൽ ആണ്ടുകിടക്കാൻ അവർ താല്പര്യപ്പെട്ടു. നാശത്തിലേക്കു നയിക്കുന്ന സ്വാതന്ത്ര്യപാത എപ്പോഴും വേണമെന്ന് അവർ ആഗ്രഹിച്ചതിനാൽ തങ്ങളുടെ ദുഷ്ടപാതയിൽ മുന്നോട്ടു പോകുന്നതു് തടയുന്നതിന് ഒരു നേതാവിനെയോ നിയന്താവിനെയോ അവർ ഇഷ്ടപ്പെട്ടില്ല. ഒരു വിശ്വസ്ത അംബാസഡർ വഴി വേട്ടക്കാരന്റെ ഞാണിൽ നിന്നു പക്ഷിയെന്നവണ്ണം ഞാൻ സ്വതന്ത്രനായ വിവരം നിങ്ങൾക്കറിയാമല്ലോ. എനിക്കുണ്ടായ ബഹുവിധ പരീക്ഷണങ്ങളാൽ വിവരണാതീതമായി ഞാൻ ദുഃഖിതനാണ്. പീഡിപ്പിക്കപ്പെട്ട എന്റെ ആത്മാവിനെ നിങ്ങളെന്തിനു പിന്നെയും മഥിക്കുന്നു? നിങ്ങളുടെ ന്യായമായ ബഹുമാനത്തിനു വേണ്ടി ഞാൻ വലിയ നിന്ദയും അളവില്ലാത്ത പീഡനങ്ങളും സഹിച്ചു. സഭയുടെ നാശത്തിലും സഭാസന്താനങ്ങളുടെ അവമാനത്തിലും തകർച്ചയിലും കരഞ്ഞു ദുഃഖിക്കുവാൻ എന്നെ നിങ്ങൾ വിട്ടേക്കുവിൻ.''

അദ്ദേഹം ഇതു പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ രണ്ടും നിറഞ്ഞു; അദ്ദേഹം കൈപ്പോടെ കരഞ്ഞു; അദ്ദേഹത്തോടൊപ്പം എല്ലാ മെത്രാന്മാരും കരഞ്ഞു.

അപ്പോൾ അഗാപീററസ് എപ്പിസ്കോപ്പാ എഴുന്നേററു. മെത്രാന്മാരുടെ പ്രധാന നേതാവും പൗരസ്ത്യം മുഴുവന്റെയും അധ്യക്ഷനുമായ ദാദീശോയുടെ മുൻപാകെ സംസാരിക്കാനും പാശ്ചാത്യ നേതാക്കന്മാർ വിവിധാവസരങ്ങളിൽ നമ്മുടെ പിതാക്കന്മാർക്കയച്ച കാനോനിക ലേഖനങ്ങൾ, പ്രത്യേകിച്ച്, അവസാനമായി, മാർ ഇസഹാക്കു് കാതോലിക്കോസിന്റെയും മാർ യാബാലാഹാ കാതോലിക്കോസിന്റെയും കാലത്തു് അയച്ചവ, വായിക്കാനും ദാദീശോയോടു് അനുവാദം ചോദിച്ചു. മാർ ദാദീശോ അദ്ദേഹത്തെ അനുവദിച്ചു. അഗാപീററസ് കത്തുകൾ വായിച്ചു.

സഭകൾക്കെതിരായി മതപീഡനം ആരംഭിച്ചപ്പോഴുണ്ടായ ആദ്യകലഹങ്ങളെപ്പററി പ്രത്യേകിച്ച്, അനുസരണരഹിതരും മത്സരബുദ്ധിക്കാരുമായ മെത്രാന്മാരുടെ ചെയ്തികളെപ്പററി ഒന്നിനു പിറകേ ഒന്നായി അദ്ദേഹം വിവരിക്കാൻ തുടങ്ങി.



അവരുടെ ലജ്ജാകര പ്രവൃത്തികൾ നിമിത്തം വിശുദ്ധനും ശ്രേഷ്ഠമഹാപുരോഹിതനും വിശ്വസ്തനുമായ മാർ പാപ്പാ കാതോലിക്കോസ് അക്കാലത്തു് അവരെ കുററപ്പെടുത്തുകയുണ്ടായി. അപ്പോൾ അവർ മാർ മീലെസിന്റെയും അദ്ദേഹത്തെപ്പോലെ സുകൃതവാന്മാരായ മെത്രാന്മാരുടെയും പക്കൽ അഭയം തേടി. അവർ നിഷ്കളങ്കരായിരുന്നതിനാൽ ഇതു കേട്ടപ്പോൾ അവർക്ക് വിഷമമുണ്ടായി. അജ്ഞതയിൽ അവർ വ്യർത്ഥമായ തീക്ഷ്ണതയോടുകൂടി പ്രവർത്തിക്കാൻ പ്രേരിതരായി. ഈ എതിരാളികളിൽ ചിലർ പാപ്പായെ കുററപ്പെടുത്തി; മററു ചിലർ സാക്ഷികളായി മാറി. വിധിയാളന്മാർ എന്ന നിലയിൽ മാർ മീലെസും അദ്ദേഹത്തെപ്പോലെ സുകൃതവാന്മാരായ മററു മെത്രാന്മാരും ഈ മത്സരക്കാരുടെ സാക്ഷ്യം സ്വീകരിച്ചു. വിധിയാളന്മാരായിരിക്കാൻ അവർക്കൊരധികാരവും ഉണ്ടായിരുന്നില്ലെങ്കിലും മാർ പാപ്പായെ അവർ സ്ഥാനഭ്രഷ്ടനാക്കുകയും അദ്ദേഹത്തെ നീക്കുകയും ചെയ്തു. ആ സമൂഹത്തിൽ നിന്ന് നീതി അകന്നുപോയിരിക്കുന്നെന്നും, ദുഷ്ടരെപ്പോലെ സത്യസന്ധരെയും ഒരുപോലെ ദുഷ്ടത കടന്നാക്രമിച്ചിരിക്കുന്നു എന്നും, തിരഞ്ഞെടുക്കപ്പെട്ടവരിൽ നിന്നും മത്സരക്കാരിൽ നിന്നും സത്യം ഒരുപോലെ ഓടി മറഞ്ഞിരിക്കുന്നു എന്നും മാർപാപ്പാ കണ്ടു. താനും സമൂഹവുമായി നീതിപൂർവ്വകമായ ചർച്ച നടക്കില്ലെന്നു് അദ്ദേഹം മനസ്സിലാക്കി. അദ്ദേഹം കോപാവേശം പൂണ്ടു് മധ്യത്തിൽ വച്ചിരുന്ന സുവിശേഷത്തിൽ രോഷത്തോടുകൂടെ ഇടിച്ചുകൊണ്ടു് പറഞ്ഞു: ''സുവിശേഷമേ, സംസാരിക്കുക; സംസാരിക്കുക''. അതായതു്, ''ഞങ്ങളുടെയിടയിൽ ഒരു ന്യായാധിപനായി നീ വയ്ക്കപ്പെട്ടിരിക്കുന്നു; വഴിപിഴച്ചവരിലും സത്യസന്ധരായ മെത്രാന്മാരിലും നിന്നു് സത്യം അകന്നുപോയിരിക്കുന്നു എന്നു നീ കാണുന്നു; നീതിക്കുവേണ്ടിയുള്ള പ്രതികാരത്തിനു നീ നിലവിളിക്കുന്നില്ല'' എന്നു പറയുന്നതായി തോന്നി. എന്നാൽ മാർപാപ്പാ ബഹുമാനത്തോടും വിശ്വാസത്തോടും കൂടെ സുവിശേഷത്തെ സമീപിക്കാഞ്ഞതിനാലും അതിൽ അഭയം തേടുന്നവനെപ്പോലെ അതിന്മേൽ കൈവെയ്ക്കാതിരുന്നതിനാലും, പെട്ടെന്നു് അദ്ദേഹത്തിന് തന്റെ ശരീരത്തിൽ ശിക്ഷാവിധി ഉണ്ടായി. എതിരാളികളായ മെത്രാന്മാർ പാപ്പായ്ക്കെതിരായി ഉന്നയിച്ച അനീതിയുടെയും ക്രൂരതയുടെയും

www.malankaralibrary.com



അശുദ്ധിയുടെയും ആരോപണങ്ങളെല്ലാം, കൂടുതൽ വിശ്വസനീയമായി കൂടിയിരുന്ന മെത്രാന്മാർക്കു തോന്നി. ഒരു ദുഷ്പ്രവർത്തകൻേറതെന്നപോലെ അപവാദം നിറഞ്ഞ ഒരു ചരിത്രം അവർ രചിച്ച്, അനേകം സ്ഥലങ്ങളിൽ അതിൻെറ കോപ്പികൾ അവർ പ്രചരിപ്പിച്ചു.

അവസാനം പാശ്ചാത്യപിതാക്കൻമാർ ഈ കാര്യങ്ങൾ അറിയാൻ ഇടയായി. ധിക്കാരികളുടെ ദുരാരോപണങ്ങളെപ്പററി അവർ സൂക്ഷ്മ പരിശോധന നടത്തി, അവരുടെ ദുഷ്ടത വെളിച്ചത്തു കൊണ്ടുവന്നു. അവരെയെല്ലാം മുടക്കി മാർ പാപ്പായെ ദുരാരോപണം നടത്തിയവരെയും സാക്ഷിപറഞ്ഞവരെയും സ്ഥാനഭ്രഷ്ടരാക്കി. അവരുടെ വൈദികസ്ഥാനം എടുത്തുകളഞ്ഞു. മാർ പാപ്പായ്ക്കെതിരായി കൂടിയ യോഗത്തിലുണ്ടായിരുന്ന സുകൃതവാന്മാരായ ചില മെത്രാൻമാർ രക്തസാക്ഷിമകുടം ചൂടി ഈ ലോകത്തിൽനിന്നു് കടന്നുപോയി; മററു ചിലർ സൽപേരോടുകൂടി കർത്താവിൽ നിദ്രപ്രാപിച്ചു. അവരിൽ അവശേഷിച്ചവരെ അവരുടെ സ്ഥാനങ്ങളിൽ തന്നെ തുടരാനനുവദിച്ചു; അവരുടെ രീതികൾ കൊണ്ടു മാത്രമല്ല, പിന്നെയോ അവർ സരളരും ഋജുമാനസരുമായിരുന്നുവെന്നു് അറിയപ്പെട്ടതിനാലാണു്. ഇക്കാരണത്താൽ, വഴിപിഴച്ചവർക്കു് അവരെ എളുപ്പത്തിൽ വഴിതെററിക്കാൻ കഴിഞ്ഞു. ഈ വാഴ്ത്തപ്പെട്ടവരുടെ സുകൃതത്തിൻെറ മറവിൽ പാത്രിയർക്കീസിനെതിരായി തങ്ങളുടെ ദുഷ്ടപദ്ധതികൾ നടപ്പാക്കുന്നതിനു് അവർക്കു് സാധിച്ചു. എന്നാൽ അവർ ഭയപ്പെട്ടിരുന്നതു്;— തങ്ങളുടെ വൈദികസ്ഥാനത്തുനിന്നു് തങ്ങൾ ഭ്രഷ്ടരാക്കപ്പെട്ടേക്കുമോ എന്ന കാര്യം—പാശ്ചാത്യപിതാക്കന്മാർ വഴി അവർക്കു് വന്നുഭവിച്ചു. കാരണം ദയകൂടാതെ അവർ ഉരിയപ്പെടുകയും ഭ്രഷ്ടരാക്കപ്പെടുകയും പുറന്തള്ളപ്പെടുകയും ചെയ്തു. മാർപാപ്പായ്ക്കെതിരായി അവർ ചെയ്തവയെല്ലാം പിതാക്കന്മാർ റദ്ദു ചെയ്യുകയും തിരുത്തിക്കുറിക്കുകയും ചെയ്തു. തൻെറ എല്ലാ മുൻഗാമികളേക്കാളും ശ്രേഷ്ഠമായി അദ്ദേഹം ജീവിച്ചു. ഈ മഹനീയ കർമ്മങ്ങളും വിശ്വാസത്തിനു വേണ്ടിയുള്ള അദ്ദേഹത്തിൻെറ വലിയ തീക്ഷ്ണതയും പരിഗണിച്ച്, അദ്ദേഹത്തിനെതിരായി



അധികാരമില്ലാതെ അദ്ദേഹത്തിൻെറ ശിഷ്യന്മാർ ചെയ്തവയ്ക്കു് ഈ യോഗത്തിൽവച്ച് പ്രായശ്ചിത്തം ചെയ്യപ്പെട്ടു.

പിതാക്കന്മാർ ഇപ്രകാരം കല്പിച്ചു: ജീവൻെറ പുസ്തകത്തിൽ എല്ലാവർക്കും മുൻപായി മാർപാപ്പാ അനുസ്മരിക്കപ്പെടണം; അദ്ദേഹത്തിൻെറ എല്ലാ മുൻഗാമികളും അദ്ദേഹത്തിനു ശേഷമായിരിക്കും അനുസ്മരിക്കപ്പെടുക. നേതൃത്വം സംബന്ധിച്ച് കലഹം ഉണ്ടായ കാലത്തു്, മാർ പാപ്പായുടെ സ്ഥാനത്തു് അവരോധിക്കപ്പെട്ട മാർ ശിമയോൻ മാർ പാപ്പായുടെ ആർച്ചുഡീക്കനായിരിക്കും. മാർ ശെമഓൻ സുകൃതവാനും ദിവ്യനുമായിരുന്നു എന്നു് നമുക്കറിയാമല്ലോ. സിനഡിൻെറ നിർബന്ധത്താൽ അദ്ദേഹം ഇതിലേയ്ക്കു് വലിച്ചിഴയ്ക്കപ്പെട്ടതാണു്. അദ്ദേഹം സ്നേഹത്തോടും ദൈവഭയത്തോടും കൂടെ അദ്ദേഹത്തോടൊപ്പം ശുശ്രൂഷ നിർവഹിക്കണം, മാർ പാപ്പാ ഈ ലോകത്തിൽനിന്നു് തൻെറ നാഥനിലേക്കു് എടുക്കപ്പെടുമ്പോൾ മാർ ശിമയോൻ മാർ പാപ്പായുടെ സിംഹാസനത്തിലിരുന്നു് ഈ പാത്രിയാർക്കേററിൻെറ ഭരണം നടത്തണം.

നമ്മുടെയിടയിൽ ശിഷ്യന്മാർ ഗുരുവിനു മുകളിലായി ഉയരുവാൻ പാടില്ല; അവരുടെ വിധിയാളന്മാരും ആകാൻ പാടില്ല. കാരണം, തങ്ങളുടെ ഗുരുവായ മിശിഹായിൽ നിന്നു് അത്തരം ഒരധികാരം അവർക്കു ലഭിച്ചിട്ടില്ല, സ്രഷ്ടാവായ ദൈവം മനുഷ്യപ്രകൃതിയിൽ നിക്ഷേപിച്ചിരിക്കുന്ന നീതിപൂർവമായ നിയമങ്ങളനുസരിച്ച്, മക്കൾ തങ്ങളുടെ ശാരീരിക മാതാപിതാക്കളിൽനിന്നു് അവരുടെ വസ്തുവകകൾ എടുത്തുമാററാൻ പാടില്ല. എന്നാൽ മാതാപിതാക്കൾക്കു് മക്കളുടെ മേൽ അധികാരമുണ്ടു്. ദാസന്മാർക്കു് തങ്ങളുടെ യജമാനന്മാരുടെ സ്വാതന്ത്ര്യത്തെ ഹനിക്കാൻ സാധിക്കയില്ല; എന്നാൽ യജമാനന്മാർക്കു് ദാസന്മാരെ സംബന്ധിച്ച് സാധിക്കും; ഭാര്യയ്ക്കു തൻെറ ഭർത്താവിനു് തൻെറമേലുള്ള അധികാരത്തെ നീക്കിക്കളയാനാവില്ല. മറിച്ച് ഭാര്യമാർ തങ്ങളുടെ ഭർത്താക്കന്മാർക്കു് കീഴ്പ്പെട്ടിരിക്കണം. ഭർത്താക്കന്മാർ ആകട്ടെ തങ്ങളുടെ ഭാര്യമാരെ ഭരിക്കുന്നു. തങ്ങളുടെ ഭർത്താക്കന്മാരെ സ്നേഹിക്കുവാനും അവരെ അനുസരിക്കുവാനും അവരെ ശ്രവിക്കുവാനും ഭാര്യമാരോടു് ഉപദേശിക്കുമ്പോൾ, ഭാര്യമാരെ

www.malankaralibrary.com



സ്നേഹിക്കണമെന്നല്ലാതെ അവരെ അനുസരിക്കണമെന്ന് ഭർത്താക്കന്മാരോട് പറയുന്നില്ല. ഭർത്താക്കന്മാർ തങ്ങളുടെ ഭാര്യമാരെ അനുസരിക്കാൻ മുതിർന്നപ്പോളൊക്കെ പ്രകൃതിയിൽ ദൈവം നിക്ഷേപിച്ച നിയമങ്ങളും ക്രമങ്ങളും അനുസരിക്കാൻ സാധിക്കായ്കയിൽ, അവർ തങ്ങളുടെമേൽ ശിക്ഷ വലിച്ചുവച്ചു.

വിശുദ്ധ സഭയിൽ എല്ലാ പൂർണ്ണതകളും പ്രത്യേകമായി പൂർത്തീകരിക്കപ്പെടേണ്ടതുണ്ട്. സത്യപിതാവ് ഏകനാണ്; രക്ഷകനായ മിശിഹാ എന്ന അവിടുത്തെ പുത്രൻ ഏകനാണ്; സജീവനും ആശ്വാസദായകനുമായ പരിശുദ്ധാത്മാവ് ഏകനാണ്. കേപ്പാ എന്ന മറുനാമമുള്ള ശീമോൻ ബർയോനാ എന്ന ഏക വിശ്വസ്ത ദാസനെയല്ലാതെ മററാരേയും തെരഞ്ഞെടുത്ത് പുത്രൻ ഇപ്രകാരം വാഗ്ദാനം ചെയ്തില്ല: ''ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും''. എന്നാൽ എല്ലാ ശിഷ്യന്മാരോടുമായി മിശിഹാ പറഞ്ഞില്ല, ''നിങ്ങളിൽ ഞാൻ പണിയും''; ''നിങ്ങൾക്കു ഞാൻ നൽകും''. പൗരോഹിത്യദാനം എല്ലാ ശിഷ്യന്മാർക്കുമായി നൽകപ്പെട്ടു. എന്നാൽ ഏക നേതൃത്വം – അതായത് ആത്മീയ പിതൃത്വം – എല്ലാവർക്കും നൽകപ്പെട്ടിട്ടില്ല. മറിച്ച്, ഏകസത്യദൈവത്തിന് ഏക വിശ്വസ്ത ഭരണാധികാരിയാണുള്ളത്. മറിച്ച് അയാൾ തലവനും നേതാവും സഹോദരന്മാരുടെ കാര്യസ്ഥനുമാണ്. നമ്മുടെ സഭയിൽ ഈ നിയമങ്ങളും ഈ അനുശാസനങ്ങളും പാലിക്കപ്പെടുന്നു.

ഏതെങ്കിലും എപ്പിസ്കോപ്പാസ്സ് തന്റെ മേലധികാരി തന്നോടു മോശമായി പെരുമാറി എന്നു തോന്നിയാൽ, അനുസരണയുള്ള ശിഷ്യനെപ്പോലെ, തന്റെ സാന്നിദ്ധ്യത്തിൽ എല്ലാ വർഷവും കൂടുന്ന സിനഡിന്റെ മുമ്പാകെ തന്റെ പ്രശ്നം ഉന്നയിക്കാം. ക്രൂരത കാട്ടി എന്ന് എല്ലാ മെത്രാന്മാർക്കും ബോദ്ധ്യമായാൽ, കുഞ്ഞുങ്ങൾ തങ്ങളുടെ പിതാവിനോടെന്ന വണ്ണം തന്റെ മക്കളോട് മോശമായി പെരുമാറരുതെന്ന് യാചിച്ചുകൊണ്ട് തങ്ങളുടെ സഹോദരനുവേണ്ടി അവർ ഒരപേക്ഷ സമർപ്പിക്കണം. നമ്മുടെ ഇടയിൽ ഉടലെടുത്തേക്കാവുന്ന പ്രശ്നങ്ങൾ പരിഹരിക്കാനായി എല്ലാ വർഷവും സിനഡുകൾ കൂടണമെന്ന് തീരുമാനിച്ചിരിക്കുന്നത് ഇക്കാരണത്താലാണ്. മേലിൽ പൗരസ്ത്യദേശത്ത്, സെലൂഷ്യാ നഗരത്തിൽ കോക്കേയിലെ വലിയ പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന പാത്രിയാർക്കൽ സിംഹാസനത്തിൽ, തങ്ങളുടെ തലവനും പ്രധാനിയുമായ പാത്രിയർക്കീസിനെതിരായി യോഗം കൂടാൻ മെത്രാന്മാർക്കധികാരമില്ല; അദ്ദേഹത്തെ വിധിക്കാൻ അവർക്കധികാരമില്ല: ''മനുഷ്യരോ ദൈവമോ നൽകാത്ത യാതൊന്നിനു നേരെയും കൈനീട്ടുവാൻ അവർക്കധികാരമില്ല എന്നത് എല്ലാവരും അറിഞ്ഞിരിക്കട്ടെ.''



പാശ്ചാത്യദേശത്തുള്ള നമ്മുടെ പ്രാചീന പിതാക്കന്മാർ ഇപ്രകാരം തീരുമാനിച്ച് പൗരസ്ത്യദേശത്തുള്ള നമ്മുടെ പ്രാചീന പിതാക്കന്മാരെ എഴുതി അറിയിക്കുയുണ്ടായി. ദൈവവചനത്തിന്റെ അധികാരത്താൽ അവരുടെ എഴുത്തുകൾ ശരിയായി ഉറപ്പിക്കപ്പെട്ടിരിക്കുന്നു. ഇവയെ ലംഘിക്കുന്നവർക്ക് നിയമങ്ങളുടെ ശാപവും അവർ കൂട്ടിച്ചേർത്തിട്ടുണ്ട്.

ഇതുപോലെ തന്നെ, ദൈവമനുഷ്യനും വലിയ അത്ഭുതങ്ങളും മഹനീയ സംഗതികളും പ്രവർത്തിച്ചവനുമായ മാർ ഇസഹാക്ക് കാതോലിക്കോസിന്റെ കാലത്തും സംഭവിച്ചു. ക്രിസ്തീയ ജനങ്ങളുടെമേലുള്ള ഉന്നത പൗരോഹിത്യത്തിന്റെ അധികാരം 22 വർഷം ഒഴിഞ്ഞുകിടന്ന ശേഷം അദ്ദേഹത്തിന്റെ കരങ്ങൾവഴി വീണ്ടും പുനസ്ഥാപിക്കപ്പെട്ടു. രാജസമക്ഷം ദൈവം അദ്ദേഹത്തിനു നൽകിയ വലിയ മമത നിമിത്തം അധികാരം പുനസ്ഥാപിച്ചതുവഴി അദ്ദേഹം സഭയെ ഉയർത്തി. ആ കാലത്ത്, മെത്രാന്മാരെന്ന് സ്വയം വിളിക്കുന്ന ലഹളക്കാരും ദുഷിച്ച കലഹക്കാരും ആയ ചിലർ തങ്ങളുടെ ദുഷ്പ്രവർത്തനങ്ങളാൽ മാർ ഇസഹാക്ക് കാതോലിക്കോസിനെതിരായി ഒരു ഗ്രൂപ്പുണ്ടാക്കുവാൻ പോലും ധൈര്യപ്പെട്ടു. അവർ അദ്ദേഹത്തെ കുററപ്പെടുത്തിക്കൊണ്ടും ഗൗരവമായ ആരോപണങ്ങളുന്നയിച്ചുകൊണ്ടും എഴുതുകയുണ്ടായി. അവർ കള്ളക്കഥകൾ കെട്ടിച്ചമച്ച് സാധാരണക്കാർക്ക് ഇടർച്ച ഉണ്ടാക്കുകയും അവരുടെ മനസ്സാക്ഷിയെ വിഷമിപ്പിക്കുകയും ചെയ്തു. അവർ അദ്ദേഹത്തെപ്പററി രാജസമക്ഷം പരാതി കൊടുത്തു.

www.malankaralibrary.com



രാജാവിനെ പ്രേരിപ്പിച്ച് മാർ ഇസഹാക്കിനെ ജയിലിൽ ഇടുന്നതിന് സാധിക്കത്തക്കവിധം അവർ രാജസമക്ഷം ദുരാരോപണങ്ങൾ ഉന്നയിച്ചു.

അപ്പോൾ പാശ്ചാത്യ പിതാക്കന്മാർ ഇതറിയാൻ ഇടയായി. അവർ ഒരെഴുത്തെഴുതി ക്രിസ്തീയ രാജാവിന്റെ ശിപാർശയോടുകൂടെ രാജാക്കന്മാരുടെ രാജാവായ യസ്ദ്ഗേർദിന്റെ പക്കലേക്ക് മാർ മാറൂഥാ എപ്പിസ്കോപ്പായെ അയച്ചു. അദ്ദേഹം താൻ കൊണ്ടുവന്ന കത്ത് നിരവധി സമ്മാനങ്ങളോടുകൂടെ രാജാവിന് സമർപ്പിച്ചു. മഹാരാജാവായ യസ്ദ്ഗേർദിന്റെ കല്പനയാൽ മെത്രാന്മാരുടെ ഒരു സിനഡു കൂടി ശ്രദ്ധാപൂർവ്വം എല്ലാം പരിശോധിച്ചിട്ട് മാർ മാറൂഥാ ഈ മത്സരക്കാരെ മുടക്കി; വിധേയത്വമില്ലാത്ത ഈ മെത്രാന്മാർ മൂലം ഉണ്ടായ കഴപ്പങ്ങളെല്ലാം അദ്ദേഹം പരിഹരിച്ചു.

മാർ യാബാലാഹാ കാതോലിക്കോസിന്റെ കാലത്തും മത്സരക്കാരും അഹങ്കാരികളുമായവർ ഇപ്രകാരം പ്രവർത്തിച്ചു. ശക്തരായ ചില ക്രിസ്ത്യാനികളുടെ സഹായത്താലും പുറത്തുള്ള ആളുകളുടെ ഒത്താശയാലും തങ്ങളുടെ നേട്ടത്തിനുവേണ്ടി മെത്രാൻസ്ഥാനം അവർ പിടിച്ചുപറ്റി. അവരുടെ മ്ലേച്ഛകർമ്മങ്ങൾ നിമിത്തവും തങ്ങളെപ്പറ്റിത്തന്നെ അവർക്കുണ്ടായിരുന്ന അതിരുകടന്ന വ്യർത്ഥചിന്ത നിമിത്തവും മാർ യാബാലാഹായുടെ അധികാരത്തിന് വിധേയരായിരിക്കുന്ന മനസ്ഥിതിയിലേക്ക് വരുന്നതിന് അവർക്കു കഴിഞ്ഞില്ല. അവർ ധാരാളമാളുകളെ കലക്കുകയും അവർക്ക് ഇടർച്ച വരുത്തുകയും ചെയ്തു. അവർ ശീശ്മ ഇളക്കിവിടുകയും സഭയിൽ പിളർപ്പുണ്ടാക്കുകയും ചെയ്തു.

ഒരു സമാധാനദൂതൻ ഈ സംഗതികൾ നമ്മുടെ പാശ്ചാത്യ പിതാക്കന്മാരെ അറിയിച്ചു; അവരാകട്ടെ ഇക്കാര്യം ചക്രവർത്തിയെയും ധരിപ്പിച്ചു. അവരുടനെ ഏകയോഗമായി, തീക്ഷ്ണനും ഈ ദൗത്യത്തിനു പറ്റിയവനുമായ ഒരാളെ ഇവിടേക്കയച്ചു; അദ്ദേഹം നൽകിയ നിയമങ്ങൾ വഴിയും, ഈ മത്സരക്കാർക്കെതിരായി അദ്ദേഹം ചെയ്ത വിധി



തീർപ്പുകൾ വഴിയും മാർ യാബാലാഹാ കാതോലിക്കോസിന്റെ കാലത്ത് അദ്ദേഹം നേടിയെടുത്ത വലിയ ശാന്തി വഴിയും താൻ വിശ്വസ്തനാണെന്ന് അദ്ദേഹം തെളിയിച്ചു.

പ്രിയ പിതാക്കന്മാരേ, നിങ്ങൾക്കെല്ലാം ഇതറിയാവുന്നതാണല്ലോ. നമ്മുടെ ഇടയിൽ ശീശ്മയും കലഹവും ഉടലെടുക്കുമ്പോഴെല്ലാം ഈ സിംഹാസനത്തിന്റെ സഹായികളും സംരക്ഷകരുമായി അവർ ഓടിയെത്താറുണ്ട്. ശരീരത്തിലെ അവയവങ്ങളുടെ രാജ്ഞിയായ ശിരസിനോട് അവയവങ്ങൾ ഒന്നിച്ചിരിക്കുന്നതുപോലെ മക്കളും ശിഷ്യരും എന്ന നിലയിൽ നാം അവരോടു ബന്ധിതരും യോജിച്ചിരിക്കുന്നവരുമാണ്. വിവിധ കാലഘട്ടങ്ങളിൽ നമ്മെപ്രതി അവർ അയച്ച അംബാസഡർമാർ വഴി, നമുക്കും നമ്മുടെ പിതാക്കന്മാർക്കും എതിരായി മാജികൾ ഇളക്കിവിട്ട പീഡനങ്ങളിൽ നിന്നും അവർ നമ്മെ വിടുവിച്ച് സ്വതന്ത്രരാക്കുകയും ചെയ്തു.

ഇപ്പോൾ നമ്മുടെമേലുള്ള മതപീഡനവും നമ്മുടെ അരിഷ്ടതകളും വളരെ വർദ്ധിച്ചിരിക്കുന്നു; എന്നാൽ മുൻകാലങ്ങളിലെപ്പോലെ നമ്മുടെ കാര്യത്തിൽ ഇടപെടാൻ സാഹചര്യങ്ങൾ അവരെ അനുവദിക്കുന്നില്ല. എന്നാൽ സ്നേഹിക്കപ്പെട്ട മക്കളും ശ്രദ്ധയുള്ള അവകാശികളും എന്ന നിലയിൽ നമുക്കുള്ള പരമാധികാരം ഉപയോഗിച്ച് നാം പരസ്പരം സഹായിക്കയും ബലപ്പെടുത്തുകയും വേണം. കാരണം, നാം അധികാരത്തിന്റെ ഉന്നതിയിൽ നിന്നു വീണുപോയാൽ ദയാരഹിതമായി നശിച്ചതുതന്നെ. — ദൈവം അത് അനുവദിക്കാതിരിക്കട്ടെ. വരുവിൻ നമ്മുടെ ജനങ്ങളുടെയും നമ്മുടെ വൈദികഗണത്തിന്റെയും മുറിവുകൾ സുഖപ്പെടുത്താം. നമ്മുടെ തലവനും പിതാവുമായ മാർ ദാദീശോ കാതോലിക്കോസിനുവേണ്ടി നമ്മെത്തന്നെ മരണത്തിന് കയ്യാളിക്കാം. അദ്ദേഹം നമ്മുടെ തലവനും ഭരണാധികാരിയും ദൈവിക ഭണ്ഡാഗാരത്തിലെ എല്ലാ നിക്ഷേപങ്ങളും നമുക്ക് പങ്കിട്ടുതരുന്നവനുമാണ്. അദ്ദേഹം നമുക്ക് പത്രോസിനെപ്പോലെ എല്ലാ സഭാകൗൺസിലുകളുടെയും അദ്ധ്യക്ഷനാണ്. നമ്മുടെ അപേക്ഷ സ്വീകരിക്കാൻ തിരുവുള്ളമുണ്ടാകണമെന്ന് നമ്മുടെ പിതാവിനോടപേക്ഷിച്ച് യാചിക്കാം. അല്ലെങ്കിൽ, അദ്ദേഹത്തിന്

www.malankaralibrary.com



നമ്മിൽ കരുണ തോന്നി, നമ്മുടെ ആവശ്യം അംഗീകരിച്ച്, സിംഹാസനത്തിൽ തിരികെ വന്ന് ശ്ലീഹന്മാരുടെ തലവനായ പത്രോസിനു് മിശിഹാ നൽകിയ പ്രബോധനമനുസരിച്ച് നമ്മുടെമേലുള്ള ഭരണം ഏറ്റെടുക്കുന്നതുവരെ കരഞ്ഞും നിലവിളിച്ചും ചാക്കുധരിച്ചും ചാരം പൂശിയും കണ്ണുനീരോടും നെടുവീർപ്പോടും കൂടെ നമുക്കെല്ലാവർക്കും അദ്ദേഹത്തിന്റെ വാതില്ക്കൽ തന്നെ നില്ക്കാം.

അഗാപീററസ് എപ്പിസ്കോപ്പാ ഇപ്രകാരം സംസാരിച്ചു കഴിഞ്ഞപ്പോൾ നിസിബിസിലെ എപ്പിസ്കോപ്പാ ഹോശിയ എഴുന്നേററ് ഇപ്രകാരം പറഞ്ഞു: "എന്റെ സഹോദരന്മാരും സഹപ്രവർത്തകരുമേ, മുടക്കപ്പെട്ട്, ഭ്രഷ്ടരാക്കപ്പെട്ട ഈ മനുഷ്യരെപ്പോലെ നിങ്ങൾ എന്തുകൊണ്ടാണ് നിശ്ശബ്ദരായിരിക്കുന്നതും, വിചാരനിമഗ്നരായിരിക്കുന്നതും? അവർ സഭയ്ക്കു നാശവും ഉപദ്രവവും ചെയ്യുന്നു. തങ്ങളുടെ വ്യർത്ഥസംതൃപ്തിക്കും സ്വബഹുമാനത്തിനും വേണ്ടി പുറത്തുള്ളവരുടെ പക്കലുള്ള തങ്ങളുടെ ദുരാരോപണങ്ങളും അപവാദങ്ങളും നിന്ദനങ്ങളും കുററം ചുമത്തലുകളും ക്രിസ്തീയഭവനങ്ങളിൽ സൂത്രത്തിൽ കടന്നുകൂടി ചെയ്യുന്ന മനസ്സാക്ഷി മഥനങ്ങളും വഴി ഇവർ എല്ലാ ക്രിസ്തീയജനത്തിന്റെയും ഇടയിൽ നാശം വിതയ്ക്കുന്നു. അങ്ങനെയെങ്കിൽ നമ്മുടെ പിതാവും നേതാവുമായ മാർ ദാദീശോ കാതോലിക്കോസിന്റെ സിംഹാസനം ഉറപ്പിക്കുന്നതിനും, സഭയുടെ സമാധാനത്തിനും ശാന്തിക്കും, സഭാസന്താനങ്ങളുടെ വളർച്ചയ്ക്കുംവേണ്ടി, എല്ലാവരോടുമുള്ള നമ്മുടെ താല്പര്യത്തെ പ്രതി, നമ്മുടെ കഴിവിൽപെട്ടവയൊക്കെ ചെയ്യാൻ അതിലെത്രയോ ശക്തമായി പ്രവർത്തിക്കാൻ നാം ജാഗരൂകരാണെന്ന് കാണിക്കാൻ നാം കടപ്പെട്ടിരിക്കുന്നില്ല! ശാസിക്കപ്പെട്ട് മുടക്കേററ്, ഭ്രഷ്ടരാക്കപ്പെട്ടവർ സഭാസന്താനങ്ങളുടെ ഇടയിൽ വിതറിയ ഇടർച്ചയും കലഹവും കുഴപ്പങ്ങളും നിമിത്തം അവർ ഉന്നതഭവനത്തിൽ നിന്നു പുറന്തള്ളപ്പെട്ടിരിക്കുന്നു. ഈ കലഹക്കാർ തങ്ങളുടെ അഹങ്കാരത്താൽ ദൈവവിശ്വാസമാകുന്ന സൗധത്തെ എപ്പോഴും തകർക്കുന്നവരായിത്തീർന്നിരിക്കുന്നു. അതുകൊണ്ടു വരുവിൻ, അകലെയുള്ളതു വിട്ടിട്ട് അടുത്തുള്ളതിനെ നമുക്കാശ്ലേഷിക്കാം. എന്തുകൊണ്ടെന്നാൽ നമ്മുടെ



കൈകൾ കൊണ്ട് അവിടത്തെ പാദത്തിൽ കെട്ടിപ്പിടിക്കുന്നതിലും അകലത്താണ് അദ്ദേഹത്തിന്റെ വാതിൽക്കൽ പോയി നില്ക്കുക എന്നുള്ളത്.

അപ്പോൾ എല്ലാ മെത്രാന്മാരും എഴുന്നേററ് അദ്ദേഹത്തിന്റെ മുമ്പിൽ സാഷ്ടാംഗ പ്രണാമംചെയ്തു. അവർ അദ്ദേഹത്തിന്റെ പാദത്തിൽ മുറുകെപിടിച്ചു. അവർ അത്യന്തം ദുഃഖിതരായി ശബ്ദമുയർത്തി ഇപ്രകാരം പറഞ്ഞു: മത്സരക്കാരും ദോഷികളുമായ ആളുകളുടെ പ്രലോഭനത്താൽ തിരിച്ചറിവില്ലാതെ വലിച്ചിഴക്കപ്പെടാൻ അനുവദിച്ച നിന്റെ മക്കളുടെ തെററ് ക്ഷമിച്ചാലും എന്നു് ഞങ്ങൾ അങ്ങയോടപേക്ഷിക്കുന്നു. നിന്റെ മക്കളുടെ ഈ കൗൺസിലിനെ പരിഗണിച്ചാലും. നിന്റെ നാഥന്റെ ആട്ടിൻകൂട്ടത്തിലെ ആടുകളോട് കരുണ കാണിച്ചാലും. അതിനുവേണ്ടി ദീർഘനാളത്തേക്ക് ക്രൂരമായ ചങ്ങലകൾക്കും പീഡനങ്ങൾക്കും രൂക്ഷമായ വേദനകൾക്കും അങ്ങ് കയ്യാളിക്കപ്പെട്ടതാണല്ലോ. അതിനുവേണ്ടി നിരവധി പോരാട്ടങ്ങളുടെ അപകടങ്ങൾ അങ്ങ് സന്തോഷപൂർവം സഹിച്ചു. ഇപ്പോൾ അതിൽ നിന്നു് അങ്ങ് മുഖം തിരിച്ചുകളയരുത്; ഭ്രഷ്ടരും ഉരിയപ്പെട്ടവരുമായ ഈ ക്രൂരചെന്നായ്ക്കളുടെ കൈകളിൽ അവരെ വിട്ടുകൊടുക്കരുതു്; പിന്നെയോ അങ്ങയുടെ അജഗണത്തിലെ എല്ലാ വിഭാഗങ്ങളോടും കരുണ കാണിക്കുക. അന്യരായിത്തീർന്ന ഈ ശിക്ഷാർഹരായവരിൽ നിന്നു് കരുണ കൂടാതെ, പൗരോഹിത്യ സ്ഥാനവും അതിന്റെ ബഹുമാനവും വൈദികരുടെ വിശുദ്ധ വസ്ത്രവും നീക്കിക്കൊണ്ട് കഠിനമായ വിധിവാചകം അവർക്കെതിരെ മാത്രം പ്രയോഗിക്കണം; പുറജാതികളെപ്പോലെ, ക്രിസ്ത്യാനികളുമായി അവർക്കൊരു ബന്ധമോ വ്യാപാരമോ പാടില്ല. അവരുടെ മുടക്കും അവരുടെ സ്ഥാനഭ്രംശവും മിശിഹായുടെ എല്ലാ സഭകളിലും പരസ്യമാക്കണം. അവർ അനുതാപപൂർവ്വം അങ്ങയുടെ സന്നിധിയിൽ കരഞ്ഞപേക്ഷിച്ചാൽ അൽമായരെപ്പോലെ അവരെ സ്വീകരിക്കാം. വിശ്വാസികളായ അൽമായരോടൊപ്പം വിശുദ്ധകൂദാശകളിൽ പങ്കെടുക്കാൻ അവരെ അനുവദിക്കാം.

www.malankaralibrary.com



വിവിധ അവസരങ്ങളിൽ നമ്മുടെ ഈ പൗരസ്ത്യനാട്ടിലേക്ക് അയയ്ക്കപ്പെട്ട പൈതൃകനിയമങ്ങളും ദിവ്യ അനുശാസനങ്ങളും ഞങ്ങൾ സ്വീകരിച്ചിട്ടുണ്ട്; സ്വീകരിക്കുകയും ചെയ്യുന്നു. അവയിൽ ഇപ്രകാരം തീർപ്പുകല്പിക്കപ്പെട്ടിരിക്കുന്നു: ''പിതാവിനെ തന്റെ അവകാശത്തിൽ നിന്നു നീക്കാൻ മക്കൾക്ക് അധികാരമില്ല. നേതാവും തലവനും ആയിരിക്കുന്ന ആൾ കീഴിലുള്ളവരുടെ ആരോപണങ്ങൾക്ക് വിധേയനല്ല. ഉന്നതാധികാരി തന്റെ കീഴിലുള്ളവർക്ക് വിധേയനായിരിക്കേണ്ടതില്ല.''

പാശ്ചാത്യപിതാക്കന്മാർ ഇപ്രകാരം പ്രഖ്യാപിച്ചിരിക്കുന്നു: ''മേലിൽ തങ്ങളുടെ തലവനെതിരായി യോഗം കൂടുന്നതിനോ തലവന്മാർക്കെതിരെ ആരോപണങ്ങളുന്നയിച്ചുകൊണ്ടോ കുറ്റപ്പെടുത്തിക്കൊണ്ടോ എഴുതുന്നതിനോ എപ്പിസ്കോപ്പാമാർക്ക് അനുവാദം ഇല്ല; പിന്നെയോ, പാത്രിയർക്കീസിന്റെ സാന്നിദ്ധ്യത്തിലുള്ള യോഗത്തിൽ പരാതിപ്പെട്ടിട്ട് നീതി ലഭിക്കാതെ വന്നാൽ, തന്റെ സഹപാത്രിയർക്കീസുമാരോട് പറയണം. കാര്യങ്ങൾ എല്ലാം പരിഗണിച്ചശേഷം അവർ വേണ്ടതു തീരുമാനിക്കണം.'' പലപ്രാവശ്യം സംഭവിച്ചതുപോലെ കാതോലിക്കോസിനെതിരെ പരാതിയുമായെത്തുന്നവർ പലപ്പോഴും കുറ്റക്കാരായി കാണപ്പെട്ടിട്ടുണ്ട്. സ്ഥാനഭ്രംശവും പുറംതള്ളലും വഴി അവരുടെ അപസ്മാരത്തിനുതക്ക ശിക്ഷ അവർക്ക് ലഭിച്ചിട്ടുണ്ട്. തങ്ങളുടെ സ്ഥാനക്രമവും അതിനോട് ബന്ധപ്പെട്ട സ്ഥാനവസ്ത്രവും നീക്കം ചെയ്യപ്പെട്ട് അവർ തരംതാഴ്ത്തപ്പെടുന്നു; ഇപ്പോൾ ദൈവവചനത്താൽ ഞങ്ങൾ ഇപ്രകാരം നിർണ്ണയിക്കുന്നു: ''തങ്ങളുടെ പാത്രിയർക്കീസിനെതിരെ പാശ്ചാത്യ പാത്രിയർക്കീസുമാരുടെ പക്കൽ പോലും പൗരസ്ത്യർ പരാതിയുമായി പോകാൻ പാടില്ല. അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ തീർക്കാൻ പറ്റാത്ത കാര്യങ്ങളെല്ലാം മിശിഹായുടെ ന്യായാസനത്തിനായി വിട്ടുകൊടുക്കുക.'' അഴിവില്ലാത്തതും അനശ്വരവുമായ ഈ കോൺസ്റ്റിറ്റ്യൂഷൻ ഞങ്ങൾ നിർണയിക്കയും അംഗീകരിക്കയും ചെയ്യുന്നു. കാരണം, പരിശുദ്ധത്രിത്വത്തിന്റെ നാമത്തിൽ ഞങ്ങളിതു ചെയ്യുന്നു. ത്രിത്വത്തിന്റെ വചനത്താൽ കാതോലിക്കോസിനെതിരായി സിനഡു വിളിച്ചുകൂട്ടുവാനോ, കലഹമോ, ശീശ്മയോ, പിളർപ്പോ ഉണ്ടാക്കാനോ, മുൻപു ചെയ്തിട്ടുള്ളതുപോലെ അദ്ദേഹത്തിനെതിരായി, കുറ്റപ്പെടുത്തിക്കൊണ്ടോ, പരാതി പറഞ്ഞുകൊണ്ടോ നേതാക്കന്മാർക്കെഴുതാനോ, മാർ പാപ്പായ്ക്കെതിരായി ചെയ്തതുപോലെ ആരോപണങ്ങളടങ്ങിയ കത്തുകൾ പ്രോവിൻസുകളിലേക്കയയ്ക്കാനോ, അദ്ദേഹത്തെപ്പറ്റി അപഖ്യാതി പറഞ്ഞുപരത്താനായി ഭവനങ്ങളിൽ കയറിയിറങ്ങാനോ ഒരു വ്യക്തിക്കും അനുവാദമുണ്ടായിരിക്കുന്നതല്ല. പൗരസ്ത്യ കാതോലിക്കോസിനെ അദ്ദേഹത്തിന്റെ കീഴിലുള്ളവർക്കോ അദ്ദേഹത്തെപ്പോലെയുള്ള മറ്റൊരു പാത്രിയർക്കീസിനോ വിധിക്കാവുന്നതാണ് എന്ന് ഒരു കാരണവശാലും പറയാൻ ആരും തുനിയരുത്. തന്റെ കീഴിലുള്ള സർവസംഗതികളുടെയും വിധികർത്താവ് അദ്ദേഹമായിരിക്കും; എന്നാൽ അദ്ദേഹത്തെ തെരഞ്ഞെടുത്ത് ഉയത്തി തന്റെ സഭയുടെ അദ്ധ്യക്ഷസ്ഥാനത്തു പ്രതിഷ്ഠിച്ച മിശിഹാമാത്രമായിരിക്കും അദ്ദേഹത്തെ വിധിക്കുന്നത്; കാരണം, എല്ലാറ്റിനെയും ഭരിക്കുന്ന തന്റെ കർത്തൃത്വം സഭാധികാരത്തിന് ഭരമേല്പിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്യണമെന്ന് തന്റെ നിത്യകർത്തൃത്വം തീരുമാനിച്ചു.



അതുകൊണ്ട് കാതോലിക്കോസിന്റെ കീഴിലുള്ളവർ അദ്ദേഹത്തിന്റെ ശിഷ്യരും പ്രജകളും എന്ന നിലയിൽ അദ്ദേഹത്തോട് കടപ്പെട്ടവരും അദ്ദേഹത്തിന് വിധേയരുമാണ്. അദ്ദേഹം നല്കുന്ന തീരുമാനങ്ങൾ സ്വമനസ്സാ അവർ സ്വീകരിക്കുകയും വേണം. അങ്ങും ഈ സിംഹാസനത്തിൽ അങ്ങയുടെ പിൻഗാമികളായി ആരൂഢരാകുന്ന പിതാക്കന്മാരും ചെയ്യുന്ന സംഗതികളെല്ലാം സന്നിഹിതരോ അല്ലാത്തവരോ ആയ മെത്രാൻമാരായ ഞങ്ങളെല്ലാവരും ഞങ്ങളുടെ പിൻഗാമികളും അംഗീകരിക്കുകയും ഞങ്ങളുടെ സമ്മതം നൽകുകയും ചെയ്യുന്നു.

അതോടുചേർന്ന് മെത്രാന്മാർ ഇതും പറഞ്ഞു: ''കർത്താവ് വാഴട്ടെ; ഞങ്ങളുടെ പിതാവായ അങ്ങു വാഴട്ടെ. സന്നിഹിതമായിരിക്കുന്ന ഈ സിനഡിനും സഭ മുഴുവനും അങ്ങു സമാധാനം ആശംസിക്കുന്നതുവരെ ഞങ്ങൾ തറയിൽ നിന്ന് എഴുന്നേൽ

www.malankaralibrary.com



ക്കുകയോ അങ്ങയുടെ പാദത്തിൽ നിന്ന് കൈ മാറ്റുകയോ ചെയ്കയില്ല.

അപ്പോൾ നമ്മുടെ പിതാവായ വിശുദ്ധ കാതോലിക്കോസ് മാർ ദാദീശോ ഇപ്രകാരം പറഞ്ഞു: "നിങ്ങളിപ്രകാരം സാഷ്ടാംഗ പ്രണാമംചെയ്തുകൊണ്ട് എനിക്ക് ദുഃഖത്തിന്മേൽ ദുഃഖം ഉണ്ടാക്കരുതെന്ന് ഞാൻ നിങ്ങളോട് അപേക്ഷിക്കുന്നു; നിങ്ങൾ എഴുന്നേൽക്കുവിൻ; നിങ്ങൾ ആവശ്യപ്പെടുന്നതെല്ലാം ഞാൻ ചെയ്യാം. തങ്ങളുടെ നിയമരാഹിത്യം മൂലം മുടക്കപ്പെട്ട് വൈദികസ്ഥാനത്തുനിന്നു ഭ്രഷ്ടരാക്കപ്പെട്ടവർ കരുണ അർഹിക്കുന്നില്ല. അതായത്, ആദ്യത്തെ കൂട്ടരും അവരോടു കൂടെ അടുത്തകാലത്ത് ചേർന്നവരും—അവരെ നിങ്ങളും മുടക്കിയതാണല്ലോ. അജ്ഞതമൂലമോ, തെറ്റായ തീക്ഷ്ണത മൂലമോ ഇതിൽ ഉൾപ്പെട്ടുപോകാനിടയായവരോട് നാം ക്ഷമിക്കുകയും അവരെ മോചിക്കുകയും ചെയ്യുന്നു. എന്നാൽ അവർക്കും നമുക്കും ഇടയിലുള്ള എല്ലാ അകൽച്ചയും നമ്മുടെ മനസ്സിൽ നിന്നു നാം അകറ്റുകയും ഉപേക്ഷിക്കയും നിഷ്കാസനം ചെയ്യുകയും ചെയ്യുന്നു. നിങ്ങളുടെ പ്രാർത്ഥനയാലും, എന്നേക്കും തന്റെ സഭയിൽ കരുണചൊരിയുന്നവനും ദയാപരനും ആശ്വാസപ്രദനുമായ പരിശുദ്ധാത്മാവിന്റെ കൃപയാലും നാം അവരോടു ക്ഷമിക്കുന്നു."

എപ്പിസ്കോപ്പന്മാർ പറഞ്ഞു: "ആമേൻ".

ഉടനെ അവർ എഴുന്നേറ്റ് വീണ്ടും ഇപ്രകാരം പറഞ്ഞു: ഞങ്ങളുടെ പിതാവേ, അങ്ങയുടെ സമ്മതത്തോടു കൂടി നാം നിർണ്ണയിച്ച ഈ കാര്യങ്ങളിൽ ഏതെങ്കിലും നമ്മുടെ കാലത്തോ നമുക്കു ശേഷമോ ലംഘിക്കാൻ ആരെങ്കിലും മുതിർന്നാൽ മുമ്പ് മത്സരിച്ചവരെയും നമ്മുടെ കാലത്തു മത്സരിക്കുന്നവരെയും പുറന്തള്ളി നീക്കിയതുപോലെ, അവരെ ദയാരഹിതമായി പുറന്തള്ളുകയും വൈദിക സ്ഥാനത്തു നിന്ന് ഭ്രഷ്ടരാക്കുകയും ചെയ്യും. ആരെങ്കിലും ഏതെങ്കിലും കാരണത്താൽ അവരുടെ മദ്ധ്യസ്ഥനായി വർത്തിക്കുകയും, എന്നാൽ സഭാധികാരത്തെ ധിക്കരിച്ച വ്യർത്ഥാഭിമാനികളും അഹങ്കാരികളുമായ ഈ മത്സരക്കാർ സഭയ്ക്കു വരുത്തിക്കൂട്ടിയ നാശനഷ്ടങ്ങളും ദുരിതങ്ങളും അരിഷ്ടതകളും അവരെ വ്യക്തമായി മനസിലാക്കിയിട്ടും



അവർ അവസാനം വിധേയത്വം പ്രഖ്യാപിക്കാതിരിക്കയും ചെയ്താൽ അവരും എല്ലാ വൈദികസ്ഥാനത്തുനിന്നും ദയാരഹിതമായി നീക്കപ്പെടുമെന്നറിഞ്ഞുകൊള്ളട്ടെ. സജീവത്രിത്വത്തിന്റെ വചനത്താൽ ഇപ്പോൾ നാം നിർണ്ണയിച്ചുറപ്പിച്ച് നമ്മുടെ കൈകൊണ്ട് എഴുതി ഒപ്പും മുദ്രയുംവച്ച ഈ കാര്യങ്ങൾ നമുക്കോ നമ്മുടെ പിൻഗാമികൾക്കോ നീക്കിക്കളയാനോ മാറ്റിക്കളയാനോ സാധ്യമല്ല."

ഈ വാല്യത്തിന്റെ മുകളിൽ പേരെഴുതുകയും മുദ്രവയ്ക്കുകയും താഴെ ഒപ്പിടുകയും ചെയ്ത മെത്രാന്മാർ ഇവരാണ്. പിന്നീടു വന്ന മെത്രാന്മാരും നേരത്തെ വന്നവർ ചെയ്തവയെല്ലാം അംഗീകരിക്കയും തങ്ങളുടെ ഒപ്പുവെയ്ക്കുകയും ചെയ്തു. ഈ സിനഡിൽവച്ച് മാർ ദാദീശോ കാതോലിക്കോസ് മുടക്കിയ മറ്റു മെത്രാന്മാർ ഒപ്പുവച്ചില്ല. അവർ വന്ന് ഈ എഴുത്തിന്റെ അവസാനം തങ്ങളുടെ ഒപ്പും മുദ്രയും വയ്ക്കുകയും ചെയ്തു. ഈ എഴുത്തിൽ നിന്നുതന്നെ അവരുടെ പേരുകൾ വ്യക്തമാണ്.

മാർ ദാദീശോ കാതോലിക്കോസിന്റെ സിനഡ് അവസാനിച്ചു.

www.malankaralibrary.com

# 4

# മാർ അകാചിയുസിൻെറ സിനഡ് (486)

## ആമുഖം

മാർ ദാദീശോയുടെ നേതൃത്വത്തിൽ പേർഷ്യൻസഭ ഒററക്കെട്ടായി മുന്നേറണമെന്ന് തീരുമാനിച്ചെങ്കിലും (424) അതു നീണ്ടുനിന്നില്ല. ദാദീശോയുടെ പിൻഗാമിയായ ബാബോവായ് കാതോലിക്കായുടെ കാലത്തു് (457_84) നിസിബിസ് മെത്രാൻ ബർസൗമ (459—491/6) ഏലാമിലെ ബേത്ലാപാതിൽ 484_ൽ ഒരു ബദൽ സിനഡ് വിളിച്ചുകൂട്ടി. കാതോലിക്കായെ എതിർക്കുന്നവരൊക്കെ അതിൽ സംബന്ധിച്ചു. ബാബോവായ്ക്കു് "പാശ്ചാത്യപിതാക്കന്മാരുടെ പിൻതുണ" ലഭിക്കാൻ സാധ്യതയില്ലെന്നും ബർസൗമ കണ്ടു. സിനഡിൽ സംബന്ധിച്ചവരൊക്കെ കൂടി കാതോലിക്കായെ സ്ഥാനഭ്രഷ്ടനാക്കി. പേർഷ്യൻരാജാവ് കാതോലിക്കായെ ബന്ധിച്ച് വധിച്ചു (484). തുടർന്ന് അകാചിയുസ്, കാതോലിക്കായായി. അദ്ദേഹം 486—ൽ സെലൂഷ്യയിൽ ഒരു സിനഡ് വിളിച്ചുകൂട്ടി. നിസിബിസ് മെത്രാൻ ബർസൗമാ അതിൽ സംബന്ധിച്ചില്ല.

അകാചിയുസ്, കാതോലിക്കാ ആയപ്പോൾ ബർസൗമായെ മുടക്കി. ബർസൗമാ കാതോലിക്കായേയും മുടക്കി. എന്നാൽ കുറേ കഴിഞ്ഞപ്പോൾ ബർസൗമാ അനുതപിക്കുകയും തൻെറ ചെയ്തികളെപ്പററിയെല്ലാം മാപ്പിരക്കുകയും തൻെറ സിനഡിൻെറ തീരുമാനങ്ങളെയെല്ലാം നീക്കിക്കളയുകയും അകാചിയുസുമായി യോജിപ്പിലെത്തുകയും ചെയ്തു.

ത്രിത്വത്തിലും പുത്രൻെറ മനുഷ്യാവതാരത്തിലും ഉള്ള വിശ്വാസം ഏററുപറഞ്ഞശേഷം (ഒന്നാംകാനൻ), വൈദികസ്ഥാനികളുടെ വിവാഹം സംബന്ധിച്ച് തീരുമാനം



ഉണ്ടാക്കി. "സന്യാസികൾ" എന്നറിയപ്പെട്ടുന്നവർക്കായി തീരുമാനം എടുത്തു (രണ്ടാം കാനൻ); ബ്രഹ്മചര്യം സ്വതന്ത്രമായ തീരുമാനാനുസൃതമായിരിക്കണം. വിവാഹിതരെ വൈദികാന്തസിൽ പ്രവേശിപ്പിക്കാം. വൈദികനായ ശേഷവും, ഭാര്യ മരിച്ച ശേഷവും വിവാഹിതനാകാം. "ഒന്നുകിൽ പരിപൂർണ വിരക്തി, അല്ലെങ്കിൽ മാന്യമായ വിവാഹം" എന്ന തത്ത്വം അംഗീകരിച്ചു (മൂന്നാം കാനൻ).

## സെലൂഷ്യാ സിനഡ്

ബേത്_ലാപാത്, നിസിബിസ്, പേരാത്_മൈശാൻ, ബേത്-ഗർമായ്, പേർഷ്യ, കശ്കാർ, പ്രൊമിസ്ദം റോദ് എന്നിവയുടെ കാതോലിക്കോസായ മാർ അകാചിയുസ് കാതോലിക്കോസിൻെറ സിനഡ്.

ഹർദയായിലെ ഗബ്രിയേൽ, സാബേയിലെ മിഹ്റ് നർസാ, ബേത്_ദാറായേയിലെ യസ്ദ്ഗേർദ്, ഹിർതായിലെ ശെമഓൻ, ഫീറോസ്_ഷപ്പൂറിലെ മോശ, കർമേയിലെ ദാനിയേൽ, ബലാസ്ഫറിലെ നോഹ, റീമായിലെ ബാജീസ്, നെഹർഗുറിലെ ഏലിയാ, അർമേനിയായിലെ മോശ, തഹാലിലെ അബ്രഹാം, ഹൊർമിസ്ദ് അർദഷീറിലെ ബാതി, ശൂശ്തെരിലെ പോശായ്, ലാശോമിലെ മീനാ, അരിവാൻ ഗ്രാമങ്ങളിലെ പാപ്പാ, ഹമീറിലെ മോശ, മേദ്യയിലെ അബ്രഹാം, ഹർബ്ഗെലാലിലെ ഹൊദിദാദ്.

ഈലൂൽ മാസത്തിൽ, രാജാക്കന്മാരുടെ രാജാവും, സമാധാന പ്രേമിയും ശാന്തനുമായ ബാലാശിൻെറ രണ്ടാം വർഷത്തിൽ, ദൈവകൃപാനുസൃതം ഞങ്ങൾ ഈ സ്ഥലത്തു് ഒന്നിച്ചു കൂടി: കിഴക്കിൻെറ കാതോലിക്കോസായ അകാചിയുസ് മെത്രാൻ, ബേത്_ലാപാതിലെ മെത്രാൻ പാപ്പാ, നിസിബിസിലെ മെത്രാൻ ബർസൗമാ, കർകാദ്ബേത്സ്ലോക്കിലെ മെത്രാൻ യോഹന്നാൻ, അരാമിയാ, ബേത്ഹ്ദസായേ, നിസിബിസ്, ഹദിയാബ്, ബേത്_ഗർമായ് എന്നീ പ്രോവിൻസുകളിൽ നിന്നു വന്ന മററു മെത്രാന്മാർ, റിവ്_ അർദഷീർ മെത്രാൻ മാനാ എന്നീ ഞങ്ങളുടെ സഹോദരന്മാർ.

www.malankaralibrary.com



നമ്മുടെ കർത്താവിന്റെ പ്രബോധനമനുസരിച്ച് നമുക്ക് സമാധാനവും ഐക്യവും കൈവന്നപ്പോൾ, ബേത്-ലാപാതിൽ വച്ച് ചെയ്തവയെല്ലാം ദൈവഹിതാനുസൃതം പരസ്പര സ്നേഹത്തിൽ ഈ കൗൺസിലിൽ ഞങ്ങൾ അംഗീകരിച്ചു. ഞങ്ങളുടെ ഇടയിൽ ഞങ്ങൾ ഒരു ധാരണ ഉണ്ടാക്കി: ദൈവം നമ്മെ അനുവദിക്കുന്നതനുസരിച്ചും, പണ്ടത്തെ വിശുദ്ധ പിതാക്കന്മാരും മെത്രാന്മാരും ഉണ്ടാക്കിയ സഭാകാനോനാകളും നിർവചനങ്ങളും, ഉപദേശങ്ങളും, അടുത്തകാലത്തുണ്ടായവയും വിവിധ സ്ഥലങ്ങളിൽ നിന്നുള്ള മെത്രാന്മാരായ നാം ഒന്നിച്ചുകൂടി ലിഖിതരൂപത്തിലാക്കി നമ്മുടെ ഒപ്പും മുദ്രയും കൊണ്ട് ഉറപ്പിക്കുന്നതനുസരിച്ചും, സത്യവിശ്വാസവും അതിനനുസൃതമായ വിശ്വസനീയ രീതികളും നാമെല്ലാവരും താന്താങ്ങളുടെ സ്വന്തപട്ടണത്തിലും തങ്ങളുടെ ഭരണത്തിൻ കീഴുള്ള രൂപതയിലും പഠിപ്പിക്കുകയും വിശദീകരിക്കുകയും മനസ്സിൽ പതിപ്പിക്കുകയും ചെയ്യും. കാരണം, ക്രമീകൃതവും ശ്ലൈഹികവും യഥാർത്ഥവുമായ വിശ്വാസത്തെ ദുഷിപ്പിച്ചുകൊണ്ടും സഭയിലെ സുസ്ഥിരമായ ക്രമങ്ങളെ തങ്ങളുടെ സാന്നിദ്ധ്യത്താൽ തകിടംമറിച്ചുകൊണ്ടും അസത്യവാദികൾ നമ്മുടെ അജഗണങ്ങളിൽ പെരുകിയിരിക്കുന്നു.''

**ഒന്നാം കാനോനാ:**

അതേ രണ്ടാം വർഷത്തിലെ ശ്ബോത് മാസത്തിൽ ഞങ്ങൾ അരാമയയിൽ ആയിരുന്നപ്പോൾ സെലൂഷ്യാ പട്ടണത്തിൽ ഏകയോഗമായി ഒന്നിച്ചുകൂടി — ഞാൻ, അകാചിയുസ് മെത്രാൻ, കതോലിക്കോസ്, ശ്രേഷ്ഠം വ്യക്തികളായ, കക്കാ ദ്ബേത്സ്ലോക് മെത്രാൻ യോഹന്നാൻ, കശ്കാർ മെത്രാൻ അബ്ദീശോ, കർക്കാ ദ്ലേദാൻ മെത്രാൻ പൗലോസ്, ഹർയോ മെത്രാൻ ഗബ്രിയേൽ, സാബേമെത്രാൻ മിഹ്റ്നർസാ, ബേത് ദാറായേ മെത്രാൻ യസ്ദ്ഗേർദ്, ഹിർതാ മെത്രാൻ ശെമഓൻ, ഫീറോസ്-ഷപ്പൂർ മെത്രാൻ മോശ കർമെ മെത്രാൻ ദാനിയേൽ, ബലാസ്ഫർ മെത്രാൻ നോഹ, റീമാമെത്രാൻ ബാജിസ്, നെഹർഗൂർ മെത്രാൻ ഏലീയാ— ദുഃഖസൂചകവസ്ത്രം ധരിക്കുന്നെങ്കിലും, ഈ വസ്ത്രത്തിന്റെ യാഥാർത്ഥ്യത്തിൽനിന്ന് അകന്നു ജീവിക്കുകയും ശുദ്ധമാനസരെ വഴിതെറ്റിക്കുകയും കാതോലികവും ശ്ലൈഹികവുമായ സഭ



യുടെ സത്യവിശ്വാസപ്രഖ്യാപനത്തിന് ഉപദ്രവം ഉണ്ടാക്കുകയും ചെയ്തുകൊണ്ട് വിവിധ സ്ഥലങ്ങളിൽ ചുറ്റിക്കറങ്ങി നടക്കുന്ന ദുഷിച്ച മനസ്ഥിതിയുള്ള മനുഷ്യർ ഈ അരാമയാനാട്ടിലുണ്ടെന്ന് നമുക്കറിവായിരിക്കുന്നു. പാഷണ്ഡപ്രബോധനങ്ങളാൽ അവർ രോഗഗ്രസ്തരാണ്. എല്ലാ പാഷണ്ഡതകളുടെയും മാലിന്യം അവരിലുണ്ട്. തിരുലിഖിത പ്രബോധനത്തിനെതിരായി അവർ പഠിപ്പിക്കുന്നു. ദൈവഭയം പഠിപ്പിക്കുന്ന പ്രഘോഷകരെയും പ്രബോധകരെയും അവർ നിന്ദിക്കുന്നു. നമ്മുടെ കത്താവിന്റെ വ്യാപാരവും ശ്ലീഹന്മാരുടെ പ്രഘോഷണവും സംബന്ധിച്ചുള്ള അവരുടെ ദൈവദൂഷണത്തിന്റെ കാഠിന്യം നിമിത്തം, ഭാഗ്യവാനായ പൗലോസ് വഴി പരിശുദ്ധാത്മാവ് ഉച്ചരിച്ച തിരുവചനത്തിന് അവർ സ്വയം അർഹരായിരിക്കുന്നു: അന്ത്യകാലങ്ങളിൽ മനുഷ്യർ വിശ്വാസത്തിൽ നിന്ന് വ്യതിചലിക്കുകയും വഞ്ചകാത്മാക്കളുടെയും പൈശാചിക പ്രബോധനങ്ങളുടെയും പിന്നാലെ പോകുകയും ചെയ്യും. മനസ്സാക്ഷി കത്തിക്കരിഞ്ഞ് കാപട്യപൂർവ്വം അവർ ചതിക്കുകയും തെറ്റ് പഠിപ്പിക്കുകയും ചെയ്യും. വിശ്വസിക്കുകയും സത്യം അറിയുകയും ചെയ്യുന്നവർ കൃതജ്ഞതാപൂർവ്വം സ്വീകരിക്കാൻ ദൈവം സൃഷ്ടിച്ച ഭക്ഷണസാധനങ്ങൾ അവർ വർജ്ജിക്കുകയും വിവാഹം വിലക്കുകയും ചെയ്യുന്നു (1 തിമോ. 4:1_3).

വിശ്വാസം സംബന്ധിച്ചും ശരിയായ പെരുമാറ്റരീതി സംബന്ധിച്ചും ഹദ്യാബിൽ വച്ച് ഞങ്ങൾ നിശ്ചയിച്ച തീരുമാനങ്ങളും ധാരണകളും അനുസരിച്ച് ഈ രേഖയിൽ എഴുതിച്ചേർക്കണമെന്ന്, സമൂഹത്തിന്റെ ഉപദേശത്തോടും നിർദ്ദേശത്തോടും ചേർന്നുകൊണ്ട് ഞങ്ങൾ നിശ്ചയിച്ചു. വിശ്വാസികളുടെ സമൂഹം മുഴുവനേയും പഠിപ്പിക്കാനും ഉപദേശിക്കാനുമാണിത്. അതായത്, ശ്ലൈഹിക പ്രബോധനാനുസൃതവും പൈതൃക പ്രബോധനാനുസൃതവും മിശിഹായുടെ സഭയിൽ നിലനില്ക്കുന്ന നമ്മുടെ വിശ്വാസം ഇപ്രകാരമായിരിക്കണം: പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന മൂന്ന് പരിപൂർണ്ണ ക്നൂമാകളിൽ ഏകവും സത്യവും നിത്യവുമായ ത്രിത്വത്തിന്റെ ഏക ദൈവിക സ്വഭാവത്തെ നാമെല്ലാവരും ഏറ്റുപറയണം. അതുവഴി വിജാതീയ മതം പരാജയപ്പെടുന്ന

www.malankaralibrary.com



യൂദമതം വിധിക്കപ്പെടുന്നു. എന്നാൽ മിശിഹായുടെ വ്യാപാരത്തിലുള്ള നമ്മുടെ വിശ്വാസം, ദൈവത്വവും മനുഷ്യത്വവുമെന്ന രണ്ടു സ്വഭാവങ്ങളുടെ ഏററുപറച്ചിലിൽ ആയിരിക്കണം. ആ രണ്ട് സ്വഭാവങ്ങളുടെ വ്യത്യാസങ്ങളിൽ ഞങ്ങളാരും കൂട്ടിക്കുഴച്ചിലോ, കൂട്ടിക്കലർത്തലോ, കൂട്ടിച്ചേർക്കലോ നടത്താൻ തുനിയുകയില്ല. മറിച്ച്, ദൈവത്വം അതിന്റേതായതിലും മനുഷ്യത്വം അതിന്റേതായതിലും നിലനില്ക്കുകയും സംരക്ഷിക്കപ്പെടുകയും ചെയ്യുന്നു; മനുഷ്യത്വവുമായി ദൈവത്വത്തിനുള്ള അഭേദ്യവും പരിപൂർണവുമായ ഐക്യത്താൽ ഏക കർത്തൃത്വത്തിലും ഏക ആരാധനയിലും സ്വഭാവങ്ങളുടെ വ്യത്യാസത്തെ ഒന്നിച്ചുചേർക്കുന്നു. കഷ്ടതകളും വ്യതിയാനവും നമ്മുടെ കർത്താവിന്റെ ദൈവത്വത്തോടു ചേർന്നതാണ് എന്ന് ആരെങ്കിലും ചിന്തിക്കുകയോ മററുള്ളവരെ പഠിപ്പിക്കുകയോ ചെയ്താൽ നമ്മുടെ കർത്താവിന്റെ വ്യക്തിപരമായ ഐക്യം നിമിത്തം അവിടുന്ന് പരിപൂർണ്ണ ദൈവവും പരിപൂർണ്ണ മനുഷ്യനും ആണ് എന്ന പ്രഖ്യാപനം മുറുകെപിടിക്കാതിരുന്നാൽ, അയാൾ ശപിക്കപ്പെട്ടവനാകട്ടെ.

## രണ്ടാം കാനോനാ

ഞങ്ങൾ മുകളിൽ സൂചിപ്പിച്ച സത്യസന്ധതയില്ലാത്ത മനുഷ്യരെപ്പററി ഞങ്ങൾ ഇപ്രകാരം കൽപ്പിക്കുന്നു: അവർ ഒരു മുഖാവരണം എന്ന നിലയിലും വഞ്ചനയുടെ പ്രതീകമായും കറുത്ത വസ്ത്രം ധരിച്ചുകൊണ്ട് ഋജുമാനസരെ വഴിതെററിക്കുകയും, വിശുദ്ധിയുടെയും വർജ്ജനയുടെയും സ്വയംനിഗ്രഹത്തിന്റെയും ദാരിദ്ര്യത്തിന്റെയും ആവരണം അണിയുകയും ചെയ്യുന്നു. പൗരാണികരാകട്ടെ മനുഷ്യവാസമില്ലാത്തിടത്തും പട്ടണങ്ങളിൽ നിന്നും മനുഷ്യസമൂഹത്തിൽ നിന്നും അകന്ന്, ദൈവശുശ്രൂഷയിൽ ഏർപ്പെട്ട്, ദൈവത്തെ പ്രസാദിപ്പിച്ചുകൊണ്ട് വിശുദ്ധിയിലും വർജ്ജനയിലും സ്വയം പരിത്യാഗത്തിലും അനുസരണയിലും മരുഭൂമിയിൽ ജീവിച്ചു. എന്നാൽ വഞ്ചകരായ ഈ മനുഷ്യർ യഥാർത്ഥത്തിൽ ഭാഗ്യവാന്മാരായ ആ പൗരാണികരുടെ മക്കളും ശിഷ്യരുമായിരിക്കുകയും വസ്ത്രത്തിലും മററു കാര്യങ്ങളിലും അവരെ അനുകരിക്കുകയും ചെയ്യുന്നെങ്കിൽ തങ്ങളുടെ വസ്ത്രങ്ങൾക്കനുസൃതമായ സ്ഥലത്ത് അവർ പാർക്കേണ്ടതാണ്. മെത്രാന്മാരും വൈദികരും ഡീക്കന്മാരും ഉള്ള ഗ്രാമങ്ങളിലും പട്ടണങ്ങളിലും പാക്കാനായി പ്രവേശിച്ച് വൈദികരും തങ്ങളുടെ അജഗണവും തമ്മിലോ, അധ്യാപകരും ശിഷ്യരും തമ്മിലോ കലഹത്തിനോ ശണ്ഠക്കോ ഹേതുവാകരുത്. അവർ ഇന്നുവരെ ചെയ്തതുപോലെ, അവിടെ തങ്ങളുടെ സ്വന്തം സമൂഹത്തെ രൂപീകരിച്ച് അർപ്പണം നടത്തുകയോ സ്നാനം കൊടുക്കുകയോ, സഭാനടപടിക്രമങ്ങളെ അലങ്കോലപ്പെടുത്തുകയോ ചെയ്യരുത്. മറിച്ച്, അവർ മനുഷ്യവാസത്തിൽ നിന്നകന്ന സ്ഥലങ്ങളിലും ആശ്രമങ്ങളിലും പോകുകയും അവിടെ പാർത്ത് സന്യാസം അനുഷ്ഠിക്കുകയും ചെയ്യട്ടെ. തങ്ങളുടെ ആശ്രമങ്ങളുടെമേലും പാർക്കുന്നിടത്തും അധികാരമുള്ളവരും ഭരിക്കുന്നവരുമായ ഔദ്യോഗിക സന്ദർശകരെയും മെത്രാന്മാരെയും വൈദികരെയും അനുസരിച്ച് അവരെ അനുഗമിക്കട്ടെ. ഈ തീരുമാനത്തിനുശേഷം, 'വൈദികരുള്ള പട്ടണങ്ങളിലും ഗ്രാമങ്ങളിലും പാർക്കാൻ പാടില്ല' എന്ന പരിധി ലംഘിച്ച് അവർ പട്ടണങ്ങളിൽ പ്രവേശിക്കുകയോ, ഗ്രാമങ്ങളിൽ വസതികൾ നിർമ്മിച്ച് അതിൽ അർപ്പണം നടത്തുന്നതായോ, ദേവാലയത്തിനുവെളിയിൽ വിശ്വാസികളെ വിളിച്ചുകൂട്ടുന്നതായോ സ്നാനം നൽകുന്നതായോ കണ്ടാൽ, അവരെ പൗരോഹിത്യ ശുശ്രൂഷയിൽനിന്നും ക്രിസ്ത്യാനികളുമായുള്ള സമ്പർക്കത്തിൽ നിന്നും ബന്ധിച്ച് മുടക്കണം. — മുകളിൽ പേർ പറയപ്പെട്ട ആശ്രമങ്ങൾക്കുള്ളിലും സ്ഥലങ്ങളിലും ഇതു ബാധകമല്ല. മേലിൽ ഏതെങ്കിലും മെത്രാനോ, വൈദികനോ, ഡീക്കനോ, വിശ്വാസിയോ പട്ടണത്തിലോ, സ്വന്തം എസ്റ്റേററിലോ, സ്വന്തം ഭവനത്തിലോ, അവരെ സ്വീകരിച്ച്, നിഷേധിക്കപ്പെട്ട സംഗതികളിലേതെങ്കിലും ചെയ്യാൻ അവരെ സഹായിച്ച് സഭയിൽ കലക്കം ഉണ്ടാക്കിയാൽ, വൈദികനാണെങ്കിൽ അയാളുടെ ശുശ്രൂഷയിൽനിന്നും, അൽമായനാണെങ്കിൽ സഭയിൽ നിന്നും ദിവ്യരഹസ്യങ്ങളിലുള്ള ഭാഗഭാഗിത്വത്തിൽ നിന്നും ബന്ധിച്ച് മുടക്കണം.



## മൂന്നാം കാനോനാ

സത്യത്തിന് അനുസൃതവും മിശിഹായിലുള്ള വിശ്വാസത്തിന് അനുയോജ്യവുമായ നടപടിക്രമം സംബന്ധിച്ച് ഈ

www.malankaralibrary.com



നിർവചനം സഹായകമാകട്ടെ: മേലിൽ ഒരു മെത്രാനും താൻ ഭരിക്കുന്ന രൂപതയിലോ താൻ ശുശ്രൂഷചെയ്യുന്ന പള്ളിയിലോ വിവാഹം നിരോധിക്കുന്നതു സംബന്ധിച്ച് നിർബന്ധമോ, ബലപ്രയോഗമോ നടത്താൻ പാടില്ല. വ്യഭിചാരവും പരസംഗവും നിമിത്തം നമ്മുടെ അജഗണങ്ങളെപ്പററി ധാരാളം ആക്ഷേപമുണ്ട്; അതിന്റെ ദുഷ്ടത പരക്കെ വ്യാപിച്ചിരിക്കുന്നു. പുറത്തുള്ളവരുടെ ചെവികളിലും അതു് എത്തിയിരിക്കുന്നു. അതുവഴി ജാതികളുടെ മുൻപാകെ നാം അവഹേളനാപാത്രമായിത്തീർന്നിരിക്കുന്നു.

തന്റെ വൈദികരോടോ, ഗ്രാമീണ വൈദികരോടോ തന്റെ കീഴിലുള്ള സന്യാസികളോടോ തമ്മിലാരും നിർബന്ധപൂർവ്വം ഈ വ്രതം ആവശ്യപ്പെടരുതു്. മറിച്ച്, ഈ കാര്യം സംബന്ധിച്ചുള്ള പ്രബോധനം തിരുലിഖിത പ്രബോധനംപോലെ ആയിരിക്കണം. തന്റെ സ്വന്തം ബലഹീനതയിൽ നിന്ന് അയാൾ മററുള്ളവരുടെ ബലഹീനത മനസ്സിലാക്കണം. വിവാഹബന്ധത്തിൽ നിന്നകന്നിരിക്കുന്നതു് തങ്ങൾക്ക് പ്രയോജനകരമായിരിക്കുമോ എന്ന് ശ്ലീഹന്മാർ നമ്മുടെ കർത്താവായ മിശിഹായോടാരാഞ്ഞപ്പോൾ "എല്ലാവരും ഈ ഉപദേശത്തിന് കഴിവുള്ളവരല്ല" എന്ന് അവിടുന്നരുൾചെയ്തു. അധികം വൈകാതെ, "ഗ്രഹിക്കാൻ കഴിവുള്ളവൻ ഗ്രഹിക്കട്ടെ" എന്നു പറഞ്ഞുകൊണ്ട് ഈ കാര്യം ശ്ലീഹന്മാരുടെ മനസ്സാക്ഷിക്ക് അവിടുന്നു വിട്ടുകൊടുത്തു (മത്താ. 19:11-12).

വിവാഹം തടയുന്നതു് ശരിയാണോ എന്ന് അറിയിക്കണം എന്ന് കൊറിന്തോസുകാർ എഴുതിയപ്പോൾ ഭാഗ്യവാനായ ശ്ലീഹാ നമ്മുടെ രക്ഷകന്റെ പ്രബോധനമനുസരിച്ച് ഇപ്രകാരം പഠിപ്പിച്ചു: "നിങ്ങൾ എനിക്ക് എഴുതിയവ സംബന്ധിച്ച്: സ്ത്രീയെ സ്പർശിക്കാതിരിക്കുന്നതാണ് പുരുഷന് നന്ന്. എന്നാൽ വേശ്യാദോഷം നിമിത്തം ഓരോരുത്തനും സ്വന്തം ഭാര്യയെ വച്ചുകൊള്ളട്ടെ. സ്ത്രീ തന്റെ ഭർത്താവിനെയും". മറെറാരിടത്തു്, ശ്ലീഹാ മാനുഷിക ബലഹീനതയും കാര്യത്തിന്റെ ബുദ്ധിമുട്ടും പരിഗണിച്ചപ്പോൾ, സ്വന്തഇഷ്ടത്താൽ ഈ വ്രതം നടത്തിയവർക്ക് താഴെപ്പറയുന്ന പ്രബോധനം നല്കി: "അവിവാഹിതരും വിധവകളും എന്നേ



പ്പോലെ ആയിരിക്കുന്നതാണ് അവർക്ക് നല്ലതെന്നാണ് എനിക്കു പറയുവാനുള്ളതു്. എന്നാൽ അപ്രകാരം കഴിയാൻ സാധ്യമല്ലെങ്കിൽ അവർ വിവാഹിതരാകട്ടെ; കാരണം, സംയമനം സാധ്യമല്ലാത്തവർ വിവാഹം ചെയ്യുന്നതാണ് നല്ലത്" (1 കൊറി. 7:1-2;8-9).

ഇപ്രകാരം, സ്വയം നിഗ്രഹം ഇല്ലാത്തവരും അനേകരുടെ മനസ്സാക്ഷിക്ക് ഇടർച്ച വരുത്തിയവരുമായ മനുഷ്യരുടെ അയഞ്ഞ മനസ്ഥിതി നമുക്കും നമ്മുടെ അജഗണത്തിനും വരുത്തിവച്ച നാശം എന്തെന്ന് ഇപ്പോൾ നാം ഓരോരുത്തരും മനസ്സിലാക്കിയെങ്കിൽ, നമ്മുടെ ഇടയിലെ ബലഹീനർക്കായി നിർദ്ദേശിച്ചിട്ടുള്ള പ്രതിവിധിയെ നിന്ദിക്കാതെ, നമുക്കും നമ്മുടെ ജനത്തിനും വേണ്ടി നാം നിർദ്ദേശിക്കുന്ന തിരുത്തലിലൂടെ നമ്മുടെ ജീവിതരീതികളിൽ മാററം വരുത്തിയും പ്രായശ്ചിത്തം ചെയ്തും നമ്മുടെ രോഗം തുറന്നു കാട്ടുകയും നമ്മുടെ പാപങ്ങൾ വെളിപ്പെടുത്തുകയും വേണം. നമ്മുടെ വലിയ ഗുരുവിന്റെ വാക്കുകൾക്കു നമുക്കു സാക്ഷ്യം വഹിക്കാം: "സംയമനം സാധ്യമല്ലാത്തവർ വിവാഹം ചെയ്യുന്നതാണ് നല്ലതു്." നാമോരോരുത്തരും സ്വയം രണ്ടിലൊന്ന് തനിക്കായി തെരഞ്ഞെടുക്കണം. ഒന്നുകിൽ പരിപൂർണ്ണമായി പരിവർജ്ജിക്കുക, അല്ലെങ്കിൽ ആത്മാർത്ഥമായി അടുത്തു ചെല്ലുക. ഭാഗ്യവാനായ പൗലോസിന്റെ പ്രബോധനത്തിൽ പാദമൂന്നാം. മെത്രാൻ സ്ഥാനത്തിനു യോഗ്യമായ രീതികളെപ്പററി പറഞ്ഞുകൊണ്ട് തന്റെ കത്തിൽ തിമോതിയോസ് ഇപ്രകാരം കല്പിച്ചു: "ഒരുവൻ മെത്രാൻസ്ഥാനം ആഗ്രഹിക്കുന്നെങ്കിൽ അവൻ നല്ലകാര്യം ആഗ്രഹിക്കുന്നു. മെത്രാൻ കുററമററവനും ഏകഭാര്യയുടെ ഭർത്താവുമായിരിക്കണം" (1തിമോ 3:1—2). ഈ പ്രബോധനം എല്ലാ മനുഷ്യർക്കും ബാധകമാണെന്നതു സുവ്യക്തമാണ്. കാരണം, ശ്ലൈഹികവചനമനുസരിച്ച് അവരിൽ ആരെങ്കിലും ഏക ഭാര്യയുമായി വിവാഹബന്ധത്തിലാണെങ്കിൽ, ആ വിവാഹം നൈയാമികമായിരിക്കും.

ശെമ്മാശ്ശുപ്പട്ടം സ്വീകരിച്ച ഡീക്കന്മാരെ സംബന്ധിച്ച്: സത്യസന്ധവും നൈയാമികവുമായ വിവാഹബന്ധത്തിൽ

www.malankaralibrary.com



ഏക ഭാര്യയുമായി യോജിക്കുന്നതിനും പിടലി കടുത്തവരുടെ അയഞ്ഞ മനസ്ഥിതി മൂലം പുറത്തുള്ളവർ നിന്ദിക്കുകയും ദൂഷിക്കുകയും ചെയ്യുന്ന പുരാതന രീതിയിൽ നിന്ന് ഓടിയകലുന്നതിനും നാം അവരെ അനുവദിക്കുന്നു. പുതുതായി ഡീക്കൻ പട്ടം സ്വീകരിക്കാൻ വരുന്നവരുടെ നൈയാമിക വിവാഹവും അവരുടെ ജീവിതരീതികളും പരിശോധനാവിധേയമാക്കണം. അവർ സത്യസന്ധരായ വിവാഹിതരാണെങ്കിൽ ശെമ്മാശ്ശപട്ടം കൊടുക്കാം. അങ്ങനെ "ഡീക്കൻമാർ ഏകപത്നീവ്രതം അനുഷ്ഠിക്കുന്നവരും സന്താനങ്ങളെയും കുടുംബത്തെയും നന്നായി നിയന്ത്രിക്കുന്നവരും ആയിരിക്കണം" എന്ന ശ്ലൈഹിക പ്രബോധനം അവർ പൂർത്തീകരിക്കട്ടെ.

നമ്മുടെ ഇടയിൽ രോഗികളായവർ പരിപൂർണ്ണമായി സുഖപ്പെടുന്നതിന്, അവർ അതാഗ്രഹിക്കുന്നില്ലെങ്കിലും, ഈ കാനനോടുകൂടി നാം ഇതും കൂട്ടിച്ചേർക്കുന്നു. ശ്ലൈഹിക വചനം അനുസരിച്ച്, അവർ പ്രത്യാശയിൽ നിന്ന് വെട്ടിനീക്കപ്പെട്ടവരും തങ്ങളുടെ സംയമനമില്ലായ്മയിൽ എല്ലാത്തരം മ്ലേച്ഛതകളും അഴിഞ്ഞാട്ടങ്ങളും സ്വയം സമർപ്പിച്ചവരുമാണ്. അവർ വ്യഭിചാരത്തിലും പരസംഗത്തിലും സന്തുഷ്ടി കണ്ടെത്തുന്നു. അവർ ദൈവഹിതാനുസൃതം നൈയാമികമായി വിവാഹം കഴിക്കുകയും സന്താനങ്ങളെ ജനിപ്പിച്ച് വളർത്തുകയും ചെയ്തിട്ടില്ല. **കാനൻ:** മെത്രാന്മാരാരും തങ്ങളുടെ കീഴിലുള്ള പട്ടണത്തിൽ നിന്നോ ഗ്രാമങ്ങളിൽ നിന്നോ ഡീക്കൻ പട്ടം സ്വീകരിക്കാൻ വരുന്നവർക്ക്, തങ്ങൾ സമീപിക്കുന്ന പട്ടത്തിനനുസൃതമായ ജീവിതരീതികളുണ്ടോ എന്നും നൈയാമിക വിവാഹം നടത്തി കുട്ടികളെ ജനിപ്പിച്ച് വളർത്തിയിട്ടുണ്ടോ എന്നും പരിശോധിച്ചറിയാതെ പട്ടം കൊടുക്കരുത്. മിശിഹായുടെ സഭയിൽ നിന്ന് പാഷണ്ഡതകളുടെ ലാഞ്ഛനയും അഹങ്കാരവും ശ്രദ്ധാപൂർവ്വം തുത്തുമാററിക്കളയുന്നതിനാണിത്. വ്യഭിചാരത്തിലും പരസംഗത്തിലും മററ് ദുഷ് പ്രവൃത്തികളിലും വ്യാപരിച്ച് തങ്ങളുടെ ദുഷ്കാമത്തെ തൃപ്തിപ്പെടുത്തുകയും അതേസമയം വിവാഹവും സന്താനങ്ങളെ ജനിപ്പിക്കലും തിന്മയാണെന്ന് പറയുകയും ചെയ്യുന്ന പാഷണ്ഡികളുണ്ടല്ലോ. വ്യർത്ഥാഭിമാനത്തെ നിന്ദിക്കുന്ന നിശ്ചയ



ദാർഢ്യത്തോടുകൂടി ഏകയോഗമായി നമുക്ക് നമ്മുടെ അജഗണത്തിൽ നിന്ന് കുപ്രസിദ്ധവും വിനാശകരവുമായ എല്ലാ പാരമ്പര്യങ്ങളും നീക്കിക്കളയാം. ദൈവകൃപയാൽ നമുക്കേല്പിക്കപ്പെട്ടിരിക്കുന്ന രൂപതകളിലുള്ള വിവാഹിതരുടെയും അവിവാഹിതരുടെയും മേൽ നീതിപൂർവകവും നെറിവുള്ളവയുമായ അതിർത്തികൾ വയ്ക്കാം. സ്വന്തമനസ്സോടുകൂടി വിവാഹം വേണ്ട എന്നു തീരുമാനിക്കുന്നയാൾ ശുദ്ധതയോടുകൂടി, സ്ഥിരമായി, മനപ്പതർച്ച കൂടാതെ ഒരേകാന്തസ്ഥലത്ത് പാർക്കട്ടെ.

ശുദ്ധതയിലും ഭൗമിക വസ്തുക്കളുടെ വർജ്ജനയിലും മിശിഹായെ പ്രസാദിപ്പിക്കാൻ പരിശ്രമിച്ചുകൊണ്ട് തനിക്കായി ഈ അവിവാഹിത ജീവിതരീതി തെരഞ്ഞെടുക്കുന്ന വ്യക്തി, സത്യസന്ധമായ വിവാഹത്തെയും സന്താനങ്ങളെ ജനിപ്പിക്കലിനെയും സംബന്ധിച്ചുള്ള ഈ സ്പഷ്ടമായ അനുവാദത്തിനുശേഷം, വ്യഭിചാരത്തിനും പരസംഗത്തിനും മുതിർന്നാൽ, കാനോനാകളുടെ മുടക്കുകൾവഴി ശിക്ഷിക്കപ്പെടട്ടെ. അയാൾ ഒരു വൈദികനാണെങ്കിൽ, തന്റെ തെററിനനുസൃതമായ അനുതാപം കാണിക്കുകയും മാപ്പിന് അർഹനാണെന്ന് തെളിയിക്കുകയും ചെയ്യുന്നതുവരെ പൗരോഹിത്യ ശുശ്രൂഷയ്ക്ക് അന്യനായിരിക്കട്ടെ. മറിച്ച്, നൈയാമിക വിവാഹം നടത്തിയ വ്യക്തി, മററു സ്ത്രീകളുമായി ചേരാൻ തുനിയുകയോ, സ്വാഭാവികവന്ധ്യത്വമൊഴികെ യഥാർത്ഥ വിവാഹത്തിന്റെ ഫലങ്ങളെ തടയുകയോ ചെയ്താൽ അയാളും സഭാസംസർഗത്തിനും പൗരോഹിത്യ പദവികൾക്കും അന്യനായിത്തീരട്ടെ.

അവിവാഹിതനായ ഒരു വൈദികൻ ശരിയായ രീതിയിൽ വിവാഹിതനാകുവാനും നൈയാമികമായി സന്താനങ്ങളെ ജനിപ്പിക്കാനും ആഗ്രഹിക്കുന്നെങ്കിൽ, അഥവാ, ആദ്യ ഭാര്യ മരിച്ച ഒരു വൈദികൻ വീണ്ടും വിവാഹിതനാകാൻ ആഗ്രഹിക്കുന്നെങ്കിൽ, മെത്രാൻ അതിനെ തടയാൻ പാടില്ല; കാരണം, നേരാംവണ്ണമുള്ള വിവാഹവും സന്താനജനനവും പൗരോഹിത്യത്തിന് മുൻപായാലും പിൻപായാലും ദൈവത്തിന് പ്രീതികരവും സ്വീകാര്യവുമാണ്. ഒരു സ്ത്രീയുമായുള്ള വിവാഹവും അതുപോലെതന്നെ: മരണമോ, ഈ ലോകത്തി

www.malankaralibrary.com



ളുണ്ടാകാവുന്ന ആവശ്യങ്ങളോ നിമിത്തം വിവാഹത്തിന് വീണ്ടും അപേക്ഷിക്കുന്ന സഹോദരന് ഒന്നിനു പിറകേ ഒന്നായി സംഭവിച്ചാലും അത് അനുവദനീയമാണ്(?)

അതുകൊണ്ട് ഞങ്ങൾ ഈ കാര്യങ്ങൾ കല്പിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. നൈയാമിക വിവാഹവും സന്താനോല്പാദനവും എന്നതിനേക്കാൾ വിശുദ്ധിക്കുവേണ്ടിയുള്ള തെരഞ്ഞെടുപ്പ് നിർബന്ധത്തിൽ നിന്നും പരപ്രേരണയിൽ നിന്നും സ്വാതന്ത്ര്യമായിരിക്കാനാണിത്. ഈ സത്യപ്രബോധനത്തിന് എതിരായി ഉയരുകയും ശ്ലേഷ്ടമാണെന്ന് തന്റെ അഹങ്കാരത്തിൽ പരിഗണിക്കുകയും, പരിപൂർണ്ണ വിശുദ്ധി, അല്ലെങ്കിൽ നൈയാമിക വിവാഹവും അതിന്റെ സദ്ഫലങ്ങളായ സന്താനോല്പാദനവും എന്ന രണ്ടിലൊന്ന് നൽകിക്കൊണ്ട് നാമിപ്പോൾ എഴുതിവച്ച നമ്മുടെ വിശ്വാസത്തിന്റെ നിജസ്ഥിതിയിൽ നിലനില്ക്കാൻ പ്രേരിതനാകാതിരിക്കുകയും മിശിഹായുടെ സഹായത്താൽ നാം തുറന്നുകാട്ടി നമ്മുടെ ഇടയിൽ നിന്ന് നിഷ്കാസനം ചെയ്ത സംഗതികൾ തെററായ മൂടുപടത്താൽ പഠിപ്പിക്കുകയും അനുവർത്തിക്കുകയും "കരയുന്നവർ" എന്ന് വിളിക്കപ്പെടുകയും എന്നാൽ അതിന്റെ അന്തസ്സത്തയിൽ നിന്ന് വളരെ അകന്നിരിക്കുകയും ചെയ്യുന്ന വഞ്ചകരെപ്പററി ഞങ്ങൾ മുകളിൽ രേഖപ്പെടുത്തിയവ അംഗീകരിക്കാതിരിക്കുകയും സന്മനസ്സോടും വഞ്ചനയില്ലാത്ത ഹൃദയത്തോടും കൂടെ സ്വന്തം ഒപ്പും മുദ്രയും കൊണ്ട് ഈ സംഗതികൾ യോജിച്ച് അംഗീകരിക്കാതിരിക്കുകയും ചെയ്താൽ, ഈ കാര്യങ്ങൾക്കെതിരായി പഠിപ്പിക്കുകയോ മുകളിൽ രേഖപ്പെടുത്തി ഈ രേഖയിൽ ഉറപ്പിച്ചവ അംഗീകരിക്കാതിരിക്കുകയോ ചെയ്താൽ, അയാൾ ഒരു മെത്രാനോ, വൈദികനോ സന്യാസിയോ ആണെങ്കിൽ അയാൾക്കു നാമുമായി ഒരു കൂട്ടായ്മയും ഉണ്ടായിരിക്കുന്നതല്ല. അയാളുമായി നാം ബന്ധം പുലർത്തുകയില്ല; അയാൾ ശുശ്രൂഷിക്കുന്ന പൗരോഹിത്യത്തിൽ നിന്ന് അയാളെ മുടക്കുകയും ചെയ്യും. സഭയിലെ ഒരു പദവിയിലും ശുശ്രൂഷിക്കാൻ അയാൾക്കനുവാദമില്ല. അയാൾ ഒരൽമായനാണെങ്കിൽ അയാളെ ബന്ധിച്ച് മുടക്കണം. ഞങ്ങളുടെ ഒപ്പും മുദ്രയും കൊണ്ട് മുകളിൽ രേഖപ്പെടുത്തിയവയുടെയെല്ലാം നിജസ്ഥിതി ഞങ്ങൾ ഉറപ്പിക്കുന്നു.



ഞാൻ അകാചിയുസ് മെത്രാൻ, പൗരസ്ത്യ കാതോലിക്കോസ്, മുകളിൽ രേഖപ്പെടുത്തിയിരിക്കുന്നവയെല്ലാം അംഗീകരിക്കുകയും ഒപ്പും മുദ്രയും വയ്ക്കുകയും ചെയ്തിരിക്കുന്നു.

ഞാൻ പാപ്പാ, ബേത്—ലാപാതിലെ മെത്രാൻ, ബേത്—ഹൂസായേ മെത്രാപ്പോലീത്താ..........

,, ഹായ്, പേരാത് മൈശാന്റെ എപ്പിസ്കോപ്പാ—മെത്രാപ്പോലീത്താ..........

,, പാറോമായ്, മറുനഗരത്തിലെ മെത്രാൻ.......

,, യോഹന്നാൻ, കർകാ ദ്ബേത്സ്ലോകിന്റെ മെത്രാൻ, ബേത്—ഗർമായ് മെത്രാപ്പോലീത്താ.......

,, ബാതി, ഹൊർമിസ്ദ് അർദഷീർ മെത്രാൻ......

,, അബ്ദീശോ, കശ്കാർ മെത്രാൻ......

,, ശെമയോൻ, ഹിർതാ മെത്രാൻ......

,, യസ്ദ്ഗേർദ്, ദാറായ് മെത്രാൻ......

,, ശീലാ, സാബേമെത്രാൻ മിഹ്റ്നർസായുടെ ഡീക്കനും നോട്ടറിയും: ഈ രേഖയിൽ അദ്ദേഹത്തിനുവേണ്ടി ഒപ്പിടാൻ നിയുക്തനായിരിക്കുന്നു.........

,, നർസാ, റീമാ മെത്രാൻ ബാജിസിന്റെ ഡീക്കനും നോട്ടറിയും: ഈ രേഖയിൽ ബാജിസിനുവേണ്ടി ഒപ്പിടാൻ നിയുക്തനായിരിക്കുന്നു.

,, പോശായ് ശ്രുശ്തെർ മെത്രാൻ......

,, മീക്കാ, ലാശോം മെത്രാൻ......

,, അബ്രഹാം മേദ്യാ മെത്രാൻ......

,, യൗസേപ്പ്, നെഹർഗൂർ മെത്രാൻ മാർ ഏലിയായുടെ പ്രെസ്ബിററും നോട്ടറിയും: അദ്ദേഹത്തിന്റെ നിർദ്ദേശത്താൽ ഞാൻ ഈ രേഖയിൽ ഒപ്പിട്ടിരിക്കുന്നു...

,, നോഹ, ബലാശ്ഫർ മെത്രാൻ.......

,, ഇസഹാക്ക്, കർക്കാ ദ് മൈശാൻ മെത്രാൻ......

,, അബ്രഹാം, തഹാൽ മെത്രാൻ.......

,, പാപ്പാ, അരിവാൻ മെത്രാൻ......

,, അബ്രഹാം, അക്സദ്നക്രെ കത്തീഡ്രലിലെ പ്രെസ്ബിററർ റായ് മെത്രാൻ മാർ യൗസേപ്പിനുവേണ്ടി അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം ഈ രേഖയിൽ ഒപ്പിട്ടിരിക്കുന്നു......

,, മോശ, ഫീറോസ്ഷപ്പൂർ മെത്രാൻ......

,, ദാനിയേൽ, കർമേ മെത്രാൻ.......

,, ഹൊദിദാദ്, ഹർബ്ഗെലാൽ മെത്രാൻ......

,, അഫ്രാത്, ബേത്—ബാഗാശ് മെത്രാൻ.......

,, ഹോശ, അസർബൈജാനിലെ ഗെൻസാക് മെത്രാൻ...

മാർ അകാചിയുസിന്റെ സിനഡ് അവസാനിച്ചു.

www.malankaralibrary.com

# 5

# ബർസൗമയുടെ സിനഡ്

## ആമുഖം

ബർസൗമ സെലൂഷ്യൻ സഭാനേതൃത്വത്തോട് പിണങ്ങി കഴിഞ്ഞ കാലത്ത് ബേത് – ഹ്ദസായേയുടെ (ഏലാമിന്റെ) മെത്രാപ്പൊലീസായ ബേത് – ലാപാതിൽ വച്ച് ഒരു ബദൽ സിനഡ് കൂടി. കാലാന്തരത്തിൽ എതിർപ്പ് അവസാനിപ്പിച്ച് അകാചിയൂസുമായി രമ്യതയിലായപ്പോൾ തന്റെ സിനഡ് അയാൾ തന്നെ റദ്ദു ചെയ്തു. അതുകൊണ്ട് ആ സിനഡ് പൗരസ്ത്യ സിനഡുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## ബേത്–ലാപാത് സിനഡ്

വീണ്ടും, നിസിബിസ് മെത്രാൻ ബർസൗമായുടെ സിനഡ് പൗരസ്ത്യ പിതാക്കന്മാരുടെ സിനഡുകളോടുകൂടി ഈ സിനഡ് ഈ രേഖയിൽ ചേർക്കാഞ്ഞതിന്റെ കാരണം ഇതാണ്: ബർസൗമാ തന്റെ ജീവിതകാലത്ത് ബേത്–നൂഹദ്രാനാട്ടിൽ ബേത് – ഹെദ്രായ് ഗ്രാമത്തിലേക്ക് വന്ദ്യനും പിതാക്കന്മാരുടെ വിശുദ്ധ പിതാവുമായ അകാചിയൂസ് കാതോലിക്കോസിന്റെ പക്കലേക്ക് വന്നു. അവിടെ മെത്രാന്മാരുടെ സിനഡിൽ അവർ ഒന്നിച്ച് കുറച്ചു സമയം ചെലവഴിച്ചു. അയാളും അയാളുടെ കൂടെയുണ്ടായിരുന്ന മെത്രാന്മാരും ബേത് – ലാപാത് പട്ടണത്തിൽ വച്ച് തങ്ങൾ ചെയ്ത സകലതിനെകുറിച്ചും അനുതപിക്കുകയും ഒരുടമ്പടി ഉണ്ടാക്കുകയും ചെയ്തു: "രാജകീയ പട്ടണങ്ങളായ സെലൂഷ്യാ –സ്റ്റെസിഫണിൽ വച്ച് മെത്രാന്മാരുടെ ഒരു സിനഡ് വിളിച്ചുകൂട്ടണം; തങ്ങളുടെ മെത്രാന്മാരോടു കൂടി എല്ലാ മെത്രാപ്പോലീത്താമാരും സംബന്ധിക്കണം. ഞാൻ അവിടെ വന്ന്, ബേത് – ലാപാത് നഗരത്തിൽ വച്ചു ചെയ്തവയെല്ലാം നീക്കിക്കളയാം". ദൈവസ്നേഹിതനും വന്ദ്യനും വിശുദ്ധനുമായ മാർ അകാചി



യൂസ് കാതോലിക്കോസ്–പാത്രിയർക്കീസ്, ബർസൗമയുടെ അനുതാപം കണ്ട് അയാളെ സ്വീകരിക്കുകയും പരസ്പരം അനുരഞ്ജനത്തിലും യോജിപ്പിലും എത്തിച്ചേരുകയും ചെയ്തു. അവരൊന്നിച്ച് പൗരോഹിത്യ ശുശ്രൂഷയിലും ദിവ്യരഹസ്യങ്ങളുടെ സ്വീകരണത്തിലും പങ്കുകൊണ്ടു.

പാത്രിയാർക്കൽ സിംഹാസനത്തിന്റെ പ്രോവിൻസായ സെലൂഷ്യ–സ്റ്റെസിഫണിലെ മെത്രാന്മാർക്ക് ബർസൗമായും കൂടെയുള്ളവരും എഴുതി; ബേത്ഹ്ദസായേ പ്രദേശത്തുള്ള ബേത്–ലാപാതിൽ വച്ച് നടന്ന സിനഡിൽ വച്ച് ബർസൗമ ചെയ്തവയെല്ലാം പരിപൂർണമായി നീക്കി നിർവീര്യമാക്കിയിരിക്കുന്നു എന്ന് അവരെ അറിയിച്ചു. അതായത്, താഴെ പറയുന്ന രേഖകൾക്കെതിരെ, കാതോലിക്കോസിന്റെ ആർക്കയ്‌വ്സിൽ അവരുടെ മുദ്രകളോടുകൂടി അവ സൂക്ഷിച്ചുവച്ചിട്ടുണ്ട്.

പിതാക്കന്മാരുടെ സിനഡുകളുടെ കൂടെ ഈ സിനഡ് ചേർക്കാത്തതിന്റെ കാരണം ഇതാണ്. തെറ്റായ മനസ്ഥിതിയോടു കൂടിയും മാനുഷിക വികാരത്തോടു കൂടിയുമാണ് അതു കൂടിയതെന്ന് തന്റെ ജീവിതകാലത്ത് ബർസൗമാ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സഭാകാനോനാകൾക്കെതിരായിട്ടാണ് അതു രൂപീകൃതമായത്. അതു സഭാഭരണത്തിൽ വഴിപിഴവുകളും തർക്കവും കുഴച്ചിലും ഉണ്ടാക്കി. ജ്ഞാനിയായ മനുഷ്യൻ എന്ന നിലയിൽ അദ്ദേഹം തന്റെ തെറ്റ് അംഗീകരിച്ചു. ബേത്—ലാപാതിൽ വച്ച് തെറ്റായി ചെയ്തവയെല്ലാം അദ്ദേഹം അഴിച്ചു് നീക്കിക്കളഞ്ഞു. "പൗരസ്ത്യ സിനഡുകളെല്ലാം ഒരു ഗ്രന്ഥത്തിൽ ഒന്നിച്ചു കൊണ്ടുവരാനും അവയോടൊപ്പം പാശ്ചാത്യ സിനഡുകളുടെ റിക്കാർഡുകളും ചേർക്കാനും ഏകയോഗമായി തീരുമാനിച്ചപ്പോൾ, എന്തുകൊണ്ടാണ് ഈ ഏക സിനഡിനു് അംഗീകാരം ഇല്ലാതെ പോയത് എന്ന് ഈ കൃതി വായിക്കുന്ന വായനക്കാർ ആരെങ്കിലും ചോദിക്കാതിരിക്കാനാണ് ഞങ്ങളിപ്രകാരം വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നത്. ഈ സിനഡിന്റെ കാരണം അയാൾ മനസ്സിലാക്കി, സഭാസിനഡുകളുടെ കൂട്ടത്തിൽ ഇതു് പരിഗണിക്കപ്പെടാതെയും അംഗീകരിക്കപ്പെടാതെയും ഇരുന്നതു് ശരിയായിട്ടാണെന്ന് ബോധ്യപ്പെടട്ടെ.

www.malankaralibrary.com

# 6

# മാർ ബാബായിയുടെ സിനഡ്

# (498)

## ആമുഖം

മാർ ബാബായ് കാതോലിക്കോസിൻെറ കാലത്ത് (497—502 / 3) സെലൂഷ്യയിൽ വച്ച് ഒരു സിനഡ് നടന്നു. സഭാനടപടിക്രമം സംബന്ധിച്ച് തീരുമാനങ്ങളെടുത്തു. വൈദികസ്ഥാനികളുടെ വിവാഹം ഒരു ചർച്ചാവിഷയമായിരുന്നു. വിവിധ ഗണങ്ങളിൽപെടുന്ന വൈദികസ്ഥാനികരം സന്താനോല്പാദനം ലക്ഷ്യമാക്കി മാന്യമായ വിവാഹബന്ധത്തിലേർപ്പെടുന്നതിനു സിനഡ് അനുവാദം നൽകി.

നിസിബിസ് മെത്രാൻ ബർസൗമയും അകാചിയുസ് കാതോലിക്കോസും പരസ്പരം ചൊല്ലിയിരുന്ന മഹറോൻ നീക്കിക്കളഞ്ഞു. അവരിരുവരും മരിച്ചുകഴിഞ്ഞെങ്കിലും പരസ്പരം ചൊല്ലിയിരുന്ന മഹറോൻ നിലനിന്നിരുന്നു.

സെലൂഷ്യൻ സഭാനേതൃത്വത്തെ എതിർത്തിരുന്ന മെത്രാന്മാർ അക്കാലത്തും പേർഷ്യയിൽ ഉണ്ടായിരുന്നു. ബേത്—ലാപാതിലെ പാപ്പാ, റിവ്_അർദഷീറിലെ യസ്ദാദ് എന്നിവർ എതിർപ്പിനു് നേതൃത്വം നൽകി. സെലൂഷ്യൻ കാതോലിക്കോസാണ് പേർഷ്യൻ സഭാധ്യക്ഷൻ എന്നു തീർപ്പു കല്പിച്ചു.

### സെലൂഷ്യാസിനഡ്

വീണ്ടും, കാതോലിക്കോസ് മാർ ബാബായിയുടെ സിനഡ്.

ഫിറോസ്—ഷപ്പൂറിലെ മോശ, കർമേയിലെ ദാനിയേൽ, അബ്രാശഹറിലെ യൊഹാന്നിസ്, ബേത്_സബ്ദായിലെ യോഹന്നാൻ, ബാലാദിലെ നോഹ, റിമായിലെ മാരി, നെഹർഗൂറിലെ മോശ, ബേത്_ബാഗാശിലെ അഫ്രാത്,



ഹർബ്ഗെലാലിലെ ഹൊദിദാദ്, മായൽതായിലെ യോഹന്നാൻ, ലാശോമിലെ അബ്രഹാം, തഹാലിലെ അബ്രഹാം, ബേത്—ദാസനിലെ മാറെ റഹ്മെ, മറുവിലെ യോഹന്നാൻ, ഹൊർമിസ്ദ് —അർദഷീറിലെ ശീലാ, ശ്രുശ്തെരിലെ യസ്ദ്ഗേർദ്, പേർഷ്യയിലെ അപ്രേം, പേരാത്—മൈശാനിലെ മാറോൻ, ബേത്—മേഹ്റ്ഖായേയിലെ അബ്രഹാം, ഗോർഗാനിലെ അബ്രഹാം, റായ്യിലെ യൗസേപ്പ്, മേദ്യയിലെ ബാബായ്, ബലാസ്ഫറിലെ അഹറോൻ, ബേത്—ദാറായേയിലെ ബ്രീക്കീശോ, സാബേയിലെ മിഹ്റ്നർസാ, ഷർഹഖർത്തിലെ പൗലോസ്, ബേത്—നുഹദ്രായിലെ സോളമൻ, കർകാ ദ്ലേദാനിലെ സോളമൻ, ഹിർതായിലെ ഏലിയാ, കശ്കാറിലെ അമ്മാനുവേൽ, കർകാദ്ബേത് സ്ലോകിലെ ബൊകതീശോ, ഹദിയാബിലെ യൗസേപ്പ്, പേരാതിലെ ആഹായ്, നിസിബിസ് മെത്രാപ്പോലീത്താ ഹോശ, ബേത്—ലാപാതിലെ മെത്രാൻ മാർവായ്, കാതോലിക്കാ ബാബായ്.

രണ്ടാം തെഷ്റി മാസത്തിൽ, സമാധാന പ്രിയനും ശാന്തശീലനും രാജാക്കന്മാരുടെ രാജാവുമായ സമാസാഫിൻെറ രണ്ടാം ഭരണ വർഷത്തിൽ ദൈവതിരുമനസ്സ് അനുസരിച്ച്, രാജാക്കന്മാരുടെ രാജാവിൻെറ കല്പനപ്രകാരവും പുണ്യചരിതനും ദൈവഭയമുള്ളവനുമായ മാർ ബാബായിയുടെ പ്രോത്സാഹനത്താലും ഞങ്ങൾ അരാമയരുടെ പട്ടണത്തിലെത്തി. അങ്ങനെ വന്നുചേർന്ന വിവിധ സ്ഥലങ്ങളിലെ മെത്രാന്മാരായ ഞങ്ങളുടെ പേരുകൾ താഴെ പറയുന്നു:

നിസിബിസ് മെത്രാനും അറാബാ രൂപതകളുടെ മെത്രാപ്പോലീത്തായുമായ ഹോശ, പേരാത് മെത്രാനും മൈശാൻ മെത്രാപ്പോലീത്തായുമായ ആഹായ്, അർബേൽമെത്രാനും ഹദിയാബ് മെത്രാപ്പോലീത്തായുമായ യൗസേപ്പ്, കർകാ ദ്ബേത് സ്ലോക് മെത്രാനും ബേത്_ഗർമായ് മെത്രാപ്പോലീത്തായുമായ ബോകതീശോ, കർകാ ദ്ലേദാൻ മെത്രാൻ അമ്മാനുവേൽ, അർസൂൻ മെത്രാൻ ഇയ്യോബ്, കർകാ ദ് മൈശാൻ മെത്രാൻ ഇസഹാക്ക്, ബേത്_നുഹദ്രാ മെത്രാൻ സോളമൻ, ഷർഖാർത് മെത്രാൻ പൗലോസ്, സാബേ മെത്രാൻ മിഹ്റ്

www.malankaralibrary.com



നർസാ, ബേത് ദാറായേ മെത്രാൻ ബ്രീക്കീശോ, ഫീറോസ് ഷപ്പൂർ മെത്രാൻ മോശ, ബാലാസ്ഫർ മെത്രാൻ അഹറോൻ, മേദിയ മെത്രാൻ ബാബായ്, റായ്മെത്രാൻ യൗസേപ്പ്, ഗോർഗാൻ മെത്രാൻ അബ്രഹാം, ബേത്_മെഹ്ഖ്റായേയുടെയും ഇസ്ഫഹാൻെറയും മെത്രാൻ അബ്രഹാം, ഥോസിൻെറയും അബ്രാശഹറിൻെറയും മെത്രാൻ യോഹാനിസ്, ബേത്-സബ്ദായ് മെത്രാൻ യോഹന്നാൻ, ബാലാദ് മെത്രാൻ നോഹ, റീമാ മെത്രാൻ മാരി, നെഹർഗുർ മെത്രാൻ മോശ, ബേത്_ബാഗാശ് മെത്രാൻ അഫ്രാത്, ഹർബ് ഗെലാൽ മെത്രാൻ ഹൊദിദാദ്, മായൽതാ മെത്രാൻ യോഹന്നാൻ, ലാശോം മെത്രാൻ അബ്രഹാം. തഹാൽ മെത്രാൻ അബ്രഹാം. കത്തിലൂടെ തങ്ങളുടെ സമ്മതം അറിയിച്ച മററു മെത്രാന്മാരുടെ പേരുകൾ: കർമേ മെത്രാൻ ദാനിയേൽ, ഹർയോ മെത്രാൻ യസ്ദാദ്, സൂസ മെത്രാൻ പാപ്പാ.

ഞങ്ങളുടെ ബഹുമാന്യ പിതാവായ കാതോലിക്കോസ് മാർ ബാബായിയോടുള്ള ബഹുമാനം കൊണ്ടും അദ്ദേഹത്തെ അഭിവാദനം ചെയ്യാനുമായി ഞങ്ങളെല്ലാവരും സന്മനസ്സോടും സ്നേഹത്തോടും ഒരുമിച്ചുകൂടി.

സെലൂഷ്യാ —സ്റ്റെസിഫൺ പട്ടണങ്ങളിലെത്തിയ ഞങ്ങൾ മിശിഹായുടെ സ്നേഹത്തിൽ സമാധാനപ്രിയനും ശാന്തശീലനുമായ അദ്ദേഹത്തെ സന്ദർശിച്ചു. തൻെറ സന്മനസ്സിനുചിതമായ വിധം തൻെറ പൈതൃക പ്രാമുഖ്യത്തിലുള്ള സമൂഹത്തിലെ അംഗങ്ങളും സഹോദരന്മാരുമെന്ന നിലയിൽ അദ്ദേഹം ഞങ്ങളെ സ്നേഹപൂർവം സ്വീകരിച്ചു. സമാധാനപ്രിയനും സൗഹൃദവാനും രാജാക്കന്മാരുടെ രാജാവുമായ സാമാസാപ് തനിക്കയച്ച കത്ത് അദ്ദേഹം ഞങ്ങളെ കാണിച്ചു. അദ്ദേഹത്തിൻെറ അധികാരത്തിൻ കീഴിലുള്ള മെത്രാന്മാരെല്ലാവരും അദ്ദേഹത്തോടൊപ്പം ഒന്നിച്ചുചേരുകയും സത്യസന്ധമായ വിവാഹത്തിൻെറയും സന്താനോല്പാദനത്തിൻെറയും വിഷയത്തിൽ വിവിധ സ്ഥലങ്ങളിലുള്ള എല്ലാ സന്യാസികൾക്കും വേണ്ടി നവീകരണം വരുത്തുകയും ചെയ്യണമെന്ന് അതിൽ ആവശ്യപ്പെട്ടിരുന്നു.



മിശിഹായുടെ നിയമങ്ങൾ അനുവർത്തിക്കുന്ന മുകളിൽ പേരെഴുതിയിട്ടുള്ള ഞങ്ങളെല്ലാവരും, നമ്മുടെ ജനങ്ങളുടെയും അജഗണങ്ങളുടെയും ഇടയിൽ വിവാഹത്തെയും സന്താനോത്പാദനത്തെയും സംബന്ധിച്ച കാര്യങ്ങളിൽ ആവശ്യമുള്ള തിരുത്തലുകൾ ഏകമനസ്സോടെ ഏർപ്പെടുത്തി. പാത്രിയർക്കീസു മുതൽ ഏററവും താഴ്ന്ന നിലയിലുള്ള ആൾവരെ നാം എല്ലാവരും ഏകഭാര്യയോടു കൂടിയതും സന്താനോല്പാദനത്തോടു കൂടിയതുമായ വിശുദ്ധ വിവാഹം പരസ്യമായി നിലനിർത്തുവാനും അതിൽ ഏർപ്പെടുവാനും നാം അനുവദിക്കുന്നു. അത്രമാത്രം! ഈ തീരുമാനം ബേത്_ഹ്ദസായേ നാട്ടിൽ ബേത്_ലാപാത് നഗരത്തിൽ, രാജാക്കന്മാരുടെ രാജാവായ ഫീറോസിൻെറ 27_ാം വർഷത്തിൽ നടന്ന കൗൺസിലിനോടും ബാലാഷിൻെറ രണ്ടാം വർഷത്തിൽ ബേത്_ഹെദ്രായിൽ മാർ അകാചിയൂസിൻെറ കാലത്ത് ആരബ്ധവും അരാമിയ നാട്ടിൽ സമാപ്തവും ആയ എഴുത്തിനോടും വിശുദ്ധ ലിഖിതങ്ങളുടെ ആശയത്തിലും അദ്ധ്യാപനത്തിലും സ്ഥാപിതമായ യഥാർത്ഥ വിശ്വാസത്തോടും യോജിക്കുന്നതായിരുന്നു.

കാവാദിൻെറ നാലാം വർഷം മുതൽ ഇപ്പോഴത്തെ ഭരണാധിപനും രാജാക്കന്മാരുടെ രാജാവുമായ സാമാസാപ്പിൻെറ രണ്ടാം വർഷം വരെ നിലനിന്നിട്ടുള്ള എല്ലാ ശാപങ്ങളെയും ബഹിഷ്കരണങ്ങളെയും, സകലത്തിന്മേലും ഭരണം നടത്തുന്നവനായ മിശിഹായുടെ വചനത്താൽ ഞങ്ങൾ അഴിക്കുകയും റദ്ദാക്കുകയും ചെയ്യുന്നു. സഭാകാര്യങ്ങളിലെ മാനുഷികപ്രവണതകൾ മൂലം സംഭവിച്ചു പോയവയാണവ. തർക്കങ്ങളും മര്യാദാലംഘനങ്ങളുമെല്ലാം അവയ്ക്കു കാരണമായിട്ടുണ്ട്. അവയിൽ ചിലത് അനുഗ്രഹീതനായ കാതോലിക്കോസ് മാർ അകാചിയൂസും അദ്ദേഹത്തിൻെറ കൂടെയുള്ളവരും ചേർന്ന് നിസിബിസിലെ മെത്രാനായ മാർ ബർസൗമായ്ക്കും അദ്ദേഹത്തിൻെറ കൂടെയുള്ള മെത്രാന്മാർക്കും എതിരേ പുറപ്പെടുവിച്ചിട്ടുള്ളതാണ്. വേറെ ചിലത് മാർ ബർസൗമായും അദ്ദേഹത്തോടൊപ്പമുള്ള മെത്രാന്മാരും ചേർന്ന് കാതോലിക്കോസ് മാർ അകാചിയൂസിനും അദ്ദേഹത്തോടൊപ്പമുള്ള മെത്രാന്മാർക്കും എതിരേ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. എന്നാൽ ന്യായമായ രീതിയിൽ നിർവഹിക്കപ്പെട്ടിട്ടുള്ള മുടക്കുകളെല്ലാം തുടർന്നും

www.malankaralibrary.com



നിലനില്ക്കുന്നതാണ്. മുൻപറയപ്പെട്ട രണ്ടു തെരഞ്ഞെടുക്കപ്പെട്ട വ്യക്തികളും പരസ്പര ശത്രുതയോടുകൂടി എഴുതിയ ലിഖിതങ്ങളും ശിക്ഷാവിധികളും തുടച്ചു നീക്കപ്പെടും. യാതൊരുത്തരും അവ കൈവശം വച്ചുകൊണ്ടിരിക്കാൻ പാടില്ല എന്ന് മിശിഹായുടെ വചനത്തിന്റെ നാമത്തിൽ ഞങ്ങൾ ആജ്ഞാപിക്കുന്നു.

കോക്കേയിലെ ഈ വലിയ പള്ളിയിലെ ശ്ലൈഹികസിംഹാസനത്തിന്റെ ബഹുമാനവും പ്രാഥമ്യവും സംബന്ധിച്ച് ആദ്യകാല പിതാക്കന്മാർ സൂനഹദോസുകൾ വഴി നടപ്പാക്കിയ എല്ലാ ശരിയായ നിയമങ്ങളെയും ഞങ്ങൾ അനുകൂലിക്കുന്നു. അതിനാൽ ഏക സമ്മതത്തോടും പൂർണ്ണമനസ്സോടും നിർവ്യാജമായ സ്നേഹത്തോടും കൂടെ ഞങ്ങളുടെ ആദരണീയനും വിശുദ്ധനുമായ സഹോദരൻ കാതോലിക്കോസ് മെത്രാൻ മാർ ബാബായിയെ ഞങ്ങളുടെ തലവനും നേതാവും ആജ്ഞാദായകനും ഭരണാധികാരിയുമായി ഞങ്ങൾ പരിഗണിക്കുന്നു. ദൈവഭയത്തോടുകൂടി അദ്ദേഹം നടപ്പാക്കുന്ന എല്ലാ നടപടികളും ഞങ്ങളും അംഗീകരിക്കുന്നു. അഹങ്കാരത്തോടും വിജൃംഭിതവും കലഹപൂർണ്ണവുമായ മനസ്സോടും കൂടി ഈ പ്രാമുഖ്യത്തെയും പിതാക്കന്മാരുടെ സിംഹാസനത്തെയും എതിർക്കുകയും പൗരസ്ത്യ ദേശത്തുള്ള സ്വന്തം സഹോദര മെത്രാന്മാരുടെ നൈയാമിക സമൂഹത്തിൽ നിന്നു സ്വയം വേർപെടുത്തുവാൻ ശ്രമിക്കുകയും ചെയ്യുന്ന ആളിനുവേണ്ടി ഞങ്ങൾ ആദ്യം ക്രൈസ്തവമായ രീതിയിൽ മാദ്ധ്യസ്ഥ്യം പറയുകയും അപേക്ഷിക്കുകയും ചെയ്യും. ഈ സമൂഹത്തിലെ അംഗവും സഹോദരനും സഹശുശ്രൂഷകനും എന്ന നിലയിൽ ഞങ്ങളുടെ സമൂഹത്തിൽ നിന്ന് അകന്നുപോകരുതെന്ന് ഞങ്ങൾ അയാളെ ഉദ്ബോധിപ്പിക്കും. എന്നാൽ അയാൾ എതിർപ്പിൽത്തന്നെ നിലനിൽക്കുകയും സഹമെത്രാന്മാരുടെ അഭ്യർത്ഥനയെ അവഗണിച്ചുകൊണ്ട് ഞങ്ങളോടുള്ള സഹകരണത്തിൽ നിന്ന് സ്വയം വേർപെടുത്തുകയും ചെയ്താൽ ഞങ്ങൾക്ക് അയാളുമായി യാതൊരു വിഷയത്തിലും ബന്ധം ഉണ്ടായിരിക്കുന്നതല്ല. അയാൾ പാത്രിയർക്കീസിന്റെ പക്കൽ വരുകയും ഞങ്ങളുടെ ഈ ലിഖിതത്തോട് ഒരു ശിഷ്യനെന്നോണം സംവദിക്കുകയും ചെയ്യുന്നതുവരെ ഈ അകൽച്ച നിലനിൽക്കും.



ആണ്ടിൽ രണ്ടു തവണ വീതം നടക്കുന്ന മെത്രാന്മാരുടെ കൗൺസിലിനെ സംബന്ധിച്ച് പൂർവ്വികർ ഏർപ്പെടുത്തിയ നിബന്ധനകൾ അനുസരിച്ച് പ്രോവിൻസിന്റെ തലവനോടൊപ്പം നടത്തപ്പെടുന്നത് ഞങ്ങൾ അംഗീകരിക്കുകയും അനുഷ്ഠിക്കുകയും ചെയ്യും. പാത്രിയർക്കീസിനോട് ചേർന്ന് മെത്രാപ്പോലീത്താമാരും മെത്രാന്മാരും രണ്ടുവർഷത്തിൽ ഒരിക്കൽ ഒരു കൗൺസിൽ നടത്തണമെന്ന് നമ്മുടെ പിതാക്കന്മാർ നിശ്ചയിച്ചിട്ടുണ്ടല്ലോ. അത് നാലു വർഷത്തിൽ ഒരിക്കൽ ആകണമെന്നാണ് ഞങ്ങൾക്കു തോന്നുന്നത്. ആ സമ്മേളനം ഒന്നാം തെഷ്‌റി മാസത്തിലാണു നടക്കേണ്ടത്. എന്നാൽ ഈ നാലു വർഷകാലാവധിക്കിടയിൽ ഉണ്ടാകുന്ന ഏതെങ്കിലും സുപ്രധാനകാര്യം മൂലമായി കൗൺസിൽ സമ്മേളിക്കണമെന്നു പാത്രിയർക്കീസിനു തോന്നിയാൽ എല്ലാ മെത്രാന്മാരും നല്ല മനസ്സോടെ അതു നിർവ്വഹിക്കണം. അവരിൽ ആർക്കെങ്കിലും രോഗമായിരിക്കുകയോ ഒഴിച്ചുകൂടാൻ പാടില്ലാത്ത എന്തെങ്കിലും തടസ്സമുണ്ടായിരിക്കുകയോ ചെയ്താൽ മാനുഷികമായ ഏതെങ്കിലും ഒഴികഴിവിൽ അഭയം പ്രാപിക്കാതെ, തന്റെ വൈദിക സമൂഹത്തിൽ നിന്ന് ശ്രദ്ധേയനായ ഒരു വ്യക്തിയെ പ്രതിനിധിയായി കൗൺസിലിലേയ്ക്ക് അയയ്ക്കണം. തീരുമാനങ്ങൾ അംഗീകരിക്കുന്നതായി സ്വന്തം പേരിൽ ഒരു കത്തും കൊടുത്തു വേണം പ്രതിനിധിയെ അയയ്ക്കാൻ. എന്നാൽ ഒരാൾ അലംഭാവപൂർവ്വം ഇക്കാര്യങ്ങൾ ചെയ്യാതിരുന്നാൽ, അടിസ്ഥാനമില്ലാത്ത എന്തെങ്കിലും കാരണം പറഞ്ഞ് തന്റെ ആഗമനം താമസിപ്പിച്ചാൽ അയാൾ തന്റെ സ്ഥാനത്തുനിന്നു നീക്കപ്പെട്ടതായി കരുതപ്പെടും. അയാൾ പാത്രിയർക്കീസിന്റെ പക്കൽ വരുകയും കൗൺസിൽ തീരുമാനങ്ങൾ അംഗീകരിക്കുകയും ചെയ്യുംവരെ ഈ അവസ്ഥ തുടരും.

ബിൽപാതിലെ സഭയെയും റിവ്-അർദഷീറിലെ മെത്രാനും പേർഷ്യയുടെ മെത്രാപ്പോലീത്തായുമായ യസ്ദാദിനെയും സംബന്ധിച്ച്: കൗൺസിലിൽ വരണമെന്നു കാണിച്ച് ബിൽപാതിലെ വൈദികർക്കും യസ്ദാദ് മെത്രാനും പലതവണ എഴുതിയതായി മാർ കാതോലിക്കോസിൽ നിന്നു ഞങ്ങൾ അറിഞ്ഞു. എന്നാൽ അവർ താമസം വരുത്തുകയും വരാതിരിക്കുകയും ചെയ്തു. അതിനാൽ ഞങ്ങൾ

www.malankaralibrary.com



എല്ലാവരും ചേർന്ന് ഈ തീരുമാനം ചെയ്യുകയും ഈ വിഷയം മാർ കാതോലിക്കോസിന്റെ കൈകളിൽ ഏല്പിക്കുകയും ചെയ്യുന്നു. രാജാക്കളുടെ രാജാവായ സമാസാപ്പിന്റെ ഈ ദ്വിതീയ ഭരണ വർഷത്തിലെ തെശ്റിമാസം മുതൽ അതേ രാജാവിന്റെ മൂന്നാം ഭരണവർഷത്തിലെ തെശ്റിമാസം വരെ ഒരാണ്ടുകാലം — പാപ്പാ വരുകയും സഭയുടെ ശരിയായ വിശ്വാസത്തിൽ സമ്മതം രേഖപ്പെടുത്തുകയും തത്സംബന്ധമായ രേഖകളിൽ ഒപ്പും മുദ്രയും ചാർത്തുകയും ചെയ്യുന്നുവെങ്കിൽ, അഥവാ—പാപ്പാ വരാതിരിക്കുന്നപക്ഷം—അദ്ദേഹം തന്റെ പ്രതിനിധിവശം സഭയുടെ ശരിയായ വിശ്വാസം ഉറപ്പിച്ചു പറയുകയും ഞങ്ങൾ ഉണ്ടാക്കിയ ഈ ലിഖിതത്തെ അനുകൂലിക്കുകയും ചെയ്യുന്ന സമ്മതപത്രം കൊടുത്തുവിടുകയും ചെയ്യുകയാണെങ്കിൽ, അദ്ദേഹം താൻ ഭരിക്കുന്ന രൂപതയിൽ ഞങ്ങളുടെ പങ്കാളിയായി കരുതപ്പെടും; ഇന്നുവരെ സംഭവിച്ച കാര്യങ്ങളെല്ലാം മറക്കപ്പെടുകയും ചെയ്യും. എന്നാൽ അദ്ദേഹം ഈ വിധത്തിൽ പ്രവർത്തിച്ചില്ലെങ്കിൽ, മെത്രാന്മാരുടെ അരാമിയായിലെ ഈ സിനഡ് അദ്ദേഹത്തിന്റെ മേൽ ഏർപ്പെടുത്തിയ ശാപം നിലനിൽക്കും.

അതുപോലെ തന്നെ, റിവ്-അർദഷീറിലെ മെത്രാനായ യസ്ദാദ് ഞങ്ങളുടെ പിതാവായ കാതോലിക്കോസ് മാർ ബാബായിയെ വണങ്ങുകയും അഭിവാദനം ചെയ്യുകയും ചെയ്യുന്നതിനായി മുകളിൽ നിശ്ചയിച്ച കാലാവധിക്കുള്ളിൽ വരാതിരിക്കുകയും യഥാർത്ഥ സ്നേഹത്തിലും പരിപൂർണ്ണമായ സമാധാനത്തിലും ഞങ്ങൾ ഈ ലിഖിതത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാകാര്യങ്ങളും സമ്മതിക്കാതിരിക്കുകയും ചെയ്താൽ അദ്ദേഹം ഞങ്ങളുടെ ശുശ്രൂഷക്ക് അന്യനായിരിക്കും. അദ്ദേഹവുമായി ഞങ്ങൾക്ക് യാതൊരുവിധ കൂട്ടായ്മയും ഉണ്ടായിരിക്കുകയില്ല. തിരിച്ചു വരാത്തവരെല്ലാം മുടക്കപ്പെടുകയും നിരാകരിക്കപ്പെടുകയും ചെയ്യും.

വിവിധ സ്ഥലങ്ങളിൽ നിന്നുള്ള മെത്രാന്മാരും മുകളിൽ പേരെഴുതപ്പെട്ടിട്ടുള്ളവരുമായ ഞങ്ങളെല്ലാവരും — മെത്രാന്മാരുടെ പരിശുദ്ധ തലവനായ കാതോലിക്കോസ് മാർ ബാബായിയുടെ സന്നിധിയിൽ ഇപ്പോൾ സമ്മേളിച്ചിരിക്കുന്നവർ— ഈ ലിഖിതം എഴുതുകയും ഒപ്പിടുകയും മുദ്രവയ്ക്കുകയും ചെയ്തിരിക്കുന്നു.



താഴെ പറയുന്ന കാര്യംകൂടെ ഞങ്ങൾ സ്ഥിരീകരിക്കുന്നു: കാവാദിന്റെ ഏഴാംവർഷം മുതൽ ഇന്നുവരെയുള്ള സംഘർഷത്തിന്റെ കാലഘട്ടത്തിൽ തന്റെ നഗരത്തിലെ വൈദികരും മറ്റെല്ലാവരും ചേർന്ന് മെത്രാനായി ആരെയെല്ലാം തെരഞ്ഞെടുത്തിട്ടുണ്ടോ, അവരെയെല്ലാം ഞങ്ങൾ സ്നേഹത്തോടും ബഹുമാനത്തോടും മെത്രാൻ സ്ഥാനത്തിന്റെ ക്രമത്തോടുംകൂടെ സ്വീകരിക്കും. എന്നാൽ കള്ളത്തരവും കൊള്ളയും കൊണ്ട് മെത്രാൻസ്ഥാനം കൈയടക്കിയവരെ —ഭിന്നതയും കലഹവും ഉപയോഗിച്ചു സ്ഥാനം നേടിയവർ, തന്റെ നഗരത്തിലെ വൈദികരാലും വിശ്വാസികളാലും തെരഞ്ഞെടുക്കപ്പെടാത്തവരെ—സഭാപരമായ ശാസനങ്ങളുടെ അടിസ്ഥാനത്തിൽ ഞങ്ങൾ തിരസ്കരിക്കുന്നു. അവരുമായുള്ള സംസർഗത്തിൽ നിന്നു ഞങ്ങളെത്തന്നെ ഞങ്ങൾ അകറ്റുകയും ചെയ്യുന്നു

മെത്രാനും കിഴക്കിന്റെ കാതോലിക്കോസുമായ മാർ ബാബായിയുടെ വൈദികനും ആർച്ച്ഡീക്കനുമായ ഞാൻ, ശീലാ, കാതോലിക്കോസ് മാർ ബാബായിയുടെ കല്പനയനുസരിച്ച് ഈ പുസ്തകത്തിൽ ഒപ്പു വയ്ക്കുന്നു. മാർ ബാബായി മുകളിൽ പറഞ്ഞതെല്ലാം സമ്മതിക്കുകയും മുദ്ര വയ്ക്കുകയും ചെയ്യുന്നു.

ബേത്-ഹൂസായേയുടെ മെത്രോപ്പൊളീസായ ബേത്-ലാപാതിലെ സഭയിലെ വൈദികസ്ഥാനികളിൽ നിന്നുള്ള ഡീക്കനായ ഞാൻ, പോസായ്, ശ്രേഷ്ഠനായ മാർ മാർവായ് ബിഷപ്പ് മെത്രാപ്പോലീത്തായുടെ കല്പനയാൽ അദ്ദേഹത്തിനു വേണ്ടി ഈ പുസ്തകത്തിൽ ഒപ്പു വയ്ക്കുന്നു. മുകളിൽപറഞ്ഞ കാര്യങ്ങളെല്ലാം അദ്ദേഹം സമ്മതിക്കയും മുദ്ര വയ്ക്കുകയുംചെയ്യുന്നു.

അറബികളുടെ നാട്ടിലെ ബിഷപ്പ് മെത്രാപ്പോലീത്തായായ മാർ ഹോശായുടെ ഡീക്കനും നോട്ടറിയുമായ ഞാൻ, ഏലിയാ, മാർ ആബ്യൂൻ മെത്രാന്റെ കല്പനയാൽ അദ്ദേഹത്തിനു വേണ്ടി ഒപ്പു വച്ചിരിക്കുന്നു. മുകളിൽ പറഞ്ഞ കാര്യങ്ങളെല്ലാം അദ്ദേഹം സമ്മതിക്കുകയും ഒപ്പു വയ്ക്കുകയും ചെയ്യുന്നു.

പേരാതിലെ മെത്രാനും മൈശാനിലെ മെത്രാപ്പോലീത്തായുമായ ഞാൻ അൻപായി ഈ ലിഖിതം സ്ഥിരീകരിക്കുകയും ഒപ്പും മുദ്രയും വയ്ക്കുകയും ചെയ്തിരിക്കുന്നു.

www.malankaralibrary.com



അർബേലിന്റെ മെത്രാനും ഹദ്യാബിന്റെ മെത്രാപ്പോലീത്തായുമായ ഞാൻ യൗസേപ്പ് മുകളിൽ എഴുതപ്പെട്ടിട്ടുള്ളവയോടെല്ലാം യോജിക്കുന്നു. അവസ്സ് ഒപ്പും മുദ്രയും ചാർത്തുന്നു.

പേരാതിലെ മെത്രാനും മൈശാന്റെ മെത്രാപ്പോലീത്തായുമായ ഞാൻ മാറി മുകളിൽ എഴുതപ്പെട്ടിരിക്കുന്ന കാര്യങ്ങളെല്ലാം സമ്മതിക്കയും അവസ്സ് ഒപ്പും മുദ്രയും ചാർത്തുകയും ചെയ്യുന്നു.

കർക്കാ ദ്ബേത്–സ്ലോക്കിന്റെ മെത്രാനും ബേത്–ഗർമായിയുടെ മെത്രാപ്പോലീത്തായുമായ ബോക്ക്തീശോയുടെ ഡീക്കനും നോട്ടറിയുമായ ഞാൻ ഹോർമിസ്ദ്, അദ്ദേഹത്തിന്റെ കല്പനയാൽ അദ്ദേഹത്തിനു വേണ്ടി ഇതിൽ ഒപ്പിട്ടിരിക്കുന്നു. അദ്ദേഹം ഈ ലിഖിതം അംഗീകരിക്കുകയും മുദ്ര വയ്ക്കുകയും ചെയ്യുന്നു.

കശ്കാറിന്റെ മെത്രാനായ ഞാൻ അമ്മാനുവേൽ മുകളിൽ എഴുതിയിരിക്കുന്ന എല്ലാ കാര്യങ്ങളും സമ്മതിക്കുന്നു. അവ ഞാൻ എന്റെ കയ്യൊപ്പുകൊണ്ടു സ്ഥിരീകരിക്കുകയും മുദ്ര വയ്ക്കുകയും ചെയ്തിരിക്കുന്നു.

ഹിർതാ മെത്രാനായ ഞാൻ ഏലിയാ ഈ പുസ്തകത്തിൽ ഒപ്പു വയ്ക്കുകയും ഇതിൽ എഴുതിയിരിക്കുന്നവയെല്ലാം സ്ഥിരീകരിക്കുകയും മുദ്രവയ്ക്കുകയും ചെയ്തിരിക്കുന്നു.

കർക്കാ ദ്ലേദാനിലെ മെത്രാനായ ഞാൻ ശാമുവേൽ മുകളിൽ എഴുതിയിട്ടുള്ളവയെല്ലാം സമ്മതിക്കുകയും ഒപ്പും മുദ്രയും വയ്ക്കുകയും ചെയ്തിരിക്കുന്നു.

ഹോർമിസ്ദ് അർദഷീറിന്റെ മെത്രാനായ മാർ ശീലായുടെ വൈദികരായ ഞങ്ങൾ അബ്രാഹാം, മാറി, ശെമഓൻ എന്നിവർ അദ്ദേഹത്തിന്റെ ഒരു കത്തുകൊണ്ടുവന്നിട്ടുണ്ട്. കിഴക്കിന്റെ പാത്രിയർക്കീസായ മാർ ബാബായ് വിളിച്ചുകൂട്ടിയതും രാജാക്കന്മാരുടെ രാജാവായ സമാസാപ്പിന്റെ രണ്ടാം ഭരണവർഷത്തിൽ നടന്നതുമായ ഈ സൂനഹദോസുമായി അദ്ദേഹം യോജിക്കുന്നു. ഈ രേഖയിൽ ഒപ്പുവയ്ക്കാൻ മാർ ശീലാ ഞങ്ങളോട് കല്പിച്ചിരിക്കുന്നു; കാരണം, ഈ വിഷയത്തിൽ അദ്ദേഹത്തിന്റെ യോജിപ്പ് ഉറപ്പുള്ളതാണ്.

ബേത്–നൂഹദ്രാ മെത്രാനായ ഞാൻ ശാമുവേൽ ഇതു് ഒപ്പുവയ്ക്കുകയും ഉറപ്പിക്കുകയും മുദ്ര വയ്ക്കുകയും ചെയ്തിരിക്കുന്നു.



മാറോസൈററ് മെത്രാനായ ഞാൻ യോഹന്നാൻ ഈ ലിഖിതത്തിൽ ഒപ്പു വച്ചിരിക്കുന്നു. ഇതിലുള്ളവയെല്ലാം ഞാൻ സ്ഥിരീകരിക്കുകയും മുദ്രവയ്ക്കുകയും ചെയ്തിരിക്കുന്നു.

ഷർക്കാർത്തിന്റെ മെത്രാനായ ഞാൻ പൗലോസ് ഈ ലിഖിതത്തിൽ ഒപ്പുവയ്ക്കുകയും എന്റെ മുദ്രകൊണ്ട് ഇതിനെ സ്ഥിരീകരിക്കുകയും ചെയ്തിരിക്കുന്നു.

സാബെയിലെ മെത്രാനായ മിഹ്റ്നർസായുടെ വൈദികനും നോട്ടറിയുമായ ഞാൻ ശീല അദ്ദേഹത്തിനുവേണ്ടി ഈ രേഖയിൽ ഒപ്പുവയ്ക്കാൻ ആജ്ഞപ്തനായിരിക്കുന്നു. മുകളിൽ എഴുതിയ എല്ലാകാര്യങ്ങളും അദ്ദേഹം സമ്മതിക്കുകയും മുദ്രവയ്ക്കുകയും ചെയ്യുന്നു.

ബേത് ദാറായെ മെത്രാനായ മാർ ബ്രീക്ക്ഈശോയുടെ നോട്ടറിയായ ഞാൻ മർക്കോസ് അദ്ദേഹത്തിനുവേണ്ടി ഈ രേഖയിൽ ഒപ്പുവയ്ക്കാൻ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. അദ്ദേഹം മുകളിൽ എഴുതിയിരിക്കുന്ന എല്ലാക്കാര്യങ്ങളും സമ്മതിക്കുകയും മുദ്ര വയ്ക്കുകയും ചെയ്യുന്നു.

മേദ്യയിലെ മെത്രാനായ ഞാൻ ബാബായ് ഈ ലിഖിതത്തിൽ ഒപ്പു വച്ചിരിക്കുന്നു. ഇതിൽ എഴുതിയിരിക്കുന്ന എല്ലാകാര്യങ്ങളും ഞാൻ സമ്മതിക്കുകയും ഇതിൽ മുദ്രവയ്ക്കുകയും ചെയ്തിരിക്കുന്നു.

വൈദികനും നോട്ടറിയുമായ ഞാൻ ആഹായ് ബെലാസ്ഫർ മെത്രാനായ മാർ അഹറോനുവേണ്ടി ഒപ്പിട്ടിരിക്കുന്നു. മുകളിൽ എഴുതിയിരിക്കുന്ന എല്ലാകാര്യങ്ങളും അദ്ദേഹം സമ്മതിക്കുകയും മുദ്രവയ്ക്കുകയും ചെയ്യുന്നു.

വൈദികനും നോട്ടറിയുമായ ഞാൻ ആഹായ്, റായ് മെത്രാനായ മാർ യൗസേപ്പിനുവേണ്ടി ഒപ്പിട്ടിരിക്കുന്നു. മുകളിൽ എഴുതിയിരിക്കുന്നവയെല്ലാം അദ്ദേഹം സമ്മതിക്കുകയും മുദ്രവയ്ക്കുകയും ചെയ്യുന്നു.

ഗുർഗാനിലെ മെത്രാനായ ഞാൻ അബ്രഹാം ഈ ലിഖിതത്തിൽ ഒപ്പിട്ടിരിക്കുന്നു. മുകളിൽ എഴുതിയിരിക്കുന്ന എല്ലാ കാര്യങ്ങളും ഞാൻ സമ്മതിക്കുകയും മുദ്രവയ്ക്കുകയും ചെയ്യുന്നു.

ബേത് – മെഹ്ഖ്റായേയുടെയും ഇസ്ഫഹാന്റെയും മെത്രാനായ ഞാൻ അബ്രഹാം ഒപ്പിടുകയും മുകളിൽ എഴുതി

www.malankaralibrary.com



യിരിക്കുന്നവയെല്ലാം സമ്മതിക്കുകയും മുദ്ര വയ്ക്കുകയും ചെയ്തിരിക്കുന്നു.

തോസീന്റെയും അബ്രാശഹറിന്റെയും മെത്രാനായ ഞാൻ യൊഹാനിസ് മുകളിൽ എഴുതിയിരിക്കുന്നവയെല്ലാം സമ്മതിക്കുകയും ഒപ്പും മുദ്രയും വയ്ക്കുകയും ചെയ്തിരിക്കുന്നു.

നോട്ടറിയായ ഞാൻ ഹോഹ്, ബേത്–ബാഗാശ് മെത്രാനായ അഫ്രാത്തിന്റെ കല്പനയനുസരിച്ച് അദ്ദേഹത്തിനുവേണ്ടി ഈ ലിഖിതത്തിൽ ഒപ്പുവയ്ക്കുന്നു. മുകളിൽ എഴുതിയിരിക്കുന്നവയെല്ലാം അദ്ദേഹം സമ്മതിക്കുകയും മുദ്രവയ്ക്കുകയും ചെയ്യുന്നു.

റീമാമെത്രാനായ ഞാൻ മാറി മുകളിൽ എഴുതിയിരിക്കുന്നവയെല്ലാം അംഗീകരിക്കുകയും മുദ്രവയ്ക്കുകയും ചെയ്യുന്നു.

ബാലാഢ് മെത്രാനായ ഞാൻ ഹോഹ് ഈ ലിഖിതത്തിൽ ഒപ്പുവയ്ക്കുകയും അതിൽ എഴുതിയിരിക്കുന്നവയെല്ലാം സമ്മതിക്കുകയും മുദ്ര വയ്ക്കുകയും ചെയ്തിരിക്കുന്നു.

നെഹർഗ്ഗർ മെത്രാനായ ഞാൻ മോശ ഒപ്പുവയ്ക്കുകയും മുകളിൽ എഴുതിയിരിക്കുന്നവയെല്ലാം സമ്മതിക്കുകയും മുദ്രവയ്ക്കുകയും ചെയ്തിരിക്കുന്നു.

ബേത്–സബ്ദായ് മെത്രാനായ ഞാൻ യോഹന്നാൻ ഇതിൽ ഒപ്പും മുദ്രയും ചാർത്തിയിരിക്കുന്നു.

വൈദികനായ ഞാൻ യോഹന്നാൻ, പീറോസ്–ഷപ്പൂർ മെത്രാനായ മാർ ശ്മായുടെ കല്പനയനുസരിച്ച് ഒപ്പുവച്ചിരിക്കുന്നു. മുകളിൽ എഴുതിയിരിക്കുന്നവയെല്ലാം അദ്ദേഹം അംഗീകരിക്കുന്നു. ഞാൻ ഇതിൽ മുദ്രചാർത്തി.

മായൽതാ മെത്രാനായ ഞാൻ യോഹന്നാൻ ഒപ്പുവയ്ക്കുകയും മുകളിൽ എഴുതിയവ സമ്മതിക്കുകയും മുദ്രവയ്ക്കുകയും ഉറപ്പിക്കുകയും ചെയ്തിരിക്കുന്നു.

ഹർബ്ഗെലാൽ മെത്രാനായ ഞാൻ ഹൊദീദാദ് ഇതിൽ ഒപ്പും മുദ്രയും ചാർത്തിയിരിക്കുന്നു.

ലാശോം മെത്രാനായ ഞാൻ അബ്രഹാം ഒപ്പുവയ്ക്കുകയും മുകളിൽ എഴുതിയിരിക്കുന്നവ സമ്മതിക്കുകയും ചെയ്തിരിക്കുന്നു.



തഹാൽ മെത്രാനായ ഞാൻ അബ്രഹാം മുകളിൽ എഴുതിയിരിക്കുന്നവ ഒപ്പും മുദ്രയും ചാർത്തി ഉറപ്പിച്ചിരിക്കുന്നു.

ബേത്ദാസൻ മെത്രാനായ ഞാൻ മാറേഹ്–റഹ്മേഹ് മുകളിൽ എഴുതിയിരിക്കുന്നവയോടു യോജിക്കുന്നു. ഞാൻ അവയ്ക്ക് ഒപ്പും മുദ്രയും ചാർത്തിയിരിക്കുന്നു.

ബാലാഢ് മെത്രാനായ ഞാൻ ശ്രുബ്ഹാലീശോ ഒപ്പുവയ്ക്കുകയും മുകളിൽ എഴുതിയവയോടെല്ലാം യോജിക്കുകയും ചെയ്തിരിക്കുന്നു. ഞാൻ അതിൽ മുദ്രവച്ചിരിക്കുന്നു.

ഹോർമിസ്ദ് – അർദഷീറിലെ പുരോഹിതഗണത്തിലെ വൈദികനായ ഞാൻ ആദോർ– ഹെർമിസ്ദ് ഞങ്ങളുടെ മെത്രാനായ മാർ ശീലായുടെ കല്പനയനുസരിച്ച് അദ്ദേഹത്തിനുവേണ്ടി ഇതിൽ ഒപ്പുവച്ചിരിക്കുന്നു. അതിൽ എഴുതിയിരിക്കുന്നവയെല്ലാം അദ്ദേഹം സമ്മതിക്കുകയും ഉറപ്പിക്കുകയും മുദ്രവയ്ക്കുകയും ചെയ്യുന്നു.

കർമേയിലെ മെത്രാനായ മാർ ദാനിയേലിന്റെ പുരോഹിതനും നോട്ടറിയുമായ ഞാൻ ആബാ അദ്ദേഹത്തിന്റെ കല്പനയനുസരിച്ച് ഒപ്പു വച്ചിരിക്കുന്നു. മുകളിൽ എഴുതിയിരിക്കുന്നവയെല്ലാം അദ്ദേഹം സമ്മതിക്കുകയും മുദ്രവയ്ക്കുകയും ചെയ്യുന്നു.

ശ്രുശ്തെർ മെത്രാനായ ഞാൻ യസ്ദ്ഗെർദ് ഈ ലിഖിതത്തിൽ ഒപ്പുവയ്ക്കുകയും മുകളിൽ എഴുതിയിരിക്കുന്നവയെല്ലാം സമ്മതിക്കുകയും മുദ്രവയ്ക്കുകയും ചെയ്തിരിക്കുന്നു.

നോട്ടറിയായ ഞാൻ സീദോറാ ഹദ്യാബ്യ് മെത്രാപ്പോലീത്തായായ അബൊശ്തായുടെ കല്പനയനുസരിച്ച് അദ്ദേഹത്തിനുവേണ്ടി ഈ ലിഖിതത്തിൽ ഒപ്പുവയ്ക്കുന്നു. മുകളിൽ എഴുതിയിരിക്കുന്നവയെല്ലാം അദ്ദേഹം സമ്മതിക്കുകയും മുദ്രവയ്ക്കുകയും ചെയ്യുന്നു,

മെത്രാനായ ഞാൻ ശീലാ മുകളിൽ എഴുതിയ എല്ലാകാര്യങ്ങളോടും യോജിക്കുകയും ഒപ്പും മുദ്രയും ചാർത്തുകയും ചെയ്തിരിക്കുന്നു.

മാർ ബാബായിയുടെ സിനഡ് അവസാനിച്ചു.

www.malankaralibrary.com

# 7

# മാർ ആബായുടെ സിനഡ് (544)

## ആമുഖം

മാർ ബാബായ് കാതോലിക്കോസിനു ശേഷം (497—502/3) മാർ ശീലാസ് (505—521/2) കാതോലിക്കാ ആയി. അദ്ദേഹം മരിക്കുന്നതിനു മുൻപ് തന്റെ മകളുടെ ഭർത്താവായ ഏലീശായെ പിൻഗാമിയായി നിയമിച്ചു. ഇതിൽ കുപിതരായ പേർഷ്യൻ മെത്രാന്മാർ മാർ നർസായെ തെരഞ്ഞെടുത്ത് ബദൽ കാതോലിക്കാ ആയി നിയമിച്ചു. അങ്ങനെ, ഇക്കാലത്ത് സെലൂഷ്യൻ സഭയിൽ ഒരേ സമയം രണ്ടു കാതോലിക്കാമാർ ഉണ്ടായി. അവരുടെ കൂടെ പേർഷ്യൻ സഭ മൊത്തത്തിൽ രണ്ടു ഗ്രൂപ്പുകളായി തിരിഞ്ഞു. നർസെ 535_ൽ മരിച്ചെങ്കിലും വിഭജനം തുടർന്നു. മെത്രാന്മാർ 539_ൽ ഏലീശായെ സ്ഥാനഭ്രഷ്ടനാക്കി. പകരം പൗലോസിനെ നിയമിച്ചു. അദ്ദേഹം അധികം താമസിയാതെ മരിച്ചതിനാൽ 540_ൽ മാർ ആബാ കാതോലിക്കായായി നിയമിതനായി.

മാർ ആബായുടെ കാലത്ത്(540—552) ഖുസ്രോ രാജാവ് പേർഷ്യയിലുടനീളം കഠിനമായ മതമർദ്ദനം നടത്തി. കാതോലിക്കാ ആകുന്നതിനു മുൻപ് ബിസൻറയിൻ പ്രോവിൻസുകളിൽ സഞ്ചരിച്ചയാളായിരുന്നു ആബാ. മത്സരിച്ചു കഴിഞ്ഞ മെത്രാന്മാരെ ഐക്യപ്പെടുത്തുവാൻ മാർ ആബാ നടപടികൾ സ്വീകരിച്ചു. അദ്ദേഹം മെത്രാന്മാരോടൊത്ത് വിവിധ സ്ഥലങ്ങൾ സന്ദർശിച്ചു. പല സ്ഥലങ്ങളിലും ഉണ്ടായിരുന്ന ''ദ്വിഭരണം'' അവസാനിപ്പിച്ചു. അതായത്, ഒരേ സമയം രണ്ടു കാതോലിക്കാമാർ ഭരിച്ച കാലത്ത് മിക്കയിടങ്ങളിലും രണ്ട് മെത്രാന്മാരുണ്ടായിരുന്നു. ജനങ്ങളെല്ലാം രണ്ടു ചേരി



യായി തിരിഞ്ഞു. രണ്ടു കൂട്ടരും മെത്രാന്മാരുടെ എണ്ണം വർദ്ധിപ്പിച്ചു. ഇതാണ് ദ്വിഭരണം കൊണ്ടർത്ഥമാക്കുന്നത്. സഭ മാർ ആബായുടെ കാലത്ത് ഒന്നിച്ചു മുന്നേറി. മിക്കവാറും എല്ലായിടങ്ങളിലും തന്നെ ഐക്യം പുനഃസ്ഥാപിതമായി. 'കാതോലിക്കായുടെ അറിവു കൂടാതെ മെത്രാപ്പോലീത്താമാരെയും മെത്രാന്മാരെയും വാഴിക്കാൻ പാടില്ല' എന്ന് തീരുമാനിക്കപ്പെട്ടു.

മാർ ആബായുടെ കാലത്ത് നടന്ന മററ് സംഭവങ്ങൾ: ജസ്റ്റീനിയൻ ചക്രവർത്തി 543_ൽ ''മൂന്നധ്യായങ്ങളെ'' ശപിച്ചു. അന്നറിയപ്പെടുന്ന ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മൂന്നര വർഷം നീണ്ടുനിന്ന ഭീകരമായ ഒരു പകർച്ച വ്യാധി ഉണ്ടായി. ഖുസ്രോരാജാവ് ഈ കാലത്ത് റോമൻ പ്രോവിൻസുകൾ ആക്രമിച്ച് നിരവധിയാളുകളെ പേർഷ്യയിലേക്ക് അടിമകളായി കൊണ്ടുപോയി. മാർ ആബായുടെ ഭരണത്തിന്റെ ആദ്യകാലത്ത് ഖുസ്രോരാജാവ് പേർഷ്യൻ ക്രൈസ്തവരോട് അനുഭാവപൂർവ്വം പെരുമാറിയതിനാലാണ് സഭയിൽ ഐക്യം പുനഃസ്ഥാപിക്കാൻ മാർ ആബായിക്ക് കഴിഞ്ഞത്. മാർ ആബായിയുടെ പേരിൽ അറിയപ്പെടുന്ന ആറു രേഖകളും കുറേ കാനോനാകളുമുണ്ട്. അവയിൽ ഒന്നും മൂന്നും നാലും അഞ്ചും രേഖകളാണ് ഇവിടെ കൊടുത്തിരിക്കുന്നത്. രണ്ടും ആറും, കാനോനാകളും അനുബന്ധത്തിൽ കൊടുക്കുന്നു. കയ്യെഴുത്തു പ്രതികളിൽ ഇപ്രകാരം കാണുന്നതിനാൽ ജെ. ബി. ഷാബോയും തുടർന്നുള്ള വിവർത്തകരും ഈ രീതി സ്വീകരിച്ചിരിക്കുന്നു.[1]

---

1. J. B. Chabot, op. cit. P. 68—95/318—351

www.malankaralibrary.com

# മാർ ആബായുടെ സിനഡ്

വീണ്ടും കാതോലിക്കോസ് മാർ ആബായുടെ സിനഡ്.

ദൈവാനുഗ്രഹത്താൽ, പ്രധാനമെത്രാനായ പരിശുദ്ധ പാത്രിയർക്കീസ് മാർ ആബായും ദൈവത്തെ സ്നേഹിക്കുന്ന മെത്രാപ്പോലീത്തമാരും മറ്റു മെത്രാന്മാരും ചേർന്ന് രചിച്ച സഭാപരമായ ലിഖിതങ്ങളുടെ ഒരു പകർപ്പാണിത്. ദൈവത്തിന്റെ കാരുണ്യത്താൽ സംരക്ഷിക്കപ്പെടുന്ന, ശാന്തനും കാരുണ്യവാനും നന്മകൾ പ്രവർത്തിക്കുന്നവനുമായ രാജാക്കന്മാരുടെ രാജാവ് ഖുസ്രായുടെ പതിമൂന്നാം ഭരണവർഷവും പരിശുദ്ധനായ പ്രധാന മെത്രാൻ കാതോലിക്കോസ് പാത്രിയർക്കീസ് മാർ ആബായുടെ കാതോലിക്കോസ് ഭരണത്തിന്റെ അഞ്ചാം വർഷവുമായ ഇക്കൊല്ലം ശഹ്റിർ മാസത്തിലാണ് ഈ ലിഖിതം വിരചിതമായത്.

മാർ ഏലീശായും മാർ നർസായും ആരംഭിച്ച ഒരേസമയത്തു രണ്ട് കാതോലിക്കമാർ ഭരിക്കുന്ന സ്ഥിതിവിശേഷം കർത്താവായ മിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും മൂലം പൂർണ്ണമായും നിർത്തലാക്കപ്പെടുകയും സെലൂഷ്യായിലെയും സ്റ്റെസിഫണിലെയും കാതോലിക്കോസ് ഭരണത്തിന്റെ ഏകത്വം ഉറപ്പാക്കപ്പെടുകയും പ്രധാന മെത്രാനായ പാത്രിയർക്കീസ് മാർ ആബായുടെ നിസ്തന്ദ്രമായ പ്രയത്നവും അദ്ദേഹത്തോടൊപ്പം നിന്ന ദൈവഭയമുള്ള മെത്രാപ്പോലീത്തന്മാരുടെയും മെത്രാന്മാരുടെയും സൂനഹദോസ് മൂലം എല്ലാ പൗരസ്ത്യദേശങ്ങളിലും സമീപ സ്ഥലങ്ങളിലും ഈ അധികാരം നിലനില്ക്കുകയും ചെയ്ത ശേഷമാണിത്. നിത്യജീവിതത്തിലെ ആദ്ധ്യാത്മിക ദത്തെടുക്കലിന്റെ രഹസ്യത്തിൽ സ്നാനപ്പെട്ടവർക്ക് അനുയോജ്യമായ ജീവിതത്തിനു യുക്തമായ കാനോനാകൾ നടപ്പിലാക്കപ്പെട്ടു.

അനന്തരം മെത്രാന്മാരിൽ പ്രധാനിയായ പാത്രിയർക്കീസ് മിശിഹായുടെ നാമത്തെ പ്രതിയും പരിശുദ്ധ സഭയുടെ നിയമ



ങ്ങളെ പ്രതിയും പോരാട്ടങ്ങൾക്കായി സ്വയം കയ്യാളിച്ചു. കുറേ സഹനങ്ങൾക്കുശേഷം സത്യത്തിനുവേണ്ടി അദ്ദേഹം നാടുകടത്തപ്പെട്ടു. അക്കാലത്ത് അങ്ങനെ ഒരവസ്ഥയിൽപ്പോലും നിശ്ശബ്ദനായിരിക്കാൻ ദൈവകൃപ അദ്ദേഹത്തെ അനുവദിച്ചില്ല. മറിച്ച് കാതോലിക സഭയിലെ ഭരണത്തിന്റെ ഐക്യത്തിനും സഭയിലെ കാനോനാകളുടെയും ചട്ടങ്ങളുടെയും നിലനില്പിനും പിന്തുണയ്ക്കും ഉറപ്പിനുംവേണ്ടി ആ ഭരണകാര്യത്തെപ്പററി എഴുതപ്പെട്ടിട്ടുള്ള എല്ലാ ലിഖിതങ്ങളും ശേഖരിക്കുന്ന വിഷയത്തിൽ അദ്ദേഹം ഏകാഗ്രതയോടെ ഏർപ്പെട്ടു. ആ ഭരണമാണെങ്കിൽ ശ്ലൈഹിക പാരമ്പര്യമനുസരിച്ച് സെലൂഷ്യാ നഗരത്തിലുള്ള കോക്കേ ദേവാലയത്തിലെ പാത്രിയർക്കാ സിംഹാസനത്തിൽ പിൻതുടർച്ച മൂലം വന്നുചേർന്നിട്ടുള്ളതാണ്. അതിൽ നിന്ന് പൗരസ്ത്യദേശങ്ങളിലെയും സമീപപ്രദേശങ്ങളിലെയും ഭരണം ഉദ്ഭവിക്കുന്നു. സത്യവിശ്വാസത്തിനും സഭാസന്താനങ്ങളുടെ ക്രൈസ്തവ ജീവിത ശൈലിക്കും വേണ്ടിയുള്ള നിയമങ്ങൾക്കും നിർവചനങ്ങൾക്കും ഉള്ള അന്വേഷണം അദ്ദേഹം തുടരുന്നു. അങ്ങനെ ശേഖരിച്ച രേഖകളിലൊന്നാണ് "ഭരണപരമായ പ്രവൃത്തികളെ" സംബന്ധിച്ച കുററമററ സൂനഹദോസ് രേഖകൾ. ആരോഗ്യസംദായകമായ വിശ്വാസത്തിന്റെ പ്രാമാണികതയെ സംബന്ധിച്ച ചില രേഖകളും അക്കൂട്ടത്തിലുണ്ടായിരുന്നു. സത്യസന്ധമായ പെരുമാററ രീതികളെക്കുറിച്ചുള്ളതായിരുന്നു ചില രേഖകൾ. ഇരട്ട ഭരണരീതി വരുത്തിവച്ച ആളുകളെ സ്ഥാനത്തുനിന്നു നീക്കിയതിനെയും അവരോടൊപ്പമുണ്ടായിരുന്നവർക്ക് മാപ്പു നൽകിയതിനെയും മററു തീരുമാനങ്ങളെയും സംബന്ധിച്ച രേഖകളായിരുന്നു വേറെ ചിലത്. സഭാപരമായ നേതൃത്വത്തിന്റെ എല്ലാ വിഭാഗങ്ങളുടെയും ഡിക്രികളും നിയമങ്ങളും സംബന്ധിച്ചവയായിരുന്നു വേറെ ചിലത്. അവയോരോന്നിനെപ്പററിയും കൂടുതൽ വെളിച്ചം വീശുന്ന ഭൂരിഭാഗം അടങ്ങിയ സിനഡിൽ ലേഖനം അക്കൂട്ടത്തിലായിരുന്നു.

www.malankaralibrary.com

## ഒന്നാമത്തേത്

ഒന്നാമതായി, ഈ രീതിയിൽ നടന്ന ഭരണപരമായ നവീകരണത്തിന്റെ സിനഡൽ നടപടികൾ.

ദയാലുവും ഐശ്വര്യവാനും ശാരീരികാരോഗ്യത്തോടും ആത്മസന്തോഷത്തോടും കരുണ നിറഞ്ഞ മനസ്സോടും സദുദ്ദേശത്തോടും കൂടെ തന്റെ ഭരണ സീമയിൽ ദീർഘകാലം വാണരുളുന്നവനും, രാജാക്കന്മാരുടെ രാജാവും, ദൈവകൃപയാൽ സംരക്ഷിക്കപ്പെട്ടവനും, സ്രഷ്ടാവും കർത്താവും എല്ലാററിന്റെയും പരിപാലകനും ആയ ദൈവത്തിന്റെ കൃപയാലും രണ്ടാം സൈറസിന്റെ ശ്രേഷ്ഠകാന്തിയാലും എല്ലാ രാജാക്കന്മാരെക്കാൾ ശ്രേഷ്ഠതയും, വിനയവും കരുണയും ഉള്ളവനുമായ ഖുസ്രുവിന്റെ ഭരണത്തിന്റെ പത്താം വർഷം തിർമാ എന്ന രണ്ടാം തെശ്റി മാസത്തിൽ: എല്ലാ സൃഷ്ടികളുടെയും രക്ഷകനായ മിശിഹാ, തന്റെ വിശുദ്ധ സഭയ്ക്കുവേണ്ടി എല്ലാ നല്ല കാര്യങ്ങളും നിരന്തരമായി ചെയ്യുവാൻ രാജാവിന്റെ സന്മനസ്സുമൂലം അദ്ദേഹത്തിന്റെ ചിന്തയിൽ ഉദിപ്പിച്ചതിനാലും: അതുപോലെ സത്യപുരോഹിതരുടെയും വിവിധസ്ഥലങ്ങളിലെ തീക്ഷ്ണതയുള്ള മെത്രാപ്പോലീത്തമാരുടെയും മെത്രാന്മാരുടെയും ശുഷ്ക്കാന്തിയും ഉണർവും വിശുദ്ധരുടെ പ്രാർത്ഥനകളും കൊണ്ടും: രണ്ടു ഭർത്താക്കന്മാരുള്ള സ്ത്രീയേപ്പോലെയും രണ്ടുതലയുള്ള ശരീരത്തെപ്പോലെയും ദൈവതിരുമുമ്പാകെ മ്ലേച്ഛവും മനുഷ്യരുടെ മുമ്പാകെ നിന്ദ്യവുമായ ‘‘ഇരട്ടപ്രാഥമ്യം’’ പൂർണമായി നീക്കി ഇല്ലാതാക്കി.

ഈ ‘‘ദ്വിഭരണരീതി’’ പേർഷ്യാക്കാരുടെ മഹനീയ സാമ്രാജ്യത്തിലുള്ള മിക്കവാറും എല്ലാ സഭകളിലും ശേഷം പൗരസ്ത്യദേശത്തിലും അതിനടുത്തുള്ള സ്ഥലങ്ങളിലും, സ്വാർത്ഥരും, പിശാചുക്കളും അവരുടെ തലവനായ സാത്താനും വിറകൊള്ളുന്ന ശ്ലൈഹിക കാനോനാകൾ ലംഘിക്കുന്നതിന് ഭയമില്ലാത്തവരും ആയ മനുഷ്യരുടെ സംയമനരാഹിത്യത്താൽ ഏതാണ്ട് പതിനഞ്ച് വർഷത്തോളം നിലനിന്നു. അരാമിയ



യിലെ പ്രമുഖനഗരങ്ങളായ സെലൂഷ്യാ-സ്റ്റെസിഫൺ പട്ടണങ്ങളിൽ ശ്ലൈഹിക പാരമ്പര്യം അനുസരിച്ച് സ്ഥാപിതമായ പാത്രിയാർക്കാസിംഹാസനത്തിന്റെ ഭരണപരമായ ഐക്യം അക്കാലത്ത് പുനസ്ഥാപിതമായി. ഈ ശ്ലൈഹികവും പൈതൃകവുമായ സിംഹാസനത്തിന്റെ ഭരണത്തിൽ നിന്ന് പൗരോഹിത്യ ശുശ്രൂഷയുടെ എല്ലാ സ്ഥാനങ്ങളും പടികളും ആത്മീയ പട്ടങ്ങളും കാനോനിക അവകാശങ്ങളും നിയമസാധുതയും പേർഷ്യൻ സാമ്രാജ്യത്തിലുടനീളമുള്ള ജില്ലകളിലും നഗരങ്ങളിലും ശേഷം പൗരസ്ത്യദേശം മുഴുവനും അതിനുചുററുമുള്ള സ്ഥലങ്ങളിലും വ്യക്തിപരിഗണന കൂടാതെ പുറപ്പെടുകയും കൈമാററപ്പെടുകയും ചെയ്യുന്നു. രണ്ടുമഹാനഗരങ്ങളും ഒരുപോലെ സമാധാനത്തിലായതിനാൽ വിശുദ്ധനും മിശിഹായാൽ സ്നേഹിക്കപ്പെട്ടവനുമായ മാർ ആബാ പാത്രിയർക്കീസ് ധൈര്യവാനായിത്തീർന്ന് തന്റെ വിപ്രവാസത്തിൽ നിന്ന് തിരിച്ചുവന്നു.......

...മുമ്പ് കലക്കത്തിലായിരുന്ന പീറോസ്—ഷപ്പൂർ എന്ന അറബികളുടെ നഗരം സമാധാനത്തിലാക്കപ്പെട്ടു. താമസിയാതെ, തന്നെ സംരക്ഷിച്ചിരുന്ന ദൈവത്തിന്റെ അനുഗ്രഹത്താൽ കശ്കാർ ജില്ലയിലേയ്ക്കു അദ്ദേഹം കടന്നു. ഇതാണ് ...പരിശുദ്ധരായ മനുഷ്യരുടെ ചൈതന്യം. ബേത്—ലാപ്പാത്തിന്റെയും ഹൂസീത്തരുടെ നാടു മുഴുവന്റെയും ബിഷപ്പ്—മെത്രാപ്പോലീത്താ ആയ ദൈവസ്നേഹമുള്ള മാർ പൗലോസ്, കക്കാ ദ്ലേദാൻ മെത്രാനായ മാർ ശൽമായ്, സാബേ മെത്രാൻ മിഹ്റ്നർസാ, ഹോർമിസ്ദ്_അർദഷീർ മെത്രാൻ മാർ ശീലാ, ശുശ്തെർ മെത്രാൻ മാർ ഏലീശാ, സൂസാ മെത്രാൻ മാർ ഖുസ്രാ എന്നിവർ സീസോർദാ നഗരത്തിൽ ഒന്നിച്ചുകൂടി. അധികമായ അദ്ധ്യാപനവും ഉദ്ബോധനവും ന്യായവാദവും വഴി അവർ കശ്കാറുകാരെ പരസ്പരം അനുരഞ്ജിപ്പിച്ചു. അവർക്കു വേണ്ടി ദൈവസ്നേഹമുള്ള ഒരിടയനായ മാർ ശാമുവേൽ മെത്രാൻ തെരഞ്ഞെടുക്കപ്പെട്ടു. ആ നഗരവും ആ ജില്ല മുഴുവനും അദ്ദേഹത്തിനു ഭരമേല്പിക്കപ്പെട്ടു. മെത്രാൻ സ്ഥാനത്തിനുവേണ്ടി കലഹം നടന്ന കാലത്ത് പരസ്പരം കലഹിച്ചവരും സമാധാനകാലത്ത് മെത്രാൻ സ്ഥാനത്തു നിന്നും മെത്രാന്റെ ശുശ്രൂഷയിൽ നിന്നും നീക്കപ്പെട്ടവരു

www.malankaralibrary.com



മായ മ്ശർശായാ, ശാമുവേൽ എന്നിവർ വളരെ സന്തോഷത്തോടുകൂടെ അവരുടെ മെത്രാനായ ശാമുവേലിന്റെ കീഴിൽ സഭാകാനോനാകൾക്കനുസൃതമായി പ്രെസ്ബിറ്ററർമാരായി സേവനം അനുഷ്ഠിക്കുന്നതിനുവേണ്ടി അദ്ദേഹത്തിന് വിധേയരായി.

പരിശുദ്ധനും മിശിഹായെ സ്നേഹിക്കുന്നവനുമായ കാതോലിക്കോസ് മാർ ആബായും ദൈവസ്നേഹമുള്ള മെത്രാന്മാരും അനന്തരം അവിടെ നിന്നു പുറപ്പെട്ടു. ശാമുവേൽ മെത്രാനും അവരോടൊപ്പമുണ്ടായിരുന്നു. അവർ മൈശാൻ നാട്ടിലെത്തി. അവർ കടന്നുപോകുന്ന വഴിയിലുള്ള പല സ്ഥലങ്ങളിലും പല നവീകരണങ്ങളും നടപ്പിൽ വരുത്തിയിട്ട് മൈശാനിലെ പ്രധാന നഗരമായ പേരാത്തിൽ എത്തിച്ചേർന്നു; അവർ തിമായി ബർ ദാദീശോ എന്നയാളെ പദവിയിൽ നിന്നും സ്ഥാനത്തുനിന്നും ശുശ്രൂഷയിൽനിന്നും മെത്രാൻ സ്ഥാനത്തിന്റെ ഏതെങ്കിലും വിധത്തിലുള്ള നിർവ്വഹണത്തിൽ നിന്നും എന്നെന്നേക്കുമായി അകററിനിർത്തുകയും ഒററപ്പെടുത്തുകയും പുറന്തള്ളുകയും ചെയ്തു. അയാൾ ചെയ്ത വാഗ്ദാനലംഘനങ്ങൾക്കും തന്റെ മേൽ സ്വയം വരുത്തി വച്ച ശാപത്തിനും ആനുപാതികമായിട്ടായിരുന്നു ഈ നടപടി. അയാൾ ഇളക്കിവിട്ട കലഹങ്ങളും ഭിന്നതകളും കാരണം ദൈവത്തിന്റെ സഭയിൽ ദുഷ്പ്രവൃത്തികൾ ചെയ്തവനായിരുന്നു അയാൾ. അയാൾ പ്രെസ്ബിറ്ററർ സ്ഥാനത്തുനിന്നും ഡീക്കൻ സ്ഥാനത്തുനിന്നും നീക്കം ചെയ്യപ്പെടുകയും വിശുദ്ധ രഹസ്യങ്ങൾ സ്വീകരിക്കുന്നതിൽ നിന്നും വിലക്കപ്പെടുകയും വിശ്വാസികളോട് ഇടപെടുന്നതിൽ നിന്നു നിരോധിക്കപ്പെടുകയും ചെയ്തിരുന്നു. അയാൾ പശ്ചാത്താപം പ്രകടിപ്പിക്കുകയും പ്രെസ്ബിറ്ററോ ഡീക്കനോ ആയി സേവനം ചെയ്യാൻ അർഹനാണോ എന്നു വിധിക്കപ്പെടുകയും ചെയ്യുന്നതുവരെയായിരുന്നു വിലക്ക്. മാർ പാത്രിയക്കീസിന്റെയും മെത്രാപ്പോലീത്താമാരുടെയും മെത്രാന്മാരുടെയും അഭിപ്രായവും താല്പര്യവും അനുസരിച്ച് മാർ യോഹന്നാൻ മെത്രാപ്പോലീത്തായെ പേരാത് നഗരത്തിന്റെയും മൈശാൻ പ്രദേശം മുഴുവന്റെയും എപ്പിസ്കോപ്പാ ആയും മെത്രാപ്പോലീത്താ ആയും ചുമതലയേല്പിക്കുകയും തൽസ്ഥാനത്ത് ഉറപ്പിക്കുകയും ചെയ്തു.



അവിടെ നിന്ന് പിതാക്കന്മാർ ഹ്ദസീതരുടെ ഹൊർമിസ്ദ്—അർദഷീർ നഗരത്തിലേയ്ക്കു പുറപ്പെട്ടു. റീമാ മെത്രാനായ ദൈവസ്നേഹമുള്ള മാർ അബ്രഹാം അവരെ അനുഗമിച്ചു. അവിടുത്തെ കാര്യങ്ങളിൽ ആവശ്യമുള്ള തിരുത്തലുകൾ വരുത്തുകയും അവിടത്തെ വിശ്വാസികൾക്ക് അവരുടെ ഇടയൻ ദൈവസ്നേഹമുള്ള മെത്രാൻ മാർ ശീലായുമായുള്ള അനുരഞ്ജനം വഴി ക്രൈസ്തവമായ ശാന്തിയും സമാധാനവും സംസ്ഥാപിതമാകുകയും ചെയ്തു കഴിഞ്ഞപ്പോൾ പിതാക്കന്മാർ പേർഷ്യാക്കാരുടെ നാട്ടിലേയ്ക്കു പുറപ്പെട്ടു.

യാത്രയ്ക്കിടയിൽ ശ്രദ്ധയിൽപ്പെട്ടതും തിരുത്തേണ്ടതുമായ കാര്യങ്ങൾ പരിശോധിക്കുകയും തിരുത്തുകയും ചെയ്തതിനുശേഷം പാത്രിയർക്കീസും അദ്ദേഹത്തിന്റെ കൂടെയുള്ള മെത്രാന്മാരും റിവ്-അർദഷീറിലെത്തി. അവരോടൊപ്പം ബീഹ്ഷപ്പൂരിലെ മെത്രാൻ മാർ അബ്രഹാം, അർദഷീർ കൊറേഹിലെ മെത്രാൻ മാർ ഖർദാഗ്, ഖിശിലെ മെത്രാൻ മാർ ദാവീദ് എന്നിവരും ഉണ്ടായിരുന്നു. ഇവരും അവരുടെ കൗൺസിലിൽ ചേർക്കപ്പെട്ടു. അവർ കുറെക്കാലം അവിടെ താമസിച്ചു. അവിടെ മെത്രാനായിരുന്ന ഇസഹാക്കിന്റെ പേരിലുണ്ടായിരുന്ന ശാപം, സ്ഥാനഭ്രംശനം, നാടുകടത്തൽ എന്നീ ശിക്ഷണനടപടികൾ അവർ സ്ഥിരീകരിച്ചു. അയാൾ മെത്രാൻ സ്ഥാനത്തുനിന്നും ശുശ്രൂഷയിൽ നിന്നും അർഹമായവിധം പുറത്താക്കപ്പെട്ടവനായിരുന്നു. അയാളുടെ പിൻഗാമിയായിരുന്ന ഈശോബോക്തിന്റെ പേരിലുള്ള ശിക്ഷാനടപടികളും സ്ഥിരീകരിച്ചു. അയാൾ സഭാനിയമങ്ങൾക്കു വിരുദ്ധവും ക്രമരഹിതവുമായ രീതിയിൽ മെത്രാൻ സ്ഥാനത്തേയ്ക്കു സ്വയം നാമനിർദ്ദേശം ചെയ്തവനായിരുന്നു. ഇസഹാക്കും ഈശോബോക്തും മെത്രാൻ സ്ഥാനത്തേക്കോ സഭാശുശ്രൂഷാപരമായ മററു സ്ഥാനങ്ങളിലേയ്ക്കോ നാമനിർദ്ദേശം ചെയ്തിരുന്ന മററാളുകളുടെ പേരിലും പിതാക്കന്മാർ നടപടികൾ സ്വീകരിച്ചു. ഭിന്നത നിലനിന്നിരുന്ന കാലത്ത് താൻ ചെയ്ത തെററുകളെക്കുറിച്ച് ഈശോബോക്ത് പശ്ചാത്താപം പ്രകടിപ്പിക്കുകയും അകാനോനികമായും ക്രമരഹിതമായും താൻ ഏറെറടുത്ത ശുശ്രൂഷയിൽ നിന്നും ഭരണത്തിൽനിന്നും സ്ഥാനത്തുനിന്നും

www.malankaralibrary.com



പിൻവാങ്ങി ബന്ധം വിടത്തുന്നു എന്നെഴുതി സമ്മനസ്സോടുകൂടി ഒരുരേഖ ഹാജരാക്കുകയും ചെയ്തു. അതിനാൽ പാത്രിയർക്കീസും മെത്രാന്മാരും അയാളെ ''സമാധാനം'' നൽകി സ്വീകരിച്ചു. കാനോനികമായി ഞങ്ങൾക്ക് സ്വീകാര്യമായ ഒരു ശുശ്രൂഷയിൽ ഇരിക്കാനും വൈദികസമൂഹത്തിന്റെ ബഹുമാനത്തിൽ ഇരിക്കാൻ അയാൾ ആഗ്രഹിക്കുന്നുവെങ്കിൽ അഭിഷേകം വഴി അയാളെ വൈദികനായി സ്ഥിരീകരിക്കാനും അവർ അനുവദിച്ചു അതുപോലെ വൈദികസ്ഥാനത്തേക്കോ വൈദിക ശുശ്രൂഷയ്ക്കോ അയാളോ അയാൾക്ക് മുമ്പ് ഇസഹാക്കോ തെരഞ്ഞെടുത്തവരെയെല്ലാം ശരിയായ അനുതാപത്തോടുകൂടി സ്വീകരിച്ച് ക്ഷമിച്ച് കാനോനികപട്ടം നൽകി വൈദിക സ്ഥാനത്തുറപ്പിച്ചു.

ഇവയും അതുപോലുള്ള മററുകാര്യങ്ങളും പിതാക്കന്മാർ തീരുമാനിക്കുകയും നടപ്പാക്കുകയും ചെയ്തു. ബിഷപ്പ് മെത്രാപ്പോലീത്തായായിരുന്ന അകാചിയുസിനെ ശുശ്രൂഷയിൽ നിന്നും എപ്പിസ്കോപ്പാ മെത്രാപ്പോലീത്താ എന്നീ ഭരണത്തിൽ നിന്നും വേർപെടുത്തി. പകരം ശ്രേഷ്ഠനും ദൈവസ്നേഹിതനുമായ മാനാ ആ സ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെട്ടു. പാത്രിയർക്കീസിൽ നിന്നും മെത്രാന്മാരിൽ നിന്നും അഭിഷേകം സ്വീകരിച്ച അദ്ദേഹം റീവ് അർദഷീർ നഗരത്തിന്റെ മെത്രാനായും ഭരണാധികാരത്തിൽ ആ പ്രദേശത്തെ എല്ലാ ജില്ലകളുടെയും നഗരങ്ങളുടെയും മെത്രാപ്പോലീത്തായായും നിയമിതനായി. ഇത്രയും കാര്യങ്ങൾ നിർവ്വഹിച്ചതിനുശേഷം മിശിഹായെ സ്നേഹിക്കുന്ന പരിശുദ്ധ പാത്രീയർക്കീസ് മാർ ആബായും ദൈവസ്നേഹമുള്ള മാർ പൗലോസ്, മാർ മാനാ എന്നീ മെത്രാപ്പോലീത്താമാരും മാർ ശൽമായ്, മാർ മിഹ്റ് നർസാ, മാർ ശീലാ, മാർ ഏലീശാ, മാർ അബ്രഹാം മാർ ഖുസ്രാ, മാർ ഖർദാഗ്, എന്നീ മെത്രാന്മാരും റിവ്-അർദഷീറിൽ നിന്നു യാത്രയായി. അവർ മെത്രാനായ ദാവീദിനെ അനുഗ്രഹിക്കുകയും അദ്ദേഹം തന്റെ രൂപതയിലേക്കു പോകുകയും ചെയ്തു. അതിനുശേഷം പിതാക്കന്മാർ മിശിഹായുടെ അനുഗ്രഹത്താൽ ഹൂസീതരുടെ ഈ നാട്ടിൽ തിരിച്ചെത്തി. അവരുടെ പരിഗണനയ്ക്കായി കൊണ്ടുവരപ്പെട്ട



എല്ലാ കാര്യങ്ങളും അവർ പരിശോധിക്കുകയും തിരുത്തുകയും ചെയ്തു. പേർഷ്യയിലെ വഴിയിൽ ഹൂസീതരുടെ ബാബ് നായി ഗ്രാമംവരെയുള്ള എല്ലാ ഗ്രാമങ്ങളിലും നഗരങ്ങളിലും ഈ സേവനം അവർ നിർവ്വഹിച്ചു.

അവിടെവച്ച് ബീഹ്-ഷപ്പൂർ മെത്രാനായ മാർ അബ്രഹാം ഏതോ അടിയന്തിരാവശ്യം ഉണ്ടായതുകൊണ്ട് തന്റെ രൂപതയിലേക്കു പോയി. അതിനുശേഷം പാത്രീയർക്കീസും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന മെത്രാന്മാരും മെത്രാപ്പോലീത്താമാരും യാത്ര തുടർന്നു. പോയ വഴിക്ക് സോറാഗിലെ വിവിധ ഗ്രാമങ്ങളിൽ തിരുത്തേണ്ട കാര്യങ്ങളിലെല്ലാം അവർ തിരുത്തൽ വരുത്തി. തുടർന്ന് അവർ ശുശ്തെർ നഗരത്തിലെത്തി. അവിടെവച്ച് നിസിബിസുകാരനായ ശെമഓനെ കൗൺസിലിലേക്കു വിളിച്ചുവരുത്തി. താൻ സ്വീകരിച്ചിട്ടില്ലാത്തതിനാൽ തനിക്കില്ലാത്ത മെത്രാൻസ്ഥാനം ദുരുപയോഗിച്ചതായി അയാളെ കുററപ്പെടുത്തി. സഭാകാനോനകൾ ലംഘിച്ചുകൊണ്ട് അയാൾ പലർക്കും വൈദികപട്ടവും ഡീക്കൻപട്ടവും കൊടുത്തിരുന്നു.—ഇത്തരം ദാനങ്ങൾ വിതരണം ചെയ്യാൻ അയാൾക്ക് അധികാരമില്ലാതിരുന്നതിനാൽ അയാളിൽ നിന്നു സ്വീകരിച്ചവർക്ക് ഒരു പട്ടവും കിട്ടിയിട്ടില്ല എന്നുള്ളതാണ വസ്തുത— അയാൾ വലുതായി പശ്ചാത്തപിക്കുകയും പൂർണ്ണമായി പ്രായശ്ചിത്തം ചെയ്യുകയും ചെയ്തു. കാരണം താൻ മെത്രാനല്ലാതിരിക്കെ സ്വയം മെത്രാനെന്നു വിളിക്കുകയും മെത്രാൻ സ്ഥാനത്തിന്റെ പേരിൽ തനിക്ക് അർഹതയില്ലാത്ത കാര്യങ്ങളെല്ലാം ചെയ്യുകയും ചെയ്തതിന്റെ പേരിലായിരുന്നു പശ്ചാത്താപവും പ്രായശ്ചിത്തവും. ചെയ്ത കാര്യങ്ങളെല്ലാം നിഷ്ഫലങ്ങളാണെന്നു സമ്മതിക്കുകയും ചെയ്തു. മെത്രാന്റെ സ്ഥാനത്തിൽ നിന്നും ശുശ്രൂഷയിൽ നിന്നും സോറാഗ്, റാം-ഹോർമിസ്ദ് അഥവാ മറേറതെങ്കിലും സ്ഥലത്തുള്ള സഭാഭരണത്തിൽ നിന്നും സ്വയം വേർപെടുത്തികൊണ്ടും സ്വയം നീക്കിക്കൊണ്ടും രാജിവച്ചുകൊണ്ടും അയാൾ ഒരു കത്ത് മുദ്രവച്ചുകൊടുത്തു. അതിന്റെ അടിസ്ഥാനത്തിൽ പാത്രീയർക്കീസും മെത്രാപ്പോലീത്താമാരും മെത്രാന്മാരും അയാൾക്കു ''സാമാധാനം'' നൽകുകയും ശുശ്തെരിൽ

www.malankaralibrary.com



വൈദികനായി സേവനം ചെയ്യുവാൻ അനുവദിക്കുകയും ചെയ്തു. അതേസമയം ശ്രുശ്തെർ മെത്രാനായ ദൈവസ്നേഹമുള്ള മാർ ഏലിശായെ അയാളുടെ കാര്യങ്ങൾ ശ്രദ്ധിക്കാൻ ഏർപ്പെടുത്തുകയും ചെയ്തു.

ഇക്കാര്യവും ഇതുപോലുള്ള മററുകാര്യങ്ങളും ശ്രുശ്തെരിൽ തിരുത്തിയതിനുശേഷം ശെമഓനിൽ നിന്നു സ്വതന്ത്രരാണെന്നു പ്രഖ്യാപിച്ചവർക്ക് അവർ മാപ്പു നൽകി. അവരുടെ വൈദികാഭിഷേകങ്ങൾ പൂർണ്ണമാക്കി. പേർഷ്യയിലും മററു പ്രദേശങ്ങളിലും ഉള്ള മററാളുകൾക്കെല്ലാം മാപ്പും അഭിഷേകവും നൽകപ്പെട്ടവിധത്തിൽ തന്നെയായിരുന്നു ഇത്. അതിനുശേഷം പാത്രിയർക്കീസും കൂടെയുള്ള മെത്രാപ്പോലീത്താമാരും മെത്രാന്മാരും ബേത്_ലാപാത് എന്ന മെത്രാപ്പോലീത്തൻ നഗരത്തിലേക്കു നീങ്ങി. അവിടെ വച്ച് അവർ ദൈവസ്നേഹമുള്ളവനും പീറോസ്_ഷപ്പൂർ മെത്രാനുമായ മാർ ശെമഓനെ തങ്ങളുടെ കൗൺസിലിലേക്കു ചേർത്തു.

ബിൽപ്പാത്തുകാരനായ അബ്രഹാം ബർ ഔദ്മിഹിർ എന്നയാൾ അപ്പോഴും തന്റെ അഹങ്കാരത്തിലും അലക്ഷ്യഭാവത്തിലും നിലനിൽക്കുകയായിരുന്നു. വിശേഷബുദ്ധിയോ വിനയമോ ദൈവഭയമോ ഒന്നുമില്ലാതെ, ധിക്കാരവും ദുശ്ശാഠ്യവും നിർലജ്ജതയും നിറഞ്ഞ് ചെറുപ്പം മുതലേ ശാപങ്ങളും കുററപ്പെടുത്തലുകളും ഏററുവാങ്ങി ജീവിച്ചിരുന്ന വ്യക്തിയായിരുന്നു അയാൾ. വ്യഭിചാരത്തിന്റെ പേരിൽ ശാന്താത്മാവായ ബോസാഖ് അയാളെ ആദ്യം കുററം വിധിച്ചിരുന്നു. പിന്നീട് ശാന്താത്മാവായ കാതോലിക്കോസ് മാർ ശീലാ അയാളെ മുടക്കുകയും ശപിക്കുകയും ചെയ്തു. അയാൾ മലിന ജീവിതത്തിൽ നിന്നു പിന്തിരിയുകയും ക്രൈസ്തവോചിതമായ വിധത്തിൽ നീതിപൂർണ്ണമായ ജീവിതം നയിക്കുകയും ചെയ്യുന്നതിനു വേണ്ടിയാണ് ഇങ്ങനെയൊക്കെ ചെയ്തത്. എന്നാൽ അയാൾ തിന്മകളിൽനിന്ന് വിമുക്തനായില്ല. കാരണം അയാൾ തന്റെ തെററുകളെക്കുറിച്ച് പശ്ചാത്തപിച്ചില്ലെന്നു മാത്രമല്ല, തനിക്കുവിലക്കപ്പെട്ട വൈദിക ശുശ്രൂഷയിൽ ധിക്കാരപൂർവ്വം കയറിപ്പററുകയും ചെയ്തു. അതേത്തുടർന്ന് വിവേകികളായ എല്ലാവർക്കും അയാളോടുള്ള എതിർപ്പ് കൂടുതൽ വർദ്ധിച്ചു.



കൂടുതൽ കൂടുതലായ ശാപങ്ങളും വിലക്കുകളും അയാൾക്കു ലഭിച്ചു. അയാൾ തന്റെ തെററുകൾക്കൊന്നും യാതൊരു പ്രായശ്ചിത്തവും ചെയ്തില്ലെങ്കിലും അന്നു സഭയിൽ നിലനിന്നിരുന്ന ഭിന്നത കാരണമായി അയാൾക്കു തോന്നിയതുപോലെ ജീവിക്കാനും പ്രവർത്തിക്കാനും തടസ്സമൊന്നും ഉണ്ടായില്ല എന്നുള്ളതാണ് ഏററവും ലജ്ജാകരമായ കാര്യം. മിശിഹായുടെ രഹസ്യങ്ങളുടെ ഭയഭക്തിജനകമായ ശുശ്രൂഷയുടെ പാത്രങ്ങൾ എടുത്ത് അയാൾ പണയപ്പെടുത്തുകയും വിൽക്കുകയും ചെയ്തു. അങ്ങനെ ലഭിച്ച പണം കോഴയായി കൊടുത്തും സമ്മാനങ്ങളായി വിതരണം ചെയ്തും അയാൾ കൊള്ളരുതാത്ത മനുഷ്യരെയും വേശ്യകളെയും തന്റെ ശിങ്കിടികളാക്കുകയും സത്യത്തെക്കുറിച്ചു പരിഗണനയില്ലാത്തവരുടെയിടയിൽ സ്ഥാനം നേടുകയും ചെയ്തു.

സഭാപരമായ കാനോനാകൾ ലംഘിക്കുന്നതിൽ തന്നോടു സഹകരിക്കാൻ വേണ്ടി തീമായിയെ ക്ഷണിച്ചെങ്കിലും ആ പ്രദേശത്തെ യഥാർത്ഥ മെത്രാന്മാരായ പിതാക്കന്മാർ അയാളെ കുററപ്പെടുത്തിയിരുന്നതിനാൽ ദുഷ്ടനായ തീമായിക്ക് വന്നു ചേരാനായില്ല. പരിധിവിട്ട് ഒന്നും പ്രവർത്തിക്കരുതെന്ന് അവർ അയാളെ ഉപദേശിച്ചിരുന്നു. അപ്പസ്തോലന്മാർ നിശ്ചയിച്ചിരുന്ന അതിരുകൾ ലംഘിക്കുന്നതും മെത്രാന്മാരുടെ സംഖ്യ ഇനിയും വർദ്ധിക്കത്തക്കവിധം അഭിഷേകം നടത്തുന്നതും അയാൾക്കു യുക്തമല്ലെന്ന് അവർ അറിയിച്ചിരുന്നു. അങ്ങനെ ചെയ്യുന്നതു വൈരുദ്ധ്യപരമാകും. ഇവിടെ ഒരു നിയമാനുസൃത മെത്രാനുണ്ടായിരിക്കെ മറെറാരാളെ മെത്രാനായി അഭിഷേചിക്കുന്നതിന് ഈ നഗരത്തിലേയ്ക്ക് വരികയില്ലെന്ന് അൾത്താരയിൽ ശപഥം ചെയ്തു. തുടർന്ന് തീമായിയും അപ്പോൾ അവിടെയുണ്ടായിരുന്ന ബർസഹ്ദേ, ബ്രീക് മാറേഹ് എന്നിവരും ചേർന്ന് ഒരു ഉടമ്പടിയുണ്ടാക്കി. അവർ ഇപ്രകാരമുള്ള ഒരു ശാപം പ്രഖ്യാപിക്കുകയും ചെയ്തു. ''ഞങ്ങൾ യോജിച്ച് ബേത് – ലാപാതിലോ മറേറതെങ്കിലും സ്ഥലത്തോവച്ച് ബേത് – ലാപാത് നഗരത്തിനുവേണ്ടി ഒരു മെത്രാനെ അഭിഷേചിക്കുകയാണെങ്കിൽ, ഞങ്ങൾ പൗരോഹിത്യ ശുശ്രൂഷ മുഴുവനിൽ നിന്നും അഴിക്കപ്പെടുകയും മാററപ്പെടുകയും ചെയ്യട്ടെ. ഞങ്ങളുടെ പട്ടം പട്ടമല്ലാതായിപ്പോകട്ടെ''.

www.malankaralibrary.com



തീമായി, ബർസഹ്ദേ, ബ്രീക്മാറേഹ് എന്നിവർ ബേത്-ലാപാത് നഗരത്തിൽ വന്നെത്താതിരുന്നപ്പോൾ അബ്രഹാം അവരെ പിന്തുടർന്ന് മൈശാൻ ജില്ലയിലെത്തി. ആത്തിപൂണ്ട പെൺപട്ടി ആൺപട്ടിയുടെ പിറകെ എന്നവിധമായിരുന്നു അധികാരക്കൊതിയുടെ ചൂടുകയറിയ അയാളുടെ പോക്ക്. കുതിരയും പണവും കുപ്പായങ്ങളും കൊടുത്ത് അയാൾ തീമായിയെയും ബർസഹ്ദെയെയും ബ്രീക്ക് മാറേഹിനെയും പ്രലോഭിപ്പിച്ചു. അവർ തെന്നിവീഴുകയും അവർ തന്നെ പ്രഖ്യാപിച്ച ശപഥങ്ങളെയും ശാപങ്ങളെയും ലംഘിച്ചുകൊണ്ട് അപരാധം പ്രവർത്തിക്കുകയും ചെയ്തു. തങ്ങൾ അബ്രഹാമിനെ അഭിഷേകം ചെയ്തു എന്ന് അവർ കരുതിയെങ്കിലും അവർ അയാളെ ദുഷിപ്പിക്കുക മാത്രമാണ് യഥാർത്ഥത്തിൽ ചെയ്തത്. തങ്ങൾ ഉദ്ദേശിച്ച ദാനം യഥാർത്ഥത്തിൽ അവർ അയാൾക്കു നൽകിയില്ലെന്നു മാത്രമല്ല, അവർ തന്നെ അവർക്കെതിരായി പുറപ്പെടുവിച്ച ശാപവും പുറത്താക്കൽ പ്രഖ്യാപനവും നിമിത്തം പ്രസ്തുത കർമ്മം വഴി അവർ തങ്ങളുടെ സ്ഥാനത്തു നിന്നു നിപതിക്കുകയും ചെയ്തു. അതുകാരണമായി അവർ പൗരോഹിത്യത്വത്തിൽ നിന്നു ബഹിഷ്കൃതരായി.

തീമായി, ബർസഹ്ദേ, ബ്രീക്മാറേഹ് എന്നിവർ തങ്ങൾക്കും ഈ ശപിക്കപ്പെട്ട അബ്രഹാമിനും അതിഭയങ്കരമായ മറെറാരു വിധിവാചകവും നേടി. മെത്രാന്മാരും മെത്രാപ്പോലീത്താമാരും പ്രത്യേകിച്ച് ശാന്താത്മാവായ പാത്രിയർക്കീസ് മാർ പൗലോസും ചേർന്നു പുറപ്പെടുവിച്ച വിധിവാചകമായിരുന്നു അത്. ശാന്താത്മാവായ മാർ പൗലോസിന്റെ നിര്യാണത്തിനുശേഷം, ശപിക്കപ്പെട്ട ഈ വ്യക്തികളെ സ്ഥാനത്തുനിന്നു നീക്കാനുള്ള തീരുമാനം സ്ഥിരീകരിക്കപ്പെട്ടു. കാരണം, അടുത്ത പാത്രിയർക്കീസിനെ തെരഞ്ഞെടുക്കാൻ ഒത്തു ചേർന്ന മെത്രാപ്പോലീത്താമാരും മെത്രാന്മാരും ആ തീരുമാനം ഒരിക്കൽക്കൂടെ ആവർത്തിച്ചു.

പിന്നീട് ദൈവത്തെ സ്നേഹിക്കുന്ന മാർ ആബായുടെ സന്നിധിയിൽ, ശപിക്കപ്പെട്ടവനായ ഈ അബ്രഹാം കുററസമ്മതംനടത്തി. അയാൾ എഴുതി മുദ്ര വച്ച ആ പ്രഖ്യാപനം ഇപ്രകാരമായിരുന്നു.



“ദൈവത്തിന്റെ കാരുണ്യത്താൽ സംരക്ഷിക്കപ്പെടുന്ന രാജാക്കന്മാരുടെ രാജാവും നന്മപ്രവർത്തിക്കുന്നവനും കാരുണ്യവാനുമായ ഖുസ്രായുടെ ഒമ്പതാം ഭരണവർഷത്തിലെ ശ്ബാത് മാസത്തിൽ, ഹ്ലൈസെററ് ആയ ഞാൻ അബ്രഹാം ബർ ഔദ്മിഹിർ ബേത്ലാപാത് നഗരത്തിൽ വച്ച് ഇപ്രകാരം ഏററുപറയുന്നു. ശാന്താത്മാവും ഭാഗ്യസ്മരണാർഹനും പരിശുദ്ധനും പാത്രിയർക്കീസുമായിരുന്ന മാർ പൗലോസ് നിര്യാതനാകുകയും മിശിഹായെ സ്നേഹിക്കുന്ന മാർ ആബാ അദ്ദേഹത്തിന്റെ സ്ഥാനത്ത് പാത്രിയർക്കീസ് സ്ഥാനം വഹിക്കുന്നതിനായി ഉയരുകയും ചെയ്തുകഴിഞ്ഞപ്പോൾ ദൈവകാരുണ്യം ഇടപെടുകയും ഞാൻ അദ്ദേഹത്തിനു് അഭിവാദനം അർപ്പിക്കാൻ വന്നണയുകയും ചെയ്തു. അദ്ദേഹം എന്റെ കാര്യം അധികം ശ്രദ്ധിക്കാതെ കടത്തിവിടും എന്നു ഞാൻ പ്രതീക്ഷിച്ചിരുന്നു. അതിനാൽ ഒരു പരിശോധന കൂടാതെ ഞാൻ സ്വീകരിക്കപ്പെടുമെന്നായിരുന്നു എന്റെ വിചാരം. എന്നാൽ അദ്ദേഹം നേരത്തെ എന്നെക്കുറിച്ചു കേട്ടിരുന്നതുകൊണ്ടും ഞാൻ ശപ്തനും ബഹിഷ്കൃതനുമാണെന്നു ലിഖിതരേഖകളിൽ നിന്നു ഗ്രഹിച്ചിരുന്നതുകൊണ്ടും അദ്ദേഹം എന്നെ സ്വീകരിക്കാൻ വിസമ്മതിച്ചു എന്നു മാത്രമല്ല, എന്റെ പേരിലുള്ള ശാപം പൂർണ്ണമായി സ്ഥിരീകരിക്കുകയും ചെയ്തു. വിശ്വാസികളാരും എന്നോടു സഹകരിക്കാൻ അനുവദിക്കപ്പെടരുതെന്ന് അദ്ദേഹം കല്പിച്ചു. മൂന്നുദിവസത്തിലധികം സെലൂഷ്യാ-സ്റ്റെസിഫോൺ നഗരങ്ങളിൽ ഞാൻ തങ്ങരുതെന്ന വിലക്കും അദ്ദേഹം പുറപ്പെടുവിച്ചു. ഇപ്രകാരം പ്രഖ്യാപിക്കപ്പെട്ട ഈ കാര്യങ്ങൾ ബാഹ്യദർശനത്തിൽ വളരെ പാരുഷ്യം നിറഞ്ഞതായിരുന്നു. എന്നാൽ അവയിൽ നിന്ന് എനിക്ക് വലിയ സഹായം ലഭിച്ചു. കാരണം, അവയിലെ പാരുഷ്യം എന്നിൽ എന്റെ അപരാധങ്ങളെ കുറിച്ചുള്ള ഒരു അവബോധം ഉളവാക്കി. എല്ലാവരും എന്നെ ഒരു അന്യനായി കരുതുന്നു എന്നു കണ്ടപ്പോൾ എന്നിൽ പശ്ചാത്താപം ഉയർന്നു. ദുഃഖം എന്നെ കീഴ്പ്പെ

www.malankaralibrary.com



ട്ടത്തി. കാതോലിക്കോസിൻെറ ഭവനത്തിനു മുന്നിൽ ഞാൻ നഗ്നപാദനായി ചെരിപ്പോ പാദാവരണമോ ഒന്നുമില്ലാതെ ദുഃഖവിവശനായി നിന്നു. ഇക്കാര്യം ദൈവസ്നേഹമുള്ള പരിശുദ്ധ കാതോലിക്കോസ് മാർ ആബാ അറിഞ്ഞപ്പോൾ അദ്ദേഹത്തിന് അതു പ്രീതിജനകമായി. അദ്ദേഹം വിളിപ്പിച്ചതനുസരിച്ച് ഞാൻ അദ്ദേഹത്തിൻെറ സന്നിധിയിൽ പ്രവേശിച്ചു. മെത്രാപ്പോലീത്താമാരും മെത്രാന്മാരും വൈദികരും ബേത് ഹൂസായേ പ്രദേശത്തെ ജില്ലയിലും നഗരങ്ങളിലും നിന്നുള്ള വിഖ്യാതരായ അൽമായരും വിവിധ സ്ഥലങ്ങളിൽ നിന്ന് അദ്ദേഹത്തിൻെറ പക്കൽ വന്നെത്തിയിരുന്ന ആളുകളും നോക്കി നിൽക്കെ ആ സമയത്തിനും സന്ദർഭത്തിനും എൻെറ അപരാധങ്ങളുടെ ഗൗരവത്തിനും യോജിക്കുന്ന രീതിയിൽ അദ്ദേഹം ഒരു പ്രസംഗം ചെയ്തു. എന്നെക്കുറിച്ച് എഴുതപ്പെട്ട കാര്യങ്ങളിൽ നിന്ന് അദ്ദേഹം ഗ്രഹിച്ചതും അന്നുമുതൽ ഇന്നുവരെയുള്ള എൻെറ പ്രവർത്തനങ്ങളെ സംബന്ധിക്കുന്നതുമായ കാര്യങ്ങൾ അദ്ദേഹം പരാമർശിച്ചു. അദ്ദേഹം അവയോരോന്നും എടുത്തു പറയുകയും ഓരോന്നിനെക്കുറിച്ചും എന്നിൽ നിന്നും മറുപടികൾ ആവശ്യപ്പെടുകയും ചെയ്തു. അദ്ദേഹം ദീർഘക്ഷമയോടു കൂടി എൻെറ മറുപടികളും വാദങ്ങളും എല്ലാം കേട്ടു. എൻെറ വാക്കുകൾ എന്നെ നീതീകരിക്കുമെന്നു ഞാൻ പ്രതീക്ഷിച്ചെങ്കിലും ഞാൻ കുററവാളിയാണെന്നാണ് അവർ കണ്ടെത്തിയത്. നമ്മുടെ പിതാവായ പാത്രിയർക്കീസും മെത്രാപ്പോലീത്താമാരും മെത്രാന്മാരും എൻെറ വാക്കുകളെ തമ്മിൽ ഇടതട്ടിച്ചു നോക്കി. ഞാൻ തെററായി പറഞ്ഞ വാക്കുകൾ പരസ്പരം നിരാകരിക്കുന്നതായി അവർക്കു ബോധ്യപ്പെട്ടു.

"മാർ പാത്രിയർക്കീസും അദ്ദേഹത്തോടൊപ്പമുള്ള മെത്രാപ്പോലീത്താമാരും മെത്രാന്മാരും പൂർണ്ണമായ കാരുണ്യത്തോടും പൈതൃകമായ ജാഗ്രതയോടുംകൂടി എന്നോടു ശാന്തതയും മൃദുലഭാവങ്ങളുംപ്രകടിപ്പിച്ചു. അവരുടെഅദ്ധ്യാപനങ്ങളെല്ലാം ഞാൻ ശ്രവിച്ചു. അവർ എൻെറ മുറിവുകൾ വേണ്ടവിധം പരിശോധിക്കുകയും മുൻപറഞ്ഞ വിധത്തിലുള്ള ഒരു വിധിയാൽ കാരുണ്യ



പൂർവ്വം വച്ചുകെട്ടുകയും ചെയ്തു. ശാന്താത്മാവായ കാതോലിക്കോസ് മാർ ശീലായുടെയും മെത്രാനായ മാർ ബൊസാഖിൻെറയും ലിഖിതങ്ങളിൽ നിന്ന് ഡീക്കൻ എന്ന നിലയിലും വൈദികൻ എന്ന നിലയിലും ഞാൻ ചെയ്ത സേവനം കാനോനികമല്ല എന്നെനിക്കു മനസ്സിലായി. ഇക്കാര്യം എനിക്ക് ഇപ്പോൾ നന്നായി ബോധ്യം വന്നു. ഞാൻ മനസ്സിൽ വളരെ വിചലിതനായി. ഞാൻ എനിക്കു തന്നെ മുൻപറഞ്ഞവയെക്കാൾ ഗൗരവമേറിയ മറെറാരാഘാതവും വരുത്തിയിരുന്നു. ഞാൻ എന്നെത്തന്നെ മെത്രാൻ എന്നു വിളിച്ച കാര്യമാണത്. പേരാത്തുകാരനായ ശപിക്കപ്പെട്ട തീമായ് കാരണമാണ് ആ കുഴപ്പം സംഭവിച്ചത്. പൗരോഹിത്യത്തിൻെറ എല്ലാ പദവികളും നഷ്ടപ്പെട്ട അയാൾ എന്നെ മെത്രാനായി അഭിഷേകം ചെയ്തു. മെത്രാപ്പോലീത്താമാരും മെത്രാന്മാരും ശപിച്ചിരുന്ന അയാൾ തന്നെ സ്വയം ശപിച്ചിരുന്നു. മെത്രാൻസ്ഥാനം ഇല്ലാതിരുന്ന അയാൾ എന്നെ അഭിഷേകം ചെയ്തെങ്കിലും അതു വഴിയായി എനിക്ക് മെത്രാൻ സ്ഥാനമോ ഏതെങ്കിലും തരത്തിലുള്ള വൈദിക സ്ഥാനമോ ലഭിച്ചില്ല.

അതിനാൽ ആബൂൻ കാതോലിക്കോസ് പാത്രിയർക്കീസ് മാർ ആബായോടും അദ്ദേഹത്തോടൊപ്പമുള്ള മെത്രാപ്പോലീത്താമാർ, മെത്രാന്മാർ എന്നിവരോടും ദൈവസന്നിധിയിൽ എനിക്കുവേണ്ടി കാരുണ്യം പ്രാർത്ഥിക്കാൻ ഞാൻ ആവശ്യപ്പെട്ടു. ഞാൻ നിരർത്ഥകമായി ഏറെറടുത്ത മെത്രാൻ സ്ഥാനത്തെക്കുറിച്ചും ഞാൻമൂലം മിശിഹായുടെ സഭയിൽ വന്നുകൂടിയ നാശങ്ങളെക്കുറിച്ചും അവരുടെ പ്രാർത്ഥനമൂലം ദൈവം എന്നോടു ക്ഷമിക്കും എന്നു ഞാൻ പ്രതീക്ഷിച്ചു. മെത്രാൻ സ്ഥാനത്തിൻെറ പേരിൽ എനിക്കു നൽകപ്പെട്ട എല്ലാ ശാപങ്ങളും ശിക്ഷകളും ഞാൻ ഏററുവാങ്ങി. ആദ്യം ശാന്താത്മാവായ മാർ പൗലോസ് പാത്രിയർക്കീസും അദ്ദേഹത്തോടൊപ്പം മെത്രാപ്പോലീത്താമാരും മെത്രാന്മാരും ചേർന്ന് ശപിച്ചു. അതിനുശേഷം, പാത്രിയർക്കീസ് സ്ഥാനത്തിന് അർഹനായ ആളിനെ തെരഞ്ഞെടുക്കുന്നതിനുവേണ്ടി സമ്മേളിച്ച മെത്രാപ്പോലീത്താമാരും മെത്രാന്മാരും ചേർന്ന്; പിന്നീട് ഇപ്പോൾ നമ്മുടെ പിതാവായ മാർ ആബാ പാത്രിയർക്കീസും അദ്ദേ

www.malankaralibrary.com



ഹത്തോടൊപ്പമുള്ള മെത്രാപ്പോലീത്താമാരും മെത്രാന്മാരും ചേർന്ന്. ഈ അവസരത്തിൽ ഞാൻ ശാപങ്ങളും ബന്ധനങ്ങളും കൊണ്ടു നിയന്ത്രിക്കപ്പെട്ടു. അതിനാൽ എന്റെ പൂർണ്ണഹൃദയത്തോടും പൂർണ്ണആത്മാവോടും കൂടെ ഈ പാപത്തിൽ നിന്ന് ഓടിയകലാൻ ഞാൻ തീരുമാനിച്ചു. എന്റേതായ വലിയ അപരാധം മൂലം എന്റെ പേരിൽ ഏർപ്പെടുത്തപ്പെട്ട പരിധികളിൽ നിന്നുകൊണ്ടുള്ള പശ്ചാത്താപത്താൽ എനിക്കു തന്നെ ആദ്ധ്യാത്മിക രോഗമോചനം നേടിയെടുക്കാനും ഞാൻ തീരുമാനിച്ചു. എന്റെ പൂർണ്ണസമ്മതത്തോടുകൂടി എന്റെ മേൽ ഏർപ്പെടുത്തിയിരിക്കുന്ന ഈ ശാപങ്ങൾ കാരണമായി മെത്രാൻ എന്ന പേരിനാൽ വിളിക്കപ്പെടുന്നതിന് എനിക്ക് അധികാരമോ അനുമതിയോ ഉണ്ടായിരിക്കുന്നതല്ല. ഞാൻ ഇനിമേലിൽ എന്നെത്തന്നെ മെത്രാനെന്നു വിളിക്കുകയോ എന്റെ സാന്നിദ്ധ്യത്തിൽ ആരെങ്കിലും എന്നെ മെത്രാനെന്നു വിളിച്ചാൽ ഞാൻ അയാളെ കുററപ്പെടുത്താതിരിക്കുകയോ ആരെങ്കിലും എവിടെ വച്ചെങ്കിലും എന്നെ മെത്രാനെന്നു വിളിച്ചതായി അറിഞ്ഞാൽ എനിക്കു ദുഃഖം തോന്നുകയും പാപത്തിൽ നിന്നും ഈ സ്ഥാനസംജ്ഞയിൽ നിന്നും ഓടിയകലുകയോ ചെയ്യാതിരുന്നാൽ ഞാൻ ശപിക്കപ്പെടുകയും ചെയ്യട്ടെ. എനിക്കു യഥാർത്ഥത്തിൽ ഇല്ലാത്തതും അതിനാൽ നിർവ്വഹിക്കാൻ പാടില്ലാത്തതുമായ മെത്രാൻ സ്ഥാനം ഉള്ളതായി ഞാൻ ഭാവിച്ചാൽ, എന്റെ ഡീക്കൻ സ്ഥാനവും പുരോഹിതസ്ഥാനവും നഷ്ടമായിക്കൊള്ളട്ടെ. കഴിഞ്ഞ കാലങ്ങളിൽ ചെയ്തുപോയ തെററുകൾക്ക് നിഷ്ഠയോടുകൂടി പരിഹാരം ചെയ്താൽ ഡീക്കൻ, പുരോഹിതൻ എന്നു സ്ഥാനങ്ങളിലൊന്നിലോ അവയിൽ രണ്ടിലുമോ സേവനം ചെയ്യാൻ അനുവദിക്കപ്പെടുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു.

അബ്രഹാമായ ഞാൻ ഈ വിധി സ്വീകരിക്കുകയും മുദ്രവയ്ക്കുകയും ചെയ്തിരിക്കുന്നു. — ഞാൻ അബ്രഹാം ബർ ഔദ് മിഹിർ — ഹദ്‌യാബ്യ് മെത്രാപ്പോലീത്താ മാർ ഹെനാന, പൈദംഗരൻ മെത്രാൻ മാർ യോഹന്നാൻ, മർവാൻ മെത്രാൻ മാർ ദാവീദ്, ബേഹ് — അർദഷീർ, സ്റ്റെസിഫൺ എന്നീ പൈതൃക നഗരങ്ങളിലെ വൈദികർ, പള്ളികളിലെ പുരോഹിതന്മാരും തലവന്മാരുമായ മൽക്കീസദേക്ക്, ശെമഓൻ,



ആഹായ്, ശീറിൻ, ശീലായ്, മാറി, ബ്രീക്ക്‌യാഹ്‌ബേ ഇസഹാക്ക്, ശാബോർ, സാക്കീശോ, ശാമുവേൽ, യാക്കോബ്, ഹോശാ, ദാനിയേൽ, അബ്രഹാം, അബ്രഹാം, ബാബായ്, കയ്യൂമാ, ബ്രീക്‌യാഹ്‌ബേ, ശെമഓൻ; ഡീക്കന്മാരായ അകാഫിയൂസ്, ബ്രീക്ക്‌ഈശോ, ബ്രീക്ക്‌ഈശോ, സർഗീസ്, ബൽവായ്, ഏശായാ, യാക്കോബ്, ഹോശ, അബ്രഹാം, യാക്കോബ്, പോസായ്, ആഹായ് എന്നീ സാക്ഷികളോടു കൂടെ.

ശ്രേഷ്ഠനും ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ടവനുമായ മെത്രാൻ പാത്രീയർക്കീസ് മാർ ആബായെ ഞാൻ പറഞ്ഞു സമ്മതിപ്പിച്ചതിന്റെ ഫലമായി അദ്ദേഹവും ഈ വാഗ്ദാന പത്രത്തിൽ മുദ്രവയ്ക്കുകയും ഇതിനെ സ്ഥിരീകരിക്കുകയും ചെയ്തിരിക്കുന്നു.

ഈ അബ്രഹാം ഇപ്രകാരം തന്റെ പ്രതീക്ഷയിൽ നിന്നു പൂർണ്ണമായി വിച്ഛേദിതനായതുകൊണ്ട് അരാമിയായിൽ നിന്നു തിരിച്ചുപോയതിനുശേഷം തന്റെ തിന്മയാൽ പൂർണ്ണമായി വിഴുങ്ങപ്പെട്ടു. അയാൾ പശ്ചാത്താപം പ്രകടിപ്പിച്ചില്ല. തന്റെ സഭാദ്ധ്യക്ഷനായ ദൈവസ്നേഹമുള്ള മാർ പൗലോസ് മെത്രാപ്പോലീത്തായ്ക്കു കീഴ്‌വഴങ്ങിയുമില്ല. അയാൾ പോയി തനിക്കു പതിവായിട്ടുള്ള വ്യർത്ഥകർമ്മങ്ങളിൽ ഏർപ്പെടുകയാണ് ചെയ്തത്. അഹങ്കാരികളെയും വേശ്യകളെയും അതുപോലെ തന്നെ യഹൂദരെയും ചില പ്രമാണികളെയും അയാൾ സഹായത്തിനു കൂട്ടി. അയാളെ ദുഷ്ടതാപൂർവം സഹായിച്ച് ബേത് മിഹ്‌റ് ഖൊസ്‌യോ എന്ന പള്ളിയിൽ ഭിന്നത ഉണ്ടാക്കുവാൻ പരിശ്രമിച്ചവരുടെ പക്കൽ അയാൾ അഭയം തേടുകയും ചെയ്തു. ഇങ്ങനെ ബാഹ്യശക്തികളിൽ നിന്ന് അനുകൂലമായ വിധി സമ്പാദിച്ച് സഭാധികാരികളുടെ ശിക്ഷാവിധി നിർവീര്യമാക്കാൻ അയാൾ ശ്രമിച്ചു.

അയാളുടെ ഗൂഢാലോചനകളെല്ലാം പൂർത്തീകരിക്കപ്പെടുന്നതുവരെ പാത്രീയർക്കീസും അദ്ദേഹത്തിന്റെ കൂടെയുള്ള മെത്രാപ്പോലീത്താമാരും മെത്രാന്മാരും ക്ഷമാപൂർവ്വം കാത്തിരുന്നു. ഒടുവിൽ അയാൾ മററുള്ളവരുടെ വിധിയാലും ശിക്ഷിക്കപ്പെട്ടു. അഹംറാഗാർ റാദ്, അവ്‌സ്റ്റാൻഡയർ, മോബെ

www.malankaralibrary.com



ഡുകരം, ഫ്ദസ്സായേ രാജ്യത്തിലെ ഭരണാധികാരികരം, ആ
നാട്ടിലെ ന്യായാധിപന്മാർ എന്നിവർ മാത്രമല്ല, ആരു
വഴിയാണോ അയാരം നിലനില്പു പിടിച്ചു വാങ്ങിയതു്
അവരും അയാരംക്കെതിരായി വിധിയെഴുതി. അയാളെ
ക്ഷൗരം ചെയ്യണമെന്നും കൈകാലുകരം ബന്ധിക്കണമെന്നും
അവരും ആവശ്യപ്പെട്ടു. അയാളെ മാത്രമല്ല, അയാളുടെ സഹ
കാരികളും തുടർന്ന് അയാളുടെ അതിക്രമങ്ങരംക്കു കൂട്ടു നിന്നാൽ
ശിക്ഷിക്കപ്പെടണമെന്നു വിധിയുണ്ടായി. അയാരം അർഹി
ക്കുന്ന വിധം തടവിലാക്കപ്പെടണമെന്നു് വിധിയുണ്ടായി.
എന്നാൽ അയാരം പിടിയിൽപ്പെടാതെ പലായനം ചെയ്തു.
മററുള്ളവർ അയാരംക്കു പകരം ജയിലിലായി.

ഈ സന്ദർഭത്തിൽ പാത്രിയർക്കീസും അദ്ദേഹത്തോടൊപ്പ
മുളള മെത്രാപ്പോലീത്താമാരും മെത്രാന്മാരും ചേർന്നു് പശ്ചാ
ത്തപിക്കാത്ത ആ മനുഷ്യന്റെ മേൽ നീതിയുക്തമായ ഒരു
വിധിനിർണ്ണയം പുറപ്പെടുവിച്ചു. അയാളുടെ ഭക്തിയില്ലാ
യ്കയ്ക്കും തെററുകരംക്കും യുക്തമായ ഒരു വിധിയായിരുന്നു
അതു്. മെത്രാൻ സ്ഥാനത്തിന്റേതായ പദവിയിൽ നിന്നും
ശുശ്രൂഷയിൽ നിന്നും ഭരണാധികാരത്തിൽ നിന്നും അയാരം
പൂർണ്ണമായും അകററപ്പെട്ടിരുന്നല്ലോ.—മെത്രാൻ സ്ഥാനം ഒരി
ക്കലും അയാരംക്കു ലഭിച്ചിരുന്നില്ല, തനിക്കുണ്ടെന്നു് അയാരം
അഭിനയിച്ച പൊള്ളയായ പദവി മാത്രമായിരുന്നു അതു്—.
അതുപോലെതന്നെ അവർ, ഉയരങ്ങളും ആഴങ്ങളും അധീന
മായിട്ടുള്ള ജീവിക്കുന്ന ദൈവിക വചനത്താൽ അയാളെ പുരോ
ഹിതസ്ഥാനത്തു നിന്നും ഡീക്കൻ സ്ഥാനത്തുനിന്നും ആദരണീ
യമായ ഏതെങ്കിലും പദവിയിലുള്ള ശുശ്രൂഷയിൽനിന്നും പ്രതീ
ക്ഷയ്ക്കും പ്രത്യാശയ്ക്കും വകയില്ലാത്തവിധം എന്നേക്കുമായി
നീക്കുകയും, ബഹിഷ്കരിക്കുകയും ചെയ്തു. അവർ അയാളെ
ശപിക്കുകയും പള്ളിയിൽ പ്രവേശിക്കുന്നതിൽ നിന്നും വിശുദ്ധ
രഹസ്യങ്ങരം സ്വീകരിക്കുന്നതിൽനിന്നും വിശ്വാസികളോടുള്ള
സമ്പർക്കത്തിൽനിന്നും വിലക്കുകയും ചെയ്തു. അയാരം പശ്ചാ
ത്തപിക്കുകയും തിരിച്ചു വരുകയും തന്റെ പാപത്തെക്കുറിച്ചും
താൻ ചെയ്ത ഭക്തിവിരുദ്ധമായ കാര്യങ്ങളെക്കുറിച്ചും ദുഃഖിക്കു
കയും ചെയ്യുമെന്നുള്ള പ്രതീക്ഷയിലാണു് അവർ ഇങ്ങനെ



ചെയ്തതു്. പശ്ചാത്താപപ്രകടനത്തിലൂടെ അയാളുടെ തിരിച്ചു
വരവു സംഭവിക്കുകയാണെങ്കിൽ പള്ളിയിൽ പ്രവേശിക്കുന്ന
തിനും അൽമായൻ എന്ന നിലയ്ക്കു് വിശുദ്ധ രഹസ്യങ്ങരം
സ്വീകരിക്കുന്നതിനും അയാരം അനുവദിക്കപ്പെടും. പാത്രിയ
ർക്കീസും മെത്രാപ്പോലീത്താമാരും മെത്രാന്മാരും ചേർന്നു് ഈ
രേഖയുണ്ടാക്കി. സ്ഥാനത്തുനിന്നു നീക്കലും ശിക്ഷാവിധിയും
കൂടെച്ചേർന്ന് ഈ രേഖ അവർ ബിൽപാത് നഗരത്തിൽ ഒത്തു
ചേർന്നു് രൂപപ്പെടുത്തി. പരസ്പര സമ്മതത്തോടുകൂടെ അവർ
മുദ്രവച്ചു് ഇതു് സാധുവാക്കുകയും സ്ഥിരീകരിക്കുകയും ചെയ്തു.
"എന്റെ നാമത്തിൽ രണ്ടോ മൂന്നോ പേർ സമ്മേളിക്കുമ്പോരം
ഞാൻ അവരുടെ മദ്ധ്യത്തിൽ ഉണ്ടായിരിക്കും". എന്നും
"നിങ്ങരം ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴി
ക്കപ്പെടും" എന്നും അരുരംചെയ്ത മിശിഹായുടെ ശക്തിയാൽ
അവർ ഇങ്ങനെ ചെയ്തു.

അതിനാൽ ഈ അധികാരത്താലും ഈ ശക്തിയാലും
ഞാൻ, പാത്രിയർക്കീസ് ആബാ, മെത്രാപ്പോലീത്താമാരായ
പൗലോസും മാനായും മെത്രാന്മാരായ ശൽമായ്, മിഹ്റ്
നർസാ, ശീലാ, ഏലീശാ, ശെമഓൻ, അബ്രഹാം, ഖുസ്രാ
കർദാഗ് എന്നിവരും ചേർന്നു് അബ്രഹാം ബർ ഔദ്മി
റിന്റെ ബന്ധനവും ശാപവും മെത്രാൻ സ്ഥാനത്തുനിന്നും
മെത്രാപ്പോലിത്താ പദവിയിൽ നിന്നും പുരോഹിതൻ,
ഡീക്കൻ എന്നീ നിലകളിലുള്ള ശുശ്രൂഷയിലും ആദരണീയ
മായ ഏതെങ്കിലും സ്ഥാനം വഹിക്കുന്നതിലും നിന്നുമുള്ള
നിരോധനവും സ്ഥിരീകരിക്കുന്നു. ദിവ്യരഹസ്യങ്ങളിൽ അയാ
ളോടു സഹകരിക്കുന്നതിനോ അയാളോടൊത്തു ഭക്ഷിക്കുന്ന
തിനോ പാനം ചെയ്യുന്നതിനോ ആരെയും അനുവദിക്കുന്നതല്ല.
അയാരം പശ്ചാത്താപം പ്രകടിപ്പിക്കുകയും ഏതെങ്കിലും വിധ
ത്തിൽ കാരുണ്യം സ്വീകരിക്കുന്നതിന് ഞങ്ങരം അനുവദിച്ച
തായി പാത്രിയർക്കീസായ ഞാൻ എഴുതി അറിയിക്കുന്നതുവരെ
ഈ നിരോധനം നിലനിൽക്കും. അയാരം പശ്ചാത്താപം പ്രക
ടിപ്പിക്കുന്നതനുസരിച്ചു് ഇതു ബാധകമാണ്. മെത്രാന്മാരുടെ
യോ പുരോഹിതന്മാരുടെയോ ഡീക്കന്മാരുടെയോ മറേറതെ
ങ്കിലും ഗണത്തിന്റെയോ സ്ഥാനത്തിലോ വിഭാഗത്തിലോ

www.malankaralibrary.com



ക്രമത്തിലോ ഇയാളുടെ പേർ രഹസ്യമായിട്ടോ പരസ്യമായിട്ടോ പറയുകയോ വിളിക്കുകയോ കരുതുകയോ ചെയ്യുന്നവർ ഇതേ ശിക്ഷാവിധിക്കു വിധേയരാകും. അവർ തെറ്റു ചെയ്യുന്നതു് അടുക്കലോ അകലെയോ മുകളിൽ പറഞ്ഞിരിക്കുന്ന ഏതു വിധത്തിലുമോ ആയാലും തെറ്റു ചെയ്യുന്നതു് തന്നെക്കുറിച്ചോ തന്റെ ഭാര്യയെക്കുറിച്ചോ മക്കളെക്കുറിച്ചോ ഭവനത്തെക്കുറിച്ചോ പരിഗണനയില്ലാത്ത ഒരു പുരുഷനായാലും സ്ത്രീയോ ആൺകുട്ടിയോ പെൺകുട്ടിയോ ആയാലും ശിക്ഷയ്ക്കു വ്യത്യാസം ഉണ്ടായിരിക്കുകയില്ല. ദൈവത്തിന്റെ കോപം സകല ക്രൈസ്തവരുടെയും ആമ്മേനോടുകൂടി അവരുടെ മേൽ വസിക്കും. ഇവിടെ എഴുതിയിരിക്കുന്ന കാര്യങ്ങൾ മനസ്സിലാക്കുകയും അനുസരിക്കുകയും നിർവഹിക്കുകയും ചെയ്യുന്നവരുടെ മേൽ മിശിഹായുടെ അനുഗ്രഹം എന്നേക്കും ഉണ്ടായിരിക്കട്ടെ.

പാത്രിയർക്കീസ് ആബായായ ഞാൻ എന്നോടൊപ്പമുള്ള താഴെ പറയുന്ന ദൈവസ്നേഹമുള്ള മെത്രാപ്പോലീത്താമാരോടും മെത്രാന്മാരോടും ചേർന്ന് ഈ എഴുതിയകാര്യങ്ങൾ ഒപ്പും മുദ്രയും വച്ച് സ്ഥിരീകരിച്ചിരിക്കുന്നു.

ബേത്_ലാപാത് മെത്രാപ്പോലീത്തായായ ഞാൻ, പൗലോസ്, ഇതു് ഒപ്പും മുദ്രയും വച്ച് സ്ഥിരീകരിച്ചിരിക്കുന്നു.

റിവ്_അർദഷീറിന്റെയും അതിന്റെ പ്രോവിൻസിന്റെയും മെത്രാപ്പോലീത്തായായ ഞാൻ, മാനാ, ഇതു് സ്ഥിരീകരിക്കുകയും മുദ്ര വയ്ക്കുകയും ചെയ്തിരിക്കുന്നു.

കർക്കാ ദ്ലേദാൻ മെത്രാനായ ഞാൻ ശൽമായ് ഇതിൽ ഒപ്പും മുദ്രയും വച്ചിരിക്കുന്നു.

സാബേ മെത്രാനായ ഞാൻ മിഹ്റ് നർസാ ഇതു സ്ഥിരീകരിച്ച് ഒപ്പും മുദ്രയും ചേർത്തിരിക്കുന്നു.

ഹോർമിസ്ദ്, അർദഷീർ മെത്രാനായ ഞാൻ ശീലാ ഇതു് സ്ഥിരീകരിക്കുകയും ഒപ്പിടുകയും മുദ്ര വയ്ക്കുകയും ചെയ്തിരിക്കുന്നു.

ശുശ്തെർ മെത്രാനായ ഞാൻ ഏലീശാ ഇതു സ്ഥിരീകരിക്കുകയും ഒപ്പുവയ്ക്കുകയും മുദ്ര ചാർത്തുകയും ചെയ്തിരിക്കുന്നു.



പീറോസ് ഷപ്പൂർ മെത്രാനായ ഞാൻ, ശെമഓൻ ഇതു സ്ഥിരീകരിക്കുകയും ഒപ്പും മുദ്രയും ചാർത്തുകയും ചെയ്തിരിക്കുന്നു.

റീമാ മെത്രാനായ ഞാൻ അബ്രഹാം ഇതു് സ്ഥിരീകരിക്കുകയും ഒപ്പും മുദ്രയും ചാർത്തുകയും ചെയ്തിരിക്കുന്നു.

സൂസാ മെത്രാനായ ഞാൻ, ഖുസ്രോ, ഇതു സ്ഥിരീകരിക്കുകയും ഒപ്പും മുദ്രയും ചാർത്തുകയും ചെയ്തിരിക്കുന്നു.

അർദഷീർ ഖുറാഹ് മെത്രാനായ ഞാൻ കാർദാഗ് ഇതു സ്ഥിരീകരിക്കുകയും ഒപ്പും മുദ്രയും ചാർത്തുകയും ചെയ്തിരിക്കുന്നു.

ഞാൻ, ശുശ്തെറിലെ പുരോഹിതനായ നിസിബിസ് കാരൻ ശെമഓൻ, ഇതു സ്ഥിരീകരിക്കുകയും ഒപ്പും മുദ്രയും ചാർത്തുകയും ചെയ്തിരിക്കുന്നു.

ബർനഹ്ളാ പള്ളിയിലെ പുരോഹിതന്മാരായ ഞങ്ങൾ അബ്രഹാം, ഹബീബ്, ബാലൻ, യാക്കോബ്, മാർ ശെമഓൻ, അന്ത്രയോസ്, മാർ ശെമഓൻ, മാർ നർസായ്, യോഹന്നാൻ, ബർനയ്, ബർസൗമാ എന്നിവർ_എല്ലാവരും ഇതു സ്വീകരിക്കുകയും സ്ഥിരീകരിക്കുകയും മുദ്രവയ്ക്കുകയും ചെയ്തിരിക്കുന്നു.

ബേത് മാർ അബ്രഹാം പള്ളിയിലെ പുരോഹിതന്മാരായ ഞങ്ങൾ, മാർ ശെമഓൻ, സപ്രായ്, ഗദ്ദായ്, നർസാ, പാപ്പാ, ബർദോക്ക്, അബ്രഹാം, യാസീദ് ഔമീദ് നർസാ, എന്നിവർ ഇതു സ്വീകരിക്കുകയും സ്ഥിരീകരിക്കുകയും മുദ്ര വയ്ക്കുകയും ചെയ്തിരിക്കുന്നു.

ബേത് മിഹ്റ് ബോസ്യദ് പള്ളിയിലെ പുരോഹിതന്മാരായ ഞങ്ങൾ ഇസഹാക്ക്, പോസായ്, ഏലീയാ എന്നിവർ ഇതു് സ്വീകരിക്കുകയും സ്ഥിരീകരിക്കുകയും മുദ്രവയ്ക്കുകയും ചെയ്യുന്നു.

ബേത് യസ്ദൻദാദ് പള്ളിയിലെ പുരോഹിതന്മാരായ ഞങ്ങൾ പോസായ്, മാർ ശെമഓൻ, മർവായ്, മാറോൻ, മർവായ് എന്നിവർ ഇതു സ്വീകരിക്കുകയും സ്ഥിരീകരിക്കുകയും മുദ്രവയ്ക്കുകയും ചെയ്യുന്നു.

ഞാൻ വാർദ്യാബ്ബ് കാറോഗാബ്യാദ്, ഞാൻ ഇറാൻ കൊറഹ് ഖുസ്രയിലെ സൈന്യാധിപനും ആശ്ലഹ് എന്നു്

www.malankaralibrary.com



ഇരട്ടപ്പേരുള്ളവനുമായ അബ്രഹാം, ഞാൻ ദാദാപ്രീദ് ബർ ശെമഓൻ, ഞാൻ ഖോദ്ബോദാദ് റിസ്ഖാനോളാർ, ഞാൻ ഇസഹാക് ബർ ഇസഹാക്, ഞാൻ ബേഹ്ദാദ് ബർ അഹായ്, ഞാൻ റയ്യൻ ബർ അബ്രഹാം, കർകാ ദ്ലേദാൻ കാരനായ ഞാൻ ഷാബോർ ബർ അബ്രഹാം എന്നിവർ ഇതു സ്വീകരിക്കുകയും സ്ഥിരീകരിക്കയും മുദ്രവയ്ക്കുകയും ചെയ്യുന്നു.

ആദോർ ഹൊർമിസ്ദ് ബർ അർദോൻ, ബാബായ് ബർ പോസായ്, ഇസഹാക് ബർശൽമാ, ഇസഹാക് ബർ ആബി. മിഹ്റ് ഹൊർമീസ്ദ് ബർ മാലാകാ, അബ്ദാലാഹാ ബർ ഹോർമിസ്ദ്, പോസായ് ബർ ശെമഓൻ, പദ്വായ് ബർ ശൽമാ, സാദോക് ബർ സർഗീസ്, ഹോർമിസ്ദ് ബർ മാർ ശെമഓൻ, ബർബാശമിൻ ബർ മെഹ്ദോക്, പോസായ് ബർ മാറോൻ, മാർ യാക്കോബ് ബർ മെഹ്റീൻ, ആഹാദ്അബു ബർ ശൽമാ, വ്യാപാരികളുടെമൂപ്പനായ മിഹ്റ് ബോസ്യാദ് ബാർ ഗോർയാ, മാർ ശെമഓൻെറ പുത്രനും വ്യാപാരിയുമായ കാമിസ്യാദ്, വെള്ളിപ്പണിക്കാരുടെ മൂപ്പനായ അർദാക് ബർ_ശീലാ, സ്വർണ്ണപ്പണിക്കാരുടെ മൂപ്പനായ ബെനോനിൻ ബർ ഗദ്ദായി, ബേത്_ലാപാത് നഗരത്തിലെ അനോകായ മുഖ്യനായ അദ്ദായി എന്നീ ഞങ്ങളും ഇതു് അംഗീകരിക്കുകയും സ്ഥിരീകരിക്കുകയും മുദ്രവയ്ക്കുകയും ചെയ്യുന്നു.

മർവായ്ബർ ബ്രീകീശോ, ബാബ്വായ്ബർആദാ, പോസായ് ബർ മാറി, ഹൊർമിസ്ദ് അർദഷീർ പട്ടണത്തിൽ നിന്നുള്ള മർദ്വായ്ബർ നബീറോദാക്ക് എന്ന ഞങ്ങളും ഇതു സ്വീകരിക്കുകയും സ്ഥിരീകരിക്കുകയും മുദ്രവയ്ക്കുകയും ചെയ്യുന്നു.

ശ്രുശ്തെർ നഗരത്തിൽ നിന്നുള്ള ബ്രീക്കീശോ ബർ ആദോർ ഹോർമിസ്ദ്, മിഹ്ർകോസ്ററ് ബർ ഇസ്മായേൽ, മാർക്യാനാ ബർ അബ്ദീശോ, അബ്രഹാം ബർ ബാബായ് എന്ന ഞങ്ങളും ഇതുസ്വീകരിക്കുകയും സ്ഥിരീകരിക്കുകയും മുദ്രവയ്ക്കുകയും ചെയ്യുന്നു.

# മൂന്നാമത്

## സത്യസന്ധമായ മാർഗ്ഗങ്ങളുടെ നിർവ്വഹണത്തെ സംബന്ധിച്ച്

പൗരസ്ത്യദേശത്തെ ദൈവസ്നേഹമുള്ള മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും ക്രൈസ്തവ സന്യാസസഭാംഗങ്ങൾക്കും പാത്രിയർക്കീസ് ആബാ, നമ്മുടെ പ്രതീക്ഷയായ കർത്താവിൽ അഭിവാദനങ്ങൾ അർപ്പിക്കുന്നു.

ദൈവഭയം നമ്മിൽ ഉണ്ടായിരിക്കുകയും അതിനു നാം പ്രധാന്യം കല്പിക്കുകയും നമ്മുടെ ജീവിതം അതിനനുസൃതമായി നിർവ്വഹിക്കാൻ ശ്രദ്ധാലുക്കളായിരിക്കുകയുംചെയ്യുമ്പോൾ മനുഷ്യരായ നമുക്ക് ദൈവഭയം പോലെ പ്രയോജനകരവുംസഹായകവുമായി മററൊന്നുമില്ലെന്ന് പരിശുദ്ധരായ നിങ്ങൾക്കു ബോദ്ധ്യമുണ്ടായിരിക്കുമല്ലോ. ''ദൈവഭയം നല്ല മാർഗ്ഗത്തിന്റെ ആരംഭമാകുന്നു'' എന്ന് എഴുതപ്പെട്ടിട്ടുണ്ടല്ലോ. ഭൂമിയിലെ സകല സമ്പത്തും ചേർന്നാലും അതിനു തുല്യമാകുകയില്ല. എല്ലാത്തരത്തിലുംപെട്ട സകല മനുഷ്യരുടെയും എല്ലാഗണങ്ങളിലുംപെട്ട സകല മാലാഖമാരുടെയും സകല വിധത്തിലുമുള്ള സൗന്ദര്യവും ആകർഷകത്വവും, ദൈവഭയമില്ലെങ്കിൽ നാണംകെട്ടതും വെറുക്കപ്പെട്ടതുമത്രേ. ഇതിലേക്ക് ആനയിക്കാത്ത ആസക്തികളുടെ ഉത്തേജനങ്ങളെല്ലാം ഗർഹണീയങ്ങളും അങ്ങേഅററം നിന്ദ്യങ്ങളുമാകുന്നു. ആസക്തികളുടെ പിറകേ പായുന്നവർക്കു വേണ്ടി നരകത്തിലെ പീഡനത്തിന്റെ ഒരു പങ്ക് തയാറാക്കപ്പെട്ടിട്ടുണ്ട്. ദൈവഭയത്താൽ പരുവപ്പെട്ടിട്ടില്ലാത്തതും അതിനെ ലക്ഷ്യപ്പെടുത്താത്തതുമായ തത്ത്വശാസ്ത്രങ്ങളും കലകളുമെല്ലാം വിരസങ്ങളും നിഷ്പ്രയോജനങ്ങളും നിരർത്ഥകങ്ങളുമാകുന്നു. അവ അവയുടെ ഉടമസ്ഥർക്കു വിനാശം വരുത്തിവയ്ക്കും. അതിൻ അധിഷ്ഠിതവും അതിനാൽ സ്ഥിരീകരിക്കപ്പെട്ടതും അല്ലാത്ത എല്ലാ ശക്തികളും അധികാരങ്ങളും ദുർബ്ബലങ്ങളും അസ്ഥിരങ്ങളുമത്രേ.

www.malankaralibrary.com

തകൾ മൂലം ഉണ്ടായ മുറിവുകൾ സഭാഗാത്രത്തിൽ നിന്ന് താനേ അപ്രത്യക്ഷമാകും. അതിനു വഴിതെളിക്കുന്നവ ആയിരിക്കണം നമ്മുടെ വിജ്ഞാന സ്രോതസ്സുകൾ.

സഭാപരവും, ദൈവശാസ്ത്രപരവുമായ ഗ്രന്ഥങ്ങളുടെ രചനയിലൂടെയും, വിവർത്തനത്തിലൂടെയും ഏവർക്കും സുപരിചിതനായ ബഹു. ഗീവർഗീസ് ചേടിയത്തച്ചൻെറ ഈ പുതിയ ഗ്രന്ഥം ബഹുജനസമക്ഷം സന്തോഷപൂർവ്വം അവതരിപ്പിക്കുന്നു. അച്ചൻെറ പ്രയത്നങ്ങളെ ആത്മാർത്ഥമായി അഭിനന്ദിക്കുകയും, വിജയാശംസകൾ നേരുകയും പുസ്തകരചനയിലൂടെയുള്ള സഭാസേവനത്തിന് പ്രത്യേകം നന്ദിപറയുകയും ചെയ്യുന്നു. ബഹു. അച്ചനോട് സഹകരിച്ച പ്രൊഫ. കെ. വി. ജോസഫ് സാറിനെയും അഭിനന്ദിക്കുന്നു. 'സിനോഡിക്കോൺ ഓറിയെന്താളെ'' യുടെ മലയാള വിവർത്തനം വിജ്ഞാനകുതുകികൾക്ക്, പ്രത്യേകിച്ച് വേദശാസ്ത്ര വിദ്യാർത്ഥികൾക്ക്, സഭാവിജ്ഞാനീയത്തിൽ മുന്നേറുന്നതിന് സഹായകരമാകട്ടെ എന്ന് ആശംസിക്കുന്നു.

എന്ന്

**സിറിൽ മാർ ബസേലിയോസ്**
തിരുവനന്തപുരം മെത്രാപ്പോലീത്തൻ ആർച്ചുബിഷപ്പ്
മലങ്കര കത്തോലിക്കാ മെത്രാപ്പോലീത്താ

പട്ടം,
ഏപ്രിൽ 7, 1996.

# ആമുഖം

ഇക്കഴിഞ്ഞ കാലയളവിൽ പല സിനഡൽ രേഖകൾ മലയാള ഭാഷയിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്. 1980–ൽ നിഖ്യാവിശ്വാസപ്രമാണവും കാനോനകളും പ്രസിദ്ധീകരിച്ചു.[1] 1987 ൽ അതു വീണ്ടും അച്ചടിച്ചു.[2] അതോടൊപ്പം രണ്ടാം സാർവത്രിക സൂനഹദോസുമായി ബന്ധപ്പെട്ട രേഖകളും പ്രസിദ്ധീകരിച്ചു.[3] അൻസീറാ (314), നെയോചെസാറിയാ (315), ഗാംഗ്ര (325/331) എന്നിവിടങ്ങളിൽ വച്ചു നടന്ന സിനഡുകളുടെ കാനോനകളും ഇന്നു മലയാളത്തിൽ ലഭ്യമാണ്.[4] 341 ലെ അന്ത്യോക്യൻ സിനഡിൻെറ രേഖകളും മലയാളത്തിലായിട്ടുണ്ട്.[5] സാർദിക്കാ (342/3) ലവദീക്യ (343/81) എന്നീ സിനഡുകളുടെ ഡിക്രികൾ പ്രസിദ്ധീകൃതമായവയിൽപ്പെടുന്നു.[6] അപ്പസ്തോലിക കാനോനകൾ 85 എണ്ണവും അതേ ഗ്രന്ഥത്തിൽ തന്നെ കാണാം.[7] പാശ്ചാത്യ പൗരസ്ത്യ സുറിയാനി സഭകളിലെ പ്രാചീന സന്യാസ നിയമങ്ങൾ രണ്ടു പ്രാവശ്യം മലയാളത്തിൽ അച്ചടിച്ചിട്ടുണ്ട്.[8] മാർ മാറൂഥായുടെ പേരിൽ അറിയപ്പെടുന്ന കാനോനിക സമാഹാരം 1989 ൽ മലയാളത്തിൽ പ്രസിദ്ധീകരിച്ചു.[9]

മെസൊപ്പോട്ടേമിയായിലെ പൗരസ്ത്യ സുറിയാനി സഭയുടെ കാനോനിക സമാഹാരം നമ്മുടെ നാട്ടിൽ വളരെ

---

1. ജി. ചേടിയത്ത് സഭാപിതാക്കന്മാർ, കോട്ടയം, 1980, പേ. 198ff
2. ജി. ചേടിയത്ത്, സഭാപിതാക്കന്മാർ, 1 കോട്ടയം, 1987, പേ. 50ff
3. Ibid. 106ff.
4. ജി ചേടിയത്ത്, ആദിമ സഭാപിതാക്കന്മാർ, കോട്ടയം, 1983, പേ. 361ff.
5. ജി. ചേടിയത്ത്, അന്ത്യോക്യൻസഭ, കോട്ടയം, 1986, പേ. 238ff
6. ജി. ചേടിയത്ത്, സഭാപിതാക്കന്മാർ 1. പേ. 86ff.
7. Ibid. 178ff.
8. Ibid. 122ff; OIRSI 43. പേ. 233ff.
9. ജി. ചേടിയത്ത്, മാർ മാറൂഥായുടെ കാനോനാകൾ, കോട്ടയം, 1989

www.malankaralibrary.com



ആഗ്രഹിക്കുന്ന ആൾക്കും സുകൃതങ്ങളുടെ പരിശീലനത്തിലൂടെ നീതിയുടെ വ്യാപാരത്തിൽ ഇടപെടാൻ സന്ദർഭം ലഭിക്കുന്ന ഈ ഹ്രസ്വമായ ജീവിതത്തിൽ യാതൊരാളാണോ ഈ ദൈവഭയത്താൽ സ്വയം നിയന്ത്രിക്കുകയും തന്റെ ദർശനവും മനസ്സിന്റെ ഏകാഗ്രതയും അതിൽ ഉറപ്പിക്കുകയും മനസ്സിന്റെ സന്നദ്ധത അതിന് ഉന്മുഖമാക്കുകയും അതിന്റെ സഹകരണത്തോടുകൂടി മാത്രം സംസാരിക്കുകയും പെരുമാററങ്ങളെ അതിന് അനുസൃതമാക്കുകയും ചെയ്യുന്നത് അയാൾ മിശിഹായുടെ യഥാർത്ഥ സ്നേഹിതനാകുന്നു. എന്നാൽ നമ്മുടെ രക്ഷകന്റെ കല്പനകളെ ധിക്കരിക്കുകയും സ്വന്തം മനസ്സിന്റെ അഹന്തയിൽ തന്നിഷ്ടാനുസൃതം പെരുമാറുകയും ചെയ്യുന്നവനെ ഏതെങ്കിലും പദവിയിലുള്ള ക്രൈസ്തവനായി പരിഗണിക്കാൻ സാദ്ധ്യമല്ല. പദവി വഴിയോ ബാഹ്യപ്രകടനം വഴിയോ വിശ്വാസികളുടെ കൂട്ടത്തിൽ ഒരാളായി പ്രത്യക്ഷപ്പെട്ടുകൊണ്ട് അവൻ കാട്ടുന്നതു മര്യാദകേടാണ്. കാരണം, അവന്, യഥാർത്ഥ വിശ്വാസത്തിന് അനുയോജ്യമായ സുകൃതം നിറഞ്ഞ പെരുമാററങ്ങളാകുന്ന ആദ്ധ്യാത്മിക കല്ല്യാണ വസ്ത്രങ്ങളില്ല. ഇത്തരക്കാരെ സംബന്ധിച്ച്, തലമുറകളെ ഉയിർപ്പിക്കുന്നവൻ വിധി പ്രസ്താവിച്ചിട്ടുണ്ട്: "അവനെ കൈകാലുകൾ ബന്ധിച്ചു പുറത്തുള്ള അന്ധകാരത്തിലേക്ക് എറിഞ്ഞുകളയുക; അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും."

അതിനാൽ എല്ലാ നാട്ടിലും എല്ലാ പ്രദേശത്തുമുള്ള നേതാക്കളായ നാം എല്ലാസമയത്തും ഓരോ മണിക്കൂറിലും, വൈദികാധികാരത്തിന്റെ വിവിധ പടികളിലുള്ളവരെ ഒരു കാര്യം പഠിപ്പിക്കുകയും അനുശാസിക്കുകയും അവർക്കു സാക്ഷ്യവും മുന്നറിയിപ്പും നൽകുകയും വേണം: നാശത്തിലേക്കു നയിക്കുന്ന വിശാലമായ വീഥിയിലൂടെ സഞ്ചരിക്കാതിരിക്കാൻ അവർ കരുതലുള്ളവരായിരിക്കണം. അതിനുപകരം ഇടുങ്ങിയ വാതിലിലൂടെ കടന്ന് നിത്യജീവന്റെ അനന്തമായ മാർഗ്ഗത്തിൽ എത്തിച്ചേരാനാണ് അവർ ശ്രമിക്കേണ്ടത്. അതിനായി അവർ ലജ്ജാകരവും വ്യർത്ഥവുമായ അഭിലാഷങ്ങളെ പരിവർജ്ജിക്കണം. നശ്വരങ്ങളായ ഭൗതികസമ്പാദ്യങ്ങളുടെ ആധിക്യത്തോടുള്ള താല്പര്യം ഉപേക്ഷിക്കണം. സ്തുതിക്കു വേണ്ടിയുള്ള മാനുഷികമായ ആസക്തിയോടു വിടപറയണം



അപ്പോൾ അവർ നരകത്തിലെ നിത്യപീഡനത്തിൽ നിന്നു രക്ഷപെടും. നിത്യജീവന്റെ അനന്തപാതയിൽ എത്തിച്ചേരുകയും ചെയ്യും.

മനുഷ്യ വർഗ്ഗത്തിന്റെ ശത്രു നമ്മുടെ ജീവിതത്തെക്കുറിച്ച് അസൂയാലുവായതുകൊണ്ട് അനുസരണക്കേടിന്റെ സന്തതികളുടെയിടയിൽ—വിശുദ്ധ ലിഖിതങ്ങളിലെ അദ്ധ്യാപനങ്ങളെ അവഗണിക്കുന്നവരുടെയിടയിൽ—സദാ പ്രയത്നശീലനായിരിക്കുന്നു. തന്റെ ആഗ്രഹം അവരിൽ നിറവേററുകയാണ് അവന്റെ ലക്ഷ്യം. കടപ്പെട്ട കാര്യങ്ങളിൽ നിന്ന് അവർ വഴുതി മാറിപ്പോകുമ്പോൾ അവന്റെ ലക്ഷ്യം സാധിതമാകും എന്നെനിക്കു തോന്നുന്നു. പാത്രിയർക്കാസിംഹാസനത്തെ സംബന്ധിച്ച് മത്സരം നിലനിന്നിരുന്ന സമീപ ഭൂതകാലത്ത് അങ്ങനെയൊരവസ്ഥ സവിശേഷമായും നിലനിന്നിരുന്നു. ആ വിഭജനം പതിനഞ്ചു സംവത്സരം ഈ നാട്ടിലാകെ വാഴ്ച നടത്തി. ആ സന്ദർഭം, ആദർശഹീനരും സ്വാർത്ഥമോഹികളുമായ ചിലർ ഉളവാക്കിയ സാഹചര്യങ്ങൾ മൂലം സഭാധികാരസ്ഥാനങ്ങളെയെല്ലാം കുഴച്ചുമറിക്കുകയും അരിപ്പയിൽ ധാന്യമണികൾ അരിക്കുന്നതു പോലെ അരിക്കുകയും ചെയ്തു. അരിപ്പയിൽ അരിക്കപ്പെടുമ്പോൾ ധാന്യമണികൾ മുകളിൽ നിന്നു താഴേയ്ക്കും താഴെ നിന്നു മുകളിലേയ്ക്കും ഒരു വശത്തു നിന്നു മറെറാരു വശത്തേയ്ക്കും തട്ടപ്പെടുമല്ലോ. യാതൊരു നിയമവും ക്രമവുമില്ലാതെയാണ് ഈ വക ചലനങ്ങൾ. അതു പോലെ, പരസ്പരം കലഹിച്ച നേതാക്കന്മാർ മൂലം വിശ്വാസികളെല്ലാം വല്ലാത്ത ചിന്താക്കുഴപ്പങ്ങളിലും വിനാശങ്ങളിലും അകപ്പെട്ടു. ഓരോരുത്തരും അവരവർക്കു തോന്നിയതു പോലെയും സഭാനിയമങ്ങളെ അവഗണിച്ചുകൊണ്ടും പെരുമാറി.

എന്നാൽ ഇന്ന് ദൈവത്തിന്റെ കാരുണ്യം കൊണ്ടും ദൈവം സദയം കാത്തുരക്ഷിക്കുന്ന രാജാധിരാജനായ ഖുസ്രോയുടെ ജാഗ്രത കൊണ്ടും സകല വിശുദ്ധരുടെയും പ്രാർത്ഥന കൊണ്ടും ദ്വിഭരണം അവസാനിച്ച് കാതോലിക സിംഹാസനത്തിൽ നേതൃത്വത്തിന്റെ ഐക്യം സ്ഥാപിതമായിരിക്കുന്നു. പ്രവിശ്യകളിൽ അധികവും ഇപ്പോൾ ശരിയായി നയിക്കപ്പെട്ട സമാധാനത്തിൽ കഴിയുന്നു. നേതാക്കളുടെ നിരയിൽ സമാധാനം സുസ്ഥാപിതമായിരിക്കുന്നതുകൊണ്ട് വിശ്വാസികളുടെ

www.malankaralibrary.com



ഇടയിലും ശരിയായ ക്രമം സ്ഥാപിതമാകേണ്ടതാണെന്ന് എനിക്കു തോന്നുന്നു. കുഴപ്പങ്ങളുടെ കാലത്ത് അവർ ഏർപ്പെട്ടിരുന്ന തെററുകളുടെ മാർഗ്ഗത്തിൽ നിന്നു പിന്തിരിയുകയും ശരിയായ കാര്യങ്ങളിൽ നിഷ്ഠ പുലർത്തുകയും ചെയ്യുന്നതു വഴിയാണ് ഇതു് സാധിതമാകേണ്ടതു്.

നാമും നമ്മോടൊപ്പമുള്ള മെത്രാപ്പോലീത്താമാരും മെത്രാന്മാരും സഭയിൽ അനുരഞ്ജനത്തിനായി ശ്രമിച്ചപ്പോൾ വിശുദ്ധ ലിഖിതങ്ങളിലെ ആശയങ്ങൾ അനുസരിച്ചും, മിശിഹായുടെ മനസ്സും കല്പനയും അനുസരിച്ചും, കാര്യങ്ങൾ താഴെ പറയുംവിധം ആയിരിക്കണമെന്നു ഞങ്ങൾ വ്യക്തമാക്കുകയും ആജ്ഞാപിക്കുകയും നിർവ്വചിക്കുകയും ചെയ്തു; നഗരങ്ങളിലോ ഗ്രാമങ്ങളിലോ ഉള്ള വൈദികർക്ക് സംഘങ്ങൾ രൂപീകരിക്കാനോ ബന്ധനങ്ങൾ ഏർപ്പെടുത്താനോ തങ്ങളുടെ നായകന്മാർക്ക് എതിരായിട്ടോ തമ്മിൽത്തമ്മിലോ കലാപങ്ങൾ ഉണ്ടാക്കത്തക്കവിധം ശപഥങ്ങളിലോ ലിഖിതങ്ങളിലോ ഇടപെടാനോ അൽമായരുടെയിടയിൽ സ്വാധീനം പിടിച്ചെടുക്കാനോ പരദൂഷണം പറഞ്ഞ് അവരുടെ മനഃസാക്ഷിയെ പീഡിപ്പിക്കാനോ അധികാരമുണ്ടായിരിക്കുന്നതല്ല. കുഴപ്പങ്ങളുടെ കാലത്തു പ്രവർത്തിച്ചതുപോലെ കലഹങ്ങളും ഭിന്നതകളും വർദ്ധിക്കത്തക്കവിധം പ്രവർത്തിക്കാനോ അങ്ങനെ പ്രവർത്തിക്കുന്നവരെ സഹായിക്കാനോ അൽമായരും അനുവദിക്കപ്പെടരുതു്. ഈ കാര്യങ്ങൾ, നിർവ്വചനവും കല്പനയും അനുസരിച്ച് "നിങ്ങളുടെ നായകന്മാരെ അനുസരിക്കുവിൻ" എന്നു് എഴുതപ്പെട്ടിട്ടുള്ളതു് നിരന്തരം അനുസ്മരിക്കേണ്ടവരെ സംബന്ധിക്കുന്നതാകുന്നു. ബഹുമാന്യരായ അംഗങ്ങൾ എന്ന നിലയിൽ ഈ കാര്യങ്ങളെക്കുറിച്ച് അവർക്ക് നാം ഈ ഉപദേശം നൽകുന്നു: അവർ വീടുവീടാന്തരം കയറിയിറങ്ങരുതു്. അവർ പണമിടപാടുകാരോ ഭൗതികപ്രമാണികളുടെ നടത്തിപ്പുകാരോ ആകരുതു്. അങ്ങനെ ചെയ്താൽ അവർ പൗരോഹിത്യത്തെ അപമാനിക്കുകയും വിശ്വാസികളായ അൽമായരെ പാപത്തിലേയ്ക്കു വലിച്ചിഴയ്ക്കുകയും ആയിരിക്കും ചെയ്യുക. ഇത്തരക്കാരെ സഹായിക്കാതിരിക്കാൻ അൽമായരും ശ്രദ്ധിക്കേണ്ടതാണ്.



നമ്മുടെ പ്രകൃതിഘടനയുടെ അത്ഭുതകരമായ സംരക്ഷണത്തിനും പിൻതലമുറയുടെ ഉത്പാദനത്തിനും വേണ്ടി ദൈവം വിവാഹം ഏർപ്പെടുത്തിയിരിക്കുന്നു. എന്നാൽ അതു് മൃഗങ്ങളുടേതുപോലെ വിവേചനരഹിതമല്ല; പിന്നെയോ, യുക്തിബോധമുള്ള ജീവികൾക്കു യോജിച്ച വിധം ക്രമീകൃതമായിരിക്കണം. മനുഷ്യനു് തന്റെ ഭാര്യയോടു് പരിശുദ്ധവും നിയമവിധേയവുമായ സ്നേഹത്തിന്റെ ഘനിഷ്ഠ ബന്ധമാണുണ്ടായിരിക്കേണ്ടതു്. മൃഗതുല്യ സ്വഭാവമുള്ളവർ ഇക്കാര്യത്തിൽ കുഴപ്പമുണ്ടാക്കുമ്പോൾ —പഴയകാലത്തു് ആദം ഒരു ഹവ്വയെക്കൊണ്ടു് എന്നപോലെ ഒരുവൻ ഒരു ഭാര്യയെക്കൊണ്ടു് സംതൃപ്തനാകാതെ ഭാര്യ ജീവിച്ചിരിക്കെത്തന്നെ മറെറാരു ഭാര്യയെ സ്വീകരിക്കുമ്പോൾ — അയാൾ അവൾക്കെതിരെ ദൈവികനിയമത്തോടു മറുത്തു് അപരാധം ചെയ്യുകയാണു്. അയാളുടെ രണ്ടു ഭാര്യമാരും രണ്ടു ഭർത്താക്കന്മാരുള്ള സ്ത്രീയെപ്പോലെ ആയിത്തീരുന്നു. ആ സ്ത്രീയുടെ അവസ്ഥ വളരെ ഭീതിജനകമാണല്ലോ. പുരുഷൻ തക്കതായ കാരണമില്ലാതെ തന്റെ ആദ്യഭാര്യയെ ഉപേക്ഷിച്ചു് തന്നെ പ്രലോഭിപ്പിച്ചു് കുഴപ്പത്തിലാക്കിയ മറെറാരുവളെ സ്വീകരിക്കുമ്പോൾ വലിയ അപരാധമാണു് ചെയ്യുന്നതു്. അവളുടെ ബാഹ്യസൗന്ദര്യത്തിൽ ആസക്തനായി സുബോധമില്ലാത്ത, കാമാതുരനായ ഒരാളെപ്പോലെ അയാൾ പ്രവർത്തിക്കുന്നു. അഥവാ അസംതൃപ്തനായ, അത്യാഗ്രഹിയായ ഒരു വ്യക്തിയെപ്പോലെ പണത്തിനോ ധനത്തിനോ സ്വത്തിനോ വേണ്ടി അയാൾ പ്രവർത്തിക്കുന്നു. ഈ രണ്ടു കാര്യങ്ങൾക്കും പുറമേ തന്റെ രണ്ടാനമ്മയെയോ, പിതൃസഹോദരന്റെ ഭാര്യയെയോ, മാതൃസഹോദരന്റെ ഭാര്യയെയോ, പിതൃസഹോദരിയെയോ, മാതൃസഹോദരിയെയോ, സഹോദരിയെയോ, മരുമകളെയോ, മകളെയോ, രണ്ടാം ഭാര്യയുടെ മകളെയോ, പൗത്രിയെയോ, ദൗഹിത്രിയെയോ അഥവാ യഹൂദരെപ്പോലെ സഹോദരപത്നിയെയോ, പുറജാതിക്കാരെപ്പോലെ അവിശ്വാസിനിയായ സ്ത്രീയെയോ സമീപിക്കാൻ മടിക്കാത്ത ആളുകളും ഉണ്ടു്.

ഇക്കാര്യങ്ങളെയും ഇങ്ങനെയുള്ള മററു കാര്യങ്ങളെയും സംബന്ധിച്ചു് നാമും നമ്മോടൊപ്പമുള്ള മെത്രാപ്പോലീത്താമാരും മെത്രാന്മാരും ചേർന്നു് താഴെ പറയുംവിധം നിശ്ചയി

www.malankaralibrary.com



ക്കുകയും കല്പന പുറപ്പെടുവിക്കുകയും ചെയ്യുന്നു. ഉയരാഴങ്ങളെ ഭരിക്കുന്ന ദൈവിക "വചന" വചനത്താലും ദൈവികലിഖിതങ്ങളുടെ ആശയങ്ങൾ അനുസരിച്ചുമാണ് ഞങ്ങൾ അങ്ങനെ ചെയ്യുന്നത്. മുകളിൽ പറഞ്ഞ വിധങ്ങളിലുള്ള നിയമവിരുദ്ധമായ യാതൊരുവിധ വേഴ്ചയും വിശ്വാസികൾക്ക് അനുവദനീയമല്ല. അത് നിയമവിധേയമായ വിവാഹത്തിന്റെ പ്രത്യേകാവകാശങ്ങളെ ക്ഷതപ്പെടുത്തുകയും കുഴപ്പത്തിലാക്കുകയും ചെയ്യുന്നതാണ്. പ്രസ്തുത പ്രത്യേകാവകാശങ്ങളാകട്ടെ, ദൈവം തന്റെ അവർണ്ണനീയമായ ജ്ഞാനത്താൽ നമ്മുടെ യുക്തിസഹമായ സ്വഭാവത്തിന്റെ സഹായത്തിനായി ഏർപ്പെടുത്തിയിട്ടുള്ളതാകുന്നു.

താഴെ പറയുന്ന കാര്യംകൂടെ ഞങ്ങൾ വിജ്ഞാപനം ചെയ്യുന്നു: ആർക്കെങ്കിലും രണ്ടു ഭാര്യമാരുണ്ടെങ്കിൽ, അഥവാ ഒരാൾ അവിശ്വാസിനിയായ ഒരു സ്ത്രീയോടോ തന്റെ രണ്ടാനമ്മയോടോ പിതൃവ്യന്റെ ഭാര്യയോടോ മാതുലന്റെ ഭാര്യയോടോ, മാതാവിന്റെയോ പിതാവിന്റെയോ സഹോദരിയോടോ സ്വന്തം സഹോദരിയോടോ പുത്രഭാര്യയോടോ പുത്രിയോടോ ഭാര്യാപുത്രിയോടോ ഭാര്യാപുത്രിയുടെമകളോടോ ബന്ധപ്പെട്ടിട്ടുണ്ടെങ്കിൽ, അഥവാ സന്യാസികളുടെ ഏതെങ്കിലും ഗണത്തിൽപ്പെട്ടയാൾ തന്റെ സഹോദരന്റെ ഭാര്യയോടു രഹസ്യബന്ധം പുലർത്തുന്നുണ്ടെങ്കിൽ അയാൾക്ക് ആ ബന്ധത്തിൽ നിന്നും വിടുതൽ നേടാൻ ഒരു കാലാവധി അനുവദിക്കപ്പെടും. ആ അവധി ഒന്നോ രണ്ടോ മൂന്നോ മാസമോ വളരെ വിഷമകരമായ സാഹചര്യങ്ങളിൽ ഒരു വർഷം വരെയോ ആകാം. ആ കാലം കൊണ്ട് അവർ അത്തരം ബന്ധങ്ങൾ അവസാനിപ്പിച്ചിരിക്കണം.

സ്വന്തം ഭാര്യ ജീവിച്ചിരിക്കെ മറ്റൊരു സ്ത്രീയെ കൊണ്ടുവന്നവനെയോ അവിശ്വാസിനിയായ സ്ത്രീയോടു ചേർന്നവനെയോ രണ്ടാനമ്മയോടോ പിതൃവ്യന്റെയോ മാതുലന്റെയോ ഭാര്യയോടോ പിതാവിന്റെയോ മാതാവിന്റെയോ സഹോദരിയോടോ സ്വന്തം സഹോദരിയോടോ പുത്രഭാര്യയോടോ പുത്രിയോടോ ഭാര്യാപുത്രിയോടോ ഭാര്യാപുത്രിയുടെ മകളോടോ ബന്ധം പുലർത്തുന്നവനെയോ സഹോദരഭാര്യയെ ഭാര്യയാക്കി



എടുത്തവനെയോ സംബന്ധിച്ച് ഞാൻ പറയുന്നതിതാണ്: അയാൾ പുരോഹിതന്റെ പക്കൽ വന്ന്, പ്രസ്തുതബന്ധങ്ങളിൽ നിന്നു മോചനം നേടുന്നതിനുള്ള കാലാവധി ആവശ്യപ്പെടണം. അയാൾ ഇക്കാര്യത്തിൽ അലംഭാവം കാണിക്കുകയോ പ്രസ്തുതബന്ധം രഹസ്യമായി തുടരുകയോ ചെയ്യുകയാണെങ്കിൽ ദൈവികവചനത്താൽ അയാൾ പള്ളിയിൽ പ്രവേശിക്കുന്നതിൽ നിന്നും വിശുദ്ധ രഹസ്യങ്ങൾ സ്വീകരിക്കുന്നതിൽ നിന്നും വിശ്വാസികളോടു സമ്പർക്കം പുലർത്തുന്നതിൽ നിന്നും ഈ പാപത്തിൽ നിന്നു പിന്തിരിയുന്നതുവരെ വിലക്കപ്പെട്ടിരിക്കുന്നു. ബുദ്ധിശൂന്യമായി പെരുമാറുന്ന സ്ത്രീകൾക്കുള്ള ശിക്ഷയും ഇപ്രകാരം മുകളിൽ എഴുതപ്പെട്ടതു തന്നെയായിരിക്കുമെന്ന് എല്ലാവരും അറിഞ്ഞിരിക്കട്ടെ. എന്നാൽ സഹോദരപുത്രിയോ സഹോദരീപുത്രിയോ ആയ ഒരാളെ സംബന്ധിച്ചുള്ള കാര്യങ്ങൾ നമുക്കുവേണ്ടി ലിഖിതങ്ങളിൽ സ്പഷ്ടമായി വിവരിക്കപ്പെട്ടിട്ടില്ല.

സഹോദര ഭാര്യമാരെ സ്വന്തമാക്കിയിട്ടുള്ള സന്യാസികളെപ്പറ്റി നാം മുകളിൽ പറഞ്ഞിട്ടുണ്ടല്ലോ.

സഹോദര ഭാര്യയോടുള്ള അടുപ്പം എന്ന പാപത്തിലേക്കു് അറിവില്ലായ്കയാൽ ആകർഷിക്കപ്പെട്ടിട്ടുള്ള വിശ്വാസികളായ അൽമായരെക്കുറിച്ച് ഇനി പറയാം. സഹോദരഭാര്യയെ പരിഗ്രഹിക്കുന്നത് പാപമാണെന്ന് അയാൾ മനസ്സിലാക്കിയിട്ടുണ്ടായിരിക്കയില്ല. നേരെമറിച്ച്, അതൊരു നല്ല കാര്യമാണെന്ന് അയാൾ കരുതിയിരിക്കാം. അജ്ഞതമൂലം ദിവ്യലിഖിതങ്ങളിലെ വാക്കുകളെ അവർ തെറ്റിദ്ധരിച്ചിരിക്കാം. ഇവരെ സംബന്ധിച്ചുള്ള നമ്മുടെ തീരുമാനം ഇപ്രകാരമാണ്: നിയമ വിരുദ്ധമായ വിവാഹം എന്ന ഈ പാപത്തിൽനിന്ന് സഭയിലെ പുരോഹിതന്മാരുടെ ഉപദേശവും ശാസനയും കൊണ്ട് പിന്തിരിയുക എന്നത് അവരുടെ തന്നെ തെരഞ്ഞെടുപ്പിനും തീരുമാനത്തിനും വിടുന്നു. അവരുടെതന്നെ തിരുത്തലിന് അവർക്ക് അതാവശ്യമാണ്. ചിലപ്പോൾ അതവർക്ക് പ്രയാസകരമായിരിക്കാം. ഒരുമിച്ചുള്ള ജീവിതത്തിൽ കഴിഞ്ഞുപോയ കാലത്തിന്റെ ദൈർഘ്യംകൊണ്ടും അവർക്കു ജനിച്ച കുഞ്ഞുങ്ങൾ കാരണമായിട്ടും വേർപാടു ദുഷ്കരമായിരിക്കാം.

www.malankaralibrary.com



അത്തരം സാഹചര്യത്തിൽ അവർ ഉപവസിക്കട്ടെയെന്നാണു ഞങ്ങളുടെ തീരുമാനം. അതായത്, സഹോദരഭാര്യയെ പരിഗ്രഹിച്ചവനും ഭർത്തൃസഹോദരനുമായി ബന്ധംപുലർത്തിയവളും ഒത്തുചേർന്ന് ഒരു വർഷക്കാലം മുഴുവൻ തങ്ങളുടെ പാപപരിഹാരാർത്ഥം ദൈവത്തോടു പ്രാർത്ഥിക്കുകയും പാപപരിഹാര ദാനങ്ങൾ നൽകുകയും വേണം. പരദേശികൾക്കും സ്വനഗരത്തിലെയോ സ്വന്ത ഗ്രാമത്തിലെയോ സഭയിലുള്ള ദരിദ്രർക്കുമാണ് തങ്ങൾക്ക് ആവശ്യത്തിനുള്ള സമ്പാദ്യത്തിന്റെ ഒരു ഭാഗം പാപപരിഹാരാർത്ഥമായി നൽകേണ്ടത്. അതുവഴി അവരോട് ക്ഷമിക്കപ്പെടും.

എന്നാൽ, ദൈവികലിഖിതങ്ങളാലും ഈ വിഷയത്തിൽ ഞങ്ങളുടെ തീരുമാനം എന്ത് എന്നതു സംബന്ധിച്ച ലിഖിതങ്ങളാലും കാര്യം അറിയപ്പെടുകയും വളരെ സ്പഷ്ടമായി വെളിപ്പെടുത്തപ്പെടുകയും ചെയ്തതിനു ശേഷവും വൈദികരോ അൽമായരോ ആയ ആരെങ്കിലും ഈ പാപത്തിൽ തുടർന്നുനിൽക്കുന്നതിനു തക്കവണ്ണം മനഃപൂർവ്വം ആകൃഷ്ടരാകുകയാണെങ്കിൽ,—. അതിൽ നിലനിൽക്കുന്നവർ അത്രയധികമായ പാപങ്ങളാണു ചെയ്തുകൂട്ടുന്നത്—, ഈ വിഷയത്തിലുള്ള ഞങ്ങളുടെ വിധിവചനം അവർ പുച്ഛിച്ചു തള്ളുന്നുവെങ്കിൽ, അങ്ങനെ സഹോദരഭാര്യയോടൊത്തു തന്നെ അയാൾ ജീവിക്കുകയാണെങ്കിൽ ഇക്കാര്യം അയാൾ അറിഞ്ഞിരിക്കട്ടെ: ഉയരാഴങ്ങൾ കയ്യാളുന്നവനും സകല സൃഷ്ട വസ്തുക്കളെയും ഭരിക്കുന്നവനുമായ ജീവിക്കുന്ന ദൈവിക "വചന"ത്താൽ അയാളെ ഞങ്ങൾ ആകാശത്തിലും ഭൂമിയിലും ബന്ധിക്കുകയും ശപിക്കുകയും ചെയ്യുന്നു. പള്ളിയിൽ പ്രവേശിക്കുന്നതിൽ നിന്നും വിശുദ്ധകുദാശകൾ സ്വീകരിക്കുന്നതിൽ നിന്നും വിശ്വാസികളുമായി സമ്പർക്കം പുലർത്തുന്നതിൽ നിന്നും അയാൾ വിലക്കപ്പെട്ടിരിക്കുന്നു.

ഈ വിഷയം സംബന്ധിച്ച എല്ലാ കാര്യങ്ങളും ഞങ്ങൾ ഇതുവരെ സ്പഷ്ടമായി വിശദീകരിച്ചുകഴിഞ്ഞിരിക്കുന്നു. അതിനാൽ ഇവയെ ലംഘിക്കുന്നതിൽനിന്ന് ദൈവികവചനത്താൽ എല്ലാവരേയും വിലക്കിയിരിക്കുന്നു. മേലിൽ സന്യാസികളിലോ അൽമായരിലോ പെട്ട വിശ്വാസികൾ ആരെങ്കിലും മുകളിൽ പറഞ്ഞ തെററുകളിൽ വീഴുകയും തെററു തിരുത്താതിരിക്കുകയും ചെയ്താൽ, അശ്രദ്ധനായിരിക്കുകയും ഇത്തരം കാര്യങ്ങളിൽ വീഴുന്നതിനെക്കുറിച്ചു ഭയപ്പെടാതിരിക്കുകയും ചെയ്താൽ, അഥവാ ഇതിനോടു തുല്യമായ മറേറതെങ്കിലും തെററു ചെയ്താൽ, അയാൾ ശാസിക്കപ്പെടുകയും വിരോധിക്കപ്പെടുകയും ചെയ്യും. അയാൾ സ്ത്രീയായാലും പുരുഷനായാലും അതിൽ വ്യത്യാസമില്ല. ഇങ്ങനെ അകററപ്പെട്ടയാളുമായി അകന്നു നിൽക്കാതിരിക്കുകയോ അയാളുമായുള്ള സമ്പർക്കം വെറുക്കാതിരിക്കുകയോ ചെയ്യുന്നയാളും— രഹസ്യമായിട്ടായാലും പരസ്യമായിട്ടായാലും പ്രവൃത്തിയിലായാലും വിചാരത്തിലായാലും— സഭയിൽ നിന്നു പുറത്താക്കപ്പെടുകയും ശപിക്കപ്പെടുകയും ചെയ്യും. ഈ രണ്ടു കൂട്ടരുടെയും മേൽ സ്വർഗ്ഗസ്ഥനായ ദൈവത്തിന്റെ കോപം സകല ക്രൈസ്തവരുടെയും ആമേനോടുകൂടി ഉണ്ടായിരിക്കട്ടെ. സന്യാസികളും വിശ്വസ്തരായ അൽമായരും അവരുടെ മരണദിവസം അവരോടു സഹവസിക്കാനോ മരണാനന്തര ശുശ്രൂഷകളിൽ സഹകരിക്കാനോ ശവസംസ്ക്കാരദിനത്തിൽ ശവക്കച്ച അണിയിക്കാനോ, രഹസ്യമായും പരസ്യമായും, അനുവദിക്കപ്പെടുകയില്ല. ജീവിതകൃത്യങ്ങളിൽ അവർ സഭയുടെ ഉന്നതമായ ജീവിതരീതികളിൽ നിന്ന് അകന്നിരുന്നവരാണല്ലോ. മൃഗതുല്യവും നിയമവിരുദ്ധവുമായ വിവാഹംമൂലം കളങ്കപ്പെട്ടവരാണവർ. അങ്ങനെ വിവേചനശൂന്യരായി ജീവിച്ച അവർ മരണത്തിലും വിശ്വാസികളിൽ നിന്ന് അകററപ്പെടുകയും വേർതിരിക്കപ്പെടുകയും വേണം. ജീവിതരീതിയിൽ മൃഗങ്ങൾക്കു തുല്യരായിരുന്ന അവർക്ക് കഴുതകൾക്കു യോജിച്ച ഒരു ശവസംസ്കാരമാണു നൽകേണ്ടത്.



നിയമങ്ങൾ അനുസരിച്ച് ശ്രദ്ധാപൂർവ്വം ഉത്സാഹത്തോടെ ജീവിക്കുന്നവരുടെമേൽ മിശിഹായുടെ അനുഗ്രഹം ധാരാളമായി വർഷിക്കപ്പെടട്ടെ. അത് അവരെ നിരന്തരം സംരക്ഷിക്കട്ടെ.

നിങ്ങൾ സ്ഥിരതയുള്ളവരായിരിക്കുക. ഉപേക്ഷ കൂടാതെ ഇക്കാര്യങ്ങൾ എല്ലാവരെയും അറിയിക്കുന്ന വിഷയത്തിൽ വ്യാപൃതരാകുക. ഉത്സാഹശാലികളായ അജപാലകരെക്കൊണ്ട് തന്റെ സഭയെ ബഹുമാനിതയാക്കുന്ന മിശിഹായ്ക്കു സ്തുതി. അവിടുത്തെ കാരുണ്യവും അനുഗ്രഹവും എന്നും എന്നേയ്ക്കും നമ്മുടെ മേൽ ഉണ്ടായിരിക്കട്ടെ. ആമ്മേൻ.

www.malankaralibrary.com

# നാലാമത്

**ദ്വിഭരണത്തിനു ഹേതുവായ രണ്ടു വ്യക്തികളുടെ നിഷ്കാസനത്തെയും അവരോടൊത്തു നിന്നവർക്കുള്ള മാപ്പുകളെയും തീരുമാനങ്ങളെയും കുറിച്ച്:**

ആബാ കാതോലിക്കോസ്, എല്ലാ നിലകളിലുമുള്ള വൈദികരും വിവിധ ക്രമങ്ങളിലുള്ള അൽമായരുമായ സേജിസ്ഥാൻ നാട്ടിലെ വിശ്വാസികൾക്ക്, നമ്മുടെ പ്രത്യാശയും നിങ്ങളുടെ ഉഭയസമാധാനദായകനുമായ നമ്മുടെ കർത്താവിൽ സമൃദ്ധമായ അഭിവാദനങ്ങൾ അർപ്പിക്കുന്നു.

കാതോലിക്കോസ് സ്ഥാനത്തിനുവേണ്ടി പരസ്പരം മത്സരിച്ച ദൈവഭയമുള്ള മാർ ഏലീശാ, അനുഗ്രഹീതനായ മാർ നർസാ എന്നിവരുടെ കാര്യത്തെ സംബന്ധിച്ചും വേറെ പല കാര്യങ്ങളെക്കുറിച്ചും നിങ്ങൾ നമുക്ക് എഴുതിയിരുന്നല്ലോ. നിങ്ങളുടെ കത്തിനു മറുപടിയായി ആ വിഷയത്തെക്കുറിച്ച് സ്പഷ്ടമായ ഒരു കത്തു നാം എഴുതിയിരുന്നു. ആ കത്ത് ഞാൻ മുമ്പ് നിങ്ങൾക്ക് അയച്ചു തന്നിട്ടുണ്ട്. മാർ ഏലീശായായാകട്ടെ, മാർ നർസായായാകട്ടെ, കാതോലിക്കാസ്ഥാനത്തുള്ള സ്ഥാനാഭിഷേകം സത്യസന്ധമായിട്ടോ സഭാനിയമവിധേയമായിട്ടോ വിഹിത മാർഗ്ഗത്തിലോ സ്വീകരിച്ചിട്ടില്ല എന്ന് അതിൽ നാം നിങ്ങളെ അറിയിച്ചിരുന്നു. മാർ നർസാ ആണ് ആദ്യമായി തെരഞ്ഞെടുക്കപ്പെട്ടത്. എന്നാൽ അദ്ദേഹത്തിന്റെ കാര്യം സ്ഥിരീകരിക്കപ്പെടുംമുമ്പ് മാർ ഏലീശാ ആ സ്ഥാനത്തിനുവേണ്ടി ഉത്സാഹപൂർവ്വം പ്രയത്നിച്ചു തുടങ്ങി. അങ്ങനെ അദ്ദേഹം ഈ കലഹത്തിന് അടിത്തറയിട്ടു. മാർ നർസാ ആ ഘട്ടംവരെ പ്രസ്തുത വിഷയത്തിൽ മത്സരമൊന്നും നടത്തിയിരുന്നില്ല. എന്നാൽ അദ്ദേഹവും കരുതലില്ലാതെ ഇക്കാര്യത്തിലേയ്ക്ക് എടുത്തുചാടി. അവരിൽ ആർക്കാണു ജയപരാജയങ്ങൾ സംഭവിക്കുന്നതെന്നു തീരുമാനപ്പെടുന്നതിനു



മുമ്പായിട്ടാണ് ഇതു ചെയ്തത്. പ്രാമുഖ്യത്തിനു വേണ്ടിയുള്ള— പ്രത്യേകിച്ചും കാതോലിക്കോസ് സ്ഥാനത്തിനുവേണ്ടിയുള്ള— അതിതാത്പര്യം ആർക്കുംതന്നെ ഉചിതമല്ല. ഈ രണ്ടുപേരെ സംബന്ധിച്ച് അതു തീർത്തും അനുചിതമായിരുന്നു. അവർ അവകാശമില്ലാതെയും നിയമവിരുദ്ധമായും ഇരട്ട പ്രാമുഖ്യം സ്വീകരിച്ചു. സ്പഷ്ടമായും പ്രകടമായും ദോഷകരമായ ഒരവസ്ഥയാണത്. മനുഷ്യരുടെ രീതികൾക്കും സമ്പ്രദായങ്ങൾക്കും ജീവിതത്തിനു തന്നെയും അതു ദോഷം ചെയ്യും. അതു ദൈവസന്നിധിയിൽ വെറുക്കപ്പെട്ടതും ക്രൈസ്തവികതയ്ക്കു വെറുപ്പുളവാക്കുന്നതും മിശിഹായുടെ സഭയ്ക്ക് അന്യവും അപമാനകരവും ആകുന്നു. ഒരു മനുഷ്യശരീരത്തിനു രണ്ടു തലയും ഒരു സ്ത്രീക്ക് രണ്ടു ഭർത്താക്കന്മാരും ഉള്ളതുപോലെയാണത്. ഇതിൽനിന്ന് ശ്രദ്ധാപൂർവ്വവും വിവേകപൂർവ്വവും ഓടിയകലുകയും അകലത്തിൽത്തന്നെ നിലനിൽക്കുകയും ചെയ്യുക അവർക്കു രണ്ടുപേർക്കും യുക്തമായിരുന്നു. എന്നാൽ അവർ ഭയമോ ശ്രദ്ധയോ കൂടാതെ അതിലേക്കു തട്ടിവീണു. അവർ രണ്ടു പേരിൽനിന്നു ഭിന്നത വ്യാപിച്ചു. ക്രൈസ്തവ സമൂഹത്തിലെ എല്ലാ സ്ഥലങ്ങളിന്മേലും എല്ലാ വ്യക്തികളിലും അതു പടർന്നു കയറി. മിശിഹായുടെ നിയമങ്ങളും കല്പനകളും അവിടുത്തെ ശിഷ്യന്മാരുടെ ശാസനകളും ഉപദേശങ്ങളും പല വർഷങ്ങളോളം അവഗണിക്കപ്പെടുകയും തിരസ്കരിക്കപ്പെടുകയും ചെയ്തു.

സകലത്തിന്റെയും കർത്താവായ മിശിഹായുടെ ശക്തിയും അനുഗ്രഹവും കൊണ്ടും, ശാന്തനും മാന്യനും മനുഷ്യസ്നേഹിയുമായ മഹാരാജാവ് ഖുസ്രായുടെ സഹായം കൊണ്ടും, അനുഗ്രഹീതനായ പൗലോസ് കാതോലിക്കോസിന്റെ സഭാധികാരത്തെ പൂർണ്ണമായും ഏകമാക്കി. സഭാനേതൃത്വത്തിന്റെ എല്ലാതലങ്ങളെയും അദ്ദേഹം അതനുസരിച്ചു ക്രമീകരിച്ചു. അങ്ങനെ, കുഴഞ്ഞുമറിഞ്ഞു കിടന്ന കാര്യങ്ങളെല്ലാം മിക്കവാറും നേരെയായി. കാതോലിക്കോസ് പൗലോസ് കാര്യങ്ങളെല്ലാം പരിഷ്കരിക്കുകയും പുനഃസ്ഥാപിക്കുകയും ചെയ്തു. "ദൈവവചന"ത്താൽ മെത്രാന്മാരെ സംബന്ധിച്ച കാര്യങ്ങൾ കല്പിക്കാനും നിർവ്വചിക്കാനും വിധിക്കാനും അദ്ദേഹം ആദ്യംതന്നെ ഉത്സാഹം കാണിച്ചു. അദ്ദേഹത്തിന്റെ വേർപാടിനുശേഷം ഞാനും അതേ രീതിയിൽത്തന്നെ ഭാവിക്കു

www.malankaralibrary.com



കയും ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തു. ഇക്കാര്യങ്ങളെല്ലാം ഞാൻ സ്പഷ്ടമായി നിങ്ങളെ അറിയിച്ചിട്ടുള്ളതാണ്. മാർ നർസായും മാർ ഏലീശായും വിവേചന ശൂന്യമായും ക്രൈസ്തവ സമൂഹത്തിന്റെ ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിരുദ്ധമായും കാതോലിക്കോസ് സ്ഥാനമാകുന്ന വൈദിക പ്രമുഖത്വത്തിന്റെ വലംകൈ കയ്യടക്കാൻ ശ്രമിച്ചു. സെലൂഷ്യാ സ്റ്റെസിഫൺ എന്ന രണ്ടു നഗരങ്ങളുടെയും മനസ്സും സമ്മതവും കൂടാതെ അവർ അഭിഷിക്തരായി. അതിനാൽ യാതൊരു നിലയിലും വിഭാഗത്തിലുംപെട്ട ക്രിസ്ത്യാനികൾ ഇപ്പോൾ ദിവംഗതനായിട്ടുള്ള ശാന്താത്മാവായ മാർ നർസായെയോ ഇപ്പോൾ സ്വന്തം തീരുമാനമനുസരിച്ചുതന്നെ കാതോലിക്കാ സ്ഥാനത്തിന്റെ പ്രാമുഖ്യത്തിൽ നിന്നും പ്രവർത്തനങ്ങളിൽ നിന്നും അകന്നു നിൽക്കുന്ന മാർ ഏലീശായെയോ കാതോലിക്കോസ് എന്നു വിളിക്കുകയോ കരുതുകയോ ചെയ്യരുതെന്ന് അമേയനായ "ദൈവവചന"ത്താൽ നാം വിലക്കുന്നു. നാം ഇപ്രകാരം പറയുകയും നിയമമാക്കുകയും സ്ഥിരീകരിക്കുകയും ചെയ്തിരിക്കുന്നു. കാരണം അവർ രണ്ടുപേരും നിയമാനുസൃതം കാതോലിക്കോസുമാർ ആയിട്ടില്ല.

താഴെ പറയുന്ന കാര്യം കൂടെ നാം നിങ്ങൾക്കെഴുതി: മാർ നർസായും അദ്ദേഹത്തിന്റെ പക്ഷക്കാരും ചേർന്ന് മാർ ഏലീശായ്ക്കും അദ്ദേഹത്തിന്റെ പക്ഷക്കാർക്കും എതിരെയും മാർ ഏലീശായും അദ്ദേഹത്തിന്റെ പക്ഷക്കാരും ചേർന്ന് മാർ നർസായ്ക്കും അദ്ദേഹത്തിന്റെ പക്ഷക്കാർക്കും എതിരെയും പുറപ്പെടുവിച്ചിട്ടുള്ള ബന്ധനങ്ങളും ശാപങ്ങളും ലിഖിതങ്ങളും നിരോധനങ്ങളും മാർ പൗലോസും മെത്രാന്മാരും ചേർന്ന് റദ്ദാക്കിയിട്ടുണ്ട്. ആദ്യം ശാന്താത്മാവായ മാർ പൗലോസും അദ്ദേഹത്തിന്റെ വിയോഗത്തിനുശേഷം ഞാനും ഇക്കാര്യം സമ്മതിച്ചു. ഞങ്ങൾ പരിശുദ്ധാത്മാവിന്റെ അധികാരത്താൽ ഇപ്രകാരം പറയുകയും പ്രവത്തിക്കുകയും ചെയ്തു. ഭിന്നതയും കലഹവും നിലനിന്ന ആ കാലഘട്ടത്തിൽ രണ്ടു പക്ഷക്കാർക്കും സുസ്ഥാപിതരാകാൻ കഴിഞ്ഞില്ല. അവക്ക് ഒരു പ്രവർത്തനവും നടത്താനും കഴിഞ്ഞില്ല. അതിനാൽ ഗത്യന്തരമില്ലാതായാലും കാര്യത്തിന്റെ അടിയന്തിരസ്വഭാവം കൊണ്ടും ഒരു തീരുമാനമെടുത്തു—ഇക്കാര്യം നാമും ചെയ്തു—ഭിന്നതയുടെ



കാലത്ത് ഏലീശായുടെയോ നർസായുടെയോ പക്ഷക്കാരിൽ നിന്ന് ആരെങ്കിലും പൗരോഹിത്യത്തിന്റെ വലംകൈയോ ജ്ഞാനസ്നാനത്തിന്റെ സ്ഥിരീകരണമോ ഏതെങ്കിലും അനുഗ്രഹമോ ദൈവ നാമത്തിലുള്ള കൈവയ്പോ സ്വീകരിച്ചിട്ടുണ്ടെങ്കിൽ, ദൈവസന്നിധിയിലുള്ള പ്രാർത്ഥനയോടും അഭ്യർത്ഥനയോടും കൂടെ അയാളോടു ക്ഷമിക്കുകയും അയാളെ അനുഗ്രഹിക്കുകയും ചെയ്യുന്നു. ആദ്യം മാർ പൗലോസും അദ്ദേഹത്തിനു ശേഷം നാമും, നമ്മുടെ കർത്താവും രക്ഷകനുമായ മിശിഹായുടെ അധികാരത്തോടും അനുഗ്രഹത്തോടും കൂടെ ഇക്കാര്യം സ്ഥിരീകരിക്കുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്തു. മാർ പൗലോസും മെത്രാന്മാരും ഇപ്രകാരം ചെയ്തു. അവർക്കുശേഷം ബലഹീനനായ നാമും.

ദൈവാനുഗ്രഹത്താൽ താഴെ പറയുന്ന കാര്യവും വേണ്ടവിധം പൂർത്തീകരിക്കപ്പെട്ടു. ഒരു മെത്രാൻ ന്യായമായവിധം കൈയാളുന്ന ഒരു മെത്രാസനം ഉണ്ടായിരിക്കുകയും അയാൾ ഭിന്നതയുടെ കാലത്ത് ഏലീശായുടെയോ നർസായുടെയോ പക്ഷക്കാരാൽ വാഴിക്കപ്പെട്ടവനല്ലാതിരിക്കുകയും ചെയ്താൽ, കുറ്റങ്ങളും കുറവുകളും ഇല്ലാത്തവനാണെങ്കിൽ, അയാൾ ഒരു വിധത്തിലും തെറ്റുകാരനല്ലാത്തതു കൊണ്ട് ആ സ്ഥാനത്ത് സ്ഥിരപ്പെടുത്തപ്പെടണം. "ദൈവവചന"ത്താൽ ആരും അയാളെ ശല്യം ചെയ്യരുത്. ഒരു മെത്രാസനം ഉണ്ടായിരിക്കുകയും അതു് അവകാശപ്പെടുന്നവരായി രണ്ടുപക്ഷത്തെയും ആളുകൾ ഉണ്ടായിരിക്കുകയും ചെയ്താൽ, പുണ്യപൂർണ്ണമായ ജീവിത രീതിയും കുറ്റമറ്റ വിശ്വാസവുമുള്ളയാൾ "ദൈവവചന"ത്താൽ മെത്രാൻ സ്ഥാനത്തു സ്ഥിരപ്പെടുത്തപ്പെടണം. മറ്റേ ആൾ വൈദികനായി സേവനം തുടരണം. അയാൾ മെത്രാൻ സ്ഥാനത്തിന്റെ കാര്യങ്ങളിൽ ഇടപെടുകയോ സഭയ്ക്കു ശല്യം ഉണ്ടാക്കുകയോ ചെയ്യരുത്.

രണ്ടുപേരും നല്ല ക്രമത്തിലും യഥാർത്ഥത്തിലും ഉള്ളവരാണെങ്കിൽ ആദ്യം മെത്രാനാക്കപ്പെട്ടയാളെ മെത്രാൻ സ്ഥാനത്തു സ്ഥിരപ്പെടുത്തണം. അങ്ങനെ സ്ഥിരപ്പെടുത്തപ്പെട്ടയാൾ ജീവിച്ചിരിക്കുന്ന കാലത്തോളം മറ്റെയാൾക്ക് മെത്രാൻ സ്ഥാനത്തിന്റെ ഭരണാധികാരത്തിലോ നേതൃത്വത്തിലോ

www.malankaralibrary.com



യാതൊരു പങ്കും ഉണ്ടായിരിക്കുന്നതല്ല. അയാൾ ശല്യങ്ങൾ ഒന്നും കുത്തിപ്പൊക്കുന്നില്ലെങ്കിൽത്തന്നെ "ദൈവവചന"ത്താൽ മെത്രാൻസ്ഥാനത്തിന്റെ വലതുകരത്തിൽ അയാൾക്ക് യാതൊരു അവകാശവുമില്ല. എങ്കിലും ബലിപീഠത്തിന്റെ മുമ്പിൽ ഡീയാക്കോണിയനിലോ ചാൻസലിലോ നിന്ന് കൂദാശകൾ സ്വീകരിക്കാൻ അയാളെ അനുവദിച്ചിരിക്കുന്നു. മെത്രാൻസ്ഥാനത്തു സ്ഥിരപ്പെടുത്തപ്പെട്ടയാൾ ആദ്യം വേർപെടുകയാണെങ്കിൽ മറ്റെയാൾ അയാളുടെ സ്ഥാനത്ത് മെത്രാൻ പദവിയിലും ശ്രുപതയിലും സ്ഥിരപ്പെടുത്തപ്പെടണം. രണ്ടുപേരും അർഹരല്ലെങ്കിൽ രണ്ടുപേരെയും സ്ഥാനത്തുനിന്നു നീക്കണം. അവർ നേരത്തെ ആയിരുന്ന സ്ഥാനത്തു തുടരണം.

ഇതുപോലെ തന്നെ നിങ്ങളുടെ നാട്ടിലെ മെത്രാൻസ്ഥാനത്തെക്കുറിച്ചുള്ള നിർദ്ദേശം സംബന്ധിച്ച്—മിശിഹായുടെ ദയാപൂർണ്ണമായ സ്നേഹത്തിൽ നിങ്ങളിൽ ഭൂരിപക്ഷം പേരും യാസീദ് അപ്രീദിന്റെ സ്ഥിരീകരണത്തെ സംബന്ധിച്ച് എനിക്കു എഴുതിയിരുന്നല്ലോ. മെത്രാൻസ്ഥാനത്തേയ്ക്കുള്ള അഭിഷേകം നേരത്തെ സ്വീകരിച്ചയാളാണല്ലോ അദ്ദേഹം. നിങ്ങളുടെയും നിങ്ങളുടെ നാട്ടിലെയും മെത്രാൻസ്ഥാനത്തേയ്ക്ക് അദ്ദേഹത്തെ നാം സ്ഥിരപ്പെടുത്തി. നിങ്ങളുടെ ശ്രുപതയിലേയ്ക്ക് എഴുതിയ ഒരു മറുപടിക്കത്തിൽ ഇക്കാര്യം നാം നിങ്ങൾക്ക് എഴുതിയിരുന്നു.

യാസീദ് അപ്രീദിന്റെ മെത്രാൻ സ്ഥാനത്തുള്ള സ്ഥിരീകരണത്തെ സംബന്ധിച്ച് ഞാൻ നിങ്ങൾക്ക എഴുതിയതിനു ശേഷം സർഗീസും നമ്മുടെ പക്കൽ വന്നു. നിങ്ങളിൽ ശേഷിച്ചവരുടെ പക്കൽനിന്നുള്ള കത്തുകളും ഇവിടെ വന്നു. സർഗീസ്സിന്റെ സത്യസന്ധതയും യുക്തതയും അവയിൽ ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നു. അദ്ദേഹത്തെ പരിചയമുള്ളവരും ഇവിടെയുണ്ടായിരിക്കാൻ ഇടയായവരുമായ ചില വ്യക്തികൾ—പ്രത്യേകിച്ച് രാജ്ഞിയുടെ ഒട്ടകസംരക്ഷകരിൽ പ്രധാനിയായ ഗാർമക്ക്കാരൻ സോറിനും ചില പ്രഭുക്കന്മാരും—സർഗീസ്സിന്റെ സമ്പ്രദായങ്ങളെക്കുറിച്ച് ബലമായ സാക്ഷ്യം നൽകി. അദ്ദേഹം അനധികൃതമായി മെത്രാൻ സ്ഥാനത്തേയ്ക്ക്



അഭിഷേകം സ്വീകരിച്ച എന്നതു ശരിയാണ്. നമ്മോടൊപ്പം സമ്മേളിച്ചിരുന്നവരുടെ സന്നിധിയിൽ സർഗീസ്സ് താഴെ പറയുന്ന പ്രസ്താവം അംഗീകരിച്ചു; അതിനു് ഞാൻ ദൈവസന്നിധിയിൽ സാക്ഷ്യം വഹിക്കുകയും ചെയ്തു: "താങ്കൾ അഭിഷേകം സ്വീകരിച്ച സമയത്ത് അതു താങ്കൾക്ക് അനുവദിക്കപ്പെട്ടിരുന്നില്ല. കാതോലിക്കേറ്റിന്റെ ഐക്യത്തെ സംബന്ധിച്ചേടത്തോളം അതു സത്യസന്ധമോ ശരിയായിട്ടുള്ളതോ ആണെന്ന് ഞാൻ കേട്ടിട്ടുമില്ല". എന്നാൽ അതേസമയം അദ്ദേഹം പുറപ്പെട്ടുവന്നതായ നിങ്ങളുടെ നാട് വളരെ വിദൂരമാണെന്നു സമ്മതിക്കണം--വിദൂരയാത്രമൂലമുണ്ടായ ക്ഷീണാധിക്യം അദ്ദേഹത്തിൽ പ്രകടവുമായിരുന്നു. എന്നു മാത്രമല്ല, അദ്ദേഹം എല്ലാ ദിവസവും ഉപവസിക്കുകയും നിരന്തരമായി പ്രാർത്ഥിക്കുകയും ചെയ്തിരുന്നുവെന്ന് വിശ്വാസ്യരായ ആളുകളിൽ നിന്നു ഞങ്ങൾക്ക് അറിവു ലഭിക്കുകയും ചെയ്തു. അനുചിതമായ വിധത്തിലാണു താൻ മെത്രാൻസ്ഥാനം സ്വീകരിച്ചതു് എന്നതിനെക്കുറിച്ച് അദ്ദേഹം വലുതായി ദുഃഖിക്കുകയും വിലപിക്കുകയും പശ്ചാത്തപിക്കുകയും ചെയ്തു. ഇക്കാര്യങ്ങളും ഇതുപോലുള്ള മറ്റു കാര്യങ്ങളും പരിഗണിച്ച് ഞങ്ങൾ അദ്ദേഹത്തിന്റെ പേരിൽ ദുഃഖിതരായി. നാം നേരത്തെ നിങ്ങൾക്ക് എഴുതിയിരുന്നതുപോലെ അദ്ദേഹം മെത്രാൻസ്ഥാനത്തിന്റെ വലതുകരത്തിൽ നിന്ന് മാറ്റിനിർത്തപ്പെട്ടിരുന്നുവെങ്കിലും കർത്താവിന്റെ സന്നിധിയിൽ നാം അദ്ദേഹത്തോടു ക്ഷമിക്കുകയും അദ്ദേഹത്തിനു "സമാധാന"വും ശുശ്രൂഷാസ്ഥാനവും അർപ്പണത്തിൽ പങ്കാളിത്തവും നൽകുകയും ചെയ്തു.

നിങ്ങളുടെ നാട്ടിൽ മെത്രാസനത്തിനു വളരെ യോജിച്ച ഒരു സ്ഥലമുണ്ട് എന്ന് സർഗ്ഗീസിൽ നിന്നും മറ്റാളുകളിൽ നിന്നും മനസ്സിലാക്കി. പ്രസ്തുത സ്ഥലത്തെ സംബന്ധിച്ച് ഇതിനുമുമ്പും നമുക്ക് അറിവ് ലഭിച്ചിട്ടുള്ളതാണ്. അതിനാൽ കലഹശമനത്തിനും നിങ്ങളുടെ സമാധാന വർദ്ധനവിനും വേണ്ടി താഴെ പറയുന്ന ക്രമീകരണം ചെയ്യുന്നതു യുക്തമായിരിക്കുമെന്നു നമുക്കുതോന്നി. യാസീദ് അപ്രീദും സർഗീസും ജീവിച്ചിരിക്കുന്ന കാലത്തോളം യാസീദ് അപ്രീദ്, സാരീഗ്, പാദറഹ്, ഖാശ് എന്നീ പള്ളികളെയും സമീപപ്രദേശ

www.malankaralibrary.com



ങ്ങളെയും അവയുടെ വകയായിട്ടുള്ള സകലതിനെയും മെത്രാൻ സ്ഥാനത്തിരുന്നു ഭരിക്കണം. ആരും അദ്ദേഹത്തെ ഉപദ്രവിക്കുകയോ ശല്യപ്പെടുത്തുകയോ അരുതെന്ന് ദൈവവചനത്താൽ നാം വിലക്കുന്നു. ബാസ്റ്റ്, റോക്കോത് എന്നീ സ്ഥലങ്ങളിലെ പള്ളികളെ സർഗീസ് കയ്യാളുകയും മെത്രാനായി ഭരിക്കുകയും ചെയ്യണം. ആരും അദ്ദേഹത്തെ ഉപദ്രവിക്കരുതെന്ന് ''ദൈവവചന''ത്താൽ നാം വിലക്കുന്നു. യാസീദ് അപ്രീദ് ജീവിച്ചിരിക്കുന്ന കാലത്തോളം സർഗീസിന് സാരിഗ്, പാറെഹ്, ഖാശ് എന്നീ സ്ഥലങ്ങളിലെ ക്രൈസ്തവദേവാലയങ്ങളിൽ അധികാരം നടത്താനോ മെത്രാൻ സ്ഥാനത്തിന്റേതായ കൃത്യങ്ങൾ നടത്താനോ അനുവാദമില്ല. കാരണം അവ യാസീദ് അപ്രീദിന്റെ അധീനത്തിലുള്ളവയാണ്; നാം അപ്രകാരം വിധിച്ചിരിക്കുന്നു. സർഗീസ് ജീവിച്ചിരിക്കുന്ന കാലത്തോളം അദ്ദേഹം അവിടെ സ്വീകരിക്കപ്പെടുന്നുണ്ടെങ്കിൽ ബാസ്റ്റ്, റോക്കോത് എന്നീ സ്ഥലങ്ങളിലെ പള്ളികളിൽ അധികാരം നടത്താനോ മെത്രാന്റേതായ കർമ്മങ്ങളിൽ ഏർപ്പെടാനോ യാസീദ് അപ്രീദിന് അനുവാദമില്ല. ഈ ഇരുവരിൽ ഒരാൾ നിര്യാതനായാൽ കലക്കത്തിനുമുമ്പ് സെജിസ്ഥാനിൽ നിലനിന്നിരുന്ന രീതിയനുസരിച്ച്, മരിച്ചയാളിന്റെ അധീനതയിലുള്ള പള്ളികളും ജീവിച്ചിരിക്കുന്നയാൾ ഭരിക്കണം.

അതിനാൽ സർഗീസ് ഈ കത്തുമായി നിങ്ങളുടെയടുത്തു വരുമ്പോൾ അദ്ദേഹം ബാസ്റ്റിന്റെയും റോക്കോത്തിന്റെയും മെത്രാസനത്തിൽ സ്ഥിരപ്പെടുത്തപ്പെടേണ്ടതാണെന്ന് യാസീദ് അപ്രീദും നിങ്ങളും ആ സ്ഥലങ്ങളിലെ വൈദികരെയും വിശ്വാസികളായ അൽമായരെയും അറിയിക്കണം. ബാസ്റ്റിലെ ജനങ്ങൾ അവിടെ ഒരു മെത്രാസനം ഉണ്ടാകുന്നതിനെ എതിർക്കുന്നുവെങ്കിൽ അതിനുള്ള കാരണങ്ങൾ അവരും യാസീദ് അപ്രീദും നിങ്ങളും കൂടെ എഴുതി നമ്മെ അറിയിക്കണം. അങ്ങനെ നിങ്ങൾ അറിയിക്കുകയും ആ സ്ഥലം ഒരു മെത്രാസനത്തിനു യുക്തമാണോ അല്ലയോ എന്ന് നാം തീരുമാനിക്കുകയും ചെയ്യുന്നതിനിടയ്ക്കുള്ളതായ സമയത്ത് യാസിദ് അപ്രീദ് തന്നെ സാറിഗ്, പാറെഹ്, ഖാശ് എന്നീ സ്ഥല



ങ്ങളെപ്പോലെ തന്നെ ബാസ്റ്റ്, റോക്കോത് എന്നീ സലങ്ങളെയും മെത്രാനായി ഭരിച്ചുകൊണ്ടിരിക്കണം. സർഗീസ് സ്നേഹത്തിലും ഐക്യത്തിലും അദ്ദേഹത്തോടു ചേർന്നു നില്ക്കണം. അദ്ദേഹത്തിന്റെ മെത്രാൻ സ്ഥാനത്തേക്കുള്ള അഭിഷേകം അദ്ദേഹത്തിനായി സംരക്ഷിക്കപ്പെട്ടിട്ടുണ്ട്. എങ്കിലും മെത്രാൻ സ്ഥാനത്തിന്റെ ജോലിയും നേതൃത്വവും ഇല്ലാതെ അദ്ദേഹം എവിടെ താമസിച്ചാലും ''ദൈവവചന''ത്താൽ ബാസ്റ്റിൽ അംഗീകരിക്കപ്പെടാത്തപക്ഷം ആരുടെയും മേൽ പട്ടത്വത്തിന്റെ വലതുകരം വയ്ക്കാനോ ജനങ്ങളുടെ തലവനായി നിൽക്കാനോ പള്ളിയിൽ മെത്രാന്മാരുടെ നിരയിൽ നിൽക്കാനോ ബഹളവും ഭിന്നതയും നവീകരിക്കുന്നതിനുള്ള പ്രവണത പ്രകടിപ്പിക്കാനോ അദ്ദേഹത്തിനു അനുവാദമില്ല. എങ്കിലും ബലിപീഠത്തിനു മുന്നിൽ 'ഡിയാക്കോണിയനിലോ' 'ചാൻസെലിലോ' മെത്രാന്മാരുടെ ക്രമത്തിൽ കുദാശ സ്വീകരിക്കാൻ അദ്ദേഹത്തെ അനുവദിച്ചിരിക്കുന്നു. യാസിദ് അപ്രീദ് ആദ്യം നിര്യാതനാവുകയാണെങ്കിൽ, സർഗീസ് ജീവിച്ചിരിക്കുന്നിടത്തോളംകാലം അദ്ദേഹത്തിന്റെ സ്ഥാനത്ത് അഭിഷിക്തനാകാൻ ''ദൈവവചന''ത്താൽ മററാരെയും അനുവദിക്കുന്നതല്ല. ''ദൈവവചന''ത്താൽ സർഗീസ് മാത്രമായിരിക്കും അദ്ദേഹത്തിന്റെ പിൻഗാമി.

ഇക്കാര്യങ്ങളോടൊപ്പം താഴെ പറയുന്ന കാര്യവും ഞാൻ നിങ്ങളെ അറിയിക്കുന്നു. സർഗീസോ, യാസിദ് അപ്രീദോ ക്രൈസ്തവരുടെയിടയിലുള്ള ആരെങ്കിലുമോ ദാവീദ് മെത്രാനോടു സഹകരിക്കാൻ ''ദൈവവചന''ത്താൽ അനുവദിക്കപ്പെടുന്നില്ല. നാം പ്രസ്തുത ദാവീദ് മെത്രാനെ ബന്ധിക്കുകയും ശപിക്കുകയും ചെയ്തിരിക്കുന്നു. അയാൾക്കു ക്ഷമയും സസ്പെൻഷൻ റദ്ദാക്കലും നൽകപ്പെട്ടതായി നമ്മുടെ പക്കൽ നിന്ന് കത്തു കിട്ടിയെങ്കിൽ മാത്രമേ ഇതിന് ഒഴിവുണ്ടാകുകയുള്ളൂ. ഈ എഴുത്തിൽ പറഞ്ഞിരിക്കുന്ന എല്ലാ കാര്യങ്ങളും സർഗീസ് സമ്മതിക്കുകയും സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. തനിക്ക് വേറെ ഏതെങ്കിലും വിധത്തിൽ പ്രവർത്തിക്കുന്നതിന് അധികാരമില്ലെന്ന് അദ്ദേഹം പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും സന്നിധിയിൽ

www.malankaralibrary.com



നമ്മോടു ഉടമ്പടി ചെയ്യുകയും അതിന്മേൽ മുദ്ര വയ്ക്കുകയും നമ്മോടൊപ്പം അതു സാധുവാക്കുകയും ചെയ്തിരിക്കുന്നു. ഇക്കാര്യങ്ങൾക്കുശേഷം യാസിദ് അപ്രീദ് ഈ സർഗീസ് മെത്രാനെ ഖാശിലെ മെത്രാൻ സ്ഥാനത്തിന്റെ നേതൃത്വത്തിൽ ഇഷ്ടപ്പെടുന്നുവെങ്കിൽ അദ്ദേഹവും ഖാശിലെ മെത്രാൻ സ്ഥാനത്തു ഭരിക്കട്ടെ.

ഈ ഡിക്രികൾക്കും നിർവ്വചനങ്ങൾക്കും താഴെ പറയുന്ന ദൈവസ്നേഹമുള്ളയാളുകൾ സമ്മതിച്ചിരിക്കുന്നു.

മാർ ഹെനാനാ, ഹെദിയാബു മെത്രാപ്പോലീത്താ
,, ദയ്റായാ, ബേത്—ഗർമയ് മെത്രാപ്പോലീത്താ
,, മോശ, ബേത്—ബാഗാശ് മെത്രാൻ
,, യൗസേപ്പ്, ലാശാം മെത്രാൻ
,, ബർനോൻ, ടറീഹാൻ മെത്രാൻ
,, ശെമഓൻ, മായൽതാ മെത്രാൻ
,, പൗലോസ്, ബർഹീസ് മെത്രാൻ
,, മാറൂഥാ, തഹാൽ മെത്രാൻ
,, യാക്കോബ്, പൈദംഗരൻ മെത്രാൻ
,, യോഹന്നാൻ, അസേർബൈജാൻ മെത്രാൻ

അവർ അവയുടെമേൽ സ്വന്തം മുദ്രകൾ പതിപ്പിക്കുകയും അവയെ സ്ഥിരീകരിക്കുകയും ചെയ്തിരിക്കുന്നു.

# അഞ്ചാമത്

**സഭാ നേതൃത്വത്തിന്റെ എല്ലാ വിഭാഗങ്ങൾക്കും വേണ്ടിയുള്ള നിർവ്വചനങ്ങളെയും കാനോനകളെയും സംബന്ധിച്ച്:**

എന്റെ സഹോദരന്മാരും സഹശുശ്രൂഷകന്മാരുമായ ദോഹാമായ്_അർദഷീറിലെയും അതിന്റെ മുഖ്യ നഗരത്തിന്റെയും മൈശാൻ പ്രവിശ്യ മുഴവന്റെയും മെത്രാൻ ദൈവസ്നേഹമുള്ള മാർ യോഹന്നാനും അർബേലിന്റെയും അതിന്റെ മുഖ്യ നഗരത്തിന്റെയും ഹെദിയാബ് പ്രവിശ്യ മുഴവന്റെയും മെത്രാനായ മാർ ഹെനാനായും കർക്കാ ദ്ബേതിന്റെയും അതിന്റെ മുഖ്യ നഗരത്തിന്റെയും ബേത്_ഗർമായ് പ്രവിശ്യ മുഴവന്റെയും മെത്രാനായ മാർ ദയ്റായായും റിവ് അർദഷീറിന്റെയും മുഖ്യ നഗരത്തിന്റെയും പേർഷ്യാ പ്രവിശ്യ മുഴവന്റെയും മെത്രാനായ മാർ മാനായും ദൈവസ്നേഹമുള്ള മററു സഹോദരന്മാർക്കും സഹശുശ്രൂഷകർക്കും നമ്മുടെ പാത്രീയർക്കാ സിംഹാസനത്തിന്റെ മേൽനോട്ടമുള്ള അരാമിയാ തുടങ്ങിയ സ്ഥലങ്ങളിലെ മെത്രാന്മാർക്കും നമ്മുടെ സഹോദരന്മാർക്കും സഹശുശ്രൂഷകർക്കും പടിഞ്ഞാറേ അതിർത്തിക്കപ്പുറമുള്ള നിസിബിസ് പാഗോസിലെ ദൈവസ്നേഹമുള്ള മെത്രാന്മാർക്കും നമ്മുടെ സഹോദരന്മാർക്കും സഹശുശ്രൂഷകർക്കും മൈശാൻ പ്രവിശ്യയിലെ ദൈവസ്നേഹമുള്ള മെത്രാന്മാർക്കും നമ്മുടെ സഹോദരന്മാർക്കും സഹശുശ്രൂഷകർക്കും ബേത്_ഹ്ദസായേ പ്രവിശ്യയിലെയും ബേത്ലാപാത്ത് പാഗോസിലെയും മെത്രാന്മാർക്കും നമ്മുടെ സഹോദരന്മാർക്കും സഹശുശ്രൂഷകന്മാർക്കും ഹെദിയാബ് പ്രവിശ്യയിലെ ദൈവസ്നേഹമുള്ള മെത്രാന്മാർക്കും നമ്മുടെ സഹോദരന്മാർക്കും സഹശുശ്രൂഷകർക്കും തങ്ങളുടെ മാനങ്ങൾക്കും അധികാരാതിർത്തികൾക്കും ഉള്ളിൽ വസിക്കുന്ന ഖർദാദിലും അതിനപ്പുറവുമുള്ള മെത്രാന്മാർക്കും വടക്കും കിഴക്കും ഭാഗങ്ങളിൽ സമീപത്തും അകലെയുമുള്ള എല്ലാ

www.malankaralibrary.com



മെത്രാന്മാക്കും നിങ്ങളുടെ സ്നേഹിതനായ ആബാപാത്രിയക്കീസ്, നമ്മുടെ പ്രത്യാശയും തന്നെ ഭയപ്പെടുന്നവരുടെ സംരക്ഷകനും തന്റെ സഭയുടെ രക്ഷാകർത്താവുമായ നമ്മുടെ കർത്താവിൽ വളരെ സമാധാനം ആശംസിക്കുന്നു.

നമ്മുടെ കർത്താവായ യേശുമിശിഹായുടെ യുക്തിയുക്തമായ ആട്ടിൻകൂട്ടത്തിന്റെ ജാഗ്രതയുള്ള ഇടയന്മാരായ എന്റെ സഹോദരരേ, മാററങ്ങൾക്കധീനമായ ഈ ലോകത്തിലെ ജീവിതത്തിലായിരിക്കുന്നെടത്തോളം കാലം മനുഷ്യശരീരത്തിന്റെ അവസ്ഥ നിങ്ങൾക്ക് അറിവുള്ളതാണല്ലോ. അതിന്റെ നിലനില്പിന് പരിമിതിയിലും പ്രശാന്തതയിലും പലതും ആവശ്യമുണ്ട്. അമിതോപഭോഗംകൊണ്ട് അതിന് ഞെരുക്കമോ പാരുഷ്യമോ ഉണ്ടാകരുത്. ഇല്ലായ്മകൊണ്ട് മെലിഞ്ഞു ദുർബ്ബലമാകാനിടയാകരുത്. യുക്തമല്ലാത്ത കാര്യങ്ങൾ കൊണ്ട് അതിന് ക്ലേശമോ വിക്ഷോഭമോ ഉണ്ടാകരുത്. അഹങ്കാരംമൂലം വഴിതെററി നടന്ന് ഉപേക്ഷിതമാകരുത്. അശ്രദ്ധകൊണ്ട് ഏതെങ്കിലും കാര്യത്തിലേക്ക് എടുത്തുചാടി ഉപേക്ഷിതമാകരുത്. ഇതുപോലെ തന്നെയോ ഇതിലധികമായോ സഭയുടെ കാര്യത്തിൽ നാം ജാഗ്രത പുലർത്തേണ്ടതുണ്ട്. എന്നെപ്പോലെതന്നെ നിങ്ങളും സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ കയ്യാളുന്നവരാണല്ലോ. അതിനാൽ നാം പൂർണ്ണ ഇച്ഛയോടും പൂർണ്ണആത്മാവോടും പൂർണ്ണമനസ്സോടുംകൂടെ ദൈവത്തിന്റെ സഭയുടെ നിർവ്വചനങ്ങളുടെയും കാനോനകളുടെയും കാര്യത്തിൽ ജാഗ്രത പുലർത്തണം. സഭ നമ്മുടെ രക്ഷകന്റെ ആദ്ധ്യാത്മിക ശരീരമാണല്ലോ. നമ്മുടെ നന്മയ്ക്കുവേണ്ടി നിവ്വഹിക്കേണ്ടതായി ദൈവികജ്ഞാനം കല്പിച്ചിട്ടുള്ള കാര്യങ്ങൾ പ്രീണിപ്പിക്കാനുള്ള മാനുഷികവും സഹതാപാധിഷ്ഠിതവുമായ ആഗ്രഹത്താൽ നമ്മുടെ ജനങ്ങളിൽ നിന്നു മാററപ്പെടരുത്. ക്രൈസ്തവരിൽ ഒരു നിലയിലുള്ളവർക്കും ഉചിതമല്ലാത്ത മോശപ്പെട്ടകാര്യങ്ങൾ നേതൃത്വത്തിന്റെ ഉപേക്ഷമൂലം നമ്മുടെ സമൂഹത്തിൽ നടക്കാനിടയാകരുത്. തലവൻ എവിടെയെല്ലാം കുറവില്ലാത്തവനായിരിക്കുന്നുവോ അവിടെയെല്ലാം അയാൾക്കു കീഴിലുള്ളവരും കുററമററവരായിരിക്കും. അവർ വളരെ അനായാസമായി കോട്ടങ്ങൾ കൂടാതെ സംരക്ഷിക്കപ്പെടും. കാരണം



അനുയായികൾ നേതാവിനെ അനുസരിക്കണം. അയാൾ അവരെ വഴിനടത്തണം. എന്നാൽ നേതാവ് ആരുതന്നെയായാലും അയാൾ സ്വന്തം ഉപേക്ഷകൊണ്ടു ബലഹീനനാകുമ്പോൾ നയിക്കപ്പെടുന്നവർ അയാളോട് അവജ്ഞയോടെ പെരുമാറും. ക്രമമായ വിധത്തിൽ അവരെ നയിക്കാൻ സാധിക്കുകയില്ല. നായകൻ ചെയ്യുന്ന അനുചിതമായ കാര്യങ്ങൾ മൂലം അവർ വിക്ഷുബ്ധരാകും.

അതിനാൽ മററധികം കാര്യങ്ങൾ ചെയ്യുന്നതിനു മുമ്പ് നമുക്ക് നായകന്മാരുടെകാര്യം ശരിയാക്കേണ്ടതുണ്ട്. കാരണം സഭാത്മകമായ സംരക്ഷണങ്ങളെല്ലാം അവരെ ആശ്രയിച്ചാണു സ്ഥിതിചെയ്യുന്നത്. ദൈവാരാധനയുടെ എല്ലാ വിഭാഗങ്ങളും അവരിലൂടെ പൂർത്തിയാകുന്നു. അവരെ കൂടാതെ ക്രിസ്തുമതത്തിന് ഭൂമിയിൽ സ്ഥാപിതമാകാനോ വളരാനോ മനുഷ്യരുടെയിടയിൽ തഴയ്ക്കാനോ സാദ്ധ്യമല്ല. അതുകൊണ്ടുതന്നെയാണു കർത്താവ് സ്നാപകന്റെ സാക്ഷ്യവും മുകളിൽ നിന്നുള്ള ശബ്ദവും വഴി ഇസ്രായേലിന് അറിയിക്കപ്പെട്ട ഉടനേതന്നെ തന്റെ ശിഷ്യന്മാരായി ശ്ലീഹന്മാരെ തെരഞ്ഞെടുത്തത്. അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കുകയും പ്രദീപ്തമായ രീതിയിൽ ബോധനം നൽകുകയും ചെയ്തതിനുശേഷം, തന്റെ സുവിശേഷം പ്രസംഗിക്കുന്നവരെയും തന്റെ സഭയുടെ നായകന്മാരെയും കുറിച്ചുള്ള കാര്യങ്ങൾ ഉപമകൾ വഴി അവിടുന്നു വെളിപ്പെടുത്തി. അവർ സ്വീകരിക്കാൻ പോകുന്ന സ്വർഗ്ഗീയദാനങ്ങളും ഔന്നത്യത്തിലും അഗാധതയിലും അവർ കയ്യാളാൻ പോകുന്ന അധികാരവും അവിടുന്നു വെളിപ്പെടുത്തി. അവർക്കു യോജിച്ച സമ്പ്രദായങ്ങൾ, വേദനകളിൽ അവർക്കുണ്ടായിരിക്കേണ്ട ക്ഷമ, സുവിശേഷത്തിൽ അവരുടെ അദ്ധ്വാനം, സുവിശേഷത്തെ സംബന്ധിച്ച കാര്യങ്ങൾ, അതുകൊണ്ടും അതുവഴിയും ചെയ്യേണ്ട കാര്യങ്ങൾ, അതിനെ സംബന്ധിച്ച് അവർക്കു വേണ്ടിവരുന്ന പോരാട്ടങ്ങളും പരീക്ഷണങ്ങളും, നമ്മുടെ കാലത്തിനു മുമ്പും ഇപ്പോൾ നമ്മുടെ കാലത്തും ഇനി നമുക്കു ശേഷവും ഉണ്ടാകാൻ പോകുന്ന കാര്യങ്ങൾ എന്നിവയെല്ലാം അവിടുന്നു വെളിപ്പെടുത്തി. ശിഷ്യന്മാർക്കു യോജിക്കാത്ത എല്ലാ കാര്യങ്ങളിൽ നിന്നും അവരെ വിലക്കു

www.malankaralibrary.com



കയും ചെയ്തു. തെരഞ്ഞെടുക്കപ്പെട്ട പാത്രമായ അനുഗ്രഹീതനായ പൗലോസ്, മിശിഹായുടെ നാമം സ്വന്ത ജനത്തിന്റെയും ജാതികളുടെയും പക്കലെത്തിച്ചു. അദ്ദേഹം സത്യത്തിനു വേണ്ടി ബന്ധനങ്ങളും ചമ്മട്ടിയടികളും മററു പലതരം പീഡനങ്ങളും അനുഭവിച്ചു. അദ്ദേഹവും സഭയിൽ നേതാക്കന്മാരെ ഏർപ്പെടുത്തി. പ്രധാന നഗരങ്ങളിൽ മെത്രാപ്പോലീത്താമാരെയും മററുനഗരങ്ങളിൽ മെത്രാന്മാരെയും അദ്ദേഹം നിയമിച്ചു.

ശ്ലീഹന്മാർക്കുശേഷം തെരഞ്ഞെടുക്കപ്പെട്ടവരായ വിശുദ്ധപിതാക്കന്മാരും ഈ രീതിയിൽതന്നെ പ്രവർത്തിച്ചു. ആ മെത്രാപ്പോലീത്താമാരിലും മെത്രാന്മാരിലും ഒരാൾപോലും പാത്രിയർക്കീസ് നിശ്ചയിച്ച പരിധികൾ ലംഘിക്കാൻ ധൈര്യപ്പെട്ടിട്ടില്ല. മെത്രാപ്പോലീത്താമാരെക്കാൾ സ്വയം ഉയർത്തുവാൻ മെത്രാന്മാർ അനുവദിക്കപ്പെട്ടിരുന്നില്ല. വിശ്വസ്തനായ ഒരു മെത്രാൻ തന്റെ മെത്രാപ്പോലീത്തായെ സന്ദർശിക്കാനുള്ള സമയം ഏതെന്നറിയാമായിരുന്നു. ബുദ്ധിമാനായ ഒരു മെത്രാപ്പോലീത്താ പാത്രിയർക്കീസിന്റെ അടുത്തുവരാനുള്ള സമയം അവഗണിച്ചിരുന്നുമില്ല. പടിഞ്ഞാറൻ പ്രദേശത്തും അതിനോടുചേർന്ന ഭാഗങ്ങളിലും ഇതു കാണാവുന്നതാണ്. വിശ്വാസ സംബന്ധമായ ഏതെങ്കിലും കാര്യത്തിൽ വിവിധ കാരണങ്ങളാൽ സംഘർഷമോ ഭിന്നതയോ ഉണ്ടായാൽ പോലും നിയമപരമായി അതായത് അപ്പസ്തോലിക കാനോനാകളിലും പൗരോഹിത്യത്തെ സംബന്ധിച്ച ചട്ടങ്ങളിലും സഭാത്മക അതിർവരമ്പുകളിലും അവിടെ അനാദരപൂർവം പെരുമാറാൻ ആരും ധൈര്യപ്പെടാറില്ല; അങ്ങനെ ധൈര്യപ്പെട്ടാൽ അതിനുചിതമായ ശിക്ഷാവിധിയിൽനിന്നും പ്രായശ്ചിത്തത്തിൽ നിന്നും ആരും രക്ഷപെടാറും ഇല്ല. ഒരു മെത്രാൻ വേണ്ടവിധത്തിൽ നിർവചിച്ച ഒരു കാര്യം അദ്ദേഹത്തിനു കീഴിലുള്ള ആർക്കും നിരാകരിക്കുവാൻ സാധ്യമല്ല. ഒരു മെത്രാപ്പോലീത്താ ശരിയായ വിധത്തിൽ വിലക്കുകയോ പരിമിതപ്പെടുത്തുകയോ ചെയ്ത കാര്യം അവഗണിക്കുവാനോ തള്ളിക്കളയുവാനോ ഒരു മെത്രാൻ അനുവദിക്കപ്പെടുന്നില്ല. അതുപോലെതന്നെ, പാത്രിയർക്കീസ് വിലക്കുകയോ നിർവ്വചിക്കുകയോ ചെയ്തിട്ടുള്ള ഒരു കാര്യവും റദ്ദാക്കുവാൻ മെത്രാ



പ്പോലീത്താമാർക്കോ മെത്രാന്മാർക്കോ അധികാരമില്ല. പരിശുദ്ധാത്മാവ് പൗരോഹിത്യത്തിന്റെ വേലക്കായി അവരെ തെരഞ്ഞെടുത്തിട്ടുള്ളത് താഴത്തെ ക്രമത്തിലുള്ളവർ മദ്ധ്യശ്രേണിയിലുള്ളവരെയും മദ്ധ്യശ്രേണിയിലുള്ളവർ മുകളിലുള്ളവരെയും ആശ്രയിക്കത്തക്ക വിധത്തിലാണ്. അർഹതയനുസരിച്ച് അവർ പ്രസ്തുത ശ്രേണികളിലേക്ക് ഉയർത്തപ്പെടുന്നു. സ്വർഗ്ഗത്തിലേക്കുയർത്തപ്പെടാനുള്ള വാഗ്ദാനത്തിനു തുല്യമാണിത്. സത്യത്തെ അനുസരിക്കാത്തവർ അവിടെ വീഴുകയും ശിക്ഷയുടെ അഗാധതയിലേക്ക് എറിയപ്പെടുകയും ചെയ്യുന്നു.

അതിനാൽ പാത്രിയർക്കീസ്, മെത്രാപ്പോലീത്താമാരോടും മെത്രാന്മാരോടും ആജ്ഞാപിക്കുമ്പോൾ, അഥവാ മെത്രാപ്പോലീത്താ മെത്രാന്മാരെ വിളിക്കുമ്പോൾ, അഥവാ മെത്രാൻ തന്റെ കീഴിലുള്ളവരോട് എന്തെങ്കിലും കല്പിക്കുമ്പോൾ അവർ അതു വേഗത്തിലും അശ്രദ്ധ കൂടാതെയും അനുസരിക്കണം. കാരണം ആ മേലധികാരികളുടെ ആജ്ഞകൾ ലംഘിക്കാൻ കീഴിലുള്ളവർക്ക് അധികാരമില്ല. അതുപോലെ മെത്രാപ്പോലീത്താമാരോ മെത്രാന്മാരോ പാത്രിയർക്കീസിന്റെ ആസ്ഥാനം സന്ദർശിക്കുമ്പോൾ, അഥവാ മെത്രാന്മാർ മെത്രാപ്പോലീത്തായുടെ ഓഫീസ് സന്ദർശിക്കുമ്പോൾ, പാത്രിയർക്കീസോ മെത്രാപ്പോലീത്തായോ ഏതെങ്കിലും കാരണവശാൽ അവിടെയില്ലെങ്കിൽ, മെത്രാപ്പോലീത്താമാരും മെത്രാന്മാരും മേലധികാരിയുടെ ആസ്ഥാന നഗരത്തിൽപ്പോലും പ്രവേശിച്ചുകൂടാത്തതാകുന്നു, പ്രവേശിക്കുകയാണെങ്കിൽ പാത്രിയർക്കീസിനെ കൂടാതെയും അദ്ദേഹത്തിന്റെ അനുവാദം കൂടാതെയും ഭരണസംബന്ധമോ സഭാസംബന്ധമോ ആയ കാര്യങ്ങളിൽ ഏതെങ്കിലും വിധത്തിൽ ആജ്ഞ നൽകാനോ പ്രവർത്തിക്കാനോ ലിഖിതമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കാനോ ആരാധനക്രമത്തിൽ പങ്കെടുക്കാനോ അവർക്ക് അനുവാദമില്ല. മെത്രാപ്പോലീത്തായുടെ ആസ്ഥാനത്തു ചെന്നെത്തുന്ന മെത്രാന്മാരും ഈ നിയന്ത്രണങ്ങൾ പാലിക്കേണ്ടതാണ്. എന്നാൽ അയാൾ പാത്രിയർക്കീസിനോടൊപ്പമായിരിക്കുമ്പോൾ ഇതിന് ഒഴിവുണ്ട്. അപ്പസ്തോലികമായ ഈ പാരമ്പര്യമനുസരിച്ച് നമ്മുടെ ഈ പൗരസ്ത്യപ്രദേശത്തും സമീപമുള്ള പ്രദേശങ്ങളിലും ഈ കാര്യങ്ങൾ മിശിഹായുടെ തിരുവിഷ്ടമനുസരിച്ചു തുടർന്നുവരുന്നു.

www.malankaralibrary.com



എന്നാൽ സാത്താന്റെ പ്രേരണമൂലം ചില ഘട്ടങ്ങളിൽ ശത്രുത തലപൊക്കിയിട്ടുണ്ട്. മെത്രാന്മാർ അനർഹമായവിധത്തിൽ മെത്രാപ്പോലീത്താമാർക്കെതിരായി ശക്തിപ്രയോഗം നടത്തിയിട്ടുണ്ട്. ചില സന്ദർഭങ്ങളിൽ മെത്രാപ്പോലീത്താമാർ അനർഹമായ വിധത്തിൽ പാത്രിയർക്കീസിനോടു മത്സരിച്ചിട്ടുണ്ട്. അവർ ക്രമരഹിതമായ രീതിയിൽ സംസാരിക്കാനും അവർക്കു ചേരാത്ത ചില കാര്യങ്ങൾ സഭാനിയമങ്ങൾക്കു വിരുദ്ധമായി പ്രവർത്തിക്കാനും മുതിർന്നിട്ടുണ്ട്. അവർ പറയുകയും പ്രവർത്തിക്കുകയും ചെയ്ത ചില കാര്യങ്ങൾ അസ്വീകാര്യമായി വന്നിട്ടുണ്ട്. എന്നാൽ അവർ നിഷേധാത്മകമായി പ്രവർത്തിച്ച ഈ കാര്യങ്ങളെല്ലാം നിഷ്ഫലമായി പരിണമിച്ചു. അതേ സമയം പൈതൃകമായ ക്രമീകരണങ്ങൾക്കനുസൃതമായി നിർവ്വഹിക്കപ്പെട്ട കാര്യങ്ങൾ പഴയതുപോലെ നിലനിൽക്കുന്നു. അവയ്ക്ക് ഇളക്കമൊന്നും തട്ടിയിട്ടില്ല. പതിനഞ്ചുവർഷം ദീർഘിച്ച കാലഘട്ടം മുഴവൻ പാത്രിയാർക്കേറ്റിൽ ഭിന്നത നിലനിന്നു. പൗരസ്ത്യപ്രദേശത്തും സമീപപ്രദേശങ്ങളിലുമുള്ള സഭകളുടെമേൽ കുഴപ്പവും ഭിന്നതയും നടമാടി. എല്ലാക്രമങ്ങളും കുഴപ്പത്തിലായി. സഭാനിയമങ്ങൾ പിച്ചിച്ചീന്തപ്പെട്ടു. ഓരോരുത്തരും സ്വന്തം ഇച്ഛയ്ക്കൊത്തു പെരുമാറി. ധിക്കാരവും ക്രമമില്ലായ്മയും എങ്ങും നിറഞ്ഞു. മിശിഹായുടെ കാരുണ്യത്താൽ ഈ കുഴപ്പങ്ങളെല്ലാം അവസാനിച്ചു. പാത്രിയാർക്കേറ്റിനെ ദുർബ്ബലമാക്കിയ ഭിന്നത തന്റെ സഭയിൽനിന്നു നിർമ്മാർജ്ജനം ചെയ്യപ്പെടാൻ അവിടുന്ന് ഇടയാക്കി. കാതോലിക്കേറ്റ് ഭരണത്തിലെ ഏകത പുനസ്ഥാപിതമായി. വിവിധ സ്ഥലങ്ങളുടെ സഭാപരമായ ഭരണത്തിനും വിശ്വാസികളുടെ സമൂഹത്തിന്റെ മുഴവൻ ജീവിതക്രമീകരണത്തിനും ആവശ്യകമായ ഓർഡിനൻസുകളും നിയമങ്ങളും രൂപീകൃതമാകുകയും നടപ്പാക്കപ്പെടുകയും ചെയ്തു. ദിവംഗതനായ കാതോലിക്കോസ് മാർ പൗലോസും ബലഹീനനായ നാമും വഴിയാണ് ഈ കാര്യങ്ങൾ നിർവ്വഹിക്കപ്പെട്ടത്. മെത്രാപ്പോലീത്താമാരോടും നിങ്ങളിൽ ചില മെത്രാന്മാരോടുംചേർന്ന് അറാമിയായിൽ നിന്നു പുറപ്പെട്ട് ആദ്യം കശ്ക്കാറിലേക്കും അവിടെ നിന്നു മൈശാനിലേക്കും തുടർന്ന് പേർഷ്യയിലേയ്ക്കും പിന്നീടു ബേത്—ഹുസ്സായേയിലേയ്ക്കും



യാത്രചെയ്ത സന്ദർഭത്തിലാണ് നാം ഇതിന് ഉപകരണമായത്.

ഈ കാര്യങ്ങൾക്കുശേഷം ബേത്—ലാപ്പാതിലെ മെത്രാനും മെത്രാപ്പോലീത്തായുമായ മാർ പൗലോസ് ഈ ജീവിതത്തിൽ നിന്നു വേർപിരിഞ്ഞു. ദൈവതിരുമനസ്സ് തെരഞ്ഞെടുത്തയാളിനെ അദ്ദേഹത്തിന്റെ സ്ഥാനത്തു പ്രതിഷ്ഠിക്കുവാൻ അവർ നമുക്ക് ആളയച്ചു. എന്നാൽ അവരുടെയടുത്തേക്കു പോകാൻ നമുക്കു കഴിഞ്ഞില്ല. നിസിബിസിലും മത്സരാന്തരീക്ഷം പ്രബലപ്പെട്ടിരുന്നു. ആ അവസ്ഥ കുറച്ചു കാലമൊന്നുമല്ല അവിടെ നിലനിന്നത്. അവരുടെ മെത്രാനെ അവർ വളരെ പീഡിപ്പിച്ചതിനാൽ അദ്ദേഹം പിൻവാങ്ങി സ്വന്തം ഭവനത്തിൽ ഒതുങ്ങിക്കഴിഞ്ഞു. മററു സ്ഥലങ്ങളിൽ ചെയ്തതുപോലെ അവരുടെ പക്കൽ ചെന്ന് അവരുടെ രൂപതയിലെ ഭരണപരമായ കാര്യങ്ങളിൽ പരിഷ്കാരം വരുത്തുന്നതിൽ എനിക്കു തടസ്സങ്ങളും ഉണ്ടായി. എന്നെ സംബന്ധിച്ച്, അടിയന്തിര സ്വഭാവമുള്ള കാര്യങ്ങൾ നിർവ്വഹിക്കാൻ വേണ്ടി നിങ്ങളെയെല്ലാം വിളിച്ചുകൂട്ടി ഒരു കൗൺസിൽ കൂടുവാൻ ഉചിതമായ ഒരു സന്ദർഭമായിരുന്നില്ല അത്. കാരണം അതു വളരെ ബുദ്ധിമുട്ടു നിറഞ്ഞ ഒരു കാലമായിരുന്നു. നമ്മുടെ കർത്താവു സഹായിക്കുകയും സമൂഹത്തിന്റെ നന്മയ്ക്കുവേണ്ടി ഒരു കൗൺസിൽ ഉണ്ടാവുകയും ചെയ്യുംവരെ പേർഷ്യയിൽ സംഭവിച്ചതുപോലെ, ബേത്—ലാപാതിലോ നിസിബിസിലോ ആരോപകന് കലഹങ്ങൾ ഉണ്ടാക്കാൻ അവസരം ലഭിക്കാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണമെന്ന് ഞാൻ ആഗ്രഹിച്ചു. പേർഷ്യയിൽ ഒരാൾ ഒരവസരത്തിൽ കാതോലിക്കോസിന്റെ അനുവാദം കൂടാതെ അതിരൂപതയുടെ നേതൃത്വം കയ്യടക്കാൻ നോക്കി. ആ പ്രദേശത്തുള്ള എല്ലാവർക്കും അതുമൂലം വളരെ വിഷമമുണ്ടായി. അവർ കഷ്ടതയിലും നാശത്തിലും അകപ്പെട്ടു. ഒടുവിൽ വളരെ ബുദ്ധിമുട്ടുകൾക്കു ശേഷമാണ് അതിനൊരു പരിഹാരമുണ്ടായത്. മെത്രാപ്പോലീത്താമാരും നിങ്ങളിൽപ്പെട്ട ചില മെത്രാന്മാരും അവിടെ സമ്മേളിച്ച് അതിനു പരിഹാരം ഉണ്ടാക്കുകയായിരുന്നു. ഈ ലിഖിതങ്ങൾ രചിക്കുകയും അവ നിങ്ങളിലുള്ള ദൈവസ്നേഹ

www.malankaralibrary.com



ത്തിനായി അയച്ചുതരുകയും ചെയ്യുന്നത് അനിവാര്യമായി എനിക്കു തോന്നി. ഇതിൽ, നമ്മുടെ കർത്താവായ യേശു മിശിഹായുടെ നാമത്തിലും തൻെറ പിതാവിൻെറ ഇച്ഛയിലും പരിശുദ്ധാത്മാവിൻെറ പ്രവർത്തനത്തിലും നാം നിങ്ങളുടെ സമ്മതത്തോടെ ഇപ്രകാരം നിശ്ചയിക്കുകയും അനുശാസിക്കുകയും ചെയ്യുന്നു: ബേത്ലാപാത്തിലാകട്ടെ നിസിബിസിലാകട്ടെ, മറേറതെങ്കിലും സ്ഥലത്താകട്ടെ, അവിടങ്ങളിലുള്ള മെത്രാന്മാർക്ക്—മറേറതെങ്കിലും സ്ഥലത്തുള്ള അനുവാദമുള്ളവരോ വിലക്കപ്പെട്ടവരോ ആയ മെത്രാപ്പോലീത്താമാർ മെത്രാന്മാർ എന്നിവർക്കും—നമ്മുടെ അനുമതിയോ സാന്നിദ്ധ്യമോ കത്തോ കൂടാതെ ഒരു മെത്രാപ്പോലീത്തായെയോ മെത്രാനെയോ അഭിഷേകം ചെയ്യാൻ അനുവാദമില്ല. അവർ പട്ടം കൊടുക്കാൻ മുതിർന്നാൽ, അഥവാ, ബേത്—ലാപാതിനോ, നിസിബിസിനോ വേണ്ടി സ്ഥാനാരോഹണം ചെയ്യിച്ചാൽ, അഥവാ, അവർ അനുവദിച്ചയാൾ ഇവയിലൊന്നിലോ മറെറവിടെയെങ്കിലുമോ ആദ്ധ്യനാകാൻ അനുവദിച്ചാൽ, അയാൾ ആരായിരുന്നാലും, ഏതു രീതിയിലായിരുന്നാലും ഉയരങ്ങളും ആഴങ്ങളും കയ്യാളുന്ന വചനത്താൽ അയാളെ ഡിസ്മിസ് ചെയ്യുകയും പൗരോഹിത്യ ശുശ്രൂഷയിൽ നിന്നും നേതൃത്വ സ്ഥാനത്തു നിന്നും നീക്കുകയും ചെയ്യും. അയാളോടോ, അയാളുടെ ലിഖിതങ്ങളോടോ ചേർന്നു നിൽക്കാനോ, അയാളുമായി കൂട്ടായ്മ പുലർത്താനോ മെത്രാപ്പോലീത്താമാർക്കോ മെത്രാന്മാർക്കോ വൈദികർക്കോ അൽമായർക്കോ അനുവാദമില്ല.

കൂടാതെ, ഈ ലിഖിതങ്ങളിൽ നാം ആദ്യം മുതൽ അവസാനം വരെ എഴുതിയിട്ടുള്ള കാര്യങ്ങൾ മുഴുവനുമോ അവയിൽ ഒരു ഭാഗമോ മെത്രാപ്പോലീത്താമാരോ മെത്രാന്മാരോ ലംഘിക്കുകയും അങ്ങനെ ശ്ലൈഹിക പാരമ്പര്യങ്ങളും സഭാത്മക നിയമങ്ങളും ലംഘിക്കാൻ ഒരുമ്പെടുകയും ചെയ്താൽ 'ദൈവവചനത്താൽ അവർ ഭരണ ശുശ്രൂഷയിൽ നിന്നു നീക്കപ്പെട്ടിരിക്കും' എന്ന് അറിഞ്ഞുകൊള്ളട്ടെ. കാരണം, മുകളിൽ നാം വ്യക്തമാക്കിയിട്ടുള്ളതുപോലെ, സഭാത്മകമായ ഡിക്രികളും കാനോനകളും ലംഘിക്കാൻ മെത്രാന്മാർക്കും മെത്രാപ്പോലീത്താമാർക്കും അനുവാദമില്ല. അങ്ങനെ



സഭയിൽ സമാധാനം സംരക്ഷിക്കപ്പെടുകയും ദൈവത്തിൻെറ നാമം മഹത്വീകൃതമാവുകയും ചെയ്യട്ടെ.

അതിനാൽ നിങ്ങളുടെ ഒപ്പുകൾ വഴി ഈ ലിഖിതങ്ങളിലുള്ള സമ്മതം നിങ്ങൾ വ്യക്തമാക്കുക. ഓരോന്നിനും നിങ്ങൾ മുദ്രവയ്ക്കുക. നമ്മുടെ കർത്താവിൻെറ സഹായത്തോടെ ഇവ കൊണ്ടുവരുന്ന, നമ്മുടെ സമൂഹത്തിലെ ഒരു സഹോദരനായ മോശയെ ഇവ ഏൽപ്പിക്കുക. അയാൾ അവ വേഗം നമ്മെ ഏല്പിക്കും.

ശക്തരായിരിക്കുക. ലോകത്തിൻെറ സംരക്ഷണത്തിനും സഭ മുഴുവൻെറയും സമാധാനത്തിനും വേണ്ടിയും ദൈവത്തിൻെറ കാരുണ്യത്താൽ സംരക്ഷിക്കപ്പെടുന്ന രാജാധിരാജനായ ഖുസ്രോയുടെ ആയുസ്സിനും ആരോഗ്യത്തിനും രക്ഷയ്ക്കും വേണ്ടിയും എല്ലാ മനുഷ്യർക്കും വേണ്ടിയും അക്കൂട്ടത്തിൽ പാവപ്പെട്ടവനായ നമുക്കു വേണ്ടിയും നമ്മോടൊത്തു പ്രാർത്ഥിക്കുക.

ഞാൻ, പാത്രിയർക്കീസ് ആബാ ഇക്കാര്യങ്ങൾ രചിക്കുകയും മുദ്രവയ്ക്കുകയും സ്ഥിരീകരിക്കുകയും ചെയ്തിരിക്കുന്നു.

ഞാൻ, ദോഹാമായ്— അർദഷീറിൻെറയും അതിൻെറ മെത്രോപ്പൊളീസിൻെറയും മൈശാൻ മുഴുവൻെറയും മെത്രാനായ യോഹന്നാൻ ഇവ സ്ഥിരീകരിക്കുകയും ഒപ്പിടുകയും മുദ്രവയ്ക്കുകയും ചെയ്തിരിക്കുന്നു.

ഞാൻ, അർബേലിൻെറയും അതിൻെറ മെത്രോപ്പൊലീസിൻെറയും ഹെദിയാബ് പ്രദേശം മുഴുവൻെറയും മെത്രാനായ ഹെനാനാ ഇവ സ്ഥിരീകരിക്കുകയും ഒപ്പും മുദ്രയും ചാർത്തുകയും ചെയ്തിരിക്കുന്നു.

ഞാൻ, കർക്കാ ദ്ബേത്—സ്ലോക്കിൻെറയും അതിൻെറ മെത്രോപ്പൊളീസിൻെയും ബേത്_ഗർമായ്ദേശം മുഴുവൻെറയും മെത്രാനായ ദയ്റായാ ഇവ ഒപ്പിടുകയും സ്ഥിരീകരിക്കുകയും മുദ്രചാർത്തുകയും ചെയ്തിരിക്കുന്നു.

റിവ് അർദഷീറിൻെറയും അതിൻെറ മെത്രോപ്പോലീസിൻെറയും പേർഷ്യ മുഴുവൻെറയും മെത്രാനായ മാർ മാനായുടെ സമ്മതപത്രം.

ഞാൻ, കശ്കാർ മെത്രാനായ ശാമുവേൽ ഇവ സ്ഥിരീകരിക്കുകയും ഒപ്പും മുദ്രയും ചാർത്തുകയും ചെയ്തിരിക്കുന്നു.

www.malankaralibrary.com



ഞാൻ, മെത്രാനായ മോശ ഇവ സ്ഥിരീകരിക്കുകയും ഒപ്പും മുദ്രയും ചാർത്തുകയും ചെയ്തിരിക്കുന്നു,

ഞാൻ, കശ്കാർ ദ്മൈശാൻ മെത്രാൻ ശീലാ ഇവ സ്ഥിരീകരിക്കുകയും ഒപ്പും മുദ്രയും ചാർത്തുകയും ചെയ്തിരിക്കുന്നു.

ഞാൻ, ഷർക്കാർത് മെത്രാനായ അബ്രഹാം ഇവ സ്ഥിരീകരിക്കുകയും ഒപ്പും മുദ്രയും ചാർത്തുകയും ചെയ്തിരിക്കുന്നു.

ഞാൻ, ഹോർമിസ്ദ് അർദഷീർ മെത്രാനായ ശീലാ ഇവ സ്ഥിരീകരിക്കുകയും ഒപ്പും മുദ്രയും ചാർത്തുകയും ചെയ്തിരിക്കുന്നു.

ഞാൻ, റിമാ മെത്രാനായ അബ്രഹാം ഇവ സ്ഥിരീകരിക്കുകയും ഒപ്പും മുദ്രയും ചാർത്തുകയും ചെയ്തിരിക്കുന്നു.

ഞാൻ, ബേത്—ബാഗാഷ് മെത്രാനായ മോശ ഇവ സ്ഥിരീകരിക്കുകയും ഒപ്പും മുദ്രയും ചാർത്തുകയും ചെയ്തിരിക്കുന്നു.

ഞാൻ, ലാശോം മെത്രാനായ യൗസേപ്പ് ഇവ സ്ഥിരീകരിക്കുകയും ഒപ്പും മുദ്രയും ചാർത്തുകയും ചെയ്തിരിക്കുന്നു.

ഞാൻ, സാബേ മെത്രാനായ മിഹ്റ് നർസാ, ഇവ സ്ഥിരീകരിക്കുകയും ഒപ്പും മുദ്രയും ചാർത്തുകയും ചെയ്തിരിക്കുന്നു.

ഞാൻ, ശുശ്തെർ മെത്രാനായ ഏലീശാ ഇവ സ്ഥിരീകരിക്കുകയും ഒപ്പും മുദ്രയും ചാർത്തുകയും ചെയ്തിരിക്കുന്നു.

ഞാൻ, മായൽതാ മെത്രാനായ ശെമഓൻ ഇവ സ്ഥിരീകരിക്കുകയും ഒപ്പും മുദ്രയും ചാർത്തുകയും ചെയ്തിരിക്കുന്നു.

ഞാൻ, ഹർബ്ഗെലാൽ മെത്രാനായ ബോക്തീശോ ഇവ സ്ഥിരീകരിക്കുകയും ഒപ്പും മുദ്രയും ചാർത്തുകയും ചെയ്തിരിക്കുന്നു.

ഞാൻ, ബേത്—ദാറായേ മെത്രാനായ മർക്കോസ് ഇവ സ്ഥിരീകരിക്കുകയും ഒപ്പും മുദ്രയും ചാർത്തുകയും ചെയ്തിരിക്കുന്നു.

പരിശുദ്ധ മാർ ആബാ പാത്രിയർക്കീസിന്റെ സിനഡ് അവസാനിച്ചു.

# 8

# മാർ യൗസേപ്പിന്റെ സിനഡ് (554)

## ആമുഖം

മാർ ആബാ കാതോലിക്കോസ് തന്റെ എതിരാളികളുടെ പ്രവർത്തനത്താൽ കാരാഗൃഹത്തിൽ കിടന്നാണ് മരിച്ചത്. തുടർന്ന് മാർ യൗസേപ്പിനെ കാതോലിക്കാ ആയി ഖുസ്രോ രാജാവ് നിയമിച്ചു. പിന്നീട് മെത്രാന്മാർ സിനഡു കൂടി അതംഗീകരിക്കുകമാത്രമാണ ചെയ്തത്. യസേപ്പിനെ തെരഞ്ഞെടുത്തപ്പോൾ, ഉടനെതന്നെ ഒരു സിനഡ് വിളിച്ചുകൂട്ടണം എന്ന് മെത്രാന്മാർ ഒരു നിബന്ധന വച്ചിരുന്നു. വീണ്ടും ഒരു വർഷം, കഴിഞ്ഞപ്പോൾ അവർ തങ്ങളുടെ ആവശ്യം ഒന്നുകൂടി ഉന്നയിച്ചു. 554-ലെ സിനഡ് മെത്രാന്മാരുടെ നിർബന്ധം മൂലമാണ് യൗസേപ്പ് വിളിച്ചുകൂട്ടിയത്. 23 കാനോനാകൾ പാസ്സാക്കി. എല്ലാവിധ അധികാരങ്ങളും ഉണ്ടെങ്കിലും പാത്രിയർക്കീസ് സംഘടിതമായി പ്രവർത്തിക്കണം എന്ന് സിനഡിന്റെ ഏഴാം കാനൻ അനുശാസിക്കുന്നു. പ്രധാന കാര്യങ്ങളെല്ലാം സിനഡിൽ ചർച്ച ചെയ്ത തീരുമാനിക്കണം തുടങ്ങിയവ പാസ്സാക്കി.

### സെലൂഷ്യൻ സിനഡ്

വീണ്ടും, കാതോലിക്കോസ് മാർ യൗസേപ്പിന്റെയും അദ്ദേഹത്തോടൊപ്പമുള്ള മെത്രാന്മാരുടെയും സിനഡ്.

ആദരണീയരും ദൈവസ്നേഹമുള്ള എന്റെ സഹോദരന്മാരും സഹ ശുശ്രൂഷകരും മിശിഹായിലുള്ള യഥാർത്ഥ വിശ്വാസത്തിൽ രാജകീയ നഗരമായ സെലൂഷ്യാ സ്റ്റെസിഫണിലെ കോക്കേ ദേവാലയത്തിലുള്ള ശ്ലൈഹിക സിംഹാസനത്തിന് പൈതൃക പിൻതുടർച്ചയിൽ സഹകാരികളുമായ പൗരസ്ത്യ

www.malankaralibrary.com



ദേശത്തെ പ്രോവിൻസുകളിലെ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും, നിങ്ങളുടെ പ്രിയ ദർശനത്തിനു വേണ്ടി ദാഹിക്കുന്ന നിങ്ങളുടെ ദാസനും സമൂഹത്തിന്റെ സേവകനുമായ യൗസേപ്പ്, നമ്മുടെ ജീവിതത്തിന്റെ പ്രതീക്ഷയും എല്ലാ ആപത്തുകളിലും നിന്ന് നമ്മെ രക്ഷിക്കുന്നവനുമായ യേശുമിശിഹായുടെ നാമത്തിൽ അഭിവാദനങ്ങൾ അർപ്പിക്കുന്നു. ദൈവാനുഗ്രഹത്താലും എല്ലാ മെത്രാപ്പോലീത്താമാരുടെയും മെത്രാന്മാരുടെയും സമ്മതത്താലും നാം കാതോലിക്കോസ് പാത്രിയർക്കീസായിരിക്കുന്നു. എല്ലാററിന്റെയും കർത്താവിന്റെ കാരുണ്യത്താൽ ഇതു നമുക്ക് ഭരമേല്പിക്കപ്പെട്ടിരിക്കുന്നു. നാമും, സെലൂഷ്യാ സ്റ്റെസിഫണിലെ കോകേ കത്തീഡ്രൽ പള്ളിയിലെ ശ്ലൈഹികവും പൈതൃകവും ആയ പാത്രിയാർക്കൽ സിംഹാസനത്തിന്റെ വലിയ പ്രോവിൻസിലെ നിങ്ങളുടെ സ്നേഹിതരും സഹോദരരുമായി നമ്മോടു കൂടിയുള്ള മെത്രാന്മാർക്കും, നാം ഈ ആശംസകളയയ്ക്കുന്നു.

അനുഗൃഹീതനായ പൗലോസ് ശ്ലീഹാ ദൈവിക രഹസ്യങ്ങളുടെ പഠിതാവും സ്വർഗ്ഗീയ മണവാളന്റെ വധുവായ പരിശുദ്ധ സഭയുടെ അദ്ധ്യാപകനും ക്രമീകരണകർത്താവുമായിരുന്നു. അദ്ദേഹം നമ്മെ പഠിപ്പിച്ചുകൊണ്ട് ഇങ്ങനെ പറഞ്ഞു: ''ഒരേ കാര്യത്തെക്കുറിച്ചു തന്നെ വീണ്ടും വീണ്ടും നിങ്ങൾക്ക് എഴുതുന്നത് അരോചകമായി എനിക്കു തോന്നുന്നില്ല'' (ഫിലി. 3:1). അതുപോലെ തന്നെ എന്റെ സ്നേഹഭാജനങ്ങളായ നിങ്ങൾക്ക് അറിവും ബോധ്യവുമുള്ള കാര്യങ്ങളെക്കുറിച്ച് എഴുതി നിങ്ങളെ ഓർമ്മിപ്പിക്കുന്നതിൽ എനിക്കു മടുപ്പു തോന്നുന്നില്ല. കാരണം, നമ്മുടെ കർത്താവിന്റെ കാരുണ്യത്താൽ ദൈവികകാര്യങ്ങളിൽ നിങ്ങളെല്ലാവരും പരിശീലനം നേടിയിട്ടുണ്ട്. ജീവിക്കുന്ന ദൈവത്തിന്റെ പുത്രനായ നമ്മുടെ കർത്താവ് യേശുമിശിഹായുടെ തൊഴുത്തിലെ ആട്ടിൻപററങ്ങളുടെ ഇടയന്മാരും തലവന്മാരുമായിരിക്കാൻ അവിടുത്തെ മുൻകൂട്ടിയുള്ള അറിവിനാൽ നിങ്ങൾ തെരഞ്ഞെടുക്കപ്പെടുകയും വിശ്വസ്തരായി സ്വീകരിക്കപ്പെടുകയും ചെയ്തു.

ഈ സമയത്തു് നിങ്ങളുടെപേർക്ക് ഈ ലിഖിതം എഴുതാനും സമൂഹത്തിന്റെ ആവശ്യത്തിനുവേണ്ടി നിങ്ങളുടെ



സ്നേഹത്തെ സജ്ജമാക്കാനും ഉണ്ടായ സാഹചര്യം ഇപ്രകാരമാണ്: ഗ്രീക്കുകാരുടെ കണക്കുകൂട്ടൽ പ്രകാരം ഫിലിപ്പിന്റെ മകനായ അലക്സാണ്ടറിന്റെ വർഷം 863_ൽ നമ്മുടെ പിതാവും ഭാഗ്യസ്മരണാർഹനുമായ മാർ ആബാ ഈ ലോകത്തിൽ നിന്നു വേർപിരിഞ്ഞു. അദ്ദേഹത്തിന്റെ ഭരണത്തിനു മുമ്പു നിലനിന്നിരുന്ന ദുർഭരണരീതിമൂലം അദ്ദേഹം നേതൃത്വത്തിൽ വന്നതിനുശേഷം പുറത്തുള്ളവരുടെ അസൂയയും അകത്തുള്ളവരുടെ പരാതികളും മൂലം അദ്ദേഹത്തിന് ബന്ധനങ്ങളും നാടുകടത്തലുകളും അനുഭവിക്കേണ്ടിവന്നു. ക്രമം കെട്ടവരും കലാപകാരികളുമായ ആളുകൾക്ക് അവരുടെ ദുഷ്ടതയുടെ പൂർത്തീകരണത്തിന് വീണ്ടും സന്ദർഭം ലഭിച്ചു. സുകൃതപൂർണമായ ക്രമത്തെ അധിക്ഷേപിക്കുന്നതിനും, സഭാകാനോനകളെ ചവിട്ടിത്തേയ്ക്കുന്നതിനും ദിവ്യ കല്പനകളെ പുച്ഛിക്കുന്നതിനും ശീശ്മകളും ഭിന്നതകളുമാകുന്ന കളകൾ വിതയ്ക്കുന്നതിനും വിപ്ലവങ്ങൾ കത്തിപ്പൊക്കുന്നതിനും അവർക്ക് അവസരം ലഭിച്ചു. ദൈവഭയത്തിന് അപരിചിതരായിത്തീരാൻ അവർ സ്വയം തീരുമാനിച്ചു. ''വീട്ടുകാർ'' എന്നു വിളിക്കപ്പെട്ടവർ, നമ്മുടെ മുൻഗാമിയും ഭാഗ്യസ്മരണാർഹനുമായ മാർ ആബാ കാതോലിക്കോസിനെതിരെ ഗർഹണീയമായ പരാതികൾ അന്യജനങ്ങളുടെ മുന്നിൽ ഉന്നയിച്ചു, അദ്ദേഹം അവരെ കുററപ്പെടുത്തുകയും ശാസിക്കുകയും ചെയ്തതുകൊണ്ടാണ് അവർ അങ്ങനെ ചെയ്തത്. അദ്ദേഹം അവരെ ശാസിച്ചതാകട്ടെ, അവർ തങ്ങളുടെ ചീത്ത മാർഗ്ഗങ്ങളിൽ നിന്നു പിന്തിരിഞ്ഞ്, ദൈവത്തിങ്കലേയ്ക്കു തിരിയാനും പശ്ചാത്തപിക്കാനും അങ്ങനെ ദൈവത്തിന്റെ കാരുണ്യം അവർക്കു ലഭിക്കാനും പാപത്തിൽ അവർ മരിക്കാതിരിക്കാനും വേണ്ടിയാണ്. എന്നാൽ പരിശുദ്ധനായ അദ്ദേഹം അവർക്കുവേണ്ടി ക്ലേശിച്ചു അത്രയും അവർ കഠിന ഹൃദയരായിത്തീരുകയും അവരുടെ കടങ്ങളുടെ കഠിനഭാരം വർദ്ധിപ്പിക്കുകയുമാണു ചെയ്തത്. അതിനാൽ അദ്ദേഹം തടങ്കലിൽ തന്റെ ദിവസങ്ങൾ അവസാനിപ്പിച്ചു; സകലത്തിന്റെയും നാഥനായ ദൈവത്തിൽ നിന്നു തന്റെ പ്രതിഫലം സ്വീകരിക്കുകയും ചെയ്തു. എല്ലാ നാടുകളിലും ദൈവനാമത്തെ ഭയപ്പെടുന്നവർക്ക് അദ്ദേഹം ഒരു നല്ല മാതൃകയായി തീർന്നു.

എണ്ണൂറ്റിഅറുപത്തിമൂന്ന് എന്ന അതേവർഷത്തിൽ തന്നെ ഇയ്യാർ മാസത്തിൽ, ദൈവകാരുണ്യത്താലും സമൂഹം മുഴുവന്റെയും തെരഞ്ഞെടുപ്പും സമ്മതവും കൊണ്ടും നിസ്സാരനും പാവപ്പെട്ടവനുമായ ഞാൻ, പേർഷ്യൻ രാജ്യത്തിന്റെയും പൗരസ്ത്യ ദേശങ്ങളുടെയും രാജകീയനഗരങ്ങളായ സെലൂഷ്യാ സ്റ്റെറസിഫൺ എന്നിവയുടെയും ശ്രേഷ്ഠപുരോഹിത സ്ഥാനം ഏറ്റെടുത്തു. സമ്മേളിച്ചിരുന്ന മെത്രാന്മാർ വളരെ ശക്തമായ രീതിയിൽ താഴെ പറയുന്ന നിർദ്ദേശം ഉന്നയിച്ചു: ''സന്ദർഭം ഉണ്ടാകുമ്പോൾ പൈതൃകമായ കാനോനാകൾ നവീകരിക്കപ്പെടണം, നിയമങ്ങളും കാനോനകളും സഭാപാരമ്പര്യങ്ങളും മുമ്പത്തേതുപോലെ തന്നെ സംരക്ഷിക്കപ്പെടണം.'' എന്നാൽ തക്കതായ ഒരു സന്ദർഭം ഉണ്ടാകാതിരുന്നതു കൊണ്ട് ആ സമയത്തു നാം എഴുതിയില്ല.

വീണ്ടും 864-ാമാണ്ടിൽ അവർ ഈ അഭ്യർത്ഥന ആവർത്തിച്ചു. എന്നാൽ എനിക്ക് പലതരം കാര്യങ്ങളും തടസ്സങ്ങളുമുണ്ടായിരുന്നു. തടസ്സങ്ങളുണ്ടാകുന്ന കാര്യങ്ങളെല്ലാം നീങ്ങിയതിനുശേഷമല്ലാതെ എഴുതിയതുകൊണ്ട് പൊതുവായി വലിയ പ്രയോജനമുണ്ടാവുകയില്ലെന്ന് എനിക്കുതോന്നി. പിന്നീട് ദൈവത്തിന്റെ കാരുണ്യവും അനുഗ്രഹവും കൊണ്ട് പ്രശ്നങ്ങൾക്കെല്ലാം സമാധാനമുണ്ടായി. വീണ്ടും 865-ാം വർഷം രണ്ടാം കാനോൻമാസത്തിൽ മെത്രാന്മാർ സമ്മേളിച്ച് ഈ വിഷയത്തിൽ വളരെ ശക്തമായ അഭ്യർത്ഥന സമർപ്പിച്ചു. പൗരസ്ത്യ ദേശത്തെ പരിശുദ്ധ സഭയിൽ നിലനിന്നിരുന്ന കെടുമതികളെയും കുഴപ്പങ്ങളെയും കുറിച്ച് വളരെ ദുഃഖിച്ചുകൊണ്ടും മരണത്തോളം ഖേദിച്ചുകൊണ്ടുമായിരുന്നു അവരുടെ അഭ്യർത്ഥന. സഹോദരന്മാരായ ഇടയന്മാരുടെയെല്ലാം സന്നിധിയിൽ അവർ യാചന സമർപ്പിച്ചു. പരിശുദ്ധ സഭയിലെ പൈതൃക കാനോനാകൾ അവയിലെ ക്രമീകരണങ്ങളോടും വ്യവസ്ഥകളോടും കൂടി ദൈവസ്നേഹത്തിൽ വളരുന്നതിനും സംരക്ഷിക്കപ്പെടുന്നതിനും സഭാംഗങ്ങളെ സഹായിച്ചിരുന്നു. തന്നിഷ്ടം നടപ്പാക്കുന്ന മനുഷ്യരിലൂടെ സാത്താൻ ഉളവാക്കിയ കുഴപ്പങ്ങൾ കാരണമായി അവ മങ്ങിമറഞ്ഞും തേഞ്ഞുമാഞ്ഞും പോയി. മുമ്പ് ഉണ്ടായിരുന്നവ ഇല്ലാത്ത വിധവും, പരിശുദ്ധ സഭയിൽ കാനോനാകൾ നിർമ്മിക്കപ്പെടാതിരുന്ന വിധവും അനേകരുടെ



ഹൃദയങ്ങളിൽ നിന്ന് അവ അപ്രത്യക്ഷമായി എന്ന് അവർ പരാതിപ്പെട്ടു.

ഇടയന്മാരായ നിങ്ങളെല്ലാവരും നിങ്ങളുടെയും നിങ്ങളുടെ സംരക്ഷണത്തിന് ഏല്പിക്കപ്പെട്ടിരിക്കുന്നവരുടെയും ആത്മാക്കളാകുന്ന നൗകകളെ കാത്തുരക്ഷിക്കുന്നതിനു സന്നദ്ധരാണെന്നു നമുക്കറിയാം. ധീരന്മാരായ നാവികരെയും വിവേകികളായ അമരക്കാരെയും പോലെ നിരന്തര പരിശ്രമവും വിജ്ഞാനവും വിവേകവും കൊണ്ട് നിങ്ങൾ നിങ്ങളുടെ കപ്പലുകളെ, ചുഴികുത്തുകയും തിരയടിച്ചാർക്കുകയും ചെയ്യുന്ന കടലിൽ അവയ്ക്കെതിരായി ഉയരുന്ന കടുത്ത കൊടുങ്കാറ്റുകളുടെയും കരുത്താർന്ന ചുഴലിക്കാറ്റുകളുടെയും മദ്ധ്യത്തിൽ നിന്ന് രക്ഷിച്ച് പ്രശാന്തതയുടെ തുറമുഖത്തേയ്ക്ക് സുരക്ഷിതമായി ആനയിക്കുന്നു. അവിടെ ദൈവാത്മാവിന്റെ കരമുണ്ട്. പരീക്ഷകൻ ഉളവാക്കുന്ന കൊടുങ്കാറ്റുകളിൽ നിന്നാണ് ആത്മാക്കളാകുന്ന കപ്പലുകളെ രക്ഷിക്കേണ്ടത്. തന്റെ കപട ശിഷ്യന്മാർവഴി അവൻ സഭയ്ക്കെതിരായി ഇളക്കങ്ങൾ ഉണ്ടാക്കുന്നു. അവർ സ്വാർത്ഥസ്നേഹം കാരണമായി, കാനോനാകളെ ചവിട്ടിത്തേയ്ക്കുകയും ദൈവിക നിയമങ്ങൾ അനുസരിക്കുന്നതിനെ നിന്ദിക്കുകയും ചെയ്യുന്നതു വഴി ക്രിസ്തുമതത്തെ ദ്രോഹിച്ചു. സ്വന്തം ആടുകളെയും തൊഴുത്തുകളെയും, കുഞ്ഞാടുകളുടെ കുപ്പായം ധരിച്ചവരും എന്നാൽ ഉള്ളിൽ കടിച്ചുകീറുന്ന ചെന്നായ്ക്കളുമായവരിൽനിന്നു രക്ഷിക്കാൻ നിങ്ങൾ സന്നദ്ധരാണെന്നു നാം അറിയുന്നു. പരിശുദ്ധാത്മാവിന്റെ പ്രസാദത്താൽ ഞാനും നിങ്ങളും വിളിക്കപ്പെട്ടിട്ടുള്ളത് ഏതു കാര്യങ്ങൾക്കാണോ അവ പൂർത്തീകരിക്കാൻ ഞാനും നിങ്ങളും ഒന്നുചേർന്നു സന്നദ്ധരായിരിക്കണം. സഭയുടെ കാനോനാകൾ അവ ആചരിക്കുന്നവരെ എല്ലാ ഉപദ്രവങ്ങളിൽ നിന്നു രക്ഷിക്കുന്ന കോട്ടകളും രക്ഷാസങ്കേതങ്ങളുമാണ്. അവ ക്രിസ്തുവിന്റെ പ്രകാശം അന്വേഷിക്കുന്നവർക്കും ദൈവരാജ്യത്തിന്റെ വഴിയിൽ സുരക്ഷിതമായി സഞ്ചരിക്കാൻ ആഗ്രഹിക്കുന്നവർക്കും പ്രകാശം നൽകുന്ന വിളക്കുകൾപോലെയാകുന്നു. സ്വർഗ്ഗരാജ്യത്തിലേയ്ക്കുള്ളവഴി മുന്നൂറ്റിപ്പതിനെട്ട് എക്യുമെനിക്കൽ പിതാക്കന്മാരിൽ നിന്നുള്ളതും പരിശുദ്ധാത്മാവിന്റെ പ്രവർത്തന

www.malankaralibrary.com



ത്താൽ ആജ്ഞാപിക്കപ്പെട്ടതുമായ കാനോനകളാലും കോൺസ്റ്റാന്റിനോപ്പിളിൽ സമ്മേളിച്ച നൂററമ്പതു പിതാക്കന്മാരാൽ രൂപീകരിക്കപ്പെട്ടതും മററനേകം പിതാക്കന്മാരുടെ സിനഡുകളിൽ രൂപീകൃതമായ നിയമങ്ങളും വഴി മിനുസപ്പെട്ടതും കാൽപ്പാടുകൾ പതിഞ്ഞതുമാകുന്നു. ഈ കാനോനകൾ നമ്മുടെ കാലങ്ങളിലും ദിവസങ്ങളിലും മറക്കപ്പെട്ടുപോയിരിക്കുന്നു. അനുഗ്രഹീതമായ സിനഡിന്റെ പരിശുദ്ധ കൗൺസിലിൽ— നമ്മുടെയും നിങ്ങളുടെയും കൗൺസിലിൽ— നാമും നിങ്ങളും ചേർന്ന് ഒപ്പുകളോടും മുദ്രകളോടും ''ദൈവവചന''ത്തിന്റെ കല്പനകളോടും കൂടെ താഴെ ക്രമമായി എഴുതിയിരിക്കുന്ന കാനോനകൾ സ്ഥിരീകരിക്കപ്പെടട്ടെ.

എല്ലാററിനും മുമ്പായി മിശിഹായിലുള്ള രണ്ടു സ്വഭാവങ്ങളിലുള്ള ശരിയായി പ്രഖ്യാപനം നാം അംഗീകരിക്കുന്നു. അതായത് അവിടുത്തെ ദൈവത്വവും അവിടുത്തെ മനുഷ്യത്വവും. സ്വഭാവങ്ങളുടെ സവിശേഷതകൾ അവയിൽ നാം നിലനിർത്തുന്നു. അവയിൽ നിന്ന് കൂട്ടിക്കുഴച്ചിലും, ജീർണ്ണതയും മാററവും വ്യതിയാനവും നാം അകററി നിർത്തുന്നു, ത്രിത്വത്തിലെ മൂന്ന് ആളുകളിലുള്ള വിശ്വാസം നാം നിലനിർത്തുന്നു. സത്യപിതാവായ ഏകദൈവത്തിന്റെ ഏക സത്യപുത്രനിലുള്ള സുസ്ഥിരവും അവർണ്ണനീയവുമായ ഐക്യം നാം ഏററുപറയുന്നു. 'രണ്ടു മിശിഹാമാരെ'ക്കുറിച്ചോ രണ്ടു 'പുത്രന്മാരെ'ക്കുറിച്ചോ ചിന്തിക്കുന്നവരെയും പറയുന്നവരെയും ഏതെങ്കിലും ന്യായത്തിന്റെ പേരിൽ ഏതെങ്കിലും വിധത്തിൽ ഒരു ചതുർത്വം ഉളക്കിവിടുന്നവരെയും ഞങ്ങൾ ശപിച്ചിരിക്കുന്നു, ശപിക്കുന്നു; അങ്ങനെയുള്ളവരെ മുഴുവൻ ക്രൈസ്തവസമൂഹത്തിൽ നിന്നും പുറംതള്ളപ്പെട്ടവരായി ഞങ്ങൾ കണക്കാക്കുന്നു. ചാരിത്ര്യശുദ്ധിയുള്ളതും പാവനവുമായ നിലനില്പിനോടു ബന്ധപ്പെട്ട എല്ലാകാര്യങ്ങളും ഞങ്ങൾ ആചരിക്കുന്നു. സ്വന്തം ശാരീരിക ജീവിതത്തെക്കാൾ അധികമായി അവധാനത്തോടെ സഭാകാനോനാകൾ ഞങ്ങൾ അനുഷ്ഠിക്കുന്നു. താഴെ എഴുതിയിരിക്കുന്ന കാനോനകളിൽ ഒന്നെങ്കിലും ലംഘിക്കുന്നവർക്ക് അവ ഓരോന്നിലും പറഞ്ഞിരിക്കുന്ന ശിക്ഷകൾ ഞങ്ങൾ വിധിക്കുന്നു.



**ഒന്നാം കാനോന:**

താഴെ പറയുന്നകാര്യം കൗൺസിലിന്റെ അറിവിൽപ്പെട്ടു. ഒരാൾ കാതോലിക്കോസ് മാർ യൗസേപ്പിന്റെ പക്കൽ വന്ന് മറെറാരു പ്രോവിൻസിലേക്കു തന്നെ വൈദികനായി അഭിഷേചിക്കണമെന്ന് ആവശ്യപ്പെട്ടു. അയാൾക്കു താഴെപറയുന്ന വിശദീകരണം നൽകപ്പെട്ടു: ''തന്റെ അധികാരാർത്തിയിൽപ്പെട്ടതല്ലാത്ത സ്ഥലത്തു് ആരെയും വൈദികനാക്കാൻ സഭാകാനോനാകൾ ആരെയും അനുവദിക്കുന്നില്ല, പ്രത്യേകിച്ചും അപരിചിതനായ ഒരാളെ അയാൾ ആ സ്ഥാനത്തിനു യോഗ്യനാണോ അല്ലയോ എന്ന് എങ്ങനെ നിശ്ചയിക്കും?'' അയാൾ പോയി രാജ്യത്തെ ചില അക്രൈസ്തവ പ്രഭുക്കന്മാരെ അഭയം പ്രാപിച്ചു. ആ പ്രഭുക്കന്മാർ അയാൾക്കുവേണ്ടി ശക്തിയായി ശിപാർശ ചെയ്തു. എന്നാൽ സഭാധികാരികൾ അതു സ്വീകരിച്ചില്ല. കാരണം, അങ്ങനെ ചെയ്യുന്നതു് സഭാ കാനോനകളുടെ ലംഘനമായിരിക്കും. ഇക്കാരണത്താൽ ഭക്തിഹീനനായ ആ മനുഷ്യൻ അവർക്കെതിരായി വളരെ ഉപദ്രവങ്ങൾ ഉണ്ടാക്കി. അയാളുടെ പ്രേരണയാൽ ആ ഗ്രാമത്തിലെ പള്ളി തകർക്കപ്പെട്ടു. ''പുതിയ ക്രിസ്ത്യാനികൾ'' എന്ന പേരിൽ പലരെയും ബന്ധനത്തിലാക്കി. പീഡനങ്ങൾ സഹിക്കാൻ കഴിയാത്ത പലരും സഭയിൽ നിന്നു തെററിപ്പോയി. ഇങ്ങനെ വളരെ ഉപദ്രവം ഉണ്ടായിക്കഴിഞ്ഞപ്പോൾ സ്ഥലത്തെ മെത്രാൻ അയാളോടു കാരുണ്യത്തിനായി അഭ്യർത്ഥിച്ചു. ക്രിസ്ത്യാനികളെ ഉപദ്രവിക്കുന്നതിൽ നിന്നു പിന്തിരിയണമെന്നും അയാളെ വൈദികനാക്കാമെന്നും അദ്ദേഹം പറഞ്ഞു. ഇങ്ങനെ ദുഷ്ടതകൾ പ്രവർത്തിച്ച് നിയമനിഷേധകനായ ആ മനുഷ്യന് വൈദികാഭിഷേകം ലഭിച്ചു. എന്നാൽ നീതിയിൽ നിന്ന് അയാൾക്ക് അയാളുടെ അഭക്തകർമ്മങ്ങൾക്ക് തക്ക ശിക്ഷ ലഭിച്ചു.

ഈ വിഷയം സംബന്ധിച്ച് താഴെ പറയുന്നതുപോലെ ചെയ്യണമെന്നാണ ഞങ്ങൾക്കുതോന്നുന്നത്: ഇനിമേലിൽ ഒരു ഡീക്കനോ വൈദികനോ മെത്രാനോ പുറത്തുള്ളവരുടെയോ വിശ്വാസികളായ അൽമായരുടെയോ ഇടപെടൽ ഉപയോഗപ്പെടുത്തിക്കൊണ്ട് സഭയിൽ സുപ്രധാനമായ സ്ഥാനം പിടി

www.malankaralibrary.com



ച്ചുപററാൻ ശ്രമിക്കുകയാണെങ്കിൽ അയാൾ അഴിക്കപ്പെടുകയും അയാൾക്കുള്ള സ്ഥാനത്തുനിന്നു നീക്കപ്പെടുകയും ചെയ്യും. അയാളെ സഹായിക്കുന്ന വിശ്വാസികളും പശ്ചാത്തപിക്കുന്നതുവരെ സഭാത്മകമായ സകല സമ്പർക്കങ്ങളിലും നിന്ന് അകററി നിർത്തപ്പെടും. ആരെങ്കിലും ഈ കാര്യങ്ങളെയോ ഇതുപോലുള്ള മററു കാര്യങ്ങളെയോ അനുകരിക്കാൻ ശ്രമിക്കുകയാണെങ്കിൽ ഇത്തരം ദുഷ്പ്രവൃത്തികളിൽ നിന്നു പിന്തിരിയാൻ ഞങ്ങൾ അവരോട് അഭ്യർത്ഥിക്കുന്നു. എന്നാൽ ഈ അഭ്യർത്ഥന അയാൾ സ്വീകരിക്കുന്നില്ലെങ്കിൽ അയാൾക്ക് ഏതെങ്കിലും സ്ഥാനങ്ങൾ കിട്ടിയിട്ടുണ്ടെങ്കിൽത്തന്നെ അതിൽ നിന്ന് അയാൾ നീക്കം ചെയ്യപ്പെടും. അയാൾ പൗരോഹിത്യത്വത്തിനടുത്ത് എത്തിയിട്ടില്ലെങ്കിൽ, ആദ്യഘട്ടം മുതലേ അയാൾ ദുഷ്ടകാര്യങ്ങൾ ചിന്തിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ അയാൾ ശപിക്കപ്പെടുകയും സഭാത്മകമായ സകല സമ്പക്ത്തിലും നിന്ന് അകററിനിറുത്തപ്പെടുകയും ചെയ്യും. അയാൾ പശ്ചാത്തപിക്കുന്നതുവരെ ഈ അവസ്ഥ തുടരും. അയാളെ സഹായിക്കുന്നവരും വിശ്വാസികളാണെങ്കിൽ പശ്ചാത്താപത്തിന്റെ ഫലങ്ങൾ കാണപ്പെടുന്നതുവരെ ഇതേ ശിക്ഷ ലഭിക്കും.

**രണ്ടാം കാനോന:**

മറെറാരു കാര്യവും ഞങ്ങളുടെ അറിവിൽപ്പെട്ടു: ഒരു സ്ഥലത്ത് ഒരു ഗ്രാമത്തിൽ രണ്ടു പള്ളികൾ ഉണ്ടായിരുന്നു. ''പുതിയ''പള്ളി എന്നറിയപ്പെട്ടിരുന്നതാണ് അവയിൽ ഒന്ന്. മറെറാന്ന് ''പഴയ'' പള്ളി. രണ്ടിനും സ്പഷ്ടമായി വിശ്വാസികളുടെ ഓരോ സമൂഹം ഉണ്ടായിരുന്നു. ഏതോ കാര്യവശാൽ അവരുടെ മെത്രാൻ ''പുതിയ'' പള്ളിയിലെ വൈദികരുടെയും വിശ്വാസികളുടെയും പേക്ക് എഴുതി. ''പഴയ''പള്ളിക്കാർ എന്നു പറയപ്പെടുന്നവർ അതു കൈക്കലാക്കി. അത് ''റാഡി''ന്റെ പക്കൽ കൊണ്ടുപോകുകയും പേർഷ്യന്മാരുടെയിടയിൽ കാര്യം പരസ്യമാക്കുകയും ചെയ്തു. അത് ഒരു ''പുതിയ'' പള്ളിയാണെന്ന് മെത്രാൻ തന്നെ സാക്ഷ്യപ്പെടുത്തിയല്ലോ. ആ ന്യായത്തിൽ അവർ പുതിയപള്ളി തകർത്തു. വിശ്വാസികളെല്ലാവരും ഒററ സമൂഹമായിത്തീരുന്നതിനും സന്യാസി



കൾക്ക് അവരുടെ അത്യാഗ്രഹം നടപ്പാക്കുന്നതിനും വേണ്ടിയിട്ടാണ് അവർ ഇങ്ങനെ ചെയ്തത്.

ഭാവിയിലേയ്ക്ക് കാനോനിക്കലായി ഇങ്ങനെ ആജ്ഞാപിക്കുന്നു: എവിടെയെങ്കിലും രണ്ടു പള്ളികളും വിശ്വാസികളുടെ രണ്ടു സമൂഹങ്ങളും ഉണ്ടെങ്കിൽ ഒരു പള്ളി തകർക്കുന്നതിനും തങ്ങളുടെതല്ലാത്ത ഒരു വിശ്വാസി സമൂഹത്തെ തങ്ങളുടെ പിന്നാലെ ചേർക്കുന്നതിനും സഹോദര വൈദികരെ ബന്ധനത്തിലാക്കുന്നതിനും അവരുടെ സമ്പത്തുകൾ നശിപ്പിക്കുന്നതിനും മതവിശ്വാസം ഉപേക്ഷിക്കാൻ ഇടയാക്കുന്നതിനും വേണ്ടി സഹോദരന്റെ മേൽ കുററാരോപണം നടത്തുന്നവൻ ആരായാലും അയാൾ അഴിക്കപ്പെടുകയും പൗരോഹിത്യത്തിന്റെ എല്ലാ തലങ്ങളിൽ നിന്നും നീക്കപ്പെടുകയും ചെയ്യും.

**മൂന്നാം കാനോന:**

വീണ്ടും മറെറാരു കാര്യം കൂടെ ഞങ്ങളുടെ അറിവിൽപ്പെട്ടു. മെത്രാന്മാർ പോലും വിശ്വാസികളുടെയും പുറത്തുള്ളവരുടെയും പിന്തുണയോടുകൂടി പരസ്പരം സിംഹാസനങ്ങൾ തട്ടിയെടുക്കുകയും സമ്മതം ഒന്നുമില്ലാതെ തന്നെ മററുള്ളവരുടെ അധികാരപരിധിയിൽ സ്വേച്ഛാനുസൃതം വൈദികരെ അഭിഷേകം ചെയ്യുകയും ചെയ്യുന്നു.

ഈ വിഷയം സംബന്ധിച്ച് ഞങ്ങൾ കാനോനികമായി ഇങ്ങനെ ആജ്ഞാപിക്കുന്നു: തന്റേതല്ലാത്തതു കയ്യടക്കാൻ ശ്രമിക്കുന്നവരെ, തനിക്കുള്ളതുകൊണ്ടു തൃപ്തിപ്പെടാൻ മെത്രാന്മാർ ഉപദേശിക്കണം. കർത്താവു തനിക്കു നൽകിയിരിക്കുന്ന ആദ്ധ്യാത്മിക പത്നിയോടു അയാൾ അപരാധം പ്രവർത്തിക്കരുത്. ഇങ്ങനെ സ്നേഹപൂർവ്വം നൽകപ്പെടുന്ന ഉപദേശം സ്വീകരിക്കുന്നില്ലെങ്കിൽ അയാളെ സസ്പെൻഡ് ചെയ്യണം. എന്നിട്ടും അയാൾ അനുസരിക്കുന്നില്ലെങ്കിൽ അയാളെ ഡിസ്മിസ് ചെയ്യുകയും പൗരോഹിത്യത്തിന്റെ എല്ലാ നിലകളിൽ നിന്നും നീക്കുകയും ചെയ്യണം. മാത്രമല്ല, സഭാനിയമങ്ങൾ തെററിച്ച് ഒരാൾ തന്റെ അധികാരാതിർത്തിക്കു പുറത്ത് ഒരാൾക്ക് വൈദികാഭിഷേകം നൽകുകയാണെങ്കിൽ ആ അഭിഷേകം അസാധുവും നിരർത്ഥകവുമായിരിക്കുകയും ചെയ്യും.

www.malankaralibrary.com



നിയമം ലംഘിക്കാത്ത വിധത്തിലുള്ള വിശദീകരണങ്ങളൊന്നുമില്ലെങ്കിൽ വിധി കല്പനയനുസരിച്ചു നടപ്പാക്കപ്പെടണം.

**നാലാം കാനോന:**

വീണ്ടും മറ്റൊരു കാര്യം ഞങ്ങളുടെ അറിവിൽപ്പെട്ടു. ഒരു രൂപതയിൽ ഒരു മെത്രാൻ ദിവംഗതനാകുമ്പോൾ ഭിന്നതകളും കക്ഷിതിരിവുകളും ഉണ്ടാകുന്നു. ഓരോരുത്തരും സ്വന്തം ഇഷ്ടം നടപ്പാക്കാൻ ശ്രമിക്കുന്നു. അവർ അവരുടെ മനസ്സിന്റെ അസ്വസ്ഥതയ്ക്കനുസൃതമായി മാനുഷിക വികാരങ്ങളാൽ നയിക്കപ്പെടുന്നതുകൊണ്ട് അൽമായർ കൂട്ടംചേർന്ന് വൈദികരുടെ കക്ഷികളോടു യോജിച്ചു പ്രവർത്തിക്കുന്നു. ആ പ്രവിശ്യയിലെ മെത്രാന്മാരുടെയോ വൈദികരും വിശ്വാസികളും ചേർന്ന മുഴുവൻ സമൂഹത്തിന്റെയോ സഹകരണമില്ലാതെ അവർ തന്നെ രഹസ്യമായി ഒരാളെ തെരഞ്ഞെടുക്കുന്നു. അവർ ശപഥങ്ങൾ സ്വീകരിക്കുകയും മരിക്കേണ്ടിവന്നാലും അയാളെ കൈവെടിയുകയില്ലെന്ന് ഉടമ്പടി ചെയ്യുകയും ചെയ്യുന്നു. തത്ഫലമായി സമൂഹത്തിൽ ദൂഷണവും വളരെ ഉപദ്രവങ്ങളും ഉളവാകുന്നു.

ഇക്കാരണത്താൽ ഞങ്ങൾ താഴെ പറയുന്ന കല്പന പുറപ്പെടുവിക്കുന്നു; ഈ വിധത്തിൽ പ്രവർത്തിക്കുന്നവർ ബന്ധിക്കപ്പെടുകയും ശപിക്കപ്പെടുകയും ചെയ്യുന്നു. വിശുദ്ധ രഹസ്യങ്ങളിലെ ഭാഗഭാഗിത്വത്തിൽ നിന്നും വിശ്വാസികളുമായുള്ള എല്ലാത്തരം സമ്പർക്കങ്ങളിൽ നിന്നും അവർ നിരോധിക്കപ്പെട്ടിരിക്കുന്നു. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നയാൾക്ക് ആ സമയത്ത് അതിനെക്കുറിച്ച് അറിവില്ലെങ്കിലും, തുടർന്ന് അക്കാര്യത്തിൽ സമ്മതം നൽകുകയാണെങ്കിൽ, അയാളുടെ തെറ്റിന് അർഹമായ വിധത്തിൽ സഭാത്മകമായ സകല സമ്പർക്കങ്ങളിൽ നിന്നും അയാൾ അകറ്റി നിർത്തപ്പെടും. എന്നാൽ ഒരാൾ സ്വന്തം പ്രേരണയും പ്രവർത്തനവും മൂലം മുകളിൽ പറഞ്ഞവിധം സംഭവിക്കാനിടയാക്കുകയും ധാർഷ്ട്യം നിറഞ്ഞ ആ മനോഭാവത്തിൽ നിന്നു പിന്തിരിയാതെ ഇരിക്കുകയും ചെയ്യുകയാണെങ്കിൽ അയാൾ നീക്കപ്പെടുകയും അയാൾക്കു സഭയിലുള്ള സ്ഥാനം നഷ്ടപ്പെടുകയും ചെയ്യും.

**അഞ്ചാം കാനോന:**

രൂപതയിൽ നിന്നു രൂപതയിലേയ്ക്കു കുടിയേറുന്ന മെത്രാനെ പാശ്ചാത്യദേശത്തെ മെത്രാന്മാരുടെ ഒരു കൗൺസിൽ ശപിക്കുകയും



അയാൾ അതിനെ തൃണവത്ഗണിക്കുകയും അതു മൂലം വിശുദ്ധ സഭയിൽ അപഥസഞ്ചാരത്തിന് ഒരു വാതിൽ തുറക്കപ്പെടുകയും ചെയ്ത വിവരം കൗൺസിലിന്റെ അറിവിൽപ്പെട്ടു. ഇത്തരം സംഭവങ്ങൾ ഉണ്ടായ സ്ഥലത്തൊന്നും സഭയ്ക്ക് അഭിവൃദ്ധിയുണ്ടായിട്ടില്ല. വലുതായ അഴിമതികളും ക്ഷതങ്ങളും നാശങ്ങളും അവയിൽ നിന്ന് ഉളവാകുകയും ചെയ്തു.

കാനോനകൾ വഴി പിതാക്കന്മാർ കല്പിച്ച ഈ ശാപം നമുക്കു സംഭവിക്കാതിരിക്കുന്നതിനും ഇത്തരം അപഥസഞ്ചാരം ദൈവത്തിന്റെ സഭയിൽ ഉണ്ടാകാതിരിക്കുന്നതിനും കർത്താവായ മിശിഹായുടെ പൗരോഹിത്യത്തിൽ അശുദ്ധി ഏർപ്പെടാതിരിക്കുന്നതിനും വേണ്ടി സ്വർഗ്ഗീയമായ അധികാരത്താൽ ഞങ്ങൾ ആജ്ഞാപിക്കുന്നു. രൂപത വിട്ട് മറ്റൊരുരൂപതയിലേയ്ക്കു മാറിപ്പോകുവാൻ ആർക്കും അനുവാദമില്ല. അകത്തും പുറത്തുമുള്ളവർ ശക്തിയായ സമ്മർദ്ദം പ്രയോഗിച്ചാൽപോലും അപ്രകാരം ചെയ്യുവാൻ പാടില്ല. ഈ വിഷയത്തിൽ ആളുകളുടെ അഭ്യർത്ഥന മെത്രാൻ സ്വീകരിക്കരുത്; സഭാകാനോനാകൾ സംരക്ഷിക്കുന്നതിൽ അയാൾ നിഷ്ഠയുള്ളവനായിരിക്കണം. തനിക്കു നൽകപ്പെട്ടിട്ടുള്ള ആദ്ധ്യാത്മിക ഭാര്യയോടുള്ള പരിശുദ്ധമായ ഘനിഷ്ഠബന്ധമാണത്. ഈ ഡിക്രി ലംഘിക്കാൻ ധൈര്യപ്പെടുന്നവർ ആരായിരുന്നാലും അവർ പൗരോഹിത്യത്തിന്റെ എല്ലാ നിരകളിൽനിന്നും വൈദികസമൂഹത്തോടുള്ള സമ്പർക്കത്തിൽനിന്നും അകറ്റപ്പെടും. അയാൾ പശ്ചാത്തപിക്കുകയും അയാൾക്കു മാപ്പു കൊടുക്കുകയും പരിശുദ്ധരഹസ്യങ്ങളിലുള്ള ഭാഗഭാഗിത്വം അനുവദിക്കുകയും ചെയ്യുന്നതു നല്ലതാണെന്ന് മെത്രാൻ സംഘത്തിനു ബോദ്ധ്യം വരുന്നതുവരെ ഈ നിരോധനം തുടരും.

**ആറാം കാനോന:**

മറ്റൊരു കാര്യവും കൗൺസിലിന്റെ ശ്രദ്ധയിൽപ്പെട്ടു. സമൂഹത്തിന്റെ കൗൺസിലുകൾ ഉള്ളപ്പോൾ അധികാരികളും നേതാക്കന്മാരും പറയുന്നതും അവരോടു ബന്ധപ്പെട്ടതുമായ കാര്യങ്ങളെല്ലാം ചില മെത്രാന്മാർ നല്ല മനസ്സോടെ ചെയ്യും. പക്ഷെ കുറെകഴിയുമ്പോൾ അവർ അതെല്ലാം നിഷേധിക്കും. ''ഞങ്ങൾ അങ്ങനെ ചെയ്തില്ല.'' ''നിർബന്ധിക്കപ്പെട്ടിട്ടാണ്

www.malankaralibrary.com



ങ്ങൾ അങ്ങനെ ചെയ്തത്.'' അവരുടെ വാക്കുകൾ ഒരു രീതിയിലും പ്രവൃത്തികൾ വേറൊരു രീതിയിലും ആണെന്ന് വരുന്നു. കുററം ചെയ്യുന്നവരുടെമേൽ ശിക്ഷാവിധികൾ ഉണ്ടാകണമെന്നു അവർ വാദിക്കുന്നു. എന്നാൽ ശിക്ഷാവിധി രൂപപ്പെടുകയും സമൂഹത്തിൻെറ കൗൺസിലിൽ അതു പ്രഖ്യാപിക്കപ്പെടുകയും മെത്രാന്മാരെല്ലാം തങ്ങളുടെ സഹോദരന്മാരുടെ തീരുമാനത്തിനു സമ്മതം നൽകുകയും ചെയ്യുമ്പോൾ മെത്രാന്മാരുടെ കൗൺസിൽ ചെയ്ത കാര്യത്തിന് അവർ എതിരാകും.

ഈ വിഷയത്തിൽ ഞങ്ങൾ കാനോനികമായി ഇങ്ങനെ കല്പന പുറപ്പെടുവിക്കുന്നു; അത്തരക്കാരെ സഹോദരമെത്രാന്മാർ ശക്തിയായി കുററപ്പെടുത്തണം. അതുകൊണ്ട് അവർ തങ്ങളുടെ തെററായ മാർഗ്ഗങ്ങൾ ഉപേക്ഷിക്കുന്നില്ലെങ്കിൽ അവരെ പൗരോഹിത്യ ശുശ്രൂഷയിൽ നിന്നു നിരോധിക്കണം. എന്നിട്ടും അവർ അവരുടെ ധാർഷ്ട്യത്തിൽ തുടരുകയും സഹോദരന്മാരുടെ ഉപദേശങ്ങളും കല്പനകളും അനുസരിക്കാതിരിക്കുകയും ചെയ്താൽ ''ദൈവവചനത്താൽ'' അവർക്ക് ശുശ്രൂഷയിൽ നിന്നുള്ള ബഹിഷ്കരണത്തിൻെറ നിശ്ചിത സമയപരിധി നൽകട്ടെ. എന്നിട്ടും അവരുടെ മുറിവുകൾ സുഖപ്പെടുന്നില്ലെങ്കിൽ പൗരോഹിത്യത്തിൻെറ എല്ലാ സ്ഥാനങ്ങളിൽനിന്നും അവർ ഉരിയപ്പെടുകയും ബഹിഷ്കരിക്കപ്പെടുകയും ചെയ്യട്ടെ.

**ഏഴാം കാനോന:**

താഴെ പറയുന്ന ഒരു കാര്യവും കൗൺസിലിൻെറ പരിഗണനക്കു വിഷയമായി: വലിയ പിതാവിൻെറ, അതായത് പാത്രിയർക്കീസിൻെറ സ്ഥാനം ലഭിച്ച ചിലർ തന്നിഷ്ടപ്രകാരം കാര്യങ്ങൾ ചെയ്യുന്നു. തങ്ങൾക്കു വേണ്ടിയും തങ്ങളിൽ തന്നെയുമാണ് അവരുടെ പ്രവർത്തനങ്ങൾ. അവർ തോന്നിയെടത്തെല്ലാം പോകുകയും തീരുമാനങ്ങൾ ചെയ്യുകയും ചെയ്യുന്നു. അവർ മെത്രാന്മാരുടെ അടുത്തു പോകുകയോ അവരെ തങ്ങളുടെ പക്കലേക്കു വിളിക്കുകയോ ചെയ്യുന്നില്ലെങ്കിലും തങ്ങളുടെ തീരുമാനങ്ങൾ അവരെ നിർബന്ധിച്ച് അംഗീകരിപ്പിക്കുന്നു. അംഗീകരിക്കുന്നില്ലെങ്കിൽ അവർക്കെതിരേ ആരോപണങ്ങൾ കുത്തിപ്പൊക്കുകയും അവരെ ശപിക്കുകയും മെത്രാൻസ്ഥാനത്തു നിന്നു നീക്കംചെയ്യുകയും ചെയ്യുന്നു.



ഇക്കാരണത്താൽ ഞങ്ങൾ താഴെപ്പറയുന്ന കല്പന പുറപ്പെടുവിക്കുന്നു: മെത്രാപ്പോലീത്തായാകട്ടെ, പാത്രിയർക്കീസാകട്ടെ ഏതു കാര്യവും ചെയ്യുന്നതു് സമൂഹത്തിൻെറ ഉപദേശത്തോടു കൂടിയും അനേകം മെത്രാന്മാർ ഉള്ളപ്പോഴുമായിരിക്കണം. ആ പ്രവൃത്തി ഈ വിധത്തിൽ സാധുവായിത്തീരുന്നു. അങ്ങനെ ചെയ്യുന്ന കാര്യങ്ങൾ വിശ്വാസ്യങ്ങളായിരിക്കുകയും ചെയ്യും. എന്നാൽ അടിയന്തിര സ്വഭാവമുള്ള ഏതെങ്കിലും കാര്യം ഉണ്ടാവുകയും മെത്രാന്മാരെ സമ്മേളിപ്പിക്കാൻ സമയം ഇല്ലാതിരിക്കുകയും ചെയ്താൽ, അഥവാ കാര്യത്തിൻെറ തിടുക്കം സമയം നീട്ടിവയ്ക്കാൻ അനുവദിക്കുന്നില്ലെങ്കിൽ, മെത്രാന്മാർ വരുന്നതു വരെ കാര്യം നീട്ടിവച്ചാൽ കുഴപ്പമുണ്ടാകുമെങ്കിൽ, ഇത്തരം അത്യാവശ്യ സാഹചര്യങ്ങളിൽപ്പോലും മൂന്നു മെത്രാന്മാരെയെങ്കിലും കൂട്ടിയിട്ടല്ലാതെ ഒരു കാര്യവും ചെയ്യരുതു്. എന്തെന്നാൽ കർത്തൃവചനാനുസൃതം, മൂന്നു മെത്രാന്മാർ കൂടുമ്പോൾ അതു് സമൂഹത്തിൻെറ കൗൺസിൽ ആയി അംഗീകരിച്ചിട്ടുള്ളതാണ്. അവിടുന്നു പറഞ്ഞു, ''എൻെറ നാമത്തിൽ രണ്ടോ മൂന്നോ പേർ ഒന്നിച്ചു കൂടുന്നിടത്തു് അവരുടെ മദ്ധ്യത്തിൽ ഞാൻ ഉണ്ടായിരിക്കും'' (മത്താ. 18: 20). ഇതിനെതിരായി പ്രവർത്തിക്കുന്നവർ ആരായിരുന്നാലും അവർ സമൂഹം അംഗീകരിച്ച ശിക്ഷാവിധിക്കും പ്രായശ്ചിത്തത്തിനും അർഹരായിരിക്കും.

**എട്ടാം കാനോന:**

വൈദികരും ആശ്രമാധിപന്മാരും അവരുടെ ആസ്ഥാനങ്ങൾ ഉപേക്ഷിച്ച് മെത്രാൻെറ അനുവാദം കൂടാതെ വേറെ സ്ഥലങ്ങളിലേയ്ക്കു് മാറിപ്പോകുന്നതായി അറിയുന്നു. കൂടുതൽ അഭിവൃദ്ധിയുള്ള സ്ഥലങ്ങൾ നോക്കിയാണ് ഇവർ മാറിപ്പോകുന്നതു്. അവർ ആദ്യസ്ഥലങ്ങളിൽ വന്ന കാലത്തു് അവയും അഭിവൃദ്ധിയിൽ നിലനിന്നവയാണ്. കുറെക്കാലം കൊണ്ടു് അവർ അവയെല്ലാം നശിപ്പിച്ച് വേറെ സ്ഥലങ്ങളിലേയ്ക്കു പോയി.

ഇക്കാര്യങ്ങളെ സംബന്ധിച്ച് ഞങ്ങൾ കാനോനികമായി ഇങ്ങനെ ആജ്ഞാപിക്കുന്നു: ഇങ്ങനെപോയ ആളുകൾക്കു് മേലിൽ ഏതെങ്കിലും പള്ളിയുടെയോ സന്യാസാശ്രമത്തി

www.malankaralibrary.com



ൻെറയോ നായകസ്ഥാനം കൊടുക്കാൻ പാടില്ല. പള്ളിയുടെയോ സന്യാസാശ്രമത്തിൻെറയോ വകയായിട്ടുള്ള ഏതെങ്കിലും വസ്തു അവരുടെ കൈവശമുണ്ടെങ്കിൽ അതു തിരിച്ചെടുത്ത് ആ സ്ഥാപനത്തിനു കൊടുക്കണം. സ്ഥലത്തെ മെത്രാൻ അവരെ സംബന്ധിച്ച് വേണ്ട മുന്നറിയിപ്പുകൾ നൽകണം. അവക്ക് കൂടുതലായി എന്തെങ്കിലും ശിക്ഷ നൽകേണ്ടതാവശ്യമാണെന്ന് മെത്രാനു തോന്നിയാൽ അദ്ദേഹത്തിന് അതു ചെയ്യാവുന്നതാണ്.

**ഒമ്പതാം കാനോന:**

ഇനി മറെറാരു കാര്യം കൂടെ സൂനഹദോസിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പലവിധ കുററകൃത്യങ്ങളിൽ ഏർപ്പെട്ട ചില വൈദികരുണ്ട്. അവർ കുററവാളികളാണെന്ന് സഭ്യേ് അകത്തും പുറത്തുമുള്ളവക്ക് അറിയുകയും ചെയ്യാം. അവർ നല്ല മനസ്സോടെ പശ്ചാത്തപിച്ചില്ലെങ്കിലും ആവശ്യത്തിൻെറ പേരിൽ പശ്ചാത്താപത്തിൻെറ ഭാവങ്ങൾ പുറമേ പ്രകടിപ്പിച്ച് ആളുകളുടെ അനുഭാവം പിടിച്ചു പററി. നേതാക്കന്മാർ വാക്കുകൾക്കതീതമായ കാരണങ്ങളാൽ, അവരെ അവരുടെ സ്ഥാനങ്ങളിൽ ശുശ്രൂഷ തുടരാൻ കാരുണ്യപൂർവ്വം അനുവദിച്ചു. അവർ വീണ്ടും പരിശ്രമിച്ച് അകത്തും പുറത്തുമുള്ളവരുടെ അനുഭാവം കൂടുതലായി സമ്പാദിച്ച് മെത്രാൻ പദവിയിൽ കയറിക്കൂടി. എന്നാൽ പഴയ കാലത്ത് അവർ കുററം ചെയ്തവരും കുററപ്പെടുത്തലിന് അർഹരുമാണ് എന്ന് അറിയപ്പെട്ടിരുന്നതു കൊണ്ട് കുററം ചെയ്യുന്നവരെ ശാസിക്കാനോ ശിക്ഷിക്കാനോ അവർക്കു സാധിക്കാതെ വരുന്നു.

ഇക്കാര്യങ്ങളെ സംബന്ധിച്ച് ഞങ്ങൾ കാനോനികമായി ഇങ്ങനെ കല്പന പുറപ്പെടുവിക്കുന്നു: മററുള്ളവരുടെ ഗുരുവായിരിക്കുന്ന ഒരാൾ സഭാകാനോനാകൾ ലംഘിക്കുകയോ ക്രൈസ്തവ ജീവിത ശൈലിക്കു ചേരാത്തത് എന്തെങ്കിലും / പ്രവർത്തിക്കുകയോ ചെയ്താൽ, അയാൾ മററുള്ളവരുടെ കാരുണ്യം ആർജ്ജിക്കുകയും തൻെറ പഴയ സ്ഥാനത്തു തുടരാൻ അനുവദിക്കപ്പെടുകയും ചെയ്താലും പിതാവിൻെറ സ്ഥാനമായ മെത്രാൻ സ്ഥാനം നേടാൻ അയാൾ ഉദ്യമിക്കരുത്. ഈ നിർദ്ദേശം ലംഘിക്കുന്നവർ ബന്ധിക്കപ്പെടുകയും ശപിക്കപ്പെടുകയും



വൈദിക ശുശ്രൂഷയിൽ നിന്നു നീക്കപ്പെടുകയും ചെയ്യണം. മെത്രാന്മാരുടെ സമൂഹം അവക്കായി നിർദ്ദേശിക്കുന്ന പശ്ചാത്താപകൃത്യങ്ങൾ നിർവ്വഹിച്ചു കഴിയും വരെ ഈ സ്ഥിതി തുടരണം. ഉദ്യമിച്ചയാൾ ഡിസ്മിസ് ചെയ്യപ്പെടുകയും അയാൾ സ്വീകരിച്ച സ്ഥാനത്തു നിന്നു നീക്കപ്പെടുകയും വേണം.

**പത്താം കാനോന:**

മറെറാരു കാര്യം കൂടെ അറിവിൽപ്പെട്ടിട്ടുണ്ട്; വൈദികരും ഡീക്കന്മാരും സന്യാസികളും അവിശ്വാസിനികളായ സ്ത്രീകളെ വിവാഹം കഴിക്കുന്നു; അവരിൽ ചിലർ മാനസ്സാന്തരപ്പെടുന്നു. അവർ അവരിൽ സന്താനങ്ങളെ ജനിപ്പിക്കുന്നു. കുറെക്കഴിഞ്ഞ് മാഗിയർ അവരെക്കുറിച്ച് അറിയുമ്പോൾ അവരെ പിടിക്കയും ബന്ധിക്കുകയും ക്രിസ്തുമതത്തെ നിന്ദിക്കുകയും ചെയ്യുന്നു. ചില വൈദികരും ഡീക്കന്മാരും അവരുടെ അവിശ്വാസികളായ മക്കൾമൂലവും നിന്ദാർഹരായിത്തീരുന്നു.

ഇത്തരത്തിൽ പ്രവർത്തിക്കുന്ന ആളുകളെ മേലിൽ വൈദിക ശുശ്രൂഷ വിശ്വസിച്ച് ഏല്പിക്കരുത് എന്ന് ഈ വിഷയത്തിൽ ഞങ്ങൾ കാനോനികമായി കല്പന നൽകുന്നു.

**പതിനൊന്നാം കാനോന:**

പള്ളികളുടെയും സന്യാസാശ്രമങ്ങളുടെയും സ്വത്തുക്കളെ സംബന്ധിച്ചുള്ള പ്രമാണങ്ങൾ വിശ്വസിച്ച് ഏല്പിക്കപ്പെടുന്ന ചില മെത്രാന്മാരും വൈദികരും അവ തന്ത്രപൂർവ്വം സ്വന്തം പേരിലാക്കുകയും പിന്നീട് അവ സ്വന്തം മക്കൾക്ക് കൊടുക്കുന്ന വിൽപത്രങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നതായി അറിവായിരിക്കുന്നു. അവരുടെ ഭാര്യമാരെയോ പുത്രിമാരെയോ അന്യമതസ്ഥർ വിവാഹം ചെയ്യുമ്പോൾ പ്രസ്തുത സ്വത്തുക്കൾ പള്ളികൾക്കും ആശ്രമങ്ങൾക്കും മാത്രമല്ല ക്രൈസ്തവ സമൂഹത്തിനും നഷ്ടപ്പെടാൻ ഇടയാകുന്നു.

ഈ വിഷയം സംബന്ധിച്ച് ഞങ്ങൾ കാനോനികമായി താഴെ പറയുന്ന കല്പന നൽകുന്നു: സമൂഹത്തിൻെറ കാര്യങ്ങൾ വിശ്വസിച്ച് ഏല്പിക്കപ്പെടുന്നവർക്ക് സമൂഹത്തിൻെറ ഉപദേ

www.malankaralibrary.com



ശവും കൗൺസിലും കൂടാതെ ഉടമ്പടികൾ ഉണ്ടാക്കാൻ അനുവാദമില്ല. അവർ രഹസ്യമായി എന്തെങ്കിലും ഉടമ്പടിയുണ്ടാക്കിയാൽ അവ സഭയുടെ വിധിമൂലം തള്ളപ്പെടുകയും അസാധുവാക്കപ്പെടുകയും ചെയ്യും.

**പന്ത്രണ്ടാം കനോന:**

മറെറാരു കാര്യം കൂടെ: മെത്രാന്മാർ, വൈദികർ, ഡീക്കന്മാർ സന്യാസികൾ, വിശ്വാസികൾ എന്നിവരിൽ ചിലർ അവരുടെ കുററങ്ങൾ മൂലം വൈദിക ശുശ്രൂഷയിൽ നിന്നോ വിശുദ്ധ രഹസ്യങ്ങളുടെ സ്വീകരണത്തിൽ നിന്നോ വിശ്വാസികളുമായുള്ള സമ്പർക്കത്തിൽനിന്നോ "ദൈവവചന"ത്താൽ വിലക്കപ്പെടുമ്പോൾ ചിലർ അത് പ്രതിഷേധം കൂടാതെ തത്കാലം സ്വീകരിക്കും. എന്നാൽ പിന്നീട് അവർ പോയി പുറത്തുള്ളവരുടെ പിന്തുണ നേടിയിട്ട് അവരുടെ ശിക്ഷ പിൻവലിക്കപ്പെടാനുള്ള പ്രയത്നങ്ങൾ നടത്തും. എന്നാൽ അവർ തങ്ങളുടെ തെററുകൾ തിരുത്താനുള്ള യാതൊരു ശ്രമവും നടത്തുകയില്ല. സഭാനിയമങ്ങൾ സംരക്ഷിക്കണമെന്ന താല്പര്യത്തിൽ ആരെങ്കിലും അവരുടെ നടപടികൾക്ക് എതിരു നിന്നാൽ അവർ പല തരത്തിലുള്ള പീഡനങ്ങൾക്ക വിധേയരാകേണ്ടിവരും. ശിക്ഷാവിധേയരായ ആളുകൾ അവരുടെ ലൗകികാധികാരം ഉപയോഗിച്ചും രാജകീയമായ പ്രവർത്തനങ്ങൾ വഴിയും മററു പലതരത്തിലുമാണ് പീഡിപ്പിക്കുന്നത്. വേറെ ചിലയാളുകളാകട്ടെ, ശിക്ഷാനടപടികളെ നേരേ ചെറുക്കുകയാണു ചെയ്യുക. അവർ കലാപമുണ്ടാക്കും. അവർ കലഹപ്രിയരായ ആളുകളെ സംഘടിപ്പിച്ച് ഒരു പാർട്ടിയുണ്ടാക്കി മെത്രാന്റെ അധികാരത്തിൽ നിന്നു വിട്ടുപോകുകയും തങ്ങൾ പറയുന്നതെല്ലാം അനുസരിക്കുന്ന ഒരാളെ മെത്രാനാക്കുകയും ചെയ്യും.

ഈ വിഷയത്തിൽ ഞങ്ങൾ കാനോനികമായി ഇങ്ങനെ ആജ്ഞാപിക്കുന്നു: ഇത്തരം കുററവാളികൾ സഭാപരമായ എല്ലാ സമ്പക്കത്തിൽ നിന്നും നിശ്ചിത കാലയളവിലേയ്ക്കു മാററി നിർത്തപ്പെടണം. അവർ തെററുകളെക്കുറിച്ചു ബോധവാന്മാരാകുകയും പശ്ചാത്തപിക്കുകയും ചെയ്യുകയാണെങ്കിൽ അവരെ തിരികെ സ്വീകരിക്കാം. നേരേമറിച്ച് അവർ സ്വന്ത



ധാർഷ്ട്യത്തിൽ നിലനിൽക്കുകയും പശ്ചാത്താപത്തിനു സന്ദർഭം നൽകിയിട്ട് അതുപയോഗിക്കാതെ കലഹവും സംഘർഷവും ജനിപ്പിക്കുകയുമാണെങ്കിൽ, സ്വന്തം ആത്മാക്കളെ കുറിച്ചു ദയ വിചാരിക്കാനും സമൂഹത്തിന്റെ അനുമതിയും മാപ്പും വഴി ആത്മാവിന്റെ രോഗമോചനം നേടാനും അവർ കൂട്ടാക്കുന്നില്ലെങ്കിൽ അവർക്കു സ്ഥിരമായ ശിക്ഷകൾ നൽകണം. വൈദികരാണെങ്കിൽ അവരെ അഴിക്കുകയും അവരുടെ ശുശ്രൂഷയിൽ നിന്നു നീക്കം ചെയ്യുകയും വിശ്വാസികളുമായുള്ള സമ്പക്കത്തിൽ നിന്നു വിലക്കുകയും വേണം. വിശ്വാസികളാണെങ്കിൽ അവരെ സഭാപരമായ സകല സമ്പക്കത്തിൽ നിന്നും വിലക്കണം. എന്നാൽ അവർ തിരിച്ചു വരുകയാണെങ്കിൽ വിശുദ്ധരഹസ്യങ്ങൾ സ്വീകരിക്കാൻ അവരെ അനുവദിക്കാം.

**പതിമൂന്നാം കാനോന:**

കുഴപ്പക്കാരായ ചില അൽമായരെക്കുറിച്ചുള്ള ഒരു കാര്യവും സിനഡിന്റെ അറിവിൽപ്പെട്ടു. സഭാനിയമങ്ങൾ ലംഘിച്ച അവർ സഭയുടെ "സമാധാന"ത്തിനു പോലും അർഹരല്ല. എന്നാൽ സഭയുടെതായ ഏതെങ്കിലും ആലോചനായോഗമുള്ളപ്പോൾ അവർ വന്ന് പ്രധാന ഇരിപ്പിടങ്ങളിൽ ഉപവിഷ്ടരാകും. ക്രൈസ്തവജീവിതത്തിന്റെ സമ്പ്രദായങ്ങളിൽ ഒട്ടും വിശ്വസ്തരല്ല എങ്കിലും അവർ സന്യാസികളുടെയും ഡീക്കന്മാരുടെയും വൈദികരുടെയും മെത്രാന്മാരുടെ പോലും വിധികർത്താക്കളായിത്തീരുന്നു. അവരുടെ കുററം എത്ര വലുതാണെന്നകാര്യം അവരുടെ തലയിൽ കയറുന്നില്ല.

ഇവരെസംബന്ധിച്ച് ഞങ്ങൾ കാനോനികമായി താഴെ പറയുന്ന തീരുമാനം ചെയ്യുന്നു: ഒരു തലവന്റെ നേതൃത്വത്തിൽ സമൂഹത്തിന്റെ ഒരു ആലോചനായോഗം നടക്കുന്നിടത്ത് അവർ പ്രവേശിക്കാൻ പാടില്ല എന്നു മാത്രമല്ല ഏതു കാര്യത്തിനായാലും യോഗത്തിൽ ഒരു ഇരിപ്പിടം നൽകപ്പെടാൻ അർഹരായി അവരെ കണക്കാക്കാനും പാടില്ല. അവരുടെ സേവനം ആവശ്യമായ തരത്തിൽ ഏതെങ്കിലും സാഹചര്യം ഉണ്ടായാൽ അവർ കുററവാളികളായി സഭയിൽ വന്നുനിൽക്കണം. അവർക്കു വിധിയാളന്മാരാകണമെന്നുണ്ടെങ്കിൽ ആദ്യം അവരെ

www.malankaralibrary.com



ത്തന്നെ വിധിക്കട്ടെ. അതിനുശേഷം, തങ്ങളെക്കാൾ ശ്രേഷ്ഠരായിട്ടുള്ളവരെ അവർ വിധിക്കട്ടെ. മറെറാരു തരത്തിലും പ്രവർത്തിക്കാൻ അവർക്ക് അനുവാദമില്ലെന്നു ഞങ്ങൾ ശാപപൂർവ്വം കല്പിക്കുന്നു.

**പതിനാലാം കാനോന:**

താഴെപ്പറയുന്ന കാര്യവും ഞങ്ങളുടെ അറിവിൽപ്പെട്ടിരിക്കുന്നു: പിതാക്കന്മാരുടെ പിതാവായ പാത്രിയർക്കീസ് ദിവംഗതനാകുമ്പോൾ പൗരോഹിത്യത്തിന്റെ ഉന്നത പിതൃസ്ഥാനത്തേയ്ക്കു തെരഞ്ഞെടുക്കപ്പെടുന്നയാൾ സമൂഹത്തിന്റെ മുഴുവൻ സമ്മതത്തോടുകൂടിയാണു തെരഞ്ഞെടുക്കപ്പെടേണ്ടതു്, അതിനാൽ സമാധാനകാലമാണെങ്കിൽ, തടസ്സം ഉണ്ടാക്കുന്നഭയജന്യമായ ഒന്നുമില്ലെങ്കിൽ ആ സമ്മതത്തിൽ എഴുത്തു വഴിയോ കൈവയ്പുവഴിയോ എല്ലാ മെത്രാപ്പോലീത്താമാരും പങ്കുചേരുക എന്നതു് ആവശ്യകമാണ്. എന്നാൽ ആ കാലം കുഴപ്പമോ കലാപമോ നിറഞ്ഞതാണെങ്കിൽ, ക്രിസ്തുമതത്തിന് പുറത്തുനിന്നു ശല്യങ്ങൾ ഉണ്ടാകുന്നുവെങ്കിൽ, രണ്ടു മെത്രാപ്പോലീത്താമാരുടെ സമ്മതത്തോടുകൂടെ, തിടുക്കത്തിൽ തലവന്റെ തെരഞ്ഞെടുപ്പു നടത്താവുന്നതാണ്. അങ്ങനെയാകുമ്പോൾ നമുക്ക് എതിരായിട്ടുള്ളവരിൽ നിന്ന് പീഡനവും വേദനയും അധികമായി ഉണ്ടാകാതിരിക്കുമല്ലോ. പേരിനുമാത്രം ക്രിസ്ത്യാനികളായിട്ടുള്ള കലഹപ്രിയരായ ആളുകൾ ആ സന്ദർഭമുപയോഗിച്ച് ഭിന്നതകളും ശീശ്മകളും ഉണ്ടാക്കാതിരിക്കുകയും ചെയ്യും. ഇത്തരം സന്ദർഭങ്ങളിൽ ഇതുപോലുള്ള കാര്യങ്ങൾ ഇതിനു മുമ്പു നടന്നിട്ടുള്ളതത്രേ.

ഇതു കാരണമായി ഞങ്ങൾ താഴെ പറയുന്ന തീരുമാനം ചെയ്യുന്നു; മനുഷ്യവ്യക്തികളോടുള്ള ബഹുമാനത്താലും മാനുഷികവികാരങ്ങളാലും പ്രേരിതരാകാതെ, നല്ല മനസ്സോടും നീതിപൂർണ്ണമായ ഉദ്ദേശ്യങ്ങളോടുംകൂടെ, സെലൂഷ്യാ സ്റ്റെസിഫൺ നഗരങ്ങളിലെ വൈദികരും വിശ്വാസികളും ആ സിംഹാസനത്തിന്റെ പ്രവിശ്യയിലെ മെത്രാന്മാരോടു ചേർന്നും രണ്ടു മെത്രാപ്പോലീത്താമാരുടെ സമ്മതത്തോടു കൂടിയും ഒരു തലവനെ തെരഞ്ഞെടുക്കുമ്പോൾ, മറെറല്ലാ പ്രവിശ്യകളും നല്ല മനസ്സോടും സന്തോഷത്തോടും കൂടെ ആ തലവനെ സ്വീകരിക്കണം. അദ്ദേഹം പരിശുദ്ധാത്മാവിന്റെ പ്രസാദത്താൽ തങ്ങൾക്കുമേൽ തലവനും നേതാവുമായി അവരോധിക്കപ്പെട്ടയാളാണ്. അവർ നല്ല ശിഷ്യന്മാരെപ്പോലെ അദ്ദേഹത്തെ ബഹുമാനിക്കുകയും ആദരിക്കുകയും വേണം. പാത്രിയർക്കീസ് ആകുന്ന ആദ്ധ്യാത്മിക പിതാവിനെ അവർ എഴുത്തുകൾ വഴി ബഹുമാനിക്കണം. അദ്ദേഹവും അതുപോലെതന്നെ തന്റെ എല്ലാ സഹോദരന്മാരെയും സഹമെത്രാന്മാരെയും ബഹുമാനിക്കണം. ഏതെങ്കിലും ഒരു പ്രവിശ്യ ഇതിനെതിരായി പ്രവർത്തിക്കുകയാണെങ്കിൽ മറെറല്ലാ പ്രവിശ്യകളും ചേർന്ന് കഠിനവും കയ്പേറിയതുമായ ഒരു ശിക്ഷ അവരുടെ മേൽ സ്വീകരിക്കണം. കാരണം, അവർ തങ്ങളുടെ ധാർഷ്ട്യം മൂലം തലവന്റെ നേരെ കയ്യുയർത്തുകയാണെങ്കിൽ അവർക്കു കീഴിലുള്ളവരും അങ്ങനെ കയ്യുയർത്താൻ ധൈര്യപ്പെടും.



**പതിനഞ്ചാം കാനോന:**

മറെറാരു കാര്യം ഞങ്ങളുടെ അറിവിൽപ്പെട്ടു. കാതോലിക്കോസിനു് മെത്രാപ്പോലീത്താമാരുടെ അംഗീകാരവും അഭിഷേകവുമില്ലെങ്കിൽ അദ്ദേഹത്തെ പാത്രിയർക്കീസ് എന്നും പാത്രിയർക്കീസിന്റെ അംഗീകാരവും അഭിഷേകവുമില്ലാത്ത മെത്രാപ്പോലീത്തായെ മെത്രാപ്പോലീത്താ എന്നും വിളിക്കേണ്ടതില്ല എന്നുണ്ടല്ലോ. എന്നാൽ അംഗീകാരമുള്ളപ്പോൾത്തന്നെ അതു് പൊതുവായ സമ്മതത്താൽ എഴുതപ്പെട്ട ആജ്ഞകൾ അനുസരിച്ചല്ല, പ്രത്യുത സഭാകാനോനകൾക്കും ആചാരങ്ങൾക്കും ക്രമത്തിനും സഭാപരമായ പാരമ്പര്യങ്ങൾക്കും എതിരായ വിധത്തിലാണ് ചെയ്യപ്പെട്ടതു്. അതിനാൽ പാത്രിയർക്കീസായാലും മെത്രാപ്പോലീത്താ ആയാലും മെത്രാനായാലും പൗരോഹിത്യത്തിന്റെ എല്ലാ പദവികളിൽ നിന്നും അയാൾ നീക്കം ചെയ്യപ്പെട്ടിരിക്കുന്നു എന്ന് ''ദൈവവചന''ത്താൽ ഞങ്ങൾ ആജ്ഞാപിക്കുന്നു.

**പതിനാറാം കാനോന:**

താഴെ പറയുന്ന കാര്യവും കൗൺസിലിന്റെ വിചിന്തനത്തിനു വിഷയമായി: ഏതെങ്കിലും ഒരവസരത്തിൽ ഒരു പ്രോവിൻസിലെ മെത്രാന്മാർ അവരുടെ തലവന്റെ കീഴിൽ സമ്മേളിക്കുമ്പോൾ—അതു സഭാപരമായ ഏതെങ്കിലും കാര്യ

www.malankaralibrary.com



ത്തെക്കുറിച്ച് അന്വേഷിക്കുന്നതിനാകാം. അല്ലെങ്കിൽ സഭാ കാനോനകൾക്കും പൊതുവായ ക്രൈസ്തവ രീതികൾക്കും എതിരായി ധിക്കാരപൂർവ്വം എന്തെങ്കിലും ചെയ്ത ഒരാളെക്കുറിച്ച വിധി പ്രസ്താവിക്കുന്നതിനാകാം—വരാൻ ആവശ്യപ്പെട്ടാൽ ചില മെത്രാന്മാർ വരാൻ താമസിക്കുകയോ വരാതിരിക്കുകയോ സമ്മതം രേഖപ്പെടുത്തി അയയ്ക്കാതിരിക്കുകയോ അടുത്തുള്ളയാളാണെങ്കിൽ സ്ഥലം വിട്ടു പോകുകയോ ചെയ്യുന്നു. പ്രവിശ്യയിലെ സഹോദര മെത്രാന്മാർ ചെയ്ത കാര്യങ്ങളോട് അവർ സഹകരിക്കുന്നില്ല.

ഈ വിഷയത്തെക്കുറിച്ച ''ദൈവവചന''ത്താൽ ഞങ്ങൾ ആജ്ഞാപിക്കുന്നു: പ്രസ്തുത മെത്രാൻ പ്രവിശ്യയിലെ മെത്രാന്മാരുടെ സമൂഹത്തെ ധിക്കരിക്കുന്നതിനാൽ പ്രസ്തുത പ്രവിശ്യയിലെ സമൂഹം ചെയ്യുന്നതിനെയെല്ലാം അനാദരിക്കുകയാണ്. അതിനാൽ അയാൾ മേലിൽ സമൂഹത്തിന്റെ കാര്യങ്ങൾ, പ്രത്യേകിച്ചും മെത്രാപ്പോലീത്തായുടെയും മെത്രാന്റെയും ചുമതലകൾ വഹിക്കാൻ അർഹനായി കരുതപ്പെടരുത്. പൗരോഹിത്യ സംബന്ധമായ എല്ലാ ശുശ്രൂഷകളിൽ നിന്നും അയാളെ ബഹിഷ്കരിക്കണം. എന്നാൽ അയാൾ ദുഃഖിക്കുകയും പശ്ചാത്താപത്താൽ തന്റെ ആത്മാവിനെ പുറത്തേയ്ക്ക് ഒഴുക്കുകയും ചെയ്യുകയാണെങ്കിൽ, തന്റെ തെറ്റിനെക്കുറിച്ച് ബോധവാനാകുകയും തനിക്കുവേണ്ടി മെത്രാപ്പോലീത്തായുടെ പക്കൽ അഭ്യർത്ഥന നടത്താൻ പ്രവിശ്യയിലെ എല്ലാ മെത്രാന്മാരോടും അഭ്യർത്ഥിക്കുകയും ചെയ്യുകയാണെങ്കിൽ, തന്റെ തെറ്റുകളെല്ലാം അനുസ്മരിച്ചുകൊണ്ട് ഒരു വിധി പ്രസ്താവം എഴുതി സമർപ്പിക്കുകയാണെങ്കിൽ, തന്റെ പതിവു സമ്പ്രദായങ്ങൾ ഉപേക്ഷിക്കുന്നതിനായി ഒരുടമ്പടിയുണ്ടാക്കുന്നെങ്കിൽ, പൗരോഹിത്യത്തിന്റെ എല്ലാ പദവികളിൽ നിന്നും പുറന്തള്ളപ്പെട്ടതായി തന്നെക്കുറിച്ചുതന്നെ സാക്ഷ്യപ്പെടുത്തിക്കൊണ്ട് അയാൾ തിരിച്ചുവരുമെങ്കിൽ, സമൂഹത്തിന്റെ മാപ്പു നൽകലിലൂടെ അയാളെ കാരുണ്യപൂർവ്വം സ്വീകരിക്കാം.

**പതിനേഴാം കാനോന:**

വ്യഭിചാരം ചെയ്യുന്നവരെ സംബന്ധിച്ച് മെത്രാന്മാരുടെ കൗൺസിലിൽ പരാമർശമുണ്ടായി. ഓരോ പദവിയിലും ഉള്ളവർക്ക് പദവിയുടെ ഗൗരവം അനുസരിച്ചുള്ള ശിക്ഷ നൽകപ്പെടണമെന്ന തീരുമാനമുണ്ടായി. വിവേചനാ ശൂന്യമായും സമൂഹത്തിന്റെ കാര്യങ്ങളിൽ വിധി പ്രസ്താവിക്കുന്ന ഓരോരുത്തർക്കും തോന്നുന്നതുപോലെയും മേലിൽ തീരുമാനങ്ങൾ ഉണ്ടാകാൻ പാടില്ലെന്നും ഈ വിഷയത്തിൽ നിയമങ്ങളെ സംബന്ധിച്ച ചിന്താക്കുഴപ്പങ്ങൾ അവശേഷിക്കരുതെന്നും തീരുമാനിക്കപ്പെട്ടു.



ഈ വിഷയത്തിൽ ''ദൈവവചന''ത്താൽ താഴെ പറയും പ്രകാരം ഞങ്ങൾ ആജ്ഞാപിക്കുന്നു. വ്യഭിചാരം ചെയ്യുന്നത് അൽമായരാണെങ്കിൽ സഭാപരമായ എല്ലാ സമ്പർക്കത്തിൽ നിന്നും അവരെ അകറ്റി നിർത്തണം. അവർ അവരുടെ അപരാധത്തെക്കുറിച്ച് അവബോധമുള്ളവരാകുകയും ദുഃഖിക്കുന്നതോടൊപ്പം നല്ല മനസ്സോടെ പശ്ചാത്താപം പ്രകടിപ്പിക്കുകയും ചെയ്യുകയാണെങ്കിൽ അവരെ സംബന്ധിച്ച് കാനോനകൾ അനുസരിച്ച് വിധിപ്രസ്താവന നടത്തണം. അയാളുടെ സ്ഥാനത്തിനു യോജിച്ച ശിക്ഷയാണു നൽകേണ്ടത്. അയാൾ കാനോനികമായ പ്രായശ്ചിത്തം ചെയ്തുകഴിയുമ്പോൾ അയാൾക്കു മാപ്പുകൊടുത്ത് സഭാപരമായ കൂട്ടായ്മയിലേയ്ക്ക് അയാളെ സ്വീകരിക്കാം. കുറ്റവാളി ഒരു സന്യാസിയാണെങ്കിൽ ഒരു കൊല്ലം പ്രാർത്ഥനയും പ്രായശ്ചിത്തവും എന്ന ശിക്ഷ അയാൾക്കു നൽകാം. ഈ കാനോനികശിക്ഷ പൂർത്തിയായി കഴിയുമ്പോൾ സഭാക്കൂട്ടായ്മയിലേക്ക് സ്വീകരിക്കപ്പെടുന്നതിന് അയാളെ അനുവദിക്കാം. ഡീക്കന് മൂന്നു കൊല്ലവും ഭാര്യയില്ലാത്ത വൈദികന് ഏഴു കൊല്ലവുമായിരിക്കും ശിക്ഷ. വൈദികൻ ഭാര്യയുള്ളവനാണെങ്കിൽ അയാളെ പിന്നീട് വൈദിക ശുശ്രൂഷ ഏല്പിക്കരുത്. മെത്രാന്റെ കാര്യവും ഇതുപോലെ തന്നെ. പിതാക്കന്മാരുടെ സിനഡിന്റെ കല്പനയനുസരിച്ചാണിത്. ഇതിൽ നിന്നു വ്യത്യസ്തമായി ചെയ്യാൻ ആർക്കും അനുവാദമില്ല.

**പതിനെട്ടാം കാനോന:**

താഴെ പറയുന്ന കാര്യവും സിനഡിൽ ചർച്ച ചെയ്യപ്പെട്ടു. പാത്രിയർക്കീസിന്റെയോ മെത്രാപ്പോലീത്തായുടെയോ കീഴിലുള്ള ഏതെങ്കിലും പ്രോവിൻസിൽ അതിന്റെ വിസ്തൃ

www.malankaralibrary.com



തിയോ അധികാരപരിധിയുടെ വിശാലതയോ സ്ഥലത്തിന്റെ വിദൂരസ്ഥിതാവസ്ഥയോ മൂലം സഭാഭരണപരമായ കാര്യങ്ങളിൽ അസൗകര്യം നേരിടുന്നുണ്ടെങ്കിൽ അവിടെ ഒരു പുതിയ രൂപതയുണ്ടാക്കുന്നത് ആശാസ്യമാണെന്ന് സഭാപ്രവിശ്യയുടെ തലവനു തോന്നാം. സമീപത്തുള്ള ചില രൂപതകളിൽ നിന്നു കുറെ ഗ്രാമങ്ങൾ പുതിയ രൂപതയിൽ ഉൾപ്പെടുത്തേണ്ടിവരും—സ്ഥാപകരൂപതകളുടെ ഭാഗങ്ങളായിരിക്കുമവ. അപ്പോൾ ആ നടപടിയെ അസാധുവാക്കാൻ ആർക്കും അധികാരമില്ല. പഴയ രൂപതകളുടെ അതിരുകളെ കുറിച്ചു താല്പര്യമുള്ള ചില മെത്രാന്മാർ പുതിയ രൂപത ഉണ്ടാകുന്നത് ഇഷ്ടപ്പെടുന്നില്ലെന്നു വന്നേക്കാം. തങ്ങളുടെ രൂപതകളിലെ ചില ഭാഗങ്ങൾ എടുത്ത് പുതിയ രൂപതയോടു ചേർക്കുന്നത് അവർക്ക് അഭിമതമല്ലാതെ വരാം. അത്തരത്തിൽ എതിർപ്പുണ്ടാക്കുന്നവർ അവരുടെ വൈദികശുശ്രൂഷയിൽ നിന്നു ബന്ധിക്കപ്പെടുകയും ശപിക്കപ്പെടുകയും ചെയ്യും. അവർ പറയുകയും ചെയ്യാനാഗ്രഹിക്കുകയും ചെയ്ത കാര്യത്തെക്കുറിച്ച് അനുതപിക്കുന്നതുവരെ ഈ ശിക്ഷ നിലനിൽക്കും. കാരണം, മിശിഹായുടെ യുക്തിബോധമുള്ള അജഗണത്തിന്റെ സംരക്ഷണം ഏല്പിക്കപ്പെട്ടിരിക്കുന്ന യഥാർത്ഥ അജപാലകരെ സംബന്ധിച്ചിടത്തോളം എല്ലാ കാലങ്ങളിലും കാലഭേദങ്ങളിലും തങ്ങളുടെ അജഗണങ്ങൾ എല്ലാ ഉപദ്രവങ്ങളിലും സംരക്ഷിക്കപ്പെടണമെന്നും അജഗണത്തിന്റെ വലിപ്പം വർദ്ധിച്ചു വരണമെന്നും അവർ വളർന്നു പുഷ്ടിപ്പെടണമെന്നും തങ്ങളുടെ സഹായത്തോടു കൂടി തങ്ങളെപ്പോലുള്ള പുതിയ അജപാലകന്മാർ കൂട്ടിച്ചേർക്കപ്പെടണമെന്നും ദൈവത്തോടു പ്രാർത്ഥിക്കുകയാണ് ഉചിതമായിട്ടുള്ളത്. ''ഞങ്ങളുടെ കർത്താവേ, അവിടുന്ന് അഞ്ചു താലന്തുകൾ വീതം ഞങ്ങൾക്കു തന്നു; ഞങ്ങൾ ഓരോരുത്തരും അവയ്ക്കുപുറമേ അഞ്ചു താലന്തുകൾ വീതം കൂടെ നേടുകയും ചെയ്തിരിക്കുന്നു'' എന്ന് പുനരുത്ഥാനത്തിന്റെ ദിവസം അജപാലക പ്രധാനനോടു വിളിച്ചു പറയാനും ''നന്നായി; നല്ലവരും വിശ്വസ്തരുമായ സേവകരേ, നിങ്ങളെ ചെറിയ തുക ഏല്പിച്ചു, അതു നിങ്ങളുടെ കയ്യിലിരുന്നു വർദ്ധിച്ചു. നിങ്ങളുടെ കർത്താവിന്റെ സന്തോഷത്തിൽ പങ്കുചേരുക'' (മത്താ. 25: 20–21) എന്നു പറയപ്പെടാനും അവർക്കു സാധിക്കണം.



**പത്തൊമ്പതാം കാനോന:**

കൗൺസിലിൽ താഴെ പറയുന്ന കാര്യവും ചർച്ച് ചെയ്യപ്പെട്ടു: പാവനമായ മാമോദീസാ വഴി പരിശുദ്ധാത്മാവിന്റെ അനുഗ്രഹത്തിന് അർഹരായി പരിഗണിക്കപ്പെട്ടവരും പരിശുദ്ധ രഹസ്യങ്ങളിൽ പങ്കാളിത്തം നൽകപ്പെട്ടവരും ക്രൈസ്തവസാഹോദര്യമാകുന്ന കുടുംബത്തിലെ അംഗത്വം നൽകപ്പെട്ടവരും വിശുദ്ധ ലിഖിതങ്ങളുടെ പാരായണത്താൽ ബോധിതരും ആയിട്ടുള്ളവരിൽ ചിലർ സ്വന്തമനസ്സാലെ പിശാചു സേവ, വിചിത്രമായ മന്ത്രോച്ചാരണങ്ങൾ, കെട്ടുചരടുകൾ, പ്രശ്നം വയ്ക്കലുകൾ, ലഗ്നം നോട്ടം, തങ്ങളുടെ കാര്യങ്ങൾ നിർവ്വഹിക്കുന്നതിനു മുഹൂർത്തം നോട്ടം തുടങ്ങിയ കാര്യങ്ങൾക്കു വിധേയരാകുന്നു.

ഇത്തരം വലിയ നിർഭാഗ്യങ്ങളിൽ നിപതിച്ചവർ ആരെങ്കിലും തിരിച്ചു വന്നാൽ ശാരീരിക രോഗങ്ങൾ ബാധിച്ചവർക്ക് എന്നപോലെ അവർക്കും രോഗവിമോചനം നൽകേണ്ടതാണ്. വൈദികർ ആശീർവ്വദിച്ച പ്രാർത്ഥനയുടെ എണ്ണയും പ്രാർത്ഥയുടെ വെള്ളവും ഉപവാസവും പ്രാർത്ഥനയും ജാഗ്രതയും നിരന്തരമായ ജാഗരണവും വഴിയാണ് അവർക്ക് മോചനം നൽകേണ്ടത്. അയാളുടെ അന്ധകാരം ബാധിച്ച മനസ്സിൽ നിന്ന് അതിനെ ആവരണം ചെയ്യുന്ന വിചിത്രമായ ഭീതി മുഴുവനായി നീങ്ങുന്നതു വരെ ഈ ചികിത്സ തുടരണം. അതോടൊപ്പം കുറ്റപ്പെടുത്തൽ, ബോധനം, ഉദ്ബോധനം, തിരുത്തൽ എന്നിവയും ആശ്വാസനം, പ്രോത്സാഹനം, പ്രത്യാശ നൽകൽ, മാപ്പു നൽകൽ എന്നിവയും നിരന്തരമായി നടക്കണം. അങ്ങനെ മാത്രമേ പശ്ചാത്താപം അറിയാനും ഉറപ്പുവരുത്താനും കഴിയൂ. അങ്ങനെ ഓരോ സന്ദർശനത്തിലും അല്പാല്പമായി പങ്കാളിത്തം നൽകണം. വിശുദ്ധ രഹസ്യങ്ങളിൽ പെട്ടെന്ന് ഭാഗഭാഗിത്വം നൽകരുത്. എന്നാൽ അയാൾ ഒരു വൈദികനാണെങ്കിൽ അയാളെ വിശ്വസിച്ച് പൗരോഹിത്യ ശുശ്രൂഷ വീണ്ടും ഏല്പിക്കാൻ പാടില്ല.

**ഇരുപതാം കാനോന:**

നഗരങ്ങളിലും നഗരപ്രാന്തങ്ങളിലും സന്യാസാശ്രമങ്ങളോ രക്തസാക്ഷി സ്മാരകങ്ങളോ സ്ഥാപിക്കരുതെന്ന് മറ്റുള്ളവർ

www.malankaralibrary.com



ആജ്ഞാപിച്ചിട്ടുണ്ട്. ഈ ചിന്താഗതി ക്രൈസ്തവികതയ്ക്കു വിരുദ്ധമാണ് എന്ന് മെത്രാന്മാരുടെ കൗൺസിലിൽ പറയപ്പെട്ടിട്ടും ഉണ്ട്. മുകളിൽ പറഞ്ഞ കാര്യം അവിശ്വാസികൾക്കും യൂദന്മാർക്കും പ്രിയപ്പെട്ടതാണ്. കാരണം, ക്രിസ്തുമതം തഴയ്ക്കാതിരിക്കാനും ദൈവമഹത്ത്വം വർദ്ധിക്കാതിരിക്കാനും അതു കാരണമാകുന്നു. എന്നാൽ വിശുദ്ധ ലിഖിതങ്ങളും അനുഗ്രഹീതരായ ശ്ലീഹന്മാരുടെ കാലം മുതൽ ഇന്നുവരെയുള്ള പാരമ്പര്യവും ആചാരവും അനുസരിച്ച് ആ വിധത്തിൽ വളരുകതന്നെവേണം. കാരണം പള്ളികളും സന്യാസാശ്രമങ്ങളും ആരാധനാലയങ്ങളും രക്തസാക്ഷി മന്ദിരങ്ങളും നഗരങ്ങളിലും നഗര പ്രാന്തങ്ങളിലും നിർമ്മിക്കപ്പെടണം. എന്നാൽ അവയിൽ മെത്രാന്റെ അനുവാദത്തോടുകൂടി ചില നിശ്ചിത ദിവസങ്ങളിൽ മാത്രമേ ബലിയർപ്പണവും ജ്ഞാനസ്നാനവും നടത്താവൂ. മററു ദിവസങ്ങളിലെല്ലാം കുർബാന കത്തീഡ്രൽ പള്ളിയിൽ നിന്നെടുത്ത് തുടർച്ചയായി കൊടുക്കണം.

**ഇരുപത്തൊന്നാം കാനോന:**

താഴെ പറയുന്ന കാര്യവും മെത്രാന്മാരുടെ കൗൺസിലിൽ ചർച്ച ചെയ്യപ്പെട്ടു: ഓരോ പ്രോവിൻസിനും ഉള്ള സ്ഥാനമനുസരിച്ച് അതിനുള്ള ബഹുമാനം നിലനിർത്തണം. ആ വിഷയത്തിൽ ശല്യമോ ചിന്താക്കുഴപ്പമോ ഉളവാക്കാൻ ആർക്കും അധികാരമില്ല. ഒരാളെ കൂടുതലായി ബഹുമാനിക്കാനോ മറെറാരാളുടെ ബഹുമാനം കുറയ്ക്കാനോ പാടില്ല. ഒന്നിനു പിറകെ ഒന്നായി എല്ലാവർക്കും അർഹമായ ബഹുമാനം നൽകണം. ഓരോരുത്തർക്കുമുള്ള സവിശേഷതകളെല്ലാം പരിഗണിക്കപ്പെടണം. വിശുദ്ധലിഖിതങ്ങളിലെ കല്പനകൾ അനുസരിച്ചും പിതാക്കന്മാരുടെ സിനഡിന്റെ കാനോനാകളനുസരിച്ചും പാശ്ചാത്യദേശത്തും ക്രിസ്തുമതം തഴച്ചുവളരുന്ന മറെറല്ലാ ദേശങ്ങളിലും നിലനിൽക്കുകയും തുടരുകയും ചെയ്യുന്ന രീതിയും പാരമ്പര്യവുമനുസരിച്ചും എല്ലാ കാര്യങ്ങളും പൂർണ്ണമായി സംരക്ഷിക്കപ്പെടണം. എല്ലാ സൗന്ദര്യങ്ങളാലും അലങ്കരിക്കപ്പെട്ട മഹത്ത്വപൂർണ്ണവധുവായ സഭയെ സംബന്ധിച്ച് ഇതു് ഉചിതമാണ്. അതുമൂലം അവളെ ദർശിക്കുന്നവരെല്ലാം സകലത്തിന്റെയും നാഥനായ ദൈവത്തെ അവളിൽ



മഹത്ത്വപ്പെടുത്താനിടയാകും. ഈ കാര്യങ്ങൾക്കെതിരായി മത്സരിക്കുന്നവരെല്ലാം അവർ നിൽക്കുന്ന പദവികളിൽ നിന്നു നീക്കപ്പെടും. പാരമ്പര്യവും പൗരസ്ത്യദേശത്തു് ഇതുവരെയുള്ളതുപോലെ പൈതൃകമായ രീതിയുമനുസരിച്ച് താഴെ പറയുന്നതും ആചരിക്കപ്പെടുന്നതു നല്ലതാണെന്ന് പാത്രീയർക്കീസിനും സഹോദരമെത്രാന്മാരുടെ കൗൺസിലിനും തോന്നി. പാത്രിയർക്കീസ് നിര്യാതനാകുമ്പോൾ, കശ്കാറിന്റെ മെത്രാൻ ആ വിവരം അറിയുമ്പോഴോ ചുമതലപ്പെട്ടവർ ആ വിവരം അദ്ദേഹത്തെ എഴുതി അറിയിക്കുമ്പോഴോ ഒട്ടും താമസിക്കാതെ രാജകീയ നഗരമായ സെലൂഷ്യാ--സ്റ്റെസിഫണിലേയ്ക്കു പുറപ്പെട്ടു ചെല്ലണം. സ്വമനസാതന്നെ—രണ്ടാം സ്ഥാനക്കാരനും പാത്രിയർക്കാസിംഹാസനത്തിന്റെ സംരക്ഷകനുമെന്ന നിലയിൽ പ്രവിശ്യയിലുള്ള തന്റെ സഹപ്രവർത്തകരായ മററു മെത്രാന്മാരെല്ലാവരെയുംകാൾ അധികമായി ഇക്കാര്യത്തിൽ അദ്ദേഹത്തിനു ബാദ്ധ്യതയുണ്ട് — തന്റെ സഹോദരന്മാരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും എഴുതിയയക്കണം. അവർ സെലൂഷ്യാ–സ്റ്റെസിഫണിലേക്കു വരുകയും അവരുടെ മാദ്ധ്യസ്ഥ്യം മൂലം പാത്രിയർക്കീസ് സ്ഥാനത്തേയ്ക്കുള്ളയാളിന്റെ തെരഞ്ഞെടുപ്പും അഭിഷേകവും പൂർത്തീകൃതമാകണമെന്ന് ആ കത്തിൽ ആവശ്യപ്പെടണം. എന്നാൽ വിവരം അറിയുകയോ എഴുത്തുമൂലം അറിയിക്കപ്പെടുകയോ ചെയ്തിട്ടും കശ്കാറിലെ മെത്രാൻ വരാതിരിക്കുകയും മെത്രാന്മാരുടെ കൗൺസിലിൽ നടക്കുന്ന അന്വേഷണത്തിൽ വരാതിരിക്കുന്നതിനു തക്ക കാരണമില്ലെന്നു വ്യക്തമാകുകയും ചെയ്താൽ, മെത്രാന്മാരുടെ കൗൺസിലിന്റെ ബോദ്ധ്യമനുസരിച്ച് അയാളെ പൗരോഹിത്യപരമായ എല്ലാ ശുശ്രൂഷകളിൽനിന്നും വിലക്കേണ്ടതാണ്. അയാൾ വന്ന് തന്റെ തെററിന് അനുസൃതമായ തിരുത്തൽ കൗൺസിലിൽ നിന്നും സ്വീകരിക്കുന്നതുവരെ ഈ അവസ്ഥ തുടരണം. അയാൾക്കു് പ്രസ്തുത ബഹുമതി പിന്നെ ഒരിക്കലും നൽകപ്പെടരുതു്. പകരം, അയാൾ ഏററവും അവസാനത്തെ സ്ഥാനം ഉള്ളവനായിരിക്കട്ടെ. കാരണം സമൂഹം അയാൾക്കു നൽകിയ ബഹുമാനം അയാൾ പരിഗണിച്ചില്ല.

www.malankaralibrary.com



**ഇരുപത്തിരണ്ടാം കാനോന:**

മെത്രാന്മാരുടെ ഈ സിനഡിന്റെ തീരുമാനമനുസരിച്ച് സുസ്മരണാർഹനായ കാതോലിക്കോസ് മാർ ആബായുടെ പ്രയത്നത്താൽ നവീകരിക്കപ്പെട്ട പൈതൃക കാനോനകൾ എല്ലാം വളരെ ശ്രദ്ധാപൂർവ്വം അനുവർത്തിക്കപ്പെടണം. അവ ലംഘിക്കുന്നവർക്കെല്ലാം തക്കതായ ശിക്ഷ നൽകപ്പെടും. മെത്രാന്മാരുടെ കൗൺസിലിനു് ഉചിതമെന്നു തോന്നുന്ന ശിക്ഷകളാണു നൽകേണ്ടതു്.

**ഇരുപത്തിമൂന്നാം കാനോന:**

മെത്രാന്മാരുടെ കൗൺസിൽ താഴെപറയുന്ന തീരുമാനവും ചെയ്തു. വൈദികൻ ഡീക്കനെയോ വിസിററർ വൈദികനെയോ കോർ എപ്പിസ്കോപ്പാ വിസിററെയോ മെത്രാൻ കോർ എപ്പിസ്കോപ്പായെയോ മെത്രാപ്പോലീത്താ മെത്രാനെയോ പാത്രിയർക്കീസ് മെത്രാപ്പോലീത്തായെയോ സസ്പെൻഡ് ചെയ്താൽ സസ്പെൻഡ് ചെയ്തതു് അന്യായമായിട്ടാണെന്ന വാദം ഉണ്ടെങ്കിലും സസ്പെൻഷൻ ശ്രദ്ധാപൂർവ്വം അനുസരിക്കപ്പെടണം. സസ്പെൻഡ് ചെയ്യപ്പെട്ടയാൾ ആ അവസ്ഥയിൽ ഇരുന്നുകൊണ്ടു് സമൂഹത്തിന്റെ കൗൺസിലിൽനിന്നു് ഒരു തീരുമാനം നേടാൻ ശ്രമിക്കണം. സസ്പെൻഡ് ചെയ്യുകയും ചെയ്യപ്പെടുകയും ചെയ്തയാളിനെക്കാൾ ഉയർന്ന പദവിയിലുള്ള അധികാരിയുടെ സാന്നിദ്ധ്യത്തിലാണു് കൗൺസിൽ നടക്കേണ്ടതു്. കൗൺസിൽ കാര്യങ്ങൾ പരിശോധിച്ച തീരുമാനം ചെയ്താൽ അതു് ബാധകവും ഉചിതവുമായി കരുതി നടപ്പിലാക്കണം.

ഈ സിനഡ് വിശുദ്ധരും ദൈവസ്നേഹമുള്ളവരുമായ താഴെപ്പറയുന്നവരുടെ ഒപ്പുകളും മുദ്രകളും കൊണ്ടു് ഉറപ്പിക്കപ്പെട്ടിരിക്കുന്നു.

മാർ യൗസേപ്പ് കാതോലിക്കോസ് മെത്രാൻ
മാർ ശെമഓൻ, ബേത് — ഹ്ദസായേ മെത്രാപ്പോലീത്താ
മാർ പൗലോസ്, നിസിബിസ് മെത്രാപ്പോലീത്താ
മാർ മ്ശബ്ബാ, ഹെദിയാബ് മെത്രാപ്പോലീത്താ
മാർ ഖൽദീനാ, പുതിയ നഗരത്തിലെ മെത്രാപ്പോലീത്താ



ശ്ലൂബ്ഹാലമാറൻ, കശ്കാർ മെത്രാൻ
ശെമഓൻ, പീറോസ്ഷാപ്പൂർ മെത്രാൻ
അകാചിയുസ്, മേദ്യ മെത്രാൻ
യോഹന്നാൻ, ബേത് — ദാറായേ മെത്രാൻ
ബർനോൻ, കർമേ മെത്രാൻ
ദനഹാ, മസ്ബദാൻ മെത്രാൻ
അബ്രഹാം, ഇസ്ഫഹാൻ മെത്രാൻ
യസ്ദ്ഗർദ്ദ്, ബാലാദ് മെത്രാൻ
യാസീദ്പനേഹ്, മായൽതാ മെത്രാൻ
ആഹ്ദെമ്മേ, നിനവേ മെത്രാൻ
നർസാ, അറിവാൻ ഗ്രാമങ്ങളുടെമെത്രാൻ
തഹ്മീൻ, സിർസോർ മെത്രാൻ
യോഹന്നാൻ, അബോറാദിന്റെയും ഷഹാർ_പീറോസിന്റെയും മെത്രാൻ

തങ്ങളുടെ കത്തുകളും മുദ്രയും വഴി സമ്മതം നൽകിയവർ:—

മാർ ദാവീദ്, മാറോ മെത്രാപ്പോലീത്താ
പോസായി, ഹൽവാൻ മെത്രാൻ
സൂറിൻ, കർക്കാ ദ്ലേദാൻ മെത്രാൻ
ശീലാ, ഹോർമിസ്ദ് അർദഷീർ മെത്രാൻ
ഏലീശാ, ശൂശതെർ മെത്രാൻ
ഖുസ്രൊ, സൂസാ മെത്രാൻ
ബർസൗമ, കർദ്ദു മെത്രാൻ
നാഥോം, അർസോൻ ദ് ബേത് — ഔസ്താൻമെത്രാൻ
ദാനിയേൽ, റാസിഖായേ മെത്രാൻ
യാക്കോബ്, പൈദൻഗരൻ മെത്രാൻ
ഔബാൻ, അഹ്മദാൻ മെത്രാൻ
സർഗീസ്, റീമാ മെത്രാൻ
ബർനായ്, കർമേമെത്രാൻ
മെൽക്കിസെദേക് അസർബൈജാൻ മെത്രാൻ
ഗബ്രിയേൽ, ഹർബ്ഗെലാൽ മെത്രാൻ
തിയഡോർ, മർമറോദ് മെത്രാൻ
സൂറിൻ, ആമോലിന്റെയും ഗീലാന്റെയും മെത്രാൻ

ബേത്_ഗർമായ് മെത്രാപ്പോലീത്താ ആലാഹ്സേക്കായുടെ സമ്മതം ഏററവും അവസാനമായി വന്നു.

www.malankaralibrary.com



പേരാത് ദ്മൈശാനിലെ മെത്രാപ്പോലീത്താ മാർ യോഹന്നാൻെറ സമ്മതം വരാൻ താമസിച്ചതിനാൽ അദ്ദേഹത്തിൻെറ സ്ഥാനം മെത്രാപ്പോലീത്താമാരുടെ മൂന്നാം സ്ഥാനത്തു് ഒഴിച്ചിട്ടിരുന്നു. ഒന്നാമത്തു് ബേത്-ഹൂസ്സായെയുടെ; രണ്ടാമത്തു് നിസിബിസിൻെറ; മൂന്നാമത്തു് പേരാത്തിൻെറ; നാലാമത്തു് ഹെദീയാബിൻെറ; അഞ്ചാമത്തു് ബേത് ഗർമായിയുടെ; ആറാമത്തു് റിവ്അർദഷീറിൻെറ; ഏഴാമത്തു് മറോസായാ; അവരുടെ എല്ലാവരുടെയും തലപ്പത്തു് സെലൂഷ്യാ—സ്റ്റെസിഫണിലെ കാതോലിക്കാ സിംഹാസനത്തിൽ വാഴുന്ന പാത്രിയർക്കീസു്. അദ്ദേഹമാണ് എല്ലാ മെത്രാപ്പോലീത്താമാരുടെയും പിതാവും തലവനും. അദ്ദേഹം നൽകുന്ന അഭിഷേകവും അനുമതിയും വഴി രൂപം കൊള്ളുന്നതാണ് ഈ പിതൃത്വം. അദ്ദേഹത്തെ കൂടാതെ അഭിഷേകം ചെയ്യപ്പെടുന്ന ഏതു മെത്രാപ്പോലീത്തായുടെയും സ്ഥാനം പൂർണമായും അസാധുവായിരിക്കും.

കാതോലിക്കോസ് മാർ യൗസേപ്പിൻെറ സിനഡ് അവസാനിച്ചു.

# 9

# മാർ ഹെസക്കിയേലിൻെറ സിനഡ് (576)

## ആമുഖം

മാർ യൗസേപ്പിൻെറ കാലത്തും പേർഷ്യയിലെ ക്രൈസ്തവ സഭയിൽ ഭിന്നതകൾ ഉണ്ടായിരുന്നു. എന്നാൽ മാർ ഹെസക്കിയേലിൻെറ കാലമായപ്പോഴേക്കും ഈ സ്ഥിതിക്കു മാററം വന്നു. സഭാകാനോനാകൾ നവീകരിച്ചുറപ്പിക്കാൻ മെത്രാന്മാർക്കു് അവസരം ലഭിച്ചു. ക്രിസ്തീയ വിശ്വാസം സംബന്ധിച്ചുള്ള നീണ്ട ആമുഖത്തോടുകൂടിയാണ് സിനഡൽ നടപടികൾ. ത്രിയേകദൈവത്തിലുള്ള വിശ്വാസം, പുത്രൻ തമ്പുരാൻെറ മനുഷ്യാവതാരത്തിലുള്ള വിശ്വാസം എന്നിവ സ്പഷ്ടമായി പഠിപ്പിക്കുന്നു. കലർപ്പില്ലാത്ത രണ്ടു സ്വഭാവങ്ങളിലാണ് ഏകനും അവിഭാജ്യനുമായ പുത്രൻതമ്പുരാൻ എന്ന് പ്രഘോഷിക്കുന്നു. തുടർന്ന് സഭാനവീകരണ സംബന്ധമായ 39 കാനോനാകളാണ് ഈ സിനഡൽ രേഖയിലുള്ളതു്.

### സിനഡൽരേഖ

വീണ്ടും കാതോലിക്കോസ് മാർ ഹെസക്കിയേലിൻെറ സിനഡ്.

കാരുണ്യവാനും സൽഗുണസംപൂർണ്ണനും ശാന്തനും മൃദുലസ്വഭാവിയും വിജയശ്രീലാളിതനുമായ ഞങ്ങളുടെ പ്രഭു രാജാധിരാജൻ ഖുസ്രായുടെ ഭരണത്തിൻെറ നാല്പത്തഞ്ചാം വർഷത്തിലെ ശ്ബാത് മാസത്തിൽ — അദ്ദേഹത്തിൻെറ ഭരണം എന്നുമെന്നും ലോകത്തിൻെറ ഐശ്വര്യത്തിനു കാരണമാകട്ടെ— ആദരണീയനും പരിശുദ്ധനും ദൈവത്തിൻെറ തെരഞ്ഞെടു

www.malankaralibrary.com



ക്കപ്പെട്ടവനും പിതാക്കന്മാരുടെ പിതാവും അജപാലകപ്രധാനനും കാതോലിക്കോസ് പാത്രിയർക്കീസുമായ ഞങ്ങളുടെ പിതാവ് മാർ ഹെസക്കിയേലിന്റെ ഭരണകാലത്ത് ഈ സിനഡ് നടന്നു. ഈ കാലത്ത് ദൈവകൃപയാൽ മെത്രാപ്പോലീത്താമാരും മെത്രാന്മാരുമായ, താഴെ പേരെഴുതിയിരിക്കുന്ന ഞങ്ങൾ സമ്മേളിച്ചു: ദലായ്, ബേത്ഹ്ലസായേ മെത്രാപ്പോലീത്താ; ശെമഓൻ, പേരാത് മൈശാൻ മെത്രാപ്പോലിത്താ; ഹെനാനാ, അർബേലിന്റെയും ഹെദിയാബ് ദേശം മുഴുവന്റെയും മെത്രാപ്പോലീത്താ; മാറി, കശ്കാർ മെത്രാൻ; മോശ, കക്കാ ദ്‌ലേദാൻ മെത്രാൻ; ബർശബ്താ, ഷർകാർത് മെത്രാൻ; ദാവീദ്, ഹോർമിസ്ദ് അർദഷീർ മെത്രാൻ; സാബാ, ലാശോം മെത്രാൻ; ബാബായ്, സാബേ മെത്രാൻ; ദാനിയേൽ, ശ്രുശ്തെർ മെത്രാൻ; കാമീശോ, ബേത്-ദാസൻ മെത്രാൻ; ശമുവേൽ, അറിവാൻ നഗരങ്ങളുടെ മെത്രാൻ; മാറി, പീറോസ്-ഷപ്പൂർ മെത്രാൻ; ആദോർ-ഹോർമിസ്ദ്, സൂസാ മെത്രാൻ; ബർശബ്താ, മായൽത്താ മെത്രാൻ; ഹെനാനാ, ഹർബ്ഗെലാൽ മെത്രാൻ; അഹറോൻ, ഇസ്ഫഹാൻ മെത്രാൻ; ശമുവേൽ, ബർഹീസ് മെത്രാൻ; ശ്ലൂബ്ഹാലീശോ, തഹാൽ മെത്രാൻ; പാപ്പാ, മിഹ്റ്ഗാക് ദാഗ് മെത്രാൻ; മെൽക്കീസദേക്, അസർബൈജാൻ മെത്രാൻ; ശ്ലൂബ്ഹാ, ബലാസ്ഫർ മെത്രാൻ; സോറാ, ഗൊർഗാൻ മെത്രാൻ; കോർമേ, സേജസ്ഥാൻ മെത്രാൻ; യോഹന്നാൻ, ശേനാ മെത്രാൻ; ശ്ലൂബ്ഹാ, സബ്രാൻ മെത്രാൻ; മിഹ്റ്-ഷപ്പൂർ, റാം-ഹോർമിസ്ദ് മെത്രാൻ; യസദ്-പനേഹ്, നിനവേ മെത്രാൻ; ശാമുവേൽ, മർവാൻ മെത്രാൻ; ബർസഹ്ദേ, അയിൻ സപ്പാനേ മെത്രാൻ.

പിതാക്കന്മാരുടെ പിതാവായ മാർ പാത്രിയർക്കീസിനെ സന്ദർശിച്ച് ബഹുമാനിക്കുന്നതിനു വേണ്ടിയാണ് ഞങ്ങൾ സമ്മേളിച്ചത്. അദ്ദേഹം തന്റെ "സമാധാനത്തിലൂടെ" നേരത്തേ ഞങ്ങളുടെ പക്കൽ വന്നിരുന്നു. അദ്ദേഹത്തിന്റെ "സമാധാന"ത്തോടൊപ്പം സഭയുടെ ശാന്തിക്കും സമാധാനത്തിനും വേണ്ടി അദ്ദേഹത്തിന്റെ ശ്രേഷ്ഠമായ സന്നിധിയിലേക്ക് ഞങ്ങൾ വരുന്നു. കർത്താവും രക്ഷകനുമായ യേശുമിശിഹായുമായി വിവാഹവാഗ്ദാനം ചെയ്യുവളാണ് ആ സഭ.



അവൾ അവളുടെ സമാധാനത്തിന്റെ കൂട്ടുകെട്ടിൽ അവിടുത്തെ സമാധാനത്തോടൊപ്പം യാത്ര ചെയ്യുന്നതിനു വേണ്ടി തന്റെ വിശ്വസ്ത സേവകരായ വിശുദ്ധ ശ്ലീഹന്മാർ വഴി ഈ വാഗ്ദാനം അവിടുന്ന് അവൾക്കു നൽകി: "ഞാൻ നിങ്ങൾക്കു സമാധാനം തരുന്നു. ഞാൻ നിങ്ങൾക്ക് എന്റെ സമാധാനം തരുന്നു. ഈ ലോകത്തിൽ എന്റെ സമാധാനത്തിനു തുല്യമായി ഒന്നുമില്ല. എന്റെ സമാധാനം ഏററം ഉയർത്തപ്പെട്ട ഔന്നത്യത്തിലേയ്ക്കു നയിക്കുന്നു. ശരീരത്തിൽ ഭാരമുള്ളവർക്കും നടപ്പിൽ മന്ദതയുള്ളവർക്കും എന്റെ സമാധാനം പുതിയ ചിറകുകൾ നൽകുന്നു. അവർ ഉയർന്നു പറക്കുകയും ഞാൻ വസിക്കുന്ന വാസസ്ഥലത്തേയ്ക്ക് ഉയർത്തപ്പെടുകയും ചെയ്യുന്നതിനു വേണ്ടിയാണിത്. എന്റെ ഉജ്ജ്വലവും വിശിഷ്ടവുമായ സമാധാനം പാപത്തിന്റെ മാലിന്യം നീക്കുകയും അതുമൂലം അതിന്റെ സമ്പ്രദായങ്ങൾക്കനുയോജ്യമായ ഒരു വാസസ്ഥലം സജ്ജീകൃതമാകുകയും ചെയ്യും."

പിതാക്കന്മാരുടെ പിതാവായ മാർ പാത്രിയർക്കീസിന്റെ പിതൃത്വത്താൽ അയയ്ക്കപ്പെട്ടവനും സ്വർഗ്ഗീയ വസനങ്ങളാൽ അലംകൃതനും അവർണ്ണനീയ സൗന്ദര്യങ്ങളാൽ പരിവേഷ്ടിതനുമായ ഈ ദൂതനോടൊത്ത് ഞങ്ങൾ യാത്ര ചെയ്തു. ഉല്ലസിച്ചുകൊണ്ടും മനസ്സിന്റെ സന്തോഷത്തോടും ഹൃദയത്തിന്റെ ഉത്സാഹത്തോടുംകൂടെ ആനന്ദിച്ചുകൊണ്ടുമായിരുന്നു ഞങ്ങളുടെ യാത്ര. ഞങ്ങളുടെ ഒത്തുചേരലും ഒരുമിച്ചുള്ള യാത്രയും മൂലം അദ്ദേഹത്തിന്റെ നന്മകളിൽ ഇനിയും കൂടുതൽ ആനന്ദിക്കുകയും അദ്ദേഹത്തിന്റെ പ്രസന്നതയുടെ മാധുര്യം ഇനിയും കൂടുതലായി ആസ്വദിക്കുകയും ചെയ്യുന്നതിനു വേണ്ടിയായിരുന്നു അത്. ഞങ്ങളെ ആവർജ്ജിക്കുന്നതിനും അതുമൂലം ഞങ്ങളും അതിന്റെ പുതിയ സ്വീകർത്താക്കളാകുന്നതിനും അതിന്റെ മാദ്ധ്യസ്ഥ്യം മൂലം നമ്മുടെ ക്രൈസ്തവമായ സന്തോഷദിനങ്ങൾ മുടിചൂടുകയും അലംകൃതമാകുകയും ചെയ്യുന്നതിനുവേണ്ടി പുതുതായി മുളയെടുക്കുകയും വളർന്നു വികസിക്കുകയും ഞങ്ങളുടെ മുമ്പിൽ ഉയർന്നു വരുകയും ചെയ്ത പ്രസന്നതയായിരുന്നു അത്.

എന്നാൽ എല്ലാ പ്രയോജനങ്ങളും നിറഞ്ഞതും എല്ലാ സൗന്ദര്യങ്ങളാലും അലംകൃതവും ആയ ഈ സമാധാനം, നമ്മുടെ

www.malankaralibrary.com



പ്രകൃതിയുടെ ശത്രുവും നമ്മുടെ നാശത്തിനുവേണ്ടി എന്നെന്നും പ്രയത്നിക്കുകയും പരിശ്രമിക്കുകയും ചെയ്യുന്നവനുമായ സാത്താന്റെ പ്രവർത്തനത്താൽ മുൻകാലത്തു് ഉന്നതമായ ഈ പൗരസ്ത്യദേശത്തു് സഭയിൽ നിന്നു് അകന്നുപോയി. അവൻ അവന്റെ രാജ്യത്തിന്റെ ഉന്നതസ്ഥാനത്തു വസിക്കുന്നതിനായി പോയി. അവിടെനിന്നു് ശത്രുതയുടെ അന്ധകാരം വൈപരീത്യപൂർവ്വം അതിന്റെ പ്രക്ഷുബ്ധത വെളിപ്പെടുത്തി. ആലിപ്പഴത്തിന്റെ ശക്തിയോടെ അവന്റെ കണ്ണുകളുടെ കറുപ്പിൽ അതു് അവളുടെമേൽ അതിന്റെ സവിശേഷതകൾ വർഷിച്ചു. ഭിന്നതകളും കലഹങ്ങളും നടപ്പിലായി. കലാപങ്ങളും മത്സരങ്ങളും ഉത്തേജിതങ്ങളായി. കൂരിരുട്ടും രാത്രിയും എല്ലാവരുടെയും മേൽ വ്യാപിച്ചു. കരുത്തുള്ള മദ്ധ്യാഹ്നം തകർക്കപ്പെട്ടു. ഉപദ്രവകാരികളായ കരിമേഘങ്ങൾ അവളെ നാലുപാടും വലയം ചെയ്തു. ഭയങ്കരങ്ങളായ വാർത്തകളും ഭീതിജനകങ്ങളായ അറിയിപ്പുകളും ഘോരമാരിപോലെ അവിരാമം അവളുടെമേൽ ആഞ്ഞടിച്ചു. കല്ലുകൊണ്ടെറിഞ്ഞു് അവളുടെ ആകർഷകങ്ങളായ ഫലങ്ങൾ താഴെ വീഴ്ത്തുന്നതിനും അവളുടെ പ്രിയമക്കളെ അവളിൽനിന്നു നീക്കുന്നതിനും വേണ്ടിയായിരുന്നിതു് എന്നു തോന്നും.

സഭ ഇങ്ങനെ അപകടത്തിൽപ്പെട്ടുഴന്നു. പീഡനങ്ങളാലും വൈപരീത്യങ്ങളാലും അവൾ അടിക്കപ്പെട്ടു. തന്നെ ബാധിച്ച കരുത്താർന്ന കാററുകളാൽ അവൾ ഉലയ്ക്കപ്പെട്ടു. അതിഭയങ്കരമായ ചുഴിയിലേയ്ക്കു് എടുത്തെറിയപ്പെട്ടതു പോലെ എല്ലാവരും മുങ്ങിപ്പോകുമെന്നു തോന്നി. സഭ തന്നെക്കുറിച്ചു തന്നെ കരയുകയും വിലപിക്കുകയും ചെയ്തു. അവളുടെ ഏററവും നല്ല അവയവങ്ങൾ പരസ്പരം വിച്ഛേദിച്ചു കളയുകയാണെന്നു തോന്നി. അവ ഒരിക്കലും ഇല്ലാതിരുന്ന അവസ്ഥയിൽ എത്തുമെന്നു തന്നെ തോന്നിപ്പോയി. ഈ സമയത്തു് മിശിഹാ തന്റെ അലംകൃതമായ വധുവിനെ അനുസ്മരിച്ചു. ഇതുപോലുള്ള ആശങ്കയിലും ആകുലതയിലും അവൾ ഇനിയും കൈവിടപ്പെടരുതെന്നു് അവിടുന്നു തിരുമനസ്സായി. താൻ അവൾക്കു നൽകിയ വാഗ്ദാനങ്ങൾ അവിടുന്നു് ഓർമ്മിച്ചു. ആ വാഗ്ദാനങ്ങളാണു് സാത്താന്റെ കാപട്യങ്ങളും തന്ത്രങ്ങളും വഴി ഇപ്പോൾ അവളിൽ നിന്നു പറന്നകന്നിരിക്കുന്നതു്. അവളെ ബാധിച്ചിരുന്ന



ഇരുണ്ട രാത്രിയെ അവിടുന്നു ദൂരെയകററി; അവളുടെമേൽ വ്യാപിച്ചിരുന്ന വൈപരീത്യങ്ങളുടെ അന്ധകാരത്തെ അവിടുന്നു് ചിതറിച്ചു; മുക്കികൊല്ലാൻ പാഞ്ഞടുത്ത ക്രൂരൻ തിരമാലകളെ അവിടുന്നു ശാന്തമാക്കി; അവളെ പിടികൂടുകയും തകർച്ചയിലേയ്ക്കു് ആനയിക്കാൻ ശ്രമിക്കുകയും ചെയ്ത വിപത്തുകളുടെ പ്രളയത്തെ അവിടുന്നു നിർവ്വീര്യമാക്കി. അവളുടെ അവനതമായ ശിരസ്സു് ഒരു പുതിയ ഭരണാധികാരിയിലൂടെ അവിടുന്നു പിടിച്ചുയർത്തി. പിതാക്കന്മാരുടെ പിതാവും ഇടയന്മാരിൽ മുഖ്യനുമായ കാതോലിക്കോസ് പാത്രിയർക്കീസ് മാർ ഹെസക്കിയേൽ ആണ് ഈ ഭരണാധികാരി. മിശിഹാ ഇദ്ദേഹത്തെ വിളിക്കുകയും അവളുടെ തലപ്പത്തു് ഉയർത്തുകയും ചെയ്തു. അവൾക്കുവേണ്ടിയുള്ള ഇദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം മൂലം സമാധാനം അവളുടെ പക്കലേയ്ക്കു തിരിച്ചുവരുകയും അവൾക്കു നൽകപ്പെടുകയും ചെയ്യണം എന്നതായിരുന്നു അവിടുത്തെ ഹിതം. ഇദ്ദേഹം വഴി അനുഗ്രഹീതവും സന്തോഷഭരിതവുമായ സുപ്രഭാതം പൊട്ടിവിടർന്നു. പ്രസന്നമായ ആകാശവും പ്രകാശഭരിതമായ പകലും ആവിർഭവിച്ചു. പരിശുദ്ധസഭയുടെ മഹത്ത്വമാർന്ന സന്താനങ്ങളുടെ മേൽ അവ പടർന്നു. കണ്ടാലും, സഭാമാതാവു് ആഹ്ലാദിച്ചുല്ലസിക്കുകയും മധുരനാദത്തിലുള്ള സ്തോത്രഗാനങ്ങളാലും അവിരാമമായ കൃതജ്ഞതാപ്രകാശനങ്ങളാലും ആർത്തുവിളിക്കുകയും ചെയ്തു. കരതലദ്ധ്വനികളോടെ അവൾ ഉറക്കെപ്പാടി: ''എന്റെ ഹൃദയം കർത്താവിൽ ശക്തിപ്രാപിക്കുന്നു. എന്റെ കൊമ്പു് ഉയർത്തപ്പെട്ടിരിക്കുന്നു. ശത്രുക്കൾക്കെതിരെ എന്റെ വായു് തുറന്നിരിക്കുന്നു. എന്തെന്നാൽ കർത്താവു് തന്റെ രക്ഷകൊണ്ടു് എന്നെ സന്തുഷ്ടയാക്കിയിരിക്കുന്നു. എന്റെ മക്കളുടെ തലപ്പത്തു് അവിടുന്നു് ഉയർത്തിയ ആദരണീയനായ ഉന്നത പുരോഹിതനും പിതാക്കന്മാരുടെ പിതാവുമായ മാർ പാത്രിയർക്കീസിന്റെ മാദ്ധ്യസ്ഥ്യം വഴിയാണു് ഈ രക്ഷ അവിടുന്നു് എനിക്കു നൽകിയതു്''.

ഈ രണ്ടാമത്തെ ദാവീദ് തന്റെ തെരഞ്ഞെടുപ്പിനാലും ജീവിതരീതികളാലും ഇടയന്മാരുടെ നാഥനായ യേശുമിശിഹായുടെ അജഗണത്താൽ പരീക്ഷിച്ചു യോഗ്യത തെളിയിക്കപ്പെട്ടവനത്രേ. അദ്ദേഹം അജഗണത്തെ തെററില്ലാത്ത അദ്ധ്യാ

www.malankaralibrary.com



പനത്താൽ മധുരമായ പുൽത്തകിടികളിൽ മേയിക്കുകയും തന്റെ പരിശുദ്ധ അധരങ്ങളാകുന്ന അരുവിയിൽ നിന്നു വരുന്ന സന്തോഷകരമായ വാക്കുകളാകുന്ന ജീവജലം കുടിക്കാൻ നൽകുകയും ചെയ്യും. അജഗണത്തിന്റെ ആരോഗ്യവർദ്ധനയ്ക്കും അതിന്റെ നാശം ആഗ്രഹിക്കുന്ന ആർത്തിപൂണ്ട ചെന്നായ്ക്കളുടെ നാശത്തിനും തകർച്ചയ്ക്കും അദ്ദേഹത്തിന്റെ സേവനം കാരണമാകും. കർത്താവിന്റെ അജഗണത്തെ അദ്ദേഹം നയിക്കുകയും വഴികാട്ടുകയും സംരക്ഷിക്കുകയും യജമാനന്റെ ഭവനത്തിലെത്തിക്കുകയും ചെയ്യും. അതു് അവിടുത്തെ സ്വരം ശ്രവിക്കുകയും തന്റെ രാജ്യമാകുന്ന ആട്ടിൻതൊഴുത്തിൽ സംരക്ഷിക്കപ്പെടുകയും സ്വർഗ്ഗീയ രാജാധിരാജനും അതിന്റെ ഉടമസ്ഥനും രക്ഷകനുമായ യേശുമിശിഹായുടെ അവർണ്ണനീയമായ ആനന്ദങ്ങൾ അനുഭവിക്കുകയും ചെയ്യും. ഞങ്ങളോടുള്ള അവിടുത്തെ സ്നേഹത്തിന്റെ സഹായത്താൽ ഒത്തുചേർന്ന ഞങ്ങൾ, തന്റെ അജഗണത്തിന്റെ തലപ്പത്തു് അവിടുന്നു പ്രതിഷ്ഠിച്ച മാർ പാത്രിയർക്കീസിന്റെ ദർശനത്തിനായി ഇവിടെ സമ്മേളിച്ചിരിക്കുന്നു.

വളരെ സന്തോഷത്തോടെ ആരംഭിച്ചു്, പരിശുദ്ധ ശ്ലീഹന്മാരാലും അനുഗൃഹീതരായ പിതാക്കന്മാരാലും പരിശുദ്ധ സഭയിൽ സ്ഥാപിക്കപ്പെട്ട അദ്ധ്യാപനങ്ങളും കാനോനാകളും ഞങ്ങൾ അനുസരിച്ചു. പിതാവായ പാത്രിയർക്കീസിന്റെ ഭരണത്താലും നേതൃത്വത്താലും അവ നവീകരിക്കപ്പെടണമെന്നു ഞങ്ങൾ ആവശ്യപ്പെട്ടു. പരിശുദ്ധ സഭയുടെ സന്താനങ്ങൾ ശ്രദ്ധിക്കുകയും പഠിക്കുകയും ചെയ്യേണ്ട അത്യാവശ്യമായ കാര്യങ്ങൾ പ്രത്യേകമായി എടുത്തു പറയേണ്ടതു് ആവശ്യമാണെന്നും ഞങ്ങൾ ആവശ്യപ്പെട്ടു. അങ്ങനെ ചെയ്താൽ അവരുടെ ജീവിതം ആ നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി ക്രമീകരിക്കാൻ കഴിയുമല്ലോ. വിചാരങ്ങൾ പരിശോധിക്കപ്പെടുകയും അന്തഃകരണങ്ങൾ വെളിപ്പെടുത്തപ്പെടുകയും ചെയ്യുന്ന ആ ദിനത്തിൽ അവരുടെ ആത്മാക്കൾക്കു് മുഖപ്രസാദം ലഭിക്കാൻ അതു സഹായകമാകും. ''എന്റെ പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരേ, വരുവിൻ; ലോകസ്ഥാപനം മുതൽ നിങ്ങൾക്കായി തയ്യാറാക്കപ്പെട്ടിരിക്കുന്ന രാജ്യം അവകാശപ്പെടുത്തുവിൻ'' എന്ന പ്രതീക്ഷാദായകവും സ്നേഹനിർഭരവുമായ വാക്കുകൾ കേൾക്കാനും അതു കാരണമാകും. ഞങ്ങളുടെ ഈ നിർദ്ദേശത്തെ പിതാവായ പാത്രിയർക്കീസ് അഭിനന്ദിച്ചു. തന്റെ അറിവിന്റെ മഹത്വത്തിനും ഉന്നതമായ അദ്ധ്യാപനത്തിനും അനുസൃതമായ വിധം ഞങ്ങളോടു സംസാരിക്കുകയും ചെയ്തു. ആളുകൾ നിരന്തരമായി അവയെക്കുറിച്ചു ധ്യാനിച്ചാൽ അവർക്കു് വളരെ ഉപയോഗപ്രദമാകാവുന്ന കാര്യങ്ങൾ അദ്ദേഹം പഠിപ്പിക്കുകയും വെളിപ്പെടുത്തുകയും ചെയ്തു. സഭയുടെ നവീകരണത്തിനു വേണ്ടി അവികലവും പൂർണ്ണവുമാകേണ്ട കാര്യങ്ങൾ ഞങ്ങളുടെ സമൂഹത്തിന്റെ പ്രിയപുത്രനും തന്റെ നോട്ടറിയുമായ യോഹന്നാൻ കശീശായെ അദ്ദേഹം ഭരമേല്പിച്ചു.



ഞങ്ങൾ ദൈവത്തിനു് ഏറ്റുപറച്ചിലിന്റെ ആരാധനയും കൃതജ്ഞതാപ്രകാശനവും നടത്തി. ദൈവം പ്രഭുക്കന്മാരുടെ പ്രഭുവാകുന്നു. അവിടുത്തെ സ്വഭാവം ഉന്നതവും ഉയർത്തപ്പെട്ടതും എല്ലാ സ്തുതികൾക്കും പുകഴ്ച്ചകൾക്കും അപ്പുറം മഹത്വമാർന്നതുമത്രേ. അവിടുന്നു നിത്യമായി നിലനിൽക്കുന്നു. അദൃശ്യനും, അജ്ഞേയനും, അപരിമേയനും ആദ്യന്ത വിഹീനനും എല്ലാത്തിനെയും ഭരിക്കുന്നവനും എല്ലാ സൃഷ്ടികളെയും രൂപപ്പെടുത്തുന്നവനും അവിടുന്നാകുന്നു. അവിടുന്നു് എല്ലാ മാറ്റങ്ങൾക്കും പരിണാമങ്ങൾക്കും അതീതനും വികാരങ്ങൾക്കും വിക്ഷോഭങ്ങൾക്കും ദൂരസ്ഥിതനുമാകുന്നു. എല്ലാം തന്നിൽ സ്ഥിതി ചെയ്യുന്നു. അവിടുന്നു് തന്റെ ഉന്നതമായ മഹത്വത്തിൽ എല്ലാറ്റിനും ഉപരിയായും എല്ലാറ്റിന്റെയും ഉള്ളിലും സ്ഥിതി ചെയ്യുന്നു. തന്റെ അധികാര പൂർണ്ണമായ കല്പനയാലും തന്റെ ശക്തിയുടെ കരുത്തിനാലും അവിടുന്നു് എല്ലാറ്റിനെയും കീഴടക്കുകയും സംരക്ഷിക്കുകയും ഭരിക്കുകയും ചെയ്യുന്നു. അവിടുന്നു പഴയ ഉടമ്പടിയുടെ ദാതാവും പുതിയ ഉടമ്പടിയെ പരിപൂർണ്ണമാക്കിയവനുമാകുന്നു. തന്റെ പരിശുദ്ധ പ്രവാചകന്മാർ വഴി അവിടുന്നു് പ്രാചീനരെ തന്റെ സ്വഭാവത്തിന്റെ ഏകത്വത്തെക്കുറിച്ചു പഠിപ്പിക്കുകയും സൂചനകളാലും അടയാളങ്ങളാലും തന്റെ ത്രിത്വത്തിന്റെ മഹത്വപൂർണ്ണമായ ക്നോമാകളെ വെളിപ്പെടുത്തുകയും ചെയ്തു.

അവസാന നാളുകളിൽ, സാർവ്വത്രിക ശ്ലീഹായും തെരഞ്ഞെടുക്കപ്പെട്ടവനുമായ പൗലോസിന്റെ അഭിപ്രായ പ്രകാരം,

www.malankaralibrary.com



തന്റെ പുത്രനും നമ്മുടെ കർത്താവുമായ മിശിഹാവഴി അവിടുന്നു നമുക്കു വെളിപ്പെടുത്തുകയും നമ്മോടു സംസാരിക്കുകയും ചെയ്തു. മിശിഹാവഴി തന്റെ പിതാവിന്റെയും പരിശുദ്ധാത്മാവിന്റെയും മഹത്വപൂർണ്ണമായ ക്നോമാകൾ പുതുതായി അറിയിക്കപ്പെട്ടു. തന്റെ വിശ്വസ്ത പ്രസംഗകരായ പരിശുദ്ധ ശ്ലീഹന്മാരെ അവിടുന്നു പഠിപ്പിക്കുകയും ഇപ്രകാരം അവരോട് ആജ്ഞാപിക്കുകയും ചെയ്തപ്പോഴാണ് ഈ വെളിപ്പെടുത്തൽ നടന്നത്: "പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുകയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്ക് മാമോദീസാ നൽകുകയും ചെയ്യുവിൻ. അവർ ജ്ഞാനസ്നാനത്താൽ ജനിപ്പിക്കപ്പെട്ടു കഴിയുമ്പോൾ അവരുടെ ഉപയോഗത്തിനു യുക്തമായ സുവിശേഷം—ഞാൻ നിങ്ങൾക്കു നൽകിയ അദ്ധ്യാപനങ്ങളും കല്പനകളും പ്രബോധനങ്ങളും—അവർക്കു നൽകുക. അവർ അവ പാലിക്കുകയും അവയെ കുറിച്ചു ധ്യാനിക്കുകയും ചെയ്യട്ടെ. അവ കാരണമായി സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുവാനും ആനന്ദം അനുഭവിക്കുവാനും അവർ പ്രാപ്തരാകും. ഞാനോ ഇതാ ലോകാവസാനം വരെ എന്നും നിങ്ങളോടു കൂടെ ഉണ്ടായിരിക്കും. ആമേൻ" (മത്താ. 28: 19-20).

ആ ദൈവപുത്രൻ നമ്മുടെ പ്രകൃതിയുടെ രക്ഷയ്ക്കുവേണ്ടി സ്വന്ത ഇഷ്ടപ്രകാരം ഭൂമിയിൽ അവതരിച്ചു. പാപത്തിന്റെ ഫലമായി പഴകി ദുർബലപ്പെട്ടതായിരുന്നു നമ്മുടെ പ്രകൃതി. പരിശുദ്ധ കന്യകാമറിയത്തിൽ നിന്ന് തന്റെ ദൈവത്വത്തിനുള്ള നിവാസസ്ഥാനമായി ഒരു പൂർണ്ണമായ ആലയം അവിടുന്നു സ്വീകരിച്ചു. അത്യുന്നതന്റെ ശക്തിയാൽ കന്യകാമറിയം അവിടുത്തെ ഗർഭം ധരിച്ചു പ്രസവിച്ചു. ജഡത്തിലുള്ള മിശിഹാ ദൈവവും മനുഷ്യനുമെന്ന രണ്ടു സ്വഭാവങ്ങളിൽ അറിയപ്പെടുകയും ഏറ്റുപറയപ്പെടുകയും ചെയ്യുന്ന ഏകപുത്രനാണ്. ആ ഏകപുത്രൻ വഴി, വാർദ്ധക്യം ബാധിച്ച നമ്മുടെ സ്വഭാവം നവീകരിക്കപ്പെട്ടു. അവിടുത്തെ മനുഷ്യത്വത്തിന്റെ ആവരണത്തിൽ ഉള്ള അവിടുത്തെ പീഡാനുഭവവും കുരിശുമരണവും വഴി മനുഷ്യവർഗ്ഗത്തിന്റെ കടം വീട്ടപ്പെട്ടു. "ഈ ദേവാലയം നിങ്ങൾ തകർക്കുക; മൂന്നാം ദിവസം ഞാൻ



അതു വീണ്ടും ഉയർത്തും" എന്ന് അവിടുന്ന് യഹൂദരോടു മുൻകൂട്ടി പറഞ്ഞിരുന്നതു പോലെ (യോഹ. 2: 19), തന്റെ ദൈവത്വത്തിന്റെ ശക്തിയാൽ മൂന്നാം ദിവസം അവിടുന്ന് മരിച്ചവരിൽ നിന്ന് ഉത്ഥാനം ചെയ്തു: "തന്റെ ശരീരമാകുന്ന ദേവാലയത്തെക്കുറിച്ചാണ് യേശു ഇതു പറഞ്ഞത്" എന്ന് സുവിശേഷകൻ ഇക്കാര്യം വിശദീകരിക്കുന്നു (യോഹ. 2: 21). തന്റെ ഉത്ഥാനം വഴി അവിടുന്ന് മരണത്തിന്റെ വേലി തകർത്തു; പാതാളത്തിന്റെ കോട്ടകൾ നിലംപരിചാക്കി; പാപത്തിന്റെ ശക്തിയെ ഇല്ലാതാക്കി; നമ്മുടെ സ്വഭാവത്തിന്റെ തകർച്ചയ്ക്കായി അത്യുഗ്രമായി അലറി നടന്ന സാത്താന്റെ അഹങ്കാരത്തെ തറപറ്റിച്ചു. തന്റെ ഉത്ഥാനവും, സ്വർഗ്ഗാരോഹണസമയം വരെ ശിഷ്യന്മാരോടു കൂടിയുള്ള സഞ്ചാരവും, തന്റെ മരണത്തിൽ താൻ ജീവിപ്പിച്ചവരും, തന്റെ ഉത്ഥാനത്തിന്റെ ആദ്യ പ്രഘോഷകരുമായിത്തീർന്ന മരിച്ചവരുടെ ഉത്ഥാനവും വഴി മരിച്ചവരിൽ നിന്നുള്ള ഉയിർപ്പിന്റെ സുപ്രതീക്ഷയും ഉറപ്പും ലോകം മുഴുവനും നൽകി.

അതിനുശേഷമുള്ള നാല്പതു ദിവസത്തിനിടയ്ക്ക് തന്റെ ഉത്ഥാനം സംബന്ധിച്ച് അവിടുന്ന് തന്റെ ശിഷ്യന്മാർക്ക് ഉറപ്പുള്ള ബോദ്ധ്യം നൽകി. അവർ സ്വീകരിക്കാനിരിക്കുന്ന പരിശുദ്ധാത്മാവിന്റെ ദാനം വാഗ്ദാനം ചെയ്യുകയും ജറുസലേമിൽ തന്നെ താമസിച്ചുകൊണ്ട് തന്റെയും പിതാവിന്റെയും വാഗ്ദാനത്തിനായി കാത്തിരിക്കാൻ ആവശ്യപ്പെടുകയും ചെയ്തു. പരിശുദ്ധാത്മാവിന്റെ ആഗമനത്തെക്കുറിച്ചുള്ള വാഗ്ദാനമായിരുന്നു അത്. അനന്തരം അവർ തന്റെ നേരേ നോക്കിക്കൊണ്ടു നിൽക്കെ അവിടുന്നു മുകളിലേയ്ക്ക് എടുക്കപ്പെട്ടു. ഒരു മേഘം വന്ന് സ്വീകരിച്ച അവിടുന്ന് അവരുടെ കാഴ്ചയിൽ നിന്നു മറയ്ക്കപ്പെട്ടു. തുടർന്ന് അവരെ ആശ്വസിപ്പിക്കുവാൻ അവരുടെ പക്കലേയ്ക്ക് വിശുദ്ധ മാലാഖമാർ അയയ്ക്കപ്പെട്ടു. അവർ പറഞ്ഞു, "ഗലീലായരേ, നിങ്ങൾ ആകാശത്തിലേയ്ക്കു നോക്കിക്കൊണ്ടു നിൽക്കുന്നതെന്ത്? നിങ്ങളിൽ നിന്ന് സ്വർഗ്ഗത്തിലേയ്ക്ക് എടുക്കപ്പെട്ട യേശു, സ്വർഗ്ഗത്തിലേയ്ക്കു പോകുന്നതായി നിങ്ങൾ കണ്ടതുപോലെ തന്നെ തിരിച്ചുവരും" (നട. 1:11). കാരണം, അവിടുന്നു പോകുന്നത് മരിച്ചവരെ ഉയിർപ്പിക്കുന്ന

www.malankaralibrary.com



തിനും പാപത്തെയും മരണത്തെയും നിർമ്മാർജ്ജനം ചെയ്യുന്നതിനും സമസ്തസൃഷ്ടികളുടെയും മേൽ കുററവിസ്താരവും വിധിപ്രസ്താവവും നടത്തുന്നതിനും വേണ്ടിയാണ്. അവിടുന്ന് നീതിമാന്മാരെ സ്വർഗ്ഗരാജ്യത്തിലെ സൗഭാഗ്യത്തിൽ ഭാഗഭാക്കുകളാകുന്നതിനും ദുഷ്ടന്മാരെ ഗേഹെന്നായിലെ പീഡനത്തിൽ ഭാഗഭാക്കുകളാകുന്നതിനും വേണ്ടി നീക്കിനിർത്തും.

ഇതാണ് പിതാവും പുത്രനും പരിശുദ്ധാത്മാവുമായ മൂന്നു ക്നോമാകളിലുള്ള യഥാർത്ഥമായ വിശ്വാസം — മഹത്വപൂർണ്ണവും യഥാർത്ഥവുമായ ഏകസ്വഭാവം — ഈ വിശ്വാസം, മാനി, മാർസ്യൻ, ബർദയ്സാൻ എന്നിവരെയും അവരെപ്പോലുള്ള മററു പാഷണ്ഡികളെയും പരിത്യജിക്കുകയും തള്ളിക്കളയുകയും മുടക്കുകയും ചെയ്യുന്നു. ഈ വിശ്വാസം കൊണ്ട് ആരിയൂസ്, എവുണോമിയസ്, അപ്പോളിനാരിസ് എന്നിവരും അവരുടെ അനുയായികളുടെ എല്ലാ വിഭാഗങ്ങളും അവരുടെ പക്ഷത്തെ പാഷണ്ഡതയുടെ അനുഭാവികളായ എല്ലാവരും—പിതാവിനെ അപവദിക്കുന്നവരും പുത്രന്റെ ദൈവത്വത്തിൽ പീഡാസഹനം ആരോപിക്കുന്നവരും പരിശുദ്ധാത്മാവിനെ തള്ളിക്കളയുന്നവരും, അങ്ങനെ പരിശുദ്ധ ത്രിത്വത്തിന്റെ ഏകത്വത്തിൽ കുട്ടിക്കുഴച്ചിൽ സൃഷ്ടിക്കുന്ന എല്ലാവരും—അകററപ്പെടുകയും പുറന്തള്ളപ്പെടുകയും മുടക്കപ്പെടുകയും ചെയ്യുന്നു.

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ഉന്നതവും മഹത്വപൂർണ്ണവുമായ ഈ സ്വഭാവത്തിന് ആരാധനയർപ്പിക്കാൻ ഞങ്ങൾ ഒത്തുചേർന്നു. ഞങ്ങളുടെ തലസ്ഥൽ അവിടുന്നയത്തിയ ആ ഇടയന്റെയും ഇടയ പ്രധാനന്റെയും മാധ്യസ്ഥ്യം വഴി ത്രിത്വൈകദൈവം തന്റെ വരദാനങ്ങളാൽ ഞങ്ങളെ സന്തുഷ്ടരാക്കി. ഞങ്ങൾ സന്തോഷത്തോടെ, പരിശുദ്ധരായ പിതാക്കന്മാരാൽ നടപ്പാക്കപ്പെട്ടവയും സഭയിൽ വന്നുകൂടിയ ഉപേക്ഷാഭാവംമൂലം അവഗണിക്കപ്പെട്ടവയുമായ കാനോനാകൾ നവീകരിക്കാനും നടപ്പാക്കാനും ഒത്തുചേർന്നു. ആ സമയം മുതൽ പ്രസ്തുത നിയമങ്ങൾ പരിഷ്കരിക്കാനും ക്രമീകരിക്കാനും ഞങ്ങൾ ഉദ്യുക്തരായി.

നമ്മുടെ പ്രകൃതിയുടെ ശത്രുവായ സാത്താൻ തന്റെ തന്ത്രങ്ങളും കാപട്യങ്ങളും കൊണ്ട് മനുഷ്യാത്മാക്കളെ നശിപ്പിക്കുന്ന



തിനുവേണ്ടി അവരെ പിടികൂടാനുള്ള കെണികൾ ഒരുക്കുന്നതിൽ നിരന്തരം വ്യാപൃതനായിക്കൊണ്ടിരിക്കുന്നു. ചിലയാളുകൾ അവനെ അംഗീകരിക്കുകയും അവനു സേവനം ചെയ്യുകയും ചെയ്യണമെന്നതാണ് അവന്റെ ലക്ഷ്യം. അങ്ങനെ വരുമ്പോൾ മററുള്ളവരും ആ മാതൃക പിന്തുടരാനും അവരോടൊത്ത് അവനോടു കൂട്ടുകൂടാനും വേറെയും അനേകർ ഉണ്ടാകുമല്ലോ. അതിനാൽ പരിശുദ്ധ സഭയുടെ എല്ലാ സന്താനങ്ങളെയും ഉദ്ദേശിച്ച് സഭയിലെ മെത്രാന്മാരും നേതാക്കളും അജഗണങ്ങളെ പരിപാലിക്കുന്ന വിഷയത്തിൽ കൂടുതൽ ശ്രദ്ധാലുക്കളാകണം. ദൈവകല്പനകളനുസരിച്ചുള്ള നിർദ്ദേശങ്ങൾ അവർ അറിയുകയും ആചരിക്കുകയും ചെയ്യുന്നതിനും അവരുടെ ദൃഷ്ടികൾ അവയിൽ ഉറപ്പിക്കപ്പെടുന്നതിനു, അവരുടെ ജീവിതഗതികൾ അവയനുസരിച്ചു ക്രമീകരിക്കപ്പെടുന്നതിനും അതാവശ്യമാണ്. അജഗണങ്ങൾ ആർത്തി പിടിച്ച ചെന്നായ്ക്കളുടെ കയ്കളിൽ അകപ്പെടുകയും അവർ അവയെ പിച്ചിച്ചീന്തുകയും തന്മൂലം പിന്നീട് ശരിയായ കണക്കു കൊടുക്കാൻ സാധിക്കാതെ അജഗണങ്ങൾ അവയുടെ നാഥന്റെ ശിക്ഷക്കർഹരായിത്തീരുകയും ചെയ്യാതിരിക്കാൻ ആ പരിപാലനം ആവശ്യകമത്രെ. നമ്മുടെ കർത്താവും രക്ഷകനുമായ മിശിഹാ നമ്മുടെ മനുഷ്യവർഗ്ഗ പരമശത്രുവിനാൽ ദുഷ്ടലക്ഷ്യത്തോടുകൂടി പരീക്ഷിക്കപ്പെട്ട സന്ദർഭത്തിൽ അപ്പോസ്തല പ്രമുഖനായ ശെമയോനോട് ഇങ്ങനെ അരുൾചെയ്തു: ''ശെമയോനേ, സാത്താൻ ഗോതമ്പു കൊഴിക്കുന്നതുപോലെ നിന്നെ കൊഴിക്കാൻ ശ്രമിക്കുന്നു. എന്നാൽ നിന്റെ വിശ്വാസം ദുർബ്ബലമാകാതിരിക്കുന്നതിനു വേണ്ടി ഞാൻ നിനക്കുവേണ്ടി പ്രാർത്ഥിച്ചിട്ടുണ്ട്''. തുടർന്ന് അവിടുന്ന് അരുൾചെയ്തതെന്താണ്? ''എന്നാൽ നീയാകട്ടെ, മടങ്ങിച്ചെല്ലുമ്പോൾ നിന്റെ സഹോദരന്മാരെ സ്ഥിരപ്പെടുത്തുക'' (ലൂക്കാ. 22:31-32). ഇടയന്മാർക്ക് അജഗണങ്ങളെപ്പററി ജാഗ്രതയും ശ്രദ്ധയും താത്പര്യവും ഉണ്ടായിരിക്കുന്നു. വിശ്വാസികളുടെ മനസ്സുകളെ ദുഷിപ്പിക്കാനും അവരിൽ നിന്നു അവരുടെ വിശ്വാസത്തിന്റെ സത്യം തട്ടിയെടുക്കാനും കള്ളന് സന്ദർഭം ലഭിക്കരുത്.

www.malankaralibrary.com

# കാനോനാകൾ

## 1. മെസ്സാലിയരെക്കുറിച്ച്

താഴെ പറയുന്ന കാര്യം സിനഡിൽ അറിയിക്കപ്പെട്ടു. ചിലയാളുകൾ ദുഃഖാചരണക്കാരുടെയും സന്യാസികളുടെയും കപടവേഷമണിഞ്ഞ് വിശ്വാസികളുടെ മനസ്സുകളെ ദുഷിപ്പിക്കുകയും പാപത്തിൽ മുഴുകിയ സ്ത്രീകളെ അകലേയ്ക്കു നയിക്കുകയും ചെയ്യുന്നു. തെററായ രീതിയിൽ കാര്യങ്ങൾ ചെയ്യുന്നതിൽ ഒരു പാപവുമില്ലെന്നു പറയാൻ അവർ ധൈര്യപ്പെടുന്നു. ചെയ്യേണ്ട കാര്യങ്ങളെ അവർ പൂർണ്ണമായി ഉപേക്ഷിക്കുന്നു. ബലി സമർപ്പണം, ഉപവാസം, പ്രാർത്ഥന തുടങ്ങി പാപികളെ ദൈവത്തോട് അനുരഞ്ജിപ്പിക്കുന്ന എല്ലാ കാര്യങ്ങളെയും അവർ അധിക്ഷേപിക്കുന്നു. നന്മയ്ക്കു പ്രതിസമ്മാനമോ ദുഷ്ടന്മാർക്കു ശിക്ഷയോ ഇല്ലെന്ന് അവർ ഉറക്കെ പ്രഖ്യാപിക്കുന്നു. അതുല്യമായ ധാർഷ്ട്യത്തോടുകൂടി അവർ ഭാര്യമാരെ ഭർത്താക്കന്മാരിൽ നിന്നും ഭർത്താക്കന്മാരെ ഭാര്യമാരിൽ നിന്നും അകററുന്നു. വിധവകളെയും യൗവനസഹജമായ ചുറുചുറുക്ക് ഉള്ളവരെയും പ്രതിശ്രുതകളായ കന്യകകളെയും പ്രതിശ്രുതകളല്ലാത്തവരെയും എല്ലാം അവർ പറഞ്ഞു കബളിപ്പിക്കുന്നു. തങ്ങളുടെ അശുദ്ധിയിലും വലുതായ കാമാസക്തിയിലും സഹകരിക്കാൻ അവർ അവരെ വഴിപ്പെടുത്തുന്നു. നിയമങ്ങളുടെ വിധാതാവായ പരിശുദ്ധാത്മാവിനെതിരേ അവർ പരസ്യമായി രംഗത്തു വരുന്നു. ഈ കൊടുംഭീകരതകളിലും കരുത്തുററ ദുഷ്ടതകളിലും ഏർപ്പെട്ട് അവർ അവിടുത്തോടു യുദ്ധം ചെയ്യുന്നു.

ഇവരെയും ഇവരെപ്പോലുള്ളവരെയും സംബന്ധിച്ച് സിനഡ് താഴെപറയും വിധം കല്പിക്കുകയും നിശ്ചയിക്കുകയും ചെയ്യുന്നു: ഏതെങ്കിലും തരത്തിലുള്ള വൈദികപദവി സ്വീകരിക്കുകയും പരിശുദ്ധസഭയുടെ ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുകയും ചെയ്തിട്ടുള്ളവരിൽ ഇത്തരക്കാർ ആരെങ്കിലും ഉണ്ടെങ്കിൽ അവരെ പൂർണ്ണമായും പുറന്തള്ളുകയും സഭയുടെ എല്ലാത്തരം



ശുശ്രൂഷകളിൽ നിന്നും അകററുകയും വിശ്വാസികളുമായിട്ടുള്ള സകലവിധ സമ്പർക്കങ്ങളിൽ നിന്നും ബഹിഷ്കരിക്കുകയും വേണം. വിശുദ്ധ രഹസ്യങ്ങളിൽ പങ്കാളിത്തവും വിശ്വാസികളുമായി സമ്പർക്കവും നൽകപ്പെടുന്നതിനുമുമ്പായി ഒരു കൊല്ലം മുഴുവനും അവർ പ്രായശ്ചിത്തം ചെയ്യണം. എന്നാൽ സഭാനേതൃത്വപരമായ യാതൊരു പദവിയും അവർക്ക് പിന്നീട് ഒരിക്കലും നൽകരുത്. മുൻപറഞ്ഞതരം കുററങ്ങൾ ചെയ്യുന്നത് സന്യാസികളോ വിശ്വാസികളായ അൽമായരോ ആണെങ്കിൽ അവർക്ക് ആറുമാസത്തെ പ്രായശ്ചിത്തം നൽകണം. അതിനുശേഷം വിശ്വാസികളുമായി ഇടപെടാൻ അനുവദിക്കാം.

## 2. സ്വയം ഷണ്ഡരാക്കുന്നവരെ സംബന്ധിച്ച്:

അവർ സഭയിലെ സ്ഥാനങ്ങളിൽ എത്തിച്ചേരുന്നതിന് അപേക്ഷിക്കുന്നതിനു മുമ്പായിട്ടാണ് അംഗഭംഗത്തിനു വിധേയരായതെങ്കിൽ ഒരു നിശ്ചിതകാലം ദുഃഖത്തിലും പശ്ചാത്താപത്തിലും കഴിച്ചുകൂട്ടിയതിനുശേഷമേ ആ സ്ഥാനത്തിനായി അപേക്ഷിക്കാവൂ. അതിനുശേഷം അവക്ക് നമ്മുടെ രക്ഷകൻെറ ജീവദായകരഹസ്യങ്ങളിൽ പങ്കാളിത്തം നൽകാം. എന്നാൽ സഭാപരമായ പദവികളിൽ എത്തിയതിനുശേഷമാണ് അവർ അംഗഭംഗപ്പെട്ടതെങ്കിൽ അവരെ ആ പദവികളിൽ നിന്നു പൂർണ്ണമായി നീക്കം ചെയ്യണം. പിന്നീട് അവർക്ക് കൂദാശകളിൽ സാധാരണ മനുഷ്യരെപ്പോലുള്ള പങ്കാളിത്തം നൽകാം. എന്നാൽ ശത്രുക്കളുടെ പ്രവർത്തനത്താലോ അപകടങ്ങളാലോ മററുതരത്തിലുള്ള ക്ഷതങ്ങളാലോ, അവരുടെ ഇഷ്ടമനുസരിച്ചല്ലാതെയാണ് ഷണ്ഡത്വം സംഭവിച്ചിട്ടുള്ളതെങ്കിൽ അവർ കുററമില്ലാത്തവരായി കണക്കാക്കപ്പെടണം. എന്നാൽ അവരുടെ ജീവിതരീതി കുററമററതായിരിക്കുകയും അവരെപ്പററി നല്ല സാക്ഷ്യം ഉണ്ടായിരിക്കുകയും ചെയ്താൽ അവർ സഭാശുശ്രൂഷയിലെ ഏതു പദവിയിലും എത്തിച്ചേരുന്നതിനു തടസ്സമില്ല.

## 3. പേരിനു വിശ്വാസികളാണെങ്കിലും പെരുമാററത്തിൽ ദൈവഭയം ഇല്ലാത്ത ആളുകളെക്കുറിച്ച്:

ചില സാധനങ്ങൾ നഷ്ടപ്പെടുകയോ മോഷ്ടിക്കപ്പെടുകയോ ചെയ്താൽ വിവരങ്ങൾ വെളിപ്പെട്ടു കിട്ടാൻ വേണ്ടി ചിലർ

www.malankaralibrary.com



മന്ത്രവാദികളെയും ഗണിച്ചു പറയുന്നവരെയും അഭയം പ്രാപിക്കുന്നു. അവരുടെ അടുത്തു പോവുകയോ അവരെ സ്വന്തം വീടുകളിലേക്കു കൊണ്ടുവരുകയോ ചെയ്യുന്നു. ശുദ്ധീകരണത്തിനെന്നു പറഞ്ഞ് വേറെ ചില കാര്യങ്ങൾ—വെള്ളം തളിക്കൽ, പിശാചുസേവ സംബന്ധിച്ച മററു ചില കാര്യങ്ങൾ തുടങ്ങിയവ—അവർ ചെയ്യുന്നു. ഇങ്ങനെ പിശാചുസേവക്കാർ അവരുടെ ഗുരുക്കന്മാരായിത്തീരുകയും അവർ സ്വന്തം ശരീരത്തിൽ മന്ത്രത്തകിടുകൾ, കെട്ടുകൾ, മററു മാന്ത്രിക സാധനങ്ങൾ എന്നിവ അണിയുകയും ചെയ്യുന്നു. മിശിഹായിൽ നിന്നുണ്ടാകാവുന്ന ശിക്ഷകളെ അവർക്കു ഭയമില്ല. "കർത്താവിന്റെ മേശയ്ക്കു പിശാചിന്റെ മേശയുമായി യാതൊരു കൂട്ടുകെട്ടുമില്ല" (1 കൊറി. 10:21) എന്നുള്ള, ഇത്തരക്കാരെ അകററുകയും പുറത്താക്കുകയും ചെയ്യുന്ന, നമ്മുടെ കർത്താവിന്റെ വാക്കുകൾ ഇവരിൽ ഭീതിയോ വിറയലോ ഉളവാക്കുന്നില്ല. ഇക്കൂട്ടർ പിശാചുസേവ സംബന്ധിച്ച കർമ്മങ്ങളിൽനിന്നു പുറത്തു വന്നാലുടൻ പള്ളിയിൽ വന്ന് മിശിഹായുടെ ശരീരരക്തങ്ങളുടെ പാപമോചകമായ രഹസ്യങ്ങൾ സ്പർശിക്കുന്നതിനു കൈനീട്ടാനുള്ള ധാർഷ്ട്യം കാണിക്കുന്നു. ഇതു് അവരുടെ ആത്മാക്കൾക്കു ശിക്ഷാവിധിക്കും അവരുടെ തന്നെ നാശത്തിനും കാരണമായിത്തീരും; അവരുടെ മേൽ തീക്ഷ്ണമായ ദൈവകോപം വിളിച്ചുവരുത്തുകയും ചെയ്യും.

ഇവരെയും ഇവരെപ്പോലുള്ളവരെയും കുറിച്ച് സിനഡ് ഇപ്രകാരം ആജ്ഞാപിക്കുന്നു: വൈദികപരമായ ഏതെങ്കിലും പദവിയുള്ളയാളുകൾ ഇത്തരം കാര്യങ്ങളിൽ കുററവാളികളാണെന്നു കണ്ടാൽ അവരെ അവരുടെ പദവിയിൽ നിന്നു പുറന്തള്ളണം. അൽമായരാണ് ഇത്തരം കുററങ്ങൾ ചെയ്യുന്നതെങ്കിൽ അവർ ദുഃഖത്തിലും പശ്ചാത്താപത്തിലും മുഴുകി ഒരു നിശ്ചിത കാലഘട്ടം സഭയ്ക്കു പുറത്തു നിൽക്കണം. ആ കാലഘട്ടം പൂർത്തിയാക്കിയാൽ അവരെ സഭയിലേക്കു സ്വീകരിക്കാം.

4. താഴെ പറയുന്ന കാര്യം സിനഡിൽ അറിയിക്കപ്പെട്ടു: ദൈവതിരുമനസ്സിനെക്കുറിച്ചു ശരിയായ ബോധനം ലഭിക്കായ്കയാലും സത്യവിശ്വാസത്തിന്റെ ശക്തി അറിയായ്ക



യാലും ചിലയാളുകൾ അവരുടെ നടപടികളിൽ അന്യമതസ്ഥരെ അനുകരിക്കുന്നു. ദൈവഭയം നൽകുന്ന നന്മകളെക്കുറിച്ചുള്ള പ്രതീക്ഷകളിൽ നിന്ന് ബഹുദൂരം അകന്നുകഴിയുന്നവരാണ് അന്യമതസ്ഥർ. അവരുടെ ബന്ധുക്കൾ മരിക്കുമ്പോൾ അവർ ഒരുമിച്ചുകൂടി ദുഃഖപാരവശ്യം പ്രകടിപ്പിക്കുന്നു. പ്രത്യേകിച്ചും അവരുടെ സ്ത്രീകൾ അവരുടെ തലമുടി മുറിച്ചുകളയുകയും വസ്ത്രങ്ങൾ വലിച്ചുകീറുകയും ചെയ്യുന്നു. അവർ വിലാപങ്ങളും പ്രലാപങ്ങളും നടത്തുകയും താളവാദ്യങ്ങൾ മുഴക്കുകയും മന്ത്രങ്ങൾ ഉരുവിടുകയും വൃക്ഷങ്ങൾ വെട്ടിവീഴ്ത്തുകയും ചെയ്യുന്നു. വലുതായ ദുഃഖം പ്രകടിപ്പിക്കുന്നതിനുവേണ്ടി ക്രിസ്തുമതത്തിന്റെ ക്രമത്തിൽ നിന്നു വളരെ വിദൂരസ്ഥമായ അനേക കാര്യങ്ങളാണ് അവർ ചെയ്യുന്നത്. ക്രൈസ്തവരായ അൽമായർ ഇക്കാര്യങ്ങളിൽ അവരെ അനുകരിക്കുമ്പോൾ അവർ ദൈവജ്ഞാനത്തിൽ നിന്നു വളരെ അകന്നുപോകുകയാണ്.

സിനഡ് ഈ വിഷയത്തിൽ താഴെപ്പറയുന്ന തീരുമാനം ചെയ്തു. വൈപരീത്യത്തിന്റെ ദിനത്തിൽ അവർ നിശ്ശബ്ദരായും മനക്ഷോഭം കൂടാതെയും ഇരിക്കണം. ഇരിക്കുന്നത് പള്ളിയിലോ സന്യാസാശ്രമത്തിലോ അവരവരുടെ വീടുകളിലോ അവരവരുടെ പ്രദേശങ്ങളിലെ രീതിയനുസരിച്ച് ആകാം. എന്നാൽ അവരുടെ പെരുമാററം പുനരുത്ഥാനത്തിൽ വിശ്വാസമുള്ളവരുടെ വിധത്തിൽത്തന്നെ ആയിരിക്കണം. ഈ വിധത്തിൽ അവരുടെ പ്രവർത്തനം മററുള്ളവരുടെ മുമ്പിൽ കാണപ്പെടണം. ഗുരുക്കന്മാരും വൈദികരും യഥാർത്ഥ വിശ്വാസമുള്ളവരും പറയുന്ന കാര്യങ്ങളിൽ നിന്ന് അവർക്കു സമാശ്വാസം ലഭിക്കണം.

5. സഭയിൽ നിന്ന് പുറത്താക്കപ്പെട്ട ചിലയാളുകളുടെ കാര്യവും സിനഡിൽ ചർച്ച ചെയ്യപ്പെട്ടു. അനുസരണക്കുറവും മര്യാദകേടും കാരണമായി അവർ തങ്ങളുടെ മത്സരത്തിലും തലതിരിവിലും തന്നെ നിൽക്കുകയാണ്. അവർ അന്യമതസ്ഥരുടെയും ലൗകായതികരുടെയും പിന്തുണ സമ്പാദിച്ചുകൊണ്ട് അവരെ കുററം വിധിച്ചവരെ ഭീഷണിപ്പെടുത്തുന്നു. ചെയ്യേണ്ടതു ചെയ്യാതെ തന്നെ ശിക്ഷയിൽ നിന്നു വിമുക്തരാകാൻ അവർ ശ്രമിക്കുന്നു.

www.malankaralibrary.com



ഇക്കൂട്ടരെ സംബന്ധിച്ച സിനഡ് താഴെ പറയുന്ന തീരുമാനം ചെയ്തു: അവർ അനുസരണത്തോടെ ന്യായമായ വഴിയിലേയ്ക്കു വന്നാൽ ദുഃഖത്തിലും പശ്ചാത്താപത്തിലും മുഴുകി ഒരു നിശ്ചിതകാലം കൂടെ സഭയ്ക്കു പുറത്തു നിൽക്കണം. അതിനു ശേഷം അവരോടു ക്ഷമിക്കാം.

6. സഭയുടെ സമാധാനവും ക്രിസ്തുമതത്തിന്റെ കോട്ടയുമാകുന്ന ദൈവവചനത്തെപ്പററി തർക്കിക്കുന്നവരും ധിക്കാരികളുമായ മനുഷ്യരിലൂടെ വളരെ ശ്രദ്ധയില്ലായ്മ സഭയിൽ കടന്നുകൂടി എന്നു് സിനഡിൽ അറിവായിരിക്കുന്നു. വൈദികരും അൽമായരും ഒരുപോലെ. അനേകം പേർ അതിനെ ചവിട്ടിത്തേയ്ക്കുകയും നിന്ദിക്കുകയും ചെയ്തു. അപരാധങ്ങൾ മൂലം സഭയിൽ നിന്നു പുറത്താക്കപ്പെട്ടവർ അവർക്കു നൽകപ്പെട്ട ശിക്ഷ ഒട്ടും വകവയ്ക്കുന്നില്ല. മററുള്ളവർ അവരുമായുള്ള സമ്പർക്കം വർജ്ജിക്കുന്നുമില്ല. മററുള്ളവർ ഒററപ്പെടുത്തുകയാണെങ്കിൽ അവർ തെററിൽ നിന്നു രക്ഷപ്പെടുകയും അവർക്കു തന്നെ നന്മ ലഭിക്കുകയും ചെയ്യാൻ എളുപ്പമുണ്ടു്. എന്നാൽ പുറത്താക്കപ്പെടാത്തവർ പുറത്താക്കപ്പെട്ടവരോടു സമ്പർക്കം പുലർത്തുന്ന കാലത്തോളം പുറത്താക്കപ്പെട്ടവർ അവരുടെ ധിക്കാരത്തിൽ തുടരും. തന്മൂലം അവരോടു സമ്പർക്കം പുലർത്തുന്നവരും നീതിയുടെ വിധിക്കു് അർഹരാകും.

ഈ വിഷയത്തിൽ സിനഡ് താഴെ പറയുന്ന തീരുമാനം ചെയ്തിരിക്കുന്നു: ''ദൈവവചന''ത്തിനെതിരായിട്ടുള്ള ഏതെങ്കിലും അപരാധത്തിനു് ശിക്ഷിക്കപ്പെട്ടവർ വൈദികരാണെങ്കിൽ, തെററായ മാർഗ്ഗം വിട്ടു നേർവഴിക്കു വരുന്നതിനായി ഒന്നോ രണ്ടോ തവണ കുററപ്പെടുത്തലുകൾ കിട്ടിയിട്ടും ധിക്കാരത്തിലും കുററബോധത്തിലും ഉറച്ചുനിന്നാൽ, അവരെ അവരുടെ പദവികളിൽ നിന്നു പൂർണ്ണമായി പുറത്താക്കണം. അവർ ദുഃഖത്തിലും പശ്ചാത്താപത്തിലും മുഴുകിയവരായി ഒരു നിശ്ചിത സമയം സഭയ്ക്കു പുറത്തു നിൽക്കണം. അതിനു ശേഷവും സാധാരണ അംഗങ്ങളായി മാത്രമേ സഭയിൽ അവരെ സ്വീകരിക്കാവൂ. കാരണം ദൈവിക ''വചനത്തെ'' സാധാരണകാര്യമായിട്ടാണ് അവർ കണക്കാക്കിയതു്.



സസ്പെൻഡ് ചെയ്യപ്പെടുകയും അതു വകവയ്ക്കാതിരിക്കുകയും ചെയ്തത് അൽമായരാണെങ്കിൽ വിവരം അറിഞ്ഞുകൊണ്ടു് അവരോടു സഹകരിക്കുന്നവരും സഭയിൽ നിന്നു പുറത്താക്കപ്പെടും. രണ്ടു കൂട്ടരും നേരായ വഴിയിലേയ്ക്കു വന്നു കഴിയുമ്പോൾ അവർ അവരുടെ തെററുകളെക്കുറിച്ച് അനുതപിച്ചും ദുഃഖിച്ചും ഒരു നിശ്ചിതകാലം പുറത്തു നിൽക്കണം. അതിനു ശേഷം അവരോടു ക്ഷമിക്കാം.

ഇനി മറെറാരു കാര്യം: പുറത്താക്കപ്പെട്ടിട്ടു്, ''ഞങ്ങളെ പുറത്താക്കിയതു് ശരിയായ രീതിയിലല്ല''. എന്നഭിപ്രായമുള്ളവരുണ്ടെങ്കിൽ, അവരും പുറത്താക്കൽ ശ്രദ്ധാപൂർവ്വം അനുസരിക്കുക തന്നെ വേണം. പുറത്താക്കിയ അധികാരിയുടെ മേൽ വിധി പ്രസ്താവിക്കാൻ അധികാരമുള്ളയാളിന്റെ പക്കൽ അവർ പരാതി കൊടുക്കണം. പുറത്താക്കപ്പെട്ടതു് തെററായിട്ടാണെങ്കിൽ ആ നടപടി റദ്ദു ചെയ്യപ്പെടണം. അങ്ങനെ ചെയ്യേണ്ടതു് വൈദികന്റെ കാര്യത്തിൽ മെത്രാനും മെത്രാന്റെ കാര്യത്തിൽ മെത്രാപ്പോലീത്തായും ആ പ്രവിശ്യയിലെ മററു മെത്രാന്മാരും ചേർന്നുമാണ്; മെത്രാപ്പോലീത്തായുടെയാണെങ്കിൽ ശിക്ഷ റദ്ദാക്കേണ്ടതു് പാത്രിയർക്കീസും.

7. നിയമവിരുദ്ധമായി സ്ത്രീകളെ സ്വീകരിക്കുന്നതിനെക്കുറിച്ച് സിനഡ് ഇങ്ങനെ തീരുമാനം ചെയ്തു: മുമ്പുള്ള പിതാക്കന്മാർ ഈ വിഷയത്തിൽ തീരുമാനം ചെയ്തിട്ടുണ്ടു്. ആ നിയമങ്ങളെല്ലാം കർശനമായി പാലിക്കപ്പെടണം. വിശ്വാസികളാരും അവയെ അനാദരിക്കരുതു്.

8. അന്ധമായ കാമാസക്തിക്കടിമപ്പെട്ടവരായ ചിലരുടെ കാര്യം സിനഡിൽ അറിയിക്കപ്പെട്ടു. സന്തോഷത്തിനും സമൂഹത്തിന്റെ പൊതുവായ നന്മയ്ക്കും വേണ്ടി ക്രമീകൃതമായ രീതിയിൽ ദൈവം വ്യവസ്ഥ ചെയ്തിരിക്കുന്ന ഒരു കാര്യത്തെ അവർ ക്രമം കെട്ടതും കുഴപ്പം പിടിച്ചതുമായ രീതിയിലാണു നിർവ്വഹിക്കുന്നതു്. ഭാര്യമാരാക്കി വയ്ക്കുന്നതിനുവേണ്ടി അവർ സ്ത്രീകളെ തട്ടിക്കൊണ്ടു പോകുന്നു. അതിനെത്തുടർന്നു് വലിയ അടിപിടികളും ക്ഷതങ്ങളും സംഘർഷങ്ങളും ഉണ്ടാകുന്നു. അതിന്റെ ഫലമായി പലരും കൊല്ലപ്പെടുന്നു.

ഈ വിഷയത്തിൽ സിനഡ് ഇങ്ങനെ കല്പിക്കുന്നു: മേലിൽ വൈദികർ സ്ത്രീകളെ തട്ടിക്കൊണ്ടുപോയാൽ അവർ

www.malankaralibrary.com



അവരുടെ പദവികളിൽ നിന്നു ബഹിഷ്കൃതരാകും. എന്നാൽ സ്ത്രീകളെ അപഹരിക്കുന്നതു് അൽമായരാണെങ്കിൽ അവരും അവരുടെ സഹകാരികളും, അവർ വൈദികരാകട്ടെ, അൽമായരാകട്ടെ, ശപിക്കപ്പെടണം. രണ്ടുകൂട്ടരും ന്യായമായ രീതിയിലേക്കു വരുന്നതുവരെ ശാപം നിലനിൽക്കും. അവർ സഭയ്ക്കു പുറത്തു് ഒരു നിശ്ചിതകാലം ദുഃഖത്തിലും പശ്ചാത്താപത്തിലും നിൽക്കണം. അതിനുശേഷം അവരോടും ക്ഷമിക്കാം.

9. വേറൊരു കാര്യവും സിനഡിന്റെ പരിഗണനയ്ക്കു വിഷയമായി. പല സ്ഥലങ്ങളിലും വിശ്വാസികൾ അവരുടെ ദാസിമാരെ അവിശുദ്ധവും ഗർഹണീയവുമായ വ്യഭിചാര കൃത്യങ്ങൾക്കു പ്രേരിപ്പിക്കുന്നു. അങ്ങനെ ലഭിക്കുന്ന നികൃഷ്ടമാപണം തങ്ങൾക്കു കിട്ടാൻ വേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നതു്. ഈ ധൃഷ്ടതയിൽ അവർ ആ പാവങ്ങളുടെ ജീവിതാവശ്യങ്ങളും അവർക്ക് അർഹതപ്പെട്ട സംരക്ഷണവും പിൻവലിക്കുക വരെ ചെയ്യുന്നു. തങ്ങൾ അകപ്പെട്ടിരിക്കുന്ന ദാരിദ്ര്യത്തിന്റെ കൊടുമയാൽ വ്യഭിചാരം എന്ന ഈ പാപത്തിൽ അവർ സ്വയം നശിപ്പിക്കുന്നു. തങ്ങളുടെ ജീവിതാവശ്യങ്ങൾ നിർവഹിക്കുന്നതിനാവശ്യമായ വക കിട്ടുന്നതിനു വേണ്ടിയാണിതു്.

ഈ വിഷയത്തിൽ സിനഡ് താഴെപറയും വിധം തീരുമാനിക്കുന്നു: ഇനിമേലിൽ ഒരു വിശ്വാസിയും പ്രതിഫലത്തിനുവേണ്ടിയോ ജീവിതാവശ്യങ്ങൾ നൽകപ്പെടുന്നതിനു വേണ്ടിയോ തന്റെ ദാസിയെ വേശ്യയാകുന്ന അവസ്ഥയിൽ വിടാൻ പാടില്ല. മേലിൽ ഇങ്ങനെ ചെയ്യുന്നതായി കണ്ടുപിടിക്കപ്പെടുന്നതു് ആരായാലും അയാൾ സഭയാൽ ശപിക്കപ്പെടും. വേണ്ടവിധത്തിൽ പ്രവർത്തിക്കുന്നതു വരെയും ദാസിയെ വേശ്യയാക്കുന്നതിനുള്ള ദുഷ്ടമായ ഒഴികഴിവുകളെല്ലാം ഒഴിവാക്കുന്നതു വരെയും ഈ ശാപം നിലനിൽക്കും.

10. പള്ളികൾ, സന്യാസാശ്രമങ്ങൾ, പുണ്യസ്ഥലങ്ങൾ എന്നിവയ്ക്കു് വേശ്യകൾ നൽകുന്ന ദാനധർമ്മങ്ങൾ, നേർച്ചകാഴ്ചകൾ, ഉപഹാരങ്ങൾ എന്നിവയെ സംബന്ധിച്ച്: അവ സ്വീകരിക്കാൻ പാടില്ലെന്നു് സിനഡ് ആജ്ഞാപിക്കുന്നു. അവരിൽനിന്നു് മേൽപറഞ്ഞവ സ്വീകരിക്കുന്നവരെല്ലാം ശിക്ഷാവിധിക്കു് അർഹരായിരിക്കും.



11. മറ്റൊരു കാര്യം സഭയുടെ പരിഗണനയിൽ വന്നു: ചില വിശ്വാസികൾ അവരിലുള്ള ദൈവഭയം കാരണമായി ഈ ലോകത്തിൽ നിന്നുള്ള അവരുടെ വേർപാടു സമീപസ്ഥമാകുമ്പോൾ അവർക്കു പ്രയോജനം കിട്ടുന്നതിനു വേണ്ടിയും പള്ളികൾ, സന്യാസാശ്രമങ്ങൾ, ആസ്പത്രികൾ, എന്നിവയ്ക്കോ അവയുടെ ഏതെങ്കിലും തരം പ്രത്യേകമായ പ്രവർത്തനങ്ങൾക്കോ പാവങ്ങൾക്കോ അവരുടെ സമ്പത്തിന്റെ ഒരു ഭാഗം ഇഷ്ടദാനമായി നീക്കിവയ്ക്കുന്നു. ചിലപ്പോൾ അവരുടെ ദാസന്മാരെയോ ദാസികളെയോ സ്വതന്ത്രരാക്കുന്നതിനുള്ള തീരുമാനം ചെയ്യുന്നു. അഥവാ അവരെ പള്ളികൾക്കോ സന്യാസാശ്രമങ്ങൾക്കോ ആസ്പത്രികൾക്കോ മറ്റാളുകൾക്കു സേവനത്തിനോ വിട്ടു കൊടുക്കുന്നു. എന്നാൽ ഇങ്ങനെ ചെയ്യുന്ന കാരണവന്മാരുടെ അനന്തരാവകാശികൾ പലരും അവരുടെ വിൽപ്പത്രങ്ങളിലെ വ്യവസ്ഥകൾ അനുസരിച്ചു പ്രവർത്തിക്കുന്നില്ല. പൂർവ്വികന്മാരുടെ കാലശേഷം നിശ്ചിത സമ്പത്തുകളെയോ ദാസീദാസന്മാരെയോ വിൽപ്പത്രത്തിലെ വ്യവസ്ഥകൾ അനുസരിച്ചു വിട്ടുകൊടുക്കുന്നില്ല. സ്വതന്ത്രരാക്കുകയോ പള്ളികൾക്കോ സന്യാസാശ്രമങ്ങൾക്കോ മറ്റു് ആളുകൾക്കോ വിട്ടുകൊടുക്കുകയോ ചെയ്യേണ്ട ദാസീദാസന്മാരെ നേരത്തേയുള്ളതുപോലെ തന്നെ ദാസരായി വച്ചുകൊണ്ടിരിക്കുന്നു.

ഈ കാര്യങ്ങളെ സംബന്ധിച്ചും ഇത്തരം ഇഷ്ടദാനങ്ങളുള്ള ആളുകളെ സംബന്ധിച്ചും സിനഡ് കല്പിക്കുകയും ആവശ്യപ്പെടുകയും ചെയ്യുന്നു: വിൽപ്പത്രം എഴുതിയ പൂർവ്വികർ ആജ്ഞാപിച്ചിട്ടുള്ളതു പോലെ പ്രവർത്തിക്കുന്നതു വരെ അത്തരക്കാർ ബന്ധനത്തിലും ശാപത്തിലും ആയിരിക്കും.

12. താഴെ പറയുന്ന വിഷയവും സിനഡിന്റെ പരിഗണനയ്ക്കു വിഷയമായി: ചില ദാസന്മാർ സ്വന്തം നിലയ്ക്കു വേണ്ടി സ്വന്തം യജമാനന്മാർക്ക് എതിരാകുകയും പോയി വൈദികപട്ടമോ ഏതെങ്കിലും തരത്തിലുള്ള സഭാപരമായ പദവിയോ സ്വീകരിക്കുകയും ചെയ്യുന്നു. ഇങ്ങനെ ചെയ്തു കഴിയുമ്പോൾ യജമാനന്മാർ അവരെ പിടികൂടുന്നു. അപ്പോൾ അവർ യജമാനന്മാർക്കു സേവനം ചെയ്യാൻ നിർബന്ധിതരാകുന്നു. ചിലർ ഈ അവസ്ഥയിൽ ഒളിച്ചോടുന്നു.

www.malankaralibrary.com



ഈ വിഷയത്തിൽ സിനഡ് താഴെപ്പറയുന്ന തീരുമാനം ചെയ്തു: യജമാനന്മാരെ സേവിക്കാനുള്ള ബാദ്ധ്യതയിൽ നിന്നു മോചനം നേടുകയും അതു സംബന്ധിച്ച് വിശ്വാസ്യമായ രേഖകൾ കാണിക്കുകയും ചെയ്തിട്ട് അവർക്ക് സഭാസേവനപരമായ സ്ഥാനങ്ങൾക്കുവേണ്ടി അപേക്ഷകരാകാവുന്നതാണ്. അവരെ സംബന്ധിച്ച് വിശ്വാസ്യരായ ആളുകൾ വിശ്വാസ്യമായ സാക്ഷ്യങ്ങൾ നൽകിയിരിക്കുകയും വേണം.

13. സഭാധികാരപരമായ കാര്യങ്ങളെല്ലാം ക്രമവും പദവിയും ക്രമീകൃതമായ അധികാരവും അനുസരിച്ചുള്ളതാണല്ലോ. പരിശുദ്ധാത്മാവിനാൽ സ്ഥാപിതവും ക്രമീകൃതവുമായിട്ടുള്ളവയാണ് അവയെല്ലാം. അച്ചടക്കം, ബോധനം, പൊതുനന്മ എന്നിവയാണ് അവയുടെ ലക്ഷ്യം. ഉയർന്നതും ഇടത്തരവും താഴ്ന്നതുമായ എല്ലാ സ്ഥാനങ്ങളിലുമുള്ള ആളുകൾ ഇക്കാര്യങ്ങൾ നന്നായി ശ്രദ്ധിക്കണം. ഒരാൾക്ക് മറ്റൊരാളെ സംബന്ധിച്ചുള്ള ആവശ്യത്തിന്റെ അനുപാതമനുസരിച്ച് അവർക്ക് സ്ഥാനക്കയറ്റം നൽകി ഈ ആവശ്യം നിറവേറ്റും; താഴത്തെ പദവിയിലുള്ളവർ ഇടത്തരം പദവിയിലേക്കും അവിടെയുള്ളവർ ഉയർന്ന പദവികളിലേക്കും എല്ലാ പദവികളുടെയും നാഥനായ പരിശുദ്ധാത്മാവിലേക്കാണ് പ്രത്യേകമായി ഒരു പദവിയിൽ നിന്ന് ഉയർന്ന പദവിയിലേക്ക് ഉയർത്തപ്പെടുന്നത്; അവരുടെ മാദ്ധ്യസ്ഥ്യം വഴി ദൈവം സ്വർഗ്ഗീയ ദാനങ്ങൾ മനുഷ്യർക്കു നൽകുന്നു. ഈ കാര്യങ്ങൾ വിശുദ്ധ ലിഖിതങ്ങളിൽ പ്രസ്താവിക്കപ്പെട്ടിട്ടും വിശദമാക്കപ്പെട്ടിട്ടുമുണ്ട്. മറ്റു സ്ഥലങ്ങളിലും അതു സംബന്ധിച്ച പ്രസ്താവങ്ങളുണ്ട്. അതിനാൽ ഒരു മെത്രാൻ ഏതെങ്കിലും ഒരു കല്പന നൽകുകയോ ന്യായമായ വിധത്തിൽ എന്തെങ്കിലും പ്രവർത്തിക്കുകയോ ചെയ്യുമ്പോൾ അദ്ദേഹത്തിന്റെ അധികാരത്തിൻ കീഴിലുള്ള ആരും അദ്ദേഹത്തെ എതിർക്കാനോ അദ്ദേഹത്തിന്റെ കല്പനയെ ധിക്കരിക്കാനോ പാടില്ല. അങ്ങനെ ചെയ്യുന്നവരുണ്ടെങ്കിൽ നീതിയുടെ കഠിനമായ വിധിക്ക് അവർ വിധേയരാകും. അതുപോലെതന്നെ, മെത്രാപ്പോലീത്താമാർ ശരിയായ വിധത്തിൽ ചെയ്യുകയും കല്പിക്കുകയും ചെയ്യുന്ന കാര്യങ്ങൾ അവഗണിക്കാനോ അവയെ തിരസ്കരിക്കാനോ മെത്രാന് അവകാശമില്ല. അതുപോലെ, പാത്രിയർക്കീസ് ചെയ്യുകയോ



സ്ഥാപിക്കുകയോ ചെയ്യുന്ന അത്തരം കാര്യങ്ങൾ മെത്രാന്മാർക്കോ മെത്രാപ്പോലീത്താമാർക്കോ ലംഘിക്കാനോ റദ്ദാക്കാനോ പാടുള്ളതല്ല— അവയിലൊന്നുപോലും— കാരണം അത് ദൈവികമായ കല്പനയാകുന്നു. കാരണം, എല്ലാ അവയവങ്ങളും ശിരസ്സിനു കീഴിലാണല്ലോ. എല്ലാ അവയവങ്ങളും ശിരസ്സിനെ ആദരിക്കുന്നു; ശിരസ്സാകട്ടെ മറ്റെല്ലാ അവയവങ്ങളെയും സംബന്ധിച്ച് ശ്രദ്ധയും താത്പര്യവും പ്രകടിപ്പിക്കുകയും ചെയ്യുന്നു. തലയും മുകളിലായി തലയുടെയും മറ്റംഗങ്ങളുടെയും സ്രഷ്ടാവായവൻ മാത്രമേ ഉള്ളൂ.

ഈ കാര്യങ്ങൾ ഇങ്ങനെ ക്രമീകരിച്ചു സ്ഥാപിതമായിട്ടുള്ളതുകൊണ്ട് പാത്രിയർക്കീസ് മെത്രാപ്പോലീത്താമാരെയും മെത്രാന്മാരെയും വിളിക്കുമ്പോൾ, അഥവാ മെത്രാപ്പോലീത്താ മെത്രാന്മാർക്ക് എന്തെങ്കിലും നിർദ്ദേശം നൽകുമ്പോൾ, അഥവാ മെത്രാൻ തന്റെ അധികാര സീമയിലുള്ളവർക്ക് എന്തെങ്കിലും ആജ്ഞ നൽകുമ്പോൾ അവരോടു കല്പിക്കപ്പെട്ടവയെല്ലാം ജാഗ്രതയോടും താത്പര്യത്തോടുംകൂടെ അനുസരിക്കാൻ അവർ ബാധ്യസ്ഥരാണെന്ന കാര്യം വ്യക്തമാണല്ലോ. പ്രസ്തുത ആജ്ഞകളെ ലംഘിക്കാൻ അവർക്ക് അനുവാദമില്ല.

മെത്രാപ്പോലീത്താമാരോ മെത്രാന്മാരോ പാത്രിയർക്കീസിന്റെയോ മെത്രാന്മാർ മെത്രാപ്പോലീത്തായുടെയോ ആസ്ഥാനത്തുവരുകയും പാത്രിയർക്കീസോ മെത്രാപ്പോലീത്തായോ തന്റെ നഗരത്തിലോ ജോലിയിലോ ഇല്ലാതിരിക്കുകയും ചെയ്താൽ മെത്രാന്മാർക്ക് ആ സ്ഥാനത്തു പ്രവേശിക്കാനോ മെത്രാപ്പോലീത്തായുടെ കാര്യങ്ങളിലോ ഭരണപരമായ കാര്യങ്ങളിലോ ഇടപെടാനോ സംസാരിക്കാനോ പാടില്ല; പാത്രിയർക്കീസിന്റെ കല്പനയുണ്ടെങ്കിൽമാത്രം ചെയ്യാവുന്നതുമാണ്. അതുപോലെ പാത്രിയർക്കീസ് സ്ഥലത്തില്ലാത്തപ്പോൾ അദ്ദേഹത്തിന്റെ സിംഹാസനത്തിന്റെയും ഭരണത്തിന്റെയും നഗരത്തിൽ പ്രവേശിക്കാനോ ഭരണപരമായ കാര്യങ്ങളിൽ ഏതെങ്കിലും വിധത്തിൽ ആജ്ഞാപിക്കാനോ പ്രവർത്തിക്കാനോ ലിഖിതനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാനോ അദ്ദേഹത്തിന്റെ കല്പനയോ അനുമതിയോ കൂടാതെ ആരാധനക്രമത്തിൽ പ്രവേശിക്കാനോ ശുശ്രൂഷയിൽ നിൽക്കാനോ മെത്രാപ്പോലീത്താമാർക്കോ മെത്രാ

www.malankaralibrary.com



ന്മാർക്കോ അനുവാദമില്ല. ഇതുപോലെ തന്നെ ഒരു മെത്രാപ്പോലീത്താ മെത്രാന്റെ രൂപതയിലും മെത്രാൻ മെത്രാപ്പോലീത്തായുടെ രൂപതയിലും ചെയ്യാൻ പാടില്ല. എന്നാൽ പാത്രിയർക്കീസ് കൂടെയുള്ളപ്പോൾ മുൻപറഞ്ഞ നിരോധനത്തിന് ഒഴിവുണ്ട്.

14. സമൂഹം മുഴുവൻ ഉന്നതമായി കണക്കാക്കുകയും ബഹുമാനിക്കുകയും ചെയ്യുന്ന ചില കാര്യങ്ങളുണ്ട്. അവയിൽനിന്ന് സമൂഹത്തിനു മുഴുവനും ബഹുമാന്യത ലഭിക്കുന്നു. ഇത്തരം കാര്യങ്ങൾ വളരെ ശ്രദ്ധാപൂർവ്വം സ്ഥാപിക്കുകയും ആചരിക്കുകയും ചെയ്യേണ്ടതാണ്. അവയിൽ ഒരു കാര്യം താഴെ പറയുന്നു: പാത്രിയർക്കീസ് എന്ന പദം "ഭരണാധികാരത്തിന്റെ പിതാവ്" എന്ന് തർജ്ജമ ചെയ്യാം. സഭാപരമായ എല്ലാ അധികാരസ്ഥാനങ്ങളും അദ്ദേഹത്തിനു കീഴിലാണ്. അവക്ക് തലവന്മാരും ഭരണാധികാരികളുമാകുന്നതിനുള്ള അധികാരവും ശക്തിയും അദ്ദേഹത്തിൽനിന്നു ലഭിക്കുന്നു. വിജയശ്രീലാളിതനായ നമ്മുടെ പ്രഭുവും രാജാധിരാജനുമായ ഖുസ്രായുടെ ഉന്നതവും മഹത്ത്വപൂർണ്ണവുമായ ഈ രാജ്യത്തിലെ എല്ലാ പള്ളികളിലും ആരാധനക്രമത്തിലെ പ്രാർത്ഥനാഗാനങ്ങളിൽ പാത്രിയർക്കീസിന്റെ പേര് ഉറക്കെപ്പറയുക എന്നതു കേവലം ന്യായമത്രേ. മെത്രാന്മാരിലും മെത്രാപ്പോലീത്താമാരിലും പെട്ട ഒരാളും തന്റെ രൂപതയിലും അധികാരപരിധിയിലും പെട്ട പള്ളികളിൽ നിയമം നടപ്പാക്കുന്നതിൽ അലംഭാവം കാണിക്കാൻ അനുവദിക്കപ്പെടരുത്. ഇക്കാര്യത്തിൽ ഉദാസീനത കാണിക്കുന്നവർ സമൂഹത്തിന്റെ കുറ്റപ്പെടുത്തലിനു വിധേയരാകും.

15. നാലുകൊല്ലം കൂടുമ്പോൾ എല്ലാ മെത്രാപ്പോലീത്താമാരും മെത്രാന്മാരും പാത്രിയർക്കീസിനോടൊപ്പം സമ്മേളിക്കണമെന്നാണ് സിനഡിന്റെ ആഗ്രഹം. അവിടെ പൊതുവായ കാര്യങ്ങൾ ആലോചനാവിഷയമാകണം. അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിലുള്ള അവരുടെ പരസ്പര സമ്പർക്കം മൂലം തിരുത്തൽ ആവശ്യമുള്ള കാര്യങ്ങൾ പരിഷ്കരിക്കാനും ക്രമമായിട്ടുള്ള കാര്യങ്ങൾ ശക്തിപ്പെടുത്താനും ബലമായി ഉറപ്പിക്കാനും അവർക്കു സാധിക്കും. വത്സരത്തിലെ വലിയ ഉപവാസത്തിനു



മുമ്പായിട്ടാണ് ഇതു നടത്തേണ്ടത്. അന്നു പാത്രിയർക്കീസ് തന്റെ സിംഹാസന നഗരത്തിൽ ഉണ്ടായിരിക്കുമല്ലോ. വലിയ അത്യാവശ്യങ്ങളില്ലെങ്കിൽ, എല്ലാവരും തന്റെയടുത്തു വരണമെന്നു താൻ ആഗ്രഹിക്കുന്നതായി പാത്രിയർക്കീസ് എഴുത്തുമൂലം അറിയിക്കുമ്പോൾ അവർ ഉപേക്ഷ കൂടാതെ വേഗത്തിൽ വന്നെത്തേണ്ടതാണ്, എന്നാൽ തക്കതായ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടെങ്കിൽ അവർ അക്കാര്യം വ്യക്തമായി എഴുതി ദൂതന്മാർ വശം കൊടുത്തുവിട്ട് അറിയിക്കണം. എന്നാൽ സ്ഥാപിതമായിട്ടുള്ള തീരുമാനം അനുസരിച്ച് അവർ വന്നുചേരുന്നില്ലെങ്കിൽ, അഥവാ അടിയന്തിര സ്വഭാവമുള്ള കാര്യങ്ങൾ ഉണ്ടായിരിക്കെ, പാത്രിയർക്കീസ് എഴുത്തുവഴി ആവശ്യപ്പെട്ടിട്ടു വരാതിരിക്കുകയും വിവരം എഴുതി അറിയിക്കാതിരിക്കുകയും ചെയ്താൽ അവർ സിനഡിന്റെ വിധിതീർപ്പിനും കുറ്റപ്പെടുത്തലിനും വിധേയരാകും.

16. മെത്രാപ്പോലീത്താമാരും മെത്രാന്മാരും നാലു വർഷത്തിൽ ഒരിക്കൽ പാത്രിയർക്കീസിനോടൊത്തു സമ്മേളിച്ച് സമുദായത്തിനാവശ്യമായ കാര്യങ്ങളിൽ വേണ്ട തിരുത്തലുകൾ നടത്തണം എന്നു കാനോന ഉണ്ടല്ലോ. അതുപോലെ തന്നെ മെത്രാന്മാർ ആണ്ടുതോറും ഈലൂൽ മാസത്തിൽ അവരുടെ മെത്രാപ്പോലീത്തൻ നഗരത്തിൽ സമ്മേളിക്കണമെന്ന് സിനഡ് ആഗ്രഹിക്കുന്നു. സമൂഹത്തെ സംബന്ധിക്കുന്ന എല്ലാ കാര്യങ്ങളും ആ സമ്മേളനത്തിൽ ചർച്ച ചെയ്യപ്പെടണം. അവരുടെ മദ്ധ്യത്തിൽ വച്ചുതന്നെ തിരുത്തലുകൾ ആവശ്യമുള്ള കാര്യങ്ങളെല്ലാം തിരുത്തപ്പെടണം. അതുമൂലം സമൂഹത്തിനു നന്മയുണ്ടാകും. സമുദായ മദ്ധ്യത്തിൽ ശത്രുതയും വിദ്വേഷവുമുണ്ടെങ്കിൽ അവ പരിഹരിക്കപ്പെടണം. ഉപേക്ഷമൂലം ഈ സമ്മേളനത്തിൽ വന്നുചേരാത്ത മെത്രാന്മാരുണ്ടെങ്കിൽ അവരെ സിനഡ് കുറ്റപ്പെടുത്തണം.

17. വൈദികാധികാരമുള്ളവരെ സംബന്ധിച്ച് താഴെ പറയുന്ന കാര്യം സിനഡിൽ പ്രസ്താവിക്കപ്പെട്ടു. എല്ലാ ക്രമങ്ങളെക്കാളും സ്ഥാനങ്ങളെക്കാളും ഉന്നതമായിട്ടുള്ളതാണ് വൈദികസ്ഥാനം. മഹത്തും പ്രതാപപൂർണ്ണവുമായ എല്ലാ കാര്യങ്ങളും അതിനോടു ബന്ധപ്പെട്ടിരിക്കുന്നു. അതിനാൽ വൈദികർ

www.malankaralibrary.com



എല്ലാത്തരം വിശുദ്ധിയിലും ശുചിത്വത്തിലും ജീവിക്കണം. എല്ലാവർക്കും മതിപ്പുളവാക്കുന്ന വിധത്തിൽ അവർ ജീവിക്കണം. എല്ലാത്തരം വിദ്വേഷങ്ങളെയും പരിഭവങ്ങളെയും ശത്രുതയെയും അവർ അകലെ നിർത്തുകയും മനസ്സിൽ നിന്നു പൂർണ്ണമായി ബഹിഷ്കരിക്കുകയും വേണം. വക്രവും വിദ്വേഷപൂർണ്ണവുമായ ഒരു മനസ്സ് അവർക്കുണ്ടാകാൻ പാടില്ല. കാരണം അത്തരം കാര്യങ്ങളെല്ലാം സാത്താന്റെ ഇച്ഛയിൽ നിന്നു ജനിക്കുന്നതാണ്. ദുസ്സ്വഭാവക്കാരെ അവർ പഠിപ്പിക്കുകയും തെറ്റു തിരുത്തുകയും കുറ്റപ്പെടുത്തുകയും ചെയ്തുകൊണ്ടിരിക്കണം. ആത്മനാശത്തിൽ നിന്ന് അവരെ രക്ഷപ്പെടുത്താനും അവരെ നേടാനും വേണ്ടിയാണിത്. എന്നാൽ അവർ കുറ്റപ്പെടുത്തേണ്ട സ്ഥിതിയിൽ കണ്ടെത്തപ്പെടുകയാണെങ്കിൽ, കഠിന മനഃസ്ഥിതിയും വിദ്വേഷം വച്ചുപുലർത്തലും പരസ്പര ശത്രുതയും അവരിലുണ്ടെങ്കിൽ, ഈ കുറ്റങ്ങളുള്ളവർ മെത്രാപ്പോലീത്താമാരായാലും മെത്രാന്മാരായാലും അവർ അവരുടെ സ്ഥാനത്തു നിന്നും നീക്കപ്പെടും.

18. മെത്രാന്മാർ പ്രതിഷ്ഠിതരാകുന്നതു മെത്രാപ്പോലീത്താമാരാലോ അവരുടെ കല്പനയാലോ പാത്രിയർക്കീസിന്റെ കല്പനയാലോ ആണല്ലോ. ഈ വിധത്തിലല്ലാതെ ഒരു മെത്രാൻ പ്രതിഷ്ഠിതനാവുക സാദ്ധ്യമല്ല. അതുപോലെ തന്നെ മെത്രാപ്പോലീത്താമാർ പാത്രിയർക്കീസിനാലോ അദ്ദേഹത്തിന്റെ കല്പനയാലോ പ്രതിഷ്ഠിക്കപ്പെടണം. അങ്ങനെയല്ലാതെ മെത്രാന്മാർ ഒരു മെത്രാപ്പോലീത്തായെ പ്രതിഷ്ഠിക്കാൻ അനുവദിക്കപ്പെടാൻ പാടില്ല. അഥവാ അങ്ങനെ പ്രതിഷ്ഠിക്കപ്പെട്ടാൽ അയാളുടെ അഭിഷേകം സ്ഥിരീകരിക്കപ്പെടുകയില്ല. അങ്ങനെ പ്രതിഷ്ഠിതരാകുന്നവർ സിനഡിന്റെ കുറ്റവിധിക്കു വിധേയരാകും.

19. മൊത്രാന്മാരെ സംബന്ധിച്ചു തന്നെ മറ്റൊരു കാര്യവും സിനഡ് തീരുമാനിച്ചു. മെത്രാൻ സ്ഥാനത്തേയ്ക്കു വിളിക്കപ്പെടുന്നയാൾ ആരായിരുന്നാലും സ്വന്തം മെത്രാപ്പോലീത്തായാൽത്തന്നെ പ്രതിഷ്ഠിക്കപ്പെടണം. നേരിട്ടല്ലെങ്കിൽ കല്പന വഴി. അല്ലെങ്കിൽ പാത്രിയർക്കീസിന്റെ കല്പന വഴി. അല്ലെങ്കിൽ അവരിൽ ഒരാളുടെ അനുമതിക്കത്ത് ഉണ്ടായിരിക്കണം.



ആ കത്തുകൾ പാത്രിയർക്കീസിന്റെയോ മെത്രാപ്പോലീത്തായുടെയോ സ്ഥാനത്തുള്ളതാണ്. ആ കത്ത് നടുക്കുവയ്ക്കപ്പെടണം. മെത്രാൻസ്ഥാനപ്രതിഷ്ഠയ്ക്ക് പ്രവിശ്യയിലെ മെത്രാന്മാർക്ക് എല്ലാവർക്കും വന്നെത്താൻ കഴിഞ്ഞില്ലെങ്കിൽ കഴിയാത്തവർ സമ്മതക്കത്തുകൾ അയയ്ക്കണം. തെരഞ്ഞെടുക്കപ്പെട്ടയാൾ ഏറ്റവും കുറഞ്ഞത് മൂന്നു മെത്രാന്മാരുടെ സാന്നിദ്ധ്യത്തിലാണ് സ്ഥിരപ്പെടുത്തപ്പെടേണ്ടത്. അപ്പോൾ അവരുടെ മദ്ധ്യത്തിൽ പാത്രിയർക്കീസിന്റെയും മെത്രാപ്പോലീത്തായുടെയും ലിഖിതങ്ങൾ ഉണ്ടായിരിക്കണം. അപ്പോൾ മാത്രമേ ആ കർമ്മം വിധിയനുസരിച്ചു പൂർണ്ണമാകൂ. മെത്രാൻസ്ഥാനത്തു പ്രതിഷ്ഠിതനായ ആൾ പാത്രിയർക്കീസിനെ സന്ദർശിക്കാനും ബഹുമാനം അർപ്പിക്കാനുമായി വേഗം യാത്ര പുറപ്പെടണം. ആ സന്ദർശനത്തിൽ പാത്രിയർക്കീസ്, നടപ്പിലായിട്ടുള്ള സഭാനിയമങ്ങൾ അനുസരിച്ച് അയാളുടെ സ്ഥാനപ്രതിഷ്ഠ പൂർണ്ണമാക്കും. ഈ വിധത്തിലല്ലാതെ പ്രതിഷ്ഠിക്കപ്പെടുന്നവരുടെ സ്ഥാനം നഷ്ടപ്പെടും. അങ്ങനെ പ്രതിഷ്ഠിക്കാൻ സഹകരിച്ചവർ സിനഡിന്റെ ശിക്ഷാവിധിക്കു വിധേയരാകുകയും ചെയ്യും.

20. അനുശാസനത്തിനു വേണ്ടി ഈ നിയമം കൂടുതൽ സ്പഷ്ടമായി നവീകരിക്കപ്പെടേണ്ടത് ആവശ്യകമാണെന്നും സിനഡിനു തോന്നി. കർത്താവായ ആത്മാവിനാൽ കാരുണ്യപൂർവ്വം സഭയ്ക്കു നൽകപ്പെടുന്ന ഉന്നതമായ ദാനമാണു പൗരോഹിത്യം. അതിന്റെ മാദ്ധ്യസ്ഥ്യത്താൽ ജനങ്ങൾക്കു സ്വർഗ്ഗീയ ദാനങ്ങൾ നൽകപ്പെടണം. സ്രഷ്ടാവു സൃഷ്ടികൾക്കു നൽകിയിട്ടുള്ള ദാനങ്ങൾ അതുവഴി പരിപൂർണ്ണവും കുറ്റമില്ലാത്തതും ആക്കപ്പെടണം. അതിനാൽ "മിശിഹായുടെ വചന"ത്താൽ, മെത്രാപ്പോലീത്താമാരോ മെത്രാന്മാരോ കൈക്കൂലിയോ പ്രതിഫലമോ വാങ്ങിക്കൊണ്ട് വൈദികസ്ഥാനം ഒരാൾക്കും വിൽക്കാൻ പാടില്ല. എന്തുകൊണ്ടെന്നാൽ അത് ലോകത്തെക്കാളും അതിലുള്ള സകല വസ്തുക്കളെക്കാളും ഉന്നതമാകുന്നു. മുകളിൽ പറഞ്ഞ തരത്തിൽ പ്രവർത്തിക്കുന്നവർ നരകവും വരാനിരിക്കുന്ന ലോകത്തിൽ ദുഷ്ടന്മാർക്കായി സംവരണം ചെയ്തു വച്ചിട്ടുള്ള ശിക്ഷയും വിലയ്ക്കു വാങ്ങുകയാണ്. അവരുടെ സംഭോഷ

www.malankaralibrary.com



ണവും പ്രവർത്തനശൈലിയും, ദൈവത്തിന്റെ ദാനം ലോകത്തിലെ സമ്പത്തു കൊണ്ടു വിലയ്ക്കു വാങ്ങാവുന്നതാണെന്നു കരുതിയ ശീമോന്റേതിനു തുല്യമാകുന്നു. ഇത്തരം തെറ്റു ചെയ്യുന്നയാൾ മെത്രാപ്പോലീത്താ ആയാലും മെത്രാനായാലും അയാളും അയാളിൽ നിന്നു് ആ വിധത്തിൽ പൗരോഹിത്യം സ്വീകരിക്കുന്നയാളും അവരുടെ സ്ഥാനങ്ങളിൽ നിന്നും എല്ലാ സഭാശുശ്രൂഷകളിൽനിന്നും പൂർണ്ണമായി നീക്കം ചെയ്യപ്പെടണം.

21. താഴെ പറയുന്ന കാര്യവും സിനഡ് തീരുമാനിച്ചു: വൈദികരെ സംബന്ധിച്ച് പണ്ടേ നടപ്പായിരിക്കുന്ന നിയമം അനുസരിച്ച് അവർ അവരുടെകാര്യങ്ങൾ നീതിയിലും ദൈവഭയത്തിലും നിർവ്വഹിക്കേണ്ടതാണ്. അവർ ചതിക്കപ്പെട്ടവരെയും അടിച്ചമർത്തപ്പെട്ടവരെയും മർദ്ദകരുടെ കൈകളിൽ നിന്നു മോചിപ്പിക്കാനും വ്യക്തിപരിഗണനകൾ കൂടാതെ നീതിവിധി നടത്താനും നിരപരാധികളെ ശിക്ഷിക്കാതിരിക്കാനും കുറ്റക്കാരെ നീതീകരിക്കാതിരിക്കാനും ശ്രദ്ധാലുക്കളായിരിക്കണം. കാരണം, നീതിവിധി ദൈവത്തിന്റേതാകുന്നു. കൈക്കൂലി വാങ്ങലിന്റെ മഹാഗർത്തത്തിൽ നിപതിക്കാതിരിക്കുന്നതിനു് ഈ നിയമവും ഇവിടെ നടപ്പാക്കപ്പെടണം: വൈദികരിലാരും, വിധിപ്രസ്താവത്തിനോ മറ്റേതെങ്കിലും കാര്യത്തിനോ വേണ്ടി കൈക്കൂലി വാങ്ങി സ്വയം ശിക്ഷാവിധിക്കു വിധേയനാകുകയും അവനവന്റെ മേൽ ദൈവകോപം ഇളക്കിവിടുകയും ചെയ്യരുത്. അനനിയാസും സഫീറായും വഞ്ചന കാണിച്ചതുകൊണ്ട്, അവർ വിറ്റ വയലിന്റെ വിലയിൽ ഒരു ഭാഗം ഒളിച്ചു വച്ചതുകൊണ്ട് — ഒളിച്ചു വച്ചതു് അവരുടെ സ്വന്തം സമ്പത്തിന്റെ ഭാഗമായിരുന്നു, ബാക്കിഭാഗം അവർ ഒളിച്ചു വച്ചുമില്ല എങ്കിലും — ശ്ലീഹന്മാരുടെ കാൽക്കൽ വീണു മരിക്കുക എന്ന ഭീതിജനകവും ഉടനടിയുള്ളതുമായ ശിക്ഷ അവർക്കു ലഭിച്ചെങ്കിൽ, ശ്ലീഹന്മാരുടെ സ്ഥാനം അലങ്കരിക്കാൻ തെരഞ്ഞെടുക്കപ്പെട്ടവർ വഞ്ചന കാണിച്ചാൽ എത്രയോ അധികം ക്രൂരവും ശക്തവുമായ ശിക്ഷയായിരിക്കും അവർക്കു ലഭിക്കുന്നതു്! കാരണം, കൈക്കൂലി കൊടുക്കുന്നവനെയും കൈക്കൂലി വാങ്ങുന്നവനെയും ദൈവമുൻപാകെ അവർ നിഷ്ഠുരമായും



സ്പഷ്ടമായും കൊല്ലുകയാണ് ചെയ്യുക. പാപം ചെയ്യാൻ അവസരം ലഭിച്ചവന്റെ രക്തവും നീതിരഹിതമായി കൈക്കൂലി കൊടുക്കാൻ പ്രേരിപ്പിക്കപ്പെട്ടവൻ പാപം ചെയ്യാൻ പ്രേരിതനാകുന്ന ദുഷ്ടതയും! നീതികെട്ട വൈദികരല്ലാതെ മറ്റാരാണ് ഇതിനു കണക്കുപറയേണ്ടതു്!

നിരപരാധിയെയും കുറ്റക്കാരനെയും ഒരുപോലെ അവർ വിഴുങ്ങിക്കളയുന്നു. മറ്റുള്ളവരെ എന്നതിലുപരി അവർ തങ്ങളെത്തന്നെ വിഴുങ്ങുകയാണ്! അതുകൊണ്ട് മേലിൽ കൈക്കൂലി വാങ്ങുന്ന ഏതു പുരോഹിതനും, തെളിയിക്കപ്പെട്ടാൽ സഭയുടെ ന്യായവിധിക്ക് വിധേയനായിത്തീരും എന്നു് ഈ സിനഡ് വിധിക്കുന്നു.

22. ഇതും സിനഡിൽ തീരുമാനിക്കപ്പെട്ടു: വൈദികർ ഒരു കാരണവശാലും ധിക്കാരികളും അഹങ്കാരികളുമായിരിക്കാൻ പാടില്ല. അവർ അനീതി പ്രവർത്തിക്കാനും പാടില്ല. നീതിരഹിതമായി പ്രവർത്തിക്കുന്നവരെ വിധിക്കാനുള്ളവരാണ് വൈദികർ. അവർ സന്മാതൃക നൽകാൻ ഉത്സുകരായിരിക്കണം. പാത്രിയർക്കീസ് കല്പിച്ചാലല്ലാതെ, തന്റെ സഹോദര മെത്രാന്റെ ഭരണകാര്യങ്ങളിൽ, അയാൾ ജീവിച്ചിരിക്കുമ്പോഴോ, മരിക്കുമ്പോഴോ, കൈകടത്തി നിയമം ഉണ്ടാക്കാനോ കല്പന കൊടുക്കാനോ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും അനുവാദം ഇല്ല. മറിച്ചു ചെയ്യുന്നതൊന്നും നിലനില്ക്കുകയില്ല. അങ്ങനെ ചെയ്യുന്നയാൾ സിനഡിന്റെ വിധിനിർണയത്തിനു വിധേയനാകും.

23. ഒരു മെത്രാൻ മരിക്കുമ്പോൾ, മെത്രാപ്പോലീത്താ ഉണ്ടെങ്കിൽ, സഹമെത്രാന്മാരെ വിളിച്ചു കൂട്ടുക എന്നതു് മെത്രാപ്പോലീത്തായുടെ ദൗത്യമാണ്. അവരൊന്നിച്ച് യോഗ്യനായ ഒരാളെ തെരഞ്ഞെടുക്കാൻ പട്ടണത്തിലെ പൗരന്മാരെ ഉപദേശിക്കണം. മെത്രാന്മാർ അയാളെ വാഴിക്കണം. ഇതു സ്വീകാര്യമായി സിനഡിനു തോന്നി. മെത്രാപ്പോലീത്താ മരിച്ചാൽ, പ്രോവിൻസിലെ മെത്രാന്മാർ ഒന്നിച്ചുകൂടി നഗരത്തിലെ പൗരന്മാരെ ഉപദേശിക്കണം. അവരുടെ മാധ്യസ്ഥ്യവും സഹകരണവും കൊണ്ട് യോഗ്യനായ ഒരാളെ

www.malankaralibrary.com



തെരഞ്ഞെടുക്കണം. തുടർന്ന് മെത്രാപ്പോലീത്തായെ സംബന്ധിച്ച്, അഥവാ മെത്രാപ്പോലീത്താ ഇല്ലെങ്കിൽ മെത്രാനെ സംബന്ധിച്ച് പാത്രിയർക്കീസിനെ അറിയിക്കണം. മെത്രാൻ മരിച്ചിട്ട് നാലു മാസത്തിനകം പുതിയ മെത്രാപ്പോലീത്തായെപ്പററി, മെത്രാപ്പോലീത്താ ഇല്ലെങ്കിൽ മെത്രാനെപ്പററി, പാത്രിയർക്കീസിനെ അറിയിക്കണം. അത്യാവശ്യകാര്യമില്ലെങ്കിൽ ഈ കാലാവധി നീട്ടാൻ പാടില്ല. എന്നാൽ ഈ കാര്യങ്ങളിൽ മെത്രാന്മാർ അശ്രദ്ധരായിരിക്കാൻ പാടില്ല.

24. മെത്രാന്മാരും വൈദികരും തങ്ങളുടെ രൂപതകളും സഭകളും ഉപേക്ഷിക്കാൻ പാടില്ല എന്നതു സംബന്ധിച്ചും അവ ഉപേക്ഷിച്ചു പോവുകയും മററു സ്ഥലങ്ങളിൽ വാസമുറപ്പിച്ച് അവിടങ്ങളിൽ സേവനം നിർവ്വഹിക്കുകയും ചെയ്യുന്നതു സംബന്ധിച്ചും ഈ സിനഡിനു തോന്നുന്നത് ഇപ്രകാരമാകുന്നു: ഈ വിഷയങ്ങളിൽ പ്രാചീനർ ഏതു കാനോനാകൾ സ്ഥാപിച്ചിട്ടുണ്ടോ അവ നിലനിൽക്കണം.

25. താഴെ പറയുന്നകാര്യം സിനഡിൽ പറയപ്പെട്ടു: സേവനം ചെയ്യുന്നതിനായി പള്ളികളും സന്യാസാശ്രമങ്ങളും ചിലരെ ഏല്പിച്ചു. എന്നാൽ അവർ അവ സ്വാധീനപ്പെടുത്തിയിട്ട് അവയിലെ വരുമാനങ്ങൾ ബന്ധുക്കൾക്കു നൽകി. അതുമാത്രമല്ല, അവരുടെ മരണശേഷം അവരുടെ അവകാശികളായിത്തീർന്നവർ പ്രസ്തുതസ്ഥാപനങ്ങളുടെ സ്വത്തുക്കളും വരുമാനങ്ങളും തങ്ങളുടെതായിത്തന്നെ നിലനിർത്തി. ഇനി മററൊന്ന്: മാനേജർമാർ, മുതൽസൂക്ഷിപ്പുകാർ എന്നീ നിലകളിൽ പള്ളികൾ, സന്യാസാശ്രമങ്ങൾ, അഗതിമന്ദിരങ്ങൾ തുടങ്ങിയവയുടെ ചുമതല ഏല്പിക്കപ്പെടുന്നവരുണ്ട്: അങ്ങനെയുള്ളവരിൽ ചിലർ ആ സ്ഥാപനങ്ങളുടെ സമ്പത്ത് വിൽക്കുകയോ പണയപ്പെടുത്തുകയോ ചെയ്യുന്നു.

പള്ളികളുടെയും സന്യാസാശ്രമങ്ങളുടെയും സമ്പത്ത് ബന്ധുക്കൾക്കു കൊടുക്കുന്നവരെയും പള്ളികളുടെയും സന്യാസാശ്രമങ്ങളുടെയും സ്വത്തുക്കളും വരുമാനങ്ങളും സ്വന്തമാക്കി വച്ചുകൊണ്ടിരിക്കുന്നവരെയും സംബന്ധിച്ച് സിനഡ് താഴെ പറയുന്ന തീരുമാനം ചെയ്യുന്നു: ഈ സ്വത്തുക്കളും വരുമാനങ്ങളും



ഏവയെന്ന് അന്വേഷിച്ചു കണ്ടുപിടിക്കണം; പള്ളികളുടെയും സന്യാസാശ്രമങ്ങളുടെയും ആതുരാലയങ്ങളുടെയും സമ്പത്ത് കയ്യടക്കി വച്ചിരിക്കുന്നവർ സ്വയം മുമ്പോട്ടു വന്ന് അവ തിരിച്ചേല്പിക്കണം. അപ്രകാരം ചെയ്യാതെ ശാഠ്യപൂർവ്വം പ്രസ്തുത സമ്പത്ത് കൈവശം വച്ചുകൊണ്ടിരിക്കുന്നവർ അവരുടെ തെററുകൾ തിരുത്തുന്നതുവരെ സഭാപരമായ ശിക്ഷാനടപടികൾക്കു വിധേയരായിരിക്കും. ഇനിമുതൽ മെത്രാപ്പോലീത്താമാരോ മെത്രാന്മാരോ വൈദികരോ ഡീക്കന്മാരോ വിശ്വാസികളോ സ്വന്തം അധികാരപ്രകാരം പള്ളികളുടെയോ സന്യാസാശ്രമങ്ങളുടെയോ ആതുരാലയങ്ങളുടെയോ വകയായ ഏതെങ്കിലും വസ്തു സമുദായത്തിന്റെ പൊതുവായ സമ്മതവും തീരുമാനവും കൂടാതെ സ്വന്ത അധികാരപ്രകാരം വിൽക്കാനോ പണയപ്പെടുത്താനോ പാടില്ല. ഇനിമേലിൽ ഇതിനു വിപരീതമായി പ്രവർത്തിക്കുന്നവർ അവരുടെ തെററു തിരുത്തുന്നതുവരെ സഭാപരമായ ശിക്ഷാവിധികൾക്കു വിധേയരായിരിക്കും.

26. പള്ളികൾക്കോ സന്യാസാശ്രമങ്ങൾക്കോ ആതുരാലയങ്ങൾക്കോ വേണ്ടിയാണെന്ന ഭാവത്തിൽ വസ്തുവകകൾ വാങ്ങുകയും അതിനായി സ്വന്തം പേരിൽ പ്രമാണങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്ന മെത്രാന്മാരും വൈദികരും ഡീക്കന്മാരും വിശ്വാസികളും ഉണ്ടെന്ന വസ്തുത സിനഡിൽ പ്രസ്താവിക്കപ്പെട്ടു. പ്രസ്തുത വസ്തുക്കൾ അവർ സ്വന്തം ഭവനങ്ങളിൽ വയ്ക്കുകയും ചെയ്യുന്നു. ഇത്തരം പ്രമാണങ്ങൾ അവരുടെ ഭവനങ്ങളിൽ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. ഇപ്രകാരം നഷ്ടം സംഭവിക്കുന്നു.

ഈ വിഷയത്തിൽ സിനഡ് താഴെ പറയുന്ന തീരുമാനം ചെയ്തു: മെത്രാപ്പോലീത്താമാരോ മെത്രാന്മാരോ വൈദികരോ ഡീക്കന്മാരോ വിശ്വാസികളോ, പള്ളികൾക്കോ സന്യാസാശ്രമങ്ങൾക്കോ ആതുരാലയങ്ങൾക്കോ വേണ്ടി വസ്തുക്കൾ വാങ്ങുമ്പോൾ അവരുടെ സ്വന്തം പേരിൽ പ്രമാണങ്ങൾ ഉണ്ടാക്കുകയാണെങ്കിൽ, അഥവാ ഈ സ്ഥാപനങ്ങളുടെ വസ്തുക്കൾ അവർ സ്വന്തം പേരിൽ പ്രമാണപ്പെടുത്തുകയാണെങ്കിൽ, അവരെ പ്രസ്തുത പ്രമാണങ്ങൾ സ്വന്തം വീടുകളിലോ മററു സ്ഥലങ്ങളിലോ സൂക്ഷിക്കാൻ അനുവദിക്കുന്നതല്ല; അവ പള്ളികളുടെ

www.malankaralibrary.com



ഈടുവസ്തുകളിൽ സൂക്ഷിക്കണം. അവർ ആ വസ്തുക്കൾ ഉപേക്ഷിക്കുന്നതായി പ്രമാണമെഴുതി പള്ളി ഈടുവസ്തുകളിൽ സൂക്ഷിക്കുകയും വേണം.

27. പള്ളികൾക്കും സന്യാസാശ്രമങ്ങൾക്കും ആതുരാലകൾക്കുമുള്ള നേർച്ചവസ്തുക്കൾ, സ്തോത്രകാഴ്ചകൾ, ദശാംശങ്ങൾ കടിഞ്ഞൂൽ ഫലങ്ങൾ തുടങ്ങിയവയെക്കുറിച്ച് അതതുസ്ഥലത്തെ മെത്രാന് അറിവു കൊടുക്കേണ്ടതാണെന്നും അദ്ദേഹത്തിന്റെ തീരുമാനപ്രകാരം മാത്രം അവ കൈകാര്യം ചെയ്യപ്പെടേണ്ടതാണെന്നും ഈ സിനഡ് തീരുമാനിക്കുന്നു.

28. സിനഡിൽ മറ്റൊരു കാര്യവും പറയപ്പെട്ടു: അപ്പസ്തോലിക നിയമങ്ങൾ മനസ്സിലാക്കിയിട്ടില്ലാത്ത ചില മെത്രാന്മാർ, നൽകാൻ സ്ഥാനങ്ങളില്ലാത്ത സ്ഥിതിയിൽ ചിലയാളുകൾക്കു ചില പദവികൾ നൽകുന്നു. അങ്ങനെ ആക്കപ്പെടുന്നവർ എല്ലാ ഭാഗത്തുനിന്നും എതിർക്കപ്പെടുന്നു; അംഗീകരിക്കപ്പെടാതിരിക്കുന്നു. തുടർന്ന് നൽകപ്പെട്ട പദവിയിൽ നിന്ന് അവർ നീക്കപ്പെടുന്നു. അവർ ശിക്ഷയ്ക്ക് അർഹരായിത്തീരുന്നു.

ഈ വിഷയത്തിൽ സിനഡ് താഴെ പറയുന്ന തീരുമാനം ചെയ്തു: നിയമിക്കാൻ സ്ഥാനങ്ങളില്ലാത്ത അവസ്ഥയിൽ മെത്രാപ്പോലീത്താമാരോ മെത്രാന്മാരോ ആർക്കും ഒരു പദവിയും നൽകാൻ പാടില്ല. അങ്ങനെ ചെയ്യാൻ നിയമം അനുവദിക്കുന്നില്ല. ഈ വിധത്തിൽ അഭിഷേകം നൽകുന്നവർ സിനഡിന്റെ കുറ്റപ്പെടുത്തലിനു വിധേയരാകും. അവർ നൽകുന്ന അഭിഷേകം അസാധുവായിരിക്കുകയും ചെയ്യും.

29. മെത്രാന്റെ അധീനതയിലുള്ള പള്ളികളുടെയും സന്യാസാശ്രമങ്ങളുടെയും സമ്പത്തിനെയും വരുമാനങ്ങളെയും മറ്റെല്ലാകാര്യങ്ങളെയും സംബന്ധിച്ച് സിനഡ് താഴെ പറയുന്ന തീരുമാനം ചെയ്യുന്നു: മെത്രാന്റെ കീഴിലുള്ള വൈദികർക്കും നിശ്ചയിക്കപ്പെട്ട വിശ്വാസികൾക്കും പ്രസ്തുത കാര്യങ്ങളെക്കുറിച്ച് അറിവുണ്ടായിരിക്കണം. ആളുകൾക്ക് അക്കാര്യത്തിലുള്ള അജ്ഞത കാരണമായി പള്ളികൾക്കു യാതൊന്നും നഷ്ടപ്പെടാൻ ഇടയാകരുത്. മെത്രാൻ ജീവിച്ചിരിക്കുന്ന കാല



ത്തോളം അവ അദ്ദേഹത്തിന്റെ നിയന്ത്രണത്തിലായിരിക്കണം. അതുപോലെ തന്നെ, മെത്രാന്റെ വകയായി എന്തെങ്കിലുമുണ്ടെങ്കിൽ അവ അദ്ദേഹം ഇഷ്ടമുള്ളവർക്കു കൊടുക്കട്ടെ, പള്ളിയുടെ സ്വത്തെന്നു പറഞ്ഞ് അതു കയ്യടക്കാൻ ആരും ശ്രമിക്കരുത്. പള്ളിയുടെ വകയായിട്ടുള്ള വസ്തുക്കൾ അതതിന്റെ സ്ഥാനത്തു സംരക്ഷിക്കപ്പെടണം. മെത്രാന്റെ വകയായിട്ടുള്ളവ അദ്ദേഹത്തിന്റെ തന്നെയോ അദ്ദേഹം ആർക്കു കൊടുക്കുന്നുവോ അയാളുടെയോ അധീനതയിലായിരിക്കട്ടെ. അങ്ങനെയാകുമ്പോൾ അതിനിടയ്ക്ക് അന്യായം നടക്കാനും പാപം സംഭവിക്കാനും ഇടയാകാതിരിക്കും.

30. താഴെ പറയുന്ന കാര്യം സിനഡിൽ അറിയിക്കപ്പെട്ടു: ചില സന്ദർഭങ്ങളിൽ സഭയിലെ മെത്രാൻസ്ഥാനം ഏല്പിക്കപ്പെടുന്ന ചിലയാളുകൾ പള്ളികളുടെ സമ്പത്ത് എടുത്ത് അവരുടെ ബന്ധുക്കൾക്കു നൽകുന്നു. അവർ പള്ളികളുടെ കാര്യം അവഗണിക്കുകയും പള്ളിവക സ്വത്തു സംരക്ഷിക്കാതിരിക്കുകയും ചെയ്യുന്നു. വൈദികരുടെയും പരദേശികളുടെയും സംരക്ഷണത്തിനും യാദൃച്ഛികമായ ആവശ്യങ്ങൾക്കും ഉപയോഗപ്പെടേണ്ട സമ്പത്ത് അക്കാര്യങ്ങൾക്കു ലഭിക്കാതെ പോകുന്നു.

ഈ വിഷയത്തിൽ സിനഡ് താഴെ പറയുന്ന തീരുമാനം ചെയ്തു: മെത്രാന്മാർ പള്ളികളുടെ സ്വത്തുക്കളോ വരുമാനങ്ങളോ ഒന്നും എടുത്ത് ബന്ധുക്കൾക്കു കൊടുക്കരുത്. അതു കാരണമായി പള്ളികളുടെ കാര്യത്തിൽ അവർക്കുള്ള താല്പര്യം കുറയുകയും ചെയ്യരുത്. ഇങ്ങനെയാണെങ്കിലും മെത്രാൻസ്ഥാനം ലഭിക്കുന്നതിനു മുമ്പ് അവർക്കുണ്ടായിരുന്ന സ്വത്തുക്കളിലും മെത്രാൻസ്ഥാനം മൂലം സ്പഷ്ടമായി അവർക്കു ലഭിച്ച സ്വത്തുക്കളിലും നിന്ന് ഇഷ്ടമുള്ളത് അവർക്ക് ഇഷ്ടമുള്ളവർക്കു കൊടുക്കാവുന്നതാണ്.

31. താഴെ പറയുന്ന കാര്യം കൗൺസിലിൽ പ്രസ്താവിക്കപ്പെട്ടു: ചിലപ്പോൾ വൈദികരും സന്യാസികളും വിശ്വാസികളും അവരുടെ മെത്രാന്മാർക്ക് എതിരായി സംഘം ചേരുന്നതായി അറിവായിരിക്കുന്നു. അവർ പരസ്പര സമ്മതപ്രകാരം

www.malankaralibrary.com



ഉടമ്പടി ഉണ്ടാക്കുകയോ ദാനങ്ങൾ കൊണ്ടോ എഴുത്തു വഴിയായോ അവർക്കെതിരായി കലാപം ഉണ്ടാക്കുകയും അങ്ങനെ വളരെ ദ്രോഹം ചെയ്യുകയും ചെയ്യുന്നു. വൈദികരെ പരസ്പരം എതിരായി ഇളക്കിവിടുന്നവരും ഉണ്ട്.

ഈ വിഷയത്തിൽ സിനഡ് താഴെ പറയുന്ന തീരുമാനം ചെയ്തു: വൈദികരോ സന്യാസികളോ വിശ്വാസികളോ മെത്രാനെതിരായിട്ടോ പരസ്പരം എതിരായിട്ടോ കലാപം ഉണ്ടാക്കാനോ ഗൂഢാലോചന നടത്താനോ പാടില്ല. മെത്രാനെതിരായി എന്തെങ്കിലും പരാതിയുള്ളവർ അക്കാര്യം മെത്രാപ്പോലീത്തായെ അറിയിക്കണം. അവിടെ ന്യായമായ പരിഹാരം ഉണ്ടാകുന്നില്ലെങ്കിൽ അവർ പ്രശ്നം പാത്രിയർക്കീസിന്റെ സന്നിധിയിൽ എത്തിക്കണം. അദ്ദേഹം ആ വിഷയത്തിൽ ന്യായമായ തീരുമാനം ചെയ്യും. മെത്രാപ്പോലീത്തായുടെ കാര്യവും ഇപ്രകാരംതന്നെ വേണം. മറ്റു വിധത്തിൽ പ്രവർത്തിക്കുന്നവർ സസ്പെൻഡ് ചെയ്യപ്പെടും.

32. എന്തെങ്കിലും കാരണത്താൽ മെത്രാന്മാരാൽ ബഹിഷ്കൃതരാകുന്ന ചിലർ വന്ന് മെത്രാന്മാരെക്കുറിച്ച് കുറ്റാരോപണങ്ങൾ നടത്താറുണ്ട് അവർ അടിസ്ഥാന രഹിതമായ ആരോപണങ്ങൾ കെട്ടിച്ചമയ്ക്കുന്നു. ഈ വിഷയത്തിൽ സിനഡ് താഴെ പറയുന്ന തീരുമാനം ചെയ്തു: ഈ പരാതിക്കാർ സത്യസന്ധരാണോ അല്ലയോ എന്ന് അവരുടെ പെരുമാറ്റത്തിൽ നിന്നു പരിശോധിച്ച് മനസ്സിലാക്കണം. അവരുടെ വാക്കുകൾ വിശ്വാസ്യങ്ങളാണെന്നു ബോധ്യപ്പെട്ടാൽ അവ സ്വീകരിക്കപ്പെടണം. അവരുടെ മെത്രാനെപ്പറ്റിയുള്ള പരാതിയെ സംബന്ധിച്ച് തീരുമാനം ഉണ്ടാകണം. എന്നാൽ അവരുടെ പരാതികൾ അടിസ്ഥാനമുള്ളവയല്ലെങ്കിൽ, പരാതിക്കാർ വൈദികരായാലും വിശ്വാസികളായാലും അവർ സഭാപരമായ ശിക്ഷാനടപടികൾക്കു വിധേയരായിരിക്കും.

33. താഴെ പറയുന്ന കാര്യം സിനഡിൽ പ്രസ്താവിക്കപ്പെട്ടു: ചില സ്ഥലങ്ങളിൽ മെത്രാൻ മരിച്ചു കഴിയുമ്പോൾ ചിലയാളുകൾ ഒത്തുചേർന്ന് ഒരു ശപഥം കൊണ്ട് പരസ്പരം ബന്ധിതരായിത്തീരുന്നു. എഴുതപ്പെട്ട ഉടമ്പടികൾവഴി അവർ ഓരോരോ കക്ഷികളായിത്തീരുന്നു. അവർ മെത്രാൻ സ്ഥാനത്തേയ്ക്ക് ഒരാളെ പിന്തുണയ്ക്കുന്നു. അയാൾ ആ സ്ഥാനത്തിനു യോഗ്യനാണോ എന്ന കാര്യം അവർ പരിഗണിക്കുന്നതേയില്ല.



ഈ വിഷയത്തിൽ കൗൺസിൽ താഴെ പറയുന്ന തീരുമാനം ചെയ്തു: വ്യക്തിയുടെ പ്രേരണമൂലം സംഘങ്ങൾ രൂപീകൃതമായാൽ, അയാൾ ഒരു വൈദികനാണെങ്കിൽ ആ തെറ്റു തിരുത്തുന്നതുവരെ ആ സ്ഥാനത്തിരിക്കാൻ പാടില്ല. അങ്ങനെ സംഘമുണ്ടാക്കുന്നവർ ഒരു നിശ്ചിതകാലം വരെ സഭയ്ക്കു പുറത്തു നിറുത്തപ്പെടും.

34. താഴെ പറയുന്ന കാര്യവും സിനഡിന്റെ പരിഗണനയിൽ വന്നു. സഭയിൽ പദവികൾ ലഭിക്കുന്നതിനു തക്കതായ യോഗ്യതയും പരിശീലനവുമില്ലാത്ത ചിലയാളുകൾ പ്രസ്തുത സ്ഥാനങ്ങൾ ലഭിക്കാതെ വരുമ്പോൾ അന്യമതക്കാരെയോ വിശ്വാസികൾ തന്നെയായ സാധാരണ ജനങ്ങളെയോ അഭയം പ്രാപിച്ച് മെത്രാന്മാർക്കു ശല്യമുണ്ടാക്കുന്നു. അങ്ങനെ മെത്രാന്മാർക്ക് വളരെ ഉപദ്രവം ചെയ്യുന്നു.

ഈ വിഷയത്തിൽ സിനഡ് തഴെ പറയുന്ന തീരുമാനം ചെയ്തു: ഈ വിധത്തിൽ സഭാധികാരപരമായ പദവികൾ കൈക്കലാക്കാൻ ശ്രമിക്കുന്നവർക്കു ആ പദവികൾ ഒരിക്കലും ലഭിക്കാൻ പാടില്ല. അവർ അവരുടെ പ്രാകൃത നടപടിയിൽ നിന്നു പിന്തിരിയുന്നതുവരെ ഒരു നിശ്ചിതകാലം അവരെ സഭയ്ക്കു പുറത്തു നിറുത്തണം.

35. ചിലയാളുകൾ സന്യാസാശ്രമങ്ങൾ പണിയുകയും അവയുടെ ആവശ്യത്തിനു വേണ്ട സമ്പത്തു നൽകാതിരിക്കുകയും ചെയ്യുന്നുവെന്നും അതു മൂലം ആശ്രമങ്ങൾ ഉപേക്ഷിതാവസ്ഥയിലാവുകയും അവയെ സംരക്ഷിക്കാൻ ആരും ഇല്ലാതെ വരുകയും ചെയ്യുന്നു എന്ന കാര്യം സിനഡിൽ അറിയിക്കപ്പെട്ടു.

ഇതു സംബന്ധിച്ച് സിനഡ് ഇപ്രകാരം തീരുമാനിച്ചു: സന്യാസാശ്രമങ്ങൾ പണിയിക്കുന്നവർ, അവയുടെ സംരക്ഷണത്തിനായി ഒരു സഞ്ചിത നിധി രൂപീകരിച്ചു നൽകുന്നതുവരെ അവ ആശീർവദിക്കപ്പെടരുത്. ആശ്രമാധിപന്മാർ അവരുടെ സ്വന്തം തീരുമാനപ്രകാരം അത്തരം ആശ്രമങ്ങൾ ഏറ്റെടുക്കാൻ പാടില്ല. അവർ അവിടേയ്ക്കു പോകാനും വരാനും

www.malankaralibrary.com



പാടില്ല. പിന്നെയോ, ആവശ്യകാര്യങ്ങൾക്കുള്ള ചെലവിനു വകയുണ്ടോ എന്ന് ആദ്യമേ അന്വേഷിക്കണം. അവിടെ ആവശ്യമുള്ള മററ് കാര്യങ്ങൾ മെത്രാൻ കല്പിച്ച് നടപ്പാക്കണം. അദ്ദേഹത്തിന്റെ അധികാരത്തിൻ കീഴിലാണല്ലോ ആ ആശ്രമം.

36. അൽമായരുടെ നടത്തുകാരോ അൽമായർക്കോ അന്യമതസ്ഥർക്കോ വേണ്ടി പണമിടപാടു നടത്തുന്നവരോ ആയിത്തീരുന്ന വൈദികരെ സംബന്ധിച്ച്: മേലിൽ വൈദികർ ഇത്തരം കാര്യങ്ങളിൽ ചെന്നു വീഴരുത്, സഭയിൽ നിന്ന് അവർക്കു ലഭിച്ച ബഹുമാനം അപമാനിക്കപ്പെടാനിടയാകരുത്.

37. മേലിൽ ക്രിസ്ത്യാനികൾ അവരുടെ പുത്രിമാരെ സെക്കുലർ സംഗീതം പഠിക്കാൻ അനുവദിക്കരുത്.

38. ഒരു മെത്രാന്റെ ആസ്ഥാനമുള്ളിടത്തെ വൈദികർ അദ്ദേഹത്തിന്റെ അധികാരാതിർത്തിയിലുള്ള ഗ്രാമീണരെക്കാൾ ഉയർന്ന പദവിയിലുള്ളവരായിരിക്കും.

39. പാത്രിയർക്കീസിന്റെ വലിയ പ്രോവിൻസിൽ കുറെ മെത്രാന്മാരുണ്ട്. മററു പ്രവിശ്യകളിൽ നിന്നും അനേകം മെത്രാന്മാരുണ്ടല്ലോ. രണ്ടു കൂട്ടത്തിലും പ്രധാനികളായ കുറെ മെത്രാന്മാരുണ്ടായിരിക്കും. അവരുടെ സ്ഥാനക്രമത്തെക്കുറിച്ച് സിനഡ് താഴെ പറയുന്ന തീരുമാനം ചെയ്യുന്നു. പാത്രിയർക്കൽ പ്രവിശ്യയിലെ രണ്ടാമത്തെ മെത്രാൻ മററു പ്രവിശ്യകളിലെ മെത്രാന്മാരെക്കാൾ സ്ഥാനം കൂടിയ ആളായിരിക്കും. അതുപോലെ തന്നെ പാത്രിയർക്കീസിന്റെ മൂന്നാമത്തെ മെത്രാൻ മററു മൂന്നാം സ്ഥാനക്കാരെക്കാൾ മുമ്പനായിരിക്കും. അതുപോലെ തന്നെ നാലാമന്മാരും. ഈ ക്രമത്തിൽ ഏഴാമത്തെ മെത്രാന്മാർ വരെയുള്ളവർക്ക് ഇരിപ്പിടങ്ങൾ ക്രമപ്പെടുത്തണം. ഇതേ ക്രമത്തിൽത്തന്നെയാണ് മെത്രാപ്പോലീത്താമാരുടെ ഇരിപ്പിടങ്ങളും നിശ്ചയിക്കേണ്ടതു്. എന്നാൽ ഏഴാം സ്ഥാനം കഴിഞ്ഞാൽ പാത്രിയർക്കീസിന്റെ പ്രോവിൻസിലെ എല്ലാ മെത്രാന്മാർക്കും മററു പ്രോവിൻസുകളിലുള്ളവരെക്കാൾ മുൻഗണന നൽകണം. അവർ ഇരിപ്പിടത്തിലും ക്രമത്തിലും മററുള്ളവർക്കു മുമ്പിലായിരിക്കും.

ഈ 39 കാനോനാകൾ അവസാനിച്ചു.



ദൈവവരപ്രസാദത്തിന്റെ പ്രവർത്തനത്താലും പിതാക്കന്മാരുടെ പിതാവായ മാർ പാത്രിയർക്കീസിന്റെ പ്രചോദനത്താലും നവീകരിക്കപ്പെട്ട ഈ കാനോനാകളെ ഞങ്ങൾ എല്ലാവരും ചേർന്ന കൗൺസിൽ സുസ്ഥാപിതമാക്കി താഴെ പറയുന്ന ഞങ്ങളുടെ വിശുദ്ധ സഹോദരന്മാരുടെ ലിഖിതരൂപത്തിലുള്ള സമ്മതവും ഇതിനു ലഭിച്ചിട്ടുണ്ട്. മാർ സർഗീസ്—മ്ശംഹീഗ് മെത്രാൻ, മാർ ഇസഹാക്ക്—ഹാഗാറിന്റെയും ബേത്—അർദഷീറിന്റെയും മെത്രാൻ.

ഇവർ അവരുടെ വൈദികർ വഴിയാണ് സമ്മതം എത്തിച്ചിട്ടുള്ളതു്. സർഗീസ് മെത്രാൻ അയച്ചയാളിന്റെ പേരു് പുരോഹിതനായ മാർ ശെമഓൻ എന്നും ഇസഹാക്കു് മെത്രാൻ അയച്ചയാളിന്റെ പേരു് ഡീക്കൻ സർഗീസ് എന്നുമത്രേ.

സിർസോർ മെത്രാനായ മാർ ബ്രീക്ക് യാഹ്ബേ, ബോർസാൻ മെത്രാൻ മാർ ബാബായ് എന്നീ വിശുദ്ധ സഹോദരമെത്രാന്മാർ സന്തോഷപൂർവ്വം എഴുതി അയച്ച സമ്മതപത്രവും ഞങ്ങളുടെ പക്കലുണ്ടു്. ഈ സെലൂഷ്യാ–സ്റ്റെസിഫൺ സിംഹാസനത്തിലുണ്ടായിരുന്ന പരിശുദ്ധ പിതാക്കന്മാരായ പാത്രിയർക്കീസുമാർ ഉണ്ടാക്കുകയും സ്ഥിരീകരിക്കുകയും ചെയ്ത നിയമങ്ങളുടെയും തീരുമാനങ്ങളുടെയും ലിഖിതങ്ങൾ ഞങ്ങൾ പൂർണ്ണമായ സന്തോഷത്തോടും ജാഗ്രതയോടും സദുദ്ദേശ്യത്തോടും കൂടെ സ്വീകരിക്കുകയും സമ്മതിക്കുകയും ചെയ്തു.

ഞങ്ങളോടൊപ്പം വന്നുചേരാനും സഭയെ സംബന്ധിച്ച് ജീവനും നന്മകളും നിറഞ്ഞ ഈ മഹത്തായ കാര്യത്തിൽ ഞങ്ങളോടു സഹകരിക്കാനും കഴിഞ്ഞിട്ടില്ലാത്ത ചില സഹോദര മെത്രാന്മാരുണ്ടു്. അതിനു കാരണം അവരുടെ നാടു വളരെ അകലെയായിരിക്കുന്നതാകാം. അല്ലെങ്കിൽ അവർക്കു് യഥാസമയം അറിയിപ്പു നൽകാൻ കഴിഞ്ഞിട്ടില്ലെന്നു വരാം. എങ്കിലും മനസ്സുകൊണ്ടു് അവർ ഞങ്ങളോടൊപ്പമുണ്ടു് എന്നു ഞങ്ങൾക്കറിയാം. എന്നാലും, ദൈവഹിതമനുസരിച്ച് കാരുണ്യത്തിന്റെ വാതിൽ അവർക്കായി തുറക്കപ്പെടുകയും അനുഗ്രഹിക്കപ്പെട്ട ഈ കൗൺസിലിൽ ചെയ്യപ്പെട്ട കാര്യങ്ങളെ

www.malankaralibrary.com



കുറിച്ച് അവർ അറിയുകയും ചെയ്യുമ്പോൾ അവരും സന്തോഷം നിറഞ്ഞ മനസ്സോടെ പറന്നു വരുകയും സഭയുടേതായ ഈ സന്തോഷകരമായ വിരുന്നിൽ പങ്കാളികളാകുകയും ചെയ്യണം. നേരിട്ടു വരാൻ സാധിക്കുന്നവർ നേരിട്ടു വരണം. രോഗം മൂലമോ മറ്റേതെങ്കിലും വിഷമം മൂലമോ വരാൻ സാധിക്കാത്തവർ അവരുടെ കത്തുകൾ വഴി സന്നിഹിതരാകണം. അങ്ങനെ സഭയെ മഹത്ത്വപ്പെടുത്തുന്ന മിശിഹായുടെ പ്രതാപത്താൽ അവരും സന്തോഷപൂർണ്ണരായിത്തീരണം. അവർക്കു് വേണ്ടി താഴെ സ്ഥലം ഇട്ടിട്ടുണ്ട്. ഒന്നിനു പിറകെ ഒന്നായി അവർ വരുമ്പോൾ അവർ ഒപ്പും മുദ്രയും ചാർത്തി ഈ കാനോനാകളെ സ്ഥിരീകരിക്കണം. വലിയ ഇടയനായ മാർ പാത്രിയർക്കീസിന്റെ പ്രോത്സാഹനത്താൽ ക്രമീകരിക്കപ്പെടുകയും സ്ഥാപിക്കപ്പെടുകയും ചെയ്ത നിയമങ്ങളാണിവ. ഈ നിയമങ്ങൾ മൂലം സഭയ്ക്കു് തന്റെ കർത്താവായ മിശിഹായെ ഏറ്റു പറയാൻ കഴിയും. "ഒരു തൊഴുത്തും ഒരിടയനുമാകും" എന്നു സുവിശേഷത്തിൽ പറയുന്നുണ്ടല്ലോ (യോഹ 10:16). ആ വചനം നമ്മിൽ പൂർത്തിയാകും. കർത്താവിന്റെ ആടുകൾ വരുകയും അവിടുത്തെ ഇടയൻ അവരെ നയിക്കുകയും ചെയ്യും. നാം അപരിചിതന്റെ പിറകേ പോവുകയില്ല; കാരണം, അവന്റെ സ്വരം നാം തിരിച്ചറിയുന്നില്ല. നമ്മുടെ ഇടയന്റെ സ്വരമാണ് നമ്മെ പഠിപ്പിച്ചത്. നാം അദ്ദേഹത്തെ അനുഗമിക്കുന്നു. അദ്ദേഹം നമ്മെ നമ്മുടെ കർത്താവിന്റെ ഭവനമാകുന്ന മഹത്തും പ്രതാപപൂർണ്ണവുമായ തൊഴുത്തിലേക്കു് ആനയിക്കും. നമ്മുടെ കർത്താവിൽ നാം അഭയം കണ്ടെത്തും. അവിടുന്നു നമ്മെ എല്ലാ ഉപദ്രവങ്ങളിലും നിന്നു കാത്തു രക്ഷിക്കും. തന്റെ ശാന്തിയും സമാധാനവും തന്റെ ജനത്തോടും സഭയോടും സമസ്തലോകത്തോടുമൊപ്പം ഉണ്ടായിരിക്കുന്നതിനും ഭൂമിയുടെ അതിർത്തികൾ വരെയും യുദ്ധങ്ങളും കലഹങ്ങളും അവസാനിക്കുകയും നിരാകരിക്കപ്പെടുകയും ചെയ്യുന്നതിനും വേണ്ടി ഞങ്ങൾ മിശിഹായോടു പ്രാർത്ഥിക്കുന്നു. വൈദികർ ഐക്യത്തിൽ വർത്തിക്കുന്നതിനും അൽമായർ നന്മകളിൽ സമൃദ്ധരാകുന്നതിനും നമ്മുടെ ഇടയൻ തന്റെ അജഗണത്തിന്റെ തലയ്ക്കൽ സന്തോഷത്തോടെ നിൽക്കുന്നതിനും അജഗണ-



ത്തിന്റെ യജമാനൻ തന്നോടു വിളിച്ചുപറയുന്ന വാക്കുകൾ ഈ വിധം കേൾക്കുന്നതിനും ഇടയാകട്ടെ: "എന്റെ ചെമ്മരിയാടുകളെയും പെണ്ണാടുകളെയും കുഞ്ഞാടുകളെയും എനിക്കായി സംരക്ഷിക്കുകയും പകലിന്റെ ചൂടും ഭാരവും സഹിക്കുകയും അജഗണത്തിലെ ആണാടുകളെ തോളിൽ വഹിച്ചുകൊണ്ടു നടക്കുകയും അജഗണങ്ങളെ സ്വർഗ്ഗീയമായ മേച്ചിൽ സ്ഥലങ്ങളിൽ തീറ്റി പോഷിപ്പിക്കുകയും അവയെ സ്നേഹിക്കുകയും ചേർത്തു പിടിക്കുകയും കൈകൾക്കു കീഴിൽ ഒളിപ്പിക്കുകയും കഴുകൻ അതിന്റെ കുഞ്ഞുങ്ങളുടെ മേൽ അടയിരിക്കുകയും സ്വന്തം ചിറകുകൾക്കു കീഴിൽ അവരെ സംരക്ഷിക്കുകയും ചെയ്യുന്നതുപോലെ അജഗണത്തെ പരിപാലിക്കുകയും ചെയ്ത നല്ല ഇടയാ, വരുക. നിന്റെ കർത്താവിന്റെ മണിയറയിലേയ്ക്കു പ്രവേശിക്കുക. കിരീടവും അവർണ്ണനീയങ്ങളായ സമ്മാനങ്ങളും സ്വീകരിക്കുക. ഇത്രയും കാലം എനിക്കുവേണ്ടി അനുഭവിച്ച ക്ലേശങ്ങളിലും ക്ഷീണങ്ങളിലും വേദനകളിലും നിന്നു വിമോചിതനാവുക. എന്റെ രാജ്യമാകുന്ന പറുദീസായിൽ സംതൃപ്തി കണ്ടെത്തുക. ഞാൻ വാഗ്ദാനം ചെയ്തിട്ടുള്ളതു പോലെ ഇതാ, വഴിയൊരുക്കിയിരിക്കുന്നു; അതിൽ നിനക്കും നിന്റെ അജഗണത്തിനുമായി ഞാൻ നല്ല വസ്തുക്കൾ തയാറാക്കിയിരിക്കുന്നു. കാരണം നിങ്ങൾക്കു വഴി ഒരുക്കാനാണു ഞാൻ പോന്നതു്. നിങ്ങളുടെ ആഹ്ലാദത്തിനുവേണ്ടിയുള്ള വിരുന്നു് ഒരുക്കപ്പെട്ടിരിക്കുന്നു. പ്രവേശിക്കുക, നിവസിക്കുക, വിശ്രമിക്കുക. നല്ല വസ്തുക്കളിൽ അനന്തകാലംവരെ നിങ്ങളുടെ ഇഷ്ടം പോലെ ആഹ്ലാദിക്കുക."

മുകളിൽ മുദ്രകളോടൊപ്പം പേരെഴുതിയിരിക്കുന്ന മെത്രാപ്പോലീത്താമാരും മെത്രാന്മാരുമായ ഞങ്ങൾ ദൈവത്തിൽ ആദരണീയനും മഹത്ത്വമുള്ളവനും ഞങ്ങളുടെ പിതാവുമായ കാതോലിക്കോസ്, പാത്രിയർക്കീസ് മാർ ഹെസക്കിയേലിന്റെ ദൃഢതയിൽ ഈ ലിഖിതങ്ങൾ സ്ഥിരീകരിക്കുന്നു. ഇവ സഭയെയും അവളുടെ സന്താനങ്ങളെയും സംബന്ധിച്ച സാധുവായിരിക്കും.

കാതോലിക്കോസ് മാർ ഹെസക്കിയേലിന്റെ സിനഡ് അവസാനിച്ചു.

www.malankaralibrary.com

# 10

# മാർ ഈശോയാബിന്റെ സിനഡ് (587)

വീണ്ടും കിഴക്കിന്റെ കാതോലിക്കോസ് പാത്രിയർക്കീസായ മാർ ഈശോയാബിന്റെയും പ്രവിശ്യകളുടെ തലവന്മാരായ ദൈവസ്നേഹിതരായ മെത്രാപ്പോലീത്താമാരുടെയും പ്രവിശ്യകൾക്കുള്ളിലെ പ്രദേശങ്ങളുടെ തലവന്മാരായ ശ്രേഷ്ഠ മെത്രാന്മാരുടെയും സിനഡ്.

നമ്മുടെ സഭാപരവും സിനഡുപരവും നിയമപരവും കാനോനികവുമായ എല്ലാ ലിഖിതങ്ങളുടെയും ആമുഖം സമൂഹത്തിന്റെ ശുശ്രൂഷകർ എന്ന നിലയിൽ നമ്മുടെ പേരിലും മറ്റെല്ലാവരുടെയും പേരിൽ സർവ്വോപരിയായി ദൈവത്തിനുള്ള നിരന്തരവും ശരിയായി അർപ്പിക്കുന്നതുമായ കൃതജ്ഞതാർപ്പണമാകുന്നു. ദൈവം എല്ലാ നന്മകളുടെയും ദാതാവും നമ്മുടെ ജീവിതത്തിന്റെ ഭരണകർത്താവും ഉണ്ടായവയും നിലനിൽക്കുന്നവയുമായ സകലത്തിന്റെയും സ്രഷ്ടാവും നാഥനുമാകുന്നു. അവിടുന്ന് ഇഹലോകവും പരലോകവും സംവിധാനം ചെയ്യുകയും ക്രമീകരിക്കുകയും ചെയ്തു. അതായത്, സൃഷ്ടവസ്തുവായി ആരംഭിക്കുകയും ക്ഷണിക വസ്തുവായി അവസാനിക്കുകയും ചെയ്യുന്ന ഈ നശ്വരലോകവും, കാലത്തിന്റെ കണക്കുകൂട്ടലുകൾക്ക് അതീതവും സൃഷ്ടവസ്തുവായി തന്നെ ആരംഭിച്ചെങ്കിലും അന്ത്യമില്ലാത്തതും എല്ലാം ക്രമീകരിക്കുന്നവന്റെ ഇച്ഛയനുസരിച്ച് അനന്തകാലംവരെ നിലനിൽക്കുന്നതുമായ അമർത്ത്യലോകവും, ദൈവം മർത്ത്യതയുടെ മാർഗ്ഗത്തെ യുക്തിയുടെ പ്രകാശംകൊണ്ടു സുന്ദരമാക്കി. അവിടുന്നു യുക്തിബോധത്തെ സഹായിക്കുകയും ബലപ്പെടുത്തുകയും യുക്തമായ നിയമനിർമ്മാണങ്ങളും കല്പനകളുംകൊണ്ട് അതിനെ



അലങ്കരിക്കുകയും ചെയ്തു. അവിടുന്ന് തന്റെ ആധികാരികമായ ആജ്ഞയാൽ തന്റെ കർതൃത്വത്തിന്റെ ആരാധകരായ നമ്മെ, തന്റെ ആട്ടിൻകൂട്ടങ്ങളുടെ ഇടയന്മാരെന്ന നിലയിൽ ഈ തലമുറയിൽ തന്റെ നാമത്തിൽ തന്റെ അജഗണങ്ങളെ ഒന്നിച്ചു കൂട്ടുന്നതിനും അവർക്കുവേണ്ട ക്രമീകരണങ്ങളും നവീകരണങ്ങളും നടപ്പിൽ വരുത്തുന്നതിനും അനുവദിച്ചു. അതായത്, സത്യപ്രബോധകർ ദൈവികമായി മുമ്പു നടപ്പാക്കിയിട്ടുള്ള കാര്യങ്ങൾ ഉറപ്പിക്കുന്നതിനും സത്യത്തിന്റെ അദ്ധ്യേതാക്കൾക്ക് അവശ്യം. ആവശ്യമായ കാര്യങ്ങൾ കൂട്ടിച്ചേർക്കുന്നതിനും തിന്മകൾ ഉന്മൂലനം ചെയ്യുന്നതിനും. അങ്ങനെ എല്ലാ കാര്യങ്ങളും ദൈവത്തിനു പ്രസാദകരമായ ഒരു ബലിയും ദൈവദാസന്മാർക്ക് രോഗമോചകമായ ഔഷധവുമായിത്തീരണം.

വൈപരീത്യം നിറഞ്ഞ ഈ കാലഘട്ടത്തിൽ കാരുണ്യപൂർവ്വം നമ്മുടെ നേരെ തിരിയുന്നതിനും നല്ലവനും കരുത്തനും വിജയശാലിയും സമാധാന പ്രേമിയും എക്കാലത്തെയുംകാൾ അധികം മനുഷ്യസ്നേഹിയുമായ നാഥനെ, രാജാധിരാജനായ ഹൊർമ്മീസിനെ നമുക്കു നൽകുന്നതിനും ദൈവം തിരുമനസ്സായി. ഈ ലോകത്തിൽ വസിക്കുന്ന സകല മനുഷ്യർക്കും സന്തോഷവും സമാധാനവും നൽകുന്നതിനു വേണ്ടിയാണ് ദൈവം ഇങ്ങനെ ചെയ്തതെന്നു കരുതണം. തന്റെ കരങ്ങളും ആധികാരികവും നന്മ നിറഞ്ഞതും വിവേകപൂർണ്ണവുമായ കല്പനകളും വഴി അദ്ദേഹം തന്റെ സീമാതീതമായ സഹതാപത്തിന്റെ ധന്യത നമുക്കു വെളിപ്പെടുത്തി. ദൈവസ്നേഹവും മനുഷ്യസ്നേഹവും സമാഹരിച്ച സമ്പന്നമായ മനസ്സിനുടയവനും നല്ലവനും വിജയശീലനുമായ നമ്മുടെ നാഥനും രാജാധിരാജനുമായ അദ്ദേഹം അത്ഭുതാവഹമായ വിവേകത്താൽ അനുഗൃഹീതനാകുന്നു. അദ്ദേഹം തന്റെ രാജ്യത്തെ സുന്ദരമാക്കി. തന്റെ ഭരണത്തിൻകീഴിലുള്ള ഭൂപ്രദേശത്തെ മുഴുവൻ അതിലെ എല്ലാ നിവാസികൾക്കും ഹൃദയാനന്ദം നൽകുന്ന ഒരു മണിയറയാക്കി മാറ്റി. ഉപദ്രവം ചെയ്യുന്ന മുൾച്ചെടികളോ വൃക്ഷങ്ങളോ കളകളോപോലെ അതിൽനിന്നു തിന്മകളെ നിർമ്മാർജ്ജനം ചെയ്തു. ഫലവൃക്ഷങ്ങൾ എന്നപോലെ അതിൽ നന്മകളെ നട്ടുവളർത്തി. നല്ല വിതക്കാരനെപ്പോലെ, തന്റെ രാജ്യത്തെ

www.malankaralibrary.com



ച്ചുരുങ്ങിയ കാലത്തിനുള്ളിൽ ദുഷ്കൃത്യങ്ങളുടെ മൃതാവസ്ഥയിൽ നിന്നു ജീവിപ്പിച്ച് സൽകൃത്യങ്ങളുടെ സമ്പത്തു കൊണ്ട് സമ്പൂർണ്ണമാക്കി. എന്നു മാത്രമല്ല, തൻെറ പ്രജകളും ദാസരുമായ ക്രൈസ്തവരായ നമ്മുടെ നേർക്കു് തൻെറ കാരുണ്യത്തിൻെറ ധാരാളിത്തവും സ്നേഹത്തിൻെറ ആധിക്യവും വെളിപ്പെടുത്തി. നാമാകട്ടെ, എല്ലാവരും ചേർന്ന് നിഷ്കളങ്കവും ആത്മാർത്ഥവുമായ മനസ്സോടെയും നാഥനായ അദ്ദേഹത്തോടു കടപ്പാടും ആരാധനാഭാവവും ഉള്ളവരായും രാപകൽ അദ്ദേഹത്തിനുവേണ്ടി പ്രാർത്ഥിക്കുന്നു. അദ്ദേഹത്തിൻെറ രാജ്യം എന്നേക്കും അദ്ദേഹത്തിന് അധീനമായിരിക്കുന്നതിനും സ്വർഗ്ഗസ്ഥനായ രാജാധിരാജൻ എല്ലാ കാര്യങ്ങളിലും അദ്ദേഹത്തോടൊപ്പമുണ്ടായിരിക്കുന്നതിനും ഭൂലോകവാസികളെല്ലാവരും കർത്താവിൻെറ ഇച്ഛയ്ക്കനുസൃതം എന്നേയ്ക്കും അദ്ദേഹത്തിൻെറ പ്രജകളായിരിക്കുന്നതിനും വേണ്ടിയാണ് നാം പ്രാർത്ഥിക്കുന്നതു്.

ഈ സിനഡ് സമ്മേളനം താഴെ വെളിപ്പെടും വിധം, ദൈവേച്ഛയനുസരിച്ച്, ഹൃദയത്തിൻെറ സന്തോഷത്തിലും ശരീരത്തിൻെറ ആരോഗ്യത്തിലും തൻെറ ഉദ്ദേശ്യങ്ങളുടെ വിജയത്തിലും സ്വർഗ്ഗീയമായ സഹായത്താൽ സംരക്ഷിക്കപ്പെടുകയും നിലനിർത്തപ്പെടുകയും ചെയ്യുന്ന നല്ലവനും വിജയശാലിയും ശാന്തനും മനുഷ്യസ്നേഹിയുമായ രാജാധിരാജൻ ഹൊർമ്മീസിൻെറ ഭരണത്തിൻെറ എട്ടാം വർഷത്തിൽ നടന്നു.

വിശുദ്ധ സഭകളുടെ ഭരണത്തലവന്മാരായ ഞങ്ങൾ, പിതാക്കന്മാരുടെ തലവനായ കാതോലിക്കോസ് പാത്രിയർക്കീസ് മാർ ഈശോയാബിൻെറ കല്പനയനുസരിച്ച്, കാനോനികമായി സമ്മേളിച്ചു. സ്വർഗ്ഗീയ നിയോഗത്താൽ പ്രവിശ്യകളുടെ തലവന്മാരായ മെത്രാപ്പോലീത്താമാരും പ്രവിശ്യാവിഭാഗങ്ങളിലെ ഭരണത്തലവന്മാരായ മെത്രാന്മാരുമായ ഞങ്ങൾ ആദ്യകാലം മുതൽ തന്നെ സഭയിൽ നിലവിലിരുന്ന വഴക്കമനുസരിച്ച് സമ്മേളിച്ചു. രാജാക്കന്മാരുടെ രാജ്ഞിയും പ്രതാപപൂർണ്ണയുമായ ഈ രാജ്യത്തിലെ പൈതൃകവും അപ്പസ്തോലികവുമായ രൂപതകളിൽ ഭരണം നടത്തുന്ന ഞങ്ങൾ സ്വർഗ്ഗീയമായ ക്രമീകരണവും രാജകല്പനയുമനുസരിച്ച്, സമുദായത്തിൻെറ ആദരണീയനായ തലവനും പിതാവുമായ മാർ പാത്രിയർക്കീസിൻെറ ഭരണത്തിൻെറ നാലാം വർഷം അദ്ദേഹത്തിൻെറ അടുത്തുവന്നു ബാബിലോണിയൻ സമതലത്തിൽ രാജകീയ നഗരമായ മഹോസേയിൽ അപ്പസ്തോലിക കല്പനപ്രകാരം കാതോലികമായി നിശ്ചയിക്കപ്പെടുകയും ക്രൈസ്തവ നിയമത്തിൽ പൈതൃകമായി സ്ഥിരീകരിക്കപ്പെടുകയും ചെയ്ത പൈതൃകമായ പാത്രിയർക്കാസിംഹാസനത്തിങ്കൽ ഞങ്ങളെത്തി. 'എൻെറ നാമത്തിൽ രണ്ടോ മൂന്നോ പേർ സമ്മേളിക്കുന്നിടത്ത് അവരോടുകൂടെ ഞാനുണ്ടായിരിക്കും'' എന്നു നമ്മോടു വാഗ്ദാനം ചെയ്ത നമ്മുടെ ജീവദായകനായ യേശു രാജകീയമായും ആധികാരികമായും ഞങ്ങളുടെ തലപ്പത്തിരിക്കുന്നവനായി ഞങ്ങളോടൊപ്പം ഉണ്ടായിരിക്കും. ഞങ്ങൾ ഒത്തുചേർന്നപ്പോൾ വിനീത മനസ്സോടുകൂടിയ പരിശോധനകളാൽ പരസ്പരം തിരുത്താനും തിരുത്തപ്പെടാനും വേണ്ടി ഞങ്ങൾ ഓരോരുത്തരായി പരസ്പരം അടുത്തു. പ്രധാന ഇടയനിൽ നിന്നെന്നപോലെ ഞങ്ങളുടെ സാന്നിദ്ധ്യത്തിൽ നിന്നു തിരുത്തലുകൾ മുന്നോട്ടുപോകുമ്പോൾ അദ്ധ്യാപനങ്ങളും നവീകരണങ്ങളും കല്പനകളും അജഗണങ്ങളുടെ ആലകളിലേക്കു് കൂടുതൽ ആത്മവിശ്വാസത്തോടു കൂടി ആനയിക്കാൻ ഞങ്ങൾക്കു കഴിയേണ്ടതിനു വേണ്ടിയായിരുന്നു അതു്. സംഭാഷണ സ്വാതന്ത്ര്യത്തോടെ ഇപ്രകാരം ഭരണാധികാരത്തിൻെറ ഉച്ചകോടിയിൽ നിന്നെന്ന പോലെ തടസ്സം കൂടാതെ ധാരാളം നവീകരണങ്ങൾ നടപ്പിലാക്കുന്നതിനും അതു സഹായകമാകണം. അങ്ങനെ, യഥാർത്ഥ ദൈവികപറുദീസാ ആയ സഭാരാമത്തിൻെറ വിസ്തൃതിയിലെ എല്ലാ ഭാഗങ്ങളും നന്മ വർദ്ധിപ്പിക്കുകയും പാപങ്ങൾ നീക്കുകയും ചെയ്യുന്ന വരപ്രസാദത്തിൻെറ ജലസേചനത്താൽ തഴയ്ക്കുന്ന, ദൈവത്തെ പ്രസാദിപ്പിക്കുന്ന സദ്ഫലങ്ങളാൽ ശോഭിക്കുന്ന, അവസ്ഥയുളവാകണം.

അതിനാൽ ഈ ആത്മവിശ്വാസത്തോടും പതറാത്ത സുപ്രതീക്ഷയോടും കൂടെ ഞങ്ങൾ ഇവിടെ സമ്മേളിച്ചു— പാത്രിയർക്കീസായ ഞാനും മെത്രാപ്പോലീത്താമാരായ ഞങ്ങളും. ഞങ്ങൾ ഞങ്ങളുടെ പേരുകൾ ഞങ്ങളുടെ മുദ്രകൾക്കു സമീപം സ്വന്തം കയ്യക്ഷരത്തിൽ എഴുതിച്ചേർത്തിരിക്കുന്നു. അവയാൽ ഈ പുസ്തകം മുദ്ര വയ്ക്കപ്പെട്ടിരിക്കുന്നു. ഈ ഗ്രന്ഥ

www.malankaralibrary.com



ത്തിൽ നിന്ന് നമ്മുടെ ധാരണാശക്തിക്കതീതമായ നന്മകൾ ഉളവാകും. അത് അർത്ഥശൂന്യമായ മുൻ വിധികളെയെല്ലാം നിരാകരിക്കുന്നു. അത് ക്രിസ്തുശിഷ്യന്മാർക്ക് പ്രയോജനങ്ങളും സഹായങ്ങളും നിറഞ്ഞതാണ്. ഞങ്ങളുടെ അദ്ധ്യാപനത്തിൽ ഉറച്ചുനിൽക്കണമെന്നു ക്രിസ്ത്യാനികളോടു ഞങ്ങൾ അഭ്യർത്ഥിക്കുന്നു. അതിലുമധികമായി ചില കാര്യങ്ങൾ ചെയ്യണമെന്ന് "നമ്മുടെ കർത്താവിന്റെ വചന" ത്തിന്റെ നാമത്തിൽ ഞങ്ങൾ ആജ്ഞാപിക്കുകയാണ്. ശരിക്കും അവധാനപൂർവ്വമാണ് അവരതു ചെയ്യേണ്ടത്, അശ്രദ്ധയോടെയല്ല. വല്ലവിധവുമല്ല, വളരെ സൂക്ഷ്മതയോടെ അവർ അതു ചെയ്യണം. ധാർഷ്ട്യത്തോടെയല്ല, ശിഷ്യോചിതമായ വിധത്തിലാണ് അവർ അതു ചെയ്യേണ്ടത്. ദൈവിക ഭവനത്തിനു വേണ്ടി അവർ അതു ചെയ്യണം. ഞങ്ങൾ ആവശ്യപ്പെടുന്നതിതാണ്: കാപട്യം നിങ്ങളിൽ നിന്ന് നീക്കുക. പ്രകോപനപരവും ശിക്ഷാകരവുമായ അപൂർണ്ണതകൾ നീക്കുക. അങ്ങനെയാകുമ്പോൾ വിശുദ്ധ സ്നാനത്തിന്റെ രഹസ്യം കളങ്കം കൂടാതെ അന്ത്യശ്വാസം വരെ, മിശിഹായുടെ ദിനം വരെ സംരക്ഷിക്കാൻ കഴിയും. എഴുതപ്പെട്ടിരിക്കുന്നതു പോലെ, ഇതുപോലുള്ള ത്യാഗങ്ങൾ മൂലമാണ് മനുഷ്യർ ദൈവത്തിനു പ്രിയപ്പെട്ടവരായിത്തീരുന്നത്.

നമ്മുടെയിടയിൽ രണ്ടു കാര്യങ്ങൾ സ്ഥിരീകരിക്കപ്പെടേണ്ടതുണ്ട്. യഥാർത്ഥ വിശ്വാസത്തിന്റെ നിർവ്വചനവും ദൈവത്തിനു പ്രിയങ്കരങ്ങളായ സുകൃതങ്ങളെ സംബന്ധിച്ച നിയമങ്ങളുടെ നിർവ്വചനവും ആണ് അവ. ശ്ലീഹന്മാർ വഴി ലഭിച്ച ബോധനത്തിന്റെയും ജറുസലേമിൽ ആരംഭിച്ച, പിതാക്കന്മാർ വഴിയുള്ള അദ്ധ്യാപനത്തിന്റെയും അടിസ്ഥാനത്തിലും നമ്മുടെ കർത്താവിന്റെ പ്രഖ്യാപനങ്ങളുടെയും വാഗ്ദാനങ്ങളുടെയും വെളിച്ചത്തിലുമാണ് ഈ നിർവ്വചനങ്ങൾ നടക്കേണ്ടത്. ഈ ബോധനം ആത്മാവിന്റെ ചിറകുകളിൽ ചുരുങ്ങിയ സമയം പിന്നിട്ട് ലോകത്തിൽ മനുഷ്യവാസമുള്ള സ്ഥലങ്ങളിലെല്ലാം വ്യാപിച്ച് നശിപ്പിക്കാനാവാത്ത വിധം തുടരുന്നു. എഴുതപ്പെട്ടിരിക്കുന്നതുപോലെ, എല്ലാ ദേശങ്ങൾക്കും സാക്ഷ്യമായി, ലോകത്തിന്റെ പല ഭാഗങ്ങളിലും അനന്തമായ അത്ഭുതമായി ശാഖകൾ വീശി അതു വ്യാപിക്കുന്നു.



## ഒന്നാം കാനോന

അതിനാൽ ഈ കാനോനകളുടെ പ്രതിഷ്ഠാപനത്തിന്റെ ആരംഭത്തിൽ സത്യവിശ്വാസം പ്രതിഷ്ഠിക്കപ്പെടുന്നു. അതിൽ ദൈവഭയത്തിന്റെ എല്ലാ ഭാഗങ്ങളുടെയും ആരംഭം ഉൾക്കൊള്ളുന്നുണ്ട് എന്നു പറയാം. നമ്മുടെ കർത്താവ് ആദ്യം പ്രഖ്യാപിക്കുകയും, ശിഷ്യപ്പെടുകയും തന്റെ സുവിശേഷത്തിലേയ്ക്കു പരിവർത്തിതരാവുകയും ചെയ്ത എല്ലാവർക്കും വേണ്ടി തന്റെ പന്ത്രണ്ടുപേർ വഴി ഏല്പിക്കുകയും ചെയ്ത നീതിയുടെ എല്ലാത്തരം സൗന്ദര്യങ്ങളും അതിൽ അലങ്കൃതവും പ്രകാശിതവുമാക്കിയിരിക്കുന്നു. ആദ്യകാല പിതാക്കന്മാർ തങ്ങളുടെ തലമുറകളിൽ അതു പൂർണ്ണമായും പര്യാപ്തമായും പ്രഖ്യാപിക്കുകയും പഠിപ്പിക്കുകയും ചെയ്തു. പരിശുദ്ധപിതാക്കന്മാർ, പലകാര്യങ്ങളും ഉൾക്കൊള്ളുന്ന പൂർണ്ണമായ യുക്തികളിലും ഹ്രസ്വമായ പ്രസ്താവങ്ങളിലും കൂടെ പറയുകയും പഠിപ്പിക്കുകയും രേഖപ്പെടുത്തുകയും എല്ലാ പ്രദേശങ്ങളിലെയും സഭകൾക്കുവേണ്ടി സ്ഥിരീകരിക്കുകയും ചെയ്തു. അവർ നിഖ്യായിൽ സമ്മേളിച്ച മുന്നൂറ്റിപ്പതിനെട്ടു പിതാക്കന്മാരും, പ്രാതിനിധ്യമില്ലാത്ത റിമിനിയിൽ കൂടിയവരുടെ ഭക്തിരഹിതമായ നിലപാടിനെ നിരാകരിച്ചുകൊണ്ട് ബിസാൻസ്യത്തിൽ സമ്മേളിച്ച നൂറ്റമ്പതു പിതാക്കന്മാരും ആണ്. റിമിനിയിൽ കൂടിയവർ പുത്രന്റെ അസ്തിത്വത്തെ നിഷേധിക്കുക എന്ന ധാർഷ്ട്യം കാണിച്ചവരാണ്. അർദ്ധ—ആര്യന്മാരായ മാസിഡോണിയന്മാർ ധൃഷ്ടതാപൂർവ്വം പരിശുദ്ധാത്മാവിന്റെ അസ്തിത്വം നിഷേധിച്ചു. യഥാർത്ഥമായ കത്തോലിക്കാ വിശ്വാസം യാതൊരു കളങ്കവുമില്ലാത്ത വിധത്തിൽ നമ്മുടെയിടയിൽ ദൈവത്തിന്റെ സഭകളിൽ എന്നേയ്ക്കും സംരക്ഷിക്കപ്പെടുകയും പ്രഖ്യാപിക്കപ്പെടുകയും ചെയ്യുന്നു. പിതാക്കന്മാരിൽ നിന്നു ലഭിച്ചതായ ഞങ്ങളുടെ വിശ്വാസം ഞങ്ങളിപ്പോൾ ഇവിടെ വെളിപ്പെടുത്തുന്നു. അതിലെ പ്രസ്താവങ്ങൾ ഓരോന്നിനോടും അവയ്ക്കു യുക്തമായ അർത്ഥവും വിശദീകരണവും ചേർക്കുന്നു. പ്രയോജനകരമായ വിധം വ്യാഖ്യാനം നിർവ്വഹിക്കുന്നതിന് തന്റെ സഹായം ഞങ്ങൾക്കു നൽകുന്നതിന് സൃഷ്ടിയുടെ നാഥനായ നമ്മുടെ കർത്താവിനോട് ദണ്ഡനമസ്കാരപൂർവ്വകമായ അഭ്യർത്ഥനയോടെ ഞങ്ങൾ പ്രാർത്ഥിക്കുന്നു.

www.malankaralibrary.com



സർവ്വശക്തനായ പിതാവായ ഏകദൈവത്തിലും ദൈവപുത്രനും ഏക കർത്താവുമായ യേശുമിശിഹായിലും പിതാവിൽ നിന്നു പുറപ്പെടുന്നവനായ പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു. വാക്കുകളുടെ വായനക്രമം പേരുകളോടു സവിശേഷമായും യുക്തമായും ചേർന്നിരിക്കുന്ന ആ കാര്യങ്ങളുടെ ബന്ധം അനുസരിച്ച് ദൈവിക ത്രിത്വത്തിന്റെ പേരുകൾ വെവ്വേറെ ഒന്നിനുപിറകെ കാണിക്കുന്നുവെങ്കിലും പൈതൃക പ്രസ്താവത്തിന്റെ അർത്ഥവും ആശയവും ത്രിത്വത്തിന്റെ ഒരു വിശദീകരണത്തിനു് ഇതുപോലുള്ള ഒരു ക്രമം ആവശ്യപ്പെടുന്നു. ത്രിത്വം സംഖ്യാകരണത്തിനതീതമാണ്. അതിനാൽ ഒന്നും ഒന്നും ഒന്നും ആയിരിക്കുന്നതു് സത്താപരമായി ഏകസ്വഭാവത്തെ സൂചിപ്പിക്കുന്നു എന്നു വ്യക്തമാണ്. 'നിന്റെ ദൈവമായ കർത്താവ് ഏക കർത്താവാകുന്നു'' എന്ന് എഴുതപ്പെട്ടിട്ടുണ്ടല്ലോ. (ആവ.6:4; മർക്കോ. 12:29). ''നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുകയും, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്യുവിൻ'' എന്നുള്ള നമ്മുടെ ജീവദായകനായ മിശിഹായുടെ സുവിശേഷത്തിന്റെ വിശദീകരണമനുസരിച്ച് (മത്താ. 28:19) ''പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്'' എന്നതു് സത്തയുടെ വിവിധ ക്നോമാകളെ സൂചിപ്പിക്കുന്നു. ''പിതാവ് പുത്രൻ പരിശുദ്ധാത്മാവ്'' എന്നീ വ്യതിരിക്തനാമങ്ങളോടു് പിതാക്കന്മാർ ദൈവവും കർത്താവും ആത്മാവും എന്നു ചേർത്തപ്പോൾ, ആ വിശേഷണങ്ങൾ ഓരോന്നും—അതായതു് അവ മൂന്നും—മൂന്നു ക്നോമാകളെയും സംബന്ധിക്കുന്നതാണെന്നും വിവാദാതീതമായവിധം സ്പഷ്ടമാണ്. അതായതു് പിതാവ് ദൈവവും കർത്താവും ആത്മാവുമാകുന്നു; പുത്രൻ കർത്താവും ദൈവവും ആത്മാവുമാകുന്നു; പരിശുദ്ധാത്മാവ് ആത്മാവും കർത്താവും ദൈവവുമാകുന്നു. നമ്മുടെ പിതാക്കന്മാർ വളരെ ചുരുക്കമായി ത്രിത്വത്തിലുള്ള വിശ്വാസം ഉറപ്പിച്ചു. അതുവഴിയായി മൂന്നു ദൈവികങ്ങളുടെ സ്വഭാവപരവും സത്താപരവുമായ സാജാത്യവും ക്നോമാകളുടെ വ്യത്യസ്തതയും ദൈവത്തിന്റെ ഏകത്വവും വിവേക പൂർവ്വകമായും പൂർണ്ണമായും അവർ പഠിപ്പിച്ചു. ത്രിത്വത്തിന്റെ സത്താപരവും സ്വഭാവപരവുമായ



സാജാത്യം നമ്മുടെ പിതാക്കന്മാർ പ്രഖ്യാപിച്ചതു് ആരിയൂസിന്റെ വായടക്കുന്നതിനുവേണ്ടിയാണ്. ത്രിത്വത്തിന്റെ സത്താസാജാത്യം വിഭിന്നമാക്കാൻ ധിക്കാരപൂർവ്വം അയാൾ ശ്രമിച്ചു. അതേ സമയം നമ്മുടെ പിതാക്കന്മാർ ത്രിത്വത്തിലെ ആളുകളുടെ വ്യതിരിക്തതയെക്കുറിച്ചും പ്രഖ്യാപനം നടത്തി. ദൈവം ഏക ക്നോമാ ആണെന്നു ദുശ്ശാഠ്യപൂർവ്വം പഠിപ്പിച്ച യഹൂദരുടെ വാദത്തെ നിരാകരിക്കുന്നതിനുവേണ്ടി ആയിരുന്നു അതു്. സാധാരണമായി പ്രയോഗിക്കുന്ന ഏകദൈവത്വം, ഏകകർത്തൃത്വം, ഏകആത്മത്വം എന്നീ സവിശേഷവും വിഭജിക്കാനാവാത്തതുമായ വിശേഷണങ്ങൾ വിവിധ ദൈവത്വങ്ങളെയും കർത്തൃത്വങ്ങളെയും അർത്ഥശൂന്യമായി ഏറ്റുപറയുന്ന വിജാതീയരുടെ അദ്ധ്യാപനത്തിന്റെ നിരാകരണത്തിനും നശീകരണത്തിനും വേണ്ടിയുള്ളതാണ്.

ഇങ്ങനെ ദൈവത്തിന്റെ സത്താപരമായ ഏകത്വത്തെക്കുറിച്ചുള്ള പ്രഖ്യാപനത്താൽ ആരിയൂസിന്റെ വിശ്വാസവിരുദ്ധതയെ തകർക്കുകയും ക്നോമാകളുടെ വ്യതിരിക്തത സുസ്ഥാപിതമാക്കി യഹൂദരുടെ ബാലിശവാദങ്ങളെ നിശ്ശബ്ദമാക്കുകയും ദൈവത്തിന്റെ ഏകത്വം വഴി വിജാതീയരുടെ തെറ്റുകളെ തകർക്കുകയും ചെയ്തതിനു ശേഷം പിതാക്കന്മാർ തങ്ങളുടെ വിശ്വാസ പ്രഖ്യാപനത്തോടു് പ്രസക്തമായ ചില കാര്യങ്ങൾ കൂട്ടിച്ചേർത്തു. ''സർവ്വശക്തനായ ഏകദൈവം'' എന്നതിനോടു് ദൃശ്യവും അദൃശ്യവുമായ എല്ലാററിന്റെയും നിർമ്മാതാവ് എന്ന് അവർ കൂട്ടിച്ചേർത്തു. കാരണം അവിടുന്ന് നിർമ്മാതാവും രൂപീകരിക്കുന്നവനും എല്ലാററിലും എല്ലാററിന്റെയും കർത്താവുമാകുന്നു. അതുപോലെ തന്നെ ''ഏക കത്താവ്'' എന്നതിനോടു് അവർ ''ഈശോമിശിഹാ'' എന്നു കൂട്ടിച്ചേർത്തു. അങ്ങനെ മുകളിൽ സൂചിപ്പിച്ചതു പോലെ ത്രിത്വത്തിലെ ക്നോമാകൾക്കു് പൊതുവായിട്ടുള്ള ഒന്ന് അവർ വെളിപ്പെടുത്തി. എന്നാൽ ''പിതാവായ ഏകദൈവം'' എന്നതു പോലെ ''ഏക കർത്താവായ പുത്രൻ'' എന്ന് അവർ കൂട്ടിച്ചേർത്തില്ല. പകരം വാക്കുകളുടെ ക്രമം മാററിയിട്ട് അവർ പറഞ്ഞു ''ഏക കർത്താവായ യേശുമിശിഹായിൽ''. വചനമായ ദൈവത്തിന്റെ മനുഷ്യത്വത്തെ സംബന്ധിക്കുന്ന ശരിയായ കാര്യങ്ങൾ അവർ മറന്നില്ല. എവുതീക്കസിന്റെ

www.malankaralibrary.com



വിഭാഗത്തിൽ പെടുന്നവർ ദൈവപുത്രന്റെ മനുഷ്യത്വം നിഷേധിക്കുകയും ചിലപ്പുകയും ചെയ്യുന്നെങ്കിലും പിതാക്കന്മാർ മിശിഹായുടെ ദൈവത്വവും മനുഷ്യത്വവും ഒരേകതയിൽ മഹത്തായി വ്യാഖ്യാനിക്കുകയും വിവേകപൂർവ്വം പ്രഖ്യാപിക്കുകയും ചെയ്തു. ''അഭിഷിക്തൻ'' എന്ന വിശേഷണം പിതാവിൽ നിന്നു കിട്ടിയ അവിടുത്തെ ദൈവത്വത്തിന്റെയും അവിതർക്കിതമായി മാതാവിൽ നിന്നു കിട്ടിയ അവിടുത്തെ മനുഷ്യത്വത്തിന്റെയും സൂചകമാണ്. എവുത്തിക്കസും അയാളുടെ തെററിനു കൂട്ടുനിൽക്കുന്നവരും മിശിഹായുടെ മനുഷ്യത്വം നിഷേധിച്ചുകൊണ്ട് മൗഢ്യമായി സംസാരിച്ച് ചതിക്കുകയോ മിശിഹായുടെ മനുഷ്യത്വം മറഞ്ഞുപോകുന്നു എന്ന് പറയുകയോ ചെയ്യുന്നു. അതിനാൽ ''ഏകജാതനും എല്ലാ സൃഷ്ടികളുടെയും ആദ്യജാതനും'' എന്ന് എഴുതപ്പെട്ടിരിക്കുന്നതു പോലെ പിതാക്കന്മാർ തുടർന്നു പറയുന്നു.

അവർ ഇങ്ങനെയും കൂട്ടിച്ചേർത്തു: ''അവിടുത്തെ കരങ്ങളാൽ ലോകങ്ങൾ സ്ഥാപിക്കപ്പെടുകയും സകലതും സൃഷ്ടിക്കപ്പെടുകയും ചെയ്തു''. സകലത്തിന്റെയും കാരണവും സ്രഷ്ടാവും പിതാവിനോടുകൂടെ ആയിരുന്നുവെന്ന് ഇങ്ങനെ അവർ വെളിപ്പെടുത്തി. യേശുമിശിഹാ തന്റെ ദൈവത്വത്തിൽ എല്ലാ യുഗങ്ങൾക്കും മുമ്പ് പിതാവിൽ നിന്നു ജനിച്ചവനും എന്നാൽ സൃഷ്ടിക്കപ്പെടാത്തവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ആണെന്ന് അവിടുത്തെ സത്തയെ സംബന്ധിച്ച് അവർ വീണ്ടും അറിയിച്ചു.

ആരിയൂസിനെ തകർക്കാനെന്നപ്പോലെ അവർ വീണ്ടും തുടർന്നു. ഹോമോഉസിയോൻ, അതായത് ഒരേ സ്വഭാവവും ഒരേ സത്തയും എന്ന വാക്കു മുന്നോട്ടു വച്ചുകൊണ്ട്, യേശുമിശിഹാ തന്റെ ദൈവത്വത്തിൽ സകലത്തിന്റെയും സ്രഷ്ടാവായ പിതാവിനോടു സമനാണെന്ന് അവർ വെളിപ്പെടുത്തി. ശിമോണിയരുടെയും മനിക്കേയരുടെയും ക്ഷുദ്ര അദ്ധ്യാപനങ്ങളാകുന്ന ഭൂതങ്ങൾക്കും മായാദർശനങ്ങൾക്കും എതിരായി സത്യപ്രബോധനത്തിന്റെ അധൃഷ്യമായ പടച്ചട്ട അണിഞ്ഞ് അവർ പറഞ്ഞു, ''അവൻ മനുഷ്യരായ നമുക്കു



വേണ്ടിയും നമ്മുടെ രക്ഷയ്ക്കുവേണ്ടിയും സ്വർഗ്ഗത്തിൽ നിന്നിറങ്ങി പരിശുദ്ധാത്മാവിനാലും കന്യകാമറിയത്താലും ജഡം ധരിച്ച് മനുഷ്യനായി''. യേശുമിശിഹാ തന്റെ സ്വഭാവങ്ങളുടെ ഐക്യത്തിൽ തന്റെ പ്രത്യക്ഷീകരണത്തിൽ (ജഡത്തിലും ജഡധാരണത്തിലും) സ്വർഗ്ഗത്തിൽ നിന്നിറങ്ങി ജഡം ധരിച്ച് മനുഷ്യനായി എന്നത് ദൈവസ്വഭാവത്തിന്റെയും മനുഷ്യസ്വഭാവത്തിന്റെയും സംയോജനം സൂചിപ്പിക്കുന്നു. അവിടുന്ന് നമ്മുടെ മനുഷ്യത്വം എടുത്ത വസ്തുത സംശയത്തിനിടയില്ലാത്ത വിധം ഇവിടെ വെളിപ്പെടുന്നു. ശിമോന്റെയും മാനിയുടെയും സഹകാരികൾ സൃഷ്ടിക്കുന്ന മായാവിഭ്രമങ്ങൾ എല്ലായിടത്തുനിന്നും അതുമൂലം നീക്കപ്പെടും. ''വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു'' (യോഹ. 1;14) എന്നെഴുതപ്പെട്ടിരിക്കുന്നതുപോലെ, നമ്മുടെ മനുഷ്യത്വം എടുത്ത് അതിൽ വസിച്ച വചനമായ ദൈവത്തിന്റെ വെളിപാടും, ശരീരം എടുക്കലും തിരുഅവതാരവും അവർ നിഷേധിക്കുന്നു. മാത്രമല്ല, മനുഷ്യനായി അവതരിക്കുകയും നമ്മുടെയിടയിൽ വസിക്കുകയും ചെയ്ത ദൈവവചനത്തിന്റെ വരപ്രസാദത്തിന്റെ മഹത്ത്വം വെളിപ്പെടണമെന്നും പിതാക്കന്മാർ ആഗ്രഹിച്ചു.

അഭക്തനായ ആരിയൂസ് വചനമായ ദൈവത്തിന്റെ സ്വഭാവത്തിൽ ഉന്നതവും നികൃഷ്ടവുമായ കാര്യങ്ങൾ ഒരുപോലെ ആരോപിച്ചു. സത്യാന്വേഷകനെപ്പോലെ കാര്യങ്ങൾ വ്യതിരിക്തമായോ സംയുക്തമായോ ആരോപിക്കേണ്ടവ അപ്രകാരം ചെയ്യാൻ അയാൾക്ക് അറിഞ്ഞുകൂടായിരുന്നു. അതിനാൽ അയാൾ ത്രാസിൽ തൂക്കപ്പെടുകയും വീഴുകയും തെററുപററുകയും ചതിക്കപ്പെടുകയും ശപിക്കപ്പെടുകയും ബഹിഷ്കൃതനാവുകയും ചെയ്തു. എന്നാൽ പിതാക്കന്മാർ ദിവ്യവ്യാപാരത്തെ സംബന്ധിച്ചുള്ളവ കൂട്ടിച്ചേർക്കുകയും പൂർണ്ണമാക്കുകയും ചെയ്തു. ഏകജാതന്റെ ദൈവിക സ്വഭാവത്തെയും മിശിഹായുടെ സ്വഭാവങ്ങളുടെ ഐക്യത്തെയും—അതായത് അവിടുത്തെ മാററംവരാത്തഅമർത്യമായ ദൈവത്വത്തിന്റെയും അനിരാകൃതവും അവിസ്മൃതവുമായ മനുഷ്യത്വത്തിന്റെയും ഐക്യത്തെയും—കുറിച്ചു പഠിപ്പിച്ചതിനുശേഷം അവിടുത്തെ മനുഷ്യത്വത്തെ സംബന്ധിച്ച അദ്ധ്യാപനങ്ങൾ അവർ കൂട്ടി

www.malankaralibrary.com



ച്ചേർത്തു. ഉന്നതമായ കാര്യങ്ങൾ കൊണ്ട് അവിടുത്തെ ദൈവത്വം അവർ വളരെ സ്പഷ്ടമായി വെളിപ്പെടുത്തിയതു പോലെ നമുക്കുവേണ്ടിയും നമ്മുടെ രക്ഷയ്ക്കുവേണ്ടിയും എല്ലാ സൃഷ്ടികളുടെയും നവീകരണത്തിനുവേണ്ടിയും സ്വീകരിക്കപ്പെട്ട അവിടുത്തെ മനുഷ്യത്വവും അവർ സ്പഷ്ടമാക്കി. പിതാക്കന്മാർ പറഞ്ഞു, "അവിടുന്നു നമുക്കുവേണ്ടി പൊന്തിയോസ് പീലാത്തോസിന്റെ നാളുകളിൽ പീഡകൾ അനുഭവിച്ചു, ക്രൂശിൽ തറയ്ക്കപ്പെട്ടു, മരിച്ചു. അടക്കപ്പെടുകയും വിശുദ്ധലിഖിതങ്ങൾ പറയുന്നതുപോലെ മൂന്നാം ദിവസം ഉയർത്തെഴുന്നേൽക്കുകയും ചെയ്തു". —യേശുമിശിഹാ തന്റെ മനുഷ്യത്വത്തിൽ. അതായത്—നമുക്കു സത്യം പറയാം—തന്റെ ശാരീരികാവസ്ഥയിൽ അവിടുന്ന് നമുക്കുവേണ്ടി കുരിശുമരണം വരിച്ചു. മിശിഹായുടെ ദൈവസ്വഭാവം പീഡ സഹിക്കുകയും മരിക്കുകയും ചെയ്തില്ല എന്നും, അവിടുത്തെ ആത്മാവ് മരണവിധി സ്വീകരിച്ചില്ല എന്നും, പിതാക്കന്മാരുടെ വിശ്വാസപ്രഖ്യാപനത്തിൽ നിന്ന് ശരിയായ മനസ്സാക്ഷിയുള്ള എല്ലാവർക്കും വ്യക്തമാണ്. കാരണം, മരണത്തിന്റെ പരിമിതിക്ക് വിധേയമാകാൻ ആത്മാവിന് സാദ്ധ്യമല്ല. നമ്മുടെ കർത്താവു ഇപ്രകാരം സാക്ഷ്യപ്പെടുത്തി: "ശരീരത്തെ കൊല്ലുന്നെങ്കിലും ആത്മാവിനെ കൊല്ലാൻ കഴിയാത്തവരെ ഭയപ്പെടേണ്ട" (മത്താ.10:28). ഈ വാക്കുകൾക്കു യാഥാർത്ഥ്യവും സാക്ഷ്യം വഹിച്ചു. എന്തെന്നാൽ നമ്മുടെ കർത്താവു ക്രൂശിതനായി മരിച്ചു കഴിഞ്ഞ് അവിടുത്തെ ശരീരം സംസ്കരിക്കപ്പെട്ടതിനു ശേഷം അവിടുന്ന് തന്റെ ആത്മാവിൽ പറുദീസായിലേയ്ക്കു പോയി.

വീണ്ടും ഭാഗ്യവാന്മാരായ പിതാക്കന്മാർ ഇപ്രകാരം കൂട്ടിച്ചേർത്തു: "അവിടുന്ന് സ്വർഗ്ഗത്തിലേക്ക് കരേറി പിതാവിന്റെ വലതുഭാഗത്ത് ഇരുന്നു". —യേശുമിശിഹാ തന്റെ മനുഷ്യത്വത്തിൽ. കാരണം, മനുഷ്യത്വത്തിലാണ് അവിടുന്ന് ഉയർത്തപ്പെട്ടതും പിതാവിന്റെ വലതുഭാഗത്ത് ഇരുത്തപ്പെട്ടതും; അതു് ദൈവത്വത്തിലല്ല. ദൈവത്വം നിത്യമായും അവിനാശ്യമായും അവിടുത്തേക്ക് പിതാവിനോടൊപ്പമുണ്ട്. "ജീവിക്കുന്നവരെയും മരിച്ചവരെയും വിധിക്കുവാൻ അവിടുന്നു



മഹത്വത്തിൽ വീണ്ടും വരും. അവിടുത്തെ രാജ്യത്തിനു് അവസാനമുണ്ടാകയില്ല". —യേശുമിശിഹാ തന്റെ ദൈവത്വത്തിലും മനുഷ്യത്വത്തിലും.

പുറത്താക്കപ്പെട്ടവരും പ്രാതിനിധ്യമില്ലാത്തവരുമായ കൂട്ടർക്കെതിരായി ഇപ്രകാരം പ്രസ്താവിച്ചതിനുശേഷം പിതാക്കന്മാർ മാസിഡോണിയസിന്റെ അഭക്തിക്കെതിരെ തിരിഞ്ഞു. മാസിഡോണിയസ് പരിശുദ്ധാത്മാവിനെതിരായി ദൈവദൂഷണം പറഞ്ഞയാളാണ്. പിതാക്കന്മാർ പറയുന്നു: "പിതാവിൽ നിന്നു പുറപ്പെടുന്നവനും പിതാവിനോടും പുത്രനോടും കൂടെ ആരാധിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരും വഴി സംസാരിച്ചവനും ജീവദായക കർത്താവുമായ ഏക പരിശുദ്ധാത്മാവിലും ഞങ്ങൾ വിശ്വസിക്കുന്നു". അതിനാൽ പിതാക്കന്മാർ അവരുടെ ദൈവികമായ അദ്ധ്യാപനത്താൽ പരിശുദ്ധാത്മാവിന്റെ ക്നോമായെക്കുറിച്ചു ശ്രേഷ്ഠമായി പ്രഖ്യാപിക്കുകയും, സത്തയിലും സ്വഭാവത്തിലും താൻ പിതാവിനോടും പുത്രനോടും തുല്യനാണെന്നു വെളിപ്പെടുത്തുകയും ചെയ്തു. "അവിടുന്ന് എല്ലാക്കാര്യങ്ങളും, ദൈവത്തിന്റെ നിഗൂഢ രഹസ്യങ്ങൾ പോലും അന്വേഷിച്ചു കണ്ടെത്തുന്നു" എന്ന് എഴുതപ്പെട്ടിട്ടുണ്ടല്ലോ (1 കൊറി 2:10).

ഇതാണ് ദുഷിക്കാത്ത വിശ്വാസവും അതിന്റെ വാക്യാംശങ്ങളുടെ ക്രമമനുസരിച്ചുള്ള അർത്ഥത്തിന്റെ ചുരുക്കവും. ഇതു വഴിയായി മിശിഹായുടെ ആളത്തവും തന്റെ ദൈവത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും സ്വഭാവങ്ങളും പരിപൂർണ്ണമായി പ്രഖ്യാപിക്കപ്പെടുന്നു. ഈ പ്രഖ്യാപനം മിശിഹായുടെ ദൈവത്വം അംഗീകരിക്കുകയും അതേസമയം മനുഷ്യത്വം നിഷേധിക്കുകയും ചെയ്യുന്നവർക്കും, അവിടുത്തെ മനുഷ്യത്വം അംഗീകരിക്കുകയും ദൈവത്വം നിഷേധിക്കുകയും ചെയ്യുന്നവർക്കും, ദൈവത്വം നിഷേധിക്കുകയും മനുഷ്യത്വം സാധാരണമോ നീതിമാന്മാരുടേതിനു തുല്യമോ ആണെന്നു പറയുകയും ചെയ്യുന്നവർക്കും എതിരായിട്ടുള്ളതത്രേ.

ഭാഗ്യവാന്മാരായ നമ്മുടെ പിതാക്കന്മാർ അവരുടെ വിശ്വാസത്തിന്റെ നിക്ഷേപം മാമോദീസാ സ്വീകരിച്ചവർക്കു

www.malankaralibrary.com



മാത്രമാണ് അവകാശമായി നൽകിയത്. അതിനാൽ അവർ ഇങ്ങനെയും കൂട്ടിച്ചേർത്തു: "ഏകവും പരിശുദ്ധവും കാതോലികവും ശ്ലൈഹികവുമായ സഭയിലും പാപങ്ങളുടെ മോചനത്തിനു വേണ്ടിയുള്ള ഏക മാമോദീസായിലും മരിച്ചവരുടെ ഉത്ഥാനത്തിലും പുതിയ ജീവിതത്തിലും വരാനിരിക്കുന്ന ലോകത്തിലും ഞങ്ങൾ വിശ്വസിക്കുന്നു."

ഇപ്രകാരം സമ്പന്നമായും പൂർണ്ണമായും സത്യം പ്രഖ്യാപിച്ചതിനു ശേഷം അവർ ആരിയൂസിനെയും അയാളുടെ തെറ്റിന്റെ സന്താനങ്ങളെയും ശപിക്കുന്ന വിഷയത്തിലേക്കു തിരിഞ്ഞു. "എന്നാൽ അവിടുന്ന് ഇല്ലാതിരുന്ന ഒരു സമയമുണ്ടായിരുന്നുവെന്നും ജനനത്തിനു മുമ്പ് അവിടുന്ന് ഇല്ലായിരുന്നുവെന്നും അവിടുന്ന് ഇല്ലായ്മയിൽ നിന്നു സൃഷ്ടിക്കപ്പെട്ടുവെന്നും പറയുന്നവർ, അഥവാ അവിടുന്ന് മറ്റൊരു ക്നോമായിൽ അഥവാ സത്തയിൽ നിന്നുള്ളവനാണെന്നു പറയുന്നവർ അഥവാ, ദൈവപുത്രൻ മാറ്റങ്ങൾക്ക് അധീനനാണെന്നു പറയുന്നവർ എന്നിവരെയെല്ലാം സാർവ്വത്രികവും ശ്ലൈഹികവുമായ സഭ ശപിക്കുന്നു." എന്നാൽ പാഷണ്ഡികൾ അവരുടെ ശഠതയിൽ, മിശിഹായുടെ മനുഷ്യസ്വഭാവത്തിന്റെ ഗുണവിശേഷങ്ങളും പീഡാസഹനങ്ങളും അവിടുത്തെ ദൈവത്വത്തിന്റെ സ്വഭാവത്തിന്മേലും ക്നോമായിന്മേലും ആരോപിക്കാൻ ധൈര്യപ്പെടുന്നു. എന്നാൽ അക്കാര്യങ്ങൾ മിശിഹായുടെ മനുഷ്യത്വത്തിന് ദൈവത്വത്തോടുണ്ടായിരുന്ന പരിപൂർണ്ണമായ ഐക്യം കാരണം വ്യാപാരപ്രകാരം ദൈവത്തോടു ചേർത്തു പറയപ്പെടുന്നവയാണ്; സ്വഭാവത്താലെയല്ല പറയപ്പെടുക.

ഇതാണ് പിതാക്കന്മാരുടെ വിശ്വാസം. അത് പുറജാതിക്കാരുടെയും യഹൂദ വിശ്വാസത്തിന്റെയും പാഷണ്ഡതകളുടെയും വായടപ്പിക്കുന്നതാണ്. അത് ക്രൈസ്തവ വിശ്വാസത്തെ ഉന്നതമാക്കുകയും മഹത്വീകരിക്കുകയും ചെയ്യുന്നു. ഈ കാര്യങ്ങളോട് യോജിക്കാത്തവർ ആരായാലും അവർ സ്വയം താഴ്ത്തുകയും സത്യത്തെ നിഷേധിക്കുകയും ചെയ്യുന്നു.

**രണ്ടാം കാനോന**

പരിശുദ്ധനായ തിയഡോറിന്റെ ലിഖിതങ്ങൾക്കും പ്രബോധനങ്ങൾക്കും ഉള്ള ന്യായീകരണം. അദ്ദേഹത്തെ



സംബന്ധിച്ച് പാഷണ്ഡികൾ പരത്തുന്ന നിരാധാരങ്ങളായ അപവാദങ്ങൾക്കെതിരെ:

വിശ്വാസത്തിന്റെ നിജസ്ഥിതി സംബന്ധിച്ച് ചർച്ച ചെയ്തതിനുശേഷം സത്യപ്രബോധകരായ അദ്ധ്യാപകന്മാരെയും പ്രഘോഷകരെയും കുറിച്ചു പറയുക ഉചിതമാകുന്നു. ഇക്കാരണത്താൽ അവരിൽ ഒരാളും വ്യാഖ്യാതാവുമായ വിശുദ്ധ മാർ തിയഡോറിനെക്കുറിച്ച് ഇപ്പോൾ വിശദമായി പറയേണ്ടതിന്റെ അവസരം വന്നിരിക്കുന്നതിനാൽ ആവശ്യമായിരിക്കുന്നു. സിലീഷ്യാ ദേശത്ത് മൊപ്സുവെസ്ത്യാ പട്ടണത്തിലെ മെത്രാനായിരുന്നു അദ്ദേഹം. ചാരിത്ര്യപൂർണ്ണവും അദ്ധ്വാനനിർഭരവുമായ ജീവിതം നയിച്ച അദ്ദേഹം നാല്പത്തിയഞ്ചു കൊല്ലം പ്രശസ്തമായ രീതിയിൽ മെത്രാൻസ്ഥാനം വഹിച്ചു. ദൈവാനുഗ്രഹത്താൽ നവീകൃതവും വിവേകപൂർണ്ണവുമായ മനസ്സോടെ അദ്ദേഹം വി. ലിഖിതങ്ങൾ വ്യാഖ്യാനിക്കുകയും ക്ഷുദ്രമായ കപടമതങ്ങളുടെ അബദ്ധപഠനങ്ങൾക്കെതിരേ അടരാടുകയും ചെയ്തു. ശ്രോതാക്കളുടെയും വായനക്കാരുടെയും സഹായത്തിനും ഉന്നമനത്തിനും വേണ്ടി അദ്ധ്യാപനങ്ങളുടെയും ആദ്ധ്യാത്മികചിന്തകളുടെയും ഉജ്ജ്വലനിക്ഷേപം കൊണ്ടു സഭയുടെ ഈടുവയ്പുകൾ അദ്ദേഹം നിറച്ചു. സത്യപ്രബോധനത്തിനെതിരെ അബദ്ധങ്ങൾ ഒഴുക്കിവിട്ട ചതിയന്മാരായ പ്രബോധകർക്കെതിരേ ദൈവവചനമാകുന്ന ആത്മാവിന്റെ വാളുകൊണ്ട് അദ്ദേഹം പോരാടി. അതിനാൽ അദ്ദേഹത്തിന്റെ അദ്ധ്യാപനം തന്റെ വൈശിഷ്ട്യത്തിന്റെ സൗന്ദര്യത്താൽ സ്ഥിരീകൃതവും തന്റെ വൈശിഷ്ട്യം യഥാർത്ഥമായ വിവേകത്താൽ മുദ്രിതവുമായിരുന്നു. അദ്ദേഹത്തിൽ നിന്നു പുറപ്പെട്ട അടയാളങ്ങളും സഹായങ്ങളും വഴി നമ്മുടെ കർത്താവ് അദ്ദേഹത്തിനു സാക്ഷ്യം വഹിച്ചു. എന്തുകൊണ്ടെന്നാൽ തന്റെ ജീവിതകാലത്ത് സത്യപ്രബോധകരുടെയിടയിൽ അദ്ദേഹം പ്രശസ്തനായിരുന്നു. മരണശേഷമാകട്ടെ, അദ്ദേഹത്തിന്റെ നാമം ആദരിക്കപ്പെടുകയും അദ്ദേഹത്തിന്റെ സ്മാരകം ദൈവത്തിന്റെ എല്ലാ സഭകളിലും ഉജ്ജ്വലമായി നിലനിൽക്കുകയും ചെയ്തു. പരിശുദ്ധനായ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളും വ്യാഖ്യാനങ്ങളും സത്യം ഏറ്റു പറഞ്ഞവരും തെറ്റിലേയ്ക്കു തിരിയാത്തവരുമായ എല്ലാ

www.malankaralibrary.com



വരും അംഗീകരിക്കുകയും ആദരിക്കുകയും ചെയ്തു. എന്തെന്നാൽ പ്രവാചകന്മാരിലൂടെയുള്ള പ്രവചനമോ ശ്ലീഹന്മാരിലൂടെയുള്ള പ്രഖ്യാപനമോ പോലെ ശ്ലൈഹിക വിശ്വാസത്തിന്റെ നിജസ്ഥിതി അദ്ദേഹത്തിന്റെ വ്യാഖ്യാനങ്ങളിലും അദ്ധ്യാപനങ്ങളിലും സംരക്ഷിക്കപ്പെട്ടിരിക്കുന്നു. ഭാഗ്യവാനായ ജോൺ ക്രിസോസ്തോം അന്യായമായി നാടുകടത്തപ്പെട്ട് ആത്മീയ പോരാട്ടം നടത്തുന്നവർക്ക് കിരീടം നൽകുന്ന നമ്മുടെ കർത്താവിന്റെ പക്കലേക്കുള്ള യാത്ര സമീപസ്ഥമായ കാലത്ത് ''സത്യപ്രബോധകൻ'' എന്ന് ഈ വ്യാഖ്യാതാവിനെ പരാമർശിച്ചു. തന്റെ വിപ്രവാസകാലത്ത് ക്രിസോസ്തോം തിയഡോറിന് ഒരു കത്തെഴുതി. ആ കത്തിൽ അദ്ദേഹം ഇങ്ങനെ രേഖപ്പെടുത്തി: 'അങ്ങയുടെ തീക്ഷ്ണവും സുസ്ഥിരവും നിഷ്കളങ്കവുമായ സ്നേഹം ഞങ്ങൾ അനുസ്മരിക്കുന്നു. ഞങ്ങൾ അങ്ങയിൽ ആഹ്ലാദിക്കുന്നു. എന്തെന്നാൽ അങ്ങ് സിലീഷ്യായിൽ സ്ഥാപിതമായിട്ടുള്ള സഭയുടെ നിധിയത്രേ''.

എന്നാൽ സത്യത്തിന്റെ ശത്രുവായ സാത്താൻ അവന്റെ അസൂയയും കുതന്ത്രശാലിത്വവും കാരണമായി, ഇക്കാര്യങ്ങൾ കണ്ടപ്പോൾ അവന്റെ ഹൃദയം പിളർന്നതുപോലെയായി. അവൻ പാഷണ്ഡികൾ വഴി അദ്ദേഹത്തിനെതിരായി ഭാവനാസൃഷ്ടങ്ങളായ അപവാദങ്ങൾ പ്രചരിപ്പിച്ച് അനേകം പേരെ വഴിതെറ്റിച്ചു. അങ്ങനെ മനസ്സിൽ വൈരാഗ്യം നിറഞ്ഞ അവൻ ഈ സഭാപിതാവിന്റെ ദൈവികമായ അദ്ധ്യാപനങ്ങൾ തള്ളിക്കളയാൻ അവരെ സജ്ജരാക്കി. ഈ കാലത്തുപോലും സത്യവിശ്വാസികളെന്ന പേരിൽ വിളിക്കപ്പെടുന്നെങ്കിലും സ്വന്തം ശഠതമൂലം സത്യവിശ്വാസത്തെയും സഭയുടെ പ്രബോധനങ്ങളെയും പാരമ്പര്യങ്ങളെയും കലക്കുന്നവരായ ഒരുകൂട്ടം ആളുകൾ പെട്ടെന്ന് പ്രത്യക്ഷപ്പെട്ടു എന്ന് പിതാക്കന്മാരുടെ സിനഡിനു മുമ്പാകെ റിപ്പോർട്ടു ചെയ്യപ്പെടുകയുണ്ടായി. അവർ ഒരു വിരുദ്ധസമൂഹമായി പ്രവർത്തിക്കുന്നെങ്കിലും വ്യാഖ്യാതാവിന്റെ കൃതികളിലും ഭാഷ്യങ്ങളിലും കൃപയുടെ സഹായത്താൽ സംഭരിച്ചുവെച്ചിരിക്കുന്ന സത്യപ്രബോധനത്തിന്റെ കരുത്തുറ്റ ശക്തിക്കു മുമ്പിൽ നിഷ്പ്രഭരായിപ്പോയി.



വ്യാഖ്യാതാവിനെതിരായിട്ടുള്ള അവരുടെ ലഹളകളിൽ മറ്റുകാര്യങ്ങളോടൊപ്പം ഭാഗ്യവാനായ ഇയ്യോബിന്റെ പുസ്തകത്തിന് ആധ്യാത്മികാർത്ഥത്തിൽ അദ്ദേഹം രചിച്ച ഭാഷ്യത്തിനെതിരായും അവർ സംസാരിക്കുന്നു. താർക്കിക രീതിയിലും പ്രകടനപരമാം വിധവും സത്യത്തിനു വലിയ വിലകല്പിക്കാത്ത സോഫിസ്റ്റുകളിൽ ആരോ ആണ് അതു രചിച്ചത്. ആഖ്യാനങ്ങളെ വെട്ടിച്ചുരുക്കുകയും സത്യത്തിൽ നിന്നു വിദൂരങ്ങളായ പിത്തലാട്ടങ്ങളിൽ നിന്നു രൂപപ്പെടുത്തിയ ഭാവനാത്മകങ്ങളായ ഭാഗങ്ങൾ ചേർത്തു വികസിപ്പിക്കുകയും ചെയ്യുന്ന കൂട്ടരിൽ ഒരാളാണ് കർത്താവെന്ന് അതു ശരിയായി വിചിന്തനം ചെയ്യുന്നവർക്ക് സത്യത്തിന്റെ വായനയിൽനിന്ന് നന്നായി മനസ്സിലാക്കാൻ കഴിയും. അയാൾ അതിന്റെ ചെറിയ ഭാഗങ്ങൾക്കൊപ്പം വിശദീകരണപരമായ വാക്കുകളും കൂട്ടിച്ചേർത്തിട്ടുണ്ട്. അവയിൽ ചിലത് അസത്യത്തിന്റെയും ദൈവദൂഷണത്തിന്റെയും ഗണത്തിൽപ്പെടുന്നു. എന്നാൽ അനുഗൃഹീതനായ യോബിന്റെ പുസ്തകം മോശ എഴുതിയതല്ലേ എന്നു ചോദിക്കാൻ അവർ ധൈര്യപ്പെട്ടു. ആ കെട്ടുകഥ അവർ സന്തോഷപൂർവ്വം സ്വീകരിച്ചു. സഭാപ്രബോധകരെ താറടിക്കാൻ സന്ദർഭം കിട്ടാൻ വേണ്ടിയാണ് അവർ അതു ചെയ്തത്.

അതിനാൽ തന്റെ ജീവിതത്തിലും മരണത്തിലും വരപ്രസാദത്തിന്റെ സന്താനങ്ങൾക്കു പ്രബോധകനായിരുന്ന ആളിനെതിരെ, നാവുകെട്ടപ്പെട്ടവരും മടപ്പുളവാക്കുന്നവരുമായ ചിലയാളുകൾ, നമ്മുടെ കർത്താവിനെതിരേ യഹൂദർ പയറ്റിയതു പോലെ, അബദ്ധങ്ങളുടെ മൂലകളിലും ഗുഹകളിലും നിന്ന് വണ്ടുകളെയും ചീവീടുകളെയും പോലെ ഇപ്പോൾ പയറ്റുകയാണ്. അതിനാൽ വൈദികസ്ഥാനത്തുള്ളവരാരും തന്നെ രഹസ്യമായോ പരസ്യമായോ ഈ സഭാമല്പാനെ നിന്ദിക്കുകയോ അദ്ദേഹത്തിന്റെ ദിവ്യകൃതികളെ തള്ളിക്കളയുകയോ സത്യത്തിന് അന്യമായ മറ്റേതെങ്കിലും ഭാഷ്യം സ്വീകരിക്കുകയോ ചെയ്യാൻ പാടില്ല എന്ന് എല്ലാറ്റിനെയും ഭരിക്കുകയും ഉയരാഴങ്ങൾ കയ്യാളുകയും ചെയ്യുന്ന ''ദൈവ വചന''ത്താൽ ഞങ്ങൾ നിശ്ചയിക്കുന്നു. ആഡംബരപൂർണ്ണമായ ആഭരണങ്ങൾ ആഗ്രഹിക്കുന്ന വേശ്യകളെപ്പോലെ പിത്ത

www.malankaralibrary.com



ലാട്ടവും സത്യത്തിൽ നിന്ന് അന്യമായ ഭംഗിവാക്കുകളും ഇഷ്ടപ്പെടുന്നവർക്കു വേണ്ടി ചമയ്ക്കപ്പെട്ടതാണ് അത്തരം ദുർവ്യാഖ്യാനങ്ങൾ എന്നും പറയപ്പെടുന്നു. ഞങ്ങൾ മുകളിൽ പ്രസ്താവിക്കുകയും രേഖപ്പെടുത്തുകയും ചെയ്തിട്ടുള്ള ഇക്കാര്യങ്ങൾക്ക് എതിരു നിൽക്കാൻ രഹസ്യമായോ പരസ്യമായോ ആരെങ്കിലും മുതിർന്നാൽ അവർ ശപിക്കപ്പെടുകയും, ഏതു പ്രബോധകരുടെ അദ്ധ്യാപനങ്ങൾക്കെതിരായിട്ടാണോ സ്വന്തം ബുദ്ധിശൂന്യതയിൽ അവർ വികസനങ്ങൾ നടത്തുന്നത്, സുബോധമുണ്ടായി ആ ഗുരുക്കന്മാരുടെ ശിഷ്യരായിത്തീരുകയും ചെയ്യുന്നതുവരെ സഭാപരമായ എല്ലാ കൂട്ടായ്മകൾക്കും അവർ അന്യരായിരിക്കും.

## മൂന്നാം കാനോന:

പഴയനിയമത്തിലും പുതിയനിയമത്തിലും ഓരോ തലമുറയിലും നിയമനിർമ്മാണവും നിയമം നടപ്പാക്കലും മൂലം ഉളവാകുന്ന നന്മകളെക്കുറിച്ച്.

ഇപ്പോൾ സത്യത്തിന്റെ അനുയായികളായ നമുക്ക് നിയമനിർമ്മാണത്തിലും നിയമം നടപ്പാക്കലിലും നിന്നു ലഭിക്കുന്ന നേട്ടങ്ങളെയും നന്മകളെയും കുറിച്ചു സംക്ഷിപ്തമായി പ്രതിപാദിക്കുന്ന വിഷയത്തിലേയ്ക്കു തിരിയാം. അതായത് താത്കാലികമായി നിലനിന്ന പഴയ ഉടമ്പടിയും മിശിഹായുടെ സുവിശേഷത്തിന്റെ പുതിയ പ്രഖ്യാപനവുമായ ആ നിയമങ്ങൾ. അങ്ങനെ ചെയ്യുമ്പോൾ നല്ലവനും കാരുണ്യവാനുമായ ദൈവം നമ്മിൽ സംപ്രീതനാകും. അവിടുന്ന് യുക്തിബോധത്തെ പരിധികൾക്കുള്ളിൽ നിറുത്തത്തക്കവിധം അതിനെ നിയമത്തെക്കുറിച്ചുള്ള ജാഗ്രതകൊണ്ട് അനുഗ്രഹിക്കുകയും യുക്തമായ കല്പനകൾ നൽകുകയും ചെയ്യും. ദൈവം മനുഷ്യനെ മറ്റെല്ലാ ജീവികളെക്കാളും അധികമായി ബഹുമാനിക്കുന്നു. അതുല്യമായിട്ടുള്ള ആദ്യത്തെ രൂപപ്പെടുത്തലിൽ മാത്രമല്ല, അവനോട് എപ്പോഴും കാണിക്കുന്ന അസാധാരണമായ താത്പര്യത്തിലും ഈ ആദരം പ്രകടമാകുന്നു. അവനെ രൂപപ്പെടുത്തുകയും സ്വന്തം ദൈവത്വത്തിന്റെ പ്രതിച്ഛായകൊണ്ട് അവനെ മുദ്രവയ്ക്കുകയും ചെയ്തതിനു ശേഷം വിവേചനത്തിനുള്ള അറിവ് അവനിൽ



നിക്ഷേപിച്ചു. സഹായകരമായവിധം സമീപിക്കാനും ശ്രദ്ധാപൂർവ്വം അകന്നു നിൽക്കാനും വിവേചനാശക്തി മനുഷ്യനെ സഹായിക്കുന്നു. നിയമനിർമ്മാണം കൊണ്ട് അവിടുന്ന് അവനെ പഠിപ്പിക്കുകയും ചെയ്തു. യുക്തിബോധത്തെ ഉയർത്തിപ്പിടിക്കാനും ക്രമം പരിപാലിക്കാനും നിയമങ്ങൾ സഹായിക്കുന്നു. നല്ല കാര്യങ്ങളെക്കുറിച്ചുള്ള വാഗ്ദാനങ്ങൾ വിമോഹകമായ രീതിയിൽ നൽകുന്ന നിയമങ്ങളുണ്ട്; ന്യായവിധിയുടെ ഭീഷണി ഭീതിജനകമായ വിധം നൽകുന്ന നിയമങ്ങളുണ്ട്. ചിലതു് ജന്മസിദ്ധമായിത്തന്നെ നമുക്കു കൈവരുന്നു, ചിലതു് ആജ്ഞകൾ വഴി, ചിലതു് പരസ്യമായി പ്രഖ്യാപിക്കത്തക്ക വിധം മറവില്ലാതെ ലിഖിതരൂപത്തിൽ. മിണ്ടാപ്രാണികൾ നിയമങ്ങൾ നിശ്ശബ്ദമായി പ്രഖ്യാപിക്കുന്നു. വിശേഷബുദ്ധിയുള്ള സൃഷ്ടികൾ അവ വാചികമായിട്ടും രൂപങ്ങളോടൊപ്പം ലിഖിതരൂപത്തിലും പ്രഖ്യാപിക്കുന്നു. എല്ലാ സൃഷ്ടികളും തങ്ങളുടെ സ്രഷ്ടാവിന്റെ നിത്യമായ ശക്തിയും എന്നും നിലനിൽക്കുന്ന ദൈവത്വവും പ്രഖ്യാപിക്കുന്നു. ഇങ്ങനെയാണ് സ്രഷ്ടാവ് ആദിയിൽ നമ്മുടെ രൂപവത്കരണത്തിന്റെ തലകളായ ആദം, ഹവ്വാ എന്ന ആദിമമനുഷ്യരോട് ദൈവികമായ സവിശേഷതാല്പര്യം കാണിച്ചതു്. അവിടുന്ന് അവർക്കായി ഒരു പുതിയ നിയമം ഉണ്ടാക്കുകയും നടപ്പാക്കുകയും ചെയ്തു. അതുവഴി പരിശോധന, വിധേയത്വം, ബഹുമാനം എന്നു മൂന്നു കാര്യങ്ങൾ അവിടുന്ന് അവരെ അറിയിച്ചു. അതുവഴി അവരുടെ ഔചിത്യബോധം പരിശോധിക്കപ്പെട്ടു, തന്റെ കർത്തൃത്വത്തോടുള്ള അവരുടെ വിധേയത്വം അറിയുമാറാക്കി, മറ്റെല്ലാ സൃഷ്ടികൾക്കും ഉപരിയായി അവർക്കുള്ള ബഹുമതി വെളിപ്പെടുത്തുകയും ചെയ്തു.

യുഗങ്ങൾ അതിശീഘ്രം കടന്നുപോയപ്പോൾ ജഡത്തിലുള്ള ഇസ്രായേലിനുവേണ്ടി ദൈവം ധാരാളം നിയമങ്ങൾ ഉണ്ടാക്കി. ആ നിയമങ്ങളിൽ ഏററവും ശ്രേഷ്ഠമായവ ദൈവത്തിന്റെ അംഗുലികളാൽ കൽപ്പലകകളിൽ എഴുതപ്പെട്ടവയാണ്. അവ അവരുടെ മോചനത്തിന്റെ മദ്ധ്യസ്ഥനായ മോശ വഴി അവർക്കു നൽകപ്പെട്ടു. മോശ വിമോചകനും വിമോചിതനുമായിരുന്നു. ആ നിയമങ്ങൾ താല്ക്കാലിക ക്രമീ

www.malankaralibrary.com



കരണത്തിന് അനുയോജ്യമായിരുന്നു. അവ ആയിരത്തഞ്ഞൂറു കൊല്ലക്കാലം അവയ്ക്കു ഉപകാരപ്പെട്ടു. ഒടുവിൽ പ്രതിരൂപത്തിനു പകരം എല്ലാവരുടെയും രക്ഷയ്ക്കും നവീകരണത്തിനും വേണ്ടി അവതരിച്ച ദൈവപുത്രൻ എന്ന യഥാർത്ഥ പ്രതിരൂപം അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. നല്ലവനും പരിപൂർണ്ണനും അധികാരമുള്ളവനുമായ അവിടുന്ന് അധികാരപൂർവ്വവും പ്രാമാണികവുമായ വിധത്തിൽ മലമുകളിൽ വച്ച് തന്റെ സ്നാനത്തിനുശേഷം തന്റെ സുവിശേഷത്തിന്റെ ദിവ്യവ്യാപാരത്തിന്റെ ആരംഭത്തിൽ ശിഷ്യന്മാരുടെ തെരഞ്ഞെടുപ്പിനെ തുടർന്ന് നിയമങ്ങൾ നടപ്പാക്കി. അവ പൂർണ്ണവും അവിടുന്നു വെളിപ്പെടുത്തിയ സ്വർഗ്ഗരാജ്യത്തിന്റെ ജീവിതരീതിക്ക് അനുയോജ്യവും ആയിരുന്നു. തുടർന്നുള്ള കാലഘട്ടത്തിലും ലോകത്തിലെ തലമുറകളെ പ്രബോധനപരമായ അദ്ധ്യാപനം കൂടാതെ അവിടുന്നു വിട്ടുപേക്ഷിച്ചില്ല. അതായത്, എഴുതപ്പെട്ടിരിക്കുന്നതുപോലെ, അവിടുന്ന് തനിക്കു സാക്ഷ്യം ഇല്ലാത്ത അവസ്ഥ വരുത്തിയില്ല. അങ്ങനെ പഴയ നിയമത്തിൽ ദൈവവും പുതിയ നിയമത്തിൽ ദൈവപുത്രനും തയാറാക്കിയ— പഴയ നിമത്തിലും പുതിയ നിയമത്തിലുമായി ദൈവികത്രിത്വം തയാറാക്കിയ— സ്ഥിരമായി പ്രയോജനകരമായവ ഒഴുകുന്ന ഈ മാർഗ്ഗത്തിലൂടെ ശ്ലീഹന്മാർ അവരുടെ കാലത്തും പിതാക്കന്മാർ അവരുടെ തലമുറകളിലും സഞ്ചരിച്ചു. ആദ്ധ്യാത്മികമായ എല്ലാ അദ്ധ്യാപനങ്ങൾ കൊണ്ടും അവർ സഭയെ അലംകൃതയാക്കി. നിയമങ്ങളുടെയും ദൈവികവും ബോധനാത്മകവും വിജ്ഞാനദായകവും നീതീകരണസമർത്ഥവുമായ കാനോനകളുടെയും ശ്രദ്ധാപൂർവ്വകമായ സംരക്ഷണം കൊണ്ട്, കോട്ടയും കൊത്തളവും കൊണ്ടെന്നപോലെ, അതിനെ കോട്ട കെട്ടി സുരക്ഷിതമാക്കി. അതിനാൽ നിയമനിർമ്മാണത്തിന്റെ അദ്ധ്യാപനത്തിൽ നിന്നും നിയമങ്ങളുടെ സ്ഥാപനത്തിൽ നിന്നും ഉദ്ഭവിക്കുന്ന വിവിധ പ്രയോജനങ്ങളും സുകൃതപൂർണ്ണമായ കല്പനകളും ക്രമത്തിൽ ആഖ്യാനം ചെയ്യാൻ സമയമില്ല. അവയെ അടിസ്ഥാനമാക്കി നിയമങ്ങളുടെ ദാതാവിനു കൃതജ്ഞത അർപ്പിക്കപ്പെടുന്നു. നിയമങ്ങൾ കാക്കുന്നവർക്ക് ഭാഗ്യവും നേരുന്നു.



ഈ കാര്യങ്ങളെയും ഇതുപോലുള്ള കാര്യങ്ങളെയും സംബന്ധിച്ച് നാം ബോധവാന്മാരാകയാൽ നമ്മുടെ ജീവദായകനായ യേശുവിന്റെ നാമത്തിലും അധികാരത്തിലും അവിടുത്തെ അനുമതിയോടുകൂടിയും ഞങ്ങൾ സമ്മേളിച്ചു. ഞങ്ങളുടെ ദൈവത്തെ അറിയുകയും ദൈവത്താൽ അറിയപ്പെടുകയും ചെയ്യുന്നവരുടെ പവിത്രവും ക്രമീകൃതവുമായ ജീവിതത്തിനനുഗുണമായ ജീവദായകമായ അദ്ധ്യാപനം രേഖപ്പെടുത്തുന്നതിനുവേണ്ടി സമകാലീനർക്കായി ഞങ്ങൾ സമ്മേളിച്ചിരിക്കുന്നു.

**നാലാം കാനോന:**

ശിഷ്യന്മാരിലും മക്കളിലും നിന്ന് ഗുരുക്കന്മാർക്കും മാതാപിതാക്കൾക്കും അവകാശപ്പെട്ട ബഹുമാനത്തെയും. ശിഷ്യന്മാരുടെയും മക്കളുടെയും വിദ്യാഭ്യാസ വിഷയത്തിൽ പ്രകടിപ്പിക്കാൻ യുക്തമായ ശ്രദ്ധയെയും കുറിച്ച്.

അതിനാൽ സഹായകരമായ വിധത്തിൽ മുൻ പറയപ്പെട്ട കാര്യങ്ങൾക്കുശേഷം, കുററപ്പെടുത്താതെ, നീതീകരിക്കുന്ന സദ്പ്രവൃത്തികളെക്കുറിച്ച് ചില കാര്യങ്ങൾ പ്രതിപാദിക്കുന്നതു യുക്തമായിരിക്കുമെന്നു ഞങ്ങൾ കരുതുന്നു. അവ പ്രകോപിപ്പിക്കാതെ സന്തോഷിപ്പിക്കുന്നവയായിരിക്കും. ഈ വിഷയത്തിൽ, മററു കാര്യങ്ങൾക്കു മുമ്പായി മാതാപിതാക്കന്മാരോടും ഗുരുക്കന്മാരോടുമുള്ള ബഹുമാനത്തെക്കുറിച്ചും മക്കളുടെയും ശിഷ്യരുടെയും അച്ചടക്കം, ക്രമീകരണം എന്നിവയെക്കുറിച്ചും പറയാനാണു ഞങ്ങൾ കരുതുന്നത്. എന്തെന്നാൽ പ്രകൃതി അതിന്റെ ദർശനശേഷിയിൽ അത്തരം കാര്യങ്ങൾ ആജ്ഞാപിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു. സാഹിത്യം അതിന്റെ പ്രബോധനാത്മകതയിലും ചിന്ത അതിന്റെ പ്രതീതിയാലും വചനം ആജ്ഞാപനത്താലും ലേഖനം ലിപികൾ വഴിയും ആശയങ്ങൾ പ്രചോദനപരമായും ഭീഷണിയിൽ ഭീതിജനകമായും സ്വസന്താനങ്ങളെ സംരക്ഷിക്കാനും പഠിപ്പിക്കാനും ജനയിതാക്കളെ പഠിപ്പിക്കുന്നു. അതുപോലെതന്നെ ജനയിതാക്കളെ സംരക്ഷിക്കാനും ബഹുമാനിക്കാനും സന്താനങ്ങളെയും പഠിപ്പിക്കുന്നു. മക്കളും ശിഷ്യന്മാരും കടപ്പാട് എന്ന നിലയും പിതാ

www.malankaralibrary.com



ക്കന്മാരും ഗുരുക്കന്മാരും ദാക്ഷിണ്യത്തോടെയുമാണ് ഇങ്ങനെ ചെയ്യേണ്ടത്. ഈ കാര്യങ്ങൾ സ്നേഹത്തിലും ബഹുമാനത്തിലും ധാരാളമായി നൽകപ്പെടണം; നമ്മുടെ ശുശ്രൂഷകന്മാരും മദ്ധ്യസ്ഥന്മാരും എന്ന നിലയിൽ അങ്ങനെ ചെയ്യുമ്പോൾ സന്തോഷവും ബഹുമാനവും വർദ്ധിപ്പിക്കാൻ കഴിയും. അപ്പോൾ അവർ ഗർഹണീയരായിത്തീരാതെ വിവേകമുള്ളവരായിത്തീരും. വിവേകമുള്ള ഒരദ്ധ്യാപിക എന്ന നിലയിൽ പ്രകൃതിയും പ്രകൃതിനാഥനായ കർത്താവ് അധികാരമുള്ള യജമാനൻ എന്ന നിലയിലും മാതാപിതാക്കളും അദ്ധ്യാപകരുമായവരോട് ഒരു കാര്യവും മക്കളും ശിഷ്യന്മാരുമായവരോട് മറ്റൊരു കാര്യവും ആവശ്യപ്പെടുന്നു. ശാരീരികമായ കാര്യങ്ങളാണ് പ്രകൃതിയും ആഗ്രഹിക്കുന്നത്— അത്തരം കാര്യങ്ങൾ ജന്തുക്കൾക്കുപോലും ഉള്ളതുമാണ് — മനസ്സ് ആദ്ധ്യാത്മിക കാര്യങ്ങൾ ആഗ്രഹിക്കുന്നു. ഈ വിഷയത്തിൽ ദൈവത്തോട് ഒരു സാമ്യമുണ്ടെന്നു പറയാം. ദൈവവും നാം അവിടുത്തെ "പിതാവ്" എന്നു വിളിക്കണം എന്ന് ആഗ്രഹിക്കുന്നുണ്ടല്ലോ. അവിടുന്ന് നമ്മെ കൃപാവരം വഴി തന്റെ സ്നേഹ സന്താനങ്ങളായി സ്വീകരിക്കുവാൻ ആഗ്രഹിക്കുന്നു. മുകളിൽ പറഞ്ഞ രണ്ടു വിഭാഗങ്ങളെ സംബന്ധിച്ചും ജഡികവും ആത്മീയവും ആയവസ്തു, ദൈവം നിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ചില വിശുദ്ധ ലിഖിത ഭാഗങ്ങളിൽ നിന്ന് ഇക്കാര്യം വ്യക്തമാണ്: "നിന്റെ മാതാപിതാക്കളെ ബഹുമാനിക്കുക" (പുറ. 20:12). എന്തെന്നാൽ അവർ നിന്റെ കാരണവും ഈ മർത്ത്യലോകത്തിലേയ്ക്കുള്ള നിന്റെ ശാരീരിക ആഗമനത്തിന്റെ മദ്ധ്യസ്ഥരും ആകുന്നു. ആദ്ധ്യാത്മിക ജനനത്തെക്കുറിച്ചു വി. ഗ്രന്ഥം പറയുന്നു: "സുവിശേഷത്തിൽ ഞാൻ നിങ്ങളെ യേശുമിശിഹായിൽ ജനിപ്പിച്ചു" (1കൊറി. 4:15). അവർ ആദ്ധ്യാത്മികമായി കൃപാവരത്തിന്റെ സന്താനങ്ങളായിത്തീരുന്നതിനു വേണ്ടി അവർക്ക് കാരണവും അദ്ധ്യാപകനുമായിരുന്ന ഒരാളെന്ന നിലയിലാണ് ഇതു പറയുന്നത്. ഈ കാര്യങ്ങളെപ്പറ്റി സ്പഷ്ടമായി പ്രതിപാദിക്കുന്ന മറ്റനവധി ഭാഗങ്ങളുണ്ട്.

അതിനാൽ ഈ കാര്യങ്ങളെ സംബന്ധിച്ച് "നമ്മുടെ കർത്താവിന്റെ വചനത്താൽ ഞങ്ങൾ ഇപ്രകാരം കല്പി



ക്കുകയും ഉപദേശിക്കുകയും ചെയ്യുന്നു: ദൈവത്തിനു പ്രസാദകരമായ പ്രസ്തുത രണ്ടു ശാസനകളെയും സംബന്ധിച്ച് മേൽപറഞ്ഞ രണ്ടു വിഭാഗത്തിലും പെട്ടവർ ശ്രദ്ധയുള്ളവരായിരിക്കണം. മാതാപിതാക്കളോട് അവജ്ഞപ്രയുക്തമാകാതെയും പിറുപിറുക്കാതെയും ഇരിക്കണം. മക്കളും ശിഷ്യന്മാരും ദ്രോഹിക്കപ്പെടാതെയും തെറ്റിൽ വീഴാതെയും ഇരിക്കണം. ഈ അനുശാസനങ്ങൾ അനുസരിച്ചു പ്രവർത്തിക്കുന്നവരെ കർത്താവിന്റെ അനുഗ്രഹം സംരക്ഷിക്കട്ടെ. അങ്ങനെ ചെയ്യാത്തവർ ശാപത്തിനും ദൈവത്തിന്റെ പ്രതികാരത്തിനും അർഹരായിത്തീരും.

**അഞ്ചാം കാനോന:**

പുരോഹിതന്മാരെയും ഡീക്കന്മാരെയും പുതിയ ഉടമ്പടിയിലെ ബലിപീഠത്തിലെ ശുശ്രൂഷകരെയും സംബന്ധിച്ച്: അവരുടെ ശുശ്രൂഷയുടെ ഉന്നതമായ സ്ഥിതിക്കനുസൃതമായി അവർ തങ്ങളുടെ ജീവിതരീതികൾ ക്രമീകരിക്കണം:

സഭാപരമായ ശുശ്രൂഷയുടെ പ്രതീകങ്ങളിലും പ്രതിരൂപങ്ങളിലും നിന്നു ലഭിച്ച അധികാരം വഴി ആത്മവിശ്വാസത്തോടുകൂടെ സംസാരിക്കാൻ ഞങ്ങൾക്ക് അനുവാദമുണ്ട്. അതിനാൽ, ബലിപീഠത്തിലെ ശുശ്രൂഷകരായ പുരോഹിതന്മാർ നമ്മുടെ കത്താവിന്റെ ഛായയും സാദൃശ്യവും വഹിക്കുന്നു എന്നും സഭയിലെ ശുശ്രൂഷകരായ ഡീക്കന്മാർ യഥാർത്ഥ ഉന്നത പുരോഹിതന്റെ ശുശ്രൂഷകരായ ഉന്നതങ്ങളിലെ മാലാഖമാരുടെ ഛായയും സാദൃശ്യവും വഹിക്കുന്നു എന്നും ആത്മവിശ്വാസത്തോടെ പറയാൻ കഴിയും. കാരണം, ദൈവത്തെ പ്രസാദിപ്പിക്കുന്നവരും മനുഷ്യരുടെ പാപങ്ങൾ മോചിക്കുന്നവരും അനുസാണമുള്ള അദ്ധ്യാപകരും ആയിട്ടാണ് പുരോഹിതന്മാർ അവരുടെ പൗരോഹിത്യശുശ്രൂഷയിൽ നിയമിക്കപ്പെട്ടിട്ടുള്ളത്. പരിപൂർണ്ണമായ ഈ മൂന്നു കാര്യങ്ങൾ കൊണ്ട് അവർ അവരുടെ പൗരോഹിത്യത്തിന്റെ നിയമം പൂർത്തിയാക്കുന്നു. 'നിഴലായ' വസ്തുക്കളുടെ ശുശ്രൂഷകരായിരുന്ന പുരോഹിതന്മാരെക്കുറിച്ച് പഴയ ഉടമ്പടിയിലെ മദ്ധ്യസ്ഥൻ ഇക്കാര്യം പറഞ്ഞിട്ടുണ്ട്. എന്നാൽ അക്കാര്യം പൊരുളിന്റെ ശുശ്രൂഷകരായ പുരോഹിതന്മാരെ സംബന്ധിച്ചേടത്തോളം ഏറ്റവും യോജിക്കുന്നതാണ്:

www.malankaralibrary.com



''അവർ അവിടത്തെ കോപത്തിനും സംതൃപ്തിക്കും അനുസൃതമായി അവിടത്തെ ബലിപീഠത്തിൽ സുഗന്ധധൂപം അർപ്പിക്കും. അവർ യാക്കോബിനെ അവിടത്തെ വിധികളും ഇസ്രായേലിനെ അവിടത്തെ നിയമങ്ങളും പഠിപ്പിക്കും''. ഈ മൂന്നു വിധങ്ങളിലായി പുരോഹിതന്റെ പദവി എത്ര ഉന്നതമാണെന്ന് നിയമദായകൻ വ്യക്തമാക്കി. കോപം ജ്വലിക്കുമ്പോൾ അവരുടെ പ്രാർത്ഥനകളുടെ പരിമളം കൊണ്ട് അതു പ്രശമിതമാകുന്നു. ജനങ്ങൾ പാപം ചെയ്യുമ്പോൾ അവരുടെ ബലികളുടെ സംതൃപ്തിപ്പെടുത്തൽ കൊണ്ട് പാപങ്ങൾ മോചിക്കപ്പെടുന്നു. അദ്ധ്യാപനം ആവശ്യമാകുമ്പോൾ അവരുടെ മനസ്സു കവിഞ്ഞൊഴുകുകയും അവരുടെ നാവുകൾ നിയമദായകന്റെ നിയമങ്ങളുടെ ജ്ഞാനം ജനങ്ങൾക്കു പകർന്നുകൊടുക്കുകയും ചെയ്യുന്നു. നമ്മുടെ കർത്താവ് ഉടമ്പടികൾ പൂർത്തീകരിക്കുന്നവനും പരിപൂർണ്ണമായ കാര്യങ്ങളുടെ അദ്ധ്യാപകനും എന്ന നിലയിൽ, തന്റെ സുവിശേഷം പ്രസംഗിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരെ ''ഭൂമിയുടെ ഉപ്പും ലോകത്തിന്റെ പ്രകാശവും'' എന്നു വിളിച്ചു. കാരണം തെററിലായിരിക്കുന്നതുകൊണ്ടു സ്വാദുകെട്ടവരായ ആളുകളെ അവരുടെ അനാസ്വാദ്യത നീക്കി ഉപ്പ് എന്നപോലെ അവർ സുഖപ്പെടുത്തുന്നു. തെററിൽ അടിഞ്ഞുകിടക്കുന്നവർക്കു വെളിച്ചം എന്നപോലെ അവർ പ്രകാശം നൽകുന്നു. ആജ്ഞകളും ശാസനകളും നൽകുന്ന സന്ദർഭത്തിൽ അവിടുന്ന് അരുൾചെയ്തു: ഉപ്പിന്റെ ഉറ കെട്ടുപോയാൽ എന്തുകൊണ്ട് അതിന് വീണ്ടും ഉറയുണ്ടാകാൻ സാധിക്കും. അതു പുറത്ത് എറിയപ്പെടാനും ആളുകളാൽ ചവിട്ടപ്പെടാനും മാത്രമേ കൊള്ളുകയുള്ളു. വീണ്ടും അവിടുന്ന് ഭീഷണിയുടെ സ്വരത്തിൽ ഈ മുന്നറിയിപ്പു നൽകി: ''നിങ്ങൾക്കു നൽകപ്പെട്ടിരിക്കുന്ന വിവേചനാത്മകമായ ജ്ഞാനത്തിന്റെ പ്രകാശം നിങ്ങളുടെ വഞ്ചനയും കാപട്യവും ചീത്തകാര്യങ്ങളിലുള്ള തല്പര്യവും മൂലം അന്ധകാരമായിത്തീർന്നാൽ നരകത്തിൽ നിങ്ങൾക്കുവേണ്ടി സംവരണം ചെയ്യപ്പെട്ടിരിക്കുന്ന അന്ധകാരം എത്രയധികമായിരിക്കും?'' അതായത്, പഠിപ്പിക്കുകയും പാപങ്ങൾ മോചിക്കുകയും ചെയ്യുന്നവർ അബദ്ധമായും തലതിരിഞ്ഞ രീതിയിലും പെരുമാറിയാൽ ബോധമില്ലാത്തവരെ ആരു പഠിപ്പിക്കും, പാപികൾക്ക്



ആരു മോചനം നൽകും? മൗതികമായ രീതിയിൽ കർത്താവിന്റെ സാമ്യം വഹിക്കുന്നവരും പ്രതീകാത്മകമായി മാലാഖമാരുടെ സാമ്യം വഹിക്കുന്നവരും തങ്ങളുടെ വഴിയിലെ ചുവടുവയ്പുകൾ സ്വന്തം മാതൃകകളുടെ രീതിയിൽ ക്രമീകരിക്കുന്നില്ലെങ്കിൽ, അവർ സത്യത്തോടു ബന്ധമില്ലാത്തവരാണെന്നു ശുദ്ധാത്മാക്കൾ സംശയിക്കും. കാരണം, അയാൾ ഒരു മാതൃകാസംവാഹകനെ പ്രതിഫലിപ്പിക്കുന്നില്ല. അതിനാൽ അപ്പസ്തോലന്മാരുടെ ശിഷ്യന്മാർ അപ്പസ്തോലന്റെ ഈ കുററപ്പെടുത്തൽ അനുസ്മരിക്കട്ടെ: ''മററുള്ളവരെ പഠിപ്പിക്കുന്നവരായ നിങ്ങൾ നിങ്ങളെത്തന്നെ പഠിപ്പിക്കുന്നില്ലേ''? (റോമ 2:21) ''മററുള്ളവരോടു പ്രഖ്യാപനം നടത്തിയവനായ ഞാൻതന്നെ പുറംതള്ളപ്പെട്ടവനായിത്തീരരുതല്ലോ'' (1കൊരി. 9: 27).

ഇവയെക്കാളെല്ലാം കൂടുതൽ ഭീതിദായകമായ ഒരു കാര്യമുണ്ട്. ''എന്റെ സ്നേഹിതാ, കല്യാണവസ്ത്രങ്ങളില്ലാത്ത അവസ്ഥയിൽ ഇവിടെ പ്രവേശിക്കുവാൻ താങ്കൾക്ക് എങ്ങനെ കഴിഞ്ഞു? ഇയാളെ കൈകാലുകൾ ബന്ധിച്ച് പുറത്തുള്ള അന്ധകാരത്തിലേക്കു് എറിഞ്ഞുകളയുക'' (മത്താ. 22:12_13). അനേകം വൈദികരും ഡീക്കന്മാരും വലതുഭാഗം കൈവിടുകയും ഇടതുഭാഗം കൈയടക്കുകയും ചെയ്തിരിക്കുന്നതായി ഞങ്ങൾക്ക് അറിവുലഭിച്ചു. അവർ ശരീരത്തിന്റെ കാര്യം ശ്രദ്ധിക്കുന്നവരും ആത്മാവിന്റെ കാര്യം അവഗണിക്കുന്നവരുമായിത്തീർന്നിരിക്കുന്നു. തെററും അധാർമ്മികവുമായ വിധത്തിൽ അവർ സ്വീകാര തിരസ്കാരങ്ങൾ നടത്തിയിരിക്കുന്നു. അവർ അവരുടെ ചെയ്തികളിലും കണക്കുകൂട്ടലുകളിലും വഴിതെററിയവരായിരിക്കുന്നു. അവരിൽ പലരും തങ്ങൾക്കു ഭരമേല്പിക്കപ്പെട്ട ശുശ്രൂഷയ്ക്കു യോജിച്ചതായ ചാരിത്ര്യപൂർണ്ണവും ശ്രേഷ്ഠവുമായ ജീവിതശൈലിയിൽ നിന്നു വ്യതിചലിച്ചിരിക്കുന്നു. അവിശുദ്ധവും നിയമവിരുദ്ധവുമായ വിവാഹബന്ധങ്ങളിൽ അവർ ഏർപ്പെട്ടിരിക്കുന്നു. അവർ കാരണമായി പൗരോഹിത്യം അവജ്ഞയോടെ വീക്ഷിക്കപ്പെടുന്നു, ഭരണാധികാരം നിന്ദിക്കപ്പെടുന്നു, ക്രൈസ്തവവിശ്വാസം തന്നെ അനാദരിക്കപ്പെടുന്നു. ജനങ്ങളും പുരോഹിതന്മാരെപ്പോലെ ആയിത്തീരുന്നു. അദ്ധ്യാപകരുടെ കുത്തഴിഞ്ഞ ജീവിതം അദ്ധ്യാപനങ്ങളെത്തന്നെ ദുർബ്ബലമാക്കി.

www.malankaralibrary.com



അതിനാൽ മിശിഹായുടെ ശുശ്രൂഷകന്മാർക്കും ദാസന്മാർക്കും യോജിച്ച രീതിയിൽ ബഹുമാന്യമായ സമ്പ്രദായങ്ങളുടെ മാതൃകകളാൽ തങ്ങളുടെ ജീവിതരീതിയെ ആകെ അന്തസ്സാറതാക്കാൻ ബഹുമാന്യതയുള്ള എല്ലാ വിഭാഗങ്ങളിലും പെട്ടവരെ "നമ്മുടെ കർത്താവിൻെറ വചന"ത്താൽ ഞങ്ങൾ പഠിപ്പിക്കുകയും അവരോട് ആജ്ഞാപിക്കുകയും ചെയ്യുന്നു. സ്വയം കുററപ്പെടുത്താത്ത, മററുള്ളപ്പെട്ട വസ്തുക്കളോടുള്ള പരിചയം മൂലം പഴിക്കപ്പെടാത്ത, ലജ്ജയാൽ ആക്രമിക്കപ്പെടാത്ത, പരിഹാസത്താൽ സ്പർശിക്കപ്പെടാത്ത വിശ്വാസ്തമായ മനഃസാക്ഷിയോടു കൂടി അവർ ജീവിക്കണം. അവർ യുക്തിബോധമുള്ളവരായിരിക്കണം. ദൂഷിതരാകാതെ, തങ്ങൾക്ക ഭരമേല്പിക്കപ്പെട്ട ജനങ്ങൾക്ക് സ്വർഗ്ഗത്തിലേയ്ക്കു നയിക്കുന്ന വഴികളിൽ വഴികാട്ടികളായി മിശിഹായുടെ ദിനംവരെ അവരുടെ ശുശ്രൂഷയിലും ജീവിതരീതികളിലും നിലനിൽക്കണം. ഈ പറഞ്ഞ വിധത്തിൽ ആയിരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവർക്ക് നമ്മുടെ കർത്താവിൻെറ ദിനത്തിൽ വളരെ ആത്മവിശ്വാസമുണ്ടായിരിക്കും. എന്നാൽ ധിക്കാരികളായിരിക്കാൻ ധൈര്യപ്പെടുന്നവർക്ക് യുഗങ്ങളുടെ വിധികർത്താവിൻെറ സന്നിധിയിൽ ശിക്ഷാവിധിയും ശാപവും സംവരണം ചെയ്യപ്പെട്ടിരിക്കുന്നു.

**ആറാം കാനോന:**

വിശുദ്ധസ്ഥലത്തെ പാത്രങ്ങൾ കയ്യടക്കാനും പള്ളികളുടെയും സന്യാസാശ്രമങ്ങളുടെയും ഹോസ്റ്റലുകളുടെയും മെത്രാസനങ്ങളുടെയും സമ്പത്തു കൊള്ളയടിക്കാനും ഉദ്യമിക്കുന്ന വൈദികരെയും ഡീക്കന്മാരെയും കുറിച്ച്:

വിശ്വസനീയരായ ആളുകൾ താഴെ പറയുന്ന കാര്യങ്ങൾ പിതാക്കന്മാരുടെ കൗൺസിലിൽ റിപ്പോർട്ടുചെയ്തു; ബഹുമാന്യതയുടെ വിശിഷ്ടകുപ്പായം അണിയുന്നവരും വൈദികരുടെയും ഡീക്കന്മാരുടെയും പദവികൾ വഹിക്കുന്നവരുമായ ചിലരുണ്ട്. പുറമേ അവർക്ക് യഥാർത്ഥ വൈദികരുടെയും ഡീക്കന്മാരുടെയും രൂപവും അലങ്കാരവുമുണ്ടെങ്കിലും അവർ അവരുടെ പ്രവർത്തനങ്ങളാൽ അവരുടെ പദവികൾക്ക് അന്യരാണ്. അവർ വിശുദ്ധപാത്രങ്ങൾ



ആഗ്രഹിക്കുകയും പുറജാതികൾക്ക യോജിച്ച വിധത്തിൽ ആ പാത്രങ്ങൾ തട്ടിക്കൊണ്ടുപോകുകയും ചെയ്യുന്നു. ദൈവത്തിൻെറ ശിക്ഷാവിധിയെക്കുറിച്ചോ സുവിശേഷ പ്രസംഗകൻെറ ഉപാലംഭം നിറഞ്ഞ ഈ ഉദീരണത്തെക്കുറിച്ചോ അവർക്ക് അല്പവും ഭയമില്ല; "വിഗ്രഹങ്ങളെ വെറുക്കുന്ന നിങ്ങൾ വിശുദ്ധസ്ഥലത്തെ കൊള്ളയടിക്കുന്നുവോ?" (റോമ. 2:22).

ഇനി വേറൊരു കൂട്ടം പുരോഹിതന്മാരും വിശ്വാസികൾ എന്ന കപടനാമം ധരിക്കുന്നവരുമുണ്ട്. അവർ പള്ളികളുടെയും മെത്രാസനങ്ങളുടെയും സമ്പത്ത് കൊള്ളയടിക്കുന്നു. കണ്ടുപിടിക്കപ്പെടുമ്പോൾ അവർ കള്ളപ്രമാണങ്ങൾ കെട്ടിച്ചമയ്ക്കുന്നു. ദൈവികസ്ഥാപനങ്ങൾക്ക നൽകപ്പെട്ട ഭൂമി മുന്തിരിത്തോട്ടങ്ങൾ, തുടങ്ങിയവയെല്ലാം അത്തരം പ്രമാണങ്ങൾ വഴി അവർ സ്വന്തംപേരിലോ സ്വന്തം മക്കളുടെ പേരിലോ ആക്കിത്തീർക്കുന്നു. വിശ്വാസികൾ ദൈവികസ്ഥാപനങ്ങൾക്ക ദാനമോ സ്തോത്രകാഴ്ചയോ ആയി സമർപ്പിക്കുന്ന പണംകൊണ്ടു വാങ്ങുന്ന വസ്തുക്കൾ അവർ സ്വന്തം പേരിലാക്കുന്നു. വിശ്വാസികൾ സ്വന്തം പാപങ്ങളുടെ പ്രക്ഷാളനത്തിനു വേണ്ടി സമർപ്പിക്കുന്ന ധനമാണ് ഇക്കൂട്ടർ ഇങ്ങനെ ദുർവിനിയോഗം ചെയ്യുന്നതു്. അവർ ഇപ്രകാരം മോഷ്ടിക്കുകയും കൊള്ളയടിക്കുകയും ചെയ്യുന്നതു് ദൈവത്തിൻെറ കയ്യിൽ നിന്നത്രേ. അവർക്ക് അതിൽ കലുക്കമില്ല. കുററബോധം അവരുടെ ഹൃദയങ്ങളെ ബാധിക്കുന്നുമില്ല.

സ്വന്തം നാശത്തിൽ ഉത്സാഹശാലികളായ ഈ ധിക്കാരികളെ— തഥാകഥിത "പുരോഹിത"ന്മാരും അന്തഃസാര വിഹീനരായ "വിശ്വാസികളും ആയവരെ—ഞങ്ങൾ പ്രബോധിപ്പിക്കുകയും കുററപ്പെടുത്തുകയും ചെയ്യുന്നു. ദൈവത്തിനുവേണ്ടി സമർപ്പിക്കപ്പെട്ട വസ്തുക്കൾ അവരുടെ കൈവശമുള്ളതു് ഉടൻ തന്നെ തിരിച്ചു കൊടുക്കാൻ "നമ്മുടെ കർത്താവിൻെറ വചന"ത്താൽ ഞങ്ങൾ ആജ്ഞാപിക്കുന്നു. ത്വരിതമായ ശിക്ഷ തലയിൽ വീഴുംമുമ്പ് വിശുദ്ധസ്ഥലങ്ങളുടെവക വസ്തുക്കൾ അവർ തിരിച്ചേൽപിക്കട്ടെ.

www.malankaralibrary.com



സാധനങ്ങൾ വാങ്ങിയതു് പുരോഹിതന്മാരുടെയോ വിശ്വാസികളുടെയോ പേരിലാണെങ്കിൽ, അഥവാ, ദൈവികവാസസ്ഥലങ്ങളുടെ പേരിൽ വസ്തുക്കൾ വാങ്ങിയതു സംബന്ധിച്ച പ്രമാണങ്ങൾ ഏതെങ്കിലും ക്രൈസ്തവരുടെ കൈവശമുണ്ടെങ്കിൽ, അവർ ആ വസ്തുക്കളും പ്രമാണങ്ങളും പ്രസ്തുത സ്ഥാപനങ്ങളെ തിരിച്ചേൽപ്പിക്കട്ടെ. അവർ വേറൊരു തരത്തിലും പ്രവർത്തിക്കരുതു് എന്നു് ''നമ്മുടെ കർത്താവായ മിശിഹായുടെ വചന''ത്താൽ ഞങ്ങൾ ആജ്ഞാപിക്കുന്നു. ചിലപ്പോൾ ദൈവാലയത്തിനും അനുബന്ധ സ്ഥാപനങ്ങൾക്കും വേണ്ടിയുള്ള വസ്തുവകകൾ വിശ്വാസികൾ അവരുടെ സ്വന്തം പേരിലോ മക്കളുടെ പേരിലോ വാങ്ങിയിട്ടുണ്ടാവും. ഇതു് അത്യാഗ്രഹം മൂലം തന്ത്രപരമായി ചെയ്തതാകാം, അല്ലെങ്കിൽ, സഭാസ്നേഹികൾ എന്ന നിലയിൽ ഉത്തമ വിശ്വാസത്തോടുകൂടി ചെയ്തതാകാം. ഏതു വിധത്തിലായാലും അവർ അവയ്ക്കു് ഒഴിമുറി പ്രമാണങ്ങൾ എഴുതുകയും അവയും വാങ്ങൽ സംബന്ധിച്ച പ്രമാണങ്ങളും വസ്തുക്കൾ സഹിതം ദേവാലയങ്ങളിൽ ഏല്പിക്കുകയും വേണം. ഈ കാര്യങ്ങളെല്ലാം തർക്കം കൂടാതെയും സ്ഥലത്തെ അധികാരിയായ മെത്രാന്റെ അറിവോടുകൂടിയും ചെയ്യേണ്ടതാണ്. മറ്റേതെങ്കിലും വിധത്തിൽ പ്രവർത്തിക്കുന്നതു് ''നമ്മുടെ കർത്താവായ മിശിഹായുടെ നാമത്തിൽ,'' ഞങ്ങൾ വിലക്കുന്നു. ഇനിമേൽ വിശുദ്ധ ഭവനങ്ങൾക്കു വേണ്ടി ഏതു വസ്തു വാങ്ങിയാലും അതു ആ വിശുദ്ധഭവനത്തിന്റെ പേരിൽത്തന്നെ വാങ്ങേണ്ടതാണ്. അതു സാധ്യമല്ലാത്ത സാഹചര്യങ്ങളിൽ—വസ്തു ഇടപാടു കാര്യങ്ങളിൽ നല്ല പരിചയമില്ലാത്തതു കൊണ്ടാണ് ഞങ്ങൾ ഇങ്ങനെ പറയുന്നതു്—മറ്റാരുടെയെങ്കിലും പേരിൽ വസ്തുക്കൾ വാങ്ങിയാൽ ഉടനെതന്നെ അതിന്റെ ഉടമസ്ഥത സംബന്ധിച്ച ഒരു ഒഴിമുറിപ്രമാണം എഴുതി മുദ്രവയ്ക്കേണ്ടതാണ്. പള്ളിയുടെയോ സന്യാസാശ്രമത്തിന്റെയോ വകയായിട്ടുള്ള ഏതു് വസ്തുവും ആ പള്ളിയിലോ ആശ്രമത്തിലോ സുരക്ഷിതമായ ഒരു സ്ഥാനത്തു സൂക്ഷിച്ചു വയ്ക്കേണ്ടതാണ്. അല്ലെങ്കിൽ മിശിഹായുടെ ദിനത്തെക്കുറിച്ചു ചിന്തിക്കുകയും അതിനെ ഭയപ്പെടുകയും ചെയ്യുന്ന സത്യസന്ധനായ ഒരു വ്യക്തിയുടെ വീട്ടിൽ സൂക്ഷിക്കണം. മറ്റൊരു തരത്തിൽ



പ്രവർത്തിക്കാൻ ഒരു ക്രൈസ്തവനും അനുവാദമില്ലെന്നു് 'മിശിഹായുടെ വചനത്താൽ' ഞങ്ങൾ അറിയിക്കുന്നു. ഇതിനെതിരായി ആരെങ്കിലും പ്രവർത്തിച്ചാൽ അവന്റെമേലും അവന്റെ ഭവനത്തിന്മേലും ദൈവകോപം എന്നേക്കും ഉണ്ടായിരിക്കട്ടെ.

**ഏഴാം കാനോന:**

തങ്ങളുടെ സമ്പത്തിന്റെ ഒരു ഭാഗം വിശുദ്ധ ഭവനങ്ങളിലൂടെ ദൈവത്തിനു നൽകുന്ന കാരണവന്മാരുടെ മരണപത്രികവഴിയുള്ള ദാനങ്ങളെ തെററായ വിധത്തിൽ കൈകാര്യം ചെയ്യുന്ന അവകാശികളെക്കുറിച്ചു്.

നിത്യസമ്മാനങ്ങൾക്കുള്ള മറേറലോകം കാത്തിരിക്കുന്നു എന്നു, ദൃഢമായ വിശ്വാസമുള്ളവർ ശരിയായി മനസ്സിലാക്കുന്നു. അവർ തങ്ങളുടെ സമ്പത്തിന്റെ ഒരു ഭാഗം ദൈവത്തിനായി മാററിവയ്ക്കുന്നു. ദൈവാലയങ്ങൾ, സന്യാസാശ്രമങ്ങൾ, ആസ്പത്രികൾ, വിദ്യാലയങ്ങൾ, മെത്രാസനങ്ങൾ തുടങ്ങിയവ നിർമ്മിക്കുന്നതിനോ പുഷ്ടിപ്പെടുത്തുന്നതിനോ സംരക്ഷിക്കുന്നതിനോ വേണ്ടിയായിരിക്കും അവർ അങ്ങനെ സമ്പത്തു നീക്കിവയ്ക്കുന്നതു്. തങ്ങളുടെ പാപങ്ങളുടെ ക്ഷാളനത്തിനും ആത്മാക്കളുടെ മോചനത്തിനും ബന്ധുജനങ്ങളുടെ സംരക്ഷണത്തിനും വേണ്ടിയാണ് അവർ അങ്ങനെ ചെയ്യുന്നതു്. തങ്ങളുടെ നിക്ഷേപങ്ങൾ ദൈവത്തിന്റെയും അവിടുത്തെ ദാസന്മാരുടെയും കൈകളിൽ ഏല്പിക്കപ്പെട്ടിരിക്കുന്നു എന്ന വിശ്വാസത്തോടെ അവർ അങ്ങനെ ചെയ്യുന്നു. അതായതു്, അനശ്വരസമ്പത്തിനു വേണ്ടി നശ്വരമായ സമ്പത്തു് അവർ നിക്ഷേപിക്കുന്നു. അങ്ങനെ ചെയ്തിട്ട് അവർ ഈ ലോകത്തുനിന്നു പിരിഞ്ഞു് സ്വർഗ്ഗം പ്രാപിക്കുന്നു. എന്നാൽ കാരണവന്മാർക്കു ശേഷം ഉടമസ്ഥത കൈവശപ്പെടുത്തുന്ന അവിശ്വസ്തരായ അവകാശികൾ സാദരസ്മരണാർഹരായ കാരണവന്മാരുടെ മരണപത്രങ്ങളെ റദ്ദുചെയ്തുകളയുന്നു. ദൈവത്തിനുവേണ്ടി മാററി വച്ചിരിക്കുന്ന സമ്പത്തു് തട്ടിയെടുത്തുകൊണ്ട് അവർ ദൈവത്തെ വഞ്ചിക്കുന്നു. രാജാക്കന്മാരുടെയും രാജാക്കന്മാരല്ലാത്തവരുടെയും ലോകത്തിലെ നേതാക്കളുടെയും കർത്താവായ ദൈവത്തിനായി നൽകപ്പെട്ടവ മാററിക്കളയാനും നിർത്തലാക്കാനും അവർ

www.malankaralibrary.com



പ്രേരിതരാകുന്നു. ഇത്തരം വഞ്ചനയ്ക്കെതിരായി പഴയ കാലത്തെ പിതാക്കന്മാരുടെ നിയമങ്ങളിൽ ശാപം സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ''അപ്പസ്തോല പ്രവർത്തനങ്ങൾ'' എന്ന ദിവ്യ ഗ്രന്ഥത്തിൽ ഹനനിയാസിനെയും അയാളുടെ ഭാര്യയായ സഫീറായെയും സംബന്ധിച്ച ആഖ്യാനത്തിൽ ഈ വിഷയം പരാമൃഷ്ടമാകുന്നു. അവർ തങ്ങളുടെ സമ്പത്ത് ദൈവത്തിനായി നീക്കിവച്ചു. സ്വത്ത് വിറ്റുകിട്ടിയ പണത്തിന്റെ ഒരു ഭാഗം അവർ ശ്ലീഹന്മാരുടെ മുമ്പിൽ സമർപ്പിച്ചു, ഒരു ഭാഗം അവർ ഒളിച്ചുവച്ചു. ദൈവത്തിന്റെ ആത്മാവിനെ പരീക്ഷിക്കാനുള്ള വഞ്ചനാപരമായ ലക്ഷ്യത്തിൽ അവർ യോജിച്ചു. എന്നാൽ ആ വഞ്ചന മറഞ്ഞിരുന്നില്ല. പന്ത്രണ്ടു ശ്ലീഹന്മാരുടെ തലവനായ ''സത്യപാറ'' ആ വഞ്ചന വെളിപ്പെടുത്തി. അപ്പസ്തോലന്റെ തീരുമാനമാകുന്ന ദൈവിക ശിക്ഷാവിധിയിലൂടെ സംഭവിച്ച ആകസ്മികവും ഭീതിജനകവുമായ മരണത്താൽ ആ മനുഷ്യനും അയാളുടെ ഭാര്യയും അവരുടെ മോഷണത്തിനു പ്രായശ്ചിത്തം ചെയ്തു. നൽകുകയും പിന്നീട് അതിൽ നിന്നു മോഷ്ടിക്കുകയും ചെയ്തവർ ശിക്ഷാവിധിയിൽ നിന്ന് രക്ഷപെട്ടില്ലെങ്കിൽ— ഒരിക്കൽ വേർതിരിക്കപ്പെടുകയും ദൈവത്തിങ്കലേയ്ക്ക് ഉയർത്തപ്പെടുകയും ചെയ്ത ഒരു സമർപ്പിത വസ്തുവാണ് അവർ മോഷ്ടിച്ചത്— കൊടുക്കാതിരിക്കുകയും വിശ്വസിച്ചേല്പിക്കപ്പെട്ട മുതൽ വഞ്ചിച്ചെടുക്കാനും സ്വന്തമാക്കാനും ഉദ്യമിക്കുകയും ചെയ്യുന്നവർക്കുള്ള ശിക്ഷ എത്രയധികമായിരിക്കും?

അതിനാൽ പിതാക്കന്മാരുടെ സിനഡ് ശാപവും സ്വർഗ്ഗീയമായ ശിക്ഷാവിധിയും സഹിതം ഇങ്ങനെ ആജ്ഞാപിച്ചിരിക്കുന്നു: മരിച്ചുപോയ കാരണവന്മാരുടെ മരണപത്രത്തിലെ നിർദ്ദേശങ്ങളെ—അതുമൂലം സ്ത്രീധനത്തിന്റെ ബാദ്ധ്യതകൾ നിറവേറ്റപ്പെടാതിരിക്കുകയോ ഉത്തമർണ്ണന്മാരോടുള്ള ബാദ്ധ്യതയ്ക്കു ഭംഗം വരുകയോ ചെയ്യുന്നില്ലെങ്കിൽ— അനാദരിക്കുന്ന ഏതു ക്രിസ്ത്യാനിയും ചെയ്യുന്നത് ദൈവിക ഭവനങ്ങളെയും പാവപ്പെട്ടവരെയും വഞ്ചിക്കുകയും അവയുടെ അവകാശങ്ങൾ നിഷേധിക്കുകയുമാണ്. യഥാർത്ഥ വിശ്വാസികൾ പൈതൃകമായി മാറ്റിവച്ച സമ്പത്താണ് ഇപ്രകാരം അപഹരിക്കുന്നത്. ഇങ്ങനെ ചെയ്തിട്ടുള്ളവർ പ്രസ്തുത സമ്പത്ത് സ്വന്തം അധീനതയിൽ വച്ചുകൊണ്ടിരിക്കുകയോ സന്താനങ്ങൾക്ക് പൈതൃകമായി നൽകുകയോ ചെയ്യരുത്. അങ്ങനെ ചെയ്യുന്നവർ മിശിഹായുടെ വചനത്താൽ അന്യരും ശപിക്കപ്പെട്ടവരും ആയിത്തീരും. പിതാക്കന്മാർ മോചിപ്പിച്ച അടിമകളെ വീണ്ടും അടിമത്തത്തിൽ ആക്കുന്നവരെ സ്വതന്ത്ര മനുഷ്യരെ മോഷ്ടിച്ച് അടിമകളായി വിൽക്കുന്നവരെപ്പോലെ സഭ ബഹിഷ്ക്കരിക്കുകയും തിരസ്ക്കരിക്കുകയും ചെയ്യും. മുകളിൽ പറഞ്ഞ എല്ലാ കാര്യങ്ങളെയും സംബന്ധിച്ച ഒരു പ്രഖ്യാപനം വായിക്കപ്പെടുന്നതാണ്.



## എട്ടാം കാനോന:

സഭയിലെ പ്രാർത്ഥനകളെ അവജ്ഞാപൂർവ്വം വീക്ഷിക്കുന്നവരെയും മിശിഹായുടെ രഹസ്യങ്ങളുടെ സ്വീകരണത്തെ പരിഹസിക്കുന്നവരെയും സന്യാസികൾ എന്ന കപടവേഷത്തിൽ ഭവനരഹിതരായി ചുറ്റിനടക്കുകയും തങ്ങളുടെ ചുറ്റും സ്ത്രീകളെ കൊണ്ടുനടക്കുകയും ചെയ്യുന്നവരെയും ഒരേ ആശ്രമത്തിൽ ഒന്നിച്ചുതാമസിക്കുന്ന സ്ത്രീപുരുഷന്മാരെയും കുറിച്ച്:

വിവേകികളായ ആളുകൾ താഴെ പറയുന്ന കാര്യങ്ങൾ സിനഡിന്റെ ശ്രദ്ധയിൽപ്പെടുത്തി: ചിലയാളുകൾ നസ്രായവ്രതക്കാർ, സന്യാസികൾ, താപസർ തുടങ്ങിയവരുടെ ബഹുമാന്യമായ വേഷങ്ങൾ വഞ്ചനാപരമായി ധരിച്ചുകൊണ്ടു നടക്കുന്നു. സ്ഥിരമായ വാസസ്ഥലമില്ലാതെ അവർ അലഞ്ഞു നടക്കുന്നു. ഗ്രാമങ്ങളിലും നഗരങ്ങളിലും കൂടെ അവർ നീങ്ങുന്നു. ഉപവാസം, പ്രാർത്ഥന, വിശുദ്ധ രഹസ്യങ്ങളുടെ സ്വീകരണം തുടങ്ങിയവയെ അവർ പരിഹസിക്കുന്നു. വേറെ ചിലർ കുറെക്കൂടെ നികൃഷ്ടമായ തട്ടിപ്പു നടത്തുന്നവരാണ്. അവർ ഉന്നത നിലയിലുള്ള വസ്ത്രം ധരിച്ച സ്ത്രീകളെ തങ്ങളുടെ കൂടെ കൊണ്ടു നടക്കുന്നു. ഒരേ സന്യാസ ഭവനത്തിൽ സ്ത്രീപുരുഷന്മാർ ഒരുമിച്ചു താമസിക്കുന്ന രീതിയും ഉണ്ട്. ഇത്തരം തട്ടിപ്പുകളും കുത്തഴിഞ്ഞ സമ്പ്രദായങ്ങളും മൂലം വിശ്വാസികൾ ഇടറിപ്പോകുന്നു, അവിശ്വാസികൾ പരിഹസിക്കുന്നു, ബോധനം നിഷ്ഫലമായി ഭവിക്കുന്നു.

അതിനാൽ സിനഡ് താഴെ പറയുംവിധം തീരുമാനിക്കുകയും ''ദൈവവചന''ത്താൽ ആജ്ഞാപിക്കുകയും ചെയ്യുന്നു:

www.malankaralibrary.com



ബഹുമാന്യമായ കുപ്പായങ്ങൾ ധരിക്കുകയും നസ്രായവ്രതക്കാരെപ്പോലെ ദാരിദ്ര്യത്തിൽ ജീവിക്കാൻ ആഗ്രഹിക്കുകയും ചെയ്യുന്നവർ അവരുടെ പിതാവിന്റെ ഭവനത്തിലോ പള്ളിയിലെ വൈദികന്റെ ഭവനത്തിലോ സമീപത്തുള്ള സന്യാസാശ്രമത്തിലോ അവർക്കുവേണ്ടി പ്രത്യേകമായ ഒരു വാസസ്ഥലം ക്രമീകരിക്കണം. എന്നാൽ പഠനത്തിലുള്ള താൽപര്യംമൂലം വിശുദ്ധലിഖിതങ്ങളിൽ ബോധനം നടക്കുന്ന സ്ഥലങ്ങളിലേക്കു പോകാൻ അവർ ഉത്സുകരാവുകയാണെങ്കിൽ അവർ സ്വന്തം രൂപതയിലെ മെത്രാനിൽ നിന്നു് "സമാധാനക്കത്തുകൾ" സമ്പാദിക്കണം. തലതിരിഞ്ഞ സമ്പ്രദായങ്ങളിൽനിന്നും പാപത്തിനു പ്രേരകമായ അലഞ്ഞുതിരിയലിൽ നിന്നും മനസ്സിനെ നിവർത്തിപ്പിക്കുന്നതിനായി അവർ പ്രാർത്ഥനയിലും സഭയുടെ ഉപവാസത്തിലും പാപവിമോചകമായ ദിവ്യരഹസ്യങ്ങളുടെ സ്വീകരണത്തിലും നിരന്തരമായി ഏർപ്പെടണം. അങ്ങനെ അവർ ശ്ലൈഹികവും പൈതൃകവുമായ നിയമങ്ങളുടെ നുകത്തിനു കീഴിലേയ്ക്കു സമാനീതരാകും. വൈദികമേലദ്ധ്യക്ഷന്റെ കീഴിലുള്ള വൈദികരായിട്ടോ, അദ്ധ്യേതൃപ്രധാനികളുടെ കീഴിലുള്ള അദ്ധ്യേതാക്കളായിട്ടോ, ലജ്ജയില്ലാതെ കരകൗശല വേലകൾ ചെയ്യുന്നവരായിട്ടോ ആക്ഷേപത്തിനിടയില്ലാത്ത അദ്ധ്വാനം ചെയ്യുന്നവരായിട്ടോ അവർ വിധേയത്വത്തോടെ ജീവിക്കട്ടെ. ഉപവാസം, പ്രാർത്ഥന, വിശുദ്ധരഹസ്യങ്ങളുടെ സ്വീകരണം എന്നിവയെ ക്രൈസ്തവരാരും പരിഹസിക്കരുതെന്നു് "ദൈവവചനത്താൽ" ഞങ്ങൾ ആജ്ഞാപിക്കുന്നു. സഭാപരമായ കല്പനകളെയും പരിഹസിക്കാൻ പാടില്ല. ആരും സ്ത്രീയെക്കൂടെ കൊണ്ടുനടക്കുകയോ അവളോടൊത്തു് ഒരു സന്ന്യാസാശ്രമത്തിലോ മുനിയറയിലോ താമസിക്കുകയോ ചെയ്യാൻ പാടില്ല. സ്ത്രീകളുടെ സന്ന്യാസഭവനങ്ങളിൽ പുരുഷന്മാർ താമസിക്കാൻ പാടില്ല. ഈ കാര്യങ്ങളെല്ലാം "ദൈവവചന"ത്താൽ ഞങ്ങൾ ആജ്ഞാപിക്കുകയാണ്. മറിച്ച് ആരെങ്കിലും ചെയ്യുന്നതായി കണ്ടുപിടിക്കപ്പെട്ടാൽ അയാൾ അനർഹമായി എടുത്തണിഞ്ഞിട്ടുള്ള ബഹുമാന്യമായ കുപ്പായം അയാളെക്കൊണ്ടു് ഊരിക്കുകയും സഭയിൽനിന്നു് അയാളെ അകററുകയും ചെയ്യും. അയാളെ ഏതെങ്കിലും വിധത്തിൽ സഹായിക്കുകയോ അയാളു-



മായി സഹകരിക്കുകയോ ചെയ്യുന്ന എല്ലാവരും ശപിക്കപ്പെട്ടവരായിരിക്കും. അങ്ങനെ സഹായിക്കുന്നവരുടെ മേലും സഹായിക്കപ്പെടുന്നവരുടെ മേലും ദൈവകോപം ഉണ്ടായിരിക്കട്ടെ. കുത്തഴിഞ്ഞ സമ്പ്രദായങ്ങളിൽ നിന്നു പിന്തിരിയുകയും മുകളിൽ പറഞ്ഞ കല്പനകൾ അനുസരിക്കുകയും ചെയ്യുന്നതുവരെ അവർക്കു മാപ്പു ലഭിക്കാതിരിക്കട്ടെ. സ്ത്രീകളുടെ സന്യാസാശ്രമത്തിൽ വസിക്കുന്ന പുരുഷന്മാരും പുരുഷന്മാരുടെ സന്യാസാശ്രമത്തിൽ വസിക്കുന്ന സ്ത്രീകളും കുറെ സമയത്തേയ്ക്കു് സുരക്ഷിതമായ ഒരു സ്ഥലത്തു് പാർപ്പിക്കപ്പെടണം. തത്വദീക്ഷയില്ലായ്കയുടെ സംശയത്തിൽ നിന്നകന്നു് കുറെസമയം അവർ അവിടെ കഴിയട്ടെ.— ഇങ്ങനെ വസിക്കുന്ന സമയം ആവശ്യമനുസരിച്ചു് ഒരു രാത്രിയോ ഒരു ദിവസമോ ആകാം. ഇപ്രകാരം ദൈവത്തിന്റെ നാമവും അവിടത്തെ ബോധനവും ദൂഷണവിമുക്തമാകട്ടെ. ഇത്തരം ആളുകൾ അതതു സ്ഥലത്തെ മെത്രാന്റെ മേൽനോട്ടത്തിൽ തിരുത്തപ്പെടണം. മെത്രാന്മാർ അനുസരണമുള്ള മക്കളെ എന്നവിധം അവരെ തിരുത്തുകയോ അനുസരണമില്ലാത്ത മക്കളെ എന്നവിധം അവരെ പുറത്താക്കുകയോ ചെയ്യട്ടെ.

**ഒമ്പതാം കാനോന:**

ഞായറാഴ്ചകളിലെയും തിരുനാളുകളിലെയും സഭാപരമായ സമ്മേളനങ്ങൾ ഭഞ്ജിക്കുകയും സാധാരണ ജനങ്ങളെ നിഷ്ഠയില്ലായ്മയും അലഞ്ഞുതിരിയലും പഠിപ്പിക്കുകയും ചെയ്യുന്ന സന്യാസാശ്രമങ്ങളെയും സന്യാസികളുടെ മററു വാസസ്ഥലങ്ങളെയും കുറിച്ചു്:

നമ്മുടെ പ്രകൃതിയുടെ ശത്രുവായ സാത്താൻ സഭയുടെ ശുദ്ധഗതിക്കാരായ മക്കളുടെ മനസ്സുകളിൽ ചിന്താക്കുഴപ്പം ഉണ്ടാക്കുന്നതിനു് സകല വിധത്തിലും ശ്രമിക്കുന്നു; വഴിതെററിക്കുന്നവരുടെ കാപട്യപൂർണ്ണമായ ചാതുര്യങ്ങൾ ഉപയോഗിച്ചു് അവരെ നശിപ്പിക്കാൻ ഉത്സാഹിക്കുന്നു. നസ്രായവ്രതവും സന്യാസവും ആദരണീയങ്ങൾ തന്നെ. ധീരാത്മാക്കൾ അതിന്റെ നിയമങ്ങൾ അനുസരിച്ചു് അതിന്റെ ഉത്തമമാതൃകകൾ ആവിഷ്കരിക്കുന്നുണ്ടു്. സഭയുടെ ശത്രു ഈ പ്രസ്ഥാനത്തെ ദൂഷിപ്പിക്കുകയും ആത്മീയമായി കുത്തഴിഞ്ഞ

www.malankaralibrary.com



സ്വഭാവം കൊണ്ട് അതിനെ സഭാഭവനത്തിലെ അംഗങ്ങൾക്ക് മാർഗ്ഗവിഘ്നവും പുറത്തുള്ളവർക്ക പരിഹാസവിഷയവും ആക്കിത്തീർക്കുകയും ചെയ്യുന്നു. ഈ വിഷയത്തിൽ, സിനഡിൽ താഴെ പറയുന്ന വിവരം ലഭിച്ചു: അസ്സീറിയായിലും സമീപപ്രദേശങ്ങളിലും ചില സന്യാസാശ്രമങ്ങൾ ഉണ്ട്. ഗ്രാമങ്ങൾക്ക പുറത്തു സ്ഥാപിക്കപ്പെട്ടിരിക്കുന്ന അവയിൽ ചിലവ പുരുഷന്മാർക്കും മററു ചിലവ സ്ത്രീകൾക്കും വേണ്ടിയുള്ളവയാണ്. എന്നാൽ രണ്ടിലും സ്ത്രീകളും പുരുഷന്മാരും മ്ലേച്ഛം ആയ വിധത്തിലും പരിസരവീക്ഷണം ഇല്ലാതെയും കയറിയിറങ്ങുന്നു. ഇതിനു പുറമെ, ഒരു പ്രത്യേക സ്ത്രീ താമസിക്കുന്ന ഒരു കുടിലുമുണ്ട്. പല പുരുഷന്മാരും പലപ്പോഴും അവളോടൊത്ത് അവിടെ പ്രവേശിക്കുകയും പുറത്തുപോകുകയും ചെയ്യുന്നതായി പിടിക്കപ്പെട്ടിട്ടുണ്ട്. അവരെ സംബന്ധിച്ച് അനാശാസ്യതയുടെ സംശയം ഉണ്ട്. അത് നസ്രായവ്രതക്കാർക്ക ചേരുന്നതല്ല.

അതിനാൽ സ്വർഗ്ഗീയമായ അധികാരം അനുസരിച്ചും മുമ്പിലത്തെ കാനോനയിൽ ഞങ്ങൾ നിർദ്ദേശിച്ചിട്ടുള്ള നിയമത്തിന് അനുസൃതമായും ഞങ്ങൾ തീർപ്പു കൽപ്പിക്കുന്നു; ഒരു സ്ത്രീ തനിയെ ഒരു കുടിലിലോ ഒരു മഠത്തിലോ താമസിക്കാൻ പാടില്ല. സാധിക്കുമെങ്കിൽ സ്ത്രീകൾക്ക് അത്തരം പാർപ്പിടം തന്നെ ഉണ്ടാകാൻ പാടില്ല. എന്നാൽ ഉണ്ടായിരുന്നു അഥവാ ഉണ്ട് എങ്കിൽ ഒരു പാർപ്പിടത്തിൽ അനവധി സ്ത്രീകൾ താമസിക്കണം. ഏററവും കുറഞ്ഞത് നാലോ അഞ്ചോ പേർ വേണം. അങ്ങനെ ആവുമ്പോൾ നസ്രായവ്രതത്തിന് യോജിച്ച സാമൂഹ്യ സമ്പർക്കംകൊണ്ടു സ്ത്രീകളുടെയിടയിൽ കുത്തഴിഞ്ഞ സമ്പ്രദായം അവസാനിപ്പിക്കാൻ കഴിയും. വിനയപൂർണ്ണമായ ഈ നിയമം ലംഘിക്കാൻ ഉദ്യമിക്കുന്നവർ ആരായാലും അയാൾ "മിശിഹായുടെ വചനത്താൽ" ശപിക്കപ്പെടും.

കർത്താവിന്റെ ശരീര രക്തങ്ങൾ വിതരണം ചെയ്യപ്പെടുന്ന ഞായറാഴ്ചകളിലും തിരുനാളുകളിലും സഭയുടേതായ സമ്മേളനങ്ങൾ വിട്ടുപോകാനും സന്യാസാശ്രമങ്ങളിലും കുടിലുകളിലും അലഞ്ഞു നടക്കാനും ആർക്കും അനുവാദമില്ല.



എന്നാൽ ഒരാൾ സന്യാസാശ്രമങ്ങളിലോ കുടിലുകളിലോ പോയി പ്രാർത്ഥിക്കുന്നതിനോ കാഴ്ചകൾ സമർപ്പിക്കുന്നതിനോ ആഗ്രഹിക്കുന്നുണ്ടെങ്കിൽ അത് കത്തോലിക്കാസഭയിലെ അർപ്പണത്തിന്റെയും നേർച്ചകാഴ്ചകളുടെയും ദിവസങ്ങളായ കർതൃദിവസങ്ങളിലല്ലാതെ സാധാരണ ദിവസങ്ങളിലാണെങ്കിൽ ഞങ്ങൾ അയാളെ തടയുന്നില്ല.

**പത്താം കാനോന:**

പണ്ടത്തെ ആളുകളുടെ ഉത്സാഹംകൊണ്ടു നിർമ്മിക്കപ്പെട്ടതും പിന്നീടുള്ളവരുടെ ഉപേക്ഷമൂലം നശിച്ചുകൊണ്ടിരിക്കുന്നതുമായ വിശുദ്ധ ഭവനങ്ങളെപ്പററി:

ദൈവഭയത്തിൽ അഭിവൃദ്ധിപ്പെട്ടിരുന്നവരായ പൂർവ്വികന്മാർ അവരുടെ സമ്പത്തിന്റെ ഒരു ഭാഗം നീക്കിവച്ചിട്ട് മിശിഹായുടെ നാമത്തിൽ പള്ളികളും സന്യാസാശ്രമങ്ങളും പണികഴിപ്പിച്ചു. അവിടത്തെ ശുശ്രൂഷയും സ്തുതികളും അവിടങ്ങളിൽ വരുന്നവരുടെ സന്തോഷത്തിനും വേണ്ടിയാണ് അവർ അങ്ങനെ ചെയ്തത്. എന്നാൽ നമ്മുടെ തകർന്ന തലമുറയുടെ തീക്ഷ്ണതക്കുറവും ഉപേക്ഷയും മൂലം ആ ദൈവിക ഭവനങ്ങൾ അവഗണിക്കപ്പെട്ട അവസ്ഥയിൽ എത്തിച്ചേർന്നിരിക്കുന്നു. അവയുടെ സമ്പത്തിന്റെ നശീകരണം അഥവാ കൊള്ളയടിക്കൽ മൂലമാണ് ഇങ്ങനെ സംഭവിച്ചിട്ടുള്ളത്. ഈ ഉപേക്ഷകളെല്ലാം കാരണം ഭൂമുഖത്ത് ശിക്ഷകൾ വർദ്ധിച്ചിരിക്കുന്നു; ഭൂതലനിവാസികളുടെമേൽ കാരുണ്യമില്ലാത്ത ശിക്ഷാവിധികൾ അയയ്ക്കപ്പെട്ടിരിക്കുന്നു. ദൈവത്തിനു പ്രിയപ്പെട്ടവരായി ആരും നമ്മുടെയിടയിലില്ല; വാള് ഉറയിലിടാൻ ദൈവത്തിനു യാതൊരു പ്രേരണയും ലഭിക്കുന്നുമില്ല.

അതിനാൽ എല്ലാ വിശ്വാസികളെയും ഞങ്ങൾ പഠിപ്പിക്കുകയും ആജ്ഞാപിക്കുകയും ചെയ്യുന്നു: അവർ വിശുദ്ധ ദേവാലയങ്ങളുടെ കാര്യത്തിൽ താല്പര്യമുള്ളവരായിരിക്കണം, അവ ഉപേക്ഷിക്കപ്പെടാനിടയാക്കരുത്. നാശം വന്നുപോയവ പുനർനിർമ്മിക്കണം. അവയിൽ നിന്നാണല്ലോ എല്ലാവർക്കും വേണ്ടിയുള്ള പ്രാർത്ഥന സ്വർഗ്ഗത്തിലേയ്ക്കുയരുന്നത്. പ്രാർത്ഥനകളിൽ നിന്ന് അവയിൽ അഭയം തേടുന്നവർക്ക് രോഗശാന്തിയും പാപമോചനവും ലഭിക്കുന്നു. ഈ നിർദ്ദേശത്തിനു

www.malankaralibrary.com



വിപരീതമായി പ്രവർത്തിക്കുന്നവർ ശിക്ഷാവിധിക്ക് അർഹരായിത്തീരും. ഈ കാര്യങ്ങളുടെ നിർവ്വഹണത്തിൽ വൈദികാദ്ധ്യക്ഷന്മാർ ശ്രദ്ധാപൂർവ്വം സഹകരിക്കണം.

## പതിനൊന്നാം കാനോന:

സന്യാസഭവനങ്ങളെക്കുറിച്ച്: അവസ്സ് ശരിയായ വരുമാന മാർഗ്ഗങ്ങൾ ഉറപ്പായിട്ടില്ലെങ്കിൽ പുതിയ ഭവനങ്ങൾ നിർമ്മിക്കരുത്. അവ അനാഥമായിത്തീരുകയും അത്ഉതപ്പിനു കാരണമായിത്തീരുകയും ചെയ്യുരുതല്ലോ.

പണ്ടത്തെയാളുകൾ, മിശിഹായുടെ അഭിലാഷം പൂർത്തീകരിക്കുന്നതിന് അവരുടെ ഹൃദയങ്ങളിൽ ഉദയം കൊണ്ട താല്പര്യം കാരണമായി പല സ്ഥലങ്ങളിലും സന്യാസ ഭവനങ്ങൾ സ്ഥാപിച്ചു. ഇന്ന് അവ അവഗണനയും അശ്രദ്ധയും കൊണ്ട് നാശത്തിൽ നിപതിച്ചിരിക്കുകയാണ്. മുൻകാനോനയിൽ ഇക്കാര്യത്തെക്കുറിച്ച ഞങ്ങൾ എഴുതിയിട്ടുണ്ട്.

ഈ വിഷയത്തിൽ ഞങ്ങൾ താഴെ പറയുംവിധത്തിൽ അറിയിക്കുകയും അനുശാസിക്കുകയും ചെയ്യുന്നു: രൂപതയുടെ ഭരണാധികാരിയായ മെത്രാന്റെ അറിവു കൂടാതെ ഒരു ക്രൈസ്തവനും മതപരമായ ഭവനങ്ങൾ നിർമ്മിക്കരുത്. മെത്രാന്റെ അറിവോടുകൂടി നിർമ്മിക്കുമ്പോൾ നിർമ്മിക്കുന്നയാൾ സ്ഥാപനത്തിന്റെ സംരക്ഷണത്തിനും അസാധാരണ സാഹചര്യങ്ങളെ നേരിടുന്നതിനും വേണ്ടിയുള്ള വരുമാനം കിട്ടാൻ മാത്രം സമ്പത്ത് നീക്കിവയ്ക്കണം. താൻ വസിക്കുന്ന ഭവനമല്ലാത്തവയുടെ കാര്യം പറയുകയാണെങ്കിൽ, പുതിയ ഭവനങ്ങൾ നിർമ്മിക്കുന്നവനെക്കാൾ ശ്രേഷ്ഠൻ പഴയ ഭവനങ്ങളെ നല്ല നിലയിലാക്കുന്നവനാണ്. ആരെങ്കിലും പുതിയ സഭാഭവനങ്ങൾ നിർമ്മിക്കുകയും അവയുടെ സംരക്ഷണത്തിനുവേണ്ടി വേണ്ടത്ര വരുമാനം നീക്കിവയ്ക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽഅവ ആശീർവദിക്കരുത്. നിർമ്മാതാക്കൾ തന്നെ ഭവനത്തിന്റെ സംരക്ഷണത്തിന് ആവശ്യമായ ധനം നൽകുകയും ഞങ്ങൾ നിർദ്ദേശിച്ചിട്ടുള്ള എല്ലാകാര്യങ്ങളും പൂർത്തിയാക്കുകയും ചെയ്തതിനുശേഷം മാത്രമേ ആശീർവാദം നടത്താവൂ. മറിച്ചാണെങ്കിൽ അത് ഉതപ്പിനു കാരണമാകുകയും നമുക്കെതിരായി പരിഹാസം ഉയരുകയും ചെയ്യും.



## പന്ത്രണ്ടാം കാനോന:

തങ്ങളുടെ ദാനങ്ങളും സ്തോത്രകാഴ്ചകളും സ്വന്തം ഗ്രാമത്തിലെയോ പട്ടണത്തിലെ പള്ളികളിലോ സന്യാസാശ്രമങ്ങളിലോ നൽകാതെ, പൊങ്ങച്ചത്തോടുകൂടി മററു സ്ഥലങ്ങളിൽ കൊണ്ടുപോയി കൊടുക്കുന്നവരെക്കുറിച്ച്:

താഴെ പറയുന്ന കാരണത്താൽ പല ഭവനങ്ങളും പള്ളികളും സന്യാസാശ്രമങ്ങളും തകർച്ചയിലെത്തിരിക്കുന്നു എന്ന് പലയാളുകളും സിനഡിൽ ആവർത്തിച്ചു പരാതിപ്പെട്ടു: പല ആളുകളും ദാനങ്ങളും സ്തോത്രകാഴ്ചകളും നൽകുന്നത് സഭാപരമായ സമ്പ്രദായമനുസരിച്ചല്ല, പൊങ്ങച്ചക്കാരെപ്പോലെ ആത്മപ്രശംസാപരമായ രീതിയിലോ പാഷണ്ഡികളെപ്പോലെ അന്ധവിശ്വാസപരമായിട്ടോ കുട്ടികളെപ്പോലെ കളിവിനോദമട്ടിലോ ആണ്. അവർ അവരുടെ പണം എടുത്തുപൊക്കി, കുഴൽവിളിക്കുന്നതുപോലെ ഉറക്കെ വിളിച്ചുപറയുകയും സൂര്യന്റെയും ചന്ദ്രന്റെയും മുമ്പാകെ പ്രദർശിപ്പിക്കുകയും ചെയ്യുന്നു. അവർ തങ്ങളുടെ ദാനങ്ങളും സ്തോത്രകാഴ്ചകളും സ്വന്തം സ്ഥലത്തെ പള്ളികളിലോ സന്യാസാശ്രമങ്ങളിലോ അല്ല, അന്യസ്ഥലങ്ങളിലാണ് സമർപ്പിക്കുന്നത്. ഇക്കാരണത്താൽ പല ഭവനങ്ങളും നാശമടഞ്ഞിരിക്കുന്നു. വൈദികരും വൈദികാദ്ധ്യക്ഷന്മാരും വളരെ തീക്ഷ്ണതാപൂർവ്വം പഠിപ്പിക്കുകയും ഉദ്ബോധിപ്പിക്കുകയും ചെയ്തിട്ടും വഴിതെററിക്കുന്ന പഴയ ചിന്താഗതികളിൽ നിന്ന് അവർ വിമുക്തരാകുന്നില്ല. അവർ അവരെത്തന്നെ ഞണ്ടുകളെപ്പോലെ തലയില്ലാത്തവരാക്കുന്നു എന്നു പറയാം. അഥവാ ധൃഷ്ടമായ രീതിയിൽ സ്വന്തം തലയുള്ള, സ്വയംഭരിക്കുന്ന കൂട്ടരെപ്പോലെ ആണെന്നു പറയാം, ശിഷ്യരെപ്പോലെയല്ലാതെ പ്രകടനപരമായി ചെയ്യുന്ന ദാനം നിഷ്ഫലമാണെന്ന് ഒരു പക്ഷേ അവർ മനസ്സിലാക്കുന്നില്ല; കളിവിനോദമായിട്ടുള്ള ദാനം പരിഹാസ്യമാണെന്നും അബദ്ധചിന്താഗതികളുടെ അടിസ്ഥാനത്തിൽ—കുറെ ദൂരെയുള്ള ഒരു സ്ഥലത്ത് ദൈവം കൂടുതൽ നന്നായി കേൾക്കുമെന്നും ചില മദ്ധ്യസ്ഥന്മാർ വഴിയുള്ള പ്രാർത്ഥന കൂടുതൽ ഫലപ്രദമാണെന്നും മററുമുള്ള ധാരണകളുടെ അടിസ്ഥാനത്തിൽ—ചെയ്യുന്ന

www.malankaralibrary.com



പ്രവൃത്തികൾ സാധുവായ തത്വങ്ങൾക്കു വിപരീതമാണെന്നും അവർ മനസ്സിലാക്കുന്നില്ല. ശരിയായ തത്വങ്ങൾ വികലമായ ധാരണകൾക്ക് അറുതി വരുത്തുന്നു. നമ്മുടെ കർത്താവ് സമരിയാക്കാരി സ്ത്രീയോട് ഇങ്ങനെ പറഞ്ഞല്ലോ; "ദൈവം ആത്മാവാകുന്നു; അവിടുത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലും ആരാധിക്കണം" (യോഹ. 4: 24).

അതിനാൽ ജീവന്റെ ശിഷ്യത്വത്തിന്റെ സന്താനങ്ങളെയെല്ലാം ഞങ്ങൾ പഠിപ്പിക്കുന്നു; അവർ അവരുടെ ദാനങ്ങളും സ്തോത്രകാഴ്ചകളും നൽകേണ്ടത് അവരുടെ സമീപത്തുള്ള ദേവാലയങ്ങൾക്കാണ്. ഗ്രാമത്തിലോ നഗരത്തിലോ ഉള്ള എല്ലാവരും അങ്ങനെ കൊടുത്തതിനു ശേഷം മററു സ്ഥലങ്ങൾ സന്ദർശിക്കാൻ അവർ ആഗ്രഹിക്കുന്നുവെങ്കിൽ, ഉത്തമമായ ഉദ്ദേശ്യത്തോടുകൂടി അവർ അങ്ങനെ ചെയ്യുന്നുവെങ്കിൽ ഞങ്ങൾ അവരെ തടസ്സപ്പെടുത്തുന്നില്ല.

**പതിമൂന്നാം കാനോന:**

ചാരിത്ര്യപൂർണ്ണവും നിയമവിധേയവുമായ വിവാഹത്തെക്കുറിച്ച്. കല്പിക്കപ്പെട്ടിട്ടുള്ളതുപോലെ നിയമാനുസൃതം വിവാഹിതരാകുന്നതാണ് കുടുംബങ്ങളിലെ അംഗങ്ങൾക്കു നല്ലത്; മൃഗങ്ങളെപ്പോലെ ജീവിക്കുന്നതല്ല.

സാമാന്യരീതിയിൽപ്പെട്ട കുടുംബജീവിതത്തിനാവശ്യമായ നിയമങ്ങൾ പഴയനിയമത്തിലും അവികലമായ കുടുംബജീവിതത്തിനാവശ്യമായ നിയമങ്ങൾ പുതിയനിയമത്തിലും നൽകപ്പെട്ടിട്ടുണ്ട്. പ്രവാചകന്മാരും ശ്ലീഹന്മാരും വഴി ഈ നിയമങ്ങൾ നൽകപ്പെട്ടു. കുടുംബത്തിലെ അംഗത്വത്തിനു യോഗ്യമായ, അന്തസ്സുററതും സത്യസന്ധവുമായ ജീവിതരീതിക്ക് ആ നിയമങ്ങളാവശ്യമാണ്. ക്രമബദ്ധത, മാന്യത, ദാമ്പത്യം എന്നിവയെ എല്ലാം സംബന്ധിക്കുന്ന നിയമങ്ങൾ നൽകപ്പെട്ടിട്ടുണ്ട്. മനുഷ്യൻ മൃഗങ്ങളെപ്പോലെയല്ലാതെ ജീവിക്കാൻ വേണ്ടിയുള്ള നിയമങ്ങളാണവ. പാപപുണ്യങ്ങളോ നീതിയോ ഒന്നും മൃഗങ്ങൾക്കു ബാധകമല്ല. എന്നാൽ വിശേഷബുദ്ധിയുള്ള ജീവികൾ, അഥവാ കുടുംബത്തിലെ അംഗങ്ങൾ എന്ന നിലയിൽ മനുഷ്യരുടെ കാര്യം വ്യത്യസ്തമാണ്. നിയമബദ്ധമായ അച്ചടക്കംവഴി സഹായകരമായ രീതിയിൽ



അടുക്കുന്നതിനും കരുതലോടെ അകന്നു നിൽക്കുന്നതിനും അവർക്ക് എളുപ്പമാകുന്നു. ദൈവഹിതത്തെക്കുറിച്ച് അവർ ശ്രദ്ധാലുക്കളായിരിക്കണമെന്നേയുള്ളൂ അവർ വിവാഹത്തിനു തകർച്ച വരുത്തുന്നതു ശരിയല്ല. നമ്മുടെ പ്രകൃതിയിലെ തലമുറകളുടെ പ്രജനനത്തിനും നിലനില്പിനും വേണ്ടി സൃഷ്ടികർത്താവ് തന്റെ ജ്ഞാനയുക്തമായ വിദഗ്ദ്ധ ക്രമീകരണം വഴി സ്ഥാപിച്ചതാണു വിവാഹം. എന്നാൽ നിയമം ലംഘിച്ചു ജീവിക്കുന്നവർ വിശേഷബുദ്ധിയില്ലാത്ത ജീവികളെപ്പോലെ ആയിത്തീരുന്നു. മനുഷ്യൻ താന്തോന്നിത്തം കൈവിടുകയും നിയമാനുസൃതമായ വിവാഹജീവിതത്തിലെ ചാരിത്ര്യത്തെ സ്നേഹിക്കുകയും വേണം. വിവാഹജീവിതത്തിൽ ദൈവത്തിനു ദമ്പതിമാരോടും ദമ്പതിമാർക്കു പരസ്പരവുമുള്ള സ്നേഹം നിലനിൽക്കുന്നു; ലോകസ്ഥാപനത്തിൽ സൃഷ്ടിയുടെ ആരംഭഘട്ടത്തിൽ ഉണ്ടായിരുന്നതുപോലെ തന്നെ. സുവിശേഷത്തിൽ നമ്മുടെ കർത്താവും ഇക്കാര്യം തന്നെയാണ് ആജ്ഞാപിച്ചിട്ടുള്ളത്. ഇതു മനുഷ്യശരീരത്തിന്റെ ക്രമാനുസൃതമായ രൂപീകരണത്തിനനുസൃതവുമാണ്.

രണ്ടു തലകളുള്ള ഒരു ശരീരമോ രണ്ടു ശരീരങ്ങൾ ഉള്ള ഒരു തലയോ ഇല്ലല്ലോ. ഒരു മിശിഹായ്ക്ക് ഒരു സഭയും മിശിഹായുടെ ശരീരമാകുന്ന സഭയ്ക്ക് ഒരു മിശിഹായും മാത്രം ഉള്ളതുപോലെ —"എല്ലാററിനും ഉപരിയായിട്ടുള്ളവനെ തന്റെ ശരീരമാകുന്ന സഭയുടെ ശിരസ്സായിരിക്കാൻ അവിടുന്ന് അനുവദിച്ചു." എന്ന് എഴുതപ്പെട്ടിരിക്കുന്നു (എഫേ. 1:22-23). — രണ്ടു ഭർത്താക്കന്മാരുള്ള സ്ത്രീയില്ല. അങ്ങനെയുണ്ടായാൽ പ്രകൃതിയും നിയമവും ഒരുപോലെ അവളെ വെറുക്കും. അപരിചിതനായ ഒരു മനുഷ്യൻ തന്റെ ശയ്യയിൽ കയറി അതിനെ മലിനമാക്കുന്നതു് ഏതു ഭർത്താവിനും വിദ്വേഷജനകമായിരിക്കുമല്ലോ. അതുപോലെ തന്നെ ഒരു ഭാര്യയ്ക്കും മറെറാരു സ്ത്രീ തന്റെ കിടക്കയിൽ പ്രവേശിച്ച് അതിനെ മലിനമാക്കുന്നതു ദുസ്സഹമായിരിക്കും. ഒരു പുരുഷന്റെ ഭാര്യമാരായി രണ്ടോ മൂന്നോ സ്ത്രീകളുള്ള ഒരു ഭവനവും ഉണ്ടാകാൻ പാടില്ല. അതിനോടൊപ്പം കലഹങ്ങളും അകൽച്ചയും അവിടെ പ്രവേശിക്കും......... ഭവനം വിദ്വേഷത്താൽ നശിപ്പിക്കപ്പെട്ടു. നിയമധ്വംസകനായ പിശാചിന്റെ

www.malankaralibrary.com



മാരകമായ അസൂയമൂലം ജീവൻ നശിച്ചു. പൂർവ്വപിതാവിന്റെ ഭവനത്തിലും അദ്ദേഹത്തിന്റെ പൗത്രന്റെ ഭവനത്തിലും എൽക്കാനായുടെയും ആത്മാവിന്റെ സങ്കീർത്തനക്കാരന്റെയും ഭവനങ്ങളിലും നിലനിന്നിരുന്ന ശത്രുതപോലെ. ദാവീദിന്റെ പുത്രനായ സോളമൻ മഹാവിജ്ഞാനിയായിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ഭാര്യമാർ, അദ്ദേഹത്തിന്റെ ഹൃദയത്തെ ദൈവത്തിൽ നിന്നകററി. ദൈവം അദ്ദേഹത്തിന്റെ അപരാധത്തിൽ കുപിതനായി.

ഇപ്രകാരം വിവാഹത്തിലെ ക്രമക്കേടുകൾ മൂലമുണ്ടാകുന്ന പല കുററങ്ങളും ദിവ്യചരിത്രങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പൂർവ്വികന്മാർപോലും അവരുടെ ദൗർബ്ബല്യം കാരണമായി ദൈവത്തിന്റെ സംരക്ഷണവും നേതൃത്വവും അവഗണിക്കുകയും രണ്ടോ അതിലധികമോ സ്ത്രീകളുമായി ബന്ധപ്പെടുകയും ചെയ്തെങ്കിലും മിശിഹായുടെ ആഗമനംമൂലം മാററം സംഭവിച്ചു. അവിടുന്ന് ആദ്യസൃഷ്ടിയും ആദ്യകാല മനുഷ്യർക്കുവേണ്ടി നൽകപ്പെട്ട നിയമസംഹിതയും ഉയർത്തിപ്പിടിക്കുകയും കുററമററ ജീവിതത്തിനു ആവശ്യമായ നിയമങ്ങൾ നിർദ്ദേശിച്ചുതരികയും ചെയ്തു. സുവിശേഷം സ്വീകരിച്ചവരെ നിയമാനുസൃത വിവാഹത്തെക്കുറിച്ച് അവിടുന്ന് ബോധവാന്മാരാക്കി. ശിഷ്യന്മാരാകട്ടെ, ആവശ്യബോധംകൊണ്ട്, സാന്മാർഗ്ഗികവും നിയമാധിഷ്ഠിതവുമായ വിവാഹത്തെ സംബന്ധിച്ചു മററുകാര്യങ്ങളെക്കുറിച്ചും എഴുതി. അനുസരണമുള്ളവരുടെ ജീവിതക്രമത്തിന് അവയും ആവശ്യമാണ്. ദൈവിക ലിഖിതങ്ങളിലും പിതാക്കന്മാരുടെ നിയമങ്ങളിലും ഇക്കാര്യങ്ങളെല്ലാം വ്യക്തമായി എഴുതപ്പെട്ടിട്ടുണ്ടെന്നും ശാപങ്ങളോടൊപ്പം അവ അലംഘ്യമായി ആജ്ഞാപിക്കപ്പെട്ടിട്ടുണ്ടെന്നും മാത്രമല്ല, അവയെല്ലാം സാദരസ്മരണാർഹനായ മാർ ആബാ കാതോലിക്കോസ് വളരെ സ്പഷ്ടമായി നമുക്കു രേഖപ്പെടുത്തിത്തന്നിട്ടുമുണ്ട്. ക്രൈസ്തവരുടെയിടയിൽ എല്ലാപദവികളിലുമുള്ളവർ വിവാഹത്തെ കുറിച്ച് അനുവർത്തിക്കേണ്ട നിയമങ്ങളെ സംബന്ധിച്ച് അദ്ദേഹം എഴുതിയ ഒരു സിനോഡിക്കൽ ലേഖനത്തിലാണ് മാർ കാതോലിക്കോസ് ഇങ്ങനെ ചെയ്തിട്ടുള്ളത്. അതിൽ അദ്ദേഹം കൊടുത്തിട്ടുള്ള നിയമങ്ങളിലൊന്ന്



നാം മുകളിൽ ഉദ്ധരിച്ചിട്ടുണ്ട്. അതായത് രണ്ടു ഭാര്യമാരെ സംബന്ധിച്ചുള്ളത്. ലിഖിതങ്ങളിൽ വിശദമായി പ്രതിപാദിച്ചിട്ടുള്ളതും നിയമങ്ങളിൽ പരാമർശിച്ചിട്ടുള്ളതുമായ എല്ലാകാര്യങ്ങളോടും ഞങ്ങൾ യോജിക്കുന്നു. വ്യഭിചാരം കാരണമായിട്ടല്ലാതെ തന്റെ നിയമാനുസൃത ഭാര്യയെ ഉപേക്ഷിക്കാൻ ഒരാൾക്കും അനുവാദമില്ല. വിവേകമില്ലാത്ത, കാമാസക്തനായ ഒരാളെപ്പോലെ മററൊരു സ്ത്രീയുമായി ബന്ധപ്പെടാനും പാടില്ല. ബാഹ്യവും നശ്വരവുമായ സൗന്ദര്യത്തിന്റെ പേരിൽ ഭാര്യയെ ഉപേക്ഷിച്ച് മററൊരുത്തിയെ സ്വീകരിക്കരുത്. എന്തുകൊണ്ടും തൃപ്തിവരാത്ത അത്യാഗ്രഹിയായ ഒരുത്തനെപ്പോലെ പണമോ പദാർത്ഥങ്ങളോ മററുനശ്വര സമ്പത്തുകളോ ലഭിക്കാൻ വേണ്ടി മററൊരു സ്ത്രീയെ പരിഗ്രഹിക്കരുത്. ഈ രണ്ടു കാര്യങ്ങളുടെ പേരിൽ, അതായത് ബാഹ്യസൗന്ദര്യം കാരണമായിട്ടും. നശ്വരസമ്പത്ത് സ്വന്തമാക്കുന്നതിനുവേണ്ടിയും ചിലർ രണ്ടാനമ്മയോടോ, പിതൃസഹോദരന്റെ ഭാര്യയോടോ, പിതൃസഹോദരിയോടോ, മാതൃസഹോദരിയോടോ, സഹോദരിയോടോ, പുത്രഭാര്യയോടോ, പുത്രിയോടോ, ഭാര്യാപുത്രിയോടോ, ഭാര്യയുടെ കൊച്ചുമകളോടോ എല്ലാം ബന്ധപ്പെടാൻ അന്യജാതിക്കാരെപ്പോലെ മുതിർന്നിട്ടുണ്ട്. യൂദാന്മാരെപ്പോലെ സഹോദര ഭാര്യയോടും അന്യമതസ്ഥരെപ്പോലെ വിശ്വാസമില്ലാത്ത സ്ത്രീകളോടും ബന്ധപ്പെടുന്നവരുണ്ട്.

ഈ കാര്യങ്ങളെ സംബന്ധിച്ച് ദൈവഹിതമനുസരിച്ച് പൈതൃകവും ദൈവികവുമായ തീരുമാനത്താൽ താഴെ പറയും വിധം ഞങ്ങൾ അനുശാസിക്കുന്നു: ''ദൈവ വചന''ത്താൽ മുകളിൽ പറഞ്ഞ നിയമങ്ങൾ ആരും ലംഘിക്കരുത്. പ്രയോജനകരങ്ങളായ നിയമങ്ങൾ എന്ന നിലയിൽ എല്ലാവരും അവ അനുസരിക്കണം. ആദ്ധ്യാത്മിക ജീവിതത്തിനു യുക്തങ്ങളായ കാര്യങ്ങളാണവ. അവ നമ്മുടെ കർത്താവിന്റെ അദ്ധ്യാപനങ്ങൾക്കും കല്പനകൾക്കും അനുസൃതമായിട്ടുള്ള കാര്യങ്ങളുമാണ്. അവ അനുസരിക്കുന്നവരെല്ലാം അവയാൽ അനുഗൃഹീതരാകും; ലംഘിക്കുന്നവർ അവയാൽ ശപ്തരുമാകും.

**പതിന്നാലാം കാനോന:**

ഭാവിഫലം പറയൽ, മന്ത്രം ചൊല്ലൽ, ചരടുകെട്ടുകൾ, ആഭിചാരം നടത്തൽ തുടങ്ങിയ തെററുകൾ ചെയ്യുന്നവരെയും

www.malankaralibrary.com



വിചിത്രമായ രഹസ്യാത്മകർമ്മങ്ങൾ തേടി നടക്കുന്നവരെയും ഗോളസഞ്ചാരങ്ങളെയും പക്ഷികളുടെ ശബ്ദങ്ങളെയും നിരീക്ഷിക്കുന്നവരെയും കുറിച്ച്.

എല്ലാം സൃഷ്ടിച്ചവനും ക്രമീകരിച്ചവനുമായ ഏകദൈവത്തെ ഏറ്റുപറയുകയും അവിടുത്തെ ശുശ്രൂഷിക്കുകയും ചെയ്യുന്നതിന് ദൈവികമായ അദ്ധ്യാപനം എല്ലാ തലമുറകളിലും മനുഷ്യരെ പഠിപ്പിക്കുകയും ഉദ്ബുദ്ധരാക്കുകയും ചെയ്യുന്നു. ദൈവനാമത്തിന്റെ സ്തുതിക്കും മനുഷ്യരുടെ തന്നെ നന്മയ്ക്കും വേണ്ടിയാണിത്. മനുഷ്യർക്ക് സ്വാഭാവികമായി ദ്രോഹം സംഭവിക്കുന്ന നടത്തിപ്പുകാരുടെ കാര്യങ്ങളിൽനിന്ന് അകന്നു നിൽക്കണമെന്ന് ആ അദ്ധ്യാപനം ആളുകളെ തീക്ഷ്ണതാപൂർവ്വം പഠിപ്പിക്കുകയും അനുശാസിക്കുകയും ചെയ്യുന്നു. പ്രശ്നംവയ്ക്കൽ, ഭാവിഫലം പറയൽ, മന്ത്രം ചൊല്ലൽ, മന്ത്രച്ചരട് കെട്ടൽ, ആഭിചാരം നടത്തൽ തുടങ്ങിയവയാണ് അക്കാര്യങ്ങൾ. അതുപോലെ ദൈവത്തിന് അന്യമായ എല്ലാകാര്യങ്ങളിൽ നിന്നും മനുഷ്യർ അകന്നുനിൽക്കണം. അവയെല്ലാം അവയുടെ ജന്മദാതാക്കൾക്കു തന്നെ ലജ്ജയും അപമാനവും ശാപവും നാശവും വരുത്തിവയ്ക്കുന്നവയാണ്. അസത്യത്തിന്റെ പിതാവ് തന്റെ കുതന്ത്രപരമായ കണ്ടുപിടുത്തങ്ങളിലൂടെ പ്രവഹിപ്പിക്കുന്ന ഇക്കാര്യങ്ങളാൽ അവയിൽ അകപ്പെടുന്നവർ വിഷമത്തിലും ചിന്താക്കുഴപ്പത്തിലും അകപ്പെടുന്നു. വേറെ ചിലയാളുകൾ വിശുദ്ധരുടെ അസ്ഥികളുടെ സാദൃശ്യങ്ങളോ അസ്ഥികൾ തന്നെയോ വഹിച്ചുകൊണ്ട് നടക്കുന്നു. അവ വഹിച്ചുകൊണ്ട് അവർ വിശ്വാസികളുടെ ഭവനങ്ങളിൽ, പ്രത്യേകിച്ചും തത്ത്വദീക്ഷയില്ലാത്ത സ്ത്രീകളുടെ ഭവനങ്ങളിൽ പ്രവേശനം തേടുന്നു. തങ്ങളുടെ സഞ്ചികളിലും മാലകളിലും അവയ്ക്ക് സ്ഥാനം നൽകുന്നവരുടെ കഴുത്തിൽ അത്യാഗ്രഹത്തിന്റെ ഈ കച്ചവടച്ചരക്കുകൾ അവർ കെട്ടിത്തൂക്കുന്നു. ആ അസ്ഥികൾ കഴുകിയ വെള്ളം അഥവാ അവ മുക്കിയ എണ്ണ അവർ ആളുകളുടെ നാസാദ്വാരങ്ങളിലും വായിലും ഒഴിക്കുന്നു. അതു കാരണമായി ക്രിസ്തുമതത്തിന്റെ ആദരിക്കപ്പെട്ട നാമം അധിക്ഷേപിക്കപ്പെടാനിടയാകുന്നു.

അതിനാൽ സ്വർഗ്ഗീയമായ അധികാരത്താൽ ഞങ്ങൾ ആജ്ഞാപിക്കുന്നു: പ്രശ്നംവയ്ക്കൽ, ഭാവിഫലം പറയൽ, മന്ത്രം



ചൊല്ലൽ, ഉറുക്കു കെട്ടൽ, ആഭിചാര പ്രയോഗങ്ങൾ തുടങ്ങിയ വിചിത്രമായ രഹസ്യാത്മക കർമ്മങ്ങളൊന്നും ക്രൈസ്തവർ ചെയ്യാൻ പാടില്ല എന്ന് ദൈവവചനത്താൽ ഞങ്ങൾ നിശ്ചയിക്കുന്നു. ഗോളസഞ്ചാരങ്ങളെയോ ഭാവിഫലം അറിയാനായി പക്ഷികളുടെ ശബ്ദത്തെയോ നിരീക്ഷിക്കാൻ പാടില്ല. അസ്ഥികളിട്ട വെള്ളമോ എണ്ണയോ അവർ ആരുടെയും മൂക്കിലോ വായിലോ ഒഴിക്കാൻ പാടില്ല. അവർ വിശുദ്ധന്മാരുടെ അസ്ഥികൾ സ്വീകരിക്കാനോ വീട്ടിൽ സൂക്ഷിച്ചു വയ്ക്കാനോ പാടില്ല എന്ന് ദൈവവചനത്താൽ ഞങ്ങൾ തീർപ്പു കല്പിക്കുന്നു. വിശുദ്ധരുടെ അസ്ഥികൾ വയ്ക്കുന്നതിനു നിശ്ചിത സ്ഥലങ്ങളുണ്ട് — അവിടെ അവ സ്ഥാപിക്കുകയും വണങ്ങുകയും ചെയ്യണം. അജ്ഞതയും അശ്രദ്ധയും മൂലം മുൻപറഞ്ഞ കാര്യങ്ങളാൽ വന്നുഭവിച്ച അനാദരവും അവജ്ഞയും മേലിൽ ഒരിക്കലും സംഭവിക്കാൻ പാടില്ല എന്ന് മിശിഹായുടെ വചനത്താൽ ഞങ്ങൾ കല്പിക്കുന്നു.

## പതിനഞ്ചാം കാനോന:

പണം പലിശയ്ക്കു കൊടുക്കുകയും ഡിസ്കൗണ്ട് വഴി സ്വത്തു വർദ്ധിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്നവരെക്കുറിച്ച്: മുൻപറഞ്ഞ കാര്യങ്ങൾ ഭവനാംഗങ്ങൾക്കു യോജിച്ചതല്ല.

പലിശ വാങ്ങിക്കരുത് എന്ന് വിശുദ്ധ ലിഖിതങ്ങൾ ഭവനാംഗങ്ങളെ വളരെ താല്പര്യപൂർവ്വം ഉദ്ബോധിപ്പിക്കുകയും താക്കീതു ചെയ്യുകയും ചെയ്യുന്നുണ്ട്. പലിശ വന്ധ്യതയുടെ സന്താനമാണ്, സ്വാഭാവികമായി ജനിക്കാഞ്ഞിട്ടു നിർബന്ധിച്ചു ജനിപ്പിക്കപ്പെടുന്നത്. ഈ നാണംകെട്ട കാര്യത്തിൽനിന്ന് ശ്രദ്ധാലുക്കൾ ഓടിയകലുന്നു. എന്നാൽ ഡിസ്കൗണ്ടിങ്ങ് (കിഴിവുചെയ്യൽ) ചെയ്യുന്നവരെ ഞങ്ങൾ കൂടുതൽ കാര്യമായി കുറ്റപ്പെടുത്തിയിട്ടുണ്ട്. അതു വളരെ ദുഷ്ടമായ ഒരു കൃത്യമാണ്. പരിശുദ്ധമായ കല്പനകളിലെ ആശയങ്ങൾ അടിസ്ഥാനമാക്കി സഭാപിതാക്കന്മാർ ഇക്കാര്യങ്ങൾ വിലക്കിയിട്ടുണ്ട്. പല തലമുറകളിലായി നടന്നിട്ടുള്ള സിനഡുകളിലെ കാനോനകളിൽ ഈ വിലക്കു നമുക്കു കാണാവുന്നതാണ്. കാരണം, ''കിഴിവു ചെയ്യ''ലിൽ ഉൾപ്പെടുന്ന വഞ്ചന അവർ മനസ്സിലാക്കിയിരുന്നു. വ്രണങ്ങളോടുകൂടിയ

www.malankaralibrary.com



ക്യാൻസർ പോലെ പടർന്നു പിടിക്കുകയും നാശം വരുത്തുകയും ചെയ്യുന്നതാണ് ആ തിന്മ. അതു സമീപത്തുള്ള മററവയവങ്ങളെയും ബാഹ്യവസ്തുക്കളെയും പോലും നശിപ്പിക്കും. ന്യായമായി സമ്പാദിക്കപ്പെട്ട വസ്തുക്കൾ പോലും സംരക്ഷിക്കാൻ വളരെ വിഷമമാണ്. എന്നിരിക്കെ, പ്രകോപനപരമായ മാർഗ്ഗങ്ങളിൽ വളരെ സമ്പത്തു സമ്പാദിച്ചവരുടെ അവസ്ഥയും അതുകൊണ്ടുള്ള പ്രയോജനവും എന്താണ്? നീതിമാനായ മനുഷ്യൻ തന്നെ വിഷമിച്ചാണു രക്ഷിക്കപ്പെടുന്നത് എന്നിരിക്കെ, ദുഷ്ടന്റെയും പാതകിയുടെയും വഞ്ചകന്റെയും അവസ്ഥ എന്തായിരിക്കും? കടം വാങ്ങുന്ന പാവപ്പെട്ടവരുടെ അഭ്യർത്ഥന മൂലവും അവരുടെ ആവശ്യങ്ങളുടെ ആധിക്യം മൂലവും മിതമായ നിരക്കിൽ പലിശ വാങ്ങുന്ന പണമിടപാടുകാരെ കുററപ്പെടുത്തുന്നതിൽ നിന്നു സഭാനേതാക്കൾ പലപ്പോഴും വിട്ടുനിന്നിട്ടുണ്ട്. കാരണം, മാസം ഒരു ശതമാനം നിരക്കിൽ കടം വാങ്ങുന്നവരുണ്ട്. അതിലും കൂടുതൽ ഉദാരമായി പെരുമാറുന്നവരുണ്ട്. കരുണയുള്ളവർക്ക് കരുണ ലഭിക്കും എന്നരുൾചെയ്ത കർത്താവ് തങ്ങളെ തള്ളിക്കളയുകയില്ല എന്ന് അവർ മനസ്സിലാക്കുന്നു. എന്നാൽ വേറെ ചിലർ, ശരിയായിട്ടുള്ളതെന്താണെന്നു വിസ്മരിച്ചുകൊണ്ട് കാരുണ്യലേശമില്ലാതെ പെരുമാറുന്നു. അവർ മുതലിന് മര്യാദകെട്ട പലിശ കണക്കാക്കുകയും വളരെ അശ്രദ്ധയോടുകൂടി ഉയർന്ന പലിശ ഈടാക്കുകയും ചെയ്യുന്നു.

അതിനാൽ ഞങ്ങൾക്കുലഭിച്ചിരിക്കുന്ന കല്പന അനുസരിച്ചു ഞങ്ങൾ ഇങ്ങനെ അജ്ഞാപിക്കുന്നു: ''മുൻകൂർ പലിശ'' ആരും ഈടാക്കരുത്. പരിപൂർണ്ണമായ ആദർശത്തിൽ നിന്നു കണ്ണുകളെ അകററിക്കൊണ്ട് ഉയർന്ന പലിശ വാങ്ങാൻ ആരെങ്കിലും തീരുമാനിക്കുകയാണെങ്കിൽ അവൻ വീണ്ടും സ്വയം ശിക്ഷയ്ക്കു വിധേയനാകാതിരിക്കാൻ ശ്രദ്ധിക്കട്ടെ. കാപട്യപൂർവ്വം കൊടുക്കൽ വങ്ങൽ നടത്തുന്നവൻ അത്യാഗ്രഹിയെ പോലെ തന്നെ അസന്തുഷ്ടി അനുഭവിക്കുന്നു. കാരുണ്യമില്ലാത്തവനെപ്പോലെ അതിരുവിട്ടു പ്രവർത്തിക്കുന്നവൻ സ്വയംശിക്ഷിക്കുകയും സ്വകുടുംബത്തിന്മേൽ ശാപം വലിച്ചു വയ്ക്കുകയുമാണ് ചെയ്യുന്നത്.



## പതിനാറാം കാനോന:

പലിശയ്ക്കു കൊടുക്കലും 'കിഴിവും' വഴി സമ്പാദ്യം വർദ്ധിപ്പിക്കാൻ ശ്രമിക്കുന്ന വൈദികരെയും സന്യാസികളെയും കുറിച്ച്.

ഭവനത്തിലെ എല്ലാ അംഗങ്ങളെയും സംബന്ധിച്ച് ആശാസ്യവും അവരുടെ ജീവിതശൈലിക്ക് അനുയോജ്യവും ആയ സഹായകരമായ അദ്ധ്യാപനം ഞങ്ങൾ പൊതുവായി അവതരിപ്പിച്ചു കഴിഞ്ഞു. അമിതമായ പലിശ, കിഴിവു ചെയ്യൽ തുടങ്ങിയ വഞ്ചനാപരമായ മാർഗ്ഗങ്ങളിലൂടെ തങ്ങളുടെ സമ്പത്തു വർദ്ധിപ്പിക്കാനുള്ള അത്യാഗ്രഹം അവർ കൈവെടിയാൻ വേണ്ടിയാണ് അങ്ങനെ ചെയ്തത്. സത്യസന്ധരും നീതിമാന്മാരുമായ എല്ലാവരും അത്തരം സമ്പാദ്യങ്ങളെ തിരസ്കരിക്കുന്നു. എന്നാൽ ഇപ്പോൾ വൈദികർക്കു യോഗ്യമായ ഉന്നത ജീവിതശൈലിയെക്കുറിച്ച് പരിഗണിക്കുന്ന ഞങ്ങൾ ഇപ്രകാരം ആജ്ഞാപിക്കുന്നു: സഭയുടെ ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന ഒരാൾ തന്റെ ശുശ്രൂഷയുടെ ഔന്നത്യത്തിന് ആനുപാതികമായി തന്റെ സമ്പ്രദായങ്ങളിലും ഔന്നത്യം പുലർത്തണം. അയാൾ പലിശവാങ്ങൽ, കിഴിവ് തുടങ്ങിയ കാര്യങ്ങളിൽ പരിചിതനായിരിക്കാനേ പാടില്ല. അങ്ങനെയാകുമ്പോൾ പുരോഹിതന്മാരുടെയും ഉന്നത പുരോഹിതൻമാരുടെയും ശിഷ്യരായിട്ടുള്ള മററാളുകളെ പഠിപ്പിക്കാൻ വിശുദ്ധിയുടെ അദ്ധ്യാപകൻ എന്ന നിലയിൽ അയാൾക്കു കൂടുതൽ എളുപ്പമായിരിക്കും.

## പതിനേഴാം കാനോന:

മെത്രാന്മാരാൽ സസ്പെൻഡ് ചെയ്യപ്പെടുന്ന വൈദികരെയും മഹാസിനഡിൽ പാത്രിയർക്കീസിനാലും അദ്ദേഹത്തോടൊപ്പമുള്ള മെത്രാന്മാരാലും അഥവാ പാത്രിയർക്കീസിനാൽത്തന്നെയും സസ്പെൻഡ് ചെയ്യപ്പെടുന്ന മെത്രാപ്പോലീത്താമാരെയും കുറിച്ചും ആവശ്യം വരുന്നതനുസരിച്ച് തന്റെ പ്രോവിൻസിലെ മെത്രാപ്പോലീത്തായാലും മററു മെത്രാന്മാരാലും സസ്പെൻഡ് ചെയ്യപ്പെടുന്ന മെത്രാന്മാരെയും കുറിച്ചും.

www.malankaralibrary.com



ധിക്കാരത്തോടുകൂടി പെരുമാറുന്ന നേതാക്കളുടെ ഔദ്ധത്യം മൂലം സഭയിൽ വലിയ അച്ചടക്കരാഹിത്യം സംഭവിച്ചിട്ടുണ്ട്. അവർക്കെതിരായി നടപ്പിലാക്കപ്പെട്ട സസ്പെൻഷനുകളെയും ശാപങ്ങളെയും അവർ കാൽകൊണ്ടു ചവിട്ടിക്കളയുന്നു. കുററം ചെയ്ത വൈദികർക്കെതിരായി മെത്രാന്മാരോ അഥവാ അങ്ങനെയുള്ള മെത്രാന്മാർക്കെതിരായി മെത്രാപ്പോലീത്തായും മെത്രാന്മാരും ചേർന്നോ അഥവാ സഭാപരമായ കാര്യങ്ങൾ മൂലം അത്യാവശ്യം വരുന്ന സന്ദർഭങ്ങളിൽ പാത്രിയർക്കീസ് തനിച്ചോ സ്വീകരിക്കുന്ന നടപടികളാണ് മുകളിൽ പറഞ്ഞ വിധം അവഗണിക്കപ്പെടുന്നത്. ഈ വിഷയം സംബന്ധിച്ച് ''ദൈവ വചന'' ത്താൽ ഞങ്ങൾ ആജ്ഞാപിക്കുന്നു: മേലിൽ ഇങ്ങനെയുണ്ടാകരുത്. ഇത്തരം കാര്യങ്ങൾ ഭാവിയിൽ സംഭവിക്കരുത്. സഭയ്ക്കു അവയുടെ നന്മകളും പരിമിതികളും അന്വേഷിച്ചു കണ്ടെത്താൻ കഴിയണം. അവയുടെ അതിർത്തികൾ അവയ്ക്കുള്ളിൽ ബലിഷ്ഠമാക്കപ്പെടണം. സഭയിലെ മററെല്ലാ പദവികളിലുമുള്ള ആളുകളുടെ ഭരണം നിർവ്വഹിക്കുന്ന സഭാധികാരികളുടെ നിയമങ്ങളും കല്പനകളും മേലിൽ അവഗണിക്കപ്പെടരുത്. അവയെ അനാദരിക്കുന്നവർ ഭാവിയിൽ നമ്മുടെയിടയിൽ സ്വീകരിക്കപ്പെടാൻ പാടില്ല. അങ്ങനെ അനാദരിക്കുന്നവർ അവരുടെ പദവിയിൽ നിന്നും ശുശ്രൂഷയിൽ നിന്നും പുറത്താക്കപ്പെടണം. തന്റെ അപരാധത്തെയും അനാദരത്തെയും കുറിച്ചുള്ള പശ്ചാത്താപത്തിന്റെ അടയാളങ്ങൾ അയാളിൽ വ്യക്തമാകുന്നതു വരെ ഈ ബഹിഷ്കരണം തുടരണം.

## പതിനെട്ടാം കാനോനാ:

ശപിക്കപ്പെടുകയോ ബഹിഷ്കരിക്കപ്പെടുകയോ പൗരോഹിത്യ ശുശ്രൂഷയിൽ നിന്നു പൂർണ്ണമായി പുറത്താക്കപ്പെടുകയോ ചെയ്യുന്നവരെക്കുറിച്ച്: അവർ സ്വീകരിക്കപ്പെടരുത്.

മഹാസിനഡിനാൽ ഒരിക്കൽ ബന്ധവിച്ഛേദം വരുത്തി പുറത്താക്കപ്പെട്ട മെത്രാൻ അഥവാ മെത്രാപ്പോലീത്താ, അഥവാ വൈദികരുടെയും ഡീക്കന്മാരുടെയും കൗൺസിലിൽ വച്ച് കുററങ്ങൾ നിമിത്തം മെത്രാനാൽ ശിക്ഷിക്കപ്പെട്ട് പുറത്താക്കപ്പെട്ട വൈദികനോ ഡീക്കനോ, ന്യായമായി ബഹിഷ്കൃത



രായ ശുശ്രൂഷയിലേയ്ക്കു വീണ്ടും സ്വീകരിക്കപ്പെടരുത്. അവർ നിലത്തിഴഞ്ഞു നടന്നു ആളുകളെ ശല്യപ്പെടുത്തുകയും സഹായികളെ സംഘടിപ്പിക്കുകയും ചെയ്താൽപ്പോലും അവർക്കു കാരുണ്യം ലഭിക്കാൻ പാടില്ല. അവർക്കു സഹായികൾ ഉണ്ടാകാൻ പാടില്ല. സ്വീകരിക്കപ്പെടുമെന്ന പ്രതീക്ഷ അവർക്കു ഉണ്ടാകാൻ പാടില്ല. അവരോടുള്ള സഹതാപത്തിനു ഒരു സ്ഥാനവും ഉണ്ടാകാനും പാടില്ല. കലഹപ്രിയരും അയോഗ്യരുമായ ആളുകൾ മൂലം ഇതിനു മുമ്പു സംഭവിച്ചിട്ടുള്ള കുഴപ്പങ്ങൾ മേലിൽ സംഭവിക്കരുത്. ദൈവനിയമങ്ങളെയും പിതാക്കന്മാരുടെ കല്പനകളെയും സംബന്ധിച്ച് പല ചിന്താക്കുഴപ്പങ്ങളും അത്തരക്കാരുടെ പ്രവർത്തനങ്ങൾ മൂലം ഇതിനു മുമ്പു സംഭവിച്ചിട്ടുണ്ട്. ഒരു മഹാസിനഡ് പുറപ്പെടുവിച്ച ശിക്ഷാവിധി കാരണമായി ബഹിഷ്കൃതരോ സ്ഥാനഭ്രഷ്ടരോ ആയിട്ടുള്ളവരെ മററൊരു സിനഡ് സഭാപരമായ സമ്മേളനങ്ങളിലേയ്ക്കു സ്വീകരിക്കാൻ പാടില്ല. അവരോടു സഹകരിക്കുകയോ അവരെ സഹായിക്കുകയോ ചെയ്യുന്ന എല്ലാവർക്കും അവരുടെ തെററു തിരുത്തുന്നതിനുപയുക്തമായ കുററപ്പെടുത്തലും താത്കാലിക ബഹിഷ്കരണവും നൽകപ്പെടണം. അവർക്കെതിരെ നടപ്പിലാക്കപ്പെട്ട ശിക്ഷാവിധിയെക്കുറിച്ചറിഞ്ഞിട്ടും അവരെ തുടർന്നു സഹായിക്കുന്നവർക്ക് സവിശേഷമായി ഈ ശിക്ഷ നൽകേണ്ടതാണ്. ഇത്തരം കാര്യങ്ങളെ സംബന്ധിച്ച ഈ ശിക്ഷാവിധി ഇതിനു മുമ്പും ഒരു സിനഡിൽ വിശുദ്ധപിതാക്കന്മാർ പുറപ്പെടുവിച്ചിട്ടുള്ളതാണ്.

## പത്തൊമ്പതാം കാനോന:

ശുശ്രൂഷക സമൂഹത്തിന്റെ തലവനായ ആർച്ചുഡീക്കനാകാൻ വേണ്ടി തെരഞ്ഞെടുക്കപ്പെട്ട ആളിനെക്കുറിച്ചും മെത്രാന്റെ കല്പനയനുസരിച്ച് അയാളുടെ ചുമതലയിൽ ഭരമേല്പിക്കപ്പെടുന്ന കാര്യങ്ങളെയും കർമ്മങ്ങളെയും കുറിച്ചും:

ശുശ്രൂഷയുടെയും സഭാപരമായ സമ്മേളനങ്ങളുടെയും എല്ലാ സമയത്തും ശുശ്രൂഷ ചെയ്യുന്ന പുരോഹിതന്മാരുടെ തലവനായി ആർച്ചുഡീക്കന്റെ ശുശ്രൂഷ മെത്രാന്റെ സന്നിധിയിൽ അവശ്യം ആവശ്യമാണ്. ഒരു സഭ മെത്രാന്റെ നേതൃത്വ

www.malankaralibrary.com



മില്ലാത്ത അവസ്ഥയിൽ ആയിരിക്കുന്നതു ശരിയല്ലല്ലോ. മെത്രാൻ സഭയുടെ തലവനായതുകൊണ്ടാണത്. അതുപോലെ തന്നെ സഭാപരമായ ശുശ്രൂഷകൾക്കും സമ്മേളനങ്ങൾക്കും നിശ്ചയിക്കപ്പെട്ടിരിക്കുന്ന സമയങ്ങളിൽ ആർച്ചുഡീക്കൻ അകലെയായിരിക്കുന്നതും ശരിയല്ല. ഓരോ മെത്രാനും തന്റെ രൂപതയിലെ സഭയിൽ ഒരു ആർച്ചുഡീക്കൻ ഉണ്ടായിരിക്കുന്നതു നല്ലതാണ്. എന്നാൽ ആർച്ചുഡീക്കൻ സ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെടുന്നയാൾ വിവേകിയും വാഗ്മിയും നല്ല പെരുമാററമുള്ളവനും നീതിമാനും ദയയുള്ളവനും സഭയിലെ ശുശ്രൂഷകളിലും ആരാധനക്രമങ്ങളിലും നിഷ്ണാതനുമായിരിക്കണം. മെത്രാന്റെ ഇംഗിതമനുസരിച്ച് എല്ലാ സമയത്തും സഭാശുശ്രൂഷക സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളുടെയും മേൽ അദ്ദേഹം ചുമതല വഹിക്കണം. അദ്ദേഹം വൈദികരെ ഇരിപ്പിടങ്ങളിൽ അവരുടെ സ്ഥാനങ്ങളിൽ ഇരുത്തുകയും ഡീക്കന്മാരുടെ സ്ഥാനങ്ങൾ ക്രമീകരിക്കുകയും വേണം. പള്ളിയുടെ വാതിലുകളെ സംബന്ധിച്ചു മുൻകരുതലുകൾ എടുക്കണം, വി. ലിഖിതങ്ങൾ വായിക്കാനുള്ളവരെ നിശ്ചയിക്കണം, അവക്ക് ആഴ്ചകൾ വകതിരിച്ചു കൊടുക്കണം. മെത്രാൻ സ്ഥലത്തില്ലാത്ത സന്ദർഭത്തിൽ, സുവിശേഷം വായിക്കാനും കൂദാശ ആശീർവദിക്കാനുമുള്ള വൈദികരെ നിശ്ചയിക്കുന്നതും ആർച്ചുഡീക്കനാണ്. മെത്രാനുള്ളപ്പോൾ തന്റെ ഔചിത്യബോധമനുസരിച്ച് അദ്ദേഹമാണു കാര്യങ്ങൾ നിശ്ചയിക്കുന്നത്. സഭയുടെ കാര്യങ്ങളെല്ലാം അന്വേഷിക്കേണ്ടത് ആർച്ചുഡീക്കനാകുന്നു. അദ്ദേഹത്തിന്റെ ഉപദേശവും നിർദ്ദേശവും കൂടാതെ വൈദികർ ഒരു ഗ്രാമത്തിലും പോകാൻ പാടില്ല. പട്ടണത്തിലുള്ള വൈദികൻ, ഡീക്കൻ, സബ്ഡീക്കൻ എന്നിവർ പട്ടണത്തിലുണ്ടായിരിക്കുകയും നിയമമനുസരിച്ചോ തന്റെ അഭിപ്രായമനുസരിച്ചോ തക്കതായ തടസ്സമോ ഗുരുതരമായ രോഗമോ ഇല്ലാതിരിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ പ്രാർത്ഥനയുടെ സമയത്ത് തന്റെ സഹപ്രവർത്തകരുടെ നിരയിൽ കാണപ്പെടാതിരുന്നാൽ, അവജ്ഞാഭാവത്തോടുകൂടെ ബേമായിലെ പ്രാർത്ഥനാസമൂഹത്തെവിട്ട് ചമയപ്പുരയിൽ പോയിരിക്കുകയോ വീട്ടിൽ പോയി എന്തെങ്കിലും ജോലിയിൽ ഏർപ്പെടുകയോ ചെയ്താൽ കുററപ്പെടുത്തലിനും സസ്പെൻഷനും



അർഹനായിരിക്കും. ആർച്ചുഡീക്കന് വളരെ ജാഗ്രതയും ശ്രദ്ധയും ആവശ്യമാണ്. ജാഗ്രതയോടുകൂടെയും ഉപേക്ഷ കൂടാതെയും കഠിനപരിശ്രമത്തോടെയും അലംഭാവം കൂടാതെയും അയാൾ തന്റെ സഹപ്രവർത്തകരായ വൈദികർക്കും മററനേകർക്കും നല്ല മാതൃകയായിരിക്കണം. തന്റെ ശുശ്രൂഷയുടെ നിർവ്വഹണത്തിൽ മെത്രാന്റെ മുമ്പാകെയും സഭ മുഴുവന്റെയും മുമ്പാകെയും അയാൾ ഒരു ദീപം പോലെ ആയിരിക്കണം. വൈദികരുടെയിടയിൽ അയാൾ ഒരു ന്യായാധിപനായിരിക്കണം, അതായത് വൈദികരുടെയും മനുഷ്യരുടെയും മദ്ധ്യത്തിൽ, അഥവാ, സഭാനേതാക്കളുടെയും സഭാസന്താനങ്ങളുടെയും ഇടയ്ക്ക്. അയാൾ അവരുടെ കാര്യങ്ങൾ കേൾക്കുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും വേണം. സഭകളിലെ വൈദികർ സഭാതലവന്മാർക്കെതിരായി പ്രക്ഷോഭം ഉണ്ടാക്കുകയും ശീശ്മകൾ സൃഷ്ടിക്കുകയും ചെയ്യാൻ പാടില്ല. സഭയുടെ തലവന്മാർ സഭാകാര്യങ്ങൾ തങ്ങൾ തന്നെയായി നിർവ്വഹിക്കുകയും അരുത്. അവർ സഭയുടെ സന്താനങ്ങളായ വൈദികരെ മററു വൈദികരുടെ സഹകരണം കൂടാതെ ശപിക്കാൻ പാടില്ല. വൈദികർ തമ്മിലുള്ള ഏതെങ്കിലും കാര്യങ്ങൾ വിഷമകരമായിത്തീർന്നാൽ അത് ആർച്ചുഡീക്കന്റെ പരിഗണനയ്ക്കു സമർപ്പിക്കപ്പെടണം. അത് പിന്നെയും വിഷമകരമായിത്തീരുകയാണെങ്കിൽ മെത്രാന്റെ പക്കലേക്ക് ആനയിക്കപ്പെടണം. അദ്ദേഹം അതിനു പരിഹാരമുണ്ടാക്കും. നിയമവിധേയരായ ആളുകളാരും ഈ കല്പനകൾ ലംഘിക്കരുത്.

## ഇരുപതാം കാനോന:

സഭകളുടെ വിശുദ്ധ ഭവനങ്ങളെയും സന്യാസാശ്രമങ്ങളെയും ഹോസ്റ്റലുകളെയും കുറിച്ച്: രൂപതയുടെ തലവനായ മെത്രാന്റെ അറിവോടും കല്പനയോടും കൂടെ അവ അവയെ ഭരിക്കുന്നവരെ ഏല്പിക്കണം.

പിതാക്കന്മാരുടെ സിനഡിൽ താഴെ പറയുന്നകാര്യം പ്രസ്താവിക്കപ്പെട്ടു: സഭകളുടെ വിശുദ്ധഭവനങ്ങളുടെയും സന്യാസാശ്രമങ്ങളുടെയും ആവശ്യത്തിനായി നൽകപ്പെടുന്ന വിഭവങ്ങൾ കയ്യടക്കാൻ ചില വൈദികരും ഡീക്കന്മാരും ധൈര്യ

www.malankaralibrary.com



പ്പെടുന്നു. മെത്രാന്റെ അറിവും ആജ്ഞയും കൂടാതെയാണ് ഇങ്ങനെ ചെയ്യപ്പെടുന്നത്. ഇക്കൂട്ടർ അവരുടെയും അവരുടെ കുടുംബങ്ങളുടെയും സംരക്ഷണത്തെക്കുറിച്ചുള്ള അമിതാവേശം മൂലം വിശുദ്ധഭവനങ്ങൾക്കായി നൽകപ്പെടുന്ന കാഴ്ചവസ്തു വസ്തുക്കൾ കയ്യടക്കുന്നു. പ്രസ്തുത ഭവനങ്ങളുടെ പലതരം ആവശ്യങ്ങളുടെ നിർവ്വഹണത്തിനു വേണ്ടി നിയോഗിക്കപ്പെട്ട വസ്തുക്കളാണവ.

ഈ വിഷയം സംബന്ധിച്ച് സ്വർഗ്ഗീയമായ അധികാരത്താൽ ഞങ്ങൾ ഇങ്ങനെ ആജ്ഞാപിക്കുന്നു: വൈദികരോ ഡീക്കന്മാരോ വിശ്വാസികളോ, മെത്രാന്റെ അറിവും അനുവാദവും കൂടാതെ വിശുദ്ധ ഭവനങ്ങളുടെ ഭരണാധികാരം കയ്യടക്കുകയോ അവയ്ക്ക് അവകാശപ്പെട്ട വിഭവങ്ങൾ കൈവശപ്പെടുത്തുകയോ ചെയ്യരുത് എന്ന് ദൈവവചനത്താൽ ഞങ്ങൾ നിശ്ചയിക്കുന്നു. മെത്രാന്റെ അറിവോടും അനുമതിയോടും കൂടെ, സത്യസന്ധരും നീതിമാന്മാരുമായ മനുഷ്യരുടെ അഭിപ്രായവും ഉപദേശവും അനുസരിച്ച്, നേതൃത്വത്തിനും പ്രസ്തുത ശുശ്രൂഷയ്ക്കും ഉപയുക്തനായ സത്യസന്ധനും ഉത്സാഹശാലിയുമായ ഒരു വ്യക്തിയെ തെരഞ്ഞെടുത്ത് പള്ളിയുടെയോ സന്യാസാശ്രമത്തിന്റെയോ ഹോസ്റ്റലിന്റെയോ ഭരണച്ചുമതല അയാളെ ഏല്പിക്കണം. ഇതിൽ നിന്നും വ്യത്യസ്തമായ രീതിയിൽ പ്രവർത്തിക്കുന്നവർക്ക് ശാപം. ദൈവകോപം അവരുടെ മേൽ ഉണ്ടായിരിക്കട്ടെ.

## ഇരുപത്തൊന്നാം കാനോന:

ഭരണാധികാരികൾക്കെതിരായി കലാപമുണ്ടാക്കുന്നതിനും സഹപ്രവർത്തകരെ തള്ളിപ്പറയുന്നതിനും വേണ്ടി ശപഥം ചെയ്യുന്നതിനായി ഒരുമിച്ചു കൂടുകയും പരസ്പരം സഹകരിക്കുകയും ചെയ്യുന്നവരെക്കുറിച്ച്:

താഴെ പറയുന്ന കാര്യവും പിതാക്കന്മാരുടെ സിനഡിൽ പ്രസ്താവിക്കപ്പെട്ടു. കലഹപ്രിയത്തോടുകൂടെ ഒത്തുചേരുന്ന ചിലയാളുകളുണ്ട്. അവർ പരസ്പരം സഹകരിച്ച് ഒരുടമ്പടിയുണ്ടാക്കുന്നു. അവർ ശപഥം ചെയ്യുകയും അത് എഴുതി ഒപ്പും മുദ്രയും വയ്ക്കുകയും ചെയ്യുന്നു. വീഞ്ഞു കലർത്തിക്കുടിക്കുകയും



ഉപ്പ് തളിക്കുകയും ചെയ്യുന്നു. പരസ്പരം സഹകരിക്കുന്നതിൽ നിന്ന് ഒരിക്കലും പിന്തിരിയുകയില്ല എന്ന അർത്ഥത്തിലാണ് ഈ നടപടികൾ. അവർ അവരുടെ സഹപ്രവർത്തകരെ നശിപ്പിക്കുന്നതിനായി പുറത്തുള്ള കോടതികളിൽ അവരെ തള്ളിപ്പറയുന്നു. സ്നേഹത്തിനു വിരുദ്ധമായ ഉടമ്പടിയുണ്ടാക്കുകയാണു വേറെ ചിലർ ചെയ്യുന്നത്. പരസ്പരം ഒരുമിച്ച് ഭക്ഷിക്കുകയോ പാനം ചെയ്യുകയോ ഉപ്പ് ഉപയോഗിക്കുകയോ ചെയ്യുകയില്ല എന്നതാണ് അവരുടെ ശപഥം. സ്നേഹത്തിന്റെ 'ശത്രു'വിന്റെ പ്രവർത്തനത്തിന്റെയും അസൂയയുടെയും അടിസ്ഥാനത്തിൽ സ്നേഹത്തിന്റെ നിയമത്തെ അതിന്റെ അടിസ്ഥാനത്തോടെ ഇളക്കിക്കളയാനാണ് അവരുടെ ശ്രമം.

അതിനാൽ നമ്മുടെ കർത്താവിന്റെ വചനത്താൽ ഞങ്ങൾ ആജ്ഞാപിക്കുന്നു: മേലിൽ ഒരു ക്രൈസ്തവനും ഇപ്രകാരം ചെയ്യാൻ പാടില്ല. അതായത് ഇത്തരം ഉടമ്പടികൾ ഉണ്ടാക്കാനോ ശപഥം ചെയ്യാനോ അധികാരികൾക്കെതിരായി കലാപമുണ്ടാക്കാനോ തന്റെ സഹപ്രവർത്തകരോടൊപ്പം വിദ്വേഷത്തോടെ സമ്മേളിക്കാനോ മറ്റൊരാളോടുള്ള വിദ്വേഷത്തോടെ അയാളെ ഉപദ്രവിക്കുന്നതിനുവേണ്ടി ഒരുമിച്ചു ഭക്ഷിക്കുകയും പാനം ചെയ്യുകയും ഉപ്പുതിന്നുകയും ചെയ്യാനോ പാടില്ല. ഒരു സഹപ്രവർത്തകനെ നശിപ്പിക്കുന്നതിനുവേണ്ടി അയാൾക്കെതിരായി ഒരു ന്യായാധിപന്റെ പക്കൽ കുറ്റപ്പെടുത്തൽ നടത്താൻ പാടില്ല. ക്രിസ്ത്യാനികൾ പരസ്പരം സ്നേഹവും സമാധാനവും നിഷേധിക്കാൻ പാടില്ല. സഹായകരമായ വിധത്തിൽ ഇവിടെ നൽകപ്പെട്ടിട്ടുള്ള കല്പനകളെ കാലുകൾക്കുകീഴിൽ ചവിട്ടിത്തേക്കാൻ ഉദ്യമിക്കുന്നവരാരായാലും അവരുടെമേൽ ശാപവും ദൈവകോപവും ഉണ്ടായിരിക്കട്ടെ.

## ഇരുപത്തിരണ്ടാം കാനോന:

അനാഥരായ കുട്ടികളുടെ സമ്പത്ത് ശ്രദ്ധാപൂർവ്വം സംരക്ഷിക്കുന്ന കാര്യത്തിൽ സഭാനേതാക്കൾ കല്പന നൽകണം.

മാതാപിതാക്കളുടെ മരണംമൂലം അനാഥരായിത്തീരുന്ന കുട്ടികളുടെ സമ്പത്ത് ശ്രദ്ധാപൂർവ്വം സംരക്ഷിക്കപ്പെടുക

www.malankaralibrary.com



എന്നത് ന്യായമാണ്. മെത്രാന്റെ അറിവും കല്പനയും അനുസരിച്ചുവേണം ഇതു നിർവ്വഹിക്കപ്പെടാൻ. ഇത്തരം സമ്പത്ത് നല്ല സാക്ഷ്യത്തിനുടമയായ ഒരു വ്യക്തിയെ ഏല്പിക്കണം. അയാൾ കവർച്ച ചെയ്യാത്തവനും വിശ്വസ്തനുമായിരിക്കണം; കുട്ടികൾ പ്രായമാകുന്നതുവരെ സ്വത്തുക്കൾ സംരക്ഷിക്കുകയും പ്രായമാകുമ്പോൾ കേടുപാടുകൾ കൂടാതെ അവരെ ഏല്പിക്കുകയും വേണം. ഏതായാലും ഒരു രണ്ടാനപ്പന്റെ ചുമതലയിൽ പ്രസ്തുതസമ്പത്ത് ഏൽപ്പിക്കരുത്. രണ്ടാനപ്പൻ അവ സ്വന്തമാക്കുകയോ നശിപ്പിക്കുകയോ ചെയ്യും. ഒരു പക്ഷെ രൂപതയിലെ മെത്രാനോ സമീപവാസികളായ വിശ്വാസികളും വൈദികരും ചേർന്നോ അയാൾക്കനുകൂലമായി സാക്ഷ്യം നൽകുകയാണെങ്കിൽ സ്വത്ത് അയാളുടെ സൂക്ഷത്തിന് ഏല്പിക്കാം. ഇപ്പറഞ്ഞതിനു വിരുദ്ധമായി ആരും പ്രവർത്തിക്കരുത്.

## ഇരുപത്തി മൂന്നാം കാനോന:

സഭയിലെ മാന്യമായ പദവികൾ ഉള്ളയാളുകൾ മററാളുകളുടെ കാര്യസ്ഥന്മാരായും വളർത്തുപിതാക്കന്മാരായും തങ്ങളുടേതല്ലാത്ത വ്യവഹാരങ്ങളിൽ അഭിഭാഷകരായും പ്രവർത്തിക്കുന്നതു ശരിയല്ല. മേലിൽ അവർ വിവാഹ മോചിതരായ സ്ത്രീകളെ വിവാഹം ചെയ്യരുത്.

സഭയിലെ ഉന്നതമായ ശുശ്രൂഷാപദവികൾ വഹിക്കുന്നവർ ഉന്നതമായ ജീവിതരീതി പരിപാലിക്കണമെന്ന് ഞങ്ങൾ ഇതിനുമുമ്പ് പല തവണയും പറയുകയും പല രീതിയിലും വെളിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പുതിയ ഉടമ്പടിയിലെ ശുശ്രൂഷകരായ സഭയിലെ ഉന്നത സ്ഥാനികൾ വൈശിഷ്ട്യം കൊണ്ടു സ്വയം അലങ്കരിക്കണം. അവർ വിശ്വസ്തരായ അൽമായരെപ്പോലെ പെരുമാറിയാൽ പോരാ. ദൈവത്തിങ്കലേയ്ക്ക് കൂടുതൽ ആഴത്തിൽ ഇറങ്ങിച്ചെല്ലുകയും ദൈവ വരപ്രസാദ സ്വീകരണത്തിൽ കൂടുതലായ ഔന്നത്യം നേടുകയും ചെയ്തവരെപ്പോലെ അവർ പെരുമാറണം. 'സ്ഥാന'വും അദ്ധ്യാപനവും കൊണ്ടു മാത്രമല്ല, അതിലധികമായി സ്വന്തം പ്രവൃത്തികൾ കൊണ്ടും അവർക്കു സാക്ഷ്യം നൽകപ്പെടണം. അവർ മററുള്ളവരെ പഠിപ്പിക്കുകയും സ്വയം പഠിപ്പിക്കാതിരിക്കുകയും ചെയ്യാൻ പാടില്ല. അവർ വിളക്കു പിടിച്ചുകൊണ്ടു നടക്കുന്ന അന്ധനെപ്പോലെ ആകരുത്. അവർ മററുള്ളവർക്കു വെളിച്ചം നൽകുന്നു; അതേസമയം വെളിച്ചത്തിന്റെ സന്തോഷം അവർക്കു നിഷേധിക്കപ്പെടുന്നു.



ഈ വിഷയം സംബന്ധിച്ച് പിതാക്കന്മാരുടെ കൗൺസിലിൽ താഴെ പറയുന്ന പരാതി ഉന്നയിക്കപ്പെട്ടു. ചില വൈദികർ അവരുടെ ശുശ്രൂഷയുടെ പദവിക്കനുഗുണമായി പെരുമാറാതെയും ആദ്ധ്യാത്മികമായ സേവനം നിർവ്വഹിക്കുന്ന തങ്ങളുടെ പദവികളുടെ ചാരിത്ര്യത്തിന് യോജിച്ച വിധം ജീവിക്കാൻ പ്രേരിതരാകാതെയും വർത്തിക്കുന്നു. വിശ്വാസികളിൽ നിന്നും അവിശ്വാസികളിൽ നിന്നും അവർ പലിശ വാങ്ങുന്നു; അവർ യുവതികളുടെ മേൽനോട്ടക്കാരാകുന്നു. അങ്ങനെ സ്വന്തം ആദ്ധ്യാത്മിക ശുശ്രൂഷകളിൽ തടസ്സപ്പെട്ടവരായിത്തീരുന്നു. ആദ്ധ്യാത്മിക ശുശ്രൂഷയുടെ മേൽനോട്ടക്കാരാണു തങ്ങൾ എന്ന് അവർ മറന്നുപോകുന്നു. വേറെ ചിലർ തങ്ങളുടേതല്ലാത്ത കോടതിവ്യവഹാരങ്ങളിൽ അഭിഭാഷകരായി സേവനം അനുഷ്ഠിക്കുന്നു. ഭൗതികകാര്യങ്ങളിൽ കാര്യസ്ഥന്മാരായി നിയമിക്കപ്പെടുന്നവരുമുണ്ട്. ലജ്ജാകരവും നിത്യമായി ശിക്ഷിക്കപ്പെടേണ്ടതുമായ അത്യാഗ്രഹത്തിൽ അവർ പലതരം ബിസിനസ്സുകളിൽ ഏർപ്പെടുന്നു. വൈദികരുടെ നാഥനാൽ വൈദികർക്ക് ഏല്പിച്ചു കൊടുക്കപ്പെട്ട ദൈവികമായ സേവനങ്ങളുടെ നിർവ്വഹണത്തിനു മുകളിൽ പറഞ്ഞ കാര്യങ്ങളെല്ലാം പ്രതിബന്ധങ്ങളത്രേ. വേറെ ചിലരാകട്ടെ, അപമാനകരമായ ആരോപണങ്ങൾക്കു വിധേയരായി വിവാഹ മോചിതരായ സ്ത്രീകളെ വിവാഹം ചെയ്യുന്നു. അങ്ങനെ സ്വന്തം അശ്രദ്ധയും കാമാസക്തിയും മൂലം അവർ അനേകർക്കു ദുർമ്മാതൃകയും വേദനാകാരണവും ആയിത്തീരുന്നു.

അതിനാൽ ഞങ്ങൾ താഴെ പറയും വിധം പഠിപ്പിക്കുകയും ആജ്ഞാപിക്കുകയും ചെയ്യുന്നു: ഇനി മേലിൽ വൈദികരും ഡീക്കന്മാരും സന്യാസികളും പലിശ വാങ്ങാൻ പാടില്ല. തങ്ങളുടേതല്ലാത്ത കോടതി വ്യവഹാരങ്ങളിൽ പ്രതിഫലം പററിക്കൊണ്ട് അഭിഭാഷകവൃത്തി നടത്താനും പാടില്ല. അവർ

www.malankaralibrary.com



ഏതെങ്കിലും മനുഷ്യരുടെ കാര്യസ്ഥന്മാരാകരുത്. കാരണം അവർ മാലാഖമാരുടെയും മനുഷ്യരുടെയും കർത്താവിൻെറ കാര്യസ്ഥന്മാരാണ്. ഇനി മേലിൽ അവർ അപമാനകരമായ പാപങ്ങളുടെ പേരിൽ ആരോപണ വിധേയരായി ഭർത്താക്കന്മാരാൽ ഉപേക്ഷിക്കപ്പെട്ട സ്ത്രീകളെ വിവാഹം ചെയ്യരുത്. സാധുവായി വിവാഹം ചെയ്ത ഭാര്യയോടൊപ്പം ജീവിക്കുന്നയാൾ പോലും, അവൾ വ്യഭിചാരത്തിൻെറ പേരിൽ നിന്ദിക്കപ്പെട്ടാൽ അവളെ ഉപേക്ഷിക്കണമെന്നും അവളുമായിട്ടുള്ള അടുത്ത സമ്പർക്കത്തിൽ നിന്ന് അകന്നിരിക്കണമെന്നും കല്പിക്കപ്പെട്ടിരിക്കെ, ബഹുമാന്യപദവികളിലുള്ളവർ നിന്ദിക്കപ്പെടുന്നതും തങ്ങളുടെ ശുശ്രൂഷയുടെ ക്രമത്തിൽ നിന്ന് വളരെ വിദൂരസ്ഥിതവുമായ എല്ലാ കാര്യങ്ങളിൽ നിന്ന് വളരെ അകന്നിരിക്കുക എന്നത് യഥാർത്ഥത്തിൽ എത്രയോ ഉചിതമാണ്! ഈ ലോകത്തിലെ രാജ്യത്തിൻെറ അധികാരം സംബന്ധിച്ച ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നയാൾ. ഒരു വ്യക്തിയുടെ കാര്യസ്ഥനായിരിക്കുന്നത് അപമാനകരമാണെങ്കിൽ ക്രിസ്തുവിൻെറ കാര്യസ്ഥനും അവിടുത്തെ ശിഷ്യന്മാരുടെ പിതാക്കന്മാരും പരിപോഷകരുമായിട്ടുള്ളവർ ആ ദൈവികസേവനത്തിനു അന്യമായ മറെറാരു സേവനത്തിലേയ്ക്കു തിരിയുന്നത് എത്രയോ അപമാനകരമാണ്! വിവേകികളായ ആളുകൾക്ക നൽകപ്പെടുന്ന നിർദ്ദേശം അവർ വളരെ ശ്രദ്ധാപൂർവ്വം തങ്ങളെത്തന്നെ കളങ്കങ്ങളിൽ നിന്ന് കാത്തുരക്ഷിക്കണമെന്നത്രേ. ഇനിമേലിൽ വൈദികർ വിവാഹ മോചിതരായ സ്ത്രീകളോടു സമ്പർക്കം പുലർത്താനേ പാടില്ല— ലജ്ജാകരമായ പാപത്തിൻെറ പേരിൽ ആരോപണം ഉണ്ടാകാത്തവരോടു പോലും. അങ്ങനെയാകുമ്പോൾ അവർ തിന്മയിൽ നിന്നും ദുരുദ്ദേശ്യങ്ങളിൽ നിന്നും വിമുക്തരായിരിക്കും. ഏതെങ്കിലും ഒരാൾ തൻെറ ബുദ്ധിഭ്രമം കാരണം വ്യഭിചാരക്കുററം ആരോപിക്കപ്പെട്ട ഒരു സ്ത്രീയെ സ്വീകരിച്ചിട്ടുണ്ടെങ്കിൽ, പ്രസ്തുത ആരോപണം ശരിയാണെന്നു തെളിഞ്ഞാൽ, സ്വീകരിച്ചയാൾ ഒരു വൈദികനാണെങ്കിൽ അയാൾ അവളെ ഉപേക്ഷിക്കണം. മറെറാരു തരത്തിൽ പ്രവർത്തിക്കുന്നതു നിയമാനുസൃതമല്ലെന്നു "ദൈവവചന"ത്താൽ ഞങ്ങൾ അറിയിക്കുന്നു.

## ഇരുപത്തിനാലാം കാനോന:

ഭർത്താവു മരിച്ച സ്ത്രീയെ സംബന്ധിച്ച്. അയാൾ മരണപത്രം ഉണ്ടാക്കി, എന്നാൽ അവളുടെ സ്ത്രീധനം സംബന്ധിച്ച



നിർദ്ദേശങ്ങൾ നൽകിയില്ല. അവൾക്ക, സ്വന്തം സ്ത്രീധനത്തിന്മേൽ അധികാരമുണ്ടോ?

താഴെ പറയുന്ന വിഷയത്തെക്കുറിച്ചുകൂടെ നമുക്കിവിടെ പറയാം: ഒരു സ്ത്രീക്ക് അവളുടെ ഭർത്താവിൻെറ മരണശേഷം സ്വന്തം സ്ത്രീസ്വത്തിൻെറ മേൽ അധികാരമുണ്ടോ? ഈ വിഷയം സംബന്ധിച്ച തീരുമാനമുണ്ടാവുകയും അതു ക്രൈസ്തവരുടെയിടയിൽ പരക്കെ അറിയപ്പെടുകയും ചെയ്യുക എന്നതു ശരിയും ന്യായവുമാണെന്നു ഞങ്ങൾ കരുതുന്നു. മററു നിയമങ്ങളെന്ന പോലെ ഇക്കാര്യവും പരസ്പര സമ്മതത്തോടും ഏകാഭിപ്രായത്തോടും കൂടെ വേണം കൈകാര്യം ചെയ്യപ്പെടാൻ: ഒരു സ്ത്രീയ്ക്കു അവളുടെ സ്ത്രീസ്വത്തിന്മേൽ ഭർത്താവിൻെറ ജീവിതകാലത്തും മരണശേഷവും ഒരുപോലെ അധികാരമുണ്ട്. അതിനെ സംബന്ധിച്ച് ഭർത്താവു മരണപത്രത്തിൽ നിർദ്ദേശം നൽകിയിട്ടില്ലെങ്കിലും കുഴപ്പമില്ല. അവളുടെ സമ്മതം കൂടാതെ ഉത്തമർണ്ണന്മാർക്കോ അവകാശികൾക്കോ അതിൻെറ മേൽ അധികാരമുണ്ടായിരിക്കുന്നതല്ല. വളരെ കഠിനവും നിയമങ്ങളെ തകിടം മറിക്കുന്നതുമായ ഒരാവശ്യമുണ്ടെങ്കിൽ, അതു നിയമപാലകർക്കെതിരായി പ്രയോഗിക്കപ്പെടരുതു്. ഒരു ഭർത്താവു് തൻെറ സ്വത്തിൽ നിന്നു് ഭാര്യയ്ക്കു് ഏതെങ്കിലും സമ്മാനം നൽകിയിട്ടുണ്ടെങ്കിൽ, അതു് പുരുഷന്മാരായ അവകാശികളുടേതിനു തുല്യമായ ഒരു പൂർണ്ണവീതമല്ലെങ്കിൽ അവൾക്കു് ആ സമ്മാനം കിട്ടിയ സ്വത്തിന്മേലും അവളുടെ സ്ത്രീധനത്തിന്മേലും അധികാരം ഉണ്ടായിരിക്കും. എന്നാൽ കിട്ടിയ ദാനം ആണുങ്ങളും പെണ്ണുങ്ങളുമായ മററവകാശികൾക്കു കിട്ടിയതിനു തുല്യമാണെങ്കിൽ അവൾ അതു സ്വീകരിക്കുന്നതോടൊപ്പം അവളുടെ സ്ത്രീധനം അവകാശികൾക്കു പങ്കുവച്ചു കൊടുക്കണം. എന്നാൽ അങ്ങനെ കിട്ടിയ ഭാഗമാണോ സ്ത്രീധനമാണോ സ്വത്തായി എടുക്കേണ്ടതു് എന്നു് അവൾക്കു തീരുമാനിക്കാം. എന്നാൽ ഭർത്താവു നൽകുന്ന വീതം അവൾ ജീവിക്കുന്ന കാലത്തോളം അവളുടെ ചെലവിനു വേണ്ടിയുള്ളതു മാത്രമാണ്, പൂർണ്ണാധികാരമുള്ള പിൻതുടർച്ച സ്വത്തല്ല എന്നുണ്ടെങ്കിൽ, അവൾക്കു് അതു് തൻെറ മരണസമയത്തു് ഇഷ്ടമുള്ളയാളുകൾക്കു ദാനം ചെയ്യാൻ അധികാരമുണ്ട്. അതുപോലെ തന്നെ അവൾക്കു് തൻെറ സ്ത്രീധനത്തിൻമേൽ പിതൃസ്വത്തു്

www.malankaralibrary.com



എന്ന നിലയിൽ പൂർണ്ണമായ അധികാരമുണ്ട്. ഈ വിഷയത്തിൽ എല്ലാ സഭാസമൂഹങ്ങൾക്കും ഒരേ അഭിപ്രായം ഉണ്ടായിരിക്കേണ്ടതാണ്. നീതി നടപ്പാക്കുന്നതും നിന്ദയിൽനിന്നും ഹാനിയിൽ നിന്നും വിമുക്തവും എന്ന നിലയിലാണിത്.

**ഇരുപത്തഞ്ചാം കാനോന:**

ക്രൈസ്തവർ മററു മതക്കാരുടെ ഉൽസവങ്ങൾക്കു പോവുകയോ അവയിൽ പങ്കെടുക്കുകയോ ചെയ്യരുതെന്ന്.

ചില ക്രൈസ്തവർ അവരുടെ അറിവുകേടോ അശ്രദ്ധയോ കാരണമായി മററു മതങ്ങളിലേയ്ക്കു പോകുകയും അവരുടെ ഉത്സവങ്ങളിൽ പങ്കുകൊള്ളുകയും ചെയ്യുന്നതായി ഞങ്ങൾ കേട്ടു. അതായത് അവർ യഹൂദരുടെയോ പാഷണ്ഡരുടെയോ അന്യമതസ്ഥരുടെയോ ഉത്സവങ്ങളിൽ പങ്കുകൊള്ളുന്നു. അല്ലെങ്കിൽ അത്തരം ഉത്സവങ്ങളുടെ ഭാഗമായി കൊടുത്തയയ്ക്കപ്പെടുന്ന സാധനങ്ങൾ സ്വീകരിക്കുന്നു.

അതിനാൽ സ്വർഗ്ഗീയമായ അധികാരത്താൽ ഞങ്ങൾ ഇങ്ങനെ ആജ്ഞാപിക്കുന്നു: ക്രൈസ്തവർ ആരും അക്രൈസ്തവമായ ഉത്സവങ്ങളിൽ പങ്കുകൊള്ളാൻ പാടില്ല. ഉത്സവങ്ങളുടെ ഭാഗമായി കൊടുത്തയയ്ക്കപ്പെടുന്ന സമ്മാനങ്ങൾ സ്വീകരിക്കാനും പാടില്ല. കാരണം അവ അവരുടെ ബലികളിൽ സമർപ്പിക്കപ്പെട്ട വസ്തുക്കളായിരിക്കും.

**ഇരുപത്താറാം കാനോന:**

സിനഡിലേയ്ക്കു വിളിക്കപ്പെട്ട മെത്രാന്മാരും മെത്രാപ്പോലീത്താമാരും പോകാതിരിക്കരുത്.

സിനഡിലേയ്ക്ക് ക്ഷണിക്കപ്പെടുന്ന മെത്രാപ്പോലീത്താമാരും മെത്രാന്മാരും സിനഡിനെ നിസ്സാരമായി കണക്കാക്കുകയും പോകാൻ വിസമ്മതിക്കുകയും ചെയ്യരുത്. കാരണം, എങ്ങനെയാണു പഠിപ്പിക്കേണ്ടതെന്ന് അറിയുമ്പോൾ അവർ കൂടുതൽ പ്രയോജനമുള്ളവരായിത്തീരുന്നു. അവർക്കു പഠിക്കാൻ ആവശ്യമുണ്ടെങ്കിൽ അതും സിനഡ് വഴി സാധാരണയായി സഭയിൽ സംഭവിക്കുന്ന പരിഷ്ക്കാരങ്ങളും പ്രയോജനപ്രദങ്ങളാണ്. സിനഡിനു ക്ഷണിക്കപ്പെടുന്ന മെത്രാപ്പോലീത്താമാ



രിലും മെത്രാന്മാരിലും അതിനെക്കുറിച്ച് അവജ്ഞയുള്ളവർ ഉണ്ടെങ്കിൽ, കാനോനികവും സ്വീകാര്യവുമായ പ്രധാന കാരണങ്ങൾ ഇല്ലാതെ പോകാതെ ഇരിക്കുകയാണെങ്കിൽ, യാഥാർത്ഥ്യം ഇങ്ങനെയാണെന്ന് അന്വേഷണത്തിൽ വ്യക്തമാവുകയാണെങ്കിൽ സമൂഹത്തിന്റെ ശിക്ഷാവിധിയനുസരിച്ച് അയാളെ തന്റെ ശുശ്രൂഷയിൽനിന്നു സസ്പെൻഡ് ചെയ്യണം. അയാൾ തന്റെ തെററു തിരുത്തുകയും തന്റെ അവജ്ഞയും അലസതയും തന്നിൽ നിന്നു ദൂരത്തെറിയുകയും ചെയ്യുന്നതുവരെ ആ സസ്പെൻഷൻ നിലനിൽക്കണം, അല്ലെങ്കിൽ അയാൾ മൂലം സമൂഹത്തിനു തന്നെ ദോഷം സംഭവിക്കും.

**ഇരുപത്തേഴാം കാനോന:**

മററുമതങ്ങളിലുള്ളവരുമായി വിവാഹബന്ധത്തിൽ ഏർപ്പെട്ടവരെക്കുറിച്ചും. തങ്ങളുടെ ഗ്രാമങ്ങളിലെ ഉത്സവങ്ങൾ പാഷണ്ഡികളുടെ ചുമതലയിൽ ഏല്പിക്കുന്നവരെയും അവരുടെ പക്കൽനിന്ന് അനുഗ്രഹങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നവരെക്കുറിച്ചും.

ഉത്തമരായ ആളുകൾ എല്ലാ കാര്യത്തിലും പരിശുദ്ധി പാലിക്കണം എന്നതു് ശരിയും ഉചിതവുമാണല്ലോ. നിരർത്ഥക മതങ്ങളുടെ അദ്ധ്യാപനങ്ങളെക്കുറിച്ച് അവർ കരുതലോടെ ഇരിക്കണം. അവർ തങ്ങളുടെ പുത്രന്മാരെയും പുത്രിമാരെയും അന്യമതസ്ഥരുടെ വിവാഹച്ചടങ്ങുകൾക്കും കിരീടധാരണത്തിനും നൽകരുത്. അവർ സത്യവിശ്വാസത്തോടു യോജിക്കുന്നു എന്ന് വാഗ്ദാനം ചെയ്യുന്നുണ്ടോ എന്നുറപ്പുവരുത്തുവാൻ അവർ ശ്രദ്ധാലുക്കളായിരിക്കണം. മിശിഹായുടെ വിശുദ്ധ ബലിപീഠങ്ങൾ പാഷണ്ഡികളുടെ ശുശ്രൂഷകൾക്കായി വിട്ടുകൊടുക്കരുത്. യഥാർത്ഥ ആശീർവ്വാദങ്ങളല്ലാത്ത (അന്യമതസ്ഥരുടെ) ആശീർവ്വാദങ്ങൾ അവർ സ്വീകരിക്കുകയുമരുത്. ഏതെങ്കിലും ഒരു ക്രൈസ്തവൻ ഇതിൽനിന്നു വ്യത്യസ്തമായി പ്രവർത്തിച്ചാൽ അയാളുടെ അവജ്ഞയ്ക്ക് അർഹമായ കുററപ്പെടുത്തൽ അയാൾക്കു ലഭിക്കും. മുമ്പുള്ള പിതാക്കന്മാരുടെ സിനഡുകളിൽ സ്പഷ്ടമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കാനോനികമായ ശിക്ഷകൾ അയാൾ അനുഭവിക്കുകയും ചെയ്യും.

www.malankaralibrary.com



## ഇരുപത്തെട്ടാം കാനോന:

വൈദികർ രഹസ്യമായ ഉള്ളറകളിൽ ഭക്ഷിക്കുകയും പാനം ചെയ്യുകയും വിരുന്നുകൾ നടത്തുകയും ചെയ്യുന്നതു ശരിയല്ല എന്നതിനെക്കുറിച്ച്.

വൈദികരിൽ ചിലർ, അവരുടെ ശുശ്രൂഷയ്ക്കു യോജിച്ച ക്രമങ്ങളെ അവഗണിച്ചുകൊണ്ട് രഹസ്യമായവും വെളിച്ചം കുറഞ്ഞതുമായ മുറികളിൽ പോയി മിതത്വമില്ലാത്ത വിധം തിന്നുകയും കുടിക്കുകയും ക്രമംകെട്ട ആളുകളെപ്പോലെ ക്ലബ്ബ് മുറികളിൽ വിശ്രമിക്കുകയും ചെയ്യുന്നതായി പ്രസ്താവിക്കപ്പെട്ടു. പൗരോഹിത്യം വളരെ അന്തസ്സുള്ളതും പൊങ്ങച്ചത്തിന്റെയും സുഖഭോഗതല്പരതയുടെയും അത്യാഡംബരങ്ങളെ ഗർഹിക്കുന്നതുമാണല്ലോ.

ഈ വിഷയത്തെ സംബന്ധിച്ച് ''ദൈവവചന''ത്താൽ ഞങ്ങൾ താഴെ കാണുംവിധം ആജ്ഞാപിക്കുന്നു: വൈദികർക്കും സന്യാസികൾക്കും രഹസ്യങ്ങളായ ഇരുട്ടുമുറികളിൽ പോകാനോ ക്ലബ്ബ് മുറികളിൽ വിശ്രമിക്കാനോ അനുവാദമില്ല. മറ്റു തരത്തിൽ പ്രവർത്തിക്കുന്നവരെല്ലാം ''ദൈവവചന''ത്താൽ ശപിക്കപ്പെടും.

## ഇരുപത്തൊമ്പതാം കാനോന:

സഭാപരമായ ശുശ്രൂഷയുടെ ക്രമീകരണത്തെയും പദവികളെയുംകുറിച്ച്; താഴ്ന്ന പദവികളിലുള്ളവർ മദ്ധ്യമ പദവികളിലുള്ളവരുടെ നേർക്കും മദ്ധ്യമ പദവികളിലുള്ളവർ ഉന്നത പദവികളിലുള്ളവരുടെ നേർക്കും ഉന്നത പദവികളിലുള്ളവർ കാനോനികമായും പൈതൃകമായും ഏറ്റവും ഉന്നത സ്ഥാനത്തു പ്രതിഷ്ഠിക്കപ്പെട്ടയാളിന്റെ നേർക്കും ആചരിക്കേണ്ട ബഹുമാനത്തെക്കുറിച്ച്.

നയിക്കുന്നവർക്കും നയിക്കപ്പെടുന്നവർക്കും സഹായങ്ങൾ നിറഞ്ഞ മുകളിൽ പറഞ്ഞ കാനോനാകളുടെ ക്രമീകരണം സ്വർഗ്ഗീയമായ സംരക്ഷണത്തോടെ പൂർത്തിയായിക്കഴിഞ്ഞ സ്ഥിതിക്ക്, നമ്മുടെ കർത്താവിന്റെ അനുമതിയോടെ നമുക്കു



സഭയിലെ ക്രമങ്ങളെക്കുറിച്ചും ഭരണാധികാരികളോടുള്ള ബഹുമാനത്തെക്കുറിച്ചും അറിയിക്കുന്ന വിഷയത്തിലേയ്ക്കു തിരിയാം. പ്രത്യേകിച്ചും പിതാക്കന്മാരുടെ തലവന്റെ തെരഞ്ഞെടുപ്പിനെക്കുറിച്ചു ചിന്തിക്കേണ്ടതുണ്ട്. അദ്ദേഹത്തിന്റെ കരങ്ങളിൽ ഏല്പിക്കപ്പെട്ടിട്ടുള്ളതും അദ്ദേഹത്തിൽ നിന്നു പുറപ്പെടുന്നതുമായ സഭാപരമായ എല്ലാ കാര്യങ്ങളെക്കുറിച്ചും ചിന്തിക്കണം. ഞങ്ങളുടെ ഈ കാനോനിക ലിഖിതത്തിൽ, സഭയിലുള്ള പദവികളുടെയും സ്ഥാനങ്ങളുടെയും ക്രമങ്ങളും അറിയിക്കപ്പെടണം. ഉപരിലോകത്തിലുള്ള, അതായത് മാലാഖമാരുടെതായ, വ്യവസ്ഥിതിയിൽ ഭരണാധികാരികളും മേൽക്കോയ്മകളും സിംഹാസനങ്ങളും നിശ്ചയിക്കപ്പെട്ടിട്ടുണ്ട്. അവിടെ സകലത്തിന്റെയും ക്രമീകരണകർത്താവിന്റെ ആജ്ഞയനുസരിച്ച് മറ്റെല്ലാത്തിനും ഉപരിയായ ശുശ്രൂഷ നടത്തുന്നു. താഴെയുള്ളതായ ഭൗതിക ലോകത്തിലും ഇതേ സ്ഥിതിയുണ്ട്. പലയാളുകളും പങ്കെടുക്കുന്ന പ്രസ്തുത ഭരണക്രമത്തിൽ എല്ലാവർക്കും ഉപരിയായിട്ടുള്ള ഒരാൾ കാര്യങ്ങൾ നിയന്ത്രിക്കുന്നു. നമ്മുടെ കർത്താവും ജീവദായകനുമായ ഈശോമിശിഹാ ക്രമീകരിച്ച സഭയുടെ വ്യവസ്ഥിതിയിലും സ്ഥിതി വ്യത്യസ്തമല്ല. ആരംഭത്തിൽ പന്ത്രണ്ടു ശ്ലീഹന്മാരുടെ തെരഞ്ഞെടുപ്പോടു കൂടെയാണ് അവിടുന്ന് ആ വ്യവസ്ഥിതി ക്രമീകരിച്ചത്. ഉന്നതമായ അധികാരം പൂർണ്ണമായി കൈകാര്യം ചെയ്യുന്നതിന് അവിടുന്ന് അവരെ ഏല്പിച്ചു. കാതോലികവും പൈതൃകവുമായ അധികാരമാണ് ഇങ്ങനെ നൽകപ്പെട്ടത്. താഴെയുള്ള ക്രമങ്ങൾക്കും അവിടുന്ന് അവരെ ചുമതലപ്പെടുത്തിയിരുന്നു. കാരണം സ്വജനത്തെയും ജാതികളെയും പഠിപ്പിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനുമായി അവിടുന്ന് അവരെ വേർതിരിക്കുകയും അയയ്ക്കുകയും ചെയ്തു. തന്റെ അദ്ധ്യാപനത്തിന്റെ ആധിക്യം കാരണമായി, അദ്ധ്യാപന ശുശ്രൂഷയുടെ ആവശ്യത്തിലേയ്ക്കു എഴുപതുപേരുടെ ഒരു സംഘത്തെയും പിന്നീട് അവിടുന്നു തെരഞ്ഞെടുത്തു. ഈ എഴുപത് അപ്പസ്തോലന്മാർ ആദ്യത്തെ ഗണത്തിന്റെ താഴെ സ്ഥാനമുള്ളവരും ഏറ്റവും ഉപരിയായിട്ടുള്ളവർക്കു ശേഷം മദ്ധ്യസ്ഥിതിയിലുള്ളവരുമാണ്. പാത്രിയർക്കീസുമാർക്കും കാതോലിക്കോസുമാർക്കും ശേഷം മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കുമുള്ള സ്ഥാനമാണവരുടേത്.

www.malankaralibrary.com



തന്റെ ഉത്ഥാനത്തിനും സ്വർഗ്ഗാരോഹണത്തിനും ആത്മാവിന്റെ വരപ്രസാദത്തിന്റെ ആഗമനത്തിനും ശേഷം അവിടുന്ന് വൈദികരെയും ഡീക്കന്മാരെയും രണ്ടാം ഗണത്തിനു ശേഷം മൂന്നാമത്തെ ഗണമായി വേർതിരിച്ചു നിശ്ചയിച്ചു. അങ്ങനെ അവിടുന്ന് സഭയെ ഒന്നും രണ്ടും മൂന്നും ഗണത്തിൽപ്പെട്ട ഭരണാധികാരികളെ കൊണ്ടു സമ്പന്നമാക്കി. അനുഗ്രഹത്തിന്റെ സമ്പന്നമായ അരുവിയാൽ അവർക്കു നൽകപ്പെട്ട ദാനങ്ങൾ അനുസ്യൂതമായി ഇതു നിർവ്വഹിക്കപ്പെട്ടു. അപ്പസ്തോലന്മാരുടെ അഗ്നിയിൽ നിന്ന് ഉജ്ജ്വലിച്ചതും കൈ പകർന്നു നൽകപ്പെട്ടതും അവിടുത്തെ ആദ്യ ആഗമനം മുതൽ അന്തിമാഗമനം വരെ മുറതെറ്റാതെ കൈ മാറ്റപ്പെട്ടു പോരുന്നതുമായ ഭരണാധികാരികളുടെയും പിതാക്കന്മാരുടെയും അഭിഷേകത്തിലൂടെ ഇതു സാദ്ധ്യമായി.

ഒന്നാമത്തെയും രണ്ടാമത്തെയും ഗണങ്ങൾ നിദ്രപ്രാപിച്ചു കഴിഞ്ഞപ്പോൾ പരിശുദ്ധാത്മാവ് പിതാക്കന്മാരുടെ വിതരണത്തിലൂടെ വിവിധ സ്ഥലങ്ങളിൽ രൂപതകളും സിംഹാസനങ്ങളും സ്ഥാപിച്ചു. അവിടുന്ന് പാശ്ചാത്യ പ്രദേശത്ത് നാലു പാത്രിയർക്കീസുമാരെ നിശ്ചയിച്ചു. അവർ അത്യുന്നത സ്ഥാനങ്ങൾ വഹിക്കണമെന്നും മറ്റു പദവികളിലുള്ളവർ അവർക്കു കീഴ്പ്പെട്ടിരിക്കണമെന്നും നിശ്ചയിച്ചു. കിഴക്കൻ പ്രദേശത്തിനുവേണ്ടി അഞ്ചാമതൊരു പാത്രിയർക്കീസിനെ അവിടുന്നു നിശ്ചയിച്ചു. സൂര്യാസ്തമനത്തിന്റെ മക്കളുടെ ആ പ്രമുഖസ്ഥാനങ്ങൾ അവിടത്തെ ക്രൈസ്തവരുടെയും പുരോഹിതരുടെയും പദവികൾ ക്രമീകരിക്കുകയും അവരെ ഭരിക്കുകയും ചെയ്യുന്നതുപോലെ സൂര്യോദയത്തിന്റെ മക്കളുടെ ഈ പ്രഥമസ്ഥാനം, സത്യത്തിന്റെ ശിഷ്യരാക്കപ്പെട്ട ജനങ്ങൾക്കുവേണ്ടി പ്രദേശങ്ങളിൽ പ്രമുഖമായ ഈ പ്രദേശം ക്രമപ്പെടുത്താൻ നിയോഗിക്കപ്പെട്ടതാണ്. ഈ ഉന്നതസ്ഥാനം സത്യവിശ്വാസത്തിൽ ജാജ്ജ്വല്യമാനമായിരിക്കെ, പ്രമുഖസ്ഥാനങ്ങളുടെ മാതാവിന്റെ ചെങ്കോൽ പന്ത്രണ്ടു പേരിൽ പ്രമുഖനായ പത്രോസിന്റെ സാദൃശ്യത്തിലും സഭാശില്പികളിൽ വരേണ്യനായ പൗലോസിന്റെ സാദൃശ്യത്തിലും വഹിക്കുന്നു. ഭരണാധികാരശുശ്രൂഷ ചെയ്യുന്നവരും പൈതൃക സിംഹാസനങ്ങളും, അതായത് സഭാധികാരപരമായ സ്ഥാനങ്ങൾ കയ്യാളുന്ന മെത്രാപ്പോലീത്താമാരും മെത്രാന്മാരും എല്ലാം ഈ സിംഹാസനത്തിന്റെ പൈതൃക പ്രാമുഖ്യത്തിനു വിധേയമാണ്.



വൈദികർ, സന്ദർശകർ, കോർ എപ്പിസ്കോപ്പാമാർ എന്നിങ്ങനെ മെത്രാന്റെ ഭരണസംവിധാനത്തിന്റെ ഭാഗങ്ങളായിട്ടുള്ളവർ സ്വന്തം രൂപത മുഴുവനാലും പ്രാമുഖ്യം കയ്യാളുന്ന മെത്രാന്റെ കല്പനകളെയോ ശാപങ്ങളെയോ ലംഘിക്കാൻ അനുവദിക്കപ്പെടുന്നില്ലല്ലോ. അതുപോലെ, പ്രവിശ്യകളുടെ തലവന്മാരായ മെത്രാപ്പോലീത്താമാരും രൂപതകളുടെ തലവന്മാരായ മെത്രാന്മാരും പാത്രിയർക്കീസിന്റെ വചനങ്ങളെയോ കല്പനകളെയോ ശാപങ്ങളെയോ ചെറുക്കാനോ ലംഘിക്കാനോ അനുവദിക്കപ്പെടുന്നില്ല. പാത്രിയർക്കീസ് കാനോനികമായും പൈതൃകമായും ഉള്ള ശുശ്രൂഷ നടത്തുന്ന പിതാക്കന്മാരുടെ തലവനാണ്. അദ്ദേഹം സഭയുടെ കാര്യങ്ങളിൽ മിശിഹായുടെ ഇംഗിതമനുസരിച്ച് അവർക്ക് ആജ്ഞകൾ നല്കുന്നു. ക്രൈസ്തവസമൂഹം ഇടയനില്ലാത്ത അജഗണത്തെപ്പോലെ ആയിത്തീരാതിരിക്കാൻ വേണ്ടിയാണിത്. സഭാപരമായ കാര്യങ്ങൾ, വൈദികാധികാരം വഹിക്കുന്നവരുടെയിടയിൽ പ്രത്യേകിച്ചും ക്രമം കെട്ടതായിത്തീരുമ്പോൾ ഇടയനില്ലാത്ത അവസ്ഥ വന്നുചേരും. അധികാരത്തിന്റെ പല പദവികൾ ക്രമീകരിക്കുന്നതിനും ആജ്ഞ നൽകുന്നവരെയും ആജ്ഞ അനുസരിക്കുന്നവരെയും ആജ്ഞകളാൽ നിയന്ത്രിക്കുന്നതിന് എല്ലാത്തിനും ഉപരിയായി ഒരാളെ നിയമിക്കുന്നതിനും പരിശുദ്ധാത്മാവു തിരുമനസ്സായി. അവയവങ്ങൾ ശിരസ്സിനോട് എന്നപോലെ മറ്റുള്ളവർ അദ്ദേഹത്തോടു ചേർന്നിരിക്കുന്നു. ആ ശിരസ്സിൽ നിന്നു വിവേചനാശക്തി പ്രവഹിക്കുന്നു. ധാരണാശക്തി കുടികൊള്ളുന്നതും ആ ശിരസ്സിൽത്തന്നെ. വിവേചനാശക്തി മനുഷ്യന്റെ ആവേഗങ്ങളെയും സ്വാഭാവിക വിചാരങ്ങളെയും വഴിതെറ്റിപ്പോകാതെ കാത്തുരക്ഷിക്കുന്നു. ധാരണാശക്തിയാകട്ടെ ജ്ഞാനേന്ദ്രിയങ്ങളെയും ശരീരഭാഗങ്ങളെയും കേടുപറ്റാതെ സംരക്ഷിക്കുന്നു. അതുപോല തന്നെ സഭയുടെ തലവനിൽ നിന്ന് പൗരോഹിത്യസ്ഥാനങ്ങൾ ഔചിത്യപൂർവ്വം പ്രവഹിക്കുകയും സാധാരണ ഭരണക്രമം അദ്ദേഹത്തിൽ നിന്നു പൈതൃകമായി ഉദ്ഭവിക്കുകയും ചെയ്യുന്നു.

www.malankaralibrary.com



ഈ വിഷയം സംബന്ധിച്ച് ഞങ്ങൾ കാനോനികമായി താഴെ പറയുന്ന കല്പന പുറപ്പെടുവിക്കുന്നു: പാത്രിയർക്കീസിന്റെ അഭിഷേക സന്ദർഭത്തിൽ മൂന്നോ നാലോ മെത്രാപ്പോലീത്താമാർ ഒത്തുചേരണം. അവരോടൊപ്പം അവരുടെ പ്രവിശ്യകളിൽ നിന്നു രണ്ടോ മൂന്നോ മെത്രാന്മാരും ഉണ്ടായിരിക്കണം. വലിയ പ്രവിശ്യയിലെ മെത്രാന്മാരിലും ആർച്ച്ഡീക്കനിലും സഭയുടെ തലവന്മാരിലും മഹോസെയിലെ രണ്ടു നഗരങ്ങളിലെ പ്രമുഖരായ വിശ്വാസികളിലും നിന്നുള്ള എഴുത്തുകൾവഴി വിളിക്കപ്പെടുമ്പോഴാണ് മെത്രാപ്പോലീത്താമാരും അവരോടൊപ്പമുള്ള മെത്രാന്മാരും ഒത്തുചേരേണ്ടത്. ഈ മെത്രാപ്പോലീത്താമാരും മെത്രാന്മാരും വന്നുകഴിയുമ്പോൾ മഹോസെയിലെ നഗരങ്ങളിലെ വൈദികരുടെയും വിശ്വാസികളുടെയും പൊതുകൗൺസിലിൽ, വലിയ പ്രവിശ്യയിലെ മെത്രാന്മാരുടെ സാന്നിദ്ധ്യത്തിൽ അവർ തിരഞ്ഞെടുപ്പു പരിശോധിക്കണം. മുൻവിധിയില്ലാത്തതും വ്യക്തിപരിഗണനകളിൽ നിന്നു വിമുക്തവും ദൈവകോപത്തിനു വിഷയമാകാത്തതുമായ തെരഞ്ഞെടുപ്പിലൂടെ യോഗ്യനും പാത്രിയർക്കാസിംഹാസനവും പ്രമുഖസ്ഥാനങ്ങളുടെ മാതാവായ പ്രമുഖസ്ഥാനവും കയ്യാളുവാൻ പ്രാപ്തനുമായ ഒരാളിനെ അവർ നിശ്ചയിക്കണം. അനന്തരം വിളിച്ചുവരുത്തപ്പെട്ട മെത്രാപ്പോലീത്താമാരുടെയും മെത്രാന്മാരുടെയും സന്നിധിയിലേക്ക് അവർ അദ്ദേഹത്തെ ആനയിക്കുകയും പരിചയപ്പെടുത്തുകയും വേണം. അനന്തരം താമസം കൂടാതെ അവർ അദ്ദേഹത്തിന്റെ അഭിഷേകം പൂർത്തിയാക്കണം.

പാത്രിയർക്കീസായ എനിക്കും മെത്രാപ്പോലീത്താമാരും മെത്രാന്മാരുമായ ഞങ്ങൾക്കും താഴെ പറയുന്ന കാര്യത്തിൽ നല്ല ബോദ്ധ്യമുണ്ട്: വിശ്വസ്തതയുള്ള സഭയുടെ ക്രമത്തിന്റെയും സമാധാനത്തിന്റെയും സുഹൃത്തുക്കൾ എന്ന നിലയിലും ക്രൈസ്തവലോകത്തിന്റെ ബഹുമാനത്തിന്റെയും അതിലെ പ്രമുഖസ്ഥാനത്തിന്റെയും സുഹൃത്തുക്കൾ എന്ന നിലയിലുമാണിത്. സ്വർഗ്ഗീയമായ അധികാരത്താൽ നിയോഗിക്കപ്പെടുകയും ആജ്ഞാപിക്കപ്പെടുകയും ചെയ്ത ഞങ്ങൾ സഭയിൽ ക്രമവും സമാധാനവും നിലനിർത്തുന്നതിനുവേണ്ടി ഇങ്ങനെ ആജ്ഞാപിക്കുന്നു; മെത്രാപ്പോലീത്താമാരിലും മെത്രാന്മാരിലും വൈദികരിലും വിശ്വാസികളിലും നിന്നുള്ള ആരുതന്നെ



ആയാലും മിശിഹായുടെ ഇച്ഛയനുസരിച്ച് പാത്രിയർക്കീസ് ആവശ്യപ്പെടുകയോ ആജ്ഞാപിക്കുകയോ ചെയ്യുന്നകാര്യങ്ങളെ അനാദരിക്കുകയോ നിന്ദിക്കുകയോ ധിക്കരിക്കുകയോ ചെയ്താൽ ഞങ്ങളെല്ലാവരും ചേർന്ന് അയാളെ ശപിക്കുന്നു. അയാൾ ആരുതന്നെ ആയാലും "ദൈവവചന"ത്താൽ തന്റെ ശുശ്രൂഷയിൽ നിന്നും പദവിയിൽ നിന്നും അകറ്റപ്പെട്ടവനായി ഞങ്ങൾ കണക്കാക്കുന്നു. അയാൾ നേർവഴിക്കു വരുകയും തെറ്റു തിരുത്തുകയും തെറ്റുകളെക്കുറിച്ചു പശ്ചാത്തപിക്കുകയും സഭാധികാര പ്രാമുഖ്യത്തിനു കീഴ്‌വഴങ്ങുകയും ചെയ്യുന്നതുവരെ ഈ അവസ്ഥ നിലനിൽക്കും.

അതിനാൽ ഈ പുസ്തകം വായിക്കാൻ ഇടയാകുന്നവരുടെ കൂടുതലായ അറിവിനുവേണ്ടി താഴെ പറയുന്ന കാര്യം വ്യക്തമാക്കുന്നതു ശരിയാണെന്നു ഞങ്ങൾ കരുതുന്നു. ഒരു വൈദികന് മറ്റൊരു വൈദികനെ സസ്പെൻഡ് ചെയ്യാൻ അനുവാദമില്ല. ഒരു മെത്രാൻ മറ്റൊരു മെത്രാനെയോ ഒരു മെത്രാപ്പോലീത്താ മറ്റൊരു മെത്രാപ്പോലീത്തായെയോ സസ്‌പെൻഡ് ചെയ്യാൻ പാടില്ല. പാത്രിയർക്കീസിന്റെ കല്പനയും അനുവാദപത്രവും കൂടാതെ മെത്രാന്മാർക്ക് അവരുടെ മെത്രാപ്പോലീത്തായെ സസ്‌പെൻഡ് ചെയ്യാൻ അനുവാദമില്ല. പാത്രിയർക്കീസിന്റെ കല്പനയില്ലാതെ ഒരു മെത്രാപ്പോലീത്തായ്ക്ക് തന്റെ പ്രോവിൻസിലെ ഒരു മെത്രാനെ സസ്‌പെൻഡ് ചെയ്യണമെങ്കിൽ ആ പ്രോവിൻസിലെ മറ്റെല്ലാ മെത്രാന്മാരുടെയുമോ ഭൂരിപക്ഷം മെത്രാന്മാരുടെ എങ്കിലുമോ പിന്തുണ ഉണ്ടായിരിക്കണം. തെറ്റു ചെയ്യുകയോ കുറ്റപ്പെടുത്തലും തെറ്റു തിരുത്തലും ആവശ്യമായ അവസ്ഥയിലായിരിക്കുകയോ ചെയ്യുന്ന മെത്രാന്മാരെയോ മെത്രാപ്പോലീത്താമാരെയോ പാത്രിയർക്കീസിന് ഒരു മെത്രാന്റെ സാന്നിദ്ധ്യത്തോടും സഹകരണത്തോടും കൂടെ സസ്‌പെൻഡ് ചെയ്യാവുന്നതാണ്. എന്നാൽ സാഹചര്യവശാൽ തക്കതായ ആവശ്യങ്ങളും വിഷമങ്ങളും ഉണ്ടാവുകയാണെങ്കിൽ പാത്രിയർക്കീസിനു തന്നെ സഭാഭരണപരമായ ആവശ്യത്തിനുവേണ്ടിയും കാര്യങ്ങൾ കുഴപ്പം പിടിച്ചതായതുകൊണ്ടും മെത്രാപ്പോലീത്തായെയോ മെത്രാനെയോ നീതിപൂർവ്വകമായി സസ്‌പെൻഡ് ചെയ്യാവുന്നതാണ്. ഒരു വൈദികൻ മെത്രാ

www.malankaralibrary.com



നെതിരായി തെററു ചെയ്യുന്നുവെങ്കിൽ മെത്രാൻ അതിനെക്കുറിച്ചു നീതിപൂർവ്വകമായ അന്വേഷണം നടത്തട്ടെ. വൈദികൻ കുററക്കാരനാണെങ്കിൽ മെത്രാൻ അയാളെ കുററക്കാരനായി വിധിക്കുകയും കുററത്തിന്റെ സ്വഭാവമെന്താണെന്നു വെളിപ്പെടുത്തുകയും ചെയ്യട്ടെ. മെത്രാന്റെ ശാപത്തിനെതിരായി എന്തെങ്കിലും പ്രവർത്തിക്കാൻ വൈദികന് അധികാരമില്ല. എന്നാൽ ഒരു മെത്രാൻ മെത്രാപ്പോലീത്തായ്ക്കു് എതിരായി എന്തെങ്കിലും കുററം ചെയ്താൽ മെത്രാപ്പോലീത്താ പ്രോവിൻസിലെ എല്ലാ മെത്രാന്മാരെയും അല്ലെങ്കിൽ അവരിൽ ഭൂരിപക്ഷംപേരെ വിളിച്ചു കൂട്ടണം. അവർ മെത്രാപ്പോലീത്തായോടൊത്തു് നീതിപൂർവ്വകമായ അന്വേഷണം നടത്തി നിയമാനുസൃതം കുററം വിധിക്കണം, കുററത്തിന്റെ സ്വഭാവം കുററവാളിക്കു വ്യക്തമാക്കിക്കൊടുക്കുകയും വേണം. ഒരു മെത്രാനു്, തനിക്കെതിരായി സിനഡ് പുറപ്പെടുവിച്ചിട്ടുള്ള ശാപം ലംഘിക്കാൻ അനുവാദമില്ല. എന്നാൽ തനിക്കെതിരായി അന്യായം പ്രവർത്തിക്കപ്പെട്ടിരിക്കുന്നുവെന്ന് മെത്രാൻ പറയുകയാണെങ്കിൽ പാത്രിയക്കീസ് സിനഡിൽ അതിനെ സംബന്ധിച്ചു അന്വേഷണം നടത്തണം. ഒരു മെത്രാപ്പോലീത്താ തെററായ വഴിക്കു തിരിഞ്ഞാൽ പ്രവിശ്യയിലെ മെത്രാന്മാർ അക്കാര്യം ലിഖിതരൂപത്തിൽ പാത്രിയക്കീസിനെ അറിയിക്കണം. എല്ലാം കാര്യങ്ങളും സ്വാഭാവികവും ക്രമാനുസൃതവുമല്ലെങ്കിൽ പാത്രിയക്കീസ് കുററം ആരോപിച്ചവരെയും ആരോപണ വിധേയനായ ആളിനെയും പ്രവിശ്യയിലെ മററു മെത്രാന്മാരെയും എഴുത്തയച്ചു് തന്റെ പക്കലേക്കു വിളിപ്പിക്കണം. അതല്ലെങ്കിൽ സമീപത്തുള്ള ഒരു മെത്രാപ്പോലീത്തായ്ക്കു് പാത്രിയക്കീസ് എഴുതണം. അതനുസരിച്ചു അദ്ദേഹം തന്റെ പ്രവിശ്യയിലുള്ള മെത്രാന്മാരോടൊപ്പം — എല്ലാവരുമല്ലെങ്കിൽ മൂന്നു പേരെങ്കിലും — അന്വേഷണം നടത്തി നീതിപൂർവ്വകമായ ഒരു വിധിനിർണ്ണയം നടത്തണം. കുററമോചനമാണോ ശിക്ഷയാണോ വിധിക്കപ്പെട്ടിട്ടുള്ളതെന്നു് അവർ പാത്രിയക്കീസിനെ അറിയിക്കണം. പാത്രിയക്കീസ് നീതിയോടും ദൈവഭയത്തോടും കൂടെ വേണ്ട കാര്യങ്ങൾക്കു നിർദ്ദേശം നൽകണം. പാത്രിയക്കീസ് ഏർപ്പെടുത്തിയ ശാപം ഏതെങ്കിലും വിധത്തിൽ തടസ്സപ്പെടുത്താൻ മെത്രാപ്പോലീത്താമാർക്കോ മെത്രാ



ന്മാർക്കോ അനുവാദമില്ല. അദ്ദേഹത്തിന്റെ അറിവും അനുവാദവും കൂടാതെ അവർ അതിനു് അറുതിവരുത്താനും പാടില്ല. സഭയിലെ പദവികളുടെ ക്രമബദ്ധത സംരക്ഷിക്കുന്നതിനു വേണ്ടിയാണ് ഈ ക്രമീകരണങ്ങൾ. എല്ലാ പ്രദേശങ്ങളിലും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ ഏർപ്പെട്ടിട്ടുള്ള സഭയുടെ വ്യവസ്ഥിതികളിൽ കുഴപ്പങ്ങൾ ഉണ്ടാകാതിരിക്കുകയും വേണമല്ലോ.

## മുപ്പതാം കാനോന:

പ്രവിശ്യകളിൽ മെത്രാപ്പോലീത്തായും മെത്രാന്മാരും ചേർന്നുള്ള കൗൺസിലിനെക്കുറിച്ചും, മെത്രാപ്പോലീത്താമാരും മെത്രാന്മാരും പാത്രിയക്കീസിനോടു ചേർന്നു നടത്തുന്ന കൗൺസിലിനെക്കുറിച്ചും.

മെത്രാന്മാർ അവരുടെ മെത്രാപ്പോലീത്തായോടുകൂടിയും മെത്രാപ്പോലീത്താമാരും മെത്രാന്മാരും പാത്രിയക്കീസിനോടുകൂടിയും കൗൺസിലുകൾ നടത്തേണ്ടതെങ്ങനെയാണെന്ന് അനുഗൃഹീതരായ പിതാക്കന്മാർ പഴയ കാനോനകളിൽ ആജ്ഞാപിക്കുകയും കല്പിക്കുകയും ചെയ്തിട്ടുണ്ട്. അവയുടെ നിർവഹണത്തിൽ അനുഗൃഹീതരായ പിതാക്കന്മാർ ഏർപ്പെടുത്തിയ ക്രമങ്ങളെയും കല്പനകളെയും കുറിച്ചു് ഉപദിഷ്ടരായ ഞങ്ങളും തത്സംബന്ധമായി കല്പനകൾ പുറപ്പെടുവിച്ചിട്ടുണ്ട്. മെത്രാപ്പോലീത്താമാരും മെത്രാന്മാരും അവയെ ലംഘിക്കുന്നതു ശരിയല്ല. കാനോനകളിൽ നിർദ്ദേശിച്ചിട്ടുള്ള സമയ ക്രമങ്ങളെ അവരിലാരെങ്കിലും ലംഘിച്ചാൽ അവർ കുററപ്പെടുത്തലിനു വിധേയരാകും. പാത്രിയർക്കീസിന്റെ സന്നിധിയിൽ വന്നു തെററുതിരുത്തുന്നതു വരെ അയാൾ സസ്പെൻഷനു വിധേയനായിരിക്കും. ഏതെങ്കിലും ഒരു പ്രശ്നം ഉണ്ടാവുകയും അതു് അത്ര പ്രാധാന്യമുള്ളതായതുകൊണ്ടു് അതിനെക്കുറിച്ചു ചിന്തിക്കാൻ മെത്രാന്മാരും മെത്രാപ്പോലീത്താമാരും സമ്മേളിക്കേണ്ടതാവശ്യമാണെന്നു പാത്രിയർക്കീസിനു ബോദ്ധ്യം വരുകയും ചെയ്താൽ പാത്രിയർക്കീസ് അവരിൽ എല്ലാവരെയുമോ, കുറെപേരെയോ വിളിച്ചാൽ, പഴയകാലത്തെ പിതാക്കന്മാർ നിശ്ചയിച്ചിട്ടുള്ള കാലാവധികൾക്കിടക്കായാലും അവർ സന്മനസ്സോടെ സമ്മേളിക്കേണ്ടതാണ്. പാത്രിയർക്കീസിന്റെ

www.malankaralibrary.com



ആഹ്വാനത്തെ ആരും നിരാകരിക്കരുത്. ഈ വിഷയത്തിൽ ഏതെങ്കിലും മെത്രാപ്പോലീത്തായോ മെത്രാനോ അനാദരവോ എതിർപ്പോ പ്രകടിപ്പിച്ചാൽ അയാൾ പാത്രിയർക്കീസിന്റെ സന്നിധിയിലെത്തി തന്റെ തെറ്റു തിരുത്തുകയും പാത്രിയക്കീസ് അനുവദിക്കുകയും ചെയ്യുന്നതുവരെ തന്റെ ശുശ്രൂഷയിൽ നിന്ന് അകററി നിർത്തപ്പെടും.

നിസിബിസുകാരുടെ മെത്രാപ്പോലീത്താ ആയ ശെമഓൻ, അദ്ദേഹത്തിന്റെ പ്രവിശ്യയിലെ മെത്രാന്മാർ, (റീവ്-അർദഷീറിലെ മെത്രാപ്പോലീത്താ ആയ ഗ്രിഗറി, അദ്ദേഹത്തിന്റെ പ്രവിശ്യയിലെ മെത്രാന്മാർ) എന്നിവർ ഇപ്രകാരം വിളിക്കപ്പെട്ടിട്ടു വരാത്തവരാണ്. എഴുത്തുകൾ വഴി രണ്ടു തവണവീതം വിളിക്കപ്പെട്ടിട്ടും അവർ അവജ്ഞാപൂർവ്വം വരാതിരുന്നു. അവനവന്റെയും സ്വന്തം അജഗണങ്ങളുടെയും നന്മയെക്കുറിച്ച് ഒരു ബോധവുമില്ലാത്ത ആളുകളെപ്പോലെയാണ് അവർ പെരുമാറിയത്. നിന്ദനിറഞ്ഞ ഇടയന്മാർക്കും ഉപേക്ഷാഭരിതരായ കാര്യസ്ഥന്മാർക്കുമായി ഒരുക്കപ്പെട്ടിരിക്കുന്ന വിധിയെ സംബന്ധിച്ച് അവർക്ക് ഭയമോ വിറയലോ ഇല്ല. കാരുണ്യവാനായ നമ്മുടെ നാഥന്റെ സ്ഥാനാരോഹണത്തിന്റെ ഈ എട്ടാം വർഷത്തിലെങ്കിലും അവർ വന്ന് തങ്ങളുടെ തെറ്റുകൾ തിരുത്തുന്നില്ലെങ്കിൽ, പാത്രിയക്കീസിന്റെ മുമ്പിൽ വന്ന് പശ്ചാത്തപിച്ച് നിയമപരമായവിധം തെറ്റുതിരുത്തുന്നതു വരെ അവർ സസ്പെൻഷനിലായിരിക്കും – അവരെല്ലാവരും അവരുടെ ശുശ്രൂഷയിൽ നിന്ന് അകററപ്പെട്ടവരാണെന്നാണ് ഞങ്ങളെല്ലാവരും കരുതുന്നത്. അവർ വന്ന് മറെറല്ലാ പിതാക്കന്മാരെയും പോലെ ഈ കാനോനകൾക്കും മുദ്ര വയ്ക്കണം.

## മുപ്പത്തൊന്നാം കാനോന:

ഈ കാനോനകളുടെ പാലനത്തെ സംബന്ധിച്ച് പിതാക്കന്മാർ ചെയ്ത ഉടമ്പടിയുടെ തീരുമാനം.

വളരെ ആവശ്യമായ ഇക്കാര്യം ഉറക്കെ പറയണമെന്നും ആവശ്യകമായ ഇക്കാര്യം ഈ കാനോനകളുടെ അവസാനംകൂടെ ചേർക്കണമെന്നും ഞങ്ങൾക്കു തോന്നി. ഈ കാനോനകളുടെ സ്ഥാപനം ദൈവഹിതത്തെ ലക്ഷ്യപ്പെടുത്തുന്നതും അതിനോടു യോജിക്കുന്നതുമാകുന്നു. ശ്രോതാക്കൾക്കും അനുവാചകർക്കും



അവയിൽ നിന്നു വളരെ പ്രയോജനം ലഭിക്കും. അതുകൊണ്ടാണ് പൊതുവായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ ഇതിനെക്കുറിച്ചു ചിന്തിച്ചത്. കാനോനകൾ എല്ലാം ഞങ്ങളെല്ലാവരും സസൂക്ഷ്മം എഴുതിയെടുത്തു സൂക്ഷിക്കണമെന്നും ഓരോ സംവത്സരത്തിന്റെയും ആദ്യമാസത്തിൽ സഭാസമൂഹങ്ങളുടെ പ്രയോജനത്തിനായി അജഗണങ്ങളുടെ സമ്മേളനങ്ങളിൽ അവ വായിക്കണമെന്നും ഞങ്ങൾ തീരുമാനിച്ചു. സ്വാഭാവികമായ അസൂയയാൽ ക്രിസ്തുവിന്റെ ശിഷ്യരിൽ നിന്ന് ശാശ്വതമായ നന്മകൾ അകററി നിർത്താൻ ശ്രമിക്കുന്ന സാത്താന് ഇടം കൊടുക്കാതിരിക്കാൻ വേണ്ടിയാണിത്. തന്റെയും തന്റെ അജഗണത്തിന്റെയും നന്മയെ വെറുത്തുകൊണ്ട് എന്നവിധം ഈ വിഷയത്തിൽ അവജ്ഞ കാട്ടുന്നവർ തനിക്കുപരിയായിട്ടുള്ളവരുടെ കുററപ്പെടുത്തലിനു പാത്രമാകും. നമ്മുടെ കർത്താവായ മിശിഹായിൽ നിന്ന് അയാൾക്ക് തന്റെ അവിശ്വസ്തതയ്ക്കു യുക്തമായ പ്രതിസമ്മാനം ലഭിക്കുകയും ചെയ്യും. എന്നാൽ അവ വായിക്കുന്നവരും ശ്രദ്ധാപൂർവ്വം അവ അനുസരിക്കുന്നവരും ഈ ലോകത്തിൽ അനുഗ്രഹിക്കപ്പെടുകയും, വരാനിരിക്കുന്ന ലോകത്തിൽ നന്നായി ശുശ്രൂഷിച്ചവരോടൊപ്പം ധൈര്യശാലികളായിരിക്കുകയും ചെയ്യും.

## ഈ കാനോനകൾ സ്ഥാപിച്ച മെത്രാന്മാരുടെ ആശീർവാദം.

ഈ കാനോനകൾ എഴുതിയവരുടെയും അവ സംരക്ഷിക്കുന്നവരുടെയും അവ അനുസരിക്കുന്നവരുടെയും മേൽ ധന്യത നൽകുന്നതും ദുഃഖവിമുക്തവുമായ കർത്താവിന്റെ അനുഗ്രഹം ഉണ്ടായിരിക്കട്ടെ. ദൈവതിരുമനസ്സിന്റെ അനുമതിയാലും രാജകല്പനയുടെ അധികാരത്താലും സമ്മേളിക്കുകയും മുകളിൽ രേഖപ്പെടുത്തിയ കാര്യങ്ങൾ തീരുമാനിക്കുകയും ചെയ്ത പരിശുദ്ധവും സമാധാനപൂർണ്ണവുമായ സിനഡ് മിശിഹായുടെ ഇച്ഛയനുസരിച്ച് ഇവ എല്ലാവർക്കും സഹായകരമായ വിധത്തിൽ സ്ഥാപിച്ചിരിക്കുന്നു. അമർത്ത്യനായ ദൈവത്തിന്റെയും, മരിച്ചവനും ജീവിക്കുന്നവനും എല്ലാവർക്കും ജീവൻ നൽകുന്നവനും ദൈവപുത്രനുമായ യേശുമിശിഹായുടെയും

www.malankaralibrary.com



ജീവിക്കുന്നവനായ പരിശുദ്ധാത്മാവിൻെറയും കാരുണ്യം കത്തോലിക്കാസഭയുടെ മേലും രാജ്യങ്ങളുടെ രാജ്ഞിയും പ്രതാപപൂർണ്ണയുമായ ഈ രാജ്യത്തിൻെറമേലും സമസ്തലോകത്തിന്മേലും, അനുസരിക്കുന്നവരുടെയും ആത്മീയജീവനു നന്മ പ്രദാനം ചെയ്യുന്ന ഈ കാനോനകളാകുന്ന ദീപം കൈവശമുള്ള എല്ലാവരുടെയും മേലും ഉണ്ടായിരിക്കട്ടെ—ആമ്മേൻ.

ഈ സിനഡിൽ പങ്കെടുത്ത മെത്രാപ്പോലീത്താമാരുടെയും മെത്രാന്മാരുടെയും പേരുകൾ താഴെ പറയുന്നു:

ഈശോയാബ്, കാതോലിക്കോസ് പാത്രിയക്കീസ്.
ബാർസ്, ബേത്ഹ്ലൂസായേ മെത്രാപ്പോലീത്താ
ശെമഓൻ, മൈശാൻകാരുടെ മെത്രാപ്പോലീത്താ
യൗസേപ്പ്, കശ്കാർ മെത്രാൻ
യൗസേപ്പ്, ഹിർത്താ മെത്രാൻ
ഗോശീശോ, ബേത് നൂഹദ്രി, മെത്രാൻ
ദാവീദ്, ഹൊർമിസ്ദ് അർദഷീർ മെത്രാൻ
തിമോതിയോസ്, ബേത്ബാഗാശ് മെത്രാൻ
അബ്രഹാം, സാബേ മെത്രാൻ
എസ്തപ്പാനോസ്, ശുശ്തെർ മെത്രാൻ
കാമീശോ, മഹോസേ ദി അരിവാൻ മെത്രാൻ
അദോർ ഹോർമിസ്ദ്, സൂസാമെത്രാൻ
ബർശബ്താ, മായൽതാ മെത്രാൻ
ഗബ്രിയേൽ, ഹർബ്ഗെലാൽ മെത്രാൻ
ബൊക്തീസദ്, തഹാൽ മെത്രാൻ
ബർനോൻ, ഹറംവാൻ മെത്രാൻ
നഥാനിയേൽ, സിർസോർ മെത്രാൻ
അബ്രഹാം, ടെഹ്റാൻ മെത്രാൻ
പാപ്പാ, മിഹ്റ്—ഗംഖറാഗ് മെത്രാൻ
മീലെസ്, ശേനാ മെത്രാൻ
ഹനാനീശോ, റാം–ഹോർമിസ്ദ് മെത്രാൻ
മാർ ആബാ, നിനെവേ മെത്രാൻ
ക്ലീലീശോ, ബേത്–തെബ്യാത്തായുടെയും കാർത്തെവായെയുടെയും മെത്രാൻ.

അസ്സീറിയരുടെ മെത്രാപ്പോലീത്താ ആയ ഹെനാനാശ്ശു വേണ്ടി വൈദികനും അദ്ദേഹത്തിൻെറ ആർച്ചുഡീക്കനുമായ മാർ ആബാ സാക്ഷ്യപ്പെടുത്തി.



മാറോ മെത്രാപ്പോലീത്താ ഗ്രിഗറിക്കുവേണ്ടി അദ്ദേഹം അയച്ച പ്രെസ്ബിററർ മക്കോസ് സാക്ഷ്യപ്പെടുത്തി.

ഹർയോ മെത്രാപ്പോലീത്താ ഗബ്രിയേലിനു വേണ്ടി അദ്ദേഹം അയച്ച പ്രെസ്ബിററർ ദാനിയേൽ.

പോശിഗ് മെത്രാൻ ഹബീബിനു വേണ്ടി അദ്ദേഹം അയച്ച ഡീക്കനായ ഏലീശാ.

ബാദിസായിലെയും ഖാദിസ്ഥാനിലെയും മെത്രാനായ ഗബ്രിയേലിനു വേണ്ടി അദ്ദേഹം അയച്ച ഡീക്കൻ സർഗീസ്.

സ്വന്തം കത്തുകളാൽ സമ്മതം തന്നവർ:
മാർ ബോക്തീശോ, ബേത്ത്-ഗർമായ് മെത്രാപ്പോലീത്താ. കർകാദ് മൈശാനിലെ ഗബ്രിയേൽ. ലാശോമിലെ സാബാറീശോ റീമായിലെ മൽക്കീസദെക് നഹർശ്ലൂറിലെ മോശ.

പരിശുദ്ധ സിനഡിൽ കിഴക്കിൻെറ കാതോലിക്കോസ്–പാത്രിയക്കീസായ മാർ ഈശോയാബ് രചിച്ച കാനോനകൾ അവസാനിച്ചു. അവ മുപ്പത്തിയൊന്നെണ്ണമാണ്.

## വീണ്ടും, അതേ കാതോലിക്കോസ് മാർ ഈശോയാബിൻെറ കാനോനാകൾ. ദാറായ് ദ്വീപിലെ മെത്രാനായ യാക്കോബിനുവേണ്ടി അദ്ദേഹം രചിച്ചത്.

### ഒന്നാമത് കത്തിൻെറ പകർപ്പ്

ആദരണീയനും കാരുണ്യവാനുമായ പുരോഹിതനും തെരഞ്ഞെടുക്കപ്പെട്ട മെത്രാനും താലോണിൻെറ സമീപമുള്ളദാറായ് ദ്വീപിൻെറ ഇടയനും കാററുനിറഞ്ഞ പ്രവിശ്യയിൽ വസിക്കുന്നവനുമായ മാർ യാക്കോബിന്: ജ്ഞാനസ്നാനപ്പെട്ടവരെ, അവർ തൻെറ നിയമങ്ങളുടെ പാലനം വഴി അവിടുത്തെ പ്രസാദിപ്പിക്കത്തക്കവിധം വിവേകികളാക്കുന്ന നമ്മുടെ കർത്താവും പ്രത്യാശയും ജീവദാതാവുമായ ദൈവത്തിൻെറ ഹിതവും ആജ്ഞയുമനുസരിച്ച് മെത്രാനും പാത്രിയക്കീസുമായിരിക്കുന്ന താങ്കളുടെ സുഹൃത്ത് ഈശോയാബ്–താങ്കളുടെ

www.malankaralibrary.com



ജീവിതത്തിന് വേണ്ടി, അതു സംരക്ഷിക്കപ്പെടുകയും ദൈവത്തിനു പ്രീതികരമായിരിക്കുകയും ചെയ്യട്ടെയെന്നു, പ്രാർത്ഥിച്ചുകൊണ്ട് – അഭിവാദനങ്ങൾ അർപ്പിക്കുന്നു.

ദൈവത്തിനു പ്രിയപ്പെട്ടവനേ, താങ്കൾക്കു ദൈവത്തോടുള്ള സ്നേഹം സ്വന്തം അജഗണത്തോടുള്ള താങ്കളുടെ വലുതായ സ്നേഹം വഴി നന്നായി വെളിപ്പെടുന്നു. അജഗണത്തിന്റെ കാര്യത്തിലുള്ള താല്പര്യാധിക്യം വഴി മുഖ്യ അജപാലകനെ പ്രസാദിപ്പിക്കാൻ താങ്കൾ അവിരാമമായി ശ്രമിക്കുന്നു. ആ അജഗണത്തിനു വേണ്ടിയാണല്ലോ അവിടുന്ന് ദൈവികമായ ആജ്ഞയനുസരിച്ച് തന്റെ ജീവൻ സമർപ്പിച്ചത്. ഭൗമികവസ്തുക്കളെ സ്നേഹിക്കുന്നവരായ ഭൂമിയുടെ സന്താനങ്ങൾ സ്വപ്നംപോലെ മാഞ്ഞുപോകുന്നതും നിലനിൽക്കാത്തതും ക്ഷണികങ്ങളുമായ ഭൗതിക വസ്തുക്കളിൽ വലുതായ ശ്രദ്ധ കാണിക്കുന്നു. സ്വർഗ്ഗീയ കാര്യങ്ങളെ സ്നേഹിക്കുന്നവർ, സ്വർഗ്ഗത്തിലേക്കു വിളിക്കപ്പെട്ടിട്ടുള്ളവർ, അഥവാ, വിശേഷബുദ്ധിയുള്ള അജഗണങ്ങളുടെ ക്രൈസ്തവ അജപാലകന്മാർ സമൂഹത്തിന്റെ നേതാക്കളെന്ന നിലയിൽ അതിലും വളരെയധികമായ ശ്രദ്ധയോടുകൂടി ആദ്ധ്യാത്മിക കാര്യങ്ങളിൽ ശ്രദ്ധാപൂർവ്വം ഏർപ്പെടണമെന്നു കല്പിക്കപ്പെട്ടിരിക്കുന്നു, അവധാനപൂർണ്ണവും ജാഗ്രത്തും ഒരു തരത്തിലും മാന്ദ്യം ബാധിക്കാത്തതുമായ മനസ്സോടുകൂടെയാണ് അവർ ഇക്കാര്യം നിർവ്വഹിക്കേണ്ടത്. ആദ്ധ്യാത്മിക കാര്യങ്ങൾ നശിച്ചുപോകാത്തതും നിലനിൽക്കുന്നതുമായ നമ്മുടെ എല്ലാ നന്മകൾക്കും കാരണമാണ്. ഇങ്ങനെ ആ രണ്ടുകൂട്ടരും രണ്ടുതരം കാര്യങ്ങൾ സ്വന്തം കഴിവുകൾ പരമാവധിവരെ പ്രയോജനപ്പെടുത്തിക്കൊണ്ടു സംരക്ഷിക്കുന്നു, ഭൗമികകാര്യതല്പരർ ഭൗമിക കാര്യങ്ങൾ നശ്വരമായ വിധം സംരക്ഷിക്കുന്നു; ആദ്ധ്യാത്മിക കാര്യതല്പരർ ദൈവികകാര്യങ്ങൾ ശാശ്വതമായ വിധം സംരക്ഷിക്കുന്നു.

തെറ്റായ കാര്യങ്ങൾ അവയുടെ സമൃദ്ധിയിൽ അവയുടെ കർത്താക്കളെ കൂടുതൽ കൂടുതലായി തെറ്റായ വഴിയിലേക്കു നയിക്കുന്നു എന്നു വ്യക്തമാണ്. അതേ സമയം നല്ല കാര്യങ്ങൾ ആളുകളെ കൂടുതൽ കൂടുതലായി നീതീകരിക്കുന്നു. ദുഷ്കൃത്യങ്ങൾ അവ വർദ്ധിക്കുന്നതോടൊപ്പം അവയുടെ കർത്താ-



ക്കളെ വലിച്ചു താഴ്ത്തുന്നു. കുറെക്കാലം കഴിയുമ്പോൾ അവർ വിസ്മരിക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ സൽകൃത്യങ്ങളാകട്ടെ, വർദ്ധിക്കുന്നതോടൊപ്പം തത്കർത്താക്കളുടെ ദൈവാനുഗ്രഹം വർദ്ധിപ്പിക്കുകയും കേടുപാടുകൾ കൂടാതെ ശാശ്വതമായി നിലനിൽക്കുകയും ചെയ്യുന്നു. അതിനാൽ ജ്ഞാനസ്നാനപ്പെട്ടവർക്ക് സത്യപഠനങ്ങളെ സംബന്ധിച്ച ശ്രദ്ധ അത്യാവശ്യമായിരിക്കുന്നു — ജ്ഞാനസ്നാനപ്പെട്ടവരുടെ രഹസ്യങ്ങളുടെ ശുശ്രൂഷകരായ പുരോഹിതന്മാർക്കും ഇതു് സവിശേഷമായ രീതിയിൽ ആവശ്യമാണ്. കാരണം, അതു് അതിന്റെ സൂക്ഷ്മതയിൽ അതിന്റെ സുഹൃത്തുക്കൾക്ക് വാഗ്ദാനം ചെയ്യപ്പെട്ട അനുഗ്രഹങ്ങൾ കൊണ്ടുവന്നു നൽകുന്നു. എന്തെന്നാൽ അതു് പലവിധത്തിലുള്ള അനുഗ്രഹദായകമായ നീതിമത്വത്തിന്റെ നിധിയാണെന്നു പറയാം. ദൈവത്തിന്റെ മഹത്വമാകുന്ന ലവണം കൊണ്ട് അതു് അതിന്റെ ഉടമസ്ഥരുടെ ഹൃദയങ്ങളെ പാകപ്പെടുത്തുന്നു. പാപങ്ങളാകുന്ന മുറിവുകളിലുണ്ടാകുന്ന ജീർണതയെ അതു ദൂരീകരിക്കുകയും ചെയ്യുന്നു. അതിനാൽ പഠിപ്പിക്കപ്പെട്ടവർക്ക് അതു വിവേകം നൽകുന്നു. നമ്മുടെ ജീവദായകനായ യേശുവിന്റെ പാദമുദ്രകളിൽ സ്വർഗ്ഗത്തിലേക്ക് തെളിയിക്കപ്പെട്ടിട്ടുള്ള പാതകളിൽ നിന്ന് അവർ ഒരു തരത്തിലും തെറ്റിപ്പോവുകയോ വിട്ടുപോവുകയോ ചെയ്യാതിരിക്കുന്നതിനു വേണ്ടിയാണിതു്. പരിശുദ്ധ കന്യകയിൽ നിന്നു പ്രത്യക്ഷനായ സമയത്ത് അവിടുന്ന് മാറ്റമോ നീക്കമോ കൂടാതെ ദൈവമായി സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവരുകയാണു ചെയ്തതു്. പിന്നീട് ഭൂമിയുടെ നിമ്നതര ഭാഗങ്ങളിൽ നിന്ന് തന്നെ അയച്ചവന്റെ പക്കലേക്ക് അവിടുന്ന് ആരോഹണം ചെയ്തു. തന്റെ പവിത്ര സങ്കേതത്തിന്റെ സ്വർഗ്ഗത്തിൽ നിന്ന് തന്റെ ശാരീരിക പ്രകൃതിയുടെ ആവരണത്തിൽ ലോകത്തിന്റെ നവീകരണത്തിനും സൃഷ്ടികളുടെ രക്ഷയ്ക്കുമായി അവിടുന്നു വീണ്ടും ദൈവമായി പ്രത്യക്ഷീഭവിച്ചു. ഇതേ വിധത്തിൽ വി. ലിഖിതങ്ങൾ മോശയുടെ സംഘത്തിന്റെ തോറായിലും നമ്മുടെ കർത്താവിന്റെ സംഘത്തിന്റെ സുവിശേഷത്തിലും ജീവിതത്തിന്റെ തത്വത്തെക്കുറിച്ച് ഒരു സ്നേഹം ഉത്തേജിപ്പിക്കുന്നു. അവയിൽ ആദ്യത്തേതു് താത്കാ-

www.malankaralibrary.com



ലികമായ ഒരു കാലഘട്ടത്തേയ്ക്കു് മിണ്ടാപ്രാണികളുടെ നിശ്ശബ്ദമായ രക്തംകൊണ്ടു് മുദ്രണം ചെയ്യപ്പെട്ടതാണു്. മറേറതു് എല്ലാത്തിന്നെയും നവീകരിക്കുന്നവന്റെ ജീവനുള്ള രക്തത്താൽ എന്നെന്നേയ്ക്കുമായി മുദ്രവയ്ക്കപ്പെടുകയും പ്രബലമാക്കപ്പെടുകയും ചെയ്തു. ഹാബേലിന്റെ രക്തത്തെക്കാളധികമായി സംസാരിക്കുകയും എല്ലാം ക്ഷമിക്കുകയും പ്രസാദിപ്പിക്കുകയും ചെയ്യുന്നതാണു് ആ രക്തം. അവിടുത്തെ സ്നേഹമാകുന്ന അഗ്നികൊണ്ടു് നീതിയുക്തവും വിശ്വസനീയവുമായ എല്ലാ അദ്ധ്യാപനവും പ്രകാശിക്കുകയും ഉഗ്രമായി ജ്വലിക്കുകയും ചെയ്യുന്നു. എന്നാൽ ആ അഗ്നി ഒന്നും നശിപ്പിക്കുന്നില്ല. എന്തെന്നാൽ കാട്ടിക്കൂട്ടലായിട്ടല്ലാതെ, യഥാർത്ഥ മനസ്സോടെ, ഉപരിപ്ലവമായിട്ടല്ലാതെ, നിശ്ചയ ദാർഢ്യത്തോടെ, കപടപ്രകടനപരമായിട്ടല്ലാതെ ആത്മാർത്ഥമായി, അദ്ധ്യാപനത്തിന്റെ സ്നേഹത്തിൽ ഏർപ്പെട്ട എല്ലാവരും നന്നായി പ്രസാദിപ്പിക്കുന്നവരും തൃപ്തിപ്പെടുത്തുന്നവരും ആയിരിക്കുന്നതിനും പലകാര്യങ്ങൾ നന്നായി ചെയ്യുന്നതിനും ദൈവത്തിന്റെ സമീപത്തണയുന്നതിനും പ്രാപ്തരാക്കപ്പെടുന്നു.

തെററിലായിരിക്കുന്നവരുടെ മൗഢ്യത്തിന്റെ സ്വാദില്ലായ്കയ്ക്കു സ്വാദു് നൽകുന്ന "ഭൂമിയുടെ ഉപ്പെ"ന്നും പ്രമാദങ്ങളുടെ അന്ധകാരത്തിൽ, സത്യത്തിൽ നിന്നു വിദൂരമായ അബദ്ധപഠനങ്ങളുടേതായ ഇരുട്ടിൽ, വീണു വലയുന്നവർക്കു് പ്രകാശം നൽകുന്ന "ലോകത്തിന്റെ പ്രകാശ"മെന്നും അവരെ തെരഞ്ഞെടുത്തവൻ ആരെ വിളിച്ചുവോ, ദൈവത്തെ പ്രസാദിപ്പിച്ചവരും നന്നായി പ്രവർത്തിച്ചവരുമായ അവർ അനുഭവിച്ച വൈപരീത്യങ്ങൾ സഹിക്കുകയും അനുകരിക്കുകയും ചെയ്തുകൊണ്ടു് — നിങ്ങളോടു കല്പിക്കപ്പെട്ടിട്ടുള്ളതുപോലെ യഥാർത്ഥ പിതാക്കന്മാരുടെ കാൽച്ചുവടുകളെ മുറുകെപ്പിടിച്ചുകൊണ്ടു് — ജീവിക്കുന്നവരായ നിങ്ങൾ വളരെ അത്യാവശ്യമുള്ള ചില കാര്യങ്ങളെക്കുറിച്ചു ചോദിച്ചുകൊണ്ടു് ഞങ്ങൾക്കു് എഴുതിയിരിക്കുന്നു. അവയ്ക്കു് മറുപടി എഴുതണമെന്നു് ആവശ്യപ്പെടുകയും ചെയ്തിരിക്കുന്നു. നിങ്ങളുടെ ആ അഭ്യർത്ഥനയുടെ സ്നേഹത്താൽ നിർബ്ബന്ധിതരായി, താമസം കൂടാതെ തന്നെ, ദുർബ്ബലമായ വിധത്തിലാണെങ്കിലും സത്യസന്ധമായി മറുപടി എഴുതുകയാണ്". വൈദികപരമായ കല്പനകളെയും ആത്മാവിന്റെ



വഴികളുടെ ശുശ്രൂഷസംബന്ധിച്ച സഭാപരമായ കാനോനകളെയും സംബന്ധിച്ചാണല്ലോ നിങ്ങൾ ചോദിച്ചിട്ടുള്ളതു്. സഭാപരമായ എല്ലാകാനോനാകളെയും സംബന്ധിച്ചു് ചുരുക്കി എഴുതണമെന്നാണ് ഞങ്ങൾ ആഗ്രഹിച്ചിരുന്നതു്. എന്നാൽ നിങ്ങൾ സ്നേഹപൂർവ്വം ചോദിച്ചിരിക്കുന്നതു് ഈ കാര്യങ്ങളെ സംബന്ധിച്ചായതിനാൽ അവയെക്കുറിച്ചു മാത്രമേ ഞങ്ങൾ ഇവിടെ എഴുതിയിട്ടുള്ളു. നമ്മുടെ പിതാക്കന്മാരിലും അദ്ധ്യാപകരിലും സഹോദരന്മാരിലുംപെട്ടവർ ആരും തന്നെ അവയെക്കുറിച്ചു് ക്രമമായി എഴുതിയിട്ടുണ്ടെന്നു തോന്നുന്നില്ല. ഒരു കാര്യംകൂടെ നിങ്ങൾ മനസ്സിലാക്കണമെന്നു ഞങ്ങൾ ആഗ്രഹിക്കുന്നു: മഹത്തായ വിദ്യാലയങ്ങളിൽ ഞങ്ങൾ ബോധനത്തിന്റെ അത്യുന്നത തലങ്ങളിലായിരുന്നപ്പോൾ സഭാദ്ധ്യക്ഷന്മാരായ പിതാക്കന്മാരുടെയും വിശ്രുതരായ സഹോദരന്മാരുടെയും അഭ്യർത്ഥനയനുസരിച്ചു് ഞങ്ങൾ സ്പഷ്ടമായും വിശദമായും ചിലതെല്ലാം എഴുതി. അതിൽ, ഒരു വൈദികൻ പാപമോചകമായ ജ്ഞാനസ്നാനത്തെ സമീപിക്കുന്നതും ഭീതിജനകവും പുരോഹിതോചിതവുമായ ശുശ്രൂഷയിൽ ദൈവത്തെ പ്രസാദിപ്പിക്കുകയും ജ്ഞാനസ്നാനപ്പെട്ടവരുടെ പാപങ്ങൾ മോചിക്കുന്നതുമായ ബലിവസ്തുക്കൾ സമർപ്പിക്കുന്നതും ഏതു വിധത്തിലാണ് ശരിയായിരിക്കുക എന്നു പ്രതിപാദിച്ചിരുന്നു. ആവശ്യമായ കാര്യങ്ങൾക്കു് ചുരുങ്ങിയ വിശദീകരണം നൽകിക്കൊണ്ടായിരുന്നു പ്രതിപാദനം. ഗുരുക്കന്മാരും പിതാക്കന്മാരുംവഴി നമുക്കു കൈമാറികിട്ടിയിട്ടുള്ള ശ്ലൈഹിക പാരമ്പര്യങ്ങൾക്കനുസൃതമായി നാം എഴുതുമ്പോൾ ഏതെങ്കിലും വിധത്തിൽ നമ്മുടെയിടയിൽ കടന്നുകൂടിയിട്ടുള്ളതും വിവിധ സ്ഥലങ്ങളിൽ സ്വീകരിക്കപ്പെട്ടതും സൂക്ഷ്മബുദ്ധിയില്ലാത്തവർ സംരക്ഷിച്ചു പോരുന്നതുമായ ഇതര പാരമ്പര്യങ്ങൾ നാം ഉപേക്ഷിച്ചുകളയുന്നു. അറിവില്ലാത്തയാളുകൾ അവരുടെ സ്വന്തം പാരമ്പര്യങ്ങളെ ആസ്പദമാക്കി പഠിപ്പിച്ചവയാണ് ആ അബദ്ധങ്ങൾ. അവ ഋജുബുദ്ധികളായ ആളുകളെ വഴിതെററിച്ചുകൊണ്ടു പോകുന്ന വാഹനങ്ങളായി ഭവിക്കുന്നു. എന്നാൽ ശരിയായ വിധത്തിൽ ശിഷ്യന്മാരെപോലെ നല്ല പഠനം നടത്തിയിട്ടുള്ളവർ വിശ്വാസയോഗ്യരാണ്". അവർ കരുത്തോടുകൂടി പഠിപ്പിക്കുന്നു. കാരണം

www.malankaralibrary.com



സ്വർഗ്ഗത്തിനു കീഴിലുള്ള സകലകാര്യങ്ങളെക്കുറിച്ചും നേരത്തേ തന്നെ സുവിശേഷാത്മകമായി പ്രഖ്യാപിക്കപ്പെട്ട ആചാര്യപരവും പൈതൃകവുമായ പഠനങ്ങൾ അവജ്ഞാഭാവം കൂടാതെ അവർ വിനയപൂർവ്വം സംരക്ഷിച്ചു. അതു് ന്യായയുക്തമായ എല്ലാത്തിനും സാക്ഷ്യമായും ജ്ഞാനസ്നാനപ്പെട്ടവർക്കെല്ലാം അഭിമാനത്തിനും സൃഷ്ടിക്കപ്പെട്ട സകലത്തിന്റെയും നവീകരണത്തിനും കാരണമായും ഭവിച്ചു.

വിദഗ്ധരായ എഴുത്തുകാരുടെ തൂലികകൊണ്ടു കുറിക്കപ്പെട്ട വിശുദ്ധപാഠങ്ങൾ ദൈവികജ്ഞാനത്താൽ പൂരിതങ്ങളാകുന്നു. അവയിൽ നിന്നു് നേതാക്കൾ അവരുടെ അദ്ധ്യാപനങ്ങളും സ്നേഹവും കൊണ്ടും സന്യാസിമാർ അവരുടെ അനുസരണവും സ്നേഹവും കൊണ്ടും, പരി.കന്യകയുടെ മുദ്രവയ്ക്കപ്പെട്ട ഉദരത്തിൽ നിന്നു പ്രത്യക്ഷീഭവിച്ച നമ്മുടെ കർത്താവിന്റെ ഇഷ്ടം നിറവേറ്റുവാൻ പ്രാപ്തരായിത്തീരുന്നു. തന്റെ നിയമങ്ങൾ ജ്ഞാനസ്നാനപ്പെട്ടവരെയും തന്റെ അജഗണങ്ങളെ തന്റെ ഇടയന്മാരെയും ഏല്പിച്ചവനായ ആ കർത്താവു് തന്റെ പവിത്രസങ്കേതമായ സ്വർഗ്ഗത്തിൽ നിന്നു പ്രകാശിക്കുന്നു. അജഗണങ്ങളെ സ്നേഹിക്കുന്ന അവിടന്നു് തന്റെ നിയമങ്ങൾ പാലിക്കപ്പെടാൻ ആഗ്രഹിക്കുന്നു. പുറജാതികളുടെ അപ്പസ്തോലനും ദൈവികപുരുഷനും പുതിയ നിയമത്തിലെ എഴുത്തുകാരനുമായ പൗലോസും ഇപ്രകാരം കരുത്തുറ്റതും ഉപദേശാത്മകവുമായ നിയമങ്ങൾ ഏർപ്പെടുത്തി. മിശിഹായുടെ രഹസ്യങ്ങൾ വെളിപ്പെടുത്തുന്ന സാർവ്വത്രികലേഖനങ്ങളിൽ, പ്രത്യേകിച്ചും, തന്റെ അദ്ധ്യാത്മികസന്താനവും ശിഷ്യനും സഹപ്രവർത്തകനും ആസ്യയുടെ മെത്രാനുമായിരുന്ന തിമോത്തിക്കുള്ള ലേഖനങ്ങളിൽ, ആണു് അദ്ദേഹം ഇക്കാര്യം നിർവ്വഹിച്ചതു്.

ഇനി ഞങ്ങൾ നിങ്ങളുടെ ചോദ്യത്തിലേയ്ക്കു മടങ്ങിവരട്ടെ. ഉത്തരം പറയുന്നതു് നിങ്ങൾ എഴുതിയ ക്രമത്തിലല്ല ഞങ്ങൾ കൊടുത്ത ക്രമത്തിലാണു്. കാരണം, അവയിൽ ചിലതിനു് മറ്റുള്ളവയെക്കാൾ പ്രാധാന്യമുണ്ടു്. ചിലതിനു് പരസ്പരം വേർപെടുത്താനാവാത്ത ബന്ധവുമുണ്ടു്.



## ഒന്നാം ചോദ്യം:

നിങ്ങളുടെ ചോദ്യങ്ങളിൽ ആദ്യത്തേതു് ഇതാണു്: പുരോഹിതൻ കൂദാശചെയ്യാൻ അണയുമ്പോൾ അയാൾ ആരംഭിക്കേണ്ടതു് എങ്ങനെ? എന്താണു പറയുന്നതു്? രഹസ്യങ്ങൾ മുദ്രവയ്ക്കുന്നക്രമം എന്തു്?

## ഒന്നാം ചോദ്യത്തിനുള്ള ഉത്തരം:

ഭീതിജനകമായ സമയത്തു് ഭീതിജനകമായ സ്ഥലത്തു് ഭീതിജനകമായ കാര്യം ചെയ്യുമ്പോൾ തന്നെക്കുറിച്ചും എല്ലാ ജനങ്ങളെ കുറിച്ചും ഉള്ള ഭയം പുരോഹിതനുണ്ടാകുന്നു—ലാക്ഷണികമായി സംസ്കരിക്കപ്പെടുന്നതു് യഥാർത്ഥമായി ജീവിതത്തിലേയ്ക്കു് ഉയിർപ്പിക്കപ്പെടുകയും മൗതികമായി പുനരുജ്ജീവിതനാകുകയും ചെയ്യുന്ന— തനിക്കുവേണ്ടിയും സമസ്തജനങ്ങൾക്കുവേണ്ടിയും പ്രാർത്ഥിക്കുവാനും വിശ്വസിക്കുന്ന സമസ്തജനങ്ങളുടെയും അർത്ഥനകൾ സ്വർഗ്ഗത്തിലേക്കുയർത്തുവാനും അയാൾ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു. പുതിയ ഉടമ്പടിയിലെ പുരോഹിതൻ ഏല്പ്പിട്ടിരിക്കുന്നതു് കർത്താവിന്റെ വിശുദ്ധ സ്ഥലത്തു നിർവ്വഹിക്കപ്പെടുന്ന പാപവിമോചകമായ ബലിയെന്ന ആദ്ധ്യാത്മിക പ്രവൃത്തിയിലാണു്. അയാൾ സകലത്തിന്റെയും നാഥനായ ദൈവത്തെ പ്രസാദിപ്പിക്കുന്നവനും തന്റെ ശുശ്രൂഷയുടെ മാധ്യസ്ഥ്യം വഴി സമൂഹത്തിന്റെ പാപമോചനം സാധിക്കുന്നവനുമാകുന്നു. ഉപേക്ഷകൂടാതെ ശ്രദ്ധാപൂർവ്വം നിൽക്കാനും കളങ്കം കൂടാതെ പരിശുദ്ധനായിരിക്കാനും അയാൾക്കു കല്പന ലഭിച്ചിരിക്കുന്നു. സ്വന്തം ശിക്ഷയ്ക്കു കാരണവും വിശ്വാസികളുടെ രക്ഷയ്ക്കു പ്രതിബന്ധവും ആകത്തക്കവിധം ശുശ്രൂഷയിൽ മാലിന്യം കലരാൻ പാടില്ല. എന്തെന്നാൽ അയാൾ നമ്മുടെ കർത്താവിന്റെ പ്രതിബിംബം വഹിക്കുകയും അവിടത്തെ ശുശ്രൂഷയുടെ സ്ഥാനത്തുനിന്നു സംസാരിക്കുകയും ചെയ്യുന്നു. തന്റെ ശുശ്രൂഷാ സ്ഥാനത്തിന്റെ മഹത്ത്വവും ഔന്നത്യവും മനസ്സിലാക്കി ഭയത്തോടും വെടിപ്പോടും അവൻ സമീപിക്കുന്നു. മുകളിലുള്ള പാലകരുടേതിനേക്കാൾ ഇതു കൂടുതലായി ബഹുമാനിക്കപ്പെടുന്നു, ആദരിക്കപ്പെടുന്നു. അതിൽ ഭയങ്കരരും മത്സരക്കാരുമായ പിശാചുക്കൾ നടുങ്ങുകയും വിറയ്ക്കുകയും ചെയ്യുന്നു.

www.malankaralibrary.com



അടുത്തുവന്നു് മുട്ടുകുത്തിയശേഷം അവൻ നിന്നുകൊണ്ടു് ബലിപീഠത്തെ വണങ്ങുന്നു. ഉടൻതന്നെ ജനങ്ങളെ അഭിസംബോധന ചെയ്തു് ആശീർവദിച്ചു കൊണ്ടുപറയുന്നു: ''സമാധാനം നിങ്ങളോടുകൂടെ''. എല്ലാവിധ ദുഷ്ടതകളിൽ നിന്നും മനസ്സിനെ വെടിപ്പാക്കി വിശുദ്ധീകരിക്കാനും, സ്വർഗ്ഗത്തിലെന്നപോലെ ക്രിസ്തീയ ആലയത്തിൽ നില്ക്കാനുമുള്ള ഒരു കല്പനാവാക്കാണിതു്. ആ സമാധാനാശംസയ്ക്കുള്ള പ്രത്യഭിവാദനം ജനങ്ങളിൽ നിന്നു് അയാൾ സ്വീകരിക്കുന്നു. തങ്ങളുടെ വിശ്വാസത്തിനു് അന്യമായിട്ടുള്ളതൊന്നും തങ്ങളുടെ ഇടയിൽ ഇല്ലെന്നു് പ്രഖ്യാപിക്കയാണു് അവർ ചെയ്യുന്നതു്. ''അങ്ങയോടും അങ്ങയുടെ ആത്മാവോടും കൂടെ'' എന്നു് അവർ മറുപടി പറയുന്നു. ഉടനെ അദ്ദേഹം കൂട്ടിച്ചേർക്കുന്നു, ''നമ്മുടെ കർത്താവേശുമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സംസർഗവും നാമെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ''. ഈ ശ്ലൈഹിക വാക്യം ഉപയോഗിച്ചു് അവൻ ആശീർവദിക്കുകയും, സ്നാനം സ്വീകരിച്ച ഓരോരുത്തരിലും ഈ കാര്യങ്ങൾ സംഭവിക്കട്ടെ എന്നു് പ്രാർത്ഥിക്കുകയും ചെയ്യുന്നു. പിന്നീടു് സഭാക്രമമനുസരിച്ചുള്ളവ അദ്ദേഹം പറയുന്നു. അവയെപ്പററി നീ എന്നോടു് ചോദിച്ചിട്ടില്ലല്ലോ. നിന്റെ ചോദ്യാവലിയിൽ അവ നീ ഉൾപ്പെടുത്തിയിട്ടുമില്ല. അവ എല്ലാവർക്കും അറിവുള്ളതാണു്; ദൈവത്തിന്റെ എല്ലാ പള്ളികളിലും നടപ്പുള്ള ക്രമമാണു്.

എന്നാൽ ഓരോ സെക്ഷന്റെയും അവസാനം, അവന്റെ അധരങ്ങൾ കൊണ്ടു് ശരിയാംവണ്ണം മഹത്വപ്പെടുത്തിക്കൊണ്ടു് ദിവ്യരഹസ്യങ്ങളുടെമേൽ കാനോനികമായി തന്റെ കൈകൊണ്ടു് അവൻ സ്ലീബായുടെ രാജകീയമുദ്ര വരയ്ക്കുന്നു. മൂന്നു സെക്ഷനുകളും അവസാനിപ്പിച്ചു കഴിയുമ്പോൾ അവൻ റൂശ്മായ്ക്കായി അണയുന്നു—നീ എഴുതിയിരുന്നതുപോലെയല്ല, നാം എഴുതുന്നതു പോലെ—അപ്പത്തിന്റെ ഉത്തരഭാഗം തന്റെ കൈകളിൽ ഉയർത്തിക്കൊണ്ടു് അതിനെ ചുംബിക്കുകയും തന്റെ കണ്ണുകളിൽ വയ്ക്കുകയും ചെയ്യുന്നു. തന്റെ നയനങ്ങളും മനസ്സും സ്വർഗ്ഗത്തിൽ ഉറപ്പിച്ചുകൊണ്ടു് അവൻ പറയുന്നു: നിന്നെ ഭക്ഷിക്കുന്നവർ മരിക്കാതിരിക്കുവാൻ ''സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ ജീവദായകമായ അപ്പമേ, നിനക്കു സ്തുതി''.



തുടർന്നു് അപ്പം മുറിക്കാൻ തുടങ്ങുന്നു; മുറിക്കുമ്പോൾ അവൻ പറയുന്നു: ''ദൈവമായ കർത്താവേ, പിതാവും പുത്രനും പരിശുദ്ധാത്മാവുമേ, ആകാശത്തിന്റെയും ഭൂമിയുടെയും കർത്താവേ, ഞാൻ നിനക്കു നന്ദിപറയുന്നു. ഞാൻ നികൃഷ്ടനും അയോഗ്യനുമായിരിക്കെ, നിന്റെ മിശിഹായുടെ ശരീരരക്തങ്ങളുടെ ഭീതികരവും വിശുദ്ധവും ദിവ്യവുമായ രഹസ്യങ്ങൾ പരികർമ്മം ചെയ്യുവാൻ കാരുണ്യപൂർവം എന്നെ നീ അർഹനാക്കി. നിന്റെ ജനത്തിനും നിന്റെ ഇടവകയിലെ അജഗണത്തിനും പാപപരിഹാരത്തിനും പാപമോചനത്തിനും ആത്മാക്കളുടെ രക്ഷയ്ക്കും എല്ലാ ജനങ്ങളുടെയും അനുരഞ്ജനത്തിനും സർവ സൃഷ്ടികളുടെയും സമാധാനത്തിനും സുസ്ഥിതിക്കും വേണ്ടി ഞാൻ ശുശ്രൂഷ ചെയ്യട്ടെ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ, എന്നേക്കും. ആമ്മേൻ.

മുറിച്ച ഒരു കഷണം കൊണ്ടു് ശരീരത്തെ ആശീർവദിച്ചു കൊണ്ടു് അവൻ പറയുന്നു: ''പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ വിശുദ്ധശരീരം പാപവിമോചകമായ തിരുരക്തം കൊണ്ടു് എന്നേക്കും റൂശ്മാ ചെയ്യപ്പെടുന്നു. ആമ്മേൻ''.

മുറിച്ച കഷണങ്ങൾ കുരിശാകൃതിയിൽ വയ്ക്കുമ്പോൾ അവൻ പറയുന്നു: ''പിതാവും പുത്രനും പരിശുദ്ധാത്മാവുമായ മഹനീയ ത്രിത്വത്തിന്റെ നാമത്തിൽ ഈ ദിവ്യരഹസ്യങ്ങൾ എന്നേക്കും റൂശ്മാ ചെയ്യപ്പെടുകയും പവിത്രീകരിക്കപ്പെടുകയും ഐക്യപ്പെടുകയും പൂർത്തീകരിക്കപ്പെടുകയും ചെയ്യുന്നു. ആമ്മേൻ''.

ഇവിടെ അവൻ രഹസ്യങ്ങളുടെ മേലല്ല, തന്റെ നെററിമേൽ കുരിശടയാളം വരയ്ക്കുന്നു.

ദിവ്യരഹസ്യങ്ങളുടെ റൂശ്മാ സംബന്ധിച്ചു് ഇത്രയും മതി. കാരണം, ദിവ്യരഹസ്യങ്ങളുടെ കാനൻ സംബന്ധിച്ചും ദിവ്യരഹസ്യങ്ങളുടെ റൂശ്മാ സംബന്ധിച്ചും നീ ഇത്രയുമേ നമ്മോടാരാഞ്ഞുള്ളൂ.

www.malankaralibrary.com



### കാനൻ 2

ബലിയർപ്പിക്കുന്ന പുരോഹിതനെ സംബന്ധിച്ച്: അവൻ എപ്പോഴാണ് കൂദാശ സ്വീകരിക്കേണ്ടത്, അർപ്പിക്കാൻ നിയുക്തനായിരിക്കുന്നത് എപ്പോഴാണ്?

ദിവ്യരഹസ്യങ്ങൾ അർപ്പിക്കുന്ന ഭീതികരമായ ശുശ്രൂഷയ്ക്കായി നിയുക്തനായിരിക്കുന്ന വൈദികൻ രണ്ടുകാരണങ്ങളാൽ മെത്രാനേക്കാളും വൈദികസമൂഹം മുഴുവനേക്കാളും മുമ്പേ കൂദാശ സ്വീകരിക്കുന്നു: "അധ്വാനിക്കുന്ന കർഷകൻ തന്റെ ഫലങ്ങളിൽ നിന്ന് ആദ്യമായി ഭക്ഷിക്കുക എന്നതു ന്യായമാണ്" എന്ന് എഴുതപ്പെട്ടിരിക്കുന്നതുപോലെ. മറ്റൊന്ന് അവൻ കൂദാശയുടെ മാധ്യസ്ഥ്യം വഹിക്കുകയാൽ അവന് അതിന്റെ ആവശ്യമില്ല എന്ന മട്ടിലല്ല. പിന്നെയോ, അവനും ദിവ്യരഹസ്യങ്ങളുടെ ദാനത്തിന്റെയും പാപമോചനത്തിന്റെയും വലിയ ആവശ്യക്കാരനാണ്. കാരണം, എല്ലാ സ്നാനപ്പെട്ടവർക്കും, അർപ്പിക്കുന്ന എല്ലാവർക്കും മുൻപായി ക്ഷമിക്കപ്പെടാൻ താല്പര്യപൂർവം നോക്കിപ്പാർത്തുകൊണ്ടിരിക്കുന്ന ആവശ്യക്കാരനെപ്പോലെ, സ്വീകരിക്കാനായി താല്പര്യപൂർവം അവൻ ധൃതിപ്പെടുന്നു. എന്നാൽ മെത്രാൻ സന്നിഹിതനാണെങ്കിൽ അദ്ദേഹമാണ് അവന് അതു നല്കുന്നത്; അദ്ദേഹം സന്നിഹിതനല്ലെങ്കിൽ, സമൂഹത്തിന്റെ തലവൻ, അതായത്, ഏറ്റം പ്രായം കൂടിയ വൈദികൻ അവന് അതു നല്കുന്നു. അപ്പോൾ അർപ്പിച്ചവൻ, തനിക്കു തന്നവന് കൊടുത്തുകൊണ്ട് പ്രത്യുത്തരിക്കുന്നു. കർത്താവിന്റെ കാസയെ സംബന്ധിച്ചും ഇപ്രകാരം തന്നെ ചെയ്യുന്നു. ബലിയർപ്പിച്ച വൈദികൻ, ബലിപീഠത്തിനടുത്ത് സന്നിഹിതരായ വൈദികർക്കും ഡീക്കന്മാർക്കും അതിനുശേഷം കുർബാന കൊടുക്കുന്നു: പിന്നീട് ദിവ്യരഹസ്യങ്ങൾ താഴേക്കു കൊണ്ടുവന്നിട്ട് അഴിക്കാലിന്റെ പടികളിൽ നിന്നുകൊണ്ട് "നമ്മുടെ കർത്താവേശുമിശിഹായുടെ കൃപ നാമെല്ലാവരോടും കൂടെ എന്നേക്കും ഉണ്ടായിരിക്കട്ടെ. ആമേൻ" എന്നുപറഞ്ഞുകൊണ്ട് ജനങ്ങളെ ആശീർവദിക്കുന്നു.

അവൻ പിന്നീട് കുർബാന കൊടുക്കുന്നു. അതുകഴിഞ്ഞ് വീണ്ടും ബലിപീഠത്തെ വന്ദിക്കുന്നു. അവനും കുർബാന കൊടുക്കാൻ പോകുന്നില്ലെങ്കിൽ വലത്തോട്ടു മാറി തെക്കോട്ടു



തിരിഞ്ഞുനില്ക്കുന്നു. വൈദികരുടെ അഭാവത്താൽ ആവശ്യമെന്നുവന്നാൽ മെത്രാനും കുർബാന കൊടുക്കുന്നു; അപ്പോൾ ഒരു വൈദികനോ ഡീക്കനോ അവനു മുമ്പായി പീലാസാ പിടിക്കുന്നു. എന്നാൽ അദ്ദേഹം വിതരണം ചെയ്യുന്നില്ലെങ്കിൽ, അദ്ദേഹം സാക്രിസ്റ്റിയിൽ പോയിരിക്കുന്നു. ജനങ്ങൾ അദ്ദേഹത്തെ സന്ദർശിച്ച് അദ്ദേഹത്തിൽ നിന്ന് സമാധാനം സ്വീകരിക്കുന്നു.

എന്നാൽ അർപ്പിക്കാൻ ആളെ മുൻകൂട്ടി നിശ്ചയിച്ചിട്ടില്ലാതിരിക്കെ മെത്രാനും വൈദികരും വന്ന് ബലിപീഠത്തിൽ മുത്തി സമാധാനം സ്വീകരിക്കയും പരസ്പരം സമാധാനം കൊടുക്കയും ചെയ്താൽ, അർപ്പകൻ ആരായിരിക്കണമെന്ന് ആർച്ചുഡീക്കൻ അറിയിക്കണം. അദ്ദേഹം സന്നിഹിതനല്ലെങ്കിൽ അദ്ദേഹത്തിന്റെ സഹായിയോ, മെത്രാന്റെ കല്പനയാൽ ബേമായിൽ ശുശ്രൂഷിക്കുന്നയാളോ അർപ്പകനെ നിയമിക്കുന്നു.

### കാനൻ 3

ഡീക്കൻ വൈദികനു കുർബാന കൊടുക്കാൻ പാടില്ല എന്നതിനെക്കുറിച്ച്; കുർബാന കൊടുക്കാൻ വൈദികനോ ഡീക്കനോ ഇല്ലാത്തപ്പോൾ ബലിപീഠത്തിൽ നിന്ന് കുർബാന എടുക്കേണ്ടതെങ്ങനെ എന്നാണ് കല്പിക്കപ്പെട്ടിരിക്കുന്നത്?

ഡീക്കൻ വൈദികനു കുർബാന കൊടുക്കാൻ പാടില്ല എന്ന് ദിവ്യമായ സിനഡിക്കൽ കാനോനാകളിൽ കല്പിക്കപ്പെട്ടിരിക്കുന്നു; എന്തുകൊണ്ടാണ് അനുവദിച്ചിട്ടില്ലാത്തത് എന്നും അവിടെ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വൈദികനു നൽകാൻ മറ്റൊരു വൈദികൻ സന്നിഹിതനല്ലെങ്കിൽ, സന്നിഹിതനായ ഡീക്കൻ സഹായിക്കുക ആവശ്യമാണ്; പണ്ഡിതരായവർ അംഗീകരിച്ചിരിക്കുന്ന രീതി അനുസരിച്ച് ചെയ്യണം: അതായത്, വൈദികൻ ബലിപീഠത്തിൽനിന്ന് ഒരു ഭാഗമെടുത്ത് അടുത്തുനില്ക്കുന്ന ഡീക്കന്റെ കൈകളിൽ വയ്ക്കുന്നു. അതിനുശേഷം സാഷ്ടാംഗപ്രണാമം ചെയ്ത് കർത്തൃശരീരത്തെ വണങ്ങുന്നു. പിന്നീട് അതു തന്റെ വലത്തുകൈവിരലുകൾകൊണ്ട് ഡീക്കന്റെ കൈയിൽ നിന്നെടുത്ത് ഇടത്തുകൈയിൽ വയ്ക്കുന്നു. പിന്നീട് വലത്തുകൈവിരലുകൾ കൊണ്ടെടുത്ത് ഭക്ഷിക്കുന്നു. അപ്പോൾ ഡീക്കൻ പറയുന്നു: "മിശി

www.malankaralibrary.com



ഹായുടെ ശരീരം''. ഭക്ഷിച്ചിട്ട് സാഷ്ടാംഗപ്രണാമം ചെയ്യുന്നു.
പിന്നീട് ബലിപീഠത്തിൽനിന്ന് കാസായെടുത്ത് ഡീക്കന്റെ
കൈയിൽ കൊടുക്കുന്നു. പിന്നീട് വന്ദിച്ചതിനുശേഷം
ഡീക്കന്റെ കൈകളിൽനിന്ന് കാസാ വാങ്ങി അതിൽ നിന്നു
പാനം ചെയ്യുന്നു. തിരിച്ച് കാസാ ഡീക്കനെ ഏല്പിക്കുന്നു;
അയാൾ അത് ബലിപീഠത്തിൽ വയ്ക്കുന്നു. ഒരു ഡീക്കനും
സന്നിഹിതനല്ലെങ്കിൽ, അത്യാവശ്യം പ്രമാണിച്ചാണെങ്കിൽ,
ഡീക്കന്റെ കൈകളിൽനിന്നു സ്വീകരിക്കുന്നരീതിയിൽ
വൈദികൻ മദ്ബഹായിൽ നിന്ന് എടുത്തു സ്വീകരിക്കുന്നു.
കുർബാന സൂക്ഷിക്കുന്ന സക്രാരി ഉള്ളിടത്താണിത് സാധി
ക്കുക. അപ്രകാരമൊന്നില്ലെങ്കിൽ, ഡീക്കനെയോ മറെറാരു
വൈദികനെയോ കൂടാതെ വൈദികൻ തനിയെ കൂദാശ
ചെയ്യാൻ പാടില്ല. മറ വലിക്കുകയും ലുത്തിനിയാ ചൊല്ലുകയും
തന്റെ വാക്കുകൾകൊണ്ട് ആളുകളെ ഉത്തേജിപ്പിക്കുകയും
പ്രാർത്ഥനയ്ക്ക് അവരെ ക്ഷണിക്കുകയും ചെയ്യുന്ന ആളിനെ
കൂടാതെ എങ്ങനെ കൂദാശ നടത്താനാകും?

### കാനൻ 4

സഭാനിരകളിൽ പട്ടത്തിനെത്തുന്നവരെ ഏതു രീതിയി
ലാണ് ആശീർവദിക്കേണ്ടതു് എന്നതു സംബന്ധിച്ച്:

പട്ടം സംബന്ധിച്ച് നിലവിലിരിക്കുന്ന എല്ലാ കാനോ
നാകളെ കുറിച്ചും എഴുതാൻ, അവിടുന്നാവശ്യപ്പെട്ടില്ല എന്ന്
ഓർക്കുന്നുണ്ടല്ലോ. ഇതു മാത്രമാണ് ചോദിച്ചിരുന്നതു്: പട്ട
ത്തിന്റെ ഒരു പ്രത്യേകാവസരം സുവിശേഷം ബലിപീഠ
ത്തിൽ വയ്ക്കണമോ വേണ്ടയോ?

ഇതു സംബന്ധിച്ച് എനിക്ക് നിന്നെ അറിയിക്കുവാനു
ള്ളതു് ഇതാണ്: എല്ലാ ദൈവികകാര്യങ്ങളുടെയും പൂർത്തീ
കരണം സുവിശേഷത്തിന്റെ സാന്നിധ്യത്തിലായിരിക്കണം:
പട്ടത്തിന്റെ അവസരം മാത്രമല്ല, വിശുദ്ധ കുർബാനയർപ്പ
ണാവസരവും സ്നാനത്തിനുള്ള തൈലം കൂദാശ ചെയ്യുമ്പോഴു
മെല്ലാം ഉണ്ടായിരിക്കണം. പാപമോചനത്തിനുള്ള മാമോ
ദീസാത്തൊട്ടി വിശുദ്ധീകരിക്കാൻ മെത്രാനോ വൈദികനോ
അണയുമ്പോൾ, ആർച്ചുഡീക്കൻ വലിയ ഗ്രന്ഥവും ഒരു വൈദി
കൻ തൈലപ്പാത്രവും എടുത്ത് കൂദാശനടത്തുന്ന മെത്രാന്റെയോ



വൈദികന്റെയോ കൂടെ മാമോദീസാത്തൊട്ടിക്കു ചുററും നിൽ
ക്കണം. എന്നാൽ പട്ടത്തിന്റെ അവസരം, സുവിശേഷം
ബലിപീഠത്തിൽ വയ്ക്കുമ്പോൾ, തങ്ങൾ എന്തിനായി വേർതിരി
ക്കപ്പെട്ടിരിക്കുന്നുവോ ആ ശുശ്രൂഷയുടെ മഹത്വത്തെപ്പററിയും
ഔന്നത്യത്തെപ്പററിയും, പാപമോചനം നൽകുന്ന ബലിപീഠ
ത്തിന്റെചുററും ദൈവികകാര്യങ്ങളുടെ ശുശ്രൂഷകരാകാൻ വിളി
ക്കപ്പെട്ടിരിക്കുന്നവരുടെ ഉന്നതവും പാവനവുമായ ജീവിതത്തെ
പ്പററിയും പട്ടം സ്വീകരിക്കാൻ പോകുന്നവരോട് മെത്രാൻ
സംസാരിക്കണം. എല്ലാ തിന്മകളിൽനിന്നും വിമുക്തമായ
നിർമ്മല മനസ്സാക്ഷിയുടെ അടയാളമായി അവർ കൈകഴുകുന്നു.
ഉടനെ, ഉന്നതത്തിലെ സൈന്യങ്ങളുടെ നിരകളിലൂടെയുള്ള
പാവനശുശ്രൂഷ ഏററം ശ്രദ്ധാപൂർവം പൂർത്തീകരിക്കപ്പെടുന്നു.
തത്സംബന്ധമായി നിശ്ചയിച്ചിട്ടുള്ള കാനോനാകളനുസരിച്ച്
അവയെല്ലാം നിർവഹിച്ച് പൂർത്തിയാക്കുന്നു.

### കാനൻ 5

സ്നാനം സ്വീകരിച്ച ചിലരും, അവരുടെ പ്രബോധക
രായ ചില വൈദികരും പരസ്പരമുള്ള സമാധാനം, പള്ളിക്കു
പുറത്തു മാത്രമല്ല, പള്ളിക്കകത്ത് രമ്യതയുടെയും പാപമോ
ചനത്തിന്റെയും അവസരത്തിലും നല്കാറില്ല എന്നതു സംബ
ന്ധിച്ച്:

നമ്മുടെ ജീവദാതാവായ മിശിഹാ തന്റെ മരണത്താൽ
നമ്മുടെ മരണത്തെ കൊല്ലുകയും തന്റെ ക്രൂശാരോഹണത്താൽ
കൊലപാതകിയായ എതിരാളിയെ വധിക്കുകയും ചെയ്തു.
അവിടുന്നു വന്ന് ദൂരസ്ഥർക്കും സമീപസ്ഥർക്കും സമാധാനം
പ്രഘോഷിച്ചു. നമ്മുടെ വിശ്വാസത്തോടു ചേരുന്ന ഇത്തരം
വിശ്വസനീയ ചിന്തകളാൽ പതം വന്ന മനസ്സുള്ളവരെ തങ്ങൾ
വിളിക്കപ്പെട്ട ഭവനാതിർത്തിയിലെ ദൈവിക പരിധിക്കു
പ്പുറത്തേക്കു കടക്കാൻ അവരുടെ സ്ഥിരത അനുവദിക്കുകയില്ല.
എന്നാൽ, ക്രോധത്താൽ ക്രമം തെററുകയും സഹശിഷ്യരുടെ
നിന്ദനങ്ങളാൽ ബലഹീനരാകുകയും ചെയ്ത ചിലർ സ്നാനം
സ്വീകരിച്ചവരുടെ കൂട്ടത്തിലുണ്ട്. ദൈവികാലയത്തിൽ ആയി
രുന്ന് അനുരഞ്ജനം നടത്തുന്ന നാഴികയിൽപോലും അനുരഞ്ജന
പ്പെടാനോ തങ്ങളെ മഥിക്കുന്ന വിദ്വേഷം എന്ന രോഗത്തിൽ

www.malankaralibrary.com



നിന്നു് വിമുക്തരാകാനോ അവർ തങ്ങളെത്തന്നെ സമർപ്പിക്കുന്നില്ല. പാപം പോക്കുന്നിടത്തിരിക്കുന്ന പാപം പോക്കുന്ന വൈദികർപോലും ഭയപ്പെട്ടു് തങ്ങൾ നിർവ്വഹിക്കുന്ന പാപമോചന ശുശ്രൂഷയെ അനുസ്മരിക്കുന്നില്ല; മറിച്ച് ഗർവ്വിഷ്ഠനെപ്പോലെ ദുഷ്ടതകൊണ്ടോ, അറിവില്ലാത്തവനെപ്പോലെ അപര്യാപ്തതകൊണ്ടോ തെററായി പ്രവർത്തിക്കുകയും പാപവും ഇടർച്ചയും ഉളവാക്കുകയും ചെയ്യുന്നു. കുററമററ പ്രബോധനത്തിന്മേൽ കുററാരോപണത്തിനു് അവർ ഇടയാക്കുന്നു; കാരണം, "പരസ്പരം സമാധാനം കൊടുക്കുവിൻ" എന്നു് സഭാശുശ്രൂഷകൻ വിളിച്ചു പറയുന്ന അവസരത്തിൽ, അവർ ഒന്നുകിൽ വെറുപ്പോടുകൂടി കുർബ്ബാന സ്വീകരിക്കാത്ത അപരിചിതരെപ്പോലെ ഇറങ്ങിപ്പോകുന്നു; അല്ലെങ്കിൽ യൂദാസ്കറിയോത്തായെപ്പോലെ, അവിടെത്തന്നെ ധിക്കാരപൂർവം നിന്നുകൊണ്ടു് സമാധാനത്തിന്റെ കർതൃനിയമത്തെ ഉലംപ്പുകയോടുകൂടി ചവിട്ടിമെതിക്കുന്നു.

അതുകൊണ്ടു്, ഇപ്രകാരം കഠിന ഹൃദയനും മൃഗീയനുമായ വ്യക്തി വിശുദ്ധസ്ഥലത്തിന്റെ മേൽക്കൂരയ്ക്കു കീഴിൽ നില്ക്കാൻ പാടില്ല; ശത്രുത സ്രവിക്കുന്നതും കോപം ജ്വലിപ്പിക്കുന്നതുമായ കൈകളിൽ അനുരഞ്ജിപ്പിക്കുന്ന കർതൃശരീരം സ്വീകരിക്കാൻ അയാൾ ഒരുമ്പെടുകയുമരുതു്; പിന്നെയോ അവനെ പൂർണ്ണമായി അന്യനാക്കി നിശ്ശേഷം പുറന്തള്ളുന്നു. പടർന്നുകയറുന്ന ക്യാൻസർ പോലെ അനേകരെ ദുഷിപ്പിക്കാതിരിക്കാൻ അയാൾക്കു സുബോധം വന്നു് ഗുരുക്കന്മാരെയും സമൂഹത്തിന്റെ നാഥനെയും അനുസരിക്കുന്നതുവരെ അയാൾ ശുശ്രൂഷിക്കാനും പാടില്ല. രണ്ടു കാരണങ്ങളാൽ കുർബാന അർപ്പിക്കുന്ന ഭീതിജനകമായ നാഴികയിൽ തന്റെ മുൻപാകെ സ്വാതന്ത്ര്യത്തോടുകൂടി സംസാരിക്കുവാൻ തന്റെ കല്പന അനുസരിക്കുന്നവർ എന്ന നിലയിൽ കർത്താവ് നമ്മെ അനുവദിച്ചിട്ടുണ്ടു്: അതായതു്, നമ്മുടെ കടക്കാരോടു നാം ക്ഷമിക്കുന്നതു വഴി, നമ്മോടു കല്പിച്ചതുപോലെ നാം പ്രവർത്തിക്കുകയാണ് ചെയ്യുന്നതു്. അതുപോലെ, നമ്മുടെ തെററുകൾ നമ്മോടു ക്ഷമിക്കണം എന്നു് നാം അവിടുത്തോടു ആവശ്യപ്പെടുന്നതിനാൽ. കാരണം "നമ്മുടെ കടക്കാരോടു നാം ക്ഷമിച്ചതുപോലെയേ അവിടുന്നു് നമ്മുടെ കടങ്ങളും പാപങ്ങളും നമ്മോടു് ക്ഷമിക്കുകയുള്ളൂ" (മത്താ. 6:12).



ഈ കല്പന ആശ്ചര്യകരം തന്നെ; ശ്രേഷ്ഠമായ ശുശ്രൂഷയ്ക്കു് അതു നമ്മെ ഉത്തേജിപ്പിക്കുന്നു. വാഗ്ദാനവും ആശ്ചര്യകരം തന്നെ. നമ്മുടെ കടങ്ങളുടെ പൊറുതിക്കു് അതു നമ്മെ വിളിക്കുകയും പാപക്കറകളിൽ നിന്നുള്ള സൗഖ്യം നീട്ടിത്തരികയും ചെയ്യുന്നു. ഈ കാര്യങ്ങൾ ആഗ്രഹിക്കാത്തവരുണ്ടോ? തന്റെ സഹപ്രവർത്തകരുടെ തെററുകൾ ക്ഷമിക്കാൻ തിടുക്കം കൂട്ടാത്ത ബുദ്ധിജീവിയുണ്ടോ? കാരണം, ഇപ്രകാരം അവൻ തന്റെ തന്നെ കടങ്ങൾക്കു് കർത്താവിൽ നിന്നു് പൊറുതി സമ്പാദിക്കുന്നു. കൃപയാൽ ദൈവമക്കളാകുവാൻ യോഗ്യരാക്കപ്പെട്ടവർ ഇപ്രകാരം പറയും: "ഞങ്ങളുടെ കർത്താവേ, എല്ലാവരുടെയും കർത്താവേ, പാപങ്ങൾ ക്ഷമിക്കുന്നവനേ, നീ കല്പിച്ചതുപോലെ, ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചിരിക്കുന്നു. കർത്താവേ, അനുതാപികളെ സ്നേഹിക്കുന്നവനേ, നീ വാഗ്ദാനം ചെയ്തതുപോലെ, ഞങ്ങളുടെ പാപങ്ങൾ ക്ഷമിക്കണമേ". അങ്ങനെയെങ്കിൽ ക്രോധം പുലർത്തുന്ന മനുഷ്യാ, നിന്റെ കടക്കാരോട് നീ ക്ഷമിക്കാതെ എന്തിനു നീ സമൂഹത്തോടൊപ്പം ഈ വാചകം ചൊല്ലി? നീ പരിഹസിക്കുകയും കാപട്യം കാണിക്കുകയും ആയിരുന്നോ? അതോ ഉപരിപ്ലവമാകാതെ, സ്നേഹപൂർവമായും വെറുതെ ചൊല്ലിത്തീർക്കാതെ ബോധപൂർവമായും ഇതിൽ പങ്കെടുക്കുന്നവർക്കു് സഹായകമായ ഈ ക്രമം മുഴുവൻ നശിപ്പിച്ചുകൊണ്ടു് നീ നിശ്ശബ്ദനായി നിന്നു് അതു് ചൊല്ലാതെ വിട്ടുകളഞ്ഞോ? കോപാകുലനായ വ്യക്തി ക്ഷമിക്കാതെ കർതൃവചനം ഉച്ചരിക്കുന്നതു് നിശ്ചയമായും ധിക്കാരമാണ്; അവൻ ചൊല്ലാതെ നിശബ്ദനായി നിന്നാൽ ഇരട്ടി ധിക്കാരമാണ്. ആദ്യത്തേതിൽ ചതിയായിട്ടു്; രണ്ടവസരത്തിലും നിന്ദാപൂർവവും.

കാരണം, കുർബാന അർപ്പിക്കുന്ന അവസരത്തിൽ ബലിപീഠത്തിനു ചുററുമുള്ള സ്ഥലം മുഴുവൻ, കർതൃശരീര രക്തങ്ങളെ ബഹുമാനിക്കുന്ന അഗ്നിമയന്മാരായ ശുശ്രൂഷകരെയും ആത്മാക്കളെയും കൊണ്ടു് നിറഞ്ഞിരിക്കുകയാണെന്നു നാം വിശ്വസിക്കുന്നു. ഭയം കൊണ്ടും സ്നേഹം കൊണ്ടും കഴുത്തുകൾ കുനിച്ചുകൊണ്ടു്, അവർ തങ്ങളുടെ വിശുദ്ധീകരിക്കലിൽ മിസ്റ്റിക്കലായി നിഴൽ പതിക്കുകയും അർപ്പിക്കുകയുമാണ്. വാസ്തവത്തിൽ, കോപവിഹീനരായവരുടെ സഹപ്രവർത്തകനാകാൻ

www.malankaralibrary.com



യോഗ്യനായി ഗണിക്കപ്പെട്ട വൈദികൻ അവരോടൊപ്പം അവരുടെ വിശുദ്ധീകരണ സ്തുതിപ്പിൽ ചേർന്നു കൊണ്ട് "സർവ്വശക്തനായ കർത്താവ് പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ; സ്വർഗ്ഗവും ഭൂമിയും അവിടുത്തെ സ്തുതിപ്പുകളാൽ നിറഞ്ഞിരിക്കുന്നു" എന്ന് പ്രകീർത്തിക്കുന്നു. അങ്ങനെയുള്ളയാൾ തന്നെ കോപാകുലനും വെറുപ്പുള്ളവനും ആണെങ്കിൽ, നിരപ്പാക്കുകയും പൊറുക്കുകയും ചെയ്യുന്ന സൈന്യങ്ങളാൽ നിറഞ്ഞ, നിരപ്പാക്കുന്ന സ്ഥലത്ത് അവന് എന്താണു ചെയ്യാൻ കഴിയുക? അല്ലെങ്കിൽ പരസ്പരം അനുരഞ്ജനപ്പെടാൻ ആഹ്വാനം ചെയ്യുന്നവനും വരുവാനിരിക്കുന്ന ന്യായവിധിയിൽ നമ്മെ വിധിക്കുന്നവനും ആയ നല്ല നാഥന്റെ ദാസനും ശിഷ്യനുമാണ് താനെന്ന് അവന് എങ്ങനെ അവകാശപ്പെടാൻ കഴിയും? "നീ ബലിപീഠത്തിൽ നിന്റെ കാഴ്ചകൾ അർപ്പിക്കുമ്പോൾ നിന്റെ സഹോദരന് നിന്നോട് എന്തെങ്കിലും നീരസം ഉണ്ടെന്ന് അവിടെവച്ച് നീ ഓർക്കുകയാണെങ്കിൽ" ഉടനെ അർപ്പണം നടത്താൻ മുതിരരുത് (മത്താ.5:23). കാരണം, എല്ലാററിനേക്കാളും കാമ്യവും എല്ലാവർക്കും പ്രീതികരവുമായ സ്നേഹം നിന്റെ അർപ്പണത്തിൽ നിന്നുയരുന്നില്ല; പിന്നെയോ നിത്യാഗ്നിയെ ഇളക്കിവിടുകയും അതിനർഹനാക്കുകയും ചെയ്യുന്ന വിദ്വേഷമത്രേ ഉയരുക. അപ്പോൾ, അർപ്പകൻ എന്താണു ചെയ്യേണ്ടത്? "നിന്റെ ബലിവസ്തു അവിടെ ബലിപീഠത്തിൽ വച്ചിട്ട് ഒന്നാമതായി നിന്റെ സഹോദരനുമായി രമ്യപ്പെടുക" (മത്താ. 5:24). വീണ്ടും, അവിടുന്ന് വശീകരിച്ചും ഭീഷണിപ്പെടുത്തിയും ഇതും കൂട്ടിച്ചേർക്കുന്നു: "വേഗത്തിൽ നിന്റെ ശത്രുവിനോട് വഴിയിൽ വച്ചുതന്നെ രമ്യപ്പെട്ടുകൊള്ളുക" (മത്താ. 5:25). തങ്ങളുടെ പാപങ്ങളുടെ വ്രണങ്ങളാൽ ക്ലേശിക്കുന്നവർക്ക് പാപികളുടെ അനുതാപം എന്ന പ്രതിവിധിയിലൂടെയും സ്വർഗ്ഗീയ വൈദ്യന്റെ കാരുണ്യം എന്ന വിലയേറിയ മരുന്നുകളിലൂടെയും ദുഃഖം അവരെ പിടികൂടി അവർ എന്നേക്കും നിത്യാഗ്നിക്ക് അവകാശികളായി തീരുന്നതിനുമുൻപ് സൗഖ്യമുള്ളവരായി തീരുന്നതിന് അവസരമുണ്ട് എന്നാണതിനർത്ഥം.

അതുകൊണ്ട്, കോപമുള്ളവൻ, ആത്മാവിൽ കൈപ്പുള്ളവൻ, ജീവന്റെ പ്രബോധനത്താൽ മനസ്സിന്റെ അണ്ണാക്ക്



മാധുര്യമേറിയതാക്കാത്തവൻ ഈ കൂദാശ സ്വീകരിക്കാൻ അണയരുത്. കാരണം, അവന് അതിൽനിന്ന് ഒരു പ്രയോജനവും ലഭിക്കുന്നില്ല. എന്തുകൊണ്ടെന്നാൽ, ആത്മാവിൽ വാചാലനായ ഒരാൾ വായനകളിൽ ഒന്നിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: "യോഗ്യതയില്ലാതെ കർതൃശരീരം ഭക്ഷിക്കുകയും അവിടുത്തെ കാസാ പാനം ചെയ്യുകയും ചെയ്യുന്നവൻ തന്റെ തന്നെ ശിക്ഷാവിധിയാകുന്ന ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നത്" (കൊറി.11:27). ഇത് പാപമോചനത്തിനായി നിങ്ങൾക്കുവേണ്ടി മുറിക്കപ്പെട്ട എന്റെ ശരീരമാകുന്നു എന്നു പറഞ്ഞ നമ്മുടെ ജീവദാതാവിന്റെ കർതൃവാഗ്ദാനത്തിന് ബാഹ്യമായി നോക്കുമ്പോൾ എത്ര വിരുദ്ധമാണ് ഈ ശ്ലൈഹിക വചനം! മറെറാരിടത്ത് മുൻകുറിയെ ഉയർത്തിക്കാട്ടിക്കൊണ്ടും യാഥാർത്ഥ്യത്തോട് അതിനെ ചേർത്തുകൊണ്ടും "സ്വർഗ്ഗത്തിൽ നിന്നിറങ്ങിവന്ന ജീവനുള്ള അപ്പം ഞാനാകുന്നു" എന്ന് അവിടുന്നു പറയുന്നു (യോഹ. 6:51). കാരണം, ജീവദായകമായ രഹസ്യങ്ങളുടെ ദാനം സ്വീകരിക്കാൻ യോഗ്യരായി ഗണിക്കപ്പെട്ടവർ കർത്താവിലേക്കടുത്തുവരാൻ തുടങ്ങുന്നു. അപ്പോൾ, മിശിഹായുടെ രഹസ്യങ്ങളിൽ നിപുണനായ ശ്ലീഹായേ, നീ എന്തുകൊണ്ടാണ് ഈ പാപപരിഹാരപ്രദമായ ശരീരത്തെ, അതിനെ സ്വീകരിക്കുന്നവന്റെ ശിക്ഷാവിധി എന്നു വിളിക്കുന്നത്? കാരണം "അവൻ കർത്താവിന്റെ ശരീരത്തെ വിവേചിക്കുന്നില്ല" (1 കൊറി. 11:29). അതായത്, അവൻ സ്നേഹത്തോടും ഭയത്തോടും കൂടിയല്ല, വെറുപ്പോടുകൂടിയാണ് അത് സ്വീകരിക്കുന്നത്. ഒരു സാധാരണ മേശയെ എന്നപോലെയാണ് അവൻ ജീവന്റെ മേശയെ സമീപിക്കുന്നത്; സാധാരണ ഭക്ഷണത്തിൽനിന്ന് ഉപരിസ്ഥമായ കൃപാവരത്തിന്റെ ഈ ഭക്ഷണത്തെ അവൻ സാധാരണ ഭക്ഷണമായി കരുതുന്നു. പാപമോചനത്തിനല്ല, ശിക്ഷാവിധിക്കായി അടുത്തുവരുന്നവന്റെ വെറുപ്പുള്ള മനസ്സു പോലെ അവൻ പാപപരിഹാരപ്രദമായ ബലിയുടെ ജീവദായകരഹസ്യത്തെ സ്വീകരിക്കുന്നു; ഇത്തരക്കാരനെപ്പററിയാണ് വൃദ്ധനായ ശെമഓൻ ആത്മാവിൽ പ്രേരിതനായും വിശ്വാസികളുടെയും അവിശ്വാസികളുടെയും മനസ്ഥിതികളെ സ്പഷ്ടമായും പറഞ്ഞത്. "ഇവൻ അനേകരുടെ

www.malankaralibrary.com



വീഴ്ചയ്ക്കും എഴുന്നേൽപ്പിനുമായി സ്ഥാപിക്കപ്പെട്ടിരിക്കുന്നു'' (ലൂ.2:34). കാരണം, വിശ്വസിക്കുന്നവർ എഴുന്നേൽക്കുന്നു; വിശ്വസിക്കാത്തതിനാൽ മറ്റുള്ളവർ വീഴുന്നു.

അതുകൊണ്ട്, ഈ കാര്യങ്ങൾ വിശദമായി നാം നിന്നോട് പറഞ്ഞിരിക്കുന്നു. എന്തുകൊണ്ടെന്നാൽ കോപം ഇളക്കിവിടുന്നവരെയും കോപം വച്ചുപുലർത്തുന്നവരെയും സംബന്ധിച്ച് നമുക്ക് വളരെയധികം ദുഃഖമുണ്ട്. അത്തരക്കാർ സ്നാനം സ്വീകരിച്ചവരുടെ ഗുരുക്കന്മാരും പ്രബോധകരുമായിത്തീരുമ്പോൾ അവർ വീണ്ടും അനേകർക്കിടർച്ച വരുത്തുകയും തങ്ങളെത്തന്നെ ശിക്ഷയ്ക്കു വിധിക്കുകയും ചെയ്യുന്നു.

## കാനൻ 6

രഹസ്യമായി പാപം ചെയ്യുകയും രഹസ്യമായി അനുതപിക്കുകയും, അതു വെളിപ്പെടുത്തിയാൽ ആളുകൾ അറിഞ്ഞ് അത് നിന്ദനത്തിനും അവഹേളനത്തിനും കാരണമാകും എന്നു കരുതി ഭയപ്പെടുകയും ചെയ്യുന്ന ആളിനെ സംബന്ധിച്ച്: അയാൾക്ക് സൗഖ്യം കിട്ടുന്നതിനും നശിച്ചുപോകാതെ കണ്ടെത്തപ്പെടുന്നതിനുമായി, ഏതെങ്കിലും തരത്തിൽ അയാൾ തിരുത്തപ്പെടേണ്ടേ ?

പരിശുദ്ധാത്മാവ് ആത്മാക്കളുടെ വൈദ്യനായി വൈദികരെ തന്റെ ആലയുടെ അതിർത്തികളിൽ നിയമിച്ചിരിക്കുന്നു. ആധ്യാത്മിക പ്രബോധനം എന്ന മരുന്നിലൂടെയും അനുതാപിയുടെ സ്നേഹിതന്റെ പക്കലും പാപമോചനം നൽകുന്ന വൈദികന്റെ പക്കലും അനുതാപിക്കു വേണ്ടി ആത്മാർത്ഥമായി അർപ്പിക്കുന്ന പ്രാർത്ഥനാസഹായത്തിലൂടെയും, ക്ലേശിക്കുന്നവരെ അവർ സൗഖ്യമാക്കുന്നതിനും, സഭാഗാത്രത്തിന്റെ ആരോഗ്യത്തിൽ നിന്ന് മുഴുവൻ സമയവും പുറന്തള്ളപ്പെടുകയും അകറ്റപ്പെടുകയും ചെയ്ത് പാപത്തിന്റെ വേദനകളുടെ കിടക്കയിൽ സഹിച്ചവരെ വീണ്ടും ഐക്യപ്പെടുത്തുന്നതിനും വേണ്ടിയാണിത്. ഇക്കാര്യം സംബന്ധിച്ച് വൈദികർക്ക് കാർക്കശ്യം ലവലേശമേശാത്തതും അത്യുത്സാഹപൂർവ്വം നിരന്തരം പ്രാർത്ഥിക്കുന്നതുമായ ഒരു വിശാലമനസ്സ് ഉണ്ടായിരിക്കുക അഭിലഷണീയമത്രെ. വിശ്വസ്തരും വിദഗ്ധരുമായ പ്രധാന ഭിഷഗ്വര



രായി പാപമോചന ശുശ്രൂഷയിൽ അവർ നിയമിതരായിരിക്കുകയാണ്. വേദനിക്കുന്ന അനേകരെ, പരസ്യമാക്കാതെ അവർ സുഖപ്പെടുത്തുന്നു. ഇതുവഴി രോഗികളെ ശാന്തരാക്കുന്നതിനും വേദനയിൽ അവരെ ആശ്വസിപ്പിക്കുന്നതിനും അവർക്കു കഴിയുന്നതിനാണിത്. ഇതിൽ കൂടുതൽ പ്രത്യേകമായി ആത്മീയ ഭിഷഗ്വരന്മാരായ സഭയിലെ വൈദികർ ബലഹീനരോടു കൂടി ബലഹീനരായിരിക്കുകയും, മറഞ്ഞിരിക്കുന്ന ഗൗരവമേറിയ പാപരോഗങ്ങളിൽ നിന്ന് ശ്രദ്ധാപൂർവം അവരെ നീക്കുകയും ചെയ്യുക ഉചിതമാകുന്നു, അവർ അവരെ വെളിപ്പെടുത്താൻ പാടില്ല; പിന്നെയോ, തങ്ങളുടെ കൈകളിൽ ഏല്പിക്കപ്പെട്ടിരിക്കുന്ന ദൈവിക വിദ്യകളും ആത്മീയ മരുന്നുകളും കൊണ്ട് അവരെ വീണ്ടെടുക്കണം. എന്നാൽ നീതിനിഷ്ഠരും സൂക്ഷ്മതയുള്ളവരുമായ വൈദികരെ കണ്ടെത്താത്തതിനാൽ തന്റെ രോഗം വെളിപ്പെടുത്താൻ പാപി ഭയക്കുന്നെങ്കിൽ കരുണയുള്ളവരും ശ്രദ്ധാലുക്കളുമായ വൈദികർ ഉള്ള സ്ഥലങ്ങളിലേക്ക് പോകട്ടെ.

ഇത് വൈദികർക്ക് ഒരു മുന്നറിയിപ്പായിട്ടാണ് ഞങ്ങൾ പറയുന്നത്: അവർ ഒരിക്കലും തങ്ങളെത്തന്നെ ദുഷിപ്പിക്കരുത്. കഠിന വിധിവാചകത്തിനിരയാക്കുന്ന കുറ്റപ്പെടുത്തലിന് അവർ ഇട നൽകരുത്. അവർ നിരപ്പാക്കുന്നതിനു പകരം ക്രോധമുള്ളവരായിരിക്കരുത്. പൊറുക്കുന്നതിനു പകരം ഇടർച്ചയുണ്ടാക്കരുത്. കരുണയ്ക്കു പകരം നിഷ്ഠൂരരായിരിക്കരുത്. നിശബ്ദരായിരിക്കുന്നതിനു പകരം വായാടികളായിരിക്കരുത്. എങ്കിലും ക്രിസ്തുവിന്റെ അസംബ്ലിയിൽ സൂക്ഷ്മതയുള്ളവരും കരുതലുള്ളവരും വിശ്വസ്തരും, ആകുലരെ സുഖപ്പെടുത്തുന്നതിൽ തല്പരരും കുറവല്ല എന്നു ഞങ്ങൾക്കറിയാം. കാരണം, അവരുടെ ഇടയിൽ ദുഷിച്ചവരും കോപിഷ്ഠരും നീതിനിഷ്ഠയില്ലാത്തവരും ഉണ്ടാകാമെങ്കിലും വൈദികരുടെ ഇടയിൽ ധാരാളം പ്രസന്നവദനരും അനേകരെ സന്തുഷ്ടരാക്കുന്നവരും എല്ലാ പ്രദേശങ്ങളിലുമുള്ള എല്ലാ തലമുറകളിലെയും സൃഷ്ടിയുടെ നാഥനു സ്വീകാര്യരുമായി കാണപ്പെടുന്നുണ്ട്. അതുകൊണ്ട് മേല്പറഞ്ഞ കാരണത്താൽ ഈ കാനൻ അനുസരിക്കണം.

www.malankaralibrary.com



"അനേകർ തങ്ങളുടെ പാപങ്ങൾ ഏററുപറഞ്ഞുകൊണ്ട് യോർദ്ദാൻ നദിയിൽവച്ച് യോഹന്നാൻ സ്നാപകനിൽനിന്ന് സ്നാനമേററു" എന്ന് എഴുതപ്പെട്ടിരിക്കുന്നു (മത്താ.3:6). എന്നാൽ ഭാഗ്യവാനായ ദാവീദ് തൻെറ ഇരട്ടപാപം മറച്ചുവച്ചു; അത് അവഗണനയാലല്ല, അനുതാപരാഹിത്യത്താലുമല്ല, പിന്നെയോ, അനേകർക്കുണ്ടാകാമായിരുന്ന ഇടർച്ചയും ലജ്ജയും നിമിത്തമാണ്. എന്നാൽ പ്രവാചകനിലൂടെ ഒരുപമ വഴി അവൻെറ നാഥൻ അവൻെറ തെററ് വെളിപ്പെടുത്തി. കാരണം, തൻെറ മേൽ പ്രചണ്ഡമായും ഊററമായും അവൻ ശാപം വലിച്ചുവച്ചതിനാൽ തൻെറ തെററിനെപ്പററി കൂടുതലായി അവൻ ദുഃഖിക്കേണ്ടിയിരുന്നു; യഥാർത്ഥത്തിൽ അവൻ ദുഃഖിക്കുകയും ചെയ്തു. ഉടൻ തന്നെ അവൻ വിലപിച്ച് പിൻതിരിഞ്ഞു; അവിടെ പാപപരിഹാരപ്രദമായ അനുതാപം ഉണ്ടായി. അവൻ ദൈവികകോപം ഉജ്വലിപ്പിച്ചപ്പോൾ അവനെ വിട്ടുപിരിഞ്ഞ കൃപാവരം അവനിലേക്കു തിരികെ വന്നു; കാരണം, ലോകങ്ങളുടെ വിധികർത്താവിൻെറ മുമ്പിൽ മുഖംനോട്ടമില്ല. അവൻ നശിക്കാതിരിക്കാൻ അവനോടു ക്ഷമിച്ചു. അവനോടു യഥാർത്ഥമായി ക്ഷമിച്ചശേഷം അവൻ ജാഗ്രതയുള്ളവനായിരിക്കാൻ അവനെ എളിമപ്പെടുത്തി. അവനിലൂടെ അനേകർ ബലപ്പെടുവാനും കരുതലുള്ളവരായിരിക്കാനുമായിരുന്നിത്.

എന്നാൽ ചിലർ വളരെ ശ്രമകരവും ക്ഷമാപൂർവകവുമായ രീതിയിൽ ദൈവത്തിനും തങ്ങൾക്കുമിടയ്ക്ക് പരിശ്രമിച്ച് തങ്ങളുടെ മുറിവുകൾ സുഖപ്പെടുത്തിയതായും ഞങ്ങൾക്കറിയാം; കാരണം, വിശ്വാസം ത്യജിക്കാനും വിഗ്രഹങ്ങൾക്കു ബലിയർപ്പിക്കാനും നിർബന്ധിക്കപ്പെട്ട ഭാഗ്യവാനായ മെത്രാനെപ്പോലെ അവർ ആരെയും വിശ്വസിച്ചില്ല. സ്വതന്ത്രനാക്കപ്പെട്ടപ്പോൾ അവൻ ലോകത്തിൻെറ മുഖത്ത് കാർക്കിച്ചുതുപ്പിയിട്ട് അതിൽ നിന്ന് പൂർണ്ണമായി ഓടിയൊളിച്ചു. അവൻ ഒരു നിശ്ചിത സ്ഥലത്ത് ആരെയും കാണാതെ വസിച്ചു. മുപ്പത്തേഴുവർഷത്തേയ്ക്ക് ആരുടെയും മുൻപിൽ അവൻ പ്രത്യക്ഷപ്പെട്ടില്ല. അപ്പോൾ ഒരു ദർശനം അവനോടു പറഞ്ഞു; "ഈ നാഴികയിൽ നിൻെറ അനുതാപം സ്വീകൃതമായിരിക്കുന്നു;



എന്തുകൊണ്ടെന്നാൽ ഈ നാഴികവരെ നീ അനുതാപിയായിരുന്നു; ശ്രമകരവും ആത്മാർത്ഥവും പാപപരിഹാരപ്രദവുമായ രീതിയിൽ നീ പ്രായശ്ചിത്തം നിർവ്വഹിച്ചിരിക്കുന്നു. ഇപ്പോൾ മുതൽ, നിൻെറ ശിഷ്ടായുസ് മുഴുവൻ നീ നീതി അഭ്യസിക്കണം".

ഗർഹണീയമായ കാര്യങ്ങൾ ഉപേക്ഷിക്കുന്നതാണ് അനുതാപത്തിൻെറ ആരംഭം. സമൂഹത്തിൻെറ ഗുരുക്കന്മാരും പ്രബോധകരുമായ വൈദികർ തങ്ങളുടെ നാവിനെ നിയന്ത്രിക്കണം.; തങ്ങളുടെ അധരങ്ങൾക്ക് കുററിയും കൊളുത്തും ഇടണം; വിശ്വാസികളുടെ രഹസ്യകാര്യങ്ങൾ അവിടെയും ഇവിടെയും പറഞ്ഞുനടന്ന് ദൂഷിക്കരുത്. കാരണം, പ്രവാചകരുടെയും വൈദികരുടെയും നാഥൻെറ നാമത്തിൽ പ്രവാചകൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു. നീതിയുടെ പ്രബോധകനും നീതി പ്രവർത്തിക്കുന്നവനും എന്ന നിലയിൽ "പുരോഹിതൻെറ അധരങ്ങളിൽ വിജ്ഞാനം ഉണ്ടായിരിക്കണം; അവൻെറ വായിൽ നിന്ന് അവർ നിയമം ആവശ്യപ്പെടും" (മലാ. 2:7). എന്തുകൊണ്ടെന്നാൽ സർവശക്തനായ ദൈവത്തിൻെറ ദൂതനാണവൻ; പ്രവാചകനായ മോശയുടെ സാദൃശ്യത്തിൽ ദൈവത്തിനും മനുഷ്യർക്കുമിടയിലെ മധ്യസ്ഥനാണവൻ—മോശയുടെ നാഥനായ നമ്മുടെ കർത്താവിൻെറ സാദൃശ്യത്തിൽ ആണവൻ—ദൈവത്തിൽ നിന്ന് സ്വീകരിച്ച്, വിശ്വസിക്കുന്ന എല്ലാ വിശ്വാസികളെയും അവൻ പഠിപ്പിക്കുന്നു. അതുകൊണ്ട് വിജ്ഞാനി—എല്ലാ വിജ്ഞാനികളേക്കാളും വിജ്ഞാനിയായവൻ—പറഞ്ഞതും ദൈവത്തിൻെറ പുരോഹിതൻ മറന്നു പോകരുത്: "നിൻെറ സ്നേഹിതനുമായി നിൻെറ തർക്കം പറഞ്ഞവസാനിപ്പിക്കുക; മറെറാരുത്തനുമായി രഹസ്യം പങ്കുവയ്ക്കരുത്" (സദൃശ്യ. 25:9). വീണ്ടും 'എതിരാളി രഹസ്യം വെളിപ്പെടുത്തുന്നു"; വീണ്ടും, "രഹസ്യം വെളിപ്പെടുത്തുന്നവൻ തൻെറ വിശ്വസനീയത നശിപ്പിക്കുന്നു;" വീണ്ടും "രഹസ്യം വെളിപ്പെടുത്തുന്നവൻ നിന്ദനത്തിനവകാശിയാണ്." ലജ്ജിതനാക്കാനായി അവൻ ഇതും പറയുന്നു: "നീ എന്തെങ്കിലും കേട്ടാൽ, അതു നിൻെറ മനസ്സിൽ മരിക്കട്ടെ. അത് നിന്നെ തുളച്ചുകടന്നു പോകാൻ അതൊരമ്പല്ലല്ലോ." നമുക്ക് മുന്നറിയിപ്പുതരാനും നമ്മുടെ ജീവിത

www.malankaralibrary.com



ത്തിന്റെ പ്രയോജനത്തിനുമായി ഇതുപോലെ ഒരായിരം കാര്യം പറഞ്ഞിരിക്കുന്നു.

## കാനൻ 7

വിശുദ്ധ രഹസ്യങ്ങൾ എന്ന ദാനം കൊടുക്കാതിരിക്കുന്ന വിധം വൈദികനു് ഒരു വ്യക്തിയോടും നീരസം പാടില്ല എന്നതിനെക്കുറിച്ച്:

ദൈവിക രഹസ്യങ്ങൾ പരികർമ്മം ചെയ്യുന്നവനും സംരക്ഷിക്കുന്നവനും മധ്യസ്ഥനുമായി നിയമിതനായ വൈദികൻ, വിശ്വാസികൾക്ക് ദിവ്യരഹസ്യങ്ങൾ വിതരണം ചെയ്യുമ്പോൾ, തനിക്കാരോടെങ്കിലും നീരസം ഉണ്ടാകാൻ ഇടയായാൽ അയാൾക്ക് കുർബാന കൊടുക്കാതിരിക്കരുതു്; പിന്നെയോ വൈദികനു് വ്യക്തിയോട് നീരസം ഉണ്ടെങ്കിലും, വ്യക്തിക്കു് വൈദികനോടുണ്ടെങ്കിലും ഒരു നീരസവും പരസ്പരം ഇല്ലാത്തവർക്കെന്നപോലെ, ഒരു വ്യത്യാസവും കാണിക്കാതെ തന്നെ കുർബാന കൊടുക്കണം. അതിനുശേഷം അവർ തമ്മിൽ തനിയെയോ, ഇരുവർക്കും സ്വീകാര്യരും മധ്യസ്ഥരും കുററപ്പെടുത്തുന്നവരും തിരുത്തുന്നവരുമായ വ്യക്തികളുടെ സാന്നിധ്യത്തിലോ, അല്ലെങ്കിൽ സഭയുടെയോ സഭാധ്യക്ഷന്റെയോ മുൻപാകെയോ, സ്നേഹമായും സഹോദരഭാവേനയും സംസാരിച്ച് നീരസം അവസാനിപ്പിക്കണം. അവർക്കിടയിൽ രണ്ടുതരം സാഹോദര്യമാണുള്ളതു്: പ്രകൃത്യാ ഒന്നു്; പ്രകൃതിയുടെ നാഥനാൽ മറെറാന്നു്. അതായതു്, ആദാമിൽ നിന്നു് ജനിച്ചതിനാൽ സ്വഭാവേന ഒന്നു്, ആത്മീകസ്നാനമാകുന്ന ഉദരത്തിൽ ക്രിസ്തീയരീതിയിലുള്ള ശിഷ്യത്വത്തിലൂടെ മറെറാന്നു്. തങ്ങളുടെ സ്വന്തത്തെ തള്ളിക്കളയാൻ അവർ ശ്രമിക്കരുതു്; തള്ളിക്കളയപ്പെടാനും അനുവദിക്കരുതു്. അങ്ങനെ നിയമങ്ങളിൽ ഒന്നാമത്തേതായ സ്നേഹമെന്ന ക്രിസ്തീയപ്രമാണത്തെ ക്രിസ്ത്യാനികൾ പൂർത്തിയാക്കും. എന്തുകൊണ്ടെന്നാൽ, തെററുചെയ്തയാളെ മററുള്ളവർ കുററപ്പെടുത്തുമ്പോൾ ആരോടു തെററു ചെയ്തുവോ അവൻ വിമുക്തനാകുകയാണ്.



## കാനൻ 8

എഴുത്തുകളിലൂടെ വൈദികനു് തന്നെത്തന്നെ ശപിക്കാൻ കഴിയുമോ, തന്റെ ഇച്ഛയുടെ നിർബന്ധപൂർവകമായ പ്രേരണ കൂടാതെ മുദ്രവയ്ക്കാൻ സാധിക്കുമോ എന്നതു സംബന്ധിച്ച്:

നമ്മേപ്പോലെ, ജീവനു് ശിഷ്യപ്പെട്ട മക്കളായ നമ്മുടെ ജനങ്ങൾക്കും ഉത്തമക്രൈസ്തവ ജീവിതത്തിന്റെ ഉദാത്തമാതൃക വൈദിക ജീവിത മാതൃകയിൽ നിന്നാണു് ലഭിക്കുക; അതായതു്, വൈദികരുടെ പെരുമാററം, ചിന്താരീതി, ജീവിതരീതി ആദിയായവ. അതുകൊണ്ടു് സാധ്യമാകുന്നിടത്തോളം അവർ ആത്മീയ ജീവിതരീതിയുടെ മാതൃകയും പ്രതിച്ഛായയും പ്രാതിനിധ്യപരമായും ക്രമീകൃതമായും കാണിക്കേണ്ടിയിരിക്കുന്നു. ശരിയായ വിശ്വാസപ്രഖ്യാപകർ ഇതിലേക്കാണു് വിളിക്കപ്പെട്ടിരിക്കുന്നതു്. ഇതാണു്, സഭാപ്രബോധനകരായ ഗുരുക്കന്മാരും പ്രബോധകരും പഠിപ്പിക്കുന്നതും പ്രഘോഷിക്കുന്നതും. ഇക്കാരണത്താൽ, ലൗകായതികരെപ്പോലെ അലങ്കരിച്ച വസ്ത്രങ്ങൾകൊണ്ടോ നാട്യഭാവങ്ങളാലോ ഓരോ കാററിനും ഇളകിയാടി ശിശുക്കളെപ്പോലെ ചാഞ്ചാട്ടമുള്ള മനസ്സോടുകൂടിയോ ലൗകികമായി വ്യാപരിക്കാൻ വൈദികർക്കനുവാദമില്ല; പിന്നെയോ കഴിവുള്ളിടത്തോളം വരാനിരിക്കുന്ന ജീവിതരീതിയെ അവർ അനുകരിക്കണം. അങ്ങനെ അവർ സഭയ്ക്കുള്ളിലുള്ളവരെ സംരക്ഷിക്കുകയും സത്യത്തിൽ ഉറപ്പിച്ചു നിർത്തുകയും ചെയ്യും; പുറത്തുള്ളവർ ഇതു് കണ്ടു് അത്ഭുതപരതന്ത്രരാകുകയും ഈ സത്യത്തെപ്പററി മതിപ്പുള്ളവരാകുകയും ചെയ്യും.

അതു കൊണ്ടു്, വൈദികന്റെ ജീവിത രീതിയും നിലയും പ്രബോധനവുമനുസരിച്ച്, ലിഖിതരൂപത്തിലും മുദ്രവച്ചും തന്റെ മേൽ ഒരു ശാപവും വയ്ക്കാൻ വൈദികരെ അൽമായരാരും നിർബന്ധിക്കാൻ പാടില്ല; കാരണം, അവൻ എന്തെങ്കിലും പറഞ്ഞാൽ അതു വിശ്വസനീയമാണു്. നമ്മുടെ കർത്താവിന്റെ ഉപദേശം പോലെ അവന്റെ വാക്ക് ''അതേ, അതേ, എന്നും അല്ല അല്ല'' എന്നുമാണു്. അവൻ തന്റെ പ്രാർത്ഥനയിലും ശുശ്രൂഷയിലും, ദൈവത്തെ നിരപ്പാക്കുന്നവനും വിശ്വാസികളുടെ പാപം പോക്കുന്നവനുമാണു്. എന്നാൽ തന്റെ രീതിക്കും ഇഷ്ടത്തിനും അതീതമായി ഒപ്പിടുന്നതിനും മുദ്ര വയ്ക്കു

www.malankaralibrary.com



ന്നതിനും തന്നെത്തന്നെ ശപിക്കുന്നതിനും ആവശ്യങ്ങളുടെ സമ്മർദ്ദം വിശ്വാസികളുടേയും ഭരണാധികാരികളുടേയും അല്ല അവനെ നിർബന്ധിച്ചാലും തന്റെ രീതിയിൽ നിന്നും നല്ലതും സ്വീകാര്യവുമായ ഇഷ്ടത്തിൽനിന്നും വഴുതി മാറാൻ അവനു സാധ്യമല്ലെന്നാണ് ഞങ്ങളുടെ ഖണ്ഡിതമായ അഭിപ്രായം. കാനൻ അവനെ ഒരു കടക്കാരനാക്കുന്നതിനും ഞങ്ങൾ ആഗ്രഹിക്കുന്നില്ല; കാരണം, ഇത് ജീവന്റെ വിശ്വാസത്തിന്റെ ഒരു സംഗതിയല്ല, സത്യം പ്രകാശിതമാകുന്നതിനുള്ള വഴികൾക്കു വിപരീതവുമല്ല; ഇവയ്ക്കു വേണ്ടി നാം സന്തോഷപൂർവം ഏത് ആപത്തും സ്വീകരിക്കുന്നു; ആവശ്യമെങ്കിൽ, സംശയലേശമെന്യേ നമ്മെത്തന്നെ മരണത്തിനും കയ്യാളിക്കുന്നു. അങ്ങനെ സത്യവിരുദ്ധവും വൈദേശികവുമായതൊന്നും നമ്മെ സ്പർശിക്കാതിരിക്കട്ടെ. മറിച്ച്, സ്വച്ഛമായി ദുഷ്ടമനസ്സാക്ഷിയിൽ നിന്ന് ശുദ്ധീകൃതമായി, വിഭ്രംശം കൂടാതെ, നമ്മുടെ പ്രത്യാശയുടെ ഏററു പറച്ചിലിലും ഇളക്കം കൂടാതെ സുവിശേഷ പാതകളിലും കൂടി നാം മുന്നോട്ടു പോകുന്നു. എന്നാൽ അശുദ്ധ സാഹചര്യങ്ങളെ പതിവായി തന്റെ സ്വന്ത ഇഷ്ടത്താൽ സ്നേഹിക്കുന്ന വൈദികൻ, ഇതിലേക്കു വന്നാൽ, അവൻ സ്വയം ഒററിക്കൊടുക്കുന്നവനാണ്. അവൻ പിൻതിരിഞ്ഞ് നീതിയുടെ അനുരഞ്ജകനാകുകയും ഉപരിപ്ലവകാര്യങ്ങൾ തള്ളിക്കളയുന്നവനാകുകയും ചെയ്യുന്നതുവരെ അവൻ ശുശ്രൂഷചെയ്യാൻ പാടില്ല.

## കാനൻ 9

ദൈവവചനം കൂടാതെ വൈദികന്റെ വാക്കാൽ മാത്രം ഉള്ള "ശാപം" സാധുവാണോ, അതോ അസാധുവാണോ എന്നതു സംബന്ധിച്ച്:

വൈദികൻ ഒരു വിശ്വാസിയോട്, "ഇന്നയിന്ന കാര്യം ചെയ്യാനോ ഇന്നയിന്ന കാര്യം പറയാനോ നിനക്കനുവാദമില്ല" എന്ന് പറയുമ്പോൾ മാത്രമല്ല, "ഇന്നയിന്ന കാര്യം നീ ചെയ്യരുത്, ഇന്നയിന്ന കാര്യം നീ പറയരുത്" എന്നു പറയുമ്പോഴും ഒരു നിരോധനത്തിൻ കീഴിലാണ് വൈദികൻ പറയുന്നതെന്ന് അൽമായർ ചിന്തിക്കുന്നത് നിരവധി സ്ഥലങ്ങളിൽ സത്യസന്ധരായ വിശ്വാസികളുടെ ഇടയിൽ



നിലനില്ക്കുന്ന നല്ലൊരു രീതിയാണ്. വൈദികന്റെ ശിഷ്യനെന്ന നിലയിൽ വൈദികൻ അനുവദിക്കുന്നതുവരെ അതു ലംഘിക്കാതെ ശ്രദ്ധാപൂർവം അവൻ പാലിക്കുന്നു. അതിനോടു കൂടി ഒരു ശിക്ഷ ചേർന്നിരിക്കുന്നു എന്നറിയുന്നതിനാൽ "നിനക്കനുവാദമില്ല" എന്നതിനാലാണ് അവൻ നിരോധിക്കുന്നതെങ്കിൽ, പിന്നവിടെ അവ്യക്തതയൊന്നുമില്ല. തർക്കിക്കുകയും വഴക്കുണ്ടാക്കുകയും ചെയ്യുന്നവരുടെ ലജ്ജയ്ക്കും ഭീതിക്കുമായി വൈദികന്റെ നിരോധനം "ദൈവവചനം" ചേർത്ത് പറയുന്നതു വിശ്വാസികൾക്ക് വളരെ സ്പഷ്ടമായി വ്യക്തമാണ്. ഒരു പക്ഷേ അവർ വിധേയരായി ഭയപ്പെട്ടേക്കാം. വിധിയിലും സഹോദരങ്ങൾ തമ്മിലുള്ള കലഹം തീർക്കുന്നതിലും വഞ്ചനയും ചതിയും പ്രയോഗിക്കാതിരിക്കാനും ഇടയുണ്ട്. എന്തുകൊണ്ടെന്നാൽ നമ്മുടെ കർത്താവ് വൈദികർക്ക് ഇപ്രകാരം അധികാരം നൽകി: "നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിൽ അഴിക്കപ്പെട്ടിരിക്കും". എന്നാൽ പാപങ്ങളുടെ മോചനം സംബന്ധിച്ചും ഇപ്രകാരം അധികാരപ്പെടുത്തിയിരിക്കുന്നു: "നിങ്ങൾ ആരുടെയെങ്കിലും പാപങ്ങൾ മോചിച്ചാൽ അവ മോചിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെയെങ്കിലും പാപങ്ങൾ ബന്ധിച്ചാൽ അവ ബന്ധിക്കപ്പെട്ടിരിക്കും". ആവശ്യം കൂടാതെ ഭീതികരമായ നിരോധനം എടുത്തു പ്രയോഗിക്കാതിരിക്കാൻ വൈദികൻ ശ്രദ്ധിക്കണം. എങ്ങനെയായാലും, എന്തായാലും, ഫലത്തെ ഫലരഹിതമാക്കാനും മുകളിലുള്ളവരും താഴെയുള്ളവരും വന്ദിക്കുകയും ബഹുമാനിക്കുകയും സ്വർഗ്ഗത്തിലും ഭൂമിയിലും ഭരണം നടത്തുകയും ചെയ്യുന്ന പൗരോഹിത്യത്തെ ആളുകൾ വെറുപ്പോടെ വീക്ഷിക്കാനും ഇടയാകരുത്.

## കാനൻ 10

വൈദികരും വിശ്വാസികളും സത്യം ചെയ്യാൻ പാടുണ്ടോ ഇല്ലയോ എന്നതു സംബന്ധിച്ച്:

പൗരാണികർ ആണയോടുകൂടി തർക്കങ്ങൾ പരിഹരിച്ചിരുന്നു. അതു കാഴ്ചയിൽനിന്നും മാനുഷികജ്ഞാനത്തിൽ നിന്നും അവർ മറച്ചുവച്ചിരുന്നു. എന്നാൽ നമ്മുടെ ജീവദാതാ

www.malankaralibrary.com



വായ മിശിഹായാകട്ടെ, തന്റെ ശിഷ്യന്മാർ ഒരിക്കലും ആണയിടാൻ പാടില്ലെന്നു് തന്റെ നിയമത്തിലൂടെ കല്പിച്ചു ശിശുസമാനമായ യൂദായിസത്തിന്റെ നൈയാമിക പാതകളേക്കാൾ ക്രിസ്തുമതത്തിന്റെ സുവിശേഷപാതകളെ അവിടുന്നുയർത്തിക്കാട്ടിക്കൊണ്ടും സ്വർഗീയപാതകൾ ചൂണ്ടിക്കാണിച്ചുകൊണ്ടും ഇതു് വെളിപ്പെടുത്തുകയും മിസ്റ്റിക്കലായി നമുക്കു പകർന്നുതരികയും ചെയ്തു. സമ്പാദിക്കുന്നവർക്ക് ഉപയുക്തമല്ലാത്തതും വേദനാജനകമായ പാപത്തിന്റേതായ കാര്യങ്ങൾ പ്രദാനം ചെയ്യുന്നതും ആവശ്യങ്ങൾക്ക് പ്രയോജനകരമല്ലാത്തതുമായ അധികപ്പററുകൾ തള്ളിക്കളയുന്നവർ എന്ന നിലയിലും പരിപൂർണരെന്നനിലയിലും തന്റെ ശിഷ്യർ 'അതേ' കൊണ്ടും 'അല്ല' കൊണ്ടും തങ്ങളുടെ വാക്കുകളെ ഉറപ്പിക്കുകയും തർക്കങ്ങൾ തീർക്കുകയും ചെയ്യണം എന്നും കല്പിച്ചു. അതുപോലെ ''ഞങ്ങൾക്കാവശ്യമുള്ള അപ്പം ഇന്നു ഞങ്ങൾക്കു തരണമെ'' എന്നു് തന്റെ പ്രാർത്ഥനവഴി തന്റെ ശിഷ്യരെ അവിടുന്നു പഠിപ്പിക്കുകയും ചെയ്തു.

ഇപ്രകാരം പാപത്തിലേക്കു നയിക്കുന്നതും പ്രയോജനരഹിതവുമായ അധികപ്പററുകൾ അവിടുന്നു തള്ളിക്കളയുകയും നിശ്ചയമായും പ്രയോജനകരമായവയ്ക്കു് അനുവാദം തരികയും ചെയ്യുന്നു. അവ ഒഴിച്ചുകൂടാൻ പാടില്ലാത്തവയും ദൈവത്തിൽ നിന്നുള്ളവയും പ്രാർത്ഥനാപൂർവ്വം തേടിയാൽ കുററമററവയും നിർദ്ദോഷകരമായവയും ആണ്.

പിൽക്കാലത്തു് അവിവേകികളായ സഭാസന്താനങ്ങൾ സഭാധ്യക്ഷന്മാരുടെ അനുവാദം കൂടാതെ സ്വന്ത ഇഷ്ടത്താൽ സ്വന്തം കീശ വീപ്പിക്കാനായി ആണയിട്ടു, ആണയിടാൻ അവക്കനുവാദം ഇല്ലാതിരിക്കെ, സഭാധ്യക്ഷന്മാർ അനുവാദം കൊടുക്കാതിരിക്കെ ഇപ്പോഴും ആണയിടുന്നു. കർത്തൃനിയമത്തെ നിന്ദിക്കുന്നവരല്ല അവർ! അപ്രകാരം സംഭവിക്കാതിരിക്കട്ടെ; ആരംഭത്തിൽ അവിശ്വാസികളും പുറജാതിക്കാരും അവരെ നിർബന്ധിച്ചുകാണും എന്നതിനു സംശയമില്ല. പരിപൂർണ്ണതയും കർത്തൃനിയമങ്ങൾക്കും അനുസൃതമായി ജീവിക്കാൻ അവർക്കു കഴിയാത്തതിനാൽ, ഇതു് ചതിയിൽ നിന്ന് അവരെ വിലക്കുന്നതായും, സത്യസന്ധതയില്ലായ്മ, പാപം, പ്രകോപനം



എന്നിവയിൽ നിന്ന് അവരെ വിലക്കുന്നതായും ഒരു പക്ഷേ കരുതി അവരുടെയിടയിൽ ശക്തിപ്പെട്ടു. സ്ഥിരതയുള്ളവരും സൂക്ഷ്മതയുള്ളവരും ഒരിക്കലും ആണയിടാറില്ല. പതിവായി ആണയിടുന്ന വിശ്വാസി അതിൽ നിന്നു പിന്മാറണം; അവൻ സത്യമായിട്ടാണ് ആണയിടുന്നതെങ്കിലും സഹവിശ്വാസികളുടെ ഗണത്തിൽ നിന്ന് ഒരു നിശ്ചിത കാലാവധി അവനെ അകററി നിർത്തണം. കാരണം, വിശ്വാസികൾക്ക് ഉചിതമായ സൽപ്പേരിനേക്കാൾ കീശ വീർപ്പിക്കുന്നതാണ് അവൻ കാമ്യമായി കരുതിയതു്. വൈദികർ ഒരിക്കലും ആണയിടരുതു്. പതിവായിട്ടില്ലാതെയും മനസ്സുകൂടാതെയും ചെയ്താലും അവൻ നീതിപൂർവകമായിട്ടാണ് ആണയിട്ടതെങ്കിലും തന്റെ തെററിനു തക്ക പ്രായശ്ചിത്തം ചെയ്യുന്നതുവരെ നിശ്ചിത കാലത്തേക്കു് അയാൾ ശുശ്രൂഷ ചെയ്യാൻ പാടില്ല. പുറജാതിക്കാരുടെ നിർബന്ധം നിമിത്തം, മെത്രാന്റെ അനുവാദത്തോടുകൂടെയാണെങ്കിലും, മേൽപറഞ്ഞതുപോലെ നിശ്ചിത കാലത്തേക്കു് അവൻ ശുശ്രൂഷ ചെയ്യാൻ പാടില്ല. എന്നാൽ അവൻ കള്ളയാണ ഇട്ടു എങ്കിൽ അറിവോടും സമ്മതത്തോടും കൂടെ അവൻ തന്റെ തന്നെ വിധിയാളനും അനേകർക്കു് ഇടർച്ചയ്ക്കു കാരണവുമായിത്തീർന്നതിനാൽ മേലിൽ ശുശ്രൂഷ ചെയ്യാനേ പാടില്ല. എല്ലാക്കാര്യങ്ങളും മെത്രാന്റെ നല്ലതും നീതിപൂർവകവും കുററമററതുമായ ഭരണത്തിന് വിടുന്നു. തന്റെ ചുമതലയേല്പിക്കപ്പെട്ടിരിക്കുന്ന രൂപതമുഴുവനിലുമുള്ള സഭാകാര്യങ്ങളുടെ ഭരണത്തിന്റെ മേൽനോട്ടം അദ്ദേഹത്തിനാണല്ലോ.

## കാനൻ 11

**തന്റെ സഹവൈദികരുടെ തെററുകളെപ്പററി അറിയാവുന്ന വൈദികൻ അതേപ്പററി എന്തുചെയ്യണം എന്നതിനെപ്പററി.**

മനസ്സറിയാതെ യദൃച്ഛയാ, ഒരു വൈദികൻ തെററുചെയ്യുകയും മററാർക്കും അതറിയാൻ പാടില്ലാതിരിക്കുകയും ചെയ്താൽ, അതറിഞ്ഞ വൈദികൻ അതു മെത്രാനെ അറിയിക്കണം. ഇരുവരുടെയും സാന്നിധ്യത്തിൽ വച്ച് മെത്രാൻ

www.malankaralibrary.com



ഒരന്വേഷണം നടത്തണം. താൻ തെററുചെയ്തു എന്ന് അനുതാപിയെപ്പോലെ തെററുകാരൻ ഏററുപറഞ്ഞാൽ, തന്റെ തെററിനനുസൃതം അവന് ഒരു പ്രായശ്ചിത്തകാലാവധി നിശ്ചയിക്കണം. അവൻ സുഖപ്പെടുന്നതുവരെ ശുശ്രൂഷിക്കരുത്.

എന്നാൽ തനിക്കൊരു ഭാര്യയുണ്ടായിരിക്കെ വ്യഭിചാരത്തിലോ വേശ്യാസംഗമത്തിലോ അവൻ ഏർപ്പെട്ടാൽ അവനെ പൗരോഹിത്യ ശുശ്രൂഷയിൽനിന്ന് പൂർണമായി പുറന്തള്ളണം എന്ന് മുൻകാല കാനോനാകളും പിതാക്കന്മാരും കല്പിച്ചിരിക്കുന്നു.

എന്നാൽ സിംഹാസനസ്ഥാപകർക്കു പിറകേ വന്ന പിതാക്കന്മാർ കരുണ നിറഞ്ഞ മനുഷ്യരെന്ന നിലയിൽ, അനുകമ്പാപൂർവം, എന്നാൽ കുത്തഴിഞ്ഞ പ്രബോധകരെപ്പോലെ കരുതലില്ലാതെയല്ല, സിനഡ് തീരുമാനിച്ചതനുസരിച്ച് പ്രായശ്ചിത്തത്തിനായി അവനെ പുറന്തള്ളി. അവന്റെ തെററ് പരസ്യവും കുപ്രസിദ്ധവുമാണെങ്കിൽ, ബാക്കിയുള്ള മനുഷ്യർക്കെല്ലാം ഭയമുണ്ടാകാനായി ''പാപം ചെയ്യുന്നവരെ എല്ലാവരുടെയും മുൻപാകെ കുററപ്പെടുത്തുക'' എന്ന ദൈവിക ശ്ലീഹായുടെ കല്പനാനുസൃതം (1 തിമോ. 5:20) ഒരു സഭാകൗൺസിലിൽ അവനെ ഉപദേശിക്കണം. കർതൃകല്പനയനുസരിച്ച് അത്തരക്കാരെ ദിവ്യരഹസ്യങ്ങളുടെ ശുശ്രൂഷയിൽ നിന്ന് അകററിനിർത്തണം. ''വിശുദ്ധ വസ്തുക്കൾ നായ്ക്കൾക്കു കൊടുക്കരുത്;'' ''മുള്ളുകൾ പന്നികളുടെ മുൻപാകെ എറിയുകയുമരുത്'' (മത്താ. 7:6). അതായത്, തങ്ങളുടെ പ്രവൃത്തികളിൽ നന്ദിയില്ലാത്തവരും ദൈവികകല്പന ലംഘിക്കുന്നവരും പൈതൃക കാനോനകളെ ധിക്കരിക്കുന്നവരുമായ മനുഷ്യരെ അവിടുന്ന് ''പട്ടികളെന്നും പന്നികളെന്നും'' വിളിക്കുന്നു. അവിടുന്ന് ദിവ്യരഹസ്യങ്ങളെ, മനുഷ്യരുടെ ഇടയിൽ അമൂല്യവും മഹനീയവുമായ വസ്തുക്കളെപ്പോലെ വിശുദ്ധവസ്തു എന്നും മുത്തുകൾ എന്നും വിളിക്കുന്നു. രണ്ടുകാര്യങ്ങളിൽ മെത്രാനും വൈദികരും കഠിനാധ്വാനം ചെയ്യണം: അതായത്, ശ്രദ്ധക്കുറവുകൊണ്ടും തിരുത്തൽ കുറവുകൊണ്ടും ശിഷ്യരുടെയിടയിൽ പാപം പടർന്നു കയറാൻ ഇടയാകരുത്; അതേ സമയം അവർ



പാപികളെ നിന്ദിക്കാനും പാടില്ല. കാരണം, പുറന്തള്ളപ്പെട്ട പാപിയെപ്പററി ഇപ്രകാരം പറയപ്പെട്ടിരിക്കുന്നു: ''അവനെ നീ ശത്രുവായി പരിഗണിക്കരുത്; ഒരു സഹോദരനെപ്പോലെ അവനെ ഗുണദോഷിക്കുക (2 തെസ്സ. 3:15). അതുപോലെ കന്യകകളെപ്പററിയുള്ള നമ്മുടെ കർത്താവിന്റെ ഉപമയും എണ്ണ കുറഞ്ഞുപോയ കഠിനഹൃദയരെ കുററപ്പെടുത്തി; സ്നേഹം നിറഞ്ഞ കരുണയുള്ളവരെ അംഗീകരിക്കുകയും സുഖപ്പെടുത്തുന്ന തൈലവുമായി അവരെ താരതമ്യപ്പെടുത്തുകയും ചെയ്യുന്നു. പരക്കുന്ന വ്രണത്തെ തൈലം സുഖപ്പെടുത്തുന്നതുപോലെ പാപത്തെ പാപമോചനം സുഖപ്പെടുത്തുന്നു.

അതുകൊണ്ട്, എഴുതപ്പെട്ടതുപോലെ സഭാധ്യക്ഷന്റെ മുൻപാകെയോ, സഭ മുഴുവന്റെ മുൻപാകെയോ കുററം ചെയ്തവനും കുററം ആരോപിക്കുന്നവനും തമ്മിലുള്ള തർക്കം പരിശോധിക്കുമ്പോൾ തെററു ചെയ്തവനെ ശിക്ഷിക്കാതെ വിടരുത്; നിഷ്കളങ്കനെ നിശ്ശബ്ദനാക്കുകയുമരുത്. എല്ലാ കാര്യങ്ങളും ബുദ്ധിപൂർവം കൈകാര്യം ചെയ്യണം. കരുണയോടു കൂടിയുള്ള തീക്ഷ്ണതയാണു വേണ്ടത്. ദിവ്യവാക്യത്തിൽ രണ്ടിടത്ത് പറഞ്ഞിരിക്കുന്നു: ''നിന്റെ വസ്ത്രത്തിന്റെ കോണിൽ നീതിരഹിതനെ നീ മറച്ചുവയ്ക്കരുത്;'' മററത് ''കരുണ കാണിക്കാത്തവരോട് ന്യായാധിപൻ കരുണാരഹിതനായിരിക്കും''. അതായത്, നല്ലവനും നീതിമാനുമായ ദൈവം, നമ്മുടെ കർത്താവ്, നിഗൂഢകാര്യങ്ങൾ അറിയുന്നു, വെറുക്കത്തക്കവയെ വെറുക്കുകയും ചെയ്യുന്നു; എന്നാൽ അനുതാപിയെ അവിടുന്നു സ്നേഹിക്കുന്നു. മനുഷ്യരെ പ്രതിയുള്ള തന്റെ അനുകമ്പയുടെ സമ്പത്ത് ഒരിക്കലും കുറഞ്ഞുപോകുന്നില്ല. രണ്ടു കാര്യങ്ങളെ കുറിച്ച് അവിടുന്നാണ് വ്യത്യസ്തമായി കല്പിച്ചിരിക്കുന്നത്: അതായത്, പാപം വളർന്നു ശക്തി പ്രാപിച്ച് വ്യാപിക്കരുത്; നീതി ബലഹീനമായി ഇല്ലാതായിപ്പോകരുത്.

## കാനൻ 12

പലിശ ഈടാക്കുന്നത് അനുവദനീയമോ? പലിശ നേരത്തേ തന്നെ വാങ്ങാൻ പാടുണ്ടോ ഇല്ലയോ? അനുവദനീയമെങ്കിൽ എന്തുമാത്രം, ഏതു രീതിയിൽ എന്നു തുടങ്ങിയവയെ കുറിച്ച്.

www.malankaralibrary.com



തങ്ങളുടെ ക്ലേശകരമായ പരിശ്രമങ്ങളോടുകൂടി പലിശയും ഡിസ്കൗണ്ടും ചേർക്കരുതെന്ന് സഭാംഗങ്ങളോട് ദിവ്യലിഖിതങ്ങൾ ശക്തിയായി കല്പിക്കുന്നു. കാരണം, ഈ ബിസിനസാണ് എല്ലാ തിന്മകളുടെയും വേരായി ധനത്തോടുള്ള സ്നേഹം നിലനിർത്തുന്നത്. മിക്കപ്പോഴും അത് കെണിയുമാണ്. നേരത്തെ പലിശപ്പണം അടയ്ക്കുന്നതും പലിശയ്ക്ക് പണം വായ്പ കൊടുക്കുന്നതും വിഗ്രഹാരാധനയായ അത്യാഗ്രഹത്തിലേക്കു നയിക്കുന്നു.

ചില വിശ്വാസികൾ തങ്ങളെത്തന്നെ ബുദ്ധിപൂർവം സംരക്ഷിക്കുന്നു. അവർ ഒരിക്കലും പലിശയോ മുൻകൂറ് പലിശയോ ആവശ്യപ്പെടാറില്ല. കാരണം, അവർ സൽപ്പേരുള്ളവരാണ്. അവർക്ക് പാപകരമായ മാമോനായേക്കാൾ നല്ലൊരു പ്രതിഫലം ലഭിക്കുകയും ചെയ്യും. മാമോനായ്ക്ക് അന്ത്യമില്ലാത്ത ശിക്ഷ ലഭിക്കുകയും ചെയ്യും. സഭാംഗങ്ങളായ മറ്റു ചിലർ സ്വന്തം ഇഷ്ടത്താൽ അനുവാദം ഒന്നും ഇല്ലെങ്കിലും തങ്ങൾ തന്നെ ഉണ്ടാക്കി പ്രചരിപ്പിക്കുന്ന ഒരു നിർവചനം അനുസരിച്ച് പലിശ പിരിക്കുന്നു. അവർ പറയുന്നു: "സഭയ്ക്കുവേണ്ടി മാസത്തിൽ ഒരു ശതമാനം ഞങ്ങൾ ഈടാക്കുന്നു". അത് മുൻകൂർ കൊടുക്കണമെന്ന് അത്യാഗ്രഹത്തോടുകൂടെ സ്ഥാനം സ്വീകരിക്കാത്തവരെപ്പോലെ അവർ ആവശ്യപ്പെടുകയും ചെയ്യുന്നു. നിരപ്പാക്കുന്ന ജീവിത ശൈലിക്കൊട്ടും ചേരാത്തതിനാൽ കുറ്റകരവും മ്ലേച്ഛവുമായ ഇതിന് സ്ഥാനം സ്വീകരിച്ചവരുടെ ഇടയിൽ സ്ഥാനമില്ല.

സഭയ്ക്കു വേണ്ടി മാസത്തിൽ ഒരു ശതമാനം എന്ന പേരിൽ അവർ പിരിക്കുന്നത് ആവശ്യക്കാരെ സഹായിക്കാനായിട്ടെന്നു കരുതി സഭാധ്യക്ഷന്മാർ കണ്ണടച്ചുകളയുന്നു. ആവശ്യക്കാരിൽ അനേകർ അതായത് എല്ലാവരും എന്നല്ല അർത്ഥം. തങ്ങളെ അലട്ടാതെയും പലപ്പോഴും ഭയക്കാതെയുമിരിക്കാൻ തങ്ങൾക്കു പലിശയ്ക്കു പണം തരണമെന്ന് നിരന്തരമായി ചോദിക്കുകയും യാചിക്കുകയും അപേക്ഷിക്കുകയുമാണ്. പരിപൂർണ്ണമായിട്ടുള്ളത് ആവർത്തിക്കുന്നതാണ് വിശ്വാസികൾക്കുചിതം. നാം ചുരുക്കമായി എഴുതിയതാണെങ്കിലും വിശുദ്ധ ലിഖിതങ്ങളുടെ ആന്തരികാർത്ഥമനുസരിച്ച് അതു നാം വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ആരെങ്കിലും മറ്റു കാര്യങ്ങൾ പരി



ഗണിച്ച് പ്രവർത്തിച്ചാൽ, പരിപൂർണമായവയിൽ നിന്നു തന്റെ ധാരണാനയനങ്ങൾ അവൻ തിരിച്ചു കളഞ്ഞാലും സ്വപ്നത്തിലെന്നപോലെ, നിലനില്ക്കാത്ത ഒന്ന് വച്ചുകൊണ്ടിരിക്കാമെന്ന് വലുതായി കരുതേണ്ടതില്ല എന്ന് ഓർത്ത് അവൻ ഭയക്കട്ടെ. എന്നാൽ അസ്വാഭാവികമായി ജനിപ്പിക്കാൻ നിർബന്ധിതമാകുന്ന വന്ധ്യയുടെ സന്താനമായ പലിശ സഭയ്ക്കുവേണ്ടി മാസത്തിൽ ഒരു ശതമാനം എന്ന പേരിൽ അവൻ ഈടാക്കുന്നെങ്കിൽ താല്കാലികവും ലജ്ജാവഹവുമായ പണസഞ്ചിയെപ്പറ്റി പരിഗണിക്കുന്നതിനു പകരം പാവങ്ങളെയും തന്റെ സൽപ്പേരിനെയും പരിഗണിക്കുകയും പലിശയോടുകൂടി കൂട്ടാതിരിക്കുകയും ചെയ്യട്ടെ. എങ്കിലും മുൻകൂട്ടി അടയ്ക്കുന്ന പലിശ അവൻ ഒരിക്കലും സ്പർശിക്കാൻ പാടില്ല; കാരണം അവന്റെ ശിക്ഷാവിധി ഭയങ്കരമായിരിക്കും.

## കാനൻ 13

സ്വതന്ത്രമായോ നിർബന്ധത്താലോ ശാപത്തോടുകൂടെ ആണയിടുകയോ, വെറുതെ ആണയിടുകയോ ചെയ്യുന്നവരെ സംബന്ധിച്ച്: ഇതേപ്പറ്റി പരിശോധിച്ച് അപരാധം കൂടാതെ നീതിപൂർവം കാര്യങ്ങൾ കൈകാര്യം ചെയ്യാനും അവരെ പുനഃപ്രതിഷ്ഠിക്കാനും മെത്രാന് അനുവാദമുണ്ട് എന്നതു സംബന്ധിച്ച്:

ചിന്തയുടെ ഉറവിടം മനസ്സാണ്; നാവാണ് ചിന്തയുടെ കാര്യസ്ഥനും വാഹകനും. രഹസ്യ ചിന്തകളുടെയും പരസ്യ വാക്കുകളുടെയും ഗവർണറായ മനസ് ശരിയായാൽ അതുമായി ബന്ധപ്പെട്ടതൊക്കെ ഉറപ്പായി ഇളക്കംകൂടാതെ നില്ക്കും; അതിന്റെ ചിന്തകൾ ക്രമീകൃതമായിട്ടായിരിക്കും പുറത്തേക്കു വരിക. നാവും ക്രമീകൃതമായിട്ടേ ചലിക്കുകയുള്ളൂ.

അതുകൊണ്ട്, സ്വന്തയിഷ്ടത്താലല്ല മറ്റുള്ളവരുടെ നിർബന്ധത്താൽ ആണയിടുകയും തനിക്കെതിരെ തന്നെയുള്ള ശാപത്തോടുകൂടെ അപ്രകാരം ചെയ്യുകയും അങ്ങനെ സവിശേഷമല്ലാതെ ബന്ധിതനാകുകയും ചെയ്യുന്നയാൾ ആരായിരുന്നാലും, പാപം പോക്കി അധികം വൈകാതെ പുനഃപ്രതിഷ്ഠിക്കാം. എന്നാൽ സവിശേഷമായി, പെട്ടെന്നു ക്ഷുഭി

www.malankaralibrary.com



പിടിക്കുന്നയാൾ, സ്വേച്ഛയാ ധിക്കാരിയെയും നിന്ദകനെയും പോലെ വർത്തിച്ചാൽ, മറ്റൊരു രീതിയിലാണ് ഈ പ്രശ്നം തീർക്കേണ്ടത്: അത്യാവശ്യമെങ്കിൽ, അജ്ഞതയാൽ മേലിൽ ഇപ്രകാരം ലംഘനം നടത്തുകയില്ലെന്ന് അവൻ പ്രതിജ്ഞയും ചെയ്യട്ടെ. പിന്നീട് മെത്രാൻ അയാളെ പാപം പോക്കി പുനഃപ്രതിഷ്ഠിക്കട്ടെ.

## കാനൻ 14

വിശ്വാസികളിൽ ഒരാൾ വിൽപത്രം കൂടാതെ കടന്നുപോയാൽ അയാളുടെ വസ്തുവകകൾ എങ്ങനെ കൈകാര്യം ചെയ്യണം?

നമ്മുടെ കർത്താവിൽ കടന്നുപോയവർ എഴുതിവച്ചിട്ടുള്ള വിൽപ്പത്രങ്ങളിൽ മാറ്റമൊന്നും വരുത്തരുത്. കൊടുത്തു വീട്ടാനുള്ള ഒരു കടം വിൽപ്പത്രക്കാരൻ മറന്ന് അതേപ്പറ്റി നിർദ്ദേശം കൊടുക്കാതിരുന്നിട്ടുണ്ടെങ്കിൽ അഥവാ ഓർത്തപ്പോൾ തെറ്റായിട്ടാണ് നൽകിയിരിക്കുന്നതെങ്കിൽ, അഥവാ മരണസമയം അക്കാര്യം വിട്ടുപോയിട്ടുണ്ടെങ്കിൽ വിൽപ്പത്രത്തിൽ മാറ്റം വരുത്താം. ഈ ഒറ്റക്കാര്യത്തിൽ കടക്കാരന്റെ കടം കരുതലോടുകൂടി വീട്ടേണ്ടതാണ്. അതിൽ അമാന്തം കാട്ടരുത്. അതിൽ ചതി പ്രയോഗിക്കയുമരുത്. ബാക്കിയുള്ളതിനെ സംബന്ധിച്ച്, ഭൂമിയിലെ രാജാക്കന്മാർക്കോ ഭരണാധികാരികൾക്കോ, ദൈവത്തിനോ മാലാഖമാരുടെ നാഥനോ കടന്നു പോയവരുടെ വിൽപ്പത്രം നീക്കിക്കളയാൻ അവകാശമില്ല. കാരണം, ഓരോരുത്തന്റെയും പ്രവൃത്തികളും ഒസ്യത്തുകളും അവരോടുകൂടി കടന്നുപോകുന്നു. അവിടെ, യുഗങ്ങളുടെ ന്യായാധിപന്റെ മുൻപാകെ, അവ പ്രത്യക്ഷപ്പെടും. അവയ്ക്കനുസൃതമായി അവർക്ക് സമ്മാനവും ലഭിക്കും.

എന്നാൽ, ഒരാൾ ഭാര്യയും മക്കളും ഉണ്ടായിരിക്കെ, വിൽപ്പത്രം കൂടാതെ കടന്നുപോയാൽ സ്വത്തവകാശം ഭാര്യയ്ക്കായിരിക്കും. ഭാര്യയില്ല, മക്കളെയുള്ളുവെങ്കിൽ അത് മക്കൾക്കായിരിക്കും. ചില നാടുകളിൽ, ഭാര്യ അവളുടെ ഓഹരിയും പിതൃസ്വത്തും എടുത്ത് സ്ഥലം വിടുന്നെങ്കിലും മററനേകം നാടുകൾ ഇതംഗീകരിക്കുന്നില്ല. ഭാര്യയും മക്കളും വിൽപ്പത്രവും



കൂടാതെ കടന്നുപോയാൽ, സ്വത്ത് മൂന്നായിട്ട് പങ്കിടണം. ഒന്ന്, തന്റെ ഭാര്യയുടെ സഹോദരന്മാർക്കും കുടുംബത്തിനും, രണ്ട്, തന്റെ സഹോദരന്മാർക്കും കുടുംബത്തിനും, മൂന്ന് മെത്രാന്റെ അറിവോടുകൂടിയും പ്രമുഖരും സത്യസന്ധരുമായ വൈദികരുടെയും അൽമായരുടെയും അറിവോടുകൂടിയും ദൈവഭവനത്തിന്.

ഭാര്യയുള്ളയാൾ, ഭാര്യയുടെ പിതൃസ്വത്തുകൊണ്ടും അവരുടെ ഒന്നിച്ചുള്ള അദ്ധ്വാനംകൊണ്ടും ഉള്ള വസ്തുക്കൾ ഭാര്യയ്ക്ക് എഴുതിവയ്ക്കാതെ ഭാര്യയെ ചതിച്ച് വിൽപ്പത്രം എഴുതിവച്ചു കടന്നുപോയാൽ ഈ വിൽപ്പത്രം നിലനില്ക്കുകയില്ല; കാരണം, അയാൾ കടക്കാരനെ ചതിക്കുന്നതുപോലെ ചതിപ്രയോഗിച്ചിരിക്കുന്നു. സഭാധ്യക്ഷന്മാരും അവരുടെ ജഡ്ജിമാരും ഇത്തരം അനീതി വകവച്ചുകൊടുക്കരുത്.

## കാനൻ 15

പൊതു നിയമമനുസരിച്ച്, തങ്ങളുടെ രൂപതകളിലെ പള്ളികളിലും ആശ്രമങ്ങളിലും തങ്ങളുടെ പാപപരിഹാരാർത്ഥം നേർച്ചകാഴ്ചകളും ദാനങ്ങളും കൊടുക്കാതെ പുറത്തുള്ള ആലയങ്ങളിൽ കൊടുക്കുന്നതു സംബന്ധിച്ച്:

ഒന്നാമതായി, വിശ്വാസികൾ, തങ്ങൾ വസിക്കുന്ന നാട്ടിലെ ഗ്രാമങ്ങളിലുള്ള ആശ്രമങ്ങളും, പള്ളികളും വിശുദ്ധ വാസഗേഹങ്ങളും വേണ്ടത്ര ശ്രദ്ധയോടുകൂടി സന്ദർശിക്കുകയും നേർച്ചകാഴ്ചകൾ അവിടെ സമർപ്പിക്കുകയും തങ്ങളുടെ പാപപരിഹാരാർത്ഥം ദാനധർമ്മം നടത്തുകയും ചെയ്യണം. ഒരു സ്ഥലത്തുനിന്ന് മറ്റൊരിടത്തേക്ക് പോകുന്ന പതിവ് നിലനില്ക്കുന്നതിനാൽ പല വാസസ്ഥലങ്ങളും വിജനമാകുകയും, പാപത്തിനു സേവ ചെയ്യപ്പെടുകയും അകത്തുള്ളവർ ഇടറുകയും പുറത്തുള്ളവർ നമ്മെ പഴിക്കുകയും ദൂഷിക്കുകയും അനേകർക്കുള്ള പ്രബോധനം തടസ്സപ്പെടുകയും ചെയ്യുന്നു. ഇപ്രകാരം സംഭവിക്കാൻ പാടില്ല.

അതുകൊണ്ട്, സമൂഹത്തിന് പ്രയോജപ്രദവും പ്രയോജനരഹിതവുമായവ എന്താണെന്ന് വിശുദ്ധ വായനകളിൽ നിന്ന് നന്നായി പഠിച്ച നേതാക്കന്മാരിൽ നിന്ന് വിശ്വസ്തരായ സ്ത്രീ

www.malankaralibrary.com



പുരുഷന്മാർ തങ്ങളെ പണിതുയർത്തുന്നതിനുതകുന്നവ എന്തെന്ന് പഠിക്കണം; കുറ്റകരമായവയിൽ നിന്ന് ഒഴിഞ്ഞിരിക്കുകയും വേണം. ക്രിസ്തുവിന്റെ അജഗണം ഇടയനില്ലാത്ത ആടുകളെപ്പോലെയാകാൻ പാടില്ല. മേച്ചിൽപ്പുറവും തീറ്റിയും ഇല്ലാത്തതും ഹിംസ്രജന്തുക്കളുള്ളതുമായ മലകളിൽ ഇടയനെ കൂടാതെ അലഞ്ഞുതിരിയാൻ ഇടയാകരുത്. വിശ്വാസികൾ പഠിക്കാത്തതിനാൽ അജ്ഞരാണെങ്കിലും അറിവുകൂടാതെ ജീവിക്കാൻ പാടില്ല. തലയില്ലാത്ത ഞണ്ടുപോലെ അവർ തലവനില്ലാത്തവരാകരുത്; വ്യർത്ഥമായി സ്വയം ഭരിക്കുന്നവനെപ്പോലെ സ്വയം ശീർഷകനമാകരുത്. ആത്മഹത്യയ്ക്ക് മുതിരുന്നവനെപ്പോലെ മരുന്ന് നിഷേധിക്കുന്നവനാകരുത്; എന്തുകൊണ്ടെന്നാൽ അവൻ തന്റെമേൽ തന്നെ ലജ്ജയും നിലനില്ക്കുന്ന അവമാനവും വലിച്ചുവയ്ക്കും.

മറിച്ച്, പുറജാതികളുടെ ശ്ലീഹായും ശ്ലീഹന്മാരിൽ അംഗീകൃതനുമായ പൗലോസിന്റെ പ്രബോധനം അവനെ പ്രേരിപ്പിക്കട്ടെ: "നിങ്ങളുടെ നേതാക്കന്മാരെ അനുസരിക്കുവിൻ; അവരെ ശ്രദ്ധിക്കുവിൻ. നിങ്ങളുടെ കണക്കു കൊടുക്കുന്നവരെപോലെ നിങ്ങളുടെ ആത്മാക്കളുടെമേൽ അവർ ശ്രദ്ധാലുക്കളാണ്; അവർ നെടുവീർപ്പോടുകൂടിയല്ല സന്തോഷത്തോടുകൂടെ ഇതുചെയ്യാൻ ഇടയാകട്ടെ" (എബ്രാ. 13: 17). വിലപിച്ചുകൊണ്ടല്ല, പിന്നെയോ...... ഓരോ മണിക്കൂറും നേതാക്കന്മാർ ദൈവമുൻപാകെ നിന്നുകൊണ്ട് സഭാസന്താനങ്ങൾക്കുവേണ്ടി ദൈവത്തോടപേക്ഷിക്കണം. അങ്ങനെ അജഗണത്തിനുവേണ്ടി സ്വജീവൻ സമർപ്പിച്ച നല്ലയിടയന്റെ ഹിതാനുസരണം ഈ കാര്യങ്ങളെല്ലാം അവരുടെ നാശത്തിനല്ല, അവരെ പണിതുയർത്താൻ വേണ്ടിയായിത്തീരണം.

അപ്പോൾ, എന്തിനാണ് അല്ലെങ്കിൽ എന്തുപ്രയോജനത്തിനാണ് വിശ്വാസികൾ തങ്ങളുടേതല്ലാത്ത സ്ഥലങ്ങളിൽ പോകുന്നത്; രസത്തിനാണെങ്കിൽ, അതു കുട്ടിക്കളിയാണ്; ആത്മാക്കളുടെ പ്രയോജനത്തിനല്ല വയറുനിറയ്ക്കാനാണ്. ആത്മാക്കളുടെ പ്രയോജനത്തിനായി തങ്ങളുടെ നാട്ടിലുള്ള വിശുദ്ധ ആലയങ്ങൾ ഉപേക്ഷിച്ചിട്ട് മറ്റ് സ്ഥലങ്ങളിലുള്ള വിശുദ്ധ സ്ഥലങ്ങളിൽപോയി പ്രാർത്ഥിച്ചാൽ അവിടെ



ദൈവം കൂടുതൽ കേൾക്കുമെന്നും കൂടുതലായി അവരോടു പ്രത്യുത്തരിക്കുമെന്നും തങ്ങളുടെ യാചനകൾ സാധിച്ചുകൊടുക്കുമെന്നും തങ്ങളുടെ കാഴ്ചകൾ സ്വീകരിക്കുമെന്നും കരുതുന്നെങ്കിൽ അവർ മിഥ്യാധാരണയിലാണ്. അവർ നമ്മെ ശ്രവിച്ച് ശരിയായ പ്രബോധനത്തിലേയ്ക്ക് വരട്ടെ. ജീവദാതാവായ നമ്മുടെ കർത്താവ് ശമരിയാക്കാരി സ്ത്രീയോടുപറഞ്ഞതും കർത്താവിൽനിന്നും നാം സ്വീകരിച്ചതുമായ അതേ പ്രബോധനമാണിത്; അതുവഴി അവിടുന്നു ശമറായരുടെ തെറ്റായ പ്രബോധനവും യൂദരുടെ പുരാതനമായ ശൈശവപ്രബോധനവും അവസാനിപ്പിച്ചു. തന്റെ പരിപക്വമായ പ്രബോധനം അവതരിപ്പിച്ചു: സമറിയാക്കാരായ നിങ്ങൾക്കു തെറ്റുപറ്റിയതുപോലെ, "ഗരിസീം മലയിലല്ല", യൂദർ, കുട്ടികളെപ്പോലെ കരുതുന്നതുപോലെ "ജറുസലേത്തുമല്ല" എന്ന നാഴിക വരുന്നു; ഇതാ, വന്നുകഴിഞ്ഞു. കാരണം, അവിടെ മാത്രമേ ദൈവം പ്രവർത്തിക്കുന്നുള്ളു എന്നും നയിക്കുന്നുള്ളു എന്നും പ്രത്യുത്തരിക്കുന്നുള്ളു എന്നും പ്രതിഫലം നൽകുന്നുള്ളു എന്നും അവർ ചിന്തിക്കുന്നു. എന്റെ ശിഷ്യരായിത്തീർന്നവർ ഇപ്പോൾ മുതൽ ഈ സ്ഥലങ്ങളിൽ മാത്രമായിരിക്കുകയില്ല ദൈവത്തെയാരാധിക്കുക; കാരണം ഞാൻ അവരെ വികസിതപ്രബോധനമാണു പഠിപ്പിക്കുന്നത്, എന്തുകൊണ്ടെന്നാൽ ദൈവം ആത്മാവാകുന്നു, അവിടുത്തെ ആരാധിക്കുന്നവർ ആത്മാവിലും സത്യത്തിലും അവിടുത്തെ ആരാധിക്കേണ്ടിയിരിക്കുന്നു. ഇപ്രകാരമുള്ള ആരാധകരെയാണ് പിതാവും ഇഷ്ടപ്പെടുന്നത്. അവിടുത്തെ സ്വഭാവത്തിന്റെ അനന്തതയ്ക്കും പൂർണതയ്ക്കും അനുസൃതമായി അവർ എല്ലാറ്റിലും പക്വമായ ആരാധന അവിടുത്തേക്കർപ്പിക്കുന്നു, അതാണ് ഇപ്പോൾ സ്ഥിരതയുള്ളവരും ചൊവ്വുള്ളവരും സത്യസന്ധതയുള്ളവരുമായ ക്രിസ്ത്യാനികൾ ചെയ്യുന്നത്.

നമ്മുടെ കർത്താവിന്റെ വരവിനു മുൻപ് എല്ലായിടത്തും വിഗ്രഹങ്ങളും കൊത്തിയുണ്ടാക്കിയ ബിംബങ്ങളും ഉണ്ടായിരുന്നു. അക്കാലത്ത് മനുഷ്യർ ദേവന്മാരെയും ദേവിമാരെയും ആരാധിച്ചിരുന്നു. ഏറ്റം വലിയ തെറ്റായ വിഗ്രഹാരാധന സൃഷ്ടിയിൽ നിലനിന്നപ്പോൾ ആരാണ് സത്യദൈവം, അവനു ശുശ്രൂഷ ചെയ്യേണ്ടത് ഏതു നാട്ടിൽ? എന്നിങ്ങനെ മനുഷ്യർ

www.malankaralibrary.com



ആരാഞ്ഞു. അവിടേക്ക് ആരാധനയും നേർച്ചകൾ നിറവേററുവാനും യാചനകളർപ്പിക്കാനുമായി അവർ ഓടിക്കൂടി. ഉദാഹരണമായി, പലസ്തീനയിലെ അടിമത്തം നിമിത്തം നാനാഭാഗങ്ങളിലേക്കും ചിതറിപ്പോയ യഹൂദരെപ്പോലെ... ആണ്ടിലൊരിക്കൽ ഒന്നിച്ചു കൂടാൻ അവർ തിടുക്കം കൂട്ടി. ശ്ലേമോൻെറ വിജ്ഞാനം കേൾക്കാനും എല്ലാററിൻെറയും ദൈവത്തെ ആരാധിക്കാനുമായി ഭൂമിയുടെ അതിർത്തികളിൽ നിന്ന് ഷേബാ രാജ്ഞിവന്നു. ആരാമ്യനായ നാമാൻ സ്വർഗീയ വൈദ്യനായ ആത്മാവിൻെറ പ്രവാചകൻെറ കൈകളാൽ സുഖം പ്രാപിച്ച് കുഷ്ഠരോഗത്തിൽ നിന്ന് വിമുക്തനായി. പേഗനിസത്തിൽ നിന്ന് ശുദ്ധീകരിക്കപ്പെട്ടശേഷം, പ്രവാചകൻെറ നാഥന് നന്ദിപറയാനും ആരാധനയർപ്പിക്കാനുമായി ജറുസലേത്തേക്ക് കാലാകാലങ്ങളിൽ വന്നുകൊണ്ടിരുന്നു. കർത്താവ് ദിവ്യ പ്രവാചകൻെറ കരങ്ങളാൽ, അശുദ്ധമായ കുഷ്ഠം എന്ന മർത്യതയിൽ നിന്നു് അവൻെറ ശരീരത്തെ ഉയർത്തി. പുരാതന പാരമ്പര്യമനുസരിച്ച് യഹൂദരുടെ ദൈവത്തിന്, അതായത്, എല്ലാവരുടെയും നിർമാതാവും എല്ലാററിനെയും ക്രമീകരിക്കുന്നവനുമായ സത്യദൈവത്തിന് ആരാധനയർപ്പിക്കാൻ കൂശായരുടെ ഭരണാധികാരിയായ കാൻഡെസ് ജറുസലേമിലേക്കു വന്നു. തൻെറ നാട്ടിൽ നിന്ന് ജറുസലേത്തേക്കു വന്നവൻ തെററുകൾ നിറഞ്ഞ പുറജാതിക്കാരനായിരുന്നില്ല; പിന്നെയോ ശിശുസമാനം പാൽ നുകരുന്ന ഒരു യഹൂദനായിരുന്നു. അവൻ തിരികെ തൻെറ നാട്ടിലേക്കു പോയതു് ചെറുപൈതങ്ങളുടെ ഗുരുവും പ്രബോധകനുമായ നിയമത്തിൻെറ നിഴലുകൾ പേറുന്ന യഹൂദനായിട്ടല്ല, പിന്നെയോ, പക്വമായ രീതികളുള്ള ഒരു ക്രിസ്ത്യാനിയായിട്ടാണ്. എന്തുകൊണ്ടെന്നാൽ, പരിപൂർണ സംഗതികളുടെ പ്രഘോഷകനും അയയ്ക്കപ്പെട്ടവനുമായ ഫിലിപ്പിലൂടെ നിയമത്തിൻെറ അന്ത്യവും ജനതകളുടെ പ്രതീക്ഷയുമായ പരിപൂർണതയുടെ കർത്താവിനെ അവൻ കണ്ടെത്തി.

ഭവനാംഗങ്ങളുടെ പാതയിലൂടെ ഭവനാംഗങ്ങളുടെ ആലയിലേക്ക് ഇതുപോലെ യാത്ര ചെയ്ത അനേകരുണ്ടായിരുന്നു. ബലഹീന വിശ്വാസമുള്ള മനസ്സുമായി അവർ അന്വേഷണം നടത്തി. തെററിൻെറ മക്കളുടെ വ്യർത്ഥമായ ഭക്തിയെ അവർ നിരസിച്ചു. എന്നാൽ അവർ ബലഹീനരായിരുന്നു, കാരണം ,



ദൈവം 'ഇവിടെ' സന്ദർശിക്കുന്നു, 'അവിടെ' പ്രത്യുത്തരം നൽകുന്നു എന്നൊക്കെ അവർ ചിന്തിച്ചിരുന്നു. എന്നാലിപ്പോൾ, ശരിയായി ഏററു പറയുന്നവരുടെ ഹൃദയങ്ങളിൽ നമ്മുടെ കർത്താവിൻെറ പ്രകാശം പ്രകാശിക്കുകയും, കുരിശിൻെറ കർതൃവിശ്വാസനുകത്തിൻ കീഴിൽ ലോകത്തിൻെറ വിവിധ ഭാഗങ്ങൾ ബന്ധിതമാകുകയും, കാത്തിരുന്ന പരിപൂർണതയുടെ ഉജ്ജ്വലപ്രകാശത്താൽ എണ്ണമില്ലാത്ത കൂട്ടങ്ങൾ ശോഭിക്കുകയും ചെയ്യുമ്പോൾ, പരിപൂർണ്ണതയുടെ ദിവ്യരഹസ്യത്തിൻെറ മക്കൾ എന്തിനാണ് അസ്ഥിരതയുടെ ഇരുട്ടിൽ തപ്പിത്തടയുകയും കാഴ്ചയില്ലാത്ത അന്ധരെപ്പോലെയോ കേൾവിയില്ലാത്ത ചെകിടരെപ്പോലെയോ നട്ടുച്ചക്ക് ഭിത്തിയിൽ തപ്പിത്തപ്പി നടക്കുന്നതു്. ക്രിസ്ത്യാനികൾ, നന്ദികെട്ടവരും വഴക്കാളികളുമായ യഹൂദരെപ്പോലെയാകരുതു്. ദിവ്യ പ്രവാചകരിലൂടെയും, നീതിയുള്ള പുരോഹിതരിലൂടെയും സംസാരിക്കപ്പെട്ട ദിവ്യപ്രബോധനത്തെ അവർ എതിർക്കുന്നു. അവർ പലസ്തീനയിൽ നിന്ന് പിഴുതെറിയപ്പെട്ടു; എല്ലാ നാടുകളിലും ചിതറിക്കപ്പെട്ടു; അവരുടെ നേട്ടങ്ങൾ അവരിൽ നിന്ന് എടുക്കപ്പെട്ടു; ദീർഘകാലം അവരെ സന്ദർശിക്കുകയും നയിക്കുകയും വിശുദ്ധഗ്രന്ഥങ്ങൾ പഠിച്ചിട്ടുള്ള വിജ്ഞാനികൾക്ക് സുവ്യക്തമായ നിരവധി കാരണങ്ങളാൽ, പ്രത്യേകിച്ച് അബ്രഹാമിൻെറ പിൻതുടർച്ചയാൽ അവർക്കു ലഭിച്ചുകൊണ്ടിരുന്ന താരതമ്യാതീതമായ നന്മകൾ നിമിത്തം അവരോട് ക്ഷമിക്കുകയും ചെയ്ത പ്രത്യേക പരിപാലന അവരിൽ നിന്നു നീക്കപ്പെട്ടു.

തങ്ങളുടെ രൂപതയിലുള്ള പള്ളികളും ആശ്രമങ്ങളും സന്ദർശിച്ചശേഷം, രൂപതയ്ക്കു പുറത്തുള്ള ഭവനങ്ങൾ സന്ദർശിക്കാൻ ആഗ്രഹിക്കുന്ന വിശ്വാസികൾ ഉണ്ടെങ്കിൽ, അവിടെ കൂടുതലായി ദൈവത്തെ കാണുമെന്ന ചിന്തയാലല്ല, പിന്നെയോ തങ്ങളുടെ സമ്പത്തിൻെറ ഒരംശം അവിടെ താമസിക്കുന്നവർക്കും സ്ഥലത്തിൻെറ ഉടമസ്ഥനും നല്കാനുള്ള ആഗ്രഹത്താൽ, പോകുന്നവരെ നാം തടയുന്നില്ല, കാരണം, അവർ കുററമുള്ളവരല്ല, എന്നാൽ, മേല്പറഞ്ഞ ഉദ്ദേശത്തിനു വിരുദ്ധമായി, തങ്ങളുടെ ദൈവം നഷ്ടപ്പെട്ടവരെപ്പോലെയും, അവനെ എവിടെ

www.malankaralibrary.com



കണ്ടെത്തണം, എവിടെ അവൻ പ്രത്യുത്തരിക്കും എന്ന് അറിയാത്തവരെപ്പോലെയും, ചുററിക്കറങ്ങി നടക്കുന്നവർ വ്യാമോഹിതരാണ്; സത്യത്തിന്റെ പരിപൂർണ്ണ പ്രബോധനത്തിൽ നിന്ന് അവർ അകന്നവരാണ്. രോഗികൾക്ക് ആരോഗ്യം വേണമെങ്കിൽ അവരുടെ ചുമതലയ്ക്കായി നിയമിതരായിരിക്കുന്ന പ്രബോധകരും നേതാക്കന്മാരും അവരെ തിരുത്താതിരിക്കരുത്; പരിപക്വമായ തത്ത്വങ്ങളുടെ പ്രബോധനത്തിലേക്ക് അവരെ തിരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

തങ്ങൾ സ്നാനം സ്വീകരിക്കയും, പ്രാർത്ഥിക്കുകയും ദിവ്യരഹസ്യങ്ങളുടെ പാപവിമോചകദാനം സ്വീകരിക്കുകയും ചെയ്യുന്ന സ്ഥലത്ത് നേർച്ചകാഴ്ചകൾ അർപ്പിക്കാൻ ഇഷ്ടമില്ലാത്ത അനേകം വിശ്വാസികൾ പല സ്ഥലങ്ങളിലുമുണ്ട്. ചെറിയ കാര്യങ്ങളെ സംബന്ധിച്ച് അവർ പിശുക്കരാകയാൽ സൂക്ഷ്മദർശികളിൽ നിന്ന് അവർ വെറുപ്പു സമ്പാദിക്കുന്നു. സഭയുടെ നല്ല ആചാരങ്ങൾക്ക് അപരിചിതമായ ശപിക്കപ്പെട്ട ആചാരങ്ങൾ അവർ പഠിപ്പിക്കുന്നു. സഭാചാരങ്ങൾ മാററം കൂടാതെ ശ്ലീഹന്മാരിൽ നിന്നും പിതാക്കന്മാരിൽ നിന്നും കൈമാറി കിട്ടിയിട്ടുള്ളതാണ്. പാപപരിഹാരപ്രദമായ നിയമങ്ങളും പ്രയോജനപ്രദമായ ആചാരങ്ങളും കൊണ്ട് അവർ സഭയെ അലങ്കരിച്ചവരാണ്. തങ്ങൾക്കുള്ളതിൽ നിന്ന് ദൈവിക ഭവനങ്ങളെയും, സമൂഹം മുഴുവനും വേണ്ടി അവയിൽ ദൈവശുശ്രൂഷ നടത്തുന്നവരെയും സംരക്ഷിക്കണമെന്ന് സ്നാനം സ്വീകരിച്ചവരെ അവർ പ്രബോധിപ്പിച്ചിരുന്നു.

തങ്ങളുടെ തന്നെ നന്മയ്ക്കുവേണ്ടിയും, അതായത്, തങ്ങളുടെ പാപവിമോചനത്തിനും തങ്ങളുടെ സമ്പത്തിന്റെ വർദ്ധനവിനും അനുഗ്രഹത്തിനുമാണ് പള്ളിക്ക് എന്തെങ്കിലും കൊടുക്കണം എന്നു പറയുന്നത് എന്നകാര്യം ഒരുപക്ഷേ സാധാരണക്കാർ മനസ്സിലാക്കുന്നില്ല. ദിവ്യനായ പൗലോസ് പഴയനിയമത്തിൽ നിന്നും പുതിയനിയമത്തിൽ നിന്നും അവശ്യാവശ്യം ഇക്കാര്യം അനുസ്മരിപ്പിക്കുന്നു: ''വിശുദ്ധസ്ഥലത്തു ജോലി ചെയ്യുന്നവർ വിശുദ്ധസ്ഥലംകൊണ്ടുപജീവനം കഴിക്കണമെന്നും ബലിപീഠംകൊണ്ട് ജീവിക്കണം എന്നും നിങ്ങൾക്കറിഞ്ഞുകൂടേ? അതുപോലെ സുവിശേഷ പ്രഘോഷണം



നടത്തുന്നവർ സുവിശേഷം കൊണ്ട് ജീവിക്കണമെന്ന് നമ്മുടെ കർത്താവും കല്പിച്ചു'' (1 കൊരി. 9:13-14). ഒരു സൽപ്പാരമ്പര്യമനുസരിച്ച്, നല്ല മനസ്സോടെ നൽകുന്നതിനുള്ള പ്രതിഫലം നിശ്ചയിക്കപ്പെട്ടു കാത്തുസൂക്ഷിക്കപ്പെടുന്നു. എന്നാൽ നല്ല മനസ്സോടെ നീതി പ്രവർത്തിച്ചില്ലെങ്കിൽ, അതു ചെയ്യുന്ന ആളിനൊരു പ്രയോജനവുമില്ല, അതുകൊണ്ട്, സഭാസമൂഹങ്ങളിൽ വൈദേശികാചാരങ്ങൾ പ്രചരിക്കാതിരിക്കാൻ പ്രബോധകരും ശിഷ്യരും ശ്രദ്ധിക്കണം.

## കാനൻ 16

ആരാധനാവസരം സഭയിൽ തന്റെ സഹപ്രവർത്തകനെ തന്നെക്കാളുപരി ബഹുമാനിക്കാൻ വൈദികന് അനുവാദമുണ്ടോ എന്നതു സംബന്ധിച്ച്:

തന്റെ സഹപ്രവർത്തകനെ തന്നേക്കാൾ താണവനാണെങ്കിലും, തന്നെക്കാൾ താണ പട്ടമുള്ളവനാണെങ്കിലും തന്നേക്കാൾ ഉയർത്തി നിർത്തുന്നു എങ്കിൽ, അവന്റെ ആഗ്രഹത്തിൽ നിന്ന് അവനെ തടയേണ്ട; കാരണം, അവൻ നല്ല നിയോഗത്തിലാണ് ഇതു ചെയ്യുന്നതെങ്കിൽ ഇത് നല്ലകാര്യമാണ്. എന്നാലിത് വൈദികരിൽ ചിലരുടെ സാന്നിധ്യത്തിൽ പ്രധാന ഭരണാധികാരിയുടെ അറിവാലും അനുവാദത്താലും ആയിരിക്കണം; അയോഗ്യരായവർ ബഹുമാനം തേടാൻ അനേകരെ പ്രേരിപ്പിക്കാതിരിക്കാനാണിത്. അതുപോലെ തങ്ങൾ സ്വന്തമനസ്സാലെയും പരപ്രേരണകൂടാതെയും ഒരിക്കൽ പ്രവർത്തിച്ചത് മാററുക എളുപ്പമല്ല എന്ന് ബഹുമാനം കൊടുക്കുന്നവനും സ്വീകരിക്കുന്നവനും മനസ്സിലാക്കുകയാണെങ്കിൽ, അത് പിന്നീട് കലഹത്തിൽ കലാശിക്കും; അത് അണയ്ക്കുക ശ്രമകരമാണ്. അങ്ങനെ വരാതിരിക്കാൻകൂടിയാണിത്. അനേകർ, തങ്ങൾക്കുള്ള ബഹുമാനത്തിന്റെ പേരിൽ സുകൃതത്തിലും ശിക്ഷണത്തിലും സ്വയം പരിശീലനം നടത്തുന്നു. അവർ അർഹരാണെന്ന് സഭാധികാരികൾ കണക്കാക്കുകയും ചെയ്യുന്നു. ഈ കാര്യങ്ങളാൽ ശ്രേഷ്ഠമായവ പരിശീലിക്കുന്നതിനും പ്രബോധനം പഠിക്കുന്നതിനും അനേകർക്ക് അവർ വാതിൽ തുറന്നിടുന്നു. ഇതുവഴി സഭാകൗൺസിലുകൾക്ക് വളരെ

www.malankaralibrary.com



അധികം വെളിച്ചം കിട്ടുന്നു; അതു് അനേകർക്കു് ദൈവത്തെ കണ്ടെത്താനും പുറത്തുള്ളവർക്കു് വേണ്ടത്ര ഉപദേശം ലഭിക്കാനും ഭവനാംഗങ്ങൾക്കു് കൂടുതൽ ഉറപ്പു് ലഭിക്കാനും ഇടയാക്കുന്നു. എന്നാൽ രണ്ടുകാര്യങ്ങൾ തടസ്സം നില്ക്കുന്നതിനാൽ ശിഷ്യത്വം ഉണ്ടാകുന്നില്ലെന്നു മാത്രം: ഒന്നു്, സുകൃതവും പരിശീലനവും ഉള്ള ശുശ്രൂഷകരുടെ അഭാവം; രണ്ടു്, വാക്കിലും വേഷത്തിലും പ്രൗഢി കാട്ടുന്നവരുടെ ആധിക്യം. ശരിയായ നിയോഗത്തോടുകൂടിയും ഉപരിപ്ലവവും അക്ഷോഭ്യവുമായ മനസ്സോടുകൂടിയും ഫലസമൃദ്ധവും സത്യസന്ധവുമായ പ്രവർത്തനത്തോടുകൂടിയും വാഗ്ദാനം പാലിക്കുന്നവർ വളരെ കുറവാണു്. എങ്കിലും ആവശ്യമുള്ളവയെപ്രതി പണിതുയർത്താൻ വേണ്ടി ശുദ്ധനിയോഗത്തോടുകൂടി മെത്രാൻ പ്രവർത്തിക്കണം. ഒരുവൻ അയോഗ്യനെങ്കിലും, അയാളോടുള്ള സ്നേഹത്തെപ്രതി മുൻവിധിയോടെയല്ല, വെറുപ്പോടെ പരുഷമായിട്ടല്ല,......... പിന്നെയോ, "കർത്താവിനെ ഭയപ്പെടുന്നവരെ അവൻ ബഹുമാനിക്കുന്നു" എന്നു് ആത്മീയ സങ്കീർത്തകന്റെ മനസ്സോടുകൂടി താല്പര്യപൂർവം അവൻ പഠിപ്പിക്കുന്നു.

## കാനൻ 17

പാപമോചനത്തിനുള്ള സ്നാനത്തിനു് പൂശാനുള്ള തൈലം സ്നാനത്തിനല്ലാതെ മററുപയോഗത്തിനു കൊടുക്കാൻ പാടില്ല എന്നതിനെക്കുറിച്ചു്:

പാരമ്പര്യമനുസരിച്ചു് എല്ലാ ഭാഗങ്ങളിലുമുള്ള പള്ളികളിൽ സൂക്ഷിച്ചിരിക്കുന്ന, പൂശാനുള്ള വിശുദ്ധ തൈലം "ദത്തുപുത്രത്വത്തിന്റെ" ധാരികലിന്റെയും, അഴിവില്ലായ്മയുടെയും പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിന്റെ വാഗ്ദാനത്തിന്റെയും ശക്തിമത്തും സൂചനാപരവുമായ രഹസ്യമാണു്. വിശുദ്ധ സ്നാനത്തിനു് യോഗ്യരായവർ രഹസ്യമായി ഇതു് സ്വീകരിക്കുന്നു. അതിനാൽ ദൈവികമായി അമർത്യതയിലേക്കു് അവർ ജനിക്കുന്നു. ഇക്കാരണത്താൽ ദിവ്യസ്നാനത്തിനല്ലാതെ മറെറാന്നിനും ഒരിക്കലും ഇതു് കൊടുത്തുകൂടാ എന്നു് കല്പിക്കയും നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു. അതിനാണു് അതു് സൂക്ഷിച്ചു വച്ചിരിക്കുന്നതു്. അതുകൊണ്ടു് സ്നാനത്തിനല്ലാതെ ഇതു കൊടുക്കുകയും വാങ്ങുകയും ചെയ്യുന്നവർ അനു



താപം വഴി സുഖം പ്രാപിക്കുകയും തീരുമാനമുണ്ടായി അവരുടെ പാപം മോചിക്കപ്പെടുകയും ചെയ്യുന്നതുവരെ മുടക്കപ്പെട്ടവരായിരിക്കും. കാസായും പീലാസയും വിശുദ്ധ ശുശ്രൂഷക്കുള്ള മററു് തിരുപ്പാത്രങ്ങളും മററുപയോഗങ്ങൾക്കു് എടുക്കാൻ അനുവാദമില്ലാത്തതുപോലെ പൂശാനുള്ള തൈലവും എടുക്കരുതെന്നുള്ളതു് പുരാതന ഡിക്രിയാണു്; അതു് എന്നും അപ്രകാരം തന്നെ പാലിക്കപ്പെടണം.

## കാനൻ 18

സഭാനിരകളിലേക്കുള്ള പട്ടം വഴി ബലിപീഠത്തിലെ ശുശ്രൂഷകർക്കു് വിതരണം ചെയ്യപ്പെടുന്ന താലന്തുകളെപ്പററി:

നമ്മുടെ കർത്താവിന്റെ ദാനത്തിന്റെ പങ്കിടലാൽ എന്ന വണ്ണം എത്രയെണ്ണമുണ്ടു്, ഏതു രീതിയിലാണവ.

പട്ടംവഴി സഭയിൽ, താലന്തുകളുടെ വിഭജനം സംബന്ധിച്ചു് സഭാഭരണത്തിനും ദിവ്യരഹസ്യങ്ങളുടെ അനുഷ്ഠാനത്തിനും മെത്രാന്മാർക്കും വൈദികർക്കും ഡീക്കന്മാർക്കും വ്യത്യസ്ത കാര്യങ്ങളാണു് നൽകപ്പെടുന്നതു്. അംഗീകൃതരും സ്വീകാര്യരുമായ പിതാക്കന്മാരിൽ നിന്നുള്ള പിൻതുടർച്ച, ശരിയായ പരിശോധനക്കു ശേഷം സത്യപ്രബോധകർ എന്ന നിലയിൽ ശിഷ്യർക്കു കൈമാറുന്നു. താലന്തുകളുടെ എണ്ണവും ക്രമവുമനുസരിച്ചും ഇതു് വ്യക്തമാണു്. അതുകൊണ്ടു് ഡീക്കനു് തന്റെ ശുശ്രൂഷയിൽ ഒരു താലന്തേയുള്ളു. വൈദികനു് രണ്ടു കൂടി ചേർക്കുന്നു; തന്റെ പൗരോഹിത്യ ശുശ്രൂഷയിൽ അവനു് ശെമ്മാശ്ശന്റെ ഒന്നും പൗരോഹിത്യത്തിന്റെ രണ്ടും എന്നിങ്ങനെ മൂന്നു താലന്തുകൾ ഉണ്ടായിരിക്കാൻ ആണിതു്; ഡീക്കനെ ആദ്യം ആശീർവദിക്കുന്നു; അതിനുശേഷം പൗരോഹിത്യത്തിന്റെ രണ്ടു താലന്തുകൾ സ്വീകരിക്കാൻ അവനെ അനുവദിക്കുന്നു. അതുവഴി ദിവ്യവും മഹനീയവുമായ ശുശ്രൂഷ അവൻ നിർവഹിക്കുന്നു. പിന്നീടു്, തന്നിലൂടെ ശിഷ്യത്വത്തിലേക്കു വരുന്നവർക്കു് മാമോദീസാ കൊടുക്കാൻ അവൻ അണയുമ്പോൾ പരിശുദ്ധാത്മാവിലുള്ള സ്നാനത്താൽ അവർ ദൈവമക്കളായി ജനിക്കുന്നു; ഒരു രഹസ്യത്തിലൂടെ എന്നവണ്ണം അമർത്യതയുടെയും ഭാവിസൗഭാഗ്യത്തിന്റെയും വഴികളായി അവർ വേർതിരിക്കപ്പെടുന്നു. അർപ്പണം നടത്തി ലോകപാപം നീക്കിക്കളയുന്ന ജീവനുള്ള ദൈവകുഞ്ഞാടിന്റെ

www.malankaralibrary.com



ബലി മിസ്റ്റിക്കലായി അർപ്പിക്കുന്ന അവസരം അവർ വിശുദ്ധ ബലിപീഠത്തെ സമീപിക്കുമ്പോൾ, ഒരു വിദഗ്ധ ശില്പിയേപ്പോലെ, നമ്മുടെ ജീവദാതാവായ യേശുവിന്റെ മരണത്തിന്റെയും കബറടക്കത്തിന്റെയും ഉത്ഥാനത്തിന്റെയും സ്വർഗ്ഗാരോഹണത്തിന്റെയും രഹസ്യം മിസ്റ്റിക്കലായി അവർ വരച്ചുകാട്ടുന്നു.

എന്നാൽ മെത്രാന് ഡീക്കന്റെ ഒന്നിനോടും വൈദികന്റെ രണ്ടിനോടുംചേർത്ത് രണ്ടുകൂടെ നൽകപ്പെടുന്നു. തന്റെ കീഴിലുള്ള സഭാക്രമങ്ങളുടെ പട്ടംവഴി തന്റെ മാധ്യസ്ഥ്യവും അഗ്നിസമമായ തന്റെ ശുശ്രൂഷയുംവഴി അവർക്കു ദാനം നൽകപ്പെടുമ്പോൾ അവർ ജ്വലിച്ചുവരുന്നു. അങ്ങനെ ഒരു ജ്വാലയിൽ നിന്ന് ആദ്യത്തെ ജ്വാല കുറഞ്ഞുപോകാതെ അനേകം ജ്വാലകൾ ഉണ്ടാകുന്നു. എങ്കിലും ഡീക്കൻസ്ഥാനവും വൈദികസ്ഥാനവും ഇല്ലാതെ ആരും മെത്രാൻപട്ടം സ്വീകരിച്ചുകൂടാ. ഇക്കാരണത്താൽ മെത്രാന് സംശയമെന്യേ അഞ്ചുതാലന്തുണ്ട്. ഒന്നിൽ, ബലിപീഠത്തിനുചുററും മാലാഖ എന്നപോലെ അവൻ ശുശ്രൂഷിക്കുന്നു. രണ്ടിൽ, കർത്തൃകല്പനാനുസൃതം, വൈദികരീതിയിൽ ബലിപീഠത്തിനു മുൻപിൽ അനേകരുടെ പാപമോചനം പൂർത്തിയാക്കുന്നു. പിന്നെയുള്ള രണ്ടുവഴി തന്റെ വലത്തുകൈ വിവിധതരത്തിലുള്ള പട്ടങ്ങൾ നല്കുന്നു. അതുകൊണ്ട് തോറാക്ക് അഞ്ച് വാല്യങ്ങൾ പോലെ, മനുഷ്യന് അഞ്ച് ഇന്ദ്രിയങ്ങൾ പോലെ, കൈക്ക് അഞ്ച് വിരലുകൾ പോലെ, ശരീരത്തിന് അഞ്ച് ഭാഗങ്ങൾ പോലെ, ദിവ്യവ്യാപാരത്തിന് അഞ്ച് ഘട്ടങ്ങൾ പോലെ, അഞ്ച് താലന്തുകൾ വഴി സമാനേതൃത്വദാനം പൂർത്തീകരിക്കപ്പെടുന്നു. ആരംഭത്തിലുള്ള ദൈവിക ഡിക്രി അനുസരിച്ച് ലോകാരംഭം മുതൽ ലോകാന്ത്യംവരെ ദിവ്യവ്യാപാരം മാററം കൂടാതെയുള്ള അതിന്റെ അത്ഭുതാവഹമായ ഗമനത്തിൽ മുന്നോട്ടു പോകുന്നു. അവിടുന്ന് തന്റെ നിത്യമായ മുൻജ്ഞാനത്താൽ മുൻകൂട്ടി ലോകത്തിന്റെ യുഗങ്ങളെ അഴിവില്ലാതെ നിർണയിക്കുകയും വേർതിരിക്കുകയും ചെയ്തു. ലോകം ഉണ്ടാകട്ടെ എന്ന് അവിടുന്നു പറഞ്ഞപ്പോൾ ആരംഭവും അന്ത്യവും ഉള്ള ലോകം ഉണ്ടായി. അവിടുന്ന് പിന്നീട് അതിനോടു കല്പിച്ചു; നിറഞ്ഞ വ്യതിയാനങ്ങളോടുകൂടി അതിന്റെ ഗമനം നിലച്ചു. അവിടുന്ന് അതിന് മറെറാരാരംഭം കുറിച്ചു; മാററങ്ങൾക്കുപരിസ്ഥവും



അവസാനമില്ലാത്തതുമായിരുന്നത്. ഉണ്ടാക്കപ്പെട്ട എല്ലാററിന്റെയും ഗ്രഹണശക്തിക്കതീതമായി അവസാനമില്ലാതെ അതു നിലനില്ക്കുന്നു.

അതുകൊണ്ട് ഈ ലോകത്തിൽ ദൈവികവ്യാപാരത്തിന് അഞ്ചു ഭാഗങ്ങളാണുള്ളത്: ഒന്നാമത്തേത്, ഒന്നാമത്തേ മനുഷ്യൻ മുതൽ ജലപ്രളയം വരെ; രണ്ട്, നമ്മുടെ വർഗത്തിന്റെ പുളിമാവും പ്രതിനിധിയുമായിത്തീർന്ന നോഹ മുതൽ പിതാവായ അബ്രഹാം വരെ; മൂന്ന്, അരാമ്യനും കർത്തൃസ്ലീബായുടെ രഹസ്യങ്ങൾ സൂചിപ്പിച്ചവനും ക്രിസ്തുവിന്റെ ദിവസം കാണുവാൻ കാത്തിരുന്നവനുമായ അബ്രാം മുതൽ നിയമദാതാവും പ്രവാചകരിൽ പ്രഥമനുമായ മോശ വരെ; നാല്, പഴയനിയമത്തിന്റെ മധ്യസ്ഥനായ മോശ മുതൽ അന്വേഷണങ്ങളുടെ അന്ത്യവും വാഗ്ദാനങ്ങളുടെ പൂർത്തീകരണവും പുതിയ നിയമദാതാവും ഭാവിസൗഭാഗ്യങ്ങളും പൂർണതയും വെളിപ്പെടുത്തുന്നവനുമായ മിശിഹാവരെ. അവസാനത്തേ ഭാഗം, വിശുദ്ധ കന്യകയിൽ നിന്നുള്ള നമ്മുടെ കർത്താവിന്റെ വെളിപ്പെടലും വെളിപാടും മുതൽ സ്വർഗ്ഗത്തിൽ നിന്നുള്ള തന്റെ വെളിപ്പെടലും വെളിപാടും വരെ. അപ്പോഴാണ് മരിച്ചവരിൽ നിന്നുള്ള ഉത്ഥാനവും രക്ഷയും എല്ലാററിലും എല്ലാററിന്റെയും നവീകരണവും. വളരെ ക്രമീകൃതമായും കൂട്ടിക്കുഴച്ചിൽ കൂടാതെയും തിരുലിഖിതത്തിൽ നിന്നും ലോകത്തിൽ നിന്നും ഉള്ള തെളിവുകളോടുകൂടി അഞ്ചുതരം താലന്തുകളെപ്പററിയുള്ള ഈ കാര്യങ്ങൾ മതിയാകും.

## കാനൻ 19

കർത്താവിന്റെ വിശുദ്ധ ദിവസമായ ഞായറാഴ്ചയാചരണം സംബന്ധിച്ച്:

യഹൂദന്മാർ ഭവനാംഗങ്ങളായിരുന്നപ്പോൾ സാബതാചരിച്ചു. എന്നാൽ ഇപ്പോഴിതാ അവർ ഭവനത്തിൽ നിന്ന് പുറന്തള്ളപ്പെട്ടിരിക്കുന്നു; അപരിചിതരെപ്പോലെ അവർ നിരസിക്കപ്പെട്ടു. കാരണം, വിജയിച്ചില്ലെങ്കിലും തങ്ങളുടെ ദുഷ്ടകൈകൾ ദൈവപുത്രന്റെ ശരീരമാകുന്ന രാജകീയ അങ്കിക്കെതിരെ അവർ നീട്ടി. എന്നാൽ പരിശുദ്ധമാക്കപ്പെട്ട ദിവസം തന്നെ അതായത്, ക്ഷീണിക്കുകയോ അവശരാകുകയോ ചെയ്യാത്തവൻ വിശ്രമിക്കുന്ന ദിവസം, എഴുതപ്പെട്ടിരിക്കുന്നതുപോലെ

www.malankaralibrary.com



അവരും ദൈവികകാര്യങ്ങളിൽ വ്യാപൃതരായിരുന്നു. എങ്കിലും നിയമവും പ്രവാചകന്മാരും യോഹന്നാൻവരെയായിരുന്നതിനാലും അപ്പോൾ മുതൽ ദൈവരാജ്യപ്രഘോഷണമായതിനാലും, ദൈവത്തിന്റെ വിശ്രമദിവസത്തിനു പകരം, ഭവനാംഗങ്ങൾക്ക് ദൈവത്തിന്റെ ശരീരത്തിലുള്ള ഉത്ഥാനത്തിന്റെ ദിവസം നൽകിയിരിക്കുന്നു. മനുഷ്യനും മൃഗങ്ങൾക്കും സ്വസ്ഥത നൽകുന്ന വിശ്രമദിവസത്തിന്റെ സ്ഥാനത്ത്, സൂചനാപരമായി എല്ലാററിന്റെയും നവീകരണം പ്രതീകാത്മകമായി പൂർത്തിയാക്കപ്പെട്ടതും പ്രവൃത്തിയാൽ പൂർണമാക്കപ്പെട്ടതുമായ ഒരു ദിവസം നൽകപ്പെട്ടിരിക്കുന്നു. ആഴ്ചയുടെ അവസാനദിവസത്തിനു പകരം ആദ്യദിവസം നൽകപ്പെട്ടു. അന്നാണ് ലോകത്തിന്റെ തുടക്കം വിളംബരം ചെയ്യാൻ തുടങ്ങിയതും വരാനിരിക്കുന്ന ലോകം തുടങ്ങിയതും.—തുടങ്ങി എന്നാൽ അവസാനിക്കുന്നില്ല; അതിന്റെ ഗമനം അനന്തമാണ്. അന്നാണ് നീതിമാനായ നോഹ തന്റെ കൂടെയുള്ളവരെ രക്ഷിച്ച പെട്ടകത്തിന്റെ ഇരുട്ടിൽ നിന്ന് പ്രകാശത്തിലേക്ക് പുറത്തു വന്നത്. ആ പെട്ടകത്തെ നിയന്ത്രിച്ചതും വിടുവിച്ചതും അതിലെ വാസികളുടെ നേതാവുമായിരുന്നത്. സൃഷ്ടിയുടെ നിയന്താവും പരിപാലകനുമായിരുന്നു. ആ ദിവസമാണ് മോശ കൂടാരം ഉയത്തിയത്. ഞായറാഴ്ച നമ്മുടെ രക്ഷകൻ തന്റെ ഉത്ഥാനത്തിൽ പാതാളം കുലുക്കി അതിനെ തകർത്തു; തന്റെ സഭയെ സ്ഥാപിച്ചു; സ്വർഗ്ഗരാജ്യം പ്രഘോഷിച്ചു എന്നതാണ് ഇവയെക്കാളെല്ലാം പരിപൂർണ്ണവും മഹനീയവുമായിട്ടുള്ളത്.

ഇക്കാരണത്താൽ സഭാസന്താനങ്ങളെല്ലാവരും ഈ മഹനീയ കാര്യങ്ങൾ സംഭവിച്ചതും സംഭവിച്ചുകൊണ്ടിരിക്കുന്നതുമായ ദിവസം, സന്ധ്യ മുതൽ സന്ധ്യ വരെ അനുഷ്ഠിക്കണമെന്നു നിശ്ചയിച്ചിരിക്കുന്നു. സ്തുതിപ്പുകൾ കൊണ്ടും ആത്മീയ കീർത്തനങ്ങൾ കൊണ്ടും വിശുദ്ധ വായനകൾ കൊണ്ടും അതിനെ ബഹുമാനിക്കണം. ആവശ്യക്കാർക്കുള്ള ദാനധർമ്മം വഴിയും തർക്കങ്ങൾ പരിഹരിച്ചും നീതിപൂർവമായ വിധിയിലൂടെയും പരസ്പരമുള്ള സ്നേഹവും കരുണയും വഴിയും അവരതിനെ പാവനമായി ആചരിക്കണം. കാരണം, എഴുതപ്പെട്ടിരിക്കുന്നതുപോലെ, ഇത്തരം ബലികൾ വഴിയാണ് ദൈവത്തെ പ്രസാദിപ്പിക്കാൻ കഴിയുക. ചില വിശ്വാസികൾ പള്ളി പിരിയുന്നതുവരെ ജോലിയിൽ നിന്നും റോഡിൽ നിന്നും



അകന്നിരിക്കുന്നു. മററുചിലർ സാഹചര്യത്തിന്റെ നിർബന്ധത്താലോ സ്വന്തഇഷ്ടത്താലോ, കർത്തൃ ദിവസമായ ഞായറാഴ്ചയെ സാബത്തുപോലെയോ തിങ്കളാഴ്ചപോലെയോ കരുതുന്നു; അത് നിന്ദാർഹവും ധിക്കാരപരവും അനുസരണയില്ലാത്ത മക്കളെപ്പോലെ ചുമതലാബോധം ഇല്ലാത്തതുമാണ്. അവർ അതിനെ ബഹുമാനിക്കുന്നതേയില്ല. നിലനില്ക്കുന്നതും നാശമില്ലാത്തതുമായ നീതിയുടെയും ദിവ്യകാര്യങ്ങളുടെയും ശുശ്രൂഷ കൊണ്ട് അന്നേദിവസം ചെലവഴിക്കാൻ അവർ ആഗ്രഹിക്കുന്നില്ല. പിന്നെയോ, പാപത്തിലേക്കു നയിക്കുന്നതും നിലനില്ക്കാത്തതുമായ ധനമോഹത്താൽ പ്രേരിതമായി അവർ അദ്ധ്വാനിക്കുന്നു. ഗ്രീക്കുകാർ ഒന്നാം ദിവസത്തെ കിരിയാക്കേ (Kyriake), അതായത് കർതൃദിനം എന്നുവിളിക്കുന്നു; കാരണം ഇതാണ് 'കർത്താവിന്റെ ദിവസം', രക്ഷയുടെ ദിവസം, നിശ്ചയിക്കപ്പെട്ട ദിവസം...... കാമ്യമായ ദിവസം; ക്രിസ്ത്യാനികൾ ഈ ദിവസം ആചരിക്കുകയും ഇതിൽ പുകഴുകയും ചെയ്യുന്നു. കാരണം അത് അതിന്റെ പൊറുതിയുടെയും രക്ഷയുടെയും പ്രവൃത്തികളിലുള്ള നവീകരണത്തിന്റെയും അടയാളങ്ങൾ വഹിക്കുന്നു.

മുത്തുകൾ ശേഖരിക്കുന്നവരെപ്പററി നീ നമുക്കെഴുതിയിരുന്നല്ലോ. ഞായറാഴ്ചയാചരിച്ചിട്ട് അവർ സ്വമേധയാപോയാൽ, അവർ അതിനാൽ സംരക്ഷിക്കപ്പെടും; അതുകൊണ്ട് അവർ നീതീകരിക്കപ്പെടുകയും അനുഗ്രഹിക്കപ്പെടുകയും ചെയ്യും. കാരണം അവരും നമ്മേപ്പോലെ സുവിശേഷത്തിന്റെ ശിഷ്യരാണ്. എന്നാൽ അവരുടെയിടയിലെ കാർക്കശ്യമുള്ളവരുടെ നിർബന്ധം നിമിത്തമാണെങ്കിൽ, അടുത്തുള്ളവരും കാര്യങ്ങൾ മനസ്സിലാകുന്നവരും നേതാക്കന്മാരുമായ നിങ്ങൾ മുറിവേല്പിക്കാനല്ല, സഹായിക്കാനായി ഈ കാര്യം സംബന്ധിച്ചു വേണ്ട നിർദ്ദേശം നൽകണം. അങ്ങനെ, സാധ്യമാണെങ്കിൽ അവർ പാപത്തിൽ നിന്നും ഉപദ്രവത്തിൽ നിന്നും സംരക്ഷിക്കപ്പെടും.

## കാനൻ 20

വലിയ ആവശ്യമില്ലാതിരിക്കെ ഒരു വന്ധ്യയെ ഭാര്യയായി സ്വീകരിക്കുന്നവൻ കുററക്കാരനാണോ അല്ലയോ എന്നതു സംബന്ധിച്ച്:

ഈ പ്രശ്നം സംബന്ധിച്ച് ഞാനൊരുത്തരവും നൽകേണ്ടതില്ലെന്നാണ് എന്റെ മനസ്സ് എന്നെ ഉപദേശിക്കുന്നത്;

www.malankaralibrary.com



കാരണം, സഭയിലെ നേതാക്കന്മാരും അദ്ധ്യക്ഷന്മാരും തത്സംബന്ധമായി ഒന്നും തന്നെ പറഞ്ഞിട്ടില്ല. എങ്കിലും ഉത്തരം തരാൻ നിങ്ങളുടെ സ്നേഹം എന്നെ നിർബന്ധിക്കുന്നു. നിയമാനുസൃതം വന്ധ്യകളെ വിവാഹം കഴിക്കാൻ പാടില്ലെന്ന് വിലക്കിയാൽ, അനേകം വന്ധ്യകൾക്ക് അത് വഴിപിഴയ്ക്കലിന് ഇടയാകും. കാരണം, സ്വമനസ്സാ അല്ല, നിയമത്തിന്റെ നിർബന്ധത്താലായിരിക്കും വന്ധ്യകൾക്ക് ഈ അവസ്ഥ വന്നു ഭവിക്കുന്നത്. അവിടെ സ്വാതന്ത്ര്യമില്ല. സ്വതന്ത്രേച്ഛ എതിർക്കുമ്പോൾ വിജയിച്ചെന്നും സ്വാഭാവിക ബലഹീനതയിൽ വീണെന്നും വരാം. അതിന്റെ ഫലമായി മോഹമുണ്ടായി കൊടിയ വഴിപിഴയ്ക്കൽ സംഭവിക്കാനിടയുണ്ട്. എന്നാൽ വൈധവ്യത്തിൽ തന്നെ തുടരുകയും സ്വതന്ത്രമായി എടുത്ത തീരുമാനത്തിൽ ഉറച്ചു നില്ക്കുകയും ചെയ്യുന്ന വിധവകൾ ഉണ്ടെന്നുള്ളതു ശരിതന്നെ. ഭാര്യ മരിച്ച മക്കളുള്ളയാൾ ഒരു വന്ധ്യയെ വിവാഹം കഴിച്ചാൽ ഒരുതരത്തിലും കുറ്റക്കാരനല്ല. അവന് സഭാധ്യക്ഷന്മാരുടെ അനുവാദവും വേണ്ട. കാരണം, തങ്ങളുടെ വന്ധ്യത്വത്തെപ്പറ്റി മുൻകൂട്ടി അറിയാതിരുന്ന സ്ത്രീകളെപ്പോലും വിവാഹം നടത്തിയിട്ട്, തുടർന്നുള്ള ജീവിതത്തിൽ നിന്ന് വന്ധ്യത്വത്തെപ്പറ്റി അവബോധം ഉണ്ടാകുമ്പോൾ, അവർക്കുണ്ടായ ഈ താല്ക്കാലിക വന്ധ്യത്വത്തെപ്രതി ഉപേക്ഷിക്കാൻ അനുവാദമില്ലല്ലോ. മറിച്ച്, തങ്ങളുടെ ഭാര്യമാർ കൃപാവര സഹായത്താൽ ഗർഭിണികളായാലും, ഭാഗ്യവാനും ക്ഷമയുള്ളവനും വാഗ്ദാനം പ്രാപിച്ചവനും ദൈവത്തിൽ വിശ്വസിച്ചവനും, എഴുതപ്പെട്ടിരിക്കുന്നതു പോലെ അതു നീതിക്കായി ഗണിക്കപ്പെട്ടവനുമായ പിതാവിനെപ്പോലെ വന്ധ്യത്വത്തിന്റെ വേദനയിൽ ഈ ലോകത്തിൽ നിന്നു കടന്നുപോയാലും, അന്ത്യശ്വാസം വരെ സ്ഥിരോത്സാഹത്തോടിരിപ്പാനും അനുസരിക്കാനുമാണു കല്പന.

എങ്കിലും സുബുദ്ധിയില്ലാത്തവരല്ലാതെ, മക്കളില്ലാത്തവർ വന്ധ്യയെ വിവാഹം കഴിക്കാൻ ആഗ്രഹിക്കുന്നു എന്ന് നാം കരുതേണ്ട കാര്യമില്ല. കാരണം, മാവിൽ പുളിപ്പുപോലെ നമ്മുടെ വംശത്തിന്റെ സൃഷ്ടിശക്തിയിൽ മറഞ്ഞിരിക്കുന്നതും പ്രസരണതലത്തിൽ കിരണംപോലെ പ്രേഷണം ചെയ്യപ്പെടുന്നതുമായ ദൈവാനുഗ്രഹത്തെ നിരസിക്കുകയും പ്രയോജനരഹിതമാണെന്ന് കരുതുകയുമായിരിക്കും ചെയ്യുക. ഇതു വിശ്വ



സിക്കുവാൻ പ്രയാസമാണ്. കാരണം, ലോകാരംഭം മുതൽ, വേദനകളും ആവശ്യങ്ങളുമില്ലാത്ത മഹനീയമായ രൂപാന്തരീകരണംവരെ നമുക്കു നൽകപ്പെട്ടിരിക്കുന്ന സ്വാഭാവികവും ദൈവികവുമായ നിയമങ്ങൾ അനുസരിച്ച്, തന്നെ ജനിപ്പിച്ചവരുടെ അനന്തരാവകാശിയായി താൻ തീർന്നതുപോലെ, അന്യരല്ലാതെ, തന്റെ അനന്തരാവകാശിയായി സ്വന്തം സന്തതിയില്ലാത്ത സ്ഥിതിക്ക്, നിരാശപ്പെട്ടെന്നവണ്ണം, ഫലരഹിതമായ വിവാഹത്തിനുവേണ്ടി കന്യകയെ സ്വീകരിക്കുക എന്ന കിറുക്കിന് ആരും താല്പര്യപ്പെടുകയില്ല.

കടന്നുപോകുന്ന ഈ ലോകത്തിൽ, നമ്മുടെ വംശവർദ്ധനവിനായി, എല്ലാറ്റിന്റെയും സ്രഷ്ടാവിന്റെ സൃഷ്ടിശക്തി നമ്മിൽ സ്ഥാപിച്ചിരിക്കുന്ന വിവാഹവും സംയോഗവും ജനിപ്പിക്കലും എല്ലാ ഭൗമികാഗ്രഹങ്ങളേക്കാളും ശ്രേഷ്ഠമായ പുണ്യപൂർണതയുടെ ജീവിതരീതിയെപ്രതി വേണ്ടെന്നു വയ്ക്കുന്നയാൾ, വികാരങ്ങളും ആഗ്രഹങ്ങളും ആവശ്യങ്ങളും ലവലേശമില്ലാത്ത പരിപൂർണതയുടെ ജീവിതരീതിയിലൂടെ തന്റെ ശക്തിയിലും തന്റെ വിജ്ഞാനത്തിലും അവയെ അവസാനിപ്പിക്കുന്നു. മറിച്ച്, അവൻ നീതിയിലും സമാധാനത്തിലും പരിശുദ്ധാത്മാവിലുള്ള നവീകരണത്തിലും സന്തോഷിക്കുന്നു; അവൻ വിശ്വാസത്തിലും ശരണത്തിലും സ്നേഹത്തിലും സമൃദ്ധനാണ്. ഭാഗ്യവാന്മാരിൽ നിന്ന് അതിസൗഭാഗ്യത്തിലേക്കും ഇടതടവില്ലാതെയും നിരന്തരമായും ഭാഗ്യകരമായി ഉയർന്നുകൊണ്ടിരിക്കുന്ന സ്തുതിപ്പുകളിലും നല്ല റിപ്പോർട്ടുകളിലും അവൻ സന്തോഷിക്കുന്നു.

അറിയാനുള്ള ആഗ്രഹത്താൽ നീ സമർപ്പിച്ച ചോദ്യങ്ങൾക്ക് മൂന്നു രീതിയിൽ നാം ഉത്തരം നല്കി എന്നു നീ അറിയാൻ നാം ആഗ്രഹിക്കുന്നു; പ്രബോധകപരമായി, കുറ്റപ്പെടുത്തിക്കൊണ്ട്, ഉദ്ബോധിപ്പിച്ചുകൊണ്ട്: നല്ലതും അവശ്യാവശ്യം ചെയ്തിരിക്കേണ്ടതും ഏവ, കുറ്റകരവും അനാശാസ്യവുമായവ ഏവ. ഇത് പ്രബോധകപരമായി. എതിർക്കുകയും അവഗണിക്കുകയും ക്രമരഹിതമായി വ്യാപിക്കുകയും ചെയ്യുന്നവരെ തീക്ഷ്ണതയോടുകൂടി കുറ്റപ്പെടുത്തിക്കൊണ്ട് രണ്ടാമത്തേത്. പിതാക്കന്മാരുടെ കാനോനാകളെ ചവിട്ടിമെതിക്കുകയും ദൈവിക കൽപ്പനകളെ ലംഘി

www.malankaralibrary.com



ക്കുകയും ചെയ്യുന്ന ശിക്ഷാർഹരായവർക്കെതിരെ ന്യായാധിപന്മാരും നേതാക്കന്മാരും ഉപയോഗിക്കുന്ന വിധിവാചക ശൈലിയിൽ ഉള്ളതു് ഉദ്ബോധനം. അതുകൊണ്ട്, പഠിപ്പിക്കുന്ന നേതാക്കന്മാർക്കും ന്യായാധിപന്മാർക്കും, നയിക്കപ്പെടുകയും വിധിക്കപ്പെടുകയും ചെയ്യുന്ന പഠിക്കുന്നവർക്കും ഇവ ഒരുപോലെ പ്രയോജനപ്രദമാണ്. എന്നാൽ എല്ലാം വിജ്ഞാനപൂർണവും കാർക്കശ്യരഹിതവും സ്നേഹനിർഭരവും ദയാപൂർണവും ആയിരിക്കണം. പ്രബോധകർക്കുണ്ടാകാൻ പാടില്ലാത്ത അയഞ്ഞ മനഃസ്ഥിതിയിൽ നിന്നകന്ന നീതിയോടുകൂടിയായിരിക്കണം. അനുതാപിയെ പരിഗണിക്കാതെയും പാപികളെ സ്നേഹിക്കാതെയും രോഗികളെ സന്ദർശിക്കാതെയും, സ്വർഗീയ വൈദ്യനും, നമ്മുടെ പ്രകൃതിയുടെ മുറിവുകളും പാടുകളും തന്റെ കരുണയാകുന്ന മരുന്നുകൊണ്ട് സൗജന്യമായി സുഖപ്പെടുത്തുന്നവനും നമ്മുടെ ജീവദാതാവുമായ യേശുവിനെപ്പോലെ, മുറിവുകൾ വച്ചുകെട്ടാതെയും, കാർക്കശ്യവും മർക്കടമുഷ്ടിയും ഒരിക്കലും കാണിച്ചുകൂടാ.

നിന്റെ ചോദ്യങ്ങൾക്ക് കാനോനികവും അന്തിമവുമായ ഉത്തരമല്ല നൽകിയിരിക്കുന്നതെന്ന് നന്നായി അറിഞ്ഞിരിക്കണം. അനുസരണമില്ലാത്ത മക്കൾക്കായി ശാപങ്ങളും ചേർത്ത് അവ നിർവചിക്കപ്പെട്ടിട്ടുണ്ട്. പൈതൃകവും പ്രബോധനപരവുമായ ശൈലിയിൽ പ്രകൃതിയിൽ നിന്നും തിരുലിഖിതത്തിൽ നിന്നുമുള്ള ഉദാഹരണങ്ങൾ ചേർത്തായിരുന്നു നമ്മുടെ ചച്ച്. നല്ല കാര്യങ്ങളെ സ്നേഹിക്കാൻ പ്രേരിപ്പിച്ചുകൊണ്ടും ചീത്തക്കാര്യങ്ങളിൽ നിന്ന് ഓടിയകലണമെന്ന് മുന്നറിയിപ്പു നൽകിക്കൊണ്ടുമാണിതു് ചെയ്തിട്ടുള്ളതു്. സംഗതിയുടെ വിവിധ വശങ്ങൾ വിവരിച്ചതിനാൽ വായനക്കാരന് അറിവ് വർദ്ധിക്കുന്നതിനായി അതു് വെളിച്ചവും വ്യാഖ്യാനവും നൽകുകയും ചെയ്യും. അതുകൊണ്ട്, നമ്മുടെ ഭൗമിക ജീവിതകാലം മുഴുവൻ നീതിയുടെ അനുഷ്ഠാനത്തിൽ നാം തൽപ്പരരായിരിക്കണമെന്ന് നമ്മോട് കല്പിച്ചിരിക്കുന്നു. അതു് ഇപ്രകാരമാണ്; മൂന്ന് നാലുകൾ; നാല് മൂന്നുകൾ; ആറ് ഇരട്ടികൾ. അത്ഭുതകരമായും ഗംഭീരമായും ഒരു ചക്രത്തിൽ ബന്ധിതമായി രണ്ട് പ്രകാശങ്ങളോടു കൂടിയ പന്ത്രണ്ടു ഘട്ടങ്ങൾ. അവയിലൊന്ന് നിശ്ചിത സമയങ്ങളെ ഭരിക്കുന്നു; മററതു് അതിന്റെ ഘട്ടങ്ങ



ളെയും. ചക്രത്തിന്റെ ആരംഭം ചക്രത്തിന്റെ അവസാനവുമായി ബന്ധിതമാണ്. സമയത്തിന്റെ അതിർത്തിവരെ അതു് കറങ്ങിക്കൊണ്ടിരിക്കും... ആരംഭം മുതൽ, ക്രമീകൃതമായും സഹായകമായും ബുദ്ധിപൂർവമായും അവിടുന്ന് ഇതിനെ നിശ്ചയിച്ചിരിക്കുന്നു. എല്ലാം അവനിൽ നിന്നാണ്; എല്ലാം അവന്റേതാണ്. അവനിലൂടെയാണ്; എല്ലാം അവനിലേക്കാണ്; മഹത്ത്വവും ഔന്നത്യവും ആരാധനയും എന്നേക്കും അവിടുത്തേക്കാണ്.

ഞങ്ങളോടു കൂടെയുള്ള മെത്രാന്മാരും സഹോദരന്മാരും നിങ്ങളെ അഭിവാദ്യം ചെയ്യുന്നു. കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ ആമേൻ.

നിങ്ങൾ എഴുതിയയച്ചതു് മുപ്പത്തിമൂന്ന് ചോദ്യങ്ങളായിരുന്നു എന്ന് നിങ്ങൾ ഓർക്കുന്നു എന്ന് നാം കരുതുന്നു. അർത്ഥത്തിൽ അവ അത്രയും വന്നില്ല; അതുകൊണ്ട് നിങ്ങളുടെ നമ്പർ ഞങ്ങൾ അവഗണിച്ചിട്ട് ഞങ്ങൾ നമ്പരിട്ട് ഇരുപതു ചോദ്യങ്ങളിലാക്കി അവയ്ക്കുള്ള ഉത്തരം എഴുതി അയയ്ക്കുന്നു. ചിലതിന് ഞങ്ങൾ ഉത്തരം എഴുതാത്തതു്, ഉത്തരം ഇല്ലാഞ്ഞിട്ടല്ല, പിന്നെയോ അവ ഉത്തരം എഴുതത്തക്ക പ്രാധാന്യമുള്ളവയല്ലായിരുന്നു; അല്ലെങ്കിൽ അവ സുവ്യക്തമായിരുന്നു; അഥവാ സഭാധ്യക്ഷന്മാർ പാരമ്പര്യമനുസരിച്ച് സഭയുടെ നാശത്തിനല്ല, സഭയെ കെട്ടിപ്പടുക്കാൻ ബുദ്ധിപൂർവം അവ കൈകാര്യം ചെയ്തുകൊള്ളും എന്നതുകൊണ്ടാണ് എഴുതിയിരിക്കുന്നതു്, നിങ്ങൾ തന്നെ വായിക്കണം; അതിൽ വിട്ടുപോയവ നിങ്ങൾ കൂട്ടിച്ചേർത്തുകൊള്ളണം. അതുപോലെ നിങ്ങൾ ശ്രദ്ധാപൂർവം ഞങ്ങൾക്കുവേണ്ടി ദൈവത്തോടു പ്രാർത്ഥിക്കണം. കാരണം, നിങ്ങളുടെ ചോദ്യങ്ങൾക്കുത്തരം നൽകുന്നതു വഴി നിങ്ങളുടെ ക്രിസ്തീയ സ്നേഹത്തിന്റെ ആഗ്രഹം ഞങ്ങൾ സാധിച്ചു തരികയാണ് ചെയ്തതു്. അതു് ഏതു് ജീവിതക്രമമുള്ളവനും പ്രബോധനത്തെ സ്നേഹിക്കുന്നവനും പ്രയോജനപ്രദമാണ്. ശിഷ്യനെപ്പോലെ ചോദിക്കുകയും ഗുരുവിനെപ്പോലെ മറുപടി എഴുതുകയും ചെയ്തു് ചോദ്യോത്തരരീതിയിൽ പ്രബോധക ശൈലിയിലാണ് എഴുതിയിരിക്കുന്നതു്. അല്ലാതെ കൗൺസിൽ പിതാക്കന്മാർ ഒന്നിച്ചുകൂടി വ്യാഖ്യാനിച്ച് നിർവചിച്ച് ക്രമീകൃതമായി തയാറാക്കുന്ന സിനഡൽ രീതിയിലല്ലിതു്.

www.malankaralibrary.com



'മനുഷ്യൻ' എന്നു പറയുമ്പോൾ, "ഏതെങ്കിലും മനുഷ്യനെപ്പററി"യായിരിക്കണം; കാരണം, ഏതെങ്കിലും "പ്രത്യേക മനുഷ്യൻ" ഇല്ലെങ്കിൽ "മനുഷ്യത്വം" ഇല്ല. അതുപോലെ "മനുഷ്യത്വം" ഇല്ലെങ്കിൽ "പ്രത്യേക മനുഷ്യനും" ഇല്ല. ഒന്നു പൊതുവാണ്, മററതു് പ്രത്യേകമാണ്; ഒന്നു് സാധാരണമായി, മററതു് അതുല്യമായി. ഓരോന്നും മൊത്തത്തിൽ മൊത്തം ഓരോന്നിലും. ഇവ കടന്നുപോകുന്ന ഒന്നിനുപിറകേ ഒന്നായി ഇല്ലാതാകുന്നു; ഇതു് അവൻെറ ഗുണങ്ങളോടുകൂടി അത്ഭുതകരമായി സ്ഥിതിചെയ്യുന്നു. തനിക്കുള്ളവ ഇവൻ അവസ്ഥ നൽകുന്നു; എന്നാൽ കാര്യം കാരണത്തിനു് അവയുടെ സവിശേഷതകൾ നൽകുന്നില്ല. ഇതു് വിശകലനാതീതവും; അതിൻെറ നിർമ്മാതാവായ ദൈവത്തിനുചിതവുമാണ്.[1] ഇരുപതു ചോദ്യങ്ങളും അവയുടെ ചുരുക്കമായ മറുപടികളും അവസാനിച്ചു.

**ദിവ്യ ഗ്രന്ഥങ്ങൾ പഠിപ്പിക്കുന്നതു പോലെ സത്യത്തിൻെറ അതിർത്തികൾ സംരക്ഷിക്കുന്ന, കത്തോലിക്കാ സഭയുടെ ശരിയായ വിശ്വാസ പ്രമാണം.**

കത്തോലിക്കാ സഭയുടെ പാരമ്പര്യമനുസരിച്ച് നിഖ്യായിലും കോൺസ്റ്റാൻറിനോപ്പിളിലും ഒന്നിച്ചുകൂടിയ നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ വിശ്വാസപ്രമാണം പ്രസിദ്ധപ്പെടുത്തി. നമ്മുടെ കർത്താവിൻെറ കല്പനപ്രകാരം ശ്ലീഹന്മാരും ഭാഗ്യവാന്മാരായ പിതാക്കന്മാരും ആകാശത്തിൻ കീഴുള്ള സ്വജനത്തോടും എല്ലാ ജാതികളോടും പ്രഘോഷിച്ചതാണതു്. വാസ്തവത്തിൽ സഭയിലൂടെ ഉന്നതത്തിലെ സൈന്യങ്ങൾക്കു് അതു വെളിപ്പെടുത്തപ്പെട്ടു. അതുകൊണ്ടു് ഞങ്ങളും ഞങ്ങളുടെ വിശ്വാസത്തിൻെറ മാർഗ്ഗദർശികളും ക്രിസ്തുവിൻെറ സൈന്യനിരകളുടെ ക്യപ്ററൻമാരുമായ ശ്ലീഹന്മാരോടും വിശുദ്ധ പിതാക്കന്മാരോടും യോജിച്ചിരിക്കുന്നു; സംശയലേശമെന്യേ യോജിക്കുന്നു. തെററുകൂടാതെ നമ്മുടെ വിശ്വാസത്തിൻെറ രഹസ്യം. ഞങ്ങൾ സംരക്ഷിക്കുന്നു; അന്ത്യശ്വാസം വരെ സംരക്ഷിക്കുകയും ചെയ്ക.

ഉടമ്പടിപ്പലകകൾ പോലെയും നിയമച്ചുരുളുകൾ പോലെയും, അഹറോൻെറ വടി പോലെയും, അനേകം തല

1. ഈ ഖണ്ഡിക ഇവിടെ ചേരുന്നതല്ല.



മുറകൾ കർത്താവിൻെറ ഉടമ്പടിയുടെ പെട്ടകത്തിൽ വച്ചിരുന്ന മന്നായുടെ ചെപ്പ് പോലെയും, സത്യപ്രബോധനം ആരംഭം മുതൽ ഇന്നുവരെ യാതൊരു മാററവും കൂടാതെ ദൈവത്തിൻെറ സഭയിൽ സംരക്ഷിച്ചു പോരുന്നു. ശ്ലീഹന്മാരിൽ അംഗീകൃതനും ദൈവികനുമായ പൗലോസ് സാക്ഷിക്കുന്നതു പോലെ ആ കാര്യങ്ങൾ അവ ഉണ്ടായിരുന്ന കാലത്തു്, സഭയിൽ ഉള്ള ഈ കാര്യങ്ങളുടെ മുൻസൂചനകളായിരുന്നു; "മോശ ദാസനെപ്പോലെ ഭവനം മുഴുവൻ വിശ്വസ്തനായിരുന്നു; മിശിഹായാകട്ടെ, തൻെറ ഭവനത്തിൽ പുത്രനെപ്പോലെയാണ്" (എബ്രാ. 3; 5–6). കറയും കളങ്കവുമില്ലാത്ത വിശ്വാസം ഋജുവായും വിവേകത്തോടുകൂടിയും അറിയണമെന്നാഗ്രഹിക്കുന്നവർ അറിവിനതീതമായ വിശ്വാസം ഈ കൃതികളിൽ നിന്നു് വായിച്ചു പഠിക്കട്ടെ. അതു് അതിൻെറ സത്യസന്ധതയിൽ വൈദേശിക സ്വരങ്ങളെ അവഗണിക്കുന്നു. ആരെങ്കിലും പറയുന്നതിനനുസരിച്ച് പരിശോധന കൂടാതെ ചിന്തിക്കാതെയും മുൻവിധിയോടു കൂടിയും അങ്ങോട്ടുമിങ്ങോട്ടും നയിക്കപ്പെടുന്നവരുടെ ചിന്ത സ്വീകരിക്കുന്നതിൽ നിന്നു് അതു നമ്മെ സ്വതന്ത്രരാക്കുന്നു.

അതുകൊണ്ടു്, ഋജുവായും, ചതിയും വഞ്ചനയും കൂടാതെയും, വിശ്വാസരഹസ്യം പ്രഖ്യാപിക്കുന്നതു് നല്ലതാണ്. അപ്പസ്തോലിക വിശ്വാസത്തിൻെറ ക്രമം ആവശ്യപ്പെടുന്നതനുസരിച്ച് ഞങ്ങളുടെ ഹൃദയങ്ങൾ, ദുഷ്ടമനസ്സാക്ഷിയിൽ നിന്നു് കഴുകി വെടിപ്പാക്കിയിരിക്കുന്നു. കാരണം, കൃത്യമായ സത്യം ഇതാവശ്യപ്പെടുന്നു: സത്യത്തിനു് വൈദേശികമായ എല്ലാ തെററിൽ നിന്നും ലാഘവത്വത്തെ നീക്കി വേർതിരിക്കുന്നതാണിതു്. ചിലർ ഋജുമാനസതയിൽ വിശ്വാസം സ്വീകരിച്ചു; എന്നാൽ മററുചിലർ നമ്മുടെ വിശ്വാസത്തിൻെറ വിജ്ഞാനം സംബന്ധിച്ച് ചതിയിൽ ദുഷിവായി കേൾക്കാൻ ആഗ്രഹിക്കുന്നു. എന്നാൽ എല്ലാ ജ്ഞാനങ്ങൾക്കും എല്ലാ ചർച്ചകൾക്കും ഉപരിസ്ഥമായ ദൈവിക ത്രിത്വത്തിൻെറ ശക്തിയിൽ ആശ്രയിച്ചുകൊണ്ട്, മറഞ്ഞിരുന്നതും ഇപ്പോൾ വെളിപ്പെടുത്തപ്പെട്ടിരിക്കുന്നതുമായ ദൈവത്തിൻെറ ജ്ഞാനം രഹസ്യത്തിലും ശ്ലൈഹികമായും ഞങ്ങൾ പ്രഖ്യാപിക്കുന്നു: അതിപ്രകാരമാണ്.

www.malankaralibrary.com

# മാർ ഈശോയാബിന്റെ വിശ്വാസപ്രമാണം

ആദ്യന്തമില്ലാത്തവനും പരിമിതി ഇല്ലാത്തവനും ആയ ഏക നിത്യദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. അവിടുന്ന് മറഞ്ഞിരിക്കുന്നവനും അഗ്രാഹ്യനുമായ സജീവാത്മാവാകുന്നു. അവന്റെ സ്വഭാവത്തിനും ശക്തിക്കും അധികാരത്തിനും പരിമിതിയോ അതിർത്തിയോ ഇല്ല; അവൻ എല്ലാററിനും മുൻപേ എല്ലാം അറിയുന്നവനും എല്ലാ ജ്ഞാനത്തിന്റെയും ദാതാവുമാകുന്നു. അവിടുന്നു മാത്രമാകുന്നു വിജ്ഞാനി. അവിടുന്ന് ദൃശ്യാദൃശ്യങ്ങളായ എല്ലാ സൃഷ്ടികളുടെയും നിർമ്മാതാവും കർത്താവുമാകുന്നു. തന്റെ ഇച്ഛയുടെ ആംഗ്യത്താൽ മുകളിലുള്ളവയും താഴെയുള്ളവയുമായ ലോകങ്ങൾ സ്ഥാപിക്കപ്പെടുകയും ക്രമീകരിക്കപ്പെടുകയും ചെയ്തു. അവിടുന്ന് നല്ല നേതാവും നീതിമാനായ ന്യായാധിപനും, ഈ ലോകത്തിന്റെയും വരാനിരിക്കുന്ന ലോകത്തിന്റെയും ഉത്തമ ഭരണകർത്താവും, എല്ലാ നല്ല കാര്യങ്ങളുടെയും ദാതാവും, ക്ഷീണിക്കാത്തവനും കുറവില്ലാത്തവനും മാററമില്ലാത്തവനും കുററമില്ലാത്തവനും ആകുന്നു. അവിടുന്ന് കാരണംകൂടാതെയുള്ള യാഥാർത്ഥ്യവും എല്ലാററിന്റെയും കാരണവും ആണ്. തന്നിൽ നിന്നാണ് എല്ലാം; അവൻ മുഖാന്തിരമാണ് എല്ലാം; അവൻ നിമിത്തമാണ് എല്ലാം; അവനിലേയ്ക്കാണ് എല്ലാം. സമയരഹിതമായ ഏക ദൈവത്വം; ആരംഭരഹിതമായ മൂന്നു ക്നോമാകൾ; എല്ലാററിലും പരിപൂർണവും ഒന്നിനും കുറവില്ലാത്തതും. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നു ക്നോമാകളായി അറിയപ്പെടുകയും ആരാധിക്കപ്പെടുകയും ചെയ്യുന്ന ഏക ദൈവം. അവാച്യമായ അത്ഭുതത്താൽ വ്യത്യസ്തമെങ്കിലും ഐക്യപ്പെട്ടതും തുല്യവും കൂട്ടിക്കുഴച്ചിൽ കൂടാത്തതുമാണ്; ഐക്യപ്പെട്ടതെങ്കിലും കൂടിക്കുഴഞ്ഞതല്ല. തുല്യവും വ്യത്യസ്തവും. സ്വഭാവത്തിന്റെ ഐക്യത്തിൽ ഒരു വശത്ത് തുല്യത; ക്നോമാകളുടെ വ്യതിരിക്തതയിൽ മറുവശത്ത് വ്യത്യസ്തം.



വേറൊരു പിതാവും തന്നോടുകൂടിയില്ലാത്ത ഏക പിതാവ്; ജനനവിഹീനനായ അവിടുന്ന് നിത്യമായി ജനിപ്പിക്കുന്നു; ഹേതു കൂടാത്ത ഹേതുവാണ്. എല്ലാം ക്രമീകരിച്ച എല്ലാററിന്റെയും നിർമാതാവാണ്. വേറൊരു പുത്രനും തന്നോടുകൂടിയില്ലാത്ത ഏകപുത്രൻ; ജനിപ്പിക്കാത്ത അവിടുന്നു നിത്യമായി ജനിച്ചു. ഹേതുവിൽ നിന്നുള്ള ഹേതു. പിതാവിനോടുകൂടി എല്ലാററിന്റെയും ഹേതു. അസ്തിത്വമുള്ളതൊന്നും അവിടുത്തെ കൂടാതെ ഉണ്ടായതല്ല. വേറൊരു ആത്മാവും തന്നോടുകൂടിയില്ലാത്ത ഏക പരിശുദ്ധാത്മാവ്. ജനിപ്പിക്കാതെയും ജനിപ്പിക്കപ്പെടാതെയും പുറപ്പെടുന്നു; പിതാവിൽനിന്നു നിത്യമായി പുറപ്പെടുന്നു; കാരണത്തിൽ നിന്നുള്ള കാരണം. പിതാവിനോടും പുത്രനോടും കൂടെ എല്ലാററിന്റെയും കാരണം. അവിടുന്നു സർവവും, ദൈവത്തിന്റെ ആഴങ്ങൾപോലും പരിശോധിച്ചറിയുന്നു. ഇരട്ടിക്കാനാവാത്ത ഏക സ്വഭാവം ചതുർത്വമാക്കാനാവാത്ത മൂന്നു ക്നോമാകൾ; ഐക്യത്തിൽ പൂർണത; ത്രിത്വത്തിൽ വെളിപ്പെടൽ. നിത്യമായ ഏക സ്വഭാവം. അതിലും അതോടുകൂടിയും നിത്യമായി അതിന്റെ ക്നോമാകൾ. അതോടുകൂടി പുത്രൻ നിത്യമായി ജനിപ്പിക്കപ്പെട്ടു. അതോടുകൂടി പരിശുദ്ധാത്മാവ് നിത്യമായി പുറപ്പെടുന്നു. ഒരേ സമയം സ്വഭാവവും ഒരേ സമയം ക്നോമാകളും. ഒരേ സമയം പിതാവും ഒരേ സമയം പുത്രനും ഒരേ സമയം പരിശുദ്ധാത്മാവും. ഏകദൈവം, മൂന്നു ദൈവങ്ങളല്ല. ഭ്രാന്തനായ മാർസിയൻ നിലവിളിക്കട്ടെ; മൂന്ന് ക്നോമാകൾ ഏക ക്നോമയല്ല– വഴിതെററിപ്പോയ സബെല്ലിയുസ് കേഴട്ടെ, അവനോടുകൂടി സാമസോട്ടുക്കാരൻ പൗലോസും. കാരണം മൃഗങ്ങൾക്ക മുമ്പേയുള്ള വചനത്തിന്റെ അസ്തിത്വം അവർ നിഷേധിച്ചു.

ഈ കാര്യങ്ങളിലെല്ലാം ഉള്ള വിശ്വാസം അത്ഭുതകരമാണ്. ഇവ വിശകലനാതീതമാണ്. വിവിധ ദൈവത്വങ്ങളെയും കർതൃത്വങ്ങളെയും ഏററുപറയുന്ന തെററായ പേഗനിസം വിധിക്കപ്പെട്ട് തള്ളപ്പെടുന്നു; ദിവ്യരഹസ്യങ്ങളും ഉപമകളും സത്യത്തിന്റെ പ്രഖ്യാപനങ്ങളും നിരസിച്ചു കളഞ്ഞവരും ത്രിത്വസംബന്ധമായ പരിപൂർണ വിശ്വാസ പ്രഖ്യാപനം ഇല്ലാത്തവരുമായ യൂദർ ഇതു വഴി കുററപ്പെടുത്തപ്പെടുകയും

www.malankaralibrary.com



വിധിക്കപ്പെടുകയും ചെയ്യുന്നു. സത്യത്തോടും വിശ്വാസത്തിന്റെ കേവലത്വത്തോടും കൂടി ചതിയും വഞ്ചനയും കൂട്ടിച്ചേർക്കുന്ന പാഷണ്ഡർ ഇതുവഴി നിശ്ശബ്ദരാക്കപ്പെടുകയും മൂകരാക്കപ്പെടുകയും ചെയ്യുന്നു. ആകാശവും ഭൂമിയും ഉറപ്പായിരിക്കുന്നതിനേക്കാൾ കൂടുതലായി അതുവഴി എല്ലാ നാഴികയിലും ക്രിസ്തുമതം പുരോഗമിക്കുകയും വളരുകയും മഹത്വീകരിക്കപ്പെടുകയും, മാററമില്ലാത്തതും അജയ്യവുമായ ഏററുപറച്ചിലിലും പ്രതീക്ഷയിലും പുകഴുകയും ചെയ്യുന്നു. ദൈവിക വെളിപാടു സംബന്ധിച്ചും ജഡത്തിലെ വ്യാപാരം സംബന്ധിച്ചും സമസ്ത സൃഷ്ടികളുടെയും നവീകരണത്തിനും പുതുക്കത്തിനും നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടിയുള്ള മനുഷ്യാവതാരം സംബന്ധിച്ചും പരിശുദ്ധാത്മാവിൽ നിന്നാണ് പ്രവാചകന്മാരിലൂടെയും ശ്ലീഹന്മാരിലൂടെയും ക്രിസ്തുമതം ഇതു ഗ്രഹിച്ചത്.

അവിടുത്തേക്കു് നമ്മോടുള്ള അഗാധസ്നേഹത്താൽ, തന്റെ തിരുവുള്ളത്താൽ അവിടുന്ന് പിതൃമാർവിടത്തിൽ നിന്ന് പുറപ്പെട്ടു; എന്നാൽ നീക്കം ചെയ്യൽ വഴിയല്ല —എഴുതപ്പെട്ടിരിക്കുന്ന പ്രകാരം, അവിടുന്ന് ഈ ലോകത്തിലായിരുന്നെങ്കിലും ഈ ലോകത്തിലേക്കു വന്നു. മറഞ്ഞിരുന്നവൻ ജഡത്തിൽ വെളിപ്പെടുത്തപ്പെട്ടു. വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. അവിടുന്ന് ആയിത്തീർന്നു; എന്നാൽ അവിടുത്തേക്കു് മാററം സംഭവിച്ചില്ല. ദൈവത്തിനു സമനായിരുന്നവൻ സ്വയം ശൂന്യനാക്കി ദാസന്റെ സാദൃശ്യം സ്വീകരിച്ചു. അവിടുന്ന് സ്വീകരിച്ചെങ്കിലും അവിടുത്തേക്കു് വർദ്ധമാനം സംഭവിച്ചില്ല; കാരണം, അവിടുത്തെ ജനനവും എടുക്കലും, മാററമോ കൂട്ടിച്ചേർക്കലോ കൂടാത്തതായിരുന്നു. യേശുമിശിഹാ ദൈവപുത്രൻ, വചനമായ ദൈവം, പ്രകാശത്തിൽ നിന്നുള്ള പ്രകാശം താഴേക്കിറങ്ങിവന്ന് ജഡം ധരിച്ചു; മാററമോ വ്യതിയാനമോ കൂടാതെ വ്യാപാരപ്രകാരം മനുഷ്യനായി. തന്റെ ദൈവത്വത്തിൽ, യുഗങ്ങൾക്കെല്ലാം മുൻപ് പിതാവിൽ നിന്നു ജനിച്ചവനും നമ്മുടെ കർത്താവും ദൈവവുമായ യേശുക്രിസ്തു, അവസാന നാളുകളിൽ നിത്യകന്യകയായ മറിയത്തിൽ നിന്ന് ജനിച്ചു. അതേയാൾതന്നെ, എന്നാൽ ഒരേ രീതിയിലല്ല. വചനം അഭേദ്യമായ ഐക്യത്തിൽ മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. ഓ, വിശ്വാസ സമൃദ്ധിയുടെ ആഴം! അവി



ടുന്ന് ആയിത്തീർന്നു; എന്നാൽ അവിടുത്തേക്കു് മാററം ഉണ്ടായില്ല— എവുതീക്കിയരും അപ്പൊളിനാരിയരും വിലപിക്കട്ടെ— അവിടുന്നു് സ്വീകരിച്ചു, എന്നാൽ കൂട്ടിച്ചേർക്കൽ സംഭവിച്ചില്ല — ഫൊതീനിയരും പൗളീനിയരും നിലവിളിക്കട്ടെ.

വിശ്വാസരഹിതരും ശീശ്മക്കാരും കേട്ട് സഭയുമായി ഐക്യപ്പെടട്ടെ എന്നു ഞാൻ വീണ്ടും പറയുന്നു. അവർ സഭൈക്യത്തിൽ നിന്നു, കീറി മുറിക്കപ്പെട്ട പഴന്തുണിക്കഷണങ്ങളാകാതിരിക്കട്ടെ. ആത്മാവായ കർത്താവിന്റെ പ്രവർത്തനത്താൽ ദൈവിക കഴിവുകൊണ്ടു് തുന്നിയ സ്നാനത്തിന്റെയും വിശ്വാസത്തിന്റെയും കീറാത്ത പൂർണ്ണമായ അങ്കി അവർ കീറിമുറിക്കാതിരിക്കട്ടെ. കർത്താവിനെ കുരിശിൽ തറച്ച പട്ടാളക്കാർ അവിടുത്തെ തിരുവസ്ത്രം കീറിമുറിക്കാൻ മുതിർന്നില്ല, ഉദ്യമിച്ചുമില്ല. നിങ്ങളും ശ്ലൈഹിക സഭയുടെ ഐക്യം എന്ന പരിപൂർണ വസ്ത്രം കീറിമുറിക്കരുത്. മറിച്ച്, വിശ്വാസത്തിന്റെ സത്യം ഗ്രഹിച്ച്, ദൈവപുത്രനും എല്ലാററിനും ദൈവവും തന്റെ ദൈവത്വത്തിൽ മാതാവിനെക്കൂടാതെ പിതാവിൽ നിന്ന് നിത്യത്വത്തിലേ ജനിച്ചവനും ആടുകളുടെ മഹാഇടയനുമായ യേശുമിശിഹായുടെ രക്തത്താൽ രക്ഷിക്കപ്പെട്ട സഭ മുഴുവനോടുമൊപ്പം സഭാമതിൽക്കെട്ടിനുള്ളിൽ നിലനില്ക്കുക. അതേയാൾ തന്നെ, എന്നാൽ അതേ രീതിയിലല്ല, അന്ത്യനാളുകളിൽ, തന്റെ മനുഷ്യത്വത്തിൽ, പിതാവില്ലാതെ മാതാവിൽ നിന്നു ജനിച്ചു, പൊന്തിയോസ് പീലാത്തോസിന്റെ നാളുകളിൽ ജഡത്തിൽ പീഡയനുഭവിച്ചു, ക്രൂശിക്കപ്പെട്ടു, മരിച്ചു, സംസ്കരിക്കപ്പെട്ടു, മൂന്നു ദിവസങ്ങൾക്കുശേഷം മരിച്ചവരിൽ നിന്നു് ഉത്ഥാനം ചെയ്തു. ഒരുവശത്തു്, ദൈവപുത്രനായ ക്രിസ്തു ജഡത്തിൽ കഷ്ടതസഹിച്ചു; മറുവശത്തു്, ദൈവപുത്രനായ അതേ ക്രിസ്തു തന്റെ ദൈവസ്വഭാവത്തിൽ സഹനങ്ങൾക്കതീതനായിരുന്നു. സഹനാതീതനും സഹനവിധേയനും, ലോകങ്ങളുടെ സ്രഷ്ടാവും പീഡനങ്ങൾ സഹിച്ചവനും, ധനവാനായിരുന്നിട്ടും നമുക്കുവേണ്ടി ദരിദ്രനായിത്തീർന്നവനുമായ യേശുക്രിസ്തു. നിങ്ങൾ ഈ ആലയം തകർക്കുവിൻ, മൂന്നുദിവസം കൊണ്ടു് ഞാനിതു പുനരുദ്ധരിക്കും എന്ന് നമ്മുടെ ജീവദാതാവ് പറഞ്ഞതുപോലെ, തന്റെ ദൈവത്വത്തിൽ അവിടുന്നു് സഹിച്ചില്ലെങ്കിലും, പരിപൂർണ ഐക്യത്തിൽ വേർപാടു

www.malankaralibrary.com



കൂടാതെ, വചനമായ ദൈവം വ്യാപാരപ്രകാരം തന്റെ ശരീരമാകുന്ന ആലയത്തിൽ പീഡകളുടെ നിന്ദനമേററു. കല്ലുകൾ കൊണ്ടുള്ള ആലയത്തെപ്പററിയാണ് അവിടുന്നു പറഞ്ഞതെന്ന് മർക്കടമുഷ്ടിക്കാരായ യഹൂദർ കരുതിയതിനാൽ, നമ്മുടെ രക്ഷകന്റെ വാക്കുകളെ വിശദീകരിച്ചുകൊണ്ട് സുവിശേഷകൻ പറയുന്നു: "എന്നാൽ അവിടുന്ന് തന്റെ ശരീരമായ ആലയത്തെപ്പററിയാണ് പറഞ്ഞത്" (യോഹ. 2:21).

"സ്വർഗ്ഗത്തിൽ നിന്നിറങ്ങിയ മനുഷ്യപുത്രൻ അല്ലാതെ ആരും സ്വർഗ്ഗത്തിലേക്കു കയറിയിട്ടില്ല" എന്ന് പറഞ്ഞ് നമ്മുടെ കർത്താവ് ഐക്യപ്പെട്ടതും കലർപ്പില്ലാത്തതുമായ വ്യക്തിപരമായ ഐക്യത്തിന്റെ ഔന്നത്യം വെളിപ്പെടുത്തി. വാസ്തവത്തിൽ, തന്റെ ദൈവത്വത്തിൽ നിന്നു മാററപ്പെടാതെയും ശരീരരഹിതാവസ്ഥയിലായിരിക്കുകയും ചെയ്യവെ, സ്വർഗ്ഗത്തിൽ നിന്ന് താഴേക്കിറങ്ങി വന്നപ്പോൾ തന്റെ ദൈവത്വത്തിന്റെ അപരിമേയതയിൽ അവിടുന്ന് സ്വർഗ്ഗത്തിലുമായിരുന്നു. "നിങ്ങളിൽ നിന്ന് സ്വർഗ്ഗത്തിലേക്കെടുക്കപ്പെട്ട ഈ യേശു സ്വർഗ്ഗത്തിലേക്കു പോകുന്നതായി നിങ്ങൾ കണ്ടതുപോലെ വരും" എന്ന് മാലാഖ അറിയിച്ചതുപോലെ (നട. 1:11) ദൃശ്യമായ സ്വഭാവം നശിപ്പിക്കാതെ അതേയാൾ തന്റെ മനുഷ്യത്വത്തിൽ സ്വർഗ്ഗത്തിൽ ശ്രേഷ്ഠനായിത്തീർന്നു. ഏകജാതനും ഐക്യപ്പെട്ടവനുമായ ക്രിസ്തു. പിതാവിന്റെ ഏകജാതൻ; അവിടുന്ന് ഐക്യപ്പെട്ടവനും അഭേദ്യനുമാണ്. തന്റെ ദൈവത്വം മരണവിധേയമല്ല, അഴിവിനതീതമാണ്, വ്യതിയാനാതീതമാണ്; തന്റെ മനുഷ്യത്വം നീക്കപ്പെടുകയോ, മറച്ചുവയ്ക്കപ്പെടുകയോ, നശിപ്പിക്കപ്പെടുകുയോ, ചെയ്തില്ല.

അന്ത്യോക്യൻ മെത്രാനും ശപിക്കപ്പെട്ട് നാടുകടത്തപ്പെട്ടവനുമായ സെവേറൂസ് പറഞ്ഞതുപോലെ, "വചനം സഹിക്കുകയോ മരിക്കുകയോ ചെയ്തില്ല, എന്നാൽ അവൻ സഹിക്കുകയും മരിക്കുകയും ചെയ്തപ്പോൾ വചനം നിഷ്ഫലമായിരുന്നു എങ്കിലും മൂന്നു ദിവസം കഴിഞ്ഞപ്പോൾ വചനം തന്റെ ശരീരത്തെ ഉയിർപ്പിച്ചു". സെവേറൂസ് ഇതു പറഞ്ഞത്, "എടുക്കലിനെ" നിഷേധിക്കാതിരിക്കുകയും കഷ്ടതകളും 'മരണവും വചനത്തെ സ്പർശിച്ചു' എന്ന് ചിന്തിക്കാതിരിക്കുകയുംചെയ്ത കാലത്താണ്. അപ്പോൾ അയാൾ നമ്മെപ്പോലെ വിശ്വസ്തതാപൂർവം ആ കാര്യങ്ങൾ പറയുകയായിരുന്നു. വീണ്ടും സഭയുടെ മഹാപ്രബോധകനും വിശുദ്ധനുമായ അപ്രേമും തന്റെ ഒരു കൃതിയിൽ ഇപ്രകാരം പറയുന്നു: "ഒരു ശരീരത്തിൽ പൂർണ്ണമായി വസിച്ച പുത്രൻ പരിമിതനാകാതെ ശരീരത്തിൽ വസിച്ചു എന്നതു് മഹാത്ഭുതം തന്നെയാണ്. അവിടുത്തെ പൂർണ്ണ ഇച്ഛയും അതിലായിരുന്നു; അവിടുന്നു മുഴുവനുമായി അതിലായിരുന്നു. ഇതാർക്കു വിവരിക്കാനാവും? അവൻ പൂർണ്ണമായി ശരീരത്തിൽ വസിച്ചപ്പോഴും അവൻ പൂർണ്ണമായി എല്ലാററിലും വസിച്ചിരുന്നു."



രക്ഷാകരമായ വിശ്വാസപ്രഖ്യാപനം സംബന്ധിച്ച് ചുരുക്കമായി ഇത്രയും മതി. ഈ സംശതികളോടു യോജിക്കാത്തയാൾ സത്യം നിഷേധിച്ച് തനിക്കുതന്നെ ഉപദ്രവം വരുത്തുന്നു.

ഈശോയാബ് കാതോലിക്കോസിന്റെ സിനഡും ദാറായ് മെത്രാനായ യാക്കോബിനുള്ള കത്തും അദ്ദേഹം ചോദിച്ച ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങളും അവസാനിച്ചു.

www.malankaralibrary.com

# 11

# മാർ സാബാറീശോയുടെ സിനഡ് (596)

വീണ്ടും, മാർ സാബാറീശോ കാതോലിക്കോസിന്റെ സിനഡ്.

രാജാക്കന്മാരുടെ രാജാവും, സ്വർഗീയ സഹായത്താൽ സംരക്ഷിതനും, വിജയശ്രീലാളിതനും, ശക്തനും, ലോകത്തിന്റെ കരുണനിറഞ്ഞ സമാധാന സംസ്ഥാപകനുമായ ഖുസ്രോയുടെ ആറാം വർഷം, ഈയാർമാസത്തിൽ പിതാക്കന്മാരുടെ പിതാവും, ഇടയന്മാരുടെ ഇടയനും, നമ്മുടെ ഭാഗ്യവാനായ പിതാവും, ആത്മാവിലും ശരീരത്തിലും താപസനും ആയ കാതോലിക്കോസ് പാത്രിയർക്കീസിന്റെ വന്ദ്യഭരണകാലത്ത്, കാതോലിക്കോസിന്റെ സാന്നിധ്യത്തിൽ വിവിധ സ്ഥലങ്ങളിലെ മെത്രാപ്പോലീത്താമാരും മെത്രാന്മാരും ഒന്നിച്ചുകൂടി. ഞങ്ങളുടെ മുദ്രയോടുകൂടി ഞങ്ങളുടെ പേരുകൾ ചേർത്തിരിക്കുന്നു,

ഉന്നതസ്ഥാനീയരായ ചിലർ സത്യവിശ്വാസം സംബന്ധിച്ച് തങ്ങളുടെ മനസ്സിൽ സംശയിക്കുന്നതായും, സഭയുടെ ആശ്രയിക്കാവുന്ന പ്രബോധകർക്കെതിരെ നിലകൊണ്ട്, എതിർപ്രബോധനങ്ങൾ പ്രചരിപ്പിച്ച് സാധാരണക്കാരുടെ മനസ്സിനെ ദുഷിപ്പിക്കുന്നതായും ഞങ്ങൾക്ക് റിപ്പോർട്ടു കിട്ടി. 'പാപം പ്രകൃതിയിൽ നട്ടിരിക്കുന്നതാണ്'' എന്ന് ചിലപ്പോഴൊക്കെ അവർ പറയുന്നു; ആദം ആദ്യം അമർത്യനായി സൃഷ്ടിക്കപ്പെട്ടെന്ന് അവരിൽ ചിലർ പറയുന്നു. പുത്രന്റെ ഇരു സ്വഭാവങ്ങളും പ്രസ്പഷ്ടമാക്കുന്നതും വിശ്വസനീയരായ പ്രബോധകർ രചിച്ചതുമായ ലുത്തിനിയാകളും ആത്മീയ സ്തുതിപ്പുകളും അവർ നീക്കിക്കളഞ്ഞു. തങ്ങളുടെ മനസ്സിൽ ഈ കാര്യങ്ങളോടൊന്നും യോജിപ്പില്ലാത്തവരെപ്പോലെയാണിവർ പ്രവർത്തി



ക്കുന്നത്. അംഗീകൃതനും ആശ്രയിക്കാവുന്നവനുമല്ലാനും ഭാഗ്യവാനുമായ തീയഡോറിന്റെ ആശ്രയിക്കാവുന്ന ഭാഷ്യങ്ങളും വ്യാഖ്യാനങ്ങളും അവർ തള്ളിക്കളയുന്നു. വെറുക്കത്തക്ക ഈ കാര്യങ്ങളെല്ലാം നാം നീക്കി നിരസിക്കുന്നതും അവയെ പൂർണമായി പുറത്തു തള്ളിക്കളയുന്നതും തിരുത്തൽ കൂടാതെ അവയിൽ നിലനിന്നവരെയെല്ലാം മുടക്കി ശപിച്ച് അകറ്റുന്നതും നമ്മുടെ പിതാവായ പാത്രിയർക്കീസിനും മെത്രാന്മാരായ ഞങ്ങൾക്കെല്ലാവർക്കും നല്ലതെന്നു തോന്നി. വിശ്വാസികളുടെ ആത്മാക്കളുടെ രക്ഷയും ക്രിസ്തുമതത്തിന്റെ ആദിയും അന്ത്യവുമായ ഉറപ്പുള്ള വിശ്വാസം നാം സ്ഥാപിച്ചുറപ്പിക്കണമെന്നും ഞങ്ങൾക്കു തോന്നി. ആരാധന ക്രമത്തിൽ എല്ലാ കാര്യങ്ങളും സഭയുടെ ആത്മീയ സേവനത്തിൽ നമ്മുടെ വിശുദ്ധ പിതാക്കന്മാർ നടപ്പാക്കിയതു പോലെയും അവർ തുടർന്നു പോലെയും ഈ പാത്രിയർക്കാസിംഹാസനത്തിന്റെ ഭരണത്തിൻ കീഴിലുള്ള പൗരസ്ത്യദേശത്തെ എല്ലാ പള്ളികളിലും ആശ്രമങ്ങളിലും വിശുദ്ധ വാസസ്ഥലങ്ങളിലും കൈമാറിത്തന്നതു പോലെയും മേലിലും നിലനിർത്തണം. കോക്കേയിലെ വലിയ പള്ളിയിൽ വച്ചാണ് അദ്ദേഹത്തെ ദൈവിക ഭരണത്തിൽ പ്രതിഷ്ഠിച്ച് ഉറപ്പിച്ചത്.

ഒരു വിശ്വാസവിവരണം എഴുതിയുണ്ടാക്കുന്നത് ഉചിതമാണെന്ന് കാതോലിക്കോസിനും എല്ലാ മെത്രാപ്പോലീത്താമാർക്കും ബിഷപ്പന്മാർക്കും തോന്നി. എല്ലാക്കാര്യങ്ങളും ശരിയായി ക്രമീകരിക്കുന്നതിന് ക്ഷതം കൂടാതെയും മാററം കൂടാതെയും കത്തോലിക്കാസഭയുടെ ഗ്രൈഹികവും വിശ്വസനീയവുമായ വിശ്വാസം എല്ലാ വിവേകത്തോടും കൂടെ സംരക്ഷിക്കുന്നതിനുള്ള ചുമതല ഞങ്ങൾക്കുണ്ട്. വിശുദ്ധ പ്രവാചകരുടെ പ്രവചനങ്ങളിലൂടെയും ഭാഗ്യവാൻമാരായ ശ്ലീഹന്മാരുടെ പ്രഘോഷണത്തിലൂടെയുമാണ് അത് പരസ്യമാക്കപ്പെട്ടത്. അത് വന്ദ്യരും വിശുദ്ധ മെത്രാന്മാരുമായി, നിഖ്യാപട്ടണത്തിൽ കൂടിയ നമ്മുടെ 318 പിതാക്കന്മാർ പരിശുദ്ധാത്മാവിന്റെ കർത്തൃഹിതമനുസരിച്ച് എഴുതിയ വിശ്വാസപ്രമാണം തന്നെയാണ്. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന വിശുദ്ധ ത്രിത്വത്തിന്റെ ഏക മഹനീയ സ്വഭാവത്തിലുള്ള

www.malankaralibrary.com



ഏററുപറച്ചിൽ അതു് കൃത്യമായും വ്യക്തമായും പഠിപ്പിക്കുന്നു. അതുപോലെ വചനമായ ദൈവത്തിന്റെ വ്യാപാരത്തിന്റെ മഹനീയ രഹസ്യം നമുക്കു വെളിപ്പെടുത്തുകയും കാണിച്ചു തരികയും ചെയ്യുന്നു. കാലാന്ത്യത്തിൽ നമ്മുടെ മനുഷ്യസ്വഭാവത്തിൽ അവിടുന്നു് പൂർത്തിയാക്കി പൂർണമാക്കിയതാണതു്. നിരവധി ദേവന്മാരെ അംഗീകരിക്കുന്ന പുറജാതികളെ അതു് കീഴടക്കുന്നു; ക്നോമാകളുടെ ത്രിത്വം അംഗീകരിക്കാത്ത യൂദന്മാരെ അതു് വിധിക്കുന്നു. വിശുദ്ധ പിതാക്കന്മാരുടെ കൃത്യമായ വ്യാഖ്യാനത്തോടുകൂടി അതു് അംഗീകരിച്ചുകൊണ്ടു് നമ്മുടെ ജീവദാതാവായ യേശുമിശിഹായുടെ ദൈവത്വവും മനുഷ്യത്വവും നിഷേധിക്കുന്ന എല്ലാ പാഷണ്ഡതകളെയും അതു് കുററംവിധിക്കുന്നു.

സത്യവിശ്വാസികളുടെ ഇടയിൽ മഹനീയനും ഭാഗ്യവാനും മൊപ്സുവെസ്ത്യാ പട്ടണത്തിലെ മെത്രാനും അന്ത്യോക്യക്കാരനും, ദൈവിക ഗ്രന്ഥങ്ങളുടെ വ്യാഖ്യാതാവുമായ തിയഡോർ വിശദീകരിച്ചതാണതു്. അതിനോടു് എല്ലാ പ്രദേശങ്ങളിലുമുള്ള സത്യവിശ്വാസികൾ യോജിച്ചിരിക്കുന്നു; ഇപ്പോഴും യോജിക്കുന്നു. അതുപോലെ തന്നെയാണു് നമ്മുടെ ഈ ശ്ലൈഹിക പാത്രിയർക്കൽ സിംഹാസനത്തിൽ ഭരിച്ച വന്ദ്യരായ പിതാക്കന്മാർ മുറുകെപിടിച്ചതു്. വിശുദ്ധ കന്യകയുടെ ഉദരത്തിൽവച്ചു് നിത്യവും അഭേദ്യവും അനശ്വരവും അഗ്രാഹ്യവും അവാച്യവുമായ ഐക്യത്തിൽ വചനമായ ദൈവം തന്നോടു് ഐക്യപ്പെടുത്തിയ ശ്രേഷ്ഠമായ ആലയത്തെ വെറുമൊരു മനുഷ്യനായി കരുതുകയോ, ദൈവപുത്രനിലുള്ള ഐക്യം സംബന്ധിച്ചു് കൂട്ടിക്കലർത്തലോ സംശ്ലേഷണമോ സമ്മിശ്രമോ വ്യാമിശ്രമോ, തന്റെ ദൈവത്വത്തിന്റെ മഹനീയ സ്വഭാവത്തിൽ സഹനമോ മരണമോ മനുഷ്യത്വത്തിന്റെ ഏതെങ്കിലും ബലഹീനതയോ അവതരിപ്പിക്കുകയോ ചെയ്തുകൊണ്ടു് നമ്മുടെ കർത്താവേശുമിശിഹായുടെ ദൈവത്വവും മനുഷ്യത്വവും നിഷേധിക്കുന്ന എല്ലാവരെയും ഞങ്ങൾ ശപിക്കുകയും കൂട്ടായ്മയിൽ നിന്നും അകററുകയും ചെയ്യുന്നു. അതുപോലെ ത്രിത്വത്തിൽ ചതുർത്വം അവതരിപ്പിക്കുന്നവരെയും, ദൈവപുത്രനായ ഏകക്രിസ്തുവിനെ രണ്ടു ക്രിസ്തുക്കൾ എന്നോ രണ്ടു പുത്രന്മാരെന്നോ വിളിക്കുന്നവരെയും



വചനമായ ദൈവം, തന്റെ മനുഷ്യത്വത്തിന്റെ ശരീരത്തിൽ നമ്മുടെ രക്ഷയുടെ പീഡാനുഭവം പൂർത്തിയാക്കി എന്നു പറയാത്തവരെയും ഞങ്ങൾ തള്ളിക്കളയുന്നു.

അവിടുന്നു ഉദരത്തിലും കുരിശിലും കഷ്ടപ്പാടിലും എന്നേക്കും അഭേദ്യമായി തന്റെ മനുഷ്യത്വത്തിലും മനുഷ്യത്വത്തോടുകൂടിയും മനുഷ്യത്വത്തിലേക്കും ആയിരുന്നു എങ്കിലും തന്റെ ദൈവത്വത്തിന്റെ മഹനീയസ്വഭാവം കഷ്ടപ്പാടുകളിലൊന്നും ഭാഗഭാക്കായില്ല. എങ്കിലും വിശുദ്ധ പിതാക്കന്മാരുടെ പാരമ്പര്യങ്ങളും ലിഖിതങ്ങളുടെ വാക്കുകളും അർത്ഥവും അനുസരിച്ചു് ഏകകർത്താവേശുമിശിഹായിൽ, ഏകജാതനായ ദൈവപുത്രനിൽ ഞങ്ങൾ ഉറപ്പായി വിശ്വസിക്കുന്നു. അവിടുന്നു് ലോകസ്ഥാപനത്തിനു മുൻപു് തന്റെ ദൈവത്വത്തിൽ മാതാവില്ലാതെ ആത്മീയമായി ജനിച്ചു; കാലാന്ത്യത്തിൽ പുരുഷസംസർഗം കൂടാതെ വിശുദ്ധ കന്യകയിൽ നിന്നു് പരിശുദ്ധാത്മാവിനാൽ ശാരീരികമായി ജനിച്ചു. അവിടുന്നു് തന്റെ നിത്യമായ ദൈവത്വത്തിലും മറിയത്തിൽ നിന്നുള്ള തന്റെ മനുഷ്യത്വത്തിലും ഏക സത്യദൈവപുത്രനാണു്. അവിടുന്നു് തന്റെ മനുഷ്യത്വത്തിൽ നമുക്കുവേണ്ടി സഹനവും മരണവും സ്വീകരിച്ചു. തന്റെ ദൈവത്വത്തിന്റെ ശക്തിയാൽ മൂന്നുദിവസങ്ങൾക്കുശേഷം അഴിവിനതീത ശരീരമായി അതിനെ എഴുന്നേൽപ്പിച്ചു. മരിച്ചവരിൽ നിന്നുള്ള ഉത്ഥാനവും സ്വർഗാരോഹണവും നവീനവും വ്യതിയാനരഹിതവും എന്നേക്കും നിലനിൽക്കുന്നതുമായ ലോകവും അവിടുന്നു് വാഗ്ദാനം ചെയ്തു.

അതുകൊണ്ടു് ഞങ്ങളും, ഞങ്ങൾക്കു ഭരമേല്പിക്കപ്പെട്ടിരിക്കുന്ന അജഗണം മുഴുവനും ഈ യഥാർത്ഥമായ ശ്ലൈഹിക വിശ്വാസം കാത്തുസൂക്ഷിക്കാൻ തീരുമാനിച്ചു. ഈ സത്യവിശ്വാസപ്രമാണം അംഗീകരിക്കാതെ സ്വയം വേർപെടാൻ മുതിരുന്നവർ തിരുത്താൻ സമ്മതിച്ചു് സഭയുടെ ഈ സത്യവിശ്വാസം അംഗീകരിക്കുന്നതുവരെ ക്രിസ്ത്യാനികളുമായുള്ള എല്ലാ കൂട്ടായ്മയിൽ നിന്നും നിഷ്കാസിതരും, അപരിചിതരും ശപിക്കപ്പെട്ടവരുമായിരിക്കും.

www.malankaralibrary.com



അംഗീകൃതപ്രബോധകനും വ്യാഖ്യാതാവും ഭാഗ്യവാനുമായ മാർ തിയഡോറിന്റെ വ്യാഖ്യാനങ്ങളെയും, ഭാഷ്യങ്ങളെയും പ്രബോധനങ്ങളെയും തള്ളിക്കളയുകയും, അദ്ദേഹത്തിന്റെ കാലടികൾ പിൻതുടരുകയും അദ്ദേഹത്തിന്റെ പ്രബോധനങ്ങൾ ഉറപ്പിക്കുകയും നമ്മുടെ ഈ പൗരസ്ത്യദേശത്ത് തെററുകൂടാതെ യഥാർത്ഥവും കൃത്യവുമായ സത്യവിശ്വാസം പകർന്നുകൊടുക്കുകയും ചെയ്തവരും കലാലയങ്ങളിലെ ഗുരുക്കന്മാരുമായ എല്ലാ സത്യപ്രബോധകരുടെയും സത്യവും കൃത്യവുമായ പ്രബോധനത്തിനെതിരായി ഉയരുകയും ചെയ്തിട്ട് ദൈവദൂഷണവും വ്യർത്ഥകാര്യങ്ങളും നിറഞ്ഞ വൈദേശികവും നവീനവുമായ ഭാഷ്യങ്ങൾ അവതരിപ്പിക്കാൻ ആരെങ്കിലും ശ്രമിച്ചാൽ അയാളെയും ഞങ്ങൾ പുറത്താക്കുകയും ശപിക്കുകയും ചെയ്യുന്നു.

വീണ്ടും, പാപം പ്രകൃതിയിൽ നട്ടിരിക്കുകയാണെന്നും ആരും സ്വന്ത തെരഞ്ഞെടുപ്പുവഴിയല്ല പാപം ചെയ്യുന്നതെന്നും, ആദത്തിന്റെ പ്രകൃതി അമർത്യമായിട്ടാണ് ആദ്യം സൃഷ്ടിക്കപ്പെട്ടതെന്നും ആരെങ്കിലും പറയുകയോ, അതിനോടു യോജിക്കുകയോ ചെയ്താൽ അയാളെ ഞങ്ങൾ മുടക്കി ഞങ്ങളുടെ കൂട്ടായ്മയിൽ നിന്ന് അന്യനാക്കുന്നു.

സന്യാസത്തിന്റെ പേരിൽ ഒന്നിച്ചുതാമസിക്കുന്ന ''സഹോദരന്മാരോ'', 'സഹോദരിമാരോ', സന്യാസത്തിന്റെ പേരിൽ സ്ത്രീകളെ കൂടെ താമസിപ്പിക്കുന്ന പുരുന്മാരോ, നമ്മുടെ ഭരണാധികാരത്തിൽ കീഴിലുണ്ടെങ്കിൽ അവർ പുരുഷന്മാരായാലും സ്ത്രീകളായാലും അത്തരക്കാരെ ഞങ്ങൾ പ്രബോധിപ്പിക്കുകയും തിരുത്തുകയും ചെയ്യുന്നു; അവർ തർക്കിക്കുകയും അനുസരിക്കാതിരിക്കുകയും ചെയ്താൽ അവർ തിരുത്തുന്നതുവരെ നമ്മുടെ അജഗണത്തിൽനിന്ന് അവരെ മുടക്കുകയും, സഭയിൽ നിന്നും വിശുദ്ധ രഹസ്യങ്ങളിൽ നിന്നും അകററുകയും ചെയ്യുന്നു.

പുത്രന്റെ ഇരുസ്വഭാവങ്ങളും വ്യക്തമായി അംഗീകരിക്കുന്നവയായ ''നാമെല്ലാവരും ഭയത്തോടും...'' എന്നു തുടങ്ങുന്ന ബലിപീഠത്തിന്റെ ലുത്തിനിയായും, 'നല്ലവനു സ്തുതി...'', ''മിശിഹായുടെ ദനഹായുടെ പ്രകാശം...'' എന്നീ സ്തുതിപ്പുകളും ഉപേക്ഷിക്കുന്ന ചിലർ ഉണ്ടെന്നു കേൾക്കാനിടയായി.



ഏതെങ്കിലും മെത്രാന്റെ ഭരണാധികാരത്തിൻ കീഴിലുള്ള പള്ളികളിലോ, ആശ്രമങ്ങളിലോ, മുനിയറകളിലോ, കോക്കേ കത്തീഡ്രലിലും പൗരസ്ത്യദേശത്തെ എല്ലാ പള്ളികളിലും സത്യവിശ്വാസികളായ മെത്രാന്മാർ കാനോനികമായും നൈയാമികമായും നടത്തുന്നതുപോലെ നടത്താതെ കാനോനാകളെ അവഗണിക്കുന്ന ഗ്രാമീണവൈദികരോ, സന്യാസികളോ, ആശ്രമാധ്യക്ഷന്മാരോ ഉണ്ടെങ്കിൽ, അവരെ പ്രയോജന പ്രദവും മാതൃകാപരവുമായ രീതിയിൽ ഞങ്ങൾ താക്കീതു ചെയ്യുന്നു. അവരതംഗീകരിക്കുകയും തിരുത്തുകയും കാനോനകൾ അനുസരിച്ച് കോക്കേ കത്തീഡ്രലിലെപോലെ അനുഷ്ഠിക്കുകയും ചെയ്താൽ അവരുടെ നന്മയ്ക്കും നമ്മുടെ സന്തുഷ്ടിക്കും അതു വളരെ സഹായകമായിരിക്കും. എന്നാൽ ആരെങ്കിലും മറുതലിച്ച് എതിർത്തു നിന്നാൽ ഞങ്ങൾ അവരെ സഭയിൽ നിന്ന് മുടക്കുകയും വിശുദ്ധ രഹസ്യങ്ങൾ സ്വീകരിക്കുന്നതിൽ നിന്നു നിരോധിക്കുകയും മാനസാന്തരപ്പെടുന്നതുവരെ എല്ലാ സഭാ കൂട്ടായ്മകളിൽ നിന്നും അന്യരാക്കുകയും ചെയ്യുന്നു.

ഈ കാര്യങ്ങളിലേതെങ്കിലും അവഗണിക്കുകയോ നിരസിക്കുകയോ ചെയ്യുന്നവരെയും, ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ പൂർണമാക്കുകയും പൂർത്തിയാക്കുകയും ചെയ്യുന്നതുവരെ, അവരോടുകൂടി എല്ലാ പൗരോഹിത്യ പട്ടങ്ങളിൽ നിന്നും ഗണങ്ങളിൽ നിന്നും, സഭയിൽ നിന്നും വിശുദ്ധ രഹസ്യങ്ങളിൽ നിന്നും മുടക്കുന്നു. മറിച്ചുചെയ്യാൻ 'ദൈവവചനത്താൽ' നമ്മിലാർക്കും അനുവാദമില്ല.

വിവിധ സ്ഥലങ്ങളിൽ നിന്ന് സന്നിഹിതരായിരുന്ന മെത്രാപ്പോലീത്താമാരും ബിഷപ്പന്മാരുമായി യോഗത്തിലുള്ള ഞങ്ങളെല്ലാവരും, നിർബന്ധമോ, പരപ്രേരണയോ കൂടാതെ പരസ്പരം ആലോചിച്ച് സദുദ്ദേശത്തോടുകൂടി ഞങ്ങളുടെ മുദ്രകൊണ്ടും ഒപ്പുകൊണ്ടും ഇതിനെ ഉറപ്പിച്ച് മുദ്രവയ്ക്കുന്നു; അതുപോലെ ഇതിനെ തന്റെ മുദ്രയാൽ ഉറപ്പിച്ച്, അംഗീകരിക്കണമെന്നും ഇതംഗീകരിക്കുന്നവരെയെല്ലാം അനുഗ്രഹിക്കണമെന്നും ഏതെങ്കിലും തരത്തിൽ ഇതിനെ എതിർക്കുന്നവരെ ശപിക്കണമെന്നും വന്ദ്യനും, പിതാക്കന്മാരുടെ

www.malankaralibrary.com



തലവനും, ശ്രേഷ്ഠപിതാവും പരിശുദ്ധനുമായ കാതോലിക്കോസ്-പാത്രിയക്കീസ് മാർ സാബാറീശോയോട് ഞങ്ങൾ അഭ്യർത്ഥിച്ചു.

ഞങ്ങളോടൊപ്പം ഈ കൗൺസിലിൽ സന്നിഹിതരാകാൻ ചില അത്യാവശ്യകാരണങ്ങൾ കൊണ്ട് കഴിയാതെ പോയ ഞങ്ങളുടെ സഹോദര മെത്രാപ്പോലീത്താമാർക്കും ബിഷപ്പന്മാർക്കും ഇതിന്റെ കോപ്പികൾ ഞങ്ങൾ അയച്ചുകൊടുത്തു. അവരും ഈ കാര്യങ്ങൾ ശ്രദ്ധാപൂർവം അവരുടെ രൂപതകളിലും അജഗണത്തിന്റെ ഇടയിലും നടപ്പാക്കി ഇതംഗീകരിച്ച് മുദ്രവയ്ക്കട്ടെ. പിതാക്കന്മാരുടെ പിതാവും ഒന്നിച്ചുകൂടിയിരിക്കുന്ന മററ് മെത്രാപ്പോലീത്താമാരും ബിഷപ്പന്മാരും കൂടി ദൈവഹിതാനുസൃതം കല്പിച്ച് നടപ്പാക്കിയവയെ എതിർക്കാൻ അവർ ആരെങ്കിലും മുതിർന്നാൽ, അവരെ ശപിച്ച്, അന്യരാക്കി, മുകളിൽ എഴുതിയവയെല്ലാം അംഗീകരിച്ചുറപ്പിക്കുന്നതുവരെ, എല്ലാ സഭാക്കൂട്ടായ്മകളിൽ നിന്നും മുടക്കണം.

## ബർ കൈതായ് എന്നു വിളിക്കപ്പെടുന്ന ഏകാന്തവാസ സഹോദരരുടെ ധാരണയും ഉടമ്പടിയും

രാജാക്കന്മാരുടെ രാജാവും കരുണ നിറഞ്ഞ നാഥനും എന്നേക്കും കർത്താവും വിജയശ്രീലാളിതനും സ്വർഗീയ സഹായത്താൽ സംരക്ഷിതനും ആയ ഖുസ്രോയുടെ വാഴ്ചയുടെ എട്ടാം വർഷം ആദാർ മാസത്തിൽ; നമ്മുടെ ഭാഗ്യവാനും വിശുദ്ധനുമായ പിതാവും വന്ദ്യനും ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവനും കാതോലിക്കോസ് — പാത്രിയർക്കീസും ആയ മാർ സാബാറീശോയുടെ ഭരണകാലത്ത്; ആശ്രമാധ്യക്ഷന്മാരായ ബ്രീക്കീശോ, ആബാ എന്നിവരുടെ നാമത്തിലും അവരുടെ കൂടെയുള്ള സമൂഹം മുഴുവന്റെയും നാമത്തിലും; വൈദികരായ ആബോൻ, മത്തായി, യസ്ദാദ്, ഡീക്കന്മാരായ യോനാൻ, മാർ ആബാ, സാബാറീശോ, യോഹന്നാൻ, യോഹന്നാൻ, സന്യാസികളായ അബ്രഹാം, പത്രോസ്, പുതിയ ആശ്രമം,



ബർ കൈതായ് ആശ്രമം എന്നിവിടങ്ങളിലെയും ആശ്രമത്തിനു ചുററുമുള്ള സ്ഥലങ്ങളിലെയും സഹോദരന്മാരായ ഞങ്ങൾ ഇതു എഴുതിയുണ്ടാക്കുകയും ഉറപ്പിക്കുകയും ചെയ്യുന്നു.

ബുദ്ധിജീവികൾ സ്വതന്ത്രബുദ്ധിയാലാണ് നയിക്കപ്പെടേണ്ടത്. സൃഷ്ടിയിൽ പൊതുവായും നിയമംവഴി പ്രത്യേകമായും പ്രകൃതിനാഥൻ കൃപയാൽ ഇത് അവർക്കു നൽകിയിരിക്കുന്നു. വചനം ശ്രവിക്കുന്നവൻ മാത്രമാകാതെ പ്രവർത്തിക്കുന്നവനാകുവാൻ തന്റെ സ്വന്ത ഇഷ്ടമനുസരിച്ച് തീരുമാനിക്കുന്നവനെ സംബന്ധിച്ച് ഇത് ഏററെ ശരിയാണ്: ''നിയമം കേൾക്കുന്നവരല്ല, അനുസരിക്കുന്നവരാണ് ദൈവസന്നിധിയിൽ നീതീകരിക്കപ്പെടുന്നത് എന്ന് എഴുതപ്പെട്ടിരിക്കുന്നു'' (റോമ. 2:13). തന്റെ സ്രഷ്ടാവിന്റെ ഹിതാനുസൃതം എല്ലാം ചെയ്തു പൂർത്തിയാക്കുവോനും, സൃഷ്ടിക്കുന്നതിനു മുൻപുതന്നെ എല്ലാം അറിഞ്ഞ നാഥന്റെ വാക്കുകൾക്കനുസൃതമായി ജീവന്റെയും പ്രകാശത്തിന്റെയും നാട്ടിലേക്കു നയിക്കുന്ന പാത വിവേകപൂർവം മനസ്സിലാക്കുകയും ബുദ്ധിപൂർവം പരിഗണിക്കുകയും ചെയ്യുക എന്നത് തിരിച്ചറിയലിന്റെ ലക്ഷണമാണ്. അവിടുന്ന് അരുൾചെയ്തു: ''നിയമത്തിന്റെ പൂർത്തീകരണവും കല്പനകളുടെ പൂർണതയും ഇതാണ്: ആത്മാർത്ഥമായുള്ള ദൈവസ്നേഹം; ശുദ്ധമായ മനസ്സോടുകൂടെയുള്ള മനുഷ്യസ്നേഹം'' (മത്താ. 22:40). ഈ മാററമില്ലാത്ത പരിധികളിൽ ഒതുങ്ങാത്തവനും അടയ്ക്കപ്പെടാത്തവനുമായി നേരാംവണ്ണം ജീവിക്കുന്ന ബൗദ്ധിക ജീവികളിൽ ആരും തന്നെയില്ല. തങ്ങളുടെ ജീവിതരീതിയിൽ മററുള്ളവരെക്കാൾ കൂടുതലായി പുണ്യപൂർണ്ണതയ്ക്കായി ആഗ്രഹിക്കുകയും ബാഹ്യമായി അത് പ്രഖ്യാപിക്കുകയും ചെയ്യുന്നവരെ സംബന്ധിച്ച് ഇത് ഏററെ വാസ്തവമാണ്. കാരണം, നന്നായി ജീവിക്കുന്നവരെ വഴിതെററിക്കാനായി ആദ്യശത്രുവും നമ്മുടെ പ്രകൃതിയുടെ എതിരാളിയുമായ പിശാച് കിണഞ്ഞു പരിശ്രമിക്കുന്നു. നവശിഷ്യരെയും പ്രബോധനത്തിന്റെ ആദ്യഘട്ടത്തിലുള്ളവരെയും മാത്രമല്ല അവൻ വഴിതെററിക്കാൻ ഉദ്യമിക്കുന്നത്. അവർ അവരുടെ ദൈവികചിന്ത അവസാനിപ്പിച്ച് പ്രത്യാശ നശിക്കാൻ അവരെ അവൻ പ്രേരിപ്പിക്കുന്നു. അങ്ങനെ അവർ

www.malankaralibrary.com



ലജ്ജിതാരാകുകയും നാശത്തിൽ കലാശിക്കുകയും ചെയ്യുന്നു. കാരണം പിശാചിന്റെ സന്തോഷം ഇതിലാണടങ്ങിയിരിക്കുന്നത്. ആധ്യാത്മിക ജീവിതത്തിൽ മുന്നേറിയവരെയും നശിപ്പിക്കാൻ അവൻ ശ്രമിക്കുന്നു. കർതൃവചനാനുസൃതം, സത്യനാമത്തിൽ അടിസ്ഥാനമുറപ്പിച്ചവരെ അകത്തുള്ളവരുടെ വഞ്ചനമൂലവും പുറത്തുള്ളവരുടെ ആരവാരം നിമിത്തവും വീഴിക്കാൻ അവൻ തന്ത്രങ്ങളൊരുക്കുന്നു. അവർക്കെതിരെ പിശാച് ഒരുക്കുന്ന കെണികൾ വഴി, അതായത്, മുറുമുറുപ്പിലൂടെ, പരദൂഷണത്തിലൂടെ, ഇടർച്ച വരുത്തുന്ന ചെയ്തികളിലൂടെ, അവർ അവരുടെ ജീവിത രീതിയിൽ നിന്നു വിട്ട് മാനസ്സിക ധിക്കാരത്തിനു വിധേയരായി അവരുടെ ജീവിതം ഉപേക്ഷിക്കാൻ അവൻ പ്രേരിപ്പിക്കുന്നു.

ധിക്കാരം നിറഞ്ഞ ഈ കാലത്ത് നാമും നമ്മുടെ പാപത്തിൽ ആണ്. തന്റെ ഹിതം നിറവേറ്റുന്നവരിലൂടെ നമ്മുടെ സമൂഹങ്ങളോട് അതുപോലെ പ്രവർത്തിക്കാൻ അവിടുന്നു തിരുമനസ്സായി. എന്നാൽ തന്റെ തിരുഹിതാനുസൃതം എല്ലാം പ്രവത്തിക്കുന്നവൻ താൻ മനഞ്ഞുണ്ടാക്കിയതിനെ അവഗണിച്ചില്ല; പിന്നെയോ തന്റെ കരുണയാൽ തന്റെ പരിശുദ്ധിയുടെ ഉന്നതത്തിൽ നിന്നു്, അവരുടെ തന്ത്രങ്ങൾമൂലം നാം താണുപോയ അഗാധകുഴിയിൽ നിന്നു് നമ്മെ കോരിയെടുത്തു. നല്ലവനും കരുണാനിധിയും വിജയശ്രീലാളിതനും രാജാക്കന്മാരുടെ രാജാവും എന്നേക്കും കർത്താവുമായ ഖുസ്രൊ രാജാവിന്റെ മനസ്സു നാം ചോദിച്ചതിലും വിചാരിച്ചതിലും ഉപരിയായി അവിടുന്നു് തുറന്നു. അങ്ങനെ തന്റെ ദൈവത്വത്തിന്റെ ഹിതാനുസൃതം രാജാവ് സ്പഷ്ടമായി നമ്മുടെ സമൂഹത്തെപ്പറ്റി ഒരു കല്പന നൽകുവാൻ ദൈവം ഇടയാക്കി. അങ്ങനെ മുകളിൽ നിശ്ചയിച്ച സമയം മുതൽ നമ്മുടെ സമൂഹം നമ്മുടെ വന്ദ്യനും ശ്രേഷ്ഠനും കാതോലിക്കോസ് പാത്രിയർക്കീസുമായ മാർ സാബാറിശോയുടെയും, അരാമ്യൻ നഗരങ്ങളായ സെലൂഷ്യാ-സ്റ്റെസിഫണിലെ പാത്രിയാർക്കൽ സിംഹാസനത്തിന്റെയും ഭരണത്തിൻ കീഴിലായിരിക്കണമെന്നു നിശ്ചയിക്കപ്പെട്ടു. അതുപോലെ അദ്ദേഹത്തിന്റെയും അദ്ദേഹത്തിന്റെ പിൻഗാമികളുടെയും നിയമങ്ങളും കല്പനകളും അനു



സരിച്ച് വ്യാപരിക്കണമെന്നും അദ്ദേഹം കല്പിച്ചു. ഞങ്ങളും ഞങ്ങൾക്കു പിറകേ ഈ ആശ്രമത്തിൽ ജീവിക്കുവാനിരിക്കുന്നവരും ഈ സിംഹാസനത്തിനു വിധേയരായിരിക്കും. ഞങ്ങളും ഞങ്ങളെപ്പോലെ ഞങ്ങളോടുകൂടി ഞങ്ങളെ അയച്ച എല്ലാ സമൂഹങ്ങളും ഇതിനു സമ്മതിക്കുന്നു.

എല്ലാററിനും മുൻപ്, സംശയം കൂടാതെ സത്യവിശ്വാസം ഇപ്പോൾ വരെ മുറുകെപ്പിടിച്ചതുപോലെയും കാത്തുസൂക്ഷിച്ചതുപോലെയും ഇപ്പോഴും എന്നേക്കും ഞങ്ങൾ ഞങ്ങളുടെ ആത്മാക്കളിലും ഞങ്ങളുടെ മനസ്സിലും, പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന മഹനീയവും ആരാധ്യവുമായ ത്രിത്വത്തിലുള്ള സത്യവിശ്വാസം മുറുകെപ്പിടിക്കുന്നു. എഴുതപ്പെട്ടിരിക്കുന്നതുപോലെ, ദാവീദിന്റെ വംശത്തിൽ നിന്നു് ജീവദാതാവായ നമ്മുടെ കർത്താവായ യേശുമിശിഹാ നമ്മുടെ മനുഷ്യത്വത്തിന്റെ ആദ്യഫലത്തെ സ്വീകരിച്ചു എന്ന് പൂർണമായി ഞങ്ങൾ അംഗീകരിക്കുന്നു. പിതാവായ ദൈവത്തിൽ നിന്നുള്ള ദൈവമായ, ഏകജാതനായ പുത്രനുമായുള്ള അഭേദ്യവും പൂർണവുമായ ഐക്യം അതിന് ഉണ്ടായി എന്നു ഞങ്ങൾ അംഗീകരിക്കുന്നു; പിതാക്കന്മാരുടെ ഭാഗ്യപ്പെട്ട സമൂഹം മുഴുവനോടും ഇക്കാര്യങ്ങളിൽ ഞങ്ങൾ യോജിക്കുന്നു; മേൽപറഞ്ഞ പാത്രിയാക്കൽ സിംഹാസനത്തിനു വിധേയമായിരിക്കുന്ന പൗരസ്ത്യദേശത്തുള്ള സഭ മുഴുവനും ഇതോടു യോജിക്കുന്നു. അവരുടെ വിശ്വാസത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു; വിശുദ്ധലിഖിതത്തെ ധ്യാനിക്കാൻ ഞങ്ങൾ ശ്രമിക്കുന്നു; അതുപോലെ സത്യപ്രബോധകരും പൗരസ്ത്യദേശത്ത് ഈ പാത്രിയാർക്കൽ സിംഹാസനത്തിനു വിധേയരായിട്ടുള്ളവരെല്ലാം സ്വീകരിച്ച് അംഗീകരിക്കുന്നവരും നമ്മുടെ വിശുദ്ധ പിതാക്കന്മാരുമായ ഭാഗ്യവാനായ മാർ തിയഡോറിന്റെയും അദ്ദേഹത്തിന്റെ എല്ലാ സഹപ്രവത്തകരുടെയും കൃതികളും ഭാഷ്യങ്ങളും പ്രബോധനങ്ങളും ഞങ്ങൾ സ്വീകരിക്കുന്നു. അതോടുകൂടി, നാം ജീവിക്കുന്ന ഈ ജീവിത രീതിയിൽ പരിപൂർണരും ബഹുമാന്യരും ശ്രേഷ്ഠരുമായിത്തീർന്ന എല്ലാ പിതാക്കന്മാരെയും ഈജിപ്തിലെ പിതാക്കന്മാരെയും ഞങ്ങൾ അംഗീകരിക്കുന്നു. ഞങ്ങൾ ഞങ്ങളുടെ കഴിവനുസരിച്ച്, രാവിലെയും വൈകിട്ടു

www.malankaralibrary.com



മുള്ള പ്രാർത്ഥനാശുശ്രൂഷകളിലും രാപകലുള്ള യാമപ്രാർത്ഥനകളിലും ദാവീദിന്റെ സങ്കീർത്തനങ്ങൾ ആലപിക്കുന്നതിലും മുമ്പെന്നപോലെ ഇപ്പോഴും ഭാവിയിലും ഇടതടവില്ലാതെ തുടരുന്നതാണ്.

ഞങ്ങളുടെ ക്രമമനുസരിച്ചും ഞങ്ങളുടെ വാഗ്ദാനരീതി ആവശ്യപ്പെടുന്നതനുസരിച്ചും നിർമ്മലവും വിശുദ്ധവുമായ ഉപവാസത്തിലും ഞങ്ങൾ നിഷ്ഠയുള്ളവരായിരിക്കും; അതുപോലെ ഞങ്ങളുടെ അധ്യക്ഷന്മാരായി പരിശുദ്ധ പാത്രിയർക്കീസ് നിയമിച്ചിട്ടുള്ളവരുടെ കല്പന കൂടാതെ, അനാവശ്യമായി ഞങ്ങളുടെ മുറികളിൽ നിന്നും താമസസ്ഥലങ്ങളിൽ നിന്നും മാറി മറ്റൊരിടത്തേക്ക് പോകാതിരിക്കാനും ഞങ്ങൾ കരുതലുള്ളവരായിരിക്കും. ഞങ്ങളുടെ അധ്യക്ഷന്മാർ സന്ദർശകരായി നിയമിച്ച് അയച്ചിട്ടുള്ളവരൊഴികെ, ഞങ്ങൾക്കാർക്കും ഗ്രാമങ്ങളിലും നഗരങ്ങളിലും ഏകാന്തവാസികളായി മുറികളിൽ താമസിച്ചിട്ടില്ലാത്തവരും കൂട്ടജീവിതക്കാരുമായ താപസരുടെ വാസഗേഹങ്ങളിലും പോകാൻ അനുവാദമില്ല. നമ്മുടെ രക്ഷകന്റെ പ്രഖ്യാപനമനുസരിച്ച്, ഞങ്ങളുടെ കടങ്ങളുടെ പരിഹാരത്തിനും പാപങ്ങളുടെ മോചനത്തിനുമായി ഞങ്ങൾ എല്ലാ ദിവസവും വിശുദ്ധ രഹസ്യങ്ങൾ അനുഷ്ഠിച്ച് പൂർത്തിയാക്കി സ്വീകരിക്കുന്നു. ഞായറാഴ്ചകളിലും വിശുദ്ധ പെരുന്നാളുകളിലും ഞങ്ങളെല്ലാവരും വാസസ്ഥലത്ത് ഒന്നിച്ചുകൂടി ദിവ്യശുശ്രൂഷയും തിരുലിഖിത വായനയും നടത്തുന്നു. സഭാക്രമമനുസരിച്ച് ദിവ്യരഹസ്യങ്ങളിൽ പങ്കെടുക്കുന്നതിൽ ഞങ്ങൾ ആനന്ദം അനുഭവിക്കുന്നു. പിന്നീട് ഞങ്ങൾ ഞങ്ങളുടെ മുറികളിലേക്ക് തിരിച്ചുപോയി പൂർണഹൃദയത്തോടും പൂർണമനസ്സോടുംകൂടെ ഞങ്ങളുടെ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും ജീവിതരീതികൊണ്ടും എല്ലാവരുടെയും കർത്താവായ ദൈവത്തെ സ്തുതിക്കുന്നതിനും ഞങ്ങൾക്കും മറ്റുള്ളവർക്കും പ്രയോജനകരമായിത്തീരുന്നതിനും പരിശ്രമിക്കുന്നു.

സാത്താന്റെ പ്രവർത്തനത്താലോ, സ്വന്തം അജ്ഞതയാലോ, ഞങ്ങളിലാരെങ്കിലും ദൈവഭക്തിക്കോ സന്യാസത്തിനോ വിരുദ്ധമായി പ്രവർത്തിക്കുന്നതായി കണ്ടാൽ —അപ്രകാരം സംഭവിക്കാതിരിക്കട്ടെ.—അയാളെ ഞങ്ങൾ ധൃതിപ്പെട്ട്



എല്ലാ ശ്രദ്ധയോടും കൂടെ ഉപദേശിക്കും; ജീവദാതാവിന്റെ കല്പനാനുസൃതം സത്യപാതയിലേക്ക് അയാളെ ഞങ്ങൾ വീണ്ടെടുക്കും. ഇതു സംബന്ധിച്ച് ഞങ്ങൾക്കു ലഭിച്ചിരിക്കുന്ന കല്പനയിതാണ്. എന്നാലയാൾ തിരുത്താതിരുന്നാൽ, അയാളെ ഞങ്ങൾ അപരിചിതനായി കരുതി ഞങ്ങളുടെ സമൂഹത്തിൽ നിന്നും വാസസ്ഥലത്തു നിന്നും അന്യനാക്കും. കല്പനാനുസൃതം അയാളെ ചുങ്കക്കാരനെപ്പോലെയും വിജാതീയനെപ്പോലെയും പരിഗണിക്കും. ഞങ്ങളുടെ പക്കലെത്തുന്നവരെ ഞങ്ങൾ ബഹുമാനിക്കുകയും സ്വാഗതം ചെയ്യുകയും ചെയ്യുന്നു. പാത്രിയർക്കീസിനോട് ഞങ്ങൾ വാഗ്ദാനം ചെയ്തതുപോലെയും ഉടമ്പടി ഉണ്ടാക്കിയതുപോലെയും ബേർകൈതാ എന്നു വിളിക്കപ്പെടുന്ന വാസസ്ഥലം ഞങ്ങൾ പണിതു് പൂർത്തിയാക്കി വീണ്ടെടുക്കുന്നതാണ്. എല്ലാക്കാര്യങ്ങളിലും ദൈവത്തെ പ്രസാദിപ്പിക്കാൻ ഞങ്ങൾ പരിശ്രമിക്കുന്നു; ദൈവം അവ അംഗീകരിച്ച് ദൈവഭയത്തിൽ ജീവിക്കുന്നവർക്ക് പ്രയോജനകരമായിത്തീരട്ടെ. ദൈവസ്തുതിക്കായി മനുഷ്യരെ അതു് ഉത്തേജിപ്പിക്കുകയും ചെയ്യട്ടെ. ഞങ്ങളുടെമേലുള്ള ഒരു വിധിവാചകം കൂടി ചേർത്താണ് ഞങ്ങൾ ഇതു് ഉറപ്പിച്ചിരിക്കുന്നതു്: മുകളിൽ രേഖപ്പെടുത്തിയ കാര്യങ്ങളിൽ ഏതെങ്കിലും ഞങ്ങൾ ലംഘിക്കുകയോ പാത്രിയർക്കീസ് കല്പിക്കുന്നവയ്ക്കെതിരായി പ്രവർത്തിക്കുകയോ ചെയ്താൽ, സഭയിൽ നിന്നും വിശുദ്ധ രഹസ്യങ്ങളിൽ നിന്നും എല്ലാ സഭാകൂട്ടായ്മകളിൽ നിന്നും സംസർഗത്തിൽ നിന്നും ഞങ്ങളെ തിരുത്തി പാത്രിയർക്കീസ് തിരികെ സ്വീകരിക്കുന്നതുവരെ ദൈവ വചനത്താൽ ഞങ്ങൾ മുടക്കപ്പെട്ടവരായിരിക്കും. ഞങ്ങളുടെ ഒപ്പുകൊണ്ട് ഞങ്ങൾ ഇതിന് മുദ്രവയ്ക്കുന്നു. ദൈവസ്നേഹിതരും തെരഞ്ഞെടുക്കപ്പെട്ട മെത്രാന്മാരുമായ, ഷക്കാർഡ് മെത്രാൻ മാർ സൂറിൻ, ലാശോം മെത്രാൻ മാർ അഖിശ്മ, തഹാൽ മെത്രാൻ മാർ കാശാ, ശേനാ മെത്രാൻ മാർ മീലീസ് എന്നിവരോടും ഞങ്ങൾ അപേക്ഷിച്ചു; അവരും ഞങ്ങളുടെ മുദ്രകൊണ്ട് ഇവ ഉറപ്പിച്ചു.

www.malankaralibrary.com



## ബർ കൈതായ് എന്നു വിളിക്കപ്പെടുന്ന താമസ സ്ഥലങ്ങളിലെ സന്യാസികൾക്ക് മാർ സാബാറീശോ കാതോലിക്കോസിന്റെ കത്ത്.

യേശുമിശിഹായുടെ ദാസനും ശുശ്രൂഷകനുമായ ബലഹീനനായ മാർ സാബാറീശോ, സഭാധികാരത്താലും രാജകീയ കല്പനയാലും പൈതൃകവാത്സല്യത്താലും, ദൈവീക തീർത്ഥയാത്ര എന്ന ബഹുമാന്യവും കാമ്യവുമായ നാമം സ്വമേധയാ, തെരഞ്ഞെടുത്തു് തങ്ങളെത്തന്നെ വേർതിരിച്ചവർക്കു്, സങ്കടപൂർവം എഴുതുന്നതും കാരുണ്യപൂർവം തിരുത്തുന്നതും. ശിംഗാർ മലയ്ക്കുചുററും സ്ഥിതിചെയ്യുന്ന ആശ്രമങ്ങളിലെയും സന്യാസഗൃഹകളിലെയും അധ്യക്ഷന്മാരും പ്രെസ്ബിററർമാരുമായ ബ്രീക്കീശോ, ആബാ എന്നിവർ എഴുതിയ കാര്യങ്ങൾ അംഗീകരിച്ചവർ നിമിത്തം അദ്ദേഹം സന്തോഷിക്കുകയും സഭാസംബന്ധമായ യോജിപ്പിനെ നമ്മുടെ കർത്താവിൽ സ്വാഗതം ചെയ്യുകയും ചെയ്യുന്നു. അവരോടുകൂടെയും അവരെപ്പോലെയും ആത്മീയ ശുശ്രൂഷയിൽ അധ്വാനിക്കുന്ന എല്ലാ ക്രിസ്തീയ സഹോദരന്മാരോടും കൂടെ ഹൃദയം നിറഞ്ഞ ആശംസകൾ!

ആരംഭം മുതലേ കൊലപാതകിയായിരുന്നവൻ തന്റെ കൗശലത്തിനു ചേർന്ന രീതിയിലുള്ള ഉപകരണങ്ങൾ ഉപയോഗിച്ച് ദിവ്യമണവാളന്റെ തിരുരക്തത്താൽ രക്ഷിക്കപ്പെട്ട ദിവ്യമണവാട്ടിക്കെതിരെ പ്രചരിപ്പിക്കുകയും പ്രയോഗിക്കുകയും ചെയ്തുവ വിശുദ്ധ സഭയുടെ മഹനീയമായ പ്രവാചകഗ്രന്ഥങ്ങളിലും ശ്ലൈഹികഗ്രന്ഥങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്നു. ദുഷ്ടന്റെ പ്രതീകവും തിന്മപ്പെട്ടവന്റെ ഛായയുമായ ബാബിലോണിയക്കാർ കൊള്ളയടിച്ചുകൊണ്ട് ഭൂമിയിലെ വിശുദ്ധ ജറുസലേമിലൂടെ കടന്നു പോയതിനെപ്പററി ആരാണ് കൈപ്പോടെ കരയാത്തതും അതിയായി ദുഃഖിക്കാത്തതും! അവളുടെ പ്രിയംകരരും വത്സലരുമായ പൗരന്മാർ നഷ്ടപ്പെട്ടെന്നും, മിശിഹായുടെ പ്രതീകമായ പൗരോഹിത്യം ശൂന്യമായെന്നും, അവളുടെ ഉത്സവങ്ങളും പെരുന്നാളുകളും അമാവാസി



കളും ശാബത്തുകളും അവസാനിച്ചെന്നും, അവളുടെ ബലികളും അപ്പണങ്ങളും നിന്നുപോയെന്നും, വിശുദ്ധ ആലയത്തിൽ ദൈവികശുശ്രൂഷ ഇല്ലാതായെന്നും, വിശുദ്ധ ആലയത്തിനുള്ളിൽ വച്ച്പ്രവാചകരും പുരോഹിതരും വധിക്കപ്പെട്ടെന്നും അവളുടെ ഏററം വത്സലരായ സന്താനങ്ങളെ കല്ലിലടിച്ചെന്നും, കന്യകകളെ അവമാനിച്ചെന്നും ഗർഭിണികളുടെ ഉദരം വാൾ കൊണ്ട് കുത്തിപ്പിളർന്നെന്നും, "ബാബിലോണിയാക്കാരേ, മേലിൽ പണിയപ്പെടാത്തവണ്ണം ജറുസലേമിന്റെ അടിത്തറ ഇളക്കുവിൻ, പൊളിച്ചുമാററുവിൻ" (സങ്കീ. 137:7) എന്നു് കൈയടിച്ചും ഡാൻസു ചെയ്തുകൊണ്ടും അവരുടെ അയൽക്കാരും ബന്ധുക്കളും, മത്സരക്കാരനായ പിശാചിന്റെ രഹസ്യം വഹിക്കുന്നവരുമായ ഏദോമ്യർ ബാബിലോണിയാക്കാരോട് പറഞ്ഞെന്നും ഭാഗ്യവാനായ ജറമിയാ കണ്ടപ്പോൾ അവൻ തന്റെ മനോനയനങ്ങളുയർത്തി, വിശുദ്ധ വായ് തുറന്നു് ഇപ്രകാരം പ്രസ്താവിച്ചു; "ഞാൻ മലകളെ ദർശിച്ചു; അവ വിറച്ചു; ഉന്നതസ്ഥലങ്ങളോ നീങ്ങിപ്പോയി. ഞാൻ നോക്കി, ഇതാ, എല്ലാം പാഴായി" (ജറ. 4:24). അവൻ അവളെപ്രതി പ്രത്യേകിച്ച് ദിവ്യജ്ഞാനത്തിന്റെ പ്രതീകമായ പേടകം എടുത്തു കൊണ്ടുപോയതിനാൽ, വിലാപകാവ്യങ്ങളും ദുഃഖസൂചക കീർത്തനങ്ങളും രചിച്ചു. കേൾവിയില്ലാത്തതും സംസാരിക്കാത്തതുമായ സൃഷ്ടികളെ ആരാധിക്കുന്നവരും വഴിതെററിപ്പോകുന്നവരുമായ ജനതകളുടെ സാധാരണ വസ്തുക്കൾ പോലെ അതും അടിമത്തത്തിലേക്കാനയിക്കപ്പെട്ടു. അവൻ ആശ്ചര്യപൂർവ്വം പറഞ്ഞു: എന്റെ തലമുഴുവൻ ജലവും എന്റെ കണ്ണുകൾ കണ്ണീരിന്റെ ഉറവയും ആയിരുന്നെങ്കിൽ; എന്റെ ജനത്തിന്റെ പുത്രിയുടെ വലിയ തകർച്ചയെക്കുറിച്ചും ദൈവകല്പന നിന്ദിക്കപ്പെട്ടതിനെക്കുറിച്ചും കർതൃസാന്നിധ്യം അവളിൽ നിന്നെടുക്കപ്പെട്ടതിനെക്കുറിച്ചും പ്രവാചകദർശനം മറയ്ക്കപ്പെട്ടതിനെക്കുറിച്ചും സ്വർഗ്ഗീയ സ്വരങ്ങൾ നിർത്തലാക്കപ്പെട്ടതിനെക്കുറിച്ചും ദൈവികമായ ക്ഷമ വളരെ അകലത്തായതിനെക്കുറിച്ചും ഞാൻ ഇടവിടാതെ രാപകൽ കരഞ്ഞു. (ജറ. 9:1).

ഭൗതികവും കാലികവുമായ ആ കാര്യങ്ങളെപ്രതി അക്കാലത്തു് പ്രവാചകൻ കൈപ്പോടെ കരയുകയും ലോകത്തിൽ

www.malankaralibrary.com



നിന്ന് അവയുടെ ഓർമ്മ മാഞ്ഞുപോകാതിരിക്കാനും, എല്ലാവർക്കും പൊതുവായ ഒരു താക്കീതായിരിക്കാനും, എല്ലാവരും തിന്മയെ വിട്ടകലാനും നന്മയിലേക്ക് അടുത്തുവരാനും നല്ലതും പൂർണവുമായ എല്ലാക്കാര്യങ്ങൾക്കുമായി, കർത്താവായ ദൈവത്തിന്റെ ഉപയോഗാർത്ഥം വിശുദ്ധവും പാവനവുമായ ഉപകരണമായിത്തീരുവാനും വേണ്ടി വരാനിരിക്കുന്ന തലമുറകൾക്കും രാജ്യങ്ങൾക്കും ഗോത്രങ്ങൾക്കുമായി അവ എഴുതിവയ്ക്കുകയും ചെയ്യുവെങ്കിൽ നിത്യനായ ദൈവപുത്രന്റെ പാവനവും പരിശുദ്ധവുമായ അധരങ്ങളിൽ നിന്ന് കർതൃവചനങ്ങൾ ശ്രവിക്കുകയും പവിത്രീകരിക്കുന്നതും വിശുദ്ധവുമായ സ്നാനത്താൽ ശരീരത്തോടുകൂടി വിശുദ്ധീകരിക്കപ്പെടുകയും സ്വർഗ്ഗീയ രാജാവിന്റെ അവാച്യവും വിശുദ്ധവുമായ രഹസ്യങ്ങളിൽ സന്തുഷ്ടരാകുകയും ചെയ്യ അനശ്വരവും ശരീരരഹിതവുമായ ആത്മാവ് എത്രമാത്രം ഉച്ചത്തിൽ നിലവിളിക്കുകയും കൈപ്പോടെ കരയുകയും ചെയ്യേണ്ടതാണ്; മനുഷ്യകുലത്തോടുള്ള മഹാസ്നേഹത്താൽ സ്വർഗീയരാജാവ്, നമ്മുടെ രക്ഷയെ പ്രതി കഷ്ടതയും മരണത്തിനുമായി സ്വയം കയ്യാളിച്ചു. അവിടുന്ന് തന്റെ സുവിശേഷത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: ''ആരെങ്കിലും എന്നിൽ വിശ്വസിക്കുന്ന ഈ ചെറിയവരിൽ ഒരുത്തന് ഇടർച്ച വരുത്തിയാൽ, അവൻ ജനിക്കാതിരുന്നെങ്കിൽ അവനു നന്നായിരുന്നു''. വീണ്ടും, 'അവന്റെ കഴുത്തിൽ കഴുതയുടെ തിരികല്ല് കെട്ടി സമുദ്രത്തിന്റെ ആഴത്തിൽ എറിയപ്പെടുന്നതാണ് നല്ലത്' (മത്താ. 18 : 6).

വിജനപ്രദേശം വിശുദ്ധിയോ ദൈവമനുഷ്യരെയോ ഉല്ലാദിപ്പിക്കുന്നില്ല; മരുഭൂമി ദൈവിക വെളിപാടുകളിൽ സന്തോഷിക്കുന്നില്ല; വസ്തുവകകൾ ഉപേക്ഷിക്കുന്നതുകൊണ്ട് ആധ്യാത്മിക കാര്യങ്ങളിൽ ആർക്കും ഭാഗഭാഗിത്വം കിട്ടുന്നില്ല. ദൈവികമായ സംസർഗത്തിൽ ആത്മാവ് ശരീരവുമായി യോജിക്കുമ്പോഴേ വിജനപ്രദേശം വിശുദ്ധീകരിക്കുന്നുള്ളൂ; മനസ്സ് മത്തുപിടിച്ച മട്ടിൽ ദൈവികവ്യാപാരങ്ങളുമായി കൂടികഴിഞ്ഞിരുന്നാലെ മഹനീയ വെളിപാടുകൾക്ക് മരുഭൂമി യോഗ്യമാകൂ. ''ഞങ്ങൾക്കൊന്നുമില്ലെങ്കിലും എല്ലാം ഉള്ളവരെപ്പോലെയാണ്'' എന്ന ശ്ലൈഹിക വചനമനുസരിച്ച്



(1കൊറി. 6:10) സത്യമായും സ്വയം ദരിദ്രരാകുന്നവരെയാണ് ദാരിദ്ര്യം സമ്പന്നരാക്കുന്നത്. അപ്പോൾ ഏകാന്തത ആദരണീയമായിരിക്കും; സ്വയംനിഗ്രഹം ശ്രേഷ്ഠമായിരിക്കും. ഇളകിമറിയുന്നതും വ്യാമോഹിപ്പിക്കുന്നതുമായ ഈ ലോകത്തിന്റെ പോരാട്ടങ്ങളിൽ നിന്നുള്ള യഥാർത്ഥമായ വേർപാടിൽ ആരാണ് ആശ്ചര്യഭരിതരാകാത്തത്? എന്നാൽ എല്ലാററിലും വിജ്ഞാനിയും ഭാഗ്യവാനുമായ പൗലോസ് ഇപ്രകാരം സാക്ഷ്യപ്പെടുത്തി പറയുന്നു: ''താനർപ്പിക്കുന്നതിലൂടെ തന്നെ തന്നെ വിധിക്കാത്തവൻ ഭാഗ്യവാൻ'' (റോമ. 14:22). പ്രത്യേകിച്ച്, യൂദരുടെ മഹാപുരോഹിതനും ഭാഗ്യവാനുമായ ഓനിയാസിന്റെ വാക്കുകൾ അനുസ്മരിച്ചാൽ യഥാർത്ഥത്തിൽ ഇത് വാസ്തവമാണ്. പുറജാതിക്കാരനും വ്യഭിചാരിയും ദൈവത്തിന്റെ ആലയത്തിലെ നിക്ഷേപങ്ങൾ കവർച്ച ചെയ്യാൻ മുതിർന്നവനുമായ ഹെലിയൊദോറുസിന്റെ മഹാധികാരം സംബന്ധിച്ചുള്ള ദൈവിക വെളിപാടുകൾക്ക് അദ്ദേഹം അർഹനായിരുന്നു. അദ്ദേഹം അഗ്നികുതിരകളെ ദർശിച്ചു. അവ ശക്തിയായി തൊഴിച്ചുകൊണ്ട് അവരെ കുളമ്പിനടിയിലിട്ട് ചവുട്ടിഞെരിച്ചു. സ്വർണ്ണ ദണ്ഡുകൾകൊണ്ട് കഠിനമായി അവർ മർദ്ദിക്കപ്പെട്ടു. വീണ്ടും, അനീതിയും ദുഷ്ടതയും നിറഞ്ഞ വിശുദ്ധ നഗരത്തെ അവൻ ദർശിച്ചു. അപ്പോൾ അവൻ ഇപ്രകാരം പറഞ്ഞു: നിഷ്കളങ്കയും നിരുപദ്രവകാരിയുമായ മാടപ്രാവിന്റേതുപോലെ വേഗതയുള്ള ചിറകുകൾ എനിക്കുണ്ടായിരുന്നെങ്കിൽ! എങ്കിൽ കലഹത്തിന്റെയും ന്യായവിധിയുടെയും അധിപയും, പ്രവാചകരെ കൊല്ലുകയും നീതിമാന്മാരെ കല്ലെറിയുകയും ചെയ്യുന്ന ജറുസലേമിൽ നിന്ന് പറന്നുയർന്ന് വിജനസ്ഥലത്തെ ഇഷ്ടപ്പെടുന്ന പ്രാവിനെപ്പോലെ നിർജ്ജന മരുഭൂമിയിൽ ഞാൻ വസിക്കുമായിരുന്നു.

എഴുതപ്പെട്ടിരിക്കുന്നതുപോലെ സന്യാസികൾക്കും ഏകാന്തവാസികൾക്കുമെന്നതു പോലെ, എല്ലാ ജീവജാലങ്ങൾക്കും സ്വാഭാവിക നിയമങ്ങളും ആചാരങ്ങളുമുണ്ട്- വന്യമൃഗങ്ങൾക്കും വളർത്തുമൃഗങ്ങൾക്കും ആകാശപ്പറവകൾക്കുമുണ്ട്—പ്രവാചകാധരങ്ങളിൽ നിന്നു നാം ഗ്രഹിക്കുന്നതുപോലെ, ''കാള തന്റെ ഉടമസ്ഥനെ അറിയുന്നു; കഴുത തന്റെ

ഉടമസ്ഥന്റെ പുൽത്തൊട്ടിയും തൊഴുത്തും;'' ''മാടപ്രാവ് കൊററിയും മീവൽപക്ഷി അതിന്റെ വരവിന്റെ സമയവും പാലിക്കുന്നു'' (ജറ.8:7). അവ ഒരിക്കലും ഒന്നും മാററിമറിക്കുന്നില്ല. വിജ്ഞാനം തന്നെയായ നിർമ്മാതാവ് ബുദ്ധിപൂർവം നടപ്പാക്കിയിരിക്കുന്നതൊന്നും മാററുന്നില്ല. ''ഉറുമ്പിനെ അനുകരിച്ച് അതിന്റെ വഴികളിൽ നിന്നു പഠിക്കുക; അതുവിതയ്ക്കുന്നില്ല, കൊയ്യുന്നുമില്ല. വേനൽക്കാലത്തു് അതിന്റെ ആഹാരം തയ്യാറാകുന്നു; കൊയ്ത്തുകാലത്തു് അതു് ആഹാരം കരുതിവയ്ക്കുന്നു' എന്നു ജ്ഞാനി പറഞ്ഞതു പോലെയാണിതു് (സുഭാ.6:6.8). ദൈവികകാര്യങ്ങളുടെ യഥാർത്ഥജ്ഞാനം സ്വീകരിക്കുന്നവർ ജീവദായകമായ നിയമമില്ലാതെയും, പ്രയോജനപ്രദമായ കല്പനകൾ കൂടാതെയും കഴിയാതിരിക്കാൻ അവരെ ഉചിതമായും പ്രയോജനകരമായും പ്രബോധിപ്പിക്കുകയും ഉപദേശിക്കുകയും ചെയ്യുക എന്നതു് ബുദ്ധിയും വിവേകവും ഉള്ള മനുഷ്യരായ നമുക്കു് നല്ലതാണെന്ന് നമുക്കു തോന്നി. ''കർത്താവേ, നീ മാത്രം നിയമരഹിതനാകുന്നു'' എന്ന് പ്രവാചകാധരം പ്രഘോഷിച്ചതുപോലെ, ഒരുവൻ മാത്രമേ നിയമമില്ലാത്തവനായിട്ടുള്ളു. കാരണം, ഇളകിപ്പോകാതിരിക്കാൻ, ആകാശങ്ങൾക്ക് ഒരു നിയമമുണ്ട്; സൂര്യനും ചന്ദ്രനും നക്ഷത്രങ്ങൾക്കും അവയുടെ ചംക്രമണപഥങ്ങളുണ്ട്; ''ചന്ദ്രൻ സമയങ്ങളെ നിശ്ചയിക്കുന്നു; സൂര്യൻ തന്റെ ഉദയസമയമറിയുന്നു'' (സങ്കീ. 104:19). —കാററിനു് ഇളംകാററിന്റെ ചലനങ്ങളുണ്ട്; ഭൂമിക്ക്, വളരുന്ന വസ്തുക്കളുടെ ചലനമുണ്ട്; കടലിലെ മത്സ്യങ്ങൾക്കും ഇഴജന്തുക്കൾക്കും അവയുടെ നിയമങ്ങളും പതിവായ സഞ്ചാരപഥങ്ങളുമുണ്ട്. വിവരിക്കേണ്ടയാവശ്യമില്ലാത്ത ബാക്കിയെല്ലാററിനുമുണ്ട് നിയമങ്ങൾ.

മറിച്ചു പെരുമാറുന്ന ചില സഹോദരന്മാരുണ്ടെന്ന് വിശ്വസനീയരായ വ്യക്തികൾ ഞങ്ങളെ അറിയിച്ചിരിക്കുന്നു. തങ്ങളുടെ അധ്യക്ഷന്മാർക്കു വിധേയമായി കല്പനകൾ അനുസരിച്ച് ജീവിക്കാൻ അവർ കൂട്ടാക്കുന്നില്ല. തങ്ങൾക്കിഷ്ടമുള്ള പോലെ പ്രവർത്തിച്ച് തങ്ങളുടെ നിയമമനുസരിച്ച് വ്യാപരിക്കുന്നു. തങ്ങളുടെ മുറികളിൽ നിന്ന് മറെറാരിടത്തേക്ക് മാറുവാൻ ആഗ്രഹിക്കുമ്പോൾ, സമൂഹത്തിന്റെ അദ്ധ്യക്ഷന്റെ അറിവു കൂടാതെ



ഇറങ്ങിപ്പോയി തങ്ങൾക്കിഷ്ടമുള്ളിടത്തു് ചുററിക്കറങ്ങുന്നു. ഇതു ശരിയല്ല, ഇതു് സന്യാസികൾക്കും ഏകാന്തവാസികൾക്കും മാത്രമല്ല, ഈ ലോകത്തിൽ കഴിയുന്ന എല്ലാവർക്കും ബാധകമാണ്; കാരണം, ശിരസ്സ് ജീവൻ പകരുന്നില്ലെങ്കിൽ ശരീരത്തിനെങ്ങനെ ജീവിക്കാനാവും? ഇപ്പോൾ മരുഭൂമിയിലുള്ള മൂന്നു സമൂഹങ്ങളും —അതായതു്, പുതിയ ആശ്രമം, ബേത് കൈതായ് ആശ്രമം, ആ ആശ്രമത്തിന്റെ കീഴിലുള്ള സമൂഹം, അവിടെവന്ന് മലയിലോ, മരുഭൂമിയിലോ താമസിക്കുന്ന സഭയുടെ വിശ്വാസമുള്ള മററുള്ളവർ ഉണ്ടെങ്കിൽ അവയും ബ്രീക്കിശോയുടെയും ആബായുടെയും നേതൃത്വത്തിൻ കീഴിൽ വരണം എന്നുള്ളതാണ് ഈ കാര്യങ്ങൾ കേട്ടപ്പോൾ ഞങ്ങൾക്കു തോന്നിയതു്. അവർ അവിടെ അവരുടെ പാർപ്പിടങ്ങളിൽ പാർക്കുന്നിടത്തോളം കാലം അദ്ധ്യക്ഷന്റെ അറിവും കല്പനയും കൂടാതെ മറെറാരിടത്തേക്കു മാറിപ്പോകാനോ, ഗ്രാമങ്ങളിലേക്കോ പട്ടണങ്ങളിലേക്കോ പോകാനോ ആശംസകളും ആശീർവാദങ്ങളും അയയ്ക്കാനോ അനുവാദമില്ല. ''ഞങ്ങൾ പൗരസ്ത്യ സഭയുടെ പാത്രിയർക്കാസിംഹാസനത്തിൻ കീഴിലും പാത്രിയർക്കീസ് കരുണാപൂർവ്വം കല്പിക്കുന്നതിന്റെ കീഴിലും ആയിരുന്നുകൊള്ളാം; ഈ കല്പനയോട് ഞങ്ങളും യോജിക്കുകയും ഇതംഗീകരിക്കുകയും ചെയ്യുന്നു; ഇതു് ഇപ്രകാരമായിരിക്കണം എന്ന് നിശ്ചയിച്ചുമിരിക്കുന്നു'' എന്ന് രാജാക്കന്മാരുടെ രാജാവിന് നിങ്ങൾ ഉറപ്പുകൊടുത്തതാണല്ലോ. തദനുസരണം, അവിടത്തെ പ്രോവിൻസിലെയോ മററ് പ്രോവിൻസുകളിലെയോ മെത്രാപ്പോലീത്താമാർക്കോ മെത്രാന്മാർക്കോ ഈ രാജകീയവും പാത്രിയാർക്കലുമായ കല്പന ലംഘിക്കാൻ അനുവാദമില്ല. അതുപോലെ അനേകരുടെ അനുസരണയ്ക്കു് ഇളക്കവും കലക്കവും ഉണ്ടാക്കിയ ആ ദുഷിച്ച മനുഷ്യർക്കും അനുവാദമില്ല.

എന്നാൽ മെത്രാന്മാരോടും ആർച്ചുബിഷപ്പുമാരോടും വിശ്വാസികളോടും പുറത്തുള്ളവരോടും ഞാൻ ഇപ്രകാരം പറയുന്നു: ഇക്കാലത്തിനു മുൻപ് സാത്താന്റെ സ്വാധീനത്താൽ സംഭവിച്ച കാര്യങ്ങളും കരുതലില്ലാത്ത മനുഷ്യർ നിങ്ങളുടെ ഇടയിൽ പറഞ്ഞ കാര്യങ്ങളും പോലെ ഒന്നും മേലിൽ നിങ്ങ

www.malankaralibrary.com



ളിൽ നിന്ന് കേൾക്കുവാനോ നിങ്ങളുടെ ഇടയിൽ സംഭവിക്കാനോ ഇടയാകരുത്; മറിച്ച് ദൈവത്തിനു പ്രീതികരമായവയും അകത്തും പുറത്തും ഉള്ള ശ്രോതാക്കൾക്ക് സന്തുഷ്ടി പ്രദാനം ചെയ്യുന്നവയും ആണ് ഉണ്ടാകേണ്ടത്. മറിച്ച്, മുകളിൽ റിപ്പോർട്ടു ചെയ്യപ്പെട്ടവപോലെയുള്ളവയാണ് സംഭവിക്കുന്നതെങ്കിൽ, മനുഷ്യരെക്കാൾ ദൈവത്തെ അനുസരിക്കുന്നതാണ് ഉചിതം. ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു: "പാപം ചെയ്യുന്നവരെ ശേഷമുള്ളവർ ഭയക്കുന്നതിനും പാപികളുടെ മാതൃകയെ സൂക്ഷിച്ചുകൊള്ളുന്നതിനുമായി, എല്ലാവരുടെയും മുൻപാകെ നീ കുററപ്പെടുത്തുക" (1 തിമോ 5:20). വീണ്ടും, ദുഷ്പ്രവർത്തകനു് അവൻ ചെയ്ത തെററിനനുസൃതം പ്രതിഫലം ലഭിക്കും; അവിടെ മുഖംനോട്ടമില്ല. നാം ഈ കാര്യങ്ങൾ ബുദ്ധിയുള്ളവരോടാണ് പറയുന്നത്: പ്രവാചകവചനം പറയുന്നതുപോലെ ആരിലും ആശ്രയമർപ്പിക്കാതിരിക്കുക: "മനുഷ്യരിൽ ആശ്രയം അർപ്പിക്കുകയും മനുഷ്യനെ തന്റെ ആയുധമായി കരുതുകയും ചെയ്യുന്നയാൾ ശപിക്കപ്പെടട്ടെ (ജറ. 17:5). എന്നാൽ പ്രശംസിക്കുന്നവൻ കർത്താവിൽ പ്രശംസിക്കട്ടെ" (1 കൊറി. 1:31). നിങ്ങൾ പാറയിൽ തട്ടി രണ്ടാമതും മുറിവേല്ക്കാതിരിക്കാൻ പാർശ്വങ്ങളിലേക്ക് തിരിയാതിരിക്കാൻ ശ്രദ്ധിക്കുക.

നമ്മുടെ കർത്താവ് തന്റെ സന്നിധിയിൽ നിന്നുള്ള സഹായത്താൽ നിങ്ങളെ കാത്തുപരിപാലിക്കുന്നതിനും, നിങ്ങൾ വിളിക്കപ്പെട്ട വിളിക്കനുസൃതമായി നിങ്ങൾ ജീവിക്കുന്നതിനും, എല്ലാ സദ്പ്രവൃത്തികളിലും തന്റെ കർതൃത്വത്തെ പ്രസാദിപ്പിക്കുന്നതിനും, ലോകം മുഴുവനിൽ നിന്നും നിങ്ങളുടെ സമൂഹത്തിൽ നിന്നും അകത്തുനിന്നും പുറത്തുനിന്നും ഉടലെടുക്കുന്ന വിഭജനങ്ങളും കലഹവും ഇടച്ചിലും ഇല്ലാതാകുന്നതിനും നിങ്ങളുടെയും നിങ്ങളുടെ പക്കലെത്തുന്നവരുടെയും ശിഷ്ടായുസ് മുഴുവൻ തന്റെ ദയയാൽ സമാധാനത്തിലും ശാന്തിയിലും നിങ്ങൾ ജീവിക്കുന്നതിനും ഞങ്ങൾ പ്രാർത്ഥിക്കുന്നു. എല്ലാ ക്രിസ്തീയ കൂട്ടായ്മകൾക്കും ഞങ്ങൾ സമാധാനം ആശംസിക്കുന്നു. ഞങ്ങളുടെ കൂടെയുള്ള മെത്രാന്മാരായ പിതാക്കന്മാർക്കും, ഞങ്ങളോടു കൂടെയുള്ള സഹോദരന്മാരും നിങ്ങൾക്ക്



ആശംസകൾ അയയ്ക്കുന്നു. കത്തോലിക്കാ സഭയുടെ സുസ്ഥിതിക്കും ലോകസമാധാനത്തിനും ഭൂലോകത്തിന്റെ സമാധാനത്തിനും, പ്രത്യേകിച്ച് രാജാക്കന്മാരുടെ രാജാവും നമ്മുടെ വന്ദ്യനും വിജയശ്രീലാളിതനും കരുണയുള്ള നാഥനുമായ ഖുസ്രോയുടെ പ്രയോജനപ്രദമായ ജീവിതത്തിനും ഐശ്വര്യത്തിനും വിജയത്തിനും വേണ്ടി ഞങ്ങളോടുകൂടി പ്രാർത്ഥിക്കുക. നമ്മുടെ കർത്താവായ ദൈവത്തിന്റെ തിരുഹിതാനുസൃതം അദ്ദേഹം ശാരീരികാരോഗ്യത്തിലും ആത്മാവിന്റെ നവീകരണത്തിലും തന്റെ എല്ലാ ആഗ്രഹങ്ങളിലും വിജയത്തിലും കാത്തു പരിപാലിക്കപ്പെടട്ടെ. നിങ്ങളെ സംരക്ഷിക്കാൻ ദൈവത്തോട് ഞങ്ങളപേക്ഷിക്കുന്നു. അവിടുത്തെ ശാന്തിയും സമാധാനവും നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ: ആമേൻ.

മാർ സാബാറീശോ കതോലിക്കോസ്— പാത്രിയാക്കീസിന്റെ സിനഡ് അവസാനിച്ചു.

www.malankaralibrary.com

# 12

# മാർ ഗ്രീഗറിയുടെ സിനഡ് (605)

വീണ്ടും, പാത്രിയർക്കീസ് ഗ്രീഗറിയും അദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പിനു വന്നെത്തിയ മെത്രാന്മാരുംകൂടി തയ്യാറാക്കിയ സിനഡിക്കൽ കാനോനകൾ.

സ്വർഗ്ഗീയ സഹായത്താൽ കാത്തു പരിപാലിക്കപ്പെട്ട് സംരക്ഷിക്കപ്പെടുന്നവനും ശക്തനും മനുഷ്യസ്നേഹിയും നല്ലവനും ദയാലുവുമായ നാഥനും രാജാക്കന്മാരുടെ രാജാവുമായ ഖുസ്രായുടെ പതിനഞ്ചാം വർഷത്തിൽ, നീസാൻമാസത്തിൽ; കാതോലിക്കോസ്-പാത്രിയർക്കീസും ശ്രേഷ്ഠനും തെരഞ്ഞെടുക്കപ്പെട്ട വിശുദ്ധനുമായ മാർ സാബാറീശോയുടെ വിയോഗത്തിനു ശേഷം; നമ്മുടെ രക്ഷകനും കർത്താവും സജീവദൈവത്തിന്റെ പുത്രനും, തന്റെ ജീവദായകമായ സുവിശേഷത്തിൽ ശിഷ്യർക്കും അവരിലൂടെ ഈ ജീവദായകമായ പ്രബോധനത്തിനു വിധേയരാകാനുള്ളവർക്കും "ഞാനോ ഇതാ ലോകാവസാനംവരെ നിങ്ങളോടുകൂടെയുണ്ട്" എന്നു വാഗ്ദാനം ചെയ്തവനും, ഈ വാഗ്ദാനമനുസരിച്ച് എല്ലാ തലമുറകളിലും ഈ കാലത്തുമുള്ള വിശുദ്ധ സഭയ്ക്ക് തന്റെ കൃപയെ വെളിപ്പെടുത്തുകയും ചെയ്യുന്ന യേശുമിശിഹാ; വിജയശ്രീലാളിതനും, രാജാക്കന്മാരുടെ രാജാവുമായ നമ്മുടെ കരുണ നിറഞ്ഞ നാഥനെ നമ്മുടെ നേർക്ക് തനിക്കുള്ള ശ്രദ്ധാപൂർവകമായ പരിപാലനയുടെ മഹത്വത്തിന്റെ മധ്യവർത്തിയായി ആക്കിയിരിക്കുന്നു. മുൻപൊരിക്കലും സംഭവിക്കാത്ത രീതിയിൽ, നവീനവും അത്ഭുതാവഹവുമായ കാര്യങ്ങൾ നമ്മുടെ ജനത്തിനുവേണ്ടി അവൻ ചെയ്തിരിക്കുന്നു. കാരണം, എല്ലാ നാടുകളിലുമുള്ള സഭാദ്ധ്യക്ഷന്മാരും പിതാക്കന്മാരുമായ മെത്രാന്മാരിൽ ദൂരെയുള്ളവർ രാജഭണ്ഡാരച്ചെലവിൽ രാജകീയ മൃഗത്തിന്മേൽ കയറി



രാജാക്കന്മാരുടെ രാജാവിന്റെ വന്ദ്യഗേററിങ്കലെത്തണമെന്നും അടുത്തുള്ളവർ വേഗത്തിൽ രാജകൊട്ടാരത്തിലെത്തണമെന്നും അവർ വന്ന് കത്തോലിക്കാസഭയ്ക്കുവേണ്ടി ഒരു തലവനെ തെരഞ്ഞെടുക്കണമെന്നും കല്പിച്ചു. പേർഷ്യൻ സാമ്രാജ്യത്തിലെ നമ്മുടെ കർത്താവീശോമിശിഹായുടെ എല്ലാ പള്ളികളുടെയും വിശുദ്ധ സ്ഥലങ്ങളുടെയും നിരകളുടെയും ഭരണം ഈ അധ്യക്ഷനാണ്.

സാമ്രാജ്യങ്ങളുടെ റാണിയായ ഈ മഹനീയ സാമ്രാജ്യത്തിന്റെ അധികാരത്തിൻ കീഴിലുള്ള ദൈവത്തിന്റെ വിശുദ്ധ സഭകളെ പരിപാലിക്കുവാൻ കൃപയാൽ യോഗ്യരായി കരുതപ്പെട്ട ഞങ്ങൾ ഇതറിഞ്ഞപ്പോൾ ഞങ്ങളുടെ വായിൽ ചിരിയും നാവിൽ സ്തുതിയും നിറഞ്ഞു; ശാശ്വതാധികാരവും നിത്യരാജ്യവുമുള്ള ഉന്നതനാഥന് ഞങ്ങൾ നന്ദിപറഞ്ഞു. ശക്തനും, ആധിപത്യമുള്ളവനും, നമ്മുടെ വിജയശ്രീലാളിതനായ നാഥനുമായ രാജാക്കന്മാരുടെ രാജാവിന്റെ മനോഗുണം കൊണ്ട് അവിടുത്തെ നല്ല പരിപാലനയും ശ്രേഷ്ഠമായ മേൽനോട്ടവും നമുക്കു ലഭിച്ചതിനാലാണ് നാം നന്ദിപറയുന്നത്. കൃപയാൽ ഞങ്ങളുടെ അജപാലക ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന രൂപതകളിൽ നിന്ന് രാജ്യത്തിന്റെ വന്ദ്യവും മഹനീയവുമായ പടിവാതില്ക്കൽ രാജാവിന്റെ ദയാമസൃണമായ കല്പനയാൽ, ഞങ്ങൾ എത്തിച്ചേർന്നു.

ഞങ്ങളുടെ രൂപതകളിൽ നിന്ന് ഞങ്ങളെ ക്ഷണിച്ചുകൊണ്ടു വന്നതു് ശ്രേഷ്ഠവും ഉന്നതവുമായ കാര്യമാണ്. എന്നാൽ ഞങ്ങൾക്കും നാനാജാതിമതസ്ഥരായ ഈ രാജ്യത്തെ എല്ലാ മനുഷ്യർക്കും അത്യാശ്ചര്യകരമായി തോന്നിയ ഒന്നുണ്ട്: കർത്താവിന്റെ ഈ മഹനീയ ജോലിക്കുവേണ്ടി തെരഞ്ഞെടുക്കപ്പെടാനുള്ള വ്യക്തിയുടെ ഇലക്ഷന് ശ്രേഷ്ഠമായ ഒരു ദൗത്യസംഘത്തെ രാജാവിന്റെ ഏററം നിസ്സാര പ്രജകളായ ഞങ്ങളുടെ പക്കലേക്ക് ദയാപൂർവം അവിടുന്ന് അയച്ചുതന്നു; മാനുഷിക മുൻവിധികളൊന്നും കൂടാതെ, ദൈവഭവനത്തിലെ അംഗങ്ങൾക്കുചിതമാംവിധം, വിശ്വസ്തനും, വിജ്ഞാനിയും എല്ലാത്തരം ശ്രേഷ്ഠഗുണങ്ങളാലും അലംകൃതനുമായ ഒരാളെ അദ്ധ്യക്ഷസ്ഥാനത്തു നില്ക്കുന്നതിനും, സഭയിലെ വിവിധ ഗണങ്ങളെ ഭരിക്കുന്ന അധ്യക്ഷന് യോജിച്ചരീതിയിൽ ബുദ്ധി

www.malankaralibrary.com



പൂർവം ഞങ്ങളെ നയിക്കുന്നതിനും തലവനായി തെരഞ്ഞെടുക്കണം എന്ന് അദ്ദേഹം കല്പിച്ചു.

പിന്നീട്, നമ്മുടെ കർത്താവും ജീവദാതാവുമായ യേശുമിശിഹാ മനുഷ്യരുടെ എല്ലാ ചിന്തകൾക്കും ധാരണകൾക്കും ഉപരിസ്ഥമായ രീതിയിൽ തന്റെ നിഗൂഢ പ്രവർത്തനംവഴി പ്രവർത്തിക്കാൻ തുടങ്ങി. ഞങ്ങളെല്ലാവരുടെയും വിചിന്തനങ്ങളിൽ അവിടുന്ന് കാരുണ്യപൂർവം ഞങ്ങളോടു പെരുമാറി. അതേസമയം രാജാക്കന്മാരുടെ രാജാവായ ഖുസ്രോയുടെ മനസ്സിൽ അവിടുന്ന് വിത്തുവിതച്ചു. രാജകല്പനയാൽ, വന്ദ്യനും വിശുദ്ധനും, ഉത്തമമായി കാര്യഗ്രഹണശേഷിയുള്ളവനും, ദിവ്യപാതകളിൽ മഹനീയനും, മല്പാനും ദിവ്യഗ്രന്ഥങ്ങളുടെ ഭാഷ്യകാരനുമായ മാർ ഗ്രിഗറിയെ ഞങ്ങൾ തെരഞ്ഞെടുത്തു. ദൈവകൃപയാൽ യൗവനം മുതൽ വാർദ്ധക്യം വരെ ദൈവിക ഗ്രന്ഥങ്ങളുടെ പ്രബോധനത്തിൽ പരിശീലിപ്പിക്കപ്പെട്ടവനും ആദ്ധ്യാത്മിക ഗ്രന്ഥങ്ങൾ പഠിച്ച് ധ്യാനിച്ചിരുന്നവനുമായിരുന്ന അദ്ദേഹത്തെ ഞങ്ങൾ ഞങ്ങളുടെ അധ്യക്ഷനായി വാഴിച്ചു. തന്റെ ദിവ്യപ്രവർത്തനങ്ങൾക്കനുസൃതമായ സൽഫലങ്ങളാകുന്ന ശ്രദ്ധകൊണ്ടും മഹനീയതകൊണ്ടും ദൈവിക പ്രബോധനമാകുന്ന നല്ല വിത്ത് നാട്ടിൽ മുളച്ചു വരുവാൻ അദ്ദേഹം ഇടയാക്കി; കാരണം; അദ്ദേഹം ദൈവിക കാര്യങ്ങൾ ധ്യാനിച്ചുകൊണ്ടിരുന്നു. സത്യവിശ്വാസത്തിലും തന്റെ ദൈവികമായ ജീവിതശൈലിയുടെ പ്രകാശത്തിലും ഔന്നത്യത്തിലും അദ്ദേഹം നല്ലൊരധ്യാപകനായിരുന്നു. ഞങ്ങളുടെ പിതാവും, ഞങ്ങളെല്ലാവരുടെയും തലവനും കാതോലിക്കോസ്– പാത്രിയക്കീസുമായ ഗ്രിഗറി നേതൃസ്ഥാനത്തുവന്ന ഉടൻതന്നെ, തന്റെ സ്ഥാനത്തിന് അനുയോജ്യമായ ശ്രദ്ധയോടും ഉണർവോടും കരുതലോടും കൂടെ സഭാവിശ്വാസം സംബന്ധിച്ച് തന്റെ പ്രസംഗത്തിന്റെ ആരംഭത്തിൽ ഞങ്ങൾക്കു വ്യക്തമാക്കിത്തന്നു. ഞങ്ങളുടെ ജീവന്റെ ആരംഭവും നമ്മുടെ നന്മകളുടെ കാരണവും എന്താണെന്നു വെളിവാക്കിത്തന്നു. അതു് വിശുദ്ധമായും അചഞ്ചലമായും സംരക്ഷിക്കണമെന്നും അതേപ്പറ്റി ധ്യാനിക്കണമെന്നും ഉപദേശിച്ചു. അദ്ദേഹം ഞങ്ങളെല്ലാവരെയും ഉപദേശിക്കുകയും പ്രബോധിപ്പിക്കുകയും ചെയ്തു. അതുകൊണ്ട് അതു് ആദ്യമായിത്തന്നെ സദ്ഫലങ്ങൾ ഉളവാക്കി. ഞങ്ങളുടെ



മേലുള്ള അജപാലനത്തിന്റെയും നേതൃത്വത്തിന്റെയും ആരംഭത്തിൽ തന്നെ സമ്മാനങ്ങൾക്കും ആനുകൂല്യങ്ങൾക്കും പകരമായി ഇതു് അദ്ദേഹം ഞങ്ങൾക്കു നൽകി.

ഞങ്ങളെല്ലാവരും ഏകമനസ്സോടും ഏകആത്മാവോടും അദ്ദേഹവുമായി ഐക്യത്തിലും യോജിപ്പിലും ഒന്നിച്ചു ചേർന്നു. പ്രധാന സഭകളിലെ ചിട്ടയും ക്രമവും അനുസരിച്ച്, നിഖ്യാ പട്ടണത്തിൽ ഒന്നിച്ചു കൂടിയ 318 വിശുദ്ധ പിതാക്കന്മാരുടേതനുസരിച്ച്, ഞങ്ങളുടെ സമ്മതം ഈ എഴുത്തിൽ ഞങ്ങൾ എഴുതിവച്ചു. ദൈവിക വചസ്സുകളുടെയും വിശുദ്ധ ലിഖിതങ്ങളുടെയും ശരിയായ അംശമാണ് അതിൽ കാണുക. അതു് നമ്മുടെ വിശുദ്ധ മാമോദീസായും നമ്മുടെ പ്രബോധനവുമായി ഒത്തുപോകുന്നു. എല്ലാ പാഷണ്ഡികളുടെയും നിർമാർജനത്തിനു വേണ്ടി പരിശുദ്ധാത്മപ്രവർത്തനത്താൽ, ഭാഗ്യസ്മരണാർഹനും ദൈവസ്നേഹിതനും വിശ്വസ്തരാജാവുമായ കോൺസ്റ്റന്റൈന്റെ കാലത്തു് നടപ്പാക്കിയതാണതു്. പരിശുദ്ധാത്മാവിനെതിരെ ദൂഷണം പറഞ്ഞവരിൽ നിന്നുടലെടുത്ത പാഷണ്ഡതയ്ക്കെതിരെ വിശ്വസ്ത രാജാവും മഹാനുമായ തിയഡോഷ്യസിന്റെ കാലത്തു് കോൺസ്റ്റാന്റിനോപ്പിളിൽ കൂടിയ നമ്മുടെ 150 പിതാക്കന്മാർ കൂട്ടിച്ചേർത്ത ഉചിതമായ സംഗതികളും അതിൽപ്പെടുന്നു. നമ്മുടെ പിതാക്കന്മാർ നമ്മെ പഠിപ്പിക്കുകയും നമുക്കു കാണിച്ചു തരുകയും ചെയ്തു. വിശുദ്ധ ത്രിത്വത്തിലും നമ്മുടെ കർത്താവിന്റെ ജഡത്തിലെ വ്യാപാരത്തിലുള്ള രഹസ്യങ്ങളിലും ഞങ്ങൾക്ക് ഏകമനസ്സും ഏകവിശ്വാസവുമാണെന്നു് ഞങ്ങൾ വിശ്വസിക്കുകയും അംഗീകരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നു.

ഇതാണ് ഞങ്ങളുടെ വിശ്വാസപ്രഖ്യാപനം: നിത്യയാഥാർത്ഥ്യം, എല്ലാ സൃഷ്ടികളുടെയും സ്രഷ്ടാവ്, എല്ലാറ്റിന്റെയും കാരണം, അനാദ്യന്തൻ, അനന്തമായി എന്നും സ്ഥിതിചെയ്യുന്നവൻ, ഏതെങ്കിലും തരത്തിലുള്ള മാറ്റത്തിന്റെയോ വ്യതിയാനത്തിന്റെയോ വികാരത്തിന്റെയോ അതിർത്തിക്കും തടസ്സങ്ങൾക്കും അപ്പുറത്തുള്ളവനായി ഏക ദൈവസ്വഭാവമേയുള്ളു. അവനെ ആരും ഭരിച്ചിട്ടില്ല; ഒന്നും അവിടുത്തെ കീഴ്പെടുത്തിയിട്ടില്ല. അവിടുന്ന് എല്ലാറ്റിനെയും പിടിച്ചിരിക്കുന്നു,

www.malankaralibrary.com



എല്ലാററിനെയും നിയന്ത്രിക്കുന്നു. അവിടുന്നു് ആദിയും അന്ത്യവുമാണ്. നമ്മുടെ നവീകരണത്തെ സംബന്ധിച്ച് പഴയ നിയമത്തിൽ പ്രവാചകരിലൂടെയും പുതിയ നിയമത്തിൽ തൻെറ പ്രിയപുത്രൻ വഴി ശ്ലീഹന്മാരിലൂടെയും അവിടുന്നു് വെളിപ്പെടുത്തി. അവനെ അവിടുന്നു് എല്ലാററിൻെറയും അവകാശിയായി നിയമിച്ചു. അവനിലൂടെ ആരംഭമില്ലാത്തതും മാററമില്ലാത്തതും അഗ്രാഹ്യ ദൈവത്വവും ഏക നിത്യസ്വഭാവവുമായ തൻെറ ക്നോമാകളുടെ ത്രിത്വത്തെ അവിടുന്നു് വ്യക്തമാക്കി; പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ മൂന്നു ക്നോമാകളായി അതു് അറിയപ്പെടുന്നു. അവിടുന്നു് നമ്മിൽ നിന്നുള്ള ആദ്യഫലം വഴി നമ്മുടെ വർഗ്ഗത്തിനു് വിടുതലും നവീകരണവും നൽകി. കാരണം, ശ്ലൈഹികവചനമനുസരിച്ച്, ദൈവത്തിൻെറ രൂപം ദാസൻെറ രൂപം എടുത്തു. അതിൽ നമ്മുടെ രക്ഷയ്ക്കുവേണ്ടിയുള്ള മഹോന്നത വ്യാപാരം അവിടുന്നു് പൂർണ്ണമാക്കി, പൂർത്തിയാക്കി. ദാസൻെറ രൂപത്തിൽ ദൈവത്തിൻെറ രൂപം ആയ നമ്മുടെ കർത്താവേശു മിശിഹാ എന്ന ഏക പുത്രൻ; അവൻ വഴി എല്ലാം നിർമ്മിക്കപ്പെട്ടു; പരിപൂർണ്ണ ദൈവവും പരിപൂർണ്ണ മനുഷ്യനും; തൻെറ ദൈവത്വം സംബന്ധിച്ച് പരിപൂർണ്ണ ദൈവം; തൻെറ മനുഷ്യത്വം സംബന്ധിച്ച് പരിപൂർണ്ണ മനുഷ്യൻ; മനുഷ്യത്വത്തിൻെറയും ദൈവത്വത്തിൻെറയും രണ്ടു സ്വഭാവങ്ങൾ; ദൈവത്വം അതിൻേറതായവ സംരക്ഷിക്കുന്നു; മനുഷ്യത്വം അതിൻേറതായവ സംരക്ഷിക്കുന്നു; പുത്രനായ മിശിഹായുടെ ഏക വ്യക്തിത്വത്തിൻെറ യഥാർത്ഥമായ ഐക്യത്തിൽ ഇവ ഒന്നിച്ചു ചേർന്നിരിക്കുന്നു. എഴുതപ്പെട്ടിരിക്കുന്നതുപോലെ, സഹനത്തിലൂടെ മനുഷ്യത്വത്തെ ദൈവത്വം പൂർണ്ണമാക്കി; എന്നാൽ സഹനമോ, മാററമോ, വ്യതിയാനമോ ഒരു തരത്തിലും ദൈവത്വത്തിൽ പ്രവേശിച്ചില്ല. ഈ വിശ്വാസത്തോട് ഞങ്ങൾക്കു യോജിപ്പാണ്; അതു ഞങ്ങൾ മുറുകെപ്പിടിച്ചിരിക്കുന്നു. ഇതിനോടു വിശുദ്ധ പിതാക്കന്മാരും യോജിക്കുന്നു; ഞങ്ങളും ഞങ്ങളുടെ മനസ്സിൻെറ പരിപൂർണ്ണ യോജിപ്പിൽ ഇതിനോട് യോജിക്കുകയും ഇതു് മുറുകെപ്പിടിക്കുകയും ചെയ്യുന്നു; ഇതിൽ നിന്നു് ഏതെങ്കിലും തരത്തിൽ വഴുതി മാറുന്ന എല്ലാവരെയും ഞങ്ങൾ ശപിക്കുന്നു.



എങ്കിലും, ചഞ്ചലചിത്തരാകുകയും, മനസ്സ് അങ്ങോട്ടും ഇങ്ങോട്ടും ആടിയുലയുകയും, കാഴ്ചക്കാരുടെയും കേൾവിക്കാരുടെയും മുൻപാകെ ജാഡവിദ്യ നടത്തുവാനായി പൊള്ളയായ ആശയങ്ങളുടെ നൂതന കണ്ടുപിടുത്തങ്ങളെ സ്നേഹിക്കുകയും, സത്യത്തിൻെറ പുത്തൻ അവതരണത്തിലൂടെ വിശുദ്ധ ഗ്രന്ഥങ്ങളുടെ അർത്ഥം മാററുവാനായി അവ പഠിക്കുന്നതോടൊപ്പം നമ്മുടെ പിതാക്കന്മാരുടെ അർത്ഥത്തിനു നവീനാർത്ഥങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്ന ചിലരുണ്ടെന്നു് ഞങ്ങൾ കേൾക്കുവാനിടയായി. അതുകൊണ്ട് ഞങ്ങളെല്ലാവരും തത്സംബന്ധമായി ഏകയോഗമായി ഇപ്രകാരം തീരുമാനിക്കുന്നു: മൊപ്സുവെസ്ത്യായിലെ മെത്രാനും വ്യാഖ്യാതാവും ഭാഗ്യവാനുമായ മാർ തിയഡോറിൻെറ എല്ലാ കൃതികളും എല്ലാ ഭാഷ്യങ്ങളും നാമെല്ലാവരും സ്വീകരിച്ചംഗീകരിക്കണം. പുതിയ നിയമവും പഴയ നിയമവുമാകുന്ന നിക്ഷേപത്തിന്മേൽ, ദൈവകൃപയാൽ, വിശ്വസ്തനായി കാണപ്പെട്ടവനാണ് അദ്ദേഹം. പരിശുദ്ധാത്മാവായിരുന്നു അദ്ദേഹത്തിൻെറ പ്രബോധകൻ. തൻെറ ജീവിതകാലത്തും തൻെറ മരണശേഷവും തിരുലിഖിതങ്ങളുടെ ശരിയായ ഭാഷ്യം നൽകിക്കൊണ്ട് സഭാസന്താനങ്ങളെ കര കവിഞ്ഞൊഴുകുന്ന നദികണക്കെ അദ്ദേഹം നനയ്ക്കുകയും പോഷിപ്പിക്കുകയും ചെയ്തു. കാരണം, നമ്മുടെ പിതാക്കന്മാരുടെ ഒരു വിശ്വസനീയമായ ചരിത്രം സാക്ഷിക്കുന്നതുപോലെ പോരാട്ടങ്ങളുടെ ഉഗ്രതയിൽ നിന്ന് സത്യത്തിൻെറ പ്രകാശനത്താൽ സഭാസന്താനങ്ങളെ സംരക്ഷിക്കുന്നതിനും തൻെറ സത്യപ്രബോധനത്തിൻെറ പടച്ചട്ടയിൽ അവരെ പൊതിയുന്നതിനും എല്ലാ അബദ്ധോപദേശകരെയും തൻെറ തീക്ഷ്ണതയാകുന്ന കുന്തം കൊണ്ടും തൻെറ വിജ്ഞാനത്തിൻെറ മാഹാത്മ്യം കൊണ്ടും കുത്തിത്തുളയ്ക്കുവാൻ അദ്ദേഹത്തിൻെറ കാലത്തെ എല്ലാ സഭാനേതാക്കന്മാരും അദ്ദേഹത്തെ വേർതിരിച്ചു നിർത്തിയിരുന്നു. ഈ മഹനീയനും ദിവ്യനുമായ വ്യക്തിയുടെ കൃതികളിൽ നിന്നകലുന്നവർക്ക് എവിടെ ആരംഭിക്കണം, എവിടെ അവസാനിപ്പിക്കണം എന്നറിയാതെ അജ്ഞത എന്ന തെററിൻെറ ഇരുട്ടിൽ തപ്പിത്തടയുന്നവരാകയാൽ സഭയിൽ ഇന്നു് ഈ പ്രബോധകദൗത്യം നിറവേററാൻ കഴിയുകയില്ല. അദ്ദേഹത്തിൻെറ കാലം മുതൽ ഇന്നുവരെയുള്ളവരും ഈ സത്യവിശ്വാസം തങ്ങളുടെ

www.malankaralibrary.com



പ്രബോധനത്തിലൂടെ നമുക്ക ഭരമേല്പിച്ചവരും വിശ്വസനീയരുമായ നമ്മുടെ എല്ലാ പിതാക്കന്മാരും അദ്ദേഹത്തിന്റെ കൃതികളെ ധ്യാനിക്കുകയും അവയോടു യോജിക്കുകയും അദ്ദേഹത്തിന്റെ വിശ്വസനീയ ഭാഷ്യങ്ങൾ കൈമാറിത്തരികയും ചെയ്തിട്ടുള്ളവരാണ്.

രാജാക്കന്മാരുടെ രാജാവായ പീറോസിന്റെ 27-ാം വർഷം നീസാൻമാസത്തിൽ ബേത് ഹൂസായേയിലെ ബേത്-ലാപാത് പട്ടണത്തിൽ വച്ച് ഭരണാധികാരികൾ, പ്രധാനികൾ, നിസിബിസ് മെത്രാപ്പോലീത്തൻ ബിഷപ്പ് ബർസൗമാ, പേരാത് മെത്രാപ്പോലീത്തൻ ബിഷപ്പ് നാനി എന്നിവർ സംബന്ധിച്ച ദിവ്യകൗൺസിലിൽ ഈ പ്രബോധകനെപ്പററിയും അദ്ദേഹത്തിന്റെ കൃതികളെ സംബന്ധിച്ചും താഴെ പറയുംവിധം തീരുമാനിച്ചതായി ഞങ്ങൾ ഓർക്കുന്നു: "പാഷണ്ഡികൾ വിവിധ സ്ഥലങ്ങളിൽ അദ്ദേഹത്തിനെതിരെ പുറപ്പെടുവിച്ചിട്ടുള്ള തെററായ റിപ്പോർട്ടുകളെപ്പററി: ഈ വിശുദ്ധനെപ്പററി നമ്മുടെ ഇടയിൽ ആർക്കും സംശയം ഉണ്ടാകാതിരിക്കട്ടെ. കാരണം, തന്റെ ജീവിതകാലത്ത്, ദൈവഭയമുള്ള പ്രബോധകരുടെ കൂട്ടത്തിൽ അദ്ദേഹം പ്രശസ്തനായിരുന്നു; അതിശ്രേഷ്ഠനായി കരുതപ്പെട്ടിരുന്നു. ദൈവികലിഖിതങ്ങളുടെ ശരിയായ വ്യാഖ്യാനം മനസ്സിലാക്കുകയും സത്യവിശ്വാസത്തെ ബഹുമാനിക്കുകയും ചെയ്യുന്നവരെല്ലാം, അദ്ദേഹത്തിന്റെ മരണശേഷം അദ്ദേഹത്തിന്റെ ഭാഷ്യങ്ങളും പ്രതിപാദനങ്ങളും അംഗീകരിച്ചാദരിച്ചിരുന്നു. പുതിയ നിയമത്തിൽ കാണുന്ന ദിവ്യപ്രബോധനങ്ങൾക്കനുസൃതമായി, വിശ്വാസത്തെപ്പററി കളങ്കം കൂടാതെയുള്ള അദ്ദേഹത്തിന്റെ ഭാഷ്യങ്ങളും കൃതികളും അവർ സൂക്ഷിച്ചുവച്ചു. ശ്ലീഹൻമാരിലൂടെയുള്ള സുവിശേഷത്തിനും പ്രവാചകന്മാരിലൂടെയുള്ള നിർദ്ദേശത്തിനും എതിരായിട്ടുള്ള പ്രബോധനങ്ങളെയെല്ലാം അവർ തള്ളിക്കളയുകയും തറപററിക്കുകയും ചെയ്തു. അതുകൊണ്ട്, രഹസ്യമായോ പരസ്യമായോ ഈ സത്യപ്രബോധകനെയും അദ്ദേഹത്തിന്റെ വിശുദ്ധ കൃതികളെയും നിന്ദിക്കാനോ അപമാനിക്കാനോ ആരെങ്കിലും മുതിർന്നാൽ സത്യത്തിൽനിന്ന് അയാൾ മുടക്കപ്പെട്ടവനായിരിക്കട്ടെ".



ദൈവികപ്രബോധനങ്ങളിൽ വിഖ്യാതരും പാണ്ഡിത്യത്തിൽ കീർത്തികേട്ടവരുമായ വിശുദ്ധരാണ് ഇപ്രകാരം തീർപ്പ് കല്പിച്ചത്. അതുകൊണ്ട് ഞങ്ങളും ഈ കാര്യങ്ങളോടു യോജിച്ചുകൊണ്ട് ഇപ്രകാരം നിർവചിക്കുകയും തീർപ്പ് കല്പിക്കുകയും ചെയ്യുന്നു: വിശ്വസനീയരായ വ്യക്തികളും അവരുടെ പാരമ്പര്യവും അനുസരിച്ച്, ഈ മഹനീയ സാമ്രാജ്യത്തിലെ പള്ളികളിലും സമൂഹങ്ങളിലും പഠിപ്പിക്കുവാൻ ഏർപ്പെട്ടിരിക്കുന്നവരെല്ലാവരും ഈ വ്യക്തിയുടെ കൃതികളെ ധ്യാനിക്കുകയും അദ്ദേഹത്തിന്റെ വ്യാഖ്യാനങ്ങളനുസരിച്ച് ശ്രോതാക്കൾക്കു വേണ്ടി തങ്ങളുടെ പ്രബോധനം രൂപപ്പെടുത്തുകയും വേണം. അദ്ദേഹത്തിന്റെ വാക്കുകൾക്കും ഭാഷ്യങ്ങൾക്കും എതിരായി എഴുതുകയും പറയുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരുടെ ആശയങ്ങൾ ആർക്കും മനപ്പതർച്ച ഉണ്ടാക്കരുത്. അവരിൽ എന്തെങ്കിലും പ്രശംസനീയമായിട്ടുണ്ടെങ്കിൽ ഈ ദൈവിക വ്യക്തിയുടെ കൃതികളുടെ സമൃദ്ധിയിൽ അവർ കണ്ടെത്തിയതോ അതിൽ നിന്ന് കടമെടുത്തതോ ആയിരിക്കും.

ഇതു സംബന്ധിച്ച് ഏകയോഗമായി ഞങ്ങളെല്ലാവരും ഇപ്രകാരം തീരുമാനിക്കുകയും നിർവചിക്കുകയും ചെയ്യുന്നു: "രഹസ്യമായോ പരസ്യമായോ, പ്രസംഗത്തിലോ കൃതികളിലോ, ഈ മതപണ്ഡിതന്റെ വാക്കുകളെയും ഭാഷ്യങ്ങളെയും തള്ളിക്കളയുകയോ അവ്യക്തമാക്കുകയോ ചെയ്താൽ, അദ്ദേഹത്തിന്റെ കൃതികൾക്കെതിരെ പഠിപ്പിച്ചാൽ, ദൈവകൃപയുടെ വിജ്ഞാനത്താൽ ഈ ദൈവിക മനുഷ്യൻ എഴുതിയവ പൂർണഹൃദയത്തോടെ അംഗീകരിക്കാതിരുന്നാൽ, ഉയരങ്ങൾ വഹിക്കുന്ന ദൈവത്തിന്റെ വചനത്താൽ ആകാശത്തിലും ഭൂമിയിലും അവൻ ശപിക്കപ്പെട്ടവനും ഭ്രഷ്ടനുമായിരിക്കും; ക്രിസ്തുമതത്തിന്റെ ആമേനോടുകൂടി ദൈവത്തിന്റെ ക്രോധം അവന്റെ മേൽ പതിക്കും."

പള്ളികളിലോ ആശ്രമങ്ങളിലോ പ്രത്യേകിച്ച് ജോലി ഒന്നും ഇല്ലാത്ത സന്യാസികളും, വൈദികരും, ഡീക്കൻമാരും സഹോദരന്മാരും ഉണ്ടെന്ന് പിതാക്കന്മാരുടെ കൗൺസിലിന് അറിവായിരിക്കുന്നു. ജോലി ഒന്നും ഇല്ലാതെ അവർ തനിയെ താമസിക്കുന്നു. ഒരു കാര്യവുമില്ലാതെ ഭവനങ്ങളിൽ കയറി

www.malankaralibrary.com



യിറങ്ങുന്നു; അവർ അധ്യക്ഷന്മാരെ അനുസരിക്കുന്നില്ല; എഴുതപ്പെട്ടിരിക്കുന്നതുപോലെ സ്ത്രീകളെ അടിമകളാക്കുന്നു. അവരോടുകൂടി യുവതികളും താമസിക്കുന്നു. ദൈവിക കല്പനയനുസരിച്ച്, ഭർത്താക്കന്മാരില്ലാത്ത യുവതികളും ഉണ്ട്; അവരും ഭവനങ്ങളിലും ഗ്രാമങ്ങളിലും ചുററിക്കറങ്ങുന്നു. സഹോദരന്മാർ എന്ന പേരിൽ അലസരായ പുരുഷന്മാരും ഉണ്ട്. അവർ പട്ടണങ്ങളുടെയും ആശ്രമങ്ങളുടെയും സമീപത്തായി ഗ്രാമങ്ങളിൽ തങ്ങൾക്കായി കുരകൾ വാങ്ങുന്നു; അദ്ധ്യക്ഷനു കീഴ്‌വഴങ്ങി ആശ്രമങ്ങളിൽ താമസിക്കാൻ കൂട്ടാക്കുന്നില്ല. സാധാരണക്കാരായ മനുഷ്യരെ അവർ ചതിക്കുന്നു; നേതാക്കന്മാരെ വിഷമിപ്പിക്കുന്നു; പള്ളികളുടെയും ആശ്രമങ്ങളുടെയും സ്കൂളുകളുടെയും മേൽ തങ്ങളുടെ പ്രക്ഷുബ്ധത വർഷിക്കുന്നു. തങ്ങളുടെ വാക്കുകളാൽ സത്യസന്ധരെ നശിപ്പിക്കുന്നു. അങ്ങനെ, നാശകരമായ അലസതയിൽ തങ്ങളുടെ ദുഷ്ടത പൂർത്തിയാക്കാൻ കഴിയും എന്ന് അവർ പ്രതീക്ഷിക്കുന്നു.

ഇതു സംബന്ധിച്ച് ഞങ്ങൾ ഇപ്രകാരം തീർപ്പു കല്പിക്കുന്നു: ഒരു പള്ളിയിലോ, ഒരാശ്രമത്തിലോ ഒരു സ്കൂളിലോ, സന്യാസികളുടെ വിദൂരസമൂഹങ്ങളിലോ ഒരു പ്രത്യേക ജോലിയും ഇല്ലാത്ത സഹോദരനെയും, വൈദികനെയും ഡീക്കനെയും ഭർത്താവില്ലാത്തവളോ, കന്യകകളുടെ മഠത്തിൽ പാർക്കാത്തവളോ, സഭയിൽ പ്രത്യേക ജോലി ഇല്ലാത്തവളോ ആയ സ്ത്രീയേയും, തന്റെകൂടെ സഹോദരിമാരെ പാർപ്പിക്കുന്നസഹോദരനെയും പുരുഷന്മാരുടെ കൂടെ നടക്കുന്ന സഹോദരിമാരെയും ഗ്രാമങ്ങൾക്കോ ആശ്രമങ്ങൾക്കോ അടുത്തായി തനിയെ താമസിക്കുന്ന സഹോദരനെയും മെത്രാന്റെ കല്പനയോ ഇഷ്ടമോ കൂടാതെ ചുററി നടക്കുന്ന സഹോദരന്മാരെയും സഭ മുഴുവന്റെയും സമ്മതത്തോടുകൂടി, ക്രിസ്തുമതത്തിന്റെ ആമേനുമായുള്ള എല്ലാ സഭാബന്ധത്തിൽ നിന്നും മെത്രാന്മാരുടെ സമൂഹം മുഴുവൻ മുടക്കണം. അതുപോലെ, ഇതു പരിഗണിക്കാതെ തന്റെ ഭരണാധികാരത്തിൻ കീഴിൽ കഴിയാൻ അവരെ അനുവദിക്കുന്നെങ്കിൽ, മുകളിൽ രേഖപ്പെടുത്തിയിരിക്കുന്ന രീതിയിൽ അയാൾ പ്രവർത്തിക്കുന്നില്ലെന്നു് കൗൺസിലിനു് അറിയാൻ ഇടയായാൽ, സമൂഹം



അയാളെ കുററപ്പെടുത്തണം; അയാൾ വിധി സ്വീകരിക്കുകയും വേണം.

ഇതും കൗൺസിലിനു് അറിവായിരിക്കുന്നു: ആശ്രമങ്ങളിലും സന്യാസ സമൂഹങ്ങളിലും പാർക്കുന്ന ചിലർ സഭാകൽപനകൾക്കെതിരായി ധിക്കാരപൂർവ്വം പ്രവർത്തിക്കാൻ ധൈര്യപ്പെടുന്നു. മനസ്സ് ദുഷിച്ച അവർ സത്യവിശ്വാസികളായ പിതാക്കന്മാർ നടപ്പാക്കിയ സഭാകാനോനകളെ നിരസിക്കുകയും നീക്കിക്കളയുകയും ചെയ്യുന്നു. ''നല്ലവനു് സ്തുതി'', ''ക്രിസ്തുവിന്റെ ദനഹായുടെ പ്രകാശം''; ''നമ്മെല്ലാവരും ഭയത്തിലും ബഹുമാനത്തിലും'' എന്നുതുടങ്ങിയ അറിയിപ്പുകൾ ചൊല്ലുന്നില്ല. സത്യവിശ്വാസത്തെ ദുഷിപ്പിക്കുന്ന അത്തരം പ്രവൃത്തികൾ അവർ ചെയ്തുകൂട്ടുന്നു.

ഈ സംഗതികൾ നിമിത്തം ഞങ്ങൾ ഇപ്രകാരം തീരുമാനിക്കുന്നു: ഇപ്രകാരം ചെയ്യുന്നതായി അറിയുന്നിടങ്ങളിലെല്ലാം ഇപ്രകാരം ചെയ്യുന്നവരെ മുടക്കി, എല്ലാ സഭാ കൂട്ടായ്മയിൽ നിന്നും പുറന്തള്ളണം. തന്റെ കീഴിലുള്ള ഇത്തരക്കാരുടെ മേൽ നടപടിയെടുക്കാത്ത മെത്രാനെയും കാനനു വിധേയമാക്കണം.

ചിലയാളുകൾ സ്വന്തം സ്ഥലം വേർതിരിച്ചിട്ട് അവിടെ ആശ്രമങ്ങൾ പണിതെന്നും, ആശ്രമങ്ങൾക്ക് വേണ്ട സാധനങ്ങൾ കൊടുത്തിട്ട് അവ അടുത്തുള്ളവരെയോ സ്ഥലം നോട്ടക്കാരായ ആളുകളെയോ ഏല്പിച്ചെന്നും ഈ കൗൺസിൽ അറിയാനിടയായി. ആശ്രമം ഇരിക്കുന്ന സ്ഥലത്ത് അധികാരമുള്ള മെത്രാനോ അധികാരികൾക്കോ ആ വസ്തുവകകളിന്മേലുള്ള അധികാരപത്രം അവർ നൽകിയിട്ടുമില്ല. ആശ്രമം പണിതവർ കടന്നുപോയി; വസ്തുവകകൾ നോക്കുന്നവർ ഒന്നുകിൽ വസ്തുവകകൾ സ്വന്തമാക്കി; അല്ലെങ്കിൽ വരുമാനത്തിൽ വളരെ ചെറിയൊരംശം വിതരണം ചെയ്തിട്ട് ബാക്കി തങ്ങൾക്കായി സ്വന്തമാക്കി.

ഇതു സംബന്ധിച്ച് ഞങ്ങൾ ഇപ്രകാരം കല്പിക്കുന്നു: ആശ്രമത്തിനു് വസ്തുവകകൾ നീക്കി വച്ചു അഥവാ നൽകി എന്നതിന്റെ നൈയാമിക വിവരണങ്ങൾ, അഥവാ നൈയാമിക വിവരണങ്ങളുടെ ഒരു കോപ്പി, വിശ്വസനീയ മുദ്രക

www.malankaralibrary.com



ളോടുകൂടി അവിടെ അധികാരമുള്ള മെത്രാനു നൽകണം. വസ്തുവകകൾ കൈവശം വച്ചുകൊണ്ടിരിക്കുന്നവർ മെത്രാന്റെ അറിവോടുകൂടി അതു് കൈകാര്യം ചെയ്യണം. ആ സ്ഥലത്തിന്റെ ഭരണം കൂടുതൽ പ്രയോജനകരവും ഉപകാരപ്രദവുമാക്കേണ്ടതെങ്ങനെയാണെന്നു് മെത്രാനാണ് അറിയാവുന്നതു്. അതിൽ നിന്നു് എന്തെങ്കിലും തങ്ങൾക്കായിട്ടോ മറ്റുള്ളവർക്കായിട്ടോ എടുക്കാനും കൊടുക്കാനും 'കർത്താവായ മീശിഹായുടെ വചനത്താൽ' അവർക്കവകാശമില്ല.

കൗൺസിലിനു് ഇതും അറിവായിരിക്കുന്നു; ചില മെത്രാന്മാർ തങ്ങളുടെ അതിർത്തികൾ കടന്നു് നിയമാനുസൃതമല്ലാതെ പട്ടം കൊടുക്കുന്നു. അങ്ങനെ സഭാകാനനെതിരായി പ്രവർത്തിക്കാൻ മുതിരുന്നു.

ഇതുസംബന്ധിച്ചു് താഴെപ്പറയുന്നതു് ഉചിതമാണെന്നു് കൗൺസിൽ പിതാക്കന്മാർക്കു തോന്നി: പുരാതന പിതാക്കന്മാർ നടപ്പാക്കിയ നിയമം ഇവിടെ നമ്മുടെ ഇടയിലും ഇപ്പോൾ നടപ്പായിരിക്കണം. അതായതു്, തന്റെ അധികാരത്തിൻ കീഴിലുള്ള സ്ഥലങ്ങളായി വേർതിരിച്ചിരിക്കുന്നിടത്തല്ലാതെ കത്തോലിക്കാസഭയ്ക്കുവേണ്ടി പട്ടംകൊടുക്കാൻ മെത്രാന്മാർക്കാർക്കും അനുവാദമില്ല, അതിനു വിരുദ്ധമായി പ്രവർത്തിക്കുന്നവർ ശാസനയ്ക്കു വിധേയരാകണം.

കാതോലിക്കോസ്_പാത്രിയർക്കീസായ നമ്മുടെ വന്ദ്യനും വിശുദ്ധനുമായ പിതാവിന്റെ ഭരണത്തിന്റെ ആരംഭകാലത്തു് നല്കിയ ഈ സിനഡിക്കൽ എഴുത്തുകൾ ഞങ്ങളുടെ മുദ്രകൊണ്ടു് ഉറപ്പിക്കുന്നു:

യൗസേപ്പു്, പേരാതിന്റെ മെത്രാൻ, മൈശാൻ മെത്രാപ്പോലീത്താ.
യോനാദാബ്, അർബേൽമെത്രാൻ, ഹെദിയാബ് മെത്രാപ്പോലീത്താ.
ബോക്തീശോ, കർക്കാ_ദ്ബേത് സ്ലോക് മെത്രാൻ, ബേത്_ഗർമായ് മെത്രാപ്പോലീത്താ.
തിയഡോർ, കശ്കാർ മെത്രാൻ.
പോസായ്, കർകാ ദ്ലേദാൻ മെത്രാൻ.
ഗബ്രിയേൽ, കർകാ ദ്മൈശാൻ മെത്രാൻ.



യോഹന്നാൻ, ബേത് നൂഹദ്രാ മെത്രാൻ.
സൂറിൻ, ഷർക്കാർദ്മെത്രാൻ.
പോസായ്, ഹൊർമിസ്ദ്–അർദഷീർ മെത്രാൻ.
യോഹന്നാൻ, റീമാ മെത്രാൻ.
തിമോതിയോസ്, ബേത്_ബാഗാശ് മെത്രാൻ.
അഹിശ്മാ, ഷൂശ്തെർ മെത്രാൻ.
മാര്രുഥാ, കർദൂ മെത്രാൻ.
ഗബ്രിയേൽ, നെഹർഗൂർ മെത്രാൻ.
ബോറസ് മിഹ്ർ, ബേത്_ദാസെൻ മെത്രാൻ.
ഹനാനിയാ, മഹോസേ ദ്അറീവാൻ മെത്രാൻ.
ശെമഓൻ, പീറോസ്_ഷപ്പൂർ മെത്രാൻ.
യാക്കോബ്, ശോശ മെത്രാൻ.
ക്ലീലീശോ, മായൽതാ മെത്രാൻ,
ഗബ്രിയേൽ, ഹർബ്ഗെലാൽ മെത്രാൻ.
മാർ അബ്ബാ, ബേത്ദാറായെ മെത്രാൻ.
പൗലോസ്, ബർഹീസ് മെത്രാൻ.
ഖാശാ, തഹാൽ മെത്രാൻ.
പീറോസ്, തറീഹാൻ മെത്രാൻ.
ഹനാനീശോ, അസർബൈജാൻ മെത്രാൻ.
നഥാനിയേൽ, സീർസോർ മെത്രാൻ.
ബർ ഹദ്ബ്ശാബാ, ഹൾവാൻ മെത്രാൻ.
യസ്ദ്കോസ്റ്റ്, മേദിയാ മെത്രാൻ.
ശാബോർ, ശേനാമെത്രാൻ.

ഈ എഴുത്തുകൾ നടപ്പാക്കാനും ഉറപ്പിക്കാനുമായി, ദൈവകൃപയാൽ പാത്രിയർക്കീസായിരിക്കുന്ന ഞാൻ ഗ്രീഗറിയും അംഗീകരിക്കുകയും, മുദ്രവയ്ക്കുകയും ഉറപ്പിക്കുകയും ചെയ്യുന്നു. ഈ വാല്യം കാതോലിക്കോസിന്റെയും എല്ലാ മെത്രാപ്പോലീത്താമാരുടെയും ബിഷപ്പന്മാരുടെയും മുദ്രകൊണ്ടു് മുദ്രവച്ചിരിക്കുന്നു.

ഗ്രീഗറി മെത്രാൻ_പാത്രിയർക്കീസിന്റെ സിനഡ് അവസാനിച്ചു.

www.malankaralibrary.com

# 13

# മാർ ഗീവർഗീസിന്റെ സീനഡ് (674)

നമ്മുടെ വിശുദ്ധനും ഭാഗ്യവാനുമായ പിതാവും കാതോലിക്കോസ് പാത്രിയർക്കീസുമായ മാർ ഗീവർഗീസിന്റെയും ഒന്നിച്ചുകൂടി ഖത്തറിലെത്തിയ വന്ദ്യപിതാക്കന്മാരുടെയും സീനഡ്.

എല്ലാററിലും ജ്ഞാനിയായ നമ്മുടെ നല്ല ദൈവം മനുഷ്യകുലത്തിന് താല്ക്കാലികമായി ഒരു കാലിക ജീവിതവും മർത്യശരീരവും ക്രമീകരിക്കുകയും മർത്യതയാകുന്ന ബലഹീനതയ്ക്ക് അവരുടെമേൽ എല്ലാ സമയത്തും അധികാരം നൽകുകയും ചെയ്തു. ദൈവഭയമുള്ളവർ തങ്ങളുടെ അധ്വാനത്തിലൂടെ തങ്ങളുടെ ആത്മാക്കൾക്ക് നേട്ടമുണ്ടാക്കാനായിട്ടാണ് അവിടുന്ന് ഇപ്രകാരം ചെയ്തത്. നമ്മുടെ വിജ്ഞാനിയായ സ്രഷ്ടാവ് സുകൃതവും ദൈവസ്നേഹവും സ്വാഭാവികമായി തമ്മിൽ നട്ടിട്ടുണ്ടെങ്കിലും, ഈ ജീവിതത്തിലുള്ള നിരവധി കാര്യങ്ങൾകൊണ്ട്, ആത്മാവിന്റെ ചാച്ചിൽ നിമിത്തവും ശരീരത്തിന്റെ പതർച്ചകൾ നിമിത്തവും അവ വിസ്മൃതിയിൽ ആണ്ടുപോകാറുണ്ട്. അതുകൊണ്ട് യഥാർത്ഥ നന്മയിലേക്കു നമ്മുടെ മനസ്സിനെ ഉയർത്തുവാനായി, എല്ലാററിനേക്കാളും ആരാധ്യനായ നമ്മുടെ ദൈവത്തിന്റെ പരിപാലന, ആത്മാവിനാൽ എഴുതപ്പെട്ട നിയമത്തിന്റെ സഹായം കൂടാതെ നമ്മെ ഉപേക്ഷിച്ചുകളഞ്ഞില്ല. എല്ലാ തലമുറകളിലും എല്ലാ രാജ്യങ്ങളിലും കാലാനുസൃതമായും മനുഷ്യർക്കു പററുന്ന രീതിയിലും അവിടുന്ന് മയമുള്ള നിയമങ്ങൾ നൽകിയിരുന്നു. മനസ്സ് നിരവധി സംഗതികളുടെ പിറകെ പതറി നടന്ന് ദൈവഭയം ഇല്ലാതായിത്തീർന്ന് ഏകാഗ്രത നഷ്ടപ്പെടുത്താതിരിക്കാനാണ് പ്രയോജനകരമായ ഈ സഹായം നൽകപ്പെട്ടത്. ആദ്യം സർവ്വശക്ത



നായ ദൈവം ഉചിതമാംവിധം കല്പനകളായി സഹായകപ്രബോധനങ്ങൾ നൽകി; ആദത്തിന്റെയും നോഹയുടെയും അബ്രഹാമിന്റെയും കുടുംബങ്ങളെ മോശ വരെ ദൈവഭയത്തിലേക്കാനയിച്ചു. പിന്നീട് മോശ എന്ന മധ്യസ്ഥനിലൂടെ പഴയനിയമ ജനതയ്ക്ക് നിരവധി നിയമങ്ങൾ ഉൾക്കൊണ്ട ഗ്രന്ഥം നൽകി; അത് പുതിയനിയമരഹസ്യത്തിന്റെ നിഴലായിരുന്നു. അതിനുശേഷം, ലോകം മുഴുവൻ പ്രകാശിക്കുന്ന സൂര്യനെപ്പോലെ പ്രകാശിച്ച തന്റെ പ്രിയന്റെ മഹനീയമായ ഉദയത്താൽ ജീവന്റെ സുവിശേഷം അവിടുന്നു തന്റെ സഭയ്ക്കു പ്രദാനം ചെയ്തു. അങ്ങനെ, ഭൂമിയേക്കാൾ ഉന്നതവും ആകാശത്തോളം ഉയർന്നതുമായ തന്റെ ജീവദായകനിയമങ്ങളാൽ, ഇതുപോലെയുള്ള നിയമങ്ങളും കല്പനകളും ആവശ്യമില്ലാത്തതും ബലഹീനതകളോ വഴിപിഴയ്ക്കലുകളോ ഇല്ലാത്തതും അമർത്ത്യവും ആയ ജീവന്റെ വാഗ്ദാനം അവർ പ്രാപിക്കുന്നതുവരെ സത്യപാതയിൽ നയിക്കപ്പെടുന്നതിനുവേണ്ടിയാണ്. അതുപോലെ തന്നെ, കാലാനുസൃതമായും ആവശ്യാനുസൃതമായും വിശുദ്ധ ശ്ലീഹാന്മാരും അവർക്കുശേഷം വന്ന പുരോഹിതന്മാരും ഗുരുക്കന്മാരും നിയമങ്ങൾ നടപ്പാക്കി നീതിപാതയിലൂടെ തുടർന്നും നടക്കാൻ മനുഷ്യരെ പഠിപ്പിച്ചു. അങ്ങനെ, കിഴക്കും പടിഞ്ഞാറുമുള്ള സഭ മുഴുവനിലുമായി ധാരാളം സഹായകനിയമങ്ങൾ ഉണ്ടായി. നമ്മുടെ വന്ദ്യരും വിശുദ്ധരുമായ പിതാക്കന്മാരാണ് ആവശ്യാനുസൃതം അവ എഴുതിയുണ്ടാക്കി നടപ്പാക്കിയത്. അവവഴി ധാരാളം അനുഗ്രഹങ്ങൾ മനുഷ്യർക്കു ലഭിക്കുകയും ചെയ്തു.

എല്ലാക്കാലത്തും മാനുഷിക ബലഹീനതയുടെ വൈവിധ്യവും രൂക്ഷതയും നിമിത്തം, ആത്മാക്കളെ നയിക്കാനായി ദൈവകൃപ വേർതിരിച്ചു നിർത്തിയിരിക്കുന്നവർ വിവിധ ദേശങ്ങളുടെ സ്ഥലകാല സാഹചര്യങ്ങൾക്കനുസൃതമായി തങ്ങളുടെ ഉപദേശം വഴിയും ലിഖിതങ്ങൾ വഴിയും, മനുഷ്യമനസ്സിന്റെ നിരന്തരമായ ഏകാഗ്രതയ്ക്ക് സഹായകമായ തിരുത്തലുകൾ നൽകാൻ ശ്രദ്ധാലുക്കളായിരിക്കണം. അതുകൊണ്ട് ലോകാന്ത്യത്തിലുള്ള പ്രയാസമേറിയ കാലത്ത് ജീവിക്കുന്നവരും സഭാനേതൃത്വത്തിന്റെ കുറി വീണവരുമായ ഞങ്ങളുടെ ജാഗരൂകതവഴി ലോകത്തിന്റെ തെക്കുഭാഗത്തുള്ള കടലിലെ

www.malankaralibrary.com



ദ്വീപുകളിൽ അധിവസിക്കുന്നവർക്ക് ജീവന്റെ ശുശ്രൂഷയുടെ പൂർണത പകർന്നു കൊടുക്കണമെന്ന് നമ്മുടെ കർത്താവിന്റെ കരുണയ്ക്ക് തിരുവുള്ളമുണ്ടായി. ക്രിസ്തുസ്നേഹമുള്ള ഈ ജനത്തിനുവേണ്ടി ശരിയായ നിയമങ്ങൾ നടപ്പാക്കി പല കാര്യങ്ങളും നവീകരിക്കേണ്ടതുണ്ടെന്ന് ഞങ്ങൾ കണ്ടെത്തി. പ്രസ്തുത നിയമങ്ങൾ അനുസരിക്കുന്നവരെ അവ ദൈവഭയത്തിൽ നില നിർത്തുന്നതാണ്.

ഈയാർ മാസത്തിൽ, അറബി ആധിപത്യത്തിന്റെ 57-ാം വർഷത്തിൽ, ദ്വീപുകളും മററിടങ്ങളും സന്ദർശിച്ചശേഷം, ദയറിൻ ദ്വീപിലെ വിശുദ്ധ പള്ളിയിൽ ഞങ്ങൾ എത്തിച്ചേരുകയും അവിടെ പാർക്കുകയും ചെയ്തു.

ഞാൻ, ഗീവർഗീസ്, ദൈവകൃപയാൽ കിഴക്കിന്റെ കാതോലിക്കോസ് – പാത്രിയർക്കീസ്.
ഞാൻ, തോമാ, കൃപയാൽ ഖത്തർ ബിഷപ്പ് – മെത്രാപ്പോലീത്താ.
ഞാൻ, ഈശോയാബ്, കൃപയാൽ ദയറിൻ ദ്വീപിന്റെ മെത്രാൻ.
ഞാൻ, സർഗീസ്, കൃപയാൽ തറീഹാന്റെ മെത്രാൻ.
ഞാൻ, എസ്തപ്പാനോസ്, കൃപയാൽ മാസോണീത്തരുടെ മെത്രാൻ.
ഞാൻ, പോസായ്, കൃപയാൽ ഹാഗാറിന്റെ മെത്രാൻ.
ഞാൻ, ശഹിൻ, കൃപയാൽ ഹത്താ മെത്രാൻ.

തിരുത്തൽ ആവശ്യമായ എല്ലാ സംഗതികളെപ്പററിയും ഉത്സാഹപൂർവം ഞങ്ങൾ പരിചിന്തനം നടത്തി. പ്രത്യേകമായി ശ്രദ്ധിക്കേണ്ട നിരവധി കാര്യങ്ങൾ ഉണ്ടെന്നു ഞങ്ങൾ കണ്ടെത്തി. അവ കനോനിക രേഖകളാക്കേണ്ട തിരുത്തലുകളാണ്. അവയിൽ ചിലതു് മുൻ സിനഡുകളിൽ നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, ഞങ്ങൾ വീണ്ടും ലിഖിത രൂപത്തിൽ അവ അനുസ്മരിക്കുന്നതു് ഇപ്പോഴത്തെ സാഹചര്യത്തിന് ആവശ്യമാണെന്ന് തോന്നി.

ഇപ്രകാരം പരിശുദ്ധാത്മശക്തിയാൽ, ഈ ദ്വീപുകളിലെ ജനങ്ങളുടെ നന്മയ്ക്കുവേണ്ടി ഞങ്ങൾ ഏകയോഗമായി ഈ കാര്യങ്ങൾ തീരുമാനിക്കുകയും തിരുത്തലുകൾ നിർദ്ദേശിക്കുകയും ചെയ്യുന്നു.



**ഒന്നാം കാനോന:** ജനങ്ങളെ പഠിപ്പിക്കുമ്പോൾ സഭാധ്യക്ഷന്മാരും പ്രബോധകരും സത്യവിശ്വാസം പഠിപ്പിക്കണം; അവരുടെ പ്രബോധനം ശ്രവിക്കുന്ന ശ്രോതാക്കൾ ക്രിസ്തുമതത്തിന്റെ സത്യം ഗ്രഹിക്കുന്നതിനും ആ വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നതിനുമായി, ഇതിനായിട്ടാണ് അവർ നിയമിതരായിരിക്കുന്നതു് എന്നതു സംബന്ധിച്ച്:

പെരുന്നാൾ ദിവസമോ, ഞായറാഴ്ചയോ, വിശുദ്ധരുടെ ഓർമ്മ ദിവസമോ മെത്രാനോ, ഏതെങ്കിലും പ്രബോധകനോ വിശ്വാസികളോട് സംസാരിക്കുന്ന പ്രബോധക വചനത്തെ സംബന്ധിച്ച്: കഴിവുള്ള പ്രബോധകൻ സമൂഹത്തിനു വേണ്ടി ക്രിസ്തീയ സത്യവിശ്വാസമാകുന്ന ഉപ്പുചേർത്തു് തന്റെ വാക്കുകൾ രുചികരമാക്കാൻ കടപ്പെട്ടവനാണ്. കാരണം, സുവിശേഷപ്രഘോഷകരോട് നമ്മുടെ കർത്താവു് തന്റെ സുവിശേഷത്തിൽ ഇപ്രകാരം കല്പിച്ചിരിക്കുന്നു: "നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ; പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ സ്നാനപ്പെടുത്തുവിൻ. ഞാൻ നിങ്ങളോട് കല്പിച്ചവയെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ" (മത്താ. 28: 19-20). തങ്ങൾ ശിഷ്യരാക്കിയവരെ അവർ വെറുതെ വിശുദ്ധ ത്രിത്വത്തിന്റെ വ്യക്തിപരവും പ്രത്യേകവുമായ നാമത്തിൽ സ്നാനപ്പെടുത്തിയിട്ട് തത്സംബന്ധമായ പ്രബോധനം നൽകാതെ വിട്ടുകളഞ്ഞില്ല എന്നതു് സുവ്യക്തമാണല്ലോ. കാരണം, അവർ എങ്ങനെ വിശ്വാസം ഏററുപറഞ്ഞാലും, തങ്ങൾ സ്വീകരിച്ചവ കൃത്യമായി മനസ്സിലാക്കിയില്ലെങ്കിൽ, അവരുടെ ശിഷ്യത്വം നിന്ദയ്ക്കും അവഹേളനത്തിനും അർഹമായിത്തീരും. അവരുടെ ജീവിതത്തിന്റെ രക്ഷ മറഞ്ഞിരിക്കുന്നതു് അവർ സ്വീകരിച്ച ഈ കാര്യത്തിലാണല്ലോ.

അതുകൊണ്ടു്, കർതൃതിരുനാളുകളിലും വിശുദ്ധ ഞായറാഴ്ചകളിലും പ്രബോധകർ നല്കുന്ന പ്രബോധനങ്ങളിലും ഭാഷ്യങ്ങളിലുമെല്ലാം, വിശ്വാസത്തെപ്പററി ചുരുക്കമായി ജനങ്ങളോടു് പറയണം എന്നു ഞങ്ങൾ തീരുമാനിക്കുന്നു. അവർ എങ്ങനെ വിശ്വസിക്കുന്നു എന്നും പ്രഖ്യാപിക്കുന്നു എന്നും പാഷണ്ഡർ ചോദിക്കാനിടയായാൽ അവർക്ക് മറുപടി പറയാൻ കഴിയും.

www.malankaralibrary.com



**രണ്ടാം കാനോന:** ദൈവസ്നേഹമുള്ള വിശ്വാസികൾ പട്ടണത്തിലോ അതിനടുത്തോ നിർമ്മിക്കുന്ന എല്ലാ പള്ളികളെയും ആശ്രമങ്ങളെയും സംബന്ധിച്ച്: മെത്രാന്റെ അറിവോടും അനുവാദത്തോടും കൂടിവേണം അവ നിർമ്മിക്കാൻ.

വിശ്വാസതീക്ഷ്ണതയാലും സൽപ്രവൃത്തികളോടുള്ള സ്നേഹത്താലും ദൈവസ്നേഹമുള്ള വിശ്വാസികൾ പട്ടണത്തിലോ സമീപപ്രദേശങ്ങളിലോ പള്ളിയോ ആശ്രമമോ പണിയാൻ ആഗ്രഹിച്ചാൽ, തങ്ങളുടെ മനസ്സിന്റെ ഉദ്ദേശ്യവും താല്പര്യവും മെത്രാനെ അറിയിക്കണം. അവരുടെ താല്പര്യം നടപ്പാക്കുന്നതു് ഉചിതമാണെങ്കിൽ, അതിനായി മെത്രാനിൽ നിന്നു് അവർക്കു് അനുവാദം ലഭിക്കണം. കാരണം, ഒരിക്കൽ ദൈവത്തിൽ നിന്നു് ആത്മാക്കളുടെ ചുമതല ലഭിക്കുകയും അവരുടെ ജീവിതത്തിനുവേണ്ടി അവയെ വേണ്ടവണ്ണം പരികർമ്മം ചെയ്യുകയും ചെയ്യുന്നവരെ കൂടാതെ, എത്ര ശ്രേഷ്ഠമായ കാര്യമായാൽ പോലും, തങ്ങൾ തന്നെയോ, തങ്ങൾക്കുവേണ്ടിയോ പൂർത്തിയാക്കാൻ അവർക്കവകാശമില്ല. എന്തുകൊണ്ടെന്നാൽ പള്ളികളും ആശ്രമങ്ങളും ഇല്ലാത്ത സ്ഥലങ്ങൾ ഉണ്ടെങ്കിൽ തന്നെയും അവ സ്ഥാപിക്കാനുള്ള ചുമതല മെത്രാനുള്ളതാണു്.

അതുകൊണ്ടു് അദ്ദേഹത്തിന്റെ അനുവാദവും കല്പനയും കൂടാതെ പള്ളിയോ ആശ്രമമോ പണിയാൻ വിശ്വാസികൾക്കു് അനുവാദമില്ല. പട്ടണത്തിലോ ഗ്രാമത്തിലോ പണിയുന്ന എല്ലാ പള്ളികളും ആശ്രമങ്ങളും കത്തോലിക്കാ സഭവകയാണു്; അവ മെത്രാന്റെ അധികാരത്തിൻ കീഴിലും ഭരണത്തിൻ കീഴിലും ആയിരിക്കണം.

**മൂന്നാം കാനോന:** സഭാധ്യക്ഷന്മാരുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച്: അവരുടെ ശ്രേഷ്ഠമായ ജീവിതരീതി, പ്രബോധനത്തിലുള്ള പരിജ്ഞാനം, സത്യവിശ്വാസം, ശുശ്രൂഷയ്ക്കുള്ള യോഗ്യത എന്നിവ നോക്കിയായിരിക്കണം അവരെ തെരഞ്ഞെടുക്കേണ്ടതു്; വ്യക്തിപരമായ മുൻവിധിയോ, പരിഗണനയോ, നിന്ദ്യമായ ദാനങ്ങളോ കൊണ്ടു്, ഈ ശ്ലൈഹിക ശുശ്രൂഷ അവർ സ്വീകരിക്കരുതു്. മനുഷ്യരുടെ രക്ഷ ഇതിലാണല്ലോ മറഞ്ഞിരിക്കുന്നതു്.



ഭരണത്തിലിരിക്കുന്ന മെത്രാന്മാരിലൊരാൾ മരിച്ചാൽ നമ്മുടെ ഭാഗ്യവാന്മാരായ പിതാക്കന്മാർ നടപ്പാക്കിയിട്ടുള്ള കാനോനകളിൽനിന്നു് അറിയുന്നതുപോലെ, താഴെപ്പറയും വിധം തെരഞ്ഞെടുപ്പ് നടക്കണം: ശ്ലൈഹിക നിയമങ്ങളനുസരിച്ച്, സമൂഹത്തിന്റെ സമ്മതത്തോടുകൂടി വൈദിക ശുശ്രൂഷ ഏല്പിക്കാൻ പററിയ ശ്രേഷ്ഠമായ ജീവിതരീതിയുള്ള ഒരാളെ വേർതിരിക്കണം. രൂപതയിലെ വൈദികരും വിശ്വാസികളും ഇതേപ്പററി മെത്രാപ്പോലീത്തായെ അറിയിക്കണം. അദ്ദേഹം അയാളെ അറിയുകയും നിയമിക്കുകയും ചെയ്യണം. ജനങ്ങളുടെ സമ്മതപത്രത്തോടുകൂടി അയാളെപ്പററി മെത്രാപ്പോലീത്താ പത്രിയർക്കീസിനു്എഴുതണം. പാത്രിയർക്കീസിന്റെ കല്പനാനുസൃതം ക്രമീകൃതമായി അയാളുടെ പട്ടം പൂർത്തിയാക്കുകയും അഭിഷേകം പൂർണ്ണമാക്കുകയും ചെയ്യണം. മാനുഷിക പരിഗണനയിൽ ഒരാൾക്കുവേണ്ടി കപടമായ തെരഞ്ഞെടുപ്പ് നടത്തുകയോ, അഥവാ, ഇത്തരം ശപിക്കപ്പെട്ട തെരഞ്ഞെടുപ്പിൽ കൈക്കൂലിയെയോ ഗർഹണീയമായ സമ്മാനങ്ങളെയോപ്രതി ദൈവികകാര്യങ്ങൾ പരികർമ്മം ചെയ്യുകയോ ചെയ്താൽ, ഭീതികരമായ ''കർതൃവചനത്താൽ'' ആ തെരഞ്ഞെടുപ്പ് റദ്ദാക്കേണ്ടതാണ്.

**നാലാം കാനോന:** മെത്രാനെ സംബന്ധിച്ച്: സഭയുടെ വസ്തുവകകൾ സംബന്ധിച്ചുള്ളതോ വരവുചെലവു കണക്കുകൾ സംബന്ധിച്ചുള്ളതോ ആയ ചെറിയ കാര്യങ്ങളിലേക്കു താഴ്ന്നിറങ്ങുന്നതു മെത്രാനുചിതമല്ല; അത്തരം ഭരണകാര്യശുശ്രൂഷകൾ വിശ്വസ്തരായ ആളുകളെ ഏല്പിക്കട്ടെ; അവിവേകികളായ മനുഷ്യരിൽ നിന്നുള്ള ദുരാരോപണങ്ങൾ അങ്ങനെ അയാൾക്കു് ഒഴിവാക്കാൻ കഴിയും.

സഭാസ്വത്തുക്കളുടെ ഭരണം, വരവുചെലവുകണക്കുകൾ വസ്തുവകകളുടെ സംരക്ഷണം ആദിയായവ, വൈദികരുടെയും വിശ്വാസികളുടെയും സമ്മതത്തോടുകൂടി, അതിനു കഴിവുള്ള വിശ്വസ്തരായ ആളുകളെ മെത്രാൻ ഏല്പിക്കണം. അവർ അതു് വിശുദ്ധമായും ദൈവഭയത്തിലും മെത്രാന്റെ കല്പനാനുസൃതവും വൈദികരുടെയും ആവശ്യമെങ്കിൽ പ്രശസ്തരായ അൽമായരുടെ അറിവോടെയും കൈകാര്യം ചെയ്യണം. അങ്ങനെ

www.malankaralibrary.com



മെത്രാന് താഴ്ന്നതരം വ്യാപാരങ്ങളിൽനിന്ന് അകന്നിരിക്കാൻ കഴിയും; പഠിപ്പിക്കാനും പ്രബോധിപ്പിക്കാനും, കുറ്റകരമായ കാര്യങ്ങൾ നേരെയാക്കാനും, മനുഷ്യാത്മാക്കളെ ആത്മീയമായി വളർത്താനും അയാൾക്കു കഴിയും. വിശുദ്ധ ശ്ലീഹന്മാരും അത്തരം കാര്യങ്ങളിൽ നിന്ന് അകന്നു കഴിഞ്ഞു; എന്നാൽ മറ്റുള്ളവയെ ബഹുമാനിച്ചിരുന്നു; കാരണം, അവ പ്രയോജനകരവും വിശ്വാസികളുടെ രക്ഷയ്ക്ക് ഉതകുന്നവയുമായിരുന്നു. മേൽ വിവരിച്ച തരത്തിലുള്ള ലൗകിക കാര്യങ്ങളിൽ വ്യാപരിക്കാനായി മെത്രാൻ ഒരിക്കലും താണിറങ്ങരുത്. തന്റെ സ്ഥാനത്തിനു ചേർന്നവിധം അദ്ദേഹം അകന്നു വ്യാപരിക്കുകതന്നെ വേണം.

**അഞ്ചാം കാനോന:** മെത്രാനെ സംബന്ധിച്ചുള്ള കാര്യങ്ങൾ: അർഹരായ ആളുകൾക്ക് സഭാപട്ടങ്ങൾ നൽകുന്നതിനെക്കുറിച്ചും പള്ളികളുടെയും ആശ്രമങ്ങളുടെയും ശുശ്രൂഷയുടെ ചുമതല ഏല്പിച്ചുകൊടുക്കുന്നതിനെക്കുറിച്ചും: അവയുടെ ഭരണത്തിൽ അൽമായരാരും കൈകടത്തരുത്; കാരണം അവ മെത്രാന്റേതാണ്.

യോഗ്യരായ വ്യക്തികൾക്ക് മെത്രാൻ ആഗ്രഹിക്കുന്നതനുസരിച്ച് പട്ടം നൽകുന്നതും ശുശ്രൂഷയ്ക്കു പറ്റിയവർക്ക് പള്ളിയോ ആശ്രമമോ ഏല്പിച്ചുകൊടുക്കുന്നതും മെത്രാന്റെ കാര്യമാണ്; അവയുടെ ഭരണം മെത്രാന്റെ അധികാരത്തിൻ കീഴിലാണ്; ദൈവഭയത്തിൽ അദ്ദേഹം അതു കൈകാര്യം ചെയ്യണം. ചെയ്ത കാര്യത്തെപ്പറ്റി അറിഞ്ഞിരിക്കാൻവേണ്ടി വൈദികരെയും ശ്രേഷ്ഠരായ വിശ്വാസികളെയും അറിയിച്ചാൽ മതി. ഈ കാര്യങ്ങൾ സംബന്ധിച്ച് അധികാരപൂർവം കല്പിക്കാൻ ‘‘നമ്മുടെ കർത്താവിന്റെ വചനത്താൽ’’ വിശ്വാസികൾക്കനുവാദമില്ല.

**ആറാം കാനോന:** ക്രിസ്ത്യാനികളുടെ നിയമതർക്കങ്ങളെ സംബന്ധിച്ച്: ജനങ്ങളുടെ സമ്മതത്തോടുകൂടി, വൈദികരുടെയും ഡീക്കന്മാരുടെയും ഇടയിൽ നിന്ന് മെത്രാൻ നിർദ്ദേശിക്കുന്ന ആളുകളുടെ മുൻപാകെ സഭയിലാണിതു നടക്കേണ്ടത്. സഭയ്ക്കു പുറത്തുപോയി അവിശ്വാസികളുടെയോ പുറജാതിക്കാരുടെയോ മുൻപാകെയല്ല തർക്കം തീർക്കേണ്ടത്.



ക്രിസ്ത്യാനികളുടെ ഇടയിൽ ഉണ്ടാകുന്ന തർക്കങ്ങളും കലഹങ്ങളും സഭയിൽ സമൂഹത്തിന്റെ സമ്മതത്തോടുകൂടി വൈദികരുടെ ഇടയിൽ നിന്ന് മെത്രാൻ നിർദ്ദേശിക്കുന്ന ആളിന്റെ മുമ്പാകെയാണ് പറഞ്ഞുതീർക്കേണ്ടത്; അല്ലാതെ നിയമമില്ലാത്തവരെപ്പോലെ അവർ പുറത്തുള്ളവരുടെ പക്കലേക്കു പോകരുത്. പ്രസ്തുത വൈദികർ സത്യത്തെ സ്നേഹിക്കുന്നവരും ദൈവഭയമുള്ളവരും ആണെന്ന് അവരെപ്പറ്റി നല്ല സാക്ഷ്യം ഉണ്ടായിരിക്കണം; കാര്യങ്ങൾ ശരിയായി വിധിക്കാൻ തക്ക ജ്ഞാനവും കഴിവും ഉള്ളവരായിരിക്കണം. അല്ലാതെ തങ്ങളുടെ മനസ്സിന്റെ തള്ളൽ കൊണ്ട് തങ്ങളുടെ വാക്കുകൾ സഭയ്ക്കു പുറത്ത് പറയാൻ ഇടയാകരുത്. എന്നാൽ തർക്കപരിഹാരത്തിനായി മെത്രാൻ നിർദ്ദേശിച്ചവരിൽ നിന്ന് മറച്ചുവയ്ക്കേണ്ട എന്തെങ്കിലും കാര്യം ഉണ്ടെങ്കിൽ, അവർ തർക്കസംഗതി മെത്രാന്റെ മുമ്പിൽ അവതരിപ്പിക്കട്ടെ. തർക്കസംഗതിയെപ്പറ്റി അദ്ദേഹം ചെയ്യുന്ന തീരുമാനം അവർ അംഗീകരിക്കട്ടെ. ലൗകികാധികാരികളുടെ കല്പന അനുസരിക്കുക എന്ന സാഹചര്യമൊഴികെ മെത്രാന്റെ കല്പന കൂടാതെയും സമൂഹത്തിന്റെ സമ്മതം കൂടാതെയും സ്വന്തമായി വിശ്വാസികളുടെ തർക്കസംഗതികളിൽ ഇടപെടാൻ കർതൃവചനത്താൽ വിശ്വാസികൾക്കാർക്കും അനുവാദമില്ല.

**ഏഴാം കാനോന:** പട്ടം കിട്ടി വൈദികരാകുവാൻ ആഗ്രഹിക്കുന്നവർ കൈക്കൂലി കൊടുത്ത് അതൊന്നും സ്വീകരിക്കരുത്; തങ്ങളുടെ സ്വന്തം മെത്രാനാൽ അല്ലാതെ തങ്ങളുടെ രൂപതയ്ക്കു പുറത്തുള്ള മെത്രാനാൽ അനുഗ്രഹിക്കപ്പെടാനും, പിന്നീട് പ്രേരണയാലോ അധികാരസ്ഥാനങ്ങളിൽ ഉള്ളവരുടെ കല്പനയാലോ തങ്ങൾക്കിഷ്ടമുള്ളിടത്ത് ശുശ്രൂഷ ചെയ്യാനുള്ള അനുവാദം ലഭിക്കാനുമായി വൈദേശികാധികാരത്തിൻ കീഴിൽ സ്ഥാനങ്ങൾ തേടരുത് എന്നതിനെ സംബന്ധിച്ച്:

വൈദികരാകാനും പട്ടം സ്വീകരിക്കാനും ആഗ്രഹിക്കുന്നവർ നൈയാമികമായും കാനോനികമായും പെരുമാറണം. ലൗകായതികരുടെ ക്രമരാഹിത്യം പോലെയായിരിക്കരുത്. എന്തുകൊണ്ടെന്നാൽ, ബഹുമാനമോഹത്താൽ ദുരാഗ്രഹാനുസൃതം, ദൈവികകാര്യങ്ങൾ ലൗകികകാര്യങ്ങൾപോലെ കൈകാര്യം ചെയ്യുന്നത് ഒട്ടും ഉചിതമല്ല.

www.malankaralibrary.com



അതുകൊണ്ട് അവർ ലൗകികാധികാരികളുടെ പക്കൽ അഭയം തേടരുത്, അല്ലെങ്കിൽ ഭീഷണിക്കത്തുകളോ, അൽമായരുടെ സഹായമോ കൊണ്ട് തങ്ങൾക്കിഷ്ടമുള്ള സ്ഥലം തേടുകയോ പട്ടത്തിനണയുകയോ ചെയ്യാൻ പാടില്ല. അതു് അവനെ പൂർണ്ണമായി നിന്ദാപാത്രമാക്കുകയേ ഉള്ളൂ. എന്നാൽ സഹവൈദികരുടെ സമ്മതത്തോടും മെത്രാന്റെ തീരുമാനത്തോടുംകൂടി ഈ ക്രമത്തിനും സ്ഥാനത്തിനും ശുശ്രൂഷയ്ക്കും അവൻ സ്വയം സമർപ്പിക്കട്ടെ. അതായതു്, ബഹുമാന്യമായ ഈ കാര്യങ്ങൾ അവൻ സഭയിൽ തേടട്ടെ. അവർ സഹോദരങ്ങളുടെ ഇടയിൽ അറിയപ്പെട്ടവനും സുശിക്ഷിതനും, ശ്രേഷ്ഠമായ ജീവിതരീതികളുള്ളവനും, ശ്രേഷ്ഠകാര്യങ്ങളിൽ ശ്രദ്ധിക്കുന്നവനും ആയിരിക്കണം. കാരണം, ഈ കാര്യങ്ങൾ നിമിത്തം അവൻ തന്റെ സ്ഥാനത്തും ബഹുമാനത്തിലും എണ്ണപ്പെട്ടവനായിരിക്കും. ഒരു മാന്യവ്യക്തിയെന്നനിലയിൽ മെത്രാൻ അവനു് മാന്യമായ സ്ഥലം നൽകുകയും ബഹുമാന്യസ്ഥാനത്തു് അവനെ അവരോധിക്കുകയും ചെയ്യണം. എന്നാൽ തന്റെ രൂപതയ്ക്കു വെളിയിലോ, മറ്റൊരു മെത്രാനിൽ നിന്നോ ആരും പട്ടം വാങ്ങാൻ തുനിയരുതു്. അപ്രകാരം ചെയ്യുന്നവനെ ശുശ്രൂഷയിൽ നിന്നു് ഉരിഞ്ഞുകളയണം. എന്നാൽ ഇതിലേതെങ്കിലും ചെയ്യുകയോ വൈദേശിക സഹായത്താൽ ആവശ്യപ്പെടുകയോ ചെയ്യുന്നയാൾ, നമ്മുടെ കർത്താവിന്റെ വചനത്താൽ, സഭാശുശ്രൂഷയുടെ ബഹുമാനത്തിൽ നിന്നു് അന്യനായിരിക്കും.

**എട്ടാം കാനോന:** സഭയിലേക്കു് ആളുകൾ വരുമ്പോൾ വൈദികർ ആവശ്യപ്പെടുന്ന കാണിക്ക പിരിവിനെ സംബന്ധിച്ച്: അങ്ങനെ കൊടുക്കാൻ അവർക്കു കഴിവുണ്ടെന്നു് മെത്രാനു് അറിയാവുന്നതൊഴികെ, പുരാതന രീതിയനുസരിച്ച് ആവശ്യപ്പെടാൻ പാടില്ല.

പട്ടം സ്വീകരിക്കുന്നവരും പുതുതായി സഭയിലേക്കു വരുന്നവരും തങ്ങളുടെ കഴിവും ശക്തിയുമനുസരിച്ച് സ്വമനസ്സാലെ തങ്ങളുടെ സഹോദരങ്ങൾക്കു നൽകണം. എന്നാൽ പുരാതന രീതി എന്നും പറഞ്ഞു് "നേർച്ചകാഴ്ചകളും" "ദാനധർമ്മങ്ങളും" എന്നു പറയപ്പെടുന്ന ഭാരവും നുകവും ആവശ്യപ്പെടാനേ പാടില്ല. ഇപ്രകാരം ചെയ്യുന്നതു് ദൈവഭക്തിക്കന്യമാണു്; വിഷമം



പിടിച്ച കാലഘട്ടത്തിലെ ദാരിദ്ര്യം നിമിത്തവും ഇപ്രകാരം ചെയ്യാൻ പാടില്ലാത്തതാണ്. സഭാശുശ്രൂഷകൾക്കു വിളിക്കപ്പെട്ടവരെ ഇത്തരം ഭാരങ്ങളാൽ ക്ലേശിപ്പിക്കുന്നതു നല്ലതല്ല. കാരണം, ഇല്ലായ്മ കൊണ്ട് പലരും ഇതിനു് മുന്നോട്ടു് വരാതിരുന്നേക്കാം. ഇതിൽ നിലനില്ക്കാതെ മറ്റു് ജോലികൾക്കു പോകാനും ഇടയുണ്ട്.

അതുകൊണ്ട് വൈദികർ എന്നു വിളിക്കപ്പെടുകയും വൈദികനിരയിൽ പ്രവേശിക്കുകയും ചെയ്യുന്നവർ മറ്റുള്ളവരിൽ നിന്ന് ഇതുപോലുള്ളതൊന്നും ഒരുതരത്തിലും ആവശ്യപ്പെടാൻ പാടില്ല.

**ഒൻപതാം കാനോന:** കന്യകകൾ എന്നു വിളിക്കപ്പെടുന്ന സന്യാസിനികളെ കുറിച്ച്: സഭയിൽ അവരുടെ ശുശ്രൂഷ എന്താണ്? അവർ എങ്ങനെ വസ്ത്രധാരണം ചെയ്യണം?

കന്യാത്വത്തിനും അതിന്റെ പരിപാവന ജീവിതത്തിനും സ്വയം സമർപ്പിക്കുന്ന സ്ത്രീകൾക്കു് തിരിച്ചറിയത്തക്ക വസ്ത്രം ഉണ്ടായിരിക്കണം; അവരുടെ മുടി കത്രിച്ചിരിക്കണം; എല്ലാറ്റിനും മുൻപ് സങ്കീർത്തനങ്ങൾ ആലപിക്കാൻ അവർ പഠിച്ചിരിക്കണം. അവർ സഭയുടെ ആരാധനയിലും തങ്ങളുടെ സ്വന്തമായ ക്രമമനുസരിച്ചുള്ള സ്തുതിപ്പുകളിലും ശ്രദ്ധാലുക്കളായിരിക്കണം. മരിച്ചവരുടെ സംസ്കാരദിവസം വിലാപയാത്രയിൽ അവർക്കു് പാട്ടുകൾ പാടാവുന്നതാണ്; അതുപോലെ മരിച്ചവരുടെ ഓർമ്മയ്ക്കായി നിശ്ചയിച്ചിട്ടുള്ള ദിവസങ്ങളുടെ തലേന്നാൾ ഉള്ള ജാഗരണാവസരവും അവർക്കു് പാട്ടുകൾ പാടാവുന്നതാണ്. എന്നാൽ ശവക്കോട്ടയിൽ പാട്ടു പാടാനായി പോകാൻ അവർക്കനുവാദമില്ല. ബലഹീനരായ മനുഷ്യർക്കെന്നവണ്ണം ഈ കാര്യങ്ങളെ സംബന്ധിച്ചെല്ലാം ഉചിതമായ വിവേകം ഉണ്ടായിരിക്കണം. പട്ടണങ്ങളിൽ തങ്ങളുടെ താമസസ്ഥലങ്ങളിൽ, ഒന്നോ രണ്ടോ ഇടത്തു് അവർ ഒന്നിച്ചുകൂടണം; ശുദ്ധജീവിതരീതികളുള്ളവൾ എന്നു് സാക്ഷ്യം ഉള്ള പ്രായംചെന്ന ഒരു സ്ത്രീയെ അവരുടെ നേതൃത്വം ഏല്പിക്കണം. അവളുടെ കല്പനാനുസൃതമായിരിക്കണം അവരുടെ പോക്കുവരവുകൾ. വ്യർത്ഥഭാഷണങ്ങളിൽനിന്നു് അവരെ തടയുന്നതിനും സ്വന്തക്കാരുടെയും പുറത്തു

www.malankaralibrary.com



ള്ളവരുടെയും മുറുമുറുപ്പിൽ നിന്നും അപവാദങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനുമായി അവൾ അവരെ നിയമങ്ങളാൽ ബന്ധിക്കണം. എന്നാൽ സഭാശുശ്രൂഷകൾ ചെയ്യാനായി അവരിൽ ഏററവും ശ്രേഷ്ഠയായ ഒരാളെ വേർതിരിച്ച് അവളെ വനിതാഡീക്കനായി വാഴിക്കണം. സ്നാനം സ്വീകരിക്കുന്ന പ്രായം ഉള്ള സ്ത്രീകളെ വിശുദ്ധതൈലം പൂശുന്നത് അവളായിരിക്കും. സ്ത്രീകളെ സംബന്ധിച്ച് അടക്കമൊതുക്കം ആവശ്യപ്പെടുന്ന കാര്യങ്ങളിൽ അവളാണ് അവരുടെ മാമോദീസാ ക്രമീകരിക്കുന്നത്.

**പത്താം കാനോന:** മെത്രാന്റെ അനുവാദം കൂടാതെ വൈദികരാരും തങ്ങളുടെ പള്ളിയും പട്ടണവും വിട്ടുപോകരുത് എന്നതു സംബന്ധിച്ച്:

സഭാശുശ്രൂഷയ്ക്കായി കടന്നു വന്നിട്ടുള്ള വൈദികർക്കെല്ലാവർക്കും, തങ്ങളുടെ എല്ലാ വ്യാപാരങ്ങളിലും, ദൈവസ്തുതിയുടെ ശുശ്രൂഷകരും ദിവ്യരഹസ്യങ്ങൾ പരികർമ്മം ചെയ്യുന്നവരും എന്ന നിലയിൽ കൃത്യമായ നിയമവും സ്തുത്യർഹമായ ജീവിതരീതിയും ഉണ്ടായിരിക്കണം. മെത്രാന്റെ കല്പന കൂടാതെ തങ്ങളുടെ പട്ടണത്തിൽ നിന്നും പള്ളിയിൽ നിന്നും മറെറാന്നിലേക്കു കടന്നുപോകാനും അതുപോലെ എന്തെങ്കിലും കാര്യവുമായി ലൗകികാധികാരികളുടെ പക്കൽ പോകാനും അവർക്കു് അനുവാദമില്ല. ഇവ ലംഘിക്കുന്നവർ ശാപത്തിനു വിധേയരാണ്.

**പതിനൊന്നാം കാനോന:** മാതാപിതാക്കൾ മരിച്ച് അനാഥരായിത്തീർന്ന കുട്ടികളുടെ നേർക്കു മെത്രാൻ കാണിക്കേണ്ട ശ്രദ്ധയെപ്പററി: അവർക്കു പ്രായപൂർത്തിവന്ന് തങ്ങളുടെ വസ്തുവകകൾ സംരക്ഷിക്കാൻ കഴിയുന്നതുവരെ, നഷ്ടപ്പെട്ടു പോകാതെ ദൈവഭയത്തിൽ അവരുടെ അവകാശം കാത്തുസൂക്ഷിക്കണം.

മാതാപിതാക്കൾ വളരെ ചെറുപ്പത്തിലെ മരിച്ച് അനാഥരായിത്തീർന്ന കുട്ടികളുടെ കാര്യത്തിൽ മെത്രാന്റെ ശ്രദ്ധയുണ്ടായിരിക്കണം. അവരുടെ മാതാപിതാക്കൾ അവർക്കെന്ത് അവശേഷിപ്പിച്ചിട്ടുണ്ടെന്ന് അമ്മയുടെ സഹോദരന്മാരോടും അപ്പന്റെ സഹോദരന്മാരോടും കൃത്യമായി അന്വേഷിച്ചറിയണം; ദൈവഭയവും സത്യസന്ധതയുമുള്ള ഒരു കാര്യസ്ഥനെ അവരുടെ വസ്തുവകകളുടെയെല്ലാം മേൽകാര്യസ്ഥനായി നിയമിച്ച്, അയാളുടെ മേൽനോട്ടത്തിന് എല്ലാം ഏല്പിച്ചുകൊടുക്കണം. അതുപോലെ അവകാശികളുടെ മാതൃസഹോദരന്മാരുടെയും പിതൃസഹോദരന്മാരുടെയും അറിവോടുകൂടെ അവരുടെ ചെലവുകൾ, അവരുടെ വളർത്തൽ തുടങ്ങി കുട്ടികളുടെ കാര്യങ്ങൾ ക്രമീകരിക്കണം; കുട്ടികൾ സ്വന്തമായി തങ്ങളുടെ വസ്തുവകകൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാകുന്നതു വരെ ദൈവഭയമുള്ളവരെന്നു സാക്ഷ്യമുള്ള ആളുകൾ സംരക്ഷിക്കുന്നതും മേല്പറഞ്ഞവരുടെ അറിവോടുകൂടെയായിരിക്കണം. അനാഥരായിത്തീർന്ന കുട്ടികൾക്ക് ഒന്നും നഷ്ടപ്പെടാതിരിക്കാനും, വഞ്ചന പ്രയോഗിക്കാതിരിക്കാനുമായി എല്ലാ കാര്യങ്ങളും മെത്രാന്റെ അറിവോടുകൂടി ചെയ്യണം. ഇതു ലംഘിക്കുന്നവർ ''ദൈവവചനത്തിന്റെ'' ഡിക്രിക്കു വിധേയരായിരിക്കും.



**പന്ത്രണ്ടാം കാനോന:** ഏകാന്തവാസികൾ എന്ന പേരും വഹിച്ചുകൊണ്ട് അപ്രകാരം കാണപ്പെടുകയും എന്നാൽ അതിന്റെ അന്തസ്സത്തയിൽ നിന്ന് വളരെ അകന്നിരിക്കുകയും ചെയ്യുന്നവർ വരുത്തിവയ്ക്കുന്ന ക്രമരാഹിത്യത്തെയും ഇടർച്ചയെയും സംബന്ധിച്ച്:

ദൈവസ്നേഹത്തെപ്രതിയും ദൃശ്യവസ്തുക്കളോടുള്ള വെറുപ്പിനെപ്രതിയും ലോകത്തിൽ നിന്നകന്ന് നസ്രായവ്രതത്തിന്റെ ശുദ്ധജീവിതം നയിക്കാനാഗ്രഹിക്കുന്നവർ ആദ്യമായി തിരുലിഖിതപ്രബോധനവുമായി പരിചയപ്പെടുകയും അതിനുവേണ്ടി ഇറങ്ങിപ്പുറപ്പെട്ട മനുഷ്യരെ നന്നായി അറിയുകയും വേണം. ഇപ്രകാരം ഒരു മന്ദിരത്തിൽ വച്ച് ഈ ജീവിതരീതി സംബന്ധിച്ച പ്രബോധനം സ്വീകരിക്കുകയും സന്യാസവസ്ത്രം സ്വീകരിക്കുകയും ഒരാശ്രമത്തിൽ, അതിന്റെ നടപടിക്രമം അനുസരിച്ച് അദ്ധ്വാനിക്കുകയും വേണം. അതുപോലെ ഒരധ്യക്ഷന്റെ കീഴിൽ വിധേയമായിരുന്നും പൈതൃക കാനോനകളനുസരിച്ചും ഒരു താപസ്സമുറിയിൽ താമസിക്കണം. നൈയാമികമല്ലാതെയും ഞങ്ങൾ വിവരിച്ച രീതിയിൽ അല്ലാതെയും, തിരുലിഖിത പരിജ്ഞാനം കൂടാതെ വെറും ബാഹ്യമാത്രമായി കഴിയുകയും, തങ്ങളുടെ തല മുണ്ഡനം ചെയ്ത് ജന

www.malankaralibrary.com



ങ്ങളിൽ നിന്നുള്ള വ്യർത്ഥാഭിമാനം മാത്രം ആഗ്രഹിക്കുകയും ഈ ജീവിതാവസ്ഥയുടെ അന്തസ്സത്തയ്ക്കു ചേർന്നതൊന്നും തങ്ങളിൽ ഇല്ലാതിരിക്കുകയും അധ്യക്ഷന്റെ അധികാരത്തിൻകീഴല്ലാത്തതും തങ്ങളുടെ സന്യാസവിഭാഗത്തിന്റെ അധ്യക്ഷന്റെ നിയമങ്ങൾ അനുസരിക്കാതെയും മ്ലേച്ഛമായ സ്ഥലങ്ങളിൽ പാർക്കുകയും ചെയ്യുന്നവരെ മെത്രാൻ ആട്ടിയോടിക്കണം. അവർ അലഞ്ഞുനടന്ന് സാധാരണക്കാരെ വഴിതെററിക്കാൻ അനുവദിച്ചുകൂടാ. നമ്മുടെ കർത്താവിന്റെ വചനത്താൽ അവരെ സന്യാസികളുടെ പട്ടികയിൽ നിന്ന് നീക്കണം; അവരുടെ സന്യാസവസ്ത്രം നീക്കുകയും ചെയ്യണം.

**പതിമൂന്നാം കാനോന:** മാതാപിതാക്കളുടെ സമ്മതവും വിശുദ്ധ കുരിശിന്റെ മാധ്യസ്ഥ്യവും, വൈദികന്റെ ആശീർവ്വാദവും കൂടാതെ ഒരു സ്ത്രീയെയും ഒരു പുരുഷനും വിവാഹം കഴിച്ചുകൊടുക്കരുത്.

മാതാപിതാക്കന്മാർ വിവാഹവാഗ്ദാനം നടത്തിയ അവിവാഹിതരായ സ്ത്രീകളെ വിശ്വാസികളുടെ ആചാരം അനുസരിച്ച് മാതാപിതാക്കളുടെ സമ്മതത്തോടും, നമ്മുടെ രക്ഷകന്റെ വിശുദ്ധ കുരിശിന്റെ മാധ്യസ്ഥ്യത്തോടും, വൈദികന്റെ ആശീർവാദത്തോടും കൂടെ ക്രിസ്തീയ നിയമാനുസൃതം പുരുഷന്മാർക്കു വിവാഹം കഴിച്ചുകൊടുക്കണം. ദൈവഭയത്തിൽ നിന്ന് വളരെ അകന്നുകഴിയുന്ന മററു ജനങ്ങളെപ്പോലെ നൈയാമിക വിവാഹബന്ധം വേർപെടുത്തി മററൊരാളോടു ചേരുക ക്രിസ്ത്യാനികൾക്കെളുപ്പമല്ലാത്തതിനാൽ, വിവാഹവാഗ്ദാനം ചെയ്ത സ്ത്രീപുരുഷന്മാരുടെ വിവാഹ ഉടമ്പടി, നമ്മെ മെനഞ്ഞുണ്ടാക്കുകയും നമ്മെ രക്ഷിക്കുകയും ചെയ്ത നാഥന്റെ സാന്നിധ്യത്തിൽ നടത്തുക എന്നത് ആവശ്യകവും വളരെ സഹായകവുമാണ്. അവർ ഈ ഉടമ്പടി ലംഘിച്ചാൽ നമ്മുടെ ന്യായവാദത്തിന്റെ അടയാളമായ പ്രതികാരകൻ നമുക്കുണ്ട്. അവിടന്ന് നമ്മുടെ എല്ലാ രഹസ്യകാര്യങ്ങളും പരസ്യമാക്കുന്നു; തന്റെ മഹത്വത്തിന്റെ നീതിപീഠത്തിന്റെ മുൻപാകെ നമ്മുടെ എല്ലാ കർമ്മങ്ങളും പരിശോധനാവിധേയമാക്കുന്നു. തങ്ങളുടെ ഭാവിപ്രത്യാശക്കനുസൃതമായി ഒരാശീർവാദത്തോടുകൂടി അവർ അവസാനിപ്പിക്കാനായി, വൈദി



കാശീർവാദത്തോടുകൂടി അവർ വിശ്വസ്തതാപൂർവം ഒന്നിച്ചു താമസിക്കണം. വീണ്ടും വിവാഹം കഴിക്കാനുള്ള താല്പര്യത്താൽ അവർ ഇവ ലംഘിക്കുകയും നിലവിലുള്ള നിയമങ്ങളെ നിന്ദിക്കുകയും ചെയ്താൽ— അതായത് അവർ വിശ്വസ്തതയ്ക്കു ഭംഗം വരുത്തുമ്പോഴും, വൈദികാശീർവാദം കൂടാതെ വിവാഹിതരാകുമ്പോഴും—പ്രായശ്ചിത്തം കൂടാതെ അവരെ വേർപെടുത്തണം; ഇവരുടെ ന്യായാധിപന്മാരായി നിയമിതരായിരിക്കുന്നവരുടെ ചെയ്തികളെ പുനഃപ്പരിശോധിക്കയും വേണം; ഇതോടുകൂടി സഭ അവരെ മുടക്കുകയും വേണം.

**പതിന്നാലാം കാനോന:** ദൈവഭയത്തിനന്യരായ പുറജാതിക്കാരുമായി ക്രിസ്തീയസ്ത്രീകൾ വിവാഹിതരാകരുത് എന്നതു സംബന്ധിച്ച്:

ഒരിക്കൽ ക്രിസ്തുവിൽ വിശ്വസിക്കുകയും ക്രിസ്തീയ ജീവിതം നയിക്കാൻ ആഗ്രഹിക്കുകയും ചെയ്ത സ്ത്രീകൾ തങ്ങളുടെ സർവകഴിവുകളോടും കൂടെ പുറജാതികളുമായുള്ള ദാമ്പത്യബന്ധത്തെ തിരസ്കരിക്കണം; കാരണം, അവരുമായുള്ള ബന്ധം ദൈവഭയത്തിനു നിരക്കാത്ത ആചാരങ്ങൾ സ്വീകരിക്കാൻ ഇടയാക്കും; അത്തരം കാര്യങ്ങളിൽ വഴുതി വീഴാൻ സാധ്യതയുമുണ്ട്.

അതുകൊണ്ട് ക്രിസ്തീയസ്ത്രീകൾ പുറജാതികളുടെ കൂടെ താമസിക്കുന്നതിൽ നിന്ന് പൂർണമായും ഒഴിഞ്ഞിരിക്കണം. എന്നാൽ അപ്രകാരം ചെയ്യുന്ന വ്യക്തി, നമ്മുടെ കർത്താവിന്റെ വചനത്താൽ സഭയ്ക്കും ക്രിസ്ത്യാനി എന്ന ബഹുമാനത്തിനും അന്യയായിരിക്കും.

**പതിനഞ്ചാം കാനോന:** വിശ്വാസികൾ പള്ളിയിൽ ഒന്നിച്ചു കൂടുന്നതു സംബന്ധിച്ച്: വിശ്വാസികൾക്കനുയോജ്യമാം വിധം ക്രമമായും ചിട്ടയായും രാവിലെയും വൈകിട്ടും ഒന്നിച്ചുകൂടുക അവശ്യാവശ്യമാണ്.

ഒഴിച്ചുകൂടാൻ പാടില്ലാത്ത ആവശ്യങ്ങളിലല്ലെങ്കിൽ, വിശ്വാസികളായ സ്ത്രീപുരുഷന്മാർ ഉപേക്ഷ വിചാരിക്കാതെ രാവിലെയും വൈകിട്ടും പള്ളിയിൽ ഒന്നിച്ചുകൂടണം; അവർ അതിൽ നിന്നു മാറിനിൽക്കാൻ പാടില്ല. ഭവനത്തിൽ തന്നെ ഒരു പ്രാർത്ഥനാമുറി ഉണ്ടെങ്കിൽപോലും, സമൂഹത്തിലെ കൂട്ടായ്മ

www.malankaralibrary.com



കൂടാതെ തങ്ങൾ തന്നെ തങ്ങൾക്കു വേണ്ടി തങ്ങളുടെ സ്വന്തം വീടുകളിൽ പ്രാർത്ഥിച്ചാൽ മതി എന്ന് ആരും ചിന്തിക്കാതിരിക്കട്ടെ. പള്ളിയിൽ വന്ന് വെപ്രാളപ്പെട്ട് ഒരു കോണിൽ മാറി നിന്ന് രഹസ്യമായി പ്രാർത്ഥിച്ചശേഷം പുറപ്പെട്ടുപോകാനും പാടില്ല. പ്രാർത്ഥനയിൽ കൂട്ടായ്മയുണ്ടാകുവാൻ അവർ സമൂഹമായി ഒന്നുചേരണം; വൈദികന്റെ സമാപനാശീർവ്വാദം സ്വീകരിക്കുന്നതുവരെ അവിടെ നിൽക്കണം. അതുപോലെ വിശുദ്ധ പെരുന്നാൾ ദിവസങ്ങളിലും നിശ്ചയിക്കപ്പെട്ട ദിവസങ്ങളിലും പള്ളിയിലെ പൊതുവായ യോഗം അവർ ഉപേക്ഷിച്ച് സന്യാസാശ്രമങ്ങളിലേക്കും വസതികളിലേക്കും പോകാൻ പാടില്ല. സഭാസമൂഹത്തെയും അതിനുചിതമായ ബഹുമാനത്തെയും ഭൂരിഭാഗം വരുന്നവർ നിന്ദിക്കാൻ പാടില്ല. ദൈവവചനത്തിന്റെ പിൻബലം കൂടാതെയാണ് ഞങ്ങൾ ഈ കാര്യങ്ങൾ കല്പിക്കുന്നത്.

**പതിനാറാം കാനോന:** രണ്ടു സ്ത്രീകളെ വിവാഹം ചെയ്യുന്ന ആളെ സംബന്ധിച്ച്: അവർ മലിനരും ക്രിസ്ത്യാനികളുടെ നിയമം ലംഘിക്കുന്നവരുമാണ്.

വിശ്വാസികൾ എന്നു വിളിക്കപ്പെടുകയും ക്രമീകൃത ജീവിതം നയിക്കുകയും ചെയ്യുന്നവർ രണ്ടു സ്ത്രീകളെ വിവാഹം കഴിക്കുന്ന പേഗൻ രീതിയിൽ നിന്ന് അകന്നിരിക്കണം. ക്രിസ്തുവിന്റെ സ്നാനത്താൽ ഒരിക്കൽ പവിത്രീകരിക്കപ്പെട്ടവർ എന്ന നിലയിൽ നിയമങ്ങളുടെ ശാപങ്ങളിൽ നിന്ന് തങ്ങളെത്തന്നെ വിവേകപൂർവം സംരക്ഷിക്കണം. ദൈവഭയത്തിന് അപരിചിതരായ ജനങ്ങളെപ്പോലെയാകാതെ, അവർ അശുദ്ധിയിൽ നിന്ന് തങ്ങളേത്തന്നെ അകററി നിർത്തണം; നിയമം അനുസരിക്കുന്നതിലൂടെ തന്റെ നാമത്തെ ഭയപ്പെടുന്നവർക്ക് ഈ രീതിയിൽ ദൈവം തന്റെ അനുഗ്രഹങ്ങൾ വർദ്ധിപ്പിച്ചുകൊടുക്കും. എന്നാൽ വിഡ്ഢികളെപ്പോലെ ഇതിനെ നിന്ദിച്ച് തങ്ങളുടെ നൈയാമിക ഭാര്യമാർക്കു പുറമെ, അടുത്തോ അകലയോ, സ്വതന്ത്ര്യയായോ അടിമയായോ, വെപ്പാട്ടിയായോ അല്ലാതെയോ, മററുള്ള സ്ത്രീകളെ സ്വീകരിക്കുന്നവരെ അശുദ്ധിയിൽ നിന്നു പിന്മാറാൻ ഉപദേശിക്കണം; എന്നാൽ അവർ അതിനുകൂട്ടാക്കാതെ, തിന്മയിൽ ഉറച്ചുനിന്നാൽ നമ്മുടെ



കർത്താവിന്റെ വചനത്താൽ ക്രിസ്ത്യാനികളുടെ എല്ലാ ബഹുമാനത്തിൽ നിന്നും അവരെ അന്യരാക്കണം.

**പതിനേഴാം കാനോന:** ദിവ്യരഹസ്യങ്ങളുടെ ബഹുമാനത്തെ നിന്ദിക്കുന്ന വിശ്വാസികളുടെ ക്രമരാഹിത്യത്തെ കുറിച്ച്:

ഈ നാട്ടിലെ ചില ക്രിസ്ത്യാനികൾ, കൂദാശയുള്ള ദിവസങ്ങൾ ദിവ്യരഹസ്യങ്ങൾ സ്വീകരിച്ചിട്ട് പള്ളിയിൽ നിന്നിറങ്ങി തങ്ങളുടെ രീതി അനുസരിച്ച് വീഞ്ഞു കുടിക്കാനുള്ള മോഹം തീർക്കാൻ, ക്രിസ്ത്യാനികളുടെ കടകൾ ഉണ്ടായിരുന്നിട്ടും യഹൂദരുടെ കടകളിലേക്ക് ഓടിക്കയറുകയും നന്ദിയില്ലാത്ത യൂദരുമായുള്ള സംസർഗം മൂലം തങ്ങൾ സ്വീകരിച്ച വിശുദ്ധിയെ തങ്ങളുടെ വിഭ്രാന്തിയിൽ അപമാനിക്കുകയും ചെയ്യുന്നു എന്ന് ഞങ്ങൾ അറിയാൻ ഇടയായി. ഇതു ഞങ്ങൾ തിരസ്കരിക്കുകയും അവസാനിപ്പിക്കുകയും ചെയ്യുന്നു. മേലിൽ ഇതു ക്രിസ്ത്യാനികളുടെ ഇടയിൽ ഉണ്ടാകുവാൻ പാടില്ല. ഇതു ലംഘിച്ച് തുടർന്നും ആരെങ്കിലും പ്രവർത്തിക്കാൻ മുതിർന്നാൽ സഭാപരമായ നടപടികളിലൂടെ അവനെ മെത്രാൻ നിർബന്ധിക്കണം.

**പതിനെട്ടാം കാനോന:** പരേതരുടെ സംസ്കാരം സംബന്ധിച്ചും ക്രമരഹിതമായി അവരെപ്പററി കരയുന്നവരെ സംബന്ധിച്ചും:

മരിച്ചുപോയ ക്രിസ്ത്യാനികളെ പുറജാതികളെപ്പോലെയല്ല, ക്രിസ്തീയമായിട്ടാണ് സംസ്കരിക്കേണ്ടത്; കാരണം, പുറജാതികൾ ശവസംസ്കാരത്തിനായി തങ്ങളുടെ പരേതരെ വിലകൂടിയ വസ്ത്രങ്ങളിൽ പൊതിയുകയും അവിശ്വാസികളുടെ അടയാളമായ നിരാശയോടും തകർന്ന ഹൃദയത്തോടുംകൂടെ അവരെ പ്രതി വളരെ കരഞ്ഞു നിലവിളിക്കുകയും ചെയ്യുന്നു.

അതുകൊണ്ട് ക്രിസ്ത്യാനികൾ തങ്ങളുടെ പരേതരെ സിൽക്കിലും വിലകൂടിയ വസ്ത്രങ്ങളിലും പൊതിഞ്ഞ് സംസ്കരിക്കാൻ പാടില്ലെന്ന് നമ്മുടെ കർത്താവിന്റെ വചനത്തിന്റെ ഡിക്രിയാൽ ഞങ്ങൾ തീരുമാനിക്കുന്നു. പ്രത്യാശയുടെ പ്രതീകമായി, വലിയ വിലപിടിപ്പില്ലാത്ത സാധാരണ

www.malankaralibrary.com



വസ്ത്രത്തിൽ പൊതിഞ്ഞാൽ മതി. മതിഭ്രമം വന്ന സ്ത്രീകൾ മരിച്ച വീട്ടിൽ വന്നു നടത്തുന്ന വിലാപങ്ങളും അവസാനിപ്പിക്കണം; വിലാപ ഭവനത്തിൽ വന്നുചേരുന്ന സ്ത്രീകൾക്കുള്ള വലിയ ചെലവുകളും അവസാനിപ്പിക്കണം. ഇതു ലംഘിക്കുന്നവർ ദൈവവചനത്തിന്റെ ശാപത്തിനു വിധേയരായിരിക്കും. ചരമപ്രസംഗം നടത്തുന്നിടം വരെ മാത്രം സ്ത്രീകൾ ശവമഞ്ചത്തെ അനുധാവനം ചെയ്താൽ മതി. അതിനപ്പുറത്തേക്കു കടക്കാൻ അവരെ അനുവദിക്കരുത്.

**പത്തൊൻപതാം കാനോന:** മെത്രാനെക്കുറിച്ചും അദ്ദേഹത്തിനർഹമായ ബഹുമാനത്തെക്കുറിച്ചും; അധികാര സ്ഥാനങ്ങളിലുള്ള അൽമായർ അദ്ദേഹത്തിൽ നിന്ന് തലവരി ഈടാക്കരുത്:

തന്റെ ശുശ്രൂഷ നന്നായി നിർവഹിക്കുകയും തന്റെ അധ്വാനത്തിൽ ശുഷ്കാന്തി കാണിക്കുകയും ചെയ്യുന്ന മെത്രാനെ തന്റെ അജഗണം ഉചിതമായി ബഹുമാനവും സ്നേഹവും കാണിക്കേണ്ട എല്ലാ കാര്യങ്ങളിലും ബഹുമാനിക്കണം. ഒരു സാധാരണക്കാരിൽ നിന്ന് എന്നവണ്ണം അദ്ദേഹത്തിൽ നിന്ന് അധികാരസ്ഥാനത്തുള്ള വിശ്വാസികൾ തലവരിയോ, മററു നികുതികളോ ഈടാക്കാൻ പാടില്ല; കാരണം, തന്റെ ശുശ്രൂഷയുടെ പൂർണതയിൽ അവരുടെ ഭരണത്തിന്റെ ഭാരം വഹിക്കുന്നവനാണ് അദ്ദേഹം; അതുപോലെ, അജപാലക നിയമങ്ങളാൽ അവരുടെ ആത്മാക്കളുടെ മേൽ അദ്ദേഹം ശ്രദ്ധാലുവാണ്, അവരുടെ ബുദ്ധിമുട്ടുകൾ വഹിക്കുകയും ചെയ്യുന്നു.

അതുകൊണ്ട് ഈ കാര്യത്തിൽ അവർ അദ്ദേഹത്തെ ബഹുമാനിക്കണം; മററു മനുഷ്യരിൽ നിന്നെന്നവണ്ണം അദ്ദേഹത്തിൽ നിന്ന് തലവരി ഈടാക്കാൻ പാടില്ല. ഇതിനു മുതിരുന്നവർ നീതിക്കു കടക്കാരായിത്തീരും എന്നറിഞ്ഞുകൊള്ളുക.

മരിച്ചവരെ സംസ്കരിക്കുമ്പോൾ ലളിതമായ വസ്ത്രം വേണം എന്നതു സംബന്ധിച്ച് തീരുമാനിച്ച കാനോനയെക്കുറിച്ച്; ചിലരുടെ ഭാഗത്തുനിന്ന് അല്പം എതിർപ്പുണ്ടായതിനാൽ ഞങ്ങൾ ഇക്കാര്യം രൂപതാധ്യക്ഷന്റെ സ്വാതന്ത്ര്യത്തിനു വിടുന്നു; ഉചിതമെന്ന് അദ്ദേഹം കാണുന്നതുപോലെയും മനസ്സിലാക്കുന്നതുപോലെയും ശവസംസ്കാരത്തിനുള്ള ക്രമീകരണം



നടത്തുകയും വസ്ത്രങ്ങൾ അനുവദിക്കുകയും വേണം. എന്നാൽ, ശവസംസ്കാരത്തിന് വളരെ വിലകൂടിയ വസ്ത്രങ്ങൾ അനുവദിക്കാൻ പാടില്ല.

നമ്മുടെ കർത്താവിന്റെ ശക്തിയാലും പരിശുദ്ധാത്മാവിന്റെ കൃപാവരസഹായത്താലും മനുഷ്യരെ സഹായിക്കുന്നായി ഈ കാര്യങ്ങൾ ഞങ്ങൾ ക്രമീകരിച്ചിരിക്കുന്നു. തന്റെ ജനത്തിന്റെ പരിപാലകരും ഈ കാര്യങ്ങളുടെ മേൽനോട്ടത്തിന്റെ ചുമതലയുള്ളവരുമായ ഞങ്ങൾക്ക് തന്റെ ഹിതത്തിനു പ്രീതികരമായ കാര്യങ്ങളിലെല്ലാം ഞങ്ങൾ ശ്രേഷ്ഠമായ രീതിയിൽ ജീവിക്കുന്നതിനും ഞങ്ങളുടെ ജീവിതത്തിന്റെ എല്ലാ നാളുകളിലും തന്റെ മഹനീയ നിയമങ്ങൾ കാത്തു സൂക്ഷിക്കുന്നതിനും ഉള്ള കൃപ തന്റെ കരുണയാൽ നമ്മുടെ കർത്താവ് പ്രദാനം ചെയ്യട്ടെ. ആമ്മേൻ. ആമ്മേൻ.

മാർ ഗീവർഗീസ് പാത്രിയർക്കീസിന്റെ സിനഡ് സമാപിച്ചു.

www.malankaralibrary.com

# മാർ ഗീവർഗീസിന്റെ കത്ത്

പേർഷ്യയിലെ പ്രെസ്ബിറററും കോറെപ്പിസ്കോപ്പായുമായ മീനാസ്സ് കിഴക്കിന്റെ കാതോലിക്കോസ്—പാത്രിയർക്കീസ് ഗീവർഗീസ് എഴുതിയ കത്ത്; മിശിഹായുടെ ദൈവത്വവും മനുഷ്യത്വവും സംബന്ധിച്ച് അതിൽ വ്യക്തമാക്കുന്നു; ''ദൈവവചനം മാററത്തിനു വിധേയമായി, തന്റെ ക്നോമായിൽ ജഡമായിത്തീർന്നു'' എന്ന്, സഭയുടെ സത്യവിശ്വാസത്തെ ദുഷിപ്പിക്കുന്നവർ പറയുന്നതുപോലെയല്ല അത്.

തീർത്ഥാടകനും ദൈവകൃപയാൽ കാതോലിക്കോസ്—പാത്രിയർക്കീസുമായ ഗീവർഗീസ്, ദൈവസ്നേഹിതനും ഉററസ്നേഹിതനും കർത്താവിൽ നമ്മുടെ സഹോദരനും പ്രെസ്ബിറററും കോറെപ്പിസ്കോപ്പായുമായ മീനാസ്സ്; നമ്മുടെ കർത്താവും രക്ഷിതാവുമായ മിശിഹായിൽ അങ്ങേയ്ക്കു സമാധാനം വർദ്ധിക്കുമാറാകട്ടെ.

അറബി ആധിപത്യത്തിന്റെ 59-ാം വർഷമായ കഴിഞ്ഞ വർഷവും 60-ാം വർഷമായ ഈയാണ്ടിലും താങ്കൾ എനിക്കെഴുതി അയച്ചവ എനിക്കു കിട്ടി; ഞാനവ വായിച്ചു. താങ്കളുടെ വിശ്വസനീയതയെക്കുറിച്ചും, ക്രിസ്തീയ വിശ്വാസസംബന്ധമായ തീക്ഷ്ണതയെക്കുറിച്ചും ദാനധർമ്മനിഷ്ഠയെക്കുറിച്ചും താങ്കളുടെ ജീവിതരീതിയെ സംബന്ധിച്ചും നേരത്തെ താങ്കളുമായുള്ള പരിചയത്തിൽ നിന്നും, അവിടെ നിന്നു നമ്മുടെ പക്കൽ വന്ന അനേകരിൽ നിന്നും നമുക്കറിവായിട്ടുണ്ട്. എന്നാൽ അങ്ങയുടെ മേലുള്ള ശ്രേഷ്ഠമായ ദൈവപരിപാലനയെപ്പററി, പ്രത്യേകമായി കഴിഞ്ഞ വർഷം മുതൽ ഞാൻ കേൾക്കാനിടയായി. സത്യവിശ്വാസപ്രഖ്യാപനത്തിനുള്ള താങ്കളുടെ തീക്ഷ്ണത കുറയാൻ ദൈവം അനുവദിച്ചില്ല. ദൈവമഹത്വത്തിനുപകരിക്കാത്ത കല്പനകളിലും വളഞ്ഞ വഴികളിലുള്ള അജ്ഞതയാകുന്ന തെററിലും താങ്കളുടെ നാശത്തിനായി തുടരാൻ അവിടുന്ന് താങ്കളെ അനുവദിച്ചില്ല. മറിച്ച്, നമ്മുടെ



രക്ഷയ്ക്കും സൃഷ്ടി മുഴുവന്റെയും നവീകരണത്തിനും വേണ്ടി അവിടുന്നു പൂർത്തീകരിച്ച വ്യാപാരത്തെപ്രതി ശരിയായി അങ്ങയെ മഹത്വപ്പെടുത്താൻ, നാം ശരിയായി ചെയ്യുന്ന സത്യവിശ്വാസപ്രഖ്യാപനത്തിലേക്ക് അവിടുന്ന് താങ്കളെ ആനയിച്ചു. ദൈവദൂഷകരുടെ ദുഷിച്ച സംസാരത്തിലുള്ള ഭാഗഭാഗിത്വത്തിനും അതുവഴിയുള്ള ദുഷിക്കലിനും താങ്കളുടെ കാമ്യതയെ ദൈവം ഉപേക്ഷിച്ചില്ല; പിന്നെയോ, സത്യവിശ്വാസത്തോടുകൂടി സ്രഷ്ടാവും ജീവദാതാവും രക്ഷകനും എല്ലാററിനെയും നവീകരിക്കുന്നവനുമായ ദൈവത്തെ മഹത്വപ്പെടുത്താൻ അങ്ങയുടെ മനസ്സിനെ ദയാപൂർവം അവിടുന്ന് പ്രകാശിപ്പിച്ചു.

താങ്കൾ എനിക്കെഴുതിയ സംഗതികൾ നിമിത്തവും അനേകരിൽ നിന്ന് താങ്കളെപ്പററി കേട്ടവ നിമിത്തവും ഞാൻ വളരെ സന്തോഷിക്കുകയും ദൈവത്തിനു നന്ദി പറയുകയും ചെയ്തു. വന്ദ്യസഹോദരാ, നീ എഴുതി എനിക്കയച്ചത് വളരെ ശ്രേഷ്ഠമായ സംഗതിയാണ്. അതായത്, ദൈവത്തിലുള്ള സത്യവിശ്വാസം സംബന്ധിച്ചും സത്യാരാധന സംബന്ധിച്ചും നമ്മുടെ കഴിവനുസരിച്ച് ചുരുക്കമായും വ്യക്തമായും എഴുതി അറിയിക്കണമെന്നാണല്ലോ പറഞ്ഞിരുന്നത്. മനുഷ്യരായ നമ്മുടെ രക്ഷയെപ്രതി അവിടുന്നു പൂർത്തീകരിച്ച വ്യാപാരത്തെപ്രതി അവിടുത്തെ ദൈവത്വത്തെ പാടിപ്പുകഴ്ത്താൻ നാം കടപ്പെട്ടവരാണ്. സൃഷ്ടികളായ മനുഷ്യരുടെ ഇടയിലെ ബലഹീനമാനസ്സർ ദൈവികകാര്യങ്ങൾ വേഗത്തിൽ ഗ്രഹിക്കുകയോ മനസ്സിലാക്കുകയോ ചെയ്കയില്ല. എങ്കിലും നമ്മുടെ പൊടിയുടെ നിസ്സാരതയെ തന്റെ അനുകമ്പയാൽ നിരവധി രീതികളിൽ ദൈവം ഉയർത്തി. ഭാഗികമായിട്ടെങ്കിലും ദിവ്യസംഗതികൾ നാം ഗ്രഹിക്കാനുമാണിത്. അതുപോലെ തന്റെ പരിശുദ്ധാത്മാവിനാൽ പണ്ടത്തെ തെരഞ്ഞെടുക്കപ്പെട്ട നീതിമാന്മാരിൽ കൂടിയും, തന്റെ കൃപ വേർതിരിച്ച പ്രവാചകരിലും വിശുദ്ധ ശ്ലീഹന്മാരിലും കൂടിയും അവിടുന്നു സംസാരിക്കുന്നതിനുമാണിത്. തലമുറതലമുറകളായി ലോകത്തെ പ്രകാശിപ്പിക്കാനും മനുഷ്യരെ നയിക്കാനുമായിരുന്നു ഇത്. നമ്മേക്കൊണ്ട് സാധിക്കുന്ന രീതിയിൽ ചുരുക്കമായി താങ്കൾക്ക് ഞാൻ എഴുതുന്നതാണ്.

www.malankaralibrary.com



ഏകസത്യ ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. അവൻ എന്നും നിലനില്ക്കുന്നവനും നിത്യനും പ്രസ്ഥിതനായ യാഥാർത്ഥ്യവും സ്രഷ്ടാവും, രൂപീകരിക്കുന്നവനും ആകുന്നു. ദൃശ്യവും അദൃശ്യവും വേദ്യവും അവേദ്യവും, ആത്മീയവും ശാരീരികവുമായ എല്ലാററിന്റെയും കർത്താവാണ് അവിടുന്ന്. ആത്മീയ ജീവികളേക്കാൾ തന്റെ സ്വഭാവത്തിൽ അവിടുന്ന് ഉന്നതനും നിഗൂഢനും ആത്മീയ ജീവികളുടെ അദൃശ്യാവസ്ഥയേക്കാൾ ഉന്നതനുമാണ്. സ്വാഭാവികമായി എല്ലാററിലും ശക്തിയുടെ ഔന്നത്യം അവിടുത്തേയ്ക്കുണ്ട്. എല്ലാ സൽപ്രവൃത്തികൾക്കും അവൻ മതിയായവനാണ്. അവൻ താരതമ്യാതീതമായ വിജ്ഞാനത്തിന്റെ പൂർണ്ണതയും തോല്ക്കാത്ത സഹായവുമാണ്. അവിടുന്ന് നല്ലവനും എല്ലാവരുടെയും ഗുണകാംക്ഷിയും ദയാപരനും കരുണാമസൃണനും കൃപാലുവും ദാനങ്ങളിൽ സമൃദ്ധനും എല്ലാം അറിയുകയും വിവേചിച്ചറിയുകയും ചെയ്യുന്നവനും ആകുന്നു. ഉണ്ടായിട്ടുള്ളവയും ഇപ്പോളുള്ളവയുമായ ഒന്നും തന്നെ അവന്റെ പരിജ്ഞാനത്തിന് അന്യമല്ല. അവിടുന്ന് എല്ലാററിനെയും നിലനിർത്തുന്നു, എല്ലാററിനെയും നയിക്കുന്നു, ഭരിക്കുന്നു, സംരക്ഷിക്കുന്നു. ജീവൻ സ്വീകരിക്കുന്ന സകലതിനേയും ജീവിപ്പിക്കുന്നു; അവിടുന്ന് എല്ലാററിനേക്കാളും ഉന്നതനും എല്ലാററിലും ശ്രേഷ്ഠനുമാണ്. അവിടുന്ന് നന്മകൾ വർഷിച്ചുകൊണ്ട് ഭൂമിയുടെ അതിർത്തികൾ പിടിച്ചിരിക്കുന്നു. അവിടുന്ന് ഉപകർത്താവും എല്ലാവരുടെയും സഹായിയും ആരംഭരഹിതനും അന്ത്യരഹിതനും ആണ്. തനിക്ക് തുല്യമായി ആരുമില്ല; തനിക്ക് പരിമിതിയില്ല, അതിർത്തിയില്ല, മാററമില്ല, വ്യതിയാനമില്ല, എതിരാളിയില്ല; അവിടുന്ന് അനന്തനും അഗ്രാഹ്യനും രാജാധിരാജനും, കർത്താധികർത്താവും തന്റെ നന്മയിലേക്ക് എല്ലാററിനെയും നയിക്കുന്ന നിയന്താവും നേതാവുമാണ്. ഈ ദൈവസ്വഭാവത്തിന് ഇതെല്ലാം ശരിയായും ആധികാരികമായും നന്നായും ഉണ്ട്; എന്നാലതു് മറെറാന്നിൽ നിന്നല്ല, തന്നിൽ നിന്നു തന്നെ, നിത്യമായി. ഉചിതമായും പ്രയോജനകരമായും ഈ നല്ല ദാതാവിൽ നിന്ന് തന്റെ തിരുമനസ്സിന്റെ നന്മയാൽ ശാരീരികളും ആത്മീയരുമായ സൃഷ്ടി മുഴുവനും സഹായങ്ങളും ദാനങ്ങളും മുമ്പും ഇപ്പോഴും വർഷിക്കപ്പെടുന്നു.



നമ്മുടെ കർത്താവേശുമിശിഹായുടെ കല്പനയാലും പാരമ്പര്യം അനുസരിച്ചും പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നീ പേരുകളുടെയും ക്നോമാകളുടെയും ത്രിത്വത്തിൽ ആരാധ്യമായ ഈ ഏകദൈവസ്വഭാവത്തെ ക്രിസ്ത്യാനികളായ നാം വ്യക്തമായി ഏററുപറയുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യുന്നു. നാം മൂന്ന് ക്നോമിക് നാമങ്ങളിൽ വിശ്വസിക്കുന്നെങ്കിലും, ഏകസ്വഭാവത്തിലും, ഏകശക്തിയിലും, ഏക ഇച്ഛയിലും, ഏക അധികാരത്തിലും, വേർതിരിവു കൂടാതെയും, വിഭജനം കൂടാതെയും, പരസ്പര വേർപാടു കൂടാതെയും ഏകദൈവത്വത്തെ നാം മഹത്വപ്പെടുത്തുന്നു: ഏകനിത്യപുത്രന്റെ ഏകനിത്യപിതാവ്; വിഭജനം കൂടാതെ പിതാവിന്റെ സ്വഭാവത്തിൽ നിന്നു പുറപ്പെടുന്ന ഏകയാത്മാവ്; രണ്ടുപേരും നിത്യമായി പിതാവിലും പിതാവിനോടു കൂടിയുമാണ്. മുൻഗണനയോ, പിൻതുടർച്ചയോ ഇവിടെ പരിഗണനാവിഷയമോ സംസാരവിഷയമോ അല്ല; എങ്കിലും അഗ്രാഹ്യമാംവിധം നാം സ്വീകരിച്ച ഈ രീതിയിൽ, നാം വിശ്വസ്തതാപൂർവം ഏററുപറയുകയും മഹത്ത്വപ്പെടുത്തുകയും ചെയ്യുന്നു.

ദൈവത്വത്തിന്റെയും ദൈവിക കാര്യങ്ങളുടെയും അഗ്രാഹ്യസ്വഭാവം നിമിത്തം, നമ്മുടെ ഈ വിശ്വാസപ്രഖ്യാപനത്തിൽ ഇടറിപ്പോകുന്നവരുണ്ടെങ്കിൽ ഞങ്ങൾ നൽകുന്ന ഈ വിശദീകരണം കൊണ്ട് അവർ തൃപ്തിപ്പെടട്ടെ: ആത്മാവ്, ശരീരത്തിൽ വസിച്ചുകൊണ്ട് അതിനെ ജീവിപ്പിക്കുന്നു. ജീവന്റെയും അവബോധത്തിന്റെയും ശക്തി അതിലും അതിനോടുകൂടിയും അതിന്റേതുമാണ്. ഭാഗികമായി വ്യത്യാസമുണ്ട്; ഭാഗികമായിട്ടില്ല. ആത്മാവ് അതിന്റെ കഴിവുകളിൽ നിന്ന് വിഭജിതമല്ല. അതിന്റെ കഴിവുകൾ അതിൽ നിന്ന് വേറിട്ടല്ല. പിന്നെയോ മൂന്നു കഴിവുകളിൽ ഏകയാത്മാവ് ആണുള്ളതു്; ആത്മാവിന്റെ മൂന്നു കഴിവുകൾ. ആത്മാവിന്റെ ത്രിവിധ കഴിവുകൾ ആത്മാവിന്റെ ഐക്യത്തെ നീക്കുന്നില്ല. —ആത്മാവിനെ സംബന്ധിച്ച വിവരണം തന്നെ നമുക്ക് സംഗ്രാഹ്യമല്ല, പിന്നെ ദൈവത്വം നാം പരിശോധനാവിധേയമാക്കിയാലോ?

www.malankaralibrary.com



ഈ വിവരണം കൊണ്ടു തൃപ്തിപ്പെടാത്തവർക്ക് ഒരു സൃഷ്ടിയായ സൂര്യനിൽനിന്നുള്ള വിശദീകരണം നൽകാം. സൂര്യൻെറ പ്രസരണതലം ഒന്നാണെങ്കിലും അതിന് ചൂടും പ്രകാശവും ഉണ്ട്. അവ പരസ്പരം വ്യത്യസ്തമാണ്; യോജിച്ചിരിക്കുകയും ചെയ്യുന്നു. ഏകസൂര്യൻ എന്നും നാം പറയുന്നു. മൂന്ന് കാര്യങ്ങൾ ഏകത്വത്തെ നീക്കിക്കളയുന്നില്ല ഏകത്വം മൂന്നിനെ കൂട്ടിക്കുഴയ്ക്കുന്നില്ല. മൂന്ന് ശക്തികളിലുള്ള ഏകസൂര്യൻ ഐക്യപ്പെട്ടും വ്യതിരിക്തമായും പൊതുവായ പ്രയോജനത്തെ പൂർണമാക്കുന്നു. സൃഷ്ടവസ്തുക്കളിൽ ഇപ്രകാരമൊക്കെ നാം കാണുന്നുണ്ട്; അവയിൽ തന്നെ മിക്കതും നമുക്ക് അഗ്രാഹ്യമാണ്. നമുക്കറിയാൻ കഴിയുന്ന ചെറിയ അംശം പോലും നമ്മുടെ ആത്മാക്കളെ സന്തോഷിപ്പിക്കുകയും മനസ്സിനു സ്വസ്ഥത നൽകുകയും ചെയ്യുന്നു. ഈ അഗ്രാഹ്യകാര്യങ്ങൾ നിമിത്തം നാം ദൈവത്തെ മഹത്വപ്പെടുത്തണം. അങ്ങനെയെങ്കിൽ ദൈവത്വത്തിൻെറ അഗ്രാഹ്യസ്വഭാവം നിമിത്തം അത്ഭുതപരതന്ത്രരായി നാം ദൈവത്തെ മഹത്വപ്പെടുത്തേണ്ടതാണ്! അതുകൊണ്ട്, ദൈവത്വത്തെപ്പററി നമുക്കറിയാവുന്ന നിസ്സാരകാര്യങ്ങളെപ്പററി പറയാൻ നാം യോഗ്യരായി കരുതപ്പെട്ടതിനാൽ തലകുനിച്ചുകൊണ്ട് നമ്മുടെ മേലുള്ള തൻെറ കൃപയെ ഏററുപറഞ്ഞ് സ്തുതിക്കാം; കാരണം ഈ മഹനീയ ബഹുമാനത്തിൻെറ ഔന്നത്യത്തിന് നമ്മുടെ ബലഹീനതയെ അവിടുന്ന് കരുവാക്കി.

നമ്മുടെ ജീവദാതാവും നമ്മുടെ ദൈവവുമായ യേശുമിശിഹായുടെ ദിവ്യവ്യാപാരത്തെ സംബന്ധിച്ച് ദുരാരോപകരും ദൈവദൂഷകരും നടത്തുന്ന തർക്കങ്ങളും തത്വങ്ങളും സംബന്ധിച്ചും താങ്കൾ എനിക്കെഴുതി അപേക്ഷിച്ചിരുന്നല്ലോ. അതേപ്പററി പ്രത്യേകമായി എനിക്കെഴുതിയതിനാൽ ചുരുക്കമായും കൃത്യമായും ഇത് എഴുതുന്നത് യുക്തമെന്ന് എനിക്കു തോന്നി. മുകളിൽ ഞാൻ തുടങ്ങിയതുപോലെ തുടർന്നും എഴുതാം.

നിത്യനും എന്നും നിലനില്ക്കുന്നവനും ആരംഭരഹിതനും ആയ നമ്മുടെ നല്ല ദൈവം തൻെറ നന്മയാൽ സ്വയം വെളിപ്പെടുത്താൻ തിരുമനസ്സായതിനാൽ ഇല്ലായ്മയിൽ നിന്നു് തൻെറ ആധികാരിക തിരുഹിതത്താൽ സൃഷ്ടിയെ അസ്തിത്വ



ത്തിലേക്കാനയിച്ചു. അവിടുന്ന് തൻെറ ഇച്ഛയാൽ സൃഷ്ടിയുടെ ബാഹ്യ അതിർത്തികളായ മേലാകാശത്തെയും താഴെ ഭൂമിയേയും സർവ യാഥാർത്ഥ്യങ്ങളെയും ഉൾക്കൊള്ളുന്ന ഈ കപ്പലിനെയും അതിൽ ഉള്ള ജലം, വായു, അഗ്നി, ഇരുട്ട്, ജീവനും ബുദ്ധിയും ചിന്താശക്തിയും ഉള്ള മാലാഖമാർ എന്നിവയെയും ഉടൻ തന്നെ സൃഷ്ടിക്കുകയും ആധികാരികമായി ഉറപ്പിക്കുകയും ചെയ്തു. എല്ലാ സൃഷ്ടവസ്തുക്കളോടും ഒപ്പം ആത്മീയപ്രകൃതികളും പന്ത്രണ്ടു മണിക്കൂർ സമയം ഇരുട്ടിൽ കഴിഞ്ഞു. ആത്മീയ യാഥാർത്ഥ്യങ്ങളുടെ പ്രബോധനത്തിനായി, "പ്രകാശം ഉണ്ടാകട്ടെ" എന്ന് നമ്മുടെ നല്ല ദൈവം പറഞ്ഞു. ഉടനെ ശബ്ദത്തോടുകൂടി പ്രകാശത്തിൻെറ മഹനീയ പ്രകൃതി ഉണ്ടായി. ആത്മീയപ്രകൃതികൾ ഇതിൽ അത്ഭുതപ്പെട്ട് പ്രകാശത്തിൻെറ സ്രഷ്ടാവിനെ പ്രകീർത്തിക്കാൻ തുടങ്ങി. നീതിമാനായ ജോബിനോട് പ്രവചിച്ചുകൊണ്ട് ദൈവം തന്നെ പറഞ്ഞു: "ഞാൻ പ്രഭാതനക്ഷത്രങ്ങളെ സൃഷ്ടിച്ചപ്പോൾ എൻെറ എല്ലാ മാലാഖമാരും എന്നെ ഉച്ചത്തിൽ പ്രകീർത്തിച്ചു മഹത്വപ്പെടുത്തി" (38:7). ഇതുപോലെ, ക്രമേണക്രമേണയായി ലാളിത്യത്തിൽ അത്ഭുതാവഹമായും വളരെ ബുദ്ധിപൂർവമായും നിർമ്മിക്കപ്പെട്ട സൃഷ്ടിയെ, സൃഷ്ടിക്കപ്പെട്ട ബൗദ്ധിക, ആത്മീയ ജീവികളുടെ പ്രബോധനത്തിനായി സാവധാനം അലങ്കാരങ്ങളുടെ കുറവ് തീർത്ത് ക്രമം വരുത്തി. അതിൽ ശ്രദ്ധിക്കുന്നവർക്ക് അത് മതിയായതാണ്. തൻെറ അംഗുലീചലനത്താൽ ആരംഭത്തിൽ സൃഷ്ടിക്കപ്പെടുകയും ഉടൻ തന്നെ യാഥാർത്ഥ്യത്തിലെത്തിച്ചേരുകയും ബൗദ്ധിക ജീവികളുടെ പ്രബോധനത്തിനായി ദൈവകല്പനയാൽ ആറുദിവസം കൊണ്ട് കർമ്മനിരതമാവുകയും ചെയ്തു. ഈ പ്രകൃതികൾ ദൈവം മോശവഴി രചിക്കുകയും ലോകത്തിൻെറ പ്രബോധനത്തിനായി കൊടുക്കുകയും ചെയ്ത ഉല്പത്തിപ്പുസ്തകത്തിലെ വിവരണമനുസരിച്ച്, അവിടുന്ന് ആറാം ദിവസംവരെ ഈ മനോഹര ജോലിചെയ്തു. താങ്കൾക്ക് ഈ ഗ്രന്ഥം സുപരിചിതമാണല്ലോ. ഈ കാലതാമസം ആവശ്യമായിട്ടല്ല, ബൗദ്ധിക ജീവികളായ നമ്മുടെ പ്രബോധനത്തിനുവേണ്ടി ദൈവത്തിൻെറ മഹാശക്തിയും ശ്രേഷ്ഠമായ വിജ്ഞാനവും കൃപയുടെ സമൃദ്ധിയും മതിയാംവണ്ണം വ്യക്തമാക്കി, വ്യക്തമാക്കിക്കൊണ്ടിരിക്കുന്നു. "വെള്ള

www.malankaralibrary.com



ത്തിന്റെ നടുവിൽ ആകാശവിതാനം ഉണ്ടാകട്ടെ; മുകളിലും താഴെയുമുള്ള വെള്ളത്തെ അതു വേർതിരിക്കട്ടെ'' എന്ന് ദൈവം കല്പിച്ചതുപോലെ മററു പലകാര്യങ്ങളെക്കുറിച്ചും ഇപ്രകാരം കല്പിച്ചു. തിരുഹിതപ്രകാരം അപ്രകാരം സംഭവിക്കുകയും ചെയ്തു.

സൃഷ്ടികളിൽ അവസാനത്തേതായ മനുഷ്യനെപ്പററി മാത്രമേ അവനെ സൃഷ്ടിക്കുന്നതിനുമുമ്പ്, ''നമുക്കു നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം'' എന്ന് പൊടിയായ നമ്മുടെ നികൃഷ്ടാവസ്ഥയെ ബഹുമാനിച്ചുകൊണ്ട് നമ്മുടെ നല്ല ദൈവം പറഞ്ഞുള്ളു. ഇതുകേട്ടപ്പോൾ എല്ലാ ആത്മീയ പ്രകൃതികളും വളരെ ആശ്ചര്യഭരിതരാകുകയും അത്ഭുതപ്പെടുകയും ചെയ്തു: ഇപ്രകാരം പറയത്തക്കവിധം ഈ സൃഷ്ടിക്കപ്പെട്ടതെന്താണ്?'' മണ്ണിൽ നിന്ന് രൂപീകരിക്കപ്പെട്ട അവന്റെ ശരീരവും ദൈവികശ്വാസത്താൽ സൃഷ്ടിക്കപ്പെട്ട അവന്റെ ആത്മാവും ദർശിച്ചപ്പോൾ അവർ ദൈവിക വിജ്ഞാനത്തിൽ കൂടുതലായി ആശ്ചര്യഭരിതരായി: ജീവനിൽ മനുഷ്യർ ആത്മീയ ജീവികളുമായി സമസത്തയാണ്: ബുദ്ധിശക്തി, ധാരണാശക്തി, അമർത്യത, ആത്മീയാസ്തിത്വം, കീഴടക്കാനുള്ള കഴിവ്, സ്വാതന്ത്ര്യേച്ഛ; ആത്മാവിനെ സംബന്ധിച്ച് ആത്മീയരുമായി മനുഷ്യൻ സമസത്തയാണ്. ശരീരം സംബന്ധിച്ച് എല്ലാ ശാരീരിക ജീവികളുമായി സമസത്തയാണ്. ആത്മീയരും ശാരീരികളുമായ സൃഷ്ടിമുഴുവൻ മനുഷ്യനിൽ സമഞ്ജസമായി സമ്മേളിക്കുന്നു. ഭൂമി മുഴുവന്റെ മേലുമുള്ള അംഗീകരിക്കപ്പെട്ട ഭരണാധികാരിയും കർത്താവും രാജാവും അവൻ തന്നെ. മനുഷ്യന് സഹായകരവും പ്രയോജനകരവുമായ കാര്യങ്ങളിൽ മനുഷ്യരെ ശുശ്രൂഷ ചെയ്യാൻ ആത്മീയ ജീവികൾ നിയുക്തരായിരിക്കുന്നു. അവന്റെ ഛായയ്ക്ക് അവരുടേതുമായി അടുപ്പം ഉള്ളതിനാൽ അതിന്റെ ബഹുമാനത്തിൽ അവർ ആനന്ദിച്ചു.

എന്നാൽ അവരിൽ ചിലർ അസൂയയാലും ദുഷ്ടതയാലും എതിരായി നീങ്ങിയതിനാൽ അഹങ്കാരവും മനുഷ്യവിദ്വേഷവും എന്ന ഗർത്തത്തിലേക്ക് വീഴുന്നതിനായി വഴിതെററിപ്പോയി. ഇതെല്ലാം കണ്ടു നമ്മുടെ നല്ല ദൈവം അവർക്കുള്ള— അതായത്, അന്തരീക്ഷാധിപനായി നിയമിക്കപ്പെട്ടവനും



അവന്റെ കൂട്ടാളികളായിട്ടുള്ളവർക്കും — ബഹുമാനത്തിൽ നിന്ന് അവരെ തരം താഴ്ത്തി; തന്റെ മുമ്പിൽ നിന്ന് അവരെ ആട്ടിയോടിച്ചു. അപ്പോൾ മുതൽ, അവർക്കുള്ള ബഹുമാനത്തിൽ നിന്നും ദൈവതിരുമുമ്പിൽ ശുശ്രൂഷിക്കുന്നതിൽ നിന്നും മാലാഖമാർ എന്ന സ്ഥാനത്തു നിന്നും അവരെ നീക്കിക്കളഞ്ഞു. അവർക്ക് ശിക്ഷാവിധി ലഭിക്കുകയും, സാത്താനെന്നും പിശാചുക്കൾ എന്നും ദുഷ്ടന്മാരെന്നും ഉള്ള പേരുകൾ അവർ സ്വന്തമാക്കുകയും ചെയ്തു. മനുഷ്യരെ ചതിക്കാൻ അവർ കർമ്മനിരതരായിത്തീർന്നു; ഇപ്പോഴും പരിശ്രമിക്കുന്നു. ദൈവത്തെ ധിക്കരിക്കുന്നതുവഴി തങ്ങളുടെ ദുഷ്ടതയുടെ ഗർത്തത്തിൽ മനുഷ്യരെ നിപതിപ്പിക്കാനാണ് അവരുടെ പരിശ്രമം. മനുഷ്യകുലത്തിന്റെ ആദ്യമാതാപിതാക്കളായ ആദാമിനെയും ഹവ്വായെയും അവർ അപ്രകാരമാണല്ലോ ചതിച്ചത്. അവർ പിശാചിന്റെ ദുഷ്ടകെണിയിൽ വീഴുകയും ദൈവകല്പന ലംഘിച്ച് ശിക്ഷാവിധിക്കർഹരാകുകയും ചെയ്തു.

പെട്ടെന്ന് ഉത്ഭവിച്ച സൃഷ്ടികൾക്ക് പ്രബോധനം കൂടാതെ അറിവിന്റെ പൂർണത പ്രാപിക്കാനാവില്ല. പടിപടിയായുള്ള പരിശോധനയും, മാററങ്ങളും, തെളിവുകളും കൂടാതെ പ്രബോധനം ഗ്രഹിക്കാനും സ്വീകരിക്കാനും അറിവു കുറഞ്ഞവർക്ക് എളുപ്പമല്ല. അതുകൊണ്ട്, കരുണ നിറഞ്ഞ നമ്മുടെ ദൈവം, ആത്മീയരും ശാരീരികളും ബൗദ്ധിക ജീവികളുമായ മാലാഖമാരുടെയും മനുഷ്യരുടെയും പ്രബോധനത്തിനായി വൈവിധ്യമാർന്നതും സങ്കീർണമാർന്നതുമായ പരീക്ഷണങ്ങൾ നിറഞ്ഞതും നിരന്തരം പരസ്പരവിരുദ്ധവും എതിർപ്പുകളും ഉള്ളതുമായ ഈ ലോകം ബുദ്ധിപൂർവം മെനഞ്ഞുണ്ടാക്കി സ്ഥാപിച്ചിരിക്കുന്നു. എല്ലാ ബൗദ്ധിക ജീവികളുടെയും ആത്മനിയന്ത്രണവും സ്വതന്ത്രബുദ്ധിയും പരിശോധിക്കാനും വ്യക്തമാക്കാനും വേണ്ടിയായിരുന്നിത്. തലമുറതലമുറകളായി അവിടുന്ന് ലോകത്തിന് സഹായകനിയമങ്ങൾ നല്കി. നാം നമ്മുടെ ഇച്ഛയുടെ തെളിവും ഗുണവും ശ്രദ്ധയും ശരിയായി കാണിക്കാനായിരുന്നിത്. നമ്മുടെ സ്രഷ്ടാവും ഗുണകാംക്ഷിയുമായ ദൈവത്തെ അനുസരിക്കുന്നതുവഴി നമ്മുടെ മനസ്സുകൊണ്ട് നമ്മുടെ ഇച്ഛ നാം വെളിപ്പെടുത്തുന്നു. മാലാഖമാർക്കും മനു

www.malankaralibrary.com



ഷ്യക്കും പ്രീതികരമായ തെരഞ്ഞെടുപ്പുവഴി നാം തന്നെയാണ് നമ്മുടെ ഇച്ഛയുടെ യജമാനന്മാരെന്ന് വ്യക്തമായി കാണിക്കാനുമാണിതു്. നമ്മുടെ നല്ല ദൈവം അനുസരണയുള്ളവർക്ക് തന്റെ നിയമങ്ങളോട് നല്ല സമ്മാനങ്ങളും കൂട്ടിച്ചേർത്തു. അനുസരണമില്ലാത്തവരെയാകട്ടെ തന്റെ നീതിയുടെ പ്രതികാരത്താൽ ഭീതിപൂർവം അവിടുന്ന് നിയന്ത്രിച്ചു. ആത്മീയ പ്രകൃതികളുടെ ബഹുമാനം എടുത്തുകളയുകയും അവരുടെ ആധിപത്യം നീക്കിക്കളയുകയും ചെയ്തു. നമ്മുടെ കുട്ടിക്കളിയിൽ നമ്മെ പഠിപ്പിക്കാനുള്ള മരണമാകുന്ന പ്രബോധനത്തിന് അവിടുന്നു ഭരമേല്പിച്ചു. തിരുഹിതപ്രകാരം പ്രകൃത്യനുസൃതം ഓരോ ഭാഗവും മുകളിൽ പറഞ്ഞതു് പരിശോധിക്കാനാണിതു്.

അവിടുന്നു നമുക്കും മററ് ബൗദ്ധിക ജീവികൾക്കും നൽകിയ ബുദ്ധിയും ഇച്ഛാശക്തിയും ദുരുപയോഗിച്ചതിന്റെ ഫലമായി മനുഷ്യരിൽ തെററിന്റെ കൂമ്പാരമുണ്ടായി, കുററകൃത്യങ്ങൾ പെരുകി, നിരവധിയായ പാപങ്ങളും അഭക്തികളും വർദ്ധിച്ചു, തുടരെത്തുടരെയുള്ള നിന്ദനങ്ങൾ, ദൈവത്തിൽ നിന്നുള്ള അകൽച്ച, പിശാചുക്കളെ അനുസരിക്കൽ, വിഗ്രഹങ്ങളുടെ സേവ, അനീതിക്കൂമ്പാരം, എല്ലാത്തരം ജീർണതകൾ എന്നിവ കുന്നുകൂടി. പിശാചുക്കളുടെയും മത്സരക്കാരുടെയും ചതിപ്രയോഗത്താൽ ഇത്രമാത്രം കടക്കൂമ്പാരവും ദുഷ്ടതാവർദ്ധനവും മനുഷ്യരുടെ അഭക്തിയും ഉണ്ടായെങ്കിലും നമ്മുടെ നല്ല ദൈവം തന്റെ കരുണയുടെ പരിപാലനം നമ്മിൽ നിന്നു പിൻവലിച്ചില്ല. മനുഷ്യവംശത്തോട് അവിടുന്ന് അവശ്യാവശ്യം കരുണ കാണിച്ചു. തലമുറതലമുറകളായി പഴയനിയമ നീതിമാന്മാരിലൂടെയും തെരഞ്ഞെടുക്കപ്പെട്ട പ്രവാചകരിലൂടെയും മോശ മുതൽ നമ്മുടെ കർത്താവേശുമിശിഹായുടെ പ്രത്യക്ഷീകരണം വരെ, ദൈവിക വിജ്ഞാനത്തിലേക്കും തന്റെ നാമത്തോടുള്ള ബഹുമാനത്തിലേക്കും നയിക്കുന്ന ജീവവഴികൾ അവിടുന്നു വെളിപ്പെടുത്തി കാണിച്ചു കൊടുത്തു. അതുപോലെ തന്നെ മനുഷ്യകുലത്തിൽ നിന്നു തന്നെ ഒരു രക്ഷകനെ എഴുന്നേല്പിക്കാൻ പോകുന്നെന്നും അവനിൽ ദൈവത്വം വസിക്കുമെന്നും ആത്മീയരും ശാരീരികളുമായ സൃഷ്ടികളുടെ നവീകരണം അവനിലൂടെ പൂർത്തീകരിക്കുമെന്നും, കാലം, സാഹചര്യം, സ്വീകർത്താക്കളുടെ കഴിവ് എന്നിവയ്ക്കനുസൃതമായി അവിടുന്നു വെളിപ്പെടുത്തി. ആദിമ നീതിമാനായ ഹാബേലിന്റെ രക്തത്തിന്റെ നിലവിളിയിലൂടെയും ഹാനോക്കിന്റെ കരേററത്തിലൂടെയും അവിടുന്ന് ഇതു് സൂചിപ്പിച്ചു. 'ഇവൻ നമുക്ക് വിശ്രമം തരും' എന്ന് തന്റെ മകനായ നോഹയെപ്പററി ലാമേക്ക് പറഞ്ഞതിലൂടെയും ഇതു് വെളിപ്പെട്ടു. 'വിശ്രമം തരും' എന്നു പറഞ്ഞാൽ ''നമ്മുടെ അധ്വാനങ്ങളിൽ നിന്നും ജോലികളിൽ നിന്നും ദൈവം ശപിച്ച ഭൂമിയിൽ നിന്നും'' അവൻ നമ്മെ വിടുവിക്കും എന്നാണർത്ഥം (ഉല്പ 5:29). അങ്ങനെ, അനുഗ്രഹത്തിന്റെ ആരംഭം നോഹയിൽ ഒരു രീതിയിൽ വെളിപ്പെട്ടു. എന്നാൽ അതിന്റെ പൂർണമായ പൂർത്തീകരണം യേശുമിശിഹായിലാണ്. അവിടുന്നു ശാരീരികമായ തന്റെ പ്രത്യക്ഷീകരണത്തിൽ നോഹയുടെ വംശാവലിയിൽ നിന്നാണ്. സത്യത്തിൽ സമസ്തസൃഷ്ടികൾക്കും വിശ്രമം നൽകുന്നവനും, ശപിക്കപ്പെട്ട ഭൂമിയിൽ നിന്നു നമ്മെ വിടുവിക്കുന്നവനും ദൈവേഷ്ടം ചെയ്യുന്ന മാലാഖമാരുടെയും മനുഷ്യരുടെയും സ്വർഗീയ വിശ്രമവും സന്തുഷ്ടിയിൽ വിശ്രമം നൽകുന്നവനും അവനായിരുന്നു. ''ദൈവം യാഫേത്തിനെ വർദ്ധിപ്പിക്കും. അവൻ ശേമിന്റെ കൂടാരങ്ങളിൽ പാർക്കും'' എന്ന് നോഹ ശേമിനെപ്പററി പറഞ്ഞ അനുഗ്രഹത്തിലും ഇതു് സൂചിതമാണ് (ഉല്പ. 9: 27). നമ്മുടെ കർത്താവായ മിശിഹായിൽ ഇവയെല്ലാം പൂർത്തിയായി എന്നതു വ്യക്തമാണല്ലോ. നമ്മുടെ കർത്താവിന്റെ മനുഷ്യശരീരം ശേമിന്റെ വംശാവലിയിൽ നിന്നാണല്ലോ.



ഈ സൂചന ദൈവം അനുഗ്രഹിച്ച അബ്രഹാമിൽ കൂടുതൽ സ്പഷ്ടമായിരുന്നു: ''നിന്റെ സന്തതിയിലൂടെ എല്ലാ ജനതകളും അനുഗ്രഹിക്കപ്പെടും''; ''ഞാൻ നിന്നെ ജാതികൾക്കു പിതാവായി നിയമിച്ചിരിക്കുന്നു'' (ഉല്പ. 22:18; 17:5) ദൈവിക പ്രബോധകനായ പൗലോസ് ഇതു് കൃത്യമായി വ്യാഖ്യാനിക്കുന്നു: ''അനേകർക്കെന്ന രീതിയിൽ 'നിന്റെ സന്തതികൾ' എന്നു ദൈവം പറഞ്ഞില്ല, പിന്നെയോ, യേശുമിശിഹാ എന്ന ഏകനെപ്പററിയാകയാൽ 'നിന്റെ സന്തതി' എന്നാണ് പറഞ്ഞിരിക്കുന്നതു്'' (ഗലാ. 3:16). അവിടുന്നു തന്റെ മനുഷ്യ

www.malankaralibrary.com



ത്വത്തിൽ അബ്രഹാമിന്റെ പുത്രനെന്നും ദാവീദിന്റെ പുത്രനെന്നും വിളിക്കപ്പെടുന്നു; അവിടുന്ന് അതാണു താനും. അക്കാരണത്താൽ ക്രിസ്ത്യാനികളായിത്തീർന്നവരും തീരുന്നവരും അബ്രഹാമിനെ 'പിതാവ്' എന്നു വിളിക്കുന്നു.

വീണ്ടും, യാക്കോബ് തന്റെ മക്കളെ അനുഗ്രഹിച്ചപ്പോൾ യൂദായോടു പറഞ്ഞു: "രാജത്വമുള്ളവൻ വരുന്നതുവരെ യൂദായിൽ നിന്നു ചെങ്കോലോ, അവന്റെ അരയിൽ നിന്ന് നിയമദാതാവോ നീങ്ങിപ്പോകുകയില്ല. സകല ജനതകളും അവനെ കാത്തിരിക്കും" (ഉല്പ. 49:10). പ്രവാചകരുടെ പ്രബോധകനായ മോശ ഇസ്രായേൽക്കാരോട് ഇപ്രകാരം പറഞ്ഞു: "നിങ്ങളുടെ ദൈവമായ കർത്താവ് എന്നെപ്പോലെ ഒരു പ്രവാചകനെ നിങ്ങളുടെ ഇടയിൽ നിന്ന് എഴുന്നേൽപ്പിക്കും. ആ പ്രവാചകനെ കേൾക്കാത്തവൻ ജനത്തിന്റെ ഇടയിൽ നിന്നു നീക്കപ്പെടും (ആവ. 18:15). രാജാവും പ്രവാചകനുമായ ദാവീദ്, മിശിഹായുടെ വെളിപാടിനെയും ജനനത്തെയും കുറിച്ച് രണ്ടാം സങ്കീർത്തനത്തിൽ പറഞ്ഞിരിക്കുന്നു. തന്റെ മനുഷ്യത്വത്തിന് അവകാശിയായി എല്ലാ ജാതികളുടെയും ആധിപത്യം അവനു നൽകിയിരിക്കുന്നു. അവൻ തന്റെ എതിരാളികളെ ഇരുമ്പുദണ്ഡുകൊണ്ട് പീഡിപ്പിക്കും. തീയിൽ വയ്ക്കുന്ന കുശവക്കലം പോലെ, മരിച്ചവരിൽ നിന്നുള്ള തന്റെ ഉത്ഥാനത്താൽ അവൻ അവരെ അടിച്ചുതകർക്കും. തന്റെ പിതാവായ കർത്താവ് കോപിക്കാതിരിക്കാൻ പുത്രന്റെ കർതൃത്വം അംഗീകരിക്കണം എന്ന് എല്ലാ ജനതകളെയും അവൻ നിർബന്ധിക്കുന്നു. അവനിൽ പ്രത്യാശ വയ്ക്കാത്തവൻ നശിച്ചതുതന്നെ. അവനിൽ ആശ്രയിക്കുന്നവൻ ഭാഗ്യവാൻ. വീണ്ടും, നാല്പത്തിഅഞ്ചാം സങ്കീർത്തനത്തിൽ, "കാഴ്ചയിൽ മനുഷ്യരെക്കാൾ അവൻ സുന്ദരനാണ്"; "നിന്റെ അധരങ്ങളിൽ കരുണ ചൊരിയപ്പെട്ടിരിക്കുന്നു"; "ദൈവം നിന്നെ എന്നേക്കും അനുഗ്രഹിക്കുന്നു"; "ബലവാനേ, വാൾ നിന്റെ അരയിൽ ധരിക്കുക"; "നിന്റെ എതിരാളികളുടെ ഹൃദയങ്ങളിൽ നിന്റെ അസ്ത്രങ്ങൾ മൂർച്ചയുള്ളവയാണ്; ജനതതികൾ നിന്നെ വീണ് കുമ്പിടും;" "നിന്റെ സഖികളേക്കാൾ കൂടുതലായി ആനന്ദതൈലം കൊണ്ട് ദൈവം നിന്നെ അഭിഷേകം ചെയ്യുന്നു". ഇവയെല്ലാം അവിടുത്തെ മനുഷ്യത്വത്തെപ്പററി



യാണ് പറയപ്പെട്ടിരിക്കുന്നത്. അവനിൽ മറഞ്ഞിരുന്ന ദൈവത്തെ അറിയുന്നവൻ എന്ന നിലയിൽ ദാവീദ് പറയുന്നു: "ദൈവമേ, നിന്റെ സിംഹാസനം എന്നുമെന്നേക്കും ഉള്ളതാകുന്നു". 110-ാം സങ്കീർത്തനവും ദൈവത്തിന്റെ പേരിലാണ്: 'കർത്താവ് എന്റെ കർത്താവിനോടരുൾചെയ്തു: എന്റെ വലത്തുഭാഗത്തിരിക്കുക" —വലത്തുഭാഗത്തിരിക്കാനുള്ള ബഹുമാനം അവിടുന്നു മനുഷ്യപ്രകൃതിക്കു നൽകുന്നു എന്ന് സ്പഷ്ടമാണല്ലോ. "നീ പൊടിയാകുന്നു; പൊടിയിലേക്കു് തിരികെ ചേരും" (ഉല്പ. 3:19) എന്നു പറയുന്ന പ്രകൃതിയോടാണ് "എന്റെ വലത്തുഭാഗത്തിരിക്കുക" എന്ന് അവൻ പറയുന്നത്. കാരണം ജഡത്തിലുള്ള, മിശിഹായുടെ ഉത്ഭവത്തെപ്പററിയാണ് അവൻ പറയുന്നത്. പരിശുദ്ധാത്മാവിന്റെ മഹത്വമുള്ള ശക്തിയാൽ പുരുഷബീജം കൂടാതെ വിശുദ്ധ കന്യകയുടെ ഉദരത്തിൽ നിന്നാണ് അവിടുത്തെ മനുഷ്യത്വത്തിന്റെ ജനനം. എന്നാൽ തന്റെ ദൈവത്വത്തിൽ അവിടുന്ന് എല്ലാ സൃഷ്ടികളുടെയും പ്രകാശത്തിന്റെയും സൃഷ്ടിക്കു മുമ്പനാണ്. കാരണം അവൻ പറയുന്നു: പണ്ടു തന്നെ—പ്രഭാത നക്ഷത്രത്തിനു മുമ്പു തന്നെ ഒരു ശിശുവിൽ വെളിപ്പെട്ടു- "നിന്നെ ഞാൻ ജനിപ്പിച്ചിരിക്കുന്നു." (സങ്കീ. 110:3). ഇതു പോലെയുള്ള മററനേകം കാര്യങ്ങളും ഭാഗ്യവാനായ ദാവീദ് പറഞ്ഞിട്ടുണ്ട്.

അവന്റെ മനുഷ്യത്വം ദാവീദുപുത്രിയായ കന്യകയിൽ നിന്നായിരിക്കുമെന്നും അവൻ അമ്മാനുവേൽ ആണെന്നും, അവൻ ദൈവവും, യുഗങ്ങളുടെ ശക്തനും, സമാധാന രാജാവും ആണെന്നും, അവന്റെ രാജ്യത്തിന് അവസാനമില്ലെന്നും, അവൻ പിതാവിന്റെ മഹാമനസ്സിന്റെ സന്ദേശവാഹകൻ ആണെന്നും പ്രവാചകനായ ഏശായാ നൂററാണ്ടുകൾക്കു മുമ്പ് ഉദ്ഘോഷിച്ചു (7:14; 9:6—7; 52:7). ഇതും ഇതുപോലെയുള്ളവയും ആത്മാവിലാണ് അവൻ മുൻകൂട്ടിപറഞ്ഞത്. ഇവ അവിടുത്തെ മനുഷ്യത്വം വ്യക്തമായി കാണിക്കുകയും അവിടുത്തെ ദൈവത്വം സൂചിപ്പിക്കുകയും ചെയ്യുന്നു.

അതുപോലെ മററു പ്രവാചകരും. അവരിലൊരാൾ പറഞ്ഞു: നീയും, യൂദായിലെ ബേത്‌ലഹേമേ, നീ യൂദായിലെ രാജാക്കന്മാരിൽ ഒട്ടും ചെറുതല്ല. എന്തുകൊണ്ടെന്നാൽ, എന്റെ

www.malankaralibrary.com



ജനമായ ഇസ്രായേലിനെ നയിക്കാനുള്ള രാജാവ് നിന്നിൽ നിന്നും വരും.'' ഈ കാര്യങ്ങൾ അവിടുത്തെ മനുഷ്യത്വത്തെപ്പററിയാണ് അവൻ പറയുന്നത്. ''അവൻെറ പുറപ്പെടൽ ആദിമുതലാണ്, നിത്യദിനങ്ങൾ മുതലാണ്'' എന്ന് അവിടുത്തെ ദൈവത്വത്തെപ്പററിയും അവൻ പറയുന്നു. (മീക്കാ. 5:2).

മറെറാരു പ്രവാചകൻ പറയുന്നു: ''എൻെറ നാമത്തെ അറിയുന്നവരുടെ മേൽ നീതിസൂര്യനുദിക്കും; സൗഖ്യം അവൻെറ നാവിലുണ്ട്'' (മലാ. 5:2). അവിടുത്തെ ശാരീരികവശം നമ്മുടെ പ്രകൃതിയിൽ നിന്നും ദാവീദിൻെറ വംശത്തിൽ നിന്നും ഉടലെടുത്തു; ദൈവത്തിൻെറ രശ്മികൾ തൻെറ അവയവങ്ങളുടെ വിളക്കുകളിൽ പ്രകാശിക്കാൻ അവൻ ഇടയാക്കി. അതായത്, നമ്മുടെ എല്ലാ രോഗങ്ങളും സൗഖ്യമാക്കിക്കൊണ്ട്, മരിച്ചവരെ ഉയിർപ്പിച്ചുകൊണ്ട്, എല്ലാ മനുഷ്യരുടെയും ഉത്തേജനത്തിനും സൃഷ്ടി മുഴുവൻെറയും നവീകരണത്തിനും രക്ഷയ്ക്കും ജീവനും വേണ്ടി തൻെറ നാക്കുകൊണ്ടുച്ചരിച്ച നിരവധി സഹായക സംഗതികൾ കൊണ്ട് അവനിതിടയാക്കി. ഈ പ്രവാചകരുടെയും അവരുടെ സഹപ്രവർത്തകരായ മററ് പ്രവാചകരുടെയും ധാരാളം പ്രവചനങ്ങളുണ്ട്. ഓർമ്മിക്കാൻ വേണ്ടി അവയിൽ ചിലതു മാത്രം കുറിച്ചെന്നു മാത്രം. അല്ലെങ്കിൽ ഈ കത്തിൻെറ വലിപ്പം വളരെ കൂടും.

തൻെറ മിശിഹായിലൂടെ അവസാനം നമുക്കു തരാൻ ദൈവം സന്നദ്ധമായ രക്ഷ വിളംബരം ചെയ്തുകൊണ്ടും പഠിപ്പിച്ചുകൊണ്ടും ഇതുപോലെയുള്ള മററനേകം കാര്യങ്ങളിൽ കരുണാർദ്രനായ നമ്മുടെ ദൈവം മനുഷ്യകുലത്തോടുള്ള തൻെറ പരിപാലന വെളിപ്പെടുത്തി. എന്നാൽ മനുഷ്യരിൽ മഹാഭൂരിപക്ഷവും മ്ലേച്ഛരായ ദുഷ്ടാത്മാക്കളുടെ ചതിയാൽ പാപത്തിലും അശുദ്ധിയിലും നിലനിന്നു. അവർ അഭക്തിയിൽ കുപ്രസിദ്ധരും എല്ലാവിധ അനീതികളുടെയും ബാഹുല്യത്തിൽ കുററക്കാരുമായി കാണപ്പെട്ടു. പാപവും അഭക്തിയും ശക്തിപ്പെട്ടതിനാൽ സാത്താൻ അവരുടെ മേൽ കൂടുതലായി ഭരണം നടത്തി. മരണബന്ധനങ്ങൾ വളരെ ശക്തിയായി അവരെ വരിഞ്ഞുമുറുക്കി. ഉത്ഥാനത്തിൻെറയും, മരിച്ചവരിൽ നിന്നുള്ള ജീവൻെറയും, സജ്ജമാക്കപ്പെട്ടിരിക്കുന്ന നല്ല വസ്തുക്കളുടെയും



പ്രത്യാശ അവർക്കു പൂർണമായി നശിച്ചുപോയി. അവരിൽ മഹാഭൂരിപക്ഷവും ദൈവഭയത്തിൻെറ അറിവിന് അന്യരും അപരിചിതരും ആയിത്തീർന്നു. നമ്മുടെ തകർച്ചയിലും വീഴ്ചയിലും നിരാശയിലും പിശാചുക്കളും ദുഷ്ടന്മാരും സന്തോഷിച്ചു. നമ്മുടെ വീഴ്ചയിലും തകർച്ചയിലും വിശുദ്ധ മാലാഖമാർ അത്യധികം ദുഃഖിക്കുകയും സങ്കടപ്പെടുകയും ചെയ്തു. ലോകം മുഴുവനും, പ്രത്യേകിച്ച് മനുഷ്യവംശത്തിന്, രക്ഷകൻെറ പ്രത്യക്ഷീകരണം അവശ്യാവശ്യമായിരുന്നു. പാപത്തിൻെറ ശിക്ഷാവിധിയിൽ നിന്ന് അവിടുന്ന് നമ്മെ മോചിപ്പിക്കുന്നതിനും, പിശാചുക്കളുടെ സേവയിൽനിന്നും ബന്ധനത്തിൽ നിന്നും നമ്മെ രക്ഷിക്കുന്നതിനും മരണത്തിൻെറ ജീർണതയുടെ നികൃഷ്ടാവസ്ഥയിലും അവമാനത്തിലും നിന്ന് നമ്മെ വിടുവിക്കുന്നതിനും വേണ്ടിയായിരുന്നിത്. എല്ലാററിലും ശ്രേഷ്ഠമായിട്ടുള്ളതെന്താണ്? മനുഷ്യകുലത്തിനും ആത്മീയജീവികൾക്കും തൻെറ ദൈവത്വത്തെപ്പററിയുള്ള സമ്പൂർണ്ണമായ അറിവോടു കൂടിയും തൻെറ കർതൃത്വത്തിൻെറ സ്തുതിയിൽ നിരന്തരമായി നിന്നുകൊണ്ടുമുള്ള അഴിവില്ലാത്ത ജീവിതവും അസ്തിത്വവും എന്നേക്കുമുള്ള സ്ഥിരതയും അവിടുന്ന് നൽകുന്നതിനായിരുന്നത്.

പ്രവാചക വചനമനുസരിച്ച്, ഈ കാര്യങ്ങളെല്ലാം നമുക്കു നൽകാൻ, നമ്മുടെ രക്ഷയെപ്രതി കാലാന്ത്യത്തിൽ എല്ലാവരുടെയും രക്ഷകൻ പ്രത്യക്ഷപ്പെട്ടു. നമ്മുടെ സ്രഷ്ടാവു കൂടിയായ വചനമായ ദൈവമല്ലാതെ നമ്മുടെ രക്ഷ പൂർത്തിയാക്കാൻ മതിയായവൻ ആരാണ്? അവൻ നമ്മുടെ രക്ഷ പൂർത്തിയാക്കി. തൻെറ പിതാവിൻെറ തിരുഹിതമനുസരിച്ച് വചനമായ ദൈവം മനുഷ്യരായ നമ്മുടെ രക്ഷയ്ക്കും സമസ്ത സൃഷ്ടികളുടെയും നവീകരണത്തിനും, തെററിൽ നിന്ന് തൻെറ ദൈവത്വത്തെപ്പററിയുള്ള അറിവിലേക്കു നമ്മെ തിരിക്കുന്നതിനും, തൻെറ പിതാവിൻെറ മാർവിടത്തിൽ നിന്നു വിട്ടുമാറാതെ സ്വമേധയാ വിശുദ്ധ കന്യകാമറിയത്തിൻെറ ഉദരത്തിലേക്കു വന്നു. പ്രവചനമനുസരിച്ച്, പ്രകൃത്യതീതമാംവിധം ബൗദ്ധികാത്മാവുള്ള ഒരു ശരീരം അത്ഭുതകരമായി മെനഞ്ഞുണ്ടാക്കി അതിൽ വസിച്ചു; തൻെറ സ്വന്ത പുത്രത്വത്തിൻെറ ഐക്യത്തിൽ അതിനെ തന്നോട് ഐക്യപ്പെടുത്തി. തൻെറ

www.malankaralibrary.com



ഗോചരത്വത്തിലും അഗോചരത്വത്തിലും, അവടുന്ന നാമുമായി തന്റെ ശരീരത്തിലും ആത്മാവിലും സമസ്തതയാണ്. തന്നെ എടുക്കുകയും അവനിലൂടെ തന്റെ നിഗൂഢത വെളിപ്പെടുത്തുന്നതിനും നമ്മുടെ രക്ഷയ്ക്കും എല്ലാററിന്റെയും നവീകരണത്തിനും വേണ്ടി തന്റെ മഹത്തായ ദൈവത്വത്തിന്റെ ശക്തി അവനിൽ കാണിക്കുന്നതിനും വേണ്ടി ഐക്യപ്പെടുത്തുകയും ചെയ്ത വചനമായ ദൈവവുമായുള്ള ഐക്യത്താൽ, തന്റെ ദൈവത്വത്തിലും തന്റെ മനുഷ്യത്വത്തിലും അവിടുന്ന് ഏകപുത്രനാണെന്ന് നാം ഏററുപറയുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു. അവിടുന്ന് രണ്ടു സ്വഭാവങ്ങളാണെങ്കിലും—സ്വഭാവത്തിലും ക്നോമായിലും ദൈവം, സ്വഭാവത്തിലും ക്നോമായിലും മനുഷ്യൻ—ഇപ്പോഴും താൻ വീണ്ടും വരുമ്പോഴും എന്നേക്കും അവിടുന്ന് ഏകദൈവപുത്രനാണെന്ന് ഞങ്ങൾ ഏററുപറയുകയും പ്രഖ്യാപിക്കുകയും ചെയ്യുന്നു. "ഇക്കാരണത്താൽ നിന്റെ ദൈവമായ ദൈവം നിന്റെ സഖികളേക്കാൾ കൂടുതലായി ആനന്ദതൈലം കൊണ്ട് നിന്നെ അഭിഷേകം ചെയ്തിരിക്കുന്നു" എന്ന ദാവീദിന്റെ പ്രവചനമനുസരിച്ച്, "അഭിഷിക്തൻ" എന്നു നാം പറയുമ്പോൾ, ദൈവത്വത്താൽ അഭിഷേകം ചെയ്യപ്പെട്ട മനുഷ്യൻ; മനുഷ്യത്വത്തെ അഭിഷേകം ചെയ്ത ദൈവത്വം എന്നാണർത്ഥം. വിശുദ്ധ തൈലം കൊണ്ട് അഭിഷിക്തരായ മനുഷ്യരെപ്പോലെയല്ലിത്. ശരിയായി എഴുതപ്പെട്ടിരിക്കുന്നതുപോലെ, പരിശുദ്ധാത്മാവിനാലും ശക്തിയാലുമാണ് മിശിഹായുടെ മനുഷ്യത്വം അഭിഷിക്തമായിരിക്കുന്നത്. മിശിഹാ ദൈവമാണെന്ന് നാമും വിശ്വസിക്കുകയും ഏററുപറയുകയും ചെയ്യുന്നു. നാം "ദൈവം" എന്നു പറയുമ്പോൾ ഒരു തരത്തിലും "മിശിഹായെ" നാം നിർവചിക്കുകയല്ല, കാരണം, പിതാവ് ദൈവമാണ്, എന്നാൽ പിതാവ് "മിശിഹാ" അല്ല. പരിശുദ്ധാത്മാവ് ദൈവമാണ്, എന്നാൽ പരിശുദ്ധാത്മാവ് 'മിശിഹാ' അല്ല. നാം മിശിഹാ എന്ന മനുഷ്യനെ കാണുകയും അറിയുകയും ചെയ്യുന്നു എങ്കിലും അവനെ തന്നിലേക്ക് എടുത്ത് അഭേദ്യമായ ഐക്യത്താൽ താനുമായി ഐക്യപ്പെടുത്തി എന്നേക്കും തന്റെ വാസസ്ഥലമായി അവനെ ആക്കിത്തീർത്ത വചനമായ ദൈവം നിമിത്തം അവിടുന്ന് ദൈവമാണെന്ന് നാം വിശ്വസിക്കുകയും ഏററുപറയുകയും ചെയ്യുന്നു.



ഞാൻ താങ്കൾക്ക് എഴുതിയത് ഭാഗ്യവാൻമാരായ നെസ്തോറിയസിന്റെയും തിയഡോറിന്റെയും ആശയങ്ങളല്ല. നീതിയില്ലാത്ത കൂട്ടങ്ങൾ അവരെ ദുഷിക്കുകയും വെറുതെ കുററം ആരോപിക്കുകയും ചെയ്യുന്നു. ദുഷ്ടമാനസ്സരും അജ്ഞരുമായ അനേകർ അവരുടെ നാമശ്രവണത്തിൽ ഇടറി വീഴുന്നു. അവ ജീവദായകമായ വായാൽ മിശിഹാ തന്നെപ്പററിത്തന്നെ പ്രസ്താവിച്ചവയിൽ നിന്നും തന്റെ വിശുദ്ധ ശ്ലീഹന്മാർ പരിശുദ്ധാത്മാവിനാൽ തന്നെപ്പററി പറഞ്ഞവയിൽ നിന്നും ആണ്. അതിൽ നിന്ന് ഞാനും ചുരുക്കമായി എഴുതാം;

നമ്മുടെ കർത്താവായ മിശിഹാ തന്റെ സുവിശേഷത്തിൽ സ്വയം "മനുഷ്യപുത്രൻ" എന്നാണു വിളിക്കുന്നത്. ഉദാ. "മനുഷ്യപുത്രൻ മനുഷ്യരുടെ കൈകളിൽ ഏല്പിക്കപ്പെടും; അവർ അവനെ പരിഹസിക്കുകയും കുരിശിൽ തറയ്ക്കുകയും അവൻ മൂന്നാംനാൾ ഉയിർത്തെഴുന്നേൽക്കുകയും ചെയ്യും" (മത്താ 17:23; 20:19). വീണ്ടും, അവിടുന്ന് സ്വയം 'മനുഷ്യൻ' എന്ന് വിളിക്കുന്നു: "നിങ്ങളോടു സത്യം സംസാരിക്കുന്ന മനുഷ്യനെ എന്തിനാണ് നിങ്ങൾ കൊല്ലാൻ ആഗ്രഹിക്കുന്നത്?" (യോഹ.7:19; 8:40). നമ്മുടെ രക്ഷയെ പ്രതി അവിടുന്ന് സ്വീകരിച്ച വിനീത കാര്യങ്ങളിൽ മാത്രമല്ല, തന്റെ ദൈവത്വത്തിന്റെ മഹനീയ കാര്യങ്ങളിലും അവിടുന്നു സ്വയം "മനുഷ്യപുത്രൻ" എന്നു വിളിക്കുന്നു. അവിടുന്നു സ്വയം വെളിപ്പെടുത്തിയപ്പോൾ ഇതുതന്നെ തന്റെ ശിഷ്യരോടു പറഞ്ഞു: "മനുഷ്യപുത്രൻ തന്റെ മഹത്വത്തിൽ വരുന്നതു കാണുന്നതുവരെ മരണമാസ്വദിക്കാത്ത ചിലർ ഇവിടെ നിൽക്കുന്നവരുടെ ഇടയിലുണ്ട്"' (മത്താ.16:28). താബോർ മലയിൽ വെച്ചു നടന്ന മഹനീയമായ രൂപാന്തരീകരണാവസരത്തിലാണിതു പറഞ്ഞത്. വീണ്ടും മറെറാരു സ്ഥലത്ത്, 'മനുഷ്യപുത്രൻ തന്റെ എല്ലാ വിശുദ്ധ മാലാഖമാരോടും കൂടി മഹത്വത്തിൽ ആഗതനാകുമ്പോൾ' (മത്താ. 25:31). മഹത്വത്തിലും ഔന്നത്യത്തിലും ഉള്ള തന്റെ രണ്ടാം വരവിനെപ്പററിയാണ് അവിടുന്ന് സംസാരിക്കുന്നത്. തന്റെ ദൈവത്വത്തിന്റെ മഹനീയ ശോഭയിൽ തന്റെ മനുഷ്യത്വം അപ്പോൾ പ്രകാശിതമാകും. എന്നാൽ താൻ ദൈവവും ദൈവപുത്രനുമാകുന്നു എന്നും അവിടുന്നു പറയുന്നു: "ഞാനും എന്റെ

www.malankaralibrary.com



പിതാവും ഒന്നാകുന്നു'' (യോഹ 14:9). എങ്കിലും തന്റെ ദൈവസ്വഭാവത്തിൽ, തന്നെയോ പിതാവിനെയോ കാണാൻ സാധ്യമല്ല. വീണ്ടും അവിടുന്ന് പറയുന്നു ''പുത്രനിൽ വിശ്വസിക്കാത്തവർ അവനെ അയച്ച പിതാവിലും വിശ്വസിക്കുന്നില്ല'' (യോഹ. 5:23). വീണ്ടും, 'നീ സ്വയം ദൈവപുത്രനെന്നു വിളിച്ചുകൊണ്ട് ദൈവദൂഷണം പറയുന്നു' എന്നു പ്രലപിച്ചുകൊണ്ട് തന്നിൽ ഇടറിയ യഹൂദരോട് മിശിഹാ മററ് പല കാര്യങ്ങളോടൊപ്പം ഇതും അരുളം ചെയ്തു. ''എന്റെ പിതാവ് ഇന്നുവരെ പ്രവർത്തിക്കുന്നു; നിങ്ങൾ എന്നെ വിശ്വസിക്കുന്നില്ലെങ്കിൽ എന്റെ പ്രവൃത്തികളെ വിശ്വസിക്കുവിൻ'' (യോഹ.5:17; 10:38). 'പിതാവ് മരിച്ചവരെ ഉയിർപ്പിച്ച് അവർക്ക് ജീവൻ കൊടുക്കുന്നതുപോലെ തനിക്കിഷ്ടമുള്ളവർക്ക് പുത്രനും ജീവൻ കൊടുക്കുന്നു' (യോഹ. 6:21). വീണ്ടും അവിടുന്നു പറയുന്നു: ''എന്റെ പിതാവേ, സമയം വന്നിരിക്കുന്നു. നിന്റെ പുത്രൻ നിന്നെ മഹത്വപ്പെടുത്തേണ്ടതിനായി നിന്റെ പുത്രനെ നീ മഹത്വപ്പെടുത്തണമെ.'' (യോഹ.17.1). ''എന്റെ പിതാവേ, ലോകസ്ഥാപനത്തിനു മുൻപേ എനിക്കു നിന്നോടുകൂടി ഉണ്ടായിരുന്ന മഹത്വത്താൽ നിന്നോടുകൂടി എന്നെ മഹത്വപ്പെടുത്തണമെ'' (യോഹ. 17:5).

വീണ്ടും, ഇരുസ്വഭാവങ്ങളുടെ ഐക്യത്തെ സംബന്ധിച്ച് അവിടുന്നു യഹൂദരോടു പറഞ്ഞു: ''നിങ്ങൾ ഈ ആലയം തകർക്കുവിൻ; മൂന്നാംനാൾ ഞാനിതു പുനരുദ്ധരിക്കും'' (യോഹ. 2:19). ''എന്നാൽ യേശു തന്റെ ശരീരമാകുന്ന ആലയത്തെപ്പററിയാണ് സംസാരിച്ചതു'' എന്ന് സുവിശേഷകൻ ഇതു വ്യാഖ്യാനിച്ചു പറയുന്നു (2:21). ''ഈ ആലയം'', ''ഞാൻ'' എന്നിവ രണ്ട് ക്നോമിക് സ്വഭാവങ്ങളെയല്ലാതെ മറെറന്താണ് സൂചിപ്പിക്കുന്നതു്? ശരീരവും ആത്മാവും കൂടിയതും ദൃശ്യവും നശ്വരവുമായ ആലയം ഒന്ന്; പ്രത്യാശയുടെ ഉറപ്പിനും എല്ലാ മനുഷ്യരുടെയും രക്ഷയ്ക്കുംവേണ്ടി ആലയത്തെ പുനരുദ്ധരിക്കുന്ന അദൃശ്യനായ ദൈവം മറെറാന്ന്. ഏകപുത്രത്വത്തിൽ തന്റെ ദൈവത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും ഐക്യത്തെക്കുറിച്ചാണ് ഇതു് എന്നു് സ്പഷ്ടം.

തന്റെ പ്രവൃത്തികളിലും ഈ ഐക്യം അവാച്യമാം വിധം അവിടുന്ന് വെളിപ്പെടുത്തി പൂർത്തീകരിച്ചു: അവിടുന്ന്



നിലത്തുതുപ്പി, ചേറുണ്ടാക്കി തന്റെ വിശുദ്ധ വിരലുകൾ കൊണ്ടെടുത്ത് ജന്മനാ അന്ധനായ മനുഷ്യന്റെ കണ്ണുകളിൽ പൂശി. താൻ മനുഷ്യനെ നിർമ്മിക്കുന്നവനാണെന്ന് കാണിച്ചുകൊണ്ട് അവനു് ഉടനെ കാഴ്ചനല്കി. അവിടുന്നു തുപ്പിയ തുപ്പൽ മനുഷ്യന്റെ വായിൽ ഉണ്ടാകുന്നതാണ്. തന്റെ കൈവിരലുകൾ അസ്ഥിയും മാംസവും ഞരമ്പുകളും തൊലിയും കൊണ്ടുണ്ടാക്കിയിട്ടുള്ളതാണ്. ഇതു് മനുഷ്യപ്രകൃതിയുടേതാണ്. എല്ലാ പ്രകൃതികളെയും സൃഷ്ടിച്ചവനും ശരീരത്തിൽ മറഞ്ഞിരുന്നവനുമായ ദൈവസ്വഭാവമല്ലാതെ മററാരാണ് കണ്ണിനു പ്രകാശം നൽകിയതു്? ലാസറിന്റെ അടക്കിനെപ്പററി ബന്ധുക്കളോടും അയൽക്കാരോടും ആരായുകയും സ്നേഹിതനെപ്പററിയുള്ള ദുഃഖത്താൽ കണ്ണീർ പൊഴിക്കുകയും ചെയ്തതു് മനുഷ്യപ്രകൃതിയാണ്. ശാരീരികാധരങ്ങൾ കൊണ്ടും നാവു കൊണ്ടും, ''പുറത്തു വരിക'' എന്ന്, മരിച്ചു നാലുദിവസമായി അഴുകിയ ലാസറിനോട് ആധികാരികമായി കല്പിക്കുകയും, ലാസറിന്റെ കൈകാലുകൾ കെട്ടപ്പെട്ടിരുന്നിട്ടും അവനെ കല്ലറയ്ക്കുപുറത്തു വരുത്തുകയും അയല്ക്കാർക്കു കാട്ടുകയും ''അവന്റെ കെട്ടഴിച്ചുവിടുവിൻ, അവൻ പോകട്ടെ'' എന്നു് അവനെ കെട്ടിയവരോട് കല്പിക്കുകയും ചെയ്തതു് വ്യക്തമായ ദൈവസ്വഭാവമാണ്.

ഞങ്ങളുടെ സഹോദരാ, തന്റെ വാക്കുകൾ കൊണ്ടു മാത്രമല്ല, താൻ ചെയ്ത ഈ രണ്ട് അത്ഭുതങ്ങൾ കൊണ്ടും ഈ സ്വഭാവങ്ങളിലുള്ള ഏക പുത്രത്വത്തിന്റെ ഐക്യത്തെ അവിടുന്നു വെളിപ്പെടുത്തി. ഇതും ഓർക്കുക: നമ്മുടെ കർത്താവിനു താബോർമലയിൽ രൂപാന്തരീകരണം സംഭവിച്ചപ്പോൾ മനുഷ്യത്വം എടുക്കലിന്റെ രൂപം അവിടുന്നു കാണിച്ചു. അതു് സ്വാഭാവികമായും ക്നോമിക്കലായും മറേറതു മനുഷ്യരുടേതുപോലെയിരുന്നു, എന്നാൽ തന്റെ ദൈവത്വത്തിന്റെ മഹത്വമുള്ള രശ്മികൾ അവൻ ധരിച്ചപ്പോൾ തന്റെ കാണപ്പെടലിന്റെ ഈ ക്നോമായുടെ മഹത്വപ്രകാശത്തെ നോക്കുവാൻ ശിഷ്യർക്കു കഴിഞ്ഞില്ല. സൂര്യനിൽ പതിയുന്ന രശ്മികളുടെ പ്രഭ സൂര്യനെ മറയ്ക്കുമെങ്കിലും, സൂര്യരശ്മി നക്ഷത്രങ്ങളിൽ പതിയുമ്പോൾ അവ കൂടുതൽ മങ്ങിപ്പോകും. അവിടുത്തെ ദൈവത്വം മാററത്തിനു വിധേയമായില്ല, പരിമിതപ്പെട്ടുമില്ല;

www.malankaralibrary.com



അതു് തന്റെ മനുഷ്യത്വത്തെ നശിപ്പിച്ചില്ല. മനുഷ്യത്വം ദൈവത്വത്തിൽ ലയിച്ചുപോയുമില്ല. പിന്നെയോ നമ്മുടെ ബലഹീനമായ മനുഷ്യപ്രകൃതി തന്റെ ദൈവത്വവുമായി ഐക്യപ്പെട്ടിരുന്നു. തന്റെ ദൈവത്വം നമ്മുടെ മനുഷ്യത്വത്തിൽ വെളിപ്പെടാനും തന്റെ ദൈവത്വം വഴി നമ്മുടെ രക്ഷ പൂർണമാക്കപ്പെടാനും, തന്റെ നിത്യകൃപ നിമിത്തം നമ്മുടെ നികൃഷ്ടാവസ്ഥ തന്റെ ദൈവത്വത്തിന്റെ ഔന്നത്യത്തിലേക്കു് ഉയർത്തപ്പെടാനും വേണ്ടിയായിരുന്നിതു്.

നമ്മുടെ സ്രഷ്ടാവായ ദൈവമല്ലാതെ കൃപയുടെ ഈ മഹാപ്രവാഹം നമ്മിലേക്കു വർഷിക്കാൻ ശാരീരികവും ആത്മീയവുമായ ജീവികളിൽ ആർക്കാണു സാധിക്കുക? നമ്മിൽ നിന്നുള്ള പ്രകൃതത്തിൽ അവിടുന്നു് അവതരിക്കുകയും നമ്മുടെ രക്ഷയ്ക്കായി നമ്മുടെ ഇടയിൽ വെളിപ്പെടുകയും ചെയ്തു. നമ്മുടെ മനുഷ്യത്വത്തിലല്ലാതെ മറ്റെന്തിൽ വെളിപ്പെടുന്നതായിരുന്നു ദൈവത്വത്തിന് ഉചിതമായിട്ടുണ്ടായിരുന്നതു്? ആരംഭത്തിൽ ദൈവച്ഛായയിലും സാദൃശ്യത്തിലും നിർമ്മിക്കപ്പെട്ടതാണതു്; സൃഷ്ടികളുടെയെല്ലാം ബന്ധമാണതു്; ആത്മാവിലും ശരീരത്തിലും ആത്മീയവും ശാരീരികവുമായവയുടെ സംഗമം നടന്നതാണ് മനുഷ്യൻ. തന്റെ മനുഷ്യത്വത്തിൽ മിശിഹാ നാമുമായി സമസത്തയല്ലെങ്കിൽ നമ്മുടെ പരാജയത്തിനെങ്ങനെ വിജയം നേടാനാവും? അവിടുന്നു് തന്റെ തിരുഹിതത്താലും തന്റെ പ്രത്യേകമായ ജീവിതചര്യയാലും ദൈവം അവനിൽ പ്രവർത്തിച്ചിരുന്നതിനാലും എല്ലാവിധ പാപത്തിൽ നിന്നും വിമുക്തനായിരുന്നു. "അവൻ ഒരു ദുഷ്ടതയും പ്രവർത്തിച്ചില്ല; അവന്റെ അധരങ്ങളിൽ പാപം ഇല്ലായിരുന്നു" എന്ന അവനെപ്പറ്റിയുള്ള പ്രവചനമനുസരിച്ചു്, ഒന്നും വിട്ടുകളയാതെ അവിടുന്നു് എല്ലാ ദൈവകല്പനകളും പൂർണമാക്കി നിറവേറ്റി. അവന്റെ വിജയത്താൽ നാം ഋണബാധ്യതയിൽ നിന്നു് സ്വതന്ത്രരാക്കപ്പെട്ടു. അവിടുത്തെ നീതിയാൽ നമ്മുടെ പാപമെല്ലാം ക്ഷമിക്കപ്പെട്ടു.

അവിടുന്നു യഥാർത്ഥ മനുഷ്യനല്ലെങ്കിൽ, തന്നിൽ വസിച്ച ദൈവത്തിന്റെ ശക്തിയാൽ സാത്താനോടു് പോരാട്ടത്തിലേർപ്പെടുകയും മൂന്നു പോരാട്ടങ്ങളിൽ സാത്താനെ പരാജയ



പ്പെടുത്തുകയും ചെയ്തതു് മറ്റാരാണു്? ഈ കാര്യം സംബന്ധിച്ചു് ഇവ പറയാനേ നാം മുതിരാവൂ: ദൈവദൂഷണം മാനിക്കേയരുടെ ഭ്രാന്താണു്. കാരണം, സാത്താനു് ദൈവത്തെ ബലഹീനനാക്കാനോ പരാജയപ്പെടുത്താനോ സാധ്യമല്ല. ക്രിസ്തു സത്യമായും മനുഷ്യനല്ലെങ്കിൽ, നിരപരാധിയായിരിക്കെ നമുക്കുവേണ്ടി തന്റെ മനുഷ്യത്വത്തിൽ മരിച്ചില്ലെങ്കിൽ, ദൈവം അവനെ ഉയിർപ്പിച്ചില്ലെങ്കിൽ, നാം പാപികളും മരണത്തിനു വിധിക്കപ്പെട്ടവരുമാണു്. മരിച്ചവരിൽ നിന്നു് ഉത്ഥാനം ചെയ്യും എന്നു് നമുക്കൊരു പ്രതീക്ഷയുമില്ല. കാരണം, ദൈവദൂഷകരുടെ ദുർഭാഷണമനുസരിച്ചു്, ദൈവം മരിച്ചിട്ടു് ഉയിർത്തെഴുന്നേറ്റു; ദൈവവും അവനെപ്പോലെ നിരപരാധികളും മാത്രമേ ഉത്ഥാനാർഹരായിട്ടുള്ളു. അവനുമായി സമസത്തയുള്ളവർക്കു മാത്രമേ ഉത്ഥാനത്തിന്റെ ഉറപ്പുള്ളു, ശപിക്കപ്പെട്ടതും മർത്ത്യവുമായ നമ്മുടെ പ്രകൃതത്തിനല്ല. ഇതുവഴി, മരിച്ചവരിൽ നിന്നുള്ള ഉത്ഥാനത്തിലുള്ള നമ്മുടെ പ്രതീക്ഷ അവർ വെട്ടിമാറ്റുക മാത്രമല്ല, ആത്മീയ ജീവികളുടെ നവീകരണത്തിനും വ്യതിയാനാതീതാവസ്ഥയ്ക്കുമുള്ള പ്രതീക്ഷയും അവർ നീക്കിക്കളയുകകൂടി ചെയ്യുന്നു. അവരും നാമും മിശിഹായിൽ നിന്നു് ഇതു പ്രാപിക്കുന്നു. ഇത്തരം കാര്യങ്ങൾ അവർ അംഗീകരിക്കുന്നതിനാൽ, അവർ യഥാർത്ഥത്തിൽ രണ്ടു കാര്യങ്ങളിൽ നിന്നു വീണുപോയവരാണു്: അവർക്കു് വചനമായ ദൈവം തന്റെ പിതാവുമായി ഒരേ സത്തയല്ല; ക്രിസ്ത്യാനികൾക്കുള്ള രക്ഷയുടെ പ്രതീക്ഷ സത്യമായും അവർക്കില്ലാതാകുന്നു. നമ്മുടെ പ്രകൃതിയിൽ നിന്നു് മിശിഹാ എടുത്തു് നിത്യമഹത്വത്തിൽ തന്നോടുകൂടി ചേർത്ത ആദ്യഫലത്തിൽ നമുക്കുവേണ്ടി അവിടുന്നു് ഈ പ്രതീക്ഷ ഉറപ്പിച്ചതാണു്. പിശാചുക്കളെപ്പോലെ പ്രതീക്ഷ ഇല്ലാത്തവരെന്നും പുറജാതികളെപ്പോലെ ദൈവമില്ലാത്തവരെന്നും യൂദരെപ്പോലെ ദൈവത്വത്തെ നിന്ദിക്കുന്നവരെന്നും അവരെ വിളിക്കുന്നതിൽ തെറ്റില്ല.

ഇക്കാരണത്താൽ നമ്മുടെ രക്ഷയ്ക്കു വേണ്ടിയുള്ള ജീവപ്രദമായ വ്യാപാരത്താൽ നമ്മുടെ മേൽ അവിടുന്നു് വർഷിച്ച കൃപാബാഹുല്യത്താലും ധാരാളമായ കരുണയാലും ദൈവത്തെ

www.malankaralibrary.com



ഏററുപറഞ്ഞ് മഹത്വപ്പെടുത്താൻ നാം നിരന്തരം കടപ്പെട്ടവരാണ്. ദൈവത്വത്തിൽ വ്യതിയാനം, മാററം, പരിമിതി, കൂട്ടിച്ചേർക്കൽ, വേദന എന്നിവ ആരോപിച്ച് ദൈവദൂഷണം പറയുന്ന എല്ലാവരിൽ നിന്നും നാം സത്യമായും വേർപെട്ട് അകന്നിരിക്കണം. അതുപോലെ നമ്മുടെ കർത്താവിന്റെ മനുഷ്യാവതാരം സംബന്ധിച്ച് കൃത്യമായും സത്യമായും മനുഷ്യസ്വഭാവം ഏററുപറയാത്തവരിൽ നിന്നും അകന്നിരിക്കണം. നമ്മുടെ പ്രകൃതിയിൽ നിന്നുള്ള വിശുദ്ധ ആദ്യഫലമായി അവിടുന്ന്, അതിനെ എടുത്ത് വ്യതിയാനരഹിതമായ ഐക്യത്താൽ തന്നോടു കൂട്ടിച്ചേർത്തു. ദൈവവചനവുമായി ഐക്യപ്പെടാൻ നമ്മിൽ നിന്നെടുക്കപ്പെട്ട ആദ്യഫലം, ദൈവത്വത്തിന്റെ വലിപ്പവും അനന്തതയും നിമിത്തം ദൈവത്വത്തിൽ ലയിച്ച് അദൃശ്യമായി എന്നു പറയുന്നവരിൽ നിന്നും ഒഴിഞ്ഞിരിക്കണം.

ഇത്തരം ദൈവദൂഷണങ്ങളുടെ ദുഷ്ടതയിൽ നിന്ന് നീതിപൂർവം നാം അകന്നിരിക്കണം. ആ ദൈവദൂഷകർ ശ്ലീഹന്മാരുടെ കുററപ്പെടുത്തലുകൾ ഓർത്ത് സ്വയം ലജ്ജിക്കേണ്ടത് നീതിപൂർവകമാണ്. അവർ നമ്മുടെ കർത്താവായ മിശിഹായെ തന്റെ യഥാർത്ഥ മനുഷ്യശരീരത്തിന്റെ വെളിപ്പെടലിൽ അറിയുകയും ഏററുപറയുകയും അവനിൽ വിശ്വസിക്കുകയും ചെയ്തവരാണ്. സത്യ ദൈവം അവനിൽ വസിച്ചെന്ന് അവർ പഠിപ്പിച്ചു. അഭേദ്യമായ ഐക്യത്താൽ തന്റെ ദൈവത്വവുമായി തന്റെ മനുഷ്യത്വത്തെ അവിടുന്ന് ഐക്യപ്പെടുത്തി. അവിടുന്ന് തന്റെ ഇരുസ്വഭാവങ്ങളിൽ ഏകമിശിഹായും ഏകദൈവപുത്രനുമാണെന്ന് അവിടുത്തെപ്പററി അവർ പ്രസ്താവിച്ചു. ജനനം, വളർച്ച, ഭക്ഷിക്കൽ, കുടിക്കൽ, ദാഹം വഴിയിലെ അധ്വാനം കൊണ്ടുള്ള ക്ഷീണം, കഷ്ടപ്പാടുകൾ, മർദ്ദനങ്ങൾ, ചമ്മട്ടിയടികൾ, കുരിശുമരണം, ആണികളാൽ കാലും കൈയ്യും തുളയ്ക്കൽ, കുന്തത്താൽ വിലാവ് തുറക്കൽ, മരണം എന്നിവ ദൈവം അഭിഷേചിച്ച മനുഷ്യനായ മിശിഹായെപ്പററിയാണ് ദൈവത്വത്തെപ്പററിയല്ല എന്ന് അവർ സംസാരിക്കുകയും പഠിപ്പിക്കുകയും ചെയ്തു.

നമ്മുടെ സഹോദരാ, ഭാഗ്യവാനായ മത്തായിയുടെ വിവരണത്തിന്റെ ആരംഭം അനുസ്മരിക്കുക. ‘‘അബ്രഹാമിന്റെ



പുത്രനായ ദാവീദിന്റെ പുത്രനായ യേശുമിശിഹായുടെ വംശാവലി’’ എന്നാണ് സുവിശേഷത്തിന്റെ ആരംഭം. തുടർന്നു പറയുന്നു: ‘‘യേശുമിശിഹായുടെ ജനനം ഇപ്രകാരം ആയിരുന്നു’’ (1: 18). വീണ്ടും ‘‘യൂദയായിലെ ബേത്ലഹേമിൽ യേശു ജനിച്ചപ്പോൾ’’ (2:1). യേശു പോയി, യേശു വന്നു, ഉറങ്ങി, ഉണർന്നു, വിശന്നു, ദാഹിച്ച്, ക്ഷീണിതനായി, പിടിക്കപ്പെട്ടു, കഷ്ടപ്പെട്ടു, നമ്മുടെ രക്ഷയെപ്രതി ദൈവപുത്രൻ സഹിച്ച ബലഹീനതകൾ, ആദിയായവയെല്ലാം യേശുവിനും തന്റെ മനുഷ്യത്വത്തിനുമാണ് അവൻ ആരോപിക്കുന്നത്. എന്നാൽ അവിടുന്നു ദൈവപുത്രനാണെന്ന് അവനു അറിയാമായിരുന്നു, അവൻ സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു. ദൈവം എന്ന നിലയിൽ അവൻ മരിച്ചവരെ ഉയിർപ്പിച്ചു, കുഷ്ഠരോഗികളെ ശുദ്ധരാക്കി, അന്ധരുടെ കണ്ണു തുറന്നു, പിശാചുക്കളെ പുറത്താക്കി, തന്റെ, ദൈവത്വത്തിന്റെ ശക്തിയാൽ എല്ലാ ദണ്ഡനങ്ങളും രോഗങ്ങളും സൗഖ്യമാക്കി. മഹനീയനും നിത്യനുമായ രാജാവും ഭുവാനങ്ങളുടെ നാഥനുമെന്ന നിലയിൽ ശിഷ്യന്മാരുടെ തലവനായ ശെമഓന് രാജ്യത്തിന്റെ താക്കോലുകൾ നൽകുകയും പത്രോസ് എന്ന് അവനെ വിളിക്കുകയും ഭുവാനങ്ങളിൽ കെട്ടുവാനും അഴിക്കുവാനും അധികാരപ്പെടുത്തുകയും ചെയ്തു. അവിടുന്ന് ശരീരത്തോടുകൂടി സ്വർഗത്തിലേക്ക് എടുക്കപ്പെട്ടശേഷം ലോകാവസാനംവരെ ഭൂമിയിൽ തന്റെ ദൈവത്വത്തിൽ തന്റെ സഭയോടൊത്ത് വസിക്കുന്നു. ഇവയും ഇതുപോലെയുള്ളവയും മത്തായിക്കറിയാമായിരുന്നു; പഠിപ്പിക്കുകയും ചെയ്തു.

‘‘ദൈവപുത്രനായ യേശുമിശിഹായുടെ സുവിശേഷത്തിന്റെ ആരംഭം’’ എന്നു തന്റെ വിവരണത്തിന്റെ ആരംഭത്തിൽ ഭാഗ്യവാനായ മർക്കോസ് പറയുന്നുണ്ടെങ്കിലും ബലഹീനമായവ മനുഷ്യത്വത്തിനും മഹനീയമായവ മാത്രം ദൈവത്വത്തിനും ആരോപിക്കുന്നു. തന്റെ സഖികളിൽ നിന്നു വ്യത്യസ്തമായി ഒന്നു മാത്രം അദ്ദേഹം കൂട്ടിച്ചേർക്കുന്നു: ലോകാന്ത്യനാഴികയും ദിനവും വെളിപ്പെടുത്തുവാൻ ശിഷ്യർ യേശുവിനോട് പറഞ്ഞപ്പോൾ അവൻ അവരോടു പറഞ്ഞു: ‘‘പിതാവല്ലാതെ, സ്വർഗീയദൂതന്മാരോ പുത്രനോ ആ നാഴികയറിയുന്നില്ല’’ (മത്താ. 13:32). തന്റെ വിജ്ഞാനം നിശ്ചയിച്ചുറച്ച സമയം

www.malankaralibrary.com



സമയത്തിന്റെ നിയന്താവ് അറിയുന്നില്ലെന്ന് എങ്ങനെ പറയാനാവും? തന്റെ ശിഷ്യരുടെ അലട്ടൽ തീർക്കാനും അവരുടെ മനസ്സു തകരാതിരിക്കാനുമാണ് നമ്മുടെ കർത്താവ് ഇപ്രകാരം പറഞ്ഞത്. ഇതൊന്നും അവിടുത്തേക്കു വലിയ കാര്യമല്ലായിരുന്നു. അവിടുന്ന് അറിഞ്ഞിരുന്നെങ്കിലും അവർക്കു വെളിപ്പെടുത്തിയില്ല.

അതുപോലെ പണ്ഡിതനായ ലൂക്കോസ് സുവിശേഷകൻ യേശുവിന്റെ ജനനം, പഴന്തുണികളിൽ പൊതിഞ്ഞത്, അവനെ ദേവാലയത്തിൽ കൊണ്ടുവന്നത്, വൃദ്ധനായ ശെമഓൻ കൈകളിൽ എടുത്തത്, ശിശുക്കളോടെന്നവണ്ണം അവനോടു കൊത്ത പറഞ്ഞത്, ദൈവമെന്നനിലയിൽ അവനോടപേക്ഷിച്ചത് എന്നിത്യാദി കാര്യങ്ങൾ സംസാരിക്കുന്നു. കാരണം ദൈവപുത്രൻ ദൃശ്യശിശുവും, ശിശുവിൽ മറഞ്ഞിരുന്ന ദൈവവുമായിരുന്നു. കൂടാതെ, തന്റെ മനുഷ്യത്വത്തിന്റെ നിജസ്ഥിതി സംബന്ധിച്ചാണ് ലൂക്കോസ് സംസാരിച്ചത്: "യേശു പ്രായത്തിലും ജ്ഞാനത്തിലും കൃപയിലും ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പാകെ വളർന്നു." —"പ്രായത്തിൽ" എന്നാൽ തന്റെ ശരീരപ്രകൃതിയെപ്പററിയാണ്. "ജ്ഞാനത്തിൽ" എന്നാൽ തന്റെ ആത്മാവിന്റെ അറിവിനെപ്പററിയാണ്. "കൃപയിൽ" എന്നാൽ തന്നിലുള്ള ദൈവിക ശക്തിയുടെ പ്രകാശത്തെപ്പററിയാണ്. എണ്ണമററ മററു ചൊല്ലുകൾ ലൂക്കോസിൽ ധാരാളമുണ്ട്.

വീണ്ടും, ദൈവശാസ്ത്രജ്ഞനും ശ്ലീഹായും മററുള്ളവരെക്കാൾ കർത്താവു കൂടുതലായി സ്നേഹിച്ചിരുന്നവനുമായ യോഹന്നാൻ, മിശിഹാ സത്യമായും ദൈവമാണെന്നു മതിയാംവണ്ണം വ്യക്തമാക്കുന്നു. പിശാചുക്കളെ പുറത്താക്കൽ, മരിച്ചവരെ ഉയിർപ്പിക്കൽ, അന്ധർക്കു കാഴ്ച നൽകൽ, കുഷ്ഠരോഗികളെ ശുദ്ധരാക്കൽ, തന്റെ പക്കലെത്തിച്ച സകലരുടെയും രോഗങ്ങൾ സുഖമാക്കൽ എന്നിങ്ങനെ മിശിഹാ പ്രവർത്തിച്ച അത്ഭുതങ്ങൾ കൊണ്ടു മാത്രമല്ല, പിന്നെയോ, തന്റെ ദൈവത്വത്തിൽ ഒരു പരിപൂർണ്ണ ക്നോമായിൽ സത്യദൈവത്തിൽ നിന്നുള്ള സത്യദൈവമാണ്. കാരണം, തന്റെ പ്രതിപാദനത്തിന്റെ ആരംഭത്തിൽ യോഹന്നാൻ പറയുന്നു.



"ആദിയിൽ വചനം ഉണ്ടായിരുന്നു, വചനം ദൈവത്തോടുകൂടിയായിരുന്നു, വചനം ദൈവമായിരുന്നു". അതേയാൾ തന്നെ ആരംഭത്തിൽ ദൈവത്തോടുകൂടിയായിരുന്നു— ഇതൊക്കെ വചനത്തിന്റെ നിത്യതയെപ്പററിയാണ്. അവിടുത്തെ മഹത്തായ ശക്തിയെപ്പററിയും അധികാരത്തെപ്പററിയും അവൻ എന്തു പറയുന്നു? "ഉണ്ടായിട്ടുള്ളവയെല്ലാം അവൻവഴി ഉണ്ടായി. ഉണ്ടായതൊന്നും അവനെ കൂടാതെ ഉണ്ടായതല്ല"— അതായത് സൃഷ്ടികളൊന്നും, സൃഷ്ടികളേക്കാളും ബൗദ്ധിക ജീവനേക്കാളും "ജീവൻ" കൂടുതൽ ശ്രേഷ്ഠമായതിനാൽ സുവിശേഷകൻ പറയുന്നു, 'അവനിൽ ജീവൻ ഉണ്ടായിരുന്നു; ഈ ജീവൻ മനുഷ്യരുടെയും എല്ലാ ബുദ്ധിജീവികളുടെയും പ്രകാശമായിരുന്നു. അവൻ അറിവുള്ള എല്ലാ ജീവികളുടെയും ജീവദാതാവും അവയെ പ്രകാശിപ്പിക്കുന്നവനും അതിരില്ലാത്ത സ്വഭാവം ഉള്ളവനും ആയിരുന്നെങ്കിലും ഈ ലോകത്തിലായിരുന്നു. തന്റെ കൂടെക്കൂടെയുള്ള വെളിപാടുകൾ വഴി അവൻ തന്റെ സ്വന്തത്തിലേക്കു വന്നു; എന്നാൽ സ്വകീയർ അവനെ സ്വീകരിച്ചില്ല. തന്റെ മാനുഷികശരീരത്തിൽ കൂടുതൽ മഹത്വപൂർണമായി അവിടുന്ന് വെളിപ്പെട്ടപ്പോൾ പോലും, അവൻ ആരുടെ രക്ഷയ്ക്കു വേണ്ടി വന്നുവോ, അവർ അവനെ സ്വീകരിച്ചില്ല.— സാത്താനും മത്സരക്കാരായ പിശാചുക്കളും പിശാചുക്കളെപ്പോലെ ദുഷ്ടമനസ്സുള്ള മനുഷ്യരും, യൂദരിൽ ഭൂരിഭാഗവും, വഴിതെററി നടക്കുന്ന മററു മനുഷ്യരും അവിടുത്തെ വിജ്ഞാനപ്രകാശത്തിന്റെ സന്ദർശനത്തിൽ നിന്ന് അന്യരാണ്. എന്നാൽ സുവിശേഷകൻ പറയുന്നതുപോലെ അവനെ സ്വീകരിച്ചവർക്ക് ദൈവമക്കളാകുവാൻ അവൻ അവകാശം കൊടുത്തു. അവർ രക്തത്തിൽ നിന്നോ, ജഡേച്ഛയിൽ നിന്നോ പുരുഷേച്ഛയിൽ നിന്നോ അല്ല, ദൈവത്തിൽ നിന്നാണ്. നമ്മെ തന്റെ പിതാവിന്റെ മക്കളാക്കുന്നതിനും, നാം ശരീരികളും മർത്ത്യരുമാണെങ്കിലും നമ്മെ ദൈവമക്കളും ദൈവങ്ങളും ആക്കുന്നതിനും തന്റെ കൃപയാൽ അവൻ നമുക്കുവേണ്ടി ഇവയെല്ലാം പ്രവർത്തിച്ചു.

"വചനം മാംസമായി"; എന്തുകൊണ്ടെന്നാൽ അവിടുന്നു നമ്മുടെ ജഡമെടുത്തു. നമ്മിൽ നിന്നെടുക്കുകയും തന്നോടൈക്യ

www.malankaralibrary.com



പ്പെടുത്തുകയും താൻ വസിക്കുകയും ചെയ്ത ജഡത്തിൽ എന്നാണ് നമ്മുടെ ഇടയിൽ വസിച്ചു എന്നതിനർത്ഥം.

'അവിടുന്നു ജഡമായി' എന്നുപറയുന്നത്, മാമോദീസാ തൊട്ടിയിൽ നിന്ന് തന്റെ ആത്മാവിന്റെ അച്ചാരം നമുക്കു നൽകുവാനാണ്. അതു വഴി 'ദൈവമക്കൾ' എന്നു നാം വിളിക്കപ്പെടുന്നതിനും പേരിടപ്പെടുന്നതിനും ആയിത്തീരുന്നതിനുമാണ്. നാം ദൈവമക്കൾ എന്ന് 'വിളിക്കപ്പെടുന്നതു'കൊണ്ട് ദൈവസ്വഭാവത്തിലേക്ക് നമ്മുടെ സ്വഭാവം മാററപ്പെടുന്നില്ല, വികസിക്കുന്നുമില്ല. അഴിവിനതീതവും വ്യതിയാന രഹിതവുമായ മഹത്വം യഥാർത്ഥത്തിൽ നമുക്ക് ലഭിക്കാൻ പോകുന്നു എന്നതു ശരിതന്നെ. എങ്കിലും നമ്മുടെ പ്രകൃതി അതിന്റെ പരിധികളിൽ തന്നെ നില്ക്കുന്നു. അതുപോലെ "മാംസമായി" എന്നു പറയുമ്പോൾ വചനം തന്റെ സ്വഭാവത്തിൽ നിന്നു മാറി എന്നർത്ഥമാകുന്നില്ല, പിന്നെയോ നമുക്ക് തന്റെ ആത്മാവിന്റെ അച്ചാരം നൽകുന്നതിനും തന്നോടു നമ്മെ ചേർക്കുന്നതിനും തന്റെ ഐക്യത്തിലേക്ക് അവിടുന്ന് നമ്മിൽ നിന്നുള്ള ജഡമെടുത്തു. സുവിശേഷകൻ ഇതൊക്കെയാണ് പറഞ്ഞിരിക്കുന്നതു്. ദൈവദൂഷകരേ, അവിടുന്ന് മാംസമായത് ദൈവത്വത്തിന് മാററം വന്നിട്ടാണെന്ന് ചിന്തിക്കുന്ന നിങ്ങൾ നമ്മുടെ കർത്താവായ മിശിഹാ നമ്മുടെ പാപമെല്ലാം വഹിച്ചതിനാൽ "നമുക്കുവേണ്ടി ശാപമായിത്തീർന്നു" എന്ന് ദൈവിക ശ്ലീഹാ പറയുന്നതുകൂടി ഗ്രഹിക്കുക: പാപം നിമിത്തം നാം ശപിക്കപ്പെട്ടവരായിരുന്നു. അവിടുന്ന് ശാപമായിത്തീർന്നുകൊണ്ട് പാപത്തെ തന്റെ കുരിശിൽ തറച്ചു. അപ്പോൾ വചനമായ ദൈവം ശാപത്തിന്റെ സ്വഭാവമായി മാറിപ്പോയോ? ചിലർ ഇത്തരം ദൈവദൂഷണം പറയാറുണ്ട്. എന്നാൽ താങ്കൾ അവരെ ദിവ്യപ്രബോധനങ്ങളുടെ സത്യത്തിൽ ഉള്ള പ്രത്യാശയിൽ ഉറപ്പിക്കണം. അതായതു്, വചനമായ ദൈവം നമ്മുടെ സ്വഭാവത്തിൽ നിന്നുള്ള ആദ്യഫലത്തെ എടുത്തു, ആത്മാവുള്ളതും ബുദ്ധിയുള്ളതുമായ ശരീരം; അതിനെ തന്റെ വ്യക്തിത്വത്തിൽ ഒന്നിച്ചുചേർത്തു. അവിടുന്ന് മനുഷ്യൻ എന്നു വിളിക്കപ്പെടുവാനും അങ്ങനെ ആയിത്തീരുവാനും നമ്മുടെ രക്ഷയും ഉയരാഴങ്ങളിലുള്ളവരുടെ നവീകരണവും പൂർത്തിയാക്കുവാനും, നമ്മുടെ വിനീതാവസ്ഥയിൽ നിന്ന്



തന്റെ ദൈവത്വത്തിന്റെ ഉന്നതതലത്തിലേക്ക് നമ്മെ എത്തിക്കുവാനും വേണ്ടിയായിരുന്നിതു്.

സുവിശേഷകന്റേതിത്രയും. നമ്മുടെ കർത്താവേശു മിശിഹായുടെ വലിയ പ്രഘോഷകനും ക്രിസ്തുമതത്തിന്റെ നിയമദാതാവുമായ ദൈവിക പൗലോസ്, വിശ്വാസികളുടെ പ്രബോധനം വിവരിച്ചുകൊണ്ട് ഇപ്രകാരം പഠിപ്പിക്കുന്നു: "യേശുമിശിഹായിലുള്ള അതേ മനോഭാവം നിങ്ങൾക്കും ഉണ്ടായിരിക്കട്ടെ: അവിടുന്ന് ദൈവത്തിന്റെ രൂപത്തിലായിരിക്കെ ദാസന്റെ രൂപമെടുത്തു; മനുഷ്യരൂപത്തിൽ ആയിത്തീർന്നു". ദൈവത്തിന്റെ രൂപം, സ്വഭാവവും ക്നോമായും ആണെങ്കിൽ, മനുഷ്യന്റെ രൂപവും, സ്വഭാവവും ക്നോമായുമാണ്. അപ്പോൾ ഏകദൈവപുത്രനിൽ, ഏകമിശിഹായിൽ, രണ്ടു ക്നോമിക് സ്വഭാവങ്ങൾ ഉണ്ടെന്നു് വരുന്നു. വീണ്ടും അവൻ പറയുന്നു: ഞങ്ങൾ പ്രഘോഷിക്കുന്ന വിശ്വാസവചനം ഇതാണ്: നമ്മുടെ കർത്താവായ യേശുവിനെ അധരം കൊണ്ട് നീ ഏററു പറയുകയും ദൈവം അവനെ മരിച്ചവരിൽ നിന്നുയിർപ്പിച്ചു എന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും ചെയ്യുമെങ്കിൽ നീ ജീവിക്കും: എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഹൃദയം നീതീകരിക്കപ്പെടുന്നു. അവനെ ഏററു പറയുന്ന വായ് രക്ഷ പ്രാപിക്കുകയും ചെയ്യുന്നു.

സുവിശേഷകരുടെയും ശ്ലീഹന്മാരുടെയും പ്രവാചകന്മാരുടെയും തിരുലിഖിതങ്ങളിൽ ഇത്തരം ധാരാളം കാര്യങ്ങളുണ്ട്. എണ്ണമററ സംഗതികളുണ്ട്. തന്റെ മനുഷ്യത്വത്തിൽ സത്യമായും മിശിഹാ നാമുമായി സമസത്ത ആയിരിക്കുന്നതുപോലെ, തന്റെ ദൈവത്വത്തിൽ സത്യമായും തന്റെ പിതാവുമായി അവൻ സമസത്തയാണ് എന്ന് കൃത്യമായി വെളിവാക്കുന്നു. അപ്പോൾ, ദൈവപുത്രനായ ഏക മിശിഹായിൽ രണ്ട് സത്യ ക്നോമിക് സ്വഭാവങ്ങളുണ്ട്.

ഭൗമിക രാജാക്കന്മാരിൽ നിന്നുള്ള ദൃഷ്ടാന്തമെടുക്കാം: ശാരീരികനും പരിമിതനും അഴിവിനധീനനുമാണ് രാജാവ്. രാജകീയ വസ്ത്രവും കിരീടവും ധരിച്ച് പ്രതാപൈശ്വര്യങ്ങളോടിരിക്കുമ്പോൾ അയാളെ അനേക രാജാക്കന്മാർ എന്നു കണക്കാക്കുന്നില്ല. അതുപോലെയാണ് ദൈവപുത്രനും. തന്റെ

www.malankaralibrary.com



നിത്യദൈവത്വം മറച്ചുവയ്ക്കാൻ മാനുഷികവസ്ത്രം ധരിച്ചപ്പോൾ രണ്ടായിട്ടോ പലതായിട്ടോ അല്ല തന്റെ ദൈവത്വത്തിലും മനുഷ്യത്വത്തിലും ഏകപുത്രനായിട്ടാണ് നാം ഏറ്റുപറയുന്നതു്. സ്വഭാവങ്ങളുടെ വ്യത്യാസം നിലനിർത്തുന്നെങ്കിലും അവിടുന്ന് ഏകപുത്രനാണ്. ആരെങ്കിലും കൈനീട്ടി രാജാവിന്റെ വസ്ത്രം വലിച്ചുകീറാൻ ശ്രമിച്ചാൽ, രാജാവിനോടു കാട്ടുന്ന ബഹുമാനക്കുറവായി പരിഗണിക്കപ്പെടുമെങ്കിലും, അതു രാജാവിന്റെ ശരീരത്തെ മുറിപ്പെടുത്തുന്നില്ല. നമ്മുടേതുപോലെയുള്ളതും ദൈവവുമായി യോജിച്ചതുമായ തന്റെ ശരീരത്തിനുണ്ടായ വേദനവഴി സ്വാഭാവികമായി ദൈവം വേദന സഹിച്ചു എന്നു പറയുന്നതു് ഇതിനേക്കാൾ എത്രയധികമായി തെറ്റായിരിക്കും.

അതുകൊണ്ട്, സാധാരണരീതിയിൽ മറിയത്തിൽ നിന്നു ദൈവം ജനിച്ചു, ദൈവം വളർന്നു, ദൈവം ഭക്ഷിച്ചു, ദൈവം കുടിച്ചു, ദൈവം ഉറങ്ങി, ദൈവത്തിനു വിശപ്പും ദാഹവും ഉണ്ടായി, ദൈവം കഷ്ടപ്പെട്ടു, ദൈവം ക്രൂശിക്കപ്പെട്ടു, ദൈവം മരിച്ചു എന്നൊക്കെ പറയുന്നവർ സത്യവിശ്വാസത്തിൽ നിന്നും വിശ്വാസത്തിന്റെ അന്തസ്സത്തയിൽ നിന്നും ഉചിതമാംവിധം ദൈവത്തെ ഏറ്റുപറയുന്നതിൽ നിന്നും അകന്നവരാണ്; സുബോധം ഇല്ലാത്തവരുമാണ്. പിശാചുക്കൾ പോലും പറയാൻ മടിക്കാത്തതാണ് അവർ ചിന്തിക്കാൻ മുതിരുന്നതു്. എന്നാൽ ഈ കാര്യങ്ങളെല്ലാം സത്യമായും ദൈവവചനം നമ്മുടെ മനുഷ്യസ്വഭാവം എടുത്തു് മിശിഹാ എന്നും പുത്രൻ എന്നും ഉള്ള നാമത്തിൻ കീഴിൽ പൂർത്തിയാക്കിയ വ്യാപാരത്തെപ്പറ്റി പറയാം. ദൈവത്വം, മനുഷ്യത്വം എന്നീ രണ്ടു സ്വഭാവങ്ങളും ഈ രണ്ടു പേരുകളും ശരിയായി സൂചിപ്പിക്കുന്നവയാണ്. ഒരു മനുഷ്യൻ ജനിക്കുമ്പോൾ 'മനുഷ്യൻ' ജനിച്ചു എന്നാണു പറയുക. ആത്മാവ് ബഹുമാന്യഭാഗവും മനുഷ്യനെ നിലനിർത്തുന്നതുമാണെങ്കിലും ആത്മാവുകൊണ്ട് അവനെ വിളിക്കാറില്ല; ശരീരംകൊണ്ടു മാത്രവും വിളിക്കാറില്ല. രണ്ടുഭാഗങ്ങളും ഉൾക്കൊള്ളുന്ന പൊതുപേരുകൊണ്ടാണ് അവനെ വിളിക്കുന്നതു്.

ശരീരത്തിലെ ഏതെങ്കിലും അവയവത്തിനു് കണ്ണിനോ, കൈയ്ക്കോ, കാലിനോ മറ്റേതെങ്കിലും അവയവത്തിനോ—



ക്ഷതം സംഭവിച്ചാൽ, അതു് ആത്മാവിനാരോപിക്കാൻ ആരും തുനിയുകയില്ലല്ലോ. ശരീരത്തിനോ, 'മനുഷ്യനോ' ആണ് ആരോപിക്കുന്നതു്. സ്വഭാവേന ശരീരത്തിനെന്തു ക്ഷതമാണ് സംഭവിക്കുന്നതു്, ആത്മാവിനെന്താണു സംഭവിക്കുന്നതു് എന്ന് ബൗദ്ധികമായി മനുഷ്യർക്കറിയാം. അങ്ങനെയെങ്കിൽ അതിനേക്കാൾ എത്രയധികമായി ശരിയായിട്ടുള്ളതാണ് നമ്മുടെ രക്ഷയ്ക്കുവേണ്ടി നമ്മുടെ കർത്താവേശുമിശിഹാ പൂർത്തീകരിച്ച പരിപൂർണമായ രക്ഷാകരവ്യാപാരം ഏറ്റുപറയുക എന്നുള്ളതു്. ചിലതു് ദൈവത്വത്തിനു് നിരക്കുന്നതാണ്; മറ്റു ചിലതു് മനുഷ്യത്വത്തിനും. നാം ഇതു് ഏറ്റുപറയുന്നു: ''കൃപ നിറഞ്ഞവളേ, നിനക്കു സമാധാനം'', ''നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവളാകുന്നു'', ''നമ്മുടെ കർത്താവു നിന്നോടുകൂടെ'' ''നീ പരിശുദ്ധാത്മാവിനാൽ ഗർഭിണിയായി ഒരു പുത്രനെ പ്രസവിക്കും; അത്യുന്നതന്റെ ശക്തി നിന്റെ മേൽ വന്നാവസിക്കും, നിന്നിൽ നിന്നു ജനിക്കുന്നവൻ പരിശുദ്ധനായിരിക്കും, അവൻ അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും'' എന്നിപ്രകാരം വിശുദ്ധ കന്യകയോട് ദൈവദൂതൻ അറിയിച്ചതു മുതൽ വിശുദ്ധ കന്യകമറിയത്തിന്റെ ഉദരത്തിൽ ഉരുവായ മനുഷ്യത്വം ദൈവത്വവുമായി അഭേദ്യം പുത്രത്വത്തിന്റെ ഏകപർസോപ്പായിൽ അതിനെ സൃഷ്ടിച്ചപ്പോൾ മുതൽ എന്നേക്കും ഐക്യപ്പെട്ടിരുന്നു. എല്ലാ വ്യാപാരങ്ങളിലും—ജനനം, വളർച്ച, വേദനകൾ മരണം ആദിയായവയിലെല്ലാം—വചനമായ ദൈവം മാനുഷിക ക്നോമായോടുകൂടി അനന്തമായും അഭേദ്യമായും നിലനിന്നു. ദൈവത്വം ശരീരത്തോടുകൂടി കല്ലറയിലും ആത്മാവിനോടുകൂടി പറുദീസായിലുമായിരുന്നു; എന്നാൽ അതിർത്തികളില്ലാതെയെന്നു മാത്രം. ഇരു സ്വഭാവങ്ങളിൽ ഏക ദൈവപുത്രനെ നാം ഏറ്റുപറയുന്നു.

റോമൻ സാമ്രാജ്യത്തിലെ പാത്രിയർക്കീസുമാരും മെത്രാന്മാരുമായ വിശുദ്ധ പിതാക്കന്മാരും ഇതുതന്നെ പഠിപ്പിച്ചിട്ടുണ്ട്: അവരിൽ വളരെ പ്രശസ്തരും പ്രഗത്ഭരുമായവരുടെ ഒന്നു രണ്ടു കൃതികളിൽ നിന്നുള്ള ഉദ്ധരണികൾ ഈ കത്തിൽ താങ്കളുടെ വിചിന്തനത്തിന് എഴുതി അയയ്ക്കാം.

പത്രോസിനുശേഷം അന്ത്യോക്യാസഭയെ രണ്ടാമതു് ഭരിച്ചയാളും സത്യത്തിനു സാക്ഷ്യം വഹിച്ചതിനാൽ റോമിലേക്കു്

www.malankaralibrary.com



ബന്ധിതനാക്കപ്പെട്ടവനും അവിടെ വന്യമൃഗങ്ങൾക്ക് എറിയപ്പെട്ടവനുമായ വിശുദ്ധ ഇഗ്നേഷ്യസ് ഇപ്രകാരം പറയുന്നു: മിശിഹായുടെ സ്വഭാവങ്ങളുടെ ദ്വിത്വം ഏററുപറയാത്തവനും അവിടുന്ന് സ്വഭാവത്താലേ ദൈവവും സ്വഭാവത്താലേ മനുഷ്യനുമാണെന്ന് പറയാത്തവനും സത്യത്തിന് അന്യനാണ്''. വീണ്ടും, ''വെളിപ്പെടുത്തപ്പെട്ട ദൈവത്വം ശരീരം കൂടാതെയാണ് എന്നു പറയുന്നവർ പിശാചുക്കളെപ്പോലെ ശരീരമില്ലാത്തവരായിരിക്കും''. വീണ്ടും അവൻ സാക്ഷ്യപ്പെടുത്തി, ''എന്നാലിപ്പോൾ പോലും സ്വർഗ്ഗത്തിൽ ശരീരത്തോടുകൂടി മിശിഹായെ ഞാൻ അറിയുന്നു.''

അലക്സാണ്ഡ്രിയയിലെ മെത്രാനും മഹാനുമായ മാർ അത്തനാസ്യോസ് പറയുന്നു: മിശിഹായെ തന്റെ പിതാവുമായി സമസത്തയായ തന്റെ ദൈവത്വത്തിൽ ഏററുപറയുവിൻ. തന്റെ മനുഷ്യത്വത്തിൽ അവിടുന്നു മനുഷ്യൻ എന്നു വിളിക്കപ്പെട്ടു —മിശിഹായിൽ രണ്ടു സ്വഭാവങ്ങൾ ഉണ്ടെന്ന് ശരിയായി അദ്ദേഹം പഠിപ്പിച്ചു— ''തന്റെ പിതാവിനെപ്പോലെ ആരംഭരഹിതനായ വചനമാം ദൈവം; തന്റെ മനുഷ്യത്വം വിശുദ്ധ കന്യകയുടെ ഉദരത്തിൽനിന്ന് ആരംഭിച്ചു. ദൈവമെന്ന നിലയിൽ അവിടുന്ന് അത്ഭുതം പ്രവർത്തിച്ചു; മനുഷ്യനെന്ന നിലയിൽ സഹനത്തിനും മരണത്തിനും വിധേയനായി. കാരണം, ദൈവപുത്രനായ ഏക മിശിഹായിൽ രണ്ടു സ്വഭാവങ്ങളും വ്യത്യസ്തമാണ്.'' മിശിഹായുടെ ദൈവത്വത്തെ തന്റെ മനുഷ്യത്വത്തിൽ നാം ആരാധിക്കുമ്പോൾ ''ഞങ്ങളുടെ രക്ഷയ്ക്കുവേണ്ടി നീ ധരിച്ച ഞങ്ങളുടെ മനുഷ്യത്വമാകുന്ന വസ്ത്രം കൂടാതെ നിന്നെ ഞങ്ങൾ ആരാധിക്കുന്നു'' എന്ന് പറയാൻ നാം മുതിരാറില്ല.

വീണ്ടും, 'വിശുദ്ധീകരിക്കപ്പെട്ടവനും വിശുദ്ധീകരിക്കപ്പെട്ടവരും എല്ലാം ഒന്നാണ്'' എന്ന എബ്രായലേഖനത്തിലെ ഒരു ഭാഗം വ്യാഖ്യാനിച്ചുകൊണ്ട് മിലാനിലെ മെത്രാനായ അംബ്രോസ് പറയുന്നു: ''ദൈവത്വത്തിന് വിശുദ്ധീകരിക്കപ്പെടേണ്ട ആവശ്യമില്ല, ജഡത്തിനു മാത്രമാണ് എന്ന് തിരുലിഖിതവും പഠിപ്പിക്കുന്നില്ലേ?'' വീണ്ടും, കുറേക്കൂടി സ്പഷ്ടമായി അവൻ പറയുന്നു: 'പത്രോസിനോടുകൂടി സത്യദൈവത്തിൽ



നിന്നുള്ള സത്യദൈവവും സജീവദൈവത്തിന്റെ പുത്രനുമായ ഏകമിശിഹായെ ഞങ്ങൾ ഏററുപറയുന്നു. തന്റെ പിതാവിനെപ്പോലെ അവനും ആരംഭമില്ല. അവിടുന്ന് യുഗാന്ത്യത്തിൽ വിശുദ്ധ കന്യകയിൽ നിന്ന് ബൗദ്ധികാത്മാവുള്ള ശരീരമെടുത്തു. പരിശുദ്ധാത്മാവ് അതിനെ മെനഞ്ഞ് രൂപീകരിച്ചു. വേർപാടില്ലാത്ത ഐക്യത്തിൽ വചനമായ ദൈവം അതിൽ വസിച്ചു.

ദൈവശാസ്ത്രജ്ഞനായ ഗ്രിഗറി പറയുന്നു: ജറുസലേമിൽ പ്രതിഷ്ഠയുടെ തിരുനാളായിരുന്നു; ശീതകാലവുമായിരുന്നു. വിശ്വാസരഹിതമായ ശീതകാലം. യേശു സന്നിഹിതനായിരുന്നു. ദൈവവും ആലയവും, സമയാതീതനായ ദൈവം, സ്വഭാവേന ദൃശ്യമായ ആലയം. അതു തകർക്കപ്പെട്ടു; മൂന്നു ദിവസം കൊണ്ട് ഉയിർപ്പിക്കപ്പെട്ടു. അദൃശ്യനായ ദൈവം തന്റെ തന്നെ ആലയത്തെ എഴുന്നേല്പിച്ചു.

വീണ്ടും അദ്ദേഹം പറയുന്നു: വിശദീകരണം എന്ന നിലയിൽ ഈ രീതിയിൽ ചുരുക്കിപ്പറഞ്ഞെങ്കിലും 'ആരംഭിക്കുകയും വളരുകയും പക്വത പ്രാപിക്കുകയും ചെയ്തയാൾ ദൈവമായിരുന്നു.

വീണ്ടും അദ്ദേഹം പറയുന്നു: ഒരു വശത്ത് രണ്ട് സ്വഭാവങ്ങൾ, ദൈവവും മനുഷ്യനും, എന്നാൽ രണ്ടു പുത്രന്മാരില്ല. കാരണം ആത്മാവും ശരീരവും ഉണ്ട്.

ഇക്കോണിയം മെത്രാൻ വിശുദ്ധ ആംഫിലോക്കിയൂസ് പറയുന്നു: അതുകൊണ്ട് കർത്താവായ യേശുമിശിഹായുടെ വ്യാപാരത്തിലെ മഹനീയവും ശ്രേഷ്ഠവുമായ കാര്യങ്ങൾ ദൈവത്വത്തിന്റേതാണ്, ബലഹീനതകളും സഹനങ്ങളുമെല്ലാം തന്റെ മനുഷ്യത്വത്തിന്റേയും. നമ്മുടെ ഏക കർത്താവേശു മിശിഹാ എന്ന ദൈവത്തിന്റെ പരിശുദ്ധ പുത്രന്റെ ഇരുസ്വഭാവങ്ങളാണ് രണ്ടും.

വീണ്ടും, ഈ രീതിയിൽ തന്നെ ജോൺ ക്രിസോസ്തോം സംസാരിക്കുന്നു: നമ്മുടെ കർത്താവായ യേശുമിശിഹാ സ്വഭാവത്താലേ സത്യദൈവമാണ് എന്ന് ഏററുപറയാതെ ഐക്യത്തിനുശേഷം ഏകസ്വഭാവം, കാരണം, ഐക്യത്തി

www.malankaralibrary.com



ലേക്ക വന്ന സ്വഭാവങ്ങൾ വന്ന് യോജിച്ചു എന്ന് പറയുന്നവരെ ഏതു് പാതാളമാണ് ഛർദ്ദിച്ചത്? അവൻ നീക്കിക്കളയുന്നതു് ഏതു സ്വഭാവമാണ്? ദൈവികമോ? എങ്കിൽ അവക്കു രക്ഷയില്ല. അഥവാ മാനുഷികമോ? എങ്കിൽ തങ്ങളുടെ ജീവിതത്തിൽ അവർക്കു പ്രതീക്ഷയ്ക്കു വകയില്ല. ഈ കാര്യങ്ങൾ പറയുന്നവർ മിശിഹായ്ക്കു് അന്യരാണ് എന്ന് അവരെപ്പററി അവൻ തീർപ്പുകല്പിക്കുന്നു.

ക്രിസ്തുമതത്തിൻെറ മഹാപ്രബോധകരും തൂണുകളുമായിരുന്ന വിശുദ്ധ പിതാക്കന്മാരിൽ നിന്ന് ചുരുക്കമായി കുറേ കാര്യങ്ങൾ, പ്രിയ സഹോദരാ, ഞാൻ വരച്ചുകാണിച്ചിരിക്കുന്നു.

എന്നാൽ റോമൻപ്രദേശത്തെ സഭകളെ നടുക്കുകയും സത്യവിശ്വാസത്തെ ദൂഷിപ്പിക്കുകയും ചെയ്ത വ്യക്തിയായ സിറിലും സത്യത്താൽ നിർബന്ധിതനായി ഇപ്രകാരം പറഞ്ഞിരിക്കുന്നു: ഒരു വശത്തു് ഐക്യത്തിലേക്ക് വന്ന സ്വഭാവങ്ങൾ വ്യത്യസ്തങ്ങളാണ്; മറുവശത്തു് മാററം കൂടാതെയും കൂട്ടിക്കുഴച്ചിൽ കൂടാതെയും, ദൈവപുത്രനായ ഏകമിശിഹായുടെ സ്വഭാവങ്ങളെ ഐക്യം കാത്തുസൂക്ഷിക്കുന്നു.

വീണ്ടും, മറെറാരു സ്ഥലത്തു് അദ്ദേഹം പറയുന്നു: മോശയോടു് നിർമ്മിക്കാൻ ദൈവം കല്പിച്ച പേടകം, മിശിഹായുടെ ഇരുസ്വഭാവങ്ങളുടെ ഐക്യത്തിന്ന് നിങ്ങൾക്കൊരു ദൃഷ്ടാന്തമായിരിക്കട്ടെ: ചിതലരിക്കാത്ത തടി, തിന്മ ചെയ്യാത്തതും പാപരഹിതവുമായ മാനുഷിക ക്‌നോമായുടെ സ്ഥാനത്തും, അകത്തും പുറത്തും പൊതിഞ്ഞ സ്വർണ്ണം ദൈവിക ക്‌നോമായുടെ സ്ഥാനത്തും ആയിരിക്കട്ടെ. അതു് ആന്തരികമായും ബാഹ്യമായും മാനുഷിക ക്‌നോമായുമായി ഐക്യപ്പെട്ടിരുന്നു. പേടകത്തിൽ രണ്ടു് സ്വഭാവങ്ങളുള്ളതുപോലെ ദൈവപുത്രനായ ഏകമിശിഹായിൽ രണ്ടു് സ്വഭാവങ്ങളുണ്ടു്. മനുഷ്യവാസമുള്ള പ്രദേശങ്ങളെ വിറപ്പിച്ച സിറിൽ ഇതും ഇതുപോലെയുള്ള മററനേകം കാര്യങ്ങളും തൻെറ കൃതികളിൽ ഉടനീളം പറയുകയും എഴുതുകയും ചെയ്തിട്ടുണ്ടു്.

അനേക സംഗതികളുടെ ഭാരത്താൽ ഞാനിനി നീട്ടുന്നില്ല. ഈ ചെറിയ വിശദീകരണത്തിൽ, വിശുദ്ധ പിതാക്കന്മാരിൽ



നിന്നും ഭാഗ്യവാന്മാരായ ശ്ലീഹന്മാരിൽ നിന്നും, തന്നെപ്പററിത്തന്നെ പറഞ്ഞ നമ്മുടെ കർത്താവേശുമിശിഹായിൽ നിന്നും ഭാഗ്യവാന്മാരായ പിതാക്കന്മാരായ മഹനീയ മല്പാന്മാരിൽ നിന്നുമുള്ള തെളിവുകളിൽ ചിലതു് നിൻെറ മുമ്പിൽ ഞാൻ നിരത്തിവച്ചല്ലോ. അവരിൽ ചിലരുടെ കൃതികളിൽ നിന്നു് വളരെ ചുരുക്കി ഞാൻ അവതരിപ്പിച്ചു. അനേകർക്കു് ഇടർച്ചയ്ക്കു ഹേതുവായ സിറിലിൽ നിന്നും ആ ചെറിയ ഭാഗം ഉദ്ധരിച്ചു. അയാൾ സത്യത്തിനെതിരായിരുന്നെങ്കിലും ദൈവികശക്തിയാൽ സത്യത്തിനു സാക്ഷ്യം വഹിക്കാൻ നിർബന്ധിതനായിത്തീർന്നു. ഇവരെല്ലാം മിശിഹായുടെ ഇരുസ്വഭാവങ്ങളെ കാണിക്കുന്നു. മാററം കൂടാതെ ഐക്യത്തിൽ അവ സംരക്ഷിക്കപ്പെടുന്നു. ദൈവപുത്രനായ ഏകമിശിഹായെ ഏററുപറയുന്നു.

താങ്കൾ കൂടുതൽ ബലമുള്ളവനായിത്തീരുന്നതിനും, ക്രിസ്തീയ വിശ്വാസസത്യങ്ങളിൽ ഉറപ്പിക്കപ്പെടുന്നതിനും ദൈവദൂഷകരുടെ ദുർഭാഷണങ്ങൾ പൂർണ്ണമായി ഒഴിവാക്കുന്നതിനും ആണിതു്. അവരാകട്ടെ ദൈവത്വത്തിൽ വേദന ആരോപിക്കുന്നു, നമ്മിൽ നിന്നെടുത്ത മനുഷ്യത്വത്തെ നിഷേധിക്കുന്നു, രക്ഷാസംബന്ധമായ പ്രതീക്ഷയിൽ നിന്നു് വെട്ടിനീക്കപ്പെടുന്നു.

നാം മുറുകെപ്പിടിക്കുന്ന സത്യവിശ്വാസം അന്വേഷണം കൂടാതെയോ പരിചിന്തനം കൂടാതെയോ അർത്ഥശൂന്യമായോ നാം അംഗീകരിക്കുന്നതല്ല എന്നു് സഹോദരാ, താങ്കൾ അറിഞ്ഞാലും. നമ്മുടെ കർത്താവു് പറഞ്ഞുപഠിപ്പിച്ചതുപോലെ ''തിരുലിഖിതങ്ങൾ പരിശോധിക്കുവിൻ, കാരണം, അവയിൽ നിത്യജീവൻ ഉണ്ടെന്നു നിങ്ങൾ കരുതുന്നു. അവ എനിക്കു സാക്ഷ്യം നൽകുന്നു''. വീണ്ടും, ദിവ്യനായ പൗലോസ് പഠിപ്പിച്ചു: ''എല്ലാം പരിശോധിക്കുവിൻ, നല്ലതിനെ മുറുകെപ്പിടിക്കുവിൻ, എല്ലാ ദുഷ്ടതയിൽ നിന്നും ഓടിയകലുവിൻ''. അതുകൊണ്ടു് വലിയ റോമിലും ഇററലി മുഴുവനും, കോൺസ്റ്റാൻറിനോപ്പിളിലും, ജറുസലേമിലും റോമൻ പ്രദേശത്തെ പ്രമുഖനഗരങ്ങളിലും കത്തോലിക്കാ പള്ളികളിലും അംഗീകരിക്കുന്നതുപോലെ, കഴിവുള്ളിടത്തോളം ബോധപൂർവം നാം ഈ വിശ്വാസം മുറുകെപ്പിടിക്കുന്നു. പാഷണ്ഡികൾ തങ്ങളുടെ

www.malankaralibrary.com



സംസാരം വഴി ഒഴുകുന്ന തങ്ങളുടെ ഹൃദയത്തിലെ ദുഷ്ടതയുടെ ദുർഗന്ധത്താൽ മലീമസമായതല്ല അത്. പിന്നെയോ ഇരു സ്വഭാവങ്ങളുടെ സവിശേഷതകളിലും പ്രവർത്തനങ്ങളിലും മിശിഹായുടെ ഏകഐക്യത്തിൽ ഉള്ള സത്യവിശ്വാസം നാം മുറുകെപ്പിടിക്കുന്നു. പേർഷ്യൻ സാമ്രാജ്യത്തിലും സമീപ പ്രദേശങ്ങളിലുമായി ഈ പൗരസ്ത്യദേശത്തുള്ള കത്തോലിക്കാസഭ ഇത് കൂടുതൽ ശ്രേഷ്ഠമായും കൃത്യമായും വ്യക്തമായും, വിശുദ്ധ ശ്ലീഹന്മാരുടെ പാരമ്പര്യമനുസരിച്ചും ദുഷിപ്പുകൂടാതെയും മുറുകെപ്പിടിക്കുന്നു.

ഇതാ, ഞാൻ താങ്കൾക്കുവേണ്ടി ചുരുക്കമായി പേർഷ്യൻ ഭാഷയിൽ എഴുതിയിരിക്കുന്നു, താങ്കൾക്കത് എളുപ്പമായിരിക്കുമല്ലോ. അതു വായിക്കുമ്പോൾ നാം താങ്കൾക്ക് എഴുതിയതു മനസ്സിലാകും. താങ്കൾ മനസ്സിലാക്കി ഗ്രഹിക്കുന്നതു വരെ അത് അനേകപ്രാവശ്യം വായിക്കണം. താങ്കളുടെ മനസ്സിലുണ്ടാകുന്ന സംശയ നിവാരണാർത്ഥം വിശുദ്ധ സുവിശേഷം, ഭാഗ്യവാനായ പൗലോസിന്റെ കൃതികൾ, ശ്ലീഹന്മാരുടെ നടപടികൾ, നിയമവും പ്രവാചകരും ഉൾക്കൊള്ളുന്ന മറ്റ് ഗ്രന്ഥങ്ങളെല്ലാമാണ് തേടേണ്ടത്. അവയും ദൈവാത്മാവിനാൽ വിരചിതമാണ്. മറ്റൊരിടത്തുമല്ല. ഇവകൊണ്ട് നിന്റെ സംശയം ദൂരീകരിക്കാനാവും.

തന്നെ ഭയപ്പെടുന്നവരിൽ ആരുടെ കരങ്ങളാൽ എല്ലാ കൃപകളും വർദ്ധമാനമാകുന്നുവോ, ആ ദൈവം സത്യവിശ്വാസത്തിൽ താങ്കളുടെ മനസ്സിനെ ഉറപ്പിക്കട്ടെ. അങ്ങനെ, നമ്മുടെ രക്ഷയെപ്രതി അവിടുന്നു പൂർത്തീകരിച്ച തന്റെ വ്യാപാരത്തെപ്രതി അവിടുത്തെ മഹത്വപ്പെടുത്തുവാൻ ഇടയാകട്ടെ.

തന്നോടുള്ള സ്നേഹത്താൽ ഉജ്ജ്വലിക്കാൻ ദൈവം താങ്കളുടെ ആത്മാവിന് ഇടവരുത്തട്ടെ. താങ്കളുടെ ജീവിതകാലമെല്ലാം തന്റെ ഇഷ്ടം ചെയ്യാൻ കർത്താവ് താങ്കളെ സഹായിക്കട്ടെ. ഉറച്ചു നില്ക്കുക, എനിക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക. കൃപ നാമെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

കാതോലിക്കോസ് - പാത്രിയർക്കീസ് ഗീവർഗീസിന്റെ കത്തു സമാപിച്ചു.

# 14

# മാർ ഹനാനീശോയുടെ സിനഡ് (776)

വീണ്ടും, പൗരസ്ത്യദേശത്തെ എല്ലാ മെത്രാന്മാരിലും ഒന്നാമനാണ് കശ്കാറിലെ മെത്രാൻ എന്നതിനെ സംബന്ധിച്ചും സിനഡൽ ഡിക്രിവഴി അവർ ഇതുറപ്പിച്ചു എന്നതിനെ സംബന്ധിച്ചും കാതോലിക്കോസ്—പാത്രിയർക്കീസ് മാർ ഹനാനീശോയും പൗരസ്ത്യ മെത്രാന്മാരും പ്രബോധകരും വിശ്വാസികളോടുകൂടി നടത്തിയ സിനഡും ഉടമ്പടിയും.

ഗ്രീക്കുവർഷം 1087 (ഹിജറാ 159)-ൽ കിഴക്കുള്ള കത്തോലിക്കാ സഭയുടെ ദാസനും ശുശ്രൂഷകനുമായ ഞാൻ, ഹനാനീശോയും, മെത്രാന്മാരായ ഞങ്ങളും ഇപ്രകാരം പ്രസ്താവന ചെയ്യുന്നു: സഭാപാത്രിയർക്കീസായ യാക്കോബിന്റെ മരണശേഷം കിഴക്കുള്ള കത്തോലിക്കാസഭ തലവനും നേതാവും കൂടാതെ ഒൻപതുവർഷം വിധവയും നിരാശ്രയും ആയിരുന്നു. ചെന്നായ്ക്കൾ അവളെ കവർച്ച ചെയ്തു. യൂദരും പുറജാതികളും വിശുദ്ധരുടെ വാസസ്ഥലം അശുദ്ധമാക്കി. അവളെ കളിയാക്കി; അവളിൽ കടന്നു വസിച്ചു; സഞ്ചാരി സംഘങ്ങൾക്കും പുറജാതികൾക്കും അവൾ ഒരു ചന്തസ്ഥലമായിത്തീർന്നു. അന്ധർക്കും മുടന്തർക്കും പാവങ്ങൾക്കും ആശ്രയമായിരുന്ന അവളുടെ ഭൗമികസമ്പത്ത് അശുദ്ധർക്കും മ്ലേച്ഛമാകുന്ന ദുരാശകളിൽ കഴിയുന്നവർക്കുമുള്ള കൊള്ളമുതലായിത്തീർന്നു. നമ്മിലോരോരുത്തരും താന്താങ്ങളുടെ വഴിയേ പോയി. അപ്പോൾ ദൈവം കശ്കാറിൽ നിന്നുള്ള സവിതേയിലെ ഗീവർഗീസ് എന്ന സന്യാസിയുടെ ഹൃദയത്തെ ഉത്തേജിപ്പിച്ചു. അദ്ദേഹം ഈ കാര്യങ്ങളിലുള്ള തീക്ഷ്ണതയാൽ ജ്വലിച്ച്, നൈയാമികമായും, സ്വാഭാവികമായും, പരിശുദ്ധാത്മാവിന്റെ കൃപാസഹാ

www.malankaralibrary.com



യത്താലും, വിശ്വാസികളുടെ എമീറും ദൈവസ്നേഹിതനും വിജയശ്രീലാളിതനുമായ മുഹമ്മദ് രാജാവിനെ സമീപിച്ചു. പുരാതന നടപടിക്രമവും പാരമ്പര്യവും അനുസരിച്ച് ഒരു പാത്രിയർക്കീസിനെ തെരഞ്ഞെടുക്കാനായി പിതാക്കന്മാരെ കല്പിച്ച് വിളിച്ചുകൂട്ടണമെന്ന് രാജാവിനോട് താണുവീണപേക്ഷിച്ചു. ദൈവികശക്തിയാൽ ദൈവസ്നേഹിതനായ രാജാവ് അദ്ദേഹത്തോട് മറുപടിയായി പറഞ്ഞു: ''അങ്ങയുടെ ജനത്തെപ്രതി അങ്ങ് തീക്ഷ്ണതയുള്ളതിനാൽ അങ്ങുതന്നെ തലവനും നേതാവുമായിരിക്കാൻ ഞാൻ കല്പിക്കുന്നു''. പരിശുദ്ധനും സഭയെപ്രതി തീക്ഷ്ണതയുള്ളവനുമായ ഈ മനുഷ്യൻ സഭാപാരമ്പര്യമനുസരിച്ച് പിതാക്കന്മാരുടെ ഒരു കൗൺസിലിൽ തീരുമാനിക്കാനായി തല്പരനായിരുന്നതിനാൽ അതിൽനിന്ന് ഒഴിവുകഴിവു പറഞ്ഞ് തൽക്കാലത്തേക്ക് ഈ കാര്യങ്ങളെല്ലാം നിർത്തിവച്ചു. അയാൾ കിഴക്കിലെ പ്രധാന പ്രോവിൻസിന്റെ ആർച്ചുബിഷപ്പും കശ്കാറിന്റെയും ഉറെക്കിന്റെ മെത്രാനുമായിരുന്ന ഇസഹാക്കിന്റെ പക്കൽ ചെന്നു; മെത്രാപ്പോലീത്താമാരും മെത്രാന്മാരുമായ പിതാക്കന്മാരോടുകൂടി രാജകീയ നഗരവും സമാധാന നഗരവുമായ ബാഗ്ദാദിൽ അവർ ഒന്നിച്ചുകൂടി.

പ്രസ്തുത യോഗത്തിന്റെ ക്രമപാലകനായി മൊഹ്സിസ്ബർ അബ്രഹാം എന്ന തന്റെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥനെ ദൈവസ്നേഹിതനായ രാജാവ് കല്പിച്ച് നിയമിച്ചു. പിതാക്കന്മാരുടെ കൗൺസിലിന്റെ തലവനും പാത്രിയർക്കീസിന്റെ തെരഞ്ഞെടുപ്പിന്റെ താല്ക്കാലിക ഭാരവാഹിയും കശ്കാറിയിലെ മെത്രാനാണ് എന്നു മനസ്സിലാക്കിയ ഈ ഉന്നതോദ്യോഗസ്ഥൻ, അദ്ദേഹത്തെ തന്റെ മുമ്പിൽ വരുത്തി ഇപ്രകാരം പറഞ്ഞു: ''നിങ്ങളുടെ ജനത്തെപ്രതി തീക്ഷ്ണതയുള്ള ഈ മനുഷ്യൻ നിങ്ങളുടെ കാതോലിക്കോസായിരിക്കണം എന്നതാണ് ദൈവസ്നേഹിതനായ രാജാവിന്റെ ഇഷ്ടം.'' അപ്പോൾ മെത്രാൻ ഇപ്രകാരം ഉന്നതോദ്യോഗസ്ഥനോടു പറഞ്ഞു: ''പ്രജകൾക്കും ഭരണാധികാരികൾക്കുമുള്ള ക്രമമനുസരിച്ച് ഞാൻ രാജകല്പനയും തെരഞ്ഞെടുപ്പും അംഗീകരിക്കുന്നു. ഇതു തിരുലിഖിതാനുസൃതമാണ്''; ''എല്ലാവരും ഉന്നതാധികാരികൾക്കു കീഴ്പ്പെട്ടിരിക്കണം'' എന്നും ''അധികാരത്തിനെതിരെ മത്സ



രിക്കുന്നവൻ ദൈവ കല്പനയ്ക്കെതിരെ മത്സരിക്കുന്നു'' എന്നും എഴുതപ്പെട്ടിരിക്കുന്നു. ഈ മനുഷ്യനെതിരായി ആരോപണമോ, അയാളെ തിരസ്കരിക്കത്തക്ക പരാതിയോ ആരും ഉന്നയിച്ചിരുന്നില്ല. അയാളെ ചില പൗരന്മാർക്കും കശ്കാറുകാർക്കും മറ്റുള്ളവർക്കും ഇഷ്ടവുമായിരുന്നു; കൂടാതെ സഭയിൽ വീണ്ടുമൊരു വിഭജനമോ പിളർപ്പോ ഉണ്ടാകാൻ അധികാരിക്ക് ഇഷ്ടവുമില്ലായിരുന്നു.

എന്നാൽ മെത്രാപ്പോലീത്താമാരും ബിഷപ്പുമാരുമായ എന്നോടുകൂടിയുള്ള നമ്മുടെ എല്ലാ പിതാക്കന്മാരോടുംകൂടി ഹനാനീശോയായ ഞാൻ ഇതിനോടു യോജിച്ചില്ല; കാരണം ഇത് പുതിയൊരു സംഗതി അവതരിപ്പിക്കലായി എനിക്കുതോന്നി. നമ്മുടെ സത്യസന്ധത സ്ഥാപിക്കാൻ ആഗ്രഹിച്ചുകൊണ്ട്, കശ്കാറിലെ മെത്രാനായ ഇസഹാക്കിന്റെ സമ്മതംകൂടാതെ തന്ത്രങ്ങളിലൂടെയും പദ്ധതികളിലൂടെയും നാം ഈ കാര്യം ആസൂത്രണം ചെയ്തു; അദ്ദേഹത്തെ അറിയിക്കാതെ, ലാശോം മെത്രാനായ ഹനാനീശോ എന്ന ഞാൻ തെരഞ്ഞെടുക്കപ്പെട്ടു. എന്നാൽ ഈ കാര്യത്തിനിടയ്ക്ക് കശ്കാറിലെ മെത്രാനായ ഇസഹാക്കും അദ്ദേഹത്തിന്റെ ശ്രുപതയും കടന്നുവന്ന് എതിർത്തു. സത്യത്തിൽ നിന്ന് അസത്യം വേർതിരിക്കാൻ അതു സഹായിച്ചു. അവർ സൂനഹദോസുകളിലെ തീരുമാനങ്ങൾ നിരത്തിവാദിച്ചു. ഇലക്ഷൻവഴി തങ്ങൾക്കു സംഭവിച്ച അവഗണനയ്ക്ക് ഇങ്ങനെ അവർ പ്രതികരിച്ചു. ഇപ്രകാരം ഞങ്ങളോടു തർക്കിച്ച് വാദിച്ചു: ഉറെക്കിലെയും കശ്കാറിലെയും മെത്രാൻ ആദ്യജാതനും തലവനും ആയിരിക്കണമെന്ന് പരിശുദ്ധാത്മാവ് നിശ്ചയിച്ചിരിക്കുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ സമ്മതമോ, സ്ഥാനാരോഹണത്തിലുള്ള അദ്ദേഹത്തിന്റെ ഭാഗഭാഗിത്വമോ കൂടാതെ പാത്രിയർക്കീസിനെ വാഴിക്കുന്നത് നീതിയുക്തമായിരുന്നില്ല. കാരണം ഒരാളെ 'ആദ്യജാതൻ' സൃഷ്ടിക്കാതെ 'പിതാവ്' എന്നു വിളിക്കാൻ സാധ്യമല്ല; ആദ്യജാതനെ കൂടാതെ മക്കളുണ്ടായിരിക്കുക അസാധ്യമാണ്; അല്ലെങ്കിൽ മക്കളെക്കൂടാതെ പിതാവായിരിക്കുക സാധ്യമല്ല. ഇതാ, സഭാസന്താനങ്ങൾ മിശിഹായുടെ അവയവങ്ങളാണ്; വിശ്വസ്തനും തിന്മ പ്രവർത്തിക്കാത്തവനും നീതിമാനും നേരുള്ളവനും താൻ ഭൂമിയിൽ സ്ഥാപിച്ചവരിൽ വഞ്ചകരോ കളങ്ക

www.malankaralibrary.com



മുള്ളവരോ ആയി ആരും ഇല്ലാത്തവരും, ആയിരിക്കണം പിതാവും തലവനുമായിരിക്കേണ്ടത്; അവർ അവന്റെ അവകാശവും സാദൃശ്യവുമാണ്.

എന്തുകൊണ്ടെന്നാൽ പത്രോസ് പന്ത്രണ്ടുപേരുടെ തലവനായിരുന്നു. ഈ കത്തോലിക്കാസിംഹാസനത്തിൽ ഇരിക്കുന്നയാൾ, പത്രോസിന്റെ പിൻഗാമി എന്ന നിലയിൽ, പത്രോസാണ്, പത്രോസായിരിക്കാൻ പരിശ്രമിക്കുന്നയാൾ, പത്രോസാകാൻ ആഗ്രഹിക്കുന്നയാൾ, പത്രോസായിരിക്കണം. കാരണം, അയാൾ പത്രോസാണെങ്കിൽ, പത്രോസല്ലെങ്കിൽ പത്രോസായിരിക്കാൻ സാധ്യമല്ല; എന്തുകൊണ്ടെന്നാൽ പത്രോസിനെപ്പറ്റി കർത്താവിന്റെ ലിഖിതങ്ങളിൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: ''ഞാൻ മുന്തിരിവള്ളിയും എന്റെ പിതാവ് കൃഷിക്കാരനുമാകുന്നു;'' വീണ്ടും, ''ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളും ആകുന്നു. ശാഖ മുന്തിരിവള്ളിയിൽ സ്ഥിതിചെയ്യുന്നില്ലെങ്കിൽ അതിനു ഫലം പുറപ്പെടുത്താൻ കഴിയുകയില്ല.'' അതുകൊണ്ട് ശാഖ മുന്തിരിവള്ളിയുടെ ഭാഗമായിരിക്കുന്നതുപോലെ പത്രോസ് മിശിഹായുടെ ഭാഗമാണ് എന്നതു് സുവ്യക്തമാണ്. ഈ സിംഹാസനം അവകാശപ്പെടുന്നയാൾ പത്രോസാണ്; പത്രോസിന്റെ സാദൃശ്യത്തിൽ മിശിഹായുടെ ഭാഗമാണ്. ബൗദ്ധിക നിർവചനമനുസരിച്ച്, ഒരു ഭാഗത്തിന് അതു് ഏതിന്റെ ഭാഗമായിരിക്കുന്നുവോ അതിന്റെ പൂർണതയും മനസ്ഥിതിയും ഇല്ലെങ്കിൽ അതിന്റെ ഭാഗമായിരിക്കാൻ സാധ്യമല്ല. പത്രോസ് ഭാഗമായിരിക്കുന്നവന്റെ പൂർണതയും മനസ്ഥിതിയും ഇതാണ്! അവനു സ്നേഹം, സമാധാനം, ദീർഘക്ഷമ, നീതി എന്നിവ ഉണ്ടായിരിക്കണം.

എന്നാൽ ഇവയ്ക്കു പകരം ഇവയ്ക്കെതിരായിട്ടുള്ളവയാണ് നാം കാണുക; അതായതു്, സ്നേഹവും നീതിയുടെ നിയമവും നിഷേധിക്കൽ. കാരണം, നീ ഊറ്റം കൊള്ളുന്ന പുരാതന പിതാക്കന്മാർ ധിക്കാരപരമായോ വെറുതെയോ അല്ല ഉറെക്കിന്റെയും കശ്കാറിന്റെയും മെത്രാനെ വലിയ പ്രോവിൻസിന്റെയും എല്ലാ മെത്രാന്മാരുടെയും തലവനായി നിയമിച്ചതു്, കാരണം, ''ഈ നാട് അവകാശപ്പെടുത്താനായി കൽദായരുടെ ഊറിൽ നിന്ന് നിന്നെ പുറപ്പെടുവിച്ചുകൊണ്ടുവന്ന



നിന്റെ ദൈവമായ കർത്താവ് ഞാനാകുന്നു'' എന്ന് എഴുതപ്പെട്ടിരിക്കുന്നതുപോലെ ജനതകളുടെ പിതാവായ അബ്രഹാമിന്റെ പട്ടണമാണ് ഉറെക്. വീണ്ടും, കശ്കാർ തന്നെയാണ് എല്ലാസാർ; അമ്റാമിന്റെ മകന്റെ സാക്ഷ്യമനുസരിച്ച് അതു് ഷീനാർ ദേശം വളരെനാൾ ഭരിച്ച ഒരു സാമ്രാജ്യമാണ്. എന്തുകൊണ്ടെന്നാൽ ഈ എല്ലാസാർ ഉന്നതാധികാരം പ്രാപിക്കുകയും ജനബാഹുല്യമുള്ളതായിത്തീരുകയും ചെയ്തു. ശ്ലീഹന്മാർ വിവിധ സ്ഥലങ്ങളിലും രാജ്യങ്ങളിലും വച്ച് രക്തസാക്ഷിമകുടം ചൂടിയ കാലയളവിൽ തന്നെ ക്രിസ്തുവിന്റെ സന്ദേശരശ്മി എല്ലാസാറിൽ നിന്നു് പ്രകാശിച്ചുകൊണ്ടിരുന്നു. അതിൽ ഒരു ശ്ലീഹായോ ശിഷ്യനോ കാലുകുത്തുന്നതിനു മുൻപുതന്നെ അതു് എല്ലാവിധ സൗന്ദര്യത്താലും മകുടമണിഞ്ഞിരുന്നു. സ്നാനത്തിനും ക്രൈസ്തവാരാധനയ്ക്കും ഝടുതിയിൽ ധൃതിപ്പെട്ടു; കൊത്തിയുണ്ടാക്കിയ ദേവന്മാരെ തകർത്തുകൊണ്ടും അവരുടെ മതങ്ങൾ നീക്കിക്കൊണ്ടും, ''എന്നെ കാണാതെ എന്നിൽ വിശ്വസിച്ചവർ ഭാഗ്യമുള്ളവർ'' എന്ന് എഴുതപ്പെട്ടിരിക്കുന്ന അനുഗ്രഹം അവർ പ്രാപിച്ചു. ഇന്നും ഓരോ നാട്ടിലും അവളുടെ ഫലങ്ങളായ അവളുടെ മക്കൾ അവളുടെ സ്വാതന്ത്ര്യത്തിനും അവളുടെ അനുഗ്രഹവർഷത്തിനും സാക്ഷിയാണ്. അവരുടെ വിജ്ഞാനവും വിശുദ്ധിയും ഭരണസാമർത്ഥ്യവും കൊണ്ട് ഞങ്ങളുടെ നഗരങ്ങൾ പ്രശസ്തങ്ങളായിത്തീർന്നു. ''നല്ല വൃക്ഷത്തിന് ചീത്തഫലവും ചീത്തവൃക്ഷത്തിന് നല്ല ഫലവും കായിക്കുവാൻ സാധ്യമല്ല,'' എന്നും ''അവരുടെ ഫലത്തിൽ നിന്ന് നിങ്ങൾക്കവരെ തിരിച്ചറിയാം'', എന്നും എഴുതപ്പെട്ടിരിക്കുന്നതുപോലെയാണിതു്,

''ഇതാ, ഞങ്ങൾ പ്രധാനപ്പെട്ട തലവന്മാരാണെന്ന് ഞങ്ങൾ തെളിയിച്ചിരിക്കുന്നു; ധിക്കാരപൂർവമോ, വിവേകരഹിതമായോ അല്ല; പിന്നെയോ, പിതാക്കന്മാരുടെ കല്പനയനുസരിച്ചാണ്. നീ അവരുടെ സിനഡുമായി യോജിക്കുന്നില്ല. നിനക്ക് അവരുടെ അവകാശിയാകാനും സാധിക്കുകയില്ല; കാരണം, അപ്പനെ നിന്ദിച്ച് അവകാശം കവർന്നെടുക്കാൻ മകനു സാധിക്കുകയില്ലല്ലോ; അതുപോലെ പിതാക്കന്മാരുണ്ടാക്കിയ നിർവചനത്തിൽ ഭേദഗതി വരുത്താൻ ആർക്കും സാധ്യമല്ല; ഈ നിർവചനം രൂപീകരിച്ചവർക്കുപോലും സാധ്യമല്ല.

www.malankaralibrary.com



എന്തുകൊണ്ടെന്നാൽ ഇപ്രകാരം എഴുതപ്പെട്ടിരിക്കുന്നു: "തന്റെ അയൽക്കാരന്റെ അതിർത്തി മാറ്റുന്നവൻ ശപിക്കപ്പെടട്ടെ".

ഈ കാര്യങ്ങളുടെ നിജസ്ഥിതി സംബന്ധിച്ച് വൃദ്ധനായ നമ്മുടെ പിതാവ് ഇസഹാക്ക് സാക്ഷ്യപ്പെടുത്തിയിരിക്കുന്നു. തന്റെ സഹോദരനായ ഏശാവിനു പകരം സൂത്രത്തിൽ യാക്കോബ് വന്ന് പിതാവിന്റെ അനുഗ്രഹം വാങ്ങി. ഏശാവ് വേട്ട കഴിഞ്ഞ് ഇറച്ചി വേവിച്ച് അനുഗ്രഹത്തിനായി കടന്നുവന്നു. അപ്പോൾ ഇസഹാക്ക് പറഞ്ഞു: "നിന്റെ മകൻ സൂത്രത്തിൽവന്ന് നിന്റെ അനുഗ്രഹം വാങ്ങിക്കൊണ്ടുപോയി". അപ്പോൾ അവൻ പറഞ്ഞു: എനിക്കൊരനുഗ്രഹവും അവശേഷിപ്പിച്ചിട്ടില്ലേ? അപ്പോൾ അവനോട് ഇസഹാക്ക് പറഞ്ഞു: "അവനെ ഞാൻ നേരത്തെ നിനക്കു തലവനാക്കിക്കഴിഞ്ഞു. അവന്റെ സഹോദരന്മാരെയെല്ലാം അവനു ദാസരായി നൽകി. എന്റെ മകനേ, ഞാൻ എന്താണു ചെയ്യേണ്ടത്"? അപ്പോൾ അവൻ സ്വരം ഉയർത്തി കരഞ്ഞു. താനാഗ്രഹിച്ചത് അവനു ലഭിച്ചില്ല. എന്നാൽ മറ്റ് ചിലത് അവനു കിട്ടി: നീ നിന്റെ സഹോദരനു സേവചെയ്യും. നീ പിന്തിരിഞ്ഞാൽ, അവന്റെ നുകം നിന്റെ കഴുത്തിൽ നിന്ന് നീങ്ങിപ്പോകും". ഇതാ, നമ്മുടെ മാതൃകയായ ഈ കാര്യങ്ങളെല്ലാം, സഹോദരങ്ങളുടെമേലുള്ള നേതൃസ്ഥാനത്തിന്റേതാണ്.

എന്നാൽ ചെറിയ നേതൃസ്ഥാനമല്ല നമുക്കു ലഭിച്ചത്; ഉന്നതനേതൃത്വം തന്നെയാണ്. കാരണം നമ്മുടെ വിശുദ്ധ പിതാക്കന്മാരുടെ സിനഡൽ രേഖകളിൽ ഇപ്രകാരം എഴുതിയിരിക്കുന്നു: കശ്കാർ മെത്രാൻ വലിയ പ്രോവിൻസിലെ ആർച്ചുബിഷപ്പാണ്.

മിശിഹായുടെ അവയവങ്ങളെ ഒരു സഭാഗാത്രമായി രൂപീകരിക്കാൻ പരിശുദ്ധാത്മാവ് നമ്മുടെ പിതാക്കന്മാരെ അനുവദിച്ചു. നമ്മുടെ അധ്യക്ഷൻ ഈ സഭാഗാത്രത്തിൽ മാന്യാവയവം എന്ന നിലയിൽ കിഴക്കുള്ള എല്ലാ പ്രോവിൻസുകൾക്കും തലവനായി ഇങ്ങനെ സ്ഥാപിക്കപ്പെട്ടിരിക്കുന്നു; കശ്കാറിലെ മെത്രാനെ പ്രോവിൻസുകളുടെ എല്ലാം തലവനാക്കി



യിരിക്കുന്നു. അങ്ങനെയാണെങ്കിൽ, എല്ലാ പ്രോവിൻസുകളും അവയുടെ അധ്യക്ഷന്മാരും ഈ പ്രോവിൻസിന് വിധേയമാക്കിയിരിക്കുകയാണ്. എല്ലാ പ്രോവിൻസുകളും അതിനെ ബഹുമാനിക്കുകയും അതിന്റെ അധികാരത്തിന് വിധേയമായിരിക്കുകയും വേണം എന്നതു വ്യക്തമാണല്ലോ. വീണ്ടും ഈ പ്രോവിൻസ് അതിന്റെ തലവനെ ശ്രദ്ധിക്കുകയും അനുസരിക്കുകയും ചെയ്യുന്നു; അതിന്റെ അധികാരം മഹനീയവും ശ്രേഷ്ഠവുമായ അധികാരത്തിനു വിധേയമാകുന്നു. ഇതാ, അജഗണങ്ങളെല്ലാം ഈ തലവനോട് യോജിപ്പിലാണ്; ശരിയായ ക്രമീകരണത്തിലൂടെ അതിനോടും ഈ വിധേയത്വം കാണിക്കുക ഉചിതമാണ്. നിയമിതനായ അധ്യക്ഷനെതിരെ യോഗം കൂടി അദ്ദേഹത്തെ നീക്കം ചെയ്യാനുള്ള പ്രമേയം ഈ അധ്യക്ഷൻ പാസ്സാക്കിയാൽ ആ സമിതി മുഴുവൻ അദ്ദേഹത്തിൽ നിന്ന് അന്യമായിരിക്കും; ആ ഇലക്ഷന് നിയമവും സാമാന്യബുദ്ധിയും അനുസരിച്ച് ഒരു പ്രാബല്യവും ഉണ്ടായിരിക്കുകയില്ല. തീരുമാനിച്ച എന്തെങ്കിലും കാര്യം മാറ്റണമെന്നുണ്ടെങ്കിൽ തന്നെയും, ഈ അധ്യക്ഷന്റെ ബഹുമാന്യസ്ഥാനം പരിഗണിക്കാതെ ഒന്നും ചെയ്യാനാവില്ല.

അസാധുവാക്കപ്പെട്ട സംഗതികളെപ്പറ്റിയെല്ലാം സ്വതന്ത്രമായി പൂർണമായും സ്പഷ്ടമായും സംസാരിക്കാം: പൗരസ്ത്യ പ്രോവിൻസുകളിലെ പ്രധാന പ്രോവിൻസിലെ ആർച്ചുബിഷപ്പായ കശ്കാർ മെത്രാന്റെ സമ്മതം കൂടാതെ പാത്രിയർക്കീസിനെ തെരഞ്ഞെടുത്താൽ, തെരഞ്ഞെടുപ്പിൽ ഒരു ധാരണയും ഇല്ലായിരുന്നു എന്നർത്ഥമാക്കണം; ആ തെരഞ്ഞെടുപ്പിന് ഒരു വിലയുമില്ല. തലയെ മാറ്റിനിർത്തിയിട്ട് ബാക്കി ഭാഗങ്ങൾക്ക് നിലനില്പില്ല. അപ്രകാരം ചെയ്യുന്നത് ധിക്കാരവും നിയമ ലംഘനവുമാണ്. അത് ഒത്തൊരുമ ഇല്ലാതാക്കുകയും ജീവനെ ഹനിക്കുകയും ചെയ്യും. ഇലക്ഷൻ കഥയില്ലാത്തതായും ക്യാൻസൽ ചെയ്യപ്പെട്ടതായും പരിഗണിക്കണം. കാരണം തലയെക്കൂടാതെയുള്ള ഉടൽ മൃതമാണ്; അതിന്റെ പ്രവർത്തനങ്ങളും അപ്രകാരം തന്നെ. മരിച്ചവരുടെ ക്രമത്തെപ്പറ്റി മരിച്ചവരെ ഉയിർപ്പിക്കുന്നവൻ സാക്ഷിക്കുന്നു: "അവിടുന്ന് മരിച്ചവരുടെ ദൈവമല്ല, ജീവനുള്ളവരുടെ ദൈവമത്രേ".

www.malankaralibrary.com



"മരിച്ചവരും താഴെ അന്ധകാരത്തിലേക്ക് പോയവരും കർത്താവിനെ മഹത്വപ്പെടുത്തുന്നില്ല" എന്നും, "പൊടി നിന്നെ പ്രകീർത്തിക്കുകയോ, നിന്റെ വിശ്വസ്തതയെ കാണിക്കുകയോ ചെയ്യുന്നില്ല" എന്നും കിന്നരക്കാരൻ ദാവീദും പാടുന്നു. അപ്പോൾ സ്വാഭാവികമായും നിയമമനുസരിച്ചും വാദഗതികളനുസരിച്ചും, സ്ഥിരീകരിക്കപ്പെട്ടതുപോലെ ഏതെങ്കിലും തെരഞ്ഞെടുപ്പിൽ കശ്കാറിലെ മെത്രാനെ മാററി നിർത്തിയാൽ, സ്വാഭാവികമായി വലിയ പ്രോവിൻസിനെ മാററിനിർത്തുന്നു; കാരണം, അധ്യക്ഷനോട് ഉറപ്പായി ബന്ധിതമാണ് അതു്. ശിരസ്സിനെതിരെ കാപട്യപൂർവ്വം പ്രവർത്തിക്കുന്നതു് ശരീരത്തിനു ചേർന്നതല്ല. വീണ്ടും, വലിയ പ്രോവിൻസിനോടൊപ്പം പൗരസ്ത്യപ്രോവിൻസുകളെയെല്ലാം അകററിനിർത്തിയിരിക്കുകയാണ്; കാരണം, അവരുടെ അധ്യക്ഷനാരാണെന്ന് നിശ്ചയിച്ചിട്ടുണ്ട്. താഴ്ന്നവർ ദുഷ്ടമായി ഉന്നതാധികാരികൾക്കെതിരെ പ്രവർത്തിക്കുന്നതും, പരസ്പരം ചതിപ്രയോഗം നടത്തുന്നതും ഒരാൾ മറെറാരാൾക്കെതിരെ ദുഷ്ടത പ്രവർത്തിക്കുന്നതും ശരിയല്ല. അതുവഴി അവരുടെ പരസ്പരൈക്യം ശിഥിലമാകുന്നു; സംഗതികൾ നിശ്ചലമായിത്തീരുന്നു.

"അതുകൊണ്ടാണ് നമ്മുടെ വിശുദ്ധ പിതാക്കന്മാർ നീതിപൂർവകമായും ബുദ്ധിപൂർവകമായും ഈ കാനൻ എഴുതിയുണ്ടാക്കിയതെന്ന് സുവ്യക്തമാണല്ലോ: "ആവശ്യമുള്ള മറെറല്ലാ സംഗതികളോടും കൂടി പിതാക്കന്മാരുടെ കൗൺസിലിന്റെ തലവനും പാത്രിയർക്കീസിന്റെ തെരഞ്ഞെടുപ്പിന്റെ ചുമതലക്കാരനും കശ്കാറിലെ മെത്രാനായിരിക്കും. അദ്ദേഹത്തെ കൂടാതെ യാതൊരു സംഗതിയും ചെയ്യാൻ പാടില്ല. താൻ സൃഷ്ടിക്കാത്തതിന്റെ പിതൃത്വം എന്ന പേരും ഒരവകാശവും ഇല്ലാത്തവന് നേതൃത്വം എന്ന പേരും നീതി ഒരുവനും നൽകാറില്ല. തന്റെ അയൽക്കാരനെതിരെ കൈ ഉയർത്തുന്നവനിലോ, തന്റെ നില വിസ്കൃതമാക്കുന്നവനിലോ പരിശുദ്ധാത്മാവ് പ്രസാദിക്കുന്നില്ല. ആട്ടിൻതൊഴുത്തിൽ വാതിലിൽക്കൂടി കയറാതെ മററിടങ്ങളിലൂടെ കയറുന്നവൻ കള്ളനും കവർച്ചക്കാരനും ആകുന്നു; അത്തരക്കാരെ തന്റെ ഇരട്ട "ആമ്മീൻ" കൊണ്ട് അവിടുന്നു വെട്ടിമാററി നിരസിച്ചു കളയുന്നു."



ഇപ്രകാരം വാക്കുതർക്കങ്ങളും ചർച്ചകളും നടന്നതിന്റെ ഫലമായി ഹനാനീശോ ആയ ഞാനും എന്നോടുകൂടിയുള്ള പിതാക്കന്മാരും അവർ പറഞ്ഞതംഗീകരിച്ച് ഒപ്പുവച്ചു. കുററപ്പെടുത്തപ്പെട്ടവനും അധികാര സ്ഥാനത്തിരിക്കുന്നവനും ഒരുപോലെ ഒരേ സ്ഥാനമല്ലല്ലോ ഉള്ളതു്. അവർ പറഞ്ഞവ വാദങ്ങളിലൂടെ അവർ ഉറപ്പിച്ചു: "നീ വിധിക്കപ്പെടുമ്പോൾ നിന്റെ വാക്കുകളിൽ നീ നീതിമാനായി കാണപ്പെടുന്നതിനും നീ നിഷ്കളങ്കനാണെന്ന് കാണിക്കുന്നതിനും" എന്ന് എഴുതപ്പെട്ടിട്ടുണ്ടല്ലോ. നാം നീതിക്കു കീഴ്വഴങ്ങി, അതിന്റെ മാധുര്യമുള്ള നുകത്തിനും ബന്ധനത്തിനും നമ്മുടെ കഴുത്തു കുനിച്ചുകൊടുത്തു; നമ്മുടെ തോളും കൈകളും അതിന്റെ ലഘുവായ ഭാരംപേറി. ഞങ്ങൾ ഞങ്ങളുടെ ദാനങ്ങൾ ബലിപീഠത്തിൽ വച്ചിട്ട് ഞങ്ങൾക്കെതിരെ കോപിച്ചിരുന്ന ഞങ്ങളുടെ സഹോദരങ്ങളുമായും മക്കളുമായും രമ്യപ്പെടാനായി വിനയത്തിന്റെ പാതയിലൂടെ സഞ്ചരിച്ചു. വാഴ്ച നടത്തുന്ന കശ്കാറിലെ മെത്രാന്റെയും പൗരസ്ത്യ പ്രോവിൻസുകളിലെ മെത്രാപ്പോലീത്താമാരുടെയും മെത്രാന്മാരുടെയും സമ്മതം കൂടാതെ ഹനാനീശോ ആയ ഞാൻ പാത്രിയർക്കീസും കാതോലിക്കോസും അല്ല എന്നതിനാലും, തെരഞ്ഞെടുപ്പിന് അർത്ഥമില്ല എന്നതിനാലും ഈ തെററ് ക്ഷമിക്കണമെന്നും കോപം അകററണമെന്നും നമ്മുടെ മേലുള്ള ശാപം നീക്കിക്കളയണമെന്നും നാം അവരോടു യാചിച്ചപേക്ഷിച്ചു. മാമോദീസായുടെ സന്തതികളും ക്രിസ്തീയ സഹോദരങ്ങളും ശരിയായിട്ടുള്ളവയിൽ നിന്ന് പിൻതിരിഞ്ഞില്ല. അതിന്റെ അടിസ്ഥാനം ശരിയായിട്ടുള്ളതിലാണല്ലോ ഉറപ്പിച്ചിരിക്കുന്നതു്. ഏഴ് എഴുപതു പ്രാവശ്യം ക്ഷമയാകുന്ന തൈലത്തിലൂടെ അവരുടെ സ്നേഹം വ്യക്തമായി. എഴുപതു തലമുറകൾ കാണിക്കുന്നതിനുവേണ്ടിയായിരുന്നു ഇതു്. വളരെ വേഗത്തിലും താമസം കൂടാതെയും മെത്രാപ്പോലീത്താമാരും മെത്രാന്മാരുമായ പിതാക്കന്മാരുടെ കോപം തണുത്തു; അവർ വളരെ സ്നേഹത്തോടുകൂടി പെരുമാറി. അവർ സമ്മതിച്ചതു് അവർ ഉറപ്പിച്ച് പൂർത്തിയാക്കി. അതോടുകൂടി നാം ശരിയായ വിധം കതോലിക്കോസ്—പാത്രിയർക്കീസായിത്തീർന്നു, അവർ തങ്ങളുടെ തോൾ കുനിച്ച് നമ്മുടെ പിതൃത്വത്തിന്റെയും നേതൃത്വത്തിന്റെയും നുകം വത്സല സന്താനങ്ങൾ എന്ന നിലയിൽ സ്വീകരിച്ചു.

www.malankaralibrary.com



ഹനാനീശോയാകുന്ന ഞാൻ ഇപ്പോൾ കിഴക്കിന്റെ കാതോലിക്കോസ് പാത്രിയർക്കീസാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ ഈ മഹനീയവും ഉന്നതവുമായ നാമം ഇപ്പോൾ വരെ എന്റേതായിരുന്നില്ല. പൗരസ്ത്യ പ്രോവിൻസുകളിലെയും രൂപതകളിലെയും മെത്രാപ്പോലീത്താമാരും മെത്രാന്മാരുമാകുന്ന എല്ലാ പിതാക്കന്മാരോടും കൂടി ഞാൻ ഈ ഗ്രന്ഥം എഴുതി ശാപത്തിന്റെ കാനോനാകളോടുകൂടി ഇതിൽ ഈ ഡിക്രി എഴുതിച്ചേർത്തിരിക്കുന്നു. ഉറെക്കിലെയും കശ്കാറിലെയും മെത്രാന്റെ നേതൃത്വത്തെ സംബന്ധിച്ച് വിശുദ്ധ പിതാക്കന്മാർ തങ്ങളുടെ സിനഡിക്കൽ എഴുത്തുകളിൽ നടപ്പാക്കിയിരിക്കുന്നത് ഏതെങ്കിലും രീതിയിലോ തരത്തിലോ, തന്റെ ഇരിപ്പിലോ, തന്റെ എഴുന്നേല്പിലോ, പട്ടണങ്ങളിലുള്ള പിതാക്കന്മാരുടെ വലിയ ഭവനങ്ങളിലെ കൊടുക്കൽ-വാങ്ങലുകളിലോ, ലംഘിക്കുന്നതിനോ, ഈ ഡിക്രി മാറ്റുന്നതിനോ യാതൊരുത്തനും — മെത്രാപ്പോലീത്താമാരും മെത്രാന്മാരുമായ പിതാക്കന്മാർക്കും സന്യാസികൾക്കും വിശ്വാസികൾക്കും — അനുവാദമില്ലെന്നും അദ്ദേഹത്തെ കൂടാതെ തെരഞ്ഞെടുപ്പ് നടത്തുന്നതിനെപ്പറ്റി ചിന്തിക്കാൻ പാടില്ലെന്നും ഉയരാഴങ്ങൾ വഹിക്കുന്നവനും ആകാശവും ഭൂമിയും അവയിലുള്ള സൈന്യങ്ങളും ഉണ്ടാക്കിയവനുമായ സജീവ ദൈവവചനത്താൽ ഞങ്ങൾ തീരുമാനിക്കുന്നു. ഞങ്ങളുടെ വിശുദ്ധ പിതാക്കന്മാർ ഉറപ്പിക്കുകയും അംഗീകരിക്കുകയും നൽകുകയും ചെയ്ത ക്രമത്തിനും റാങ്കിനും ലിമിറ്റിനും പുറത്തായി ദുഷ്ടതയോടുകൂടി അവനെതിരായി നില്ക്കുന്നവരെയൊക്കെ ശാപത്തിൻ കീഴിൽ വയ്ക്കാൻ ഞങ്ങൾ ഒന്നിച്ചു തീരുമാനിക്കുന്നു; കാരണം, അദ്ദേഹം വലിയ പ്രോവിൻസിലെ ആർച്ചുബിഷപ്പും ആദ്യജാതനും തലവനും പൗരസ്ത്യ മെത്രാന്മാരിൽ ഒന്നാമനുമാണ്. തത്സംബന്ധമായി ഞങ്ങളുടെ ചർച്ചയിലൂടെ അവരുടെ വാക്കുകളുടെ പകർപ്പ് ഞങ്ങൾ ഈ ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നു: ഈ ഗ്രന്ഥം കാണാനിടയാകുന്നവർക്കെല്ലാം ഞങ്ങൾ പെട്ടെന്നോ, മാനുഷിക പരിഗണനയാലോ എഴുതിയതല്ലെന്നും അദ്ദേഹത്തിനു നമ്മുടെ വിശുദ്ധ പിതാക്കന്മാർ നൽകിയ റാങ്ക് ഉറപ്പിച്ചതേയുള്ളു എന്നും മനസ്സിലാകും.

കശ്കറിലെ ജനങ്ങളായ ഞങ്ങളും ഉടമ്പടി ഉണ്ടാക്കുകയും ഈ ഡിക്രി ഉപ്പിക്കുകയും ചെയ്തു. ഈ തീരുമാനം കശ്കാർ



മെത്രാനും ഞങ്ങളുടെ വന്ദ്യപിതാവുമായ മാർ ഇസഹാക്കിന്റെ ജീവിതകാലത്ത് നടന്നില്ല; കാരണം ഈ ധാരണയ്ക്കു മുൻപ് അദ്ദേഹം കർതൃസവിധത്തിലേക്കു കടന്നുപോയി. ഞങ്ങളുടെ പിതാവായ ഹനാനീശോ കാതോലിക്കോസ്—പാത്രിയക്കീസിന്റെയും ഞങ്ങളുടെ വിശുദ്ധ പിതാക്കന്മാരായ മെത്രാപ്പോലീത്താമാരുടെയും മെത്രാന്മാരുടെയും താഴ്മവഴി ഞങ്ങൾക്കും ഈ നഗരത്തിനും അവരോട് ഒരു കടപ്പാടുണ്ട്: ഞങ്ങളുടെ വന്ദ്യപിതാവും കിഴക്കിന്റെ കാതോലിക്കോസ്—പാത്രിയർക്കീസുമായ മാർ ഹനാനീശോയുടെ നേതൃത്വത്തിനെതിരെ നിൽക്കാൻ ഞങ്ങൾ ആരെങ്കിലും തുനിഞ്ഞാൽ, അല്ലെങ്കിൽ ദുഷിച്ച പാഷണ്ഡതാവാക്കുകൾ ഉച്ചരിച്ചാൽ, അയാളെ ഞങ്ങൾ നിരോധിച്ച് അയാളുമായുള്ള കൂട്ടായ്മയിൽ നിന്ന് അകന്നു നില്ക്കുന്നതാണ്. നമ്മുടെ പിതാവായ പാത്രിയർക്കീസും മെത്രാപ്പോലീത്താമാരും ബിഷപ്പന്മാരുമായ നമ്മുടെ എല്ലാ വിശുദ്ധ പിതാക്കന്മാരും നൽകുന്ന എന്തു ശിക്ഷയും ഞങ്ങൾ സ്വീകരിക്കുന്നതാണ്; അവന്റെ തെറ്റിൽ അവനെ ഞങ്ങൾ വിധിക്കുന്നതാണ്.

പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ പാത്രിയാർക്കൽ അരമനയിൽ ഒന്നിച്ചുകൂടിയപ്പോൾ ഞാൻ, ഹനാനീശോ കാതോലിക്കോസ്—പാത്രിയർക്കീസ്, ഈ എഴുത്തും ഉടമ്പടിയും ഒപ്പും മുദ്രയും വച്ച് ഉറപ്പിച്ചു; അതുപോലെ പൗരസ്ത്യദേശം മുഴുവനിലുമുള്ള പട്ടണങ്ങളിലെയും നാടുകളിലെയും മെത്രാപ്പോലീത്താമാരും മെത്രാന്മാരുമായ ഞങ്ങളും ചെയ്യുന്നു. പരിശുദ്ധാത്മാവിന്റെ തിരുവിഷ്ടത്താലും ഞങ്ങളുടെയെല്ലാവരുടെയും മാധ്യസ്ഥ്യത്താലും പരിശ്രമത്താലും ക്രമീകരിച്ച മുകളിൽ പറഞ്ഞ യാതൊരു സംഗതിയും അഴിക്കാനോ നശിപ്പിക്കാനോ ആർക്കും അവകാശമില്ലെന്ന് ആകാശവും ഭൂമിയും ആരുടെ തിരുഹിതത്താൽ നിലനില്ക്കുന്നുവോ ആ സർവശക്തനായ കർത്താവിന്റെ വചനത്താൽ ഞങ്ങൾ പ്രഖ്യാപിക്കുന്നു.

കാതോലിക്കോസ് മാർ ഹനാനീശോയുടെ സിനഡ് അവസാനിച്ചു.

www.malankaralibrary.com

# അനുബന്ധം

## 1. ബർസൗമായുടെ സിനഡിന്റെ അനുബന്ധം

### ബർസൗമയുടെ കത്തുകൾ

1. ശ്രേഷ്ഠരായ മിഹ്റ്നർസാ, ശെമഓൻ, മോശ, യസ്ദ്ഗേർദ്, ദാനിയേൽ, മെത്രാന്മാരായ ബർസൗമാ, യോഹന്നാൻ, മാനാ, അബ്ദീശോ, പൗലാ, നോഹ, അബ്രഹാം, ബർസൗമ, ഏലിയാ, ആബാ, ശെമഓൻ, ഏലിയാ, ഇസഹാക്ക് എന്നിവർക്ക് നമ്മുടെ കർത്താവിൽ ഹൃദയം നിറഞ്ഞ ആശംസകൾ!

തന്റെ സഭയുടെ ശാന്തിയിലും തന്റെ ജനത്തിന്റെ സമാധാനത്തിലും സന്തുഷ്ടനാകുന്ന എല്ലാററിന്റെയും കർത്താവായ ദൈവത്തിന്റെ കൃപയാൽ രാജാക്കന്മാരുടെ രാജാവായ ബാലാശിന്റെ രണ്ടാം ഭരണവർഷം ആബ് മാസത്തിൽ, നമ്മുടെ പിതാവായ പാത്രിയർക്കീസ് മാർ അകാചിയുസുമായി ഞാൻ ഉടമ്പടിയുണ്ടാക്കിയ ശേഷം, വിശുദ്ധനും മിശിഹായുടെ സ്നേഹിതനുമായ ബിഷപ്പ്-കാതോലിക്കോസ് മാർ അകാചിയുസും അദ്ദേഹത്തോടു കൂടെയുള്ള മെത്രാന്മാരും കൂടി ഹെദിയാബിൽ വന്നു. നാമും നമ്മോടുകൂടെയുള്ള മെത്രാന്മാരും ഒന്നിച്ചുകൂടി. സ്നേഹമായും സൗഹാർദ്ദമായും പരസ്പരസ്വീകരണം നടന്നു. കരഗതമായ യഥാർത്ഥവും പൂർണവുമായ സമാധാനത്തിൽ ഞങ്ങളൊന്നിച്ച് മിശിഹായുടെ ദിവ്യരഹസ്യങ്ങളിൽ പങ്കുകൊണ്ടു. ബേത്-ഏദ്രായിൽ വച്ച് എഴുതിയ സംഗതികൾ ഞങ്ങൾ നിശ്ശേഷമായും പരിപൂർണമായും മുഴുവനായും അഴിച്ച് അസ്ഥിരപ്പെടുത്തി. അതിൽ വിയോജിപ്പുകളും ആരോപണങ്ങളും തലക്കെട്ടുകളും കുററാരോപണങ്ങളും ഭാഗ്യവാനായ കാതോലിക്കോസ് മാർ ബാബായ്ക്ക് എതിരായി തെളിവുകളും മററും ഉണ്ടായിരുന്നു. പ്രബോധകരുടെയും പിതാക്കന്മാരുടെയും ശുശ്രൂഷകരുടെയും ഗണത്തിൽ വിശുദ്ധ മാർ



അകാചിയുസിനെ പിതാവും കാതോലിക്കോസുമായി നാം അംഗീകരിച്ചാദരിക്കുന്നു. വന്ദ്യനും വിശുദ്ധനുമായ അകാചിയുസ് കാതോലിക്കോസിനെ നിങ്ങൾ സ്നേഹിക്കുന്നതിനും അനുസരിക്കുന്നതിനുമാണ് ഇപ്രകാരം ഞാൻ നിങ്ങൾക്കെഴുതുന്നത്. ഇത് നല്ലതാണെന്നും നമുക്കെല്ലാം പൊതുവെ അനുയോജ്യമാണെന്നും തോന്നി. ഇത് നിങ്ങളും അംഗീകരിക്കണം. നമ്മുടെ മുൻപിൽ നിങ്ങൾ ബഹുമാനിതരാകും; ദൈവത്തിൽ നിന്ന് നല്ല പ്രതിഫലം നിങ്ങൾക്കു ലഭിക്കുകയും ചെയ്യും. എപ്പോഴും നമ്മുടെ കർത്താവിൽ ശക്തരായിരുന്നാലും.

2. വന്ദ്യനും ദൈവസ്നേഹിതനുമായ മാർ അകാചിയുസ് പാത്രിയർക്കീസിന് അങ്ങയുടെ സഹപ്രവർത്തകൻ ബർസൗമ നമ്മുടെ കർത്താവിൽ ആശംസകൾ അയയ്ക്കുന്നു. ഈ നാടിനെപ്പററി പരിചയമില്ലാത്തവർ ''അനുഗൃഹീതദേശം'' എന്ന് ഇതിനെ വിളിക്കാറുണ്ട്. എന്നാൽ സമാധാനത്തിനും സുസ്ഥിതിക്കും എതിരായിട്ടുള്ളതും ഐശ്വര്യത്തിനു തടസ്സം നില്ക്കുന്നതുമായി നിരവധി സംഗതികളുണ്ട്. എന്നാലിപ്പോൾ പ്രത്യേകമായി, ഒന്നിനു പിറകെ ഒന്നായി, രണ്ടാം വർഷവും വരൾച്ചയും തദ്ഫലമായ കെടുതികളും നമുക്ക് വന്നുഭവിച്ചിരിക്കുന്നു. തെക്കൻ ഗോത്രങ്ങളുടെ വൻകൂട്ടങ്ങൾ ഇവിടെ കടന്നുവന്ന് മലകളിലെയും സമതലങ്ങളിലെയും പട്ടണങ്ങളെല്ലാം നശിപ്പിക്കുന്നു; റോമൻപ്രദേശത്തുള്ള ജനങ്ങളും വസ്തുവകകളും കൊള്ളയടിക്കാൻ അവർ പരിശ്രമിക്കുന്നു. തങ്ങളുടെ രാജ്യത്ത് പേർഷ്യാക്കാരുടെ ദാസന്മാരായ ഈ അറബികൾ ചെയ്തതിന് പ്രതികാരം ചെയ്യാൻ റോമാക്കാർ തങ്ങളുടെ അധീനതയിലുള്ള അറബികളുടെ വൻസന്നാഹവുമായി ഒന്നിച്ചുകൂടി അതിർത്തിയിലെത്തി. തദവസരം മഹനീയനും ശ്രേഷ്ഠനുമായ മർസ്ബാൻ ഖർദാഗ് നെക്കൊർഗാൻ ശാന്തമായും ബുദ്ധിപൂർവകമായും ഇടപെട്ട് അവരെ അതിൽ നിന്നു തടഞ്ഞു. അറബികളുടെ നേതാക്കന്മാരെ വിളിച്ചുകൂട്ടാനും കൊള്ളമുതൽ റോമാക്കാർക്കു തിരിച്ചു കൊടുക്കാനും ബേത് ഗർമായ് ഹെദിയാബ്, നിനവേ എന്നിവിടങ്ങളിൽ നിന്ന് റോമൻ അറബികൾ തട്ടിയെടുത്ത വസ്തുവകകളെയും ജനങ്ങളെയും പേർഷ്യാക്കാർക്ക് തിരികെ നൽകാനും, അതിർത്തികൾ നിശ്ചയിക്കാനും ചർച്ചകളിലൂടെ പ്രശ്നം പരിഹരി

www.malankaralibrary.com



ക്കാനും, ഇത്തരം ദുഷ്ക്കർമ്മങ്ങൾ മേലിൽ ആവർത്തിക്കാതിരിക്കാനുമായി ഒരുടമ്പടി ഉണ്ടാക്കി.

മുകളിൽ പറഞ്ഞവ എന്നു നടപ്പാകുമെന്നു ദൈവത്തിനു മാത്രമേ അറിയാവൂ. ഈ കാര്യം സംബന്ധിച്ച് അറബികളുടെ രാജാവും അരാമിയായിലെ മർസ്ബാനും ഇവിടെ എത്തിച്ചേരണമെന്ന് രാജാക്കന്മാരുടെ രാജാവ് കല്പിച്ചു. എന്നാൽ റോമാക്കാരുടെ തലവന്മാരും പട്ടാളക്കാരും അവരുടെ അറബികളുമെല്ലാം അതിർത്തിയിൽ തന്നെ നിലകൊണ്ടു. ഉറച്ച സമാധാനത്തെ പ്രതിയും വലിയ സൗഹൃദത്തിന്റെ അടയാളമായും ആബ് മാസാരംഭത്തിൽ നിസിബിസിൽ മർസ്ബാന്റെ പക്കലേക്കു വരുവാൻ നാം പ്രീഫെക്ടിനെ പ്രേരിപ്പിച്ചു. വലിയ ബഹുമതിയോടുകൂടി അവർ അയാളെ സ്വീകരിച്ചു. അവരവിടെ സന്തോഷപൂർവം തിന്നുകുടിച്ചുകൊണ്ടിരിക്കവെ, പൊടുന്നനവെ അറബികൾ നാനൂറു ആളുകളോടുകൂടി റോമൻ ഗ്രാമങ്ങളിലെ താഴ്ന്നപ്രദേശങ്ങളിൽ കടന്നാക്രമണം നടത്തി. ഇതറിഞ്ഞപ്പോൾ റോമാക്കാരുടെയും പേർഷ്യാക്കാരുടെയും രണ്ടു ഭാഗത്തിനും വളരെ ദുഃഖമുണ്ടായി. പ്രീഫെക്ടിനും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന ഭരണാധികാരികൾക്കും നമ്മോട് അമർഷമുണ്ടായി. നിസിബിസിൽ വന്ന റോമാക്കാർക്ക് അപമാനം ഉണ്ടാക്കാൻ നാം ചതിവിൽ ചെയ്തതാണിതെന്ന് അവർക്കു തോന്നി.

റോമാക്കാരും പേർഷ്യാക്കാരും തമ്മിലുള്ള തർക്കങ്ങൾ തീരുന്നതുവരെ അവിടെ വന്നെത്താൻ സാധിക്കുകയില്ല എന്ന് ഞാൻ അങ്ങേയ്ക്ക് എഴുതിയത് അതുകൊണ്ടാണ്. അങ്ങയുടെ കത്തിൽനിന്നും രാജശാസനയിൽനിന്നും മർസ്ബാൻ കാര്യങ്ങൾ ഗ്രഹിച്ചപ്പോൾ അദ്ദേഹത്തിനും അത് പ്രിയംകരമായില്ല. എല്ലായിടത്തും പട്ടിണി നടമാടുന്നു. ദാരിദ്ര്യത്തിലാണ് എല്ലായിടവും. ഈ സാഹചര്യത്തിൽ മറ്റു മെത്രാന്മാരും വരാതിരിക്കുന്നതാണ് ബുദ്ധിപൂർവമായ സംഗതി. അല്ലെങ്കിൽ അങ്ങേയ്ക്കെതിരെയുള്ള നീരസവും മുറുമുറുപ്പും വർദ്ധിക്കുകയേയുള്ളു. മറിച്ച്, അംബാസഡർമാരോടൊത്ത് അങ്ങ് റോമൻപ്രദേശത്തു പോയി വന്നശേഷം അങ്ങ് ഉദ്ദേശിക്കുന്ന ഈ സിനഡ് നടത്തുന്നതാണുചിതം. അതുപോലെ റോമാക്കാരുടെ നാട്ടിൽ സാത്താൻ ഇളക്കിവിട്ട കലഹങ്ങൾ നേരിൽ



കണ്ട് മനസ്സിലാക്കുമ്പോൾ, 'വിഭജന സിനഡിൽ' ഉണ്ടാക്കിയ വിശ്വസ്ത പ്രബോധനം അങ്ങേയ്ക്ക് പ്രിയംകരമായി തോന്നും. മറിച്ച്, അങ്ങയുടെ നിശ്ചിത പദ്ധതിയനുസരിച്ച് ഉടനെ കാര്യങ്ങൾ നടത്തുകയാണെങ്കിൽ, മിശിഹായുടെ നിയമമനുസരിച്ച് അങ്ങയുടെ കൗൺസിൽ എടുക്കുന്ന തീരുമാനങ്ങളെല്ലാം എല്ലാത്തരത്തിലും ഞാൻ അംഗീകരിക്കുന്നു. അതിർത്തിപ്രശ്നം കാരണം ഇപ്പോൾ അവിടെ വന്നെത്തുക തികച്ചും അസാധ്യമാണ്. നാം നമ്മുടെ കത്തിലൂടെ ബേത്‌ലാപാത് സിനഡ് പൂർണമായും അഴിച്ച് റദ്ദാക്കിയിരിക്കയാണ്. ഇപ്പോൾ മുതൽ ഞങ്ങൾ അങ്ങയുടെ സിംഹാസനത്തിലെ പ്രജകളും അങ്ങയുടെ ശിഷ്യരുമാണ്. കർത്താവിൽ ശക്തനായിരുന്നാലും ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമെ.

3. വന്ദ്യനും ദൈവസ്നേഹിതനുമായ അകാചിയുസ് പാത്രിയർക്കീസിന്, അങ്ങയുടെ സഹപ്രവർത്തകനായ ബർസൗമാ നമ്മുടെ കർത്താവിൽ ആശംസകൾ അയയ്ക്കുന്നു.

പിതാക്കന്മാരുടെ പിതാവും വിശുദ്ധനും വന്ദ്യനുമായ മാർ അകാചിയുസ് ആർച്ചുബിഷപ്പ്—പാത്രിയർക്കീസ്, അങ്ങയുടെ ശിഷ്യനും പ്രജയും അങ്ങയുടെ പൗരോഹിത്യത്തിന്റെ മഹത്വത്തിന്റെ കലവറക്കാരനും ബലഹീനനും അങ്ങയുടെ പൗരോഹിത്യത്തിന്റെ ദയയിൽ അഭയം തേടിയിരിക്കുന്നവനുമായ ബർസൗമാ ഹൃദയപൂർവം അങ്ങേയ്ക്ക് ആശംസകളയയ്ക്കുകയും പ്രാർത്ഥനാപൂർവം അങ്ങയുടെ കരുണയ്ക്ക് അപേക്ഷ അയയ്ക്കുകയും ചെയ്യുന്നു.

കരുണ നിറഞ്ഞ പിതാവേ, നമ്മുടെ പ്രകൃതി അതിന്റെ സഹനാധീനവും മർത്യവുമായ സ്വഭാവത്താൽ തിന്മയിലേക്ക് ചാഞ്ഞിരിക്കുന്നതുമാണ് എന്ന് അങ്ങേ കരുണയ്ക്ക് ഞാൻ ചൂണ്ടിക്കാണിച്ചിരുന്നല്ലോ. സാത്താൻ എനിക്കും മാർ ബാബായിക്കും ഇടയിൽ കലഹം ഇളക്കിവിടുകയും ബുദ്ധിരഹിതമായി പ്രവർത്തിച്ച മെത്രാന്മാരെയെല്ലാം കലഹത്തിലേക്ക് നയിക്കുകയും അവരുടെ ഇടയിൽ ന്യായവിധി നടത്താനാഗ്രഹിക്കുകയും ചെയ്തപ്പോൾ, അവർ മാർ ബാബായിയെ വിട്ട് എന്റെ പക്കലേക്കു വന്നു. ക്രിസ്തുമതത്തിന്റെ പ്രവർത്തനരീതികളും നാം ജീവിക്കുന്ന രാജ്യത്തിന്റെ ഭരണരീതികളും

www.malankaralibrary.com



വിരുദ്ധമായി ഞാനും അവരും പ്രവർത്തിക്കണമെന്ന് പല ആലോചനക്കാരും എന്നെ ഉപദേശിച്ചു. ഞങ്ങൾ മാർ ബാബായിയുടെ കാലത്ത് മാനുഷിക വികാരങ്ങൾക്കടിപ്പെട്ട് ബേത്—ലാപാത് നഗരത്തിൽ ഒന്നിച്ചുകൂടി ഒരു സിനഡ് നടത്തി, കാനോനകളും എഴുതിയുണ്ടാക്കി—സമൂഹം മുഴുവന്റെയും തെറ്റുകൾ ദൈവം പൊറുത്തു ക്ഷമിക്കട്ടെ! ഞങ്ങൾ വിളിച്ചുകൂട്ടിയ സിനഡും അതിലെ നടപടിക്രമങ്ങളും ക്രിസ്തുമതത്തിന് വിരുദ്ധമായിരുന്നെന്ന് ഞാൻ പ്രത്യേകമായി സാക്ഷ്യപ്പെടുത്തിക്കൊള്ളട്ടെ. കുറേ കഴിഞ്ഞപ്പോൾ എന്റെ മനസ്സാക്ഷി എന്നെ കുറ്റപ്പെടുത്തി. ഞങ്ങൾ ചെയ്തതൊന്നും നിലനിന്നിട്ടില്ല; നിലനില്ക്കുന്നുമില്ല. എങ്കിലും ഞങ്ങളുടെ ജീവിതത്തിൽ അതിനു ഞങ്ങൾ പരിഹാരം ചെയ്യുകയും ഞങ്ങൾ ചെയ്തവയെല്ലാം അഴിച്ച് ക്യാൻസൽ ചെയ്യുകയും ചെയ്യേണ്ടിയിരിക്കുന്നു. ആ കാനോനാകളനുസരിച്ച് നമുക്കു ശേഷം വരുന്നവരാരും പ്രവർത്തിക്കാതിരിക്കാനായി അവിടെ ചെയ്തവയെല്ലാം അഴിക്കപ്പെട്ട് ശപിക്കപ്പെടണം.

പൈതൃക സിനഡുകൾക്കു വിരുദ്ധമായി കൂടിയ മത്സര സിനഡിനെ അഴിച്ചു ശപിച്ചതായി ഇതിനുമുമ്പ് രണ്ടു കത്തുകൾ ഞാൻ അങ്ങേയ്ക്കെഴുതിയിരുന്നല്ലോ. അങ്ങ് അധ്വാനനിരതമായ ഈ ലോകത്തിൽ നിന്ന് യാത്രയായി പിതാക്കന്മാരുടെ ആത്മാക്കൾ വസിക്കുന്നിടത്തെത്തുകയും ബലഹീനനായ ഞാൻ ഈ കാലിക ജീവിതത്തിൽ കാണപ്പെടുകയും ചെയ്യാനിടയായാൽ, ഞാൻ, ജീവിക്കുന്നിടത്തോളം കാലം, അങ്ങേയ്ക്കു ശേഷം കൃപ ഈ സ്ഥാനത്തേക്കു വിളിക്കുന്നയാളിന്റെ ശിഷ്യനും പ്രജയുമായിരിക്കും. എന്തുകൊണ്ടെന്നാൽ, ഞങ്ങൾക്കു വന്നുഭവിച്ചവയിൽനിന്നു ഞാൻ പാഠം പഠിച്ചു: സെലൂഷ്യാ—സ്റ്റെസിഫണിലെ വിശുദ്ധ പള്ളിയിലെ സിംഹാസനത്തിൽ അധ്യക്ഷനായിരിക്കുന്ന നേതാവിന് നിസിബിസ് വിധേയമാകാത്തപ്പോഴൊക്കെ, പൗരസ്ത്യദേശത്ത് നാശനഷ്ടങ്ങളും വലിയ ദുരിതവും വന്നുഭവിക്കുന്നു.

ഈ കാലയളവിൽ നിസിബിസ് കേഴുന്നു, പ്രക്ഷുബ്ധമായിരിക്കുന്നു, ഇളകി മറിയുന്ന കടൽപോലെ ക്ഷോഭിച്ചിരിക്കുന്നു. അങ്ങ് എത്രയും വേഗം മുടക്കിക്കൊണ്ടുള്ള ഒരു കല്പന



അയച്ച് നഗരത്തിൽ സുസ്ഥിതിയെത്തിച്ചില്ലെങ്കിൽ ഞാൻ നിസിബിസിന്റെ മെത്രാസനത്തിൽ കാണില്ല; വലിയ പേർഷ്യൻ സാമ്രാജ്യത്തിന്റെ അധീനതയിലും നിസിബിസ് ആയിരിക്കുകയില്ല. അവരെ നിസിബിസിൽ തുടരാൻ അനുവദിച്ചാൽ അവർ സ്വയം നശിപ്പിക്കും, തങ്ങൾ പാർക്കുന്ന നാടിനെയും നശിപ്പിക്കും.

ഞങ്ങൾ അങ്ങയുടെ പൈതൃകസിംഹാസനത്തോട് മത്സരിച്ചിരുന്ന കാലത്തും അവർ എന്നോട് മത്സരത്തിലായിരുന്നു. ഞാൻ സൂചിപ്പിച്ചതുപോലെ സെലൂഷ്യയ്ക്കും പേർഷ്യൻ രാജാവിനും അവർ എതിരാണ്. ഇവിടുത്തെ മർസ്ബാൻ ഈ മത്സരക്കാരെ സഹായിച്ചുകൊണ്ടിരുന്നു. അദ്ദേഹത്തിന് അവരുടെ ദുഷ്ടലക്ഷ്യങ്ങൾ കാണാൻ കഴിഞ്ഞില്ല. അവരുടെ ഉദ്ദേശ്യം ഞാൻ അദ്ദേഹത്തിന് വെളിപ്പെടുത്തി അദ്ദേഹം അവരുടെ രഹസ്യം അറിഞ്ഞാൽ, ഈ ദുഷ്ടമനുഷ്യരുടെ മത്സരത്തെപ്പറ്റി രാജാവിനെഴുതുകയും ഈ മനുഷ്യരുടെ മത്സരം നിമിത്തം എല്ലാ ക്രിസ്ത്യാനികൾക്കുമെതിരായി രാജാവ് കല്പന പുറപ്പെടുവിക്കുകയും ചെയ്യുമോ എന്നു ഞാൻ ഭയപ്പെട്ടു. അതുകൊണ്ട് കഴിവുള്ളിടത്തോളം ഈ കാര്യം ഗോപ്യമായി സൂക്ഷിക്കണം; പുറത്തുള്ളവരുടെ ചെവികളിൽ എത്താൻ ഇടയാകരുത്. അങ്ങയുടെ ദിവ്യവും മഹനീയവുമായ അധികാരത്താൽ അധികാരപൂർവം ഒരു മുടക്കു കല്പന അവർക്കയയ്ക്കണം. രോഗി തന്റെ രോഗത്തിൽ നിന്നു സുഖം പ്രാപിക്കാനായി ഡോക്ടർ ഓപ്പറേഷൻ നടത്തുന്നതുപോലെ അവരെ കുറ്റപ്പെടുത്തണം. അവർ വഴങ്ങിയില്ലെങ്കിൽ ഇക്കാര്യം ഭരണാധികാരികളോടും രാജാവിനോടും പറയും എന്നറിയിച്ച് ഭീഷണികൾ കൊണ്ട് അവരെ ഭയപ്പെടുത്തുകയും വേണം. അങ്ങയുടെ അറിവിന്റെ ഔന്നത്യത്തിന് ബലഹീനനായ ഞാൻ എഴുതിയ ഇത്രയും സംഗതികൾ മതി. ദൈവം തെരഞ്ഞെടുത്ത ശ്രേഷ്ഠനായ പിതാവേ, അങ്ങയുടെ പ്രാർത്ഥനകളിൽ രാപകൽ ഞങ്ങളെ അനുസ്മരിക്കണമെ. അങ്ങയുടെ പ്രാർത്ഥനകളാൽ വിടുതൽ ലഭിക്കാൻ ഈ നികൃഷ്ടദേശത്തെയും നിരന്തരമായി അനുസ്മരിച്ചാലും.

4. ശ്രേഷ്ഠനും വിശുദ്ധനും ക്രിസ്തുസ്നേഹിതനും ഞങ്ങളുടെ പിതാവുമായ അകാചിയൂസ് മെത്രാൻ—കാതോലിക്കോസിന്

www.malankaralibrary.com



സഹപ്രവർത്തകനായ ബർസൗമാ നമ്മുടെ കർത്താവിൽ ആശംസകൾ അയയ്ക്കുന്നു.

അങ്ങ് എനിക്ക് സ്നേഹപൂർവം അയച്ച കത്ത് കിട്ടി; ഞാനതു വായിച്ചു. അതിലെഴുതിയിരിക്കുന്നവയെല്ലാം എനിക്കു മനസ്സിലായി. വിശ്വാസികൾക്ക് സഹായകവും മതത്തിന് പ്രയോജനകരവുമായവയെല്ലാം നമ്മുടെ ജീവിതകാലമെല്ലാം നാം ചെയ്യുന്നതാണെന്നും അങ്ങേയ്ക്കു നൽകപ്പെട്ട പ്രാഥമ്യം പ്രയോജനരഹിതമായിത്തീരാൻ നാം അവസരമാകില്ല എന്നും പ്രതിജ്ഞ ചെയ്യുന്നു. വിശ്വാസികളുടെ ഇടയിൽ വിവിധ സ്ഥലങ്ങളിലുള്ള പള്ളികളിലുള്ള തർക്കങ്ങൾ മൂലം നമ്മെ അസ്വസ്ഥരാക്കുന്ന കുഴമറിച്ചിലുകളും ബഹളങ്ങളും ഇപ്പോൾ അവസാനിപ്പിക്കണമെന്ന് അങ്ങ് തീരുമാനിച്ചല്ലോ. മഹനീയനും ശ്രേഷ്ഠനുമായ ഖർദാഗ് നെക്കൊർഗാൻ മർസ്ബാനു ഞങ്ങളെ സംബന്ധിച്ച് ദയാലുവായ മഹാരാജാവിൽ നിന്നുള്ള ശാസനം ലഭിച്ചപ്പോൾ, റോമൻ – പേർഷ്യൻ അതിർത്തിയിൽ പല കാര്യങ്ങൾ സംഭവിക്കുകയും നമ്മുടെ നിരന്തരസാന്നിധ്യം അവശ്യാവശ്യമായി വരുകയും ചെയ്തതിനാൽ റോമൻ അധികാരികളിൽ ചിലർ അതിർത്തിയിലേക്ക് വരുന്നു എന്നും അതിർത്തി സംബന്ധിച്ച് സമാധാന ഉടമ്പടി ഉണ്ടാക്കാനായി ചർച്ചകൾ നടത്താൻ പോകുകയാണെന്നും അതിർത്തി സംബന്ധിച്ച കാര്യങ്ങളിൽ നിസിബിസ് മെത്രാൻ വിദഗ്ദ്ധനാണെന്നും അദ്ദേഹത്തിന്റെ സാന്നിധ്യം വളരെ അവശ്യാവശ്യമാണെന്നും അറിയിച്ചുകൊണ്ട് രാജകീയാരമനയിലേക്കു മറുപടി എഴുതി അയച്ചു ചർച്ചകളിലൂടെ പരിഹാരമുണ്ടാക്കാതെ അരമനയിലേക്ക് വരുവാൻ അദ്ദേഹത്തിന് സാധ്യമേയല്ല.

വീണ്ടും, ഞാൻ നേരത്തെ എഴുത്തിൽ എഴുതിയ സംഗതി ഇപ്പോൾ ഒന്നുകൂടി ഓർപ്പിച്ചുകൊള്ളട്ടെ: സത്യവിശ്വാസസ്ഥാപനത്തിനും നിലനില്പിനും വേണ്ടി വിശുദ്ധസഭയുടെ നിയമങ്ങൾക്കും ചട്ടങ്ങൾക്കും അനുസൃതമായി അങ്ങ് ചെയ്യുന്ന അങ്ങയുടെ കൗൺസിലിലെ എല്ലാ കാര്യങ്ങളും പരസ്പരമുള്ള ഒത്തുതീർപ്പുകളും നാമും നമ്മുടെ പ്രൊവിൻഷ്യൽ അധികാരത്തിൻ കീഴിലുള്ള മെത്രാന്മാരും ദൈവഭയത്തിന്റെ സന്മനോഭാവ



ത്തോടുകൂടി സ്വീകരിക്കുന്നതാണെന്ന് സമ്മതിക്കുന്നു. അതുകൊണ്ട്, മിശിഹായുടെ സഹായത്താൽ അങ്ങയുടെ കൗൺസിലിൽ ചെയ്യാൻ കഴിയുന്നവയെല്ലാം ആരംഭിച്ച്, ചെയ്ത്, പൂർത്തിയാക്കുക. നമ്മെയും നമ്മുടെ പ്രോവിൻസിലെ മെത്രാന്മാരെയും കാത്തിരിക്കേണ്ട കാര്യമില്ല. അങ്ങേയ്ക്കും അങ്ങയുടെ കൂടെയുള്ളവർക്കും നാമും നമ്മുടെ കൂടെയുള്ളവരും സമാധാനം ആശംസിക്കുന്നു. പിതാവേ, നമ്മുടെ കർത്താവിൽ ശക്തനായിരുന്നാലും. ഞങ്ങൾക്കുവേണ്ടി അപേക്ഷിച്ചാലും.

(കത്തുകൾ അവസാനിച്ചു)

(മറെറാരു കൈയെഴുത്തു പ്രതിയിൽ നിന്ന്)

5.1. വീണ്ടും മാർ അകാചിയുസ് കാതോലിക്കോസിന് ബർസൗമാ മെത്രാപ്പോലീത്താ എഴുതിയ കത്തു നാം പകർത്തുന്നു.

വന്ദ്യനും വിശുദ്ധനും ദൈവസ്നേഹിത നാഥനും നമ്മുടെ പിതാവുമായ അകാചിയുസ് ബിഷപ്പ്—കാതോലിക്കോസിന്, അങ്ങയുടെ സ്നേഹിതൻ ബർസൗമാ നമ്മുടെ കർത്താവിൽ ആശംസകൾ അയയ്ക്കുന്നു.

അങ്ങയുടെ മാധ്യസ്ഥ്യത്തിലൂടെയും നമ്മളിലൂടെയും എല്ലാ നല്ല കാര്യങ്ങളും പൂർത്തീകരിക്കപ്പെടണമെന്ന് നമ്മുടെ സഹോദരന്മാർ ആഗ്രഹം പ്രകടിപ്പിച്ചതിനാൽ നമ്മുടെ സഹോദരന്മാരോടുള്ള സ്നേഹത്തെ പ്രതിയും നമ്മുടെ തന്നെ മനശ്ശാന്തിക്കുവേണ്ടിയും ന്യായയുക്തമായവ നടപ്പാക്കുന്നതിനു വേണ്ടിയും അങ്ങയുമായുള്ള ഞങ്ങളുടെ യോജിപ്പ് ഞങ്ങൾ എപ്പോഴും വ്യക്തമാക്കുന്നു. ഇതു നമുക്ക് അത്ര എളുപ്പമുള്ള സംഗതിയല്ല– നാം ആഗ്രഹിക്കുന്ന ഉടനെ തന്നെ നടക്കാൻ പററില്ലല്ലോ — കാരണം, ആവശ്യമുള്ളിടത്തെല്ലാം പോകാൻ നമ്മെക്കൊണ്ടാവില്ല. നമ്മുടെ ശ്രേഷ്ഠസഹോദരനും കൂട്ടാളിയുമായ മാർ പൗലായുടെ പട്ടണങ്ങളിലുള്ളവർ അദ്ദേഹത്തോട് ശാന്തമായും സമാധാനമായും പെരുമാറുന്നതിന് വേണ്ടതു ചെയ്യുവാൻ ഞങ്ങൾ അങ്ങയോടപേക്ഷിക്കുന്നു. ഞങ്ങൾ സഹപ്രവർത്തകരും സ്നേഹിതരുമാണ്, ഞങ്ങൾ കത്തെഴുതി ശരിയാംവണ്ണം

www.malankaralibrary.com



അവരോടപേക്ഷിക്കുകയും ഉചിതമാംവിധം അവരോടു സംസാരിക്കുകയും ചെയ്യുമ്പോൾ അവർ അപ്രകാരം ആഗ്രഹിച്ച് ഞങ്ങളുടെ അപേക്ഷ സ്വീകരിക്കുകയും, മെത്രാനമായിരമ്യപ്പെട്ട് മുൻകാര്യങ്ങൾ ഓർക്കാതെ തലവനെന്ന നിലയിൽ സ്നേഹത്തിലും ബഹുമാനത്തിലും അദ്ദേഹത്തോട് പെരുമാറിയാൽ ഞങ്ങൾ അങ്ങയെ സ്തുതിക്കുകയും അങ്ങയുടെ കൃപയെ സ്വീകരിക്കുകയും ചെയ്യാം. എന്നാൽ അവർ കഠിനരായി വർത്തിച്ച് അനുസരിക്കാതിരുന്നാൽ... അങ്ങ് അവർക്കും അതുപോലെയുള്ളവർക്കും നൽകുന്ന ശിക്ഷ— അവർ അർഹിക്കുന്നതുപോലെയുള്ള മുടക്ക്—ഞങ്ങളും അംഗീകരിക്കുന്നു. ശക്തനായിരുന്ന് ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചാലും.

6.2. മാർ അകാചിയുസ് കാതോലിക്കോസ്— പാത്രിയർക്കീസിനു് അതേ മാർ ബർസൗമ.

വന്ദ്യനും വിശുദ്ധനും ക്രിസ്തുസ്നേഹിതനുമായ മാർ അകാചിയുസ് കാതോലിക്കോസ്— പാത്രിയർക്കീസിന് അങ്ങയുടെ സ്നേഹിതനായ ബർസൗമാ നമ്മുടെ കർത്താവിൽ ആശംസകൾ അയയ്ക്കുന്നു.

അങ്ങ് ചെയ്ത സംഗതികളെല്ലാം അംഗീകരിച്ചുകൊണ്ട് നാം അങ്ങേയ്ക്കെഴുതിയപ്പോൾ ദൈവസ്നേഹിതനും വത്സല സഹോദരനും സമൂഹത്തിന്റെ സഭാശുശ്രൂഷകനുമായ മാർ മാനാമെത്രാൻ സത്യവിശ്വാസ സംസ്ഥാപനാർത്ഥം അങ്ങ് ചെയ്യുന്ന മഹനീയ കാര്യങ്ങളെക്കുറിച്ചും, സഭാകാര്യങ്ങൾക്കുള്ള ചെലവുകളെക്കുറിച്ചും, എന്നോടു സംസാരിച്ചു. മാർ മാനാ വഴി ഞാൻ അങ്ങേയ്ക്ക് നൂറ് ഡാറിക് അയച്ചുകൊടുത്തിരുന്നു. എതിരാളികൾ ഒത്തുതീർപ്പാക്കാൻ തയാറായവ, തീരാതെ കിടക്കുകയാണെങ്കിൽ, അങ്ങയുടെ ചെലവിനായി 50 ഡാറിക് മാററിവച്ച് ഞാൻ കൊടുത്തുവിടാം. ദയവായി അത് സ്വീകരിച്ച്, പിതാവേ, ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിച്ചാലും. ഞങ്ങളുടെ തെററുകൾ ഓർക്കയുമരുത്.

പൗരസ്ത്യ കാതോലിക്കോസ്,—പാത്രിയർക്കീസ് മാർ അകാചിയുസിനുള്ള ബർസൗമയുടെ രണ്ട് കത്തുകൾ അവസാനിച്ചു.

## 2. മാർ ആബായുടെ സിനഡിന്റെ അനുബന്ധം

### രണ്ടാമത്തേത്:[1] സത്യവിശ്വാസ പ്രഖ്യാപനം

കിഴക്കിന്റെ പാത്രിയർക്കീസായ ആബാ കാതോലിക്കോസ് ദ്ദറാനാ, അശ്ഗാ,...അപ്രഹത്, ദ്ദറാനാ റായാഗ് സൂസാ നാട്ടിലെ ഗ്രാമങ്ങൾ, ബേത്—ഹ്ദസായേ നഗരം എന്നിവിടങ്ങളിലെ വൈദികർ, ഡീക്കന്മാർ, എല്ലാത്തരത്തിലും പെട്ട സന്യാസികൾ, എല്ലാ തരത്തിലുംപെട്ട അൽമായർ എന്നിവർക്ക് നമ്മുടെ പ്രതീക്ഷയും അഭിമാനവുമായ നമ്മുടെ കർത്താവ് യേശുമിശിഹായിൽ അഭിവാദനങ്ങൾ അർപ്പിക്കുന്നു.

ശാന്തനും കാരുണ്യവാനും നന്മകൾ പ്രവർത്തിക്കുന്നവനും ദൈവത്തിന്റെ കാരുണ്യത്താൽ ശരീരത്തിന്റെ ആരോഗ്യത്തിലും ആത്മാവിന്റെ സന്തോഷത്തിലും തന്റെ രാജ്യഭരണാധികാരത്തിൽ സംരക്ഷിക്കപ്പെടുന്നവനുമായ രാജാധിരാജൻ ഖുസ്രായുടെ ഭരണകാലത്തിലെ ഈ ഒന്നാം തെശ്രി മാസത്തിൽ പേർഷ്യയിൽ നിന്നു നാം നമ്മുടെ സഹോദരന്മാരായ മെത്രാന്മാരോടും മെത്രാപ്പോലീത്താമാരോടും കൂടെ പുറപ്പെട്ടു. വിവിധ നാടുകളിലും വിവിധ നഗരങ്ങളിലും കുഴപ്പം പിടിച്ചതും തിരുത്തൽ ആവശ്യമുള്ളതുമായ കാര്യങ്ങളിൽ ഞങ്ങൾ തിരുത്തൽ വരുത്തി. അങ്ങനെയിരിക്കെ ബേത്_ലാപാത്ത് നഗരത്തിലുള്ളവരായ നിങ്ങളെ സംബന്ധിച്ച് മാർ ഖുസ്രായിൽ നിന്ന് നമുക്കു പരാതി ലഭിച്ചു. ദൈവസ്നേഹമുള്ള നിങ്ങളുടെ തലവനും നേതാവുമെന്ന നിലയിൽ അർഹമായ അനുസരണം നിങ്ങൾ അദ്ദേഹത്തിനു നൽകുന്നില്ല എന്നതായിരുന്നു പരാതി. ...ശരിയായ വിശ്വാസത്തിനു്, അതിനാൽ...നിങ്ങളുടെ ജീവിതം, നാം നിങ്ങളുടെ പക്കൽ, നിങ്ങളുടെ പട്ടണത്തിലേക്കു വന്നു. നാമും ദൈവസ്നേഹമുള്ള മാർ പൗലോസ് മെത്രാപ്പോലീത്തായും മാർ ശെമോൻ, മാർ മിഹ്റ് നർസാ, മാർ

1. ഒന്നാമത്തേതിന്: മുകളിൽ പേജ് 102 കാണുക

www.malankaralibrary.com



ശീലാ, മാർ ഏലീശാ, മാർ ശെമഒൻ, മാർ അബ്രഹാം, മാർ ഖുസ്രാ എന്നീ മെത്രാന്മാരും. ഞങ്ങൾ ദൈവിക ലിഖിതങ്ങളിൽ നിന്നു പല കാര്യങ്ങളും നിങ്ങളെ പഠിപ്പിച്ചു. അവയിൽ നിന്നു് യഥാർത്ഥ വിശ്വാസ പ്രഖ്യാപനത്തെ സംബന്ധിച്ചു് ഞങ്ങൾ നിങ്ങളെ ഉദ്‌ബുദ്ധരാക്കി. അതിപ്രകാരമാണു്:

നിത്യനായ ഏകദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു. അവിടുന്നു് ആദിയും അന്തവും ഇല്ലാത്തവനാകുന്നു. അവിടുന്നു് ഇല്ലാതിരുന്ന ഒരു കാലമില്ല. അവിടുന്നു് നിത്യമായി നിലനിൽക്കുകയും എന്നെന്നേയ്ക്കും തുടരുകയും ചെയ്യുന്നു. മരണത്തിനോ മാററത്തിനോ അവിടുത്തെമേൽ ഒരു തരത്തിലും അധികാരമോ സ്വാധീനമോ ഇല്ല, ഒരിക്കലും ഉണ്ടായിരുന്നിട്ടുമില്ല. സൃഷ്ടിക്കപ്പെടാത്തവനും രൂപപ്പെടുത്തപ്പെടാത്തവനും അവിടുന്നു മാത്രമാണു്. അവിടുന്നു നമ്മുടെ എല്ലാ അസ്തിത്വങ്ങളുടെയും സ്വഭാവങ്ങളുടെയും നിർമ്മാതാവും സ്രഷ്ടാവുമാകുന്നു. അവിടുന്നു് ഏകൻ മാത്രം ആവശ്യങ്ങൾ ഇല്ലാത്തവനും നിർബന്ധങ്ങൾക്കു് അതീതനുമാകുന്നു. എല്ലാ ആവശ്യങ്ങളെയും തൃപ്തിപ്പെടുത്തുന്നതു് അവിടുന്നു് ആകുന്നു. അവിടുന്നു മാത്രമാണു് തന്റെ ഇംഗിതംകൊണ്ടു് എല്ലാത്തിനെയും പിടിച്ചു നിറുത്തുകയും ഭരിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതു്. അവിടുന്നാണു് പഴയനിയമവും പുതിയനിയമവും നമുക്കു നൽകിയതു്. അവിടുന്നു് അല്ലാതെ മറെറാരു ദൈവമില്ല. അവിടുന്നാണു് ആദിയും അന്ത്യവും. അവിടുന്നു് സർവ്വജ്ഞനും ജ്ഞാനദായകനുമാകുന്നു. പഴയ കാലങ്ങളിൽ പ്രവാചകന്മാർ വഴി പ്രാചീനർക്കു് അവിടുന്നു വെളിപ്പെടുത്തപ്പെട്ടു. സ്വഭാവത്തിന്റെ ഏകതയിലും രീതികളുടെ വൈവിധ്യത്തിലും അവിടുന്നു വെളിപ്പെടുത്തപ്പെട്ടു. അവസാന നാളുകളിൽ തന്റെ പുത്രനിലൂടെ അവിടുന്നു് നമ്മോടു സംസാരിച്ചു. ആ പുത്രനെ അവിടുന്നു് എല്ലാകാര്യങ്ങളിലും അനന്തരാവകാശിയാക്കി. നമ്മുടെ കർത്താവായ യേശുമിശിഹായാകുന്ന ആ പുത്രൻ. പരിശുദ്ധകന്യകമറിയത്തിൽ നിന്നു്, ഒരു പുരുഷനുമായുള്ള വിവാഹബന്ധംകൂടാതെ, പരിശുദ്ധാത്മാവിന്റെ ശക്തിയാൽ മനുഷ്യനായി പിറന്നു. "പരിശുദ്ധാത്മാവു് വരും; അത്യുന്നതന്റെ ശക്തി നിന്റെ



മേൽ ആവസിക്കും'' എന്നു് ഗബ്രിയേൽ മാലാഖ അവളോടു പറഞ്ഞതനുസരിച്ചാണു് ഇതു സംഭവിച്ചതു്. മിശിഹായാകുന്ന ഈ പുത്രൻ പ്രകൃതിയുടെയും മനുഷ്യവർഗ്ഗത്തിന്റെ തലയായ ആദത്തിന്റെയും കടങ്ങൾ വീട്ടുന്നതിനും മോശയുടെ നിയമങ്ങൾ പാലിക്കുന്നതിനും വേണ്ടി മുപ്പതുകൊല്ലം ഭൂമിയിൽ ജീവിച്ചു. "അവിടുന്നു് നിയമത്തിനു് അധീനനായിരുന്നു. നിയമത്തിന്റെ ശാപത്തിൽ നിന്നു നമ്മെ രക്ഷിക്കുകയും ചെയ്തു.'' എന്നു് വി. ലിഖിതം പറയുന്നുണ്ടല്ലോ. തന്റെ കുറവററ പരിപൂർണ്ണതമൂലമാണു് അവിടുന്നു് അതു സാധിച്ചതു്. അവിടുന്നു് മുപ്പതാമത്തെ വയസ്സിൽ അനുഗൃഹീതനായ യോഹന്നാനെ സമീപിക്കുകയും അദ്ദേഹത്തിൽ നിന്നു സ്നാനം സ്വീകരിക്കുകയും ചെയ്തു. തന്റെ ജ്ഞാനസ്നാനം കൊണ്ടു് അവിടുന്നു നമ്മുടെ ജ്ഞാനസ്നാനത്തെ പവിത്രീകരിച്ചു. ജ്ഞാനസ്നാനത്തിനുശേഷം സാത്താനോടുള്ള പോരാട്ടത്തിൽ, വിജനസ്ഥലത്തു നടത്തിയ നാല്പതുദിവസത്തെ ഉപവാസം മൂലം അവിടുന്നു വിജയിയായി. അനന്തരം അവിടുന്നു് വിശുദ്ധ അപ്പോസ്തോലന്മാരെ തെരഞ്ഞെടുക്കുകയും അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിക്കുകയും ചെയ്തു. തന്നെ ഈ ഭൂമിയിലേക്കു് അയച്ചവന്റെ ജോലി പൂർത്തിയാക്കിക്കഴിഞ്ഞപ്പോൾ —മനുഷ്യരെ പഠിപ്പിക്കുകയായിരുന്നു ആ ജോലി; താൻ പ്രവർത്തിച്ച നിരവധി അത്ഭുതങ്ങൾ കൊണ്ടു് തന്റെ അദ്ധ്യാപനം അവിടുന്നു സ്ഥിരീകരിക്കുകയും ചെയ്തു. —തന്റെ ശിഷ്യന്മാർക്കായി സ്വന്തം മാംസരക്തങ്ങളുടെ രഹസ്യം അവിടുന്നു് ഏർപ്പെടുത്തി. അനന്തരം പീഡാനുഭവവും മരണവും വഴി തന്റെ ദൗത്യത്തിനു് അവിടുന്നു മുദ്രവച്ചു. മരണത്തിന്റെ മൂന്നാം ദിവസം തന്റെ ദിവ്യത്വത്തിന്റെ ശക്തികൊണ്ടു് അവിടുന്നു മരണത്തിന്മേൽ വിജയം നേടി. ദുഷ്ടരായ യഹൂദരോടു പറഞ്ഞിരുന്നതുപോലെ മൂന്നാംദിവസം അവിടുന്നു പുനരുത്ഥാനം ചെയ്തു: "നിങ്ങൾ ഈ ദേവാലയം നശിപ്പിക്കുക. ഞാൻ മൂന്നാംദിവസം അതു വീണ്ടും ഉയർത്തും." സുവിശേഷകൻ വ്യാഖ്യാനിക്കുന്നതുപോലെ, തന്റെ ശരീരമാകുന്ന ദേവാലയത്തെക്കുറിച്ചാണു് അവിടുന്നു് അതു പറഞ്ഞതു്. തന്റെ ശരീരമാകുന്ന ആ ദേവാലയം യഹൂദന്മാർ നശിപ്പിക്കുകയും അവിടുന്നു് മരണവും മാററവുമില്ലാത്ത ജീവനിൽ അതു നിർമ്മിക്കുകയും

www.malankaralibrary.com



ചെയ്തു. മരിച്ചവരിൽ നിന്നു് ഉത്ഥാനം ചെയ്തുകഴിഞ്ഞപ്പോൾ അവിടുന്നു തന്റെ ശിഷ്യന്മാർക്കു പ്രത്യക്ഷനാകുകയും തന്റെ ഉത്ഥാനം അവർക്കു് ഉറപ്പാക്കിക്കൊടുക്കുകയും ചെയ്തു. അവിടുന്നു് അവരോടു പറഞ്ഞു, "എന്നെ സ്പർശിക്കുക. ഒരു ഭൂതത്തിനു് എനിക്കുള്ളതുപോലെ മാംസവും അസ്ഥികളും ഇല്ലെന്നു മനസ്സിലാക്കുക". നാല്പതു ദിവസങ്ങൾക്കു ശേഷം തന്റെ ശിഷ്യന്മാർ നോക്കി നിൽക്കെ അവിടുന്നു് സ്വർഗ്ഗാരോഹണം ചെയ്തു. ആ ശിഷ്യന്മാരോടു് മാലാഖമാർ പറഞ്ഞു, "നിങ്ങളിൽ നിന്നു സ്വർഗ്ഗത്തിലേയ്ക്കു് എടുക്കപ്പെട്ട യേശു സ്വർഗ്ഗത്തിലേയ്ക്കു കയറിപ്പോകുന്നതു നിങ്ങൾ കണ്ടതുപോലെ തന്നെ, മരിച്ചവരെ ഉയിർപ്പിക്കുന്നതിനും എല്ലാ ജീവികളെയും വിധിക്കുന്നതിനുവേണ്ടി തന്റെ മാലാഖമാരുടെ മഹത്വത്തോടെ ലോകാവസാനത്തിൽ തിരികെ വരും". "തന്റെ യഥാർത്ഥ ശരീരത്തിൽ—അതായതു് പൂർണ്ണമായ മനുഷ്യത്വത്തിൽ— തിരികെവരും" എന്നു് അവർ പറഞ്ഞിരിക്കും. "ദൈവം ലോകത്തെ മുഴുവൻ നീതിയിൽ വിധിക്കാൻ പോകുന്നു" എന്നു് എഴുതപ്പെട്ടിരിക്കുന്നു. അതിനായി താൻ വേർതിരിച്ചിട്ടുള്ള ആളിലൂടെയാണു് ഇതു നിർവ്വഹിക്കാൻ പോകുന്നതു്. മരണത്തിൽ നിന്നു് ഉയിർപ്പിച്ചതു വഴി തന്നിലേയ്ക്കുള്ള വിശ്വാസത്തിലേയ്ക്കു് ദൈവം എല്ലാവരേയും നയിച്ചു. പെന്തക്കുസ്താ ദിവസങ്ങളുടെ സമാപനത്തിൽ അവിടുന്നു് തന്റെ ശിഷ്യന്മാരുടെ പക്കലേയ്ക്കു് തീനാവുകളുടെ ആകൃതിയിൽ പരിശുദ്ധാത്മാവിനെ അയച്ചു. "മുകളിൽ നിന്നുള്ള ശക്തിയാൽ ആച്ഛാദനം ചെയ്യപ്പെട്ടതിനു ശേഷമല്ലാതെ നിങ്ങൾ ജറുസലേം വിട്ടുപോകരുതു്". പരിശുദ്ധാത്മാവിന്റെ ശിഷ്യന്മാർക്കു നൽകിയതിനു ശേഷം അവിടുന്നു് അവരെ എല്ലാ സത്യങ്ങളും പഠിപ്പിച്ചു. "ആശ്വാസദായകനായ പരിശുദ്ധാത്മാവു വരുമ്പോൾ അവൻ നിങ്ങളെ എല്ലാ സത്യങ്ങളും പഠിപ്പിക്കും" എന്നു് നമ്മുടെ കർത്താവു് അവരോടു പറഞ്ഞിരുന്നതനുസരിച്ചാണു് ഇതു സംഭവിച്ചതു്.

പരിശുദ്ധാത്മാവു് അവിടുത്തെ ശിഷ്യന്മാരെ പഠിപ്പിച്ച സത്യം പരിശുദ്ധ ത്രിത്വത്തെ സംബന്ധിച്ച തത്വമല്ലാതെ മറ്റെന്താണു്? അതു് ആദ്യം എല്ലാ സൃഷ്ടികളിലും നിന്നു മറയ്ക്കപ്പെട്ടിരുന്നു. പിന്നീടു് പഴയനിയമത്തിൽ പ്രതീകാത്മ



കമായി പ്രതിപാദിക്കപ്പെട്ടു. നമ്മുടെ കർത്താവിന്റെ ജ്ഞാനസ്നാനത്തിൽ ഒരു ചിത്രത്തിൽ എന്നപോലെ വ്യക്തമാക്കപ്പെട്ടു. ജ്ഞാനസ്നാനം സ്വീകരിച്ചയാൾ പുത്രനായിട്ടും അവിടുത്തേയ്ക്കു് സാക്ഷ്യം വഹിച്ചയാൾ പിതാവായിട്ടും പ്രാവിന്റെ രൂപത്തിൽ പുത്രന്റെ മേൽ ഇറങ്ങി വന്നയാൾ പരിശുദ്ധാത്മാവായിട്ടും വെളിപ്പെടുത്തപ്പെട്ടു. ഇതുതന്നെയാണു് ത്രിത്വമെന്ന രഹസ്യം. അതിനെക്കുറിച്ചു് നമ്മുടെ കർത്താവു് തന്റെ ഉത്ഥാനത്തിനുശേഷം ശിഷ്യന്മാരോടു പറഞ്ഞിരുന്നു: "നിങ്ങൾ പോയി എല്ലാ ജാതികളെയും ശിഷ്യപ്പെടുത്തുകയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെടുത്തുകയും ചെയ്യുവിൻ". ഈ കാര്യങ്ങൾ ശിഷ്യന്മാർക്കു് അറിയിക്കപ്പെട്ടതു പരിശുദ്ധാത്മാവിന്റെ അനുഗ്രഹം കൊണ്ടുതന്നെയാണു്. മിശിഹാ വെറുമൊരു സാധാരണ മനുഷ്യനോ, താൻ, വെളിപ്പെടുത്തപ്പെട്ട മനുഷ്യത്വം നീക്കിയ ദൈവമോ അല്ല, പിന്നെയോ ദൈവവും മനുഷ്യനുമാണെന്നു്, ദൈവത്വത്താൽ അഭിഷേകം ചെയ്യപ്പെട്ട മനുഷ്യത്വമാണെന്നു് അവിടുന്നു് അവരെ പഠിപ്പിച്ചു. എഴുതപ്പെട്ടിരിക്കുന്നതുപോലെ "ഇക്കാരണത്താൽ നിന്റെ ദൈവമായ ദൈവം നിന്റെ കൂട്ടുകാരേക്കാൾ കൂടുതലായി ആനന്ദതൈലം കൊണ്ടു് നിന്നെ അഭിഷേകം ചെയ്തിരിക്കുന്നു". തന്റെ മനുഷ്യത്വത്തിന്റെ വെളിപ്പെടുത്തലായിരുന്നതു്. വീണ്ടും, "ആദിയിൽ വചനമുണ്ടായിരുന്നു", ഇതു് അവിടുത്തെ ദൈവത്വം വ്യക്തമാക്കുന്നതാണു്. അതു് നിത്യമായി എന്നെന്നും നിലനില്ക്കുന്നതാകുന്നു. ദൃശ്യവും അദൃശ്യവുമായ എല്ലാററിനെയും അവിടുന്നു സൃഷ്ടിച്ചു; ആരംഭമോ മാററമോ വികാരമോ വിഭജനമോ കൂടാതെ മൂന്നു് ആളുകളിലായി സ്ഥിതിചെയ്യുന്നു. അവിടുന്നു പിതാവും പുത്രനും പരിശുദ്ധാത്മാവുമാകുന്നു. ഈ ത്രിത്വത്തെക്കുറിച്ചു നമ്മെ അറിയിച്ചതു് നമ്മുടെ കർത്താവാകുന്നു. "ദേവാലയം തകർക്കുക" എന്നു് അവിടുന്നു തന്നെക്കുറിച്ചുതന്നെ പറഞ്ഞു. താൻ ധരിച്ചിരുന്ന മനുഷ്യത്വത്തെക്കുറിച്ചാണു് അവിടുന്നു് അങ്ങനെ പറഞ്ഞതു്. വീണ്ടും "എന്നിൽ വസിക്കുന്ന എന്റെ പിതാവാണു് ഈ കാര്യങ്ങൾ ചെയ്യുന്നതു്" എന്നും അവിടുന്നു പറഞ്ഞു. വീണ്ടും, തന്നിൽ വസിക്കുന്ന പരിശുദ്ധാത്മാവിനെക്കുറിച്ചു് അവിടുന്നു പറഞ്ഞു, "കർത്താ

www.malankaralibrary.com



വിന്റെ ആത്മാവ് എന്റെ മേലുണ്ട്; ഇതുകാരണമായി അവിടുന്ന് എന്നെ അഭിഷേകം ചെയ്തു".

കണ്ടാലും, മിശിഹാ എന്നപേരിൽ നിന്ന് നാം പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും കുറിച്ച് മനസ്സിലാക്കി. അതിൽ നിന്നുതന്നെ അവിടുത്തെ മനുഷ്യത്വത്തെക്കുറിച്ചും നാം മനസ്സിലാക്കി. അതിലാണ് ക്രിസ്തീയതയുടെ പ്രഖ്യാപനത്തിന്റെ മുഴുവൻ മുദ്ര. ഇപ്രകാരം ഏറ്റുപറയാത്തവരെല്ലാം ശപിക്കപ്പെടട്ടെ. പരിശുദ്ധവും മാറ്റങ്ങൾക്കതീതവുമായ ത്രിത്വത്തിൽ നാലാമതൊരാളെ പ്രവേശിപ്പിക്കാൻ ഉദ്യമിക്കുന്നവൻ ശപിക്കപ്പെടട്ടെ. കാലപൂർത്തിയിൽ നമ്മുടെ കർത്താവായ യേശുമിശിഹായായി ആ ഏകജാതൻ മനുഷ്യശരീരത്തിൽ പ്രത്യക്ഷീകൃതനായി എന്ന് ഏറ്റുപറയാത്തവൻ ശപിക്കപ്പെടട്ടെ. മിശിഹായുടെ മനുഷ്യത്വത്തിലെ സഹനവും മരണവും അവിടുത്തെ ദൈവത്വത്തിന്റെ നിത്യതയും ഏറ്റുപറയാത്തവൻ ശപിക്കപ്പെട്ടവനാകട്ടെ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ പ്രാർത്ഥന മുദ്രവയ്ക്കുമ്പോൾ മറ്റൊരുനാമം അതോടുകൂടെ ചേർത്തു പറയുന്നവൻ, അഥവാ പുത്രൻ എന്നവാക്കിൽ മിശിഹായുടെ ദൈവത്വവും മനുഷ്യത്വവും ഉള്ളടങ്ങുന്നു എന്നു വിശ്വസിക്കാത്തവൻ, അഥവാ ത്രിത്വത്തെ ഏറ്റുപറയാത്ത വിധത്തിൽ മിശിഹായുടെ നാമത്തിൽ ഒരു പ്രാർത്ഥന മുദ്രവയ്ക്കുന്നവൻ ശപിക്കപ്പെട്ടവനാകട്ടെ.

ഇപ്പോൾ നിങ്ങളുടെ മുമ്പിൽ ഞങ്ങൾ പ്രസ്താവിച്ചതും നിങ്ങൾ സ്വീകരിച്ചതുമായ ഈ വിശ്വാസത്തെക്കുറിച്ചു ജാഗ്രതയുള്ളവരായിരിക്കുക. ആരെങ്കിലും നിങ്ങളെ ഏതെങ്കിലും വിധത്തിൽ വഴിതെറ്റിക്കാനും നിങ്ങൾ ഈ സത്യവിശ്വാസത്തിൽ നിന്നു പിന്തിരിയാനും മിശിഹായുടെ കുടുംബത്തിൽ നിന്ന് അകന്നുപോകാനും ഇടയാകാതിരിക്കട്ടെ. നിങ്ങൾ അതിൽത്തന്നെ സ്ഥിരമായി നിന്നാൽ രക്ഷകനായ മിശിഹായുടെ അനുഗ്രഹം എന്നും നിങ്ങളുടെ മേൽ ഉണ്ടായിരിക്കും. ശക്തരായിരിക്കുവിൻ.



## 2. ആറാമത്തേത്:[2] സഭാധ്യക്ഷനെപ്പറ്റി

വിയപ്പുകൊണ്ടും വളരെ ക്ലേശങ്ങൾ കൊണ്ടും ക്രമീകരിക്കപ്പെട്ട നിയമങ്ങളിൽ കുഴപ്പമുണ്ടാകാതിരിക്കാനും സഭയിൽ കലഹങ്ങൾ ഉണ്ടാകാതിരിക്കാനുമായി പാത്രിയർക്കീസ് ആബായായ ഞാനും മെത്രാപ്പോലീത്താമാരും മെത്രാന്മാരുമായ ഞങ്ങളും താഴെ പറയുന്നവിധം കല്പിക്കുകയും നിശ്ചയിക്കുകയും ചെയ്യുന്നു. അനാദ്യനായ പിതാവിന്റെയും അവിടുത്തെ നിത്യസുതനായ വചനത്തിന്റെയും അവിടുത്തെ പരിശുദ്ധാത്മാവിന്റെയും അധികാരത്തിൽ ഞങ്ങൾ ബന്ധിതരാകുകയും ശപഥം ചെയ്യുകയും ചെയ്യുന്നു: ശപിക്കപ്പെട്ടവരോ, ശിക്ഷാർഹരോ, ഭരണാധികാരത്തിൽ ആസക്തരോ, തങ്ങളെത്തന്നെയോ പണത്തെയോ ഭോഗസുഖങ്ങളെയോ ദൈവത്തെക്കാളധികമായി സ്നേഹിക്കുന്നവരോ സഭയുടെ അധികാരത്തിൽ പ്രതിഷ്ഠിക്കപ്പെടരുത്. അങ്ങനെയുള്ളവർ എന്റെ കാലശേഷം എന്റെ സിംഹാസനത്തിലിരിക്കാനോ പാത്രിയർക്കാ സ്ഥാനം കയ്യാളാനോ അനുവദിക്കപ്പെടരുത്. കത്തോലിക്കാ പ്രോവിൻസിൽപ്പെട്ട മെത്രാന്മാർ ചേർന്ന് അവരുടെയും രണ്ടു നഗരങ്ങളുടെയും സമ്മതത്തോടെ ഒരാളെ ബേത്-ലാപ്പാത് മെത്രാപ്പോലീത്തായുടെ പക്കലേയ്ക്ക് അയയ്ക്കണം. ആ മെത്രാപ്പോലീത്താ കാനോനികമായും നമ്മുടെ വേർപാടിനു മുമ്പായി നമ്മുടെ സമ്മതത്തോടു കൂടിയും തെരഞ്ഞെടുക്കപ്പെട്ടയാളാണെങ്കിൽ—അതിനുശേഷം പേരാത് ദ്മൈശാൻ, അതിനുശേഷം അർബേൽ, അതിനുശേഷം കർക്കാദ്ബേത് സ്ലോക്ക്. അവരിൽ നാലുപേരു—കുറഞ്ഞത് മൂന്നുപേരെങ്കിലും—മുകളിൽ പറഞ്ഞ നാലു പ്രോവിൻസിലും നിന്ന് മുമ്മൂന്നു മെത്രാന്മാരോടുകൂടി, രണ്ടു നഗരങ്ങളുടെ സമ്മതത്തോടെ ഒരാളെ തെരഞ്ഞെടുക്കണം. കപട പ്രകടനങ്ങളിൽ നിന്നു വിമുക്തനും പരിശുദ്ധമായ വിശ്വാസം സംരക്ഷിക്കുന്നതിൽ വിശ്വസനീയനും സത്യവിശ്വാസം ഏറ്റുപറയുന്നതിൽ സമർത്ഥനും സഭയുടെ നിയമങ്ങളെ തന്റെ ജീവനേക്കാൾ പ്രധാനമായി കരുതി ആചരിക്കുന്നവനും വിശുദ്ധിയോടും ചാരിത്ര്യശുദ്ധിയോടും കൂടെ ഭരിക്കാൻ പ്രാപ്തനും ആയ

2. മൂന്നും നാലും അഞ്ചും മുകളിൽ പേജ് 121 - 147.

www.malankaralibrary.com



ആളിനെയാണു തെരഞ്ഞെടുക്കേണ്ടതു്. അവർ അയാളെ നമ്മുടെ വിശുദ്ധ പിതാക്കന്മാരുടെ പാരമ്പര്യമനുസരിച്ച് കോക്കെയിലെ ദേവാലയത്തിൽ വാഴിക്കട്ടെ. നമ്മുടെ വേർപാടിനുശേഷം നമ്മുടെ സ്ഥാനം വഹിക്കുന്നതിനുവേണ്ടി അവർ അയാളെ കാതോലിക്കോസിന്റെ സിംഹാസനത്തിൽ ഇരുത്തട്ടെ. പരിശുദ്ധ ത്രിത്വത്തിന്റെ കാരുണ്യം അദ്ദേഹത്തെ എല്ലാവർക്കും മീതെ ഉയർത്തുകയും സംരക്ഷിക്കുകയും സഹായിക്കുകയും ക്രൈസ്തവ സമൂഹത്തിലെ ജനങ്ങളെ ദൈവത്തിന്റെയും അവിടുത്തെ മിശിഹായുടെയും അവിടത്തെ പരിശുദ്ധാത്മാവിന്റെയും മഹത്വത്തിനായി ഭരിക്കാൻ അദ്ദേഹത്തെ ശക്തനാക്കുകയും ചെയ്യട്ടെ. എന്നാൽ എന്റെ നിര്യാണത്തിനുശേഷം, ഞാൻ പറയുകയും ആജ്ഞാപിക്കുകയും ചെയ്തതിൽ നിന്നു വ്യത്യസ്തമായി ഈ കാര്യങ്ങൾ ആരെങ്കിലും നിർവ്വഹിച്ചാൽ അങ്ങനെ ചെയ്യുന്നവരുടെ മേൽ സ്വർഗ്ഗത്തിൽ നിന്നു ദൈവത്തിന്റെ കോപം നിപതിക്കട്ടെ. അവരോടു സഹകരിക്കുന്നവരുടെ മേലും സമസ്ത ക്രൈസ്തവസമൂഹത്തിന്റെയും ആമ്മേനോടുകൂടി ദൈവകോപം ഉണ്ടാകട്ടെ.

നമ്മുടെ കാലശേഷം നിർവഹിക്കപ്പെടുന്നതിനുവേണ്ടി നമ്മുടെ "കർത്താവിന്റെ വചന"ത്താൽ ഈ കാര്യങ്ങൾ നാം ശാസിക്കുകയും ആജ്ഞാപിക്കുകയും ചെയ്യുന്നു.

(ഇക്കാര്യങ്ങളും) ഇവയ്ക്കുമുമ്പായി നാം എഴുതിയ കാര്യങ്ങളും നാം നിങ്ങൾക്ക് അയച്ചുതന്നു. തന്റെ അമൂല്യമായ രക്തം കൊണ്ടു തന്റെ സഭയെ രക്ഷിച്ച കർത്താവ്...... രണ്ടു നഗരങ്ങളിലെയും വൈദികരും വിശ്വാസികളായ അൽമായരും ......നിങ്ങൾ ഇക്കാര്യത്തിൽ ആജ്ഞാപിക്കാൻ ഉപേക്ഷ വിചാരിക്കരുത് ...ഇക്കാര്യത്തിൽ ...... നേതൃത്വം ...സ്സുളിന്റെ ......അങ്ങനെയല്ലാതെ "നമ്മുടെ കർത്താവിന്റെ വചനത്താൻ മററാർക്കും അനുവാദമില്ല ......കൗൺസിലിൽ നമ്മുടെ അനുവാദമില്ലാതെ മററാരും ...... സഹോദരന്മാരുടെ ഇടയിൽ കുഴപ്പം......

നമ്മുടെ കർത്താവായ യേശു മിശിഹായുടെ കൃപാവരം നിങ്ങൾ എല്ലാവരുടെയും മേൽ ചൊരിയപ്പെടട്ടെ. മനുഷ്യവംശത്തിന്റെ ശത്രുവിൽ നിന്നകററി അതു നിങ്ങളെ



നമ്മോടൊത്തു നിലനിർത്തട്ടെ. സഭയിൽ സമാധാനത്തിനുവേണ്ടിയും, കാരുണ്യവാനും സമാധാനകാരകനും എല്ലാവർക്കും നന്മചെയ്യുന്നവനും ദൈവ കാരുണ്യത്താൽ സംരക്ഷിക്കപ്പെടുന്നവനുമായ രാജാധിരാജൻ ഖുസ്രായുടെ ആയുസ്സിനും നിലനിൽപ്പിനും രക്ഷയ്ക്കും വേണ്ടി പ്രാർത്ഥിക്കുവിൻ.

ഞങ്ങൾ ഈ ലിഖിതങ്ങൾ രചിക്കുകയും മുദ്രവയ്ക്കുകയും സാധുവാക്കുകയും ചെയ്തിരിക്കുന്നു; പാത്രിയർക്കീസായ ഞാനും മെത്രാപ്പോലീത്താമാരും മെത്രാന്മാരുമായ ഞങ്ങളും. "ദൈവവചന"ത്താൽ ഈ ലിഖിതങ്ങളിൽ ആജ്ഞാപിക്കപ്പെടുകയും സ്ഥാപിക്കപ്പെടുകയും ചെയ്തിട്ടുള്ള പാത്രീയർക്കീസ് സ്ഥാനത്തെയും മെത്രാപ്പോലീത്തൻ സ്ഥാനത്തെയും സംബന്ധിച്ച നിയമങ്ങളും കല്പനകളും അനുസരിച്ചാണ് ഞങ്ങൾ ഇതു ചെയ്തിട്ടുള്ളതു്. ആ നിയമങ്ങൾ എക്കാലവും നിറവേററപ്പെടാൻ ഇടയാകട്ടെ. ഈ രീതികൾ അനുസരിച്ചല്ലാതെ അഭിഷിക്തനാകുന്നയാൾ അയാളുടെ അഭിഷേകത്തിൽ നിന്ന് അഴിക്കപ്പെടുകയും അകററപ്പെടുകയും ചെയ്യും—അയാളെ അഭിഷേകം ചെയ്യുന്നവർക്കും അതേ ശിക്ഷ ലഭിക്കും. എന്റെ വേർപാടിനുശേഷം, ഈ ലിഖിതങ്ങളിൽ ഇവിടെ നിർദ്ദേശിച്ചിട്ടുള്ളതിൽ നിന്നു വ്യത്യസ്തമായി മറെറാരു പാത്രീയർക്കീസ് പ്രതിഷ്ഠിക്കപ്പെടുകയാണെങ്കിൽ അയാളും അയാളെ അഭിഷേകം ചെയ്തവരും അഴിക്കപ്പെടുകയും നീക്കപ്പെടുകയും ചെയ്യും. കോക്കേയിലെ വലിയ ദേവാലയത്തിൽ വച്ചല്ലാതെ മറെറവിടെ വച്ചെങ്കിലും അയാൾ അഭിഷിക്തനാവുകയാണെങ്കിലും, ഈ ലിഖിതങ്ങളിലെ നിർദ്ദേശങ്ങൾ ലംഘിച്ച് മെത്രാപ്പോലീത്താമാരും മെത്രാന്മാരും അയാളെ അഭിഷേകം ചെയ്യുകയാണെങ്കിലും നാം നിർദ്ദേശിച്ചതിൽ നിന്നു വ്യത്യസ്തമായ മറേറതെങ്കിലും, വിധത്തിൽ അയാൾ അഭിഷേകം സ്വീകരിക്കുകയാണെങ്കിലും അയാൾ മഹത്തായ ഈ ശുശ്രൂഷാസ്ഥാനത്തു നിന്ന് അഴിക്കപ്പെടുകയും നീക്കപ്പെടുകയും ചെയ്യും. പൗരോഹിത്യത്തിന്റെ എല്ലാ പദവികളിൽനിന്നും അയാൾ നീക്കപ്പെടും. അയാളെ അഭിഷേകം ചെയ്തവർക്കും ഇതേ ശിക്ഷ നൽകപ്പെടും. പിതാവും പുത്രനും പരിശുദ്ധാത്മാവുമാകുന്ന മഹത്വപൂർണ്ണമായ ത്രിത്വത്തിന്റെ ആജ്ഞയാൽ അവർ എന്നെന്നേയ്ക്കുമായി ശപിക്കപ്പെടുകയും ചെയ്യും. ആമ്മേൻ.

www.malankaralibrary.com



ഈ ലിഖിതങ്ങൾക്ക്......അയാൾക്ക് അനുവദിക്കപ്പെട്ടിട്ടുള്ള...പരിശുദ്ധ പാത്രിയർക്കീസ് മാർ ആബാ, ബേത് ദാറായേ മെത്രാൻ മർക്കോസ്...മാർ...മെത്രാൻ മേദിയാ മെത്രാൻ മാർ അകാചിയുസ്.

## കാനോനകൾ

വീണ്ടും പാത്രിയർക്കീസ് മാർ ആബായും അദ്ദേഹത്തോടൊപ്പം സമ്മേളിച്ച മെത്രാന്മാരും ചേർന്നു നടപ്പാക്കിയ നിയമങ്ങൾ.

ഈ നിയമങ്ങൾ താഴെ പറയുന്ന സൂനഹദോസുകളിൽ നിന്നുള്ളവയാണ്. നിഖ്യായിൽ സമ്മേളിച്ച മുന്നൂറററിപ്പതിനെട്ടു പിതാക്കൻമാരുടെ സിനഡ്, കപ്പഡോഷ്യായിലെ കേസറിയായിലുള്ള ഗലാത്തിയായിലെ, അൻസീറായിൽ നടന്ന സിനഡ്, നെയോചെസറിയായിൽ നടന്ന സിനഡ്, ഗാൻഗ്രായിൽ നടന്ന സിനഡ്, അന്ത്യോക്യയിലെ ദേവാലയത്തിന്റെ കൂദാശയോടനുബന്ധിച്ച നടന്ന സിനഡ്, കാൽസീഡണിൽ സമ്മേളിച്ച അഞ്ഞൂററി അറുപത്തേഴ് മെത്രാന്മാരുടെ സിനഡ്, കാതോലിക്കോസ് മാർ ഇസ്ഹാക്കിന്റെ കാലത്ത് സെലൂഷ്യസ്റ്റെസിഫണിൽ നടന്ന കിഴക്കിന്റെ സിനഡ്, പരിശുദ്ധ മാർ ആബായുടെ സിനഡ്.

1. ഒരു മെത്രാനോ നഗരത്തിലെ വൈദികനോ സന്നിഹിതനായിരിക്കുമ്പോൾ ഗ്രാമത്തിൽ നിന്നുള്ള വൈദികർ നഗരത്തിലെ ദേവാലയങ്ങളിൽ വച്ച് കുർബാന അർപ്പിക്കാൻ പാടില്ല. അവർ ശുശ്രൂഷയിൽ കുർബാന കൊടുക്കാനും പാടില്ല. നഗരത്തിലെ വൈദികർ വളരെ അകലെ ആയിരിക്കുകയും അയാൾ മാത്രം സ്ഥലത്തുണ്ടായിരിക്കുകയും ചെയ്താൽ സമർപ്പണം നൽകാം.[3]

2. ഏതെങ്കിലും പള്ളിയിലെ ഒരു വൈദികനോ ഡീക്കനോ അഥവാ നഗരത്തിലെ വൈദിക സമൂഹത്തിൽപ്പെട്ട ഓരാളോ തന്റെ സ്ഥലം വിട്ടു വേറൊരിടത്തേക്കു പോവുകയാണെങ്കിൽ, അഥവാ അങ്ങനെയൊരാൾ അവധിയെടുത്തു

3. നെയോ, ചെസാറിയ, കാനൻ, 13;



പോവുകയും മറെറാരു സ്ഥലത്തു ദീർഘകാലം തങ്ങുകയും ചെയ്യുകയാണെങ്കിൽ, അയാൾ തന്റെ സ്ഥാനത്തു തുടരരുത്. പ്രത്യേകിച്ചും, തന്റെ അടുത്തു തിരിച്ചു വരുകയും സ്വന്തം സ്ഥലത്തേയ്ക്കു തിരിച്ചുപോവുകയും ചെയ്യാൻ മെത്രാൻ ഉപദേശിച്ചിട്ട് പ്രസ്തുത വൈദികൻ ആ ഉപദേശം സ്വീകരിക്കാതെ അനുസരണക്കേടിൽ തുടരുകയാണെങ്കിൽ അയാളെ ആ ജോലിയിൽ നിന്നും എല്ലാ ശുശ്രൂഷകളിൽ നിന്നും പൂർണ്ണമായി നീക്കിക്കളയണം.[4]

3. വൈദികന്റെ സാന്നിദ്ധ്യത്തിൽ ഡീക്കൻ ഇരിക്കുന്നതു് ഉചിതമല്ല. വൈദികന്റെ നിർദ്ദേശമനുസരിച്ച് അയാൾക്ക് ഇരിക്കാം. അതുപോലെ തന്നെ ഡീക്കന്മാർക്കു് സബ്ഡീക്കന്മാരിൽ നിന്നും എല്ലാ വൈദികസമൂഹത്തിൽ നിന്നും ബഹുമാനം ലഭിക്കണം.[5]

4. സബ് ഡീക്കൻ, ഡീക്കൻ എന്നു ഭാവിച്ചുകൊണ്ട് ഊറാറാ ധരിക്കുന്നതും ആരാധനക്രമം നടക്കുന്ന സമയത്ത് ദേവാലയത്തിന്റെ വാതില്ക്കൽ നിന്നു പോകുന്നതു ഉചിതമല്ല.[6]

5. സബ് ഡീക്കന്മാർക്ക് ദിയാക്കോണിയനിൽ സ്ഥാനം നൽകാൻ പാടില്ല. അവർ പരിശുദ്ധ സ്ഥലത്തെ പാത്രങ്ങൾ സ്പർശിക്കാനും പാടില്ല.[7]

6. പള്ളിയിൽ വച്ചായാലും വീടുകളിൽ വച്ചായാലും മെത്രാന്റെ അനുവാദം ലഭിക്കാതെ ആരും പിശാചുബാധ ഒഴിപ്പിക്കുന്ന കർമ്മം ചെയ്യുന്നതുചിതമല്ല.[8]

7. പുണ്യസമ്പ്രദായമാണെന്നു കരുതിയിട്ടോ വെറുപ്പിന്റെ അടയാളമായിട്ടോ ഒരാൾ ഞായറാഴ്ച ഉപവസിക്കുകയാണെങ്കിൽ അയാൾ ശപിക്കപ്പെടട്ടെ.[9]

8. ഏതെങ്കിലും സ്ത്രീ പുണ്യസമ്പ്രദായമാണെന്നു ധരിച്ചിട്ടോ താൻ വലിയ നീതിശാലിനിയാണെന്ന വിചാര

4. അന്ത്യോക്യ, കാനൻ, 3.
5. ലവദീക്യ, കാനൻ, 20.
6. ലവ. 22.
7. ലവ. 21.
8. ലവ 26.
9. ഗംഗ്ര, കാനൻ, 18.

www.malankaralibrary.com



ത്താലോ അവളുടെ ശുദ്ധമായ വസ്ത്രം ഉപേക്ഷിച്ച് പുരുഷന്മാരുടെ വസ്ത്രം ധരിച്ചാൽ അവൾ ശപിക്കപ്പെടട്ടെ.[10]

9. ബലിയർപ്പിക്കപ്പെട്ടതോ ശ്വാസം മുട്ടിച്ചുകൊല്ലപ്പെട്ടതോ രക്തമോ ഒഴികെ നിഷ്കളങ്കമായ മാംസം ഭക്ഷിക്കുന്ന ആൾക്ക് ദൈവസന്നിധിയിൽ പ്രത്യാശയ്ക്ക് വകയില്ലെന്നു വിചാരിക്കുന്നയാൾ ശപിക്കപ്പെടട്ടെ.[11]

10. പാഷണ്ഡികളിൽ നിന്ന് ആശീർവാദം സ്വീകരിക്കുന്നതുചിതമല്ല. കാരണം അവരുടെ ആശീർവാദം ആശീർവാദമല്ല.[12]

11. പള്ളിയിൽ വച്ചോ സന്യാസഭവനത്തിൽ വച്ചോ അഥവാ പുറത്തു വച്ചോ ആരാധനക്രമത്തിൽ പാഷണ്ഡികളോടൊത്തു പ്രാർത്ഥിക്കുന്നതുചിതമല്ല.[13]

12. ദുർമ്മോഹം കാരണമായി ആരെങ്കിലും വിവാഹം എന്ന വ്യാജേന സ്ത്രീകളെ സ്വീകരിക്കുന്നെങ്കിൽ അവരും അവരെ അക്കാര്യത്തിൽ സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നവരും, വൈദികരാണെങ്കിൽ അവരെ സഭയിൽ നിന്നു പൂർണ്ണമായി ബഹിഷ്ക്കരിക്കുവാൻ പരിശുദ്ധ സിനഡ് കല്പിച്ചു.[14]

13. ഒരു മെത്രാപ്പോലീത്താ, താൻ ആദ്യമായി വിളിക്കപ്പെട്ട പ്രോവിൻസ് ഉപേക്ഷിച്ചു മറ്റൊരു പ്രോവിൻസിലേക്കോ, ഒരു മെത്രാൻ തന്റെ നഗരമുപേക്ഷിച്ചു മറ്റൊന്നിലേയ്ക്കോ പോകാൻ പാടില്ല. അങ്ങനെ പോകുന്നത് തന്റെ സ്വന്തം ഇഷ്ടമനുസരിച്ചാണ്, അഥവാ ജനങ്ങൾ നിർബന്ധിച്ചിട്ടാണ്, അഥവാ മറ്റ് മെത്രാന്മാരുടെ സമ്മർദ്ദം മൂലമാണ് തുടങ്ങിയ വിശദീകരണങ്ങളൊന്നും അയാൾ നൽകേണ്ടതില്ല. ദൈവം അയാളെ ആദ്യമായി ഏതു ദേവാലത്തിലേയ്ക്കാണോ വിളിച്ചതു് അവിടെ അയാൾ വസിക്കണം. അവിടെ നിന്നു പോകരുത്. ഇപ്പോൾ നിശ്ചയിക്കപ്പെട്ടതും മുമ്പുമുതൽ ഉള്ളതുമായ നിയമങ്ങൾ അനുസരിച്ചാണ് ഈ നിർദ്ദേശം.[15]

10. ഗാംഗ്ര, 13.
11. ഗാംഗ്ര, 2.
12. ലവ. 32.
13. ലവ. 32.
14. കൽക്കദോനിയ, 27.
15. അന്ത്യോക്യ, 21.



14. മഹത്തും പരിശുദ്ധവുമായ സിനഡിനു് താഴെ പറയുന്ന വിവരം ലഭിച്ചു: പല സ്ഥലങ്ങളിലും—പല നഗരങ്ങളിലും—ഡീക്കന്മാർ വൈദികർക്കു കൂദാശ നൽകുന്നു. ഇതു് സഭയുടെ നിയമം ഒരിക്കലും അനുവദിക്കുന്നതല്ല. പാരമ്പര്യം അനുസരിച്ചു നമുക്കു കൈവന്ന ഒരു രീതിയുമല്ലിതു്. കാരണം, കുർബാന അർപ്പിക്കാൻ അനുവാദമില്ലാത്തവർ അർപ്പിക്കുന്നവർക്കു് അതു നൽകുന്നതെങ്ങനെ? മറ്റൊരു കാര്യംകൂടെ ഇവിടെ ഞങ്ങൾക്കു് അറിവായി. മെത്രാന്മാർക്കും വൈദികർക്കും മുൻപായി ചില ഡീക്കന്മാർ ദിവ്യരഹസ്യങ്ങളെ സ്പർശിക്കുന്നു. ഇക്കാര്യങ്ങളെല്ലാം ഇപ്പോഴും ഇനിയുള്ള കാലങ്ങളിലും നമ്മുടെയിടയിൽ നിന്നു പൂർണ്ണമായി നീക്കം ചെയ്യപ്പെട്ടിരിക്കുന്നു. ഡീക്കന്മാർ അവർ വിളിക്കപ്പെടുകയും നിയമിക്കപ്പെടുകയും ചെയ്തിട്ടുള്ള ചുമതലകളിൽത്തന്നെ ഒതുങ്ങി നിൽക്കണം. തങ്ങൾ മെത്രാന്റെ അധീനത്തിലുള്ളവരാണെന്നും വൈദികരെക്കാൾ താഴ്ന്ന സ്ഥാനമുള്ളവരാണെന്നും ഡീക്കന്മാർ ഓർത്തിരിക്കണം. വൈദികർക്കു ശേഷം ക്രമത്തിലേ അവർ വിശുദ്ധ കുർബാന സ്വീകരിക്കാവൂ. മെത്രാനോ വൈദികനോ ആണ് അതു് അവർക്കു നൽകേണ്ടതു്. എന്നാൽ പള്ളിയിൽ വച്ചായാലും പുറത്തു വച്ചായാലും വൈദികർ കുർബാന സ്വീകരിക്കുന്നതിനിടയിൽ സ്വീകരിക്കാൻ ഡീക്കനെ അനുവദിക്കാൻ പാടില്ല. കാരണം അതു നിയമവിരുദ്ധവും ക്രമരഹിതവുമാകുന്നു. ഈ നിയമങ്ങളും കല്പനകളും എല്ലാം ഉണ്ടായതിനു ശേഷവും ഏതെങ്കിലും ഡീക്കൻ ഇവ അനുസരിക്കാതിരുന്നാൽ അയാളെ ആ ശുശ്രൂഷയിൽ നിന്നു ബഹിഷ്ക്കരിക്കണം.[16]

15. വിഹാഹ വാഗ്ദാനം ചെയ്യപ്പെടുകയും അതിനുശേഷം മറ്റുള്ളവരാൽ അപഹരിക്കപ്പെടുകയും ചെയ്യുന്ന യുവതികളെക്കുറിച്ച്: ഞങ്ങൾ എല്ലാവരുടെയും വാക്കാൽ ഇപ്രകാരം തീരുമാനിക്കപ്പെട്ടു—ബലമായി അപഹരിക്കപ്പെട്ടവരാണെങ്കിലും ആദ്യം വാഗ്ദാനം ചെയ്യപ്പെട്ടവർക്കു് അവരെ നൽകേണ്ടതാണ്.[17]

16. നിഖ്യാ, 18.
17. അൻസീറാ, കാനൻ 11.

www.malankaralibrary.com



16. ഒരു സ്ത്രീ രണ്ടു സഹോദരന്മാരെ വിവാഹം ചെയ്യുന്നുവെങ്കിൽ അവളെ മരണം വരെ പുറന്തള്ളണം. എന്നാൽ രോഗാവസ്ഥയിൽ അവൾ യഥാർത്ഥമായി പശ്ചാത്തപിക്കുകയും കുറ്റം ഏറ്റുപറയുകയും സഭയുടെ മുഴുവൻ മുമ്പാകെ മനസ്സു പൊട്ടിത്തകരുകയും, രോഗത്തിൽ നിന്നു മോചനം നേടിയെങ്കിൽ അവിശുദ്ധമായ രണ്ടാമത്തെ വിവാഹത്തിൽ നിന്നു മോചനം നേടുകയും പ്രായശ്ചിത്തം ചെയ്യാൻ തയ്യാറാവുകയും ചെയ്താൽ മരണദിനത്തിൽ അവളുടെമേൽ കാരുണ്യമുണ്ടായിരിക്കും. ശുശ്രൂഷയോടുകൂടെ അവളുടെ ശവസംസ്കാരം നടത്തണം. എന്നാൽ അവൾ രോഗമോചനം നേടുകയും അവൾ സ്വന്തം സമ്മതം കൂടാതെ അവളുടെ ഭർത്താവിന്റെ അക്രമപരമായ ബലപ്രയോഗത്താൽ വൈമനസ്യത്തോടും മനോവേദനയോടും കൂടെ രണ്ടാം വിവാഹത്തിൽ തുടരുകയും ചെയ്താൽ ശിക്ഷാവിധികളും പ്രായശ്ചിത്തങ്ങളും അവളുടെ ഭർത്താവിനുള്ളതായിരിക്കും; അവൾക്കുള്ളതായിരിക്കുകയില്ല.[18]

17. സ്ത്രീയുടെ തലമുടി അവളുടെ വിധേയത്വം ഓർമ്മിപ്പിക്കുന്നതിനുവേണ്ടി ദൈവം അവൾക്കു നല്കിയിട്ടുള്ളതാകുന്നു. അതു് ഭക്തിമാർഗ്ഗത്തെക്കുറിച്ചുള്ള സങ്കല്പം കൊണ്ടോ നിയന്ത്രണങ്ങളിൽ നിന്നു മോചനം നേടണമെന്നാഗ്രഹിച്ചിട്ടോ അവൾ മുറിച്ചുകളയുകയാണെങ്കിൽ അവൾ ശപിക്കപ്പെട്ടവളാകട്ടെ.[19]

18. ഇനിമേലിൽ ഒരു നഗരത്തിൽ രണ്ടോ മൂന്നോ മെത്രാന്മാരുണ്ടായിരിക്കുകയില്ല. ഓരോ നഗരത്തിലും അതിന്റെ അധികാര പരിധിയിലും ഒരു മെത്രാൻ മാത്രമേ ഉണ്ടായിരിക്കുകയുള്ളു. ഒരു സ്ഥലത്തെ മെത്രാൻ മരണാസന്നനായിരിക്കുമ്പോൾ, തന്റെ ജീവിതകാലത്തോ മരണാനന്തരമോ ആ സ്ഥലത്തു് തന്റെ സ്ഥാനത്തു മെത്രാനായിരിക്കാൻ വേണ്ടി ഒരാളെ മെത്രാനാക്കാൻ അയാൾക്കു് അനുവാദമില്ല.[20]

19. ഒന്നോ രണ്ടോ മെത്രാന്മാർ മാത്രം ചേർന്നു് നടത്തുന്ന മെത്രാഭിഷേകം സാധുവല്ല. അനേകം മെത്രാന്മാരോ, മെത്രാന്മാർ വളരെ അകലെയാണെങ്കിൽ കുറഞ്ഞപക്ഷം മൂന്നു മെത്രാ

18. നെയോ—ചെസാറിയാ, 2.
19 ഗാംഗ്ര, 17.
20. തുടർന്നുള്ളതു് മാർ ഇസഹാക്കിന്റെ സിനഡിൽ നിന്നാണ്, പേ. 21 മുതൽ.



ന്മാരോ ചേർന്നു വേണം ഒരാളെ മെത്രാനാക്കാൻ. അതും മെത്രാന്മാരുടെ തലവനായ മെത്രാപ്പോലീത്തായുടെ സാന്നിദ്ധ്യത്തിലോ അദ്ദേഹത്തിന്റെ അധികാര പത്രത്തോടുകൂടിയോ വേണം.

20. ഷണ്ഡന്മാരെയും അംഗഭംഗപ്പെടുത്തപ്പെട്ടവരെയും സംബന്ധിച്ച്: പരിശുദ്ധ സിനഡ് കല്പിച്ചതനുസരിച്ച് നാം ആചരിക്കുന്നു: ഓരോ മനുഷ്യനും...... തന്റെ പ്രകൃതിയെ.... തന്റെ അവയവത്തെ കേടാക്കുകയും ചെയ്യുന്നു. .......മറ്റുള്ളവരാലോ...... എന്തെന്നാൽ അയാളെ നിയമം അനുവദിക്കുന്നു. ഇതുപോലുള്ള കാര്യങ്ങൾക്കുവേണ്ടി അയാളുടെ ഇഷ്ടമില്ലാതെ അയാൾ ഷണ്ഡനാക്കപ്പെട്ടു.[21]

21. ഇതേ രീതിയിൽത്തന്നെ; കാരണം, നേട്ടങ്ങൾ.... ... പരിശുദ്ധ സിനഡ് ആജ്ഞാപിച്ചതനുസരിച്ച് നാം എല്ലാം സന്തോഷപൂർവ്വം ആചരിക്കുന്നു: ഓരോരുത്തനും .. ...നമ്മുടെ സേവനവും നാമുമായിട്ടുള്ള എല്ലാസമ്പർക്കവും...

22. .... ...

23. ശകുനം പറച്ചിൽ, മുൻകൂട്ടിപറയൽ, ആവാഹനം, ചരടുകെട്ടുകൾ, ഏലസുകൾ, മന്ത്രവാദം, പിശാചുസേവ മുതലായവയെക്കുറിച്ച്: ഇവയെല്ലാം പൈശാചിക സേവനങ്ങളാണ്. ഇവ പാപങ്ങളും ഭക്തിവിരുദ്ധകർമ്മങ്ങളുമാണ്. അവ അന്യമതങ്ങളുടെ വിശ്വാസത്തോടു ബന്ധപ്പെട്ടിരിക്കുന്നു. ഇവയെല്ലാം തന്നെ ശാപത്തോടും പരിപൂർണ്ണമായ അധികാരത്തോടും കൂടെ നമ്മുടെ ദേവാലയങ്ങളിൽ നിന്നും സഹവിശ്വാസികളിൽ നിന്നും തുടച്ചു നീക്കപ്പെടേണ്ടതാണ്. കണ്ടുപിടിക്കപ്പെടുന്നതു് ആരായാലും... ഇത്യാദി.

24. സഭാശുശ്രൂഷകരുടെ, അതായതു് വൈദികർ, ഡീക്കന്മാർ, സബ്ഡീക്കന്മാർ, വാതിൽ കാവൽക്കാർ എന്നിവരുടെ സ്ഥാനക്രമത്തെക്കുറിച്ചും ഞങ്ങൾ പറയുന്നു: സ്നേഹവിരുന്ന്, അത്താഴ വിരുന്ന് തുടങ്ങിയവയ്ക്കായി വിശ്വാസികൾ അവരെ വിളിക്കുമ്പോൾ അവർ മാന്യമായി പെരു

21. പലതും വിട്ടുപോയിട്ടുണ്ട്. തുടർന്നുള്ള കാനോനകളിലും ഇതു് കാണാം. ഈ ഭാഗങ്ങളെല്ലാം മാർ ഇസഹാക്കിന്റെ സിനഡിൽ ഉള്ളതിനാലാണ് വിട്ടുകളഞ്ഞിരിക്കുന്നത്.

www.malankaralibrary.com



മാറണം. മാന്യമായ രീതിയിലാണ്, ആർത്തിപിടിച്ചമട്ടിലല്ല അവർ ഭക്ഷണം കഴിക്കേണ്ടത്. ഒരു മനുഷ്യൻ കുറെ ....തന്റെ മുമ്പിൽ....കൂടുതൽ ഭക്ഷണം ആവശ്യപ്പെടുകയോ എടുക്കുകയോ അവർ ചെയ്യരുത്. പണക്കാരിൽ നിന്നായാലും പാവപ്പെട്ടവരിൽ നിന്നായാലും ഈ തത്ത്വം പാലിക്കപ്പെടേണ്ടതാണ്. ദൈവത്തിന്റെ നാമവും അവിടുത്തെ അദ്ധ്യാപനവും നിന്ദിക്കപ്പെടാതിരിക്കുന്നതിനു വേണ്ടിയാണിത്. അവർ സമ്മേളിക്കണം...... ചാരിയിരിക്കുകയോ വിശ്രമിക്കുകയോ ചെയ്യണം...ഇതുപോലെ ഏതെങ്കിലും വീട്ടിൽ... അല്ലെങ്കിൽ സത്രത്തിൽ..... ഏതു വിഭാഗത്തിൽപ്പെട്ടവരും .........ഈ സഭയിൽപ്പെട്ട ആർക്കും തീർത്തും അനുവാദമില്ല. അനുവദിക്കപ്പെടുകയുമില്ല. എന്നാൽ എല്ലാവരും........ പിടിച്ചുകൊണ്ടു ഭക്ഷിക്കാം, ഒരു കഷണം ..അവരുടെ എല്ലാ പെരുമാററങ്ങളിലും മിതത്വം വേണം, അല്ലെങ്കിൽ തെററായ പ്രവർത്തനങ്ങളുണ്ടാകും. അവ സഭയുടെ സ്വാതന്ത്ര്യത്തിന് അപമാനം വരുത്തിവയ്ക്കും.

25. ഞായറാഴ്ച തോറും. ഇത്യാദി.

26. ഒരു മെത്രാൻ മറെറാരു മെത്രാന്റെ അധികാരാതിർത്തിയിൽ ക്രമംകെട്ട വിധത്തിൽ പ്രവേശിക്കുകയോ മുറിച്ചുകടക്കുകയോ ചെയ്യരുത്. തന്റെ സഹപ്രവർത്തകൻ എന്തു ചെയ്യണമെന്ന് ഒരു മെത്രാൻ ആഗ്രഹിക്കുന്നുവോ അതുപോലെ അയാൾ ചെയ്യണം.

27. ഒരു വൈദികനും ഒരു ഡീക്കനും..... ...സ്വീകരിക്കാൻ പാടില്ല.

28. നഗരത്തിലുള്ള ഓരോ മെത്രാനും പണ്ഡിതനായ ഒരു ആർച്ചുഡീക്കൻ ഉണ്ടായിരിക്കണം......ബേമാ ഡീക്കന്മാരുടെ ലുത്തിനിയ ഉറക്കെ ചൊല്ലണം.

29. ... .. .............[22]

38. മുകളിൽ പറഞ്ഞ കാരണങ്ങൾ മൂലം മാഗിയരെപ്പോലെ പിതാവിന്റെ ഭാര്യയോടോ, പിതൃസഹോദര ഭാര്യ

22. കാനൻ 29 കഴിഞ്ഞ് 38 ആണ് മൂലകൃതിയിൽ. അറബി പതിപ്പിൽ തുടർച്ചയായി കൊടുക്കുന്നുണ്ട്.



യോടോ, മാതൃസഹോദര ഭാര്യയോടോ, പിതൃസഹോദരിയോടോ, മാതൃസഹോദരിയോടോ, സ്വന്തം സഹോദരിയോടോ, പുത്രഭാര്യയോടോ, പൗത്രിയോടോ, ദൗഹിത്രിയോടോ ഭാര്യയുടെ ദൗഹിത്രിയോടോ അഥവാ യഹൂദരെപ്പോലെ സഹോദര ഭാര്യയോടോ അന്യമതസ്ഥരെപ്പോലെ അവിശ്വാസികളോടോ ശാരീരികബന്ധം പുലർത്താനുള്ള ധാർഷ്ട്യം കാണിക്കുന്നവരെ സംബന്ധിച്ചു നാമും നമ്മോടൊപ്പമുള്ള മെത്രാപ്പോലീത്താമാരും ചേർന്ന് താഴെ പറയുംവിധത്തിൽ ആജ്ഞാപിക്കുകയും നിശ്ചയിക്കുകയും ചെയ്തിരിക്കുന്നു: സ്ത്രീയായാലും പുരുഷനായാലും അൽമായനായാലും അശുദ്ധവും നികൃഷ്ടവുമായ പ്രസ്തുത കാര്യം ചെയ്യുന്നവരും അവർക്ക് സഹായങ്ങൾ ചെയ്യുന്നവരും ഭൂമിയിലും സ്വർഗ്ഗത്തിലും ബന്ധിക്കപ്പെട്ടവരും ശപിക്കപ്പെട്ടവരും ആയിരിക്കും. പള്ളിയിൽ പ്രവേശിക്കുന്നതിൽ നിന്നും വിശുദ്ധ രഹസ്യങ്ങൾ സ്വീകരിക്കുന്നതിൽ നിന്നും വിശ്വാസികളുമായി സമ്പർക്കം പുലർത്തുന്നതിൽ നിന്നും അവരെ നിരോധിച്ചിരിക്കുന്നു. എല്ലാവരുടെയും ''ആമ്മേനോടു''കൂടെ അവരുടെ മേൽ സ്വർഗ്ഗത്തിന്റെ കോപം നിപതിക്കട്ടെ.

39. മെത്രാന്മാരായ ഞങ്ങൾ എല്ലാവരുടെയും കൗൺസിലിൽ ഭാവിയിൽ എന്നേക്കും പാലിക്കപ്പെടുന്നതിനായി താഴെ പറയുംവിധം ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു: വൈദികൻ ഡീക്കനെയോ, വിസിററർ വൈദികനെയോ, മെത്രാൻ വിസിറററെയോ, മെത്രാപ്പോലീത്താ മെത്രാനെയോ, പാത്രിയർക്കീസ് മെത്രാപ്പോലീത്തായെയോ സസ്പെൻഡ് ചെയ്താൽ ആ സസ്പെൻഡ് ചെയ്യൽ തെററായ രീതിയിലാണെന്നു പറയപ്പെട്ടാൽപ്പോലും സസ്പെൻഷന് വിധേയനായ ആൾ അതു് അംഗീകരിക്കണം. അയാൾ ആ ബന്ധനത്തിൽത്തന്നെ നിൽക്കണം. സമൂഹത്തിന്റെ ഒരു കൗൺസിലിൽ വച്ച് ബന്ധപ്പെട്ട വിഷയത്തിൽ ഒരു ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് സസ്പെൻഷനു വിധേയനായ ആൾക്ക് സസ്പെൻഡ് ചെയ്തയാളിനോട് ആവശ്യപ്പെടാവുന്നതാണ്. അങ്ങനെ കൗൺസിലിൽ പരിശോധന നടന്നു കഴിയുമ്പോൾ കൗൺസിലിന്റെ തീരുമാനം ശരിയായ വിധത്തിൽ കല്പിക്കപ്പെട്ടിട്ടുള്ള വിധം നടപ്പിലാക്കേണ്ടതാണ്.

www.malankaralibrary.com



40. മുന്നൂററിപ്പതിനെട്ടു മെത്രാന്മാരാൽ ഉന്നീതവും പൗരസ്ത്യദേശത്തു് എങ്ങുമുള്ള മെത്രാന്മാർ അംഗീകരിക്കുന്നതും വിശ്വാസപ്രഖ്യാപനത്തിൽ നാം ഇടത്തും വലത്തും ഉയർത്തിപ്പിടിക്കുന്നതുമായ നമ്മുടെ വ്യാഖ്യാനം, ദൈവസ്നേഹിതനും വിശുദ്ധലിഖിതങ്ങളുടെ വ്യാഖ്യാതാവുമായ മാർ തിയഡോർ മെത്രാൻ രചിച്ചതുതന്നെയാണ്.

# 3. അറുനൂററിപന്ത്രണ്ടിലെ സിനഡ്

**ആമുഖം**

അല്പസ്വല്പ വ്യത്യാസങ്ങളോടെ രണ്ടു പതിപ്പുകളിൽ ഈ സിനഡിന്റെ രേഖകൾ കൈവന്നിട്ടുണ്ട്. 608/9 — 628 കാലയളവിൽ പേർഷ്യയിലെ സഭയിൽ കാതോലിക്കോസില്ലായിരുന്നു. ഹെനാനായുടെയോ സെവേരിയരുടെയോ പിൻതുണയുള്ള ഒരാളെ കാതോലിക്കാ ആക്കാനുള്ള ശ്രമം അണിയറയിൽ നടന്നു. അവർ ഖുസ്രാ രാജാവിനെ സ്വാധീനിക്കാനിടയുണ്ടെന്നു് കണ്ടു് പേർഷ്യൻ ക്രൈസ്തവർ ഇടപെട്ടു. അതേത്തുടർന്നാണ് രാജസദസ്സിൽ വച്ചു് ചർച്ച നടന്നതു്.

## സിനഡിന്റെ നടപടി

വീണ്ടും, രാജാവിനുള്ള കൃതജ്ഞതാ പ്രകടനവും ന്യായീകരണവും ഞങ്ങൾ എഴുതുന്നു. ഗബ്രിയേൽ റൊസ്ലാബിദ്, തന്നെപ്പോലെയുള്ള പാഷണ്ഡരുമായി നാം ഒരു തർക്കത്തിലേർപ്പെടുന്നതിനായി രാജാവിനെ പ്രേരിപ്പിച്ച അവസരം ഹൊർമിസ്ദിന്റെ മകനായ ഖുസ്രാരാജാവിന്റെ ഭരണത്തിന്റെ 23-ാം വർഷം പേർഷ്യൻ മെത്രാന്മാരായ പിതാക്കന്മാർ, പിതാക്കന്മാരോടും സന്യാസികളോടും കൂടെ രാജകൊട്ടാരത്തിൽ ഒന്നിച്ചു കൂടിയപ്പോൾ തയ്യാറാക്കിയതു്. കാര്യങ്ങളുടെ താരതമ്യാവലോകനം വഴി വിശ്വാസത്തിന്റെ സത്യാവസ്ഥ വ്യക്തമാക്കാൻ രാജാവു് ആവശ്യപ്പെട്ടതിനാൽ, നിർഭയമായി അവർ അതു വ്യക്തമാക്കി.



## രാജാവിനുള്ള കൃതജ്ഞതാപ്രകടനവും ന്യായീകരണവും

ഒന്നാമതായി, ഞങ്ങളുടെ നേർക്കുള്ള തന്റെ കരുണാബാഹുല്യത്തെ പ്രതി പ്രത്യേകിച്ചു്, ഞങ്ങളുടെ തലമുറയ്ക്കു് നന്മകളിൽ സമൃദ്ധനും മഹാപ്രതാപശാലിയുമായ അങ്ങയെ നല്ല നാഥനായി നൽകിയതിനു് ഞങ്ങളെല്ലാവരും സദാസമയവും എല്ലായ്പ്പോഴും എല്ലാദിവസവും എല്ലാ മണിക്കൂറിലും നമ്മുടെ നല്ലവനും കരുണ നിറഞ്ഞവനുമായ ദൈവത്തിനു് നന്ദി പറയുന്നതിനും അവിടുത്തെ ആരാധിക്കുന്നതിനും കടപ്പെട്ടിരിക്കുന്നു. രണ്ടാമതായി, ഞങ്ങൾ അങ്ങയുട മഹനീയ കർതൃത്വത്തെ വണങ്ങുകയും, അങ്ങയുടെ ഭീതികരമായ രാജ്യത്തിലെ മറ്റെല്ലാ പ്രജകളേക്കാളും കൂടുതലായി, ഞങ്ങളുടെ നേർക്കു് അങ്ങേയ്ക്കുള്ള കാരുണ്യത്തെ അംഗീകരിക്കുകയും ചെയ്യുന്നു. തന്റെ പ്രകാശത്താലും ചൂടിനാലും ലോകത്തെ മുഴുവൻ സന്തുഷ്ടമാക്കുന്ന സൂര്യനെപ്പോലെ അങ്ങയുടെ നന്മ എല്ലാ മനുഷ്യരുടെമേലും ധാരാളമായി വർഷിക്കപ്പെട്ടിരിക്കുന്നു. എങ്കിലും ഓരോരുത്തരും തന്റെ സ്വന്തം കാര്യം കൂടുതൽ അനുഭവിച്ചറിയുന്നതിനാലും തന്നോടു ചെയ്തിട്ടുള്ള കാര്യങ്ങൾ അറിയാൻ കൂടുതൽ കഴിവുള്ളവരാകുന്നതിനാലും തനിക്കുവേണ്ടി നന്ദിപറയാൻ അവൻ കൂടുതലായി കടപ്പെട്ടിരിക്കുന്നു. പ്രത്യേകിച്ചു്, അങ്ങയുടെ ദാസരും അറിവു കുറഞ്ഞവരുമായ ഞങ്ങൾ സന്തോഷിക്കുന്നതിനും അതിനാൽ സഹായിക്കപ്പെടുന്നതിനും അതു് അംഗീകരിക്കുന്നതിനും അങ്ങയുടെ അത്ഭുതാവഹമായ വിജയങ്ങളുടെ മഹത്വം പരിഗണിക്കാൻ കടപ്പെട്ടവരാണ്. എന്തുകൊണ്ടെന്നാൽ, അങ്ങയുടെ ഭീതിജനകമായ രാജ്യാധികാരത്തിൻകീഴിൽ പാർക്കാൻ ഞങ്ങൾ യോഗ്യരായി ഗണിക്കപ്പെട്ടിരിക്കുന്നതിനാൽ ആദം മുതൽ ഇന്നുവരെയുള്ള മനുഷ്യരുമായി ഞങ്ങളെ താരതമ്യപ്പെടുത്തുമ്പോൾ ഞങ്ങൾ അനുഗ്രഹിക്കപ്പെട്ടവരാണെന്നു കാണുന്നു. ദൃശ്യവസ്തുക്കളിലും ശാരീരികാവശ്യങ്ങളിലും എല്ലാ നല്ല വസ്തുക്കളോടുംകൂടി അങ്ങയുടെ കരുണ

www.malankaralibrary.com



നിറഞ്ഞ കർത്തൃത്വം നിരന്തരം ഞങ്ങൾക്ക് വേണ്ടതെല്ലാം നല്കുന്നു; എന്നു മാത്രമല്ല, അങ്ങയുടെ ദയാദാക്ഷിണ്യത്താൽ, അങ്ങയുടെ ദാസരോടുള്ള അങ്ങയുടെ അവാച്യ സ്നേഹത്താൽ കരുണയിൽ മനുഷ്യകുലത്തിനു നൽകപ്പെട്ട സത്യവിശ്വാസം കൊണ്ട് ഞങ്ങളുടെ ആത്മീയ ജീവിതത്തിലും താല്പര്യപൂർവം ശ്രദ്ധിക്കാൻ അവിടുന്ന് തിരുമനസ്സായി. ഈ നവവും മഹനീയവുമായ ദാനത്തിന് ഉചിതമാംവിധം അങ്ങയുടെ കരുണയുടെ നന്മയെ പ്രകീർത്തിക്കുന്നതിന് ഞങ്ങൾക്ക് കഴിവുണ്ടാകുവാൻ ഞങ്ങൾക്ക് പുതിയ വിജ്ഞാനം ആവശ്യമാണ്. ഞങ്ങൾക്ക് ഇതിൽ കുറവുണ്ടാകുമ്പോഴൊക്കെ, എല്ലാവരുടെയും ദൈവമായ നമ്മുടെ ദൈവത്തിൽ ഞങ്ങൾ ഞങ്ങളുടെ പ്രത്യാശ വയ്ക്കുന്നു. ഭൂമിയുടെ എല്ലാ അതിർത്തികൾ വരെയും, ലോകത്തിലെ എല്ലാ തലമുറകളിലും അങ്ങയുടെ ആധിപത്യം വ്യാപിപ്പിച്ചുകൊണ്ട് അങ്ങയുടെ രാജ്യത്തിന്റെ സിംഹാസനത്തെ ശക്തിപ്പെടുത്തണമെന്ന് ദൈവത്തിന്റെ സർവശക്തമായ കർത്തൃത്വത്തോട് ഞങ്ങൾ പ്രാർത്ഥിക്കുകയും അവിടുത്തെ ഞങ്ങൾ വിളിച്ചപേക്ഷിക്കുകയും ചെയ്യുന്നു. ആമ്മീൻ.

എല്ലാ രാജാക്കന്മാരേക്കാളും മഹനീയനും രാജാക്കന്മാരുടെ രാജാവും വിജയശ്രീലാളിതനുമായ ഖുസ്രാരാജാവേ, ഞങ്ങളുടെ വിശ്വാസത്തിന്റെ നിജസ്ഥിതി തിരുമുൻപാകെ വ്യക്തമാക്കുവാൻ അങ്ങയുടെ ആധിപത്യത്തിന്റെ സൗമ്യത ഞങ്ങളോടാവശ്യപ്പെട്ടതിനാൽ, എല്ലാവരുടേയും ജീവദാതാവായ സജീവ ദൈവത്തിലുള്ള ആത്മവിശ്വാസത്തിൽ, ആനുകൂല്യം നിറഞ്ഞ അങ്ങയുടെ കല്പനയെ നമിച്ചുകൊണ്ട്, നമ്മുടെ രക്ഷകന്റെ ശ്ലീഹന്മാരുടെയും പ്രവാചകരുടെയും പ്രഘോഷണത്തിൽ നിന്നു് ശരിയായി ഞങ്ങൾ പഠിച്ച ഞങ്ങളുടെ വിശ്വാസത്തിന്റെ നിജസ്ഥിതി ചുരുക്കമായി കൃത്യമായ വാക്കുകളിൽ ഞങ്ങൾ എഴുതുന്നു. മററ് പ്രദേശങ്ങളേക്കാൾ ബഹുമാന്യമായ ഈ പൗരസ്ത്യദേശം നമ്മുടെ കർത്താവേശുമിശിഹായുടെ ശിഷ്യരിലൊരാളായ ഭാഗ്യവാനായ



ആദായി ശ്ലീഹായിൽ നിന്നു് ഇതു സ്വീകരിച്ചു. ഇന്നുവരെ മാററം കൂടാതെ അതു് കാത്തുസൂക്ഷിക്കുകയും സംരക്ഷിക്കുകയും ചെയ്തു. അതു് ഇപ്രകാരമാണ്.[1]

## വിശ്വാസപ്രമാണം[2]

ഞങ്ങൾ ഏകദൈവസ്വഭാവത്തിൽ വിശ്വസിക്കുന്നു. അതു് എന്നും നിലനില്ക്കുന്നതും ആരംഭരഹിതവും സജീവവും ജീവദായകവും ശക്തവും എല്ലാ ശക്തികളെയും സൃഷ്ടിക്കുന്നതും, വിജ്ഞാനവും എല്ലാ ജ്ഞാനവും പകർന്നുകൊടുക്കുന്നതും, കേവലമായ ആത്മാവും, അനന്തവും അപരിമേയവും സംയുക്തമല്ലാത്തതും ഭാഗങ്ങളില്ലാത്തതും, അശരീരിയും, അദൃശ്യവും വ്യതിയാനരഹിതവും അമർത്യവുമാണ്.

തന്നാൽ തന്നെയോ, മറെറാന്നിലോ, മറെറാന്നിനോടു കൂടിയോ, വേദനയോ മാററമോ അതിലേക്കു് കടക്കുക അസാധ്യമാണ്. അതു് അതിന്റെ സത്തയിലും അതിന്റേതായ എല്ലാ കാര്യങ്ങളിലും പരിപൂർണമാണ്. അതു് അതിനാൽ തന്നെ സത്തയും എല്ലാററിനും മേൽ ദൈവവുമായിരിക്കുന്നതിനാൽ അതിനോട് എന്തെങ്കിലും കൂട്ടിച്ചേർക്കാനോ നീക്കിക്കളയാനോ സാധിക്കുകയില്ല. നാം അവിടുത്തെ മൂന്നു വിശുദ്ധ ക്നോമാകളിൽ അറിയുകയും ഏററുപറയുകയും ചെയ്യുന്നു.

---

1. ക്രിസ്തുശാസ്ത്ര സംബന്ധമായ നെസ്തോറിയൻ സമാഹാരത്തിൽ ഈ രേഖയുണ്ട്. മേല്പറഞ്ഞവയിൽ നിന്നു് അല്പം വ്യത്യസ്തമായ പതിപ്പാണ് ഇതിലുള്ളതു്. താരതമ്യ പഠനത്തിനു് അതു് ചുവടെ ചേർക്കുന്നു: ''പേർഷ്യാക്കാരുടെ നാട്ടിലെ മെത്രാന്മാരും മെത്രാസനാരമനയിലെ മല്പാന്മാരും സഹോദരന്മാരും കൂടി തയ്യാറാക്കിയ വിശ്യാസസത്യം. ദൈവഘാതകരായ സെവേരിയർക്കെതിരെ അവരെല്ലാം രാജകൊട്ടാരത്തിൽ ഒന്നിച്ചുകൂടി. സെവേരിയർക്കു മറുപടിയായി സത്യവിശ്വാസത്തിന്റെ നിജസ്ഥിതി വ്യക്തമാക്കാൻ അവരോടാവശ്യപ്പെട്ടിരുന്നു. പേർഷ്യൻ രാജാവും ഹൊർമിസ്ദിന്റെ മകനുമായ ഖുസ്രായുടെ മുൻപാകെ യാതൊരു ഭയവുമില്ലാതെ അവർ അതു് അവതരിപ്പിച്ചു. ഈ വിശ്വാസത്തിനുവേണ്ടി വിശ്വാസസാക്ഷിയും വൈദികനും സന്യാസിയും രക്തസാക്ഷിയുമായ വിശുദ്ധ ഗീവർഗീസ് ക്രൂശിക്കപ്പെടുകയും തന്റെ രക്തം കൊണ്ട് ഈ വിശ്വാസം മുദ്രവയ്ക്കുകയും ചെയ്തു.
2. A Nestorian Collection -ൽ നിന്നാണ് ഈ ഭാഗത്തിന്റെ വിവർത്തനം ; p. 88 - 93.

www.malankaralibrary.com



സ്വഭാവത്തിലും മഹത്ത്വത്തിലും തുല്യതയുള്ള പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്. സ്വഭാവം സത്താപരമായി മൂന്നു ക്നോമാകളിലാണ്; ക്നോമാകൾ നിത്യമായി ഏകസ്വഭാവമാണ്. പിതൃത്വം, പുത്രത്വം, പുറപ്പാട് എന്നിങ്ങനെ ക്നോമാകളുടെ വിവിധ പ്രത്യേകതകളൊഴിച്ചാൽ ക്നോമാകൾ തമ്മിൽ ഒരു വ്യത്യാസവുമില്ല. മറ്റുള്ളവയിലെല്ലാം സ്വഭാവം പൊതുവാണ് എന്ന് ഏറ്റുപറയുന്നതുപോലെ, ഒരു കുറവും കൂടാതെ ക്നോമാകളിൽ ഓരോന്നും, തനിച്ചും ഏറ്റുപറയുന്നു. പിതാവ് സഹനാതീതനും വ്യതിയാനാതീതനും ആയതിനാൽ, പുത്രനും പരിശുദ്ധാത്മാവിനും അവിടുത്തെപ്പോലെ സഹനവും വ്യതിയാനവും ഇല്ല എന്ന് അവിടുത്തോടൊപ്പം നാം ഏറ്റുപറയണം. പിതാവ് അനന്തനും ഭാഗങ്ങളില്ലാത്തവനുമാണെന്ന് നാം വിശ്വസിക്കുന്നതുപോലെ, പുത്രനും പരിശുദ്ധാത്മാവും അതിർത്തികളോ കൂട്ടിച്ചേരലോ ഇല്ലെന്ന് നാം ഏറ്റുപറയണം. ഏകദൈവത്വത്തിൽ എല്ലാക്കാര്യത്തിലും പരിപൂർണമായ മൂന്ന് ക്നോമാകൾ; ബലഹീനമാക്കാൻ കഴിയാത്ത ഏകശക്തി, വ്യതിചലിക്കാൻ പാടില്ലാത്ത ഏക അറിവ്, വളയുവാൻ പാടില്ലാത്ത ഏകഇച്ഛാശക്തി, അസാധുവാക്കാൻ കഴിയാത്ത ഏകഅധികാരം, അവനാണ് തന്റെ നന്മയിൽ ലോകങ്ങളെ നിർമ്മിച്ചതും തന്റെ ഇച്ഛയുടെ നിർദ്ദേശത്താൽ എല്ലാറ്റിനെയും ഭരിക്കുന്നതും.

മനുഷ്യകുലത്തിന്റെ അറിവിന്റെ ശൈശവാവസ്ഥക്കനുസൃതം തന്റെ ദൈവത്വത്തെക്കുറിച്ചുള്ള അറിവുകൊണ്ട് ആരംഭംമുതലേ അവിടുന്ന് ചുരുങ്ങിയ രീതിയിൽ മനുഷ്യകുലത്തെ പ്രബോധിപ്പിച്ചുകൊണ്ടിരുന്നു. തുടർന്നുള്ള കാലത്ത് വിവിധ ദർശനങ്ങളാലും നിരവധി ഉപമകളാലും അവിടുന്ന് വിശുദ്ധർക്ക് സ്വയം വെളിപ്പെടുത്തിക്കൊടുത്തു; വിവിധ നിയമങ്ങളാൽ മനുഷ്യകുലത്തിന്റെ അറിവിന്റെ വർദ്ധനവ് എന്ന നിലയിൽ അവരെ പ്രബോധിപ്പിക്കുകയും തിരുത്തുകയും ചെയ്തു. തന്റെ അപരിമേയജ്ഞാനത്താൽ അവസാന സമയങ്ങളിൽ, തന്റെ മഹനീയ ത്രിത്വത്തിന്റെ ആശ്ചര്യകരമായ രഹസ്യത്തെ ബുദ്ധിജീവികൾക്ക് വെളിപ്പെടുത്തി പ്രഖ്യാപിക്കുന്നത് നല്ലതാണെന്ന് അവിടുത്തേക്കു തോന്നി. തന്റെ അനന്തമായ ഇച്ഛയും മുന്നറിവും അനുസരിച്ച്, നമ്മുടെ സ്വഭാ-



വത്തെ ബഹുമാന്യതയിലേക്കുയർത്തുന്നതിനും, മരിച്ചവരിൽനിന്നുള്ള ഉത്ഥാനത്തിന്റെയും ഒരിക്കലും മാറ്റം സംഭവിക്കാത്ത വ്യതിയാനാതീത ജീവിതത്തിന്റെയും യഥാർത്ഥമായ പ്രത്യാശ നമ്മിൽ വിതയ്ക്കുന്നതിനും വേണ്ടിയാണിത്.

ഇക്കാരണത്താൽ, നമുക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി ദൈവപുത്രൻ, വചനമായ ദൈവം, തന്നെ ജനിപ്പിച്ചവനിൽനിന്ന് മാറാതെ ലോകത്തിലേക്കു വന്നു; അവിടുന്ന് ഈ ലോകത്തിൽ ആയിരുന്നു. അവൻ വഴി ഈ ലോകം യാഥാർത്ഥ്യത്തിലേക്കു വന്നു.

സൃഷ്ടപ്രകൃതികൾക്ക് തന്റെ ദൈവത്വത്തിന്റെ മഹനീയ സ്വഭാവത്തെ ദർശിക്കാൻ അസാധ്യമായിരുന്നതിനാൽ, അസാധാരണമാംവിധം ആദത്തിന്റെ കുടുംബക്കാരുടെ പ്രകൃതിയിൽനിന്ന് അവിടുന്നു തനിക്കായി ഒരാലയം ഉണ്ടാക്കി. സ്വാഭാവികമായി ഭർതൃസംയോഗമെന്യേ ഭാഗ്യവതിയായ കന്യകമറിയത്തിൽനിന്നുള്ള പരിപൂർണ മനുഷ്യൻ രൂപീകരിക്കപ്പെട്ടു; അവിടുന്ന് അവനെ ധരിച്ചു; അവനെ താനുമായി അവിടുന്ന് സംയോജിപ്പിച്ചു; അവനിലൂടെ അവിടുന്ന് ലോകത്തിനു സ്വയം വെളിപ്പെടുത്തുകയും മനുഷ്യരോട് സംസാരിക്കുകയും ചെയ്തു. നമ്മുടെ രക്ഷകന്റെ അമ്മയോട് വിശുദ്ധ മാലാഖ പറഞ്ഞ വാക്കുകൾക്കനുസൃതമാണിത്: ‘‘പരിശുദ്ധാത്മാവ് നിന്റെമേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിക്കും. അതിനാൽ, നിന്നിൽ നിന്നു ജനിക്കുന്നവൻ പരിശുദ്ധൻ ആണ്; ദൈവത്തിന്റെ പുത്രൻ എന്ന് അവൻ വിളിക്കപ്പെടും’’ (ലൂ. 1: 35). ‘‘അവൻ ദൈവത്തിന്റെ പുത്രൻ എന്നു വിളിക്കപ്പെട്ടു’’ എന്ന് അവൻ പറയുന്നതുവഴി, വേർപാടു കൂടാതെയുള്ള ഐക്യത്തിന്റെ മഹനീയമായ യോജിപ്പിനെപ്പറ്റി അവൻ നമ്മെ പഠിപ്പിച്ചു. എടുക്കപ്പെട്ട മനുഷ്യസ്വഭാവവും അതിനെ എടുത്ത വചനമായ ദൈവവും തമ്മിൽ, അത് ഉളവായ ആദ്യനിമിഷം മുതൽ ഉണ്ടായിരുന്നതാണ് ആ യോജിപ്പ്. അങ്ങനെ, അപ്പോൾ മുതൽ ദൈവപുത്രനും നമ്മുടെ കർത്താവുമായ യേശുമിശിഹായെ ഏകയാളായി നാം അറിയുന്നു. അവൻ തന്റെ ദൈവത്വത്തിൽ യുഗങ്ങൾക്കു മുൻപ്, ആരംഭമില്ലാതെ, പിതാവിൽനിന്നു ജനിച്ചു; ‘‘നിന്റെ ഉദരഫലത്തെ നിന്റെ സിംഹാസനത്തിൽ ഞാൻ

www.malankaralibrary.com



ഇരുത്തും" എന്ന് ദൈവം മുൻപ് ഭാഗ്യവാനായ ദാവീദിനോട് വാഗ്ദാനം ചെയ്തിരുന്നതുപോലെ അവസാനനാളുകളിൽ, തന്റെ മനുഷ്യത്വത്തിൽ ദാവീദിന്റെ പുത്രനായി വിശുദ്ധ കന്യകയിൽനിന്ന് അവൻ ജനിച്ചു.

ഈ സംഗതികൾ സംഭവിച്ചുകഴിഞ്ഞ ദാവീദിനെപ്പററി യൂദന്മാരോട് പറഞ്ഞുകൊണ്ട്, ഭാഗ്യവാനായ പൗലോസ് വാഗ്ദാനത്തെ വിശദീകരിക്കുന്നു: "അവിടുന്ന് വാഗ്ദാനം ചെയ്തതുപോലെ ഈ മനുഷ്യന്റെ ബീജത്തിൽ നിന്ന് നമ്മുടെ രക്ഷകനായി യേശുവിനെ ദൈവം എഴുന്നേല്പിച്ചു." (സങ്കീ. 132:11; നട. 2:30; 13:23). വീണ്ടും ഫിലിപ്യർക്കുള്ള ലേഖനത്തിൽ അവൻ ഇപ്രകാരം എഴുതി. "യേശുക്രിസ്തു വിചാരിച്ചതു് നിങ്ങളും നിങ്ങളുടെ ഉള്ളിൽ വിചാരിക്കുവിൻ; അവൻ ദൈവത്തിന്റെ രൂപത്തിലായിരിക്കെ, ദാസന്റെ രൂപം എടുത്തു" (2:5-7) ക്രിസ്തുവിനെ തന്റെ ദൈവത്വത്തിലല്ലാതെ ആരെയാണ് അവൻ "ദൈവത്തിന്റെ രൂപം' എന്നു വിളിക്കുന്നതു്? ക്രിസ്തുവിനെ തന്റെ മനുഷ്യത്വത്തിലല്ലാതെ മററാരെയാണ് അവൻ "മനുഷ്യന്റെ രൂപം" എന്നു വിളിക്കുന്നതു് ആദ്യത്തേതു് എടുത്തെന്നും പിന്നത്തേതു് എടുക്കപ്പെട്ടെന്നും അവൻ പറയുകയുണ്ടായി. അതുകൊണ്ട് സ്വഭാവങ്ങളുടെ സവിശേഷതകൾ കൂട്ടിക്കുഴയ്ക്കാൻ സാധിക്കുകയില്ല; കാരണം, എടുത്തവൻ എടുക്കപ്പെട്ടതാകുക, അഥവാ എടുക്കപ്പെട്ടതു് എടുത്തവനാകുക അസാധ്യമാണ്. ദൈവവചനം, താനെടുത്ത മനുഷ്യനിലൂടെ വെളിപ്പെട്ടു. എടുക്കപ്പെട്ട മനുഷ്യസ്വഭാവം അതെടുത്ത ആളിന്റെ ക്രമനുസരിച്ച് സൃഷ്ടികൾക്കു കാണപ്പെടണം. എന്നാൽ അതേ സമയം അവിഭാജ്യമായ ഐക്യത്തിൽ ഏക ദൈവപുത്രനായ മിശിഹായെ നാം ഏററുപറയണം. ഇതാണു ഞങ്ങൾ പഠിച്ചതു്; ഇതു് ഞങ്ങൾ നിലനിർത്തുന്നു.

എന്നാൽ ദൈവത്വം മനുഷ്യത്വമായി മാററപ്പെടാനോ, മനുഷ്യത്വം ദൈവത്വത്തിന്റെ സ്വഭാവത്തിലേക്ക് രൂപാന്തരപ്പെടുത്താനോ സാധ്യമല്ല. കാരണം, ദൈവികസത്തയ്ക്കു് മാററത്തിന്റെയും സഹനത്തിന്റെയും ആവശ്യങ്ങൾക്കു വിധേയമാകാൻ കഴിയുകയില്ല; എന്തുകൊണ്ടെന്നാൽ, ദൈവത്വം



മാററത്തിനു വിധേയമായെങ്കിൽ, അവിടെ പിന്നെ വെളിപാടല്ല ഉള്ളതു്, പിന്നെയോ, ദൈവത്വത്തിന്റെ ദൂഷിക്കലാണ്; അതുപോലെ മനുഷ്യത്വം അതിന്റെ പ്രകൃതിവിട്ടാൽ, അവിടെ പിന്നെ രക്ഷയല്ല, മനുഷ്യത്വം തന്നെ ഇല്ലാതാകുകയാണ്. അതിനാൽ, സജീവദൈവത്തിന്റെ പുത്രനായ ഏക കർത്താവേശു മിശിഹായെ ഞങ്ങൾ ഞങ്ങളുടെ ഹൃദയങ്ങളിൽ വിശ്വസിക്കുകയും ഞങ്ങളുടെ അധരങ്ങൾകൊണ്ട് ഏററുപറയുകയും ചെയ്യുന്നു; അവിടുത്തെ ദൈവത്വം മറഞ്ഞിരിക്കുന്നില്ല. അവിടുത്തെ മനുഷ്യത്വം ഒളിഞ്ഞിരിക്കുന്നുമില്ല; പിന്നെയോ, അവിടുന്നു പൂർണദൈവവും പൂർണമനുഷ്യനുമാണ്.

എന്നാൽ മിശിഹായെ പൂർണദൈവം എന്നു നാം വിളിക്കുമ്പോൾ, നാം ത്രിത്വത്തെയല്ല ഉദ്ദേശിക്കുന്നതു്; പിന്നെയോ ത്രിത്വത്തിലെ ക്നോമാകളിൽ ഒരാളെ, അതായതു്, വചനമായ ദൈവത്തെ. അതുപോലെ മിശിഹായെ മനുഷ്യൻ എന്നു നാം വിളിക്കുമ്പോൾ, നാം എല്ലാ മനുഷ്യരെയും ഉദ്ദേശിക്കുന്നില്ല; പിന്നെയോ, നമ്മുടെ രക്ഷയ്ക്കുവേണ്ടി വചനമായ ദൈവവുമായുള്ള ഐക്യത്തിലേക്ക് സ്പഷ്ടമായി എടുക്കപ്പെട്ട ഒരു ക്നോമാ. അതുകൊണ്ട്, തന്റെ ദൈവത്വത്തിൽ, നിത്യമായി തന്റെ പിതാവിൽ നിന്നു പിറന്ന നമ്മുടെ കർത്താവേശു മിശിഹാ തന്നെയാണ് അവസാനനാളുകളിൽ മനുഷ്യത്വത്തിൽ നമുക്കുവേണ്ടി കന്യകയിൽ നിന്നു ജനിച്ചതു്.

മാററം കൂടാതെയും കുറവ് കൂടാതെയും തന്റെ ദൈവത്വത്തിൽ അവിടുന്ന് നിലനിന്നെങ്കിലും, തന്റെ മനുഷ്യത്വത്തിൽ, തന്റെ ജനനത്തിനുശേഷം, ഭാഗ്യവാനായ സുവിശേഷകന്റെ സാക്ഷ്യം പോലെ അവിടുന്നു പരിച്ഛേദനം ചെയ്യപ്പെട്ടു; അവിടുന്നു വളർന്നു: "യേശു ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും മുൻപാകെ കൃപയിലും വളർന്നുവന്നു" (ലൂ. 2:52). അവിടുന്നു നിയമം അനുസരിച്ചു, യോഹന്നാനിൽ നിന്ന് യോർദ്ദാനിൽ വച്ചു സ്നാനമേററു, അതിനുശേഷം പുതിയനിയമം പ്രസംഗിക്കാൻ തുടങ്ങി. തന്റെ ദൈവത്വത്തിന്റെ ശക്തിയാൽ അവിടുന്ന് അത്ഭുതങ്ങൾ പ്രവർത്തിച്ചു: കുഷ്ഠരോഗികളെ ശുദ്ധരാക്കി, അന്ധർക്കു കാഴ്ച കൊടുത്തു, പിശാചുക്കളെ പുറത്താക്കി, മരിച്ചവരെ ഉയിർപ്പിച്ചു.

www.malankaralibrary.com



എന്നാൽ തന്റെ മനുഷ്യത്വത്തിൽ അവിടുന്നു വിശന്നു, ദാഹിച്ചു, ഭക്ഷിച്ചു, പാനം ചെയ്തു, ക്ഷീണിതനായി, ഉറങ്ങി. അവസാനം, നമുക്കുവേണ്ടി അവിടുന്ന് തന്നെത്തന്നെ മരണത്തിനേല്പിച്ചുകൊടുത്തു; തന്റെ ദൈവത്വം തന്നിൽനിന്നു വിട്ടു മാറിപ്പോകാതെയും സഹനവിധേയമാകാതെയും അവിടുന്നു ക്രൂശിക്കപ്പെടുകയും സഹിക്കയും മരിക്കുകയും ചെയ്തു. അവിടുത്തെ ശരീരം ഒരു തുണിയിൽ പൊതിഞ്ഞ് കല്ലറയിൽ വയ്ക്കപ്പെട്ടു; അവിടുന്നു യൂദാന്മാരോട് നേരത്തെ പറഞ്ഞിരുന്നതു പോലെ, തന്റെ ദൈവത്വത്തിന്റെ ശക്തിയാൽ അവിടുന്ന് മൂന്നു ദിവസങ്ങൾക്കുശേഷം ഉത്ഥാനം ചെയ്തു: ''നിങ്ങൾ ഈ ആലയം തകർക്കുവിൻ, മൂന്നു ദിവസങ്ങൾക്കുള്ളിൽ ഞാനിതു പുനരുദ്ധരിക്കും'' (യോഹ. 2:19). സുവിശേഷകൻ ഈ വാക്യത്തെ വ്യാഖ്യാനിച്ചുകൊണ്ട് പറയുന്നു: ''എന്തെന്നാൽ അവിടുന്ന് തന്റെ ശരീരമായ ആലയത്തെപ്പററിയാണ് പറഞ്ഞതു്'' (യോഹ. 2:21).

അവിടുന്ന് ഉത്ഥാനം ചെയ്തശേഷം തന്റെ ശിഷ്യരോടൊത്ത് നാല്പതു ദിവസം ഭൂമിയിൽ ജീവിച്ചു. തന്റെ കൈകളും കാലുകളും കാണിച്ചുകൊണ്ട് അവിടുന്ന് അവരോടു പറഞ്ഞു: ''എനിക്കുള്ളതായി നിങ്ങൾ കാണുന്നതു പോലെ ഭൂതത്തിനു ശരീരമില്ലെന്ന് എന്നെ തൊട്ടുനോക്കി മനസ്സിലാക്കുവിൻ'' (ലൂ. 24:39). അങ്ങനെ തന്റെ വാക്കുകൾ കൊണ്ടും പ്രവൃത്തികൾ കൊണ്ടും തന്റെ ഉത്ഥാനത്തിലുള്ള ഉറപ്പു നൽകുന്നതു വഴി നമ്മുടെ ഉത്ഥാനത്തിന്റെ പ്രതീക്ഷ നമ്മിൽ അവിടുന്ന് ഉറപ്പിച്ചു. നാല്പതു ദിവസങ്ങൾക്കു ശേഷം തന്റെ ശിഷ്യന്മാർ നോക്കിനിൽക്കെ അവരുടെ സാന്നിധ്യത്തിൽ അവിടുന്ന് സ്വർഗത്തിലേക്കു കരേറി. തിരുലിഖിത സാക്ഷ്യമനുസരിച്ച് ഒരു മേഘം അവരെ മറച്ചു; അവൻ അവരുടെ കണ്ണുകളിൽ നിന്നു മറഞ്ഞുപോയി. തന്റെ സ്വർഗ്ഗാരോഹണാവസരം മാലാഖമാർ ദൂതന്മാരോടു പറഞ്ഞു. ''നിങ്ങളിൽ നിന്നു സ്വർഗത്തിലേക്കെടുക്കപ്പെട്ട യേശു, അവൻ സ്വർഗത്തിലേക്കു കയറിയതായി നിങ്ങൾ കണ്ടതുപോലെ വരും'' (നട. 1:11). തദനുസരണം, മനുഷ്യകുലത്തെ മുഴുവൻ ഉയിർപ്പിക്കുവാനും ബൗദ്ധികജീവികളെയെല്ലാം പരിശോധിച്ച് വിധിക്കുവാനുമായി തന്റെ മാലാഖമാരുടെ ശക്തി



യോടും മഹത്വത്തോടും കൂടെ അവിടുന്ന് സ്വർഗത്തിൽ നിന്നു വരും എന്ന് ഞങ്ങൾ ഏററുപറയുന്നു.

അവിടുന്നു സ്വർഗത്തിലേക്ക് എടുക്കപ്പെട്ടപ്പോഴും തന്റെ മനുഷ്യത്വത്തിന്റെ യാഥാർത്ഥ്യം നീക്കിക്കളയുകയോ മാററപ്പെടുകയോ ചെയ്തില്ല. മറിച്ച്, ദൈവത്വവുമായുള്ള അഭേദ്യബന്ധത്തിൽ അതു് സംരക്ഷിക്കപ്പെടുന്നു എന്ന് ഇതുവഴി അവർ വ്യക്തമായി പഠിപ്പിച്ചു. തന്നെ ക്രൂശിച്ചവരുടെ ലജ്ജയ്ക്കും തന്നിൽ വിശ്വസിക്കുന്നവരുടെ സന്തോഷത്തിനും അഭിമാനത്തിനുമായി സ്വർഗത്തിൽ നിന്നുള്ള തന്റെ അന്തിമ വെളിപാടിൽ ആ ശ്രേഷ്ഠമായ മഹത്വത്തിൽ അവിടുന്ന് കാണപ്പെടും. അവിടുത്തേക്ക് തന്റെ പിതാവിനോടും തന്റെ പരിശുദ്ധാത്മാവിനോടും കൂടി എന്നുമെന്നേക്കും മഹത്വവും ബഹുമാനവും ഉണ്ടായിരിക്കട്ടെ[3].

പ്രവാചകന്മാരുടെയും ശ്ലീഹന്മാരുടെയും വിശുദ്ധ പിതാക്കന്മാരുടെയും ആത്മീയ പ്രബോധനത്തിൽ നിന്നുള്ള ഈ സത്യവിശ്വാസമാണ് ഞങ്ങൾ സ്വീകരിച്ചിരിക്കുന്നതും പഠിപ്പിക്കുന്നതും. ഇതു പ്രഘോഷിക്കുകയും പഠിപ്പിക്കുകയും ഇതോടു യോജിക്കുകയും ഇതംഗീകരിക്കുകയും ചെയ്തവരെ വാത്സല്യപൂർവം മനസ്സിൽ ഓർക്കുകയും ഞങ്ങളുടെ അധരങ്ങൾ കൊണ്ട് പ്രകീർത്തിക്കുകയും ചെയ്യുന്നു. കിഴക്കും പടിഞ്ഞാറും വച്ച് വിവിധ സമയങ്ങളിൽ നടന്ന പൊതു സൂനഹദോസുകളും വിശുദ്ധസഭയിൽ പ്രശസ്തരായിരിക്കുന്ന വ്യക്തികളും ഇതിൽ ഉൾപ്പെടുന്നു. അപ്രകാരമുള്ളവരെ പിതാക്കന്മാരായും സഹോദരന്മാരായും വിശ്വാസമുള്ള മക്കളായും ഞങ്ങൾ അംഗീകരിക്കുകയും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു. എന്നാൽ ഈ വിശ്വാസ മാനദണ്ഡത്തിൽനിന്ന് അകന്നു മാറി ഇതിനെതിരായി പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവരെ ഹീനരായും അപരിചിതരായും ഞങ്ങൾ കരുതുന്നു.

വിശുദ്ധ ശ്ലീഹന്മാർ കത്തോലിക്കാസഭയ്ക്കു നൽകിയ സത്യവിശ്വാസ പ്രബോധനം ഇതാണ്. ശ്ലൈഹികകാലം മുതൽ ഇന്നുവരെ പേർഷ്യൻ സാമ്രാജ്യത്തിൽ ഒരു പാഷണ്ഡിയും ഈ വിശ്വാസത്തിനെതിരായി ശീശ്മയും പാഷണ്ഡ

3. തുടർന്നുള്ള ഭാഗം Chabot - ൽ നിന്നാണ്: p. 567.

www.malankaralibrary.com



തയും കൊണ്ടുവന്നിട്ടില്ല. എന്നാൽ റോമൻ സാമ്രാജ്യത്തിൽ ശ്ലൈഹിക കാലം മുതൽ ഇന്നുവരെ നിരവധിയും വിവിധങ്ങളുമായ പാഷണ്ഡതകളുണ്ടായിട്ടുണ്ട്; അത് നിരവധിയാളുകളെ ദുഷിപ്പിച്ചിട്ടുണ്ട്. മാനിക്കേയർ, മാർസ്യണീത്തർ എന്നിവരെപ്പോലെ അവരെ അവിടെ നിന്നോടിക്കുമ്പോൾ, അവരുടെ അന്ധകാരം അവിടെ നിന്നോടി ഇവിടെ വന്നെത്താറുണ്ട്. അപ്രകാരമാണ് ഞങ്ങളുടെ ദുഷിച്ച പ്രഖ്യാപനത്തോടു കൂടിയുള്ള ദൈവദൂഷകരായ സെവേര്യർ. അവരുടെ രോഗം അവിടെ തുടങ്ങിയതാണെങ്കിലും, വിശുദ്ധ സഭയിൽ നിന്ന് അവരെ പുറംതള്ളിയപ്പോൾ അവർ അവിടം വിട്ട് ഇവിടെ വന്നു. അവർ രഹസ്യമായി, ഒളിച്ചും പാത്തും, കാര്യവിവരമില്ലാത്ത സാധാരണ മനുഷ്യരുടെ കൂടെ നിഗൂഢസ്ഥലങ്ങളിൽ കറങ്ങിനടന്നു. ഇപ്പോൾ റോമൻ പ്രദേശത്തെ പട്ടണങ്ങളും നാടുകളുമൊക്കെ നവമായും അത്ഭുതാവഹമായും അങ്ങയുടെ ഭീതിജനകമായ സാമ്രാജ്യചെങ്കോലിന്റെ ഉന്നതാധികാരത്തിനു വിധേയമായിരിക്കയാണല്ലോ: അതുകൊണ്ട് അങ്ങയുടെ പ്രയോജനപ്രദമായ ആജ്ഞാശക്തിയാൽ അങ്ങ് തിരുത്തലുകൾ വരുത്തുമെന്നും എല്ലാറ്റിന്റെയും കർത്താവായ ഏകസത്യദൈവത്തെ സംബന്ധിച്ച് ആരംഭം മുതലേ ഞങ്ങൾക്കു കിട്ടിയ ഈ അപ്പസ്തോലിക വിശ്വാസത്തിൽ ഞങ്ങളുടെ ജനത്തെ ഉറപ്പിക്കുമെന്നും ഞങ്ങൾ പ്രതീക്ഷിക്കുകയും പ്രത്യാശിക്കുകയും ചെയ്യുന്നു. അങ്ങനെ ലോകം മുഴുവൻ മേലും അങ്ങയുടെ കർതൃത്വത്തിന്റെ ഏകാധിപത്യത്തിൽ, തന്റെ ഹിതാനുസരണം എന്നുമെന്നേക്കും ദൈവം അങ്ങയെ കാത്തുസൂക്ഷിക്കട്ടെ. ആമ്മീൻ.

### (എ) പൗരസ്ത്യദേശത്ത് ഞങ്ങൾക്ക് ഒരു തലവനെ വാഴിക്കുന്നതിന് പിതാക്കന്മാർ രാജാവിനു സമർപ്പിച്ച അപേക്ഷ.[4]

അങ്ങയുടെ മുൻഗാമികളായ രാജാക്കന്മാരെക്കാളെല്ലാം കൂടുതലായി എല്ലായ്പ്പോഴും അങ്ങയുടെ കാരുണ്യത്തികവ് ഞങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഞങ്ങൾക്കൊരു തലവനെ ആവശ്യമുണ്ടായിരുന്നപ്പോഴൊക്കെ, ഞങ്ങളുടെ അപേക്ഷ കൂടാതെ തന്നെ അവിടുന്നു ഞങ്ങൾക്ക് തലവനെ

4. Chabot-ൽ നിന്ന് : p. 568.



വാഴിക്കാൻ കല്പിച്ചിട്ടുമുണ്ട്. ഞങ്ങളുടെ അർഹതയ്ക്കനുസൃതമല്ല, പിന്നെയോ, അങ്ങയുടെ കരുണ നിമിത്തമാണിത്. അതുപോലെ ഇപ്പോഴും ഞങ്ങൾ അയോഗ്യരായതിനാൽ, അങ്ങയുടെ പരിപാലന ഞങ്ങളിൽ നിന്ന് അങ്ങ് നീക്കിക്കളഞ്ഞു. ഇപ്പോൾ വളരെ നാളുകളായി ഞങ്ങൾക്കൊരു തലവൻ ഇല്ലാതിരിക്കുകയാണ്; സഭയ്ക്ക് അതു വളരെ നാശത്തിനും കാരണമായിട്ടുണ്ട്. അങ്ങയുടെ തിരുഹിതത്തിന്റെ കാരുണ്യത്തിന് നല്ലതെന്നു തോന്നുന്നെങ്കിൽ, ഞങ്ങളുടെ അയോഗ്യത പരിഗണിക്കാതെ, അങ്ങേയ്ക്കു പതിവായിട്ടുള്ള കാരുണ്യത്തിനനുസൃതമായി ഞങ്ങൾക്ക് ഒരു തലവനെ കല്പിച്ച് നിയമിച്ചു തരുമാറാകണം; അങ്ങയുടെ മഹനീയ കർതൃത്വത്തിന് ഞങ്ങൾ അനന്തമായി കൃതജ്ഞത അർപ്പിക്കുന്നതാണ്.

### (ബി) ദൈവദൂഷകരായ സെവേരിയർക്കെതിരെ സത്യവിശ്വാസികൾ ഉന്നയിച്ച **ചോദ്യങ്ങൾ**[5]

ക്രിസ്തുവിൽ ഏകസ്വഭാവവും ഏക ക്നോമായും ആണ് എന്ന് ഏറ്റുപറയുന്നവർക്കെതിരെ.

ദൈവപുത്രനായ മിശിഹാ സ്വഭാവത്തിലും ക്നോമായിലും ദൈവമാണോ? സ്വഭാവത്തിലും ക്നോമായിലും മനുഷ്യനാണോ? അതോ അപ്രകാരം അല്ലയോ?—ആണെങ്കിൽ ചർച്ചകൾ കൂടാതെ തന്നെ രണ്ട് സ്വഭാവങ്ങളും രണ്ട് ക്നോമാകളും ഉണ്ടെന്നു കാണുക; അല്ലെങ്കിൽ അവയിൽ ഏതാണ് സ്വഭാവവും ക്നോമായും ഇല്ലാതിരിക്കുന്നത്? എന്നാൽ രണ്ടും അവയുടെ സ്വഭാവങ്ങളിലും ക്നോമാകളിലും സംരക്ഷിക്കപ്പെടുമ്പോൾ, അവയിൽ നിന്ന് ഒരു സ്വഭാവവും ഒരു ക്നോമായും ഉണ്ടായെങ്കിൽ അതിന് അതേ സ്വഭാവങ്ങൾ ഉണ്ടോ ഇല്ലയോ? അതിനുണ്ടെങ്കിൽ, ദൈവത്വവും മനുഷ്യത്വവും കൂടി രൂപീകരിക്കപ്പെട്ട ആ മറ്റേ ക്നോമാ ഏതാണെന്ന് അവർ കാണിക്കട്ടെ. അതിനില്ലെങ്കിൽ, അത് അതിന്റെ തരത്തിലെ ഏകമാണ്; അത് ദൈവവുമായോ നാമുമായോ സത്താപരമായി സമത്വമുള്ളതല്ല. അസ്തിത്വമുള്ള ഓരോ സ്വഭാവത്തിനും വ്യതിരിക്തമായ നിർവചനവും അതിന്റേതായ സവിശേഷതയും ഉണ്ട്. ക്രിസ്തു ഏകസ്വഭാവമാണെന്ന് ഏറ്റു പറ

5. A Nestorian Collection-ൽ നിന്ന് : p. 93 മുതൽ.

www.malankaralibrary.com



ഞ്ഞാൽ, അതിന്റെ നിർവചനമെന്താണ്? അതിന്റെ സവിശേഷത എന്താണ്?

നീ ഏററുപറയുന്ന, ക്രിസ്തുവിലെ ഈ ഏകസ്വഭാവവും ഏക ക്നോമായും പിതാവായ ദൈവവുമായി സമസത്തയാണോ അതോ ഭാഗ്യവതിയായ മറിയവുമായി സമസത്തയാണോ? അതു പിതാവുമായി സമസത്തയാണെങ്കിൽ, അതു് കേവലവും അനന്തമായ ആത്മാവുമാണ്; അപ്പോൾ മറിയത്തിൽ നിന്ന് ഒന്നും സ്വീകരിച്ചിട്ടില്ല. എന്നാൽ അവിടുന്ന് മറിയയുമായി സമസത്തയാണെങ്കിൽ, അവൻ ഒരു സാധാരണ മനുഷ്യനാണ്. എന്നാൽ അവിടുന്ന് പിതാവുമായും മറിയയുമായും സമസത്തയാണെങ്കിൽ, പിതാവും മറിയവും രണ്ട് സ്വഭാവങ്ങളാകയാൽ, ക്രിസ്തുവും രണ്ടു സ്വഭാവങ്ങളാണ്.

ദൈവത്വത്തിൽ നിന്നും മനുഷ്യത്വത്തിൽ നിന്നും ക്രിസ്തു ഏകസ്വഭാവവും ഏകക്നോമായും ആണെന്ന് നീ ഏററുപറയുന്നെങ്കിൽ, ദൈവത്വവും മനുഷ്യത്വവും ഈ ഏക സ്വഭാവത്തിന്റെയും ക്നോമായുടെയും ഭാഗങ്ങളാണ്. മുഴുവനുള്ളതു് ഭാഗങ്ങളേക്കാൾ കൂടുതലും ഭാഗങ്ങൾ മുഴുവനുമുള്ളതിനേക്കാൾ കുറവുമാകയാൽ, ഈ സ്വഭാവം അതിന്റെ ഓരോ ഭാഗത്തേയുംകാൾ വലുതാണ്; അപ്പോൾ ഏതു സ്വഭാവത്തിന്റെ ഭാഗമാണോ ദൈവത്വം, ആ സ്വഭാവത്തേക്കാൾ ഭാഗം എന്ന നിലയിൽ ചെറുതാണ്. ദൈവത്വത്തെക്കാൾ എന്തെങ്കിലും വലുതായിരിക്കുക എന്നതു് അസാധ്യകാര്യമാണ്.

ഒന്നിച്ചു കൂട്ടിച്ചേർത്തതും സംയുക്തമായതുമായ സ്വഭാവവും ക്നോമായും അപ്രകാരം ഒന്നിച്ചു കൂട്ടിച്ചേർക്കപ്പെടാത്തതും സംയുക്തമല്ലാത്തതുമായ സ്വഭാവത്തിൽ നിന്നും ക്നോമായിൽ നിന്നും വ്യത്യസ്തമാണെങ്കിൽ, പുത്രന്റെ സ്വഭാവവും ക്നോമായും പിതാവിന്റെയും പരിശുദ്ധാത്മാവിന്റെയും സ്വഭാവത്തിൽ നിന്ന് വ്യത്യസ്തമാണ്. കാരണം, പിതാവിന്റെയും പരിശുദ്ധാത്മാവിന്റെയും സ്വഭാവവും ക്നോമായും ഒന്നിച്ചു കൂട്ടിച്ചേർത്തതും സംയുക്തവുമല്ല; എന്നാൽ ക്രിസ്തുവിന്റെ സ്വഭാവവും ക്നോമായും, ദൈവത്വത്തിൽ നിന്നും മനുഷ്യത്വത്തിൽ നിന്നും ഒന്നിച്ചു കൂട്ടിച്ചേർത്തതും സംയുക്തവുമാണ്.



ക്രിസ്തു തന്റെ ദൈവത്വത്തിൽ തന്റെ മനുഷ്യത്വത്തിന്റെ നിർമ്മാതാവാണെങ്കിൽ, തന്റെ മനുഷ്യത്വത്തിൽ തന്റെ ദൈവത്വത്താൽ ഉണ്ടാക്കപ്പെട്ടതാണെങ്കിൽ, അവനെ നിർമ്മിച്ചവനും അവനാൽ നിർമ്മിക്കപ്പെട്ടവനും ഒരു ക്നോമാ ആയിരിക്കാൻ സാധ്യമല്ല. പിന്നെങ്ങനെ ക്രിസ്തു ഏക ക്നോമായാകും?

അവിടുന്ന് ഒന്നാക്കപ്പെടുകയായിരുന്നുവോ, അതോ നേരത്തെ ഒന്നായിരുന്നുവോ? ജനിപ്പിക്കപ്പെടുന്നതു് അതെന്തായിത്തീരാനുള്ളതാണോ അതു് ആരംഭത്തിൽ തന്നെ സ്വീകരിക്കുന്നു. സമയം അവിടുത്തെ ആരംഭത്തോട് പററിച്ചേർന്നതുപോലെ സൃഷ്ടി അവിടുത്തെ ആയിത്തീരലിനോട് ചേർന്നു. ദൈവവചനമായ ക്രിസ്തു തന്റെ ശരീരത്തോടുകൂടി ഒരു സ്വഭാവവും ഒരു ക്നോമായും ആയിത്തീർന്നെങ്കിൽ, അവിടുന്ന് സൃഷ്ടിക്കപ്പെടാത്ത സ്വഭാവത്തിൽ നിന്ന് പുറപ്പെട്ടുവന്നു. യോജിപ്പിൽ നിന്നുളവായ സ്വഭാവവും ക്നോമായും ഐക്യത്തിനു മുൻപ് ഇല്ലായിരുന്നെങ്കിൽ ദൈവമായിരുന്നു അവന്റെ നിർമ്മാതാവ്. എന്നാൽ, പുത്രന്റെ സ്വഭാവവും ക്നോമായും യോജിപ്പിനു മുൻപേ സ്ഥിതിചെയ്തിരുന്നു. യോജിപ്പിന്റെ ഫലമായുണ്ടായതല്ല പുത്രന്റെ സ്വഭാവവും ക്നോമായും; പിന്നെയോ മറെറാന്നാണ്; ശരീരത്തിന്റെയും ആത്മാവിന്റെയും സ്വാഭാവികമായ ഐക്യം വഴി ആത്മാവിന്റെ സ്വഭാവമോ ശരീരത്തിന്റെ സ്വഭാവമോ അല്ല ഉണ്ടാകുക, പിന്നെയോ മനുഷ്യന്റെ സ്വഭാവമാണുണ്ടാകുക.

അസ്തിത്വമുള്ള ഓരോ ക്നോമായും ഒററയായ സത്തയാണ്. ക്രിസ്തുവിന്റെ ക്നോമാ ഏകമാണെങ്കിൽ ക്രിസ്തുവിലുള്ള ഒററയായ സത്ത ഏതാണ്? ഏതു് പൊതു സത്തയിൽ നിന്നാണ് ഇതിനെ വേർതിരിക്കേണ്ടതു്?

### (സി) ദൈവം ജഡത്തിൽ പീഡയനുഭവിച്ചെന്നും ജഡത്തിൽ മരിച്ചെന്നും പറയുന്നവർക്കെതിരെ.

1. ആത്മാവ് ശരീരത്തോട് സ്വാഭാവികമായി ഐക്യപ്പെട്ടിരിക്കുന്നതുപോലെ ക്രിസ്തുവിന്റെ ദൈവത്വം തന്റെ മനുഷ്യത്വവുമായി സ്വാഭാവികമായിട്ടാണ് ഐക്യപ്പെട്ടിരിക്കുന്നതെങ്കിൽ, ആത്മാവ് പരിച്ഛേദ്യമായ രീതിയിൽ ശരീരത്തിൽ

www.malankaralibrary.com



അടങ്ങിപ്പെട്ടിരിക്കുകയും ശാരീരികേന്ദ്രിയങ്ങൾ വഴിയല്ലാതെ യാതൊന്നും കാണുകയോ കേൾക്കുകയോ പ്രവർത്തിക്കുകയോ ചെയ്യാതിരിക്കുകയും ശരീരത്തോടുകൂടി വിഷമിക്കുകയും വേദനിക്കുകയും ഭയപ്പെടുകയും ചെയ്യുകയും ചെയ്യുന്നതുപോലെ, ദൈവത്വം പരിച്ഛേദ്യമായ രീതിയിൽ ശരീരത്തിൽ അടങ്ങിപ്പെട്ടിരിക്കയാണ്; അതിന്റെ പ്രവർത്തനങ്ങൾ പൂർത്തിയാക്കാൻ ശരീരത്തിന്റെ ആവശ്യമുണ്ട്. ശരീരത്തിനുള്ളിൽ അതിന്റെ എല്ലാ കഷ്ടതകളും വിഷമത്തോടും വേദനയോടും ഭയത്തോടുംകൂടെ സഹിക്കുന്നു; ഈ കാര്യങ്ങളെല്ലാം ദൈവത്വത്തിനു സംഭവിച്ചതാണെങ്കിൽ, അതു് അതിന്റെ സഹനാതീതാവസ്ഥയിൽ നിന്നു് മാറിക്കഴിഞ്ഞു. എന്നാൽ ഇവയിൽ നിന്നു് അതു് സ്വതന്ത്രമാണെങ്കിൽ, പിന്നെങ്ങനെയാണതു് സ്വാഭാവികമായി ഐക്യപ്പെട്ടതു്? സ്വാഭാവികമായിട്ടല്ല ഐക്യപ്പെട്ടതെങ്കിൽ, പിന്നെങ്ങനെയാണ് ശരീരവുമായി ഏകസ്വഭാവമായിത്തീർന്നതും സഹിക്കുന്നതും? സ്വാഭാവികമായി സഹനവിധേയമായ ആത്മാവ് ശരീരത്തോടൊപ്പം സഹിക്കുന്നു. എന്നാൽ സ്വഭാവത്താലെ സഹനാതീതമായ വചനമായ ദൈവത്തിനു് ശരീരത്തിൽ എങ്ങനെയാണ് സഹിക്കാൻ കഴിയുക?

2. വെറുമൊരു സൃഷ്ടിയായ ആത്മാവിനു് അമർത്ത്യമായതിനാൽ ശരീരത്തോടൊപ്പം മരിക്കാൻ കഴിയുന്നില്ലെങ്കിൽ, സത്താപരമായി അമർത്ത്യമായ വചനമായ ദൈവത്തിനു് എങ്ങനെയാണ് ശരീരത്തോടൊപ്പം മരിക്കാൻ സാധിക്കുക?

3. നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ എന്നേക്കുമുള്ള അമർത്ത്യജീവനും കാലികമായ അമർത്ത്യജീവനും ഉണ്ടെങ്കിൽ എങ്ങയൊണ് അവിടുന്നു് എന്നേക്കും ജീവിക്കുന്ന ഒന്നും, കാലികമായി നിത്യജീവൻ സമ്പാദിച്ച മറ്റൊന്നും എന്ന രണ്ടു സ്വഭാവങ്ങളിൽ അല്ലാതായിരിക്കുന്നതു്?

4. സ്വാഭാവികവും ക്നോമികവുമായ ഐക്യത്തിൽ ആത്മാവ് ശരീരത്തോട ഐക്യപ്പെട്ടിരിക്കുന്നതുപോലെ, നമ്മുടെ കർത്താവിന്റെ ദൈവത്വം തന്റെ മനുഷ്യത്വവുമായി യോജിച്ചതായിരുന്നെങ്കിൽ, ദൈവത്വം ശരീരത്തോടുകൂടിയായിരുന്നപ്പോൾ എങ്ങനെയാണ് അതു് ജീവിക്കയും ഉയിർക്കുകയും ചെയ്യാതിരുന്നതും ആത്മാവ് ശരീരത്തിൽ തിരിച്ചെത്തിയപ്പോൾ ജീവിക്കുകയും ഉയിർക്കുകയും ചെയ്തതും? രണ്ടിലൊന്നു് ശരി—ഒന്നുകിൽ, ദൈവത്വം ആത്മാവിനെക്കാൾ ബലഹീനമാണ്, അല്ലെങ്കിൽ ദൈവത്വം സ്വഭാവത്തിന്റെ ഘടനയോട് സ്വാഭാവികമായിട്ടല്ല ഐക്യപ്പെട്ടിരുന്നതു്; പിന്നെയോ, തന്റെ വ്യാപാരരഹസ്യത്തിനായി സ്വമേധയായും വ്യക്തിപരമായുമാണ്.



5. ആത്മാവ് ശരീരത്തോട് സ്വാഭാവികമായി ഐക്യപ്പെട്ടിരിക്കുന്നതിനാൽ, ഈ ഐക്യം കാത്തുസൂക്ഷിക്കുന്നിടത്തോളം കാലം മനുഷ്യന് മരിക്കാൻ സാധ്യമല്ല. ക്രിസ്തുവിന്റെ ദൈവത്വത്തിന്റെയും മനുഷ്യത്വത്തിന്റെയും ഐക്യം സ്വാഭാവികമായ ഒന്നാണെങ്കിൽ, ക്രിസ്തുവിലുള്ള ഐക്യം വേർപെടുത്താതിരുന്നപ്പോൾ ക്രിസ്തു മരിച്ചോ?

6. അവിടുന്നു മരിച്ചപ്പോൾ അവിടുത്തേക്കു് ഒരു ക്നോമായേ ഉണ്ടായിരുന്നുള്ളൂ എങ്കിൽ അവനെ ഉയിർപ്പിക്കാൻ മറ്റൊരു ക്നോമാ ആവശ്യമായിരുന്നു. എന്നാൽ ക്രിസ്തുവിന് ഏക ക്നോമായെ ഉള്ളവെങ്കിൽ, ''ഞാൻ അതിനെ ഉയിർപ്പിക്കാം'' (യോഹ:2:19) എന്ന് അവിടുന്നു് എങ്ങനെയാണ് തന്റെ ശരീരത്തെപ്പറ്റി പറഞ്ഞതു്?

7. മരണമെന്നതു് ജീവനെ നശിപ്പിക്കുന്നതാണെങ്കിൽ, ദൈവത്തിന്റെ ജീവനെ എങ്ങനെയാണ് നശിപ്പിക്കാൻ കഴിയുന്നതു്?

8. സ്വഭാവേന സഹനാതീതരായവർക്കു് ഒന്നിലും സഹിക്കാൻ സാധിക്കയില്ലെങ്കിൽ, സ്വഭാവേന സഹനാതീതനായ ദൈവം തന്റെ ശരീരത്തിൽ സഹിക്കുക അസാധ്യമാണ്.

9. മനുഷ്യന്റെ മരണമെന്നാൽ അവന്റെ ശരീരത്തിൽ നിന്നു് ആത്മാവ് പുറപ്പെട്ടുപോകുന്നതാണെങ്കിൽ, നമ്മുടെ കർത്താവിന്റെ ശരീരത്തിൽ നിന്ന് അവിടുത്തെ ആത്മാവ് പുറപ്പെട്ടുപോയതിനാൽ, മരിച്ചതാരാണ്? ആത്മാവും ശരീരവും കൂട്ടിച്ചേർന്ന മനുഷ്യത്വമോ അതോ സംയുക്തമല്ലാത്ത ദൈവത്വമോ?

10. ആത്മാവ് വേർപെടുമ്പോൾ ഇക്കാരണത്താൽ ശരീരം മരിക്കുന്നു; ശരീരം ജീവനുള്ളതായിരിക്കുന്നതു് ആത്മാവിനാ

www.malankaralibrary.com



ലാണ്. എന്നാൽ ദൈവത്വം ജീവനുള്ളതായിരിക്കുന്നത് ആത്മാവ് നിമിത്തമല്ല. അപ്പോൾ, ആത്മാവിൻെറ വേർപാടിനാൽ ദൈവം മരിച്ചു എന്ന് എങ്ങനെ പറയാനാവും?

11. എല്ലാംകൊണ്ടും, സ്വഭാവത്തിലും ക്നോമായിലും മറ്റൊന്നുണ്ടെങ്കിൽ,—ആവശ്യക്കാരൻ ആവശ്യത്തിൽ കൊടുക്കുന്നതിൽ നിന്നും പൂർണനാക്കപ്പെട്ടവൻ പൂർണനാക്കുന്നവനിൽ നിന്നും ഉത്ഥാനം ചെയ്യുവൻ ഉയിർപ്പിക്കുന്നവനിൽ നിന്നും മറ്റൊന്നാണെങ്കിൽ—മുകളിൽ പറഞ്ഞവ ഓരോന്നും മുഴുവനായും തിരുലിഖിതത്തിൽ ക്രിസ്തുവിനെപ്പററിയാണ് പറഞ്ഞിരിക്കുന്നത്—പരസ്പരവിരുദ്ധമായ ഈ കാര്യങ്ങളെല്ലാം ക്രിസ്തുവിന് തൻെറ ഏക ക്നോമായിൽ തനിക്കായി എങ്ങനെ ചെയ്യാൻ കഴിഞ്ഞു?

(ഡി) വിശുദ്ധ കന്യക ദൈവമാതാവാണോ മനുഷ്യ മാതാവാണോ എന്നു ചോദിക്കുന്നവർക്കെതിരെ.

1. വൈവാഹികബന്ധം കൂടാതെ കന്യക പ്രസവിച്ചു എന്ന സത്യം വിശുദ്ധ ഗ്രന്ഥത്തിൽ നിന്നു നാം പഠിച്ചിരിക്കുന്നു. അതുപോലെ ജനിച്ചയാൾ ആരാണെന്ന കാര്യവും തിരുലിഖിതത്തിൽ നിന്നു നാം പഠിക്കുന്നു: "അബ്രഹാമിൻെറ പുത്രനായ ദാവീദിൻെറ പുത്രനായ യേശുക്രിസ്തുവിൻെറ വംശാവലിപ്പുസ്തകം." (മത്താ. 1:1). "യേശുക്രിസ്തുവിൻെറ ജനനം ഇപ്രകാരമായിരുന്നു" (മത്താ. 1:18) "ദാവീദിൻെറ പട്ടണത്തിൽ മിശിഹാകർത്താവെന്ന രക്ഷകൻ ഇന്നു നിങ്ങൾക്കായി ജനിച്ചിരിക്കുന്നു" (ലൂ. 2:11), യൂദയായിലെ ബേത്ലഹേമിൽ യേശു ജനിച്ചപ്പോൾ" (മത്താ. 2:1). ഇതുപോലെ നിരവധി മററ് ഭാഗങ്ങളും. അതുകൊണ്ട് ധിക്കാരപൂർവം വിശുദ്ധ കന്യകയെ ദൈവമാതാവ് എന്നു വിളിക്കുന്നവർ നമ്മുടെ കർത്താവായ മിശിഹായുടെ മനുഷ്യത്വത്തെ നിഷേധിക്കുന്നവരുടെ അഭക്തിയെ ഒഴിവാക്കാൻ എങ്ങോട്ട് ഓടിപ്പോകും? അതുപോലെ കന്യകയെ സാധാരണരീതിയിൽ മനുഷ്യൻെറ അമ്മ എന്നു വിളിക്കുന്നവർക്ക്, ക്രിസ്തുവിൻെറ ദൈവത്വം നിഷേധിക്കുന്നവർക്കു തുല്യമായ സ്ഥാനം എങ്ങനെയാണ് നൽകാതിരിക്കുക? എന്നാൽ ക്രിസ്തു എന്ന വിശുദ്ധ നാമത്തിൻെറ ഉച്ചാരണത്തിൽ അവിടുത്തെ ദൈവത്വവും മനുഷ്യ



ത്വവും ഒന്നിച്ച് മനസ്സിലാക്കുന്നുണ്ടെങ്കിൽ, വിശുദ്ധ കന്യകയെ മിശിഹായുടെ മാതാവ് എന്ന് ഏററുപറയുന്നവർ സത്യത്തിൻെറ ഏക ഏററുപറച്ചിലിൽ തൻെറ ദൈവത്വത്തെ നിഷേധിക്കുന്നത്, തൻെറ മനുഷ്യത്വത്തെ നിഷേധിക്കുന്നത്, എന്നീ രണ്ട് അഭക്തികളെ തട്ടിമറിച്ചവസാനിപ്പിക്കയാണ് ചെയ്യുക.

2. ക്രിസ്തു സത്യദൈവവും സത്യമനുഷ്യനുമാണെങ്കിൽ, ദൈവമെന്ന നിലയിൽ അവിടുന്ന് ആരംഭമില്ലാതെ പിതാവിൽ നിന്നാണ്; മനുഷ്യനെന്ന നിലയിൽ കന്യകയിൽ നിന്ന് അവിടുന്ന് ആരംഭം എടുത്തു. എങ്കിൽ, അവളിൽ നിന്നാരംഭിച്ചവനെ എങ്ങനെയാണ് അവൾ പ്രസവിക്കാത്തത്? അവളിൽ നിന്നല്ലാത്ത നിത്യനായവൻ ഉണ്ടാകുവാൻ വേണ്ടി അവൾ അവനെ പ്രസവിച്ചുവോ?

3. ദൈവമെന്ന നിലയിൽ ക്രിസ്തു പിതാവിൽ നിന്ന് എന്നേക്കുമായി ജനിക്കുകയും, ദൈവമെന്ന നിലയിൽ കാലത്തിൽ കന്യകയിൽ നിന്നു ജനിക്കുകയും ചെയ്തു എങ്കിൽ ദൈവമെന്ന നിലയിൽ രണ്ടുപ്രാവശ്യം അവൻ ജനിച്ചതായി കാണുന്നു, എന്നാൽ മനുഷ്യനെന്ന നിലയിൽ ഒരിക്കൽ പോലുമില്ല.

4. പരിശുദ്ധാത്മാവിനാൽ തൻെറ ഉള്ളിൽ രൂപീകരിക്കപ്പെട്ടവനെ കന്യക പ്രസവിച്ചെങ്കിൽ, അക്കാരണത്താൽ ദൈവത്തെ പ്രസവിച്ചെങ്കിൽ, പരിശുദ്ധാത്മാവ് ദൈവത്തെ രൂപീകരിച്ചെന്നുവരും. എന്നാൽ പരിശുദ്ധാത്മാവായ ദൈവത്താൽ രൂപീകരിക്കപ്പെട്ടവാൻ വചനമായ ദൈവത്തിനസാധ്യമാകയാൽ കന്യക എങ്ങനെ ദൈവത്തെ പ്രസവിച്ചവളാകും?

5. തൻെറ ദൈവത്വം കൂടാതെ ക്രിസ്തു ദൈവമല്ല; എങ്കിലും തൻെറ ദൈവത്വത്തിൽ കന്യകയിൽ നിന്ന് ജനിക്കാതിരിക്കെ, എങ്ങനെ കന്യക ദൈവത്തെ പ്രസവിച്ചവളാകും?

6. ക്രിസ്തു ദൈവമാകയാൽ അക്കാരണത്താൽ കന്യക ദൈവമാതാവാണെങ്കിൽ, ക്രിസ്തു മനുഷ്യനാകയാൽ എത്രയധികമായി കന്യകയെ മനുഷ്യമാതാവ് എന്നു വിളിക്കണം!

www.malankaralibrary.com



7. എന്നാൽ കന്യകയെ മനുഷ്യമാതാവ് എന്നു വിളിക്കുന്നയാൾ ക്രിസ്തുവിനെ വെറും സാധാരണ മനുഷ്യനാക്കുകയാണെങ്കിൽ, കന്യകയെ ദൈവമാതാവ് എന്നു വിളിക്കുന്നയാൾ മനുഷ്യത്വം കൂടാത്ത ദൈവമായി ക്രിസ്തുവിനെപ്പററി പറയുന്നു. കന്യകയിൽ നിന്നു ജനിച്ചു എന്ന് ഏററുപറയപ്പെടുന്നയാൾ അവശ്യാവശ്യം പരിച്ഛേദനം ചെയ്യപ്പെട്ടവനും പ്രായത്തിലും ജ്ഞാനത്തിലും കൃപയിലും വളർന്നവനും, തിരുലിഖിതസാക്ഷ്യമനുസരിച്ച് ക്രൂശിക്കപ്പെടുകയും സഹിക്കുകയും മരിക്കുകയും ചെയ്തവനുമായിരിക്കണം. അതുകൊണ്ട് ക്രിസ്തുവിനോടോ തന്റെ മാതാവിനോടോ ഉള്ള ബഹുമാനം കൊണ്ടല്ല വിശുദ്ധ കന്യകയെ പാഷണ്ഡികൾ ദൈവമാതാവ് എന്നു വിളിക്കുന്നത്, പിന്നെയോ ഈ ബലഹീനതകളെല്ലാം ദൈവത്തിനാരോപിക്കാൻ അവസരം കണ്ടെത്തുന്നതിനു വേണ്ടിയാണ്.

8. തനിക്കുപരി ഒരു ദൈവമുള്ള ദൈവമില്ല; ദൈവത്തേക്കാൾകൂടിയ ദൈവവുമില്ല. എന്നാൽ "ഇക്കാരണത്താൽ നിന്റെ ദൈവമായ ദൈവം നിന്റെ കൂട്ടുകാരേക്കാൾ കൂടുതലായി ആനന്ദതൈലം കൊണ്ട് നിന്നെ അഭിഷേകം ചെയ്തിരിക്കുന്നു" എന്ന് ക്രിസ്തുവിനെപ്പററി പ്രവാചകൻ പറഞ്ഞിരിക്കുന്നു. (സങ്കീ. 45:8); ശ്ലീഹാ അതു് വ്യാഖ്യാനിക്കുകയും ചെയ്തു (എബ്രാ. 1:9). അപ്പോൾ വചനമായ ദൈവത്തെ അഭിഷേകം ചെയ്ത ദൈവം ആരാണ്? അഥവാ, അവന്റെ കൂട്ടുകാർ ആരാണ്? കൂട്ടുകാരേക്കാൾ കൂടുതലായിട്ടാണല്ലോ അവിടുന്ന് അഭിഷിക്തനായത്?

### (ഇ) ദൈവത്തിൽ ത്രിത്വത്തിനു പകരം ഞങ്ങൾ ചതുർത്വം പ്രഖ്യാപിക്കുന്നു എന്ന് ഞങ്ങൾക്കെതിരെ ദുരാരോപണം നടത്തുന്നവർക്കെതിരെ.

1. തുല്യ സ്വഭാവമുള്ള ത്രിത്വത്തെ നാം ഏററുപറയുന്നു. അപ്പോൾ ത്രിത്വത്തിന്റെ സ്വഭാവമില്ലാത്ത ഒന്നിനെ ത്രിത്വത്തോടുകൂടി നാലാമതായി എണ്ണുന്നതെങ്ങനെയാണ്?

2. ത്രിത്വത്തെ ദൈവത്വമായി നാം ഏററുപറയുന്നു. അപ്പോൾ ദൈവത്വത്തെ മനുഷ്യത്വവുമായി ചേർത്തു് നാലാണ് എന്ന് എണ്ണാൻ എങ്ങനെ സാധിക്കും?



3. ത്രിത്വത്തിലെ ക്നോമാകളെ എന്നേക്കുമുള്ളവയായി നാം ഏററുപറയുന്നു. അപ്പോൾ ഒരു കാലിക ക്നോമാ നിത്യമായതിനോട് ചേർത്തു് നാലാമത്തേതാണ് എന്ന് എങ്ങനെ എണ്ണാൻ കഴിയും?

4. വീണ്ടും, അവർ ഞങ്ങളോട് പറയട്ടെ: മറിയത്തിൽ നിന്നുള്ള ശരീരത്തിന്റെ സ്വഭാവം ത്രിത്വത്തിന്റെ സ്വഭാവത്തിൽ നിന്ന് വ്യത്യസ്തമാണോ അല്ലയോ? അതു വ്യത്യസ്തമല്ലെങ്കിൽ അതു പിതാവും പരിശുദ്ധാത്മാവുമായി സമസത്തയാണ്; അതു വ്യത്യസ്തമാണെങ്കിൽ ഞങ്ങൾ ചോദിക്കുന്നു: ശരീരം അതിന്റെ സ്വഭാവത്തിൽ വ്യത്യസ്തമായിരിക്കുന്നതുപോലെ തന്നെ അതിന്റെ ക്നോമാ ത്രിത്വത്തിന്റെ ക്നോമാകളിൽ നിന്നു വ്യത്യസ്തമാണോ അല്ലയോ? വ്യത്യസ്തമല്ലെങ്കിൽ, ഇതാ നിങ്ങൾ യഥാർത്ഥമായ ചതുർത്വം പ്രഖ്യാപിക്കുന്നു. അതു വ്യത്യസ്തമാണെങ്കിൽ, "ത്രിത്വത്തിൽ നിന്ന് ശരീരത്തിനുള്ള വ്യത്യാസം" എന്നു നിങ്ങൾ പറയുമ്പോൾ എങ്ങനെയാണ് നിങ്ങൾ "ചതുർത്വം" പറയാതിരിക്കുന്നതും ഞങ്ങൾ പറയുമ്പോൾ "ചതുർത്വം" ആയി പറയുന്നതും?

5. നമ്മിൽ നിന്നുള്ള മനുഷ്യൻ ദൈവവചനവുമായി ഐക്യപ്പെട്ടതുകൊണ്ട് ത്രിത്വത്തിൽ ഒരു കൂട്ടിച്ചേർക്കൽ വരുത്തിയെങ്കിൽ, ദൈവവചനം നമ്മിൽ നിന്നുള്ള മനുഷ്യനുമായി ഐക്യപ്പെട്ടതുകൊണ്ട് മനുഷ്യരുടെ എണ്ണത്തിൽ കൂടുതലുണ്ടായി. എന്നാൽ ദൈവത്തെ മനുഷ്യരുടെ കൂടെ എണ്ണുക അസാധ്യമാണെങ്കിൽ, ദൈവത്വത്തിന്റെ ക്നോമകളുടെ എണ്ണത്തോടുകൂടി മനുഷ്യനെ എണ്ണുന്നതും അസാധ്യമാണ്.

6. തന്റെ ക്നോമായിൽ എന്നേക്കും പൂർണനായ വചനമായ ദൈവം തന്റെ ക്നോമായിലേക്കെടുത്ത മനുഷ്യത്വത്തെ ഉയർത്തിയെങ്കിൽ തന്റെ ക്നോമായിൽ അവിടുന്ന് എങ്ങനെ കൂട്ടിച്ചേർക്കൽ വരുത്താതിരിക്കും?

7. തനിക്കില്ലാതിരുന്ന ഒന്ന് വചനത്തിന്റെ ക്നോമായോടുകൂടി കൂട്ടിച്ചേർക്കപ്പെട്ടെങ്കിൽ, വചനത്തിന്റെ ക്നോമാ, പിതാവിന്റെയും പുത്രന്റെയും ക്നോമകളേക്കാൾ ഉന്നതമായി തീരാതിരിക്കുന്നതെങ്ങനെ? വചനത്തിന്റെ ക്നോമാ പിതാവിന്റെയും പുത്രന്റെയും ക്നോമാകളേ

www.malankaralibrary.com



ക്കാരം കൂട്ടതലാണെങ്കിൽ, നിത്യതയിലേ ഉള്ള ത്രിത്വം എങ്ങനെ അതിന്റെ തുല്യതയിൽ തുടരും? ഈ ഐക്യം വഴി ഒരു പേരും പുത്രന്റെ ഒരു പ്രോസോപ്പോണും കൊണ്ട് ക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യത്വവും ഒരേസമയം നാമറിയുന്നതിനാൽ, എന്താവശ്യത്താലാണ് ചതുർത്വം ഏററുപറയാൻ നാം നിർബന്ധിതരാകുന്നത്?

### (എഫ്) ഞങ്ങളിൽ ഇരുപുത്രത്വം ആരോപിച്ച് നിന്ദിക്കുന്നവർക്കെതിരെ

ആരെങ്കിലും നമ്മുടെ കർത്താവിന്റെ ദൈവത്വം കൂടാതെ ദൈവപുത്രന്റെ മനുഷ്യത്വത്തെപ്പററി വ്യതിരിക്തമായി പറയാതെ ഐക്യപ്പെട്ട ദൈവത്വത്തോടുകൂടി പറഞ്ഞാൽ രണ്ടുപുത്രന്മാരെപ്പററി പറയാൻ എങ്ങനെയാണ് നിർബന്ധിതനാകുന്നത്?

മറിയത്തിൽ നിന്നു പിറന്ന ശരീരവുമായുള്ള വചനമായ ദൈവത്തിന്റെ ഐക്യത്തിൽ, ഭാഗ്യവതിയായ മറിയത്തിൽ നിന്നു ജനിച്ച രണ്ടുപുത്രന്മാരെപ്പററി പറയാൻ നാം നിർബന്ധിതരാകുന്നില്ലെങ്കിൽ, വചനമായ ദൈവവുമായുള്ള മനുഷ്യത്വത്തിന്റെ ഐക്യത്തിൽ, പിതാവായ ദൈവത്തിൽ നിന്നു ജനിച്ച രണ്ടു പുത്രന്മാരെപ്പററി പറയാൻ നാം എങ്ങനെയാണ് നിർബന്ധിതരാകുന്നത്. വചനമായ ദൈവം സ്വാഭാവികമായി പിതാവിൽ നിന്നു ജനിച്ചതുപോലെയാണ് മനുഷ്യത്വം സ്വാഭാവികമായി പിതാവിൽ നിന്ന് ജനിച്ചത് എന്ന് ഞങ്ങൾ പറഞ്ഞതെങ്കിൽ, ഇരുപുത്രപ്രഖ്യാപനം ന്യായമായി ഞങ്ങളിൽ ആരോപിക്കാമായിരുന്നു. കാരണം, രണ്ടു പുത്രന്മാരുള്ളിടത്ത്, അവർ സഹോദരന്മാരാണ്. എന്നാൽ സ്വാഭാവികമായോ, വചനമായ ദൈവത്തിന്റെ സഹോദരൻ എന്ന നിലയിലോ പിതാവിൽ നിന്നു ജനിച്ചെന്ന് ആരും പറയാൻ മുതിരാതെ മനുഷ്യത്വം അവിടുത്തോടുകൂടി വചനത്തിന്റെ പുത്രത്വത്തിൽ, വചനത്തോടുള്ള ഐക്യത്തിൽ, ഏകപുത്രനാണ് എന്നു പറഞ്ഞാൽ ദൈവവചനത്തോടുകൂടി അവർ എങ്ങനെയാണ് ഇരുപുത്രത്വം കണക്കാക്കുന്നത്?



### വീണ്ടും, ഖുസ്രോരാജാവ് മെത്രാൻമാരായ പിതാക്കൻമാരോട് ചോദിച്ച ചോദ്യങ്ങൾക്കുത്തരം[6]

1. ആദ്യപ്രബോധകർ രൂപീകരിച്ച വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ നിന്നു വ്യതിചലിച്ചത് നെസ്തോറിയരാണോ സെവേര്യരാണോ?[7]

2. നെസ്തോറിയസിന്റെ കാലംവരെ, 'ക്രിസ്തു രണ്ടു സ്വഭാവങ്ങളും രണ്ടു ക്നോമാകളുമാണ്' എന്ന് ആരെങ്കിലും പറഞ്ഞിട്ടുണ്ടോ ഇല്ലയോ?

3. മറിയം മനുഷ്യനെയാണോ ദൈവത്തെയാണോ പ്രസവിച്ചത്?[8]

എല്ലാററിനും മുൻപ്, ക്രിസ്തുവിലുള്ള സത്യവിശ്വാസം എന്തെന്നറിഞ്ഞെങ്കിലേ, ആദ്യപ്രബോധകരുടെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ നിന്ന് ആരാണ് വ്യതിചലിച്ചത് എന്ന് അറിയാൻ സാധിക്കൂ; തിരുലിഖിതങ്ങളിൽ നിന്ന് പ്രത്യേകമായി സത്യവിശ്വാസം എന്തെന്നു ഗ്രഹിക്കാൻ സാധിക്കും. അവ ക്രിസ്തുമതത്തിന്റെ പ്രബോധകരാണ്; ക്രിസ്തുവിന്റെ വരവും നമുക്കുവേണ്ടിയുള്ള അവിടുത്തെ വ്യാപാരവും തിരുലിഖിതത്തിൽ നിന്നാണ് കൃത്യമായും വ്യക്തമായും നാമറിയുക. അതുകൊണ്ട്, വിശുദ്ധ ലിഖിതങ്ങൾ ക്രിസ്തുവിനെപ്പററി പഠിപ്പിച്ചിരിക്കുന്നത് ചുരുക്കമായി ഞങ്ങൾ എഴുതുന്നു; അതിനുശേഷം, തിരുലിഖിത പ്രബോധനങ്ങളിൽ നിന്ന്, നെസ്തോറിയസിന് മുൻപുള്ള പിതാക്കന്മാർ പറഞ്ഞിരിക്കുന്നത് എന്താണെന്നു നോക്കാം.

നമ്മുടെ കർത്താവായ ക്രിസ്തുവിനെപ്പററി വിശുദ്ധലിഖിതങ്ങൾ ഇപ്രകാരം പഠിപ്പിക്കുന്നു: ഏക പുത്രത്വത്തിലും ഏക കർതൃത്വത്തിലും, ഏക[9] ആധിപത്യത്തിലും ഏക ഇച്ഛയിലും ഏക വ്യാപാരത്തിലും അവിടുന്ന് പൂർണദൈവവും പൂർണ മനുഷ്യനുമാണ്. ക്രിസ്തുവിന്റെ ദൈവത്വത്തെപ്പററി പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ഇവയാണ്: "ദൈവമേ, നിന്റെ സിംഹാ

6. Ibid p. 100 - 101.
7. 'സന്യാസികൾ' എന്ന് Chabot ൽ : p. 574.
8. Chabot - ൽ ഇല്ല.
9. തുടർന്നുള്ളത് Chabot ൽ നിന്നാണ്.

www.malankaralibrary.com



സനം എന്നുമെന്നേയ്ക്കും ഉള്ളതാകുന്നു'' വീണ്ടും, ''നീ ആദിയിലേ ഭൂമിക്കടിസ്ഥാനമിട്ടു; ആകാശം നിന്റെ കൈവേലയാകുന്നു'' എന്നും ക്രിസ്തുവിനെപ്പററി ഭാഗ്യവാനായ ദാവീദ് പ്രവചനമായും പൗലോസ് ശ്ലീഹാ അതു വ്യാഖ്യാനിച്ചും പറഞ്ഞിരിക്കുന്നു (സങ്കീ.45:6; 102:25; എബ്രാ.1:8.10).

സുവിശേഷകനായ യോഹന്നാൻ പറഞ്ഞു: ''ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടിയായിരുന്നു; വചനം ദൈവമായിരുന്നു. (യോഹ.1:1).

ഭാഗ്യവാനായ പൗലോസ് പറഞ്ഞു: അവൻ പിതാവിന്റെ മഹത്വത്തിന്റെ തേജസ്സും സത്തയുടെ മുദ്രയുമാണ്. അവൻ വഴി അവൻ ലോകങ്ങളെ നിർമ്മിച്ചു; തന്റെ വചനത്തിന്റെ ശക്തിയാൽ അവൻ എല്ലാററിനെയും താങ്ങിനിർത്തുന്നു (എബ്രാ. 1:3.2).

ക്രിസ്തുവിന്റെ മനുഷ്യത്വത്തെപ്പററിയുള്ള സംഗതികൾ ഇവയാണ്: ഭാഗ്യവാനായ ദാവീദ് ക്രിസ്തുവിനെക്കുറിച്ചുള്ള ഒരു പ്രവചനത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു: ''നീ നീതിയേ സ്നേഹിക്കുകയും ദുഷ്ടതയെ വെറുക്കുകയും ചെയ്തു. അതുകൊണ്ട് ദൈവം... നിന്നെ അഭിഷേകം ചെയ്തു' (സങ്കീ.45:7).

മറെറാരിടത്ത് അവൻ പറയുന്നു: ''നീ മനുഷ്യനെ അനുസ്മരിക്കാൻ അവൻ എന്താണ്; നീ മനുഷ്യപുത്രനെ സന്ദർശിക്കാൻ അവൻ എന്താണ്? നീ അവനെ ബഹുമാനത്തിൽ മാലാഖമാരേക്കാൾ അല്പം താഴ്ത്തി...'' (സങ്കീ.8:5-6). ഭാഗ്യവാനായ പൗലോസ് ഇതു വ്യാഖ്യാനിച്ചുകൊണ്ട് പറയുന്നു:'' അതുകൊണ്ട്, മാലാഖമാരേക്കാൾ അല്പം താഴ്ത്തപ്പെട്ടവൻ യേശുവാണെന്ന് തന്റെ സഹനവും മരണവും വഴി നാം കാണുന്നു (എബ്രാ 2:9).

പ്രവാചകനായ ഏശായാ പറഞ്ഞു: ''ഇതാ എന്റെ ദാസൻ; അവനിൽ ഞാൻ സന്തുഷ്ടനാണ്; എന്റെ പ്രിയൻ; അവനിൽ എന്റെ ആത്മാവ് ആശയോടിരുന്നു, എന്റെ ആത്മാവിനെ അവനിൽ ഞാൻ വച്ചു'' (42:1). നമ്മുടെ കർത്താവ്, സുവിശേഷത്തിൽ, അതു തന്നെക്കുറിച്ചാണെന്ന് വ്യാഖ്യാനിക്കുന്നു (മത്താ. 12:18).



ശ്ലീഹന്മാരുടെ തലവനായ പത്രോസ് പറയുന്നു: ''ദൈവത്തിൽ നിന്നുള്ള മനുഷ്യനായ നസ്രായനായ യേശു, ദൈവം തന്റെ കൈകൾ കൊണ്ട് നിങ്ങളുടെ ഇടയിൽ പ്രവർത്തിച്ച മഹനീയ കാര്യങ്ങൾ കൊണ്ടും അടയാളങ്ങൾ കൊണ്ടും അത്ഭുതങ്ങൾ കൊണ്ടും നിങ്ങൾക്കു പ്രത്യക്ഷനായി'' (നട. 2:22). വീണ്ടും, പരിശുദ്ധാത്മാവിനാലും ശക്തിയാലും ദൈവം അഭിഷേകം ചെയ്തു ''നസ്രത്തിൽ നിന്നുള്ള യേശു ചുററിനടന്നു ദുഷ്ടനാൽ പീഡിപ്പിക്കപ്പെട്ടവരെ സുഖപ്പെടുത്തി; എന്തുകൊണ്ടെന്നാൽ ദൈവം അവനോടുകൂടെ ഉണ്ടായിരുന്നു (നട.10:38).

ഭാഗ്യവാനായ പൗലോസ് പറയുന്നു: ''താൻ നിയോഗിച്ചിരിക്കുന്ന മനുഷ്യൻവഴി ലോകത്തെ മുഴുവൻ നീതിയോടെ വിധിക്കാൻ അവിടുന്നൊരു ദിവസം നിശ്ചയിച്ചിരിക്കുന്നു'' (നട.17:31).

മറെറാരിടത്ത് അവൻ പറയുന്നു: ''ദൈവം ഒരുവൻ; ദൈവത്തിനും മനുഷ്യനും ഇടയിലുള്ള മധ്യസ്ഥൻ ഒരുവൻ— മനുഷ്യനായ യേശുക്രിസ്തു'' (1 തിമോ.2:5).

ക്രിസ്തുവിന്റെ ദൈവത്വത്തെക്കുറിച്ചും മനുഷ്യത്വത്തെക്കുറിച്ചും വിശുദ്ധ ലിഖിതങ്ങളിൽ വ്യക്തമായി പറഞ്ഞിട്ടുള്ളതും തന്റെ ദൈവത്വത്തെപ്പററിപറഞ്ഞിരിക്കുന്നവ തന്റെ മനുഷ്യത്വത്തിന്റെ സ്വഭാവത്തിൽ ആയിരിക്കാൻ സാധ്യമല്ലാത്തതും പരസ്പരാന്തരമുള്ളതുമായ മററനേകം കാര്യങ്ങളിൽ നിന്ന് ക്രിസ്തു പൂർണമനുഷ്യനും പൂർണദൈവവുമാണെന്നും വ്യക്തമായി തെളിയുന്നു. ഒരേസമയം അവിടുന്ന് പൂർണദൈവവും പൂർണമനുഷ്യനുമാണ് എന്നതു് വ്യക്തമാണ്: ദൈവത്വത്തിന്റെ സ്വഭാവത്തിലും ക്നോമായിലും അവിടുന്ന് പൂർണനാണ്; മനുഷ്യത്വത്തിന്റെ സ്വഭാവത്തിലും ക്നോമായിലും അവിടുന്ന് പൂർണനാണ്. ക്രിസ്തുവിനെപ്പററി പറഞ്ഞിട്ടുള്ള വാക്കുകളുടെ അന്തരത്തിൽ നിന്ന് ക്രിസ്തു രണ്ട് സ്വഭാവങ്ങളും രണ്ട് ക്നോമാകളുമാണെന്ന് അറിയപ്പെടുന്നു. അതുപോലെ, ദൈവപുത്രനായ ക്രിസ്തുവിനെപ്പററി പറഞ്ഞിരിക്കുന്നതിൽ നിന്ന് ക്രിസ്തു ഏകനാണെന്ന് അറിയപ്പെടുന്നു. എന്നാൽ സ്വഭാവങ്ങളുടെയും ക്നോമാകളുടെയും ഐക്യമല്ല, പിന്നെയോ പുത്രത്വത്തിന്റെ ഏക

www.malankaralibrary.com



പർസോപ്പായിൽ ഏക അധികാരം, ഏകവ്യാപാരം, ഏക ശക്തി, ഏകകർത്തൃത്വം.

വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ നിന്ന് ഞങ്ങൾ വ്യതിചലിച്ചില്ല എന്ന് ഇവയിൽ നിന്നെല്ലാം വ്യക്തമാണല്ലോ. ക്രിസ്തു രണ്ടു സ്വഭാവങ്ങളും രണ്ടു ക്നോമാകളുമാണെന്ന് ഞങ്ങൾ ശരിയായി വിശ്വസിക്കുന്നു. എന്നാൽ സെവേറുസും അവന്റെ ശിഷ്യരും വഴിതിമാറി; അവർ ക്രിസ്തുവിൽ ഏകസ്വഭാവവും ഏക ക്നോമായും പ്രഖ്യാപിക്കുന്നു.

നെസ്തോറിയുസിനു മുമ്പുള്ള പ്രബോധകരുടെ പ്രതിപാദനങ്ങളിൽ നിന്ന് വ്യക്തമായവ: അതേ വിഷയത്തെപ്പറ്റി ഗ്രീക്ക് പ്രബോധകരിൽ നിന്നുള്ള തെളിവുകൾ: തന്റെ പ്രബോധനത്തിന്റെ മനോഹാരിതയാൽ സ്വർണ്ണനാവുകാരൻ എന്നു വിളിക്കപ്പെട്ടവനും കോൺസ്റ്റാന്റിനോപ്പിളിലെ മെത്രാനും ഭാഗ്യവാനുമായ ജോൺ വിശ്വാസ സംബന്ധമായി ചെസ്സാരിയുസ് എന്ന സന്യാസിക്കെഴുതിയ ലേഖനത്തിൽ ഇപ്രകാരം എഴുതി: ''ക്രിസ്തു ഏകസ്വഭാവമാണെന്ന് പറയുന്നവരെ ഏതു പാതാളമാണ് ഛർദ്ദിച്ചതു്?

വീണ്ടും അദ്ദേഹം പറയുന്നു. ''ഐക്യത്തിനു ശേഷം ക്രിസ്തു ഏകസ്വഭാവമാണ് എന്ന് തങ്ങളുടെ മാനസ്സിക വിഭ്രാന്തിയിൽ ജല്പിക്കുന്നവരിൽ നിന്ന് ഓടിയകലുന്നതാണു നല്ലത്. സഹനാതീതനായ ദൈവത്തിന് സഹനവും മരണവും ആരോപിക്കാൻ വേണ്ടിയാണ് 'ഏകസ്വഭാവം' എന്നു പറയാൻ അവർ ശ്രമിക്കുന്നതു്.''

വീണ്ടും അദ്ദേഹം പറയുന്നു: ''ക്രിസ്തു സഹനാതീത ദൈവവും സഹന വിധേയനായ മനുഷ്യനുമാണ്; ഇതു വളരെ വ്യക്തമാണ്. കാരണം, ഇരുസ്വഭാവങ്ങളും ഏകപുത്രത്വത്തിലും ഏകകർത്തൃത്വത്തിലും ഏകവ്യാപാരത്തിലും അറിയപ്പെടുന്നു.''

ദനഹായെപ്പറ്റിയുള്ള ഒരു പ്രസംഗത്തിൽ അദ്ദേഹം പറയുന്നു: ''സ്നാനപ്പെട്ട ക്രിസ്തു ആത്മാവിനെ സ്വീകരിക്കുകയും ആത്മാവിനെ കൊടുക്കുകയും ചെയ്തു. ദൃശ്യമായ മനുഷ്യസ്വഭാവം ആത്മാവിനെ സ്വീകരിച്ചു; മറഞ്ഞിരുന്ന ദൈവസ്വഭാവം ആത്മാവിനെ കൊടുത്തു.''



''വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു'' എന്നതു സംബന്ധിച്ച പ്രസംഗത്തിൽ അദ്ദേഹം പറയുന്നു: ''വസിച്ചവനും വസിച്ചിടവും ഒന്നല്ല; അതൊരു വാസമാണെങ്കിൽ ഒന്ന് മറ്റൊന്നിൽ വസിച്ചു. കാരണം, തന്നിൽതന്നെ വസിച്ച വാസമല്ലിതു്; ഒന്നു മറ്റൊന്നിൽ വസിച്ചു എന്നു ഞാൻ പറയുന്നു; കാരണം. സ്വഭാവങ്ങൾ വിഭിന്നങ്ങളാണ്. എന്നാൽ ഐക്യത്താലും യോജിപ്പാലും വചനമായ ദൈവവും മനുഷ്യനും ഒന്നാണ്; അവരുടെ സ്വഭാവങ്ങൾ കൂടിക്കുഴഞ്ഞില്ല, മാറിപ്പോയുമില്ല.''

സ്വർഗാരോഹണം സംബന്ധിച്ചുള്ള ഒരു പ്രസംഗത്തിൽ അദ്ദേഹം പറയുന്നു: ''ആരാണ് ഉന്നതത്തിലേക്ക് സംവഹിക്കപ്പെട്ടതെന്ന് ഗ്രഹിക്കുക—ഏതു സ്വഭാവം—മറിയത്തിൽ നിന്നുള്ളതു്.''

വീണ്ടും അദ്ദേഹം പറയുന്നു: ''എന്റെ വലത്തുഭാഗത്തിരിക്കുക'' എന്ന് ഏതു സ്വഭാവത്തോടാണ് ദൈവം പറഞ്ഞതെന്ന് നാം അറിഞ്ഞിരിക്കണം. അതിനോട് അവിടുന്ന് അരുൾചെയ്തു: ''നീ പൊടിയാകുന്നു; പൊടിയിലേക്കു നീ തിരികെച്ചേരും.''

മറ്റൊരു പ്രസംഗത്തിൽ അദ്ദേഹം പറയുന്നു: ''ക്രിസ്തു തന്റെ മനുഷ്യപ്രകൃതിയിൽ നമ്മുടെ സഹോദരനാണ്; എന്നാൽ ബഹുമാനത്തിൽ അവിടുന്ന് അനന്തമായി നമ്മെക്കാൾ ഉന്നതനാണ്''.

നസ്യാൻസസിലെ മെത്രാൻ ഭാഗ്യവാനായ ഗ്രിഗറി വിശ്വാസം സംബന്ധിച്ചുള്ള ഒരു ലേഖനത്തിൽ പറയുന്നു: ''ഒരു വശത്തു് രണ്ടു സ്വഭാവങ്ങൾ, ദൈവവും മനുഷ്യനും; എന്നാൽ രണ്ടു പുത്രന്മാരല്ല.''

വീണ്ടും അദ്ദേഹം പറയുന്നു: ''അവിടുന്ന് വചനത്തിന്റെ ദൈവമല്ല, പിന്നെയോ, കാണപ്പെട്ടവന്റേതാണ്; കാരണം, സ്വഭാവത്താലേ ദൈവമായിരിക്കുന്നവന് എങ്ങനെയാണ് ഒരു ദൈവം ഉണ്ടായിരിക്കുക?''

അലക്സാണ്ട്രിയായിലെ മെത്രാനും ഭാഗ്യവാനുമായ അത്തനാസ്യോസ്, എപ്പിക്ടെറ്റസിനു് എഴുതിയ ലേഖനത്തിൽ പറയുന്നു: ''അവിടുന്ന് പിതാവുമായി സമസത്ത

www.malankaralibrary.com



യാണ്'' എന്ന് നിഖ്യായിലെ നമ്മുടെ പിതാക്കന്മാർ ശരീരത്തെപ്പററിയല്ല, പുത്രനെപ്പററിയാണ് പറഞ്ഞത്. തിരുലിഖിതങ്ങൾ പഠിപ്പിക്കുന്നതുപോലെ 'അത്' മറിയത്തിൽ നിന്നാണ് എന്നാണ് അവർ പറഞ്ഞത്.''

വീണ്ടും, അദ്ദേഹം പറയുന്നു: ''ഭൂമിയിൽ നിന്നുള്ള ശരീരം വചനമായ ദൈവവുമായി സമസത്തയാണെങ്കിൽ, പിതാവും ധരയിൽ നിന്നുള്ള ശരീരവുമായി സമസത്തയാണ്; കാരണം വചനമായ ദൈവം പിതാവുമായി സമസത്തയാണ്''.

വീണ്ടും തിരുവവതാരത്തെപ്പററിയുള്ള ഒരു പ്രസംഗത്തിൽ അദ്ദേഹം പറയുന്നു: ''ദൈവത്വത്തെപ്പററി മാത്രമേ സൃഷ്ടിക്കപ്പെടാത്ത യാഥാർത്ഥ്യം എന്നു പറയാൻ സാധിക്കൂ. സൃഷ്ടിക്കപ്പെടാത്ത സ്വഭാവം സഹനവിധേയമാണെന്നു പറയുന്നത് അഭക്തിയായിരിക്കുന്നതുപോലെ സഹനവിധേയസ്വഭാവം സൃഷ്ടിക്കപ്പെട്ടതല്ല എന്നു പറയുന്നത് ദുഷ്ടതയാണ്. അതുപോലെ, പിന്നീടുണ്ടായ മനുഷ്യസ്വഭാവം വചനവുമായുള്ള ഐക്യം നിമിത്തമല്ല പിന്നെയോ വചനവുമായി സമസത്തയായിരുന്നു, സഹിച്ചത് അതേ സ്വഭാവമായിരുന്നു എന്നൊക്കെ പറയുന്നത് അഭക്തിയാണ്.''

കോൺസ്റ്റാൻറിനോപ്പിളിൽ കൂടിയ 150 പിതാക്കന്മാരുടെ സിനഡ് പാശ്ചാത്യപിതാക്കന്മാർക്കെഴുതിയ ഒരു ലേഖനത്തിൽ ഇപ്രകാരം പറയുന്നു: ''ലോകങ്ങൾക്കും കാലങ്ങൾക്കും മുൻപ് വചനമായ ദൈവം പൂർണദൈവമായിരുന്നു; യുഗാന്ത്യത്തിൽ, മനുഷ്യരായ നമ്മുടെ രക്ഷയ്ക്കുവേണ്ടി അവിടുന്ന് നമ്മിൽ നിന്നുള്ള പരിപൂർണമനുഷ്യനെ എടുത്ത് അവനിൽ വസിച്ചു.''

റോമാമെത്രാനായ ദമാസൂസും അദ്ദേഹത്തിൻെറ കൂടെയുള്ള മെത്രാന്മാരും വിശ്വാസത്തെപ്പററിയുള്ള ഒരു ലേഖനത്തിൽ ഇപ്രകാരം എഴുതി: ''പീഡാനുഭവത്തിലും കുരിശുമരണത്തിലും വചനമായ ദൈവം വേദന സഹിച്ചു, നമ്മുടെ വംശത്തിൽ നിന്ന് അവൻ സ്വീകരിച്ച ശരീരവും ആത്മാവുമല്ല സഹിച്ചത് എന്നു പറയുന്നവരെല്ലാം ശപിക്കപ്പെടട്ടെ.''

കേസറിയാ മെത്രാനായ ബേസിൽ, ശ്ലീഹായുടെ മൂന്നു വാചകങ്ങളെപ്പററിയുള്ള പ്രസംഗത്തിൽ പറയുന്നു: ''തൻെറ



സ്നേഹിതനായ ലാസറിനുവേണ്ടി അവിടുന്ന് കരഞ്ഞു എന്നതിലും, ധാരാളം കണ്ണീരൊഴുക്കി. എന്നതിലും ശരീരം അതിൻെറ സ്വഭാവത്തിൽ സഹനവിധേയമായിരുന്നെന്നും നമ്മുടെ മനുഷ്യത്വവുമായി സമസത്തയായിരുന്നെന്നും അവിടുന്നു കാണിക്കുകയായിരുന്നു.''

വീണ്ടും അദ്ദേഹം പറയുന്നു: ''ആഹാരത്തിനാവശ്യം ഉണ്ടായിരുന്ന ശരീരത്തിൻെറ സന്ധാരണത്തിനായി ക്രിസ്തു ഭക്ഷിച്ചു എന്നതുകൊണ്ടും തൻെറ കാലുകൾ കുഴഞ്ഞതിനാൽ റോഡിലൂടെയുള്ള യാത്രയിൽ അവിടുന്ന് ക്ഷീണിതനായി എന്നതുകൊണ്ടും ഒരിക്കലും ദൈവമല്ല ക്ഷീണിതനായതും തളർന്നതും; പിന്നെയോ ഇതുപോലെയുള്ള കഷ്ടപ്പാടുകൾ ശരീരത്തിൻെറ സ്വഭാവത്തിൽ പെട്ടതാണ് എന്നു കാണിക്കാനായിരുന്നു.''

നീസ്സായിലെ മെത്രാനായ ഗ്രിഗറി വിശ്വാസത്തെപ്പററിയുള്ള ഒരു ലേഖനത്തിൽ പറയുന്നു: ''ആശ്ചര്യകരം! ദൈവപുത്രൻ സ്വഭാവത്തിൽ സഹനവിധേയനും സ്വഭാവത്തിൽ സഹനാതീതനുമാണ്. തൻെറ ദൈവത്വത്തിൻെറ സ്വഭാവത്തിൽ അവിടുന്ന് സഹനവിധേയനാണ് എന്നു പറഞ്ഞാൽ അവിടുത്തെ സ്വഭാവം പിതാവിൽ നിന്ന് വ്യത്യസ്തമാണെന്ന് പ്രഖ്യാപിക്കയാകും ചെയ്യുക. എന്നാൽ സത്യവിശ്വാസികളായ നാം അംഗീകരിക്കുന്ന മനുഷ്യസ്വഭാവത്തിൽ സഹനവിധേയവും അവൻെറ ദൈവത്വത്തിൻെറ സ്വഭാവം സഹനാതീതവുമാണെങ്കിൽ, പിതാവുമായി അവിടുത്തേയ്ക്കുള്ള സമസത്തയ്ക്ക് കുഴപ്പമൊന്നും വരുന്നില്ല. കാരണം, സ്വഭാവങ്ങളെ കൂട്ടിക്കുഴയ്ക്കുന്നവരുടെ വിഭ്രാന്തിപോലെ ദൈവത്വത്തിൻെറയും മനുഷ്യത്വത്തിൻെറയും ഏകസ്വഭാവം എന്നു നാം പറഞ്ഞിട്ടില്ല.

വീണ്ടും അദ്ദേഹം പറയുന്നു: ''അഗ്രാഹ്യമായ ഐക്യത്തിൽ രണ്ട് ഒന്നാണെങ്കിലും, സ്വഭാവത്തിലല്ല.''

വീണ്ടും അദ്ദേഹം പറയുന്നു: ''ക്രിസ്തു രണ്ടു സ്വഭാവങ്ങളാണെങ്കിലും, സ്വഭാവങ്ങളുടെ സവിശേഷതകൾ നശിപ്പിക്കാതെ, പുത്രത്വത്തിൻെറ ഒരേയൊരു പർസോപ്പായിൽ കൃത്യമായി അറിയപ്പെടുന്നു.''

www.malankaralibrary.com



കോൺസ്റ്റാൻറിനോപ്പിൾ മെത്രാൻ അററിക്കസ് ചോദ്യോത്തരരീതിയിലുള്ള, വിശ്വാസ സംബന്ധമായ ഒരു ലേഖനത്തിൽ പറയുന്നു: "തകർക്കപ്പെട്ടവൻ ആരാണ്? മറിയത്തിൽ നിന്നുള്ള ശരീരം അതിനെ ഉയിർപ്പിച്ചവൻ ആരാണ്? പിതാവിൽനിന്നുള്ള വചനം."

വീണ്ടും അദ്ദേഹം പറയുന്നു: "തന്റെ മനുഷ്യസ്വഭാവത്തിൽ മരിക്കുകയും തന്റെ ബലിഷ്ഠമായ ദൈവസ്വഭാവത്തിൽ മരിച്ചവരിൽനിന്നുയിർക്കുകയും ചെയ്ത ക്രിസ്തു ഏകനാണ്."

വീണ്ടും അദ്ദേഹം പറയുന്നു: "മഹത്വത്തിന്റെ കർത്താവ് ക്രൂശിക്കപ്പെട്ടു എന്നു പൗലോസ് പറയുമ്പോൾ, ഒന്നു മറെറാന്നിൽനിന്ന് വ്യത്യസ്തമായ രണ്ടു സ്വഭാവങ്ങളെ 'മഹത്വം' എന്ന ഏകനാമത്തിലൂടെ ഒരേ ഒരു സ്വഭാവമാക്കിത്തീർക്കുകയല്ല അവൻ ചെയ്യുന്നത്, പിന്നെയോ ഉന്നതമായതിന്റെ ഔന്നത്യത്താൽ 'മഹത്വം' എന്ന നാമത്താൽ താഴ്ന്ന സ്വഭാവത്തെ അവൻ ബഹുമാനിക്കയത്രേ ചെയ്യുന്നത്".

വീണ്ടും അദ്ദേഹം പറയുന്നു: "യേശു ദൈവപുത്രൻ എന്നു വിളിക്കപ്പെട്ടത് തന്റെ ശരീരം ദൈവസ്വഭാവത്തിലേക്ക് മാററപ്പെട്ടതിനാലല്ല, പിന്നെയോ വചനമായ ദൈവവുമായുള്ള തന്റെ ഐക്യത്താൽ തുല്യമഹത്വമുള്ള ഒരു നാമം സ്വീകരിച്ചതിനാലാണ്."

രക്തസാക്ഷിയും താത്വികനുമായ ജസ്റ്റിൻ വിശ്വാസത്തെപ്പററിയുള്ള ഒരു പ്രതിപാദനത്തിൽ പറയുന്നു: രണ്ടു സ്വഭാവങ്ങളിൽ ദൈവപുത്രൻ ഏകനാണ്. ദൈവത്തിൽനിന്നു ജനിച്ച തന്റെ ദൈവസ്വഭാവത്തിൽ അവിടുന്ന് പീഡ സഹിച്ചില്ല."

അദ്ദേഹം വീണ്ടും പറയുന്നു: ദൈവപുത്രനായ ക്രിസ്തു ഇരു സ്വഭാവങ്ങളിൽ ഏകനാണ്: ഒന്ന് നമ്മിൽ നിന്ന് എടുക്കപ്പെട്ടത്, മററത്, നമ്മുടെ സ്വഭാവത്തെക്കാൾ ഉന്നതമായത്."

ഇക്കോണിയത്തിലെ മെത്രാനായ ആംഫിലോക്കിയസ് വിശ്വാസത്തെപ്പററിയുള്ള ഒരു ലേഖനത്തിൽ പറയുന്നു: "ദൈവസ്വഭാവം മനുഷ്യസ്വഭാവത്തിൽ നിന്ന് വ്യത്യസ്തമാണ്; കാരണം, വീഴ്ചവഴി എന്നവണ്ണം ദൈവം മനുഷ്യനായില്ല; മുക



ളിലേക്കുള്ള കയററംവഴി എന്നവണ്ണം മനുഷ്യൻ ദൈവമായില്ല. എന്നാൽ ക്രിസ്തു ദൈവവും മനുഷ്യനുമാണ്. അതുകൊണ്ട്, ക്രിസ്തുവിനെക്കുറിച്ചുള്ള വിനീതവചനങ്ങൾ മറിയത്തിൽ നിന്നുള്ള മനുഷ്യനും, അത്ഭുതകരവും ഉന്നതവുമായവ ദൈവവചനത്തിന്റെ സ്വഭാവത്തിനും ആണ് ചേരുന്നത് എന്ന് വ്യക്തമാണല്ലോ."

വീണ്ടും അദ്ദേഹം പറയുന്നു: "ദൈവപുത്രനായ ക്രിസ്തു മറിയത്തിൽ നിന്നു ജനിച്ചു; ബന്ധിതമല്ലാത്ത തന്റെ ദൈവത്വത്തിലല്ല, പിന്നെയോ തന്റെ മനുഷ്യത്വത്തിന്റെ പരിച്ഛേദ്യ സ്വഭാവത്തിലാണ്. കാരണം, 'രണ്ടു സ്വഭാവങ്ങളിൽ ഏകപുത്രൻ' എന്നു നാം പറയുന്നു."

വീണ്ടും അദ്ദേഹം പറയുന്നു: "ദൈവപുത്രനായ ക്രിസ്തു സഹിച്ചു; തന്റെ ദൈവത്വത്തിലല്ല, തന്റെ മനുഷ്യത്വത്തിൽ. ക്രിസ്തു ശരീരത്തിൽ സഹിച്ചു എന്ന് ഞാൻ പറയുന്നു, ദൈവത്വം ശരീരത്തിൽ സഹിച്ചു എന്നു ഞാൻ പറഞ്ഞില്ല. എടുത്ത ദൈവത്വത്തിന്റെ സ്വഭാവം സഹനാതീതമായി നിലകൊണ്ടു; തന്റെ ആലയത്തിന്റെ സഹനങ്ങൾ അവിടുന്ന് സഹിച്ചില്ലെങ്കിലും വചനമായ ദൈവം അവ തന്റേതായി പരിഗണിച്ചു. മറെറാരു 'പുത്രൻ' ഇല്ല എന്നു ഞാൻ പറയുന്നു; പിന്നെയോ മറെറാരു സ്വഭാവം; കാരണം, സ്വഭാവങ്ങളുടെ വ്യത്യാസം പുത്രന്റെ ഐക്യത്തിന് ഒരു തടസ്സവുമല്ല. എന്തുകൊണ്ടെന്നാൽ, മനുഷ്യസ്വഭാവത്തിന്റെ ബലഹീനതയിൽനിന്നും ദൈവവചനത്തിന്റെ നിത്യമായ സ്വഭാവത്തിൽ നിന്നും പുത്രന്റെ ഏകപർസോപ്പാ എന്ന് നാം പറയുന്നു."

മിലാനിലെ മെത്രാനായ അംബ്രോസ് വിശ്വാസത്തെക്കുറിച്ചുള്ള ഒരു ലേഖനത്തിൽ പറയുന്നു: "ദൈവവചനം തന്റെ അസ്തിത്വത്തിന്റെ ആരംഭം കന്യകയിൽനിന്നു സ്വീകരിച്ചില്ല; പിന്നെയോ, അവിടുന്ന് അവളിൽനിന്ന് മനുഷ്യസ്വഭാവം എടുക്കുകയും അതിനെ തന്നോടു ചേർക്കുകയും ചെയ്തു. അവ തമ്മിൽ കൂട്ടിക്കുഴയ്ക്കാതെ, രണ്ടു സ്വഭാവങ്ങളിൽ ഏകപുത്രൻ അറിയപ്പെടുന്നു."

www.malankaralibrary.com



വീണ്ടും അദ്ദേഹം പറയുന്നു: "ക്രിസ്തുവിന്റെ ഇരു സ്വഭാവങ്ങളും ഏകസ്വഭാവത്തിൽ കൂട്ടിക്കുഴഞ്ഞു എന്നു പറയുകയും നമ്മുടെ കർത്താവായ യേശുക്രിസ്തു കൂട്ടിക്കുഴയ്ക്കൽ കൂടാതെ പുത്രത്വത്തിന്റെ ഏകപർസോപ്പായിൽ രണ്ടുസ്വഭാവങ്ങളാണ്, അങ്ങനെ ദൈവപുത്രനായ ക്രിസ്തു ഏകനാണ് എന്ന് വിശ്വസിക്കാതിരിക്കുകയും ചെയ്യുന്നവരെ വിശുദ്ധ സഭ ശപിക്കുന്നു.

മുകളിൽ എഴുതിയവയിൽനിന്നും നെസ്തോറിയൂസിനു മുമ്പുള്ള അനേകം പ്രബോധകരുടെ മററു പ്രതിപാദനങ്ങളിൽ നിന്നും ക്രിസ്തു രണ്ട് ക്നോമാകളുമാണെന്നുള്ളത് സുസ്പഷ്ടമാണ്; ക്രിസ്തുവിനെ ദൈവം എന്നു വിളിക്കുമ്പോൾ ത്രിത്വത്തിലെ മൂന്ന് ക്നോമാകളെയല്ല, വചനമായ ദൈവത്തിന്റെ ഏക ക്നോമായെയാണ് വിളിക്കുന്നത്. അതുപോലെ ക്രിസ്തുവിനെ മനുഷ്യൻ എന്നു വിളിക്കുമ്പോൾ മനുഷ്യത്വത്തിലെ എല്ലാ ക്നോമാകളെയുമല്ല, പിന്നെയോ, ദൈവവചനവുമായുള്ള ഐക്യത്തിനായി മനുഷ്യകുലത്തിൽ നിന്നെടുത്ത ഏക ക്നോമായെയാണ് വിളിക്കുന്നത്. ക്നോമാ കൂടാതെ സ്വഭാവം ഇല്ല. കാരണം, ക്നോമാ പ്രത്യേകമാണ്; ഒരു സ്വഭാവത്തിൽ നിരവധി ക്നോമാകൾ കാണാം. എന്നാൽ രണ്ടു സ്വഭാവങ്ങളോ അനേക സ്വഭാവങ്ങളോ, ആദ്യം ഒരു സ്വഭാവമാകാതെ ഒരു ക്നോമായിലായിരിക്കാൻ സാധിക്കുകയില്ല. സ്വഭാവത്തിന്റെ ഐക്യത്തിൽ നിന്ന് ഒരു ക്നോമാ എന്നുപറയാം. ഒരു നിത്യമായ സ്വഭാവത്തിനും ബന്ധിതമല്ലാത്ത അരൂപിക്കും. സൃഷ്ടിക്കപ്പെട്ടതും ശാരീരികമായതും പരിമിതിയുള്ളതുമായ സ്വഭാവവുമായി ഒരു സ്വഭാവമാകുക അസാധ്യമാണെങ്കിൽ, ക്രിസ്തു രണ്ടു സ്വഭാവങ്ങളും രണ്ട് ക്നോമാകളുമാണ് എന്നതു് സുവ്യക്തമാണല്ലോ. അവിടുത്തെ ദൈവത്വവും അവിടുത്തെ മനുഷ്യത്വവും തമ്മിൽ അഭേദ്യമായ ഐക്യം ഉള്ളതിനാൽ ഏകപുത്രത്വത്തിലും കർതൃത്വത്തിലും അധികാരത്തിലാണ് ഇതു് എന്ന് വിശ്വസിക്കുന്നു. അവിടുത്തേക്കും അവിടുത്തെ പിതാവിനും പരിശുദ്ധാത്മാവിനും മഹത്വവും ബഹുമാനവും യോഗ്യമാകുന്നു. ആമ്മീൻ.

**ഒരു മറുപടി:** ഈ കാര്യം സംബന്ധിച്ച് പ്രകൃതിയിൽ നിന്നും തിരുലിഖിതങ്ങളിൽ നിന്നും അറിയാവുന്ന കാര്യങ്ങൾ



ഇതിനുമുമ്പ് ഒരു രേഖയിൽ നാം രചിച്ചിട്ടുണ്ട്. അതുകൊണ്ട് ഇപ്പോൾ മേൽപ്പറയപ്പെട്ട കാര്യങ്ങളുടെ വാസ്തവികതയ്ക്കു സാക്ഷിയായി നെസ്തോറിയൂസിനു മുമ്പുള്ള പ്രബോധകരുടെ പ്രതിപാദനങ്ങളിൽനിന്ന് ചുരുക്കമായി ഞങ്ങൾ എഴുതുന്നു:

മുകളിൽ പറഞ്ഞ അതേ അത്തനാസ്യോസ് വിശ്വാസസംബന്ധമായ ഒരു ലേഖനത്തിൽ പറയുന്നു: "കന്യകയുടെ പക്കലേക്ക് സദ്വാർത്തയുമായെത്തിയ ഗബ്രിയേൽ മാലാഖാ അവളോടു പറഞ്ഞു: 'നിന്നിൽ നിന്നു പിറക്കുന്നവൻ പരിശുദ്ധനായിരിക്കും; അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും.' 'നിന്നിൽ' എന്നല്ല, 'നിന്നിൽനിന്ന്' എന്നാണ് അവൻ പറഞ്ഞതു്; അതായതു്, മറ്റൊരിടത്തു നിന്നല്ല, പിന്നെയോ, കന്യകയുടെ സ്വഭാവത്തിൽ നിന്നാണ് അവൻ ജനിക്കുന്നതു് എന്ന് ഇതു് കാണിക്കുന്നു."

വീണ്ടും അദ്ദേഹം പറയുന്നു: "നാം വിശുദ്ധ ലിഖിതങ്ങളിൽ നിന്നു പഠിക്കുന്നതുപോലെ, മറിയത്തിൽ നിന്നു ജനിച്ചവൻ സ്വഭാവത്തിൽ മനുഷ്യനാണ്; ക്രിസ്തുവിന്റെ ശരീരം സത്യമായും നമ്മുടേതുമായി സമസത്തയാണ്. കാരണം മറിയം നമ്മുടെ സഹോദരിയാണ്."

ഭാഗ്യവാനായ ജോൺ ജനനപ്പെരുനാളിലെ ഒരു പ്രസംഗത്തിൽ പറയുന്നു: "ഈ ദിവസം ലോകരക്ഷകൻ ജനിച്ചു—ഏകജാതന്റെ സ്വഭാവമല്ല; കാരണം ഏകജാതന്റെ ജനനം ദിവസങ്ങളുടെ എണ്ണത്തിലല്ല നടന്നതു്. ഈ ദിവസം യേശുക്രിസ്തു ശരീരത്തിൽ ജനിച്ചു?"

വീണ്ടും അദ്ദേഹം പറയുന്നു: "അവിടുന്ന് ആദ്യത്തെ ആദാമിനെ ഭൂമിയിൽ നിന്ന് സൃഷ്ടിക്കുകയും മെനഞ്ഞുണ്ടാക്കുകയും ചെയ്തു; പരിശുദ്ധാത്മശക്തി കന്യകയിൽ നിന്ന് രണ്ടാമത്തെ ആദാമിനെ രൂപീകരിച്ചു."

ഭാഗ്യവാനായ ബേസിൽ പരിശുദ്ധാത്മാവിനെപ്പററിയുള്ള പ്രതിപാദനത്തിൽ പറയുന്നു: "'സ്ത്രീയിലൂടെ എന്നല്ല സ്ത്രീയിൽനിന്നു്'" എന്നാണു് ഇതു പറയുന്നതു്; അവളിൽ നിന്നു് ജനിച്ചവൻ, തന്നെ പ്രസവിച്ചവളുമായി സമസത്തയാണു് എന്നു് വ്യക്തമായി കാണിക്കുന്നു."

www.malankaralibrary.com



വിശുദ്ധ കന്യക പ്രസവിച്ചയാൾ, ഉത്ഭവത്തിന്റെ ആദ്യ നിമിഷം മുതലേ വചനമായ ദൈവവുമായി ഐക്യപ്പെട്ടിരുന്നു എന്ന് ഇവയിൽനിന്നും ഇതുപോലുള്ള മറ്റ് ഭാഗങ്ങളിൽ നിന്നും സുവ്യക്തമാണല്ലൊ. അവിടുന്ന് തന്റെ അമ്മയുമായുള്ള സമസ്ത കൈവെടിഞ്ഞില്ല. സ്ത്രീയെന്ന നിലയിൽ ആത്മാവും ശരീരവും ഉള്ള മനുഷ്യനെ പ്രസവിച്ചതിനാൽ, ആത്മാവിന്റെ അമ്മ എന്നല്ല മനുഷ്യന്റെ അമ്മ എന്നാണ് അവൾ വിളിക്കപ്പെടുന്നത്. അതുപോലെ ദൈവത്വവും മനുഷ്യത്വവും ചേർന്ന് ക്രിസ്തുവിൽ ഏകസ്വഭാവവും ഏകക്നോമായുമാണ് എന്ന് ഉചിതമല്ലാതെ പറയുന്നവരും കന്യകയെ ദൈവമാതാവെന്നല്ല, ക്രിസ്തുവിന്റെ അമ്മ എന്നാണു വിളിക്കേണ്ടത്. കാരണം ''ദൈവമാതാവ്'' എന്ന പേരിനാൽ ക്രിസ്തുവിന്റെ മനുഷ്യത്വം വ്യക്തമാകുന്നില്ല. എന്നാൽ തിരുലിഖിത പ്രബോധനമനുസരിച്ച്, ഭാഗ്യവതിയായ കന്യകയെ ''ക്രിസ്തുവിന്റെ അമ്മ'' എന്നു പറയുമ്പോൾ, ക്രിസ്തുവിന്റെ ദൈവത്വവും മനുഷ്യത്വവും ഒരുപോലെ വ്യക്തമാകുന്നു. അവിടുന്ന് തന്റെ ദൈവത്വത്തിലും തന്റെ മനുഷ്യത്വത്തിലും ഏകദൈവപുത്രനാണ്. അവിടുത്തേക്കും അവന്റെ പിതാവിനും പരിശുദ്ധാത്മാവിനും ഇപ്പോഴും എല്ലാസമയത്തും എന്നുമെന്നേക്കും മഹത്വവും ബഹുമാനവും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

### ഗ്രന്ഥകാരന്റെ കുറിപ്പ്:

അവർ ഈ വിശ്വാസവിവരണം എഴുതി, ചോദ്യോത്തരങ്ങളും ചേർത്ത് രാജസമക്ഷം സമർപ്പിച്ചു എന്നാൽ അദ്ദേഹം അവർക്കൊരു മറുപടിയും കൊടുത്തില്ല. ഒന്നുകിൽ പേഗനിസത്തിന് ദൈവികമായ മതസംഗതികൾ മനസ്സിലായില്ല, അതിനാൽ അതിനെ നിന്ദിച്ചുകളഞ്ഞു; അല്ലെങ്കിൽ, ദൈവഘാതക പാഷണ്ഡതാവിഭാഗത്തിന്റെ തലവനായ ഗബ്രിയേലിനോട് അയാൾ പ്രത്യേക പരിഗണന കാണിച്ചു.

ഈ ചർച്ച ഇവിടെ അവസാനിപ്പിക്കുന്നു.

# 4. മാർ തിമോത്തിയുടെ സിനഡ് (790)

വീണ്ടും, ദൈവകൃപയാൽ, മാർ തിമോതി ഒന്നാമനും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന പിതാക്കന്മാരും ഒന്നിച്ചുകൂടിയ അദ്ദേഹത്തിന്റെ ഒന്നാം സിനഡിൽ എഴുതിയുണ്ടാക്കി വന്ദ്യനായ മാർ അപ്രേമിനും ഏലാം പ്രോവിൻസു മുഴുവനും വേണ്ടി അയച്ചുകൊടുത്ത കാനോനകൾ ഞങ്ങൾ എഴുതുന്നു.

നമ്മുടെ ജീവദാതാവായ ദൈവത്തിന്റെ കൃപയാൽ കാതോലിക്കോസായിരിക്കുന്ന പരദേശിയായ തിമോതി, മഹനീയമായ പാത്രിയാർക്കൽ പ്രോവിൻസിലെ മെത്രാന്മാരോടും കത്തോലിക്കാനഗരങ്ങളിലെ വൈദികരോടും വിശ്വാസികളോടും കൂടെ ബിൽപാതിലെ മെത്രാപ്പോലീത്തൻ ബിഷപ്പും ദൈവത്തിനു പ്രിയങ്കരനുമായ മാർ അപ്രേമിനും ഏലാം പ്രോവിൻസിലെ മറ്റെല്ലാ മെത്രാന്മാർക്കും വൈദികർക്കും വിശ്വാസികൾക്കും, ലോകത്തിന്റെ പ്രകാശമായ മിശിഹായിൽ സമാധാനവും സ്വസ്ഥതയും ആശംസിക്കുന്നു.

ഞങ്ങളുടെ പിതാക്കന്മാരും സഹോദരങ്ങളുമേ, വൈദികനും സന്യാസിയും സുകൃതവാനുമായ അബ്രഹാംവഴി നിങ്ങൾ ഞങ്ങൾക്കയച്ച കത്ത് വളരെ സന്തോഷത്തോടു കൂടെ ഞങ്ങൾ സ്വീകരിക്കുകയും വായിക്കുകയും ചെയ്തു. തന്റെ സ്വന്ത ശരീരത്താൽ ഇടയ്ക്കുള്ള തടസ്സവും ശത്രുതയും നീക്കിയവനും, നമ്മുടെ എല്ലാ നന്മകളുടെയും കാരണവും നമ്മുടെ കർത്താവും നമ്മുടെ ദൈവവുമായ മിശിഹായെ ഞങ്ങൾ ആരാധിക്കുകയും ഏറ്റുപറയുകയും അവിടുത്തെ ബഹുമാനത്തിനായി സ്തുതിയുടെയും കൃതജ്ഞതയുടെയും ബലികൾ അർപ്പിക്കുകയും ചെയ്തു. തന്റെ പ്രിയപുത്രന്റെ രാജ്യത്തിലേക്കു നമ്മെ കൊണ്ടുവന്ന് അന്ധകാരത്തിന്റെ ആധിപത്യത്തിൽനിന്നു വിടുവിച്ചു ദൈവത്തിന്റെ രാജ്യത്തിലേക്കു നയിക്കുന്ന പെരുവഴിയും

www.malankaralibrary.com



സ്വർഗ്ഗത്തിലേക്കു നയിക്കുന്ന നടപ്പാതയും ആയ കാനോനകൾ പാലിക്കാൻ ഇപ്പോഴും എപ്പോഴും നിങ്ങൾ കാണിക്കുന്ന വലിയ ജാഗ്രതയേയും ശുഷ്കാന്തിയേയും ഞങ്ങൾ പുകഴ്ത്തുന്നു.

ബഹുമാന്യ സഹോദരന്മാരേ, ദൈവത്തിന്റെ സഭയ്ക്കുവേണ്ടി ഭാരം ഏറ്റെടുക്കാൻ നിങ്ങളെക്കാൾ യോഗ്യരായിട്ടുള്ളതാരാണ്? എന്തുകൊണ്ടെന്നാൽ, ആകാശമണ്ഡലത്തിൽ സൂര്യകിരണങ്ങൾ കണക്കെ നിങ്ങളുടെ മഹിമ എല്ലാ മുൻതലമുറകളുടെയുമിടയിൽ ദൃശ്യമായിരിക്കുന്നു; ആകാശത്തിലെ നക്ഷത്രങ്ങൾപോലെ നിങ്ങൾ ദൈവത്തിന്റെ സഭയുടെ മേൽ പ്രകാശിക്കുന്നു. വെറും സാധാരണവാക്കുകൾ കൊണ്ടുമാത്രമല്ല, അതിലും കൂടുതലായി, നിങ്ങളിൽ ചിലർ തങ്ങളുടെ സ്വന്തം രക്തം കൊണ്ട് കത്തോലിക്കാസഭയെ അലങ്കരിച്ച് മോടിപിടിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട്, തങ്ങളുടെ സ്വന്തം രക്തംകൊണ്ട് സഭയുടെ വിശ്വാസത്തെ ഉറപ്പിച്ചവരിൽ ചിലർ വാക്കുകൊണ്ട് ജാഗ്രതയോടുകൂടി അവരുടെ കാനോനകൾ എഴുതി നടപ്പാക്കിയെങ്കിൽ, അതിൽ അത്ഭുതപ്പെടാൻ ഒന്നുമില്ല. അതിനാൽ ശ്ലീഹന്മാരും മെത്രാന്മാരുമായി ഗ്രീക്കുകാരും സുറിയാനിക്കാരും, അതായത് പേർഷ്യാക്കാരുമായ, നമ്മുടെ പിതാക്കന്മാർ കാലാകാലങ്ങളിൽ രൂപീകരിച്ചിട്ടുള്ള സഭയുടെ കാനോനകളും ഡിക്രികളും, പ്രത്യേകിച്ച്. ഇപ്പോൾ പരിഗണനയ്ക്കു വന്നിരിക്കുന്നതും രക്തസാക്ഷിയായ മാർ ആബാ കാതോലിക്കോസിന്റെ കത്തിൽ എഴുതപ്പെട്ടിരിക്കുന്നതും ആറാമത്തേത് എന്നറിയപ്പെടുന്നതുമായ ഡിക്രികളും കാനോനകളും ആകുന്ന സത്യപാറയിൽ ഇളക്കം കൂടാതെയും കരുതലോടുകൂടിയും ഞങ്ങളുടെ ചിന്തകളുടെ അടിസ്ഥാനം ഉറപ്പിച്ചുകൊണ്ട്, ഏകയോഗമായി സഭാസൗന്ദര്യത്തിന്റെ മഹനീയ മകുടം സംരക്ഷിക്കപ്പെടുന്ന ഈ ദിവ്യകാര്യങ്ങളിൽ നിങ്ങളുടെ ശോഭയോടൊപ്പം സഹകാരികളായിത്തീർന്നിരിക്കുന്നു.

ഭാഗ്യസ്മരണാർഹനായ പാത്രിയർക്കീസ് ഹനാനീശോയുടെ നിര്യാണശേഷം, എല്ലാവർക്കും അറിയാവുന്നതുപോലെ, അങ്ങയുടെ പക്കലേക്കും മറ്റ് നിയോഗിക്കപ്പെട്ട മെത്രാപ്പോലീത്താമാരുടെയും മെത്രാന്മാരുടെയും പക്കലേക്കും നാം കാനോനികമായി, കത്തുംകൊണ്ട് സന്ദേശവാഹകരെ അയച്ചു;



കാനോനിക നിർദ്ദേശമനുസരിച്ച് അവരിൽ ചിലരെത്തി; ചിലർ തങ്ങളുടെ സമ്മതം അറിയിച്ചു; മറ്റു ചിലരാകട്ടെ, ഉദാസീനതയാലോ അങ്ങേയ്ക്കു സംഭവിച്ചതുപോലെ മറ്റു കാരണത്താലോ, സമ്മതംപോലും അറിയിക്കാതെ താമസിപ്പിച്ചുകൊണ്ടിരുന്നു. അപ്പോൾ നാം ഭാഗ്യസ്മരണാർഹനായ മാർ ഹനാനീശോയുടെ പട്ടത്തെ അടിസ്ഥാനമാക്കി സംസാരിച്ചു; എന്നാലിപ്പോഴാകട്ടെ, നടന്നുകഴിഞ്ഞ ഈ പട്ടത്തിന്റെ അടിസ്ഥാനത്തിൽ നാം സംസാരിക്കുന്നു. വിളിക്കപ്പെട്ട് എത്തിച്ചേർന്നവർ വേഗത്തിൽ പാത്രിയർക്കീസിന്റെ വാഴിക്കൽ നടത്തി; എന്നാൽ വരാൻ കൂട്ടാക്കാതിരുന്ന നിങ്ങളാകട്ടെ ബഹളമുണ്ടാക്കി. ഏതാണ്ട് രണ്ടു വർഷത്തോളം നിങ്ങൾ പാത്രിയർക്കീസുമായുള്ള കൂട്ടായ്മയ്ക്ക് തടസ്സം സൃഷ്ടിച്ചു.

ചിലരുടെ ഉദാസീനത നിമിത്തമോ, മറ്റു ചിലരുടെ തിടുക്കം നിമിത്തമോ ഇനിയും നമ്മുടെ കാലത്തോ നമുക്കുശേഷമോ ഇത്തരത്തിൽ സംഭവിച്ച് സഭയിൽ പിളർപ്പുണ്ടായി ഗ്രൂപ്പിസം വളരാതിരിക്കാൻ ഞങ്ങൾ ഈ ഡിക്രി എഴുതിയുണ്ടാക്കി ''ദൈവവചനത്തിന്റെ'' കാനോനയാൽ അതിനെ ഉറപ്പിക്കുന്നു. ആകാശത്തിലും ഭൂമിയിലും ആധിപത്യമുള്ളവനും എല്ലാവരെയും ഭരിക്കുന്നവനുമായ ദൈവവചനത്താൽ, ആരും ഇതു് ലംഘിക്കുന്നതിന് മുതിരരുതെന്ന് (ഞങ്ങൾ കല്പിക്കുന്നു).

**ഒന്നാംകാനോന:** പാത്രിയർക്കീസ് ഈ ഭൗമികജീവിതത്തിൽ നിന്നു കടന്നുപോകുമ്പോൾ, വലിയപ്രോവിൻസിലെ സഹോദരമെത്രാന്മാരോടുകൂടി കശ്കാറിലെ മെത്രാൻ കത്തോലിക്കാനഗരങ്ങളിൽ വന്ന് നഗരങ്ങളുടെ സമ്മതത്തോടുകൂടി ആദ്യമായി ഏലാമിലെ മെത്രാപ്പോലീത്തായ്ക്കും മെത്രാന്മാർക്കും, പിന്നെ ബസ്രായിലെ മെത്രാപ്പോലീത്തായ്ക്കും സിനഡൽ ലേഖനത്തിൽ നിർദ്ദേശിച്ചിട്ടുള്ള മറ്റുള്ളവർക്കും എഴുതണം; പാത്രിയർക്കീസിന്റെ സ്ഥാനാരോഹണത്തിനെത്താൻ അവർ ശ്രദ്ധിക്കണം. ഏലാമിലെ മെത്രാപ്പോലീത്തായും മറ്റ് മെത്രാപ്പോലീത്താമാരും എത്തുന്നതിനുമുമ്പ് മെത്രാന്മാരും പൗരജനങ്ങളും പാത്രിയർക്കീസിന്റെ തെരഞ്ഞെടുപ്പിനും വാഴിക്കലിനും സ്ഥാനാരോഹണത്തിനും നടപടികളെടുക്കരുത്. എല്ലാ പ്രോവിൻസുകളിലെയും മെത്രാപ്പോലീത്താമാർ നിർദ്ദേശിക്കപ്പെട്ട മുമ്മൂന്നു മെത്രാന്മാരുമായി വന്നെത്തുകയോ, രേഖാമൂലമായ തങ്ങളുടെ സമ്മതം അറിയിക്കുകയോ വേണം.

www.malankaralibrary.com



ആകാശത്തിലും ഭൂമിയിലും ആധിപത്യമുള്ള ''ദൈവവചനത്താൽ'' ഞങ്ങൾ ഇതു തീരുമാനിക്കുന്നു. ഈ ഡിക്രിക്ക് എതിരായി അവർ പ്രവർത്തിക്കുകയോ ഇതിനെ ലംഘിക്കുകയോ ചെയ്താൽ ആകാശത്തിലും ഭൂമിയിലും ഉള്ള സഭയിൽനിന്ന് അവൻ ജനിപ്പിച്ച ധിക്കാരത്തിന്റെ സന്താനം എന്ന പാപത്തോടുകൂടി നമ്മുടെ കർത്താവിന്റെ വചനത്താൽ അവർ ഭ്രഷ്ടരായിരിക്കും.

വീണ്ടും, മഹാനഗരത്തിലെ മെത്രാന്മാരും പൗരന്മാരും കൂടി എഴുതിയ കത്തു കിട്ടിക്കഴിഞ്ഞാൽ ഏലാമിലെ മെത്രാപ്പോലീത്താ മററ് മെത്രാപ്പോലീത്താമാരോടും നിർദ്ദേശിക്കപ്പെട്ട മെത്രാന്മാരോടും കൂടി ഒട്ടും ഉപേക്ഷ വിചാരിക്കാതെയും കാലതാമസം കൂടാതെയും ഉടൻതന്നെ നേരിട്ടു വരികയോ സഹോദരന്മാരോട് തങ്ങളുടെ യോജിപ്പ് അറിയിക്കുകയോ ചെയ്യണം എന്ന് ആകാശത്തിലും ഭൂമിയിലും ആധിപത്യമുള്ള ദൈവവചനത്താൽ ഞങ്ങൾ തീരുമാനിക്കുന്നു. അവർ വ്യക്തിപരമായോ യോജിപ്പ് അറിയിക്കുന്ന കത്തു വഴിയോ തങ്ങളുടെ സഹോദരങ്ങളുമായി സഹകരിക്കാതിരുന്നാൽ, സർവശക്തനായ കർത്താവിന്റെ വചനത്താൽ ആകാശത്തിലും ഭൂമിയിലും ഉള്ള സഭയിൽ നിന്ന് അവർ അന്യരും ഭ്രഷ്ടരും ആയിരിക്കും. ഒന്നിച്ചുകൂടിയവർക്ക് കാനോനകളനുസരിച്ച് നൈയാമികമായും ക്രമമായും എല്ലാം ചെയ്വാൻ അനുവാദം ഉണ്ടായിരിക്കും.

**രണ്ടാം കാനോന:** ബിഷപ്പന്മാരും മെത്രാപ്പോലീത്താമാരും പാത്രിയാർക്കൽ സിംഹാസനത്തിലെ ആശ്രമങ്ങളോ ദ്രുപതകളോ നൈയാമികമല്ലാതെ ചോദിക്കാൻ പാടില്ലാത്തതുപോലെ ചെറുതോ വലുതോ ആയ എന്തെങ്കിലും കൈക്കൂലി സ്ഥാനാരോഹണത്തിനു മുൻപോ പിൻപോ, നേതൃസ്ഥാനത്തു വരാൻ വേർതിരിക്കപ്പെട്ടിരിക്കുന്ന ആളിനോട് ചോദിക്കാനും പാടില്ല. നഗരത്തിലെ വിശ്വാസികളും കൈക്കൂലിയോ സ്ഥാനമാനങ്ങളോ അദ്ദേഹത്തോടാവശ്യപ്പെടരുത്. ഇപ്രകാരം കൊടുക്കുകയോ വാഗ്ദാനം ചെയ്യുകയോ ചെയ്യുന്നയാളും, തനിക്കായി ആവശ്യപ്പെടുന്നയാളും, ബിഷപ്പോ മെത്രാപ്പോലീത്തായോ ആണെങ്കിൽ സ്ഥാനത്തു നിന്ന് നിഷ്കാസിതനാകണം; അയാളൊരു വൈദികസ്ഥാനിയോ അൽമായനോ ആണെങ്കിൽ സർവശക്തനായ കർത്താവിന്റെ വചനത്താൽ അയാളെ സഭയിൽ നിന്നു മുടക്കണം.



**മൂന്നാം കാനോന:** വിശിഷ്ട ഗുണങ്ങളാൽ അലംകൃതനല്ലാത്തവനെയും ശുദ്ധമനസ്സിനാൽ പ്രകാശിക്കാത്തവനെയും സത്യവിശ്വാസ കിരണങ്ങളാലും തിരുലിഖിതജ്ഞാനത്താലും പതം വരാത്തവനെയും തെരഞ്ഞെടുക്കാൻ പാടില്ല; അങ്ങനെയുള്ളയാൾ ഭീതികരവും ദിവ്യവുമായ ഈ ശുശ്രൂഷയിലേക്ക് കടന്നുവരാനും പാടില്ല. ഇപ്രകാരമുള്ളവനെ തെരഞ്ഞെടുക്കുന്നവർ ന്യായവിധിക്കർഹരാണ്; ഇത്തരത്തിൽ അലംകൃതനല്ലാത്തയാൾ ഇതിലേക്കു കടന്നുവന്നാൽ അയാൾ അഗ്നിക്ക് വിധിക്കപ്പെട്ടിരിക്കുന്നു.

**നാലാം കാനോന:** മെത്രാന്മാരിലോ സന്യാസിമാരിലോ വിശ്വാസികളിലോ ആരിലെങ്കിലും മെസ്സാലിയൻ പാഷണ്ഡതയോ അതുപോലുള്ളവയോ ആരോപിക്കപ്പെട്ടാൽ, സാർവത്രിക സഭയുടെമുൻപാകെ ഈ പാഷണ്ഡതയെ ലിഖിത രൂപത്തിൽ ശപിക്കുന്നതുവരെ തന്റെ സ്ഥാനത്തു ശുശ്രൂഷ ചെയ്വാനോ സഭയിലോ ദിവ്യരഹസ്യങ്ങളിലോ പങ്കെടുക്കാനോ പാടില്ല.

കാതോലിക്കായും രക്തസാക്ഷിയുമായ മാർ ആബായുടെ വാക്കുകളാകുന്ന മുത്തുകൾ കൊണ്ട് രാജകീയ മുദ്രയാലെന്നവണ്ണം ഞങ്ങളുടെ ഈ വാക്കുകൾ ഞങ്ങൾ ഉറപ്പിക്കുന്നു. സന്ദർശനം എന്നു പേരുള്ള ആറാം ലേഖനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന, മാർ ആബാ കാതോലിക്കോസിന്റെ കാനോന: ഞങ്ങൾ ഇപ്രകാരം നിശ്ചയിക്കുകയും തീരുമാനിക്കുകയും ചെയ്യുന്നു—ക്രിസ്തുമതത്തിന്റെ ആമ്മീൻ കൊണ്ട്, ആബാ പാത്രിയർക്കീസായ ഞാനും മെത്രാപ്പോലീത്താമാരും മെത്രാന്മാരുമായ ഞങ്ങളും, അവയെ ബന്ധിക്കുന്നു.

പൈതൃകമായ സിനൊഡിക്കൽ കാനോനാകളെക്കുറിച്ചുള്ള ഈ കാര്യങ്ങൾ, ഇപ്പോൾ ഏതാണ്ട് ചുരുക്കമായി, ഇപ്രകാരം ഞങ്ങൾ നൽകുന്നു. കുറവുള്ള കാര്യങ്ങൾ, ദൈവം തിരുമനസ്സാകുന്ന രീതിയിൽ, മെത്രാന്മാരായ പിതാക്കന്മാ

www.malankaralibrary.com



ളുടെ ഒരു പൊതു കൗൺസിൽ നിങ്ങളുടെ അവിടെയോ, ഞങ്ങളുടെ സ്ഥലത്തോ വീണ്ടും വിളിച്ചുകൂട്ടി നമുക്കു പൂർത്തീകരിക്കാം. എങ്കിലും പ്രിയരേ, ഞങ്ങൾ നിങ്ങളുടെ പക്കലേക്കു വരാഞ്ഞതു് അഹന്തകൊണ്ടോ ഉദാസീനതകൊണ്ടോ അല്ല; പിന്നെയോ, തകർക്കപ്പെട്ട പള്ളികളുടെ പുനരുദ്ധാരണവും മററ് അവശ്യാവശ്യകാര്യങ്ങളും നിമിത്തമാണ് എന്ന് നിങ്ങൾ അറിയണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നു. എല്ലാവരുടെയും കർത്താവായ ദൈവം കല്പിക്കുകയും, രാജാവു് നമ്മുടെ അഭ്യർത്ഥന സ്വീകരിക്കുകയും, ചങ്ങലയിലെന്നപോലെ നമ്മൾ അകപ്പെട്ടിരിക്കുന്ന ഗൗരവമേറിയ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുകയും ചെയ്യുമ്പോൾ ഞങ്ങൾ നിങ്ങളെ കാണുന്നതിനും ദൈവത്തിൽ നിങ്ങളെ ആശംസിക്കുന്നതിനും ഞങ്ങൾ വരുന്നതാണ്.—ദൈവം രാജാവിനെ സംരക്ഷിക്കട്ടെ; പള്ളികളുടെ പുനരുദ്ധാരണം സംബന്ധിച്ചു് ആറുവട്ടം ഞങ്ങൾ അദ്ദേഹത്തെ കാണാൻ പോയി.—നിങ്ങളുടെ ജീവിതത്തിന്റെ എല്ലാ ദിവസങ്ങളിലും തന്റെ ഇഷ്ടം ചെയ്യാൻ കർത്താവു് നിങ്ങളെ ശക്തരാക്കട്ടെ. ആമ്മീൻ.

ഞാൻ, തിമോതി, കൃപയാൽ കാതോലിക്കോസ്_പാത്രിയക്കീസ് ഒപ്പും മുദ്രയും വച്ചിരിക്കുന്നു.

ഞാൻ, സർഗീസ്, പേരാത്—മൈശാൻ മെത്രാപ്പോലീത്താ ഒപ്പും മുദ്രയും വച്ചിരിക്കുന്നു.

ഞാൻ, ബ്രീക് ബാറോയേ, കശ്കാർ മെത്രാൻ ഒപ്പും മുദ്രയും വച്ചിരിക്കുന്നു.

ഞാൻ, യൂയേൽ, ഹിർതാ മെത്രാൻ ,,
ഞാൻ, ഗ്രിഗറി, സാബേ മെത്രാൻ ,,
ഞാൻ, യോഹനാൻ, പീറോസ്—ഷപ്പൂർ മെത്രാൻ ,,
ഞാൻ, ദാനിയേൽ, ബേത്—ദാറായേ, മെത്രാൻ ,,
ഞാൻ, സ്ലീബാസേക്കാ, തറീഹാൻ മെത്രാൻ ,,
ഞാൻ, ശുബ്ഹാലമാറൻ, ശേനാ മെത്രാൻ ,,
ഞാൻ, ഗബ്രീയേൽ ദ് കോബേ ദർസോൻ മെത്രാൻ ,,
ഞാൻ, സാബാറീശോ, നിഹവന്ത് മെത്രാൻ ,,
ഞാൻ, ബീറോ, കാതോലിക്കോസിന്റെ പ്രെസ്ബിററും ആർച്ചുഡീക്കനും ,,

വന്ദ്യനായ മാർതിമോതി പാത്രിയക്കീസും അദ്ദേഹത്തോടുകൂടിയുള്ള മെത്രാന്മാരും ഏലാമിലെ മെത്രാപ്പോലീത്താ ആയ മാർ അപ്രേമിന്റെ സമാധാനത്തിനായി എഴുതി അയച്ച കാനോനകൾ അവസാനിച്ചു.



# സൂചികകൾ

## 1. പേരുകൾ അകാരാദിക്രമത്തിൽ

മെ. = മെത്രാൻ ; കാ = കാതോലിക്കോസ്


അകാചിയൂസ്, അമീദ് മെത്രാൻ 41. 42. 43. 48.50.51.52.
,, അലെപ്പോ മെ. 12.
,, കാതോലിക്കോസ്, 72. 89. 432_440.
,, മേദ്യ മെ. 175.
അഖ്ബാലാഹാ, കർകാ ദ്ബേത്സ്ലോക് മെ. 38.40.53.
,, റാമോനീൻ മെ. 38.
അഗാപീററസ്, 40.
,, ബേത് ലാപാത് മെ. 51. 53. 58. 66.
അത്തനാസ്യോസ്, അലക്സാന്ത്രിയാ മെ. 416. 483. 489.
അൻപായി, പേരാത് മൈശാൻ മെ. 93.
അഫ്രാത്, ഇഷ്ഫഹാൻ മെ. 54.
അഫ്രാത്, ബേത് ബാഗാശ് മെ. 83. 86. 88. 96.
അഫ്രീദ്, സേജെസ്ഥാൻ മെത്രാൻ 53.
അപ്രേം, പേർഷ്യൻ മെ. 87.
,, ബിൽപാത് മെ. 49.
അബീ, റീമാ മെ. 40.
അബീശോ, കശ്കാർ മെ. 74. 83.
അബൊശ്താ, ഹദിയാബ് മെ. 97.
അബ്ദാ, ബേത് ദാറായെ മെ. 369.
അബ്ദീശോ, നെഹർഗുർ മെ. 40.
,, മെ. 432
,, ശുശ്തെർ മെ. 37. 40. 53.
അബ്നേർ, കശ്കാർ മെ. 55.
അബ്രഹാം. ഇഷ്ഫഹാൻ മെ. 175
,, ഗോർ ഗാൻ മെ. 87. 88. 95.
,, ടെഹറാൻ മെ. 280.
,, തഹാൽ മെ. 73. 83. 87. 88. 97.
,, ബർ ഔദ്മിഹിർ മെ. 108. 114.
,, ബീഹ്_ഷപ്പൂർ മെ. 105. 106. 107.
,, ബേത്_മേഹ്റ് ഖായേ മെ. 87. 88. 95.

www.malankaralibrary.com




അബ്രഹാം, ബേത്_റാഹീമായ് മെ. 37.
,, മെ. 40.
,, മെ. 117.
,, മെ. 432.
,, മേദ്യ മെ. 73. 83.
,, ലാശോം മെ. 87. 88. 96.
,, സാബേ മെ. 280.
,, ഷർക്കാർത് മെ. 148.
,, റീമാ, മെ. 38. 40. 53. 105. 119. 148.
അംബ്രോസ്, മിലാൻ മെ. 416. 487.
അമ്മാനുവേൽ, കർകാ ദ് ലേദാൻ മെ. 87.
,, കശ്കാർ മെ. 87. 94.
അഹറോൻ, ഇഷ്ഫഹാൻ മെ. 178.
,, ബലാഷ്ഫർ മെ. 87. 88. 95.
അഹീശ്മാ, ശ്രുശ്തെർ മെ. 369.
അർദാക്, മശ്കേനാ ദ്കർദു മെ. 54
അർതാഷഹ്ഹർ, അർമേനിയാ മെ. 54
അററിക്, ബേത് മോക്സായേ മെ. 54
അററിക്കസ്, കോൺസ്റ്റാൻറിനോപ്പിൾ. മെ. 486.
ആദായ്, അരേവാൻ ദ് അബ്രാ മെ. 54.
ആദോർ ഹൊർമിസ്ദ്, സൂസാ മെ. 178. 280
ആബാ, കാതോലിക്കോസ്, 98ff. 149. 441_458.
ആബാ, മെ. 432
ആംഫിലോക്കിയൂസ്, ഇക്കോണിയം മെ. 417. 486
ആലാഹാ സേക്കാ, ബേത്ഗർമായ് മെ. 175
ആഹാദാബൂയ്, ബേത്ദാസെൻ മെ. 38
ആഹായ്, പേരാത് മെ. 87
ആഹ്ഹദെമ്മേ, നിനിവെ മെ. 175
ഇഗ്നേഷ്യസ്, അന്ത്യോക്യാ മെ. 416
ഇസഹാക്ക്, കശ്ക്കാർ മെ. 423
,, കർക്കാ ദ്മൈശാൻ മെ. 83. 87.
,, കാതോലിക്കോസ്, 9ff.—64.
,, ബേത്—നൂഹദ്രാ. മെ. 38. 40.
,, മെ. 432
,, ഹാഗാർ—ബേത് അർഷേീർ മെ. 211
ഈശോയാബ്, കാതോലിക്കോസ്, 214. 216. 280—338
ഈശോയാബ്, ദയറിൻ മെ. 372.
എസ്തപ്പാനോസ്, മാസോണീത്താ മെ. 372
എസ്തപ്പാനോസ്, ശ്രുശ്തെർ മെ. 280





എവുസേബിയസ്, തെല്ലാ മെ. 12
ഏലിയാ, കാതോലിക്കോസ്. 98.
,, നെഹർഗൂർ മെ. 73. 74. 83
,, മ്ശംഹിഗ് മെ. 40
,, മെ. 432
,, ഹിർതാ മെ. 87. 94
ഏലീശാ കാ. (ഭരണം) 130. 132. 133
,, ശ്രുശ്തെർ മെ. 103. 106. 117. 118. 148. 175
ഔബാൻ, അഹ്മദാൻ മെ. 175
കാമീശോ, ബേത്_ദാസൻ മെ. 178
കാമീശോ, മഹോസെ ദ്അരേവാൻ മെ. 280
കീറിസ്, ദാസൻ മെ. 54
കോൺസ്റ്റൻടൈൻ ചക്രവർത്തി. 43
കോർമേ, സേജെസ്ഥാൻ മെ. 178
ക്രിസോസ്തോം, മെ. 228. 417. 482. 489.
ക്ലീലീശോ, മായൽതാ മെ. 369
ഖർദാഗ്, അർദശീർ കൊറേഹ് മെ. 105. 106. 117. 119.
ഖാശാ, തഹാൽ മെ. 369
ഖുസ്രാ I രാജാവ് 98—100, 102. 131. 148. 177. 338. 344. 358. 441
ഖുസ്രാ II രാജാവ് 458. 460.
ഖുസ്രാ, സൂസാ മെ. 103. 106. 117. 119. 175
ഖൈശാ, കോനി മെ. 55
ഗബ്രിയേൽ, കർകാ ദ്മൈശാൻ മെ. 281. 368
,, ദ് കോമ്പേ ദ്അർസോൻ മെ. 496
,, നെഹർഗൂർ മെ. 369.
,, ബാദീസാ_ഖാദിസ്ഥാൻ മെ. 281
,, ഹർബ് ഗെലാൽ മെ. 175. 280. 369
,, ഹർയോ മെ. 73. 74. 281
ഗർയാൻ 51
ഗീവർഗീസ്, കാ. 370—420.
ഗൂറാ, ശ്രുശ്തെർ മെ. 51
ഗൗശീശോ, ബേത് നൂഹദ്രാ മെ. 280
ഗ്രിഗറി, കാ. 358 ff.
,, നസ്യാൻസൻ. 417. 483
,, നീസ്സാ, 485
,, മാറോ മെ. 281
,, റിവ്_അർദഷീർ മെ. 278
ജസ്റ്റിൻ, രക്തസാക്ഷി, 486
ഡൊമാത്, ശാവീതാ ദ് ഗൂർഗാൻ മെ. 54

www.malankaralibrary.com




തഹ്മീൻ, സിർസോർ മെ. 175
തിമോതി, കാ. 491—496.
തിമോതിയോസ്, ബേത് ബാഗാശ് മെ. 280. 369.
തിയഡോർ, കശ്കാർ മെത്രാൻ 368
,, മർമറോദ് മെ. 175
,, മെ. 51
,, മൊപ്സുവെസ്ത്യാ മെ. 226—228. 339. 340. 363ff.
തോമസ്, ഖത്തർ മെ. 372
ദനഹാ, മസ്ബദാൻ മെ. 175
ദമാസൂസ്, റോമാ മെ. 484
ദലായ്, ബേത് ഹ്ദസായേ മെ. 178
ദയ്റായാ, കർകാ ദ് ബേത്സ്ലോക് മെ. 138. 139. 147.
ദാദീശോ, കാ. 52—72
ദാനിയേൽ, അർബേൽ മെ. 38. 40. 53.
,, അർസൂൻ മെ. 37. 40. 53.
,, കർമേ മെ. 37. 73. 74. 83. 86. 88. 97.
,, ബേത്-ദാറായേ മെ. 496.
,, ശ്രുശ്തെർ മെ. 178.
,, റാസീഖായേ മെ. 175.
ദാവീദ്, അബ്രാശഹർ മെ. 54.
,, ഖീശ് മെ. 105. 106.
,, മർവാൻ മെ. 114.
,, മാറോ മെ. 175.
,, ഹൊർമിസ് ദ്അർദഷീർ മെ. 178. 280.
,, റായ് മെ. 54.
ദൂഖാ, സൂസ് മെ. 51.
ദോഹോമായ്, അർദഷീർ മെ. 147.
നഥാനിയേൽ. സിർസോർ മെ. 280. 369.
നർസാ, അരേവാൻ മെ. 175.
,, കർകാ ദ് മൈശാൻ മെ. 53.
,, കാ. (ദ്വിഭരണം) 130–133.
,, റായ് മെ. 53.
നർസായ് മെ. 51.
നർസെ, ദാറാ മെ. 38.
നാഥോം, അർസോൻ ദ് ബേത് ഔസഥാൻ മെ. 175.
നാനി, പേരാത് മെ. 364
നെസ്തോറിയൂസ്, പാത്രിയർക്കീസ് 479. 482. 488.
നോഹ, ബലാസ്ഫർ മെ. 73. 74. 83.
,, ബാലാദ് മെ. 86. 88.





നോഹ മെ. 432.
,, റബ്രനഹ്സർ മെ. 38.
പാപ്പാ, അരേവാൻ മെ. 73. 83.
,, കാ. 59—61
,, ബേത്-ലാപാത് മെ. 73. 83. 86.
,, മിഹ്റ് ഗാക് ദാഗ് മെ. 178. 280.
,, മെ. 92.
,, സൂസ് മെ. 88.
പാറോമായ്, മറു മെ. 83
പീറോസ്, തറീഹാൻ മെ. 369.
പീറോസ്, രാജാവ്, 364.
പെഖീദാ, എഡേസ്സാ മെ. 12.
പോസായ്, കർകാ ദ്ലേദാൻ മെ. 368.
,, ശ്രുശ്തെർ, മെ. 73. 83.
,, ഹറംവാൻ മെ. 175.
,, ഹാഗാർ മെ. 372.
,, ഹൊർമിസ് ദ്അർദഷീർ മെ. 369.
പൗലോസ്, കർകാ ദ്ലേദാൻ മെ. 74.
,, കാ. 98. 113. 142. 144.
,, ത്ഗ്ഗറു മെ. 38
,, ബർഹീസ് മെ. 138. 369.
,, ബേത്-ലാപാത് മെ. 103. 106. 118. 145.
,, മെ. 117.
,, ഷർക്കാർത് (ശർഖർത്, ഷർഹഖർത്) മെ. 38. 40. 87. 95.
പൗലാ മെ. 433.
ഫർബോക്ത്, അർദശീർ കറാഹ് മെ. 55.
ബർനയ്, കർമെ മെ. 175.
ബർനോൻ, കർമെ മെ. 175.
,, ടാീഹാൻ മെ. 138.
,, ഹറംവാൻ മെ. 280.
ബർ യാനോസ്, ബേത്-ബാഗാശ് മെ. 38. 40
ബർ യക്പി, ബലാശ്ഫർ മെ. 55
ബർ ശബ്താ, മായൽതാ മെ. 178. 280
,, മെ. 40
,, ഷർക്കാർത് മെ. 173
,, സൂസ്മെ. 55
ബർ സഹ്ദേ, അയീൻ സപ്പാനേ മെ. 178
ബർ സാബാ, മേർവ് മെ. 53.
ബർ സൗമാ, കർദു മെ. 175

www.malankaralibrary.com



ബർ സൗമാ, നിസിബിസ് മെ. 72. 73.84.—89.
364. 432—440.
ബർ സൗമാ, മെ. 432
ബർ ഹദ്ബ്ശാബാ, ഹൽവാൻ മെ. 369.
ബർ ഹൈലാ മെ. 40
ബർ ഹൈലേ, തഹാൽ മെ. 55
ബാജീശ്, റീമാ മെ, 73. 83.
ബാതാ, ലാശോം മെ. 38 40. 53.
ബാതായ്, മശ്മാഹിഗ് മെ. 38.
ബാതി, ഹൊർമിസ് ദ് അർദഷീർ മെ. 55. 73. 83.
ബാബായ്, കം. 86. 92. 93. 98.
,, ബോർസാൻ മെ. 211.
,, മേദ്യ മെ. 87. 88. 95.
,, സാബേ മെ. 178.
ബാബോവായ് കാ. 72.
ബാലാശ്, രാജാവ് 73. 432.
ബാർസ്, ബേത് ഹ്ദസായെ മെ. 280.
ബേസിൽ, കേസറിയാ മെ. 484_489.
ബോക്തീശോ, കർകാ ദ്ബേത് സ്ലോക് മെ. 87. 94. 281. 368
,, തഹാൽ മെ. 280.
,, ഹർബ് ഗെലാൽ മെ. 148.
ബോറസ് മിഹ്റ്, ബേത്_ദാസൻ മെ. 369.
ബ്രീക് ബാറോയേ, കശ്കാർ മെ. 496.
,, യാഹ്ബേ, സിർസാർ മെ. 211
ബ്രീക്കീശോ, ബേത് ദാറായേ മെ. 87. 95.
മൽക്കീസദേക്ക്, അസർബൈജാൻ മെ. 175. 178.
,, റീമാ മെ. 281.
മർക്കോസ്, ബേത് ദാറായേ മെ. 148.
മർവായ്, ബേത് ലാപാത് മെ. 87. 93.
മാനാ മെ. 432.
മാനാ, റിവ്_അർദഷീർ മെ. 73. 106. 117; 118. 139. 147.
മാറാ, മെ. 40.
മാറോൻ, പേരാത് മൈശാൻ മെ. 87.
മാറായ്, പീറോസ്-ഷപ്പൂർ മെ. 178.
മാറി കശ്കാർ മെ. 40. 53. 178.
,, കർകാ ദ് മൈശാൻ മെ. 38. 40.
,, പേരാത് മെ. 94.
,, ബേത്_ബാഗാശ് മെ. 54.
,, റീമാ മെ. 86. 88. 96



മാറേ റഹ്മെ, ബേത് ദാസൻ മെ. 87. 97
മാറൂഥാ, കർദ്ദ മെ. 369
,, തഹാൽ മെ. 138
,, മൈഫർക്കാട്ട് മെ. 9—18. 27. 32. 40. 46. 64
മിഹ്റ് ബോസിയദ് മെ. 40
മിഹറ് നർസാ, സാബേ മെ. 73—118. 148
മിഹ്റ് ഷപ്പൂർ, റാം ഹൊർമിസ്ദ് മെ. 178
മീക്കാ, ലാശോം മെ. 83
മീനാ, കോറെപ്പിസ്ക്കോപ്പാ 388
മീനാ, ലാശോം മെ. 73
മീലെസ്, കർദ്ദ മെ. 53
,, പേരാത് മെ. 40
,, മെ. 40. 59
,, സാബേ മെ. 40
,, ശ്രൂശ്തെർ മെ. 53
,, ശേനാ മെ. 280
മോശ, അർമേനിയാ മെ. 73
,, കർകാ ദ്ലേദാൻ മെ. 148
,, നെഹർഗ്ഗൂർ മെ. 86.88. 96. 281.
,, പീറോസ് ഷപ്പൂർ മെ. 73_88.
,, ബേത് ബാഗാശ് മെ. 138. 148.
,, മെ. 148
,, ഹമീർ മെ, 73.
യസ്ദ്കോസ്റ്റ്, മേദിയാ മെ. 369.
,, ബാലാദ് മെ. 175.
യസ്ദ് ഗേർദ്, ബേത്–ദാറായേ മെ. 73. 74. 83.
,, ശ്രൂശ്തെർ മെ. 87. 97.
,, രാജാവ്, 10_14. 32. 41. 42. 64.
യസ്ദ്വി, ഇഷ്തഹർ മെ. 54.
,, ഹേരാത്ത് മെ. 53.
യസ്ദയ്ദായ് മെ. 40.
യസ്ദാദ്, ഹർയോ മെ. 88.
യസ്ദാദ്, റിവ്_അർദഷീർ മെ. 53. 86. 91. 92.
യാക്കോബ് കാ. 421.
,, ദാറായ് മെ. 281.
,, പൈദൻഗരൻ മെ. 138 175.
,, ശോശ മെ. 369.
യാബാലാഹാ കം. 41_65.
യാസീദ് അഫ്രീദ്, മെ. 134_138.

www.malankaralibrary.com




യാസീദ്, നിനിവെ മെ. 178.
യാസീദ് പനേഹ്, മായൽതാ മെ. 175.
യാസീദ് ബോസെദ്, ദബ്ഗെരാദ് മെ. 55.
യുയേൽ, ഹിർതാ മെ. 496
യോഹന്നീസ്, തോസ്–അബ്രാശഹർ മെ. 86. 88. 96.
യോനാദാബ്, അർബേൽ മെ. 368.
യോഹന്നാൻ, അബോറാദ്–ഷഹാർ പീറോസ്, മെ. 175
,, അസർബൈജാൻ മെ. 138.
,, അർസോൻ ദ്ഔസ്ഥാൻ മെ. 53.
,, അരേവാൻ മെ. 38.
,, കർക്കാ ദ്ബേത്സ്ലോക് മെ. 73. 74. 83
,, ഗർയാതാൻ മെ. 40.
,, ദോഹോമായ്–അർദഷീർ മെ. 139.
,, നെഹർഗൂർ മെ. 38. 40 53.
,, ബേത്–ദാറായേ മെ. 175.
,, ബേത്–നൂഹദ്രാ മെ. 369.
,, ബേത് സബ്ദാ മെ, 86. 88. 96.
,, മറു മെ. 87.
,, മായൽതാ മെ. 87. 88. 96.
,, മസോൻ മെ. 54.
,, മാറോസൈററ് മെ. 95.
,, മെ. 432.
,, റീമാ മെ. 369.
,, ശേനാ മെ. 178
,, ഹൊർമിസ്ദ്അർദഷീർ മെ. 37.
യൗസേപ്പ്, അരേവാൻ മെ. 40.
,, അർബേൽ മെ. 94.
,, കശ്കാർ മെ. 280.
,, കാ. 149. 174. 177.
,, പേരാത് മെ. 368.
,, ലാശോം മെ. 138. 148.
,, ഹർബ് ഗലാൽ മെ. 38. 53.
,, ഹിർതാ മെ. 280.
,, റായ് മെ. 83, 87. 88. 95.
വഹ്രം രാജാവ് 53.
ശത്മാൻ മെ. 51.
ശമുവേൽ, അർസൂൻ മെ, 37. 40.
,, അരേവാൻ മെ. 178.
,, കശ്കാർ മെ. 103. 104. 147.
,, കർകാ ദ്ലേദാൻ മെ. 94.





ശഹീൻ, ബേത്–നൂഹദ്രാ മെ. 94.
,, ബർഹീസ് മെ. 178.
,, മർവാൻ മെ. 178.
,, ഹത്താ മെ. 373
ശൽമായ്, കർകാദ് ലേദാൻ മെ. 103. 106. 117. 118.
ശർബീൽ, ദാസ്കർതാ ദ്മൽക്കാ മെ. 55
ശാബോർ, ശേനാ മെ. 369.
ശീലാ, കർകാ ദ്മൈശാൻ മെ. 148.
,, കാ. 93. 98.
,, മെ. 97.
,, ഹൊർമീസ്ദ് അർദഷീർ മെ. 87. 94. 97. 103. 105 106. 118. 148. 175
ശീലാസ് മെ. 40.
സബ്ദാ, പേരാത് മെ. 38. 40. 53.
,, സാബെ മെ. 55.
സർഗീസ്, തറീഹാൻ മെ. 372.
,, പേരാത് മൈശാൻ മെ. 496.
,, മ്ശംഹീഗ് മെ. 211
,, മെ. 134–138.
,, റീമാ, മെ, 175.
സാബാ, ലാശോം മെ. 178.
സാബാറീശോ കാ. 338–356.
,, നിഹവന്ത് മെ. 496.
,, ലാശോം മെ. 281.
സാസർ, ബേത് ദാറായേ മെ. 54.
സീറിലം, അലക്സാണ്ഡ്രിയാ മെ. 418.
സൂഖാ, സൂസ് മെ. 37. 40.
സെവേർസ്, അന്ത്യോക്യാ മെ. 336.
സോളമൻ, ബേത്–നൂഹദ്രാ മെ. 55. 87.
സോറാ, ഗൊർഗാൻ മെ. 178.
സ്ലീബാ സേക്കാ, തറീഹാൻ മെ. 496.
സൂറിൻ, ആമോൽ–ഗീലാൻ മെ. 175.
,, കർകാ ദ്ലേദാൻ മെ. 175.
,, ഷർക്കാർദ് മെ. 369.
ശുബ്ഹാ, ബലാസ്ഫർ മെ. 178.
,, സബ്രാൻ മെ. 178.
ശുബ്ഹാലമാറൻ, കശ്കാർ മെ. 175.
,, ശേനാ മെ. 496.
ശുബ്ഹാലീശോ, ബാലാദ് മെ. 97.

www.malankaralibrary.com




ശ്രുബ്ഹാലീശോ തഹാൽ മെ. 178.
ശെമഓൻ, നിസിബിസ് മെ. 278.
,, പീറോസ്_ഷപ്പൂർ മെ. 108. 117. 119. 175. 369.
,, പേരാത് മൈശാൻ മെ. 178. 280.
ശെമഓൻ ബർദൂഖ്, ശ്രുശ്തെർ മെ. 40.
,, ബേത് ഘ്സായേ മെ. 174.
,, മായൽതാ മെ. 138. 148.
,, മെ. 432.
,, ഹിർതാ മെ. 53. 73. 74. 83.
ഹതാ, ബലാശ്ഫർ മെ. 54.
ഹബീബ്, പോശിഗ് മെ. 281.
ഹനാനിയാ, മഹോസേദ്അരെവാൻ മെ. 369.
ഹനാനീശോ, കാ. 421. 431. 492.
,, അസർബൈജാൻ മെ. 369.
,, റാം ഹൊർമിസ്ദ് മെ. 280.
ഹായ്, പേരാത്_മൈശാൻ മെ. 83.
ഹെനാനാ, അസ്സീറിയൻ മെ. 280.
,, ഹർബ്ഗെലാൽ മെ. 178.
,, ഹദിയാബ് മെ. 114. 138. 139. 147. 178.
ഹെസക്കിയേൽ കാ. 177—213.
ഹൊദിദാദ്, ഹർബ്ഗെലാൽ മെ. 73. 83. 87. 88. 96.
ഹോശ, അറബികളുടെ മെ, 93.
,, ഗെൻസാക് മെ. 83.
,, നിസിബിസ് മെ. 87.
ഹോശിയാ, നിസിബിസ് മെ. 37. 40. 51. 66,
,, ഹിർതാ മെ. 40. 53.
ഹോഹ്, ബാലാദ് മെ. 96.




## 2. സ്ഥലനാമങ്ങൾ അകാരാദി ക്രമത്തിൽ


അൻസീറാ 41. 43.
അന്ത്യോക്യ 12. 41. 43. 44. 415.
അബോറാദ് 175
അബ്രാശഹർ 38.41. 54. 86. 88. 96.
അമീദ് 12. 41. 42.
അയിൻ സപ്പാനേ 178
അരാമിയ 73. 89. 144
അരേവാൻ (മഹോസേദ്—) 37. 38. 40. 73. 83. 175. 178.
അരേവാൻ ദ് അബ്രാ 54
അലക്സാണ്ഡ്രിയാ 416. 483.
അലെപ്പാ 12
അസർബൈജാൻ 41. 83. 138. 175. 178. 369,
അസ്സീറിയാ 280
അഹ്മദാൻ 175.
അർദായ് 38
അർദഷീർ ക്കുറാഹ് (കൊറേഹ്_ഖുറാഹ്) 55. 105. 119.
അർദഷീർ പ്രിഹാത് 42
അർബേൽ 37. 38. 40. 53. 94. 139. 147. 178. 368. 447.
അർമേനിയാ 41. 54. 73.
അർസൂൻ 36. 37. 40. 41 53. 87.
അർസോൻ ദ് ബേത് ഔസ്ഥാൻ 37. 40. 175.
(ഔസ്ഥാൻ ദ് അർസൂൻ കാണുക)
ആമോൽ 175
ആറാൻ 41
ഇക്കോണിയം 417. 486.
ഇഷ്തഹാർ 41. 54.
ഇഷ് (ശ്) ഫഹാൻ 54. 88. 95. 175. 178.
ഇറാൻ കൊറാഹ്ഖുസ്രാ 119.
എഡേസ്സ 12
ഏലാം 84. 491. 496.
ഔസ്ഥാൻ ദ് അർസൂൻ 53 (അർസോൻ കാണുക)
കപ്പദോചിയ 43
കശ്ക്കാർ 13. 53. 55. 74. 83. 87. 94. 103. 104. 147. 175. 178. 280. 368. 421-430. 476.
കർക്കാ 35. 37. 40. 41.

www.malankaralibrary.com




കർക്കാ ദ്ബേത് സ്ലോക് 37. 53. 73. 74. 83. 87. 94. 139.
147. 368. 447.
കർക്കാ ദ്മൈശാൻ. 38. 40. 53. 83. 148. 281. 368.
കർക്കാ ദ്ലേദാൻ 37. 51. 74. 87. 94. 103. 118. 120. 175.
കർത്തവായെ 280. 178. 368.
കർദ്ദ 36. 53. 175. 369.
കർമേ 73. 74. 83. 86. 97. 175.
കേസറിയാ 484.
കോൺസ്റ്റാൻറിനോപ്പിറം 330. 482. 484. 486.
കോനി 55
കോബേദർസോൻ 496
ഖത്തർ 38. 370. 372.
ഖർദാദ് 139.
ഖാദിസ്ഥാൻ 281.
ഖീശ് 105.
ഗലാത്യ 43
ഗർയാതാൻ 40
ഗാംഗ്ര 41. 43.
ഗീലാൻ 175.
ഗെൻസാക് 83
ഗോർഗാൻ (ഗ്ഗുർഗാൻ) 87. 88. 95. 178.
ഗോർസാൻ 41.
ജറുസലേം 417.
തറീഹാൻ (ടറീഹാൻ, ടെഹ്റാൻ) 138. 280. 369. 372. 496.
തഹാൽ 55. 73. 83. 88. 97. 138. 178. 280 369.
തെല്ലാ 12.
തൊഡുറ 38
തോസ് 88. 96.
ദസ്ഗദാ(രാ)ദ് 42. 55.
ദയറീൻ 372.
ദാസ്കർതാ ദ്മല്കാ 42. 55.
ദാറാ 37. 38.
ദാറായ് 83. 281. 337. (ബേത് ദാറായേ കാണുക)
ദോഹോമായ്— അർദഷീർ 139. 147.
നസ്യാൻസുസ് 483
നിഖ്യാ 43. 219. 330.
നിനീവേ 175. 178. 280.
നിസിബിസ് 13. 36. 37. 40. 41. 51. 53. 66. 72. 84. 86.
87. 89. 107. 139. 145. 146. 174. 175.





നിഹവന്ത് 496
നീസ്സാ 485
നെയോ ചെസാറിയാ 41. 43.
നെഹർഗ്ഗുർ 37. 38. 40. 53. 73. 74. 83. 86 88 96. 281. 369.
പേരാത് 37. 38. 40. 41. 53. 83. 87. 93. 94. 104. 110. 176.
(പേരാത്_മൈശാൻ) 178. 368. 447. 496.
പേർഷ്യ (ഫാർസ്) 13. 38. 41. 73. 87. 89. 107. 139. 144.
147. 388.
ഫീറോസ് ഷപ്പൂർ (പേറോസ്) 42. 73. 74. 83. 86. 88. 96.
103. 119. 175. 178. 369. 496.
പൈദംഗരൻ 114. 138. 175.
പോശിഗ് 280
പ്രൊമിസ്ദംറോദ് 73
ഫ്രീജിയ 44
ബലാശ്(ഷ്)ഫർ 42. 55. 73, 74. 83. 87. 88. 95. 178.
ബറിയാനോസ് 37
ബർ കൈതായ് 344. 350.
ബർഹീസ് 138. 178. 369.
ബാബ് 107.
ബാലാദ് 86. 88. 96. 97. 175.
ബിൽപാത് 91. 108.
ബീഹ് ഷപ്പൂർ 105. 106.
ബേ അർദഷീർ (=സെലൂഷ്യ) 41. 42. 114. 211.
ബേത്_ഗർമായ് (കർക്കാ ദ്ബേത് സ്ലോക് കാണുക)
13. 38. 41. 73. 87. 138. 139. 147. 176. 281. 368.
ബേത്_തെബ്യാതാ 280
ബേത്_ദാസെൻ 37. 38. 54. 87. 97. 178. 369.
ബേത്_ദാറായേ 42. 54. 73. 74. 87. 88. 95. 148. 175.369.496.
ബേത്_നൂഹദ്രാ 37. 38. 55. 84. 87. 94. 280. 369.
ബേത്_ബാഗാശ് 37. 38. 54. 83. 86. 86. 88. 96. 138. 148.
280. 369.
ബേത്മെഹ്ഖ്റായേ 37. 87. 88. 95.
ബേത് മോക്സായേ 36. 37. 54.
ബേത് ലാപാത് 35-41. 51-53. 72. 73. 83-89. 93. 103.
109. 118. 120. 139. 145. 146. 447.
ബേത് ഷപ്പൂർ 42
ബേത് സബ്ദായ് 36. 86. 96.
ബേത് ഹെദ്രായ് 84, 89,
ബേത് ഹ്ഹുസായേ 13. 36. 73. 83-85. 89. 93 103-107. 116.
139. 144. 174-178. 280. 44<sub></sub>.

www.malankaralibrary.com



ബേതു് റാമോനീൻ 37. 38.
ബേതു് റാഹീമായു് 36. 37.
ബേതു് റിഖായേ 38.
ബോർസാൻ 211.
മശ്കേനാ ദ് കർദ്ദ 54.
മശ് മാഹിഗ് (മ്ശാഹിഗ്) 38. 40. 211
മസ്ബദാൻ 175.
മറു (മേർവു്) 53. 83. 87.
മർക്കർബ്ത്താ 52. 53.
മർവാൻ 114. 178.
മർ മറോദ് 175.
മഹോസേ ദ് അരേവാൻ 280. 369.
മായൽതാ 87. 88. 96. 369.
മാശീൻ 138. 148. 175. 178. 280
മാസോൻ 54. 372.
മാറോ 175. 281.
മാറോസൈററ് 95. 176.
മിലാൻ 487
മിഹ്റ് ഗാക്ദാഗ് 178. 280.
മേദ്യ 38. 41. 73. 83- 87. 88. 95. 145. 369.
മൈശാൻ 13. 37.
ലവദീക്യ 41. 44.
ലാശോം 37. 38 53. 73. 83. 87. 88. 96. 138. 148. 178. 28
ശർഖർത് 37. 38. 87. 95. 148. 178. 369.
(ശെഹർഖർത്_ഷർക്കാർത്_ഷർഹഖർത്)
ശ്ബീതാ ദ്ബെലാശ്ഫർ 54
ശേനാ, 178. 280. 369. 496.
ശുശ്തെർ 37. 40. 41. 51. 53. 73 83. 87. 97. 103. 107. 118. 119. 120. 148. 175. 178. 280. 369.
ശോശ (സൂസ്) 369.
ഷപ്പൂർ കവസ്ത് 42.
ഷഹാർ പീറോസ്, 175.
സബ്രാൻ 178
സാബേ 40. 42. 55. 73. 74. 83. 87. 95. 103. 118. 148. 178. 280. 496.
സീമാർത് 42.
സിറിയാ 43.
സിർസോർ 211. 280. 369.
സീസോർദാ 103.



സൂസ് (സൂസ, ശോശ) 37. 41. 51. 55. 88. 103. 119. 175. 178. 280.
സെലൂഷ്യ 9. 10. 52. 72. 73. 84. 86. 101. 149.
സെലൂഷ്യാ_സ്റ്റെസിഫൺ 10-14. 26. 27. 36. 46. 84. 85. 149. 150. 173. 176. 211.
സേജെസ്ഥാൻ 53. 178.
ഹത്ത 372
ഹദിയാബ് 13. 38. 41. 73. 87. 94. 97. 114. 138. 139. 147. 174. 176. 178. 368
ഹമീർ 73.
ഹരംവാൻ 175. 280. 369.
ഹർബ്ഗലാൽ 37. 38. 53. 73. 83. 87. 88. 96. 148. 175 178. 280. 369.
ഹർയോ 28.
ഹാഗാർ 211. 372.
ഹിർതാ 40. 53. 73. 74. 83. 87. 94. 280. 496.
ഹൊർമീസ് ദ്അർഷേീർ 37. 55. 73. 83. 87. 94. 97. 103. 105. 118. 120. 148. 175. 178. 280.
റബ്രനഹ്സർ 38.
റായ് 53. 54. 83. 87. 88. 95.
റാം ഹൊർമീസ്ദ് 107. 178. 280.
റാസിഖായേ 175
റിമിനി 219.
റിപ്_അർദ്ഷീർ 53. 73. 86. 90. 92. 105. 106. 118. 139. 147. 170.
റിമാ 37. 38. 40. 53. 73. 74. 83. 86. 88. 96. 105. 148. 175 281. 369.

www.malankaralibrary.com

# BIBLIOGRAPHY


ABRAMOWSKI, L , - GOODMANN, A., (ed. & tr), A Nestorian Collection of Christological Texts, 2 vols., Cambridge, 1972.

BIRNIE, M. J., Synodicon Orientale, (English tr. typed copy)

BRAUN O., Das Buch der Synhados oder Synodicon Orentale, Amsterdam, 1975 (Reprint).

CHABOT, J. B., Synodicon Orientale ou recueil de Synodes nestoriens, Paris, 1902.

അൻസീറാ, നെയോ ചെസറിയാ, ഗാംഗ്ര സിനഡുകൾ: ജി. ചേടിയത്തു്, ആദിമസഭാപിതാക്കന്മാർ, കോട്ടയം, 1993, പേ. 340 _ 352.

അന്ത്യോക്യൻ സിനഡ്‌ (341): ജി. ചേടിയത്തു്, അന്ത്യോക്യൻ സഭ - ഉത്ഭവവും വളർച്ചയും, കോട്ടയം, 1986, പേ. 238 - 251.

അപ്പസ്തോലിക കാനോനകൾ: ജി. ചേടിയത്തു്, സഭാപിതാക്കന്മാർ, 1, കോട്ടയം, 1987, പേ. 122 - 177.

അപ്പസ്തോലിക പാരമ്പര്യം (വി. ഹിപ്പോളിററസ്‌): *Ibid.* പേ. 239 - 274.

നിഖ്യാ, സാർദിക്കാ, ലവദീഷ്യാ, കോൺസ്റ്റാൻറിനോപ്പിൾ സിനഡുകൾ: *Ibid.* 50 - 121.

പ്രാചീനസന്യാസനിയമങ്ങൾ: *Ibid.* 122 - 127.

ജി. ചേടിയത്തു്, പൗരസ്ത്യകാതോലിക്കോസ്‌, കോട്ടയം, 1985.

,, മാർ മാറൂഥായുടെ കാനോനാകൾ, കോട്ടയം, 1989.
,, സഭാപിതാക്കന്മാർ, I. കോട്ടയം, 1987.
,, സഭാപിതാക്കന്മാർ II. കോട്ടയം, 1988.
,, ഡിഡസ്കാലിയ, കോട്ടയം, 1987.